# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

2023 ആഗസ്റ്റ് 10, വ്യാഴം

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 192 –നമ്പർ 4

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

**2023 ആഗസ്റ്റ് 10, വ്യാഴം**

സ്പീക്കർ

**ശ്രീ. എ. എൻ. ഷംസീർ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. ചിറ്റയം ഗോപകുമാർ**

സെക്രട്ടറി

**ശ്രീ. എ. എം. ബഷീർ**

ചീഫ് എഡിറ്റർ

**ശ്രീ. പി. രാമചന്ദ്രൻ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി | : ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : ശ്രീമതി ജെ. ചിഞ്ചുറാണി |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി | : ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : ശ്രീ. പി. രാജീവ് |
| തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി | : ശ്രീ. എം. ബി. രാജേഷ് |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി | : ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി | : ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : ശ്രീമതി വീണാ ജോർജ് |

## ഉള്ളടക്കം


**I. ചോദ്യോത്തരങ്ങൾ**

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.)

**II. അടിയന്തരപ്രമേയം**

താനൂർ കസ്റ്റഡി മരണം

- ശ്രീ. എൻ. ഷംസുദ്ദീൻ

(അവതരണാനുമതി നിഷേധിച്ചു)

**III. ശ്രദ്ധക്ഷണിക്കൽ**

(1) ഭൂമി തരംമാറ്റലുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

- ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

(2) അപൂർവ്വരോഗം ബാധിച്ച കുട്ടികൾക്ക് ചികിത്സാ ധനസഹായം

- ശ്രീ. പി. കെ. ബഷീർ

**IV. സബ്മിഷൻ**

(1) വർക്കല – ശിവഗിരി റോഡ്

- ശ്രീ. വി. ജോയി

(2) യൂട്യൂബ് ചാനലുകളുടെ നിയന്ത്രണം

- ശ്രീ. പി. വി. അൻവർ

(3) കാസർഗോഡ് താലൂക്കാശുപത്രിയിലെ ഒഴിവുകൾ

- ശ്രീ. ഇ. ചന്ദ്രശേഖരൻ

(4) സചിവോത്തമപുരം സി.എച്ച്.സി.-യിൽ ഐസൊലേഷൻ വാർഡ്

- ശ്രീ. ജോബ് മൈക്കിൾ

(5) നെല്ല് സംഭരണ വിലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

- ശ്രീ. ഷാഫി പറമ്പിൽ

(6) ജലവിഭവ വകുപ്പിന്റെ വിവിധ പുനരുദ്ധാരണ പ്രോജക്ടുകൾ

- ശ്രീ. കടകംപള്ളി സുരേന്ദ്രൻ

(7) ജൽജീവൻ മിഷൻ പദ്ധതിക്കായി കിൻഫ്രയുടെ സ്ഥലം ലഭ്യമാക്കൽ

- പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

(8) തങ്കളം - കാക്കനാട് നാലുവരിപ്പാത

- ശ്രീ. ആന്റണി ജോൺ

(9) അയണിവേലിക്കുളങ്ങരയിൽ ഐ.ആർ.ഇ.-യുടെ ഖനനം നിർത്തിവയ്ക്കൽ

- ശ്രീ. സി. ആർ. മഹേഷ്

(10) തോപ്പിൽ കടവ് പാലം പുനർനിർമ്മാണം

- ശ്രീ. വാഴൂർ സോമൻ

(11) ഹരിത കർമ്മസേനയുടെ സേവന വേതന പരിഷ്കരണം

- ശ്രീ. ജി. സ്റ്റീഫൻ

(12) ഭിന്നശേഷിക്കാരുടെ പെൻഷനും പുനരധിവാസവും
- ശ്രീ. പി. പി. ചിത്തരഞ്ജൻ

(13) കൽപ്പറ്റയിലെ 5 കേരള എൻ.സി.സി. ബറ്റാലിയന്റെ പ്രവർത്തനം
- ശ്രീ. ടി. സിദ്ദിഖ്

(14) ഐ.എച്ച്.ആർ.ഡി. കോളേജ് ഓഫ് അപ്ലൈഡ് സയൻസിന്റെ പ്രവർത്തനം
- ശ്രീ. പി. ഉബൈദുള്ള

(15) പൊതുവിദ്യാലയങ്ങളിലെ അദ്ധ്യാപക തസ്തിക നഷ്ടപ്പെടുന്നത് ഒഴിവാക്കാൻ നടപടി
- ശ്രീ. എം. വിജിൻ

(16) വെള്ളൂർ ബാങ്ക് പരിസരത്ത് അടിപ്പാത നിർമ്മാണം
- ശ്രീ. ടി. ഐ. മധുസൂദനൻ

(17) താളൂർ-ചേരമ്പാടി റോഡ് ഗതാഗതയോഗ്യമാക്കൽ
- ശ്രീ. ഐ. സി. ബാലകൃഷ്ണൻ

(18) പിറവം-പെരുവാമൂഴി, പിറവം-ആരക്കുന്ന് റോഡുകളുടെ പുനർനിർമ്മാണം
- ശ്രീ. അനൂപ് ജേക്കബ്

(19) ആറന്മുള ഉതൃട്ടാതി ജലോത്സവത്തിന് പള്ളിയോടങ്ങൾക്കുള്ള ഗ്രാന്റ്
- ശ്രീ. പ്രമോദ് നാരായൺ

(20) റേഷൻ വിതരണത്തിലെ പ്രശ്നങ്ങൾ
- ശ്രീ. മോൻസ് ജോസഫ്

**V. സമയം ദീർഘിപ്പിക്കുന്നതിനുള്ള പ്രമേയം**

**VI. റിപ്പോർട്ടുകളുടെ സമർപ്പണം**

(1) 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ) ബില്ലിനെ സംബന്ധിച്ച സെലക്ട് കമ്മിറ്റി റിപ്പോർട്ട്

(2) 2023-ലെ കേരള ക്ഷീര കർഷക ക്ഷേമനിധി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

(3) 2022-ലെ ശ്രീ പണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ഭേദഗതി ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

(4) 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും

(5) 2022-ലെ കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

(6) 2023-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ, 2023-ലെ കേരള അബ്കാരി (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ

(7) സബ്ജക്ട് കമ്മിറ്റി XII-ന്റെ 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്, 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് & 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്.

(8) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ മുപ്പത്തിരണ്ട് മുതൽ നാൽപത് വരെയുള്ള റിപ്പോർട്ടുകൾ

(9) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ മുപ്പത്തിയാറ് മുതൽ നാൽപ്പത്തിനാല് വരെയുള്ള റിപ്പോർട്ടുകൾ

(10) സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ പതിനെട്ട് മുതൽ ഇരുപത്തി രണ്ട് വരെയുള്ള റിപ്പോർട്ടുകൾ

(11) പിന്നോക്ക സമുദായ ക്ഷേമം സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട്

**VII. ധനകാര്യം**

2023-2024 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ്

**VIII. നിയമനിർമ്മാണകാര്യം**

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും:

(i) 2023-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ

(ii) 2023-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ

(iii) 2023-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളേയും കമ്പനികളേയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ

(iv) 2023-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചു കൊടുക്കൽ (ഭേദഗതി) ബിൽ

**ക്രമപ്രശ്നം**

ബിൽ സർക്കുലേറ്റ് ചെയ്യുന്നതിലെ കാലതാമസം
- ഡോ. മാത്യു കുഴൽനാടൻ

**റൂളിംഗ്**

(v) 2023-ലെ കേരള കെട്ടിട നികുതി (ഭേദഗതി) ബിൽ

(vi) 2023-ലെ ഇന്ത്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ

**അനുബന്ധം I**

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

2023 ആഗസ്റ്റ് 10, വ്യാഴം

വാല്യം 192} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 4

നിയമസഭ 2023 ആഗസ്റ്റ് മാസം 10-ാം തീയതി വ്യാഴാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**I. ചോദ്യോത്തരങ്ങൾ**

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യം നമ്പർ (*61)

**പുനർഗേഹം പദ്ധതി**

1 (*61) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. വി. ജോയി:
ശ്രീമതി യു. പ്രതിഭ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ തീരദേശ വേലിയേറ്റ മേഖലയിൽ നിന്നും അൻപത് മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന മുഴുവൻ ജനവിഭാഗങ്ങളെയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്ന പുനർഗേഹം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി ഇതുവരെ എത്ര വീടുകൾ പൂർത്തീകരിച്ച് നൽകിയിട്ടുണ്ടെന്നും അതിനായി ചെലവഴിച്ച തുകയുടെയും വിശദാംശം ലഭ്യമാക്കുമോ;

(സി) പദ്ധതിയിലേയ്ക്കുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും പദ്ധതിക്കാവശ്യമായ സ്ഥലം കണ്ടെത്തുന്നതിനും നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(ഡി) തീരദേശ ജനതയുടെ സമഗ്ര വികസനത്തിനുതകുന്ന പദ്ധതിയെന്ന നിലയിൽ പുനർഗേഹം പദ്ധതി കൂടുതൽ വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, (എ) തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളെയും സുരക്ഷിത മേഖലയിൽ ഭവനമൊരുക്കി പുനരധിവസിപ്പിക്കുകയെന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. നിലവിൽ 21220 കുടുംബങ്ങൾ ഇത്തരത്തിൽ തീരദേശത്ത് അധിവസിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇതിൽ സുരക്ഷിതമേഖലയിലേയ്ക്ക് മാറിത്താമസിക്കാൻ സന്നദ്ധത അറിയിച്ച 8743 കുടുംബങ്ങൾക്ക് സ്വന്തം നിലയിൽ സർക്കാർ ധനസഹായത്തോടെ 2 മുതൽ 3 സെന്റുവരെ ഭൂമി വാങ്ങി ഭവനം നിർമ്മിക്കാനും ഭൂമിയും വീടും ഒരുമിച്ച്

വാങ്ങാനും ഗ്രൂപ്പുകളായി ഭൂമി കണ്ടെത്തി ഫ്ലാറ്റ് നിർമ്മിക്കാനും കഴിയുന്നതാണ്. ഒരു കുടുംബത്തിന് ഇതിനായി പരമാവധി 10 ലക്ഷം രൂപയാണ് ധനസഹായം നൽകുന്നത്. കൂടാതെ ഫിഷറീസ് വകുപ്പിന്റെ മേൽനോട്ടത്തിൽ സർക്കാർ ഭൂമിയിലും സ്വകാര്യ ഭൂമി ഏറ്റെടുത്തും ഫ്ലാറ്റുകൾ നിർമ്മിച്ചും പുനരധിവാസം ഉറപ്പാക്കുന്നുണ്ട്. ഫ്ലാറ്റുകളിലേയ്ക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് ജില്ലാകളക്ടർ ചെയർമാനും ജനപ്രതിനിധികൾ അംഗങ്ങളുമായ സുതാര്യ സംവിധാനമാണ് ഒരുക്കിയിട്ടുള്ളത്.

(ബി) സുരക്ഷിത മേഖലയിലേയ്ക്ക് മാറി താമസിക്കുന്നതിന് സമ്മതം അറിയിച്ചിട്ടുള്ള 8743 പേരിൽ 4200 പേരും സ്വന്തം നിലയിൽ ഭൂമി കണ്ടെത്തുകയും 3472 പേർ ഭൂമി രജിസ്ട്രേഷൻ പൂർത്തീകരിച്ച് ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. ഇതിൽ 2174 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ പുനർഗേഹം പദ്ധതിപ്രകാരം തിരുവനന്തപുരം ജില്ലയിലെ കാരോട് 128-ഉം ബീമാപള്ളിയിൽ 20-ഉം മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ 128-ഉം

കൊല്ലം ജില്ലയിലെ ക്യൂ.എസ്.എസ്. കോളനിയിൽ 114-ഉം ഫ്ലാറ്റുകൾ ഉൾപ്പെടെ 390 ഫ്ലാറ്റുകൾ നിർമ്മിച്ച് ഇതിനോടകം ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 250 കോടി രൂപയും സംസ്ഥാന വിഹിതത്തിൽനിന്നും 103.75 കോടി രൂപയും ഉൾപ്പെടെ 353.75 കോടി രൂപ അനുവദിക്കുകയും 343.69 കോടി രൂപ ഇതുവരെ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(സി) 2018-ൽ ഫിഷറീസ് വകുപ്പ് തീരദേശത്ത് നടത്തിയ വിശദമായ സർവ്വേപ്രകാരം കടലോരത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ 18685 കുടുംബങ്ങൾ അധിവസിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. 2020-ൽ പുനർഗേഹം പദ്ധതി ആരംഭിച്ചശേഷം ലഭിച്ച അപ്പീൽ അപേക്ഷകൾ ഉൾപ്പെടെ 21220 ഗുണഭോക്താക്കളാണുള്ളത്.

ജില്ലാ കളക്ടർ ചെയർമാനായ ജില്ലാതല അപ്രൂവൽ കമ്മിറ്റിയാണ് ഗുണഭോക്തൃ പട്ടികയ്ക്ക് അംഗീകാരം നൽകുന്നത്. കോർപ്പറേഷൻ/ മുൻസിപ്പാലിറ്റി പ്രദേശങ്ങളിൽ കുറഞ്ഞത് 2 സെന്റും പഞ്ചായത്ത്

പ്രദേശങ്ങളിൽ 3 സെന്റും ഭൂമിയാണ് അപേക്ഷകൻ സ്വന്തമായി കണ്ടെത്തേണ്ടത്. ഇത്തരത്തിൽ അനുയോജ്യമായ ഭൂമി കണ്ടെത്തി മത്സ്യഭവൻ ഓഫീസറെ അറിയിക്കുന്നതിനെത്തുടർന്ന് അപേക്ഷകന്റെയും വസ്തു ഉടമയുടെയും സാന്നിദ്ധ്യത്തിൽ സ്ഥലപരിശോധന നടത്തി ടി സ്ഥലം ഭവന നിർമ്മാണത്തിന് അനുയോജ്യമാണോ എന്നും കടബാദ്ധ്യതകൾ ഇല്ലാത്തതാണെന്നുമുള്ള സർട്ടിഫിക്കറ്റുകൾ പരിശോധിച്ച് ഉറപ്പുവരുത്തി ജില്ലാ മത്സ്യഭവൻ ഓഫീസർക്ക് റിപ്പോർട്ട് ചെയ്യുന്നു. തുടർന്ന് അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ/അഡീഷണൽ ഗവൺമെന്റ് പ്ലീഡർ എന്നീ തസ്തികയിൽ കുറയാത്ത ഉദ്യോഗസ്ഥനിൽനിന്നും ലീഗൽ സ്ക്രൂട്ടിനി റിപ്പോർട്ട് ശേഖരിക്കുന്നു. ഇത്തരത്തിൽ യാതൊരു ബാധ്യതയും ഇല്ലാത്ത ഭൂമി കണ്ടെത്തിക്കഴിഞ്ഞാൽ ജില്ലാ മത്സ്യഭവൻ ഓഫീസർ കൺവീനറായ ആറംഗ ഇന്റർ ഡിപ്പാർട്ട്മെന്റൽ ടീം പരിശോധിച്ച് ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാതല സമിതിക്ക് ശിപാർശ ചെയ്യുന്നു. ജില്ലാ കളക്ടർ അധ്യക്ഷനായ ജില്ലാതല പർച്ചേസ് കമ്മിറ്റി ഭൂമി വില നിശ്ചയിക്കുകയും ആയത് അംഗീകരിച്ചുകഴിഞ്ഞാൽ സ്ഥലം ഉടമയും ഗുണഭോക്താവും ജില്ലാ

മത്സ്യഭവൻ ഓഫീസറുമായി ഭൂമി വില കൈമാറുന്നതും സ്ഥലം കൈമാറുന്നതും സംബന്ധിച്ച ഒരു ത്രികക്ഷി കരാർ ഒപ്പിടുകയും ചെയ്തതിനുശേഷമാണ് രജിസ്ട്രേഷൻ നടപടികളിലേയ്ക്ക് കടക്കുന്നത്. ജില്ലാ ഓഫീസിൽവച്ച് നടക്കുന്ന അസൽ ആധാരത്തിന്റെ സൂക്ഷ്മ പരിശോധയ്ക്ക് ശേഷമാണ് അതിൽ രേഖപ്പെടുത്തിയിരിക്കുന്ന ഭൂമി വില, എഴുത്തുകൂലി എന്നിവ ഉൾപ്പെടെ 6 ലക്ഷം രൂപയിലധികരിക്കാത്ത വിധം ഭൂമി വില ഭൂഉടമയ്ക്കും എഴുത്തുകൂലി ഗുണഭോക്താവിനും ഡി.ബി.റ്റി. വഴി നൽകുന്നത്. ഇത്തരത്തിൽ 115 ഏക്കർ ഭൂമി ഇതിനോടകം കണ്ടെത്തി നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇതിനുപുറമേ 19.71 ഏക്കർ സർക്കാർ ഭൂമി ലഭ്യമാക്കുകയും 76.92 ഏക്കർ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു. പദ്ധതിയുടെ സംസ്ഥാനതല നിർവ്വഹണ യൂണിറ്റായി വിഴിഞ്ഞം പുനരധിവാസ പദ്ധതിക്കായി രൂപീകൃതമായ പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) നിലവിൽ ഒന്നാംഘട്ട പദ്ധതി നടപ്പാക്കിവരികയാണ്.

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:</u> സർ, നിലവിൽ വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന കുടുംബങ്ങൾക്ക് സുരക്ഷിത മേഖലയിൽ സ്വന്തമായി ഭൂമിയുണ്ടെങ്കിൽ പുനർഗേഹം പദ്ധതിപ്രകാരം ധനസഹായത്തിന് അർഹതയില്ല. ഭൂമിയില്ലാത്തവർക്ക് ഭൂമിയും വീടും ലഭ്യമാക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ടെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ചൂണ്ടിക്കാണിച്ചത്. എന്നാൽ സുരക്ഷിതമേഖലയിൽ സ്വന്തമായി ഭൂമിയുള്ളവർക്ക് ധനസഹായത്തിന് അർഹതയില്ലാത്ത സാഹചര്യത്തിൽ ഇത്തരക്കാർക്ക് ഭവന നിർമ്മാണത്തിനുമാത്രം ധനസഹായം നൽകി സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; ഇപ്രകാരം എത്ര കുടുംബങ്ങൾ ഉണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്?

<u>ശ്രീ. സജി ചെറിയാൻ:</u> സർ, പുനർഗേഹം പദ്ധതിയുടെ മാർഗ്ഗനിർദ്ദേശപ്രകാരം നിലവിൽ വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന കുടുംബങ്ങൾക്ക് സുരക്ഷിതമേഖലയിൽ സ്വന്തമായി ഭൂമിയുണ്ടെങ്കിൽ പുനർഗേഹം പദ്ധതിപ്രകാരമുള്ള 10 ലക്ഷം

രൂപയുടെ ധനസഹായത്തിന് അർഹതയില്ല. ഇത്തരത്തിൽ 355 കുടുംബങ്ങളുണ്ടെന്നാണ് പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളത്. ഇവർക്ക് ലൈഫ് പദ്ധതിയുടെ മാനദണ്ഡം അവലംബിച്ച് അവരവരുടെ ഭൂമിയിൽ ഭവന നിർമ്മാണം നടത്തുന്നതിന് 4 ലക്ഷം രൂപ ധനസഹായം അനുവദിക്കുന്ന കാര്യം ഗവൺമെന്റ് പരിശോധിച്ചുവരുന്നു.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, പുനർഗേഹം പദ്ധതിയിലുൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിൽ 81 കോടി രൂപ ചെലവഴിച്ച് 400 ഫ്ലാറ്റുകൾ നിർമ്മിക്കുന്ന പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ഇത് വളരെയേറെ ഗൗരവപൂർവ്വം ചർച്ച ചെയ്യപ്പെട്ട വിഷയമാണ്. ഇക്കാര്യത്തെക്കുറിച്ച് വിശദമാക്കാമോ; എന്നത്തേയ്ക്ക് ഇവ പൂർത്തീകരിച്ച് കൈമാറാൻ സാധിക്കും?

ശ്രീ. സജി ചെറിയാൻ: തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറ വില്ലേജിൽ ക്ഷീരവികസന വകുപ്പിൽനിന്നും കൈമാറിക്കിട്ടിയ 8 ഏക്കർ ഭൂമി പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തി 400 ഫ്ലാറ്റുകൾ നിർമ്മിച്ച് ഗുണഭോക്താക്കൾക്ക് കൈമാറാനാണ് ലക്ഷ്യമിടുന്നത്. ഇതിന്റെ

നിർമ്മാണച്ചുമതല ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും മേൽനോട്ട ചുമതല ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമാണ് നിർവ്വഹിക്കുന്നത്. ഈ സർക്കാരിന്റെ രണ്ടാം വാർഷികത്തിന്റെ ഭാഗമായി 2023 ഫെബ്രുവരി 10-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് ഇതിന്റെ തറക്കല്ലിടൽ നടത്തിയത്. 8 യൂണിറ്റുകൾ ഉൾപ്പെടുന്ന 50 ബ്ലോക്കുകളായാണ് 400 ഫ്ലാറ്റുകളുടെ നിർമ്മാണം നടന്നുവരുന്നത്. ഇതിൽ 38 ബ്ലോക്കുകളുടെ മണ്ണ് മാറ്റൽ പ്രക്രിയയും 35 ബ്ലോക്കുകളുടെ പൈലിംഗും 35 ബ്ലോക്കുകളുടെ അടിസ്ഥാനവും 17 ബ്ലോക്കുകളുടെ സിമെന്റ് ബ്ലോക്ക് നിർമ്മാണവും 8 ബ്ലോക്കുകളുടെ കട്ടിള മട്ടവും 5 ബ്ലോക്കുകളുടെ ഒന്നാം നിലയുടെ കോൺക്രീറ്റും നടത്തിയിട്ടുണ്ട്. പദ്ധതി സമയബന്ധിതമായി പൂർത്തീകരിച്ച് 2024 സെപ്റ്റംബറിൽ ഗുണഭോക്താക്കൾക്ക് കൈമാറാനാണ് ലക്ഷ്യമിടുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശിച്ചതുപ്രകാരം മന്ത്രിയെന്ന നിലയിൽ എല്ലാ മാസവും ഇതിന്റെ മോണിറ്ററിംഗ് നടത്തുന്നുണ്ട്. ഇതിന്റെ പ്രവൃത്തി ത്വരിതഗതിയിൽ നടത്തിവരികയാണ്. നിശ്ചയിക്കപ്പെട്ടിരിക്കുന്ന

തീയതിക്കുമുമ്പുതന്നെ ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ച് കൈമാറാൻ സാധിക്കുന്നതാണ്.

ശ്രീ. വി. ജോയി: സർ, പുനർഗേഹം പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച ചില വീടുകൾക്കെങ്കിലും സി.ആർ.ഇസഡ്.-ൽ ഉൾപ്പെട്ടതിന്റെ ഭാഗമായി നമ്പർ ലഭിക്കാത്ത സാഹചര്യം നിലവിലുണ്ട്. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? മുതലപ്പൊഴിയുമായി ബന്ധപ്പെട്ട് അങ്ങും തിരുവനന്തപുരം ജില്ലയിലെ ബഹുമാന്യരായ രണ്ട് മന്ത്രിമാരും ചേർന്ന് സംയുക്തയോഗം നടത്തുകയുണ്ടായി. പ്രസ്തുത യോഗത്തിനുശേഷം നടപ്പാക്കിയ പ്രവർത്തനങ്ങളുടെ ഫലമായി അവിടെ മരണം റിപ്പോർട്ട് ചെയ്തിട്ടില്ല. അതിന്റെ ഭാഗമായി ഏറ്റെടുത്ത പ്രവർത്തനങ്ങളുടെ തുടർനടപടികൾ എന്തെല്ലാമാണ്?

ശ്രീ. സജി ചെറിയാൻ: സർ, സി.ആർ.ഇസഡ്. പ്രശ്നം ഗൗരവമായ വിഷയമാണ്. തീരദേശത്ത് സി.ആർ.ഇസഡുമായി ബന്ധപ്പെട്ട് നിരവധി പ്രയാസങ്ങൾ നേരിടുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് സർക്കാർ തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എല്ലാ കളക്ടറേറ്റുകളിലും ഹിയറിംഗ്

പൂർത്തീകരിച്ചിട്ടുണ്ട്. ഇനി സംസ്ഥാനതലത്തിൽ ക്രോഡീകരിച്ച് അന്തിമ തീരുമാനം എടുക്കേണ്ടതുണ്ട്. സി.ആർ.ഇസഡ്. പ്രശ്നം വളരെ ഗൗരവത്തോടുകൂടിയാണ് ഗവൺമെന്റ് കാണുന്നത്. ശാശ്വതമായി പരിഹരിക്കാൻ കഴിയുംവിധത്തിലുള്ള എല്ലാ ഇടപെടലുകളും സർക്കാർ നടത്തിവരികയാണ്. പ്രത്യേകിച്ച് കേരളത്തിലെ ഫിഷറീസ് വകുപ്പ് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളൊന്നും ചെയ്യാത്ത വിധത്തിൽ പ്രത്യേകമായി ഡ്രാഫ്റ്റ് റിപ്പോർട്ട് തയ്യാറാക്കി നൽകിയതിന്റെ ഭാഗമായാണ് ഇപ്പോൾ ഹിയറിംഗ് പൂർത്തീകരിച്ചിട്ടുള്ളത്.

മുതലപ്പൊഴിയുമായി ബന്ധപ്പെട്ട വിഷയം സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിമാരായ വി. ശിവൻകുട്ടി, ആന്റണി രാജു, ജി. ആർ. അനിൽ എന്നിവരുമായി സംയുക്തയോഗം നടത്തിയിരുന്നു. ഏകദേശം 40 വർഷം മുമ്പ് പഠനം നടത്തിയ പ്രോജക്ടാണിത്. പ്രസ്തുത പ്രോജക്ട് കമ്മീഷൻ ചെയ്തപ്പോൾ അതിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട അപാകതയാണ് അപകടത്തിന് കാരണമായതെന്ന രീതിയിലുള്ള വാദങ്ങളാണ് ചർച്ചയിൽ ഉയർന്നുവന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഞാൻ

അവിടെ പോകുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ യോഗം ചേരുകയും ചെയ്തിരുന്നു. ഈ പ്രശ്നം പരിശോധിച്ച് പരിഹാരം കണ്ടെത്തുന്നതിനായി CWPRS പൂനൈ-യെ ഗവൺമെന്റ് ചുമതലപ്പെടുത്തുകയും അവർ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഡിസംബർവരെ സമയം ആവശ്യപ്പെട്ടുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം അവിടെയുണ്ടാകുന്ന അപകടം ഒഴിവാക്കുന്നതിന് അടിയന്തരമായി ചെയ്യേണ്ട കാര്യങ്ങളെ സംബന്ധിച്ചും ഗവൺമെന്റ് തീരുമാനമെടുത്തിട്ടുണ്ട്. അതിന്റെ ഭാഗമായി പൊഴിയിൽ കിടക്കുന്ന കല്ലുകൾ മാറ്റുന്നതിനായി ലോംഗ്-ബൂം എസ്കലേറ്റർ എത്തിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കാലാവസ്ഥ അനുകൂലമായാൽ ഡ്രെഡ്ജർ എത്തിച്ച് അവിടെനിന്നും മണൽ മാറ്റുന്നതിനുള്ള സംവിധാനമൊരുക്കുന്നതാണ്. ആറ് മീറ്റർ താഴ്ചയിൽ മണൽ മാറ്റാനാണ് ഇപ്പോൾ തീരുമാനമെടുത്തിട്ടുള്ളത്. അദാനി ഗ്രൂപ്പിന് 2024 വരെയാണ് കോൺട്രാക്ടുള്ളത്. അവിടെ buoys സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അവരാണ് പ്രസ്തുത ജോലികൾ നിർവ്വഹിക്കേണ്ടത്. 8 പേരുണ്ടായിരുന്ന റെസ്ക്യൂ ഫോഴ്സിന്റെ

എണ്ണം 30 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. 24 മണിക്കൂറിൽ പത്തുപേർ വീതമടങ്ങുന്ന 30 പേർക്ക് റെസ്ക്യൂ ഫോഴ്സിന്റെ ചുമതല നൽകിയതിന്റെ ഭാഗമായി അപകടമുണ്ടാകുമ്പോൾത്തന്നെ ആളുകളെ രക്ഷിക്കുന്നതിനും സംവിധാനം ഒരുക്കിയിട്ടുണ്ട്. അവിടെ 24 മണിക്കൂറും പ്രവർത്തിക്കുന്ന 3 ബോട്ടുകൾ അധികമായി നൽകുന്നതോടൊപ്പം 24 മണിക്കൂർ ആംബുലൻസ് സേവനവും ഉറപ്പാക്കിയിട്ടുണ്ട്. ഒരു കോടി രൂപ ചെലവിൽ, വാഹനങ്ങളുപയോഗിച്ച് മണൽ മാറ്റി പൊഴിയിലെ പ്രശ്നത്തിന് അടിയന്തര പരിഹാരം കാണാൻ തീരുമാനിച്ചിട്ടുണ്ട്. 11 കോടി രൂപ ചെലവിൽ പെപ്പ് മുഖേനയുള്ള സാൻഡ് ബൈപാസ്സിംഗ് പദ്ധതി നടപ്പാക്കുന്നതിനുള്ള എസ്റ്റിമേറ്റ് എടുക്കുകയും ആയത് ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. CWPRS-ന്റെ പഠന റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് ബാക്കി നടപടിക്രമങ്ങളിലേയ്ക്ക് കടക്കുന്നതാണ്. റോഡ് നിർമ്മാണത്തിനായി 56 ലക്ഷം രൂപ അനുവദിക്കുകയും ആയതിനുള്ള എ.എസ്.-ഉം ടി.എസ്.-ഉം നൽകുകയും ചെയ്തിട്ടുണ്ട്. അത്തരത്തിൽ ഗവൺമെന്റിന് ചെയ്യാവുന്ന എല്ലാ

കാര്യങ്ങളും ചെയ്തിട്ടുണ്ട്. ഏറ്റവും അവസാനം മുതലപ്പൊഴിയിൽ മരണപ്പെട്ട 4 പേരുടെ കുടുംബങ്ങളെ പൂർണ്ണമായും ഏറ്റെടുക്കുന്നതിനുള്ള സമീപനവും ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. അതിൽ 2 കുടുംബങ്ങൾക്ക് സ്ഥലം വാങ്ങുന്നതിനും വീട് നിർമ്മിക്കുന്നതിനും സഹായം നൽകാനും ബാക്കിയുള്ളവർക്ക് ജീവിതാവശ്യങ്ങൾക്കുള്ള തൊഴിൽ സംവിധാനം ഏർപ്പെടുത്താനും വകുപ്പ് നടപടി കൈക്കൊണ്ടിട്ടുണ്ട്. ഇക്കാര്യത്തിൽ എല്ലാവരുടെയും പിന്തുണ ഉണ്ടാകണം.

<u>ശ്രീമതി യു. പ്രതിഭ</u>: സർ, ഇന്ത്യയുടെ പ്രധാനമന്ത്രി കോടിക്കണക്കിന് രൂപ ചെലവഴിച്ച് നിർമ്മിച്ച ഒരു പ്രതിമ അനാച്ഛാദനം ചെയ്ത ദിനത്തിലാണ് കേരള സംസ്ഥാനത്തെ ഏറ്റവും ശ്രദ്ധേയമായ പുനർഗേഹം പദ്ധതിയുടെ താക്കോൽ ദാനം നടത്തപ്പെട്ടത്. മത്സ്യത്തൊഴിലാളികളുടെ ഏറ്റവും ശ്രദ്ധേയമായ പുനരധിവാസ പദ്ധതിയെന്ന നിലയിൽ പുനർഗേഹം പദ്ധതിപ്രകാരം നിർമ്മിച്ച് നൽകിയ ഫ്ലാറ്റുകളിലെ ശുചിത്വവും പരിപാലനവും ഉൾപ്പെടെയുള്ള പൊതുവായ സൗകര്യങ്ങളുടെ നടത്തിപ്പിന് എന്തെങ്കിലും സംവിധാനം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, മുമ്പ് ഫ്ലാറ്റുകൾ നിർമ്മിക്കുമ്പോൾ ശുചിത്വം, പരിപാലനം എന്നിവ സംബന്ധിച്ച് ചില കുറവുകളുണ്ടായിരുന്നു. എന്നാൽ പുനർഗേഹം പദ്ധതിപ്രകാരം നിർമ്മിച്ചുനൽകിയ ഫ്ലാറ്റ് സമുച്ചയത്തിൽ ശുചിത്വം, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയ പൊതുആവശ്യങ്ങൾ നിറവേറ്റുന്നതിന് സഹായകരമാകും വിധം അവിടത്തെ അന്തേവാസികളുടെ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി കമ്മിറ്റികൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിലെ പ്രതീക്ഷ ഫ്ലാറ്റിൽ രൂപീകരിച്ച അതേ മാതൃകയിലാണ് എല്ലായിടത്തും കമ്മിറ്റികൾ രൂപീകരിച്ചിരിക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ കാരോട് പ്രദേശത്ത് 2023 മേയ് മാസം കമ്മിറ്റി രജിസ്റ്റർ ചെയ്തിട്ടുണ്ട്. മറ്റ് പ്രദേശങ്ങളിൽ കമ്മിറ്റിയുടെ രജിസ്ട്രേഷൻ നടപടികൾ നടന്നുവരുന്നു. ഇപ്പോൾ മാലിന്യ നിർമ്മാർജ്ജനത്തിന് മുന്തിയ പരിഗണന നൽകിക്കൊണ്ട് ഫ്ലാറ്റുകൾ നിർമ്മിക്കുന്ന സ്ഥലങ്ങളിലെല്ലാം ആധുനിക സംവിധാനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള നിർമ്മാണമാണ് നടത്തിവരുന്നത്.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, പുനർഗേഹം പദ്ധതിപ്രകാരം ഇതുവരെ 390 ഫ്ലാറ്റുകളാണ് നിർമ്മിച്ച് നൽകിയിട്ടുള്ളത്. കോഴിക്കോടുപോലെയുള്ള പ്രദേശങ്ങളിൽ ഭൂമിയുടെ വില വർദ്ധനവിന്റെ ഫലമായി 10 ലക്ഷം രൂപ ചെലവഴിച്ചാൽപ്പോലും അവ നിർമ്മിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. അത്തരം സ്ഥലങ്ങളിൽ കൂടുതൽ ഫ്ലാറ്റുകൾ നിർമ്മിക്കുകയല്ലാതെ മറ്റ് പോംവഴിയില്ല. സർക്കാർതന്നെ ഭൂമി കണ്ടെത്തി 80 ഫ്ലാറ്റുകൾവരെ നിർമ്മിക്കുന്ന പദ്ധതി വളരെ വിജയകരമായി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഇനിയും കൂടുതൽ ഫ്ലാറ്റുകൾ നിർമ്മിക്കാനുള്ള സ്ഥലം കണ്ടെത്തി മുന്നോട്ടുപോയെങ്കിൽ മാത്രമെ ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കുകയുള്ളൂ. അതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. സജി ചെറിയാൻ : സർ, മത്സ്യത്തൊഴിലാളികൾ തീരദേശ മേഖലയിൽനിന്നും അകന്ന് താമസിക്കാൻ വൈമനസ്യം കാണിക്കുന്ന സാഹചര്യമാണുള്ളത്. ടി സാഹചര്യത്തിൽ സർക്കാരിന് തീരത്തോടുചേർന്നുള്ള സ്ഥലങ്ങൾ കണ്ടെത്തുകയെന്നത് ബുദ്ധിമുട്ടുള്ള

കാര്യമാണ്. വലിയതുറയിലുള്ള 400 ഫ്ലാറ്റ് നിർമ്മിച്ചിരിക്കുന്ന ഭൂമി മറ്റൊരു വകുപ്പിനുകീഴിലായിരുന്നെങ്കിലും അവരുടെ സന്തോഷത്തിന്റെ ഭാഗമായി, നമുക്ക് നൽകിയതാണ്. സ്ഥലം ലഭ്യമാക്കുകയെന്നത് വലിയൊരു പ്രശ്നമാണ്. ഇതിനുള്ള പ്രശ്നപരിഹാരത്തിനായി പരമാവധി ശ്രമിക്കുന്നുണ്ട്. എന്നാൽ യഥാർത്ഥ പ്രശ്നം പണം കണ്ടെത്തുന്നതല്ല; മറിച്ച് സ്ഥലം ലഭ്യമായാൽ ആവശ്യമായ ഫ്ലാറ്റുകൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. ആകെ 21,220 ഗുണഭോക്താക്കളുള്ളതിൽ പൂർത്തീകരിച്ചതുൾപ്പെടെയുള്ള 5,846 വീടുകളുടെയും ഫ്ലാറ്റുകളുടെയും നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. 8,743 മത്സ്യത്തൊഴിലാളികളാണ് തീരദേശ മേഖലയിൽനിന്നും മാറിത്താമസിക്കാൻ സന്നദ്ധത അറിയിച്ചിട്ടുള്ളത്. ബാക്കിയുള്ളവർ മാറിത്താമസിക്കാൻ സന്നദ്ധരല്ല. അത്തരക്കാരുടെ ഭൂമിയുടെ രജിസ്ട്രേഷൻ സർക്കാർ സൗജന്യമാക്കുകയും ഏറ്റെടുക്കുന്ന ഭൂമി അവർക്ക് തിരിച്ചുനൽകുന്ന സംവിധാനം ഏർപ്പെടുത്തുകയും ചെയ്തെങ്കിലും ഇപ്പോഴും അവർ മാറിത്താമസിക്കാൻ തയ്യാറാകുന്നില്ല. വേലിയേറ്റ മേഖലയിലെ 50 മീറ്ററിനുള്ളിൽനിന്നും ഇവരെ മാറ്റി പാർപ്പിക്കുകയെന്നുള്ളതാണ്

സർക്കാരിന്റെ നിലപാട്. അതിലേയ്ക്കായി നൂതനപദ്ധതികൾ ഭാവിയിൽ വേണ്ടിവരും. പ്രസ്തുത സന്ദർഭത്തിൽ ആവശ്യമായ ആലോചന നടത്തുന്നതാണ്.

ശ്രീ. കെ. പി. എ. മജീദ്: സർ, തീരദേശമേഖലകളിൽ പലയിടങ്ങളിലും ഇരട്ടവീടുകളിലാണ് ആളുകൾ താമസിക്കുന്നത്. ഇരട്ടവീടുകളിൽ പലതും ജീർണ്ണാവസ്ഥയിലാണ്. പരപ്പനങ്ങാടി തീരപ്രദേശത്ത് ഇത്തരത്തിൽ ജീർണ്ണാവസ്ഥയിലുള്ള ധാരാളം വീടുകളുണ്ട്. ഈ സാഹചര്യത്തിൽ ഇരട്ടവീടുകളെ ഒറ്റവീടുകളാക്കി മാറ്റുന്നതിനാവശ്യമായ സാമ്പത്തിക സഹായം നൽകുന്ന എന്തെങ്കിലും പദ്ധതി സർക്കാരിനുണ്ടോ?

ശ്രീ. സജി ചെറിയാൻ : സർ, 'തീരസദസ്സ് ' പരിപാടി കേരള ചരിത്രത്തിലാദ്യമാണ്. മന്ത്രിയെന്ന നിലയിൽ, അങ്ങയുടെ മണ്ഡലത്തിലുൾപ്പെടെ 47 മണ്ഡലങ്ങളിലും ഞാൻ നേരിട്ട് സന്ദർശിച്ച് വിശദമായ പരിശോധന നടത്തിയിട്ടുണ്ട്. സുനാമി കാലഘട്ടത്തിൽ നിർമ്മിച്ച വീടുകളും ഇരട്ടവീടുകളുമടക്കം പന്ത്രണ്ടായിരത്തോളം വീടുകളുടെ അറ്റകുറ്റപ്പണി നടത്തേണ്ടതുണ്ടെന്നും ചില വീടുകൾ പൊളിച്ചുമാറ്റി പുതിയത്

നിർമ്മിക്കേണ്ടതുണ്ടെന്നും കണ്ടെത്തിയിട്ടുണ്ട്. ഇത് വിപുലമായ പദ്ധതിയെന്ന നിലയിൽ വളരെയധികം ഗൗരവത്തിലെടുക്കേണ്ട പ്രശ്നമാണ്. ഇക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായും ധനകാര്യ വകുപ്പുമന്ത്രിയുമായും ചർച്ച ചെയ്ത് ഒരു പ്രോജക്ട് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. കേരളത്തിൽ മത്സ്യത്തൊഴിലാളികൾക്ക് വാസയോഗ്യമായ വീടെന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിനും അങ്ങയുടെ മണ്ഡലത്തിലെ ഇരട്ടവീടുകൾ ഉൾപ്പെടെ പൊളിച്ച് സിംഗിൾ വീടുകൾ/ ഫ്ലാറ്റുകളാക്കുന്നതിനുമുള്ള പ്രോജക്ട് തീരദേശ വികസന കോർപ്പറേഷൻ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. പ്രസ്തുത പ്രോജക്ട് തയ്യാറായി സർക്കാരിന്റെ അംഗീകാരം ലഭിക്കുന്നമുറയ്ക്ക് ത്വരിതഗതിയിൽ നിർമ്മാണം ആരംഭിക്കണമെന്ന നിലപാടാണുള്ളത്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, തീരദേശവാസികൾക്ക് ഏറെ ആശ്വാസം നൽകുന്ന പുനർഗേഹം പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് ഭൂമി രജിസ്റ്റർ ചെയ്യണമെങ്കിൽ ഭൂമി കണ്ടെത്തിയശേഷം അതിന്റെ ആധാരമനുസരിച്ചുള്ള വാല്യുവേഷൻ തയ്യാറാക്കി ഭൂമിയുടെ വില തീരുമാനിക്കുന്ന സമ്പ്രദായമാണ് നിലവിലുള്ളത്. അതിനുപകരം ഗസറ്റിൽ

വിജ്ഞാപനം ചെയ്യുന്ന ഫെയർ വാല്യൂവിനനുസരിച്ച് ഭൂമിയുടെ വില നിശ്ചയിക്കാനുള്ള അനുവാദം ഡിസ്ട്രിക്ട് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിക്ക് നൽകിയാൽ നിലവിലുള്ള പ്രോസസ്സുകൾ വേഗത്തിലാകാൻ സാധിക്കും. അതിനായി സർക്കാർ മുൻകൈയെടുക്കുമോ?

ശ്രീ. സജി ചെറിയാൻ : സർ, ഭൂമിയുമായി ബന്ധപ്പെട്ട വിഷയത്തിലാണ് രജിസ്ട്രേഷൻ ഫീസ് സൗജന്യമാക്കിക്കൊടുക്കുകയും ഭൂമിയുടെ അവകാശം മത്സ്യത്തൊഴിലാളികൾക്കുതന്നെ തിരിച്ച് നൽകുകയും ചെയ്തത്. കുറച്ചുകൂടി സുതാര്യമായി ഇക്കാര്യം ചെയ്യാനാണ് സർക്കാർ ആലോചിക്കുന്നത്. ഭൂമി വാങ്ങുന്നതുമായി ബന്ധപ്പെട്ട പ്രോസസ്സിൽ കുറച്ച് പ്രശ്നങ്ങളുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അക്കാര്യത്തിൽ പരിഷ്കാരം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

ശ്രീ. സി. ആർ. മഹേഷ്: സർ, മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന നിരവധി പ്രശ്നങ്ങളിൽ പ്രധാനം പേത്ത എന്ന കടൽമാക്രിയുടെ ശല്യമാണ്. കടൽമാക്രിയുടെ ശല്യം രൂക്ഷമായതോടെ വള്ളങ്ങൾ കടലിൽ ഇറക്കാൻ സാധിക്കുന്നില്ല. ദിനംപ്രതി ലക്ഷക്കണക്കിന് രൂപയുടെ വലയാണ് പേത്ത

കടിച്ചുനശിപ്പിക്കുന്നത്. മിക്ക വള്ളങ്ങളും കടലിൽ ഇറക്കാൻ സാധിക്കാതെ ആഴ്ചകൾ പിന്നിടുകയാണ്. ഇത്തരത്തിൽ നഷ്ടം സംഭവിച്ച മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, പ്രസ്തുത പ്രശ്നപരിഹാരത്തിന് നിലവിൽ വ്യവസ്ഥകളൊന്നുമില്ല. പരാതി ലഭിക്കുന്നമുറയ്ക്ക് അക്കാര്യം പരിശോധിക്കുന്നതാണ്.

ശ്രീ. എച്ച്. സലാം: സർ, ഏറ്റവും കൂടുതൽ തീരദൈർഘ്യമുള്ള ആലപ്പുഴ ജില്ലയിൽ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ സ്കീമിന്റെ ഭാഗമായി തോട്ടപ്പള്ളിയിലെ മണ്ണുംപുറത്ത് പുതിയ ഫ്ലാറ്റ് നിർമ്മിക്കുന്നുണ്ട്. പ്രസ്തുത ഫ്ലാറ്റുകളുടെ നിർമ്മാണ പുരോഗതി പരിശോധിച്ചിട്ടുണ്ടോ; ഇവ മത്സ്യത്തൊഴിലാളികൾക്ക് എപ്പോൾ കൈമാറാൻ സാധിക്കും?

ശ്രീ. സജി ചെറിയാൻ: സർ, ഞാൻ മന്ത്രിയായതിനുശേഷം മൂന്ന് തവണ പ്രസ്തുത സ്ഥലം സന്ദർശിച്ചിരുന്നു. ഇരുനൂറോളം ഫ്ലാറ്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് അവിടെ നടത്തിക്കൊണ്ടിരിക്കുന്നത്;

അവയുടെ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലെത്തിയിട്ടുണ്ട്. ഇനി വാട്ടർ ടാങ്കിന്റെയും സ്വീവേജ് പ്ലാന്റിന്റെയും നിർമ്മാണമാണ് നടത്തേണ്ടത്. നിലവിലെ സ്ഥിതിയനുസരിച്ച്, ആറ് മാസത്തിനുള്ളിൽ നിർമ്മാണം പൂർത്തീകരിച്ച് പ്രസ്തുത ഫ്ലാറ്റുകൾ മത്സ്യത്തൊഴിലാളികൾക്ക് കൈമാറാൻ സാധിക്കുന്നതാണ്.

ശ്രീ. ജി. എസ്. ജയലാൽ: സർ, മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി നിരവധി സ്ഥലങ്ങളിലായി നിർമ്മിച്ച നൂറുകണക്കിന് സുനാമി പുനരധിവാസ ഫ്ലാറ്റുകൾ ഗുണഭോക്താക്കൾക്ക് അനുവദിക്കാൻ സാധിക്കാത്ത നിലയിൽ ഒഴിഞ്ഞുകിടക്കുകയാണ്. പ്രസ്തുത ഫ്ലാറ്റുകൾ നിലവിൽ റവന്യൂവകുപ്പിന്റെ കീഴിലാണ്. റവന്യൂ വകുപ്പിന് ഫ്ലാറ്റുകൾ പുതുക്കിപ്പണിയുന്നതിന് പ്ലാൻ ഫണ്ടില്ലാത്തതിനാൽ അറ്റകുറ്റപ്പണികൾപോലും നടത്താൻ സാധിക്കാതെ അവിടെ താമസിക്കുന്നവരുടെ ജീവിതം ദുരിതത്തിലായിരിക്കുകയാണ്. ഇത്തരം ഫ്ലാറ്റുകൾ ഫിഷറീസ് വകുപ്പ് ഏറ്റെടുത്ത് വാസയോഗ്യമാക്കാനും

ഒഴിഞ്ഞുകിടക്കുന്ന ഫ്ലാറ്റുകൾ മത്സ്യത്തൊഴിലാളികൾക്ക് നൽകാനും നടപടി സ്വീകരിക്കുമോ?

ശ്രീ. സജി ചെറിയാൻ: ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് വളരെ ഗൗരവതരമായ വിഷയമാണ്. ചാത്തന്നൂർ മണ്ഡലത്തിൽ സുനാമി കാലഘട്ടത്തിൽ ഏകദേശം 160 ഫ്ലാറ്റുകൾ നിർമ്മിച്ചിട്ടുണ്ട്. അവിടം ഇപ്പോൾ anti-social elements-ന്റെ കേന്ദ്രമായി മാറിയിരിക്കുകയാണ്. ഞാനും ബഹുമാനപ്പെട്ട അംഗവും പ്രസ്തുത സ്ഥലം സന്ദർശിക്കുകയുണ്ടായി. ഫ്ലാറ്റുകളുടെ നിർമ്മാണം ഏകദേശം 80 ശതമാനത്തോളം പൂർത്തീകരിച്ചുവെങ്കിലും അവ മത്സ്യത്തൊഴിലാളികൾക്കും മറ്റ് ഗുണഭോക്താക്കൾക്കും നൽകാൻ കഴിയില്ല. റവന്യൂ വകുപ്പിന്റെ കീഴിൽ ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച് നിർമ്മിച്ച ടി ഫ്ലാറ്റുകൾ കൈമാറ്റം ചെയ്യുന്നതുമായി ബന്ധപ്പെട്ട് സാങ്കേതിക തടസ്സങ്ങളുണ്ടായി. ഇത്തരത്തിൽ വിവിധ പ്രദേശങ്ങളിൽ നിർമ്മിച്ച ഫ്ലാറ്റുകളിൽ പ്രശ്നങ്ങൾ നേരിടുന്നുണ്ട്. റവന്യൂ വകുപ്പ് തയ്യാറാണെങ്കിൽ അവ നവീകരിക്കാനുള്ള സംവിധാനമൊരുക്കുന്നതാണ്. ചാത്തന്നൂരിൽ നിർമ്മിച്ചിരിക്കുന്ന ഈ

ഫ്ലാറ്റ് കടപ്പുറത്തുനിന്നും വളരെ അകലെയായതിനാൽ ഇത്രയും ദൂരത്ത് മത്സ്യത്തൊഴിലാളികൾ താമസിക്കാൻ സാധ്യതയില്ല. ഇക്കാര്യം ജില്ലാ കളക്ടറുമായി ചർച്ച ചെയ്തിരുന്നു. അവർ മുൻകൈയെടുത്ത് പ്രവർത്തിക്കുകയാണെങ്കിൽ അടിയന്തരമായി അവ നവീകരിച്ച് ലൈഫ് പദ്ധതിപ്രകാരം വീടില്ലാത്ത ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാൻ ഗവൺമെന്റിന് സാധിക്കുന്നതാണ്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ഗുരുതരമായ പ്രശ്നം സംബന്ധിച്ച് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട ചർച്ചാവേളയിൽ നിയമസഭയിൽ ഉന്നയിച്ചിരുന്നു. ഫ്ലാറ്റുമായി ബന്ധപ്പെട്ട വിഷയത്തിൽ ഇടപടേണ്ടത് തദ്ദേശസ്വയംഭരണ വകുപ്പാണോ ഫിഷറീസ് വകുപ്പാണോ എന്ന കാര്യത്തിലാണ് ആശങ്കയാണുണ്ടായിരുന്നത്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി മറുപടി പറഞ്ഞ സാഹചര്യത്തിൽ അക്കാര്യത്തിന്മേൽ കൂടിയാലോചന നടത്തി അടുത്ത നിയമസഭാ സമ്മേളനത്തിനുമുമ്പായി തീരുമാനമെടുക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്.

## പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പ്രോത്സാഹനം

2 (*62) ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. പി. പി. സുമോദ്:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസത്തിലൂടെ സാമൂഹിക മുന്നേറ്റം കൈവരിക്കുകയെന്ന ലക്ഷ്യം മുൻനിർത്തി പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പൊതു പരീക്ഷകളിൽ മികവാർന്ന വിജയം കരസ്ഥമാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് വകുപ്പ് നടപ്പാക്കിവരുന്ന പ്രോത്സാഹന സമ്മാനം ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(സി) പ്രസ്തുത അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, (എ) വിദ്യാഭ്യാസത്തിലൂടെ സാമൂഹിക മുന്നേറ്റം കൈവരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

വിദ്യാഭ്യാസ പദ്ധതികൾ: -

1. പ്രീ-മെട്രിക് സ്കോളർഷിപ്പ്
2. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്
3. ഉന്നതി ഓവർസീസ് സ്കോളർഷിപ്പ്
4. മോഡൽ റസിഡൻഷ്യൽ സ്കൂൾ, പ്രീമെട്രിക് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, സ്പോർട്ട്സ് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ.
5. അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആൻഡ് ഡെവലപ്മെന്റ് പദ്ധതി.

6. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം.

7. മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്കുള്ള ധനസഹായം.

8. വിവിധ പൊതു പ്രവേശനപരീക്ഷകൾക്കുള്ള പരിശീലനം.

9. ലാപ്ടോപ്പ് വിതരണം

10. പഠന മുറി പദ്ധതി

11. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം

12. വിങ്സ് - വൈമാനിക പരിശീലന പരിപാടി

13. ട്രേസ് - നൈപുണ്യ വികസന പരിശീലന പരിപാടികൾ.

14. ഫ്രീഷിപ്പ് കാർഡ്

15. സംസ്ഥാന ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്ത വായനശാലകളിൽ സൗജന്യ അംഗത്വം

16. എംപവർമെന്റ് സൊസൈറ്റി

17. എല്ലാ ഐ.ടി.ഐ.-കളിലും നിലവിലുള്ള ട്രേഡുകളിൽ പുതുതലമുറ കോഴ്സുകൾകൂടി ചേർത്ത് Add on കോഴ്സുകൾ.

(ബി) പൊതുപരീക്ഷകളിൽ മികവാർന്ന വിജയം കരസ്ഥമാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് വകുപ്പ് നടപ്പാക്കിവരുന്ന പ്രോത്സാഹന സമ്മാനം ലഭിക്കുന്നതിനായി ലഭിച്ച അപേക്ഷകളുടെ വിവരം ചുവടെ ചേർക്കുന്നു.

2022-23-ൽ 11555 അപേക്ഷകളും 2023-24 അധ്യയന വർഷം മുതൽ നാളിതുവരെ 7124 അപേക്ഷകളും ലഭിച്ചിട്ടുണ്ട്.

(സി) 2022-23 വർഷത്തെ അപേക്ഷകളിൽ നടപടികൾ പൂർത്തീകരിക്കുകയും അർഹമായ സ്കോളർഷിപ്പ് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. 2023-24 അധ്യയന വർഷം ലഭിച്ച അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ച് തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, പൊതുപരീക്ഷകളിൽ ഉയർന്ന വിജയം കരസ്ഥമാക്കുന്ന വിദ്യാർത്ഥികൾക്ക് നൽകിവരുന്ന പ്രോത്സാഹന

പദ്ധതിയുടെ തുക ഏത് വർഷമാണ് വർദ്ധിപ്പിച്ചത്; തുക വർദ്ധിപ്പിച്ചിട്ടില്ലെങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, പൊതു പരീക്ഷകളിൽ ഉയർന്ന വിജയം കരസ്ഥമാക്കുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രോത്സാഹന സമ്മാന പദ്ധതിയുടെ തുക വർദ്ധിപ്പിച്ചിട്ട് മൂന്നുവർഷമായി. വിവിധ വിഷയങ്ങളിൽ 80 ശതമാനം മുതൽ 100 ശതമാനംവരെ മാർക്ക് നേടുന്ന വിദ്യാർത്ഥികൾക്ക് വിവിധ കോഴ്സുകൾക്കായി 4,000 രൂപ മുതൽ 12,000 രൂപവരെയും 60 ശതമാനം മുതൽ 79 ശതമാനംവരെ മാർക്ക് കരസ്ഥമാക്കുന്ന വിദ്യാർത്ഥികൾക്ക് വിവിധ കോഴ്സുകൾക്കായി 2,500 രൂപ മുതൽ 9,500 രൂപവരെയും പ്രോത്സാഹന സമ്മാനമായി നൽകുന്ന പദ്ധതിയും നടപ്പാക്കി വരുന്നു.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, വിദേശ സർവ്വകലാശാലകളിൽ പഠിക്കാൻ പോകുന്ന എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സർക്കാർ 25 ലക്ഷം രൂപ ധനസഹായം നൽകിവരുന്നുണ്ട്. നഴ്സിംഗ് കോഴ്സുകൾ ഉൾപ്പെടെ ഡിഗ്രിതലത്തിൽ ഈ തുക

നൽകാൻ കഴിഞ്ഞാൽ നിരവധി കുട്ടികൾക്ക് അതിന്റെ പ്രയോജനം ലഭിക്കുന്നതാണ്. സർക്കാർ അതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, വിവിധ സ്വകാര്യ സ്ഥാപനങ്ങളിലടക്കം പഠിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കോഴ്സിനാവശ്യമായ വിദ്യാഭ്യാസ സഹായം 2022 ജനുവരി മാസം മുതൽ എല്ലാ കുട്ടികൾക്കും നൽകാൻ തീരുമാനമെടുത്തിട്ടുണ്ട്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഉന്നമനത്തിനായി 'ഉന്നതി' പോലുള്ള പുതിയ സംരംഭകത്വ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിൽ അങ്ങയെ അഭിനന്ദിക്കുകയാണ്. പലപ്പോഴായി നിരവധി പദ്ധതികൾ നടപ്പാക്കുമ്പോഴും ഈ വിഭാഗത്തെ പൂർണ്ണമായി മുന്നണിയിലേയ്ക്ക് കൊണ്ടുവരാൻ സാധിക്കുന്നില്ലെന്ന വസ്തുത നിലനിൽക്കുന്നു. മലയോര മേഖലയിൽ താമസിക്കുന്ന ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്ക് ആവശ്യമായ യാത്രാസൗകര്യം ലഭിക്കുന്നില്ല. അവിടെ വളരെയധികം ദൂരം നീളുന്ന റോഡുകൾ ഉള്ളതുകൊണ്ട് അവയുടെ

വർക്ക് ഏറ്റെടുക്കാൻ പഞ്ചായത്തിന് സാധിക്കുന്നില്ല. പ്രസ്തുത റോഡുകൾ പി.ഡബ്ല്യൂ.ഡി.-യുടേതല്ലാത്തതിനാൽ അവർക്കും പ്രവൃത്തി ഏറ്റെടുക്കാൻ സാധിക്കില്ല. അതിനാവശ്യമായ തുക എവിടെനിന്ന് ലഭിക്കുമെന്നത് പ്രധാനപ്പെട്ട പ്രശ്നമാണ്. അവിടത്തെ ഗതാഗത സൗകര്യം, കുടിവെള്ളം തുടങ്ങി എല്ലാ വിഷയങ്ങളും ഒന്നിച്ചുകൊണ്ടുവരാൻ കഴിയുന്ന രീതിയിൽ ഓരോ കോളനികൾക്കും പ്രത്യേകം മാസ്റ്റർപ്ലാൻ തയ്യാറാക്കി, ഗോത്രവിഭാഗങ്ങൾക്കുവേണ്ടി ഒരു മിഷൻ നടപ്പാക്കാനുള്ള പരിശ്രമം അങ്ങയുടെ നേതൃത്തിലുണ്ടാകണം. അംബേദ്കർ സെറ്റിൽമെന്റ് കോളനിക്ക് നേരത്തെ ഒരു കോടി രൂപ അനുവദിച്ചിരുന്നെങ്കിലും ടി വർക്ക് ഏറ്റെടുത്ത ഏജൻസികൾ അത് പൂർത്തിയാക്കിയിരുന്നില്ല. എന്റെ അഭിപ്രായത്തിൽ ടി പ്രവൃത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കുകയാണെങ്കിൽ ഒരു മാസ്റ്റർപ്ലാൻ അനുസരിച്ച് പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കാൻ സാധിക്കുമായിരുന്നു. ഇക്കാര്യം ഒരു മിഷനായി ഏറ്റെടുക്കാൻ അങ്ങ് തയ്യാറാകുമോ?

**ശ്രീ. കെ. രാധാകൃഷ്ണൻ:** സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് പ്രധാനപ്പെട്ട വിഷയമാണ്. ഇപ്പോഴും ട്രൈബൽ ഏരിയകളിൽ വേണ്ടത്ര യാത്രാസൗകര്യങ്ങളില്ലെന്ന് സൂചിപ്പിക്കുകയുണ്ടായി. ഓരോ പ്രദേശങ്ങളിലും റോഡ് നിർമ്മിക്കാനും അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനുമുള്ള നിരവധി പദ്ധതികൾ വകുപ്പ് നടപ്പാക്കുന്നുണ്ട്. ഫണ്ടിന്റെ ലഭ്യതക്കുറവ് കാരണമാണ് പദ്ധതികൾ നടപ്പാക്കുന്നതിന് കാലതാമസം നേരിടുന്നത്. ജനസംഖ്യ കുറവായ പ്രദേശങ്ങളിലേയ്ക്ക് റോഡ് നിർമ്മിക്കുന്നതിന് കോടിക്കണക്കിന് രൂപ ചെലവഴിക്കേണ്ടിവരും. എന്നാലും ഗവൺമെന്റ് പ്രസ്തുത പദ്ധതികളിൽനിന്നും പുറകോട്ടുപോകാനല്ല തീരുമാനിച്ചിരിക്കുന്നത്. റോഡിന്റെ അഭാവംകാരണം ഇതുവരെയും പഞ്ചായത്ത് ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കാത്ത, കേരളത്തിലെ ഏക ആദിവാസി പഞ്ചായത്തായ ഇടമലക്കുടിയിൽ പട്ടികവർഗ്ഗ വികസന വകുപ്പ് ഏകദേശം 18½ കോടി രൂപ ചെലവഴിച്ച് റോഡ് നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചുകഴിഞ്ഞു. ഒരു പ്രത്യേക മിഷനായി ഈ പദ്ധതി നടപ്പാക്കുന്നതിനേക്കാൾ ഓരോ

പ്രദേശത്തിന്റെയും പ്രത്യേകത മനസ്സിലാക്കി ആ രീതിയിൽ ഇടപെടൽ നടത്താനാണ് തീരുമാനിച്ചിരിക്കുന്നത്. അംബേദ്കർ ഗ്രാമ വികസന പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തി വിവിധ ഏജൻസികളാണ് ഏറ്റെടുത്തിരിക്കുന്നത്. പ്രസ്തുത ഏജൻസികളുടെ കമ്മീഷനും ജി.എസ്.ടി.-യും നൽകിക്കഴിഞ്ഞാൽ ഒരു കോടി രൂപയിൽ വളരെ കുറച്ച് തുക മാത്രമെ ഈ പാവപ്പെട്ട ജനവിഭാഗങ്ങളുടെ ജീവിതം മെച്ചപ്പെടുത്തുന്നതിന് വിനിയോഗിക്കാൻ സാധിക്കുകയുള്ളൂ. അതുപോലെ ഇതുമായി ബന്ധപ്പെട്ട വർക്കുകൾ പഞ്ചായത്തുകളെ ഏൽപ്പിക്കുന്നതിനെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. നിലവിൽ ചില പ്രവൃത്തികൾ പഞ്ചായത്തുകളെ ഏൽപ്പിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള പ്രവൃത്തികൾ പൂർണ്ണമായും പഞ്ചായത്തുകളെ ഏൽപ്പിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

ശ്രീ. പി. പി. സുമോദ്: സർ, കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ വലിയ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. ഇൻഫർമേഷൻ ടെക്നോളജിയും ബയോടെക്നോളജിയും ഉൾപ്പെടെയുള്ള വിവിധ ന്യൂജനറേഷൻ കോഴ്സുകൾ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ആരംഭിച്ചിട്ടുണ്ട്. ഉന്നത

വിദ്യാഭ്യാസ മേഖലയിലുള്ള പല കോഴ്സുകൾക്കും ഭീമമായ തുക മുൻകൂറായി നൽകേണ്ടിവരുന്നതിനാൽ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട നിരവധി വിദ്യാർത്ഥികൾക്ക് അവർ ആഗ്രഹിക്കുന്ന കോഴ്സിൽ പ്രവേശിക്കാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ:</u> സർ, വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസ രംഗത്തേയ്ക്ക് കടന്നുവരാനുള്ള എല്ലാ സൗകര്യവും ചെയ്തുകൊടുക്കുകയാണ് ഗവൺമെന്റിന്റെ ലക്ഷ്യം. അതിനുവേണ്ടിയാണ് ഇന്ത്യയിലെ പ്രധാനപ്പെട്ട സ്ഥാപനങ്ങളിൽ പഠിക്കാൻ സൗകര്യമൊരുക്കിക്കൊണ്ടുള്ള പുതിയ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്. ചില സ്വകാര്യ മാനേജ്മെന്റുകൾ നടത്തുന്ന കോളേജുകളിൽ തുക മുൻകൂട്ടി അടയ്ക്കാത്തതിനാൽ കുട്ടികൾക്ക് അഡ്മിഷൻ കൊടുക്കുന്നില്ലെന്ന പരാതി ഉയർന്നുവരികയുണ്ടായി. അത്തരത്തിലുള്ള കോളേജ് മാനേജ്മെന്റുമായി ചർച്ച നടത്തിയിട്ടുണ്ട്. തുക മുൻകൂട്ടി അടയ്ക്കുന്നതിനുപകരം എല്ലാ കുട്ടികൾക്കും ഫ്രീ ഷിപ്പ് കാർഡുകൾ നൽകാൻ

തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത കാർഡ് ഹാജരാക്കിയാൽ അതത് സ്ഥാപനങ്ങൾ ആ കുട്ടികൾക്ക് അഡ്മിഷൻ നൽകുന്നതിന് തടസ്സം നിൽക്കുകയില്ല.

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട പ്രീമെട്രിക് വിദ്യാർത്ഥികൾക്ക് കേന്ദ്രസർക്കാർ നൽകിവന്നിരുന്ന സ്കോളർഷിപ്പ് 9, 10 ക്ലാസുകൾക്ക് മാത്രമായി പരിമിതപ്പെടുത്തിയതിന്റെ ഫലമായി ഒന്നുമുതൽ എട്ടാം ക്ലാസ് വരെയുള്ള ഒ.ബി.സി. വിദ്യാർത്ഥികൾക്ക് അനുവദിച്ചിരുന്ന പ്രത്യേക സ്കോളർഷിപ്പ് ലഭിക്കാത്ത സാഹചര്യമാണുള്ളത്. ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഒ.ബി.സി. കുട്ടികൾക്കുമാത്രമല്ല ന്യൂനപക്ഷ മതവിഭാഗങ്ങളിൽപ്പെട്ട ഒന്നുമുതൽ എട്ടുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ലഭിച്ചിരുന്ന സ്കോളർഷിപ്പുകൾ കേന്ദ്ര ഗവൺമെന്റ് നിർത്തലാക്കുകയും 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കുമാത്രമായി പരിമിതപ്പെടുത്തുകയും ചെയ്തിരുന്നു. ഒന്നുമുതൽ എട്ടുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ലഭിച്ചുകൊണ്ടിരുന്ന സ്കോളർഷിപ്പ്

നിന്നുപോകാതിരിക്കാൻ സംസ്ഥാന ഗവൺമെന്റ് ബഡ്ജറ്റിൽ പ്രത്യേക തുക വകയിരുത്തിയിട്ടുണ്ട്. ഈ വർഷംമുതൽ ഒന്നുമുതൽ എട്ടുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കുകൂടി സ്കോളർഷിപ്പ് നൽകാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസപരമായ ഉയർച്ച എല്ലാവരും ആഗ്രഹിക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഗവൺമെന്റ് പരിശോധിച്ചപ്പോൾ പട്ടികവർഗ്ഗ മേഖലയിലെ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് വലിയതോതിൽ ഉണ്ടായിട്ടുണ്ടെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. ഇത് തടയുന്നതിനുവേണ്ടിയാണ് സർക്കാർ 'ഗോത്രസാരഥി പദ്ധതി' ആവിഷ്കരിച്ചത്. മാത്രമല്ല, ഗോത്രസാരഥി പദ്ധതി ആവിഷ്കരിച്ച ഘട്ടത്തിൽ എല്ലാ കോളനികളിലെയും കുട്ടികളെ വിദ്യാലയങ്ങളിലേക്ക് എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഇപ്പോൾ ഗോത്രസാരഥി പദ്ധതിയുടെ പേര് 'വിദ്യാവാഹിനി' എന്നാക്കി മാറ്റിയിട്ടുണ്ട്. വിദ്യാവാഹിനി പദ്ധതിയുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച ഉത്തരവ് പരിശോധിച്ചപ്പോൾ ഗോത്രസാരഥി പദ്ധതിയിൽപ്പെട്ട പല കോളനികളും

ഒഴിവായിപ്പോയിരിക്കുന്നതായാണ് മനസ്സിലാക്കാൻ സാധിച്ചത്. ഇപ്പോൾ കുട്ടികൾ ഗോത്രസാരഥിയുടെയോ വിദ്യാവാഹിനിയുടെയോ വാഹനം വരുമെന്ന് പ്രതീക്ഷിച്ച നിൽക്കുകയാണ്. അങ്ങനെ പല കോളനികളിലുമുള്ള കുട്ടികൾക്ക് ഇന്ന് വിദ്യാലയങ്ങളിലേക്ക് എത്താൻ സാധിക്കാതെ അവരുടെ പഠനം പകുതി വഴിയിൽ മുടങ്ങിയ സാഹചര്യമാണുള്ളത്. നമ്മുടെ നാടിന്റെ വികസനം, റോഡിന്റെ വികസനം, ഗതാഗത കുരുക്കുകൾ എന്നിവയൊക്കെ വലിയ ഭീഷണിയായി മാറിയിരിക്കുകയാണ്. അതുകൊണ്ട് വിദ്യാവാഹിനി എന്ന് പേര് മാറ്റിക്കൊണ്ട് പുറപ്പെടുവിച്ച ഈ ഉത്തരവ് പുനഃപരിശോധിച്ച് വയനാട്, ഇടുക്കി, പാലക്കാട് തുടങ്ങിയ ജില്ലകളിലേക്കുകൂടി ഈ പദ്ധതി കൃത്യമായി നടപ്പാക്കാൻ സർക്കാർ തയ്യാറാകണം. എല്ലാ കുട്ടികൾക്കും സ്കൂളിലെത്താനുള്ള അവസരം സർക്കാർ ഒരുക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ:</u> സർ, നേരത്തേ നടപ്പാക്കിയിരുന്ന ഗോത്രവാഹിനി പദ്ധതിയുമായി ബന്ധപ്പെട്ട് പരിശോധന നടത്തുകയും അത് പിന്നീട് പഞ്ചായത്തിന് നൽകുകയുമുണ്ടായി. അവരുടെ പരിശോധനയിൽനിന്നാണ് കുറച്ച് കുട്ടികളെ കൊണ്ടുവരുന്നതിന്

വളരെയധികം തുക വേണ്ടിവരുന്നുവെന്ന് മനസ്സിലാക്കാൻ സാധിച്ചത്. കഴിഞ്ഞവർഷം ഗോത്രവാഹിനി പദ്ധതിക്കുവേണ്ടി മാത്രം 29 കോടിയിൽപ്പരം രൂപയാണ് പഞ്ചായത്ത് ചെലവഴിച്ചത്. ഈ വർഷം മുതൽ ഇതിന്റെ ചുമതല വിദ്യാവാഹിനി എന്ന നാമധേയത്തിൽ വകുപ്പ് തന്നെ ഏറ്റെടുക്കുകയും ഈ പദ്ധതിയിൻകീഴിൽ ആവശ്യമുള്ള കുട്ടികൾക്കുമാത്രം സംവിധാനമൊരുക്കാനുമാണ് ഉദ്ദേശിക്കുന്നത്. അനാവശ്യമായി പട്ടികവർഗ്ഗക്കാരുടെ വികസനത്തിനുള്ള ഫണ്ട് ചെലവഴിക്കുകയാണോ വേണ്ടത്, ആവശ്യത്തിന് ഉപയോഗിക്കുകയാണോ വേണ്ടത് എന്ന കാര്യത്തെക്കുറിച്ച് നമുക്ക് ധാരണയുണ്ടാകണം. ആവശ്യമുള്ള കുട്ടികളെ വിദ്യാവാഹിനി പദ്ധതിയിലൂടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എത്തിക്കുന്നതിനുള്ള നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്. എവിടെയെങ്കിലും ഏതെങ്കിലും തരത്തിലുള്ള പരാതിയുണ്ടെങ്കിൽ അത് പരിഹരിക്കാനുള്ള ഇടപെടൽ നടത്തുന്നുണ്ട്.

ശ്രീമതി കെ. കെ. രമ: സർ, ഇ-ഗ്രാന്റ്സ് പദ്ധതിയുടെ മാനദണ്ഡമനുസരിച്ച് ഒരു വർഷം ഒരു കോഴ്സിന് മാത്രമെ ആനുകൂല്യം

ലഭിക്കുകയുള്ളൂ. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക് ഡിഗ്രി കോഴ്സിന് അഡ്മിഷൻ ലഭിച്ച് രണ്ടുമാസം കഴിഞ്ഞതിനുശേഷമാണ് മറ്റേതെങ്കിലും പ്രൊഫഷണൽ കോഴ്സിന് അഡ്മിഷൻ ലഭിക്കുന്നത്. ഈ ആനുകൂല്യം ഒരു പ്രാവശ്യം ലഭ്യമായി എന്ന കാരണത്താൽ അടുത്ത കോഴ്സിന് അവർക്ക് ആനുകൂല്യം ലഭിക്കുന്നില്ല. ഇത് അവരുടെ പഠനം പലപ്പോഴും തടസ്സപ്പെടുന്നതിനും നിന്നുപോകുന്നതിനും കാരണമാകുന്നുണ്ട്. ഈ പ്രശ്നത്തിനുള്ള പരിഹാരം സർക്കാരിന്റെ ഭാഗത്തുനിന്നും നിർദ്ദേശിക്കാമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഒരു കോഴ്സിന് ചേർന്ന വിദ്യാർത്ഥിക്ക് ഉടനെ മറ്റൊരു സ്ഥാപനത്തിലേക്ക് മാറ്റം ലഭിക്കുകയാണെങ്കിൽ അവരുടെ വിദ്യാഭ്യാസ ആനുകൂല്യത്തിന് തടസ്സമുണ്ടാകില്ല. എന്നാൽ ആനുകൂല്യങ്ങൾ കൈപ്പറ്റി ഒരു കോഴ്സ് കംപ്ലീറ്റ് ചെയ്തശേഷം സമാനമായ മറ്റ് കോഴ്സുകൾക്കാണ് ചേരുന്നതെങ്കിൽ ആനുകൂല്യം കൊടുക്കാൻ കഴിയുകയില്ല. പ്രൊഫഷണൽ കോഴ്സുകൾക്ക് അഡ്മിഷൻ ലഭിക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകുന്നതാണ്.

ശ്രീ. എ. രാജ: സർ, പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സാമൂഹിക ഉന്നമനത്തിനുവേണ്ടി ഗവൺമെന്റ് ഏറ്റെടുത്തിട്ടുള്ള നിരവധി പ്രവർത്തനങ്ങൾക്ക് പ്രത്യേക അഭിനന്ദനങ്ങൾ അറിയിക്കുന്നു. ഞാൻ പ്രതിനിധാനം ചെയ്യുന്ന മണ്ഡലത്തിലെ പിന്നോക്കാവസ്ഥയിൽപ്പെട്ട നിരവധി പേർ ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടി മറ്റ് ജില്ലകളെയാണ് (തിരുവനന്തപുരം, പാലക്കാട്, എറണാകുളം) ആശ്രയിക്കുന്നത്. അവർക്ക് പലപ്പോഴും ഹോസ്റ്റൽ സൗകര്യം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതിനാൽ കോഴ്സിന്റെ രണ്ടാം വർഷമോ മൂന്നാം വർഷമോ മാത്രമാണ് ഹോസ്റ്റൽ സൗകര്യം ലഭിക്കുന്നത്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി കൂടുതൽ ഹോസ്റ്റൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് സർക്കാർ പ്രത്യേക പദ്ധതി നടപ്പിലാക്കുന്നുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, മൂന്നാർ ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളിൽ അധികംപേരും തിരുവനന്തപുരത്ത് വന്നാണ് അഡ്മിഷൻ എടുക്കുന്നത്. ഇതുകൂടാതെ പാലക്കാട്, തൃശ്ശൂർ എന്നീ ജില്ലാകളിൽനിന്നും വിദ്യാർത്ഥികൾ വരുന്നുണ്ട്. നിലവിൽ തൃശ്ശൂരും

എറണാകുളത്തും ഓരോ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരത്തും പാലക്കാട് ജില്ലയിലെ നൂറണിയിലും പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പിന്നോക്ക പ്രദേശങ്ങളിലെ കുട്ടികൾക്ക് പഠിക്കാൻ കൂടുതൽ സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയെന്നതാണ് ഗവൺമെന്റിന്റെ ലക്ഷ്യം.

ശ്രീ. സണ്ണി ജോസഫ്: സർ, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് യാത്രാ സൗകര്യത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയിരുന്ന ഗോത്രസാരഥി പദ്ധതിയുടെ കീഴിൽ വാഹനം ഓടിക്കുന്നവർക്ക് പണം കൊടുത്തിട്ടില്ല. ഈയിനത്തിൽ കുടിശ്ശികയുള്ളതുകൊണ്ട് ഡ്രൈവർമാർ, വാഹന ഉടമകൾ, സ്കൂൾ പി.ടി.എ., സ്കൂൾ അധികാരികൾ എന്നിവരെല്ലാം പ്രയാസത്തിലാണ്. പല പ്രദേശങ്ങളിലും വാഹനങ്ങൾ കിട്ടുന്നില്ലെന്നതാണ് വസ്തുത. ആറളം ആദിവാസി മേഖലയിൽപ്പോലും കുട്ടികൾ പ്രയാസപ്പെടുകയാണ്. അതുകൊണ്ട് ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നൽകുവാനുള്ള കുടിശ്ശിക കൊടുത്തുതീർക്കാനും പുതിയ പദ്ധതി ഫലപ്രദമായി നടപ്പാക്കാനും ആവശ്യമായ മേൽനോട്ടം നൽകാൻ തീരുമാനമുണ്ടാകുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് ശരിയാണ്. ആറളം ഫാം അടക്കമുള്ള പ്രദേശങ്ങളിൽ ഗോത്രസാരഥി പദ്ധതി പ്രകാരം ഓടിയിരുന്ന വാഹനങ്ങളിലെ ഡ്രൈവർമാർക്ക് കൂലി ലഭിച്ചിട്ടില്ലെന്ന് പരാതി ഉണ്ടായിട്ടുണ്ട്. മറ്റ് പല സ്ഥലത്തും ഈ പ്രശ്നം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കുടിശ്ശിക കൊടുത്തുതീർക്കാൻ നടപടി ആരംഭിച്ചിട്ടുണ്ട്. ചില സ്ഥലങ്ങളിൽ കുടിശ്ശിക പൂർണ്ണമായും കൊടുത്തു തീർത്തിട്ടുണ്ട്. അവശേഷിക്കുന്ന സ്ഥലങ്ങളിൽക്കൂടി കുടിശ്ശിക കൊടുത്തുതീർക്കാൻ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ആറളം ഫാമിലെ യാത്രാ സൗകര്യത്തിനുവേണ്ടിയാണ് ഒരു ഗ്രാമവണ്ടിയുടെ സർവ്വീസ് ആരംഭിച്ചത്. അത് അവിടത്തെ കുട്ടികൾക്കും ആളുകൾക്കും വളരെ സൗകര്യപ്രദമാണ്. ആറളം ഫാമിലടക്കമുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ ഇടപെടുകയും പരിഹാര നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയുമാണ്.

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പ്രോത്സാഹനത്തിനുവേണ്ടിയുള്ള പ്രധാനപ്പെട്ട സ്ഥാപനമാണ്

പ്രീമെട്രിക് ഹോസ്റ്റലുകൾ. എന്റെ മണ്ഡലത്തിലെ ഒരു പ്രീമെട്രിക് ഹോസ്റ്റലിൽ രണ്ട് കുക്ക്, ഒരു മേട്രൻ, സെക്യൂരിറ്റി ജീവനക്കാരനും കുട്ടികൾക്ക് ട്യൂഷൻ എടുക്കുന്നതിനായി ഏഴ് അദ്ധ്യാപകരുമുണ്ട്. എന്നാൽ അവിടെ ആറ് കുട്ടികൾ മാത്രമെയുള്ളൂ. പഠിക്കാൻ അനുകൂല സാഹചര്യമില്ലാത്ത പട്ടികജാതി കുടുംബങ്ങളിൽനിന്നും കുട്ടികളെ കണ്ടെത്തി നിർബന്ധമായും ഹോസ്റ്റലിൽ എത്തിക്കണമെന്ന് അവിടെയുള്ള പ്രൊമോട്ടർമാരോട് പറഞ്ഞിട്ടും ഫലവത്താകുന്നില്ല. സംസ്ഥാന അടിസ്ഥാനത്തിൽ പ്രീമെട്രിക് ഹോസ്റ്റലുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; ഇത്തരത്തിൽ അധികം സൗകര്യം നിലനിൽക്കുന്ന സ്ഥലങ്ങളിൽനിന്നും കൂടുതലായി സൗകര്യം ആവശ്യമുള്ള സ്ഥലങ്ങളിലെ കുട്ടികൾക്ക് ജില്ല മാറ്റി നൽകുന്നതിനുള്ള സംവിധാനത്തെ സംബന്ധിച്ച് ആലോചിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഇക്കാര്യത്തെക്കുറിച്ച് വിശദമായി പരിശോധന നടത്തിയിട്ടുണ്ട്. പ്രത്യേകിച്ച് പട്ടികജാതി വകുപ്പിന്റെ കീഴിൽ 85 പ്രീമെട്രിക് ഹോസ്റ്റലുകളുണ്ട്. അവിടെയാണ് കുട്ടികളുടെ

കുറവുണ്ടായിട്ടുള്ളത്. പൊതുവിദ്യാഭ്യാസ സമ്പ്രദായം മെച്ചപ്പെട്ടതോടുകൂടി രക്ഷകർത്താക്കൾ തങ്ങളുടെ വീടിനടുത്തുള്ള സ്കൂളുകളിൽ കുട്ടികളെ ചേർക്കാൻ തയ്യാറാകുന്നതിനാൽ പ്രീമെട്രിക് ഹോസ്റ്റലുകളിലേയ്ക്ക് കുട്ടികളുടെ വരവ് കുറഞ്ഞിട്ടുണ്ട്. അങ്ങയുടെ മണ്ഡലത്തിലെ പ്രീമെട്രിക് ഹോസ്റ്റലിലെ ആറ് കുട്ടികളും ഏഴ് അദ്ധ്യാപകരും മാത്രമുള്ള സാഹചര്യത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. മൂന്ന് കുട്ടികളും ആറ് ജീവനക്കാരുമുള്ള പ്രീമെട്രിക് ഹോസ്റ്റലുകളുമുണ്ട്. അത്തരം പ്രീമെട്രിക് ഹോസ്റ്റലുകൾ നിലനിർത്തണമോ, അവിടെ മറ്റെന്തെങ്കിലും കോഴ്സുകൾ ആരംഭിക്കണമോ എന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ട്. തീർച്ചയായും പ്രീമെട്രിക് ഹോസ്റ്റലുകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ ശ്രമിക്കുന്നുണ്ട്.

ശ്രീമതി ദെലീമ: സർ, പട്ടികജാതി-പട്ടികവർഗ്ഗ-ഭിന്നശേഷിയുള്ള കുട്ടികൾക്ക് പ്രത്യേക പഠനത്തിന് എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ; സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികളെക്കൂടാതെ മറ്റെന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി അത്തരത്തിലൊരു പദ്ധതിയെക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അതായത്, ഭിന്നശേഷിക്കാരായ കുട്ടികൾക്ക് കൂടുതൽ സഹായം നൽകുന്നതിനുള്ള നടപടിയാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. ഷാഫി പറമ്പിൽ: സർ, രാജ്യത്തുതന്നെ അപൂർവ്വമായ സ്ഥാപനമാണ് പാലക്കാട് ജില്ലയിലെ മെഡിക്കൽ കോളേജ്. എഴുപതിലധികം പട്ടികജാതി വിദ്യാർത്ഥികളെ മെഡിസിന് പഠിപ്പിക്കുന്ന സ്ഥാപനം രാജ്യത്ത് മറ്റൊരിടത്തുമില്ല. ഇത്തവണ ആരോഗ്യ സർവ്വകലാശാല അവിടെ നടത്തിയ പരിശോധനയിൽ 14 ശതമാനം അദ്ധ്യാപകരുടെ കുറവും 41 ശതമാനം റെസിഡന്റുമാരുടെ കുറവും അനുഭവപ്പെട്ടിരിക്കുകയാണ്. കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിന് നിശ്ചയിച്ചുകൊടുത്ത സമയത്തെക്കാൾ കൂടുതൽ ദിവസം വേണ്ടിവരുന്ന അവസ്ഥയാണുള്ളത്. അവിടെ കിടത്തി ചികിത്സ ആരംഭിക്കാൻ തീരുമാനിച്ചിരുന്ന സമയപരിധി ലംഘിച്ച് വീണ്ടും നീളുന്ന സാഹചര്യമാണ്.

ഈ സ്ഥാപനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ അടിയന്തര യോഗം വിളിച്ചുചേർത്ത് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനം വേഗത്തിൽ പൂർത്തീകരിക്കുന്നതിനും കുറവുകൾ പരിഹരിക്കുന്നതിനും പൂർണ്ണ സജ്ജമായ ആശുപത്രിയും പഠനസൗകര്യവും അവിടത്തെ വിദ്യാർത്ഥികൾക്കും ജനങ്ങൾക്കും ഒരുക്കിക്കൊടുക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, പാലക്കാട് മെഡിക്കൽ കോളേജിന്റെ ഭൗതിക സാഹചര്യങ്ങൾ ഏറെ മെച്ചപ്പെട്ടുകഴിഞ്ഞു. 98 ശതമാനത്തിലധികം ഭൗതിക സാഹചര്യങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. അവിടെ 2 ശതമാനം പ്രവൃത്തി മാത്രമാണ് പൂർത്തീകരിക്കാനുള്ളത്; അത് എത്രയുംവേഗം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ടി സ്ഥാപനത്തിൽ ആവശ്യമായ അദ്ധ്യാപകരെ നിയമിക്കാൻ നടപടി സ്വീകരിക്കുകയും കുറെ അദ്ധ്യാപകരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന അദ്ധ്യാപകരെക്കൂടി നിയമിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിൽ

പെൻഡിംഗിലാണ്. അത് ലഭിച്ചാലുടൻ പൂർണ്ണമായും അദ്ധ്യാപകരെ നിയമിക്കാൻ സാധിക്കുന്നതാണ്. പ്രസ്തുത മെഡിക്കൽ കോളേജിനോട് ചേർന്ന് സംസ്ഥാന ഗവൺമെന്റിന്റെ നഴ്സിംഗ് കോളേജുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി അവിടെ ഒരു നഴ്സിംഗ് കോളേജ് ആരംഭിക്കാൻ നടപടി സ്വീകരിച്ചുവരികയാണ്.

**ട്രേസ് പദ്ധതി**

3 (*63) ശ്രീ. മുരളി പെരുനെല്ലി ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. ഒ. ആർ. കേളു:
ഡോ. കെ. ടി. ജലീൽ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. കെ. എം. സച്ചിൻദേവ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യതയുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവതീ-യുവാക്കളുടെ മികച്ച ഭാവിക്കായി രൂപം നൽകിയ ട്രേസ് പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇതുവരെയായി എത്ര പേർ ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി മാറിയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, (എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരെ സർക്കാർ സംവിധാനത്തിൽ തൊഴിൽ പരിശീലനത്തിനും നൈപുണ്യ വികസനത്തിനുമായി ഓണറേറിയം നൽകി വിവിധ വകുപ്പുകൾക്ക് കീഴിൽ 2 വർഷക്കാലയളവിലേക്ക് നിയമിക്കുന്നതിനായി ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് Training for Career Excellence (TRACE).

(ബി) നിലവിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്നും 500 എഞ്ചിനീയറിംഗ് ഉദ്യോഗാർത്ഥികൾക്ക് അക്രഡിറ്റഡ് എഞ്ചിനീയർ നിയമനം നൽകിയിട്ടുണ്ട്. കൂടാതെ 114 MSW ബിരുദധാരികൾക്ക് സോഷ്യൽ വർക്കർമാരായും 380 ബിരുദധാരികൾക്ക് അപ്രന്റീസ് ക്ലാർക്കുമാരായും ഈ

സർക്കാർ അധികാരത്തിൽ വന്നശേഷം നിയമനം നൽകിയിട്ടുണ്ട്. 87 നിയമ ബിരുദധാരികളെ ഓണറേറിയം വ്യവസ്ഥയിൽ ലീഗൽ അസിസ്റ്റന്റ് തസ്തികയിലും നിയമിച്ചിട്ടുണ്ട്. ഇതിനുപുറമേ 140 മാനേജ്മെന്റ് ട്രെയിനീസ്, 49 സ്റ്റുഡന്റ്സ് കൗൺസിലർമാർ, 326 മെന്റർ ടീച്ചർമാർ എന്നിവരെയും നിയമിച്ചിട്ടുണ്ട്.

(സി) ഉണ്ട്. നഴ്സിംഗ്, പാരാമെഡിക്കൽ, സ്കൂൾ-കോളേജ് അദ്ധ്യാപക യോഗ്യതയുള്ളവർക്ക് അതത് മേഖലകളിലും ഐ.ടി.ഐ./ഡിപ്ലോമ യോഗ്യത നേടിയവർക്ക് കെ.എസ്.ഇ.ബി.-യിലും കെ.എസ്.ആർ.ടി.സി.-യിലും ജെ.ഡി.സി./എച്ച്.ഡി.സി. വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് സഹകരണ സംഘങ്ങളിലും സഹകരണ വകുപ്പിന്റെ ഓഫീസുകളിലും തൊഴിലവസരങ്ങൾ ഒരുക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇത്തരത്തിൽ വിവിധ മേഖലകളിൽ യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെ കണ്ടെത്തി അവരുടെ യോഗ്യതയ്ക്കനുസൃതമായ തൊഴിൽ ലഭിക്കുന്നതിന് ആവശ്യമായ പരിശീലനവും പിന്തുണയും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ട്രേസ് പദ്ധതി നടപ്പിലാക്കാൻ

തീരുമാനിച്ചത്. അതുകൂടാതെ എംപവർമെന്റ് സൊസൈറ്റി രൂപീകരിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, കേരള സർക്കാരിനും പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പിനും തദ്ദേശ ജനതയോടുള്ള സമീപനം വളരെ അഭിമാനകാരമാണ്. ട്രേസ് പദ്ധതിപ്രകാരം നിരവധി ഉദ്യോഗാർത്ഥികളെ വിദേശത്ത് പരിശീലനത്തിന് അയച്ചിട്ടുണ്ട്. ഈ കാലയളവിൽ ഇപ്രകാരം എത്ര കുട്ടികളെ വിദേശത്തേയ്ക്ക് അയയ്ക്കാൻ സാധിച്ചിട്ടുണ്ട്; ഇനി എത്ര പേരെക്കൂടി അയയ്ക്കാനാണ് വകുപ്പ് ഉദ്ദേശിക്കുന്നത്?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ട്രേസ് പദ്ധതിയിലൂടെ യോഗ്യരായവർക്ക് വിദേശത്തടക്കം ജോലി ലഭിക്കാനുള്ള സൗകര്യം ഒരുക്കുകയാണ് ചെയ്യുന്നത്. സംസ്ഥാനത്തുനിന്ന് കഴിഞ്ഞ മാർച്ച് 31 വരെ 425 കുട്ടികളെയാണ് വിദേശ സർവ്വകലാശാലയിൽ പഠിക്കാനയച്ചത്. അവിടെ പഠിക്കാൻ പോകുന്ന കുട്ടികൾക്ക് വിദേശത്തുതന്നെ ജോലി ലഭിക്കുന്നതിനുള്ള സൗകര്യവും ചെയ്തുകൊടുക്കുന്നുണ്ട്.

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പ് നടപ്പാക്കുന്ന വിദൂര വിദ്യാഭ്യാസ പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം വകുപ്പുമന്ത്രി നിർവ്വഹിച്ചിരുന്നു. പ്രസ്തുത പദ്ധതി പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്ന് വിശദീകരിക്കാമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, വിദൂര വിദ്യാഭ്യാസ പദ്ധതിയുടെ പ്രവർത്തനം ത്വരിതപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിൽ വയനാട് ജില്ലയിൽ ടി പദ്ധതി എത്രയുംവേഗം നടപ്പാക്കാൻ സാധിക്കുന്നതാണ്.

<u>ശ്രീമതി ശാന്തകുമാരി കെ.</u>: സർ, പരാമ്പരാഗത തൊഴിൽ മേഖലയിൽ മാത്രം തളച്ചിടാൻ കാലം വിധിച്ച വിഭാഗമായിരുന്നു പട്ടികജാതി/ പട്ടികവർഗ്ഗക്കാർ. എന്നാൽ ഇന്നത്തെ മാറിയ കാലഘട്ടത്തിൽ പ്രതിസന്ധികളെ മറികടന്ന് അഭ്യസ്തവിദ്യരായ യുവതലമുറയ്ക്ക് പുതിയ തലമുറ കോഴ്സുകളും സാങ്കേതിക വിദ്യാഭ്യാസ കോഴ്സുകളും അന്തസ്സുള്ള തൊഴിലും ഉറപ്പാക്കാൻ ട്രേസ് പദ്ധതി പ്രതീക്ഷ നൽകുകയാണ്. പ്രസ്തുത പദ്ധതി നടപ്പാക്കിയ സർക്കാരിനെയും വകുപ്പിനെയും പ്രത്യേകം അഭിനന്ദിക്കുന്നു.

പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടപ്പെടുകയും സ്വകാര്യവത്കരിക്കപ്പെടുകയും ചെയ്യുന്ന വർത്തമാന ഇന്ത്യൻ സാഹചര്യത്തിൽ കേരളത്തിലെ ട്രേസ് പദ്ധതിയിലൂടെ പരിശീലനം ലഭ്യമാക്കിയ യുവതീ-യുവാക്കൾക്ക് ഭാവി സുരക്ഷിതത്വത്തിനും അനിവാര്യമായ സുസ്ഥിര തൊഴിൽ ലഭ്യമാക്കാനും സർക്കാർ-പൊതുമേഖലാ-സ്വകാര്യ-എയ്ഡഡ് സ്ഥാപനങ്ങളിൽ സ്ഥിരനിയമനം നൽകുന്നതിനും എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ട്രേസ് പദ്ധതിയിലൂടെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ തൊഴിൽ സംരംഭകരാക്കി മാറ്റാനുള്ള നടപടിയാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. എല്ലാ സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങളിലും റിസർവേഷൻ പ്രകാരമാണ് നിയമനങ്ങൾ നടപ്പാക്കുന്നത്. എന്നാൽ സ്വകാര്യ മേഖലയിൽ റിസർവേഷൻ ഏർപ്പെടുത്തിയിട്ടില്ല. സ്വകാര്യ മേഖലയുൾപ്പെടെ എല്ലാ മേഖലയിലും കുട്ടികൾക്ക് ജോലി ലഭിക്കുന്നതിന് വേണ്ടിയാണ് ഈ പരിശീലന പദ്ധതി നടപ്പിലാക്കുന്നത്.

സ്വകാര്യ മേഖലയിലടക്കം ഇന്റർവ്യൂ നടത്തുമ്പോൾ പരിശീലനം ലഭിച്ചവർക്ക് മുൻഗണനന നൽകാറുണ്ട്. സ്വഭാവികമായും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പരിശീലനം ലഭിക്കാൻ സാധ്യതയില്ലായിരുന്നു. എന്നാൽ, ട്രേസ് പദ്ധതി നടപ്പാക്കുന്നതോടെ വിവിധ മേഖലകളിൽ പരിശീലനം നേടി പൊതു/സ്വകാര്യ മേഖലാ സ്ഥാപനങ്ങളിൽ തൊഴിൽ അന്വേഷിച്ച് പോകുമ്പോൾ ടി പദ്ധതി മുഖേന ലഭിച്ച പരിശീലന സർട്ടിഫിക്കറ്റ് ഹാജരാക്കാൻ സാധിക്കുമെന്നതാണ് ഈ പദ്ധതിയുടെ സവിശേഷത. മറ്റ് മേഖലകളിൽ തൊഴിൽ തേടിപ്പോകുന്നതിന് കുട്ടികൾക്ക് ആത്മവിശ്വാസം നൽകാനും തൊഴിൽ ലഭിക്കാനുള്ള സാഹചര്യം ഒരുക്കുകയുമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്. അവരെയും പുതിയ കാലഘട്ടത്തിനനുസരിച്ച് തൊഴിൽ മേഖലയിലടക്കം ഉയർത്തിക്കൊണ്ടുവരാനുള്ള ഇടപെടലാണ് സർക്കാർ നടത്തുന്നത്.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗത്തിന്റെ ഉന്നമനത്തിനായി ഭാവനാപൂർണ്ണമായ പദ്ധതികൾ ചുരുങ്ങിയ കാലംകൊണ്ട് നടപ്പാക്കി വിജയകരമാക്കുന്ന സർക്കാരിനും

മന്ത്രിക്കും അഭിനന്ദനങ്ങൾ നേരുന്നു. മറ്റ് സർക്കാർ വകുപ്പുകളിലും പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിലും വിവിധ കോഴ്സുകൾ പാസ്സായ ഇത്തരം വിദ്യാർത്ഥികൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനും ഐ.ടി., ഏവിയേഷൻ, മറൈൻ എഞ്ചിനീയറിംഗ് തുടങ്ങിയ സ്വകാര്യ മേഖലയിലും തൊഴിൽ നൈപുണ്യ പരിശീലനം നൽകുന്നതിനും ഒരു ബൃഹത് പദ്ധതി രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച കാര്യം സർക്കാർ ഇപ്പോൾത്തന്നെ ചെയ്തുകഴിഞ്ഞു. ഇതിലേയ്ക്കായി സർക്കാർ രൂപീകരിച്ച കേരള എംപവർമെന്റ് സൊസൈറ്റി മുഖേന ഉദ്യോഗാർത്ഥികൾക്ക് ആധുനിക കാലഘട്ടത്തിലെ എല്ലാ തൊഴിൽമേഖലയിലേയ്ക്കും കടന്നുവരാനുള്ള പരിശീലനം കൊടുക്കുകയാണ് ലക്ഷ്യം. ഇതുമായി ബന്ധപ്പെട്ട് പല ഏജൻസികളുമായി ചർച്ച നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ പരിശീലനം കൊടുക്കാനുള്ള തയ്യാറെടുപ്പുകൾ നടത്തികൊണ്ടിരിക്കുകയുമാണ്. നല്ലരീതിയിൽ പരിശീലനം നൽകി അവരെ പ്രാപ്തരാക്കുകയാണ് ഉദ്ദേശ്യം. ഇക്കാര്യം ഐ.ടി. മിഷനുമായും

നോളഡ്ജ് ഇക്കോണമി മിഷനുമായും ചർച്ച ചെയ്യുകയും സംരംഭകരെ വളർത്തിയെടുക്കാനുള്ള ഇടപെടൽ നടത്തുകയും ചെയ്യുന്നുണ്ട്. വ്യത്യസ്തങ്ങളായ ഇടപെടലുകൾ നടത്തുന്നതിന്റെ അടിസ്ഥാനത്തിൽ പുതിയ സാഹചര്യത്തിൽവരുന്ന തൊഴിൽ അന്വേഷകർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

ശ്രീമതി ഒ. എസ്. അംബിക: സർ, വൻകിട സ്വകാര്യ സ്ഥാപനങ്ങളിൽ സാങ്കേതിക പരിജ്ഞാനമുള്ള ഉദ്യോഗാർത്ഥികളെ ട്രേസ് പദ്ധതിയുടെ കീഴിൽ തൊഴിൽ പരിശീലനത്തിനായി നിയോഗിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, പരിഗണനയിലുണ്ട്. പുതിയ തൊഴിൽ സാധ്യതകൾ കണ്ടെത്താനുള്ള ട്രെയിനിംഗാണ് ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്നത്.

ശ്രീ. ടി. സിദ്ദിഖ്: സർ, പ്രൊഫഷണൽ കോളേജ്, ആർട്സ് & സയൻസ് കോളേജ്, സ്പെയ്സ്, നാനോ, ഐ.ടി. അലൈഡ്, പി.ജി./പി.എച്ച്.ഡി. ഉൾപ്പെടെയുള്ള വിവിധ മേഖലകളിൽ പട്ടികജാതി/

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഒഴിവുകൾ എത്രയാണെന്നതിനെക്കുറിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ടോ; ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഗ്യാപ് ഫിൽ ചെയ്യാതിരിക്കുമ്പോഴുള്ള ഒഴിവുകൾ കൃത്യമായി പഠന വിധേയമാക്കിയിട്ടുണ്ടോ; സർക്കാർ ഈ ഒഴിവുകൾ നികത്താനുള്ള ബ്രിഡ്ജിംഗ് പ്രോസസ് ആവിഷ്കരിച്ചിട്ടുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, വിവിധ കോളേജുകളിലും പ്രൊഫഷണൽ സ്ഥാപനങ്ങളിലും റിസർവേഷൻ അനുസരിച്ച് കുട്ടികൾക്ക് സീറ്റ് ലഭിക്കാതിരിക്കുന്ന അവസ്ഥ ഉണ്ടായിട്ടില്ല. അത്തരത്തിൽ പരാതി ലഭിച്ചാൽ അത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. പഠനം കഴിഞ്ഞുപോയ മേഖലയിൽ ബാക്ക് ലോഗ് പരിഹരിക്കാൻ സാധിക്കുകയില്ല. ജോലിക്കാര്യത്തിൽ മാത്രമാണ് ബാക്ക് ലോഗ് പരിശോധിക്കുന്നത്. ഏതെങ്കിലും വകുപ്പിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ പ്രാതിനിധ്യക്കുറവുണ്ടോ എന്ന് പരിശോധിക്കുന്നതിനും ബാക്ക് ലോഗ് ഫിൽ ചെയ്യുന്നതിനുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഒരു റിവ്യൂ കമ്മിറ്റിയുണ്ട്. എല്ലാ വർഷവും പ്രസ്തുത കമ്മിറ്റി ചേർന്ന് ഓരോ വകുപ്പിലും

ഏതൊക്കെ മേഖലകളിലാണ് കുറവ് വന്നിട്ടുള്ളതെന്ന് പരിശോധിച്ചശേഷം സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി ഒഴിവ് നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ചില തസ്തികകളിൽ ക്വാളിഫിക്കേഷൻ കുറഞ്ഞതിന്റെ ഫലമായി ജോലി ലഭിക്കാതെ പോയിട്ടുണ്ട്. നിലവിൽ അത്തരം കുറവുകളും പരിഹരിക്കാൻ സാധിച്ചിട്ടുണ്ട്.

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽ തോൽവിമൂലം പഠനം നിർത്തി പോകേണ്ടിവരുന്ന പ്രൊഫഷണൽ വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവർക്ക് പ്രത്യേക ഫിനിഷിംഗ് സ്കൂളുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; കോളേജ് ഹോസ്റ്റലുകളിൽ താമസിക്കുന്ന കുട്ടികൾക്ക് നൽകുന്ന ഗ്രാന്റ് എത്ര രൂപയാണെന്നും ഇവർക്ക് എന്തെല്ലാം സഹായങ്ങൾ നൽകുന്നുവെന്നും വ്യക്തമാക്കാമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, കൊഴിഞ്ഞുപോക്ക് തടയുന്നതിനായി എല്ലാ മുൻകരുതലുകളും സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ ഏപ്രിൽ-മേയ് മാസങ്ങളിൽ എല്ലാ പ്രദേശങ്ങളെയും കേന്ദ്രീകരിച്ചുകൊണ്ട് വലിയ

രീതിയിലുള്ള ഇടപെടലാണ് നടത്തിയിട്ടുള്ളത്. എസ്.എസ്.എൽ.സി. പഠനം കഴിഞ്ഞ് പ്ലസ് ടു-വിനും പ്ലസ് ടു പഠനം കഴിഞ്ഞ് ഡിഗ്രിക്കും അഡ്മിഷനെടുക്കാത്ത കുട്ടികളുണ്ട്. പ്രൊഫഷണൽ കോഴ്സുകൾക്ക് അഡ്മിഷനെടുത്തശേഷം പകുതിവച്ച് നിർത്തിപ്പോകുന്ന കുട്ടികളുമുണ്ട്. ഇപ്രകാരം വ്യത്യസ്ത മേഖലകളിൽനിന്ന് കൊഴിഞ്ഞുപോകുന്ന കുട്ടികളെ കണ്ടെത്താനും അവരെ അതത് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ തിരികെ എത്തിക്കാനുമുള്ള വലിയൊരു പ്രവർത്തനമാണ് ഏപ്രിൽ-മേയ് മാസങ്ങളിൽ നടത്തിയത്. എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ റിവ്യൂ കമ്മിറ്റി രൂപീകരിച്ച മണ്ഡലങ്ങളിൽ ഇക്കാര്യത്തിൽ നല്ല മുന്നേറ്റമുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. എല്ലാ എം.എൽ.എ.-മാരുടെയും മണ്ഡലങ്ങളിൽ എസ്.സി./എസ്.ടി. റിവ്യൂ കമ്മിറ്റി കൂടി ഇക്കാര്യങ്ങൾ പരിശോധിക്കണം. തങ്ങളുടെ മണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളിലാണ് കുട്ടികൾ കൊഴിഞ്ഞുപോയിട്ടുള്ളതെന്ന് കണ്ടെത്താനുള്ള ശ്രമം എം.എൽ.എ.-മാരുടെ ഭാഗത്തുനിന്നുമുണ്ടായാൽ വലിയ മുന്നേറ്റമുണ്ടാക്കാൻ കഴിയും. കൊഴിഞ്ഞുപോയ കുട്ടികളെ സ്കൂളുകളിലും കോളേജുകളിലും പ്രൊഫഷണൽ

സ്ഥാപനങ്ങളിലും തിരികെ എത്തിക്കുക എന്നതുതന്നെയാണ് സർക്കാരിന്റെ നിലപാട്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, വർഷങ്ങളായി പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഐ.ടി.ഐ. സ്ഥാപിച്ച് പ്രവർത്തനം നടന്നുവരികയാണ്. എന്റെ മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ഒരു പട്ടികജാതി ഐ.ടി.ഐ.-യിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് സർക്കാർ കാലാകാലങ്ങളായി വിമുഖത കാണിക്കുകയാണ്. പഴയ കോഴ്സുകാണ് ഇപ്പോഴും ഐ.ടി.ഐ.-ൽ നടത്തിവരുന്നത്. ട്രേസ് നല്ലൊരു പദ്ധതിയാണ്. എന്നാൽ, വിദ്യാർത്ഥികൾക്ക് സാങ്കേതിക പരിജ്ഞാനം ലഭിക്കുംവിധം പട്ടികജാതി പട്ടികവർഗ്ഗ ഐ.ടി.ഐ.-കളിൽ പുതിയ കോഴ്സുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; അതുപോലെ സാങ്കേതിക വിജ്ഞാനം നൽകത്തക്ക നിലയിലുള്ള പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്താനും സർക്കാർ ശ്രമിക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാണിച്ചത് വളരെ ശരിയാണ്. പട്ടികജാതി വികസന വകുപ്പിന്റെ

കീഴിൽ 44 -ഉം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 2-ഉം ഐ.ടി.ഐ.-കളുമാണുള്ളത്. നിലവിൽ 46 പരമ്പരാഗത കോഴ്സുകളാണ് ഐ.ടി.ഐ.-കളിലുള്ളത്. ആധുനിക യുഗത്തിൽ ടി വിദ്യാർത്ഥികൾക്ക് വളർന്നുവരുന്നതിന് ആ കോഴ്സുകൾ പ്രയോജനപ്രദമാണോ എന്ന് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള കോഴ്സുകൾക്ക് പുറമെ ആധുനിക രീതിയിലുള്ള കോഴ്സുകൾകൂടി ഐ.ടി.ഐ.-കളിൽ സ്ഥാപിക്കാൻ നടപടി ആരംഭിച്ചിട്ടുണ്ട്. അതിന് മുന്നോടിയായി ഐ.ടി.ഐ.-കളിൽ ആഡ് ഓൺ കോഴ്സുകൾ ആരംഭിക്കാൻ പോകുകയാണ്. ഈ വർഷം മുതൽ ഐ.ടി.ഐ.-യോട് ചേർന്നുകൊണ്ട് വ്യത്യസ്ത കോഴ്സുകൾ നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

**പുനർഗേഹം പദ്ധതിയിൽ ഭേദഗതി**

4 (*64) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്തെ തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും അൻപത് മീറ്റർ പരിധിക്കുള്ളിൽ കടലാക്രമണ ഭീഷണിയിൽ കഴിയുന്ന മുഴുവൻ ജനവിഭാഗങ്ങളെയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കാനുള്ള പുനർഗേഹം പദ്ധതി ഉദ്ദേശിച്ച ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ കീഴിൽ എത്ര വീടുകൾ നാളിതുവരെ പൂർത്തിയാക്കിയിട്ടുണ്ടെന്നും എത്രയെണ്ണം ഇനിയും നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ;

(സി) പുനർഗേഹം പദ്ധതിയിൽ ഭേദഗതി ആവശ്യമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി വഴി പുനരധിവസിക്കപ്പെടുന്നവർക്ക് വീടിന് പുറമെ മറ്റെന്തെങ്കിലും നഷ്ടപരിഹാരം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, (എ) തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ

പരിധിക്കുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളെയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്ന 2,450 കോടി രൂപ അടങ്കൽ തുകയുള്ള ഫിഷറീസ് വകുപ്പ് മുഖേന നടപ്പാക്കുന്ന ബൃഹത് പദ്ധതിയാണ് 'പുനർഗേഹം'. 2018-ൽ ഫിഷറീസ് വകുപ്പ് തീരദേശ ജില്ലകളിൽ നടത്തിയ സർവ്വേ പ്രകാരം 18,685 കുടുംബങ്ങളെയാണ് ഇത്തരത്തിൽ അധിവസിപ്പിക്കുന്നതിനായി കണ്ടെത്തിയിട്ടുള്ളത്. 2020-ൽ ആരംഭിച്ച പുനർഗേഹം പദ്ധതി പ്രകാരം നിലവിൽ അപ്പീൽ അപേക്ഷകർ ഉൾപ്പെടെ 21,220 ഗുണഭോക്താക്കളാണുള്ളത്. ഇതിൽ 8,743 കുടുംബങ്ങൾ മാത്രമാണ് സുരക്ഷിത മേഖലയിൽ മാറി താമസിക്കാൻ സന്നദ്ധത അറിയിച്ചിട്ടുള്ളത്. മാറി താമസിക്കാൻ സന്നദ്ധത അറിയിച്ചതിൽ 4,200 കുടുംബങ്ങൾ സ്വന്തം നിലയിൽ ഭൂമി കണ്ടെത്തുകയും 3,472 കുടുംബങ്ങൾ ഭൂമി രജിസ്ട്രേഷൻ പൂർത്തീകരിച്ച് ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. പുനർഗേഹം പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ കാരോട്, ബീമാപള്ളി, മലപ്പുറം ജില്ലയിൽ പൊന്നാനി, കൊല്ലം ജില്ലയിൽ ക്യു.എസ്.എസ്. കോളനി എന്നിവിടങ്ങളിലായി 390 ഫ്ലാറ്റുകൾ നിർമ്മാണം

പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. കൂടാതെ ആലപ്പുഴ ജില്ലയിലെ മണ്ണുംപുറം, തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറ, മലപ്പുറം ജില്ലയിലെ നിറമരുതൂർ, പൊന്നാനി എന്നിവിടങ്ങളിലും കോഴിക്കോട് വെസ്റ്റ്ഹിൽ, കാസർഗോഡ് കോയിപ്പാടി എന്നിവിടങ്ങളിലുമായി 944 ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. ഇപ്രകാരം മാറിതാമസിക്കാൻ സന്നദ്ധരായവരിൽ 5,534 കുടുംബങ്ങളുടെ പുനരധിവാസം പദ്ധതിയിലൂടെ ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്. ഇതിനു പുറമേ തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറ, വലിയതുറ, കടകംപള്ളി, കാരോട് എന്നിവിടങ്ങളായി 312 ഫ്ലാറ്റുകളുടെ നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്. ശേഷിക്കുന്നവർക്ക് പുനരധിവാസം ഉറപ്പാക്കാൻ തീരദേശ ജില്ലകളിലായി 76.92 ഏക്കർ ഭൂമി കണ്ടെത്തി നടപടി സ്വീകരിച്ചു വരുന്നു. ഇപ്രകാരം പുനർഗേഹം പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

(ബി) സുരക്ഷിത മേഖലയിലേക്ക് മാറി താമസിക്കുന്നതിന് സമ്മതം അറിയിച്ചിട്ടുള്ള 8,743 കുടുംബങ്ങളിൽ സ്വന്തം നിലയിൽ ഭൂമി കണ്ടെത്തി

വ്യക്തിഗത ഭവന നിർമ്മാണത്തിന് ആഗ്രഹമുള്ളവരിൽ 4,200 കുടുംബങ്ങൾ സ്വന്തം നിലയിൽ ഭൂമി കണ്ടെത്തുകയും 3,472 കുടുംബങ്ങൾ ഭൂമി രജിസ്ട്രേഷൻ പൂർത്തീകരിച്ച് ഭവനനിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. ഇതിൽ 2,174 ഗുണഭോക്താക്കൾ വ്യക്തിഗത ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 1,298 ഗുണഭോക്താക്കൾ ഭവനനിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. 728 പേർ ഭൂമി രജിസ്ട്രേഷൻ നടപടികളുമായി മുന്നോട്ടുപോകുന്നു. ശേഷിക്കുന്നവർ വ്യക്തിഗത ഭവനനിർമ്മാണത്തിനായി ഭൂമി കണ്ടെത്തുന്ന നടപടികളിലുമാണ്. ഇതിനുപുറമേ 390 കുടുംബങ്ങളെ ഫ്ലാറ്റുകൾ നിർമ്മിച്ച് പുനരധിവസിപ്പിക്കുകയും 944 കുടുംബങ്ങൾക്കുള്ള ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുകയുമാണ്.

ഇപ്രകാരം പുനർഗേഹം പദ്ധതി പ്രകാരം 5,534 കുടുംബങ്ങളുടെ പുനരധിവാസം ഉറപ്പാക്കിയിട്ടുണ്ട്. നിർബന്ധിത പുനരധിവാസം പദ്ധതി ലക്ഷ്യമല്ലാത്തതിനാൽ സുരക്ഷിത മേഖലയിലേയ്ക്ക് മാറി താമസിക്കുന്നതിന് സന്നദ്ധത അറിയിച്ച 8,743 കുടുംബങ്ങളെയും സുരക്ഷിത മേഖലയിൽ സമയബന്ധിതമായി പുനരധിവസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി

തീരദേശജില്ലകളിൽ 76.92 ഏക്കർ ഭൂമി കണ്ടെത്തുകയും ആയത് ഫ്ലാറ്റുകൾ നിർമ്മിച്ച് മത്സ്യത്തൊഴിലാളി പുനരധിവാസത്തിനായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുമുണ്ട്.

തിരുവനന്തപുരത്ത് മുട്ടത്തറയിൽ 400 ഫ്ലാറ്റുകളുടെ നിർമ്മാണം അതിവേഗം പുരോഗമിക്കുന്നു. 2024 സെപ്റ്റംബറിൽ നിർമ്മാണം പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

(സി) പദ്ധതിയുടെ സമയബന്ധിതവും സുഗമവുമായ നിർവ്വഹണത്തിനായി വ്യക്തമായ പദ്ധതി മാർഗ്ഗരേഖ 07-01-2020-ലെ സ.ഉ. (സാധാ) നം. 13/2020/മ.തു.വ. പ്രകാരം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിന്റെ ആദ്യ ഘട്ടങ്ങളിൽ പദ്ധതി പുരോഗതിയെ പ്രതികൂലമായി ബാധിച്ചേക്കുമെന്ന വിലയിരുത്തലുകളുടെ അടിസ്ഥാനത്തിൽ 25-10-2021-ലെ സ.ഉ. (സാധാ) നം.562/2021/മ.തു.വ. പ്രകാരം തീരദേശത്ത്, നിലവിൽ താമസിക്കുന്ന ഭൂമി സ്വന്തം പേരിൽ നിലനിർത്തി കൃഷിക്ക് ഉപയോഗിക്കാവുന്നതാണെന്നും ഗുണഭോക്താവ് ഭൂമിയും വീടും ഒരുമിച്ച് വാങ്ങുന്ന പക്ഷം ഭവനത്തിന്റെ വിസ്തൃതി 400 ചതുരശ്ര അടി മതിയാകുമെന്നും

മാർഗ്ഗരേഖയിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. കൂടാതെ ഗുണഭോക്താവ് ഭൂമി രജിസ്റ്റർ ചെയ്യുമ്പോൾ രജിസ്ട്രേഷൻ ചാർജും സ്റ്റാമ്പ് ഡ്യൂട്ടിയും ഒഴിവാക്കിയും സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിനാൽ പദ്ധതിയുടെ സുഗമമായ നിർവ്വഹണത്തിന് നിലവിൽ ഭേദഗതി ആവശ്യമില്ല.

(ഡി) അംഗീകരിച്ച പുനർഗേഹം പദ്ധതി പ്രകാരം പുനരധിവാസം അല്ലാതെ അധിക നഷ്ടപരിഹാരം നൽകാൻ വ്യവസ്ഥയില്ല. എന്നാൽ പുനരധിവസിപ്പിക്കപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും വകുപ്പിന്റെ വിവിധ ക്ഷേമ പദ്ധതികൾ പ്രകാരമുള്ള ധനസഹായത്തിന് അർഹതയുണ്ട്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ:</u> സർ, മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം ഉറപ്പാക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ സോഷ്യൽ സർവ്വീസസ് സൊസൈറ്റി കടകംപള്ളി വില്ലേജിൽ ഉൾപ്പെട്ട 2 ഏക്കർ ഭൂമി സർക്കാരിന് കൈമാറിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവിടെ പുനരധിവാസം ഉറപ്പാക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്?

<u>ശ്രീ. സജി ചെറിയാൻ:</u> സർ, 15-02-2023-ലെ 756/2023/RD നമ്പർ ഉത്തരവ് പ്രകാരം തിരുവനന്തപുരം ജില്ലയിൽ സോഷ്യൽ സർവ്വീസസ്

സൊസൈറ്റി സർക്കാരിന് കൈമാറിയ 2 ഏക്കർ ഭൂമി മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി ഫിഷറീസ് വകുപ്പിന് ലഭിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന 168 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് 37.62 കോടി രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കുകയും ആയതിന് 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതമായ 20 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ:</u> സർ, 2020-ൽ പുറപ്പെടുവിച്ച പുനർഗേഹം പദ്ധതിയുടെ മാനദണ്ഡങ്ങളിൽ 2022-ൽ ചില പരിഷ്കാരങ്ങൾ വരുത്തുകയുണ്ടായി. ഈ പരിഷ്കാരങ്ങൾ ഗുണഭോക്താക്കൾക്ക് എത്രത്തോളം ഗുണകരമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ?

<u>ശ്രീ. സജി ചെറിയാൻ:</u> സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മൂന്ന് കാര്യങ്ങളിൽ പരിഷ്കാരങ്ങൾ വരുത്തിയതിന്റെ ഫലമായി നല്ല രീതിയിൽ മാറ്റം കണ്ടുതുടങ്ങിയിട്ടുണ്ട്. 2020-ലെ മാർഗ്ഗനിർദ്ദേശങ്ങൾ പരിഷ്കരിച്ചതുപ്രകാരം ഗുണഭോക്താക്കൾക്ക് തീരത്തെ

ഭൂമി സർക്കാരിലേയ്ക്ക് സറണ്ടർ ചെയ്യാതെ ഉടമസ്ഥാവകാശം നിലനിർത്തി കൃഷിക്ക് വിനിയോഗിക്കാൻ സാധിക്കുന്നതാണ്. കൂടാതെ ടി പദ്ധതി പ്രകാരം ഭൂമിയും വീടും ഒരുമിച്ച് വാങ്ങുന്ന ഗുണഭോക്താക്കൾക്ക് 400 ചതുരശ്ര അടിയിൽ കുറയാതെ വിസ്തീർണ്ണമുള്ള ഭവനം ഉൾപ്പെടുന്ന ഭൂമി കണ്ടെത്തി പരമാവധി ആനുകൂല്യമായ 10 ലക്ഷം രൂപ ധനസഹായത്തിന് അർഹത ലഭിക്കുന്നതാണ്. രജിസ്ട്രേഷൻ ചാർജ്ജും സ്റ്റാമ്പ് ഡ്യൂട്ടിയും ഒഴിവാക്കിയതിലൂടെ ഗുണഭോക്താക്കൾക്ക് 50,000/- രൂപയുടെ നേട്ടമുണ്ടാകുവാനും ടി തുകകൂടി ഭവനനിർമ്മാണത്തിന് പ്രയോജനപ്പെടുത്തുവാനും സാധിക്കും. ഇപ്രകാരം മാറ്റങ്ങൾ വരുത്തിയതിന്റെ ഫലമായി കൂടുതൽ ആളുകൾ പുനർഗേഹം പദ്ധതിയിലേയ്ക്ക് ആകൃഷ്ടരായിട്ടുണ്ട്.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ:</u> സർ, മത്സ്യത്തൊഴിലാളി മേഖലയിൽ ഈ ഗവൺമെന്റ് നടപ്പിലാക്കുന്ന വികസന-ക്ഷേമ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. തീരദേശത്തെ മത്സ്യത്തൊഴിലാളികളെ പോലെയാണ് ഉൾനാടൻ മേഖലയിൽ മീൻപിടിക്കുന്ന

മത്സ്യത്തൊഴിലാളികൾ. പോള പായലിന്റെ ശല്യം കാരണം ആയിരക്കണക്കിന് വരുന്ന മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനം നടത്താൻ കഴിയാത്ത അവസ്ഥയാണുള്ളത്. പോള പായൽ നീക്കം ചെയ്യുന്നതിലേയ്ക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെക്കൂടി യോജിപ്പിച്ചുകൊണ്ടുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാൻ വകുപ്പ് മുൻകയ്യെടുക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, സർക്കാർ തീരപ്രദേശത്തിന് നൽകുന്നതുപോലുള്ള പ്രാധാന്യം ഉൾനാടൻ മത്സ്യമേഖലയ്ക്കും കൊടുക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശിച്ച പ്രകാരം, വേമ്പനാട് കായലടക്കമുള്ള കായലുകളുമായി ബന്ധപ്പെട്ടുണ്ടാകുന്ന പ്രശ്നങ്ങൾ പഠിക്കാനായി കേരള മത്സ്യബന്ധന സമുദ്രഗവേഷണ യൂണിവേഴ്സിറ്റിയെ ചുമതലപ്പെടുത്തുകയും ടി പഠനത്തിന്റെ ഭാഗമായുള്ള സെമിനാർ നടത്തുകയും ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് പൂർത്തീകരിക്കുകയും എത്രയുംവേഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അത് കൈമാറാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതി

വരുന്നതോടുകൂടി ഉൾനാടൻ മേഖലയിലെ, പ്രത്യേകിച്ച് കായലുകളുമായി ബന്ധപ്പെട്ടുണ്ടാകുന്ന പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണാൻ സാധിക്കുന്നതാണ്.

ശ്രീ. എൻ. കെ. അക്ബർ: സർ, മത്സ്യബന്ധന മേഖലയിൽ സർക്കാരും അങ്ങും നടത്തുന്ന സേവനങ്ങൾ ശ്ലാഘനീയമാണ്. തീരസദസ്സ് ഉൾപ്പെടെയുള്ള മാതൃകാ പരിപാടികൾ അഭിനന്ദനാർഹമാണ്. പുനർഗേഹം പദ്ധതി നിർവ്വഹണത്തിന് നാളിതുവരെ എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്; എത്ര കോടി രൂപ ചെലവഴിച്ചു; ഈ വർഷം എത്ര കോടി രൂപ ആവശ്യമായി വരും; തുടങ്ങിയ കാര്യങ്ങൾ കണക്കാക്കിയിട്ടുണ്ടോ; പുനർഗേഹം പദ്ധതിയുടെ ഭാഗമായി നൽകുന്ന 10 ലക്ഷം രൂപ ആനുകാലികമായി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

ശ്രീ. സജി ചെറിയാൻ: സർ, പുനർഗേഹം പദ്ധതിയുമായി ബന്ധപ്പെട്ട കണക്ക് ഞാൻ നേരത്തെ സൂചിപ്പിച്ചിരുന്നു. 10 ലക്ഷം രൂപ ആനുകാലികമായി വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

<u>ശ്രീമതി കാനത്തിൽ ജമീല:</u> സർ, കടലോര മേഖലയിലുള്ളവർക്ക് ഏറ്റവും വലിയ സഹായം നൽകിക്കൊണ്ട് മുന്നോട്ടുപോകുന്ന ഈ ഗവൺമെന്റ് സ്വീകരിക്കുന്ന നടപടികൾ അഭിനന്ദനാർഹമാണ്. പുനർഗേഹം പദ്ധതി പ്രകാരം ഫ്ലാറ്റുകൾ നിർമ്മിച്ചുനൽകുന്ന പദ്ധതി നിലവിൽ എവിടെയെല്ലാമാണുള്ളതെന്നും അവയുടെ പുരോഗതി എന്താണെന്നും വിശദീകരിക്കാമോ?

<u>ശ്രീ. സജി ചെറിയാൻ:</u> സർ, കേരളത്തെ സംബന്ധിച്ചിടത്തോളം സർക്കാർ ചരിത്രത്തിലെ ഏറ്റവും ശ്രദ്ധേയമായ മുന്നേറ്റമാണ് ഇക്കാര്യത്തിൽ നടത്തുന്നത്. ആലപ്പുഴ ജില്ലയിലെ മണ്ണുംപുറത്ത് 204 ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണ്. കുടിവെള്ളം, എസ്.ടി.പി. പ്ലാന്റ് എന്നിവ മാത്രമെ പൂർത്തീകരിക്കാനുള്ളൂ. മലപ്പുറം ജില്ലയിലെ നിറമരുതൂരിൽ 16 ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിലെ 400 ഫ്ലാറ്റുകൾ നിശ്ചിത സമയത്തുതന്നെ പൂർത്തീകരിക്കുന്നതാണ്. മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ 100 ഫ്ലാറ്റുകളും കോഴിക്കോട് ജില്ലയിലെ വെസ്റ്റ്ഹില്ലിൽ 80 ഫ്ലാറ്റുകളും

കാസർഗോഡ് ജില്ലയിലെ കോയിപ്പാടിയിൽ 144 ഫ്ലാറ്റുകളും ഉൾപ്പെടെ 944 ഫ്ലാറ്റുകൾ ഇപ്പോൾ കേരളത്തിൽ നിർമ്മിക്കുന്നുണ്ട്. ഇക്കാര്യത്തിൽ ചരിത്രത്തിൽ ഏറ്റവും ശ്രദ്ധേയമായ ഇടപെടലാണ് നടത്തിയിരിക്കുന്നത്.

## സ്കൂൾ, കോളേജ് തലങ്ങളിൽ ഫോറം ഫോർ ഡെമോക്രസി ആൻഡ് സോഷ്യൽ ജസ്റ്റിസ്

5 (*65) ശ്രീ. കെ. ഡി. പ്രസേനൻ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. എം. വിജിൻ:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. എച്ച്. സലാം:
ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർലമെന്ററി ജനാധിപത്യത്തിന്റെ മൂല്യങ്ങൾ യുവതലമുറയ്ക്ക് പകർന്നുനൽകുന്നതിന് സ്കൂൾ, കോളേജ് തലങ്ങളിൽ ഫോറം ഫോർ ഡെമോക്രസി ആൻഡ് സോഷ്യൽ ജസ്റ്റിസ് (എഫ്.ഡി.എസ്.ജെ.) രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എഫ്.ഡി.എസ്.ജെ.-ന്റെ നേതൃത്വത്തിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്ന് വിശദമാക്കാമോ;

(സി) സ്റ്റുഡന്റ്സ് സഭയുടെ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, (എ) പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലും കോളേജുകളിലും ഫോറം ഫോർ ഡെമോക്രസി ആൻഡ് സോഷ്യൽ ജസ്റ്റിസ് (എഫ്.ഡി.എസ്.ജെ.) അഥവാ ജനാധിപത്യത്തിനും സാമൂഹിക നീതിക്കുമായുള്ള വേദി 2022-23 അദ്ധ്യയന വർഷം മുതൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. 2022-23 അദ്ധ്യയന വർഷം 155 സ്കൂളുകളിലും 48 കോളേജുകളിലും എഫ്.ഡി.എസ്.ജെ രൂപീകരിക്കുകയുണ്ടായി. 2023-24 അദ്ധ്യയന വർഷത്തിൽ കൂടുതൽ സ്കൂളുകൾ/കോളേജുകളിൽ എഫ്.ഡി.എസ്.ജെ.-കളുടെ രൂപീകരണം നടപ്പിലാക്കിവരുന്നു.

(ബി) ഫോറം ഫോർ ഡെമോക്രസി ആൻഡ് സോഷ്യൽ ജസ്റ്റിസിന്റെ ആഭിമുഖ്യത്തിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

- യൂത്ത്/മോഡൽ പാർലമെന്റ് മത്സരങ്ങൾ
- യൂത്ത്/മോഡൽ പാർലമെന്റ് മത്സരവിജയികളുടെ റിപ്പീറ്റ് പെർഫോമൻസ് (പഴയ നിയമസഭാ മന്ദിരത്തിൽ)
- മികച്ച കുട്ടികളായ പാർലമെന്റേറിയന്മാരുടെ ദ്വിദിന ക്യാമ്പ്.
- ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിലും സർവ്വകലാശാലകളിലുമായി നടത്തപ്പെടുന്ന ഏകദിന/ദ്വിദിന ദേശീയ സെമിനാറുകൾ
- പ്രഭാഷണങ്ങളും ശില്പശാലകളും
- ജനാധിപത്യം, ഭരണഘടന എന്നിവയെ ആസ്പദമാക്കിയുള്ള ക്വിസ്, ഉപന്യാസ, പ്രസംഗ മത്സരങ്ങൾ
- ഭരണഘടനാ ദിനാഘോഷം
- ദിനാചരണങ്ങൾ (സ്വാതന്ത്ര്യദിനം, മനുഷ്യാവകാശ ദിനം, റിപ്പബ്ലിക് ദിനം)
- പ്രധാന വ്യക്തികളുടെ അനുസ്മരണങ്ങൾ

(സി) പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ സ്കൂൾ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള നൂതന പരിപാടിയായ സ്റ്റുഡന്റ്സ് സഭ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കർമ്മ പരിപാടികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്റ്റുഡന്റ്സ് സഭയുടെ ഭാഗമായി ഓരോ നിയമസഭാ മണ്ഡലത്തിലെയും സ്കൂൾ/ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുമുള്ള വിദ്യാർത്ഥികൾ അതത് മണ്ഡലങ്ങളിലെ വിഭവ, വിനിയോഗ സാധ്യതകൾ പഠിക്കുകയും മണ്ഡലത്തെക്കുറിച്ചുള്ള അവരുടെ പ്രതീക്ഷകൾ, അഭിപ്രായങ്ങൾ,

നിർദേശങ്ങൾ എന്നിവ സ്റ്റുഡന്റ്സ് സഭയിൽ ചർച്ച ചെയ്യുകയും അവ ജനപ്രതിനിധികളുമായി പങ്കുവയ്ക്കുകയും ചെയ്യുന്നു. സ്റ്റുഡന്റ്സ് സഭയിൽ ഉയർന്നുവരുന്ന ആശയങ്ങളുടെ സാക്ഷാത്കാരത്തിനായി വിദ്യാർത്ഥികളുടെ നേതൃത്വത്തിലുള്ള തുടർ പ്രവർത്തനങ്ങളും ഇതിന്റെ ഭാഗമാണ്. തദ്ദേശസ്വയംഭരണ വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ്, ഉന്നത വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ സഹകരണത്തോടെയാണ് ഈ പരിപാടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പരിപാടിയുടെ നടത്തിപ്പിലേയ്ക്കായി സ്കൂൾ/കോളേജ്തല സമിതികൾ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻതല സമിതികൾ, എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ മണ്ഡലാടിസ്ഥാനത്തിലുള്ള ഉന്നതതല സമിതി എന്നിവ രൂപീകരിച്ചുവരുന്നു.

<u>ശ്രീ. എം. വിജിൻ</u>: സർ, രാഷ്ട്ര പുനർനിർമ്മാണത്തിന്റെ ഭാഗമായി ജനാധിപത്യ മൂല്യങ്ങളോട് കൂറുപുലർത്തുന്ന യുവതലമുറയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടുകൂടി പാർലമെന്ററികാര്യ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങളെ അഭിനന്ദിക്കുകയാണ്. സംസ്ഥാനത്തെ അൺഎയ്ഡഡ്

സ്കൂളുകളിലേയ്ക്കും കോളേജുകളിലേയ്ക്കും ഫോറം ഫോർ ഡെമോക്രസി ആൻഡ് സോഷ്യൽ ജസ്റ്റിസ് വ്യാപിപ്പിക്കാൻ പദ്ധതിയുണ്ടോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ഇപ്പോൾ സർക്കാർ സ്കൂളുകളിലും കോളേജുകളിലും വ്യാപിപ്പിച്ചതിനുശേഷം അൺഎയ്ഡഡ് സെക്ടറിലേയ്ക്ക് മാറുന്ന കാര്യത്തെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

<u>ശ്രീ. എം. വിജിൻ</u>: സർ, ഫോറം ഫോർ ഡെമോക്രസി ആൻഡ് സോഷ്യൽ ജസ്റ്റിസിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളിലും കോളേജുകളിലും ഭരണഘടന അവബോധ പരിപാടികൾ ആസൂത്രണം ചെയ്യാൻ പദ്ധതിയുണ്ടോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ജനാധിപത്യത്തിന്റെയും മതേതരത്വത്തിന്റെയും ഭരണഘടനയുടെയും മൂല്യങ്ങൾ ചെറുപ്രായത്തിൽ തന്നെ കുട്ടികളിൽ എത്തിക്കാനുള്ള നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്.

<u>ശ്രീ. കെ. വി. സുമേഷ്</u>: സർ, സ്റ്റുഡന്റ്സ് സഭ എന്ന ശ്രദ്ധേയമായ പദ്ധതി 140 മണ്ഡലങ്ങളിലും നടപ്പാക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, 140 മണ്ഡലങ്ങളിലെയും ഗവൺമെന്റ് സ്കൂളുകളിലും കോളേജുകളിലും ഈ പദ്ധതി നടപ്പാക്കുന്നതാണ്.

മി. സ്പീക്കർ: ഓർഡർ.... ഓർഡർ....ചോദ്യോത്തരസമയം അവസാനിച്ചു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

(രേഖാമൂലം നൽകിയ ചോദ്യോത്തരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.)+

**[10.00 AM]**

മി. സ്പീക്കർ: ചെയറിന് ഒരു കാര്യം ബഹുമാനപ്പെട്ട അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. ലൈവ് ടെലികാസ്റ്റ് നടത്തുന്ന ചോദ്യോത്തരവേളയിൽ പല മുതിർന്ന അംഗങ്ങളുമുൾപ്പെടെ ഫ്ലോറിൽ അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രിമാർ മറുപടി പറയുമ്പോഴും അംഗങ്ങൾ ചോദ്യങ്ങൾ ചോദിക്കുമ്പോഴുമൊക്കെ പലപ്പോഴും അവരെ ക്രോസ് ചെയ്യുന്നുമുണ്ട്. അത് floor indiscipline ആകാൻ ഇടയാകുന്നുണ്ട്. ഭാവിയിൽ ഇത് ആവർത്തിച്ചാൽ ടി പ്രവൃത്തി സ്ഥിരമായി ചെയ്യുന്നവരുടെ പേരുപറയാൻ ചെയർ നിർബന്ധിതമാകും.

+ അനുബന്ധം I

**[10.01 AM]**

**II. അടിയന്തരപ്രമേയം**

താനൂർ കസ്റ്റഡി മരണം

മി. സ്പീക്കർ: താനൂരിൽ പോലീസ് കസ്റ്റഡിയിലെടുത്ത താമിർ ജിഫ്രി എന്ന യുവാവ് കസ്റ്റഡിയിൽ മരിച്ചതിനെത്തുടർന്ന് ജനങ്ങളിൽ ആശങ്കയും പ്രതിഷേധവും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ. എൻ. ഷംസുദ്ദീൻ, കെ. ബാബു (തൃപ്പൂണിത്തുറ), മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 01-08-2023-ന് മയക്കുമരുന്ന് കേസുമായി ബന്ധപ്പെട്ട് 5 പേരെ താനൂർ പോലീസ് കസ്റ്റഡിയിലെടുക്കുകയുണ്ടായി. ഇവരുടെ പക്കൽനിന്നും എം.ഡി.എം.എ. പിടിച്ചെടുക്കുകയും തുടർന്ന് അറസ്റ്റ് രേഖപ്പെടുത്തുകയും ചെയ്ത സംഭവത്തിൽ

ക്രൈം നമ്പർ 855/2023 ആയി കേസ് രജിസ്റ്റർ ചെയ്തിരുന്നു. നിലവിൽ ഈ കേസും ക്രൈം ബ്രാഞ്ചിന് കൈമാറിയിട്ടുണ്ട്. കസ്റ്റഡിയിലെടുത്ത താമിർ ജിഫ്രി മരണപ്പെട്ട സംഭവത്തിൽ ക്രൈം നമ്പർ 856/2023 ആയി കേസ് രജിസ്റ്റർ ചെയ്തിരുന്നു. താമിർ ജിഫ്രിയുടെ മൃതദേഹം ആർ.ഡി.ഒ.-യുടെ നേതൃത്വത്തിൽ ഇൻക്വസ്റ്റും വിദഗ്ധരായ ഡോക്ടർമാരുടെ നേതൃത്വത്തിൽ മഞ്ചേരി മെഡിക്കൽ കോളേജിൽ പോസ്റ്റ്മോർട്ടവും നടത്തി നടപടിക്രമങ്ങൾ പൂർത്തിയാക്കിയശേഷം ബന്ധുക്കൾക്ക് കൈമാറിയിട്ടുണ്ട്. ക്രൈം നമ്പർ 2723/2023 ആയി റീ-രജിസ്റ്റർ ചെയ്ത കേസ് സ്റ്റേറ്റ് ക്രൈം ബ്രാഞ്ച് അന്വേഷിച്ചുവരുന്നു. ഇതേത്തുടർന്ന് താനൂർ സബ് ഇൻസ്പെക്ടർ ഉൾപ്പെടെ 8 പോലീസ് ഉദ്യോഗസ്ഥരെ സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. പോലീസ് മേധാവിയുടെ ശിപാർശപ്രകാരം അന്വേഷണം സി.ബി.ഐ.-യ്ക്ക് കൈമാറാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് ഉടനെ വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്. ഇതിനുപുറമെ, മജിസ്റ്റീരിയൽ അന്വേഷണത്തിനും തീരുമാനിച്ചിട്ടുണ്ട്. പ്രതിയെ കസ്റ്റഡിയിലെടുത്ത സമയവും അതിനിടയായ സാഹചര്യവും പോലീസ് നടപടികളും സി.ബി.ഐ. അന്വേഷണത്തിന്റെ

പരിധിയിൽ വരുന്നവയാണ്. പോലീസ് കസ്റ്റഡിയിലും ലോക്കപ്പിലും ആളുകൾ മരണമടയുന്ന സ്ഥിതിയുണ്ടായാൽ അത്തരം കേസുകളുടെ അന്വേഷണം സി.ബി.ഐ.-യെ ഏല്പിക്കണമെന്ന നിലപാടാണ് ഈ സർക്കാരിനുള്ളത്. ഈ കേസിന്റെ കാര്യത്തിലും അത്തരം സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. കുറ്റവാളികൾ ആരായിരുന്നാലും അവർക്ക് അർഹമായ ശിക്ഷ ലഭിച്ചുവെന്ന് ഉറപ്പാക്കും. പോലീസ് സ്റ്റേഷനുകളിലോ ലോക്കപ്പിലോ ആളുകൾക്കെതിരെയുള്ള ബലപ്രയോഗവും മർദ്ദനരീതികളും ഒരുകാരണവശാലും സർക്കാർ അനുവദിക്കുകയില്ല. ഇതിനെതിരെ പ്രവർത്തിക്കുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, നിയമത്തിന്റെ സംരക്ഷകർതന്നെ കുറ്റവാളികളായിത്തീർന്നാൽ ആ സമൂഹത്തിലെ ഒരു മനുഷ്യനും സുരക്ഷിതത്വബോധം ഉണ്ടാകില്ലെന്ന, പരമോന്നത നീതിപീഠമായ സുപ്രീംകോടതിയുടെ സമീപകാലത്തെ നിരീക്ഷണം ഇന്ന് കേരളത്തിലെ പോലീസ് അതിക്രമങ്ങളെക്കുറിച്ച് കേൾക്കുമ്പോൾ ഏറെ

പ്രസക്തമാകുകയാണ്. സാധാരണക്കാരുടെമേലുള്ള പോലീസ് അതിക്രമങ്ങൾ കേരളത്തിൽ തുടർക്കഥയാകുകയാണ്. താനൂരിലെ പോലീസ് കസ്റ്റഡിയിൽ മരണപ്പെട്ട താമിർ ജിഫ്രി അതിലെ അവസാനത്തെ ഇരയാണ്. ഇന്നലെയാണ് പോലീസിന്റെ ചുമതലയുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേരളത്തിലെ പോലീസിന്റെ കാര്യക്ഷമതയെക്കുറിച്ചും മഹത്വത്തെക്കുറിച്ചും ഏറെ വാചാലനായത്. എന്താണിവിടെ നടക്കുന്നത്? കേരളത്തിലെ പോലീസ് ഒരുകാലത്തും ഇതുപോലെ ക്രിമിനൽവത്കരിക്കപ്പെട്ടിട്ടില്ല. താനൂരിലെ യുവാവിന്റെ മരണത്തിൽ ദുരൂഹതകളേറെയാണ്. ഇതൊരു കസ്റ്റഡി കൊലപാതകമാണ്. പോലീസ് പടച്ചുണ്ടാക്കിയ ഈ കേസിനെക്കുറിച്ചും കേസ് നമ്പരും മറ്റും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി. 'താനൂർ റെയിൽവെ മേൽപ്പാലത്തിന്റെ താഴെവച്ച്, ഒരു വാഹനത്തിലിരിക്കെ താമിർ ജിഫ്രി ഉൾപ്പെടെയുള്ള 5 പേരെ പോലീസ് കസ്റ്റഡിയിലെടുത്തെന്നും താനൂർ പോലീസ് സ്റ്റേഷനിൽ അവരെ കൊണ്ടുപോയെന്നും ഇതിലെ പ്രതി കുഴഞ്ഞുവീണ് മരണപ്പെട്ടെന്നും നാലര മണിക്ക് ആശുപത്രിയിൽ മരണം ഉറപ്പിച്ചുവെന്നുമാണ് പോലീസ്

ഭാഷ്യം. എന്നാൽ യാഥാർത്ഥ്യം ഇതല്ല. നാട്ടുകാരും ദൃക്സാക്ഷികളും പറയുന്ന കഥകൾ അതിന്റെ യഥാർത്ഥ ചിത്രം പുറത്തുകൊണ്ടുവരികയാണ്. എന്താണ് സംഭവിച്ചത്; ജൂലൈ 31-ന് വൈകിട്ട് നാല് മണിയോടടുത്ത് ചേളാരിയിലെ ആലുങ്ങലിൽ താമിർ ജിഫ്രി താമസിക്കുന്ന ക്വാർട്ടേഴ്സിൽ മലപ്പുറം എസ്.പി.-യുടെ പ്രത്യേക സംഘമായ DANSAF (District Anti-Narcotic Special Action Force) എത്തുകയും താമിർ ജിഫ്രിയെയും നാല് പേരെയും അദ്ദേഹത്തെക്കൊണ്ട് ഫോൺ ചെയ്ത് വിളിപ്പിച്ച കുറച്ചാളുകളെയുമടക്കം അവിടെനിന്ന് മൂന്ന് വാഹനങ്ങളിലായി കൊണ്ടുപോകുകയാണുണ്ടായത്. അതിന് ദൃക്സാക്ഷികളുമുണ്ട്. രാത്രി ഒന്നര മണിക്ക് താനൂർ റെയിൽവേ മേൽപ്പാലത്തിന്റെ താഴെനിന്നല്ല ഇവരെ പിടികൂടിയത്; ചേളാരിയിൽവച്ചാണ് പിടികൂടിയത്. ക്വാർട്ടേഴ്സിന്റെ ഉടമ ഇതിന് ദൃക്സാക്ഷിയാണ്; അദ്ദേഹം അത് പറയുന്നുമുണ്ട്. പ്രതികളെയുംകൊണ്ട് DANSAF സംഘം താനൂർ ശോഭ പറമ്പിനടുത്തുള്ള പോലീസ് ക്വാർട്ടേഴ്സിലേയ്ക്കാണ് പോയത്. അവിടെവച്ചാണ് ഇവർക്കെതിരെ പോലീസിന്റെ ക്രൂരമായ മർദ്ദനവും മൂന്നാം മുറകളുമൊക്കെ പ്രയോഗിക്കുന്നത്.

മണിക്കൂറുകൾ നീണ്ടുനിന്ന മർദ്ദനത്തിനൊടുവിൽ അർദ്ധരാത്രി ഒരുമണിയോടുകൂടി DANSAF സംഘം താമിർ ജിഫ്രിയെയും 5 പ്രതികളെയും താനൂർ പോലീസിന് കൈമാറി. ഇവരോടൊപ്പം അറസ്റ്റ് ചെയ്യപ്പെട്ടവരും ദൃക്സാക്ഷികളും അക്കാര്യം പറയുന്നുണ്ട്. മാത്രമല്ല, അവിടത്തെ പോലീസ് ക്വാർട്ടേഴ്സിലെ കട്ടിലിന്റെ ചുവട്ടിൽ രക്തക്കറ കണ്ടെത്തിയതിനെക്കുറിച്ചും പത്രങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മലപ്പുറം എസ്.പി.-യുടെ നേതൃത്വത്തിലുള്ള സംഘം നേരത്തെ തയ്യാറാക്കിയ തിരക്കഥ പ്രകാരമാണ് പ്രതികളെ അറസ്റ്റ് ചെയ്തത്. യഥാർത്ഥത്തിൽ ചേളാരിയിൽനിന്നാണ് പ്രതികളെ അറസ്റ്റ് ചെയ്തത്. തിരൂരങ്ങാടി, പരപ്പനങ്ങാടി, തേഞ്ഞിപ്പാലം എന്നീ മൂന്ന് പോലീസ് സ്റ്റേഷനുകളുടെ പരിധി കഴിഞ്ഞുള്ള താനൂർ സ്റ്റേഷനിൽ രാത്രിയോടെയാണ് പ്രതികളെ കൊണ്ടുവരുന്നത്. പ്രതികളെ രാത്രി കൊണ്ടുവരുന്നുണ്ടെന്ന വിവരം രാവിലെ 11 മണിക്ക് തന്നെ താനൂർ പോലീസിന് ലഭിച്ചിട്ടുണ്ട്. അന്നേദിവസം രാത്രി ഇങ്ങനെയൊരു ഏർപ്പാട് വരുവാനുണ്ട്, എല്ലാവരും ജാഗ്രതയോടെയിരിക്കണമെന്ന് താനൂർ പോലീസ് സ്റ്റേഷനിലേയ്ക്ക് എസ്.പി.-യുടെ സംഘത്തിൽനിന്നും പ്രത്യേകം വിവരം

നൽകുകയാണുണ്ടായത്. താമിർ ജിഫ്രി പുലർച്ചെ 4.25-നാണ് മരണപ്പെടുന്നത്. മരണപ്പെട്ടയാളെ ഒന്നാം പ്രതിയാക്കി എഫ്.ഐ.ആർ. രേഖപ്പെടുത്തുന്നത് രാവിലെ 7.03-നാണ്. പോലീസിന്റെ കള്ളക്കളികൾ ഇവിടെനിന്നുതന്നെ വളരെ വ്യക്തമാണ്. പുലർച്ചെ 4.25-ന് ഇഹലോകവാസം വെടിഞ്ഞയാളെ ഒന്നാം പ്രതിയാക്കി രാവിലെ 7.03-നാണ് പോലീസ് കേസെടുക്കുന്നത്. താമിർ ജിഫ്രിയുടെ മരണത്തിന്മേൽ എഫ്.ഐ.ആർ. രേഖപ്പെടുത്തുന്നത് എപ്പോഴാണ്; എന്റെ കൈവശം ഈ രണ്ട് എഫ്.ഐ.ആർ.-കളുമുണ്ട്. താമിർ ജിഫ്രിയുടെ മരണത്തിന്മേൽ എഫ്.ഐ.ആർ. രേഖപ്പെടുത്തുന്നത് രാവിലെ 8.30-നാണ്. എഫ്.ഐ.ആർ. പ്രകാരം എസ്.ഐ.-യും കൂട്ടരുമാണ് ഇയാളെ കസ്റ്റഡിയിലെടുത്തത്. പക്ഷേ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ വിശദീകരിച്ചതുപ്രകാരം പോലീസ് മേധാവി 8 പേരെ സസ്പെന്റ് ചെയ്തിട്ടുണ്ട്. അതിൽ 4 പേർ DANSAF സംഘത്തിലുള്ളവരാണ്. നിങ്ങളുടെ ചിത്രത്തിൽ എവിടെയും DANSAF-ൽപ്പെട്ട ആരുമില്ല. പിന്നെന്തിനാണ് DANSAF-ലുള്ള നാലുപേരെ സസ്പെന്റ് ചെയ്തത്; അപ്പോൾ DANSAF-ൽനിന്നുള്ളവർ ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്.

എന്നാൽ പോലീസ് റിപ്പോർട്ടിൽ DANSAF-നെക്കുറിച്ച് പറഞ്ഞിട്ടില്ല. ഇപ്രകാരം എല്ലാ കാര്യങ്ങളിലും ദുരൂഹതകളുണ്ട്. ഒരു ചെറുപ്പക്കാരനെ പോലീസ് ക്രൂരമായി മർദ്ദിക്കുകയും അതേത്തുടർന്ന് ജീവൻ നഷ്ടപ്പെടുന്ന സാഹചര്യവുമാണുണ്ടായത്. പോലീസ് മർദ്ദനത്തിന് തെളിവായി പോസ്റ്റ്മോർട്ടം റിപ്പോർട്ടുണ്ട്. പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ ഇദ്ദേഹത്തിന് 21 മുറിവുകളേറ്റതായി പറയുന്നുണ്ട്; (പോസ്റ്റ്മോർട്ടം റിപ്പോർട്ട് ഉയർത്തിക്കാണിച്ചു.) 1 മുതൽ 21 വരെയുള്ള external and internal injuries-നെ കുറിച്ച് പറയുന്നുണ്ട്. Two superficial lacerated wound (4x1x1 cm and 7x3x1 cm). Deep dermal wound ആണ്. അതുപോലെത്തന്നെ abrasion-നും contusion-നുമുണ്ട്. ഇതെല്ലാം മുമ്പുള്ള മുറിവുകളൊന്നുമല്ല, വളരെ അടുത്തകാലത്ത് സംഭവിച്ചതാണ്. വളരെ ഫ്രഷ് മുറിവുകളാണെന്ന് റിപ്പോർട്ടിൽ വളരെ കൃത്യമായി പറയുന്നതോടൊപ്പം ഈ മുറിവുകൾ എങ്ങനെയുണ്ടായി എന്നും വിശദീകരിക്കുന്നുണ്ട്. അതിൽ മരണകാരണമായി പറയുന്നത്, "Cause of Death- The cause of death to the best of my knowledge and belief is that; immediate cause- the deceased

had died due to extensive pulmonary edema and pulmonary hemorrhage."എന്നാണ്. അതുപോലെ 'Multiple blunt force injuries inflicted on the body could have contributed to fatal outcome through Coronary Artery Disease' എന്ന് വളരെ കൃത്യമായി പറയുന്നുണ്ട്. പോലീസിന്റെ ക്രൂരമായ മർദ്ദനങ്ങളാണ് ഈ യുവാവിന്റെ പെട്ടെന്നുള്ള മരണത്തിന് കാരണമാക്കിയതെന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ വളരെ കൃത്യമായി പറയുകയാണ്.

1, 2, 4, 8, 16 എന്നീ മുറിവുകൾ സംഭവിച്ചത് Rough surface of object contact കൊണ്ടാണ്. 3, 5, 6 മുറിവുകൾ സംഭവിച്ചതിന് കാരണമായി പറയുന്നത് Forceful contact with handcuffs എന്നാണ്. ഇദ്ദേഹത്തെ ഹാന്റ്കഫ് ചെയ്യ സാധനംവച്ച് ഇവർതന്നെ മർദ്ദിക്കുകയാണ്. 7, 14, 15, 17, 18 എന്നീ മുറിവുകൾ സംഭവിച്ചതിന് കാരണമായി Beating with blunt weapon എന്നാണ് റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുള്ളത്. മൂർച്ചയില്ലാത്ത ആയുധംകൊണ്ട് മാരകമായി പ്രഹരിച്ചിരിക്കുകയാണ്. 9, 10, 11, 12, 13 എന്നീ മുറിവുകൾ സംഭവിച്ചതിന് കാരണമായി പറയുന്നത് Forceful beating with

cylindrical weapon എന്നാണ്. സിലിണ്ടർപോലുള്ള ഉപകരണംകൊണ്ട് ക്രൂരമായി അടിച്ചതുകൊണ്ടാണ് ഈ മുറിവുകൾ സംഭവിച്ചതെന്നാണ് പറയപ്പെടുന്നത്. അത്തരത്തിൽ beating പോലെയുള്ള അതിക്രമങ്ങളെല്ലാം പോലീസിന്റെ ഭാഗത്തുനിന്നും വന്നിരിക്കുകയാണ്. അതാണ് മരണകാരണമെന്ന് കൃത്യമായി പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ പറയുന്നുണ്ട്. 'Body had not been kept in freezer' എന്ന് പോസ്റ്റ്മോർട്ടം നടത്തിയ ഡോക്ടർ വളരെ കൃത്യമായി പറയുന്നുണ്ട്. ഇങ്ങനെയൊക്കെ അക്രമം കാണിച്ചിട്ടും ഈ ഡെഡ് ബോഡി ഒരു ഫ്രീസറിൽ വയ്ക്കാനുള്ള മര്യാദപോലും അങ്ങയുടെ പോലീസ് കാണിച്ചില്ലെന്നാണ് ഇത് വ്യക്തമാക്കുന്നത്. ഈ സഭയിൽ പറയാൻ എനിക്ക് അറപ്പുണ്ടെങ്കിലും ഞാൻ പറയട്ടെ, ഈ കുട്ടിയുടെ മലദ്വാരത്തിലൂടെ പോലീസ് ലാത്തി കയറ്റിയെന്നും അതിലൂടെ രക്തം ഒലിക്കുകയാണെന്നുമുള്ള വിവരമാണ് കേൾക്കുന്നത്. ഇയാളുടെ വയറ്റിൽ കണ്ട മയക്കുമരുന്ന് ഇയാൾതന്നെ മലദ്വാരത്തിലൂടെ ഉള്ളിലേയ്ക്ക് കയറ്റിയെന്നതാണ് ഇതിനെക്കുറിച്ചുള്ള പോലീസിന്റെ ഭാഷ്യം. എസ്.പി.-യുടെ നേതൃത്വത്തിലുള്ള, പ്രത്യേക അക്രമി സംഘമായ അവിടത്തെ

പോലീസാണ് ഈ ക്രൂരത കാണിച്ചിരിക്കുന്നത്. DANSAF-ന്റെ ക്രൂരതകൾക്ക് എല്ലാവിധ സപ്പോർട്ടും ചെയ്യുന്നത് മലപ്പുറം എസ്.പി. ആണ്. ഈ ഓപ്പറേഷൻ എസ്.പി.-യുടെ ഡയറക്ഷൻ ഇല്ലാതെ സംഭവിക്കുകയില്ല. ഇവിടെ താമിർ ജിഫ്രിയുടെ ക്രൂരമായ കൊലപാതകത്തിന് കാരണമായ, ഗുണ്ടകളെപ്പോലെ പെരുമാറുന്ന ഡാൻസാഫ് അംഗങ്ങളെ രക്ഷിക്കുന്നത് മലപ്പുറം എസ്.പി. ആണ്. എസ്.പി.-ക്ക് എതിരെ അതിശക്തമായ ആക്ഷേപം താമിർ ജിഫ്രിയുടെ കുടുംബത്തിൽനിന്ന് ഉയർന്നുവന്നിട്ടുണ്ട്. ഈ ക്രൂരമായ കൊലപാതകത്തിൽ കൊല്ലപ്പെട്ടവനോടും അവന്റെ കുടുംബത്തോടും ഈ സർക്കാരിന് സഹാനുഭൂതിയുണ്ടെങ്കിൽ മലപ്പുറം എസ്.പി.-യെ സസ്പെൻഡ് ചെയ്ത് അന്വേഷണത്തിന് വിധേയമാക്കണം. കേസ്സന്വേഷണം സി.ബി.ഐ.-യ്ക്ക് വിട്ടു എന്ന് പറയുകയുണ്ടായി; അത് നല്ല കാര്യം തന്നെയാണ്. ഇത് കുടുംബം ആവശ്യപ്പെട്ട കാര്യമാണ്. പക്ഷേ, സി.ബി.ഐ.-യ്ക്ക് ആവശ്യമായ മെറ്റീരിയലുകൾ കൊടുക്കേണ്ടത് ആരാണ്? അവ നൽകേണ്ടത് മലപ്പുറത്തെ പോലീസാണ്. അതിലേയ്ക്കായി ഈ എസ്.പി. വേണ്ട രീതിയിൽ സഹകരിക്കുമോ? സി.ബി.ഐ. വന്ന് കേസ്

ഏറ്റെടുക്കുന്നതിനിടയിൽ തെളിവുകൾ നശിപ്പിക്കാൻ അവർക്ക് സമയമുണ്ട്. ഇക്കാര്യങ്ങളോട് മുഖ്യമന്ത്രിക്ക് എന്തെങ്കിലും വിയോജിപ്പുമുണ്ടെങ്കിൽ ഇപ്പോൾത്തന്നെ ആ എസ്.പി.-യെ സസ്പെൻഡ് ചെയ്ത് അദ്ദേഹത്തെ ഈ കേസുമായി ബന്ധപ്പെട്ട നടപടികളിൽനിന്ന് മാറ്റി നിർത്തണമെന്നാണ് സൂചിപ്പിക്കാനുള്ളത്. ഇവിടെ കസ്റ്റഡി പീഡനം നടന്നിട്ടുണ്ടെന്ന ഇന്റലിജൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് എട്ട് പേരെ സസ്പെൻഡ് ചെയ്തത്. കസ്റ്റഡി പീഡനം നടന്നാൽ പോലീസിനെതിരെ കേസെടുക്കേണ്ടതല്ലേ? ഇത് ഇന്റലിജൻസ് റിപ്പോർട്ടല്ലേ; ഇതുവരെ പോലീസിനെതിരെ കേസില്ലല്ലോ; എസ്.പി. അടക്കമുള്ള ആരെയും മാറ്റിനിർത്തിയിട്ടില്ലല്ലോ? പോസ്റ്റ്മോർട്ടം നടത്തിയ ഡോക്ടറോട് എസ്.പി. സ്വകാര്യമായി മണിക്കൂറുകളോളം സംസാരിക്കുന്നത് പത്രക്കാർ കണ്ടതിന് തെളിവുണ്ടല്ലോ. എന്താവശ്യത്തിനാണ് ഈ കേസിന്റെ മുഴുവൻ തെളിവുകളും എസ്.പി. നശിപ്പിക്കുന്നത്? അദ്ദേഹത്തിന്റെ സ്വന്തക്കാരാണ് ഇതിന്റെ പിന്നിലുള്ളത്. ഇതിന്റെ കൃത്യമായ കഥ പരിശോധിച്ചാൽ അദ്ദേഹം അറിയാതെ ഈ സ്ക്വാഡ് ഒന്നും ചെയ്യില്ലെന്ന് മനസ്സിലാക്കാൻ സാധിക്കും.

ഈ സ്ക്വാഡിൽ ഉൾപ്പെട്ടിരിക്കുന്നത് അദ്ദേഹം പോറ്റി വളർത്തുന്നതും അദ്ദേഹത്തിന് താത്പര്യമുള്ളതുമായ ഏതാനും ചില ആളുകളുടെയും പോലീസുകാരുടെയും കൂട്ടായ്മയാണ്. മുഖ്യമന്ത്രി വളരെ കാര്യക്ഷമത കാണിക്കേണ്ട സന്ദർഭമാണിത്. അങ്ങ് പിന്തുണ നൽകുന്നത് പോലീസിന്റെ ആത്മവീര്യം വർദ്ധിപ്പിക്കാനാണെങ്കിൽ അതിവിടെ അക്രമങ്ങൾക്ക് വളമാകുന്നുണ്ടെന്ന് കൂടി ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇതിന്റെ അന്വേഷണം സി.ബി.ഐ.-ക്ക് വിട്ടെങ്കിലും ഈ ക്രൂരതകൾ ചെയ്ത പോലീസുകാരെയും ആ സ്ക്വാഡിനെയും അതിനെ നിയന്ത്രിക്കുന്ന എസ്.പി.-യെയും അച്ചടക്കനടപടിക്ക് വിധേയമാക്കണം. അത് ചെയ്യേണ്ടത് ബന്ധപ്പെട്ട വകുപ്പിന്റെ ചുമതലയാണ്; സി.ബി.ഐ. അത് ചെയ്യുകയില്ല. ആ ചുമതല നിർവ്വഹിക്കാൻ ആഭ്യന്തര വകുപ്പും മുഖ്യമന്ത്രിയും മുന്നോട്ട് വരണം. പോലീസിന്റെ അതിക്രമങ്ങൾ കേരളത്തിൽ തുടർക്കഥയാകുന്ന ധാരാളം വിഷയങ്ങളുണ്ട്. സ്വന്തം ഭർത്താവിനെ കുഴിച്ചുമൂടിയെന്ന് ഒരു സ്ത്രീയെക്കൊണ്ട് പറയിക്കുകയും പത്രസമ്മേളനം നടത്തുകയും ചെയ്യുന്ന കാലമാണിത്. സംഭവത്തിന്റെ തൊട്ടടുത്ത ദിവസം രാവിലെ ദിവംഗതനായ ഭർത്താവ്

എഴുന്നേറ്റ് വരികയാണ്. ഇത്തരം സംഭവങ്ങളാണ് കേരളത്തിൽ കണ്ടുകൊണ്ടിരിക്കുന്നത്.

മി. സ്പീക്കർ: ഇത് ഔട്ട് ഓഫ് സിലബസ്സാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇങ്ങനെ പോലീസ് കളിക്കുന്ന ഒരുപാട് സംഭവങ്ങളുണ്ട്; അങ്ങയുടെ മണ്ഡലത്തിൽപ്പോലും ഇത്തരം സംഭവങ്ങൾ ഉണ്ടാകുന്നുണ്ട്. അതിനാൽ പോലീസിനെ നിലയ്ക്കുനിർത്തുന്നതിനും നിയന്ത്രിക്കുന്നതിനും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ കേസ്സിലുൾപ്പെട്ട എസ്.പി. അടക്കമുള്ളവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണം. ഈ കേസ്സുമായി ബന്ധപ്പെട്ട പോലീസുകാരെ മാറ്റി നിർത്തിയിട്ടുവേണം സി.ബി.ഐ. എൻക്വയറിയുമായി മുന്നോട്ട് പോകേണ്ടത്. ഈ വിഷയം കേരളത്തെ സംബന്ധിച്ചിടത്തോളം പോലീസ് മർദ്ദനത്തിന്റെ നടുക്കുന്നതും ഭീകരവുമായ ചിത്രങ്ങളാണ് നൽകുന്നത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാന്യനായ അംഗം ഒട്ടേറെ കാര്യങ്ങൾ സൂചിപ്പിച്ചതിൽ സർക്കാരിന് വ്യക്തമാക്കാനുള്ളത് ഈ

കാര്യത്തിൽ തെറ്റ് ചെയ്യവരും കുറ്റം ചെയ്യവരും ആരുംതന്നെ രക്ഷപ്പെടുകയില്ല എന്നാണ്. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ച ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പോലീസ് അതിക്രമങ്ങൾ തുടർക്കഥയാകുന്നുവെന്നാണ് അദ്ദേഹം പറഞ്ഞത്. പോലീസിന്റെ ഭാഗത്തുനിന്ന് അതിക്രമങ്ങളല്ല ഏറ്റവും കൂടുതൽ ഉണ്ടാകുന്നത്. ഒറ്റപ്പെട്ട ചില സംഭവങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അതിനെതിരെ കർക്കശമായ നടപടി സ്വീകരിച്ചുപോകുകയാണ്. സംസ്ഥാനത്ത് 27 പോലീസ് ഉദ്യോഗസ്ഥരെ സർവ്വീസിൽനിന്ന് നീക്കം ചെയ്തിട്ടുള്ളത് നമ്മുടെ നാടിന്റെ ചരിത്രത്തിൽത്തന്നെ ആദ്യമാണ്. ഇത്തരത്തിൽ സർവ്വീസിൽ നിൽക്കാൻ കഴിയാത്തതരം കുറ്റകൃത്യങ്ങൾ ചെയ്യവരോട് ഒരു ദാക്ഷിണ്യവും സർക്കാർ കാണിക്കുന്നില്ല എന്നതിന്റെ തെളിവാണിത്. നമ്മുടെ രാജ്യത്ത് പലയിടങ്ങളിൽനിന്നും കേൾക്കുന്ന വാർത്തകളിൽനിന്ന് തീർത്തും വ്യത്യസ്തമായ പോലീസ് സർവ്വീസാണ് കേരളത്തിലുള്ളതെന്ന് നമുക്കെല്ലാവർക്കും അഭിമാനിക്കാം. അതിന്റെ അർത്ഥം, നല്ല കാര്യങ്ങളുടെ ഇടയ്ക്ക് എന്തെങ്കിലും കൊള്ളരുതായ്മ കാണിച്ചാൽ അവരെ രക്ഷിക്കുമെന്നല്ല,

പകരം അവർക്കെതിരെ കർക്കശ നടപടി സ്വീകരിക്കുകയും അവരെ സർവ്വീസിൽനിന്നടക്കം ഒഴിവാക്കുന്ന നിലപാട് സ്വീകരിക്കുകയും ചെയ്യും. ഇവിടെ നാം ഓർക്കേണ്ടത്, ഇത്തരത്തിലുള്ള ഒറ്റപ്പെട്ട സംഭവങ്ങൾ നേരത്തെ കൂടുതലായി ഉണ്ടാകാറുണ്ടായിരുന്നു എന്നാണ്.

2016-നുശേഷം അത്തരം സംഭവങ്ങൾ വലിയതോതിൽ ഉണ്ടാകുന്നില്ലെങ്കിലും അതിനുതൊട്ടു മുൻപുള്ള കാലത്തെ അവസ്ഥ നമ്മൾ ഓർക്കണ്ടേ? അന്നൊക്കെ എന്ത് നടപടിയാണ് സ്വീകരിച്ചിരുന്നത്? 17-03-2015-ൽ നക്ഷത്രചിഹ്നമിടാത്ത 156-ാം നമ്പർ ചോദ്യത്തിന് അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ 13 കസ്റ്റഡി മരണക്കേസ്സുകൾ ആ കാലയളവിൽ ഉണ്ടായിരുന്നുവെന്നാണ് പറഞ്ഞിരിക്കുന്നത്. അതിൽ ശ്രദ്ധിക്കേണ്ട കാര്യം, കസ്റ്റഡി മരണത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിവരണങ്ങളാണ്. 5 കേസ്സുകളിൽ ഒരു ഉദ്യോഗസ്ഥനെതിരെയും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നത് വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ഇത്തരത്തിലുള്ള ഒരു കേസ്സിൽ ശാസനയാണ് ശിക്ഷയായി നൽകിയിട്ടുള്ളത്. 2012-ൽ നടന്ന

കസ്റ്റഡിമരണത്തിൽ അച്ചടക്ക നടപടി പരിഗണനയിലാണെന്ന വിവരമാണ് 2015-ൽ മറുപടിയായി നൽകിയത്. എന്നാൽ ഈ സർക്കാർ സ്വീകരിക്കുന്ന നിലപാട് ഇതല്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർവ്വീസിൽ തുടരാൻ സാധിക്കാത്തവിധം ക്രിമിനൽ കേസ്സുകളിൽ ഉൾപ്പെട്ട് കുറ്റകൃത്യങ്ങൾ ചെയ്തുവെന്ന് കണ്ടെത്തിയ 27 പേരെ സർവ്വീസിൽനിന്നും പിരിച്ചുവിടുന്ന അവസ്ഥ ഉണ്ടായിട്ടുണ്ട്. സംസ്ഥാനത്ത് കസ്റ്റഡിയിൽ എടുത്തവരെ മർദ്ദിക്കുകയോ, ലോക്കപ്പിൽ കൊലപാതകമോ കസ്റ്റഡി മരണമോ സംഭവിക്കുകയോ ചെയ്യുന്ന കാര്യങ്ങളിൽ ഗുരുതരമായ നടപടിയിലേയ്ക്കാണ് സർക്കാർ നീങ്ങുന്നത്. ഇത്തരം കേസ്സുകളിൽ നിർബന്ധമായും ഇവിടെയുള്ള ഏജൻസിയല്ല അന്വേഷിക്കേണ്ടത്. അതുകൊണ്ടാണ് ഇത്തരം കേസ്സുകളുടെ അന്വേഷണം നടത്തുന്നതിന്റെ ചുമതല സി.ബി.ഐ.-ക്ക് വിടുമെന്ന് നേരത്തെതന്നെ പ്രഖ്യാപിച്ചത്. ഇപ്പോൾ ഇത്തരം കേസ്സുകൾ സി.ബി.ഐ.-യാണ് അന്വേഷിക്കുന്നത്. സി.ബി.ഐ.-ക്ക് നൽകുന്ന തെളിവുകളുടെ അടിസ്ഥാനത്തിലാണ് അന്വേഷണം നടത്തുന്നതെന്ന് പരാമർശിക്കുകയുണ്ടായി. കേസ്സ്

അന്വേഷിക്കേണ്ടത് അത്തരം തെളിവുകൾ കണ്ടെത്തുന്നതിനാണല്ലോ. പ്രതികളായി വരുന്ന പോലീസ് ഉദ്യോഗസ്ഥരെ സംരക്ഷിക്കുന്ന നിലപാട് ആരെങ്കിലും സ്വീകരിക്കുന്നുണ്ടെങ്കിൽ അതടക്കം മറികടന്നുകൊണ്ടുള്ള അന്വേഷണ പാടവമാണ് സി.ബി.ഐ. കാണിക്കേണ്ടത്. ഇതുവരെയുള്ള നമ്മുടെ അനുഭവത്തിൽനിന്നും മനസ്സിലായത് ഇത്തരം പ്രതികളെ സംരക്ഷിക്കുന്നതിനുള്ള നീക്കം അന്വേഷണ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല എന്നുള്ളതാണ്. ആ അന്വേഷണം കൃത്യമായി നടക്കും, അതിൽ ആശങ്കപ്പെടേണ്ടതില്ല. സി.ബി.ഐ.-യ്ക്ക് നൽകേണ്ട തെളിവുകളെല്ലാം കൊടുക്കുന്ന നിലപാടാണ് സ്വീകരിക്കേണ്ടത്. ഈ കേസ്സിലെ കുറ്റവാളികൾക്ക് ഏറ്റവും അർഹമായ ശിക്ഷ ലഭ്യമാക്കുന്നതിനുള്ള ഇടപെടൽ പ്രാദേശികമായും ജില്ലാതലത്തിലും ഉണ്ടാകുകയാണ് വേണ്ടത്. അതിനാവശ്യമായ നടപടി എല്ലാവരും സ്വീകരിക്കണം. മരണപ്പെട്ട വ്യക്തിയുടെ പരിക്കിന്റെ സ്വഭാവത്തെക്കുറിച്ച് ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിക്കുകയുണ്ടായി. അത്തരം കാര്യങ്ങൾ അന്വേഷണത്തിന്റെ ഭാഗമായി തെളിയിക്കപ്പെടട്ടെ. കാര്യങ്ങൾ മനസ്സിലാക്കുന്നതിനുവേണ്ടി

അന്വേഷണ ഏജൻസി ഡോക്ടറുമായും ബന്ധപ്പെടുമല്ലോ. പ്രതിയെ അറസ്റ്റ് ചെയ്തതിനുശേഷം മറ്റൊരു ക്വാർട്ടേഴ്സിലേക്ക് കൊണ്ടുപോയി എന്നും അവിടെവച്ച് മർദ്ദിച്ചുവെന്നും അതിനുശേഷമാണ് പോലീസ് സ്റ്റേഷനിലേക്ക് കൊണ്ടുവന്നതെന്നും പറയുന്നുണ്ട്. അത്തരം കാര്യങ്ങൾ അന്വേഷണത്തിലൂടെ തെളിഞ്ഞുവരട്ടെ. അന്വേഷണത്തിന് ഏതെങ്കിലും തരത്തിലുള്ള തടസ്സ നിലപാട് സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുകയില്ല. എല്ലാ സഹകരണവും പിന്തുണയും പൂർണ്ണമായും നൽകുന്ന നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. അവിടത്തെ ജില്ലാ പോലീസ് മേധാവിയെക്കുറിച്ച് പരാമർശിക്കുകയുണ്ടായി; ആ വിഷയം സംബന്ധിച്ച് പ്രത്യേകം പരിശോധിക്കണമെന്നാണ് പറഞ്ഞത്, അന്വേഷണത്തിന്റെ ഭാഗമായി പരിശോധിക്കപ്പെടേണ്ട കാര്യമുണ്ടെങ്കിൽ സ്വാഭാവികമായും സി.ബി.ഐ. അന്വേഷിച്ചുകൊള്ളും. അതിൽനിന്നും വ്യത്യസ്തമായി എന്തെങ്കിലും കാര്യമുണ്ടോ എന്ന് സർക്കാർ പരിശോധിക്കുന്നതും ഉചിതമായ നിലപാടെടുക്കുന്നതുമാണ്. ഏതെങ്കിലും തരത്തിൽ ആളുകളെ കൊലപ്പെടുത്തുന്ന സംഘമായി പോലീസ് മാറിയിട്ടില്ലെന്നതാണ് ഏറ്റവും

വലിയ പ്രത്യേകത. പലയിടത്തുനിന്നും ഞെട്ടിക്കുന്ന വാർത്തകളാണ് വന്നുകൊണ്ടിരിക്കുന്നത്. രാജ്യത്തെ പലഭാഗങ്ങളിലും കേൾക്കുന്ന വാർത്തകൾ സാധാരണഗതിയിൽ നമുക്കാർക്കും സ്വസ്ഥത നൽകുന്നതല്ല. അത്രമാത്രം വിചാരണകൂടാതെ എൻകൗണ്ടറിന്റെ ഭാഗമായി വെടിവച്ചുകൊല്ലുന്ന സംഭവങ്ങളല്ലേ നടക്കുന്നത്. വിവിധ സംസ്ഥാനങ്ങളിൽ ഇത്തരത്തിലുള്ള കാര്യങ്ങളല്ലേ നടക്കുന്നത്? ഞാൻ അത്തരം സംസ്ഥാനങ്ങളുടെ പേര് പറയാൻ ഉദ്ദേശിക്കുന്നില്ല. കേരളം ഒഴികെയുള്ള വടക്കേ ഇന്ത്യയിലെ പല സംസ്ഥാനങ്ങളും അതിന്റെ ഭാഗമായി വരും. അത് സ്വാഭാവികമായി പ്രതിപക്ഷത്തിനും ചില പ്രയാസങ്ങൾ ഉണ്ടാക്കുന്ന പേരുകളായതുകൊണ്ട് പേരെടുത്ത് ഞാൻ പരാമർശിക്കുന്നില്ല. അത്തരത്തിൽ ഒരു സംസ്കാരം രാജ്യത്ത് ഉയർന്നുവരുന്നുവെന്നത് നമ്മൾ കാണണം. വളരെ വലുതല്ലാത്ത സംസ്ഥാനത്ത് രണ്ടു വർഷത്തിനുള്ളിൽ 54 പേരെ എൻകൗണ്ടറിൽ വെടിവച്ചു കൊന്നുവെന്ന കണക്കടക്കം പുറത്തു വന്നിട്ടുണ്ട്. വിവിധ സംസ്ഥാനങ്ങളിൽ ഇത്തരത്തിലുള്ള എൻകൗണ്ടർ കൊലപാതകം നടക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ പോലീസ് ആക്രമണ

വിധേയമായിട്ടുപോലും ശാരീരിക വേദന അനുഭവിച്ചുകൊണ്ടു തന്നെ തികച്ചും സംയമനത്തോടെ അത്തരം കാര്യങ്ങൾ നേരിട്ടത് നാം കണ്ടിട്ടുണ്ട്. കേരളത്തിലെ പോലീസ് സേന മനുഷ്യജീവന് വിലകല്പിക്കുന്ന പൊതുസമീപനം സ്വീകരിക്കുന്നുവെന്നതിന്റെ എത്രയോ ഉത്തമമായ ദൃഷ്ടാന്തങ്ങൾ നമ്മുടെ മുന്നിലുണ്ട്. അത്തരത്തിലുള്ള പൊതുസ്വഭാവം നിലനിൽക്കുമ്പോൾതന്നെ ഒറ്റപ്പെട്ട ഏതെങ്കിലും തരത്തിലുള്ള കുറ്റകൃത്യങ്ങളുണ്ടായാൽ, പ്രത്യേകിച്ച് ലോക്കപ്പ് മർദ്ദനമോ, കസ്റ്റഡി മരണമോ സംഭവിച്ചാൽ അതിനുനേരെ ഒരു വിട്ടുവീഴ്ചയും സംസ്ഥാന സർക്കാർ കാണിക്കുകയില്ല. ഈ കാര്യത്തിൽ ഭരണ-പ്രതിപക്ഷ വ്യത്യാസത്തിന്റെ പ്രശ്നം വരുന്നില്ല, കാരണം ഇത് മനുഷ്യന്റെ ജീവന്റെ പ്രശ്നമാണ്. പോലീസ് ആരെയെങ്കിലും കൊണ്ടുപോയി തല്ലാനുള്ള ഒരു സംവിധാനമല്ല. പോലീസ് ലോക്കപ്പ് എന്നുപറയുന്നത് ആളുകളെ തല്ലാനും തല്ലിക്കൊല്ലാനുമുള്ള സ്ഥലമല്ലെന്നു മാത്രമല്ല, പോലീസിന് ആരെയും തല്ലിക്കൊല്ലാനുള്ള അധികാരവുമില്ല. അക്കാര്യത്തിൽ കേരളീയർക്ക് ഒരേ സമീപനമാണുള്ളത്, അതാണ് സർക്കാരിന് വ്യക്തമാക്കാനുള്ളത്.

കുറ്റവാളികൾക്ക് അർഹമായ ശിക്ഷ നൽകുന്നതിന് ഏതെല്ലാം രീതിയിൽ സഹകരണവും പിന്തുണയും നൽകണമോ അതിനെല്ലാം സർക്കാർ സന്നദ്ധമായിരിക്കും. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല..

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കേരളം കണ്ടതിൽവച്ച് ഏറ്റവും ക്രൂരവും നടുക്കുന്നതുമായ കസ്റ്റഡി മരണത്തിന്റെ ചിത്രം തുറന്നുകാട്ടിക്കൊണ്ട് ബഹുമാനപ്പെട്ട എൻ. ഷംസുദ്ദീൻ പ്രസംഗിച്ചപ്പോൾ അതിന് മറുപടിയായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതിൽ ഏറെ സമയവുമെടുത്തത് കേരളത്തിലെ പോലീസിനെ ശ്ലാഘിക്കാനായിരുന്നുവെന്നത് വളരെ വിചിത്രമായി തോന്നുകയാണ്. അദ്ദേഹം സംസാരിച്ചതുകേട്ടാൽ ഇത്തരത്തിലുള്ള നല്ലൊരു പോലീസ് സേയുള്ളതും സദ്ഭരണവും നടക്കുന്ന സംസ്ഥാനം കേരളമല്ലാതെ

മറ്റൊന്നില്ലെന്നുതോന്നും. രാജ്യത്തൊട്ടാകെ നാളിതുവരെ 54 പോലീസ് എൻകൗണ്ടറുകൾ നടന്നുവെന്നും, പേര് പറഞ്ഞാൽ പ്രതിപക്ഷത്തിന് വിഷമമുണ്ടാകുന്ന ചില സംസ്ഥാനങ്ങൾകൂടി ഇതിൽ ഉൾപ്പെടുന്നുണ്ടെന്നും അദ്ദേഹം സൂചിപ്പിച്ചു. ആ ലിസ്റ്റിൽ അങ്ങ് മുഖ്യമന്ത്രിയായിരിക്കുന്ന ഈ സംസ്ഥാനവുമുണ്ടെന്ന് ഓർക്കണം. വയനാട്ടിലെ പലസ്ഥലങ്ങളിലും പോലീസ് എൻകൗണ്ടറിൽ നിങ്ങൾ മാവോയിസ്റ്റുകൾ എന്നുപറയുന്നവരെ വെടിവച്ചുകൊലപ്പെടുത്തിയില്ലേ? അങ്ങനെ എത്രപേരെയാണ് കൊലപ്പെടുത്തിയത്; കേരളത്തിലും പോലീസ് എൻകൗണ്ടർ ഉണ്ടായിട്ടില്ലേ? മറ്റ് സംസഥാനങ്ങളിലും അതുതന്നെയാണ് നടക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ച 54 പേരുടെ ലിസ്റ്റിൽ കേരളത്തിലെ പോലീസ് വെടിവച്ചുകൊലപ്പെടുത്തിയവരുടെ പേരുംകൂടിയുണ്ട്.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഞാൻ സൂചിപ്പിച്ചത് ഛത്തീസ്ഗഢ് സംസ്ഥാനത്തിന്റെ കാര്യം മാത്രമാണ്. ആ കണക്കിൽ കേരളമുൾപ്പെടെ മറ്റ് സംസ്ഥാനങ്ങളൊന്നും ഉൾപ്പെടുന്നില്ല. ഛത്തീസ്ഗഢിലെ 54 പേരെ പോലീസ് വെടിവച്ചുകൊലപ്പെടുത്തിയ കാര്യമാണ് ഞാൻ പറഞ്ഞത്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഇന്ത്യയിൽ ഏറ്റവുംകൂടുതൽ മാവോയിസ്റ്റ് ആക്രമണം നടക്കുന്ന സ്ഥലമാണ് ഛത്തീസ്ഗഢ്. ......(ബഹളം)......

<u>മി. സ്പീക്കർ</u>: പ്ലീസ്.. ഇരിക്കൂ... ശ്രീ. എം. വിൻസെന്റ്....പ്ലീസ്... അങ്ങ് പ്രസംഗം തുടരൂ... അദ്ദേഹത്തെ സംസാരിക്കാൻ അനുവദിക്കൂ... അങ്ങ് പ്രസംഗം തുടരൂ..പ്ലീസ്...

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, എല്ലാദിവസവും അവരുടെ പരിപാടി ഇതുതന്നെയാണ്. കേന്ദ്രത്തിൽ, പാർലമെന്റിൽ ഭരണപക്ഷവും ഇതുതന്നെയാണ് ചെയ്യുന്നത്. ബഹുമാനപ്പെട്ട രാഹുൽ ഗാന്ധി ഇന്നലെ പാർലമെന്റിൽ നടത്തിയ പ്രസംഗത്തിന്റെ തുടക്കം മുതൽ അവസാനം വരെ ഇതുതന്നെയായിരുന്നുവെന്ന് എല്ലാവരും കണ്ടതാണല്ലോ. നിങ്ങൾ ഈ പ്രവണത അവിടെനിന്നും പഠിച്ചതാണോ, അതോ നിങ്ങളിൽനിന്നും അവർ പഠിച്ചതാണോ? ......(ബഹളം)..... ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിച്ചപ്പോൾ ഞങ്ങൾ കേട്ടുകൊണ്ടിരുന്നില്ലേ; നിങ്ങൾക്കുമാത്രം ഇത്രയും അസഹിഷ്ണുത എന്തുകൊണ്ടാണ്; എല്ലാദിവസവും ഇങ്ങനെതന്നെയല്ലേ പെരുമാറുന്നത്. ബഹുമാനപ്പെട്ട ചെയറിന് ഞങ്ങളെ

സംരക്ഷിക്കാൻ സാധിക്കുമോ? പോലീസ് എൻകൗണ്ടർ കേരളത്തിലുമുണ്ടായിട്ടുണ്ടെന്നത് യാഥാർത്ഥ്യമാണ്. ഛത്തീസ്ഗഢിൽ മാവോയിസ്റ്റുകൾ കോൺഗ്രസിന്റെ ഒരു സംഘത്തിനുനേരെ ബോംബെറിഞ്ഞ് 21 ആളുകളെയാണ് കൊലപ്പെടുത്തിയത്. അതിൽ പി.സി.സി. പ്രസിഡന്റും മുൻകേന്ദ്രമന്ത്രിയും ഉൾപ്പെടെയുള്ള കോൺഗ്രസിന്റെ ഒരു ലീഡർഷിപ്പ് മുഴുവൻ കൊല്ലപ്പെട്ടു. അങ്ങനെയുള്ള മാവോയിസ്റ്റ് ആക്രമണങ്ങൾ ഇവിടെ ഉണ്ടാകാതിരിക്കുമ്പോഴും കേരളത്തിൽ എൻകൗണ്ടറുണ്ടായി. അതുകൊണ്ട് എൻകൗണ്ടറിന്റെ കാര്യമൊന്നും അവകാശപ്പെടേണ്ടതില്ല. ഇവിടെ സംഭവിക്കുന്നത് ഫെയ്ക്ക് എൻകൗണ്ടറാണ്. മനഃപൂർവ്വം വെടിവച്ച് കൊലപ്പെടുത്തിയശേഷം എൻകൗണ്ടർ ആയിരുന്നുവെന്ന് രേഖപ്പെടുത്തുന്നതാണ് ഫെയ്ക്ക് എൻകൗണ്ടർ. ബഹുമാനപ്പെട്ട സുപ്രീംകോടതി "Custodial torture"-നെക്കുറിച്ച് 'Shri D. K. Basu, Ashok K. Johri Vs. State of West Bengal, State of U.P.' കേസിൽ വളരെ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്, ഇതുസംബന്ധിച്ച കോടതിവിധിയിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു, ".......''Custodial torture" is a

naked violation of human dignity and degradation which destroys, to a very large extent, the individual personality........" നമ്മുടെ ഭരണഘടനയിലെ ആർട്ടിക്കിൾ 20, 21, 22 എന്നിവയിൽ ജനങ്ങൾക്ക് ലഭ്യമാകേണ്ട ധാരാളം സംരക്ഷണങ്ങളെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. അങ്ങ് പറഞ്ഞത് ഇത് ഒരു ഒറ്റപ്പെട്ട സംഭവമാണെന്നാണ്. 'ഒറ്റപ്പെട്ട സംഭവങ്ങൾ' എണ്ണിനോക്കാനായി കൗണ്ടിംഗ് മെഷീൻ വാങ്ങേണ്ട സ്ഥിതിയാണ് കേരളത്തിനുള്ളത്. ഏത് സംഭവമുണ്ടായാലും അത് ഒറ്റപ്പെട്ട സംഭവമാണെന്ന് പറയും. തൃപ്പൂണിത്തുറയിലെ മനോഹരൻ എന്ന വ്യക്തി കസ്റ്റഡിയിൽ കൊലചെയ്യപ്പെട്ടു. അദ്ദേഹം വളരെ ഗുരുതരമായ കുറ്റമാണ് ചെയ്തത്. എന്താണെന്നറിയാമോ; അമ്മയും ഭാര്യയും കുട്ടികളുമടങ്ങുന്ന കുടുംബത്തിനുവേണ്ടി ഭക്ഷണം വാങ്ങി തിരികെ വീട്ടിലേയ്ക്ക് പോകവെ അദ്ദേഹത്തിന്റെ ഇരുചക്രവാഹനത്തിന് പോലീസ് ഉദ്യോഗസ്ഥൻ കൈകാണിച്ചപ്പോൾ, പെട്ടെന്ന് ബ്രേക്ക് ചവിട്ടാൻ സാധിക്കാത്തതിനാൽ അല്പം നീക്കിയാണ് വണ്ടി നിർത്തിയത്. വാഹനം സ്റ്റാൻഡിൽവച്ച് പോലീസിനടുത്തേയ്ക്ക് വന്ന അയാളുടെ കരണക്കുറ്റിനോക്കി പോലീസ്

അടിച്ചു, കൂടാതെ വണ്ടിയിൽ ചാരിനിർത്തി അടിച്ചു, വീണ്ടും അയാളെ വലിച്ചിഴച്ച് പോലീസ് ജീപ്പിൽ കയറ്റി; അതിനുള്ളിൽവച്ചും പോലീസ് സ്റ്റേഷൻ വരെയും സ്റ്റേഷനിൽ എത്തിച്ചിട്ടും അടിച്ചു; പോലീസ് സ്റ്റേഷനിൽ വച്ച് അദ്ദേഹത്തെ മർദ്ദിച്ച് കൊലപ്പെടുത്തി. 10 മീറ്റർ നീക്കി വണ്ടി നിർത്തിയെന്ന ഗുരുതരമായ കുറ്റത്തിനാണ് നിങ്ങളുടെ പോലീസ് അദ്ദേഹത്തോട് ഈ പ്രവൃത്തി ചെയ്തത്. ഈ സംഭവത്തിൽ എന്ത് നടപടി സ്വീകരിച്ചു? വടകരയിലെ സജീവൻ, വരാപ്പുഴയിലെ ശ്രീജിത്ത്, ഇടുക്കിയിലെ രാജ്കുമാർ, തൃശ്ശൂരിലെ ഷമീർ, വിനായകൻ തുടങ്ങി എണ്ണിയാലൊടുങ്ങാത്ത കേസ്സുകൾ നിങ്ങളുടെ ഭരണകാലത്തുണ്ടായിട്ടുണ്ട്. നിസ്സാരമായ കേസിൽ പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി ക്രൂരമായി കൊലപ്പെടുത്തിയ സംഭവങ്ങളാണുണ്ടായിരിക്കുന്നത്. Gabriel Garcia Marquez-ന്റെ പ്രസിദ്ധമായ പുസ്തകമായ ' News of a Kidnapping' -ൽ കൊളംബിയയിലെ ഒരു ഗവൺമെന്റിനെക്കുറിച്ച് പറയുന്നുണ്ട്. എല്ലാ ചേരികളിലും പോയി ആളുകളെ പിടിച്ചുകൊണ്ടുപോയി കസ്റ്റഡിയിൽവച്ച് ടോർച്ചർ ചെയ്യുന്ന ഒരു ഗവൺമെന്റിനെക്കുറിച്ചാണ് ആ പുസ്തകത്തിൽ

പറയുന്നത്. ആ തരത്തിലേയ്ക്ക് നിങ്ങളുടെ ഗവൺമെന്റ് പോകരുത്. ഭർത്താവിനെ കാണാനില്ലെന്ന കാരണത്താൽ ഭാര്യയെ അറസ്റ്റുചെയ്യുന്ന കാലമാണിത്. ഭർത്താവിനെ കൊന്ന് കുഴിച്ചുമൂടിയെന്ന് ഭാര്യയെ സ്റ്റേഷനിൽ കൊണ്ടുപോയി മർദ്ദിച്ച് പറയിപ്പിക്കുകയാണ്. അതിനുശേഷം പോലീസ് ജെ.സി.ബി.-യുമായി നാട്ടുനീളെ കുഴിയെടുക്കാൻ നടക്കുകയാണ്. ഭർത്താവിനെ കൊന്ന് കുഴിച്ചുമൂടിയ സ്ത്രീ എന്നുപറഞ്ഞുകൊണ്ട് അവരെ മർദ്ദിച്ച് ജയിലലടയ്ക്കുന്നു. പിറ്റേദിവസം ഭർത്താവ് രംഗപ്രവേശം ചെയ്യുകയാണ്. നിങ്ങളുടെ പോലീസ് ചെയ്യുന്നത് എന്തൊരു നാണക്കേടാണ്. 'ഞാൻ എന്റെ ഭർത്താവിനെ കൊന്നു കുഴിച്ചുമൂടി' എന്ന് ഒരു സ്ത്രീയെ മർദ്ദിച്ച് പറയിപ്പിക്കുകയാണ്, എന്നിട്ട് നാട്ടുമുഴുവൻ സ്ഥലം തോണ്ടിക്കൊണ്ടിരിക്കുകയാണ്. വീടിന്റെ അകത്തുവരെ കുഴിച്ചിട്ടിരിക്കുകയാണ്. 'ഭർത്താവിനെ കൊന്ന പ്രതി'-യെ അറസ്റ്റുചെയ്തു എന്നുപറഞ്ഞ് പോലീസ് അവരോടൊപ്പംനിന്ന് ഫോട്ടോയെടുക്കുന്നു. എന്നിട്ടോ, രണ്ട് ദിവസം കഴിഞ്ഞ് മരിച്ചുപോയെന്ന് പറയപ്പെട്ട ആൾ തിരിച്ചുവരികയാണ്. എന്തൊരു നാണക്കേടാണിത്. 84 വയസ്സുള്ള

ഭാരതിയമ്മ എന്ന സ്ത്രീ മറ്റൊരു കേസിൽ പ്രതിയാക്കപ്പെട്ടു. കേസിനാസ്പദമായ സംഭവം കേട്ടിട്ടുപോലുമില്ലാത്ത, പാലക്കാടുള്ള 84 വയസ്സുള്ള ആ സ്ത്രീയെ പോലീസ് വീട്ടിൽവന്ന് 'ശരിയാക്കിക്കളയും' എന്ന് ഭീഷണിപ്പെടുത്തി. താൻ ഏത് കേസിലെ പ്രതിയെന്ന് മനസ്സിലാകാതെ നാല് കൊല്ലം കേസുമായി അവർ കയറിയിറങ്ങി. നാല് കൊല്ലം കഴിഞ്ഞശേഷം പോലീസ് പറയുകയാണ്, ഈ കേസ്സിലുള്ളത് നിങ്ങളല്ല 30 വയസ്സുകാരിയായ ഭാരതി എന്നുപേരുള്ള മറ്റൊരു പ്രതിയാണ് എന്ന്. "ബെസ്റ്റ് പോലീസ്". ഇത്തരത്തിൽ കേരളത്തിലുള്ളത് വളരെ നല്ല പോലീസാണ്. അങ്ങ് കുറേസമയം കേരളത്തിലെ പോലീസിനെ ശ്ലാഘിച്ചല്ലോ. ഞാൻ ഇന്നലെ പറഞ്ഞതുപോലെ പ്രധാനപ്പെട്ട സംഭവങ്ങൾക്കൊന്നും ഇവിടത്തെ പോലീസ് കേസ് രജിസ്റ്റർ ചെയ്യില്ല. വേണ്ടപ്പെട്ട ആർക്കെതിരെയും നിങ്ങൾ കേസ്സെടുക്കില്ല. ആലപ്പുഴ ജില്ലയിലൊക്കെ ഇത്തരത്തിലുള്ള എത്രയോ സംഭവങ്ങൾ നടന്നിട്ടുണ്ട്. നിങ്ങൾ പാർട്ടിയിൽ തരംതാഴ്ത്തിയതും സ്ഥാനം ഉയർത്തിയതുമൊക്കെയായി എത്ര കേസുകളാണുണ്ടായത്. എല്ലാറ്റിനും

പാർട്ടി നടപടികളാണ് സ്വീകരിച്ചത്. പോലീസിന് ഇതിലൊന്നും ഒരു കാര്യവുമില്ലേ; ആലപ്പുഴ ജില്ലാ പോലീസ് സൂപ്രണ്ട് പാർട്ടിയുടെ ആലപ്പുഴ ജില്ലാ സെക്രട്ടറിയാണോ; ഇക്കാര്യങ്ങളൊക്കെ ആലപ്പുഴ ജില്ലയിലെ പാർട്ടി സെക്രട്ടറി തീരുമാനിച്ചാൽ മതിയോ; അല്ലെങ്കിൽ ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ ആലപ്പുഴ ജില്ലാ കമ്മിറ്റിയിൽ പങ്കെടുത്ത്, സ്ത്രീകളെ അപമാനിച്ച കേസുകൾ അവിടെ മാറ്റിവച്ചാൽ മതിയോ? അങ്ങനെയെങ്കിൽ ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററെ ഡി.ജി.പി.-യായും പാർട്ടിയുടെ ആലപ്പുഴ ജില്ലാ സെക്രട്ടറിയെ അവിടത്തെ ജില്ലാ പോലീസ് സൂപ്രണ്ടായും പ്രഖ്യാപിക്കൂ. അതല്ലേ നടക്കുന്നത്? ഇപ്രകാരം എത്ര കേസുകളാണ് നടക്കുന്നത്. ലഹരിമരുന്ന് കേസുകളിലുൾപ്പെടെ എത്രയോ കേസുകളിലാണ് പോലീസ് ഇത്തരത്തിൽ ക്രൂരമായി പെരുമാറുന്നത്. ഇത്തരത്തിലുള്ള എത്രയോ നടപടികൾ ഇവിടെ എടുത്തുകാണിക്കാനുണ്ട്. പോലീസ് ഒരു കേസ് കൈകാര്യം ചെയ്തതിനെക്കുറിച്ച് ഇവിടെ പറഞ്ഞത് കേട്ടില്ലേ; യഥാർത്ഥത്തിൽ അറസ്റ്റ് നടന്നത് എപ്പോഴാണ്? ആഭ്യന്തര വകുപ്പിന്റെ ചുമതലയുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഇതുസംബന്ധിച്ച റിപ്പോർട്ട്

കിട്ടുമല്ലോ? ഇവിടെ പരാമർശിച്ച കേസിൽ അറസ്റ്റ് നടന്നത് എപ്പോഴാണെന്ന് പ്രമേയാവതരണവേളയിൽ ശ്രീ. എൻ. ഷംസുദ്ദീൻ പറഞ്ഞല്ലോ. പുലർച്ചെ 4.25-ന് പ്രതിയാക്കപ്പെട്ട ആൾ മരിക്കുന്നു, അയാളെ പ്രതിയാക്കി രാവിലെ 7.03-ന് കേസ്സെടുക്കുന്നു. മരണപ്പെട്ട് രണ്ടര മണിക്കൂറിനുശേഷം മരിച്ചുപോയ വ്യക്തിയെ ഒന്നാം പ്രതിയാക്കി പോലീസ് കേസെടുക്കുകയാണ്. ഇതെല്ലാം എഫ്.ഐ.ആർ.-ൽ രേഖപ്പെടുത്തിയ വിവരങ്ങളാണ്. താമീർ ജിഫ്രി മരിച്ച് രണ്ടര മണിക്കൂർ കഴിഞ്ഞാണ് ലഹരി കടത്തുമായി ബന്ധപ്പെട്ട കേസിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തത്. കേരളത്തിലേയ്ക്ക് ലഹരിമരുന്ന് കൊണ്ടുവരുന്ന ആളുകളെക്കുറിച്ച് നിങ്ങൾ അന്വേഷിക്കില്ലല്ലോ; ലഹരി ഉപയോഗിക്കുന്ന ആളുകളെ മുഴുവനും പോലീസ് സ്റ്റേഷനിൽവച്ച് ടോർച്ചർ ചെയ്ത് കൊല്ലാൻ ശ്രമിക്കുകയാണോ വേണ്ടത്? അങ്ങനെയെങ്കിൽ ആയിരക്കണക്കിന് ആളുകളെ നിങ്ങൾക്ക് കൊല്ലേണ്ടിവരും; കാരണം കേരളത്തിൽ ലഹരിമരുന്നിന്റെ ഉപയോഗം അത്രമാത്രം വ്യാപകമാകുകയാണ്. ലഹരി ഉപയോഗം നിയന്ത്രിക്കാൻ നിങ്ങൾക്ക് കഴിയുന്നില്ല. ലഹരിമരുന്ന്

ഉപയോഗിച്ചുവെന്നതിന്റെ പേരിൽ അറസ്റ്റ് ചെയ്ത ഒരു ചെറുപ്പക്കാരനെ എത്രമാത്രം ക്രൂരമായാണ് മർദ്ദിച്ചിരിക്കുന്നത്. കേട്ടുകേൾവി പോലുമില്ലാത്ത കാലത്തുനടന്ന രീതിയിൽ മലദ്വാരത്തിലൂടെ ലാത്തി കുത്തി കയറ്റുന്ന കസ്റ്റോഡിയൽ ടോർച്ചറാണോ നിങ്ങളുടെ കാലത്തുനടക്കുന്നത്? എന്നിട്ടാണോ നിങ്ങൾ പോലീസിനെ ഇത്തരത്തിൽ വാഴ്ത്തി പറയുന്നത്. എസ്.പി.-യുടെ നേതൃത്വത്തിലുള്ള ഡാൻസാഫ് സംഘം, killing squad ആണോ, Torture squad ആണോ; Torture Medicine എന്നൊരു ഡിപ്പാർട്ടുമെന്റുണ്ട്. പോലീസിന്റെയും പട്ടാളത്തിന്റെയും ക്രൂരമായ ടോർച്ചറുകളെ സൈക്കോളജിക്കലായും ഫിസിക്കലായും പ്രത്യേകം ട്രീറ്റ് ചെയ്യുന്ന പുതിയൊരു ബ്രാഞ്ചാണ് ടോർച്ചർ മെഡിസിൻ. കേരള പോലീസ് ഈ രീതിയിൽ മുന്നോട്ടുപോയാൽ ആരോഗ്യവകുപ്പിന് മെഡിക്കൽ കോളേജുകളിൽ ടോർച്ചർ മെഡിസിന്റെ പുതിയൊരു വിഭാഗം ആരംഭിക്കേണ്ടിവരും. അത്ര പരിതാപകരമായ നിലയിലാണ് കേരളം പൊയ്ക്കൊണ്ടിരിക്കുന്നത്. എന്താണ് ഇവിടത്തെ പ്രശ്നം? സംസ്ഥാനത്തെ പോലീസിന്റെ hierarchy പോയി. പോലീസ് ഫോഴ്സിനൊരു hierarchy ഉണ്ട്.

ഡി.ജി.പി പറഞ്ഞാൽ ഐ.ജി. കേൾക്കണം, ഐ.ജി. പറഞ്ഞാൽ ഡി.ഐ.ജി. കേൾക്കണം, ഡി.ഐ.ജി. പറഞ്ഞാൽ എസ്.പി. കേൾക്കണം, എസ്.പി. പറഞ്ഞാൽ എസ്.എച്ച്.ഒ. കേൾക്കണം. ആര് പറഞ്ഞാലാണ് ഇവരൊക്കെ കേൾക്കുന്നത്? മേലുദ്യോഗസ്ഥൻ പറഞ്ഞാൽ ഇവരൊക്കെ അനുസരിക്കുമോ? പാർട്ടിയുടെ ജില്ലാ സെക്രട്ടറി പറഞ്ഞാൽ മാത്രമെ ഇവർ അനുസരിക്കുകയുള്ളൂ. പാർട്ടിയുടെ ഏരിയാ സെക്രട്ടറി പറയുന്നതുമാത്രമെ എസ്.എച്ച്.ഒ. അനുസരിക്കുകയുള്ളൂ. ....(ബഹളം)....... നിങ്ങൾ ഇത് പൊളിട്ടിക്കലൈസ് ചെയ്ത് വഷളാക്കി.

മി. സ്പീക്കർ: യെസ്....... യെസ്.......

ശ്രീ. വി. ഡി. സതീശൻ: സർ, എന്നെക്കൊണ്ട് ഓരോ കേസിന്റെയും പേരെടുത്ത് പറയിപ്പിക്കല്ലേ? ......(ബഹളം)...... വേണമെങ്കിൽ ഞാൻ ആ കേസുകളുടെയൊക്കെ പേരെടുത്ത് പറയാം. ഒരാൾ പുറകിലിരുന്ന് എന്നോടൊരു ചോദ്യം ചോദിച്ചു. ........പേടിപ്പിക്കുകയല്ല, വേണമെങ്കിൽ അതൊക്കെ ഞാൻ പറയാം. പറയാൻ യാതൊരു ബുദ്ധിമുട്ടുമില്ല. ഇഷ്ടക്കാർക്കുവേണ്ടി പോലീസ് കേസ്സെടുക്കാത്തതിന്റെ വിവരങ്ങൾ ഞാൻ

പറയാം. ഇഷ്ടക്കാർക്കുവേണ്ടി പോലീസ് കേസ്സെടുക്കില്ല. കാരണം, പോലീസ് വകുപ്പ് ഭരിക്കുന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയല്ല. അങ്ങയുടെ ഓഫീസിലെ ഒരു ഉപജാപക സംഘമാണ് കേരളത്തിലെ പോലീസ് സേനയെ നിയന്ത്രിക്കുന്നത്. പോലീസ് ഉദ്യോഗസ്ഥരെ നിയമിക്കുന്നതും നിയന്ത്രിക്കുന്നതും എതിരാളികൾക്കെതിരെ കേസ്സെടുക്കാൻ നിർബന്ധിക്കുന്നതും അന്വേഷണ ഉദ്യോഗസ്ഥരെ സ്വാധീനിക്കുന്നതും ഇഷ്ടക്കാർക്കെതിരെ കേസ്സെടുക്കേണ്ടെന്ന് പറയുന്നതും അങ്ങയുടെ ഓഫീസിലെ ഒരു ഉപജാപക സംഘമാണ്. ആ ഉപജാപക സംഘം ആഭ്യന്തര വകുപ്പിനെയും കേരളത്തിലെ പോലീസ് സേനയെയും ഹൈജാക്ക് ചെയ്തിരിക്കുകയാണ്. കേരളത്തിലെ പോലീസ് ഫോഴ്സിനാവശ്യമായ hierarchy നഷ്ടപ്പെട്ടിരിക്കുന്നു. പരിതാപകരമായ അവസ്ഥയിലാണ് സംസ്ഥാനത്തെ പോലീസ് വകുപ്പ് പ്രവർത്തിക്കുന്നത്. സ്കോട്ട്ലൻഡ് യാർഡിനെ വെല്ലുന്ന പോലീസ് സേനയെന്ന് ഒരു കാലത്ത് അഭിമാനത്തോടെ അറിയപ്പെട്ടിരുന്ന കേരള പോലീസ് അങ്ങയുടെ ഭരണകാലത്ത് പരിഹാസ്യമായ നിലയിലേയ്ക്ക് മാറിയിരിക്കുന്നു.

അതിന്റെയെല്ലാം ഉല്പന്നമാണ് ഈ ചെറുപ്പക്കാരന്റെ ക്രൂരമായ കസ്റ്റഡി മരണം. ഈ വിഷയത്തെ ലാഘവത്തോടെ കൈകാര്യം ചെയ്യുകയും ഇപ്പോഴും പോലീസിനെ സ്തുതിക്കുകയും ശ്ലാഘിക്കുകയും പോലീസ് ഇനിയും ഇത്തരം കാര്യങ്ങൾ ചെയ്താൽ പ്രശ്നമില്ലെന്ന രീതിയിൽ സംസാരിക്കുകയും ചെയ്യുന്ന ഈ സർക്കാരിന്റെ നടപടിയിലും സമീപനത്തിലും ശക്തിയായി പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, വളരെ ഗൗരവമായ പ്രശ്നമാണ് ഇവിടെ സംഭവിച്ചിരിക്കുന്നത്. അടിയന്തര പ്രമേയാവതരണത്തിന് കാരണമായ കസ്റ്റഡി മരണവുമായി ബന്ധപ്പെട്ട കേസ് ഇന്നലെത്തന്നെ സി.ബി.ഐ.-ക്ക് വിടാൻ തീരുമാനമായി. അത് വലിയൊരു തീരുമാനമാണെന്ന നിലയിലാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിച്ചത്. പോലീസ് മേധാവിയുടെ ശിപാർശയനുസരിച്ച് ഈ കേസ് സി.ബി.ഐ.-ക്ക് വിട്ടുവെന്നാണ് പറയുന്നത്. അത് ഏത് പോലീസ് മേധാവിയാണ്

ചെയ്തതെന്ന് അറിയില്ല, എസ്.പി. തന്നെയാണോ അങ്ങനെ ശിപാർശ ചെയ്തതെന്നും എനിക്കറിയില്ല. എസ്.പി. തന്നെയാണ് ഇങ്ങനെയൊരു ശിപാർശ നൽകിയതെങ്കിൽ വിശേഷമായി. കാരണം, എസ്.പി.-ക്ക് എത്രയുംവേഗം ഈ കേസ് സി.ബി.ഐ.-ക്ക് വിടുന്നതാണ് നല്ലതെന്ന് തോന്നിയത് കൊണ്ടാണോ എന്നും ഏത് മേധാവിയാണ് ഇതിന് ശിപാർശ ചെയ്തതെന്നും എനിക്കറിയില്ല. ഇവിടത്തെ പ്രധാന ആരോപണംതന്നെ എസ്.പി.-യുടെ സ്ക്വാഡിനെക്കുറിച്ചാണ്. മാത്രമല്ല, പ്ലാസ്റ്റിക് ഉൾപ്പെടെ മയക്കുമരുന്ന് വിഴുങ്ങി മരിച്ചെന്നാണ് ആദ്യഘട്ടത്തിൽ ഞങ്ങളോടെല്ലാം പറഞ്ഞത്. മയക്കുമരുന്നിന്റെ പ്ലാസ്റ്റിക് അടക്കം വിഴുങ്ങി മരിച്ചതാണെങ്കിൽ പോസ്റ്റ്മോർട്ടം റിപ്പോർട്ട് വന്നതിനുശേഷം ആ വിഷയത്തിൽ ഗൗരവമായി ഇടപെട്ടാൽ മതിയെന്ന് പ്രതിപക്ഷം ആ ഘട്ടത്തിൽ നിലപാടെടുത്തതുമാണ്. മയക്കുമരുന്ന് വിഴുങ്ങിയത് വായിലൂടെയല്ലെന്നുള്ള വാർത്തകളാണ് ഇപ്പോൾ പുറത്തുവന്നിരിക്കുന്നത്. മരണപ്പെട്ട ആളുതന്നെ മയക്കുമരുന്ന് കുത്തികയറ്റി മുറിവ് ഉണ്ടാക്കിയതാണെന്ന് പറഞ്ഞാൽ ഇതൊക്കെ എങ്ങനെയാണ് വിശ്വസിക്കുന്നത്? പോലീസ് വൻതോതിൽ

അതിക്രമം നടത്തിയിരുന്ന കാലത്തെ സംഭവങ്ങളുടെ ഗണത്തിൽപ്പെടുത്താവുന്ന തരത്തിലുള്ള കസ്റ്റഡി കൊലപാതകമാണിത്. ലക്ഷണമൊത്ത കസ്റ്റഡി കൊലപാതകം എന്ന് അതിനെ വിശേഷിപ്പിക്കാവുന്നതാണ്. എഫ്.ഐ.ആർ.-ൽ പറഞ്ഞിരിക്കുന്നത് മുഴുവൻ നുണയാണ്. അതായത്, ചേളാരിയിൽ നിന്ന് പിടിച്ച ആളെ താനൂർ പാലത്തിന്റെ ചുവട്ടിൽനിന്ന് പിടിച്ചുവെന്ന് റെക്കോർഡിൽ എഴുതിവച്ചിരിക്കുകയാണ്. വസ്തുതകൾ അങ്ങനെയൊന്നുമല്ലെന്നും അതിനും മൂന്നുനാല് ദിവസം മുമ്പ് അറസ്റ്റ് ചെയ്തതാണെന്നും നിരന്തരം അദ്ദേഹത്തെ മർദ്ദിക്കുകയായിരുന്നുവെന്നുമാണ് പറയപ്പെടുന്നത്. പഴയകാലങ്ങളിൽ കസ്റ്റഡിയിലെടുക്കുന്നവരെ ഓരോ ക്യാമ്പുകളിൽ കൊണ്ടുപോയി ഉരുട്ടിക്കൊല്ലുമായിരുന്ന എന്നൊക്കെ കേട്ടിട്ടുള്ള രീതിയിലുള്ള കേസ്സാണിത്. അതുപോലെ ഇദ്ദേഹത്തെയും ഒരു ക്യാമ്പിൽ കൊണ്ടുപോയി മർദ്ദിച്ചതിന്റെ എല്ലാ തെളിവും വാർത്താമാധ്യമങ്ങൾ പുറത്തുകൊണ്ടുവന്നിരിക്കുകയാണ്. ഇക്കാലത്തും ഇങ്ങനെയൊരു സംഭവം നടക്കുമോ? അവിശ്വസനീയമായ കാര്യങ്ങളാണ് ഇവിടെ നടന്നിരിക്കുന്നത്. ഉരുട്ടിക്കൊലയുടെയും മർദ്ദന

മരണങ്ങളുടെയുമൊക്കെ ചരിത്രം പരിശോധിച്ചാൽ ഉയർന്ന പോലീസ് ഉദ്യോഗസ്ഥർ കൊടുക്കുന്ന പ്രോത്സാഹനത്തിന്റെ അടിസ്ഥാനത്തിലാണ് ഇത്തരം കൊലപാതകങ്ങൾ നടക്കുന്നത് എന്ന് മനസ്സിലാകും. ഇവിടെയും അങ്ങനെതന്നെയാണ് സംഭവിച്ചിരിക്കുന്നത്. അല്ലാതെ സാധാരണക്കാരായ കുറച്ച് പോലീസുകാരെയോ എസ്.ഐ.-യെയോ മാത്രം സസ്പെൻഡ് ചെയ്തതുകൊണ്ട് യാതൊരു കാര്യവുമില്ല.

കസ്റ്റഡി മരണങ്ങളുടെ പഴയകാല ചരിത്രം പരിശോധിച്ചാൽ ഡാൻസാഫ് സ്ക്വാഡുപോലുള്ള ധാരാളം സ്ക്വാഡുകളെക്കുറിച്ച് അറിയാൻ സാധിക്കും. ഇതൊക്കെ എന്തിനുവേണ്ടി രൂപീകരിച്ചതാണെന്ന് അറിയില്ല. അത്തരത്തിലുള്ള ഒരു സ്ക്വാഡ് നേരിട്ട് ഒരാളെ കസ്റ്റഡിയിലെടുത്ത് ഒരു ക്യാമ്പിൽ കൊണ്ടുപോയി മർദ്ദിച്ചു. മരിച്ചതിനുശേഷമാണ് പോലീസ് സ്റ്റേഷനിലേയ്ക്ക് കൊണ്ടുവന്നതെന്നാണ് പറയപ്പെടുന്നത്. ഇയാളെ വർക്ക്ഷോപ്പുപോലുള്ള സ്ഥലത്ത് കൊണ്ടുപോയി മർദ്ദിച്ച് കൊല ചെയ്തു. മൃതദേഹത്തിൽ എത്ര മുറിവുകളാണുള്ളത്? മാത്രമല്ല, പുറത്തുപറയാൻ പറ്റാത്ത തരത്തിലുള്ള മുറിവുകളാണ് മൃതദേഹത്തിലുള്ളത്. ആ

മുറിവുകളെക്കുറിച്ച് പറയുമ്പോൾതന്നെ ഞെട്ടിപ്പോവുകയാണ്. ഇത്തരം കാര്യങ്ങൾ ഒരു എസ്.പി.-യുടെ നേതൃത്വത്തിലുള്ള സ്ക്വാഡ് നേരിട്ട് ചെയ്തുവെന്ന് പറയുമ്പോൾ ഇതൊക്കെ കേരളത്തിൽ തന്നെയാണോ നടന്നതെന്ന് വിശ്വസിക്കാൻ കഴിയുന്നില്ല. അത്രയ്ക്കും ഭീകരമായ സംഭവമാണ് ഇവിടെ നടന്നിരിക്കുന്നത്. ഈ കേസ് സി.ബി.ഐ.-ക്ക് വിട്ടിട്ട് രക്ഷപ്പെടാനുള്ള പരിപാടിയാണോ എന്നറിയില്ല. എസ്.പി.-യും എസ്.പി.-യുടെ നേതൃത്വത്തിലുള്ള സ്ക്വാഡും എന്താണ് ചെയ്തതെന്ന കാര്യങ്ങൾ ഗൗരവമായി പരിശോധിക്കപ്പെടണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിനെക്കുറിച്ച് സ്പെസിഫിക്കായി മറുപടി പറഞ്ഞില്ല. അത്തരം കാര്യങ്ങളുണ്ടെങ്കിൽ അത് പരിശോധിക്കുമെന്ന് മാത്രം പറഞ്ഞു. ഇങ്ങനെ കൊല്ലുന്നത് എന്തിനാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഇതിന് ആസ്പദമായ വിഷയം മയക്കുമരുന്ന് പിടിച്ചതാണെങ്കിൽ അക്കാര്യത്തിൽ ആരെങ്കിലും ഇടപെടുമോ; അത്തരം കേസുകളിൽ ആരും ഇടപെടില്ല. പക്ഷെ, ഇത്ര ദയനീയമായി കൊല ചെയ്യേണ്ട കാര്യമുണ്ടായിരുന്നോ; ഈ കാലത്ത് നടക്കാൻ പാടില്ലാത്ത, പഴയകാലത്ത് കേട്ടിരുന്ന ഉരുട്ടിക്കൊലപോലെ,

ഇരുട്ടറയിൽ കൊണ്ടിട്ട് മർദ്ദിച്ച് കൊന്ന കേസ്സാണെന്നാണ് സാക്ഷികൾ പറയുന്നത്. ചേളാരിയിലുള്ള ബിൽഡിംഗിന്റെ ഉടമ പറയുന്നത് കുറേ ദിവസം മുമ്പ് ഇയാളെ ഇവിടെനിന്നും കൊണ്ടുപോയെന്നാണ്. ഈ കേസിൽ എന്താണ് നടന്നിരിക്കുന്നതെന്നത് വളരെ ഗൗരവമുള്ള വിഷയമാണ്. എസ്.പി.-യും എസ്.പി.-യുടെ സ്ക്വാഡും അമിതാവേശം കാണിച്ചതിന്റെ ഫലമായി വന്നൊരു കേസാണ് ഇതെന്നാണ് പറയപ്പെടുന്നത്. ഇന്നല്ലെങ്കിൽ നാളെ സത്യം പുറത്തുവരും; യാതൊന്നും മൂടി വയ്ക്കാൻ കഴിയില്ല. വാർത്താമാധ്യമങ്ങൾതന്നെ സാക്ഷികളാണ്. വളരെ ഗൗരവമുള്ള ഈ പ്രശ്നത്തിന്റെ അന്വേഷണ ചുമതല സി.ബി.ഐ.-ക്ക് കൊടുത്തത് ഐ.പി.എസ്. ഓഫീസർമാരാണ്. അങ്ങനെയുണ്ടാവാൻ പാടില്ലല്ലോ; സാധാരണക്കാരന്റെ ജീവന് വിലയുണ്ടെന്ന് മാത്രമല്ല, അയാൾ വളരെ ചെറുപ്പക്കാരനുമാണ്. അദ്ദേഹത്തിന്റെ യാതൊരു ഗതിയുമില്ലാത്ത കുടുംബത്തിന് ഇങ്ങനെയൊരു അവസ്ഥ വന്നത് വളരെ ദയനീയമാണ്. ഈ കാര്യത്തിൽ സത്യം പുറത്തുവരണം. സി.ബി.ഐ.-ക്ക് ഇതിന്റെ അന്വേഷണം വിട്ടുകൊണ്ടുമാത്രം ഈ കേസ്സിൽ നീതിയുണ്ടായി എന്ന്

പറയാൻ കഴിയില്ല. ഈ കൊലപാതകം എസ്.പി.-യുടെ സ്ക്വാഡ് നേരിട്ട് ചെയ്തതാണെന്ന ആക്ഷേപമുണ്ട്. എസ്.പി. തന്നെയാണ് അവിടെ പ്രതിയായി വരുന്നത്. അതുകൊണ്ട് ഈ വിഷയം ഗൗരവത്തോടെ പരിഗണിക്കണമെന്നും എസ്.പി.-യുടെ പേരിൽ നടപടിയെടുക്കണമെന്നുമാണ് അടിയന്തരപ്രമേയത്തിലൂടെ ഞങ്ങൾ ആവശ്യപ്പെട്ടിരിക്കുന്നത്. വളരെ മിതവും ന്യായവുമായ ഒരു ആവശ്യമാണിത്. ആ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. മോൻസ് ജോസഫ്: സർ, താനൂർ പോലീസ് സ്റ്റേഷനിലെ കസ്റ്റഡി മരണം പോലീസിന്റെ ഭാഗത്തുനിന്നുമുണ്ടായ ഗുരുതരമായ വീഴ്ചയാണ്. അതിൽ എസ്.പി അടക്കമുള്ളവർ പ്രതിസ്ഥാനത്ത് നിൽക്കുന്നതായി പ്രതിപക്ഷം ചൂണ്ടിക്കാണിച്ചിട്ടും വസ്തുതാപരമായ നിലപാട് സ്വീകരിക്കുവാൻ സർക്കാർ തയ്യാറായില്ലെന്നാണ് ബഹുമാനപ്പെട്ട

മുഖ്യമന്ത്രിയുടെ മറുപടിയിൽനിന്നും വ്യക്തമാകുന്നത്. സർക്കാർ എസ്.പി. അടക്കമുള്ളവരെ സംരക്ഷിക്കുന്ന നിലപാട് സ്വീകരിക്കുന്നത് തീർച്ചയായും പ്രതിഷേധാർഹമാണ്. സർക്കാരിന്റെ ഈ നിലപാട് തിരുത്തുവാനും പ്രതിസ്ഥാനത്ത് നിൽക്കുന്നതായി ചൂണ്ടിക്കാണിച്ചിരിക്കുന്ന എസ്.പി. അടക്കമുള്ള ഉന്നതപോലീസ് ഉദ്യോഗസ്ഥരെ മാറ്റി നിർത്തി അന്വേഷണം നടത്താനും ഇനിയെങ്കിലും സർക്കാർ തയ്യാറാകണം. ഇതിന് തയ്യാറാകാത്ത സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് ഞങ്ങൾ ഈ വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. അനൂപ് ജേക്കബ്: സർ, കേരളത്തിൽ കസ്റ്റഡി മരണങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യമാണ് നിലവിലുള്ളത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സൂചിപ്പിച്ചതുപോലെ തൃപ്പൂണിത്തുറയിലെ മനോഹരൻ എന്ന യുവാവിന്റെ മരണം സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഞാൻ പരാതി നൽകിയിരുന്നതാണ്. ബൈക്ക് യാത്രയ്ക്കിടെ പോലീസ് കൈ

കാണിച്ചപ്പോൾ ബൈക്ക് നിർത്തിയില്ലെന്ന കാരണത്താൽ ഇയാളെ പോലീസ് റോഡിൽ വച്ച് മർദ്ദിക്കുന്നു. തുടർന്ന്, പോലീസ് സ്റ്റേഷനിൽ കൊണ്ടുപോവുകയും അവിടെ വച്ച് ഇയാൾ കുഴഞ്ഞു വീണ് മരണപ്പെടുകയുമാണ് ചെയ്തത്. തൃപ്പൂണിത്തുറ ഹിൽപാലസിലെ എസ്.എച്ച്.ഒ., പരാതിയുമായി ചെല്ലുന്നവരോട് അപമാനകരമായ നിലയിൽ പെരുമാറുന്നുവെന്ന് വ്യാപകമായ പരാതിയുണ്ട്. ഇക്കാര്യത്തിൽ യാതൊരു നടപടിയുമുണ്ടായിട്ടില്ല. ട്രാഫിക് വയലേഷനുണ്ടെങ്കിൽപ്പോലും അതിന്റെ പേരിൽ മർദ്ദിക്കുന്ന പോലീസ് സംവിധാനം ഇന്ന് കേരളത്തിൽ ഉടലെടുത്തിരിക്കുന്നുവെന്നത് വളരെ ഗുരുതരമായ വിഷയമാണ്. ഇങ്ങനെ എത്രയോ നിരപരാധികളാണ് പോലീസിന്റെ മർദ്ദനത്തിനും അപമാനത്തിനും ഇരയായിക്കൊണ്ടിരിക്കുന്നതെന്നത് വളരെ ഗൗരവമായി കാണേണ്ട കാര്യമാണ്. തൃപ്പൂണിത്തുറ ഹിൽപാലസ് പോലീസ് സ്റ്റേഷനിലുണ്ടായ മരണം കസ്റ്റോഡിയൽ ഡെത്തിന്റെ പരിധിയിൽ കൊണ്ടുവരാതെ കുഴഞ്ഞുവീണു മരിച്ചുവെന്ന നിലയിലേയ്ക്ക് മാറ്റിക്കൊണ്ടുപോവുകയാണ്. പോലീസുകാർ തന്നെ കേസുകൾ തേയ്ച്ചുമായ്ച്ച

കളഞ്ഞാൽ സാധാരണക്കാർക്ക് എങ്ങനെയാണ് നീതി ലഭിക്കുന്നത്? താനൂർ സ്റ്റേഷനിലുണ്ടായിരിക്കുന്ന താമിർ ജിഫ്രി എന്ന യുവാവിന്റെ മരണം അതിലേയ്ക്ക് വെളിച്ചം വീശുന്ന ഒന്നാണ്. ഈ കേസ്സന്വേഷണം സി.ബി.ഐ.-ക്ക് വിടുമ്പോൾ മലപ്പുറം എസ്.പി.-യെ മാറ്റി നിർത്തിക്കൊണ്ട് അന്വേഷണം നടത്തണം. കേരളം മയക്കുമരുന്നിന്റെ ഹബ്ബായി മാറുന്നുവെന്നതാണ് ഈ വിഷയം പുറത്തുകൊണ്ടുവരുന്നതുവഴി മനസ്സിലാക്കാൻ സാധിക്കുന്നത്. മയക്കുമരുന്ന് സാർവ്വത്രികമായി മാറിയിരിക്കുകയാണ്. അത് നമ്മുടെ നാട്ടിൽ വലിയ രീതിയിൽ ദുരന്തം വിതച്ചുകൊണ്ടിരിക്കുന്നു. അത്തരം വിഷയങ്ങളിൽ സർക്കാർ ഇടപ്പെടുന്നില്ല. മയക്കുമരുന്നു വ്യാപനത്തിന് തടയിടുന്നതിൽ പൂർണ്ണമായി പരാജയപ്പെട്ടിരിക്കുന്നു. പോലീസ് കസ്റ്റഡിയിലെടുത്ത് മർദ്ദിക്കുന്നതും കസ്റ്റഡി മരണങ്ങൾ ആവർത്തിക്കുന്നതുമായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി. സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ വീണ്ടും ഹാജരായി.)

[10.52 AM]

III. ശ്രദ്ധക്ഷണിക്കൽ

(1) ഭൂമി തരം മാറ്റലുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽവരുന്ന ഭൂമിയുടെ തരം മാറ്റലുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും ഇതിന് വിധേയരാകുന്ന ആളുകൾ ഇന്ന് നേരിടുന്ന പ്രയാസങ്ങളെക്കുറിച്ചുമാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെയും സഭയുടെയും ശ്രദ്ധക്ഷണിക്കാനുള്ളത്. നമ്മുടെ നാട്ടിലെ നെൽവയലുകളും തണ്ണീർത്തടങ്ങളും പൂർണ്ണമായി നികത്തുന്നതിലൂടെ ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ ഒഴിവാക്കുകയെന്ന ലക്ഷ്യം മുൻനിർത്തിയാണ് 2008-ൽ ഇത്തരത്തിലൊരു നിയമം കൊണ്ടുവന്നത്. 8 ലക്ഷം ഏക്കറോളമുണ്ടായിരുന്ന നെൽവയൽ ഇപ്പോൾ 2 ലക്ഷം ഹെക്ടർ

മാത്രമായി കുറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് ഇത്തരമൊരു നിയമം കൊണ്ടുവരാനിടയായത്. ഇന്നും യാതൊരുവിധ മാനദണ്ഡവും കണക്കിലെടുക്കാതെ നിരവധി തണ്ണീർത്തടങ്ങൾ നികത്തുന്നതിന്റെ ഭാഗമായി കൊണ്ടുവന്ന നിയമമാണിത്. 2008-ലെ ഈ നിയമം പ്രാബല്യത്തിൽ വരുന്നതിനുമുമ്പുതന്നെ നമ്മുടെ നാട്ടിൽ തരംമാറ്റപ്പെട്ട നിരവധി സ്ഥലങ്ങളുണ്ടായിരുന്നു. പ്രത്യേകിച്ച് കോഴിക്കോട്-മലബാർ പ്രദേശങ്ങളിൽ ഇത്തരത്തിൽ നിരവധി പ്രദേശങ്ങൾ തരംമാറ്റി വീട് നിർമ്മിച്ചെങ്കിലും ഇപ്പോഴും പല പ്രശ്നങ്ങൾ നിലനിൽക്കുകയാണ്. അക്കാര്യങ്ങൾ കണക്കിലെടുത്തുകൊണ്ടും നിയമത്തിൽ മുൻകാലപ്രബാല്യം നൽകിക്കൊണ്ടും 1967-നുമുമ്പ് നികത്തിയ സ്ഥലങ്ങളെ പ്രത്യേകം കണക്കിലെടുക്കണമെന്ന് പറയുന്നത് ശരിയായ നടപടിയല്ല. കാരണം, 2008-ലാണ് പ്രസ്തുത നിയമം പ്രാബല്യത്തിൽ വരുന്നത്. ഇവയെല്ലാം അതിനുമുമ്പ് നികത്തിയ സ്ഥലങ്ങളാണ്. ഇതിൽ ഏറ്റവും വലിയ തമാശയെന്ന് പറയുന്നത്, BTR (Basic Tax Register) ഉപയോഗിച്ചാണ് ഇത് പരിശോധിക്കുന്നത്. ഇത് 1934-ൽ ബ്രിട്ടീഷുകാരുടെ കാലഘട്ടത്തിൽ

കൊണ്ടുവന്ന രജിസ്റ്ററാണെന്നാണ് തോന്നുന്നത്. സാധാരണഗതിയിൽ ആ രജിസ്റ്ററിൽ സൂചിപ്പിച്ചിരിക്കുന്ന കാര്യങ്ങളാണ് പരിശോധിക്കുന്നത്. ടി രജിസ്റ്ററിൽ ഭൂമിയിലെ ഒട്ടുമിക്ക പ്രദേശങ്ങളും നിലമായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് പരിശോധിക്കുന്നതിലേയ്ക്കായി ലോക്കൽ ലെവൽ മോണിറ്ററിംഗ് കമ്മിറ്റി (എൽ.എൽ.എം.സി.)-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷനും വില്ലേജ് ഓഫീസറും അഗ്രികൾച്ചറൽ ഓഫീസറും സംയുക്ത പരിശോധന നടത്തിയശേഷമാണ് ഇതിനൊരു തീരുമാനമെടുക്കേണ്ടത്. പ്രസ്തുത സ്ഥലം തരംമാറ്റിയത് 2008-ന് മുമ്പാണോ അതോ അതിനുശേഷമാണോ എന്നീ കാര്യങ്ങൾ പരിശോധിച്ചശേഷമാണ് തീരുമാനമെടുക്കുന്നത്. പക്ഷേ, കൃത്യമായ റിപ്പോർട്ടുകൾ കൊടുത്താൽപ്പോലും ഭൂമി തരംമാറ്റത്തിന് അനുവദിക്കുന്നില്ലെന്ന പ്രയാസം നിലനിൽക്കുകയാണ്. ഏറ്റവും കൂടുതൽ അഴിമതിക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന ഒട്ടേറെ പ്രശ്നങ്ങളും നിലവിലുണ്ട്. നമ്മുടെ നാട്ടിലെ സർവ്വസ്ഥലങ്ങളിലും 'ഭൂമി തരംമാറ്റിക്കൊടുക്കുന്നതാണ്' എന്നുള്ള

ബോർഡുകൾ കാണാൻ സാധിക്കും. സാധാരണക്കാരെ സംബന്ധിച്ചടത്തോളം ഈ നിയമത്തെക്കുറിച്ച് അറിവുണ്ടായിരിക്കുകയില്ല. അത്തരം സാഹചര്യത്തിൽ അനുമതി ലഭിക്കാതെവരുമ്പോൾ ആളുകൾ കോടതിയെ സമീപിക്കുകയും നിഷ്പ്രയാസം കോടതിവിധി നേടുകയും ചെയ്യും. നിയമപരമായി ഭൂമി തരംമാറ്റുന്നതിന് വർഷങ്ങളോളം കാത്തിരിക്കേണ്ട അവസ്ഥയാണുള്ളത്. ഇതിന്റെ പേരിൽ ആളുകൾ വലിയ ദുരിതമാണ് അനുഭവിച്ചുകൊണ്ടിരിക്കുന്നത്. എൽ.എൽ.എം.സി. പരിശോധന നടത്തുമ്പോൾ അവിടത്തെ സ്ഥിതിവിവര കണക്കുകളുടെ റിപ്പോർട്ടുകൾ തയ്യാറാക്കിയശേഷമാണ് അനുമതി കൊടുക്കുന്നത്. ഇതിനായി സ്ഥലം ആർ.ഡി.ഒ.-യ്ക്കാണ് ചുമതല നൽകിയിരിക്കുന്നത്. ഈ വിഷയവുമായി ബന്ധപ്പെട്ട് ഇന്ന് സഭയിൽ അവതരിപ്പിക്കുന്ന ബില്ലിന്മേൽ ഭേദഗതി അവതരിപ്പിക്കുന്നുണ്ട്; അത് നല്ല കാര്യമാണ്. ഡെപ്യൂട്ടി കളക്ടർമാർക്കുകൂടി ഇതിനുള്ള ചുമതല നൽകിക്കൊണ്ടുള്ള ഉത്തരവ് ഇന്ന് നിയമസഭയിൽ പാസ്സാക്കുമെന്നാണ് മനസ്സിലാക്കുന്നത്. പക്ഷേ, അതുമാത്രം പോരാ; എനിക്കുള്ള നിർദ്ദേശം, അതൊരു പ്രത്യേക ഓഫീസായി പരിഗണിക്കണം.

അതല്ലാതെ വെറുതെ ഒരു ഡെപ്യൂട്ടി കളക്ടറെ ചുമതലപ്പെടുത്തിയതുകൊണ്ട് യാതൊരു കാര്യവുമില്ല. ഇതിലേയ്ക്കായി വളരെയധികം ഉത്തരവാദിത്വവും ചുമതലകളുമുള്ള ഒരു ആർ.ഡി.ഒ.-യെ ചുമതലപ്പെടുത്തിയതുകൊണ്ട് പ്രയോജനമുണ്ടാവില്ല. അവിടെയൊക്കെ വർഷങ്ങളായി കെട്ടികിടക്കുന്ന നിരവധി ഫയലുകളുണ്ട്. കോഴിക്കോട് ജില്ലയിൽ മാത്രം ഏകദേശം 25000-ത്തോളം അപേക്ഷകളുണ്ട്. കേരളത്തിൽ ഏകദേശം 2 ലക്ഷത്തിലധികം അപേക്ഷകൾ കെട്ടികിടക്കുന്നുണ്ട്. നിരവധി ഭേദഗതികൾ വന്നിട്ടുള്ള ഈ നിയമത്തിൽ ഇപ്പോൾ പുതിയൊരു ഭേദഗതി കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. പ്രസ്തുത നിയമത്തിൽ ഇനിയും ഒരുപാട് മാറ്റങ്ങൾ ഉണ്ടാകേണ്ടതുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതി ഇതുമായി ബന്ധപ്പെട്ട വിധിന്യായത്തിൽ പറഞ്ഞിട്ടുള്ളത്, 25 സെന്റ് വരെയുള്ള സ്ഥലം നികത്തുന്നതിന് പണം അടയ്ക്കേണ്ടതില്ലെന്നാണ്. അത് എല്ലാതരത്തിലും നല്ലൊരു വിധിയാണ്. എന്തെങ്കിലും ചെയ്യുക എന്നതല്ല, പ്രസ്തുത നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് വിരുദ്ധമായി, പണം അടച്ചാൽ നിലം നികത്താമെന്നും അല്ലെങ്കിൽ നികത്താൻ പാടില്ലെന്നും പറയുന്നതിൽ

അർത്ഥമില്ല. നെൽവയൽ സംരക്ഷിക്കപ്പെടുന്നതിനുവേണ്ടിയാണ് ഈ നിയമം കൊണ്ടുവന്നിട്ടുള്ളത്. ഈ സാഹചര്യത്തിൽ പ്രസ്തുത നിയമം കൃത്യമായി പാലിക്കാൻ സാധിക്കണം. അതുകൂടാതെ സമയബന്ധിതമായി അനുമതി കൊടുക്കുമെന്നുള്ള തീരുമാനംകൂടി ഉണ്ടാകണം. ലാൻഡ് ട്രൈബ്യൂണലുകളിൽ വലിയ തോതിൽ ഇടപെടലുകൾ നടത്തിയതിന്റെ ഭാഗമായി കുറഞ്ഞ കാലയളവിനുള്ളിൽ ഇത്തരത്തിലുള്ള ധാരാളം കേസുകൾ പരിഹരിക്കാൻ സാധിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇക്കാര്യം പ്രത്യേകം പരിശോധിക്കണം. നിരവധി പേർ ഈ പ്രശ്നവുമായി ബന്ധപ്പെട്ട് പ്രയാസപ്പെടുന്നുണ്ടെന്ന കാര്യം മറക്കരുത്. ഈ രംഗത്ത് വ്യാപകമായിക്കൊണ്ടിരിക്കുന്ന അഴിമതി തുടച്ചുനീക്കാനുള്ള നടപടികൂടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, വിശാലമായ വിഷയത്തിന്റെ സമഗ്ര മേഖലകളെ അപഗ്രഥിച്ചുകൊണ്ടാണ് ബഹുമാനപ്പെട്ട അംഗം ഈ വിഷയം സഭ മുമ്പാകെ ഉന്നയിച്ചത്. അദ്ദേഹം സൂചിപ്പിച്ചതുപോലെ ഇന്ന് നിയമനിർമ്മാണ വേളയിൽ അവതരിപ്പിക്കുന്ന

ആദ്യത്തെ ബിൽ നെൽവയൽ തണ്ണീർത്തട നിയമത്തിന്റെ നടപടിക്രമങ്ങളിൽ ഭേദഗതി വരുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. അതിൽ ഇക്കാര്യങ്ങൾ വിശദമായി ചർച്ച ചെയ്യാമെന്നുള്ളതുകൊണ്ട് ദീർഘമായ മറുപടി ഇപ്പോൾ ആവശ്യമില്ലെന്ന് കരുതുന്നു. മാത്രമല്ല, നിയമത്തെ അപഗ്രഥിച്ചുകൊണ്ട് ചോദിക്കേണ്ട ചോദ്യങ്ങളും അതിന് ഞാൻ നൽകേണ്ട ഉത്തരവും ബഹുമാനപ്പെട്ട അംഗം തന്നെ നൽകിയതുകൊണ്ട് എനിക്ക് ആ കർത്തവ്യം കുറച്ച് ചെയ്താൽ മതിയാകും. അങ്ങിവിടെ സൂചിപ്പിച്ചതുപോലെ ഇക്കാര്യങ്ങളെല്ലാം ബി.റ്റി.ആർ. പ്രകാരമല്ല, പ്രസിദ്ധീകരിക്കപ്പെട്ട ഡാറ്റാ ബാങ്കിനെ ആസ്പദമാക്കിയാണ് നിശ്ചയിക്കുന്നത്. പണം കൊടുത്താൽ നികത്താനും പണം കൊടുക്കാതിരുന്നാൽ നികത്താതിരിക്കാനുമുള്ള വ്യവസ്ഥ ഇതിലില്ല. നെൽവയൽ തണ്ണീർത്തട നിയമമനുസരിച്ച് പഞ്ചായത്ത് പ്രദേശത്ത് പത്ത് സെന്റും മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്ത് അഞ്ച് സെന്റും, ഭൂരഹിതർക്ക് വീടുവയ്ക്കാനും പൊതു ആവശ്യത്തിനുംവേണ്ടി, നികത്താൻ മാത്രമെ എൽ.എൽ.എം.സി.-ക്ക് ശിപാർശ ചെയ്യാൻ സാധിക്കുകയുള്ളൂ. വീട്

വയ്ക്കുന്നതിന് നിലം നികത്താൻ അനുമതി നൽകേണ്ടത് ജില്ലാ കളക്ടർ ചെയർമാനായ ഡി.എൽ.എം.സി. (ഡിസ്ട്രിക്റ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി)-യും, പൊതു ആവശ്യത്തിന് നിലം നികത്താൻ അനുവാദം നൽകേണ്ടത് സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയുമാണ്. തണ്ണീർത്തടങ്ങളോ അതുമായി ബന്ധപ്പെട്ട സംഭവങ്ങളോ നികത്താനോ രൂപന്തരപ്പെടുത്തനോ യാതൊരു അവകാശവുമില്ല. തയ്യാറാക്കിയ ഡാറ്റാ ബാങ്ക് പ്രകാരമാണ് ഫോം നമ്പർ 5, 6, 7, 9 അപേക്ഷകളിലായി ഇക്കാര്യങ്ങൾ തീരുമാനിക്കുന്നത്. സർക്കാർ ഇക്കാര്യത്തിൽ നല്ല ശ്രദ്ധ കാണിക്കുന്നുണ്ട്. യഥാർത്ഥത്തിൽ ധാരാളം അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. 2021 ഫെബ്രുവരി മാസം സർക്കാർ സ്വീകരിച്ച തീരുമാനത്തിന്റെ ഭാഗമായി 25 സെന്റ് വരെയുള്ള അപേക്ഷകൾക്ക് പണം കൊടുക്കേണ്ടതില്ലെന്ന് നിശ്ചയിക്കപ്പെട്ടപ്പോൾ ഓഫ്‌ലൈനായി ധാരാളം അപേക്ഷകൾ ലഭിക്കുകയുണ്ടായി. ഓഫ് ലൈനായി ലഭിച്ച 226901 അപേക്ഷകളിൽ 222791 അപേക്ഷകളിന്മേലും തീർപ്പുകൽപ്പിച്ചിട്ടുണ്ട്. ഇനി അവയിൽ 4110 അപേക്ഷകൾ മാത്രമാണ് ബാക്കിയുള്ളത്. അതിൽ പലതും പണമടയ്ക്കാനോ

രേഖാപരമായി അനുമതി നൽകാനോ സാധിക്കാത്തവയാണ്. തട്ടിപ്പുകൾ ഒഴിവാക്കാനാണ് 2022 ഫെബ്രുവരി മാസം മുതൽ അപേക്ഷകൾ ഓൺലൈനിലൂടെ സ്വീകരിക്കാൻ നടപടി ആരംഭിച്ചത്. ഇപ്പോൾ ഓൺലൈൻ മുഖേന ലഭ്യമായ 298469 അപേക്ഷകളിൽ 222555 അപേക്ഷകൾ തീർപ്പാക്കാൻ ശേഷിക്കുന്നുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിന് രണ്ട് സർക്കാർ ഉത്തരവുകൾ പ്രകാരം രണ്ട് ഘട്ടങ്ങളിലായി 990-ഓളം താത്കാലിക ജീവനക്കാരെയും 341 വാഹനങ്ങളും അനുവദിക്കുകയുണ്ടായി. പാവപ്പെട്ടവർക്ക് അതിവേഗതയിൽ ഇത് ലഭ്യമാക്കാനായി ഒരു സ്റ്റാൻഡേർഡ് ഓപ്പറേഷൻ പ്രൊസീഡ്യുവർ തീരുമാനിക്കുകയും അദാലത്തുകളിലൂടെ പ്രശ്ന പരിഹാരത്തിനുള്ള തീവ്രശ്രമം നടത്തുകയും ചെയ്തിട്ടുണ്ട്. ഇന്ന് അവതരിപ്പിക്കാനിരിക്കുന്ന ബില്ലിലെ ഭേദഗതി നിർദ്ദേശത്തിലൂടെ 27 പേർക്ക് മാത്രമായി നിജപ്പെടുത്തിയിട്ടുള്ള ചുമതലകൾ കുറേക്കൂടി വിപുലീകരിക്കുന്നതിനുള്ള ആശയം സഭയുടെ പരിഗണനയ്ക്ക് വയ്ക്കുകയാണ്. സഭ തീരുമാനിക്കുന്നതനുസരിച്ച് മാത്രമെ അത് നിശ്ചയിക്കാൻ സാധിക്കുകയുള്ളൂ എന്നുള്ളതുകൊണ്ട് അതിനുമുമ്പ് നടക്കുന്ന

ഒരു ചർച്ചയിൽ അതിനെക്കുറിച്ച് സൂചിപ്പിക്കാൻ സാധിക്കില്ല. നെൽവയലുകൾ നികത്തപ്പെടരുത് എന്ന ലക്ഷ്യം വച്ചുകൊണ്ടുതന്നെ മുമ്പ് നികത്തപ്പെട്ട ഭൂമിക്ക് ചില അംഗീകാരങ്ങൾ നൽകുന്നതിന്റെ ഭാഗമായ തരംമാറ്റ നടപടികൾ അതിവേഗതയിലാക്കാൻ ഗവൺമെന്റ് പരിശ്രമിക്കുന്നുണ്ട്. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ സെക്ഷൻ 13 അനുസരിച്ച്, സർക്കാരിന്റെ അനുവാദമില്ലാതെ 2008-നുശേഷവും ഭൂമി നികത്തപ്പെട്ടത് തിരിച്ചുപിടിക്കുന്നതിനുള്ള അധികാരം ജില്ലാ കളക്ടർമാർക്കുണ്ടെങ്കിലും പലകാരണങ്ങളാൽ ആ അധികാരം വേണ്ടതുപോലെ പ്രയോഗിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. തീർച്ചയായും കാർഷിക അഭിവൃദ്ധി ഫണ്ടുകൂടി ഉപയോഗപ്പെടുത്തിക്കൊണ്ട്, അപ്രകാരം നികത്തിയ സ്ഥലങ്ങളിലെ റെസ്റ്റോറേഷൻ നടപടി (മണ്ണെടുത്ത് കൃഷിയോഗ്യമാക്കുക എന്ന നടപടി) ഈ ഗവൺമെന്റ് വളരെ ശക്തമായി തുടർന്നുള്ള കാലങ്ങളിൽ നടപ്പിലാക്കുന്നതാണ്. ഈ പ്രശ്നം വേഗത്തിൽ പരിഹരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരികയാണ്.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, കോഴിക്കോട് ജില്ലയിൽ മാത്രം ഇരുപത്തിഅയ്യായിരത്തോളം പേർ അപേക്ഷ നൽകിയിട്ടുണ്ട്. ഫോം നമ്പർ 5, 6 എന്നിവ ഒരുമിച്ച് കൊടുക്കാൻ തീരുമാനിച്ചാൽത്തന്നെ കുറേ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്നതാണ്. കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽപ്പെട്ട സ്ഥലങ്ങളിൽ ഇതുവരെയും അന്തിമ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കാത്ത സാഹചര്യത്തിൽ അതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കുമോ?

ശ്രീ. കെ. രാജൻ: സർ, അന്തിമ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച് ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ കഴിഞ്ഞ യോഗത്തിൽ ചർച്ച ചെയ്തിരുന്നു. ഒരു മാസത്തിനുള്ളിൽ അതുസംബന്ധിച്ച് എല്ലാ വ്യക്തതകളും വരുത്തണമെന്ന് റവന്യൂ, കൃഷി, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡാറ്റാ ബാങ്കിൽനിന്ന് ഒഴിവാക്കപ്പെടാനുള്ള അപേക്ഷ ഫോം നമ്പർ 5-ൽ കൊടുത്താൽ അതിന്മേൽ തീരുമാനമെടുത്തതിനുശേഷം ഫോം നമ്പർ 6-ന് അപേക്ഷ കൊടുക്കുക എന്ന നടപടിക്ക് പകരം ഫോറം 5-ന്റെ തുടർച്ചയായി

ഫോറം6-ലേയ്ക്ക് മാറാൻ കഴിയുന്ന വിധത്തിൽ സംവിധാനം ഒരുക്കുന്നതിന് ആർ.ഡി.ഒ.-മാർക്ക് ആവശ്യമായ നിർദ്ദേശവും അതിനുള്ള പാസ്‌വേർഡും കൊടുത്തിട്ടുണ്ട്. ഇതിനോടകംതന്നെ അത് നടപ്പിലാക്കിക്കഴിഞ്ഞിട്ടുമുണ്ട്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. സി. എച്ച്. കുഞ്ഞമ്പു]

(2) അപൂർവ്വരോഗം ബാധിച്ച കുട്ടികൾക്ക് ചികിത്സാ ധനസഹായം

ശ്രീ. പി. കെ. ബഷീർ: സർ, വളരെ വേദനാജനകമായ രോഗത്തിന് നമ്മുടെ കുട്ടികൾ അടിമപ്പെടുന്ന അവസ്ഥയാണ് ഇന്നുള്ളത്. അപൂർവ്വരോഗങ്ങൾ, പ്രത്യേകിച്ച് സ്പൈനൽ മസ്കുലാർ അട്രോഫി (എസ്.എം.എ.) ഉൾപ്പെടെയുള്ള അപൂർവ്വരോഗങ്ങൾ ബാധിച്ച കുട്ടികളുടെ ചികിത്സാച്ചെലവിന് മാതാപിതാക്കൾ വളരെ നിസ്സഹായരായി മാറുന്ന സാഹചര്യമാണുള്ളത്. അതുപോലെ ഹീമോഫീലിയ, തലാസീമിയ, സിക്കിൾസെൽ അനീമിയ, MSUD (Maple syrup urine disease) തുടങ്ങിയ അപൂർവ്വരോഗങ്ങളും അപൂർവ്വ രക്തജന്യ രോഗങ്ങളും ബാധിച്ച കുട്ടികളുടെ ചികിത്സയ്ക്ക് മാതാപിതാക്കൾ സാമ്പത്തികമായി വളരെയധികം പ്രയാസം നേരിടുകയാണ്. ഈ സഭയിലെ അംഗങ്ങളായ ശ്രീ. മഞ്ഞളാംകുഴി

അലിയുടെയും യുവസുഹൃത്ത് ശ്രീ. എം. വിജിന്റെയും നേതൃത്വത്തിൽ ഇത്തരം രോഗബാധിതരായ കുട്ടികളുടെ ചികിത്സയ്ക്കായി ക്രൗഡ് ഫണ്ടിംഗിലൂടെ തുക സ്വരൂപിച്ച കാര്യം എല്ലാവർക്കുമറിയാവുന്നതാണ്. ശ്രീ. മഞ്ഞളാംകുഴി അലിയുടെ മണ്ഡലത്തിലെ ഇമ്രാൻ എന്ന കുട്ടിയുടെ ചികിത്സയ്ക്കായി പതിനാറരക്കോടി രൂപയും ശ്രീ. എം. വിജിന്റെ നേതൃത്വത്തിൽ 46,78,72,000/- രൂപയുമാണ് ക്രൗഡ് ഫണ്ടിംഗിലൂടെ സ്വരൂപിച്ചത്. ഇതിന്റെ ചികിത്സാ ചെലവിനായി പതിനെട്ട് കോടി രൂപ മുതൽ ഇരുപത് കോടി രൂപ വരെ ആവശ്യമായി വരുന്നുണ്ട്. അഞ്ച് തരം രോഗങ്ങളാണ് അപൂർവ്വരോഗങ്ങളായി കണക്കാക്കപ്പെടുന്നത്. സിക്കിൾസെൽ അനീമിയ രക്താണുക്കളെ ബാധിക്കുന്ന രോഗമായതിനാൽ അത് ബാധിച്ച കുട്ടികളുടെ ചുവന്ന രക്തകോശം അരിവാൾ രൂപത്തിലാകുകയാണ് ചെയ്യുന്നത്. രക്തത്തിലും മൂത്രത്തിലും രോഗബാധയുണ്ടാകുന്നതിനാൽ MSUD ബാധിച്ച കുട്ടികൾ വളരെയധികം പ്രയാസമനുഭവിക്കുകയാണ്. ഇവരുടെ blood count-ൽ പ്രശ്നങ്ങൾ കാണപ്പെടുന്നുണ്ട്. അതിമാരകമായ സന്ധിവാതം ബാധിച്ചാൽ പതിനെട്ട്

മുതൽ ഇരുപത്തിയഞ്ച് വയസ്സുവരെ അതിന് ചികിത്സ കൊടുക്കേണ്ടതുണ്ട്. 1,50,000/- രൂപ ഈ രോഗത്തിന്റെ ചികിത്സയുമായി ബന്ധപ്പെട്ട ഇൻജക്ഷന് വേണ്ടിവരും. സർക്കാരിന്റെ നിലവിലെ നിബന്ധനയനുസരിച്ച്, അതിമാരകമായ സന്ധിവാതത്തിന് പതിനെട്ട് വയസ് കഴിഞ്ഞാൽ ചികിത്സയ്ക്കുള്ള തുക ലഭ്യമാക്കില്ല. ഹോർമോൺ കുറവുള്ള കുട്ടികളുടെ ചികിത്സയ്ക്കും വളരെയധികം പ്രയാസങ്ങൾ അനുഭവിക്കുന്നുണ്ട്. ഇതിനായി കേന്ദ്ര സർക്കാർ സെന്റർ ഓഫ് എക്സലൻസ് മുഖേന കൊടുക്കുന്ന ഒരു ചെറിയ ഫണ്ട് മാത്രമാണുള്ളത്. അതിൽനിന്നും അൻപത് ലക്ഷം രൂപ വരെ കൊടുക്കുമെന്നാണ് പറയുന്നത്. ആ ഇനത്തിൽ ഇപ്പോൾ ആകെ മൂന്ന് കോടി രൂപയാണ് ലഭിച്ചത്. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാവുന്നതാണ്. പ്രസ്തുത തുക പരിമിതമായതിനാൽ, എസ്.എം.എ. രോഗബാധിതരായ കുട്ടികൾക്ക് ഈ ഫണ്ട് കൊടുക്കുന്നതിനായി പരിഗണിക്കപ്പെടാത്ത കാര്യം ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണമെന്നാണ് പറയാനുള്ളത്. ചികിത്സയ്ക്ക് ചെറിയ തുക ആവശ്യമായി വരുന്ന രോഗങ്ങൾ ബാധിച്ച കുട്ടികൾക്ക് മാത്രമെ കേന്ദ്ര ഫണ്ട് അനുവദിക്കുന്നുള്ളൂ. സർക്കാർ

സംവിധാനത്തിൻകീഴിൽ ഏഴ് വയസിന് താഴെയുള്ള നാൽപത്തിരണ്ട് കുട്ടികൾക്കാണ് തിരുവനന്തപുരത്ത് സെന്റർ ഓഫ് എക്സലൻസിന്റെ കേന്ദ്രമായ എസ്.എ.ടി.-യിൽ നിന്ന് സഹായം നൽകുന്നത്. അവരുടെ ചികിത്സ മാത്രമെ സർക്കാർ ഏറ്റെടുത്തിട്ടുള്ളൂ. ഗുരുതര രോഗമായ എസ്.എം.എ. ബാധിച്ച കുട്ടികൾക്ക് സർക്കാരിന്റെ സൗജന്യ ചികിത്സ ലഭിക്കുന്നില്ല; ഇക്കാര്യത്തിൽ പരിഹാരം കാണേണ്ടതുണ്ട്. നിലവിൽ സംസ്ഥാനത്ത് എസ്.എം.എ. രോഗം ബാധിച്ച എത്ര രോഗികളുണ്ട്; അവർക്കുവേണ്ടി എന്തെല്ലാം ചികിത്സകളാണ് സർക്കാർ ഈ മേഖലയിൽ നടപ്പിലാക്കാൻ പോകുന്നത്? സഹായം നൽകുന്നതിനായി എം.എൽ.എ.-മാർ ഫണ്ട് സ്വരൂപിച്ചപ്പോഴേയ്ക്കും രോഗികൾ മരണപ്പെടുന്ന സംഭവമാണുണ്ടായിരിക്കുന്നത്. ശേഷിക്കുന്ന ഫണ്ടിന്റെ കാര്യത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശപ്രകാരം ആവശ്യമായ കാര്യങ്ങൾ ചെയ്യാമെന്നാണ് സർക്കാർ അറിയിച്ചത്. ഇക്കാര്യത്തിൽ എന്തെങ്കിലും സംവിധാനമുണ്ടാക്കിയിട്ടുണ്ടോ? സർക്കാരിന്റെ ആഭിമുഖ്യത്തിൽ ജനകീയ കൂട്ടായ്മയിലൂടെ പതിനൊന്നര ലക്ഷം രൂപ മാത്രമെ ലഭിച്ചിട്ടുള്ളൂ. 63

കോടിയോളം രൂപയാണ് രണ്ട് എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ സ്വരൂപിച്ചത്. ഇക്കാര്യത്തിൽ സർക്കാരിന് സംഭവിച്ച പാളിച്ചയെന്താണ്? ഏതെങ്കിലും രീതിയിലുള്ള അനാസ്ഥ ഉണ്ടായെങ്കിൽ അത് മാറ്റേണ്ടതുണ്ട്. ചില കുടുംബങ്ങളിൽ രണ്ടും മൂന്നും കുട്ടികൾ അപൂർവ്വരോഗ ബാധിതരാണ്. എനിക്കറിയാവുന്ന ഒരു കുടുംബത്തിലെ മൂന്ന് കുട്ടികൾക്കാണ് ഇത്തരത്തിൽ അപൂർവ്വരോഗം ബാധിച്ചത്. അവരുടെ ചികിത്സയ്ക്കായി രക്ഷിതാക്കൾക്ക് എന്താണ് ചെയ്യാൻ കഴിയുന്നത്; ഈ അവസ്ഥ നാം മനസ്സിലാക്കണം. അതിനാൽ ഇത്തരം രോഗങ്ങൾക്ക് മുൻഗണന നൽകി, ചികിത്സയ്ക്ക് ഒരു പ്രോട്ടോകോളുണ്ടാക്കി എല്ലാ അപൂർവ്വ/എസ്.എം.എ. രോഗികൾക്കും ചികിത്സ സൗജന്യമായി ലഭ്യമാക്കുന്നതിനുള്ള സംവിധാനം സർക്കാരിന്റെ/ആരോഗ്യ വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നാണ് എനിക്ക് ഈ ശ്രദ്ധക്ഷണിക്കലിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, പ്രധാനപ്പെട്ട വിഷയമാണ് ബഹുമാനപ്പെട്ട അംഗം ശ്രദ്ധക്ഷണിക്കലിലൂടെ ഉന്നയിച്ചിരിക്കുന്നത്. തന്റെ കുട്ടിക്ക് ഒരു കടുത്ത പനി

വന്നാൽപ്പോലും അച്ഛനും അമ്മയ്ക്കും എത്രത്തോളം ആശങ്കയും വേവലാതിയുമുണ്ടാകുമെന്ന് ഓരോരുത്തർക്കും അറിയാവുന്നതാണ്. ആ പശ്ചാത്തലത്തിലാണ് എസ്.എം.എ. (സ്പൈനൽ മസ്കുലർ അട്രോഫി) പോലെയുള്ള അപൂർവ്വ രോഗങ്ങൾ ബാധിച്ച കുഞ്ഞുങ്ങളുടെ മാതാപിതാക്കളുടെ നിസ്സഹായതയും വേദനയും സാമ്പത്തിക ബുദ്ധിമുട്ടും ആ കുഞ്ഞുങ്ങൾ കടന്നുപോകുന്ന ആരോഗ്യപരമായ വളരെ മോശം അവസ്ഥയും നമ്മൾ കാണേണ്ടത്. ഈ സർക്കാരിന്റെ കാലഘട്ടത്തിൽ ഏറ്റെടുത്തിട്ടുള്ള പ്രധാനപ്പെട്ട പ്രോജക്ടുകളിലൊന്നാണ് അപൂർവ്വ രോഗങ്ങളുമായി ബന്ധപ്പെട്ടുള്ളത്. ദേശീയ അപൂർവ്വ രോഗ നയം 2021-ലെ മാനദണ്ഡങ്ങളനുസരിച്ച് ഇന്ത്യയിൽ 450-ഓളം അപൂർവ്വ രോഗങ്ങളുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. ആ പട്ടികയിൽ വരുന്ന രോഗങ്ങളിൽ ഒന്നാണ് സ്പൈനൽ മസ്കുലർ അട്രോഫി. ഈ സർക്കാരിന്റെ കാലഘട്ടത്തിലാണ് സ്പൈനൽ മസ്കുലർ അട്രോഫിക്ക് വേണ്ടി ആദ്യമായി ഒരു ക്ലിനിക് ആരംഭിച്ചത്. ഇതിന്റെ ചികിത്സയ്ക്കായി 60 ലക്ഷം രൂപ മുതൽ കോടിക്കണക്കിന് രൂപ ചെലവ് വേണ്ടിവരുന്നുണ്ട്. 18 കോടി രൂപയുടെ

മരുന്ന് രാജ്യത്ത് ക്ലിനിക്കലി അംഗീകരിക്കപ്പെട്ടിട്ടില്ലെങ്കിലും അവ കൊടുത്താൽ കുഞ്ഞുങ്ങൾക്ക് ഗുണഫലം ലഭിക്കുമെന്ന് മനസ്സിലാക്കുകയും ആഗോളതലത്തിൽ അങ്ങനെയൊരു കാര്യമുള്ളതുകൊണ്ടും മരുന്ന് പുറത്തുനിന്നും എത്തിച്ചുകൊടുക്കുന്ന ചില ഇടപെടലുകൾ ഉണ്ടായിട്ടുണ്ട്. ഇക്കാര്യം മാധ്യമങ്ങളിലൂടെ നമ്മൾ അറിഞ്ഞിട്ടുള്ളതുമാണ്. അതുകൊണ്ടാണ് സർക്കാർ ഇതിലൊരു പ്രധാന ഇടപെടൽ നടത്തണമെന്ന് തീരുമാനിച്ചത്. അങ്ങനെയാണ് തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിൽ സ്പൈനൽ മസ്കുലർ അട്രോഫിയുടെ ഒരു ക്ലിനിക് ആരംഭിച്ചത്. നമ്മുടെ ലക്ഷ്യം എസ്.എം.എ. പോലുള്ള അപൂർവ്വ രോഗങ്ങൾ ബാധിച്ച എല്ലാവർക്കും പരമാവധി ചികിത്സ ഉറപ്പാക്കുക എന്നുള്ളതാണ്. കാരണം ഒരു വ്യക്തിയെയൊ കുടുംബത്തെയോ സംബന്ധിച്ചിടത്തോളം ചികിത്സാ ചെലവ് വഹിക്കുക എന്നുള്ളത് അസാധ്യമാണ്. അതിനാൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഇടപെടൽ പ്രകാരം ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിൽ ഒരു അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. അതിലേയ്ക്ക് ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം, ഹൈക്കോടതിയിൽ

നിന്നുതന്നെയാണ് ആദ്യമായി 5 ലക്ഷം രൂപ നിക്ഷേപിച്ചത്. ഇപ്പോൾ ക്രൗഡ് ഫണ്ടിംഗിലൂടെ ലഭ്യമായ തുകയുടെ ബാക്കി തുക ആ അക്കൗണ്ടിലേയ്ക്ക് നിക്ഷേപിച്ചിട്ടുണ്ട്. ഈ അവസരത്തിൽ എനിക്ക് പൊതുസമൂഹത്തോട് അഭ്യർത്ഥിക്കാനുള്ളത്, സർക്കാരിന്റെ ഈ ഫണ്ടിലേയ്ക്ക് തുക സംഭാവന ചെയ്യാൻ സന്മനസ്സുണ്ടാകണമെന്നാണ്. രാജ്യത്ത് സൗജന്യ ചികിത്സ നൽകുന്നതിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്നത് നമ്മുടെ സംസ്ഥാനമായ കേരളമാണ്. 2,700 കോടി രൂപയിലധികമാണ് കഴിഞ്ഞ സാമ്പത്തിക വർഷം മാത്രം സൗജന്യ ചികിത്സയ്ക്കുവേണ്ടി നമ്മൾ ചെലവഴിച്ചത്. ഇതിലേയ്ക്ക് പൊതുസമൂഹത്തിന്റെ വലിയൊരു ഇടപെടൽ ഉണ്ടാകുന്നതോടൊപ്പം അനിവാര്യമായവർക്ക് തുക നൽകുന്നതിനുമാണ് നാം ലക്ഷ്യം വയ്ക്കുന്നത്. എസ്.എം.എ. ബാധിച്ച എത്ര പേർ ഉണ്ട്, അതിന് കണക്കുണ്ടോ എന്ന് ബഹുമാനപ്പെട്ട അംഗം ചോദിക്കുകയുണ്ടായി. എത്ര പേർക്ക് ചികിത്സ ആവശ്യമുണ്ടെന്ന് കണ്ടെത്തുന്നതിനുവേണ്ടി പത്രങ്ങൾ വഴി പരസ്യം ചെയ്തുകൊണ്ട് സർക്കാർ അപേക്ഷ ക്ഷണിച്ചതിന്റെ ഫലമായി ഇന്നത്തെ കണക്കനുസരിച്ച് 176 സ്പൈനൽ മസ്കുലർ അട്രോഫി

രോഗബാധിതർ അപേക്ഷ നൽകിയിട്ടുണ്ട്. ഈ അപേക്ഷകർ, നേരത്തെ ലിസ്റ്റിൽ ഉണ്ടായിരുന്നവർ, നമുക്ക് അറിയുന്നവർ, ഫീൽഡ് ഹെൽത്ത് വർക്കേഴ്സ് കണ്ടെത്തിയിട്ടുള്ളവർ എന്നിങ്ങനെ 216 എസ്.എം.എ. രോഗികളുടെ ലിസ്റ്റിൽനിന്നും 212 പേരെ ക്ലിനിക്കൽ പരിശോധനയ്ക്കായി ആദ്യ ഘട്ടം വിളിച്ചിരുന്നു. തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിൽ സർക്കാർ തലത്തിൽ ക്ലിനിക് ആരംഭിച്ച് വിവിധ ചികിത്സാ വിഭാഗങ്ങളെ ഏകോപിപ്പിച്ച് പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. അപൂർവ്വ രോഗങ്ങളുടെ മികവിന്റെ കേന്ദ്രങ്ങളായി കഴിഞ്ഞ വർഷം കേന്ദ്ര സർക്കാർ തിരഞ്ഞെടുത്ത രാജ്യത്തെ പത്ത് ആശുപത്രികളിലൊന്നായി തിരുവനന്തപുരം എസ്.എ.ടി.-യും ഉൾപ്പെട്ടിട്ടുണ്ട്. അതിന്റെ ഫലമായി കേന്ദ്രത്തിൽനിന്നും 50 ലക്ഷം രൂപയുടെ സഹായമാണെങ്കിലും, ഇത്രയും ഫണ്ട് നമുക്ക് ലഭിക്കും എന്നുള്ളത് ഗുണകരമാണ്. നിരവധി പ്രശ്നങ്ങൾ ഇതിന്റെ ഭാഗമായിട്ടുണ്ട്. ഒന്ന്, ജനിതക പരിശോധനകൾ പുറത്ത് നടത്തേണ്ടി വരുമ്പോൾ സർക്കാരിന് വലിയ രീതിയിലുള്ള ചെലവാണുണ്ടാകുന്നത്. ജനറ്റിക്സ് ഡിപ്പാർട്ടുമെന്റ് ആരംഭിച്ചുകൊണ്ട് സർക്കാർ മേഖലയിൽ ഈ പരിശോധനകൾ

നടത്തുന്നതിനുള്ള ശ്രമം ആരംഭിച്ചിട്ടുണ്ട്; ഏതാനും മാസങ്ങൾക്കുള്ളിൽ അത് പൂർണ്ണതോതിൽ യാഥാർത്ഥ്യമാക്കാൻ സാധിക്കുന്നതാണ്. കുട്ടികളുടെ രോഗനിർണ്ണയത്തിനും പ്രധാനമായും ഗർഭാവസ്ഥയിൽത്തന്നെ രോഗം കണ്ടെത്തുന്നതിനുമുള്ള ജനറ്റിക്സ് ടെസ്റ്റുകൾ ചെയ്യുന്നതിനുള്ള സൗകര്യം തിരുവനന്തപുരത്ത് സി.ഡി.സി.(ചൈൽഡ് ഡെവലപ്മെന്റ് സെന്റർ)യിൽ ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ ലഭ്യമായ കണക്കനുസരിച്ച് കൂടുതൽ ബുദ്ധിമുട്ടുകളും സ്ഥിരമായ വൈകല്യവും തടയുന്നതിന് എസ്.എം.എ. ബാധിതരായ കുട്ടികളെ പ്രാരംഭ ഘട്ടത്തിൽ ചികിത്സിക്കുക എന്നുള്ളതാണ് പ്രധാനം. എസ്.എം.എ. ബാധിച്ച 18 വയസ്സിന് താഴെയുള്ള കുട്ടികളിൽനിന്നാണ് അപേക്ഷ ക്ഷണിച്ചത്. തിരുവനന്തപുരത്തുവന്ന് രജിസ്റ്റർ ചെയ്യുന്ന കുട്ടികൾക്ക് കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജുകളിലെ ക്ലിനിക്കൽ പരിശോധനയ്ക്കുശേഷം സൗജന്യമായി മരുന്ന് നൽകുന്നതിനുള്ള പ്രവർത്തനംകൂടി ഈ ഘട്ടത്തിൽ ആരംഭിച്ചിട്ടുണ്ട്. മലബാർ മേഖലയിൽനിന്നുള്ള കുട്ടികൾക്ക് എസ്.എ.ടി. ആശുപത്രിയിലേയ്ക്ക് എപ്പോഴും വരാൻ സാധിക്കില്ല. കഴിഞ്ഞ ദിവസം ഞാൻ 14 വയസ്സുള്ള സിയ

മെഹ്റിൻ എന്ന കുട്ടിയെ വിളിച്ചിരുന്നു. സ്പൈനൽ മസ്കുലർ അട്രോഫി ബാധിച്ച് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നട്ടെല്ല് നിവർത്തുന്ന ഒരു ശസ്ത്രക്രിയ വിജയകരമായി പൂർത്തീകരിച്ച് ജന്മസ്ഥലത്തേയ്ക്ക് പോയ ആ കുട്ടിയെ ഫോണിൽ വിളിച്ചപ്പോൾ അവൾ സന്തോഷത്തോടെ പറഞ്ഞത് 'എനിക്ക് ഇത്തവണ തിരുവനന്തപുരത്തേയ്ക്ക് വന്നപ്പോൾ കാറിന്റെ ചില്ലിലൂടെ പുറത്ത് പുഴയും റോഡും കാണാൻ കഴിഞ്ഞുവെന്നാണ്'. നമ്മൾ അതൊന്ന് ആലോചിച്ചുനോക്കണം. ആ ശസ്ത്രക്രിയ ആദ്യമായി സംസ്ഥാനത്ത് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നടത്തുകയുണ്ടായി. ആരോഗ്യ കിരണം പദ്ധതി വഴി സൗജന്യമായി നടപ്പിലാക്കിയ ശസ്ത്രക്രിയ കൂടുതൽ ശക്തമായി മുന്നോട്ടുകൊണ്ടുപോകാനാണ് ആഗ്രഹിക്കുന്നത്. അപൂർവ്വ രോഗം ബാധിച്ച 18 വയസ്സിന് താഴെയുള്ളവരുടെ കാര്യം സൂചിപ്പിക്കുകയുണ്ടായി. അപൂർവ്വ രോഗങ്ങൾ ബാധിച്ച എല്ലാവരുടെയും സർവ്വേ എടുക്കുന്നുണ്ട്. നിലവിലെ സർക്കാർ കണക്കുകൾ പ്രകാരം ഏകദേശം 400 പേരുണ്ട്. ഏതൊക്കെ രോഗങ്ങൾ ബാധിച്ച എത്ര പേരുണ്ട് എന്നതുസംബന്ധിച്ച്

കൃത്യമായി സർവ്വേ നടത്തുന്നതിനുള്ള പ്രവർത്തനം സെപ്റ്റംബർ മാസത്തിൽത്തന്നെ ആരംഭിക്കുന്നതാണ്.

ശ്രീ. പി. കെ. ബഷീർ: സർ, മറ്റ് സംസ്ഥാനങ്ങളിൽ കേന്ദ്ര സർക്കാരുമായി സഹകരിച്ച് നടപ്പിലാക്കിവരുന്ന ക്രൗഡ് ഫണ്ടിംഗ് പ്ലാറ്റ്ഫോം കേരളത്തിൽ രൂപീകരിക്കുമോ; കേരളം തനതായ രീതിയിൽ ഫണ്ട് കണ്ടെത്തി ഈ രോഗികളുടെ തുടർ ചികിത്സ നടത്താൻ സർക്കാർ ലക്ഷ്യമിടുന്നുണ്ടോ? ഏഴ് വയസ്സുവരെയുള്ള കുട്ടികളിൽ 42 പേരുടെ ചികിത്സയാണ് ഇപ്പോൾ സർക്കാർ ഏറ്റെടുത്തിരിക്കുന്നത്. ബാക്കിയുള്ള കുട്ടികളുടെ കാര്യത്തിൽ എന്ത് നിലപാട് സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്?

ശ്രീമതി വീണാ ജോർജ്: സർ, 18 വയസ്സിന് താഴെയുള്ള കുഞ്ഞുങ്ങൾക്ക് ആവശ്യമായ മരുന്നുകൾ ഈ സ്കീമിലൂടെ നൽകണമെന്നുള്ളതാണ് ഉദ്ദേശ്യം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശത്തിന്റെയും ഹൈക്കോടതിയുടെ ഇടപെടലിന്റെയും അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിൽ ആരംഭിച്ച അക്കൗണ്ടിലേയ്ക്ക് പൊതുസമൂഹത്തിന്റെ

പങ്കാളിത്തത്തോടുകൂടി ഒരു ക്രൗഡ് ഫണ്ടിംഗ് നടത്തി ആ തുക ഇതിലേയ്ക്ക് വിനിയോഗിക്കാവുന്നതാണ്. കാരണം ഒരാൾക്കുതന്നെ ഒരു വർഷം കോടിക്കണക്കിന് രൂപ ആവശ്യമായി വരുന്നുണ്ട്; ഒന്നര കോടിയിലധികം രൂപ ആവശ്യമുള്ള കുഞ്ഞുങ്ങളുമുണ്ട്. ആ രീതിയിൽ ഫണ്ട് സമാഹരിച്ചുകൊണ്ട് അപൂർവ്വ രോഗ ബാധിതരായ എല്ലാവരെയും ചേർത്തുപിടിക്കണമെന്നാണ് സർക്കാർ കരുതുന്നത്, അതിന് നമുക്ക് കൂട്ടായി പരിശ്രമിക്കാം.

**[11.16 AM]**

**IV. സബ്മിഷൻ**

<u>മി. ചെയർമാൻ:</u> ഇന്ന് 20 സബ്മിഷനുകളാണ് ലിസ്റ്റ് ചെയ്തിട്ടുള്ളത്. അതുകൊണ്ട് അംഗങ്ങൾ ദയവായി ഒരു മിനിറ്റ് സമയംകൊണ്ട് അവതരിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(1) <u>വർക്കല-ശിവഗിരി റോഡ്</u>

<u>ശ്രീ. വി. ജോയി:</u> സർ, ദേശീയപാത 66-ന്റെ വികസനം എൽ.ഡി.എഫ്. സർക്കാരിന്റെ ഇച്ഛാശക്തിയുടെ ഭാഗമായി മാത്രം

വന്നിട്ടുള്ളതാണ്. ശ്രീനാരായണഗുരുവിന്റെ സമാധി സ്ഥലം സ്ഥിതിചെയ്യുന്ന വർക്കല ശിവഗിരി ലോക പ്രശസ്തമായ തീർത്ഥാടന കേന്ദ്രമാണ്. ഓരോ വർഷവും തീർത്ഥാടനത്തിനും ചതയ ദിനത്തിനും മറ്റ് പ്രധാന സന്ദർഭങ്ങളിലുമായി ലക്ഷക്കണക്കിന് ഭക്തരാണ് ശിവഗിരിയിൽ എത്തിച്ചേരുന്നത്. കാസർഗോഡ്, കണ്ണൂർ മുതൽ കൊല്ലം വരെയുള്ള ജില്ലകളിൽനിന്നും നാഷണൽ ഹൈവേയുടെ പാരിപ്പള്ളി-മുക്കട ഭാഗത്തുനിന്നും തിരിഞ്ഞാണ് ശിവഗിരിയിലേയ്ക്ക് പോകുന്നത്. മുക്കട മുതൽ വർക്കല വരെയുള്ള റോഡ് സംസ്ഥാന ഹൈവേയാണ്. ഇപ്പോൾ ശിവഗിരിയിലേയ്ക്കുള്ള വഴി നാഷണൽ ഹൈവേ നിർമ്മാണത്തിന്റെ ഭാഗമായി പൂർണ്ണമായും അടച്ചിരിക്കുകയാണ്. എം.എൽ.എ.-മാരെ ഡി.പി.ആർ. കാണിക്കാത്തതിനാൽ നിർമ്മാണഘട്ടത്തിലാണ് വഴി അടഞ്ഞ കാര്യം ശ്രദ്ധയിൽപ്പെടുന്നത്. ഇതുമായി ബന്ധപ്പെട്ട് അവിടെ ആക്ഷൻ കൗൺസിൽ സമരം നടത്തിയിരുന്നു. ഇപ്പോൾ ശിവഗിരി റോഡിലേയ്ക്ക് കടക്കുന്നതിനായി എട്ട് കിലോമീറ്റർ ചുറ്റിവളയേണ്ട അവസ്ഥയാണ്. അതിനാൽ വലിയ വാഹനങ്ങൾ കടന്നുപോകുന്ന

വിധത്തിൽ ഒരു അടിപ്പാത അത്യാവശ്യമാണ്. സ്റ്റേറ്റ് ഹൈവേ റോഡ് വന്നുചേരാത്ത സ്ഥലത്തുപോലും അടിപ്പാത നിർമ്മിച്ചിട്ടുണ്ട്. ശിവഗിരിയോട് നാഷണൽ ഹൈവേ അതോറിറ്റി തികഞ്ഞ അവജ്ഞയാണ് കാണിച്ചിട്ടുള്ളത്. സംസ്ഥാന ഗവൺമെന്റ് ഇക്കാര്യത്തിൽ ഉടനെ ഇടപെട്ട് ശിവഗിരി തീർത്ഥാടകർക്ക് വന്നുപോകാനുള്ള സൗകര്യമൊരുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കൊല്ലം ഭാഗത്തുനിന്നും ശിവഗിരിയിലേയ്ക്കുള്ള വാഹനങ്ങൾ പാരിപ്പള്ളി-മുക്കട ജംഗ്ഷനിലെത്തി സംസ്ഥാന ഹൈവേയായ പാരിപ്പള്ളി പാളയംകുന്ന്-നടയറ-വർക്കല റോഡ് വഴിയാണ് ശിവഗിരിയിലെത്തുന്നത്. ദേശീയപാത 66-ന്റെ വികസനത്തിന്റെ ഭാഗമായി വർക്കല-ശിവഗിരിയിലേയ്ക്കുള്ള വഴി ദേശീയപാത അതോറിറ്റി അടയ്ക്കുന്ന സാഹചര്യമാണുള്ളത്. ശിവഗിരിയിലേയ്ക്ക് വരുന്ന തീർത്ഥാടകർക്ക് ഇത് വലിയ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതാണ്. വർക്കല ശിവഗിരി റോഡ് ദേശീയപാതയുമായി ചേരുന്ന ഭാഗത്ത് ഒരു ലൈറ്റ് വെഹിക്കുലർ അണ്ടർ പാസ് പണിയുന്നതിനുള്ള നിർദ്ദേശം change of scope പ്രൊപ്പോസലായി

പരിഗണനയിലുണ്ടെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. ശിവഗിരി തീർത്ഥാടകർക്കുൾപ്പെടെ ശിവഗിരിയിലേയ്ക്ക് സുഗമമായി യാത്ര ചെയ്യുന്നതിന് ദേശീയപാതാ വികസനം തടസ്സമാകാതിരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ദേശീയപാതാ അതോറിറ്റിയോട് സർക്കാർ ആവശ്യപ്പെടുന്നതാണ്.

### (2) യുട്യൂബ് ചാനലുകളുടെ നിയന്ത്രണം

ശ്രീ. പി. വി. അൻവർ: സർ, ഞാൻ നാടിനെ മുഴുവൻ ബാധിക്കുന്ന പ്രശ്നത്തെക്കുറിച്ചാണ് സഭ മുമ്പാകെ അവതരിപ്പിക്കുന്നത്. സംസ്ഥാനത്തെ ചില യുട്യൂബ് ചാനലുകൾ നാടിന്റെ സമാധാനവും മതേതരത്വവും തകർക്കുന്നതിനുവേണ്ടി ബോധപൂർവ്വം വർഗ്ഗീയ വിദ്വേഷം പരത്തുന്ന രീതിയിൽ ശത്രുക്കളോട് പുലബന്ധം പോലുമില്ലാതെ അടിസ്ഥാനരഹിതമായ വാർത്തകൾ നിരന്തരം പ്രചരിപ്പിക്കുന്ന സാഹചര്യം നിലവിലുണ്ടെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. രാജ്യത്ത് നിലവിൽ യുട്യൂബ് വാർത്താ ചാനലുകളെ നിയന്ത്രിക്കുന്നതിന് നിയമങ്ങളില്ല. ഒരു വാർത്താധിഷ്ഠിത യുട്യൂബ് ചാനൽ ആരംഭിക്കാൻ പ്രത്യേകം ലൈസൻസിന്റെ

ആവശ്യവുമില്ല. ഈ പഴുത് ഉപയോഗപ്പെടുത്തി സംസ്ഥാനത്തെ ചില വ്യക്തികൾ അവരുടെ യുട്യൂബ് ചാനലുകൾ വഴി നാടിന്റെ സമാധാന അന്തരീക്ഷവും സാമുദായിക സാഹോദര്യവും തകർക്കുകയെന്ന ദുരുദ്ദേശ്യത്തോടുകൂടി വർഗ്ഗീയ വിദ്വേഷം പ്രചരിപ്പിക്കുന്നുണ്ട്. വിവിധ മതങ്ങൾക്കെതിരെയും മതപുരോഹിതർക്കെതിരെയും മതഗ്രന്ഥങ്ങൾക്ക് എതിരെയും അടിസ്ഥാനരഹിതമായ വാർത്തകൾ പ്രചരിപ്പിക്കുന്നത് കാരണം സംസ്ഥാനത്തെ ജനങ്ങൾക്കിടയിൽ വർഗ്ഗീയ ചേരിതിരിവുണ്ടായിട്ടുണ്ട്. രാജ്യത്ത് നടക്കുന്ന പല വർഗ്ഗീയ കലാപങ്ങളുടെയും മുഖ്യകാരണങ്ങളിലൊന്ന് യുട്യൂബ് ചാനലുകൾ വഴിയുള്ള വ്യാജ പ്രചാരണങ്ങളാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇത്തരത്തിലുള്ള യുട്യൂബ് ചാനലുകൾക്ക് പലതിനും ദശലക്ഷത്തിലധികം വരിക്കാരുണ്ടെന്നും നിമിഷനേരംകൊണ്ട് വ്യാജവാർത്തകൾ സമൂഹത്തിലാകെ പടർന്നുപിടിക്കുന്നുവെന്നും പല സംഭവങ്ങളിലൂടെ തെളിഞ്ഞിട്ടുണ്ട്. നിരവധി സാധാരണക്കാരെ പിന്തുടരുന്ന ഇത്തരം ചാനലുകൾ വർഗ്ഗീയ കലാപങ്ങൾക്ക് ആഹ്വാനം നടത്തുന്ന രീതിയിൽ വ്യാപകമായ വാർത്തകൾ

പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു. ഇതിനായി സംസ്ഥാനത്ത് രാഷ്ട്രീയ ലക്ഷ്യത്തോടെ ഒരു ഗൂഢസംഘം പ്രവർത്തിക്കുന്നുണ്ടോ എന്ന് സംശയിക്കേണ്ടതാണ്. ഗോധ്രയിലെ തീവണ്ടി കത്തിക്കൽ സംഭവത്തിന് പിന്നാലെ ഗുജറാത്ത് കലാപമുണ്ടാകുന്ന ദിവസം ഗുജറാത്തിലെ പ്രധാന ദിനപത്രമായ 'സന്ദേശ്'-ന്റെ ഒന്നാം പേജിലെ തലക്കെട്ട് **'खून के बदले खून'** അഥവാ 'ചോരയ്ക്കുപകരം ചോര' എന്നായിരുന്നു. ഈ മാധ്യമ തലക്കെട്ടിലെ കൊലവിളി വെറുപ്പിന്റെ പിശാചായി ആയിരങ്ങളെ കൊന്നൊടുക്കി കലാപമായി മാറിയതെങ്ങനെയെന്ന് Smt. Revati Laul എഴുതിയ 'The Anatomy of Hate' എന്ന പുസ്തകത്തിൽ വിവരിക്കുന്നുണ്ട്. നമ്മുടെ മുന്നിൽ നാം കണ്ടുകൊണ്ടിരിക്കുന്ന മണിപ്പൂർ കലാപത്തിന് തീകൊളുത്തിയതിൽ സാമൂഹ്യ മാധ്യമങ്ങളുടെ പങ്ക് വളരെ വലുതാണ്. ഇന്ന് ഹരിയാനയിൽ കലാപത്തിലേയ്ക്ക് നയിച്ചത് അവിടത്തെ ഗോരക്ഷക ക്രിമിനലും നിരവധി കൊലകേസ്സുകളിലെ പ്രതിയുമായ മോനു മനേസർ സമൂഹ മാധ്യമങ്ങളിൽ പോസ്റ്റ് ചെയ്ത വീഡിയോകളാണെന്ന് നിരവധി ദേശീയ പത്രങ്ങൾ റിപ്പോർട്ട് ചെയ്തുകൊണ്ടിരിക്കുന്നു. നമ്മുടെ

കൊച്ചുകേരളത്തിലും വർഗ്ഗീയ വിഷം ചീറ്റുന്ന സാഹചര്യത്തിൽ മാന്യമായി ജീവിക്കുന്നവരുടെ ജീവിത രഹസ്യങ്ങൾ ചുഴ്ന്നന്വേഷിച്ച് വ്യക്തിഹത്യ നടത്തി വീഡിയോകൾ നിർമ്മിക്കുന്ന നിരവധി യുട്യൂബർമാരുണ്ട്. ഇത്തരം യുട്യൂബർമാരുടെ വ്യക്തിഹത്യയിൽ മനംനൊന്ത് പ്രതികരിക്കാൻപോലും കഴിയാതെ നിസ്സഹായതയിൽ കഴിയുന്ന ആയിരക്കണക്കിന് ആളുകളുമുണ്ട്. ഒരു യുട്യൂബർ വ്യാജവാർത്ത വീഡിയോ ചെയ്തതിൽ മനംനൊന്ത് ജീവനൊടുക്കിയ യുവാവിനെയും അമ്മയെയും ഇന്ന് ഏറെ വേദനയോടെ കേരള ജനത ഓർക്കുന്നുണ്ട്. ഇവരെക്കുറിച്ച് വാർത്ത വന്നതിനു പിന്നാലെ സ്വന്തം അമ്മയെ ഫാനിൽ തൂങ്ങിമരിക്കാൻ സഹായിച്ചതിനുശേഷം ആ ചെറുപ്പക്കാരൻ പുറത്തുപോയി തീവണ്ടിക്ക് തലവയ്ക്കുകയായിരുന്നു ചെയ്തത്. സംസ്ഥാന പോലീസ് സേനയിലെ നിരവധി ഉദ്യോഗസ്ഥർക്കെതിരെ വ്യാജ വാർത്തകൾ നിർമ്മിച്ചതും ഈ വ്യാജ പ്രചാരണത്തിൽ മനംനൊന്ത് സംസ്ഥാനത്തെ ഒരു ഡിവൈ.എസ്.പി. ആത്മഹത്യ ചെയ്തതും നമുക്കറിവുള്ളതാണ്. അങ്ങനെ നൂറുക്കണക്കിന് ഹതഭാഗ്യരുടെ കണ്ണീരിനും ചോരയ്ക്കും മുകളിൽ കെട്ടിപ്പൊക്കിയ, മാന്യമായി ജീവിക്കുന്നവരെ

ബ്ലാക്ക്മെയിൽ ചെയ്ത് സമൂഹത്തിൽ വിഷം കലക്കി വരുമാനം നേടുന്ന ഇത്തരം ചാനലുകൾ കേരളത്തിന്റെ ശാപമാണ്. നാടിന്റെ സമാധാനവും മതേതരത്വവും തകർക്കുന്നതിനുവേണ്ടി ബോധപൂർവ്വം വർഗ്ഗീയ വിദ്വേഷം പരത്തുന്ന ഇത്തരം യൂട്യൂബ് ചാനലുകളെയും ഈ നിലയിൽ വർഗ്ഗീയതയും വ്യക്തിഹത്യയും പരത്തുന്ന എല്ലാ യൂട്യൂബർമാരെയും നിയമപരമായി നിയന്ത്രിക്കുന്നതിന് രാജ്യത്തെ ചില സംസ്ഥാനങ്ങളിൽ മാതൃകാപരമായി നടപ്പാക്കിയതുപോലെ കേരള നിയമസഭയും ശക്തമായ നിയമനിർമ്മാണം നടത്തേണ്ടത് അത്യന്താപേക്ഷിതമാണ്. ഇത്തരമൊരു നിയമനിർമ്മാണം ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് സംബന്ധിച്ച് വ്യക്തമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, വളരെ കാലിക പ്രാധാന്യമുള്ളതും ഗൗരവമേറിയ വിഷയവുമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. യൂട്യൂബിലൂൾപ്പെടെ പ്രചരിപ്പിക്കുന്ന വിവരങ്ങൾ നിയമ വിരുദ്ധമായതോ രാജ്യത്തിന്റെ പരമാധികാരം, അഖണ്ഡത, സുരക്ഷ, വിദേശ രാജ്യങ്ങളുമായുള്ള സൗഹൃദബന്ധം, ക്രമസമാധാനം, കോടതിയലക്ഷ്യം,

മതസ്പർദ്ധ, അപകീർത്തിപ്പെടുത്തൽ എന്നിവയുമായും ബന്ധപ്പെട്ടതാണെങ്കിൽ The Information Technology (Intermediary Guidelines and Digital Media Ethics Code) Rules of 2021 പ്രകാരം അവ നിരോധിച്ചിട്ടുണ്ട്. ഇപ്രകാരം പ്രചരിപ്പിക്കപ്പെടുന്ന വിവരങ്ങൾ ബ്ലോക്ക് ചെയ്യുന്നതിനായി Information Technology (Procedure and Safeguards for Blocking for Access of Information by Public) Rules, 2009 പ്രകാരം കേന്ദ്ര സർക്കാർ ഡെസിഗ്നേറ്റഡ് ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ ലഭിക്കുന്ന പരാതികൾ പരിശോധിച്ച് അവ ബ്ലോക്ക് ചെയ്യുന്നതിനായി ഡെസിഗ്നേറ്റഡ് ഓഫീസർക്ക് ശിപാർശ നൽകുന്നതിന് സംസ്ഥാന ഐ.റ്റി. വകുപ്പ് സെക്രട്ടറിയെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. കൂടാതെ കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിലും നോഡൽ ഓഫീസർക്ക് ഇത്തരത്തിൽ ശിപാർശ നൽകാവുന്നതാണ്. ഇതിനുപുറമെ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച സമഗ്രമായ ഒരു നിയമ നിർമ്മാണത്തിന്റെ കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്.

## (3) കാസർഗോഡ് താലൂക്കാശുപത്രിയിലെ ഒഴിവുകൾ

**ശ്രീ. ഇ. ചന്ദ്രശേഖരൻ:** സർ, കാസർഗോഡ് ജില്ലയിലെ ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരും അനുബന്ധ ജീവനക്കാരും ഇല്ലാത്തതുമായി ബന്ധപ്പെട്ട് നിരവധി പ്രശ്നങ്ങൾ നിലനിൽക്കുകയാണ്. അവിടത്തെ പരിമിതമായ ചികിത്സാ സൗകര്യങ്ങളെക്കുറിച്ച് നേരത്തെയും ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ജില്ലാ ആശുപത്രിയിലും താലൂക്കാശുപത്രികളിലും ഏകദേശം 331 ഒഴിവുകൾ നിലനിൽക്കുന്നതിൽ അമ്പതിലേറെ ഒഴിവുകൾ ഡോക്ടർമാരുടേതാണെന്നത് ഏറ്റവും ഗൗരവമായ പ്രശ്നമാണ്. സ്പെഷ്യലൈസ്ഡ് ഡോക്ടർമാർ ഉൾപ്പെടെയുള്ളവരുടെ തസ്തികകളും ഒഴിഞ്ഞുകിടക്കുന്ന സ്ഥിതിയാണുള്ളത്. ജില്ലാ ആശുപത്രിയും ഒരു താലൂക്കാശുപത്രിയും എന്റെ നിയോജകമണ്ഡലത്തിലാണ് സ്ഥിതി ചെയ്യുന്നത്. വെള്ളരിക്കുണ്ട് മലയോര താലൂക്കാശുപത്രിയിൽ 15 ഡോക്ടർമാർ ആവശ്യമാണെന്നിരിക്കെ നിലവിൽ 7 ഡോക്ടർമാർ മാത്രമാണുള്ളത്. താലൂക്കാശുപത്രിയിൽപ്പോലും രാത്രികാലങ്ങളിലെ ചികിത്സാ സൗകര്യങ്ങൾ ഇല്ലാതാകുന്ന അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ നീങ്ങുകയാണ്.

കാഷ്വാലിറ്റിയിൽ പകൽസമയത്ത് നൂറുകണക്കിന് രോഗികളാണ് എത്തിച്ചേരുന്നത്. പനി ബാധിച്ചവരും മറ്റുരോഗങ്ങൾ പിടിപ്പെട്ടവരുമെല്ലാം വന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അവിടെ അത്യാവശ്യ സൗകര്യംപോലും നൽകാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയും എന്റെ നിയോജകമണ്ഡലത്തിലാണ് സ്ഥിതി ചെയ്യുന്നത്. അതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചെങ്കിലും ആവശ്യമായ ഡോക്ടർമാരോ മറ്റു സംവിധാനങ്ങളോ ഇല്ലാത്തതിന്റെ പ്രശ്നവും നേരിട്ടുകൊണ്ടിരിക്കുകയാണ്. വെള്ളരിക്കുണ്ടിലെ താലൂക്കാശുപത്രിയിൽ ഡയാലിസിസ് സംവിധാനം ഏർപ്പെടുത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ടെങ്കിലും ഇപ്പോഴും പൂർണ്ണമായ അർത്ഥത്തിൽ പ്രാവർത്തികമാക്കാൻ സാധിച്ചിട്ടില്ല. അവിടെ ഐസൊലേഷൻ വാർഡുകൾ സ്ഥാപിക്കുന്നതിനുള്ള തീരുമാനമെടുക്കുകയും ആവശ്യമായ സ്ഥലം അനുവദിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും തുടർപ്രവർത്തനം നടക്കാത്ത സ്ഥിതിയാണുള്ളത്. ആരോഗ്യ രംഗത്ത് പരിമിതമായ സൗകര്യങ്ങൾ മാത്രമുള്ള കാസർഗോഡ് ജില്ലയിലെ പ്രശ്നങ്ങൾ ഗൗരവമായി

കണക്കിലെടുത്ത് അടിയന്തര പ്രാധാന്യത്തോടുകൂടി ഡോക്ടർമാരുടെ ഒഴിവുകൾ എത്രയുംവേഗം നികത്താനും അവിടെ എത്തുന്ന ഡോക്ടർമാർക്ക് കുറച്ചുകാലത്തേയ്ക്കെങ്കിലും ടി ജില്ലയിൽത്തന്നെ പ്രവർത്തിക്കാൻ സംവിധാനമൊരുക്കുന്നതിനും നടപടി സ്വീകരിക്കണം. ആരോഗ്യ രംഗത്തെ പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ നടത്തേണ്ട വിഭാഗമായ ജെ.പി.എച്ച്.എൻ. ഉൾപ്പെടെയുള്ളവരുടെ 92-ഓളം ഒഴിവുകൾ നിലനിൽക്കുന്നുണ്ട്. ഈ കുറവുകൾകൂടി പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, കാസർഗോഡ് ജില്ലയിലെ ആരോഗ്യമേഖലയ്ക്ക് പ്രത്യേക പരിഗണന നൽകുന്നതിന്റെ ഭാഗമായി ഈ സർക്കാരിന്റെ കാലത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രത്യേക നിർദ്ദേശപ്രകാരം ചില നടപടികൾ സ്വീകരിക്കുകയുണ്ടായി. അവിടെ സർക്കാർ മേഖലയിൽ ന്യൂറോളജിസ്റ്റുകളുണ്ടായിരുന്നില്ല. സർക്കാർ മേഖലയിൽ ആദ്യമായി രണ്ട് ന്യൂറോളജിസ്റ്റുകളുടെ തസ്തിക സൃഷ്ടിക്കുകയും പരിശോധനാ

സൗകര്യങ്ങളൊരുക്കുകയും ചെയ്തിട്ടുണ്ട്. കാത്ത് ലാബിന്റെ നിർമ്മാണം നടത്തുകയും പ്രവർത്തനമാരംഭിക്കുകയും ചെയ്തു. അതോടൊപ്പം സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്. കോവിഡ് കാലത്ത് ടാറ്റ നിർമ്മിച്ച താത്കാലികാശുപത്രിയിൽ സ്പെഷ്യാലിറ്റി ആശുപത്രി ആരംഭിക്കുമെന്ന് പ്രഖ്യാപിക്കുകയും കഴിഞ്ഞ ദിവസം അതിന്റെ ഭൂമി ആരോഗ്യ വകുപ്പിന് നൽകിക്കൊണ്ടുള്ള തീരുമാനമെടുക്കുകയും ചെയ്തിരുന്നു. അതിലേയ്ക്കായി 23 കോടി രൂപ അനുവദിക്കുകയും പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയുമാണ്. കോവിഡ് കാലം മുതൽ മെഡിക്കൽ കോളേജ് ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണം തടസ്സപ്പെട്ടിരുന്ന സാഹചര്യത്തിൽ ധനകാര്യ വകുപ്പ് തുക അനുവദിക്കുകയും ഇപ്പോൾ നിർമ്മാണ പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്. കിഫ്ബിയിൽ നിന്ന് 146 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ ഈ വർഷം പുതിയൊരു നഴ്സിംഗ് കോളേജിന്റെ പ്രവർത്തനമാരംഭിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ ആരോഗ്യ വകുപ്പിന്

കീഴിൽ 2177 തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളത്. അവിടെ നിലവിൽ 1846 പേരാണ് ജോലി ചെയ്തുവരുന്നത്. കാസർഗോഡ് ഉൾപ്പെടെയുള്ള ചില ജില്ലകളിൽ നിയമിക്കപ്പെടുന്നവർ ജോലിക്ക് ജോയിൻ ചെയ്തശേഷം ലീവെടുത്ത് പോകുന്ന പ്രവണത മറികടക്കുന്നതിനായി സർവ്വീസിലുള്ളവർ ഒരു നിശ്ചിത കാലയളവിൽ ഈ ജില്ലയിൽ ജോലി ചെയ്തിരിക്കണമെന്ന് നിഷ്കർഷിക്കുന്നതാണ്. ചിലയാളുകൾ മാത്രം പാലക്കാട്, കാസർഗോഡ്, വയനാട് ജില്ലകളിൽ ജോലി ചെയ്യുന്നതിനുപകരം എല്ലാവരും ആ രീതിയിൽ ജോലി ചെയ്യണമെന്നുള്ള തീരുമാനമാണ് ഇപ്പോൾ വകുപ്പ് എടുത്തിട്ടുള്ളത്; അത് ഉടനെ നടപ്പിലാക്കുന്നതുമാണ്. ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നുമാത്രമല്ല, സ്ഥാനക്കയറ്റംമൂലം നികത്തപ്പെടേണ്ട തസ്തികകളിലെ ഒഴിവുകൾ നികത്താനുള്ള സത്വര നടപടിയും സ്വീകരിച്ചിട്ടുണ്ട്. ആരോഗ്യ കേരളം പദ്ധതി മുഖേന 457 ജീവനക്കാരെ അവിടെ വിവിധ ഭാഗങ്ങളിലായി നിയോഗിച്ചിട്ടുണ്ട്. ഇ.ഇ.ജി. മെഷീൻ സ്ഥാപിച്ചപ്പോൾ അത് പ്രവർത്തിപ്പിക്കുന്നതിന് ടെക്നീഷ്യനെ ലഭിക്കാതിരുന്നതിനാൽ

മറ്റുജില്ലകളിൽനിന്നും വ്യത്യസ്തമായ പ്രത്യേക പാക്കേജ് അനുവദിച്ചുകൊണ്ട് അവിടെ ഇ.ഇ.ജി. ടെക്നീഷ്യനെ നിയമിക്കുന്ന സാഹചര്യമുണ്ടായി. 25 അസിസ്റ്റന്റ് സർജൻമാരും 6 സ്പെഷ്യാലിറ്റി ഡോക്ടർമാരുമുൾപ്പെടെ 31 ഡോക്ടർമാരാണ് 457 ജീവനക്കാരിൽ ഉൾപ്പെടുന്നത്. പ്രത്യേകിച്ച്, വർക്കിംഗ് അറേഞ്ച്മെന്റും അവിടെനിന്നുള്ള ഡെപ്യൂട്ടേഷനും പൂർണ്ണമായും ഒഴിവാക്കുന്നതിനുള്ള നിർദ്ദേശമാണ് നൽകിയിട്ടുള്ളത്. മനുഷ്യത്വപരമായ, കാൻസർ ബാധിതയായ ഒരു ജീവനക്കാരനോ/ജീവനക്കാരിയോ അല്ലെങ്കിൽ കുഞ്ഞുങ്ങൾക്ക് അസുഖമുള്ള കേസുകൾ എന്നിങ്ങനെ വളരെ അനുകമ്പാർഹമായ മാനദണ്ഡങ്ങളിലൊഴികെ ഒരു കാരണവശാലും വർക്കിംഗ് അറേഞ്ച്മെന്റ്/ഡെപ്യൂട്ടേഷൻ നൽകരുതെന്ന് നിർബന്ധമായി പറഞ്ഞിട്ടുണ്ട്. അത് തുടർന്നുപോകുന്നതിനാണ് ശ്രമിക്കുന്നത്. കാസർഗോഡ് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ഈ സർക്കാരിന്റെ കാലയളവിൽ 12 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ജെ.പി.എച്ച്.എൻ., ജെ.എച്ച്.ഐ. തസ്തികകളുമായി ബന്ധപ്പെട്ട് കേസ്സുകൾ നിലവിലുണ്ട്. പ്രൊമോഷനുമായി ബന്ധപ്പെട്ടും നിയമനവുമായി ബന്ധപ്പെട്ടും

കേസ്സുകൾ നിലവിലുണ്ടെന്നത് സംസ്ഥാന വ്യാപകമായി നേരിടുന്ന പ്രശ്നമാണ്. തീർപ്പാകാത്ത ഇത്തരം കേസ്സുകൾ ഫീൽഡുതല ആക്ടിവിറ്റിയെ ബാധിക്കുന്ന രീതിയിലേയ്ക്ക് പോകുമെന്നത് ബഹുമാനപ്പെട്ട കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണേണ്ടതുണ്ട്. അഡ്ഹോക് നിയമനത്തിനുള്ള അനുപാതം ഡി.എച്ച്.എസ്.-ഉം ഡി.എം.ഇ.-യും അതത് വകുപ്പുകളിൽ നൽകിയിട്ടുണ്ട്.

(4) സചിവോത്തമപുരം സി.എച്ച്.സി.-യിൽ ഐസൊലേഷൻ വാർഡ്

ശ്രീ. ജോബ് മൈക്കിൾ: സർ, കോട്ടയം ജില്ലയിൽ ഏറ്റവുമധികം പട്ടികജാതി സെറ്റിൽമെന്റ് കോളനികളുള്ള പഞ്ചായത്താണ് കുറിച്ചി. കുറിച്ചി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സചിവോത്തമപുരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ 52 ഐ.പി.-യാണ് അനുവദിച്ചിട്ടുള്ളത്. ഐ.പി. പ്രവർത്തിച്ചിരുന്ന കെട്ടിടം അൺഫിറ്റായതിനെത്തുടർന്ന് പൊളിച്ചുമാറ്റിയെങ്കിലും നിലവിൽ പുതിയ ഐ.പി. പ്രവർത്തിക്കാത്ത സാഹചര്യമാണുള്ളത്. തുടർന്ന് കിഫ്ബി ധനസഹായത്തോടെ ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണം ആരംഭിച്ചെങ്കിലും നാളിതുവരെ

പ്രവർത്തനം പൂർത്തീകരിച്ചിട്ടില്ല. ആശുപത്രികളുടെ നവീകരണത്തിനായി എൻ.എച്ച്.എം. മുഖാന്തരം 2.42 കോടി രൂപ അനുവദിച്ചെങ്കിലും ആധുനിക രീതിയിലുള്ള ആശുപത്രിയുടെ ആവശ്യകതയ്ക്കനുസരിച്ച് കെട്ടിടം നിർമ്മിക്കുന്നതിനായി അഞ്ചരക്കോടി രൂപ ലഭിക്കുന്ന പ്രൊപ്പോസൽ സമർപ്പിച്ചതിന്റെ നടപടി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ടി പഞ്ചായത്തിലെയും പ്രത്യേകിച്ച് പട്ടികജാതി സെറ്റിൽമെന്റ് കോളനിയിലെയും സമീപ പഞ്ചായത്തുകളായ നീലംപേരൂർ, പനച്ചിക്കാട് പഞ്ചായത്തുകളിലെയും സാധാരണക്കാർ ചികിത്സയ്ക്കായി ആശ്രയിക്കുന്ന സി.എച്ച്.സി.-യിലെ ഐ.പി. പ്രവർത്തിക്കാത്തതുമൂലം വളരെയധികം ബുദ്ധിമുട്ടനുഭവിക്കുകയാണ്. 52 ബെഡ്ഡുകളുള്ള ഐ.പി. വാർഡ് നേരത്തെ വളരെ നല്ലരീതിയിൽ പ്രവർത്തിച്ചുകൊണ്ടിരുന്നതാണ്. സാധാരണക്കാരും സാമ്പത്തികമായി പിന്നാക്കംനിൽക്കുന്നവരും താമസിക്കുന്ന മേഖലയായതുകൊണ്ടുതന്നെ സ്വകാര്യ ആശുപത്രികളെ സമീപിക്കാൻ പലർക്കും സാധിക്കുന്നില്ല. പ്രസ്തുത ഐ.പി. അടിയന്തരമായി നല്ല രീതിയിൽ പ്രവർത്തിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം. കിഫ്ബി

ധനസഹായത്തോടെ നിർമ്മിക്കുന്ന ഐസൊലേഷൻ വാർഡിന്റെ പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, കോട്ടയം ജില്ലയിൽ ചങ്ങനാശ്ശേരി താലൂക്കിലെ കുറിച്ചി പഞ്ചായത്തിലാണ് സചിവോത്തമപുരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ പ്രവർത്തിക്കുന്നത്. ഇത് 1936-ൽ രാജഭരണകാലത്ത് സ്ഥാപിക്കപ്പെട്ട ആരോഗ്യകേന്ദ്രമാണ്. ഇവിടെ 31 സ്ഥിരം ജീവനക്കാരുടെ തസ്തികകളാണുള്ളത്. അതിൽ രണ്ട് അസിസ്റ്റന്റ് സർജൻമാരും ഡെപ്യൂട്ടി നെഴ്സിംഗ് സൂപ്രണ്ടും ഹെഡ് നെഴ്സും സ്റ്റാഫ് നെഴ്സുമൊക്കെയാണ് ഉൾപ്പെടുന്നത്. എൻ.എച്ച്.എം. മുഖാന്തരം രണ്ടു ഡോക്ടർമാരെയും തദ്ദേശസ്വയംഭരണ സ്ഥാപനം മുഖേന ഒരു ഫാർമസിസ്റ്റിനെയും എച്ച്.എം.സി. മുഖേന ഒരു ലാബ് ടെക്നീഷ്യനെയും നിയോഗിച്ചിട്ടുണ്ട്. ആരോഗ്യവകുപ്പ് 4 ഡോക്ടർമാരെ (രണ്ട് സ്ഥിരം തസ്തികകളിലും എൻ.എച്ച്.എം. മുഖേന രണ്ടുപേരെയും) അവിടെ നിയമിച്ചിട്ടുണ്ട്. സചിവോത്തമപുരം സാമൂഹികാരോഗ്യ

കേന്ദ്രത്തിന്റെ 15 കിലോമീറ്റർ ചുറ്റളവിലാണ് ചങ്ങനാശ്ശേരി ജനറലാശുപത്രിയും കോട്ടയം ജില്ലാശുപത്രിയും സ്ഥിതി ചെയ്യുന്നത്. ബഹുമാനപ്പെട്ട അംഗത്തിന്റെ മണ്ഡലമായ ചങ്ങനാശ്ശേരിയിൽ 80 കോടി രൂപയുടെ കിഫ്ബി ഫണ്ട് അനുവദിച്ചുകൊണ്ട് പുതിയ ബ്ലോക്കിന്റെ പ്രവൃത്തി നടന്നുവരികയാണ്. കോട്ടയം മെഡിക്കൽ കോളേജിലും കിഫ്ബിയുടെ 100 കോടിയിലധികം രൂപയുടെ ഫണ്ടുപയോഗിച്ച് പുതിയ ബ്ലോക്കിന്റെ നിർമ്മാണം നടത്തിവരികയാണ്. കിടത്തി ചികിത്സ ആവശ്യമായിവരുന്ന രോഗികളെ ഈ ആശുപത്രിയിലേയ്ക്കാണ് റഫർ ചെയ്യുന്നത്. 300 മുതൽ 350 പേർ വരുന്ന ഒ.പി.-യാണ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ നിലവിലുള്ളത്. രാവിലെ 9 മണി മുതലാണ് ഒ.പി.-യുടെ പ്രവർത്തനം ആരംഭിക്കുന്നത്. അത് 6.00 മണി വരെ ദീർഘിപ്പിക്കണമെന്നാണ് കരുതുന്നത്. സി.എച്ച്.സി.-യുടെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണത്തിനായി 2 കോടി രൂപയുടെ അംഗീകാരം ലഭിച്ചിരുന്നു. പിന്നീട് 35 ലക്ഷം രൂപ ആരോഗ്യ വകുപ്പിന്റെ പ്ലാൻ ഫണ്ടും ജനകീയാരോഗ്യ കേന്ദ്രത്തിന്റെ സബ്സെന്ററിന്റെ ഫണ്ടായ 7 ലക്ഷം രൂപയുംകൂടി

ചേർത്തുകൊണ്ട് 2.42 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. അതുകൂടാതെ 15-ാം ധനകാര്യകമ്മീഷന്റെ ഗ്രാന്റ് പ്രകാരം എൽ.എസ്.ജി.ഡി. മുഖേന അഞ്ചേമുക്കാൽ കോടി രൂപ അനുവദിക്കപ്പെട്ടിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങളും അവിടെ നടത്താവുന്നതാണ്. സർക്കാരിന്റെ ഉത്തരവുപ്രകാരം കോവിഡുപോലുള്ള പകർച്ചവ്യാധികളെ പ്രതിരോധിക്കുന്നതിന് ഓരോ നിയോജകമണ്ഡലത്തിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികളിൽ ഐസൊലേഷൻ ബ്ലോക്ക് നിർമ്മിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇപ്പോൾ അവിടെ 50 ശതമാനം നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. രണ്ടുമാസത്തിനുള്ളിൽ ബാക്കികൂടി പൂർത്തീകരിച്ച് മെഡിക്കൽ ഉപകരണങ്ങൾ പ്രവർത്തന സജ്ജമാക്കാൻ കഴിയുമെന്നാണ് അറിയിച്ചിരിക്കുന്നത്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): നേരത്തെ ക്രമമനുസരിച്ചാണ് സബ്മിഷൻ അവതരിപ്പിച്ചുകൊണ്ടിരുന്നത്. ചിലപ്പോൾ അതിൽ മാറ്റം വരുത്തേണ്ടിവരും. അത്തരം സാഹചര്യത്തിൽ അത്

നേരത്തെ അറിയിക്കണം; അതിന് സാധാരണഗതിയിൽ കീഴ്വക്കമുണ്ട്. ആ കീഴ്വഴക്കത്തിൽ ചിലപ്പോൾ പരിപാടികൾ മാറ്റിക്കൊടുക്കേണ്ടിവരും. അങ്ങനെവരുമ്പോൾ ബാക്കിയുള്ള അംഗങ്ങളോട് അത് ചോദിക്കണം. ക്രമമനുസരിച്ച് പരിപാടികൾ ക്രമീകരിക്കണം. ഏകപക്ഷീയമായി ചെയ്യാൻ പാടില്ല.

മി. ചെയർമാൻ: ഇനി ക്രമമനുസരിച്ച് സബ്മിഷൻ വിളിക്കുന്നതാണ്.

(5) നെല്ല് സംഭരണ വിലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

ശ്രീ. ഷാഫി പറമ്പിൽ: സർ, കേരളത്തിന്റെ നെല്ലറയായ പാലക്കാടിനെ തരിശ്ശുഭൂമിയാക്കരുതെന്ന് അഭ്യർത്ഥിക്കുന്നതിനാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. 38151 കർഷകർക്ക് അഞ്ചുമാസമായി നെല്ല് സംഭരിച്ചതിന്റെ അഞ്ചുപൈസപോലും ലഭിച്ചിട്ടില്ല. ഇപ്പോൾ 150 കോടി രൂപ കൊടുക്കാമെന്ന് പറയുന്നുണ്ട്; എന്നാൽ 50000 രൂപയിൽ കൂടുതൽ പി.ആർ.എസ്. ഉള്ള ഒരാൾക്ക് പോലും തുക കിട്ടാൻ സാധ്യതയില്ല എന്നാണ് മാധ്യമങ്ങളിൽനിന്ന് അറിയാൻ കഴിഞ്ഞത്. സംസ്ഥാനത്തെ കർഷകർക്ക് ആകെ കൊടുക്കാനുള്ള 400 കോടി രൂപയിൽ 288 കോടി രൂപയും പാലക്കാട് ജില്ലയിലെ കർഷകർക്കാണ് കൊടുക്കാനുള്ളത്. ഒന്നാംവിളയുടെ തുകപോലും കൊടുക്കാത്തതിന്റെപേരിൽ

ഇപ്പോൾ കർഷകർ ഹൈക്കോടതിയിൽ കേസ് കൊടുത്തിരിക്കുകയാണ്. ചരിത്രത്തിലാദ്യമായാണ് ഇത്തരമൊരു ഗതികേട് കർഷകർക്കുണ്ടാകുന്നത്. കർഷകരോട് കടംപറയുന്നത് നിങ്ങൾ അവസാനിപ്പിക്കണം. സി.പി.ഐ.(എം).-ന്റെ കർഷകസംഘം പാലക്കാട് സപ്ലൈ ഓഫീസിലേയ്ക്ക് മാർച്ച് നടത്തിയശേഷം ചോദിച്ചത് ഉയർന്ന പലിശ ഈടാക്കിയതിന് സപ്ലൈകോയുമായി ബന്ധപ്പെട്ടവർക്ക് ബാങ്ക് എന്ത് ഉപഹാരമാണ് നല്കിയതെന്നാണ്. സി.പി.ഐ.-ക്കാർ മാർച്ച് നടത്തിയിട്ട് പറഞ്ഞത്, ധനവകുപ്പ് ഇവർക്ക് ലഭിക്കേണ്ട പണത്തെ അട്ടിമറിച്ച് തരംമാറ്റിയെന്നാണ്. കളപറിക്കാൻ പണിക്കാരെ വിടാൻ കർഷകർക്ക് കഴിയുന്നില്ല. അവരുടെ വായ്പകളും സ്വർണ്ണപ്പണയവും പണ്ടവും പലിശയുമൊക്കെ മുടങ്ങിക്കിടക്കുകയാണ്. അതേസമയം കാർഷികവായ്പയുടെ പലിശയ്ക്ക് ഒരു കുറവും ഈ കാലങ്ങളിൽ വരുത്തുന്നുമില്ല. ഇതിന് ബഡ്ജറ്റിൽ ഫണ്ട് നീക്കിവയ്ക്കാനുള്ള തീരുമാനമുണ്ടാക്കേണ്ടത് അത്യാവശ്യമാണ്; സ്കൂൾ തുറന്നാൽ കുട്ടികളുടെ വിദ്യാഭ്യാസ ചെലവിന് ഒരു പൈസപോലും കണ്ടെത്താൻ കഴിയുന്നില്ല; എവിടെന്നാണ് പണം കണ്ടെത്തുക; ചിങ്ങം 1-ന് കർഷകർ കരിദിനം ആചരിക്കേണ്ട അവസ്ഥയാണുള്ളത്. അവരുള്ളതുകൊണ്ടല്ലേ നമുക്ക് അന്നം ലഭിക്കുന്നത്? അവർ കഷ്ടപ്പെട്ട് അദ്ധ്വാനിച്ചുണ്ടാക്കിയ നെല്ല് നമ്മൾ

സംഭരിച്ചതിനുള്ള തുകയല്ലേ അവർ ചോദിക്കുന്നത്. അത് സമയബന്ധിതമായി കൊടുക്കുന്നതിന് എല്ലാവർഷവും ഒരു ബഡ്ജറ്റ് വിഹിതം വച്ച് യഥാസമയം തുക കൊടുക്കുന്നുവെന്ന് ഉറപ്പുവരുത്താനുള്ള എന്ത് ഇടപെടലുകളാണ് നിങ്ങൾ ചെയ്യുന്നത്? എല്ലാവർഷവും ഇപ്രകാരം കടമെടുക്കുമ്പോൾ സിബിൽ റേറ്റിംഗ് കുറയുന്നതിന്റെ ഫലമായി അവർക്ക് ബാങ്കിൽ മാത്രമല്ല, വ്യക്തിപരമായും പ്രശ്നമുണ്ടാകുകയാണ്. അതുകൊണ്ട് സർക്കാർ ഇനി കൊടുക്കാനുള്ള മുഴുവൻ തുകയും എത്രയുംവേഗം ഒറ്റത്തവണയായി കൊടുത്തുതീർക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, 2022-23 വർഷത്തെ സംഭരണ സീസണിലെ നെല്ലിന്റെ വില പൂർണ്ണമായും കൊടുത്തുതീർക്കാനുള്ള നടപടി പുരോഗമിച്ചുവരികയാണ്. ഈ സീസണിൽ 31-07-2023 വരെ സപ്ലൈകോ 7.31 മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. ഒരു കിലോഗ്രാം നെല്ലിന്റെ വിലയായ 28.20 രൂപ, കൈകാര്യച്ചെലവിനത്തിലുള്ള 12 പൈസ എന്നിവ ഉൾപ്പെടെ 2070.71 കോടി രൂപയിൽ 1637.83 കോടി രൂപ നൽകിക്കഴിഞ്ഞിട്ടുണ്ട്. കർഷകരിൽനിന്നും താങ്ങുവില നൽകി, നെല്ല് സംഭരിച്ച് സംസ്കരിച്ച്, പൊതുവിതരണ സംവിധാനംവഴി വിതരണം ചെയ്യുന്നതിനാണ് ഈ

പദ്ധതി നടപ്പാക്കിയിരിക്കുന്നത്. കേന്ദ്ര സർക്കാർ നൽകുന്ന അടിസ്ഥാനവിലയും സംസ്ഥാന സർക്കാർ നൽകുന്ന പ്രോത്സാഹന ബോണസും ചേർത്ത് ഒരു കിലോഗ്രാം നെല്ലിന് 28.20 രൂപയാണ് നിലവിൽ സർക്കാർ നൽകിവരുന്നത്. ഇപ്രകാരം നെല്ല് സംഭരിച്ച്, സംസ്കരിച്ച് അരിയാക്കി പൊതുവിതരണ സംവിധാനത്തിലൂടെ വിതരണം ചെയ്തതിനുശേഷം മാത്രമെ കേന്ദ്രവിഹിതം ലഭിക്കാനുള്ള ക്ലെയിം സമർപ്പിക്കാൻ സാധിക്കുകയുള്ളൂ. ക്ലെയിം സമർപ്പിച്ച് തുക അനുവദിക്കപ്പെടുമ്പോഴേയ്ക്കും നെല്ല് സംഭരിച്ച് ആറുമാസംവരെ കാലതാമസം വരാറുണ്ട്. ഇപ്രകാരം കേന്ദ്രസർക്കാർ വിഹിതം ലഭിക്കുന്നതുവരെ കാത്തിരിക്കാതെ നെല്ല് സംഭരിച്ചാലുടൻ കർഷകർക്ക് വില നൽകുന്നതിനുവേണ്ടിയാണ് പി.ആർ.എസ്. വായ്പാ സംവിധാനം സപ്ലൈകോ നടപ്പാക്കിയത്. മറ്റുസംസ്ഥാനങ്ങളെ അപേക്ഷിച്ച് പി.ആർ.എസ്. വായ്പയുടെ പലിശനിരക്ക് കേരളത്തിൽ കൂടുതലായതിൽ പ്രസ്തുത വായ്പയിലൂടെ കർഷകർക്ക് നെല്ലിന്റെ വില ലഭ്യമാക്കുന്നതിനുള്ള കാലതാമസം കർഷകരുടെ സിബിൽ സ്കോറിനെ ദോഷകരമായി ബാധിക്കുമെന്നതു പരിഗണിച്ചാണ് എസ്.ബി.ഐ., കാനറ ബാങ്ക്, ഫെഡറൽ ബാങ്ക് എന്നിവയുൾപ്പെടുന്ന കൺസോർഷ്യം ബാങ്കുകളിൽനിന്നും 2500 കോടി രൂപയുടെ വർക്കിംഗ് ക്യാപ്പിറ്റൽ ലോൺ

എടുക്കുവാൻ സർക്കാർ തയ്യാറായത്. നിലവിൽ നെല്ലിന്റെ വിലയായി കർഷകർക്ക് നൽകാനുള്ള താങ്ങുവില, കൈകാര്യച്ചെലവ് എന്നീ ഇനത്തിൽ ഏകദേശം 433 കോടി രൂപ കൊടുത്തുതീർക്കാനുണ്ട്. ഇതിനായി 31-07-2023-ൽ സർക്കാർ ഉത്തരവ് നമ്പർ 327/2023 പ്രകാരം 60 കോടി രൂപയും 02-08-2023-ലെ സർക്കാർ ഉത്തരവ് 331 പ്രകാരം 120 കോടി രൂപയും ചേർത്ത് ആകെ 180 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക കർഷകരുടെ അക്കൗണ്ടിലേയ്ക്ക് ട്രഷറിയിൽനിന്നും നേരിട്ട് നൽകിവരുന്നു. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ 50000 രൂപയല്ല, ഒരു ലക്ഷം രൂപയ്ക്കുതാഴെ പി.ആർ.എസ്. ഉള്ളവർക്ക് തുക കൊടുത്തുതീർക്കാൻവേണ്ടി 180 കോടി രൂപ അനുവദിക്കപ്പെട്ടതിൽ 40000-ത്തിലധികം കർഷകർക്ക് ഇത് കൊടുത്തുതീർക്കാനുള്ള നടപടി ധൃതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. ഭാവിയിൽ നെല്ല് സംഭരണം കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള സംവിധാനം ആവിഷ്കരിക്കുന്നതിന് കേരള ബാങ്കിന്റെ സഹകരണത്തോടെ ക്രമീകരണം ഏർപ്പെടുത്താനുള്ള കൂടിയാലോചനകൾ പുരോഗമിച്ചുവരുന്നു.

(6) <u>ജലവിഭവ വകുപ്പിന്റെ വിവിധ പുനരുദ്ധാരണ പ്രോജക്ടുകൾ</u>

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, കഴക്കൂട്ടം നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പിനുകീഴിലുള്ള വിവിധ പദ്ധതികൾ ഇഴഞ്ഞു നീങ്ങുകയാണ്. ഇവയ്ക്ക് 2017-ൽ അമൃത്-1 പദ്ധതിയിൽ ഭരണാനുമതി ലഭിക്കുകയും 2018-ൽ പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. മൂന്നുവർഷംകൊണ്ട് പൂർത്തിയാക്കേണ്ട 119.74 കോടി രൂപയുടെ കഴക്കൂട്ടം-മുട്ടത്തറ സ്വിവറേജ് പ്രോജക്ട് ഇനിയും എവിടെയും എത്താത്ത അവസ്ഥയിലാണ്. അരശുമൂട്- കുഴിവിള റോഡിന്റെ പ്രവൃത്തി ഒരു വർഷമായിട്ടും പൂർത്തിയാക്കാത്തതിന്റെ ഫലമായി കഴിഞ്ഞ നാലുവർഷമായി ആ റോഡിലെ ജനങ്ങൾ ബന്ദികളായിരിക്കുന്ന അവസ്ഥയിലാണ്. 2019-ൽ ഭരണാനുമതിയും 65 കോടി രൂപയുടെ അടങ്കൽ തുകയും ലഭിച്ചതും ഒരു വർഷം കൊണ്ട് പൂർത്തിയാക്കേണ്ടതുമായ പേരൂർക്കട-പുതുകുന്ന്-മൺവിള കുടിവെള്ള മെയിൻ ലൈൻ സ്ഥാപിക്കേണ്ട കിഫ്ബിയുടെ പ്രോജക്ട് 2020-ൽ ആരംഭിക്കുകയുണ്ടായി. അകെ 15 കിലോമീറ്റർ ദൂരം നിശ്ചയിച്ചിരുന്ന പ്രസ്തുത പ്രോജക്ടിന്റെ 6.5 കിലോമീറ്റർ പ്രവൃത്തിയാണ് നാളിതുവരെ പൂർത്തിയാക്കിയത്; ഇനിയും 8.5 കിലോമീറ്റർ പൂർത്തിയാക്കേണ്ടതുണ്ട്. അരുവിക്കരയിൽ ആരംഭിച്ച വലിയ പ്ലാന്റിൽനിന്ന് വെള്ളം കൊണ്ടുവരുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രോജക്ടാണിത്. കണ്ണമ്മൂല-ആക്കുളം-ആമയിഴഞ്ചാൻ തോടിന്റെ നവീകരണ

ത്തിന് 20 ശതമാനം ടോക്കൺ പ്രൊവിഷനുണ്ടായിരുന്നു. 2018-19 ബഡ്ജറ്റിൽ ഒന്നാം ഘട്ടത്തിന് 25 കോടി രൂപയും 2022-23-ലെ ബഡ്ജറ്റിൽ രണ്ടാം ഘട്ടത്തിന് 12 കോടി രൂപയുമാണ് അനുവദിച്ചത്. 2021-ൽ ആരംഭിച്ച ഒന്നാംഘട്ട പ്രവൃത്തി എട്ട് മാസക്കാലംകൊണ്ട് പൂർത്തിയാക്കേണ്ടയിരുന്നെങ്കിലും മൂന്നുവർഷമായിട്ടും 10 ശതമാനംപോലും പൂർത്തിയായിട്ടില്ല. തിരുവനന്തപുരം നഗരത്തിലെ ആനയറയിലെ പൈപ്പ്ലൈൻ പ്രശ്നം ഏറ്റവും വലിയ വാർത്തയായിരുന്നു. ഒരു ചെറിയ ഏരിയയിൽപോലും പൈപ്പ്ലൈൻ സ്ഥാപിക്കാൻ സാധിച്ചിട്ടില്ല. ആ പൈപ്പ്ലൈനിനെക്കുറിച്ച് മൂന്നാം ലോകമഹായുദ്ധമെന്ന മട്ടിലാണ് എല്ലാ പത്രങ്ങളും റിപ്പോർട്ട് ചെയ്തിരുന്നത്. എന്നാൽ ആ പ്രശ്നത്തിനും പരിഹാരം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ചുരുക്കിപ്പറഞ്ഞാൽ, എന്റെ നിയോജകമണ്ഡലത്തിലെ നാലിലൊന്ന് ഭാഗത്തെ ജനങ്ങളും യാത്രാദുരിതം അനുഭവിക്കുകയാണ്. റോഡുകൾ കുഴിച്ചിട്ടിരിക്കുന്നതിനാൽ ആളുകൾക്ക് വഴി നടക്കാൻപോലും കഴിയുന്നില്ല. ചിലർ അവിടെ താമസിക്കാൻ കഴിയാത്തതിനാൽ വാടകയ്ക്ക് കഴിയുന്ന അവസ്ഥയാണുള്ളത്. ഈ സാഹചര്യത്തിൽ ജലവിഭവ വകുപ്പിനുകീഴിലുള്ള

വിവിധ പദ്ധതികൾ ഇഴഞ്ഞുനീങ്ങുന്നതിന്റെ കാരണം എന്താണെന്ന് കണ്ടെത്തി പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, കേന്ദ്ര-സംസ്ഥാന പദ്ധതിയായ അമൃത് പദ്ധതിയിലുൾപ്പെടുത്തി കഴക്കൂട്ടം-മുട്ടത്തറ സ്വീവറേജ് പ്രോജക്ടിൽ സ്വീവറേജ് പമ്പ് ഹൗസുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ലൈനുകൾ സ്ഥാപിക്കൽ പ്രവൃത്തി നാല് ബ്ലോക്കുകളായാണ് (ഐ, ജെ, കെ, എൽ) തിരിച്ചിട്ടുള്ളത്. ഐ-ബ്ലോക്കിൽ ടെക്നോപാർക്ക് മുതൽ അരശുമൂട് വരെയുള്ള മെയിൻ പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. ബ്ലോക്കിലെ പമ്പ് ഹൗസിന്റെയും അനുബന്ധ ഘടകങ്ങളുടെയും പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ജെ-ബ്ലോക്കിൽപ്പെട്ട അരശുമൂട്-സ്റ്റില്ലിംഗ് ചേമ്പർ മുതൽ കരിമണൽ പമ്പ് ഹൗസ് വരെയുള്ള ട്രാൻസ്മിഷൻ മെയിൻ പൈപ്പ് സ്ഥാപിക്കുന്നതിന് ഉത്തരേന്ത്യൻ കമ്പനിക്കാണ് ചുമതല നൽകിയിരിക്കുന്നത്. ഈ കമ്പനിയുടെ ഭാഗത്തുനിന്നുള്ള അനാസ്ഥയെത്തുടർന്ന് പ്രവൃത്തിയിൽ

യാതൊരു പുരോഗതിയുമുണ്ടാകാത്തതിനാൽ കമ്പനിയെ റിസ്ക് ആൻഡ് കോസ്റ്റിൽ നിന്നും ഒഴിവാക്കുകയുണ്ടായി. എന്നാൽ പലതവണ പുതിയ ക്വട്ടേഷനുകൾക്കുവേണ്ടി അപേക്ഷ ക്ഷണിച്ചെങ്കിലും ദർഘാസ് ആരും ഏറ്റെടുക്കാൻ തയ്യാറാകാത്ത സാഹചര്യം വന്നതിനാൽ ചെറിയ പാക്കേജുകളായി തിരിച്ച് ദർഘാസുകൾ ക്ഷണിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കരാറുകൾ നൽകി പ്രവൃത്തി പുരോഗമിക്കുകയും ചെയ്യുന്നു. കെ-ബ്ലോക്കിൽപ്പെട്ട കുഴിവിള മുതൽ ആക്കുളം വരെയുള്ള പൈപ്പ്‌ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. എൽ-ബ്ലോക്കിൽപ്പെട്ട പ്രവൃത്തി പല ഘട്ടങ്ങളായി പുരോഗമിച്ചുവരികയാണ്. ചില പ്രദേശങ്ങളിൽ പൈപ്പ്‌ലൈൻ സ്ഥാപിക്കുന്നതിനെതിരെയുള്ള പൊതുജനങ്ങളുടെ എതിർപ്പും കോടതി വ്യവഹാരങ്ങളും പദ്ധതിക്കാവശ്യമായ സ്ഥലം യഥാസമയം ലഭ്യമാകാത്തതും പൂർത്തീകരണത്തെ ബാധിച്ചിട്ടുണ്ട്. ഡിസംബർ മാസത്തിൽ പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. മറ്റൊരു പ്രവൃത്തി, പേരൂർക്കട-പുതുകുന്ന്-മൺവിള കുടിവെള്ളം മെയിൻ പൈപ്പ്‌ലൈൻ സ്ഥാപിക്കലാണ്. തിരുവനന്തപുരം നഗരത്തിലും സമീപ

പ്രദേശങ്ങളിലും കുടിവെള്ളമെത്തിക്കുന്ന പ്രധാന ജലവാഹിനി കുഴലുകളിലൊന്നാണ് പേരൂർക്കട മുതൽ മൺവിളവരെ സ്ഥാപിച്ചിട്ടുള്ള പി.എസ്.സി. ജലവാഹിനി കുഴൽ. കാലപ്പഴക്കംമൂലം ജലവാഹിനിക്കുഴലുകൾക്ക് നാശം സംഭവിക്കുകയും അടിക്കടി ചോർച്ചയുണ്ടാകുകയും ചെയ്യുന്നുണ്ടെന്ന് മാത്രമല്ല, ഇത്തരത്തിൽ നഗരത്തിലും സമീപപ്രദേശങ്ങളിലും കുടിവെള്ളം എത്തിക്കുന്നതിന് പലപ്പോഴും തടസ്സമുണ്ടാകുന്നതു കൂടാതെ ഈ കുഴലുകളിലെ ചോർച്ച കാരണം റോഡുകൾക്കും നാശനഷ്ടം സംഭവിക്കുന്നുണ്ട്. അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി അരുവിക്കരയിൽ പുതിയതായി നിർമ്മിച്ച 75 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണ ശാലയിൽനിന്നുള്ള ശുദ്ധജലം തിരുവനന്തപുരം നഗരത്തിലെത്തിച്ച് ശുദ്ധജല വിതരണം ശാക്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. ഈ പദ്ധതിയുടെ 37 ശതമാനത്തോളം പ്രവൃത്തി ഇതിനോടകം പൂർത്തീകരിച്ചെങ്കിലും റേറ്റ് റിവിഷൻ, കരാർ റദ്ദാക്കൽ തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചുകൊണ്ട് കരാർ കമ്പനി മുന്നോട്ടുവന്ന സാഹചര്യത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഒരു വ്യവഹാരം

നടത്തി പ്രവൃത്തി നിർത്തിവയ്ക്കേണ്ട അവസ്ഥയാണുണ്ടായിരിക്കുന്നത്. കണ്ണമ്മൂല-ആക്കുളം-ആമയിഴഞ്ചാൻ തോട് പുനരുദ്ധാരണ പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തി 24.99 കോടി രൂപയുടെ എ.എസ്.-ഉം 24.86 കോടി രൂപയുടെ ടി.എസ്.-ഉം ഇതിനോടകം നൽകുകയും പ്രവൃത്തി ഒരു കമ്പനി ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ടി പ്രവൃത്തിയുടെ 10 ശതമാനംപോലും പൂർത്തീകരിച്ചിട്ടില്ലെന്നാണ് രേഖപ്പെടുത്തിയത്. എന്നാൽ വാട്ടർ അതോറിറ്റിയുടെ നിലവിലെ കണക്ക് പ്രകാരം ഇത് 30 ശതമാനമാണ്. കണ്ണമ്മൂല മുതൽ ഇടത്തറവരെ തോടിന്റെ ഇടത്തേ ബണ്ടിലൂടെ സ്വീവറേജ് ലൈൻ സ്ഥാപിക്കുന്നതിനാണ് വാട്ടർ അതോറിറ്റി വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ ഒന്നര കി.മീ. നെല്ലിക്കുഴി ഭാഗത്തിന്റെ താഴെയായി ഇടതുകരയിൽ ബണ്ടില്ല. പ്രസ്തുത ഭാഗത്ത് സ്വീവറേജ് ലൈൻ സ്ഥാപിക്കുന്നതിനായി ലാൻഡ് അക്വിസിഷൻ നടപടി നടന്നിട്ടുണ്ടെന്ന് വാട്ടർ അതോറിറ്റി അറിയിച്ചിട്ടുണ്ടെങ്കിലും നിലവിൽ ഈ ഭാഗം സ്വകാര്യ വ്യക്തികൾ കൈയേറിയ സ്ഥിതിയാണുള്ളത്. ടി ഭാഗത്തെ കൈയേറ്റങ്ങൾ പൂർണ്ണമായി ഒഴിവാക്കുന്നതിനായി റവന്യൂ വകുപ്പും വാട്ടർ അതോറിറ്റിയും

ശ്രമം നടത്തിവരികയാണ്. കൈയേറ്റം ഒഴിപ്പിച്ചശേഷം തുടർനടപടി സ്വീകരിക്കുന്നതാണ്.

(7) ജൽജീവൻ മിഷൻ പദ്ധതിക്കായി കിൻഫ്രയുടെ സ്ഥലം ലഭ്യമാക്കൽ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ കോട്ടയ്ക്കൽ, കുറ്റിപ്പുറം, ആതവനാട്, മാറാക്കര എന്നീ പഞ്ചായത്തുകളെ ഉൾപ്പെടുത്തിക്കൊണ്ട് ജൽജീവൻ മിഷൻ പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കുകയും ടെണ്ടർ നടപടി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കിൻഫ്രയുടെ കൈവശമുള്ള ഭൂമിയിലാണ് ടാങ്ക് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനം നടക്കേണ്ടത്. അതിനുള്ള പൂർണ്ണ സമ്മതം വ്യവസായ വകുപ്പിൽനിന്നും ലഭിച്ചിട്ടില്ല. കഴിഞ്ഞ ദിവസം താത്കാലികമായി പ്രവൃത്തി ആരംഭിക്കുന്നതിനാവശ്യമായ ഉത്തരവ് നൽകിയിട്ടുണ്ട്. എന്നാൽ ഇതിന്റെ തുടർ പ്രവർത്തനമെന്ന നിലയ്ക്ക് കോട്ടയ്ക്കൽ മുനിസിപ്പാലിറ്റിയിൽ പൂർണ്ണമായി കുടിവെള്ളമെത്തിക്കാനുള്ള പദ്ധതിയുടെ പ്രവർത്തനത്തിനാവശ്യമായ ഫണ്ട് അനുവദിച്ചിട്ടില്ല. ടാങ്ക് നിർമ്മിക്കുന്നതിന് മുനിസിപ്പിലിറ്റിയിൽ അടക്കമുള്ള ആളുകൾ സ്ഥലം

വാങ്ങി നൽകുന്ന പ്രവൃത്തി പൂർത്തീകരിക്കാൻ പോകുകയാണ്. അതുകൊണ്ട് കോട്ടയ്ക്കൽ മുനിസിപ്പാലിറ്റിയിലേയ്ക്കുകൂടി ടി പ്രവൃത്തി വ്യാപിപ്പിക്കുന്നതിന് ഫണ്ട് അനുവദിക്കുന്നതിനും ഈ സ്ഥലത്ത് ടാങ്ക് നിർമ്മിക്കുന്നതിനാവശ്യമായ അനുമതി കിൻഫ്രയുടെ ഭാഗത്തുനിന്നും പൂർണ്ണതോതിൽ ലഭ്യമാക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കുറ്റിപ്പുറം, തിരുനാവായ, ആതവനാട്, മാറാക്കര എന്നീ പഞ്ചായത്തുകളും കോട്ടയ്ക്കൽ മുനിസിപ്പാലിറ്റിയും ഉൾപ്പെടെയുള്ള ഒരു സമഗ്ര കുടിവെള്ള പദ്ധതിക്ക് 40 MLD ടാങ്ക് പണിയുന്നതിനുവേണ്ടി 22,107 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽനിന്നും 14300 കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കണമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിനായി കുറ്റിപ്പുറം കിൻഫ്ര പാർക്കിന്റെ കൈവശമുള്ള ഭൂമിയാണ് ആവശ്യമായി വരുന്നത്. മലപ്പുറം ജില്ലാ കളക്ടറുടെ 10-07-2022-ലെ ഉത്തരവുപ്രകാരം ഈ ആവശ്യത്തിനായി കുറ്റിപ്പുറം കിൻഫ്ര പാർക്കിൽ 50

സെന്റ് ഭൂമിക്ക് കേരള വാട്ടർ അതോറിറ്റിക്ക് ഇപ്പോൾ ഉപയോഗാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾക്ക് 40 സെന്റ് ഭൂമി അനുവദിക്കാമെന്ന് കിൻഫ്ര അറിയിച്ചിട്ടുണ്ട്. പക്ഷെ ഒരു സെന്റ് ഭൂമിക്ക് 1,24,210 രൂപ നിരക്കിൽ 40 സെന്റ് ഭൂമിക്ക് ആകെ തുകയായ 49,68,400 രൂപയോ അല്ലെങ്കിൽ പ്രസ്തുത തുകയ്ക്ക് ആനുപാതികമായ ശുദ്ധജലമോ നൽകണമെന്നാണ് കിൻഫ്ര ആവശ്യപ്പെട്ടിട്ടുള്ളത്. ജൽജീവൻ പദ്ധതിക്ക് ഭൂമി വാങ്ങുന്നതിലേയ്ക്കായി തുക വകയിരുത്താത്തതിനാലും പഞ്ചായത്തിനുകീഴിലുള്ള പദ്ധതിയാണ് നടപ്പാക്കുന്നത് എന്നതിനാലും ഇക്കാര്യത്തിൽ ഒരു തീരുമാനം ആവശ്യമായി വരുന്ന സാഹചര്യമാണുള്ളത്. ജൽജീവൻ മിഷൻ പദ്ധതിയുടെ ഉപയോഗത്തിനുവേണ്ടി 40 സെന്റ് ഭൂമിക്ക് പഞ്ചായത്ത് എൻ.ഒ.സി. നൽകാനും കിൻഫ്ര പാർക്കിലെ ഇന്റേണൽ റോഡുകളുടെ പൈപ്പ് ലൈനുകൾ സ്ഥാപിക്കാനും വ്യവസായ വകുപ്പിന്റെ അനുമതി ലഭ്യമാക്കാനും ആവശ്യമായ നടപടിക്രമങ്ങൾ സ്വീകരിക്കണമെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു. അതിൻപ്രകാരം നിലവിൽ ഈ വിഷയം വ്യവസായ വകുപ്പിന്റെ

പരിഗണനയിലാണ്; താമസിയാതെ ഈ പ്രശ്നം പരിഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(8) തങ്കളം - കാക്കനാട് നാലുവരിപ്പാത

ശ്രീ. ആന്റണി ജോൺ: സർ, എറണാകുളം ജില്ലയിലെ പ്രധാന റോഡ് വികസന പദ്ധതിയുമായി ബന്ധപ്പെട്ട സബ്മിഷനാണ് ഞാൻ അവതരിപ്പിക്കുന്നത്. എന്റെ നിയോജകമണ്ഡലമായ കോതമംഗലത്തുനിന്നും ആരംഭിച്ച് ജില്ലാ ആസ്ഥാനമായ കാക്കനാട് വരെ എത്തുന്ന 27 കിലോമീറ്റർ നീളുന്ന തങ്കളം-കാക്കനാട് നാലുവരി പാതയ്ക്ക് ഒന്നാം വി.എസ്. ഗവൺമെന്റിന്റെ കാലഘട്ടമായ 2006-2007-ലാണ് അംഗീകാരം ലഭിച്ചത്. അതിന്റെ തുടർച്ചയായി 2009-2010 വർഷങ്ങളിൽ കോതമംഗലം മണ്ഡലത്തിലെ 800 മീറ്ററോളം പ്രദേശത്ത് ടി നാലുവരിപ്പാതയുടെ നിർമ്മാണം പൂർത്തീകരിച്ചിരുന്നു. അതിനുശേഷം കഴിഞ്ഞ ഗവൺമെന്റിന്റെ അവസാന കാലഘട്ടമായ 2019-ൽ കോതമംഗലം പട്ടണത്തോട് ചേർന്നുവരുന്ന പ്രദേശത്ത് അത്രത്തോളം ദൂരത്തിൽത്തന്നെ റോഡ് നിർമ്മാണം പൂർത്തീകരിക്കാൻ സാധിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട്

കേസുകൾ നിലനിന്നിരുന്നെങ്കിലും അവയെല്ലാം പരിഹരിച്ചതിനോടനുബന്ധിച്ച് കഴിഞ്ഞ ഗവൺമെന്റിന്റെ ആദ്യ രണ്ട് ബഡ്ജറ്റുകളിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി ഈ പദ്ധതിക്കുവേണ്ടി ഫണ്ട് അനുവദിച്ചിരുന്നു. പ്രസ്തുത പദ്ധതി ജില്ലയുടെ കിഴക്കൻ മേഖലയെ ജില്ലാ ആസ്ഥാനവുമായി ബന്ധിപ്പിക്കുന്നുവെന്ന് മാത്രമല്ല, ടൂറിസം, ഐ. ടി. മേഖലകളിൽ വലിയ വികസന സാധ്യത നൽകുകയും ചെയ്യുന്നതാണ്. ഒരു വൻ ജനസമൂഹം ഒട്ടേറെ വർഷങ്ങളായി വലിയ പ്രതീക്ഷയോടെ കാത്തിരിക്കുന്ന പദ്ധതിയാണ് തങ്കളം-കാക്കനാട് നാലുവരിപ്പാത. ഇതിലേയ്ക്കായി 2016-ലും 2017-ലും ഫണ്ടനുവദിച്ച് തുടർ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോയെങ്കിലും നിലവിൽ ഈ പദ്ധതി പ്രതിസന്ധിഘട്ടത്തിലാണ്. 2006-ലാണ് ഈ പദ്ധതിക്ക് അനുമതി ലഭിച്ചത്. 2009-ൽ ചീഫ് എൻജിനീയർ അംഗീകരിച്ച പദ്ധതിയുടെ അലൈൻമെന്റ് പ്രകാരം ഇപ്പോൾ കോതമംഗലം മണ്ഡലത്തിൽ ഒന്നര കിലോമീറ്ററോളം ദൂരത്തിൽ റോഡ് നിർമ്മാണവും അതിന്റെ തുടർച്ചയായി പെരിയാർവാലി കനാലിന് കുറുകെ ചില പാലങ്ങളുടെ നിർമ്മാണവും നടത്തിയിട്ടുണ്ട്. കോതമംഗലം

മണ്ഡലത്തിലെ ഇരവന്നൂർ വില്ലേജിൽ ഭൂമിയേറ്റെടുക്കൽ നടപടി അവസാനഘട്ടത്തിലാണ്. ഈ അവസരത്തിലാണ് നേരത്തെ നിശ്ചയിച്ചിരുന്ന അലൈൻമെന്റ് ഫീസിബിളല്ലെന്ന തരത്തിലുള്ള വാദം ഉയർന്നുവന്നതിനെത്തുടർന്ന് പദ്ധതി പ്രവർത്തനം പ്രതിസന്ധിയിൽപ്പെട്ടിരിക്കുന്നത്. ഒട്ടേറെ വർഷങ്ങളായി ജനങ്ങൾ കാത്തിരിക്കുന്ന ഈ പദ്ധതി കിഫ്ബിയിൽത്തന്നെ ഉൾപ്പെടുത്തി നിലവിലുള്ള അലൈൻമെന്റിൽ പ്രകടമായ മാറ്റം വരുത്താതെ നടപ്പാക്കാനുള്ള ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഇടുക്കി-എറണാകുളം ജില്ലകളെ കുറഞ്ഞ ദൂരത്തിൽ ബന്ധിപ്പിക്കാനുദ്ദേശിച്ച് മുമ്പ് പൊതുമരാമത്ത് (നിരത്ത് വിഭാഗം) പ്രവൃത്തി നിർവ്വഹിച്ചുകൊണ്ടിരുന്ന കാക്കനാട്-തങ്കളം പാത 2016-17-ലെ ബഡ്ജറ്റിന്മേലുള്ള ചർച്ചയുടെ മറുപടി പ്രസംഗത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തുകയും സർക്കാർ ഉത്തരവ് പ്രകാരം 30 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിരുന്നു. പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്ന പ്രവൃത്തി നിർവ്വഹണ

ഏജൻസിയായ കേരളാ റോഡ് ഫണ്ട് ബോർഡ് ആരംഭിക്കുകയും 2020 ജൂലൈ 14-ന് കിഫ്ബിക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ ഡി.പി.ആർ. സമർപ്പിച്ചത് ഭരണാനുമതി ലഭിച്ച് മൂന്ന് വർഷത്തിന് ശേഷമായതിനാൽ പുതുക്കിയ ഭരണാനുമതി സമർപ്പിക്കണമെന്ന് കിഫ്ബി നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകുകയുണ്ടായി. കെ.ആർ.എഫ്.ബി. പുതുക്കിയ ഭരണാനുമതി ലഭ്യമാക്കി; ഏഴ് കിലോമീറ്റർ ദൂരത്തിന്റെ ഡി.പി.ആർ. 2021 ഫെബ്രുവരി 21-ന് കിഫ്ബിക്ക് സമർപ്പിച്ചിരുന്നു. പദ്ധതി അവലോകനത്തിന്റെ ഭാഗമായി കിഫ്ബിയിലെ ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിക്കുകയും 27 കി. മീ. ദൂരത്തിൽ പൂർണ്ണമായ ഡി.പി.ആർ. തയ്യാറാക്കി സമർപ്പിക്കാൻ നിർദ്ദേശിച്ചുകൊണ്ട് കെ.ആർ.എഫ്.ബി.-ക്ക് പ്രാഥമിക അവലോകന റിപ്പോർട്ട് നൽകുകയും ചെയ്തിരുന്നു. പ്രസ്തുത നിർദ്ദേശ പ്രകാരം പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള പി.പി.യു. യൂണിറ്റ് ഡി.പി.ആർ. തയ്യാറാക്കുന്ന പ്രവൃത്തി ആരംഭിച്ചതായി നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. പൊതുമരാമത്ത് (നിരത്ത് വിഭാഗം) നേരത്തെ അംഗീകരിച്ചിരുന്ന അലൈൻമെന്റിന്റെ പ്രായോഗികതകൾ

പരിശോധിക്കുന്നതിനായി നിർവ്വഹണ ഏജൻസിയായ കെ.ആർ.എഫ്.ബി.-യുടെ അഭ്യർത്ഥനപ്രകാരം 2023 മേയ് 12-ന് കിഫ്ബി എക്സിക്യൂട്ടീവ് ഡയറക്ടറുടെ നേതൃത്വത്തിൽ സംഘം പദ്ധതിപ്രദേശം സന്ദർശിക്കുകയുണ്ടായി. ബന്ധപ്പെട്ട പരിശോധനയിൽ കണ്ടെത്തിയ പ്രായോഗിക അലൈൻമെന്റിന്റെ ഡി.പി.ആർ. കിഫ്ബിക്ക് സമർപ്പിക്കുന്നതാണ്. ഡി.പി.ആർ ലഭിക്കുന്ന മുറയ്ക്ക് കിഫ്ബി ആയത് അവലോകനം ചെയ്ത് ഐ.ആർ.സി. മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി ജനറൽബോഡി എക്സിക്യൂട്ടീവിന്റെ അംഗീകാരത്തിന് വിധേയമായി സാമ്പത്തികാനുമതി നൽകാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(9) <u>അയണിവേലിക്കുളങ്ങരയിൽ ഐ.ആർ.ഇ.-യുടെ ഖനനം നിർത്തിവയ്ക്കൽ</u>

<u>ശ്രീ. സി. ആർ. മഹേഷ്</u>: സർ, കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ അയണിവേലിക്കുളങ്ങര വില്ലേജിൽ ജനനിബിഡവും പ്രകൃതിരമണീയവുമായ കോഴിക്കോട് ഗ്രാമത്തിൽ IRE (Indian Rare Earths Limited) പുതിയതായി ആരംഭിച്ച കരിമണൽ ഖനനം

അടിയന്തരമായി നിർത്തിവയ്ക്കണമെന്നും കഴിഞ്ഞ 100 ദിവസത്തോളമായി കുട്ടികളും സ്ത്രീകളുമടക്കം കുടുംബസമേതം കുടിൽകെട്ടി ജനകീയ സമരസമിതി നടത്തിവരുന്ന സമരം ചർച്ച ചെയ്ത് പരിഹരിക്കണമെന്നും ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്. ഇവിടെ നിരവധി ക്ഷേത്രങ്ങളും സെമിത്തേരികളും പള്ളികളും വിദ്യാഭ്യാസ സ്ഥാപനങ്ങളും സ്ഥിതി ചെയ്യുന്നുണ്ട്. ഈ സ്ഥലങ്ങൾ വിൽക്കുവാനോ, ഈടുവച്ച് വായ്പയെടുക്കുവാനോ സാധിക്കാത്ത വിധം 2011-ൽ ഗവർണ്ണറുടെ പേരിൽ പാട്ടച്ചാർത്തായി രജിസ്റ്റർ ചെയ്തവയാണ്. ഇതിനെതിരെ പ്രദേശവാസികൾ നടത്തിയ ശക്തമായ സമരങ്ങളുടെ ഫലമായി മുൻമുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഇതൊരു ബാധ്യതയല്ലെന്ന് കാണിച്ച് ഇറക്കിയ വിജ്ഞാപന പ്രകാരം 2011 ഡിസംബറിൽ വസ്തു വിൽക്കുവാനും വായ്പ ലഭിക്കുവാനുമുള്ള അവകാശം തിരികെ ലഭിക്കുകയുണ്ടായി. എങ്കിലും കഴിഞ്ഞ 12 വർഷക്കാലമായി ഇവിടെയുള്ള പതിനായിരക്കണക്കിന് ജനങ്ങൾ തങ്ങൾ കുടിയിറക്കപ്പെടുമോ എന്ന ആശങ്കയിൽ ജനിച്ച മണ്ണിനെ സംരക്ഷിക്കാനുള്ള സമരപോരാട്ടത്തിൽ തന്നെയായിരുന്നു. 2023 മേയ് മാസം ഐ.ആർ.ഇ. BTR (Basic Tax

Register)-ൽ നിലം എന്ന് രേഖപ്പെടുത്തിയ മൂന്നര ഏക്കർ ഭൂമി വാങ്ങുകയും ഖനന നിയമങ്ങൾ ലംഘിച്ചുകൊണ്ട് 2022 ഡിസംബറിൽ ടെണ്ടർ വിളിക്കുകയും 2023 മേയ് 5-ന് ഖനനം ആരംഭിക്കുകയും ചെയ്തു. അന്നുമുതൽ പ്രദേശവാസികൾ സമരം ആരംഭിക്കുകയുണ്ടായി. ഈ സമരം ഒത്തുതീർപ്പാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിരവധി തവണ സർക്കാരിനെ സമീപിച്ചെങ്കിലും യാതൊരു പരിഹാരവും ഉണ്ടായിട്ടില്ല. മണ്ണുമായി പോകുന്ന വാഹനങ്ങൾ കാരണം ഗ്രാമീണ റോഡുകൾ തകരുകയും നിരവധി പരിസ്ഥിതി പ്രശ്നങ്ങൾ നിലനിൽക്കുകയുമാണ്. കൊച്ചുകുട്ടികൾ സ്കൂളിൽ പോകുന്ന സമയത്തുപോലും വാഹനങ്ങൾ വേഗത്തിൽ പോകുന്നത് അപകടങ്ങളുണ്ടാക്കുന്നു. ഇലക്ട്രിസിറ്റി ലൈനുകൾ പലപ്പോഴും തകരുന്ന അവസ്ഥയിലാണ്. നേരത്തെ ഖനനം നടന്നുവന്നിരുന്ന ആലപ്പാട് പഞ്ചായത്തിൽ 12 വർഷം മുമ്പ് IRE നടപ്പിലാക്കിയ സെന്റിന് 52000 രൂപയുടെ പാക്കേജാണ് സെന്റിന് 5 ലക്ഷത്തോളം രൂപ വിലയുള്ള ഇവിടെയും ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ളത്. യാതൊരു ചർച്ചയും കൂടാതെയും ജനങ്ങളെയും ജനപ്രതിനിധികളെയും വിശ്വാസത്തിലെടുക്കാതെയും IRE

ആരംഭിച്ച ഖനനം അടിയന്തരമായി നിർത്തിവയ്ക്കുകയും ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ജനകീയ സമരസമിതിയുമായി ചർച്ചനടത്തുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, അയണിവേലിക്കുളങ്ങര വില്ലേജിൽ മുൻകാലങ്ങളിൽ IRE ഈ സ്ഥലം വിലയ്ക്കെടുത്താണ് ഖനനം നടത്തിക്കൊണ്ടിരുന്നത്. ഭൂവുടമകളും IRE-യും തമ്മിലുള്ള പരസ്പര സമ്മതത്തോടെ നിലവിൽ മൂന്ന് വർഷത്തെ പാട്ടത്തിനാണ് IRE ഈ സ്ഥലമെടുത്തിരിക്കുന്നത്. ടി സ്ഥലത്ത് ഖനനം നടത്തി ധാതുസമ്പത്ത് എടുത്തശേഷം റീഫില്ലിംഗ് നടത്തി തിരിച്ച് അവർക്കുതന്നെ കൊടുക്കാവുന്നതാണ്. യഥാർത്ഥത്തിൽ നേരത്തെയുണ്ടായിരുന്നതിനേക്കാൾ നല്ല രീതിയിലുള്ള വ്യവസ്ഥയാണിത്. മുൻകാലങ്ങളിൽ ഖനനം നടത്തുമ്പോൾ ആളുകളെ അവിടെനിന്നും കുടിയിറക്കുകയും പിന്നീട് ആ സ്ഥലം ഉപയോഗിക്കാൻ കഴിയാതെ വരികയും ചെയ്യുമായിരുന്നു. KMML-ഉം സ്ഥലം പാട്ടത്തിന് എടുക്കാൻ സാധിക്കുമോയെന്ന് പരിശോധിച്ചുവരികയാണ്. ഈ പ്രശ്നങ്ങൾ

ഉയർന്നുവന്നതിന്റെ അടിസ്ഥാനത്തിൽ ബഹുമാന്യനായ എം.എൽ.എ. ഉൾപ്പെടെ പങ്കെടുത്തുകൊണ്ട് ജനുവരി 20-ന് അവിടെ യോഗം ചേരുകയും തുടർന്ന് ഖനനം നിർത്തിവയ്ക്കുകയും ചെയ്തിരുന്നു. ഖനനത്തിന് നിർബന്ധമായും സ്ഥലം ഏറ്റെടുക്കാൻ പോകുന്നുവെന്ന ആക്ഷേപം ഉയർന്നുവന്നെങ്കിലും അത് യാഥാർത്ഥ്യമല്ല. വീണ്ടും തടസ്സമുണ്ടായതിനെത്തുടർന്ന് ഹൈക്കോടതിയിൽനിന്നും സംരക്ഷണ ഉത്തരവ് വാങ്ങുകയും പണി പുനരാരംഭിച്ചശേഷം വീണ്ടും പ്രശ്നമുണ്ടായപ്പോൾ എം.എൽ.എ.-യുടെയും മുനിസിപ്പൽ ചെയർമാന്റെയും സാന്നിദ്ധ്യത്തിൽ ജില്ലാ കളക്ടർ യോഗം വിളിച്ച് 30 ദിവസത്തേയ്ക്ക് ഖനനം നിർത്തിവയ്ക്കാൻ ആവശ്യപ്പെടുകയും തുടർന്ന് വീണ്ടും ഖനനം പുനരാരംഭിക്കുകയും ചെയ്യുകയുണ്ടായി. ഇപ്പോൾ അവിടെ സമരം തുടരുകയാണ്. ബഹുമാന്യനായ ആലപ്പുഴ എം.പി. ശ്രീ. എ. എം. ആരിഫും ഈ പ്രശ്നം ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. എന്നാൽ അവിടെ നടക്കുന്ന ഖനനം അനധികൃതമല്ല. മൈനിംഗ് ലീസിലെ വ്യവസ്ഥകൾ പ്രകാരം ബന്ധപ്പെട്ട അതോറിറ്റികളിൽനിന്നും ഡി.എ.ഇ. ലൈസൻസ്, എ.ഇ.ആർ.ബി.

ലൈസൻസ്, സി.ആർ.ഇസഡ്. അനുമതി, പാരിസ്ഥിതികാനുമതി, അംഗീകൃത മൈനിംഗ് പ്ലാൻ എന്നിവയെല്ലാം നേടിക്കൊണ്ട് നിയമാനുസൃതമായാണ് ഖനന പ്രവർത്തനങ്ങൾ നടത്തിവരുന്നത്. സർക്കാർ ഖനനാനുമതി നൽകിയ പ്രദേശത്ത് മാത്രമെ ഈ സ്ഥാപനത്തിന് നിയമപ്രകാരം ഖനനം നടത്താൻ കഴിയുകയുള്ളൂ. അനധികൃത ഖനനവും അനുവദിച്ച നൽകാത്ത ഭൂമിയിൽനിന്നുള്ള ഖനനവും അനുവദനീയമല്ലാത്തതിനാൽ ഇക്കാര്യം നിയമപ്രകാരം പരിശോധിച്ച് ഉറപ്പുവരുത്താവുന്നതാണ്. കൂടാതെ ഭൂവുടമകളുടെയും നാട്ടുകാരുടെയും പൂർണ്ണ പിന്തുണയും സഹകരണവും ഉറപ്പുവരുത്തുന്നതിന് ആവശ്യമാണെങ്കിൽ വീണ്ടുമൊരു യോഗം വിളിച്ചുചേർക്കാവുന്നതാണ്. മൈനിംഗ് ലീസ് ഏരിയയിൽ IRE ഖനനം നടത്തുന്നത് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നിലവിലുള്ള ചട്ട പ്രകാരമായതുകൊണ്ടും ഭൂവുടമകൾക്ക് പാട്ട നഷ്ടപരിഹാരം നൽകി കരാർ പ്രകാരമുള്ള മറ്റുനടപടികൾ സ്വീകരിച്ചു വരുന്നതുകൊണ്ടും ധാതു ഉപയോഗത്തിന്റെ തന്ത്രപരവും വ്യാവസായികവുമായ പ്രാധാന്യം കണക്കിലെടുത്തുകൊണ്ടും ഖനനം നിർത്തിവയ്ക്കണമെന്ന ആവശ്യത്തോട്

യോജിക്കാൻ കഴിയില്ല. ആവശ്യമെങ്കിൽ ഇക്കാര്യം സംബന്ധിച്ച് ഒരു യോഗം വിളിച്ചുചേർക്കാവുന്നതാണ്.

(10) തോപ്പിൽ കടവ് പാലം പുനർനിർമ്മാണം

ശ്രീ. വാഴൂർ സോമൻ: സർ, ഇടുക്കി ജില്ലയിലെ പീരുമേട് മണ്ഡലത്തിൽ പെരുവന്താനം ഗ്രാമപഞ്ചായത്തിൽ മൂഴിക്കൽ പ്രദേശത്ത് 2018-ലെ മഹാപ്രളയത്തിൽ തകർന്ന തോപ്പിൽകടവ് പാലം പുനർനിർമ്മിക്കാൻ തുക അനുവദിക്കാത്തത് ഖേദകരമാണ്. മൂഴിക്കൽ ട്രൈബൽ സെറ്റിൽമെന്റിൽ നാനൂറോളം കുടുംബങ്ങൾ താമസിച്ചുവരുന്നതിൽ 243 മലയേറിയ കുടുംബങ്ങളും ഇരുപത്തഞ്ചോളം മലപ്പണ്ടാരങ്ങളും നൂറോളം പട്ടികജാതി കുടുംബങ്ങളും ഉൾപ്പെടുന്നു. തോപ്പിൽകടവ് പാലം പുനർനിർമ്മാണവുമായി ബന്ധപ്പെട്ട വിഷയം സംബന്ധിച്ച് പത്ര-ദൃശ്യ മാധ്യമങ്ങൾ നിരവധി തവണ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2021-ൽ ഈ പാലം പുനർനിർമ്മിക്കാൻ റീ-ബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി ഡി.പി.ആർ. തയ്യാറാക്കിയിരുന്നു. റീ-ബിൽഡ് കേരള പ്രോജക്ട് എഞ്ചിനീയർ 7.5 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭിക്കുന്നതിനായി 22-03-2023-ൽ റീ-ബിൽഡ്

കേരള ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് റിപ്പോർട്ട് നൽകിയെങ്കിലും നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. ഇടുക്കി, കോട്ടയം എന്നീ ജില്ലകളെ ബന്ധിപ്പിക്കുന്നതും ആദിവാസി മേഖലയിലേയ്ക്കുള്ള ഏകയാത്രാമാർഗ്ഗവുമായ ഈ പാലം പുനർനിർമ്മിക്കേണ്ടത് അത്യാവശ്യമാണ്. ആയതിനാൽ റീ-ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെട്ട ഈ പാലം പുനർനിർമ്മിക്കുന്നതിനുള്ള ധനാനുമതി നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (<u>ശ്രീ. എം. ബി. രാജേഷ്</u>): സർ, 22-05-2020-ലെ സർക്കാർ ഉത്തരവ് പ്രകാരം റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പിന്റെ പാലങ്ങളുടെ പട്ടികയിൽ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച മൂഴിക്കൽ തോപ്പിൽ കടവ് പാലവും ഉൾപ്പെട്ടിരുന്നു. പദ്ധതി സംബന്ധിച്ച് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് 7.65 കോടി രൂപയുടെ എസ്റ്റിമേറ്റ് ഉൾപ്പെടെയുള്ള ഡി.പി.ആർ., തയ്യാറാക്കി തദ്ദേശസ്വയംഭരണ വകുപ്പിന്റെ ശിപാർശയോടെ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ

സമർപ്പിച്ചിട്ടുണ്ട്. ശിപാർശ നിലവിൽ ആർ.കെ.ഐ.-യുടെ പരിഗണനയിലാണ്. ആർ.കെ.ഐ.-യുടെ നിലവിലുള്ള ഫണ്ടുലഭ്യതയുടെ പശ്ചാത്തലത്തിൽ പുതിയ പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിന് മുന്നോടിയായി ആവശ്യമായ പരിശോധനകൾ നടത്തി ഏറ്റവും യോഗ്യമായവ തെരഞ്ഞെടുത്ത് ആർ.കെ.ഐ.-യുടെ വിവിധ സമിതികൾ മുമ്പാകെ സമർപ്പിച്ച് അനുമതിക്ക് വിധേയമായി ഭരണാനുമതി നൽകുകയാണ് ചെയ്തുവരുന്നത്. ഇപ്രകാരം മൂഴിക്കൽ തോപ്പിൽ കടവ് പാലം നിർമ്മാണ പദ്ധതി സംബന്ധിച്ച നിർദ്ദേശം ആവശ്യമായ പരിശോധനകൾ നടത്തി ബന്ധപ്പെട്ട സമിതികളുടെ മുമ്പാകെ സമർപ്പിക്കുന്നതിന് പ്രസ്തുത വകുപ്പിൽ നടപടി സ്വീകരിച്ചുവരികയാണ്.

(11) ഹരിത കർമ്മസേനയുടെ സേവന വേതന പരിഷ്കരണം

ശ്രീ. ജി. സ്റ്റീഫൻ: സർ, കേരളത്തെ സമ്പൂർണ്ണ ശുചിത്വ സംസ്ഥാനമാക്കുന്നതിനുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഹരിതകർമ്മ സേനാംഗങ്ങൾക്ക് കൃത്യമായ വേതനം നിശ്ചയിക്കണമെന്ന് ആവശ്യപ്പെടുന്നതാണ് ഈ സബ്മിഷൻ. ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി,

കോർപ്പറേഷൻ എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങൾ നടക്കുന്നത്. ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങളുടെ ഫലമായി കേരളത്തിന് ദേശീയ ഹരിത ട്രിബ്യൂണലിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ജനപ്രതിനിധികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജനങ്ങൾ എന്നീ മൂന്നുവിഭാഗങ്ങൾ ശുചിത്വ പ്രവർത്തനങ്ങൾ ഭംഗിയായി നടത്തുന്നതിന് ഒത്തുചേർന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. വീടുകൾ, സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽനിന്നും അജൈവ പാഴ്വസ്തുക്കൾ തരംതിരിച്ച് പുനരുപയോഗവും പുനർചംക്രമണവും ചെയ്യുന്നതിനുവേണ്ടിയുള്ള പ്രവർത്തനമാണ് ഹരിതകർമ്മസേന ചെയ്യുന്നത്. ഒന്നാം പിണറായി വിജയൻ ഗവൺമെന്റിന്റെ കാലഘട്ടത്തിലാണ് ഇത് ആരംഭിച്ചതെങ്കിലും 12-08-2020 മുതലാണ് ഗവൺമെന്റ് ഇതിനൊരു വ്യക്തമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചത്. വീടുകളിൽ/സ്ഥാപനങ്ങളിൽനിന്നും ലഭിക്കുന്ന യൂസർ ഫീയും പാഴ്വസ്തുക്കൾ വിൽക്കുമ്പോൾ ലഭിക്കുന്ന തുകയുമാണ് ഇവരുടെ വരുമാന മാർഗ്ഗം. അജൈവമാലിന്യം ശേഖരിച്ച് എം.സി.എഫ്. (മെറ്റീരിയൽ

കളക്ഷൻ ഫെസിലിറ്റി), ആർ.ആർ.എഫ്. (റിസോഴ്സ് റിക്കവറി ഫെസിലിറ്റി) എന്നിവ വഴി ക്ലീൻ കേരള കമ്പനിയാണ് ഏറ്റെടുക്കുന്നത്. ഹരിതകർമ്മ സേനയുടെ പ്രവർത്തനത്തിലൂടെ പാഴ്വസ്തുക്കളുടെ പുനരുപയോഗം, പരിസ്ഥിതി മലിനീകരണ നിയന്ത്രണം എന്നിവ നടക്കുന്നുണ്ട്. ഞാൻ പ്രതിനിധാനം ചെയ്യുന്ന അരുവിക്കര നിയോജകമണ്ഡലം ഒരു മലയോരമേഖല മണ്ഡലമായിട്ടുകൂടി 2022 ഡിസംബർ മാസത്തിൽ നാല് ആഴ്ചകളിലായി നടത്തിയ അജൈവ മാലിന്യങ്ങളുടെ ശേഖരണത്തിൽ 285 ഹരിതകർമ്മ സേനാംഗങ്ങൾ 154.21 ടൺ അജൈവ മാലിന്യമാണ് ശേഖരിച്ചത്. കഴിഞ്ഞ ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിൽ സംസ്ഥാനത്ത് 422575 കിലോഗ്രാം അജൈവ മാലിന്യങ്ങളാണ് ഹരിതകർമ്മ സേന ശേഖരിച്ചത്. എന്നാൽ ഇവർക്ക് വളരെ തുച്ഛമായ വരുമാനമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഹരിതകർമ്മ സേനയിൽ പ്രവർത്തിക്കുന്നത് പാവപ്പെട്ട കുടുംബത്തിലെ അംഗങ്ങളാണ്. അങ്കണവാടി പ്രവർത്തകർ, വർക്കർമാർ, ഹെൽപ്പർമാർ, ആശാ വർക്കർമാർ എന്നിവർക്ക് സംസ്ഥാന ഗവൺമെന്റ് ഒരു നിശ്ചിത ഓണറേറിയം നൽകുന്നതുപോലെ, 99

ശതമാനവും സ്ത്രീകൾ പ്രവർത്തിക്കുന്ന ഹരിതകർമ്മ സേനയ്ക്ക് ഇവരുടെ വിലപ്പെട്ട പ്രവർത്തനം കണക്കിലെടുത്ത് നിശ്ചിത ക്രമത്തിൽ മാസവരുമാനം ഉറപ്പുവരുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കണം. 33126 ഹരിതകർമ്മ സേനാംഗങ്ങളാണ് കേരളത്തിൽ പ്രവർത്തിക്കുന്നത്. വനിതകളുടെ ശാക്തീകരണ പ്രവർത്തനത്തിന് സംസ്ഥാന സർക്കാർ ശക്തമായ നിലപാട് സ്വീകരിക്കുമ്പോൾ ഇവരുടെ വേതനംകൂടി കൃത്യതയോടെ നിശ്ചയിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, മാലിന്യമുക്ത നവകേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി മാലിന്യത്തിനെതിരായുള്ള യുദ്ധത്തിലെ ശുചിത്വസേനയാണ് ഹരിതകർമ്മ സേന. ഇവരുടെ ശ്ലാഘനീയമായ പ്രവർത്തനങ്ങളെ നിയമസഭയിൽ സബ്മിഷനിലൂടെ വിശദീകരിച്ച ശ്രീ. ജി. സ്റ്റീഫനെ അഭിനന്ദിക്കുകയാണ്. സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ മാലിന്യശേഖരണ-സംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്ന കുടുംബശ്രീയുടെ സൂക്ഷ്മ

സംരംഭമാണ് ഹരിതകർമ്മ സേന. ഓരോ ഹരിതകർമ്മ സേന യൂണിറ്റും സൂക്ഷ്മ സംരംഭം എന്ന നിലയിൽ കുടുംബശ്രീ സി.ഡി.എസ്.-കളിൽ രജിസ്റ്റർ ചെയ്താണ് പ്രവർത്തിക്കുന്നത്. ഇത്തരത്തിൽ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ പ്രവർത്തിക്കുന്ന ഹരിതകർമ്മ സേന യൂണിറ്റുകളുടെ ഒരു കൺസോർഷ്യം രൂപീകരിക്കുകയും അവയുടെ വരവുചെലവ് കണക്കുകൾ, ശമ്പളം മുതലായ ദൈനംദിന വിഷയങ്ങൾ ആ കൺസോർഷ്യം കൈകാര്യം ചെയ്യുകയുമാണ് ചെയ്യുന്നത്. സർക്കാർ ഉത്തരവ് പ്രകാരം കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന യൂസർ ഫീസിൽ നിന്നാണ് ഹരിതകർമ്മ സേനാംഗങ്ങളുടെ ശമ്പളവും മറ്റ് ചെലവുകളും നിർവ്വഹിക്കുന്നത്. യൂസർ ഫീസിന്റെ പ്രധാനപ്പെട്ട സ്രോതസ്സുകൾ താഴെപ്പറയുന്നവയാണ്.

വീടുകൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുമുള്ള സേവന പ്രതിഫല തുക, വേർതിരിച്ച മാലിന്യം കൈമാറുന്നതിലൂടെ ലഭിക്കുന്ന തുക, മറ്റ് സ്ഥാപനങ്ങളിൽനിന്നും വാങ്ങുന്ന സേവന പ്രതിഫലതുക, പ്രത്യേകമായ പരിപാടികളുടെ ഭാഗമായി ശേഖരിക്കുന്ന സേവന പ്രതിഫല തുക, പൊതുസ്ഥാപനങ്ങൾ, പാർക്കുകൾ, നിരത്തുകൾ തുടങ്ങിയവ

ശുചീകരിക്കുന്നതിലൂടെ ലഭിക്കുന്ന സേവന പ്രതിഫലതുക, കമ്മ്യൂണിറ്റി കമ്പോസ്റ്റിംഗ് പരിപാലനത്തിനുള്ള സേവന പ്രതിഫലതുക, ഹരിത പെരുമാറ്റച്ചട്ടം നടപ്പാക്കുന്നതിന്റെ ഭാഗമായി ലഭിക്കുന്ന യൂസർ ഫീസ്. ഇതിനുപുറമെ അധിക വരുമാനമുണ്ടാക്കാൻ സഹായിക്കുന്ന തരത്തിൽ തുണിസഞ്ചി നിർമ്മാണം, ഇനോക്കുലം നിർമ്മാണം, ഗ്രോബാഗ് നിർമ്മാണം തുടങ്ങിയ സംരംഭ പ്രവർത്തനങ്ങളിലും ഹരിതകർമ്മ സേനാംഗങ്ങൾ ഏർപ്പെടുന്നുണ്ട്. ഹരിതകർമ്മ സേന കൺസോർഷ്യത്തിന്റെ അക്കൗണ്ടിൽ വകയിരുത്തുന്ന തുകയുടെ പത്തുശതമാനം കോർപ്പസ് ഫണ്ടായി മാറ്റിയശേഷം ബാക്കിവരുന്ന തുക വീതിച്ച് അംഗങ്ങൾക്ക് നൽകുകയാണ് ചെയ്യുന്നത്. ഒരു അംഗത്തിന് ലഭിക്കുന്ന തുക അതത് പ്രദേശങ്ങളിലുള്ള വരുമാന ലഭ്യത, അജൈവ മാലിന്യങ്ങൾ ശേഖരിക്കേണ്ട വീടുകളുടെയും സ്ഥാപനങ്ങളുടെയും എണ്ണം, അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ക്ലീൻ കേരള കമ്പനി ഉൾപ്പെടെയുള്ളവയ്ക്ക് കൈമാറുന്നതിന്റെ അളവ് എന്നിവയെ ആശ്രയിച്ചാണിരിക്കുന്നത്. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഇത് വ്യത്യസ്തമായിരിക്കും. കഴിഞ്ഞദിവസം പത്രത്തിൽ വന്ന വാർത്ത ഞാൻ

സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. മലപ്പുറം ജില്ലയിലെ ഒരു ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മ സേനാംഗങ്ങളുടെ വരുമാനം 28,000 രൂപ മുതൽ 62,216 രൂപ വരെയാണ്. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും ഇത് വ്യത്യസ്തമായിരിക്കും. മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഒന്നാംഘട്ടം അവസാനിച്ചപ്പോൾ യൂസർ ഫീ കളക്ഷനിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. ഇനിയും യൂസർ ഫീ കളക്ഷൻ വർദ്ധിക്കുമെന്നാണ് കാണുന്നത്. നൂറ് ശതമാനം യൂസർ ഫീ കളക്ഷനിലേയ്ക്ക് എത്തിക്കുകയെന്നതാണ് ലക്ഷ്യം വയ്ക്കുന്നത്. ഈ ക്യാമ്പയിന്റെ ഒന്നാംഘട്ടം പിന്നിട്ടപ്പോൾ നഗരങ്ങളിലും നഗരസ്വഭാവമുള്ള പഞ്ചായത്തുകളിലും 10,000 രൂപ മുതൽ 25,000 രൂപവരെ ഹരിതകർമ്മ സേനാംഗങ്ങൾക്ക് വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ട്. പഞ്ചായത്തുകളിൽ ഇത് 5,000 രൂപ മുതൽ 9,000 രൂപ വരെയാണ്. സമീപ ഭാവിയിൽ ഇവരുടെ വരുമാനം വർദ്ധിക്കുമെന്നുതന്നെയാണ് കണക്കാക്കുന്നത്. മാലിന്യസംസ്കരണ പ്രവർത്തനങ്ങളിൽ ആകെയുണ്ടാകുന്ന മുന്നേറ്റത്തിനും പുരോഗതിക്കുമനുസരിച്ച് ഹരിതകർമ്മ സേനാംഗങ്ങളുടെ വരുമാനത്തിലും

വർദ്ധനവുണ്ടാകുന്നതാണ്. യൂസർ ഫീ ഇനത്തിൽ ലഭിക്കുന്ന വരുമാനം വളരെ കുറവായ ഇടങ്ങളിൽ സർക്കാർ നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഹരിതകർമ്മ സേന കൺസോർഷ്യങ്ങൾക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ടും നൽകിവരുന്നുണ്ട്. ഓരോ ഹരിതകർമ്മ സേനാ യൂണിറ്റും സൂക്ഷ്മ സംരംഭമായി വിജയകരമായി നിലനിർത്തുന്നതിനുള്ള നടപടി പുരോഗമിച്ചുകൊണ്ടിരിക്കുകയാണെന്നതുകൊണ്ട് നിശ്ചിതമായ ഓണറേറിയം നൽകുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(12) ഭിന്നശേഷിക്കാരുടെ പെൻഷനും പുനരധിവാസവും

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ബൗദ്ധിക-മാനസിക വെല്ലുവിളികൾ നേരിടുന്നവരും അവരുടെ രക്ഷകർത്താക്കളും വർത്തമാനകാലഘട്ടത്തിൽ നിരവധി പ്രതിസന്ധികളിലൂടെയാണ് കടന്നുപോകുന്നത്. ഒരുപിടി നീറുന്ന മനസ്സുമായി ജീവിക്കുന്ന രക്ഷിതാക്കൾ, തങ്ങളുടെ കാലശേഷം സ്വന്തം മക്കളെ ആര് പരിചരിക്കുമെന്ന ആശങ്ക അവരുടെ ജീവിതത്തിൽ നിലനിൽക്കുകയാണ്. ഇവരുടെ പുനരധിവാസം മുൻഗണനാ പട്ടികയിൽ വരുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടിയിരിക്കുന്നു. എന്റെ

നിയോജകമണ്ഡലത്തിൽ കഴിഞ്ഞ ബഡ്ജറ്റിൽത്തന്നെ ഇതിനാവശ്യമായ തുക വകകൊള്ളിക്കുകയുണ്ടായി. 50 സെന്റ് സ്ഥലവും അതിന് ആവശ്യമായ കാര്യങ്ങളും ഒരു പഞ്ചായത്തിന് നേടിക്കൊടുത്തു. നിർഭാഗ്യമെന്നു പറയട്ടെ നമ്മുടെ ഡയറക്ടറേറ്റിൽനിന്നും അതിനാവശ്യമായ കാര്യങ്ങൾ ചെയ്യുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിതന്നെ പലതവണ ഇടപെട്ട് അക്കാര്യത്തിൽ പരിഹാരമുണ്ടാക്കാൻ ശ്രമിച്ചെങ്കിലും ഇപ്പോഴും നിർമ്മാണ പ്രവർത്തനം തുടങ്ങാൻ കഴിയാത്ത അവസ്ഥയാണ്. ഭിന്നശേഷിക്കാർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന പെൻഷൻ കാലോചിതമായി പരിഷ്കരിക്കേണ്ടതുണ്ട്. അവർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി വിതരണം ചെയ്തുകൊണ്ടിരിക്കുന്ന സ്കോളർഷിപ്പിന് അഞ്ച് തരത്തിലുള്ള പ്രത്യേക ഘടനയാണ് നിലനിൽക്കുന്നത്. അത് ഒരൊറ്റ ഘടനയായി ഏകീകരിക്കാനുള്ള നടപടിയുണ്ടാകണമെന്ന് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുന്നു. ഭിന്നശേഷിക്കാരെ പരിചരിക്കുന്നവർക്ക് സർക്കാർ നൽകിവരാറുള്ള ആശ്വാസ കിരണം ധനസഹായം പ്രകാരമുള്ള തുക വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടിയിരിക്കുന്നു.

റേഷൻ കാർഡിന്റെ മുൻഗണനാ വിഭാഗത്തിലെ സർക്കാർ മാനദണ്ഡങ്ങളിൽനിന്നും മാനസിക വെല്ലുവിളികൾ നേരിടുന്ന കുടുംബങ്ങളെ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ഭിന്നശേഷിക്കാരുടെ 'നിരാമയ' ഇൻഷ്വറൻസ് പദ്ധതി പുതുക്കി നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൂടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, തീവ്ര ഭിന്നശേഷിക്കാരും സമഗ്ര പുനരധിവാസം ആവശ്യമുള്ളവരുമായ വിഭാഗത്തിൽപ്പെട്ടവർക്ക് സാമൂഹ്യനീതി വകുപ്പിനുകീഴിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള മൂന്ന് പുനരധിവാസ വില്ലേജുകൾ സ്ഥാപിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പുനരധിവാസ ഗ്രാമങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രാഥമിക നടപടി വകുപ്പുതലത്തിൽ ആരംഭിച്ചിട്ടുണ്ട്. പദ്ധതിക്കായി ഭൂമി വിട്ടുനൽകാൻ വിവിധ ജനപ്രതിനിധികൾ സന്നദ്ധത അറിയിക്കുകയും പ്രസ്തുത ഭൂമിയിൽ പുനരധിവാസ ഗ്രാമങ്ങൾ ആരംഭിക്കാനുള്ള സാധ്യത പരിശോധിക്കുന്നതിനുള്ള പ്രാരംഭ ചർച്ച മന്ത്രിതലത്തിൽ നടത്തുകയും ചെയ്തിട്ടുണ്ട്. അതിന്റെ ഭാഗമായി

അനുയോജ്യമായ ഭൂമി ലഭ്യമാകുന്ന സ്ഥലത്ത് പുനരധിവാസ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഭൂമിയുടെ ലഭ്യതയ്ക്കനുസൃതമായി മൂന്ന് മോഡലിലുള്ള പുനരധിവാസ ഗ്രാമങ്ങൾ ആരംഭിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. ഈ ഗ്രാമങ്ങളിൽ ഉൾപ്പെടുത്തേണ്ട സൗകര്യങ്ങൾ ഉൾപ്പെടെയുള്ള വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി സാമൂഹ്യനീതി വകുപ്പ് 'നിപ്മർ' (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ) കേന്ദ്രീകരിച്ചുകൊണ്ട് 29-05-2023-ൽ വിദഗ്ധരെ ഉൾക്കൊള്ളിച്ച് ഒരു ശില്പശാല നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിലുള്ള കരട് രേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഭൂമി ലഭ്യതകൂടി കണക്കിലെടുത്ത് ഓരോ സ്ഥലത്തും അനുയോജ്യമായ രീതിയിലുള്ള പുനരധിവാസ ഗ്രാമങ്ങൾ നിർമ്മിക്കാനാണ് സർക്കാർ ആലോചിച്ചുവരുന്നത്. ഘട്ടംഘട്ടമായി എല്ലാ ജില്ലകളിലും ഒരു പുനരധിവാസ കേന്ദ്രമെങ്കിലും സ്ഥാപിക്കുക എന്നതാണ് ലക്ഷ്യം.

ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച മറ്റ് കാര്യങ്ങൾ മാനദണ്ഡങ്ങളുമായി ബന്ധപ്പെട്ടതാണ്. സർക്കാർ നൽകുന്ന ധനസഹായങ്ങൾ ഉൾപ്പെടെയുള്ള എല്ലാ ആനുകൂല്യങ്ങളും അർഹിക്കുന്നവരുടെ കൈകളിലേയ്ക്ക് എത്തിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഓരോ പദ്ധതിക്കും അതിനനുസൃതമായ മാനദണ്ഡങ്ങൾ നിശ്ചയിച്ചിരിക്കുന്നത്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയും ഇത്തരം മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനുള്ള ഘടകമാണ്. ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ ഉൾപ്പെടെയുള്ള എല്ലാ സാമൂഹ്യക്ഷേമ പെൻഷനും യഥാസമയങ്ങളിൽത്തന്നെ വിതരണം ചെയ്യുക എന്നതിനാണ് സർക്കാർ മുൻതൂക്കം നൽകുന്നത്. നിലവിലുള്ള വാർഷിക വരുമാന പരിധി ഒഴിവാക്കുന്ന വിഷയം തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല. എന്നിരുന്നാലും സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് ഭിന്നശേഷി പെൻഷനുള്ള വരുമാന പരിധിയിൽ മാറ്റം വരുത്തുന്ന വിഷയം സർക്കാർ പരിശോധിക്കുന്നതാണ്. ഭിന്നശേഷി വിഭാഗക്കാർക്ക് നിലവിൽ നൽകിവരുന്ന സാമൂഹ്യക്ഷേമ പെൻഷനുപുറമേ അർഹതയ്ക്ക് വിധേയമായി 600 രൂപ നിരക്കിൽ മറ്റൊരു സാമൂഹ്യക്ഷേമ

പെൻഷൻ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. നിർദ്ദിഷ്ട മാനദണ്ഡങ്ങൾക്കനുസൃതമായി തദ്ദേശസ്വയംഭരണം, സാമൂഹ്യനീതി, പൊതുവിദ്യാഭ്യാസം എന്നീ വകുപ്പുകൾ മുഖേന അർഹരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും സാമ്പത്തിക സഹായങ്ങളും നൽകിവരുന്നുണ്ട്. പൊതുവിദ്യാലയങ്ങളിൽ ഒന്നു മുതൽ എട്ട് വരെ ക്ലാസുകളിൽ പഠിക്കുന്ന കേൾവി പരിമിതി, കാഴ്ച പരിമിതി, അസ്ഥി സംബന്ധമായ പരിമിതി, ഓട്ടിസം, ബുദ്ധിപരമായ വെല്ലുവിളികൾ എന്നീ വിഭാഗങ്ങളിലുള്ളതും 40 ശതമാനമോ അതിൽക്കൂടുതലോ ഭിന്നശേഷിത്വമുള്ളതുമായ വിദ്യാർത്ഥികൾക്ക് 4,000 രൂപയിൽ കുറയാതെയുള്ള തുക പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതി പ്രകാരം ലഭിക്കുന്നുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖകൾ അനുസരിച്ച് ഭിന്നശേഷിയുള്ളവർക്കുള്ള സ്കോളർഷിപ്പും ബത്തകളും നൽകുന്നത് ഗ്രാമപഞ്ചായത്തുകളും നഗര ഭരണ സ്ഥാപനങ്ങളുമാണ്. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന അർഹരായ മുഴുവൻ കുട്ടികൾക്കും സ്കോളർഷിപ്പും ബത്തയും മുടക്കം കൂടാതെ അതത് മാസം

നൽകുന്നതിന് പഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും പ്രോജക്ട് ഏറ്റെടുക്കുന്നതിനും ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ ആസൂത്രണ മാർഗ്ഗരേഖയിൽ പറയുന്ന നിരക്കിൽ വിഹിതം വകയിരുത്തി ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച എല്ലാ പദ്ധതികളും സമയബന്ധിതമായും കൃത്യമായും നടപ്പാക്കുന്നതിനാണ് സാമൂഹ്യനീതി വകുപ്പ് ശ്രമിക്കുന്നത്.

(13) <u>കൽപ്പറ്റയിലെ 5 കേരള എൻ.സി.സി. ബറ്റാലിയന്റെ പ്രവർത്തനം</u>

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, 2021 മുതൽ ബഹുമാനപ്പെട്ട മന്ത്രിയോടും ഗവൺമെന്റിനോടും ആവശ്യപ്പെട്ടുകൊണ്ടിരുന്ന പ്രധാനപ്പെട്ട കാര്യം ശ്രദ്ധയിൽകൊണ്ടുവരുന്നതിനാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. കേരളത്തിലെ ഏറ്റവും ബെസ്റ്റ് എൻ.സി.സി. അവാർഡും റിപ്പബ്ലിക് ദിന പരേഡ് ഉൾപ്പെടെ നിരവധി ദേശീയ-സംസ്ഥാനതല അവാർഡുകളും വാങ്ങിയ ഒരു യൂണിറ്റാണ് വയനാട് 5 ബറ്റാലിയൻ എൻ.സി.സി.. വെള്ളപ്പൊക്കം, കോവിഡ്, വയനാട്ടിലെ എ.ബി.സി.ഡി. ക്യാമ്പ്

ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിലെല്ലാംതന്നെ ഏറ്റവും സ്തുത്യർഹമായ സേവനം നടത്തിയ യൂണിറ്റാണ് എൻ.സി.സി. 5 ബറ്റാലിയൻ. ജില്ലയിലെ ആയിരക്കണക്കിന് വിദ്യാർത്ഥികളുടെ ഭാവിയെ ബാധിക്കുന്ന അതിപ്രധാന തീരുമാനം 08-05-2023-ന് എൻ.സി.സി. ഡയറക്ടറേറ്റിൽനിന്നും നൽകിയിരിക്കുകയാണ്. പ്രസ്തുത നിർദ്ദേശത്തിലെ രണ്ടാമത്തെ ഖണ്ഡിക വായിക്കാം, “In view of the above 5 K Battalion NCC will cease enrolment of fresh students in the current year 2023-24". ഈ നടപ്പ് വിദ്യാഭ്യാസ വർഷത്തിൽ പുതിയ വിദ്യാർത്ഥികളെ എൻറോൾ ചെയ്യിപ്പിക്കരുത്. "The institutions under 5 K Battalion NCC may be informed accordingly". ഈ ജില്ലയിലുള്ള 41 വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് അനുബന്ധമായ കാര്യങ്ങൾ convey ചെയ്യണം എന്നാണ് നിർദ്ദേശം. ജില്ലയിലെ 3526 വിദ്യാർത്ഥികൾ എൻ.സി.സി. യൂണിറ്റിൽ ഇന്ന് സേവനം അനുഷ്ഠിക്കുന്നുണ്ട്. ഏറ്റവും നല്ലരീതിയിൽ പ്രവർത്തിക്കുന്ന എൻ.സി.സി. യൂണിറ്റ് എന്ന രീതിയിൽ അതിന് സെൻട്രൽ ഗവൺമെന്റിന്റെയും സംസ്ഥാന ഗവൺമെന്റിന്റെയും സ്റ്റേക്കുണ്ട്. അതിൽ സെൻട്രൽ ഗവൺമെന്റ് അവർ

ചെയ്യേണ്ടതായ ഉദ്യോഗസ്ഥ വിന്യാസമുൾപ്പെടെ നടത്തിക്കഴിഞ്ഞിരിക്കുന്നു. പക്ഷേ, 22 ജീവനക്കാരെ നിയമിക്കേണ്ടത് സംസ്ഥാന സർക്കാരാണ്. അതിൽ 11 സ്റ്റാഫുകളെ വിവിധ യൂണിറ്റുകളിൽനിന്നും ക്രമീകരിച്ചാണ് അതിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകുന്നത്. മറ്റുള്ള യൂണിറ്റുകളിൽനിന്നും 11 ഉദ്യോഗസ്ഥരെ ഇവിടേയ്ക്ക് നിയമിച്ചപ്പോൾ അവിടെയുള്ള യൂണിറ്റുകളുടെ പ്രവർത്തനത്തെ ബാധിക്കുന്നുവെന്ന് പറഞ്ഞ് വയനാട്ടിലെ 5 K ബറ്റാലിയൻ യൂണിറ്റിന്റെ പ്രവർത്തനം മുഴുവൻ സീസ് ചെയ്യുന്ന സാഹചര്യം വന്നിരിക്കുകയാണ്. ഇത് ആയിരക്കണക്കിന് വിദ്യാർത്ഥികളെ ബാധിക്കുന്ന കാര്യമാണ്. മാത്രമല്ല, എം.ബി.ബി.എസ്., എഞ്ചിനീയറിംഗ്, എൽ.എൽ.ബി., പോളിടെക്നിക്, നഴ്സിംഗ് തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകളിലേയ്ക്ക് പ്രവേശനം തേടുന്ന വിദ്യാർത്ഥികളുടെ ഗ്രേസ് മാർക്കിനെയും രാജ്യരക്ഷ ഉൾപ്പെടെയുള്ള അനുബന്ധ മേഖലകളിലേയ്ക്ക് കടന്നുപോകേണ്ട വിദ്യാർത്ഥികളെയും ബാധിക്കുന്ന അതിപ്രധാന വിഷയമാണിത്. 08-05-2023-ന് പുറപ്പെടുവിച്ച ഡയറക്ഷൻ പിൻവലിക്കണമെന്നും വയനാട് 5 K ബറ്റാലിയനിലേയ്ക്ക് 22 സ്റ്റാഫുകളെ

നൽകാനാവശ്യമായ അടിയന്തര നടപടി സ്വീകരിച്ച് വയനാട് ജില്ലയിലെ വിദ്യാർത്ഥികളോടുള്ള ഡിസ്ക്രിമിനേഷൻ അവസാനിപ്പിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, സംസ്ഥാന സർക്കാർ എൻ.സി.സി.-ക്കായി രാജ്യത്തുതന്നെ ഏറ്റവും മികച്ച പരിശീലന സൗകര്യങ്ങളാണ് നൽകിയിട്ടുള്ളത്. ഉന്നത രീതിയിലുള്ള അടിസ്ഥാന സൗകര്യ വികസനവും വിദഗ്ദ്ധ പരിശീലനത്തിന് ആവശ്യമായ എല്ലാ സാഹചര്യങ്ങളും സംസ്ഥാന സർക്കാർ പൂർണ്ണമായും ഒരുക്കികൊടുത്തിട്ടുണ്ട്. ഇതനുസരിച്ച് കേരള ആൻഡ് ലക്ഷദ്വീപ് ദേശീയതലത്തിൽ ഉന്നതനിലവാരം പുലർത്തുന്ന കേഡറ്റുകൾക്ക് പരിശീലനം നൽകുന്നതിന് എൻ.സി.സി. സുസജ്ജമാണ്. 7.36 കോടി രൂപ ചെലവിൽ വഴുതക്കാട് പുതിയ ആസ്ഥാന മന്ദിരം, പീരുമേട്ടിൽ 20.86 കോടി രൂപ ചെലവഴിച്ച് എൻ.സി.സി.-യുടെ എയർ സ്ട്രിപ്പ്, 12.81 കോടി രൂപ ചെലവിൽ തിരുവനന്തപുരത്തെ ആക്കുളത്തും 4.8 കോടി രൂപ ചെലവിൽ കൊല്ലത്തെ തേവള്ളിയിലും 10.5 കോടി രൂപ ചെലവഴിച്ച് കോഴിക്കോടുള്ള

ഏലത്തൂരിലും നേവൽ പരിശീലന സൗകര്യങ്ങൾ, 6 കോടി രൂപ ചെലവഴിച്ച് കല്ലറയിലും 6 കോടി രൂപ ചെലവഴിച്ച് മണ്ണന്തലയിലും 19.17 കോടി രൂപ ചെലവഴിച്ച് കാലിക്കറ്റ് യൂണിവേഴ്സിറ്റി കാമ്പസിലും ദേശീയ നിലവാരത്തിലുള്ള വിപുലമായ പരിശീലന കേന്ദ്രങ്ങൾ എന്നിവ സംസ്ഥാന സർക്കാർ എൻ.സി.സി.-ക്ക് അനുവദിച്ചിട്ടുണ്ട്. രാജ്യത്ത് ആദ്യമായി കഴിഞ്ഞ പത്ത് വർഷമായി വർദ്ധിപ്പിക്കാതിരുന്ന എൻ.സി.സി. കേഡറ്റുകളുടെ റിഫ്രഷ്മെന്റ് അലവൻസ് നമ്മുടെ സംസ്ഥാനത്ത് പത്ത് രൂപയിൽനിന്ന് ഇരുപത് രൂപയായി വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. എൻ.സി.സി. കേഡറ്റുകൾക്ക് ഗ്രേസ് മാർക്ക് അനുവദിച്ചുകൊണ്ടും ആർ.ഡി. പരേഡിൽ പങ്കെടുക്കുന്ന കേഡറ്റുകൾക്ക് രാജധാനി എക്സ്പ്രസ്സ് ട്രെയിനിൽ യാത്ര ചെയ്യുന്നതിന് അനുമതി നൽകിക്കൊണ്ടും സർക്കാർ എൻ.സി.സി. പ്രവർത്തനങ്ങൾക്ക് പൂർണ്ണസഹകരണമാണ് നൽകിവരുന്നത്. വയനാട് ജില്ലയിൽ 2020 ജനുവരിയിൽ ആരംഭിച്ച 5 കേരളാ ബറ്റാലിയനിൽ 13 കോളേജുകളും 28 സ്കൂളുകളുമടക്കം 41 വിദ്യാഭ്യാസ സ്ഥാപനങ്ങളിലായി 3473 കേഡറ്റുകൾ പരിശീലനം നടത്തിവരുന്നു. വയനാട് ജില്ലയിലെ ആദ്യത്തെ

എൻ.സി.സി. ഓഫീസായ പ്രസ്തുത ബറ്റാലിയൻ കേരളത്തിലെ തന്നെ ഏറ്റവും കൂടുതൽ കേഡറ്റുകളുള്ള ബറ്റാലിയനുകളിലൊന്നാണ്. മാനന്തവാടി തവിനാൽ ഗ്രാമപഞ്ചായത്തിൽപ്പെട്ട പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എൻ.സി.സി. യൂണിറ്റുകൾ സ്ഥാപിക്കാനാണ് മുൻഗണന നൽകിവരുന്നത്. 5 കേരള ബറ്റാലിയനാവശ്യമായ ഓഫീസും ട്രെയിനിംഗ് സെന്ററും സ്ഥാപിക്കുന്നതിന് രണ്ടേക്കർ സ്ഥലം അനുവദിക്കുകയും കെട്ടിട നിർമ്മാണത്തിനായി 3.12 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഈ ബറ്റാലിയൻ ഓഫീസ് ഫലപ്രദമായ രീതിയിൽ പ്രവർത്തിപ്പിക്കുന്നതിന് കൂടുതൽ ഓഫീസ് ജീവനക്കാരെ നിയോഗിക്കേണ്ടിവരുന്നതാണ്. 5 കേരള ബറ്റാലിയൻ എൻ.സി.സി. ഓഫീസിന്റെ പ്രവർത്തനത്തിന് സ്ഥിരം തസ്തികകളൊന്നുംതന്നെ സൃഷ്ടിക്കപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിൽ 27-11-2018-ലെ സർക്കാർ ഉത്തരവ് പ്രകാരം ജീവനക്കാരെ പുനർവിന്യാസം വഴി നിയമിക്കുന്നതിന് അനുമതി നൽകിയിരുന്നു. എന്നാൽ പുനർവിന്യാസം അതത് ഓഫീസുകളുടെ പ്രവർത്തനത്തെ ബാധിച്ച സാഹചര്യത്തിൽ 5

കേരള ബറ്റാലിയൻ എൻ.സി.സി. ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് അത്യാവശ്യം വേണ്ട തസ്തികകൾ സൃഷ്ടിക്കണമെന്ന് ആവശ്യപ്പെട്ട് എൻ.സി.സി. വകുപ്പ് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി തസ്തിക സൃഷ്ടിക്കുന്നതിന് അനുകൂലമല്ലാത്തതിനാൽ പുനർവിന്യാസം വഴി ആവശ്യമായ ഉദ്യോഗസ്ഥരെ വയനാട്ടിലേയ്ക്ക് നിയോഗിക്കുന്നതിനുള്ള നിർദ്ദേശമാണ് നൽകിയിട്ടുള്ളത്. പക്ഷേ 2023-2024 ട്രെയിനിംഗ് വർഷം പുതിയ കുട്ടികളെ എൻ.സി.സി. ട്രെയിനിംഗിന് എൻറോൾ ചെയ്യിക്കാൻ പാടില്ലെന്ന് അഡീഷണൽ ഡയറക്ടർ ജനറൽ, കോഴിക്കോട് ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 5 കേരള ബറ്റാലിയൻ നിലനിർത്തുന്നതിന് ആവശ്യം വേണ്ട തസ്തികകൾ മറ്റ് ഓഫീസുകളിൽനിന്ന് കണ്ടെത്തി ആയത് താത്കാലികമായി ഷിഫ്റ്റ് ചെയ്യാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഷിഫ്റ്റ് ചെയ്യപ്പെടുന്ന ജൂനിയർ സൂപ്രണ്ട് ഒഴികെ ബാക്കി തസ്തികകളിലെല്ലാം വയനാട് ജില്ല പബ്ലിക് സർവ്വീസ് കമ്മീഷനിൽനിന്ന് നിയമനം നടത്തുന്ന കാര്യം

പരിശോധിക്കുന്നതാണ്. അതോടൊപ്പം എൻ.സി.സി. വകുപ്പിൽത്തന്നെയുള്ള ടൈപ്പിസ്റ്റ്, ലാസ്കർ എന്നീ തസ്തികകളെ പുന:ക്രമീകരിച്ച് 5 കേരള ബറ്റാലിയൻ എൻ.സി.സി.-യിലേയ്ക്ക് ആവശ്യമായ തസ്തികകൾ അനുവദിക്കുന്നതിനുള്ള പുതുക്കിയ പ്രൊപ്പോസലും അഡീഷണൽ ഡയറക്ടർ ജനറലിന് നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ പ്രൊപ്പോസലുകൾ പരിശോധിച്ച് എൻ.സി.സി. 5 കേരള ബറ്റാലിയനിൽ ജീവനക്കാരുടെ ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുന്നതാണ്.

## (14) ഐ.എച്ച്.ആർ.ഡി. കോളേജ് ഓഫ് അപ്ലൈഡ് സയൻസിന്റെ പ്രവർത്തനം

ശ്രീ. പി. ഉബൈദുള്ള: സർ, ഐ.എച്ച്.ആർ.ഡി.-യുടെ കീഴിൽ സംസ്ഥാനത്ത് സ്ഥാപിതമായ ആദ്യത്തെ കോളേജുകളിലൊന്നാണ് മലപ്പുറം ഐ.എച്ച്.ആർ.ഡി. കോളേജ് ഓഫ് അപ്ലൈഡ് സയൻസ്. ഉന്നത വിദ്യാഭ്യാസരംഗത്ത് ധാരാളം വിദ്യാർത്ഥികൾ പ്രവേശനം ലഭിക്കാതെ പുറത്തുനിൽക്കുന്ന സാഹചര്യമാണ് ഇപ്പോഴും മലപ്പുറം ജില്ലയിലുള്ളത്. എന്നാൽ ജില്ലാ ആസ്ഥാനത്ത് സ്ഥിതി ചെയ്യുന്ന ഈ കോളേജിന് ഇപ്പോൾ സ്വന്തമായി സ്ഥലം കണ്ടെത്താൻ സാധിക്കാത്തതിനാൽ അടച്ചുപൂട്ടൽ

ഭീഷണി നേരിടുകയാണ്. മലപ്പുറം ഗവൺമെന്റ് കോളേജ് കെട്ടിടത്തിന്റെ താഴെയുള്ള നിലകളിലാണ് ഐ.എച്ച്.ആർ.ഡി. കോളേജ് പ്രവർത്തിക്കുന്നത്. 1993-ൽ ആരംഭിച്ച കോളേജിൽ ബി.എസ്‌സി. ഇലക്ട്രോണിക്സ്, ബി.എസ്‌സി. കമ്പ്യൂട്ടർ സയൻസ് എന്നീ രണ്ട് ഡിഗ്രി കോഴ്സുകൾ മാത്രമാണുള്ളത്. കഴിഞ്ഞ വർഷം ബി.എസ്‌സി. ഇലക്ട്രോണിക്സ് കോഴ്സ് നിർത്തലാക്കിയിരുന്നു. രണ്ട് കോഴ്സുകൾക്കുംവേണ്ടി 24 സീറ്റുകൾ വീതം എന്നാണ് നിശ്ചയിച്ചിരുന്നതെങ്കിലും പ്രവേശന സമയത്ത് സർവ്വകലാശാല അനുവദിക്കുന്ന മാർജിനൽ വർദ്ധനവ് പ്രകാരം 36 വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിച്ചിരുന്നു. പക്ഷെ അടുത്തകാലത്തായി ഇവിടെ വിദ്യാർത്ഥികൾ കുറഞ്ഞുവരുന്ന സാഹചര്യമാണുള്ളത്. ഈ വർഷം എട്ട് വിദ്യാർത്ഥികളാണ് ബി.എസ്‌സി. കമ്പ്യൂട്ടർ സയൻസ് കോഴ്സിന് പ്രവേശനം നേടിയത്. മുമ്പ് 600, 700 അപേക്ഷകളിൽനിന്നാണ് വിദ്യാർത്ഥികളെ തെരഞ്ഞെടുത്തിരുന്നത്. ബി.എസ്‌സി. കമ്പ്യൂട്ടർ സയൻസ് കോഴ്സിലേയ്ക്ക് ഈ വർഷം പ്രവേശനം നടത്തേണ്ടതില്ലെന്ന് അധികൃതർ വാക്കാൽ നിർദ്ദേശം നൽകിയിട്ടുള്ളതായി അറിയാൻ സാധിച്ചിട്ടുണ്ട്.

ഇവിടത്തെ വിദ്യാർത്ഥികളോട് മറ്റ് കോളേജുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തുപോകാനാണ് ആവശ്യപ്പെട്ടിരിക്കുന്നത്. നിലവിൽ മൂന്നാം വർഷ കോഴ്സ് പഠിക്കുന്ന 20 വിദ്യാർത്ഥികളാണുള്ളത്. അവർ 2024 മാർച്ച് മാസത്തിൽ കോഴ്സ് പൂർത്തിയാക്കുന്നതാണ്. രണ്ടാം വർഷ വിദ്യാർത്ഥികളായ എട്ട് പേർ 2025 മാർച്ചിൽ കോഴ്സ് പൂർത്തിയാക്കിപ്പോകുന്നതോടുകൂടി ഈ കലാലയം ചരിത്രത്തിന്റെ ഭാഗമാകാൻ പോകുകയാണ്. മലപ്പുറം ഗവൺമെന്റ് കോളേജിലെ ബഹുനില കെട്ടിടത്തിന്റെ താഴത്തെ രണ്ട് നിലകളിലായി എട്ടോ പത്തോ മുറികളിലാണ് ഇപ്പോൾ കോളേജും ഓഫീസും ലാബുകളും ക്ലാസ് മുറികളും ലൈബ്രറിയും പ്രവർത്തിക്കുന്നത്. കോളേജ് ആരംഭിച്ച് 30 വർഷമായിട്ടും നാളിതുവരെ സ്ഥലം കണ്ടെത്താൻ സാധിച്ചിട്ടില്ല. റവന്യൂ വകുപ്പിന്റെ കീഴിലുള്ള പന്തല്ലൂർ വില്ലേജിലും വ്യവസായ വകുപ്പിന്റെ കീഴിലുള്ള മലപ്പുറം ഇൻകെൽ വ്യവസായ പാർക്കിലും ഗവൺമെന്റ് കോളേജ് ക്യാമ്പസിലും സ്ഥലം കണ്ടെത്താനുള്ള ശ്രമം നടത്തിയിരുന്നു. എന്നാൽ സാങ്കേതിക കാരണങ്ങളാൽ ഇതുവരെയും സ്ഥലം ലഭ്യമായിട്ടില്ല. അവസാന നിമിഷം ഗവൺമെന്റ് വനിതാ കോളേജിന്റെ

സമീപത്തുള്ള ഇൻകെലിന്റെ സ്ഥലം അനുവദിക്കാൻ നീക്കം നടത്തിയെങ്കിലും വ്യവസായ വികസനത്തിന് മാത്രമെ സ്ഥലം അനുവദിക്കുകയുള്ളൂവെന്ന് 2020 ആഗസ്റ്റിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഐ.എച്ച്.ആർ.ഡി. ഡയറക്ടറെ അറിയിക്കുകയുണ്ടായി. ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി കഴിഞ്ഞ ദിവസം ഐ.എച്ച്.ആർ.ഡി. കോളേജുകൾക്ക് സ്വന്തമായി ഭൂമി ലഭ്യമല്ലാത്ത നിയോജകമണ്ഡലങ്ങളിലെ എം.എൽ.എ.-മാരുടെയും ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ചുചേർത്തിരുന്നു. എന്നാൽ അതിനുശേഷവും കാര്യമായ ഒരു നടപടിയുമുണ്ടായില്ല. അതുകൊണ്ട് ഐ.എച്ച്.ആർ.ഡി. കോളേജ് നിലനിർത്തുന്നതിനുവേണ്ടി സർക്കാരിന്റെ ഏതെങ്കിലും വകുപ്പുകളുടെ കീഴിലുള്ള സ്ഥലം കണ്ടെത്തി വിട്ടുനൽകാനും കോളേജ് നിലനിർത്താനും നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, മലപ്പുറത്ത് ഐ.എച്ച്.ആർ.ഡി.-യുടെ കീഴിൽ 1993-ലാണ് കോളേജ് ഓഫ് അപ്ലൈഡ് സയൻസ് പ്രവർത്തനം ആരംഭിച്ചത്. കോഴിക്കോട്

സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന കോളേജിൽ ബി.എസ്സി. കമ്പ്യൂട്ടർ സയൻസ്, ബി.എസ്സി. ഇലക്ട്രോണിക്സ് എന്നീ കോഴ്സുകൾ അനുവദിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത കോഴ്സുകൾക്ക് 24 സീറ്റുകൾ വീതമാണ് സർവ്വകലാശാല അനുവദിച്ചിട്ടുള്ളത്. മലപ്പുറം ഗവൺമെന്റ് കോളേജ് ക്യാമ്പസിൽ ഒഴിഞ്ഞുകിടക്കുന്ന ആറ് മുറികളിലായി ക്ലാസ് റൂമും ലാബും ഓഫീസും പ്രവർത്തിച്ചുവരുന്നു. ഈ കോളേജ് പ്രവർത്തിക്കുന്നതിന് ആവശ്യമായ സ്ഥലസൗകര്യവും കെട്ടിടവും ലഭ്യമാക്കുന്നതിന് എം.എൽ.എ.-യുടെ നേതൃത്വത്തിലാണ് ശ്രമം നടത്തേണ്ടത്. ഈ കെട്ടിടത്തിന്റെ അപര്യാപ്തതമൂലം നാമമാത്രമായ വിദ്യാർത്ഥികളാണ് അവിടെ പ്രവേശനം നേടുന്നത്. പ്രസ്തുത കോളേജിൽ 2022-23 അധ്യയന വർഷത്തിൽ ബി.എസ്സി. കമ്പ്യൂട്ടർ സയൻസ് കോഴ്സിന് എട്ട് വിദ്യാർത്ഥികൾ മാത്രമാണ് പ്രവേശനം നേടിയത്. മുൻ വർഷത്തിൽ ബി.എസ്സി. ഇലക്ട്രോണിക്സ് കോഴ്സിന് ഒരു വിദ്യാർത്ഥിപോലും പ്രവേശനം നേടാത്തതിനാൽ 2022-23 അധ്യയന വർഷം പ്രസ്തുത കോഴ്സിലേയ്ക്ക് പ്രവേശനം നടത്താത്ത സാഹചര്യത്തിൽ ഐ.എച്ച്.ആർ.ഡി. ഡയറക്ടറുടെ പ്രൊപ്പോസലിന്റെ

അടിസ്ഥാനത്തിൽ മലപ്പുറം കോളേജ് ഓഫ് അപ്ലൈഡ് സയൻസിൽ 2023-24 അധ്യയന വർഷം പ്രവേശനം നിർത്തിവയ്ക്കാൻ സർക്കാർ അനുമതി നൽകിയിരുന്നു. പ്രാദേശികമായി സ്ഥലങ്ങളെക്കുറിച്ചറിയുന്ന ബഹുമാനപ്പെട്ട എം.എൽ.എ.-യ്ക്കാണ് കോളേജിന് ആവശ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള ഉത്തരവാദിത്വം. മറ്റ് നിയോജകമണ്ഡലങ്ങളിൽ അപ്രകാരമാണ് ഐ.എച്ച്.ആർ.ഡി. കോളേജുകൾ സ്ഥാപിക്കപ്പെട്ടിട്ടുള്ളത്.

## (15) പൊതുവിദ്യാലയങ്ങളിലെ അധ്യാപക തസ്തിക നഷ്ടപ്പെടുന്നത് ഒഴിവാക്കാൻ നടപടി

ശ്രീ. എം. വിജിൻ: സർ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കിഫ്ബി ഫണ്ടും ബഡ്ജറ്റിലുള്ള വിവിധ ഫണ്ടുമുപയോഗിച്ചുകൊണ്ട് സ്കൂൾ കെട്ടിടങ്ങൾ ഉൾപ്പെടെയുള്ളവയുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും തത്ഫലമായി പൊതുവിദ്യാഭ്യാസ രംഗത്തേയ്ക്ക് പത്ത് ലക്ഷത്തിലധികം കുട്ടികൾ കടന്നുവരികയും ചെയ്തിട്ടുണ്ട്. എന്നാൽ പല വിദ്യാലയങ്ങളിലും പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചപ്പോൾ കെ.ഇ.ആർ. നിഷ്കർഷിക്കുന്ന ഉയരം ലഭ്യമല്ലെന്ന കാരണത്താൽ കെട്ടിടങ്ങൾക്കുള്ള ഫിറ്റ്നസ്, അധിക

ഡിവിഷൻ, തസ്തികകൾ എന്നിവ കുട്ടികളുടെ എണ്ണത്തിനനുസരിച്ച് അനുവദിക്കാതിരിക്കുന്ന സാഹചര്യമാണുള്ളത്. പൊതുമരാമത്ത്, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിലെ എഞ്ചിനീയർമാർ ഉൾപ്പെടെ വിവിധ സർക്കാർ ഏജൻസികളുടെ മേൽനോട്ടത്തിൽത്തന്നെയാണ് അധിക വിദ്യാലയങ്ങളുടെയും നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്. എന്റെ നിയോജകമണ്ഡലത്തിലെ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ, കുഞ്ഞിമംഗലം, ജി.എം.യു.പി. സ്കൂൾ, മാടായി ഉൾപ്പെടെയുള്ളവയുമായി ബന്ധപ്പെട്ട് ഫിറ്റ്നസിന്റെ പ്രശ്നം നിലനിൽക്കുകയാണ്. കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിലും ഈ സാഹചര്യമാണുള്ളത്. കെട്ടിടങ്ങൾക്ക് ഉയരക്കുറവുള്ളതുകൊണ്ടുതന്നെ വിദ്യാഭ്യാസ ഓഫീസർമാർ ഈ കെട്ടിടങ്ങൾ തസ്തിക നിർണ്ണയത്തിന് പരിഗണിക്കാൻ സാധിക്കില്ലെന്ന ചട്ടപ്രകാരമുള്ള നിലപാട് കൈക്കൊണ്ടതിനാൽ കുട്ടികളുടെ എണ്ണത്തിനനുസരിച്ചുള്ള ഡിവിഷനുകളും ക്ലാസ്സുകളും തസ്തികകളും അനുവദിക്കാതിരിക്കുന്ന സാഹചര്യം നിലവിലുണ്ട്. ഇത് അദ്ധ്യാപകർ ഉൾപ്പെടെയുള്ളവരുടെ നിയമന പ്രശ്നങ്ങളിൽ ബുദ്ധിമുട്ടായിരിക്കുകയാണ്. 16-11-2022-ന് ഒരു

വർഷത്തേയ്ക്ക് ഇളവ് അനുവദിക്കുന്നതിന് വിദ്യാഭ്യാസ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ വർഷവും ഇളവ് അനുവദിക്കുന്നതിനാവശ്യമായ ഇടപെടൽ ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ആഭ്യർത്ഥിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, കേരള വിദ്യാഭ്യാസ നിയമം അദ്ധ്യായം IV ചട്ടം 6 പ്രകാരമാണ് സംസ്ഥാനത്തെ സ്കൂൾ കെട്ടിടങ്ങൾക്ക് അളവ് നിശ്ചയിച്ചിട്ടുള്ളത്. വിദ്യാഭ്യാസ സംരക്ഷണ യജ്ഞം മുഖേനയും അല്ലാതെയും സ്കൂൾ കെട്ടിടങ്ങൾ പണിയുന്നതിന് കെ.ഇ.ആർ. അദ്ധ്യായം IV ചട്ടം 5(2)-ൽ നിഷ്കർഷിച്ചപ്രകാരം വിദ്യാഭ്യാസ ഓഫീസർമാരുടെ മുൻകൂർ അനുമതി ആവശ്യമാണ്. ക്ലാസ് മുറികളിലെ വായുവിന്റെ സഞ്ചാരം, ചൂടിന്റെ ക്രമീകരണം എന്നിവ കണക്കിലെടുത്താണ് കെട്ടിടത്തിന്റെ ഉയരം നിശ്ചയിക്കുന്നത്. കെ.ഇ.ആർ. പ്രകാരം ക്ലാസ് മുറിക്ക് 3.7 മീറ്റർ ഉയരം വേണമെന്ന വ്യവസ്ഥയിൽ മാറ്റം വരുത്തിയിട്ടില്ല. 2019 നവംബർ 11 വരെ നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് നിശ്ചിത ഉയരം എന്ന വ്യവസ്ഥയിൽ ഇളവ് അനുവദിക്കുന്നതിന് 2019 നവംബർ 11-ലെ സർക്കാർ ഉത്തരവുപ്രകാരം

ബന്ധപ്പെട്ട വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർമാർക്ക് അധികാരം നൽകിയിരുന്നു. എന്നാൽ പല സ്ഥലങ്ങളിലും എഞ്ചിനീയർമാർ പ്ലാൻ തയ്യാറാക്കുമ്പോൾ കെ.ഇ.ആർ. ചട്ടപ്രകാരമുള്ള അളവുകൾ പരിഗണിക്കാതെയും അംഗീകാരം വാങ്ങാതെയും കെട്ടിടം പണി ആരംഭിക്കുകയോ പൂർത്തീകരിക്കുകയോ ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ നിർമ്മാണം പൂർത്തീകരിച്ച കെട്ടിടങ്ങൾക്ക് മതിയായ അളവുകൾ ഇല്ലെന്ന കാരണത്താൽ വിദ്യാഭ്യാസ ഉദ്യോഗസ്ഥർ പ്രവർത്തനാനുമതി നിഷേധിക്കുന്ന സാഹചര്യമുണ്ടായതിനെത്തുടർന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ശിപാർശ പ്രകാരം, 2019 നവംബർ 11-നുശേഷം നിർമ്മാണം പൂർത്തിയായതും സ്കൂൾ പ്രവർത്തനത്തെ ബാധിക്കാത്തതും ഉയരം സംബന്ധിച്ച ചട്ടങ്ങളിൽ വലിയ വ്യതിയാനം സംഭവിക്കാത്തതുമായ സ്കൂൾ കെട്ടിടങ്ങൾക്ക് 2022 നവംബർ 16-ലെ സർക്കാർ ഉത്തരവുപ്രകാരം 2022-23 അധ്യയന വർഷംകൂടി ഇളവ് അനുവദിച്ചുനൽകാൻ വിദ്യാഭ്യാസ ഉപഡയറക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 2023-24 അധ്യയന വർഷത്തേയ്ക്ക് ഇതുവരെയും ഇളവ് അനുവദിച്ചിട്ടില്ല. 2022-23 വർഷത്തേയ്ക്ക് മാത്രമായി നൽകിയ താൽക്കാലിക അനുമതി എന്ന വ്യവസ്ഥ ഒഴിവാക്കി

സ്ഥിരം ഇളവ് നൽകുന്നതിനുള്ള അധികാരം വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നൽകുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്. സ്കൂൾ കെട്ടിടങ്ങളുടെ ഉയരത്തിൽ ഇളവ് നൽകുമ്പോൾ ആയതിൽ സ്റ്റാഫ് ഫിക്സേഷനും പരിഗണിക്കേണ്ടതാണെന്ന തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് സർക്കാർ ഉത്തരവ് ഉടനെ പുറപ്പെടുവിക്കുന്നതാണ്.

## (16) വെള്ളൂർ ബാങ്ക് പരിസരത്ത് അടിപ്പാത നിർമ്മാണം

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, കഴിഞ്ഞ 50 ദിവസമായി നടക്കുന്ന അനിശ്ചിതകാല സമരവുമായി ബന്ധപ്പെട്ട വിഷയത്തെക്കുറിച്ചാണ് സഭയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. കേരളത്തിൽ ദേശീയ പാത വികസനം അതിവേഗം നടന്നുവരുന്ന സന്ദർഭമാണിത്. പയ്യന്നൂർ മണ്ഡലത്തിൽ കാസർഗോഡ് ജില്ലയുടെ അതിർത്തിയായ ആണ്ടൂർ മുതൽ പെരുമ്പ പാലം വരെയാണ് എൻ.എച്ച്.-66 കടന്നുപോകുന്നത്. 750-ൽ അധികം കുട്ടികൾ പഠിക്കുന്ന സർക്കാർ എൽ.പി. സ്കൂൾ, 1500-ൽ അധികം കുട്ടികൾ പഠിക്കുന്ന ഹയർസെക്കൻഡറി സ്കൂൾ, സർവ്വീസ് സഹകരണ ബാങ്ക്, ജനതാ ചാരിറ്റബിൾ സൊസൈറ്റി എന്നിങ്ങനെ നിരവധി സർക്കാർ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ എന്നിവ ഉൾപ്പെടുന്ന

സ്ഥലമാണ് വെള്ളൂർ. ഈ പ്രദേശത്ത് ദേശീയ പാതയിൽനിന്നും ഇരുവശങ്ങളിലേയ്ക്കും കടക്കുന്നതിനുള്ള അണ്ടർപാസ് നിർമ്മാണം നിലവിലെ ഡി.പി.ആർ.-ൽ ഉൾപ്പെടുത്തിയിട്ടില്ല. നിരവധി തവണ ടി വിഷയങ്ങൾ എൻ.എച്ച്.എ.ഐ.-യുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും അണ്ടർപാസ് അനുവദിക്കുന്നതിനുള്ള യാതൊരു നടപടിയും അവർ സ്വീകരിച്ചിട്ടില്ല. രാഷ്ട്രീയ സാമൂഹിക സാംസ്കാരിക പ്രവർത്തകർ ചേർന്ന് ആക്ഷൻ കമ്മിറ്റി രൂപീകരിച്ചശേഷമാണ് സമരം നടത്തിവരുന്നത്. ടി സമരം 50 ദിവസം പിന്നിടുന്നതിന്റെ ഭാഗമായി നാളെ അവിടെ മനുഷ്യചങ്ങല തീർക്കുന്നതിന് ജനങ്ങൾ ഒറ്റക്കെട്ടായി രംഗത്തുവന്നിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, പൊതുമരാമത്ത് വകുപ്പുമന്ത്രി, ഡൽഹിയിലെ കേരള സർക്കാരിന്റെ പ്രത്യേക പ്രതിനിധി പ്രൊഫ. കെ. വി. തോമസ് എന്നിവർക്കെല്ലാം ഇതുസംബന്ധിച്ച് നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെയും ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരുടെയും ഭാഗത്തുനിന്ന് പല നിലയിലുള്ള ഇടപെടലുകൾ ഉണ്ടായെങ്കിലും അണ്ടർപാസ് അനുവദിക്കുന്നതിനുള്ള യാതൊരു നടപടിയും നാളിതുവരെയും എൻ.എച്ച്.എ.ഐ. സ്വീകരിച്ചിട്ടില്ല. വെള്ളൂർ ബാങ്ക് പരിസരത്ത്

അണ്ടർപാസ് അനുവദിക്കുന്നതിന് ആവശ്യമായ ഇടപെടൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ദേശീയ പാത 66-ന്റെ വികസനവുമായി ബന്ധപ്പെട്ട് പയ്യന്നൂർ വെള്ളൂർ ബാങ്ക് പരിസരത്തെ ജനങ്ങളുടെ ആവശ്യമാണ് ഈ സബ്മിഷനിലൂടെ ശ്രീ. ടി. ഐ. മധുസൂദനൻ ഉന്നയിച്ചിട്ടുള്ളത്. ഈ വിഷയത്തിന്മേൽ നിരവധി തവണ നേരിട്ടും അല്ലാതെയും ഇടപെട്ടിട്ടുണ്ടെന്ന് മാത്രമല്ല, പയ്യന്നൂർ എം.എൽ.എ.-യും വിവിധ സംഘടനകളും രാഷ്ട്രീയ പാർട്ടികളും ഇക്കാര്യം നേരത്തെ ശ്രദ്ധയിൽപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ദേശീയപാത അതോറിറ്റിയോട് ഈ പ്രശ്നം പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി. അതോടൊപ്പം ബന്ധപ്പെട്ട കേന്ദ്ര ഉപരിതല ഗതാഗത, ഹൈവേ വകുപ്പുമന്ത്രി ഇക്കാര്യം ശ്രീ. നിതിൻ ഗഡ്കരി ഉൾപ്പെടെയുള്ളവരുടെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്തിരുന്നു. ഇതേത്തുടർന്ന് ദേശീയ പാത അതോറിറ്റി ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ച് പഠനം നടത്തുകയുണ്ടായി. അവിടെ അടിപ്പാത എന്ന നിർദ്ദേശത്തിന് പ്രായോഗിക

ബുദ്ധിമുട്ടുണ്ടെന്നാണ് ദേശീയപാത അതോറിറ്റി നിലവിൽ അറിയിച്ചിട്ടുള്ളത്. എന്നാൽ, പ്രായോഗികമായ ബദൽ സാധ്യതകൂടി പരിശോധിക്കണമെന്ന് ദേശീയ പാത അതോറിറ്റി റീജിയണൽ ഓഫീസറോട് വീണ്ടും അഭ്യർത്ഥിച്ചതിന്റെ ഭാഗമായി പ്രത്യേക യോഗം ചേരുകയും അതിന്റെ അടിസ്ഥാനത്തിൽ റീജിയണൽ ഓഫീസറോ മറ്റ് ഉന്നത ഉദ്യോഗസ്ഥരോ ഒരിക്കൽകൂടി സ്ഥലം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. അത് അവർ നിർവ്വഹിക്കാമെന്ന് ഉറപ്പുനൽകിയ വിവരം സഭയെ അറിയിക്കുന്നു.

കണ്ണൂർ ജില്ലയിൽ 201.9 ഹെക്ടർ ഭൂമിയാണ് ദേശീയ പാത 66-ന്റെ വികസനവുമായി ബന്ധപ്പെട്ട് ഏറ്റെടുത്തിട്ടുള്ളത്. ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി ടി പദ്ധതിയുടെ 25 ശതമാനം സംസ്ഥാന സർക്കാർ ഏറ്റെടുക്കുകയാണ്. അതായത്, കണ്ണൂർ ജില്ലയിലെ എൻ.എച്ച്. 66-ന്റെ ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായി മാത്രം 576.96 കോടി രൂപ സംസ്ഥാന സർക്കാർ ചെലവഴിച്ച വിവരം, കണ്ണൂർ ജില്ലയിലെ എം.എൽ.എ.-മാരെ പ്രത്യേകം അറിയിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്.

(17) താളൂർ - ചേരമ്പാടി റോഡ് ഗതാഗതയോഗ്യമാക്കൽ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, കേരളത്തെ തമിഴ്നാടുമായി ബന്ധിപ്പിക്കുന്ന ചേരമ്പാടി-താളൂർ-ബത്തേരി റോഡിനെക്കുറിച്ചുള്ള സബ്മിഷനാണ് ഞാൻ ഉന്നയിക്കുന്നത്. പ്രസ്തുത റോഡിന്റെ പ്രവൃത്തിക്കായി 2019-ൽ കിഫ്ബി അനുമതി നൽകി. ടെൻഡർ നടപടി പൂർത്തീകരിച്ചശേഷം തമിഴ്നാട്ടിലെ ഒരു കൺസ്ട്രക്ഷൻ കമ്പനി വർക്ക് ഏറ്റെടുക്കുകയും 2021-ൽ ഏകദേശം 8 കി.മി. ദൂരം പ്രവൃത്തി നടത്തിവരികയുമായിരുന്നു. രണ്ടരവർഷമായിട്ടും ടി റോഡിന്റെ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് മാത്രമല്ല റോഡ് മുഴുവൻ ജെ.സി.ബി. ഉപയോഗിച്ച് കുഴിച്ചിട്ടിരിക്കുന്നതിനാൽ യാത്രാക്ലേശം സൃഷ്ടിച്ചിരിക്കുകയുമാണ്. ടി റോഡുമായി ബന്ധപ്പെട്ട പ്രശ്നം പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി വളരെ ഗൗരവമായി ഇടപെടുകയും രണ്ടരവർഷമായി പണി തീർക്കാൻ കഴിയാത്ത കരാറുകാരനെ റിസ്ക് ആൻഡ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്യാൻ നടപടി സ്വീകരിക്കുകയുമുണ്ടായി. അങ്ങയുടെ ഇടപെടലിന്റെ ഭാഗമായി ടെൻഡർ നടപടിയിലേയ്ക്ക് കടക്കുന്നതിനായി കിഫ്ബിയുടെ അനുമതിക്കായി ഫയൽ

വന്നിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. പ്രസ്തുത റോഡിലൂടെ സഞ്ചരിച്ച വാഹനം മറിഞ്ഞ സംഭവത്തിൽ ഒരു വ്യക്തിയുടെ ഇടുപ്പെല്ല് തകർന്ന് ഇപ്പോൾ ചികിത്സയിലാണ്. ഒരു വിദ്യാർത്ഥിയുടെ കൈ ഇലക്ട്രിക് പോസ്റ്റിൽ തട്ടി അറ്റുവീഴുകയുണ്ടായി. ഇത്തരത്തിൽ നിരവധി അപകടങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. പ്രസ്തുത വിഷയങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ആഗസ്റ്റ് 1 മുതൽ അവിടെ ജനകീയ സമരസമിതി നിരാഹാര സമരം നടത്തിവരുന്ന വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അങ്ങ് സമരങ്ങളെ ഒരിക്കലും മുഖംതിരിഞ്ഞ് കാണുന്ന വ്യക്തിയല്ല. ഈ വിഷയത്തിൽ അങ്ങ് ഗൗരവമായി ഇടപെട്ടിട്ടുണ്ടെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. മാത്രമല്ല ഇത് തമിഴ്നാടുമായി ബന്ധിപ്പിക്കുന്ന 8 കി.മീ. റോഡാണ്. അതുകൊണ്ട് എത്രയുംവേഗം റീ-ടെണ്ടർ നടത്തി നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനും സമരക്കാരുമായി ചർച്ച ചെയ്യുന്നതിനും നടപടി സ്വീകരിക്കണം. കൂടാതെ, ടി വിഷയവുമായി ബന്ധപ്പെട്ട് കൈരളി ചാനൽ എനിക്കെതിരെ ഉന്നയിച്ച ആരോപണവും സർക്കാർ പരിശോധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, വയനാട് ജില്ലയിലൂടെ കടന്നുപോകുന്ന പ്രധാനപ്പെട്ട അന്തർസംസ്ഥാന പാതയായ സുൽത്താൻ ബത്തേരി - ചേരമ്പാടി റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ടാണ് ഈ സബ്മിഷൻ ഉന്നയിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, ടി വിഷയവുമായി ബന്ധപ്പെട്ട് ഞങ്ങളെല്ലാവരും ഒരു ടീമായി ഇടപെട്ട് പരിഹാരം കാണാൻ തുടക്കംമുതൽ ശ്രമം നടത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട അംഗവും വയനാട്ടിലെ വിവിധ രാഷ്ട്രീയ നേതൃത്വങ്ങളും ശ്രദ്ധയിൽപ്പെടുത്തുകയും പ്രശ്നപരിഹാരത്തിന് ഞങ്ങൾ നേരിട്ട് ഇടപെടൽ നടത്തുകയും ചെയ്തിട്ടുണ്ട്. 2021 ജൂൺ മാസം 2-ാം തീയതിയാണ് പ്രസ്തുത റോഡിന്റെ പ്രവൃത്തി ആരംഭിച്ചത്. കരാറുകാരൻ, ആദ്യഘട്ടത്തിൽ പ്രവൃത്തി നടത്താത്തതിനെത്തുടർന്ന് കർശനമായി ഇടപെടുകയും തുടർന്ന് പ്രവൃത്തി ആരംഭിക്കുകയും ചെയ്തുവെങ്കിലും പിന്നീട് കരാർ ഏറ്റെടുത്ത വ്യക്തിയുടെ ഭാഗത്തുനിന്നും അലംഭാവമുണ്ടായി. 30-05-2023-ന് വയനാട് ജില്ലാസന്ദർശനം നടത്തിയവേളയിൽ ഈ റോഡിന്റെ പ്രവൃത്തിയുമായി ബന്ധപ്പെട്ട് പ്രത്യേക അവലോകന യോഗം ചേരുകയും

കരാറുകാരനെതിരെ നടപടി സ്വീകരിക്കുന്നതിന് വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. 05-06-2023-ന് പൊതുമരാമത്ത് വകുപ്പുസെക്രട്ടറി വിളിച്ചുചേർത്ത യോഗത്തിൽ കരാറുകാരനെ നഷ്ടോത്തരവാദത്തിൽ ഒഴിവാക്കാൻ തീരുമാനിച്ചു. 2016-നുശേഷമുള്ള ഭരണകാലയവ് പരിശോധിച്ചാൽ, വികസന പ്രവർത്തനത്തെ പുറകോട്ട് അടുപ്പിക്കുന്ന ഏത് അവിശുദ്ധകൂട്ടുകെട്ടായാലും അത് ന്യൂനപക്ഷംവരുന്ന ഉദ്യോഗസ്ഥരായാലും കരാറുകാരായാലും; അതിനെ കൈയുംകെട്ടി നോക്കിനിൽക്കുന്ന സമീപനമല്ല എൽ.ഡി.എഫ്. സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് മനസ്സിലാക്കാൻ സാധിക്കും. ഏത് കേന്ദ്രത്തിൽ നിന്ന് ഇത്തരം കരാറുകാരെ സംരക്ഷിക്കാനുള്ള ശിപാർശ വന്നാലും അതിനോട് ഒരു തരത്തിലും സഹകരിക്കുന്ന സമീപനമല്ല സർക്കാർ സ്വീകരിച്ചുവരുന്നത് എന്നുള്ള ശക്തമായ നിലപാടാണ് സർക്കാരിനുള്ളത്. ഈ വർക്കുമായി ബന്ധപ്പെട്ട പ്രത്യേക സാഹചര്യത്തിൽ, ടെർമിനേഷനുശേഷം സഞ്ചാര യോഗ്യമാക്കുന്നതിന് 40 ലക്ഷം രൂപയുടെ അടിയന്തരഫണ്ട് അനുവദിക്കാനും തീരുമാനിച്ചിരുന്നു. ഇതിന്റെ പ്രവൃത്തി പുരോഗമിച്ചുവരികയാണ്. കാലതാമസംകൂടാതെ അവശേഷിക്കുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ്

തയ്യാറാക്കിയിരുന്നു. നേരത്തെ അനുവദിച്ച സാമ്പത്തികാനുമതിയെക്കാൾ 24.2 ശതമാനം കൂടുതലാണ് ഇപ്പോഴത്തെ തുക. ഇത് പരിഹരിക്കുന്നതിന് കിഫ്ബിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഓഫീസിൽ നിന്നുതന്നെ ഇക്കാര്യത്തിൽ ഇടപെടലുകൾ നടത്തുന്നുണ്ട്. ജനങ്ങളുടെ ന്യായമായ ആവശ്യത്തെ അതേ അർത്ഥത്തിൽ കണ്ട് മുന്നോട്ടുപോകാനാണ് ഉദ്ദേശിക്കുന്നത്. കിഫ്ബി അനുമതി ലഭിച്ചാലുടൻ സമയബന്ധിതമായി സാങ്കേതിക അനുമതി നൽകി ടെണ്ടർ നടപടികളിലേയ്ക്ക് കടക്കുന്നതാണ്. കൃത്യമായ പ്രോസസ്സ് പരിശോധിക്കാൻ കെ.ആർ.എഫ്.ബി.-പി.എം.യു. പ്രോജക്ട് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും അറിയിക്കുന്നു.

## (18) പിറവം-പെരുവാമൂഴി, പിറവം-ആരക്കുന്ന് റോഡുകളുടെ പുനർനിർമ്മാണം

ശ്രീ. അനൂപ് ജേക്കബ്: സർ, പിറവം നിയോജകമണ്ഡലത്തിലെ രണ്ട് കെ.എസ്.ടി.പി. റോഡുകളാണ് പിറവം-പെരുവാമൂഴി റോഡും പിറവം-ആരക്കുന്നം-ആമ്പല്ലൂർ-പൂത്തോട്ട റോഡും. ഞാൻ ഇതേവിഷയം മുമ്പും സഭയിൽ ഉന്നയിച്ചിരുന്നു. ഇതിലെ പ്രധാനപ്പെട്ട കാര്യം, ഡി.പി.ആർ.-ൽ ആവശ്യമായ ഭേദഗതി അനിവാര്യമായി വന്നിരിക്കുന്നു എന്നുള്ളതാണ്.

ഡി.പി.ആർ. തയാറാക്കിയ സന്ദർഭത്തിൽ റോഡിന്റെ വീതി കൂട്ടേണ്ടതും ഉയർത്തേണ്ടതുമായ പല സ്ഥലങ്ങളും അതിൽ ഉൾപ്പെടുത്തിയിരുന്നില്ല. അതുകൊണ്ടുതന്നെ നിരവധി മാറ്റങ്ങൾ വേണ്ടിവരികയും കുറേ മാറ്റങ്ങൾക്ക് അനുമതി ലഭിക്കുകയുമുണ്ടായിട്ടുണ്ട്. ഇപ്പോഴത്തെ പ്രശ്നം, രണ്ട് റോഡിന്റെയും പല ഭാഗങ്ങളിലും കുറഞ്ഞ വീതി മാത്രമെയുള്ളൂ. വീതി കുറഞ്ഞ ഭാഗങ്ങളിൽ സൗജന്യമായി ഭൂമി വിട്ടുനൽകാൻ അവിടത്തെ ജനങ്ങൾ തയ്യാറായി വന്നിരിക്കുന്ന സാഹചര്യത്തിൽ സൗജന്യമായി വിട്ടുതരുന്ന ഭൂമി ഏറ്റെടുത്ത് റോഡ് വികസിപ്പിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. കൺസൾട്ടൻസി തയാറാക്കിയ വേരിയേഷനിൽ ആവശ്യമാണെന്നുകണ്ട മാറ്റങ്ങൾ ഉൾക്കൊള്ളിക്കാൻ പ്രത്യേകം നിർദ്ദേശിച്ചുവെന്ന് ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ സബ്മിഷനിൽ മറുപടി നൽകിയിട്ടുണ്ട്. ആളുകൾ സൗജന്യമായി ഭൂമി വിട്ടുനൽകുന്ന സ്ഥലങ്ങളിൽ അത് ഏറ്റെടുത്ത് റോഡ് വികസിപ്പിക്കാനുള്ള നടപടിയുണ്ടാകണം. അതിൽ ഗവൺമെന്റിന് ചെലവൊന്നുമുണ്ടാകുന്നില്ല, മതിൽ നിർമ്മിച്ചുകൊടുത്താൽ മാത്രം മതി. ഈ

സാഹചര്യത്തിൽ അത് നല്ല റോഡ് ആക്കാനുള്ള നടപടി അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി നിർമ്മാണം നടത്തുന്ന രണ്ട് റോഡുകളുടെ നിർമ്മാണ പ്രവൃത്തി സംബന്ധിച്ചാണ് ബഹുമാന്യനായ അനൂപ് ജേക്കബ് സബ്മിഷൻ ഉന്നയിച്ചത്. കുമരകം-നെടുമ്പാശ്ശേരി-പെരുവാമൂഴി ഭാഗത്ത് 21.4 കിലോമീറ്റർ റോഡ് നവീകരിക്കുന്നതാണ് ഈ പദ്ധതി. പത്തു കിലോമീറ്റർ കോൺക്രീറ്റ് റോഡ്, 6.4 കിലോമീറ്റർ സബ് ബേസ്/ബേസ് ഉൾപ്പെടെയുള്ള നവീകരണം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള DBM + BC പ്രവൃത്തി, അഞ്ചു കിലോമീറ്റർ DBM + BC എന്ന നിലയിലാണ് നടത്താൻ ഉദ്ദേശിക്കുന്നത്. നിലവിൽ 26 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തി നടത്തിപ്പുമായി ബന്ധപ്പെട്ടുണ്ടായിരുന്ന ചില തടസ്സങ്ങൾ ഓരോന്നായി പരിശോധിച്ച് നീക്കിക്കൊണ്ടിരിക്കുകയാണ്.

ചില സ്ഥലങ്ങളിൽ വെള്ളം കയറാൻ സാധ്യതയുള്ളതിനാലും അപകട സാധ്യതയുള്ളതിനാലും ചില പ്രവൃത്തികൾകൂടി ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാൻ KSTP (Kerala State Transport Project) പ്രൊജക്ട് ഡയറക്ടർ, ചീഫ് എഞ്ചിനീയർ എന്നിവരെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയാറാക്കി പരിശോധിച്ചുവരികയാണ്. റോഡ് ഉയരുന്ന ഭാഗത്ത് സംരക്ഷണ ഭിത്തി വേണമെന്ന ആവശ്യം പരിഗണിച്ച് താൽക്കാലിക അനുമതി നൽകി പ്രവൃത്തി ആരംഭിച്ചു. ഫണ്ടിംഗ് ഏജൻസിയായി ജർമ്മൻ ബാങ്ക് മുന്നോട്ടുവച്ച ചില നിർദ്ദേശങ്ങൾ RKI (Rebuild Kerala Initiative) കൂടി പരിശോധിച്ച് തീരുമാനമെടുക്കുന്നതിന് സംയുക്ത യോഗങ്ങൾ തുടരുകയാണ്. ആരക്കുന്നം-ആമ്പല്ലൂർ-പൂത്തോട്ട-പിറവം റോഡുകളുടെ പുനരുദ്ധാരണമാണ് മറ്റൊരു വിഷയം. റോഡ് BM & BC നിലവാരത്തിൽ ഉയർത്തുന്നതാണ് പദ്ധതി. ഇതിന്റെ 21.4 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായ റോഡ് പ്രവൃത്തികൾ പ്രത്യേകമായിതന്നെ പരിശോധിച്ച് വരികയാണ്.

മന്ത്രിതലത്തിലും സെക്രട്ടറി തലത്തിലും ഇതിനാവശ്യമായ യോഗങ്ങൾ തുടർന്നുവരുന്നു. പ്രവൃത്തികൾ നിശ്ചിത ഇടവേളകളിൽ കൃത്യമായി അവലോകനം നടത്താൻ KSTP പ്രോജക്ട് ഡയറക്ടർക്ക് പ്രത്യേക നിർദ്ദേശം നൽകിയതിനനുസരിച്ച് ഇടപെടൽ നടന്നുവരികയാണ്.

(19) ആറന്മുള ഉത്രട്ടാതി ജലോത്സവത്തിന് പള്ളിയോടങ്ങൾക്കുള്ള ഗ്രാന്റ്

ശ്രീ. പ്രമോദ് നാരായൺ: സർ,

"നിഗമാന്ത ഫണം നിവർത്തലകളിൽ

ആറന്മുള ഭഗവാന്റെ പള്ളിയോടമൊഴുകീടട്ടെ".

- *മഹാകവി പാലാ നാരായണൻ നായർ*

അപൂർവ്വ ചാതുര്യമുള്ള ശില്പികൾ തീർത്ത പള്ളിയോടങ്ങൾ പവിത്രമായ വിശ്വാസത്തിന്റെ മാത്രമല്ല സാമൂഹ്യ ഐക്യത്തിൽ അധിഷ്ഠിതമായ സംസ്കാരത്തിന്റെയും ഉജ്ജ്വലമായ പ്രതീകമാണ്. വഞ്ചിപ്പാട്ടിലൂടെയും ശ്ലോകത്തിലൂടെയും ആവശ്യപ്പെടുമ്പോൾ അറുപത്തിനാല് വിഭവങ്ങൾ വിളമ്പുന്ന വള്ളസദ്യ രുചിക്കാൻ ഭക്തരും പമ്പയുടെ ജലമർമ്മരങ്ങൾക്ക് പോലും നതോന്നതയുടെ ഇമ്പം പകർന്നുകൊണ്ടുള്ള അമ്പത്തിരണ്ട്

പള്ളിയോടങ്ങളും അണിനിരക്കുന്ന നിറപ്പകിട്ടുള്ള ഉതൃട്ടാതി ജലോത്സവം കാണാൻ ആഭ്യന്തര വിദേശസഞ്ചാരികൾ പൈതൃക ഗ്രാമമായ ആറന്മുളയിലേയ്ക്ക് എത്തുമ്പോൾ തീർത്ഥാടനത്തിനൊപ്പം ടൂറിസത്തിന്റെയും അപാരമായ സാധ്യതകളാണ് തെളിയുന്നത്. കാട്ടൂർ, കീക്കൊഴൂർ, ചെറുകോൽ, അയിരൂർ, പേരൂർ, ഇടപ്പാവൂർ, എടക്കുളം, പുല്ലൂപ്രം, റാന്നി തുടങ്ങി ചെന്നിത്തലവരെയുള്ള പമ്പാ തീരത്തെ അമ്പത്തിരണ്ട് പ്രദേശങ്ങളുടെ സാംസ്കാരിക സമ്പാദ്യമായ പള്ളിയോടങ്ങൾ സംരക്ഷിക്കാനും അറ്റകുറ്റപ്പണികൾ നടത്താനും പ്രതിവർഷം നാലുലക്ഷം മുതൽ അഞ്ചുലക്ഷം രൂപവരെ ചെലവ് വരുന്നുണ്ട്. അവ പുതുക്കി പണിയേണ്ടിവരുമ്പോഴുണ്ടാകുന്ന ചെലവിനുള്ള എഴുപത്തിയഞ്ചുലക്ഷം രൂപ കണ്ടെത്താനും വള്ളപ്പുരയും കടവുകളും സംരക്ഷിക്കാനും പള്ളിയോട സമിതികൾക്ക് ആകെയുള്ള ആശ്രയം നാനാജാതിമതസ്ഥർ നൽകുന്ന സംഭാവനയും സഹായവും മാത്രമാണ്. ഈ പള്ളിയോടങ്ങൾ മഹത്തായ പൈതൃകത്തിന്റെ പ്രതീകമാണ്. ടൂറിസത്തിന്റെ വൻ സാധ്യതകൾക്ക് ആധാരമാകുന്ന പള്ളിയോടങ്ങളുടെ സംരക്ഷണത്തിനും പള്ളിയോട

നിർമ്മാണത്തിലെ നൈപുണ്യം കാത്തുസൂക്ഷിക്കാനും സർക്കാരിന്റെ സഹായം ആവശ്യമാണ്. നിലവിൽ ജലോത്സവങ്ങൾക്ക് മാത്രമാണ് സർക്കാർ ഗ്രാന്റ് അനുവദിക്കുന്നത്. പൈതൃക ടൂറിസം പദ്ധതിക്കായി നിരവധി പദ്ധതികൾ നടപ്പിലാക്കുന്ന ബഹുമാനപ്പെട്ട മന്ത്രി പള്ളിയോടങ്ങളുടെ സംരക്ഷണം പൈതൃക ടൂറിസത്തിന്റെ ഭാഗമായി കണക്കാക്കി ഇതിന് ഗ്രാന്റ് അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ചരിത്ര പ്രസിദ്ധമായ ആറന്മുള ഉതൃട്ടാതി വള്ളംകളിയുടെ നടത്തിപ്പിനായി വിനോദസഞ്ചാര വകുപ്പ് നിലവിൽ ധനസഹായം നൽകുന്നുണ്ട്. പള്ളിയോടങ്ങൾക്കുള്ള ഗ്രാന്റ് അനുവദിക്കണമെന്നാണ് ശ്രീ. പ്രമോദ് നാരായൺ സബ്മിഷനിലൂടെ ഉന്നയിച്ചിരിക്കുന്നത്. ഈ മേഖലയിൽ അമ്പതോളം പള്ളിയോടങ്ങളുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. വിദേശ ടൂറിസ്റ്റുകളെയും ആഭ്യന്തര ടൂറിസ്റ്റുകളെയും ഒരുപോലെ ആകർഷിക്കുന്ന ഒന്നാണ് ആറന്മുള ഉതൃട്ടാതി വള്ളംകളി. ചെന്നിത്തല മുതൽ റാന്നി എടക്കുളംവരെ നീളുന്ന വലിയ

ആഘോഷകാഴ്ചയാണ് ജലഘോഷയാത്രയായി തുഴഞ്ഞെത്തുന്ന പള്ളിയോടങ്ങൾ. പൈതൃകം പേറുന്ന പള്ളിയോടങ്ങളുടെ സംരക്ഷണത്തിനുള്ള സഹായമാണ് ന്യായമായും ഉന്നയിച്ചിട്ടുള്ളത്. ഏതു നിലയിലുള്ള സഹായമാണ് നൽകേണ്ടതെന്ന് പരിശോധിക്കുന്നതാണ്. മതസാഹോദര്യത്തിന്റെ ഉദാഹരണങ്ങളാണ് ഈ പള്ളിയോടങ്ങൾ. മതസാഹോദര്യം ഊട്ടിയുറപ്പിക്കുന്നതിന് ഏത് നിലയിലുള്ള ഇടപെടലും നടത്താൻ കേരളത്തിലെ എൽ.ഡി.എഫ്. സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ആ നിലയിൽ പൈതൃക ടൂറിസത്തിന്റെ സാധ്യതകളെ എപ്രകാരം ഉപയോഗപ്പെടുത്താമെന്ന് പരിശോധിച്ച് ആവശ്യമായ ഇടപെടൽ നടത്തുമെന്ന് സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല:</u> സർ, ടൂറിസം വകുപ്പിൽനിന്നും പള്ളിയോടങ്ങൾക്ക് ഗ്രാന്റ് നൽകിയാൽ മതി. ഇതിനുവേണ്ടി പ്രത്യേക സ്കീമൊന്നും രൂപീകരിക്കാൻ കഴിയില്ല. അവിടെ ഇവിടെ പത്തോ പതിനേഴോ പള്ളിയോടങ്ങളാണുള്ളത്. ഇതൊരു ടൂറിസമായി കണ്ടുകൊണ്ട്,

വകുപ്പ് ഈ പള്ളിയോടങ്ങൾക്ക് ഗ്രാന്റ് നൽകുന്നതിനെക്കുറിച്ച് ആലോചിക്കണം.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, അവിടെ പതിനേഴല്ല അമ്പതോളം പള്ളിയോടങ്ങൾ ആണുള്ളത്. എങ്ങനെയായാലും ഈ വിഷയം പരിശോധിച്ചശേഷം ആവശ്യമായ ഇടപെടൽ നടത്തുന്നതാണ്.

(20) റേഷൻ വിതരണത്തിലെ പ്രശ്നങ്ങൾ

ശ്രീ. മോൻസ് ജോസഫ്: സർ, സംസ്ഥാനത്ത് റേഷൻ വിതരണം മുടങ്ങുന്നതുമായി ബന്ധപ്പെട്ട പ്രശ്നം സഭയിൽ പല പ്രാവശ്യം ഉന്നയിക്കപ്പെട്ടിട്ടുള്ളതാണ്. എന്നാൽ പരിഹരിക്കപ്പെടാത്ത ചില കാര്യങ്ങൾ ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. റേഷൻ വിതരണം മുടങ്ങുന്ന സാഹചര്യത്തിൽ ദേശീയ ഭക്ഷ്യഭദ്രതാ നിയമമനുസരിച്ച് കാർഡുടമകൾക്ക് അലവൻസ് അനുവദിക്കണമെന്ന വ്യവസ്ഥ പാലിക്കാൻ സർക്കാർ തയ്യാറാകണമെന്നാണ് പ്രധാനമായും ഉന്നയിക്കാനുള്ളത്. ദേശീയ

ഭക്ഷ്യഭദ്രതാ നിയമമനുസരിച്ച് റേഷൻ വിഹിതം ലഭിച്ചില്ലെങ്കിൽ കാർഡുടമയ്ക്ക് അലവൻസിന് അർഹതയുണ്ടെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. റേഷൻകടയിൽനിന്നും ലഭിക്കാത്ത അരി പൊതുവിപണിയിൽനിന്നും വാങ്ങുന്നതിനുള്ള തുക അലവൻസായി നൽകണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. സംസ്ഥാന സർക്കാരിന്റെയോ പൊതുവിതരണ വകുപ്പുദ്യോഗസ്ഥരുടെയോ അലംഭാവംകൊണ്ടോ അപ്രതീക്ഷിത സംഭവങ്ങൾകൊണ്ടോ റേഷൻ ലഭിക്കാതെ വരുമ്പോഴാണ് അലവൻസിന് അർഹതയുണ്ടാകുന്നത്. എന്നാൽ പലപ്പോഴും ഇത് പ്രാവർത്തികമാക്കാൻ ഗവൺമെന്റ് തലത്തിൽ നടപടിയുണ്ടാകുന്നില്ല. സെർവറിന്റെ തകരാർ അപ്രതീക്ഷിതമായി സംഭവിക്കുന്നതാണെന്ന് പറയാറുണ്ടെങ്കിലും ഇത് തുടർച്ചയായി സംഭവിക്കുന്നത് പരിഹരിക്കുന്നതിന് ഗവൺമെന്റ് കാര്യക്ഷമമായി ഇടപെടണമെന്ന് അഭ്യർത്ഥിക്കുകയാണ്. സെർവർ തകരാറുപോലെതന്നെ 2017-ൽ ആരംഭിച്ച ഇ-പോസ് സംവിധാനം തകരാറിലാകുന്നതും പ്രവർത്തന രഹിതമാകുന്നതും നിത്യസംഭവമായി മാറിയിരിക്കുന്നു. ഇതെല്ലാം കാരണം റേഷൻ വിതരണം

മുടങ്ങിപോകുന്നുവെന്നത് സംസ്ഥാനത്ത് പരാതിയായി ഉയർന്നുവന്നിരിക്കുകയാണ്. സംസ്ഥാനത്തെ പതിനാലായിരത്തിൽപ്പരം റേഷൻകടകളിൽനിന്നും സാധാരണക്കാർക്ക് റേഷൻ വാങ്ങാൻ കഴിയാത്ത വിധം പലപ്പോഴും സ്തംഭനാവസ്ഥയിലേയ്ക്ക് പോകുന്നതുകൊണ്ടുണ്ടാകുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി ഫലപ്രദമായ നടപടി സ്വീകരിക്കണം. റേഷൻ വ്യാപാരികൾ വിവിധ സന്ദർഭങ്ങളിൽ കൊടുത്ത കിറ്റിന്റെ നഷ്ടപരിഹാരത്തുക ഇതുവരെ കൊടുത്തുതീർത്തിട്ടില്ല. റേഷൻ വിതരണം കാര്യക്ഷമമാക്കുന്നതിന് സർക്കാർ ഫലപ്രദമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, മുൻഗണനാ കാർഡുടമകൾക്ക് അർഹതപ്പെട്ട ഭക്ഷ്യധാന്യം ലഭ്യമാക്കാൻ കഴിഞ്ഞില്ലെങ്കിൽ കാർഡുടമയ്ക്ക് ഫുഡ് സെക്യൂരിറ്റി അലവൻസ് നൽകണമെന്ന് ദേശീയ ഭക്ഷ്യഭദ്രത നിയമം 2013 അനുച്ഛേദം (8)-ൽ വ്യവസ്ഥ ചെയ്യുന്നു. എന്നാൽ സംസ്ഥാനത്ത് റേഷൻ മുടങ്ങുന്നതോ നിഷേധിക്കുന്നതോ ആയ സാഹചര്യം നാളിതുവരെ ഉണ്ടായിട്ടില്ല.

റേഷൻകടകളിൽ സ്ഥാപിച്ചിട്ടുള്ള ഇ-പോസ് മെഷീൻ മുഖാന്തരം വിരലടയാളം പതിപ്പിച്ച് ഗുണഭോക്താവിനെ തിരിച്ചറിഞ്ഞ് റേഷൻ വിഹിതം അനുവദിക്കുന്ന സാങ്കേതിക സംവിധാനത്തിൽ സാന്ദർഭികമായി പിഴവുകൾ സംഭവിക്കാറുണ്ട്. പ്രസ്തുത പ്രശ്നങ്ങൾ അനുബന്ധ ഏജൻസികളുമായി ബന്ധപ്പെട്ട് വളരെ കുറഞ്ഞ സമയത്തിനുള്ളിൽ പരിഹരിച്ച് റേഷൻ വിതരണം സുഗമമായി മുന്നോട്ടു കൊണ്ടുപോകുന്നുണ്ട്. സെർവറിൽ സൂക്ഷിച്ചിരിക്കുന്ന വിവരശേഖരത്തിന്റെ ബാഹുല്യംമൂലം ഈ പ്രക്രിയയിൽ മുമ്പ് പ്രയാസം നേരിട്ടിരുന്നു; നിലവിൽ അത് പരിഹരിച്ചിട്ടുണ്ട്. ജൂൺ മാസത്തിലുണ്ടായ തകരാർ ആധാർ ഓതന്റിക്കേഷന്റെ വേഗതക്കുറവുമായി ബന്ധപ്പെട്ടതായിരുന്നു. ജൂൺ മാസത്തിൽ സാമൂഹിക സുരക്ഷാ പെൻഷൻ മസ്റ്ററിംഗ്, ആധാർ-പാൻ കാർഡ് ലിങ്കിംഗ് എന്നിവയ്ക്കുള്ള അവസാനത്തെ അവസരം എന്ന നിലയ്ക്കും വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനവുമായി ബന്ധപ്പെട്ട ഇ-ഡിസ്ട്രിക്ട്, ഇ-ഗ്രാന്റ്സ് എന്നിവയുമായി ബന്ധപ്പെട്ടും ഏറ്റവും തിരക്കേറിയ സമയമായിരുന്നു. സമയബന്ധിതമായി പൂർത്തിയാക്കേണ്ട ഇത്തരം സേവനങ്ങൾക്കായി അക്ഷയ കേന്ദ്രങ്ങൾ,

കോമൺ സർവ്വീസ് സെന്ററുകൾ, മറ്റ് ഇ-സേനവ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ വലിയ തിരക്ക് അനുഭവപ്പെട്ടിരുന്നു. ആധാർ ഓതന്റിക്കേഷൻ പ്രക്രിയയുടെ വേഗതക്കുറവിനുള്ള കാരണം ഇതായിരുന്നു. ഈ സാഹചര്യത്തിലാണ് സാധാരണയിൽ കൂടുതലായി ഒ.ടി.പി. സംവിധാനത്തിലൂടെ റേഷൻ വിതരണം നടത്തേണ്ടതായിവന്നത്. എന്നാൽ ഈ സാങ്കേതിക പ്രശ്നങ്ങൾമൂലം ഒരാൾക്കും റേഷൻ നിഷേധിക്കുന്ന സാഹചര്യമുണ്ടായിട്ടില്ല. അത്തരം സന്ദർഭങ്ങളിൽ മുമ്പും ഇപ്പോഴും തൊട്ടടുത്ത മാസത്തിന്റെ ആദ്യദിനങ്ങളിൽ മുൻമാസത്തെ റേഷൻ വാങ്ങാൻ കഴിയുന്നതരത്തിൽ ക്രമീകരണം നടത്തിയിട്ടുണ്ട്. 2023 ഏപ്രിൽ, മേയ്, ജൂൺ, ജൂലൈ മാസങ്ങളിൽ എ.എ.വൈ. വിഭാഗത്തിലെ 97 ശതമാനംപേരും പി.എച്ച്.എച്ച്. വിഭാഗത്തിൽ 94 ശതമാനംപേരും റേഷൻ കൈപ്പറ്റിയിട്ടുള്ളതായി കണക്കുകൾ സൂചിപ്പിക്കുന്നു. സംസ്ഥാനത്ത് ആർക്കും റേഷൻ നിഷേധിക്കപ്പെടാത്തതിനാൽ കാർഡുടമകൾക്ക് ഭക്ഷ്യഭദ്രത അലവൻസ് അനുവദിക്കേണ്ട സാഹചര്യം നിലവിലില്ലെന്ന് സഭയെ അറിയിക്കുന്നു.

**[12.51 PM]**

## V. സമയം ദീർഘിപ്പിക്കുന്നതിനുള്ള പ്രമേയം

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉൽപാദനവും വിൽപ്പനയും നിയന്ത്രിക്കൽ) ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റിയുടെ ചെയർപേഴ്സണായ ഞാൻ സെലക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയപരിധി 2023 ആഗസ്റ്റ് 10 വരെ ദീർഘിപ്പിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

## VI. റിപ്പോർട്ടുകളുടെ സമർപ്പണം

(1) 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ) ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റി റിപ്പോർട്ട്

മൃഗസംരക്ഷണ - ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉൽപ്പാദനവും വിൽപനയും നിയന്ത്രിക്കൽ) ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റി റിപ്പോർട്ട് സമിതി ചെയർപേഴ്സണായ ഞാൻ സമർപ്പിക്കുന്നു.

(2) 2023-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

കൃഷി വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, 2023-ലെ കേരള ക്ഷീര കർഷക ക്ഷേമനിധി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

(3) 2022-ലെ ശ്രീ പണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ഭേദഗതി ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ

ചെയർമാനായ ഞാൻ 2022-ലെ ശ്രീ പണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ഭേദഗതി ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

(4) 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ ചെയർമാനായ ഞാൻ സമിതിയുടെ 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും സമർപ്പിക്കുന്നു.

(5) 2022-ലെ കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

വൈദ്യുതി വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, 2022-ലെ കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

(6) 2023-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ, 2023-ലെ കേരള അബ്കാരി (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ അദ്ധ്യക്ഷനായ ഞാൻ 2023-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ, 2023-ലെ കേരള അബ്കാരി (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

(7) സബ്ജക്ട് കമ്മിറ്റി XII-ന്റെ 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്, 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്,

2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ അദ്ധ്യക്ഷയായ ഞാൻ സമിതിയുടെ 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും ഞാൻ സമർപ്പിക്കുന്നു.

(8) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ മുപ്പത്തിരണ്ട് മുതൽ നാൽപത് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. സണ്ണി ജോസഫ്: സർ, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ മുപ്പത്തിരണ്ട് മുതൽ നാൽപത് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

(9) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ മുപ്പത്തിയാറ് മുതൽ നാൽപ്പത്തിനാല് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ മുപ്പത്തിയാറ് മുതൽ നാൽപ്പത്തിനാല് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

(10) സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ പതിനെട്ട് മുതൽ ഇരുപത്തി രണ്ട് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. എം. എം. മണി: സർ, സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പതിനെട്ട് മുതൽ ഇരുപത്തി രണ്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

(11) പിന്നോക്ക സമുദായ ക്ഷേമം സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട്

ശ്രീ. പി. എസ്. സുപാൽ: സർ, പിന്നോക്ക സമുദായ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

**[12.57 PM]**

**VII. ധനകാര്യം**

2023-2024 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2023-2024 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

**VIII. നിയമനിർമ്മാണകാര്യം**

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും:

(i) 2023-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, 2023-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, 2023-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഇതിൽ വളരെ ചെറിയൊരു ഭേദഗതിയാണുള്ളത്. നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിൽ തരംമാറ്റാനുള്ള അധികാരം നേരത്തെ നിശ്ചയിച്ചിരുന്നത് റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കാണ്. അതിൽ അവരുടെ അധികാരങ്ങളും ചുമതലകളും പ്രതിപാദിച്ചിരുന്നെങ്കിലും 'റവന്യൂ

ഡിവിഷണൽ ഓഫീസർ' എന്നതിന് നിർവ്വചനം നൽകിയിരുന്നില്ല. ഓഫ്‌ലൈനായി ലഭിച്ച 226901 അപേക്ഷകളിൽ 222791 അപേക്ഷകളും തീർപ്പാക്കിയിട്ടുണ്ട്. ഇനി 4110 അപേക്ഷകളാണ് തീർപ്പാക്കാൻ ബാക്കിയുള്ളത്. ഓൺലൈനായപ്പോൾ എല്ലാ ദിവസവും ഇതുസംബന്ധിച്ച് പരാതി ലഭിക്കുന്നുണ്ട്. ഇത്തരത്തിൽ ലഭിച്ച 298469 അപേക്ഷകളിൽ 75214 അപേക്ഷകൾ ഒഴികെ 225555 അപേക്ഷകൾ ഇപ്പോഴും സർക്കാരിന്റെ പരിഗണനയിലാണ്. ആർ.ഡി.ഒ.-മാർക്ക് മാത്രമായി അധികാരം നൽകുമ്പോൾ ഏകദേശം 27 പേർക്ക് മാത്രമാണ് ഇത്രയേറെ ഫയലുകൾ കൈകാര്യം ചെയ്യേണ്ടിവരുന്നത്. ഈ സാഹചര്യത്തിൽ പ്രത്യേകമായി സർക്കാർ ചുമതലപ്പെടുത്തുന്നപക്ഷം ആർ.ഡി.ഒ. എന്ന പദവിയിൽ ഡെപ്യൂട്ടി കളക്ടറിൽ താഴെയല്ലാത്ത കൂടുതൽ ഉദ്യോഗസ്ഥരെ നിയമിക്കാനും അവർക്ക് താലൂക്കുതല ചുമതലകൾ നൽകി ശാക്തീകരിക്കുന്നതിലൂടെ കെട്ടിക്കിടക്കുന്ന അപേക്ഷകളിൽ പൂർണ്ണമായും തീരുമാനമെടുക്കാനും കഴിയുന്നവിധത്തിലുള്ള ഒരു ഭേദഗതിയാണ് ഉദ്ദേശിക്കുന്നത്. ഇത്രയും കാര്യങ്ങളാണ് ഈ ഭേഗതിയിലൂടെ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക്

അയയ്ക്കുന്നതിനായി സഭ മുമ്പാകെ അവതരിപ്പിക്കുന്നത്. മറ്റ് കാര്യങ്ങൾ ബില്ലുമായി ബന്ധപ്പെട്ട ചർച്ചയിൽ രേഖപ്പെടുത്തുന്നതാണ്.

മി. സ്പീക്കർ: സാധാരണഗതിയിൽ ബില്ലിന്മേലുള്ള ചർച്ചയ്ക്ക് സമയ നിയന്ത്രണം ഉണ്ടാകാറില്ല. പക്ഷെ ഇന്ന് സഭ മുമ്പാകെ ആറ് ബില്ലുകളാണ് പരിഗണനയ്ക്കുള്ളത്. സവിശേഷമായ സാഹചര്യത്തിൽ സഭ ഇന്ന് പിരിഞ്ഞ് സെപ്റ്റംബർ 11-നാണ് വീണ്ടും ചേരുന്നത്. ചെയറിനുവേണ്ടി അംഗങ്ങൾ സ്വയം നിയന്ത്രിച്ച് സംസാരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, 2023-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 29-11-2023 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ജനങ്ങൾക്ക് ഭൂമി തരംമാറ്റുന്നതിനുള്ള കാലതാമസം ഒഴിവാക്കി കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കാനുള്ള ചെറിയ ഭേദഗതിയാണ് ഈ ബില്ലിലൂടെ കൊണ്ടുവരുന്നതെന്ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി പറയുകയുണ്ടായി. 2018-19 മുതൽ 2023 വരെ റവന്യൂ വകുപ്പിന് 1150 കോടിരൂപ ലഭിച്ചെന്ന്

പറയുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം ഐ. സി. ബാലകൃഷ്ണന് നിയമസഭയിൽ നൽകിയ മറുപടിയിൽ അത് 986 കോടി രൂപയായിരുന്നു. അതിനുശേഷമുള്ള കാലയളവിൽ ലഭിച്ച 1156 കോടി രൂപ എന്താവശ്യങ്ങൾക്കാണ് ഉപയോഗിച്ചതെന്ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി വ്യക്തമാക്കണം. എന്താണ് ഇതിന്റെ ഉദ്ദേശ്യം, ഫണ്ട് എങ്ങനെയാണ് ചെലവഴിക്കേണ്ടത്?

നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നെൽവയലുകൾ സംരക്ഷിക്കുന്നതിനും സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടിയോ അല്ലെങ്കിൽ സർക്കാർ നിർദ്ദേശിക്കുന്ന വിധത്തിലോ ആക്ടിന്റെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനുള്ള ചെലവുകൾ; നെൽവയലുകൾ പൂർവ്വസ്ഥിതിയിലാക്കാൻ വേണ്ടിവരുന്ന ചെലവുകൾ; നെൽവയലുകൾ സംരക്ഷിക്കുന്നതിനായി രൂപീകരിക്കുന്ന ജില്ലാ-താലൂക്കുതല സ്ക്വാഡുകളുടെ പ്രവർത്തനത്തിനാവശ്യമായ വാഹനങ്ങൾ ഏർപ്പെടുത്തുന്നതുൾപ്പടെയുള്ള മറ്റെല്ലാവിധ ചെലവുകളും; ആക്ട് നടപ്പാക്കുന്നതിന്റെ ഭാഗമായി ഉപഗ്രഹ ചിത്രങ്ങൾ ശേഖരിക്കുന്നതിന് വേണ്ടിവരുന്ന ചെലവുകൾ; കൃഷി ഭൂമിയുടെ സംരക്ഷണത്തിനുള്ള സുപ്രധാന നടപടിയായ ലൈഫ് മിഷൻ ഭവന സമുച്ചയ

പദ്ധതിയിലെ ഓരോ യൂണിറ്റിന്റെയും നിർമ്മാണച്ചെലവിന്റെ മൂന്നിൽ രണ്ടുഭാഗം വരെയുള്ള ചെലവുകൾ; മേൽ സൂചിപ്പിച്ചതിൽ ഏതെങ്കിലും കാര്യത്തിന് തുക ചെലവായിട്ടുണ്ടോ? ഡോ. എ. ജയതിലക് പുറപ്പെടുവിച്ച ഉത്തരവിൽ ആറ് മാസത്തേയ്ക്ക് താൽക്കാലികമായി കുറെയാളുകളെ നിയമിക്കുന്നതിനായി 10 കോടിരൂപ മാത്രമല്ലേ ചെലവായിട്ടുള്ളൂ. എന്താണ് ധനകാര്യ വകുപ്പ് ചെയ്തത്? ഞാൻ പറയുന്നതല്ല, സഭയിൽ നൽകിയ മറുപടിയിൽ പറയുന്ന 1150 കോടിരൂപ റവന്യൂ വകുപ്പിന് ലഭിച്ചോ? ധനകാര്യ വകുപ്പ് റവന്യൂ വകുപ്പിനെ നോക്കുകുത്തിയാക്കുകയല്ലേ; എത്രയധികം പണമാണ് റവന്യൂ വകുപ്പ് സർക്കാരിന് വരുമാനമായി നൽകുന്നത്? ജനങ്ങൾ നിരന്തരമായി ബന്ധപ്പെടുന്ന കേരളത്തിലെ വില്ലേജ് ഓഫീസുകൾ, റവന്യൂ ഓഫീസുകൾ എന്നിവ സ്മാർട്ട് ഓഫീസുകളാക്കുന്നതിനുവേണ്ടി എന്തെങ്കിലും ഫണ്ട് ധനകാര്യ വകുപ്പ് നൽകിയിട്ടുണ്ടോ?

സി.പി.ഐ.(എം.)-ന്റെ കൈവശമുള്ള ധനകാര്യ വകുപ്പ്, സി.പി.ഐ. ഭരിക്കുന്ന വകുപ്പുകളെയെല്ലാം ക്രൂച്ചവിലങ്ങിടുകയല്ലേ; റവന്യൂ വകുപ്പുമന്ത്രിക്ക് എന്തെങ്കിലും ചെയ്യാൻ കഴിയുന്നുണ്ടോ? അതിനെക്കുറിച്ച്

ആലോചിച്ചുനോക്കൂ, ഭക്ഷ്യ-പൊതുവിതരണ വകുപ്പ് ആരുടെ കൈവശമാണുള്ളത്? ജനങ്ങളുമായി നിരന്തരം ബന്ധപ്പെടുന്ന ഭക്ഷ്യ-പൊതുവിതരണ വകുപ്പ്, ജനങ്ങളും കർഷകരുമായും ബന്ധപ്പെടുന്ന കൃഷി വകുപ്പ്, മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ്, സാധാരണക്കാർ നിരന്തരമായി ബന്ധപ്പെടുന്ന റവന്യൂ വകുപ്പ് എന്നിവയ്ക്ക് ധനകാര്യ വകുപ്പ് പണം നൽകുന്നുണ്ടോ? ഉദാഹരണത്തിന്, ഉമ്മൻ ചാണ്ടി സർക്കാർ അധികാരം വിട്ടുപോയ അവസരത്തിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന് 375 കോടി രൂപയുടെ ബാധ്യതയാണുണ്ടായിരുന്നത്. ഇപ്പോൾ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന് 4000 കോടി രൂപയുടെ ബാധ്യതയാണുള്ളത്. 3600 കോടി രൂപയാണ് ബാധ്യതയെന്ന് നിങ്ങൾ പറയുന്നുണ്ട്. എവിടെയാണ് പണം കൊടുത്തത്? കടാശ്വാസ കമ്മീഷൻ ആവശ്യപ്പെട്ട പ്രകാരം 176 കോടി രൂപ നിങ്ങൾ കമ്മീഷന് നൽകാനുണ്ട്. സഹകരണ ബാങ്കുകൾക്ക് നൽകാനുള്ള പണം ഒന്നര വർഷമായി ധനകാര്യ വകുപ്പിന്റെ കൈവശമാണ്. ഇതൊക്കെ ധനകാര്യ വകുപ്പ് എവിടെയാണ് കൊടുത്തത്? ഈ മന്ത്രിസഭയിൽ ഏറ്റവും ചുറുചുറുക്കുള്ളതും ആവേശമുള്ളതും കാര്യങ്ങൾ

ചെയ്യാൻ താൽപ്പര്യമുള്ളതുമായ റവന്യൂ വകുപ്പുമന്ത്രിയെയാണ് നിങ്ങൾ പിടിച്ചുകെട്ടിയിരിക്കുന്നത്. ഈ സന്ദർഭത്തിൽ നിങ്ങൾ നെല്ല് സംരംഭകരുടെയും കർഷകരുടെയും സ്ഥിതിയെക്കുറിച്ചാണ് ആലോചിക്കേണ്ടത്. ദേശാഭിമാനി പത്രത്തിൽ ഒരു വാർത്ത വന്നിട്ടുണ്ട്, 'കർഷകസംഘം നെല്ല് സംഭരണ തുക ലഭിക്കാത്തതിന്റെ പേരിൽ സെക്രട്ടേറിയറ്റിൽ ഉപവാസം സംഘടിപ്പിക്കുന്നു'. കർഷകസംഘം ആരുടെ പാർട്ടിയാണ്? അവർക്ക് നൽകാനുള്ള തുക ധനകാര്യ വകുപ്പിൽനിന്നും കൊടുത്താൽ പോരേ? സി.പി.ഐ.-ക്കാരെ പഴയ പകപോക്കുന്നതിനായി ബുദ്ധിമുട്ടിലാക്കുകയാണോ? പണം കൊടുത്തുവെന്ന് നിങ്ങൾ വെറുതെ പറയേണ്ട, യാഥാർത്ഥ്യം ബോധ്യപ്പെടണം. കാര്യങ്ങൾ പറയുമ്പോൾ വെറുതെ ബഹളമുണ്ടാക്കിയിട്ട് കാര്യമില്ല. നിങ്ങൾ എവിടെയാണ് പണം കൊടുത്തത്, ക്ഷീരകർഷകർക്ക് പണം നൽകിയോ? 25000 കോടിരൂപ നൽകേണ്ട സ്ഥാനത്ത് ആകെ 3 കോടിരൂപയാണ് നൽകിയത്. ഇതും സി.പി.ഐ.-യുടെ വകുപ്പാണ്. നെല്ല് സംഭരണത്തിന് 400 കോടി രൂപയാണ് നൽകേണ്ടത്. 'കർഷകർക്ക് പണം ലഭിച്ചില്ല - നാളെ കർഷക

സംഘം മാർച്ചും ധർണ്ണയും തിരുവനന്തപുരത്ത്,' 'നെല്ല് വില കാത്ത് കുഴഞ്ഞ് കർഷകർ'. ഇതെല്ലാം പത്രങ്ങളിൽ വന്ന വാർത്തകളാണ്. സംസ്ഥാന സർക്കാരിന്റെ കുടിശ്ശിക 1100 കോടി രൂപയും കേന്ദ്രത്തിൽനിന്നും ലഭിക്കാനുള്ളത് 500 കോടി രൂപയുമാണ്. സംഭരണ തുകയിൽ സംസ്ഥാനത്തിന്റെ വിഹിതം കുറയ്ക്കുകയും കേന്ദ്രത്തിന്റെ വിഹിതം വർദ്ധിപ്പിക്കുകയും ചെയ്തു. 250372 കർഷകർ പണം ലഭിക്കാൻ കാത്തിരിക്കുകയാണ്. റവന്യൂ വകുപ്പിൽനിന്നും നല്ല വരുമാനം ലഭിച്ചിട്ടും അതിന്റെ നോംസിൽ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കാൻ സർക്കാരിന് സാധിക്കാത്തത് എന്തുകൊണ്ടാണ്?

മലപ്പുറം ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിൽ 86 കോടി രൂപയുണ്ടായിരുന്നു. ആ തുക ധനകാര്യ വകുപ്പ് പിൻവലിച്ചില്ലേ? ഇപ്പോൾ നിയമസഭയിൽ നൽകിയ മറുപടിയിൽ മലപ്പുറം ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിൽ ബാക്കിയുള്ളത് 2.73 കോടി രൂപയാണെന്ന് പറഞ്ഞില്ലേ; അതുകൂടി പിൻവലിച്ചോളൂ. പ്രസ്തുത ഫണ്ടിൽനിന്നും 54 ലക്ഷംരൂപ വകമാറ്റി നൽകിയത് പത്തനംതിട്ട ജില്ലയ്ക്കാണെന്ന് സഭയിൽ

നൽകിയ മറുപടിയിൽ പറഞ്ഞിട്ടുണ്ട്. 2015-16-ൽ എന്റെ നിയോജകമണ്ഡലത്തിൽ ഒരു പാലത്തിന്റെ നിർമ്മാണത്തിനായി റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്നും തുക അനുവദിക്കുകയും ടെൻഡർ കഴിഞ്ഞതിനുശേഷം തുക നൽകാത്തതിനാൽ വർക്ക് നടത്തുവാനാകാതെ ക്ലോസ് ചെയ്യുകയുമാണുണ്ടായത്. പണം ലഭിക്കാത്തതിനാലാണ് ആ വർക്ക് നടക്കാതെ പോയത്. ശ്രീ. ഇ. ചന്ദ്രശേഖരൻ റവന്യൂ വകുപ്പുമന്ത്രിയായിരുന്ന 5 വർഷക്കാലം ഈ വിഷയവുമായി ബന്ധപ്പെട്ട് ഞാൻ നിരവധി തവണ ഓഫീസുകളിൽ കയറിയിറങ്ങിയിട്ടുണ്ട്.

ശ്രീമതി സി. കെ. ആശ: സർ, കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് കോട്ടയം ജില്ലയുടെ റിവർ മാനേജ്മെന്റ് ഫണ്ട് വകമാറ്റി പത്തനംതിട്ട ജില്ലയ്ക്ക് നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. കെ. ബഷീർ: സർ, മലപ്പുറം ജില്ലയുടെ റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉണ്ടായിരുന്ന 86 കോടി രൂപയാണ് എടുത്തത്. കോട്ടയം ജില്ലയിലെ ഫണ്ടിൽനിന്നും 50 ലക്ഷം രൂപയല്ലേ എടുത്തുള്ളൂ? ബാക്കി 44 ലക്ഷം രൂപയല്ലേയുള്ളൂ. പത്തനംതിട്ട ജില്ലാ കളക്ടർ നൽകിയ റിപ്പോർട്ടിന്റെ

അടിസ്ഥാനത്തിൽ 2016 മുതൽ 2021 വരെയുള്ള നിങ്ങളുടെ സർക്കാരിന്റെ കാലത്ത് വകമാറ്റി നൽകിയില്ലേ? അതിനുവേണ്ടി ധനകാര്യ വകുപ്പ് ഫണ്ട് മാറ്റുകയെന്ന പുതിയ പരിപാടിയായി റവന്യൂ വകുപ്പിൽനിന്നും ഫണ്ട് പിൻവലിച്ചു. റവന്യൂ വകുപ്പുമന്ത്രിക്ക് എന്തെങ്കിലും അധികാരം ലഭിച്ചോ?

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഫണ്ട് വക മാറ്റിയതിനെക്കുറിച്ച് അങ്ങ് സൂചിപ്പിക്കുകയുണ്ടായി. വക മാറ്റണമെങ്കിൽ ഫണ്ട് വരണം. ഇവിടെ മണൽവാരൽ നിരോധിച്ചിട്ട്/നിർത്തിവച്ചിട്ട് വർഷങ്ങളായി. പ്രളയമുണ്ടായപ്പോൾ ഏറ്റവും വലിയ പ്രശ്നമായി ചൂണ്ടിക്കാണിച്ചത് നമ്മുടെ നദികളിലെ മണൽ വാരി മാറ്റുന്നില്ലെന്നുള്ളതാണ്. നിയമാനുസൃതമായി മണൽ വാരാം, അനധികൃതമായ മണൽവാരൽ നിരോധിക്കട്ടെ. നിയമാനുസൃതം മണൽ വാരി മാറ്റുന്നതിനുള്ള നടപടിയുണ്ടായാൽ മാത്രമെ റിവർ മാനേജ്മെന്റ് ഫണ്ടിൽ പണം വരികയുള്ളൂ. ഈ ഫണ്ടിന്റെ കാര്യത്തിൽ സർക്കാരിന് ഒന്നുംചെയ്യാൻ സാധിക്കുന്നില്ലെന്ന പ്രധാനപ്പെട്ട വിഷയം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി കൊണ്ടുവരുന്ന ഭേദഗതി പരാതി പരിഹരിക്കാൻ

സഹായകരമാകുമെന്ന കാര്യത്തിൽ സംശയമില്ല. ധാരാളം പരാതികളുള്ളതിനാൽ ആർ.ഡി.ഒ. മാത്രം പരിശോധന നടത്തിയിട്ട് പരിഹരിക്കപ്പെടുന്നില്ല, മറ്റ് സംവിധാനങ്ങൾകൂടി ഇതിൽ ഉൾപ്പെടുത്തുന്നത് നല്ലതാണ്.

മി. സ്പീക്കർ: പ്ലീസ്...എല്ലാ കക്ഷിനേതാക്കളും ചേർന്നുണ്ടാക്കിയ അണ്ടർസ്റ്റാന്റിംഗാണ്.

ശ്രീ. മോൻസ് ജോസഫ്: സർ, സർക്കാർ ആവശ്യത്തിനായി പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും പണം നൽകി വാങ്ങിയ ഭൂമി വിനിയോഗിക്കാൻ സാധിക്കുന്നില്ല. ഭൂമി തരംതിരിവിന്റെ കാര്യത്തിൽ സർക്കാർ ഒന്നും ചെയ്യുന്നില്ല. സ്റ്റേറ്റ് ലെവൽ കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടെന്ന് രാവിലെ റവന്യൂ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ പറയുകയുണ്ടായി. എന്നാൽ ഈ കമ്മിറ്റി സർക്കാർ ആവശ്യങ്ങൾക്കുള്ള ഭൂമി മുഴുവൻ റിജക്ട് ചെയ്യുകയാണ്. ഇത് പരിഹരിക്കപ്പെടാതെ സർക്കാരുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ നമുക്ക് എന്തെങ്കിലും ചെയ്യാൻ കഴിയുമോ, അതിൽ മാറ്റം വരുത്തേണ്ടതല്ലേ?

ശ്രീ. പി. കെ. ബഷീർ: സർ, റിവർ മാനേജ്മെന്റ് ഫണ്ട് (RMF)-ന്റെ ആക്ടും റൂളും പരിഷ്ക്കരിക്കണം. അതിൽ ധാരാളം നൂലാമാലകളുണ്ട്, മന്ത്രിതലത്തിൽ വിചാരിച്ചാലും കാര്യങ്ങൾ നടക്കാത്ത വിധത്തിലുള്ള നിയമങ്ങളും ചട്ടങ്ങളും അതിലുണ്ട്. റിവർ മാനേജ്മെന്റ് ഫണ്ടുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥതലത്തിൽ എടുക്കുന്ന തീരുമാനങ്ങൾ കൂടാതെ റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി അടങ്ങുന്ന ഒരു സ്റ്റേറ്റ് ലെവൽ കമ്മിറ്റി തീരുമാനങ്ങളെടുക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് ഇന്ന് കാര്യങ്ങൾ നടക്കുന്നത്. അത്തരമൊരു സംവിധാനം നേരത്തെയില്ലായിരുന്നു, മുമ്പ് ആർ.എം.എഫ്.-ന് ഒരു കമ്മിറ്റിയുണ്ടായിരുന്നു. ജില്ലാ പഞ്ചായത്ത് മെമ്പർമാരും പ്ലാനിംഗ് ബോർഡ് മെമ്പറും ജില്ലാകളക്ടറും പഞ്ചായത്ത് പ്രസിഡന്റും ഉൾപ്പെട്ട ഒരു കമ്മിറ്റിയായിരുന്നു അത്. ഈ കമ്മിറ്റി പരിശോധിച്ചശേഷമാണ് മണൽ വാരലിന് കടവുകളെ ശിപാർശ ചെയ്തിരുന്നത്. അങ്ങനെ വരുന്ന ഫണ്ടുകളിൽനിന്നും പഞ്ചായത്തിന്റെ വിഹിതം റവന്യൂ വകുപ്പിൽ അടയ്ക്കേണ്ടിയിരുന്നു. ഇപ്പോൾ ഏതെങ്കിലും കടവിനെ അംഗീകൃത കടവായി ശിപാർശ ചെയ്തിട്ടുണ്ടോ? മണൽ മുഴുവനും

വാരണമെന്നല്ല പറയുന്നത്, മണൽ വാരുന്നതിന് നിരവധി നൂലാമാലകളുണ്ടാക്കി. ഒരു കാര്യത്തിലെങ്കിലും പ്രായോഗിക സമീപനമുണ്ടോ? ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന, കെ. എം. മാണിസാറും ഉമ്മൻ ചാണ്ടി സാറും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബും മന്ത്രിസഭയിൽ അംഗങ്ങളായിരുന്ന കാലത്തെ കമ്മിറ്റി പ്രായോഗിക സമീപനത്തോടെയാണ് പ്രവർത്തിച്ചിരുന്നത്. ഞാൻ അന്ന് റിവർ മാനേജ്മെന്റ് കമ്മിറ്റിയിലെ ജില്ലാ പഞ്ചായത്ത് മെമ്പറായിരുന്നു. ആ കാലങ്ങളിൽ ആ കമ്മിറ്റിയുടെ പ്രവർത്തനം നല്ല രീതിയിൽ നടന്നിരുന്നു. ഈ ഗവൺമെന്റിന്റെ കാലത്ത് യാതൊരു പ്രവർത്തനവും നടന്നിട്ടില്ല. നിങ്ങളെ പറഞ്ഞിട്ട് കാര്യമില്ല; നിങ്ങളുടെ വിഷമം എനിക്കറിയാം; കയ്യിൽ കാശില്ലെങ്കിൽ എന്തുചെയ്യാൻ സാധിക്കും? രണ്ടുരൂപയെങ്കിലും പോക്കറ്റിലുണ്ടെങ്കിലല്ലേ എന്തെങ്കിലും ചെയ്യാൻ സാധിക്കുകയുള്ളൂ. നിങ്ങളുടെ വകുപ്പിൽ എന്തെങ്കിലും ചെയ്യാനുണ്ടോ? റവന്യൂ വകുപ്പുമന്ത്രിക്ക് flood-ന്റെ ഓർഡർ പുറപ്പെടുവിക്കാനല്ലാതെ മറ്റെന്താണ് ചെയ്യാൻ

കഴിയുന്നത്? അവനവന്റെ പോക്കറ്റിൽ രണ്ടുരൂപയെങ്കിലുമുണ്ടെങ്കിലേ പത്രാസിൽ നടക്കാൻ സാധിക്കുകയുള്ളൂ. ഇല്ലെങ്കിൽ അതിന് കഴിയില്ല.

മി. സ്പീക്കർ: അങ്ങ് ചെയറിനെ നോക്കി സംസാരിക്കണം.

ശ്രീ. പി. കെ. ബഷീർ: സർ, മനുഷ്യർ നേർക്കുനേരെ നോക്കിയല്ലേ സംസാരിക്കുന്നത്, ആ സമയം ചെയറിനെ നോക്കാൻ സാധിക്കില്ല. വീട്ടിലിരുന്ന് മക്കളോട് സംസാരിക്കുമ്പോൾ താഴോട്ടുനോക്കി സംസാരിക്കാൻ സാധിക്കുമോ; ഇന്നത്തെ കാലത്ത് മക്കൾ സംസാരിക്കുമോ; ഭക്ഷണം കഴിക്കുമ്പോൾപോലും (മൊബൈൽ ഫോൺ കൈയ്യിലിരിക്കുന്നതിനാൽ) അവരോട് എന്തെങ്കിലും ചോദിച്ചാൽ ഉം...ഉം... എന്ന് മൂളുന്നതല്ലാതെ മുഖത്ത് നോക്കില്ല. എനിക്ക് അങ്ങനെ സംസാരിക്കാൻ അറിയില്ല. ഉള്ള കാര്യങ്ങൾ തുറന്നുപറയാൻ മാത്രമെ സാധിക്കുകയുള്ളൂ. ഇവിടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന നിയമം ജനങ്ങൾക്കും സമൂഹത്തിനും ഉപകാരപ്രദമായിരിക്കണമെന്നാണ് റവന്യൂ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. ധനകാര്യ വകുപ്പ് അതത് വകുപ്പിന്റെ പണം നൽകണം. നെല്ല് സംഭരണത്തിനായി ഒരു രൂപപോലും നൽകിയിട്ടില്ല.

ഇതിലൊരു മിസ്മാനേജ്മെന്റില്ലേ എന്ന് നിങ്ങൾ ആലോചിക്കണം. പി. കെ. വാസുദേവൻ നായർ കേരള മുഖ്യമന്ത്രിയായും പി. എസ്. ശ്രീനിവാസൻ റവന്യൂ വകുപ്പുമന്ത്രിയുമായിരുന്ന കാലഘട്ടം റവന്യൂ വകുപ്പിന്റെ പ്രതാപകാലമായിരുന്നു. നിലവിലെ റവന്യൂ വകുപ്പുമന്ത്രിയായ ശ്രീ. കെ. രാജൻ ധാരാളം നല്ല കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് കക്ഷി രാഷ്ട്രീയത്തിനതീതമായി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. റവന്യൂ വകുപ്പിലെ നിരവധി നൂലാമാലകൾ ഒഴിവാക്കുകയും റവന്യൂ അസംബ്ലിയും പട്ടയ അസംബ്ലിയും അദ്ദേഹം നല്ലരീതിയിൽ കൊണ്ടുപോകുകയും ചെയ്യുന്നുണ്ട്. അതിലൊന്നും ഞാൻ കുറ്റം പറയുന്നില്ല. നല്ലത് നല്ലതെന്നുതന്നെ പറയും. അതേസമയം ചെയ്യുന്ന തെറ്റുകൾ ചൂണ്ടിക്കാണിക്കാതിരിക്കാൻ കഴിയുമോ?

ഒരാൾ അനധികൃതമായി നെൽവയൽ നികത്തിയാൽ വില്ലേജ് ഓഫീസറോ റവന്യൂ ഡിവിഷണൽ ഓഫീസറോ അത് പൂർവ്വസ്ഥിതിയിലാക്കുന്നതിന് ആവശ്യമായ ഫണ്ട് കൊടുക്കണമെന്നാണ് പറയുന്നത്. ഇതുപ്രകാരം എവിടെയൊക്കെയാണ് തുക നൽകിയത്. റവന്യൂ

വകുപ്പുമന്ത്രി അറിയാതെ റവന്യൂ സെക്രട്ടറി മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്നും നിലംനികത്തുന്നതിന് നേരിട്ട് ഓർഡർ നൽകുകയാണ്. തിരുവനന്തപുരം ആക്കുളത്തെ ആറ്റിപ്ര വില്ലേജിൽ തണ്ണീർത്തടം നികത്തിയതുമായി ബന്ധപ്പെട്ട നിലം പൂർവ്വസ്ഥിതിയിലാക്കാൻ ഉന്നത ഉദ്യോഗസ്ഥരുടെ നിർദ്ദേശത്തെത്തുടർന്ന് വില്ലേജ് ഓഫീസർ സ്റ്റോപ് മെമ്മോ നൽകിയെങ്കിലും അതൊന്നും കണക്കിലെടുക്കാതെ നിർബാധം നികത്തൽ തുടരുകയാണുണ്ടായത്. വില്ലേജ് ഓഫീസർ തുമ്പ പോലീസ് സ്റ്റേഷനിൽ ഐ.പി.സി. 188 പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്തതല്ലാതെ ലാൻഡ് പൂർവ്വസ്ഥിതിയിലാക്കാൻ ഇതുവരെയും മറ്റ് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. കേസ് ചാർജ്ജ് ചെയ്താലോ, ഒന്നുകിൽ ആറ് മാസം തടവ് അല്ലെങ്കിൽ ആയിരം രൂപ പിഴ അതുമല്ലെങ്കിൽ ഇവരണ്ടും ഒരുമിച്ച് അനുഭവിക്കണം. ഐ.പി.സി. 188 പ്രകാരം ഇതിനുള്ള ശിക്ഷ അത്രയേയുള്ളൂ. ആലുവയിലെ ചൂർണ്ണിക്കരയിൽ വ്യാജരേഖ ചമച്ച് നെൽവയൽ നികത്തിയതിന് ഒരു ഉദ്യോഗസ്ഥൻ പിടിക്കപ്പെട്ടു. ക്ലാർക്കായ ആ ഉദ്യോഗസ്ഥനെക്കൊണ്ട് സാധിക്കുന്ന കാര്യമാണോ അത്? അല്ലല്ലോ:

അതിനുപിന്നിൽ പ്രവർത്തിച്ച മറ്റുള്ളവരെക്കൂടി കണ്ടെത്താനോ അതിനെതിരെ സമഗ്രമായ ഉത്തരവിറക്കാനോ ബന്ധപ്പെട്ട വകുപ്പ് ശ്രമിച്ചിട്ടുണ്ടോ? തെന്മലയിലെ ഹാരിസൺ പ്ലാന്റേഷൻ റിയാ എസ്റ്റേറ്റിന് മറിച്ചുവിറ്റ ഭൂമിയുടെ കരം സ്വീകരിച്ച വില്ലേജ് ഓഫീസറുടെ നടപടി ആരാണ് ശരിവച്ചത്? റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി. സർക്കാർ തീരുമാനമെടുത്തശേഷം മാത്രമെ കരം സ്വീകരിക്കണമോ വേണ്ടയോയെന്ന് തീരുമാനിക്കുകയുള്ളൂവെന്ന് റവന്യൂ വകുപ്പുമന്ത്രി പറഞ്ഞെങ്കിലും അതെല്ലാം കാറ്റിൽപ്പറത്തി റവന്യൂ സെക്രട്ടറി വില്ലേജ് ഓഫീസറുടെ നടപടി ശരിവയ്ക്കുകയും കരം സ്വീകരിക്കുകയും ചെയ്തിരിക്കുന്നു. ഇതിൽ വകുപ്പുമന്ത്രിക്ക് യാതൊരു റോളുമില്ലേ? കേരള നദീതീര സംരക്ഷണ നിയമം, കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം, വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ 2017-ലെ വിജ്ഞാപനം എന്നിവയുടെ അടിസ്ഥാനത്തിൽ കാടും പരിസരവും നെൽവയൽ തണ്ണീർത്തടങ്ങളുമെല്ലാം സംരക്ഷിക്കപ്പെടേണ്ടതാണ്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ബഹുമാനപ്പെട്ട മന്ത്രി നടത്തിയ പരിഷ്കാരങ്ങളെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. ഇക്കൂട്ടത്തിൽ തണ്ണീർത്തടം സർക്കാർ ആവശ്യത്തിനുവേണ്ടി നികത്തുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കണമെന്ന ആവശ്യം ശ്രീ. മോൻസ് ജോസഫ് ഉന്നയിച്ചു. അതിന് ഒന്നുകൂടി അടിവരയിട്ട് പറയുകയാണ്. ഒരു മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി കുറച്ച് സ്ഥലം നികത്തണമെന്ന ആവശ്യമുന്നയിച്ചെങ്കിലും അതിന് അനുവാദം നൽകിയില്ല. അതേസമയം മറ്റെല്ലാ കാര്യങ്ങൾക്കുംവേണ്ടി നികത്തൽ നടക്കുന്നുമുണ്ട്. ഒരു ഭൂമി നിയമാനുസൃതം തരംമാറ്റുന്നതിനുവേണ്ടി പെരിന്തൽമണ്ണ ആർ.ഡി.ഒ.-യെ വിളിച്ചപ്പോൾ ഇത്തരത്തിൽ പതിനൊന്നായിരം അപേക്ഷകൾ അവിടെ കെട്ടിക്കിടക്കുകയാണെന്നും ആകെ നാല് ജീവനക്കാർ മാത്രമാണുള്ളതെന്നുമാണ് അദ്ദേഹം പറഞ്ഞത്. ബഹുമാനപ്പെട്ട മന്ത്രി നടത്തിയ പരിഷ്കരണത്തിന്റെ ഭാഗമായി നേരത്തെ കുറച്ച് ജീവനക്കാരെ താത്കാലികമായി നിയമിച്ചിരുന്നു. അന്ന് കാര്യങ്ങൾ എളുപ്പത്തിൽ നടന്നിരുന്നു. ഇതുപോലെ നിയമാനുസൃതം നടക്കേണ്ട കാര്യങ്ങൾപോലും

നടക്കുന്നില്ല. അതിനുവേണ്ടി അടയ്ക്കുന്ന തുക റവന്യൂ വകുപ്പിന് ലഭിക്കുന്നുമില്ല. ഇക്കാര്യങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. കെ. ബഷീർ: സർ, ബഹുമാനപ്പെട്ട ടി. വി. ഇബ്രാഹിം പറഞ്ഞതുപോലെ സർക്കാരിനുവേണ്ടി ഭൂമികൊടുത്തു. നാട്ടിലെ കണ്ണായ ഭാഗത്ത് 50 സെന്റ് സ്ഥലമുണ്ടെങ്കിൽ ഒരു ഗ്രൗണ്ട് നിർമ്മിക്കുന്നതിനായി ഇതൊരു പൊതു ആവശ്യമെന്ന നിലയിൽ കുട്ടികളും ക്ലബുകാരുമെല്ലാം ചേർന്ന് നാട്ടുകാരിൽനിന്നും പിരിവ് നടത്തി ആ സ്ഥലം വാങ്ങും. ചിലപ്പോൾ അതൊരു പാടമായിരിക്കും. അത് നികത്തുന്നതിനുള്ള അനുമതിക്കായി അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ മുമ്പാകെ അപേക്ഷിക്കുമ്പോൾ ഉചിതമായ തീരുമാനമെടുക്കാതെ ഫയൽ അങ്ങോട്ടുമിങ്ങോട്ടും തട്ടിക്കളിക്കുകയാണ്. അങ്ങ് വളരെ നല്ല കാര്യങ്ങൾ ചെയ്യുന്ന കൂട്ടത്തിൽ ഇത്തരം കാര്യങ്ങളെക്കുറിച്ചുകൂടി ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

1982 മുതൽ ആധാരത്തിൽ നിലമെന്ന് രേഖപ്പെടുത്തിയിരിക്കുന്ന സ്ഥലം മുഴവൻ ഇന്ന് വീടുകളും നിരവധി സ്ഥാപനങ്ങളുമുൾപ്പെടുന്ന

ടൗൺഷിപ്പായി മാറിയിരിക്കുന്ന അവസ്ഥയാണ്. അവിടെയുള്ള വീടിനോ ഷോപ്പിലോ ഏതെങ്കിലും തരത്തിലുള്ള എക്സ്റ്റൻഷന്റെ അനുവാദത്തിനായി പഞ്ചായത്തിൽ ചെല്ലുമ്പോൾ ആധാരത്തിൽ ആ സ്ഥലം  നിലമെന്ന് രേഖപ്പെടുത്തിയിരിക്കുന്നതിനാൽ  എക്സ്റ്റൻഷനുള്ള അനുമതി നൽകുന്നില്ല. അതിനുവേണ്ടി ഒരു ലീനുണ്ടാക്കണം. എന്റെ ഒരു അനുഭവം പറയാം,  എന്റെ ബാപ്പ 1982-ൽ വാങ്ങിയ സ്ഥലത്ത് 1986-ൽ  ഞാനൊരു വീടും അതിനടുത്തായി ഒരു കാർഷെഡും അതിനുമുകളിൽ രണ്ട് മുറികളും നിർമ്മിച്ചു.  അതിന് പഞ്ചായത്തിൽനിന്നും പെർമിറ്റ് വാങ്ങി. പെർമിറ്റ് വാങ്ങിയാൽ മാത്രമെ ആ കെട്ടിടത്തിന് നമ്പർ ലഭിക്കുകയുള്ളൂ.  ഞാൻ ഒന്നുകൂടി സുതാര്യമാക്കി. അപ്പോഴാണ് എതിർ പാർട്ടിക്കാർ അതിനെതിരെ പെറ്റീഷൻ  നൽകിയത്. പക്ഷേ അന്വേഷണം കഴിഞ്ഞപ്പോൾ ആ കെട്ടിടം വർഷങ്ങൾക്കുമുമ്പുള്ളതാണെന്ന് തെളിഞ്ഞു.  എനിക്ക് ഇത്തരം കാര്യങ്ങൾ നേരിടാൻ സാധിക്കും. എന്നാൽ സാധാരണക്കാർക്ക് ഇത്തരം അനുഭവമുണ്ടായാൽ നേരിടാൻ സാധിക്കുമോ?  ഇതിനുവേണ്ടി ഒരു ലീനുണ്ടാക്കണം. 50 വർഷമായി  വീട് നിലനിൽക്കുന്നതും ആധാരത്തിൽ

നിലമെന്ന് രേഖപ്പെടുത്തിയിരിക്കുന്നതുമായ സ്ഥലങ്ങളിലുള്ള വീടുകളിലോ സ്ഥാപനങ്ങളിലോ എക്സ്റ്റൻഷൻ വർക്കുകൾ നടത്താൻ സാധിക്കാത്ത സാഹചര്യമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ അനുഭാവപൂർവ്വമായ നടപടി സ്വീകരിക്കണം. ഇത് എല്ലായിടത്തുമുള്ള പ്രശ്നമാണ്. എല്ലാ ജനപ്രതിനിധികൾക്കുംവേണ്ടിയാണ് ഞാൻ ഈ വിഷയം അവതരിപ്പിക്കുന്നത്. നാട്ടിലെ സ്ഥലങ്ങളെല്ലാം നികത്തണമെന്നല്ല പറയുന്നത്, വർഷങ്ങൾക്കുമുമ്പ് നികത്തിയ നിലമാണിത്. ഇല്ലെങ്കിൽ ചെറിയ തുക പിഴയായി ഈടാക്കി റഗുലറൈസ് ചെയ്യാൻ നടപടി സ്വീകരിക്കണം. ഈ നിയമത്തിലൊന്നും കുഴപ്പമില്ല, പക്ഷേ റവന്യൂ വകുപ്പിന് ധനകാര്യ വകുപ്പിൽനിന്നും സി.പി.ഐ.-യുടെ വകുപ്പുകൾക്ക് ലഭിക്കാനുള്ള തുക വാങ്ങിയെടുക്കാനുള്ള ആർജ്ജവം കാണിക്കണം. എല്ലാ വകുപ്പിനും തുക ലഭിക്കാനുണ്ട്. നിങ്ങളെ മോശക്കാരാക്കുകയാണ്; ആ പാർട്ടിയെ ഇല്ലാതാക്കുകയാണ്. നാട്ടിൽ ആ പാർട്ടി നിലനിൽക്കണ്ടേ? റവന്യൂ, കൃഷി, മൃഗസംരക്ഷണ-ക്ഷീരവികസനം എന്നീ വകുപ്പുകൾ കൈകാര്യം ചെയ്യുന്ന, നിങ്ങൾക്ക് അവരെ ഞെക്കി കൊല്ലണമെന്നുണ്ടെന്ന്

ഞങ്ങൾക്കറിയാം. എന്നാൽ ഞങ്ങളതിന് സമ്മതിക്കില്ല. ഒരു പ്രതിസന്ധിഘട്ടത്തിൽ കേരളത്തെ രക്ഷിച്ച കൂട്ടാണിത്. 1970-ൽ ചേലാട്ട് അച്യുതമേനോനെ മുഖ്യമന്ത്രിയാക്കിയ പാർട്ടിയുടെ പ്രതിനിധിയാണ് ഞാനെന്ന് നിങ്ങൾ മനസ്സിലാക്കണം. പി. കെ. വാസുദേവൻ നായരെ മുഖ്യമന്ത്രിയാക്കിയതാണ്. ആ പി. കെ. വാസുദേവൻ നായർ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കുവേണ്ടി മുഖ്യമന്ത്രിസ്ഥാനം രാജിവച്ചു. നിങ്ങളുടെ മുന്നണിയിൽ വന്ന സി.പി.ഐ.-യെ ഞെക്കിക്കൊല്ലുന്നതിനുപകരം അവരെ കൂടുതൽ ഉയരത്തിലേയ്ക്ക് കൊണ്ടുപോകാനുള്ള മനോഭാവം സി.പി.ഐ.(എം.)-ഉം ധനകാര്യ വകുപ്പും കൂടി കാണിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: സർ, 2023-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഇത്തരമൊരു ഭേദഗതി ബിൽ അവതരിപ്പിച്ച ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയെ പ്രത്യേകം അഭിനന്ദിക്കുന്നു. വളരെ ലഘുവാണെന്ന് നമുക്ക് തോന്നുമെങ്കിലും ജനങ്ങളെ സംബന്ധിച്ചിടത്തോളം ജീവൽപ്രശ്നമായി നിൽക്കുന്ന ഒന്നാണ് ഈ ഭേദഗതി എന്നതിൽ സംശയമില്ല. ജനകീയ പ്രശ്നങ്ങളോട് ഇടതുപക്ഷ ജനാധിപത്യ മുന്നണി എന്ത് സമീപനം സ്വീകരിക്കുന്നുവെന്നതിന്റെ ഏറ്റവും നല്ല ദൃഷ്ടാന്തമാണ് ഇതിലൂടെ നമുക്ക് ലഭിക്കുന്നത്. ഭൂമി തരംമാറ്റുന്നതിനായി രണ്ടേകാൽ ലക്ഷത്തോളം പേർ അപേക്ഷ നൽകി കാത്തിരിക്കുകയാണെന്ന് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. വീട് നിർമ്മിക്കാൻ ലോണെടുത്തശേഷം ഭൂമി തരംമാറ്റലിന് അപേക്ഷ കൊടുത്ത് ലഭിക്കാത്തതുകൊണ്ട് നീണ്ടുപോകുന്ന അവസ്ഥയാണുള്ളത്. ആളുകൾ വീട് നിർമ്മിക്കാൻ സാധിക്കാതെ ലോണെടുത്തതിനുള്ള പലിശ കൊടുത്തുകൊണ്ടിരിക്കുന്ന സാഹചര്യമാണുണ്ടായിരിക്കുന്നത്. ലൈഫ് ഭവന പദ്ധതിയിലൂടെ വീട് അനുവദിച്ചെങ്കിലും പെട്ടെന്ന് തരംമാറ്റി ലഭിക്കാത്തതുകൊണ്ട് എഗ്രിമെന്റ് വച്ച് പ്രവൃത്തി ആരംഭിക്കാൻ കഴിയാത്തവരും നമ്മുടെ ഇടയിൽ ധാരാളമുണ്ട്.

മാറാരോഗങ്ങളുടെ കാലമാണിത്. ഒരാളുടെ കൈവശമുള്ള 10 സെന്റ് ഭൂമി വിൽക്കേണ്ട സാഹചര്യമുണ്ടാകുകയും രേഖയിൽ 'നഞ്ച' എന്ന് രേഖപ്പെടുത്തിയിരിക്കുകയും ചെയ്താൽ ആരാണ് ഈ ഭൂമി വാങ്ങുന്നത്; അതുകൊണ്ടുതന്നെ യഥാസമയം വിൽപ്പന നടത്തി ആവശ്യം നിറവേറ്റാൻ കഴിയാത്ത സാഹചര്യവുമുണ്ട്. പെൺകുട്ടികളുടെ കല്ല്യാണാവശ്യത്തിനായി കൈവശമുള്ള ഇത്തരം ഭൂമി വിൽക്കേണ്ടിവരുന്ന സാഹചര്യത്തിൽ വയലെന്നും നഞ്ചയെന്നും നിലമെന്നും രേഖപ്പെടുത്തിയ തുണ്ടുഭൂമികൾ ആരും വാങ്ങില്ല, അവ വിൽക്കാനും കഴിയില്ല. ഇത് തരംമാറ്റുന്നതിനായി അപേക്ഷ സമർപ്പിച്ചാലും നീണ്ടുപോകുന്ന അവസ്ഥയാണുള്ളതെന്ന് കാണാൻ കഴിയും. ഇനി നഞ്ച അനുവദിച്ചുകൊണ്ട് ഉത്തരവായാലോ, റീ-സർവ്വേ നടക്കാത്തതുകൊണ്ട് പല പ്രദേശങ്ങളിലും തൽസമയത്തുതന്നെ അവ രേഖകളിൽനിന്ന് മാറ്റം വരുത്താനും കഴിയുന്നില്ല. സർവ്വേയർമാർ സ്കെച്ചും പ്ലാനും പരിശോധിച്ച് റിപ്പോർട്ട് സമർപ്പിച്ചാൽ മാത്രമെ രേഖകളിൽ മാറ്റം വരുത്താൻ സാധിക്കുകയുള്ളൂ. പല പ്രദേശങ്ങളിലും സർവ്വേയർമാരുടെ സാന്നിധ്യം കുറവാണ്. കോഴിക്കോട് ജില്ലയെ സംബന്ധിച്ച്

സർവ്വേയർമാരുടെ കാര്യം വളരെ പ്രയാസകരമാണ്. നിലവിലുള്ള സർവ്വേയർമാർക്ക് തന്നെ എടുത്താൽ തീരാത്ത ജോലിഭാരമുള്ളതുകൊണ്ട് ഇത്തരം ജോലികൾ ചെയ്യുന്നതിനായി യഥാസമയം അവരുടെ സേവനം ലഭിക്കുന്നില്ലെന്ന ഗൗരവതരമായ പ്രശ്നവും നിലനില്ക്കുന്നുണ്ട്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനുമുള്ള നടപടി സ്വീകരിക്കണം. ഈ ബിൽ പാസ്സാകുന്നതോടെ ആർ.ഡി.ഒ.-മാരുടെ ചുമതലകൾ നിർവ്വഹിക്കുന്നതിനുവേണ്ടി ഡെപ്യൂട്ടി കളക്ടർ പദവിയിലുള്ളവരെ ചുമതലപ്പെടുത്തുകയാണ്. ഈ നിയമം നടപ്പാകുന്ന അവസരത്തിൽ സമയബന്ധിതമായി ഡെപ്യൂട്ടി കളക്ടർമാരെ നിയമിച്ച് അവർക്കാവശ്യമായ ഓഫീസുകൾ അനുവദിക്കുകയും ഉദ്യോഗസ്ഥരെ വിന്യസിപ്പിക്കുകയും ചെയ്ത് കെട്ടിക്കിടക്കുന്ന എല്ലാ ഫയലുകൾക്കും നിശ്ചിത സമയത്തിനകം തീർപ്പുകൽപ്പിക്കുന്നതിനുള്ള പ്രത്യേകം നിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിക്കണം. 2008 ഒക്ടോബർ 12-ന് ഈ സഭ പാസ്സാക്കിയ ചരിത്ര പ്രസിദ്ധമായ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമത്തിലെ അപാകതകൾ സംബന്ധിച്ച് നേരത്തേ

ചൂണ്ടിക്കാണിച്ചിരുന്നു. ഈ നിയമമുള്ളതുകൊണ്ട് മാത്രമാണ് കേരളത്തിൽ അവശേഷിക്കുന്ന നെൽവയലുകളും തണ്ണീർത്തടങ്ങളും ഇന്ന് നിലനിൽക്കുന്നത് . 1970-കളിൽ കേരളത്തിൽ 8 ലക്ഷം ഹെക്ടർ നെൽകൃഷി ഉണ്ടായിരുന്നുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇന്ന് അത് 2 ലക്ഷം ഹെക്ടറിലും താഴെയായി കുറഞ്ഞിരിക്കുന്ന അവസ്ഥയാണ്. നെൽകൃഷി ലാഭകരമല്ലാതായി മാറിയപ്പോൾ കർഷകൻ സ്വാഭാവികമായും നിലം നികത്തി തോട്ടവിളകൾ കൃഷിചെയ്യുന്ന സാഹചര്യമുണ്ടായതിന്റെ ഫലമായി നെൽവയലുകളുടെ അളവിൽ കുറവ് സംഭവിച്ചു. ഇതിനെല്ലാം പുറമെ വിദേശരാജ്യങ്ങളിൽപ്പോയി ജോലി ചെയ്തും റിയൽ എസ്റ്റേറ്റ് പ്രവർത്തനം നടത്തിയും ബിസിനസ് നടത്തിയും പുതുപുത്തൻ സമ്പന്നൻമാർ നമ്മുടെ ഗ്രാമാന്തരങ്ങളിലും പട്ടണങ്ങളിലും വളർന്നുവന്നു. സ്വാഭാവികമായും അവരുടെ പണം നിക്ഷേപിക്കാനുള്ള ഏറ്റവുംനല്ല മാർഗ്ഗമായി ഭൂമി മാറി. ഭൂമി കൃഷി ചെയ്യാനുള്ളതാണെന്ന വസ്തുത വിസ്മരിച്ചുകൊണ്ട് നിക്ഷേപരംഗമാക്കി മാറ്റിയതിന്റെ ഫലമായി റിയൽ എസ്റ്റേറ്റ് പടർന്നുപന്തലിക്കുകയും വില കുതിച്ചുയരുകയും ചെയ്തു. സ്വാഭാവികമായും തണ്ണീർത്തടങ്ങളും

നെൽവയലുകളുമെല്ലാം നികത്തുന്ന പ്രവണത വ്യാപകമായി. നാട്ടിൻ പ്രദേശങ്ങളിലുണ്ടായിരുന്ന തണ്ണീർത്തടങ്ങളും പ്രകൃതിദത്തമായ ജലാശയങ്ങളും നാടൻ കുളങ്ങളും സംരംഭങ്ങളുമെല്ലാം പുരോഗമനത്തിന്റെ പേരിൽ തകരുന്ന കാഴ്ചയാണ് നാം കണ്ടത്. പരിഷ്കാരത്തിന്റെ പേരിൽ നാട്ടിൻപ്രദേശത്തുണ്ടായിരുന്ന നിരവധി കാവുകൾ നമ്മൾ നശിപ്പിച്ചു. ഈ നിയമം യഥാർത്ഥത്തിൽ ഗൗരവതരമായി അന്ന് നടപ്പാക്കിയതുകൊണ്ടാണ് അവശേഷിക്കുന്ന നെൽവയലുകളും തണ്ണീർത്തടങ്ങളുമെല്ലാം നിലനിർത്തിക്കൊണ്ട് മുന്നോട്ടുപോകാൻ നമുക്ക് സാധിച്ചത്. ഇന്ത്യാരാജ്യത്ത് ആസാം കഴിഞ്ഞാൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന സംസ്ഥാനമാണ് കേരളം. പക്ഷേ മഴ പെയ്തുകഴിഞ്ഞാൽ ഉരുൾപൊട്ടലും വെള്ളപ്പൊക്കവുമാണ്. മഴ നിന്നുകഴിഞ്ഞാൽ വരൾച്ചയും കുടിവെള്ള ക്ഷാമവുമാണ്. മുപ്പത്തിമൂന്നിലധികം നദികളുള്ള കേരളത്തിൽ, ഇത്രയധികം മഴ ലഭിക്കുന്ന പ്രദേശത്ത് എങ്ങനെയാണ് ഇത് സംഭവിക്കുന്നതെന്നത് ഗൗരവതരമായ പ്രശ്നമാണ്. പാരിസ്ഥിതിക സന്തുലിതാവസ്ഥ പാലിക്കാതെയുള്ള കഴിഞ്ഞ കാലഘട്ടങ്ങളിലെ വികസന

പ്രവർത്തനത്തിന്റെ ദുരന്തമാണ് ഇന്ന് നാം അനുഭവിക്കുന്നതെന്ന് മനസ്സിലാക്കണം. അതേസമയം ഭൂവിസ്തൃതി കുറഞ്ഞ പ്രദേശങ്ങളിൽ സ്വാഭാവികമായും ജനസംഖ്യ വളരെ കൂടുതലും ജനങ്ങൾക്ക് വീടുവയ്ക്കാൻ സ്ഥലമില്ലാത്ത അവസ്ഥയുമാണുള്ളത്. അതുകൊണ്ട് പട്ടണപ്രദേശങ്ങളിൽ 5 സെന്റും ഗ്രാമപ്രദേശങ്ങളിൽ 10 സെന്റും നിലം/തണ്ണീർത്തടം നികത്തുന്നത് അനുവദിക്കുന്നതിനുള്ള നിർദ്ദേശം ബില്ലിലുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് തരംമാറ്റലിനുള്ള അപേക്ഷകൾ സമർപ്പിച്ച് മുന്നോട്ടുപോകുന്നത്. എൽ.എഡി.എഫ്. സർക്കാർ പാരിസ്ഥിതിക സന്തുലിതാവസ്ഥ പാലിച്ചുകൊണ്ടുമാത്രമെ വികസന പ്രവർത്തനങ്ങൾ നടത്താൻ പാടുള്ളൂവെന്ന പ്രഖ്യാപിത നയത്തിൽ ഊന്നിനിന്നുകൊണ്ടുതന്നെയാണ് കഴിഞ്ഞ 7 വർഷക്കാലവും കേരളത്തിൽ വികസന പ്രവർത്തനങ്ങൾ നടത്തിയതെന്ന് മനസ്സിലാക്കാൻ സാധിക്കും. അതുകൊണ്ട് സാധാരണക്കാരുടെ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ഈ നിയമം തീർച്ചയായും പ്രയോജനപ്പെടും. ആ

രൂപത്തിൽ ഈ നിയമം എത്രയുംവേഗം നടപ്പിലാക്കി മുന്നോട്ടുപോകാനാവശ്യമായ നടപടി സ്വീകരിക്കണം.

യു.ഡി.എഫ്. ഭരണകാലത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ കുടിശ്ശികയൊന്നും കൊടുക്കാനില്ലെന്നായിരുന്നു നേരത്തേ സംസാരിച്ച ബഹുമാനപ്പെട്ട അംഗം പറഞ്ഞത്. കേരളത്തിലെ പൊതുവിതരണ ശൃംഖല മുഴുവനും തകർത്ത ചരിത്രമാണ് നിങ്ങൾക്കുള്ളത്. മാവേലി സ്റ്റോറുകൾ നോക്കുകുത്തിയായി മാറി. മാവേലി സ്റ്റോറുകളിലും ലാഭം മാർക്കറ്റുകളിലും സിവിൽ സപ്ലൈസ് കോർപ്പറേഷൻ സ്റ്റാളുകളും ഉത്സവകാല ചന്തകളും മുഴുവൻ തകർത്ത് കുഴിച്ചുമൂടിയ പാരമ്പര്യമാണ് യു.ഡി.എഫ്.-നുള്ളത്. ഒരു കാശും ചെലവഴിക്കാതെ എങ്ങനെ കടം വരും; അതാണോ 7 വർഷക്കാലത്തെ കേരളത്തിന്റെ അനുഭവം. മാർക്കറ്റിൽ ഇടപെട്ടുകൊണ്ട് ജനങ്ങൾക്ക് സമാശ്വാസം നൽകുന്ന നടപടി സ്വീകരിച്ചാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. ഇന്ത്യാഗവൺമെന്റ് ഇത്തവണ പാർലമെന്റിൽ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ ഭക്ഷ്യ സബ്സിഡി വെട്ടിക്കുറയ്ക്കുകയുണ്ടായി. കേരളത്തിൽ 2000 കോടി രൂപയാണ് ഭക്ഷ്യ സബ്സിഡിക്കുവേണ്ടി

മാറ്റിവച്ചത്. ഇങ്ങനെ മാർക്കറ്റിൽ നിരന്തരമായി ഇടപെട്ടുകൊണ്ട് സമാശ്വാസം നൽകി കുറഞ്ഞവിലയ്ക്ക് സാധനമെത്തിക്കുന്ന സംവിധാനം ഏർപ്പെടുത്തുന്ന സിവിൽ സപ്ലൈസ് കോർപ്പറേഷനും അനുബന്ധ സ്ഥാപനങ്ങളുമെല്ലാം ഈ രൂപത്തിൽ മുന്നോട്ടുപോകുമ്പോൾ സ്വാഭാവികമായും കുറച്ച് കുടിശ്ശിക വരുമെന്നത് സ്വാഭാവികമാണ്. യു.ഡി.എഫ്.-ന്റെ കാലത്തൊന്നും പ്രവർത്തിക്കാതെ, ഒരു ചെലവും നടത്താതെ മുന്നോട്ടുപോയാൽ എങ്ങനെയാണ് കുടിശ്ശിക വരുന്നത്? ഈ രണ്ട് അവസ്ഥയും ജനങ്ങൾ കാണുന്നുണ്ട്.

ശ്രീ. തോമസ് കെ. തോമസ്: സർ, 2008-ൽ ഈ നിയമം നടപ്പിലായ വേളയിൽ കുട്ടനാട് എം.എൽ.എ. തോമസ് ചാണ്ടി ആയിരുന്നു. അന്ന് പ്രദേശമായ കുട്ടനാടിന് ഒരു പ്രത്യേക പരിഗണന തരണമെന്ന് അദ്ദേഹം ഈ നിയമസഭയിൽ പറഞ്ഞിരുന്നു. നാലുവശവും വെള്ളത്താൽ ചുറ്റപ്പെട്ടതും ഏറ്റവും കൂടുതൽ നിലവുമുള്ള പ്രദേശമാണ് കുട്ടനാട്. ഇത്തരം സ്ഥലങ്ങളിൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പ്രത്യേകത ലഭിച്ചില്ലെങ്കിൽ വഴിപോലും ലഭിക്കാൻ സാധ്യതയില്ലാത്ത പ്രദേശമാണ്. ഇത് അങ്ങയുടെ

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം കൂടി ഹൈലൈറ്റ് ചെയ്ത് പറയാൻ സാധിക്കുമോ?

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, 2008-ൽ ഈ നിയമം നടപ്പായശേഷമുള്ള അനുഭവങ്ങൾ പരിശോധിച്ചുകൊണ്ട് പ്രായോഗിക രംഗത്തുണ്ടായ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്ന കാര്യംകൂടി ആലോചിക്കേണ്ടതുണ്ട്. 1934-ൽ ബ്രിട്ടീഷുകാരുടെ കാലത്ത് തയ്യാറാക്കിയ ബി.റ്റി.ആർ. ആണ് അടിസ്ഥാന രേഖയായി സ്വീകരിക്കുന്നത്. ആ രേഖ നമ്മൾ പരിശോധിച്ചാൽ എല്ലാ പ്രദേശങ്ങളും നിലമോ നഞ്ചയോ തണ്ണീർത്തടമോ ആയിരിക്കുമെന്ന് എല്ലാവർക്കുമറിയാം. വളരെ വർഷങ്ങൾക്കുശേഷം അതിൽ പലതും നികത്തി കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്. കോഴിക്കോട് മാവൂർ റോഡ് അതിന് ഏറ്റവും നല്ല ഉദാഹരണമാണ്. 1960-കളിൽ ആ പ്രദേശം മുഴുവനും പായലുകൾ നിറഞ്ഞ തണ്ണീർത്തടങ്ങളായിരുന്നുവെന്ന് കാണാൻ സാധിക്കും. അക്കാര്യങ്ങളെല്ലാം ഇപ്പോൾ പരിശോധിക്കുകയും പണ്ട് ഇവയൊക്കെ നഞ്ചയായിരുന്നുവെന്നതിന്റെ പേരിൽ അനുവാദം ലഭിക്കാത്ത

സ്ഥിതിവിശേഷവും ഉണ്ടാകുന്നുണ്ട്. അതുകൊണ്ട് ഇക്കാര്യത്തിൽ പ്രായോഗിക സമീപനം സ്വീകരിക്കണം. എന്നാൽ ഒരു കാരണവശാലും നിലവിലുള്ള തണ്ണീർത്തടങ്ങളും നെൽവയലുകളും നികത്താനുള്ള സന്ദർഭം ഉണ്ടാകാത്ത രൂപത്തിൽ നിയമം കർക്കശമായി നടപ്പാക്കാനാവാശ്യമായ നടപടി സ്വീകരിക്കുകയും വേണം. ഈ ഭേദഗതി നിർദ്ദേശം അവതരിപ്പിച്ച മന്ത്രിയെ ഒരിക്കൽക്കൂടി അഭിനന്ദിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): സർ, ഈ ബില്ലിന്റെ ഗുണകരമായ ഓപ്പറേഷൻ പാർട്ടിലാണ് ഭേദഗതി വരുത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നത്. യഥാർത്ഥത്തിൽ ഈ ബില്ലിന്റെ ചർച്ചാവേളയിൽ അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശ്രമമാണ് ഉയർന്നുവരേണ്ടിയിരുന്നത്. എന്നാൽ, ഇവിടെ നടന്ന ചർച്ച ആ നിലവാരത്തിലേയ്ക്കെത്താതെ പോയി. സബ്ജക്ട് കമ്മിറ്റി പരിഗണിച്ചശേഷം ഈ നിയമം സഭയിൽ വിശദമായി ചർച്ച ചെയ്യുമെങ്കിലും ചില കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്താതെ പോകാൻ സാധിക്കില്ല. 2008-ൽ ഈ സഭ ദീർഘനേരമെടുത്ത് ചർച്ച ചെയ്ത് കേരള

നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം പാസ്സാക്കിയത് ഏതെങ്കിലും വിധത്തിലുള്ള ഭൂമി തരംമാറ്റത്തിന് അവസരം നൽകുന്നതിനോ ആർക്കെങ്കിലും ജോലി നൽകുന്നതിനോ വേണ്ടിയല്ല. സെറ്റിൽമെന്റ് കാലത്ത് കേരളത്തിലെ നെൽവയലിന്റെ വിസ്തീർണ്ണം 20 ലക്ഷം ഏക്കർ ആയിരുന്നത് 1970-കളിൽ 5 ലക്ഷം ഏക്കറായി കുറഞ്ഞു. കേരളത്തിലെ നെൽവയലുകൾ പൂർണ്ണമായും നികത്തി താൽക്കാലിക ലാഭം ലക്ഷ്യമിട്ട് പ്രകൃതിയെ ചൂഴ്ന്നെടുക്കാൻ ശ്രമിക്കുന്ന ഘട്ടത്തിലാണ് ഈ നിയമം അവതരിപ്പിച്ചത്. പ്രകൃതിയും മനുഷ്യനും കേന്ദ്രബിന്ദുവാകുന്ന സസ്റ്റെയിനബിൾ ഡെവലപ്മെന്റ് എന്ന ആശയം മുൻനിർത്തി കേരളത്തിലെ നെൽവയലുകളെ സംരക്ഷിക്കാനുള്ള ഈ നിയമം ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ചർച്ചകളിലൂടെയാണ് കേരള നിയമസഭ പാസ്സാക്കിയത്. ഈ നിയമം രൂപീകരിക്കപ്പെട്ടത് നെൽവയൽ നികത്താൻ വേണ്ടിയാണെന്ന രീതിയിൽ പലയിടങ്ങളിലും നടക്കുന്ന ചർച്ചകളെ ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയില്ല. 2008-ൽ ഈ നിയമം വന്നതിനുശേഷമാണ് പഞ്ചായത്തിൽ 10 സെന്റും മുനിസിപ്പൽ

കോർപ്പറേഷൻ മേഖലയിൽ 5 സെന്റും ഭൂമി ഭൂരഹിതർക്ക് വീട് വയ്ക്കുന്നതിനോ പൊതു ആവശ്യത്തിനോ വേണ്ടി നികത്തുന്നതിന് എൽ.എൽ.എം.സി. (ലോക്കൽ ലെവൽ മോണിറ്ററിംഗ് കമ്മിറ്റി)-ക്ക് ശിപാർശ ചെയ്യാമെന്ന ആശയം വന്നത്. വീട് വയ്ക്കാൻ നിലം നികത്തുന്നതിനുള്ള അനുമതി നൽകേണ്ടത് ജില്ലാ കളക്ടർ ചെയർമാനായ ഡി.എൽ.എം.സി. (ഡിസ്ട്രിക്ട് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി) ആണ്. പൊതു ആവശ്യത്തിനുവേണ്ടി നിലം നികത്താൻ അനുവാദം നൽകേണ്ടത് എസ്.എൽ.എം.സി. (സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി) ആണ്. അതനുസരിച്ചുള്ള നടപടിക്രമങ്ങൾ ഈ വകുപ്പിന്റെ ഭാഗമായി മാറ്റുമ്പോൾ സെക്ഷൻ 11 അനുസരിച്ച് തണ്ണീർത്തടങ്ങൾ ഒരു കാരണവശാലും നികത്താനാകില്ലെന്ന് വളരെ കൃത്യമായി പറഞ്ഞിട്ടുണ്ട്. ഇവിടെ ചർച്ചയിൽ ഉയർന്നുവന്ന കാര്യങ്ങൾ അറിയാത്തതുകൊണ്ടല്ല; മറിച്ച്, കേരളത്തിന്റെ നിജസ്ഥിതിയും സാമൂഹ്യജീവിതവും പ്രകൃതിയുമായി ബന്ധപ്പെടുത്തി മുന്നോട്ടുപോകേണ്ടതിന്റെ അനിവാര്യതയെക്കുറിച്ച് പഠിക്കുന്നതിനു വേണ്ടിയാണ്. 2021-ൽ കൊക്കയാറും കൂട്ടിക്കലും ഉൾപ്പെടെയുള്ള

പ്രദേശങ്ങളിലുണ്ടായ പ്രകൃതിദുരന്തം നാം നേരിട്ട് കണ്ടതാണ്. കക്കി നദിയുൾപ്പെടെ ഒഴുകിവരികയും തിരുവല്ലയും കുട്ടനാടും ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ വെള്ളം നിറയുകയും ചെയ്തപ്പോൾ ഡാമിന്റെ ഷട്ടർ ഉയർത്തിയതുകൊണ്ട് കുട്ടനാട്ടിന് കൂടുതൽ പ്രശ്നങ്ങളുണ്ടാകാതെ സംരക്ഷിക്കാൻ സാധിച്ചു. പക്ഷേ, പമ്പ, കക്കി ഡാമുകളുടെ ഷട്ടറുകൾ ഒരുമിച്ച് തുറന്നുവിട്ടപ്പോൾ കുട്ടനാട്ടിലെ വെള്ളത്തിന്റെ സ്ഥിതി ഭീകരമായിരുന്നു. 2021 ഒക്ടോബർ-നവംബർ മാസങ്ങളിൽ പത്തനംതിട്ട ജില്ലയിൽ പെയ്തുതീർത്ത മഴ സാധാരണയുള്ളതിനെക്കാൾ 175 ശതമാനം അധികമായിരുന്നു. ഒരുപക്ഷേ കേരളത്തിന്റെ ചരിത്രത്തിലാദ്യമായി അധിക മഴലഭ്യതയുണ്ടായ ജില്ലയായിരുന്നു പത്തനംതിട്ട. 2022 ജനുവരി മാസത്തിൽ പട്ടയം കൊടുക്കുന്നതുമായി ബന്ധപ്പെട്ട യോഗത്തിൽ പങ്കെടുക്കുമ്പോൾ കളക്ടർ ഉൾപ്പെടെയുള്ള റവന്യൂ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥർ ആവശ്യപ്പെട്ടത്, പത്തനംതിട്ട ജില്ലയിലെ വിവിധ മേഖലകളിൽ കുടിവെള്ളം നൽകുന്നതിനായി ടി ജില്ലയെ വരൾച്ച ബാധിതമായി പ്രഖ്യാപിച്ചാൽ

മാത്രമെ എസ്.ഡി.ആർ.എഫ്. (സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട്)-ൽ നിന്ന് പണം അനുവദിക്കാൻ കഴികയുള്ളൂവെന്നാണ്. കേരളത്തിന്റെ കാലാവസ്ഥാ സാഹചര്യങ്ങൾ എങ്ങോട്ടാണ് പോകുന്നത്; 2021 നവംബർ മാസം അധിക മഴലഭ്യതയുടെ ഭീകരതയെക്കുറിച്ച് ചർച്ച ചെയ്ത ഒരു ജില്ലയെ രണ്ടരമാസക്കാലം കഴിഞ്ഞപ്പോൾ വരൾച്ചാബാധിത ജില്ലയായി പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെടുംവിധം മാറുന്ന സാമൂഹിക സാഹചര്യങ്ങൾ കേരളത്തിനെ ചില കാര്യങ്ങൾ പുതുതായി പഠിപ്പിക്കുകയാണ് ചെയ്തത്. കുളങ്ങൾ മണ്ണിട്ട് നികത്തരുത്, കിണറുകൾ കുഴിച്ചുമൂടരുത്, നെൽവയലുകൾ മാറ്റിയെടുക്കരുത്; അവയുടെ മുകളിൽ പന്ത്രണ്ട് നില കെട്ടിടം പണിത് പന്ത്രണ്ടാമത്തെ നിലയിലെ ശീതീകരിച്ച മുറിയിലിരുന്നുകൊണ്ട് കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് എത്ര ചർച്ച ചെയ്താലും അതിന്റെ അർത്ഥതലങ്ങൾ നമുക്ക് മനസ്സിലാക്കാൻ സാധിക്കില്ല. അതാണ് ഈ ബില്ലിന്റെ അടിസ്ഥാന കാരണം. പക്ഷേ ജനങ്ങൾ ബുദ്ധിമുട്ടരുത്. ഇതുമായി ബന്ധപ്പെട്ട് തയ്യാറാക്കപ്പെട്ട ഡാറ്റാ ബാങ്കിലുണ്ടായ പ്രശ്നങ്ങൾ ഗൗരവതരമാണെന്ന് കണ്ടപ്പോൾ അത് പരിഹരിക്കാനുള്ള

നയസമീപനങ്ങൾ സ്വീകരിക്കേണ്ടിവന്നു. 2008-ൽ 10-ഉം 5-ഉം സെന്റ് ഭൂമി ഭൂരഹിതർക്ക് നികത്താൻ വേണ്ടി നിയമം കൊണ്ടുവന്നുവെങ്കിലും 2017-ൽ ചില ഭേദഗതികൾ വരുത്തേണ്ടി വന്നുവെന്നത് യാഥാർത്ഥ്യമാണ്. അങ്ങനെയാണ് 30-12-2017-ൽ ബില്ലിന്മേൽ ഭേദഗതി നിർദ്ദേശിക്കുകയും 27 (എ) ഉപവകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി റവന്യൂ റിക്കോർഡുകളിൽ 'നിലം' എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെന്ന് തിരിച്ചറിഞ്ഞ് 'പുരയിടം' എന്നാക്കി മാറ്റാൻ ഫോം നമ്പർ 6 പ്രകാരം അനുവാദം നൽകുകയും ചെയ്തത്. അതിനുമുമ്പ് ഡാറ്റാ ബാങ്കിൽ തെറ്റായി രേഖപ്പെടുത്തിയത് മാറ്റിയിരുന്നെങ്കിലും ആ ഭേദഗതിയിലൂടെ ഫോം നമ്പർ 5 പ്രകാരം ഡാറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെട്ട ഭൂമിയുണ്ടെങ്കിൽ അത് മാറ്റാൻ അനുവാദം കൊടുക്കാമെന്ന ധാരണയുണ്ടായി. 50 സെന്റിന് മുകളിലുള്ള ഭൂമി തരംമാറ്റുന്നതിനുവേണ്ടി ഫോം നമ്പർ 7-ഉം കേരള ലാൻഡ് യൂട്ടിലൈസേഷൻ ഓർഡർ ലഭ്യമായ ഭൂമിക്ക് വീണ്ടും തരംമാറ്റാനായി ഫോം നമ്പർ 9-ഉം നിലവിൽ വന്നു. കോടതി വിധിയെത്തുടർന്ന് 2021-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള കാബിനറ്റ്

തീരുമാനിച്ചതനുസരിച്ച് 25 സെന്റ് വരെയുള്ള ഭൂമിക്ക് തരംമാറ്റുന്നതിനായി പണം നൽകേണ്ടതില്ലെന്ന് നിശ്ചയിച്ചു. 2021 ഫെബ്രുവരി വരെ ലഭിച്ച തരംമാറ്റാനുള്ള അപേക്ഷകളിൽനിന്ന് വ്യത്യസ്തമായി 21-04-2021-ൽ 369/2021 എന്ന എസ്.ആർ.ഒ. വിജ്ഞാപനം ചെയ്തതിനുശേഷം നിലംമാറ്റാനുള്ള അപേക്ഷകൾ വ്യാപകമായി ലഭിച്ചതിന്റെ ചരിത്രമാണ് അക്ഷരാർത്ഥത്തിൽ ഈ കണക്കുകളിൽനിന്ന് ബോധ്യമാകുന്നത്. യഥാർത്ഥത്തിൽ ഭൂമി തരംമാറ്റുന്നതിനുള്ള അപേക്ഷകൾ ഇത്രയേറെ ലഭിക്കുമ്പോൾ ആർ.ഡി.ഒ.-യുടെ കീഴിൽ വില്ലേജ് ഓഫീസ് വരെയുള്ള സംവിധാനങ്ങൾ ഇതിനുവേണ്ടി മാത്രം ഉപയോഗിക്കപ്പെടുന്ന സ്ഥിതിവിശേഷമുണ്ടായപ്പോൾ പലതവണ ചില എസ്.ഒ.പി. (Standard Operation Procedure)-കൾ പുറത്തിറക്കാൻ ശ്രമിച്ചിട്ടുണ്ട്. അതുകൊണ്ട് മാത്രം കാര്യമില്ല. യഥാർത്ഥത്തിൽ 2021-ലെ എസ്.ആർ.ഒ. പുറത്തിറക്കിയതിനുശേഷമുണ്ടായ അപേക്ഷകരുടെ വർദ്ധനവുകൂടി പരിഗണിച്ച് എല്ലാ ഫോമുകളിലുമായി 05-08-2023-ൽ ഓഫ്‌ലൈനായി 226901 അപേക്ഷകൾ ലഭിച്ചതിൽ 222791 അപേക്ഷകൾ റവന്യൂ-കൃഷി

വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ സഹായത്തോടെ തീർപ്പാക്കാൻ സാധിച്ചിട്ടുണ്ട്. ഇതിനിടയിലാണ് റവന്യൂ ഉദ്യോഗസ്ഥർ എക്സ്-ഗ്രേഷ്യ വിതരണവും കോവിഡുമായും വെള്ളപ്പൊക്ക ദുരിതാശ്വാസവുമായും ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെട്ടത്. ഇനി പൂർത്തിയാക്കാൻ ബാക്കിയുള്ളത് കേവലം 4110 അപേക്ഷകൾ മാത്രമാണ്. അതിൽ മഹാഭൂരിപക്ഷവും ഇനിയൊന്നും ചെയ്യാനോ ഫീസ് അടയ്ക്കാനോ സാധിക്കാത്തവയാണ്. ഏജന്റുമാരുടെ കുത്തൊഴുക്ക് ഈ സ്ഥാപനങ്ങളുടെ തലയ്ക്കുമീതെ ഉണ്ടാകാതിരിക്കാനുള്ള ബോധപൂർവ്വമായ പരിശ്രമങ്ങളുടെ ഭാഗമായാണ് കേരള സർക്കാർ 2022 ഫെബ്രുവരി 1 മുതൽ പൂർണ്ണമായും ഓൺലൈനായി അപേക്ഷിച്ചാൽ മതിയെന്ന് നിശ്ചയിച്ചത്. എന്നാൽ ഞായറാഴ്ച ഉൾപ്പെടെയുള്ള ഓരോ ദിവസവും കേരളത്തിലെ 27 ആർ.ഡി.ഒ.-മാരുടെ മുമ്പിൽ ഓൺലൈനിലൂടെ അഞ്ഞൂറോളം അപേക്ഷകൾ ലഭിച്ചിരുന്നു. ഫാറം നമ്പർ 5-ഉം മോശമല്ലാത്ത വിധം ലഭിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ 2008-ൽ രൂപീകരിച്ച ഡാറ്റാ ബാങ്ക് ഇങ്ങനെ അനന്തമായി നീട്ടികൊണ്ടുപോകാൻ കഴിയാത്ത സാഹചര്യമുണ്ടായി. ഈ വിഷയത്തിൽ

ഉൾപ്പെട്ടതാണെങ്കിലും അതിന് ഭേദഗതിയില്ല. പക്ഷെ അത് ആലോചിക്കേണ്ട വിഷയമാണ്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുമന്ത്രി കൂടി പങ്കെടുത്ത സബ്ജക്ട് കമ്മിറ്റി II-ന്റെ യോഗത്തിൽ ഡാറ്റാ ബാങ്ക് എല്ലായിടത്തും നടപ്പിൽവരുത്തുന്നതിനായി തദ്ദേശസ്വയംഭരണം, കൃഷി, റവന്യൂ എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ കൂട്ടായി പരിശ്രമിച്ച് ഒരു മാസത്തിനുള്ളിൽ സമിതിക്ക് വിവരം നൽകി തർക്കമില്ലാത്ത രീതിയിൽ ക്ലോസ് ചെയ്യണമെന്ന് തീരുമാനിച്ചിട്ടുണ്ട്. ഇനിയും ഡാറ്റാ ബാങ്കിൽ നിന്നും മാറ്റണമെന്നാവശ്യപ്പെട്ടുകൊണ്ട് അപേക്ഷകൾ തുടർച്ചയായി വരികയാണ്. ഇതിനൊരു പരിധി നിശ്ചയിക്കണം. ഇക്കാര്യത്തിൽ ആവശ്യമായ കാര്യങ്ങൾ നിർവ്വഹിക്കാൻ വേണ്ടിയാണ് എസ്.ഒ.പി. ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ, ഓൺലൈനിലൂടെയുള്ള പരാതികൾ എന്നിവ ഏർപ്പെടുത്തിയത്. ഏതോ ഒരു മഹാപാതകത്തിലേയ്ക്ക് നമ്മൾ വന്നുപെട്ടു എന്ന വിധമാണ് ഇവിടെ പരാമർശിച്ചത്. ഇപ്പോൾ കേരളത്തിൽ 298469 അപേക്ഷകളാണ് ഓൺലൈനായി ലഭിച്ചിട്ടുള്ളത്. അതിൽ 75914

അപേക്ഷകൾ മാത്രമേ തീർപ്പാക്കാൻ സാധിച്ചുള്ളൂ. 222555 അപേക്ഷകൾ തീർപ്പാക്കാൻ ബാക്കിയുണ്ട്. ഒരു ആർ.ഡി.ഒ.-ക്ക് മാത്രമായി ഈ പ്രശ്നങ്ങളിൽ തീർപ്പ് കൽപിക്കാൻ സാധിക്കില്ല.

ശ്രീ. കെ. പി. മോഹനൻ: സർ, അങ്ങ് പട്ടയവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാനായി ജില്ലാതലത്തിൽ അപേക്ഷകരെയടക്കം പങ്കെടുപ്പിച്ചുകൊണ്ട് യോഗങ്ങൾ സംഘടിപ്പിച്ച് പരിഹാരം കാണുന്നുണ്ട്. അതുപോലെ ഇതിനും അത്തരത്തിലുള്ള നടപടിയുമായി മുന്നോട്ടുപോകാൻ സാധിക്കുമോ?

ശ്രീ. കെ. രാജൻ: ഞാൻ ആ കാര്യത്തിലേയ്ക്കാണ് വരുന്നത്. ആർ.ഡി.ഒ.-യ്ക്ക് CrPC 133 പ്രകാരമുള്ള public nuisance തടയുന്നതും മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച് ട്രൈബ്യൂണൽ നടത്തുന്നതും ക്രിമിനൽ നടപടിക്രമങ്ങൾ പ്രകാരമുള്ള മറ്റ് നടപടികൾ കൊണ്ടുവരുന്നതും പോക്കുവരവിന്റെ അപ്പീൽ, ഭൂമിയുടെ വിട്ടൊഴിയൽ, അവകാശിയില്ലാത്ത വസ്തുക്കൾ കൈകാര്യം ചെയ്യുക, ഭൂമിയുടെ മൂല്യന്യായവില നിർണ്ണയം, മുദ്രപത്രങ്ങളുടെ അഡ്ജ്യൂഡിക്കേഷൻ, ജനന-മരണ രജിസ്ട്രേഷൻ,

ജമാബന്ധി, മുദ്രപത്ര നിയമം അനുസരിച്ചുള്ള നടപടി തുടങ്ങി ഇരുപത്തിനാലോളം നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ആ ഘട്ടത്തിലാണ് ഇത്തരത്തിലൊരു മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നത്. കേരളത്തിലെ ഏതെങ്കിലും ഒരു വകുപ്പ് സ്വന്തമായി പണം കൂട്ടിവച്ച് മറ്റാർക്കും നൽകാതെ സൂക്ഷിക്കുകയാണെന്ന അഭിപ്രായമൊന്നും ഞങ്ങൾക്കില്ല. അതിനെ രാഷ്ട്രീയമായി മാറ്റുകയും ചെയ്യേണ്ടതില്ല. ഈ നിയമത്തിലെ വകുപ്പ് 27 ഡി അനുസരിച്ചുള്ള കാർഷിക അഭിവൃദ്ധി ഫണ്ട് ചെലവഴിക്കുന്ന കാര്യത്തിൽ നല്ലതുപോലെ ജാഗ്രതയുണ്ടാകണമെന്ന് കൂട്ടായി ആലോചിക്കുകയാണ്. ഈ നടപടിക്രമങ്ങൾ പൂർത്തീകരിക്കാൻ രണ്ട് ഉത്തരവുകളിലൂടെ 31,63,39,967/- രൂപ 27 ഡി വകുപ്പിൽനിന്നും മാറ്റാൻ കഴിഞ്ഞു. ആദ്യം ആറ് മാസത്തേയ്ക്ക് 56/2022/ആർ.ഡി. ഉത്തരവ് പ്രകാരവും തുടർന്ന് 278/2022/ആർ.ഡി. ഉത്തരവ് പ്രകാരവും പണം ചെലവഴിച്ചു. അപേക്ഷകൾ തീർപ്പാക്കുന്ന പ്രവൃത്തിക്ക് ജീവനക്കാരുടെ കുറവുണ്ടായിട്ടുണ്ട്. ഏറ്റവും ചുരുങ്ങിയ ദിവസത്തിനുള്ളിൽ അവരെ കൊണ്ടുവന്ന് പ്രവർത്തനങ്ങൾ വേഗതയിലാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

മുൻ മന്ത്രികൂടിയായിരുന്ന ബഹുമാനപ്പെട്ട മോൻസ് ജോസഫ് ആർ.എം.എഫ്. (റിവർ മാനേജ്മെന്റ് ഫണ്ട്)-ന്റെ പ്രവർത്തനത്തിൽ നല്ലരീതിയിൽ ഇടപെട്ടുകൊണ്ടിരിക്കുന്ന ആളാണ്. ശ്രീ. പി. കെ. ബഷീർ മണൽ വാരലുമായി ബന്ധപ്പെട്ട കാര്യം സംബന്ധിച്ച് ചില അവ്യക്തതകൾ ഉന്നയിച്ചിരുന്നു. ഏതെങ്കിലും വിധത്തിൽ മണൽ വാരൽ നടത്താനുള്ള നടപടിക്രമങ്ങളിൽ സർക്കാരിന്റെ ഭാഗത്തുനിന്നും ഒരു കുറവും ഉണ്ടായിട്ടില്ല. മുഖ്യമന്ത്രി സ്ഥാനത്തുനിന്ന് ഉമ്മൻ ചാണ്ടി മാറി ശ്രീ. പിണറായി വിജയൻ വന്നതുകൊണ്ടല്ല ഇതെല്ലാം സംഭവിച്ചത്. ഇതുസംബന്ധിച്ച് ദേശീയ ഹരിത ട്രൈബ്യൂണലാണ് തീരുമാനമെടുത്തതെന്ന വസ്തുത അങ്ങേയ്ക്കറിയാമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ദേശീയ ഹരിത ട്രൈബ്യൂണൽ ഈ തീരുമാനമെടുത്തത് ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന കാലത്തല്ല; മറിച്ച് ശ്രീ. പിണറായി വിജയൻ മുഖ്യമന്ത്രിയായിരിക്കുന്ന കാലത്താണ്. യഥാർത്ഥത്തിൽ, 2012-ൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ദീപക് കുമാർ Vs. സ്റ്റേറ്റ് ഓഫ് ഹരിയാന കേസിൽ മണൽ വാരൽ ഖനനത്തിന് പാരിസ്ഥിതികാനുമതി നിർബന്ധമാക്കി തീരുമാനമെടുത്തിരുന്നു. 2016 വരെ

സംസ്ഥാനത്ത് വിവിധ നദികളിലെ സാൻഡ് ഓഡിറ്റ് റിപ്പോർട്ടിനെ അടിസ്ഥാനമാക്കി സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസസ്സ്മെന്റ് അതോറിറ്റിയിൽനിന്നും പാരിസ്ഥിതികാനുമതി ലഭിക്കുകയും മണൽ ഖനനം നടത്തിവരികയുമാണ് ചെയ്തത്. 2016-ൽ കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം എൻവയോൺമെന്റ് ഇംപാക്ട് അസസ്സ്മെന്റ് ഭേദഗതിക്ക് ഒരു നോട്ടിഫിക്കേഷനിലൂടെ നദികളിൽനിന്നും മണൽ ഖനനം നടത്തുന്നതിന് ഡിസ്ട്രിക്ട് സർവ്വേ റിപ്പോർട്ട് (DSR), അംഗീകൃത മൈൻ പ്ലാൻ, ഫാറം നമ്പർ 1എം അപേക്ഷ എന്നിവ നിർബന്ധമാക്കി. അതെല്ലാം ചെയ്തുവന്നിരുന്നതാണ്. 27-08-2018-ൽ DEIAA (District Environment Impact Assessment Authority)-കളുടെ പ്രവർത്തനം ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണൽ റദ്ദ് ചെയ്യുന്നതുവരെയും മണൽ ഖനനവുമായി മുന്നോട്ടുപോകാൻ സാധിക്കുമായിരുന്നു. 2020-ൽ ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണലിന്റെ O.A. 40/2020 നമ്പർ കേസിൽ എൻവയോൺമെന്റൽ ക്ലിയറൻസ് ലഭിക്കുന്നതിനുള്ള DSR കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ

എഡ്യൂക്കേഷൻ ട്രെയിനിംഗ് അല്ലെങ്കിൽ ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യ മൈനിംഗ് മേഖലയിൽ അംഗീകരിച്ചിട്ടുള്ള കൺസൾട്ടൻസികൾ മുഖേന തയ്യാറാക്കണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. ഇതനുസരിച്ചുള്ള നടപടിക്രമങ്ങളിലേയ്ക്ക് പോകുകയല്ലാതെ എന്താണ് ചെയ്യാൻ കഴിയുക? NABET (National Accreditation Board for Education and Training) അംഗീകൃത ഏജൻസി മുഖേന തയ്യാറാക്കിയ DSR ഉൾപ്പെടുത്തി സമർപ്പിക്കാൻ 2021 ഫെബ്രുവരിയിൽ ചേർന്ന സ്റ്റേറ്റ് എൻവയോൺമെന്റ് അതോറിറ്റിയുടെ 107-ാമത് യോഗം തീരുമാനമെടുത്തതനുസരിച്ച് O.A.1/2021 നമ്പർ കേസ് പ്രകാരം ദേശീയ ഹരിത ട്രൈബ്യൂണൽ സംസ്ഥാനത്തെ നദികളിൽനിന്നുള്ള മണൽ ഖനനം സംബന്ധിച്ച് വിദഗ്ദ്ധ പരിശോധന നടത്തുകയും കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ 2016-ലെ Sustainable Sand Mining Management Guidelines, 2020-ലെ Enforcement and Monitoring Guidelines on Sand Mining എന്നിവ പാലിച്ച് DSR ഉൾപ്പെടെയുള്ളവ തയ്യാറാക്കി മണൽ ഖനനത്തിന് പാരിസ്ഥിതിക അനുമതി തേടണമെന്ന് 24-06-2021-ൽ വീണ്ടും വിധി പ്രസ്താവിക്കുകയും ചെയ്തു. അതിനുള്ള

കാരണം മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ആയതുകൊണ്ടും ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റും ആയതുകൊണ്ടല്ല. കേരളത്തിലെ റവന്യൂ വകുപ്പ് 32 നദികളിൽ ഇതുവരെ സാൻഡ് ഓഡിറ്റിംഗ് പൂർത്തിയാക്കിയിട്ടുണ്ട്. പാലക്കാട്, മലപ്പുറം, തൃശ്ശൂർ ജില്ലകളിൽ DSR തയ്യാറാക്കി പൊതുജനങ്ങളുടെ അഭിപ്രായത്തിനായി സമർപ്പിച്ചിരിക്കുയാണ്. മൂന്ന് മാസത്തിനുള്ളിൽ മലപ്പുറം, തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ക്രമീകരണത്തോടെ, നേരത്തെ നിശ്ചയിച്ചതുപോലെ മണൽ വാരൽ നടത്താൻ സാധിക്കും. രണ്ടാം ഘട്ടത്തിൽ, DSR സമർപ്പിക്കേണ്ട ജില്ലകളിൽ അങ്ങയുടെ ജില്ലയായ കണ്ണൂരും കോഴിക്കോടും കാസർഗോഡും ഉൾപ്പെടുന്നുണ്ട്. ഇതിന്റെ നടപടി അവസാന ഘട്ടത്തിൽ എത്തിയിരിക്കുന്ന സാഹചര്യത്തിൽ അവിടെ DSR തയ്യാറാക്കി പൊതുജനാഭിപ്രായം തേടിയാൽ മണൽ ഖനനത്തിന് അനുമതി നൽകാം. ഇടുക്കി, എറണാകുളം ജില്ലകൾ ഉൾപ്പെടുന്ന അടുത്ത ഘട്ടത്തിൽ നടപടികൾ സ്വീകരിച്ചുവരികയാണ്. പത്തനംതിട്ടയിലും കോട്ടയത്തും നടപടി തുടങ്ങുകയാണ്. ഏറ്റവും

അവസാനം കൊല്ലം ജില്ലയിൽ DSR പരിശോധന നടത്താനുള്ള ഏജൻസിയെ നിയമിക്കുന്നതിനുൾപ്പെടെ നടപടി കൈക്കൊണ്ടിട്ടുണ്ട്.

ശ്രീമതി സി. കെ. ആശ: സർ, കോട്ടയം ജില്ലയുടെ കാര്യം പരാമർശിച്ചില്ല.

ശ്രീ. കെ. രാജൻ: സർ, ഞാൻ വളരെ കൃത്യമായി പറഞ്ഞിട്ടുണ്ട്. പത്തനംതിട്ട, കോട്ടയം ജില്ലകളിൽ 2023 ഡിസംബർ മാസത്തിൽ നടപടിക്രമങ്ങൾ നടത്താനാണ് നേരത്തെ നിശ്ചയിച്ചത്. സാധാരണഗതിയിൽ പുഴകളിലെ DSR തയ്യാറാക്കുന്നതിനായി പന്ത്രണ്ട് മാസം മതിയാകില്ല. വെള്ളത്തിന്റെ ഒഴുക്കുള്ള സ്ഥലങ്ങൾ എവിടെയൊക്കെയാണെന്നും ഒഴുക്കില്ലാത്ത സമയങ്ങൾ എപ്പോഴൊക്കെയാണെന്നുമുള്ള വിശദാംശങ്ങൾ വേർതിരിച്ച് കണ്ടെത്തേണ്ടതുണ്ട്. ഒരു വർഷത്തിൽ 6 മാസമാണ് ഇത് ഏറ്റവും കൂടുതൽ സാദ്ധ്യമാകുന്നത്. അതുകൊണ്ട് മണൽ ഖനനത്തെക്കുറിച്ചുള്ള എല്ലാ സാദ്ധ്യതകളും പരിശോധിച്ച് നിയമപരമായി ദേശീയ ട്രൈബ്യൂണൽ നൽകുന്ന നടപടികൾ പാലിച്ചുകൊണ്ട് മുന്നോട്ടുപോകാം. ആർ.എം.എഫ്.-

ന്റെ മലപ്പുറത്ത് നിന്നുള്ള തുക കൊണ്ടുപോയതിനെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം സൂചിപ്പിക്കുകയുണ്ടായി. ആരുടെ കാലത്താണ് ടി ഫണ്ട് കൊണ്ടുപോയത്; മലപ്പുറം ഉൾപ്പെടെയുള്ള ജില്ലകളിലെ ഫണ്ട് എടുത്ത് പത്തനംതിട്ട ജില്ലാ നിർമ്മിതി കേന്ദ്രത്തെ ഏൽപ്പിച്ച് നടപടിക്രമങ്ങളിലേയ്ക്ക് പോയത് അങ്ങ് ഇതിന് അവസരം കൊടുത്തുവെന്ന് പറഞ്ഞ മുഖ്യമന്ത്രിയുടെ കാലഘട്ടത്തിൽ റവന്യൂ വകുപ്പുമന്ത്രി ഇതിന്റെ ചെയർമാനായിരിക്കുന്ന കാലത്താണ്. അത് തിരിച്ചുപിടിക്കാനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്; ഇത് വളരെ നാണക്കേടുള്ള കാര്യമാണ്. മലപ്പുറം ജില്ലയിലെ പാവപ്പെട്ടവർക്ക് സഹായകരമാകും വിധം ബഹുമാനപ്പെട്ട അംഗത്തിന്റെ മണ്ഡലത്തിൽ അനുവദിച്ച പാലം പണിയാൻ കഴിയാത്ത അവസ്ഥയാണുള്ളത്. അതിനുള്ള കാരണമെന്താണ്? ആ കാശെടുത്ത് പത്തനംതിട്ട ജില്ലയിൽ പാലം പണിയുകയാണ്. ആളുകൾ ഇങ്ങനെയൊന്നും ആകരുത്. പൊതുവായി കേരളത്തിനുവേണ്ടിയാണ് നമ്മൾ നിൽക്കേണ്ടത്.

<u>ശ്രീ. കെ. യു. ജനീഷ്കുമാർ:</u> സർ, പത്തനംതിട്ട ജില്ലയിൽ പാലം നിർമ്മിച്ചുവെന്ന് പറയരുത്. നിയമ തടസ്സം കാരണം ആ 3 പാലങ്ങളുടെയും നിർമ്മാണം പൂർത്തീകരിക്കാതെ പകുതിവഴിയിൽ ആയിരിക്കുന്നുവെന്നുകൂടി പറയണം.

<u>ശ്രീ. കെ. രാജൻ:</u> സർ, ഞാൻ അത് സമ്മതിക്കുന്നു. പണിതു എന്നല്ല പണം വകമാറ്റിയെന്നാണ് ഞാൻ ഉദ്ദേശിച്ചത്; ആ അർത്ഥത്തിൽതന്നെയാണ് പറഞ്ഞത്. ബഹുമാനപ്പെട്ട അംഗം കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ ഗൗരവതരമായ പ്രശ്നത്തെക്കുറിച്ചാണ് സൂചിപ്പിച്ചത്. 27 എ പ്രകാരം പണം അടച്ചും അല്ലാതെയും ഭൂമി തരം മാറ്റുന്ന സ്ഥിതിവിശേഷമാണുള്ളത്. അപ്രകാരം തരം മാറ്റിയാൽ അത് റവന്യൂ രേഖകളിലേയ്ക്ക് മാറണം . സർവ്വേയർമാരുടെ ഉൾപ്പെടെ കുറവുള്ളതുകൊണ്ട് റവന്യൂ രേഖകളിലേയ്ക്ക് മാറ്റുന്ന നടപടി താലൂക്ക് ഓഫീസുകളിൽ നടത്താൻ കഴിയുന്നില്ല. 27 സി പ്രകാരമുള്ള പ്രവൃത്തിയും നടപ്പാക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. അങ്ങ് ഉൾപ്പെടെ എനിക്ക് ആ പരാതി നൽകിയതാണ്. നിങ്ങളുടെയെല്ലാം പരാതി കണ്ടുകൊണ്ടുതന്നെ

05-08-2023-ൽ പുറപ്പെടുവിച്ച ഒരു ഉത്തരവ് സഭ മുമ്പാകെ അറിയിക്കുകയാണ്. റവന്യൂ വകുപ്പിന്റെ ഉത്തരവ് നമ്പർ 2886/2023-ൽ സൂചിപ്പിക്കുന്ന പ്രധാനപ്പെട്ട കാര്യം, "കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഭൂമി തരം മാറ്റവുമായി ബന്ധപ്പെട്ട അപേക്ഷകളിൽ സബ് ഡിവിഷൻ ആവശ്യമില്ലാത്ത കേസുകളിൽ ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസറുടെ നടപടിക്രമം തഹസിൽദാർ എൻഡോഴ്സ് ചെയ്ത് വില്ലേജ് ഓഫീസർക്ക് 48 മണിക്കൂറിനകം നൽകി റവന്യൂ രേഖകളിൽ തരംമാറ്റം വരുത്തേണ്ടതാണ്..." എന്നാണ്. സബ് ഡിവിഷൻ ആവശ്യമില്ലെങ്കിൽ എടുത്തുവയ്ക്കേണ്ടതില്ല. സബ്ഡിവിഷൻ ആവശ്യമായുള്ള കേസുകളാണ് അതിനേക്കാൾ പ്രധാനം, ആർ.ഡി. ഓഫീസുകളിൽനിന്നുള്ള ഉത്തരവിനോടൊപ്പം തരംമാറ്റ അപേക്ഷയിലെ സ്കെച്ച് പകർപ്പുകൂടി നൽകേണ്ടതാണ്. ഇപ്രകാരം സബ്ഡിവിഷൻ ആവശ്യമായ കേസുകളിൽ ഒരാഴ്ച്ചയ്ക്കകം സർവ്വേ നടത്താൻ സാധിക്കാത്ത താലൂക്കുകളിലെല്ലാംതന്നെ സബ്ഡിവിഷൻ നമ്പർ ReLIS (Revenue Land Information System) മുഖേനയുണ്ടാക്കി റവന്യൂ രേഖകളിൽ മാറ്റം വരുത്തി കരമൊടുക്കി

നൽകേണ്ടതും സ്കെച്ചിന്റെ പകർപ്പ് താലൂക്ക് ഓഫീസുകളിലും വില്ലേജ് ഓഫീസുകളിലും സപ്ലിമെന്ററി അടിസ്ഥാന നികുതി രജിസ്റ്റർ മാതൃകയിൽ ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്. ഇത്തരം കേസുകളിൽ പിന്നീട് സർവ്വേ നടത്തേണ്ടതും സർവ്വേ പെൻഡിംഗാണെന്ന വിവരം ReLIS-ലും ബന്ധപ്പെട്ട രജിസ്റ്ററുകളിലും രേഖപ്പെടുത്തേണ്ടതുമാണ്. ഇനി സർവ്വേയറില്ലാത്തതിന്റെ പേരിൽ 10 ദിവസത്തിൽക്കൂടുതൽ റവന്യൂ രേഖകളിൽ മാറ്റം വരുത്താതിരിക്കുകയോ കരമൊടുക്കാതിരിക്കുകയോ ചെയ്യുന്ന സ്ഥിതിവിശേഷം ഉണ്ടാകുകയില്ല. അങ്ങ് ഉൾപ്പെടെയുള്ളവർ പറഞ്ഞതിന്റെ ധാരണയുടെ അടിസ്ഥാനത്തിലാണ് 05-08-2023-ന് ഇത്തരമൊരു നടപടി സ്വീകരിച്ചത്.

വില്ലേജ് ഓഫീസുകളിൽ ജീവനക്കാരില്ലാത്ത പ്രശ്നവും ഇവിടെ ചർച്ച ചെയ്യുകയുണ്ടായി. നമുക്ക് എൽ.ഡി./യു.ഡി. ടൈപ്പിസ്റ്റായി 398 പേരും ഓഫീസ് അസിസ്റ്റന്റുമാരായി 921 പേരുമുൾപ്പെടെ 1319 പേരെ ജില്ലാ കേന്ദ്രത്തിൽനിന്നും നിയോഗിക്കുകയും ഒരു വില്ലേജ് ഓഫീസിൽ ഒരാളെക്കൂടി അധികമായി നൽകാൻ കഴിയുന്ന വിധത്തിലുള്ള

നടപടിക്രമങ്ങൾ സ്വീകരിക്കുകയും അതിന്മേൽ 09-08-2023-ന് ഉത്തരവാക്കാൻ ലാൻഡ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ഈ തരംമാറ്റൽ നടപടികളുടെ ഭാഗമായി, ഈ ഭേദഗതിയിലൂടെ ആർ.ഡി.ഒ. എന്ന പദത്തിന് നിർവ്വചനം നൽകിയിട്ടുണ്ട്. ഈ ആക്ടിൽ ആർ.ഡി.ഒ. (റവന്യൂ ഡിവിഷണൽ ഓഫീസർ) എന്നുപറയുന്ന സ്ഥാനത്ത് സർക്കാർ നിർദ്ദേശിക്കുന്ന ഡെപ്യൂട്ടി കളക്ടർക്കുടി ആകാമെന്ന നിർദ്ദേശം വരുമ്പോൾ യഥാർത്ഥത്തിൽ വലിയ രീതിയിലുള്ള മാറ്റമുണ്ടാകും. ബഹുമാനപ്പെട്ട ഏറനാട് അംഗത്തിന്റെ പ്രസംഗം ഞാൻ ശ്രദ്ധാപൂർവ്വം കേൾക്കുകയുണ്ടായി. നമ്മൾ തയ്യാറാക്കിയ ഇപ്പോഴത്തെ കണക്കനുസരിച്ച് ഏറനാട് താലൂക്കിൽ ഒരു ഡെപ്യൂട്ടി കളക്ടറെ ഇതിലേയ്ക്കായി ചുമതലപ്പെടുത്തിയാൽ അവിടെ നിലവിലുള്ള അകെയുള്ള അപേക്ഷകളിൽ ആ ഡെപ്യൂട്ടി കളക്ടറുടെ മുന്നിൽ തരം മാറ്റേണ്ടി വരുന്നതിനായി ലഭിക്കുന്നത് കേവലം 2235 അപേക്ഷകൾ മാത്രമായിരിക്കും. ബാക്കിയുള്ളവ പല താലൂക്കുകൾക്കായി വിഭജിച്ച് കൊടുക്കാൻ കഴിയും. ഒരു താലൂക്കിന്റെ

ചുമതലയുള്ള ഒരു ഡെപ്യൂട്ടി കളക്ടർക്ക് ഈ തരംമാറ്റ നടപടികൾ നൽകിയാൽ കേവലം 6 മാസത്തിനുള്ളിൽ ഓൺഗോയിംഗ് ആയിത്തന്നെ ഈ നടപടിക്രമങ്ങളെ മാറ്റിയെടുക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അങ്ങനെ വരുമ്പോൾ ഭൂമി കൈമാറ്റം ഉൾപ്പെടെ ആർ.ഡി.ഒ.-യ്ക്ക് നേരിട്ട് നിർവ്വഹിക്കേണ്ടിവരുന്ന ഇരുപത്തിയഞ്ചോളം ചുമതലകളിൽ കൂടുതൽ വ്യാപൃതനാകാൻ സാധിക്കും. ആർ.ഡി.ഒ. ആയി ഇപ്പോൾ ഒരു ജില്ലയുടെ പകുതി ഭാഗം കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്ന ഒരു ഉദ്യോഗസ്ഥന് ഒരു താലൂക്കിന്റെ മാത്രം ചുമതലക്കാരനായി മാത്രമെ പ്രവർത്തിക്കേണ്ടി വരികയുള്ളൂ. ജില്ലാ ഭരണകൂടത്തെയും അദ്ദേഹത്തിന് ചുമതലപ്പെട്ട മറ്റ് വകുപ്പുകളെയും സമഗ്രമായ വിധത്തിൽ സഹായിക്കാൻ ഈ നടപടിക്രമങ്ങൾകൊണ്ട് സാധിക്കുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. ഈ ഭേദഗതി ചർച്ചയിൽ പങ്കെടുത്ത എല്ലാവരോടും നന്ദി രേഖപ്പെടുത്തുന്നു. ഇതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് പോയിവരുന്ന ഘട്ടത്തിലും ചർച്ച ചെയ്യാവുന്നതാണ്. ഒരുകാര്യത്തിൽ അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം ഈ സഭയെ ബോധ്യപ്പെടുത്താൻ

ആഗ്രഹിക്കുകയാണ്. കേരളത്തിൽ ഇനി ഭൂമി നികത്തപ്പെട്ട കേസുകളിൽ റെസ്റ്റൊറേഷൻ നടപടികൾക്കുവേണ്ടി ഗവൺമെന്റ് ഉത്തരവിട്ട സ്ഥലങ്ങളിൽ അതിന് ആളില്ലാത്തതുകൊണ്ടോ സൗകര്യമില്ലാത്തതുകൊണ്ടോ നടപ്പാക്കപ്പെടാതിരിക്കുന്ന സ്ഥിതിവിശേഷം ഉണ്ടാകില്ല. ബഹുമാനപ്പെട്ട പി. കെ. ബഷീർ സൂചിപ്പിച്ചതുപോലെ, കേരളത്തിൽ ഇതിനേടകം ചില കുറവുകളുണ്ടായിട്ടുണ്ടെന്ന് മനസ്സിലാക്കുമ്പോൾത്തന്നെ സെക്ഷൻ 13 പ്രകാരം restore ചെയ്യപ്പെടാൻ ഇതിനകം ബഹുമാനപ്പെട്ട ജില്ലാ കളക്ടർമാർ ഏകദേശം 974 കേസുകൾ ഇപ്പോൾ സർക്കാരിന്റെ മുമ്പിൽ കൊണ്ടുവന്നിട്ടുണ്ട്. പ്രസ്തുത കേസുകളിലായി ഏകദേശം 14,65,28,950 രൂപ ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇക്കാര്യം ധനകാര്യ വകുപ്പിനെ അറിയിച്ചിട്ടുണ്ട്. അക്കാര്യത്തിൽ സർക്കാർ സ്വീകരിക്കുന്ന നടപടികൾക്ക് ഒരേ അഭിപ്രായമാണുള്ളത്. ഇത്തരം നടപടികളിലൂടെ ഇതിന്റെ ഓപ്പറേഷൻ പാർട്ടിനെ കുറേക്കൂടി സമ്പന്നമാക്കാൻ അനുവാദം നൽകണം. ബിൽ സബ്ജക്റ്റ് കമ്മിറ്റി II-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

<u>മി. സ്പീക്കർ</u>: ശ്രീ. പി. കെ. ബഷീർ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ഞാൻ പ്രസ് ചെയ്യുന്നു.

<u>മി. സ്പീക്കർ</u>: അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ...............

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2023-ലെ കേരള നെൽവയൽ- തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(ii) 2023-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, 2023-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, 2023-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച

സബ്ജക്ട് കമ്മിറ്റി XII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, വളരെ ചെറിയൊരു ഭേദഗതിയാണിത്. രാജ്യത്തെ മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ ദേശീയ മെഡിക്കൽ കൗൺസിലിന് പകരം നാഷണൽ മെഡിക്കൽ കമ്മീഷൻ നിലവിൽ വന്നതോടുകൂടി അതുമായി ബന്ധപ്പെട്ട് 2017-ൽ കേരള നിയമസഭ സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനത്തിൽ സാമൂഹ്യനീതി ഉറപ്പാക്കുന്നതിനും പിന്നാക്ക വിഭാഗങ്ങളിലും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലുള്ള വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുന്നതിനും ഫീസ് നിയന്ത്രിക്കുന്നതിനുമായി കൊണ്ടുവന്ന നിയമമാണിത്. 2019-ലാണ് അതിനൊരു ഭേദഗതി കൊണ്ടുവരുന്നത്. 2019-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള

പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ആക്ട് പ്രകാരം അതുവരെയുണ്ടായിരുന്ന പ്രവേശനവും ഫീസ് നിയന്ത്രണവും സമിതിയെ പ്രവേശന മേൽനോട്ട സമിതിയായും ഫീസ് നിയന്ത്രണ സമിതിയായും രണ്ടായി വിഭജിച്ചു. 2019 ജൂൺ മാസം 30-ാം തീയതി എസ്.ആർ.ഒ. നമ്പർ 428/2019, എസ്.ആർ.ഒ. നമ്പർ 430/2019 എന്നിവ പ്രകാരമാണ് റിട്ടയേർഡ് ജസ്റ്റിസ് ശ്രീ. ആർ. രാജേന്ദ്രബാബു ചെയർമാനായ സമിതിയെ പ്രവേശന മേൽനോട്ട സമിതിയായും ഫീസ് നിയന്ത്രണ സമിതിയായും രൂപീകരിച്ചത്. ഈ ആക്ടിന്റെ നാലാം വകുപ്പുപ്രകാരം എക്സ്-ഒഫീഷ്യോ അംഗങ്ങൾ ഒഴികെയുള്ള സമിതിയിലെ എല്ലാ അംഗങ്ങളുടെയും കാലാവധി നോട്ടിഫിക്കേഷൻ തീയതി മുതൽ മൂന്ന് വർഷക്കാലമാണ്. അപ്രകാരം ചെയർമാന്റെ കാലാവധി 2022 ജൂൺ മാസത്തിൽ കഴിഞ്ഞു. അതിനുശേഷം നോട്ടിഫിക്കേഷനിലൂടെ റിട്ടയേർഡ് ഹൈക്കോടതി ജഡ്ജായ ശ്രീ. കെ. കെ. ദിനേശനെ ചെയർമാനായി നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു. ഇതിനോടനുബന്ധിച്ച് 2019-ലെ ഭേദഗതി ആക്ടിന്റെ 3-ാം വകുപ്പും 3 (എ) വകുപ്പുമനുസരിച്ച് പ്രവേശന സമിതിയിലെയും ഫീസ് നിയന്ത്രണ

സമിതിയിലെയും അംഗങ്ങളെ നിശ്ചയിക്കുന്നതിന് ഗസറ്റ് വിജ്ഞാപനം മുഖേന നോട്ടിഫൈ ചെയ്യേണ്ടതായിട്ടുണ്ട്. പ്രവേശന മേൽനോട്ട സമിതിയിലെ ചെയർപേഴ്സൺ; അതായത് റിട്ടയേർഡ് ജഡ്ജ്, മെമ്പർ സെക്രട്ടറി, വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറി, നിയമ വകുപ്പുസെക്രട്ടറി എന്നിവരോടൊപ്പം സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ പ്രതിനിധിയുമുണ്ട്. അതുപോലെ ഫീസ് നിർണ്ണയ സമിതിയിലും മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ പ്രതിനിധിയുണ്ട്. നാഷണൽ മെഡിക്കൽ കമ്മീഷൻ നിലവിൽവന്ന സാഹചര്യത്തിൽ ഈ രണ്ട് സമിതികളിലും മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ പ്രതിനിധി എന്നതിനുപകരം സർക്കാർ ശിപാർശ ചെയ്യുന്ന നാഷണൽ മെഡിക്കൽ കമ്മീഷനിലെ അംഗം എന്ന് മാറ്റേണ്ടതായിട്ടുണ്ട്. പ്രസ്തുത ഭേദഗതി നിർദ്ദേശമാണ് ഈ ബില്ലിലൂടെ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് സഭയോട് അഭ്യർത്ഥിക്കുന്നത്.

ശ്രീ. കെ. എം. സച്ചിൻദേവ് ചുമതലപ്പെടുത്തിയതുപ്രകാരം

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, 2023-ലെ കേരള മെഡിക്കൽ

വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2023 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഇത് വളരെ ചെറിയൊരു ഭേദഗതിയാണെങ്കിലും അനിവാര്യമാണ്. വളരെ സൂക്ഷ്മതയോടെയും ജാഗ്രതയോടെയും ഗവൺമെന്റും ബഹുമാനപ്പെട്ട മന്ത്രിയും ഇക്കാര്യങ്ങൾ ശ്രദ്ധിക്കുന്നുവെന്നാണ് മനസ്സിലാക്കുന്നത്. 2019-ലെ നാഷണൽ മെഡിക്കൽ കമ്മീഷൻ ആക്ടിന്റെ 60-ാം വകുപ്പുപ്രകാരം കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനത്തിലാണ് 1956-ലെ ഇന്ത്യൻ മെഡിക്കൽ കൗൺസിൽ ആക്ട് റദ്ദാക്കപ്പെട്ടിട്ടുള്ളത്. ഇതിനുപകരമായി നാഷണൽ മെഡിക്കൽ കമ്മീഷൻ നിലവിൽ വന്നതിന്റെ ഭാഗമായി 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ബില്ലിലെ ഭേദഗതിയാണ് ഇപ്പോൾ ചർച്ച ചെയ്യപ്പെടുന്നത്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. സി. എച്ച്. കുഞ്ഞമ്പു]

മെഡിക്കൽ വിദ്യാഭ്യാസ രംഗത്തും ആരോഗ്യരംഗത്തും ഗവൺമെന്റ് വളരെ ജാഗ്രതയോടെ മുന്നോട്ടുപോകുന്ന സമയമാണിത്. മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് ആരെയും അതിശയിപ്പിക്കുകയും അത്ഭുതപ്പെടുത്തുകയും ചെയ്യുന്ന മുന്നേറ്റമാണ് ഈ കാലയളവിൽ നമുക്ക് നേടിയെടുക്കാൻ സാധിച്ചത്. പ്രതിപക്ഷനിരയിലെ പ്രമുഖരായ അംഗങ്ങൾ ഇന്നലെ ഇവിടെ സംസാരിക്കുമ്പോൾ, നമ്മുടെ സംസ്ഥാനത്തെ കുട്ടികളെല്ലാം ഉന്നതവിദ്യാഭ്യാസത്തിനായി വിദേശരാജ്യങ്ങളിലേയ്ക്ക് പോകുന്നുവെന്ന നിലയിലുള്ള ചർച്ച ഉയരുകയുണ്ടായി. സർക്കാർ സീറ്റുകളിൽ അഡ്മിഷൻ ലഭിക്കുന്ന ഒരു വിദ്യാർത്ഥിപോലും നമ്മുടെ സംസ്ഥാനം വിട്ടുപോകുന്നില്ലെന്ന വസ്തുത ആ ഘട്ടത്തിൽതന്നെ ഇവിടെ അറിയിക്കുകയും ചെയ്തു. അത്തരത്തിൽ മെച്ചപ്പെട്ട വിദ്യാഭ്യാസമാണ് കേരളത്തിൽ നൽകിവരുന്നത്. മെഡിക്കൽ രംഗത്ത് പഠിക്കാൻ ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും പ്രവേശനം നൽകത്തക്ക നിലയിലുള്ള സീറ്റുകളുടെ ലഭ്യതക്കുറവ് കേരളത്തിൽ നിലനിൽക്കുന്ന സാഹചര്യത്തിൽ സീറ്റുകളുടെ എണ്ണം

വർദ്ധിപ്പിക്കണം. അതിനായി ഇപ്പോൾ ഗവൺമെന്റും ആരോഗ്യവകുപ്പും സമാനതകളില്ലാത്ത നിലയിലുള്ള തീരുമാനമാണ് കൈക്കൊണ്ടിരിക്കുന്നത്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ 2016 വരെ 1100 എം.ബി.ബി.എസ്. സീറ്റുകളായിരുന്നു കേരളത്തിലുണ്ടായിരുന്നത്. എന്നാൽ ഇപ്പോഴത് 1655 സീറ്റുകളായി വർദ്ധിച്ചിരിക്കുകയാണ്. കേരള സംസ്ഥാനം രൂപീകരിച്ച് ആറര പതിറ്റാണ്ടുകൊണ്ട് 455 സീറ്റുകളുടെ വർദ്ധനവാണ് ഉണ്ടായിരിക്കുന്നത്. കേരളത്തിലെ എം.ബി.ബി.എസ്. സീറ്റുകളുടെ കാര്യത്തിൽ ഗവൺമെന്റിന് വലിയ നിലയിലുള്ള മാറ്റം സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. കൊല്ലം, ഇടുക്കി, കോന്നി ഉൾപ്പെടെയുള്ള മൂന്ന് മെഡിക്കൽ കോളേജുകളിലും കണ്ണൂർ മെഡിക്കൽ കോളേജ് സർക്കാർ മേഖലയിൽ ഏറ്റെടുത്ത് പ്രവർത്തനം നടത്തിക്കൊണ്ടും വലിയരീതിയിലുള്ള മാറ്റം സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. എം.ബി.ബി.എസ്. സീറ്റിനുവേണ്ടി മാത്രമല്ല; നഴ്സിംഗ് സീറ്റിനുവേണ്ടിയും വിദ്യാർത്ഥികൾ മറ്റ് സംസ്ഥാനങ്ങളിലും വിദേശത്തും പോകുന്നുവെന്നതിനെ സംബന്ധിച്ച് ഇപ്പോൾ ചർച്ച നടക്കുന്നുണ്ട്. ഇപ്പോൾ പുതിയതായി ആറ് നഴ്സിംഗ് കോളേജുകൾക്ക്

ഗവൺമെന്റ് അനുമതി നൽകിയത് ഏറെ പ്രതിസന്ധി നിറഞ്ഞ ഘട്ടത്തിലും ഗവൺമെന്റ് മെഡിക്കൽ വിദ്യാഭ്യാസ മേഖലയെ എപ്രകാരം കാണുന്നു എന്നതിനുള്ള തെളിവാണ്.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, കഴിഞ്ഞ ദിവസം നടന്ന ചർച്ചയിൽ നിരവധി വിദ്യാർത്ഥികൾ വിദേശ രാജ്യങ്ങളിലേയ്ക്ക് പഠിക്കാൻ പോകുന്നുണ്ടെന്ന് സൂചിപ്പിക്കുകയുണ്ടായി. ഇന്ത്യയുടെ ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ കേവലം രണ്ടുമുതൽ മൂന്ന് ശതമാനം മാത്രം വിദ്യാർത്ഥികളാണ് കേരളത്തിൽനിന്നും വിദേശ രാജ്യങ്ങളിലേയ്ക്ക് പോകുന്നതെന്ന വിവരം അങ്ങേയ്ക്കറിയാമോ?

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഈ യാഥാർത്ഥ്യം നിലനിൽക്കുമ്പോൾ തന്നെയാണ് പ്രതിപക്ഷനിരയിൽനിന്നും ഇത്തരം തെറ്റിദ്ധാരണ പരത്തുന്ന പ്രചാരണങ്ങൾ ഉയർത്തുന്നത്. 2016-ൽ ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ നഴ്സിംഗ് വിദ്യാഭ്യാസ മേഖലയിൽ 435 സീറ്റുകളാണ് ഉണ്ടായിരുന്നത്. ഇപ്പോൾ പുതിയതായി അനുവദിച്ച ആറ് നഴ്സിംഗ് കോളേജുകളിലേതുൾപ്പെടെ 1047 സീറ്റുകൾ ഈ ഗവൺമെന്റ്

ഇടപെട്ടതിന്റെ ഭാഗമായി നഴ്സിംഗ് വിദ്യാർത്ഥികൾക്ക് ലഭിക്കുകയുണ്ടായി. ആറര പതിറ്റാണ്ടുകൊണ്ട് ഈ 435 സീറ്റുകളുടെ ഇരട്ടിയിൽ കൂടുതൽ വർദ്ധനവുണ്ടായിട്ടുണ്ട്. അത് വളരെ അത്ഭുതങ്ങൾ സൃഷ്ടിക്കുന്ന മാറ്റമാണ്. ഇതിന് നേതൃത്വം കൊടുക്കുന്ന ഗവൺമെന്റിനെയും ആരോഗ്യ വകുപ്പിനെയും ഞാൻ അങ്ങേയറ്റം പ്രശംസിക്കുകയാണ്. കോന്നി മെഡിക്കൽ കോളേജ് അസാധ്യമെന്ന് വിലയിരുത്തപ്പെട്ടിരുന്നതാണ്. എന്നാൽ ഇത്തവണ അവിടെ നാഷണൽ മെഡിക്കൽ കമ്മീഷന്റെ അംഗീകാരം ലഭിച്ചതും നൂറ് സീറ്റിൽ വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചതും രണ്ടാമത്തെ ബാച്ചിനുള്ള അനുമതി ലഭ്യമാക്കിയതും ഈ ഗവൺമെന്റിന്റെയും ആരോഗ്യ വകുപ്പിന്റെയും വളരെ സൂക്ഷ്മതയോടെയും ജാഗ്രതയോടെയുമുള്ള ഇടപെടലിന്റെ ഫലമാണ്. നാഷണൽ മെഡിക്കൽ കമ്മീഷന്റെ പരിശോധനയിൽ അവർ പോരായ്മകൾ കണ്ടെത്താനാണ് ശ്രമിച്ചത്. പക്ഷേ, ആരോഗ്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ആഴ്ചയിലൊരിക്കൽ റിവ്യൂ നടത്തുകയും സ്പെഷ്യൽ ടീമിനെ നിയോഗിച്ച് പോരായ്മകൾ പരിഹരിക്കുന്നതിനായി നടത്തിയ ഇടപെടലിന്റെയും ഭാഗമായാണ് ആ മെഡിക്കൽ കോളേജ്

യാഥാർത്ഥ്യമായത്. അസാധ്യമെന്ന് കരുതിയ കോന്നി മെഡിക്കൽ കോളേജ് സാധ്യമാക്കുന്നതിനായി ഗവൺമെന്റ് ഈ പ്രതിസന്ധി ഘട്ടത്തിലും കിഫ്ബിയിൽനിന്ന് 350 കോടി രൂപയാണ് അനുവദിച്ചത്. പുതിയ ആശുപത്രി ബ്ലോക്ക്, അക്കാദമിക് ബ്ലോക്ക്, ഓഡിറ്റോറിയം, ക്വാർട്ടേഴ്സുകൾ, ഹോസ്റ്റലുകൾ ഉൾപ്പെടെ എല്ലാ അടിസ്ഥാന സൗകര്യങ്ങളും വളരെ വേഗത്തിൽ സൃഷ്ടിക്കുകയും 80 കോടി രൂപ ചെലവഴിച്ച് അത്യാധുനിക നിലയിലുള്ള ഉപകരണങ്ങൾ എത്തിച്ചുകൊണ്ടുമാണ് വളരെ വേഗത്തിൽ ആ മെഡിക്കൽ കോളേജിനെ വികസിപ്പിച്ചെടുത്തത്. ഇതിന് വളരെ ജാഗ്രതയോടെ നേതൃത്വം കൊടുത്ത ഗവൺമെന്റിനെയും ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയെയും ആരോഗ്യവകുപ്പിനെയും പ്രശംസിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. കോന്നി മെഡിക്കൽ കോളേജിന്റെ വിഷയം മാത്രമല്ല, ഇടുക്കി മെഡിക്കൽ കോളേജിന്റെ സ്ഥിതി എന്തായിരുന്നു? 2014-ൽ വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചെങ്കിലും അതിനുശേഷം ആ മെഡിക്കൽ കോളേജ് നാഷണൽ മെഡിക്കൽ കമ്മീഷന്റെ അംഗീകാരമില്ലാതെ റദ്ദ്

ചെയ്യപ്പെടുകയാണുണ്ടായത്. അവിടെ പ്രവേശനം ലഭിച്ച് രണ്ട് വർഷം പഠിച്ച വിദ്യാർത്ഥികൾപോലും പെരുവഴിയിലാകുന്ന സ്ഥിതിയായിരുന്നു. ആ വിദ്യാർത്ഥികൾ അന്നത്തെ ഗവൺമെന്റിനെ വിശ്വസിച്ച് അഡ്മിഷൻ എടുത്തവരായിരുന്നു. 2016-ൽ യു.ഡി.എഫ്. സർക്കാരിന്റെ കാലത്തുതന്നെ ആ മെഡിക്കൽ കോളേജിന്റെ അംഗീകാരം റദ്ദാക്കപ്പെട്ടു. അതിനുശേഷം അധികാരത്തിൽവന്ന ഇടതുപക്ഷ ഗവൺമെന്റ് നാഷണൽ മെഡിക്കൽ കമ്മീഷന്റെ പ്രത്യേക അനുമതിയോടുകൂടി ഈ വിദ്യാർത്ഥികളെ മറ്റ് കോളേജുകളിലേയ്ക്ക് പ്രവേശിപ്പിക്കുകയുണ്ടായി. അടച്ചുപൂട്ടുമെന്ന് പറയപ്പെട്ട ഇടുക്കി മെഡിക്കൽ കോളേജിനെ യാഥാർത്ഥ്യമാക്കാനാണ് ഈ ഗവൺമെന്റ് പരിശ്രമിച്ചത്. എല്ലാ പോരായ്മകളും പരിഹരിച്ചുകൊണ്ടും പുതിയ കെട്ടിടങ്ങൾ ഉൾപ്പെടെ നിർമ്മിച്ചുകൊണ്ടുമാണ് ഇടുക്കി മെഡിക്കൽ കോളേജ് വീണ്ടും യാഥാർത്ഥ്യമായത്. അവിടെ കഴിഞ്ഞ വർഷം 100 സീറ്റിന് അനുമതി ലഭ്യമാക്കി വിദ്യാർത്ഥികളുടെ പ്രവേശനം സാധ്യമാക്കിയിട്ടുണ്ട്. കേരള സർക്കാരിന്റെയും ആരോഗ്യവകുപ്പിന്റെയും ജാഗ്രതയോടെയുള്ള ഇടപെടലിന്റെ ഭാഗമായി ഒരു വർഷം 200

വിദ്യാർത്ഥികൾക്കാണ് പുതിയതായി എം.ബി.ബി.എസ്.-ന് അഡ്മിഷൻ ലഭിച്ചത്. ഇന്ത്യയിലെ മറ്റ് ഏത് സംസ്ഥാനത്തിനാണ് ഇത് അവകാശപ്പെടാൻ കഴിയുന്നത്? കേരളത്തിലെ മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് നടന്നിരിക്കുന്ന ഈ അത്ഭുതം ചർച്ച ചെയ്യാൻ കേരളത്തിലെ മാധ്യമങ്ങളൊന്നും തയ്യാറായിട്ടില്ല. പക്ഷെ, ഈ രംഗത്ത് വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളെല്ലാം കേരളത്തിലെ പൊതുസമൂഹം കാണുന്നുണ്ട്. നമ്മുടെ മെഡിക്കൽ കോളേജുകളിൽ മാനുഷികമായി സംഭവിക്കാവുന്ന പിഴവുകൾ പർവ്വതീകരിക്കാൻ വലിയ ജാഗ്രത കാണിക്കുന്നവർ അതെല്ലാം ഉയർത്തിക്കൊണ്ടുവരണം. പക്ഷെ, എന്തുകൊണ്ട് കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ സംഭവിക്കുന്ന ഈ വലിയ വികസനമുന്നേറ്റം ചർച്ച ചെയ്യപ്പെടുന്നില്ല. എന്തുകൊണ്ടാണ് കേരളത്തിലെ പ്രതിപക്ഷം അത് കാണാതെ പോകുന്നത്? തിരുവനന്തപുരം മുതൽ കാസർഗോഡുവരെയുള്ള മെഡിക്കൽ കോളേജുകളുടെ കാര്യം പരിശോധിച്ചാൽ ഈ കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ അത്ഭുതപൂർവ്വമായ വികസനമാണ് ഉണ്ടായിരിക്കുന്നതെന്ന്

കാണാൻ സാധിക്കും. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പി.ജി. സീറ്റുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാക്കാൻ കഴിഞ്ഞില്ലേ? 100 ഐ.സി.യു. കിടക്കകളുള്ള പുതിയ ബ്ലോക്കുൾപ്പെടെ കോടിക്കണക്കിന് രൂപയുടെ വികസന പദ്ധതികളാണ് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ആലപ്പുഴ മെഡിക്കൽ കോളേജിൽ 173 കോടി രൂപ ചെലവഴിച്ച് സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുകയാണ്. തൊട്ടപ്പുറത്ത് 200 സൂപ്പർ സ്പെഷ്യാലിറ്റി കിടക്കകൾ സജ്ജീകരിക്കുന്നു, 50 കോടി രൂപയുടെ ഐ.സി.യു. കിടക്കകൾ സജ്ജീകരിക്കുന്നു, 30 കോടി രൂപയുടെ മറ്റു നിർമ്മാണ പ്രവർത്തനങ്ങളും നടപ്പാക്കിവരികയാണ്. മേൽ സൂചിപ്പിച്ച തുകയെല്ലാം ഒരു മെഡിക്കൽ കോളേജിനുവേണ്ടിയാണ് ചെലവഴിച്ചിരിക്കുന്നത്. ഇതിനുമുമ്പ് കേരളത്തിൽ അത്തരം സ്ഥിതിയുണ്ടായിട്ടുണ്ടോ? ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന ഒന്നോ, രണ്ടോ, മൂന്നോ അല്ലെങ്കിൽ പരമാവധി അഞ്ച് കോടി രൂപയായിരുന്നു അതുവരെ കേരളത്തിലെ മെഡിക്കൽ കോളേജുകൾക്ക്/ ആരോഗ്യമേഖലയ്ക്ക്/

വിദ്യാഭ്യാസ മേഖലയ്ക്ക് മാറ്റിവയ്ക്കപ്പെട്ടിരുന്നതെങ്കിൽ ഒരു മെഡിക്കൽ കോളേജിനുവേണ്ടി മാത്രമാണ് 500 കോടിയോളം രൂപ ചെലവഴിച്ചുകൊണ്ടുള്ള വികസന പദ്ധതികൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. കൊല്ലം മെഡിക്കൽ കോളേജിൽ നഴ്സിംഗ് കോളേജുകൂടി അനുവദിച്ചിരിക്കുകയാണ്. കാത്ത് ലാബ് ഉൾപ്പെടെയുള്ള മറ്റെല്ലാ സംവിധാനങ്ങളും അവിടെയും ഒരുക്കുകയാണ്. കോട്ടയം മെഡിക്കൽ കോളേജിൽ 268 കോടി രൂപയുടെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്, പകർച്ചവ്യാധി ചികിത്സയ്ക്ക് 10 കോടി രൂപയുടെ പ്രത്യേക ബ്ലോക്ക്, 36 കോടി രൂപയുടെ കാർഡിയോളജി ബ്ലോക്ക്, 136 കോടി രൂപയുടെ മറ്റു വികസന പദ്ധതികൾ എന്നിവയെല്ലാം നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. 285 കോടി രൂപയുടെ വികസനമാണ് എറണാകുളം കളമശ്ശേരി മെഡിക്കൽ കോളേജിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. തൃശ്ശൂർ, മഞ്ചേരി, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് മെഡിക്കൽ കോളേജുകളിൽ വലിയ നിലയിലുള്ള വികസന പദ്ധതികളാണ് യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുന്നത്. അവിടെ എത്തുന്ന മെഡിക്കൽ വിദ്യാർത്ഥികൾക്ക് മാത്രമല്ല, സാധാരണക്കാർക്കും

മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കാൻ സ്വകാര്യ ആശുപത്രിയെക്കാൾ മെച്ചപ്പെട്ട ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിനുവേണ്ടി വളരെ ജാഗ്രതയോടെയും ദീർഘവീക്ഷണത്തോടെയുമുള്ള ഇടപെടലാണ് ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. മെഡിക്കൽ കോളേജുകൾ മാത്രമല്ല, നമ്മുടെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാകെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയിരിക്കുന്നു. കുടുംബാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾവരെ ഭരണ-പ്രതിപക്ഷ ഭേദമില്ലാതെ എല്ലാ നിലയിലും വലിയ മാറ്റങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് ഈ ബില്ലിന്റെ ഭേദഗതി സംബന്ധിച്ച ചർച്ച ഉയർന്നുവരുന്നത്. ഇതിനെല്ലാം നേതൃത്വം കൊടുക്കുന്ന ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രിയെയും ആരോഗ്യ വകുപ്പിനെയും അങ്ങേയറ്റം അഭിനന്ദിച്ചുകൊണ്ടും ഈ ബില്ലിനെ പിന്തുണച്ചുകൊണ്ടും എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, 2023-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ ഒരു സെലക്ട്

കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഇന്ന് സഭയുടെ പരിഗണനയ്ക്ക് വന്നിട്ടുള്ള ഈ ബിൽ ചെറിയൊരു തിരുത്തൽ വരുത്തുന്നതിനുള്ളതാണ്. ഈ ബിൽ സഭയുടെ മുന്നിൽ വരുമ്പോൾ കേരളത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം തീർത്തും നിർഗുണമായ കാര്യങ്ങളാണുള്ളതെന്ന് കാണാൻ സാധിക്കും. ഇത് ജനങ്ങളെ ബാധിക്കുന്ന വിഷയമല്ല; മറിച്ച്, സർക്കാരിന്റെ ഔദ്യോഗികതലത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്ന ചില കാര്യങ്ങളാണ്. എന്നാൽ ഈ മേഖലയിലെ ചില വിഷയങ്ങൾ ചർച്ച ചെയ്യേണ്ടതായിട്ടുണ്ട്. കേരളത്തിലെ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് ഇന്ന് മെഡിക്കൽ പഠനം നിഷേധിക്കപ്പെടുന്ന സാഹചര്യമാണുള്ളത്. കേരളത്തിലെ മഹാഭൂരിപക്ഷം വരുന്ന ഇത്തരക്കാർ മെഡിക്കൽ വിദ്യാഭ്യാസം ആഗ്രഹിച്ചാൽപോലും അഡ്മിഷൻ ലഭിക്കുന്നതിനായി വലിയ തുക ഫീസും കോഴയും കൊടുക്കേണ്ട സാഹചര്യമാണുള്ളത്. സർക്കാർ തന്നെ 'സംഭാവന' എന്ന ഓമനപ്പേരിട്ടുകൊണ്ടാണ് അതിനെ വിളിക്കുന്നത്. ഔദ്യോഗികമായി

സംഭാവന വാങ്ങാൻ അനുമതി നൽകിയിട്ടുണ്ട്. ഒരു കോടി രൂപ വരെയാണ് ചില സ്ഥാപനങ്ങൾ എം.ബി.ബി.എസ്. അഡ്മിഷനുവേണ്ടി വാങ്ങുന്നതെന്നാണ് കേട്ടറിയുന്നത്. ഈ കാലഘട്ടത്തിലാണ് ഇത്തരമൊരു ബില്ലുമായി ബന്ധപ്പെട്ട് സഭയിൽ ചർച്ചയ്ക്ക് വന്നിരിക്കുന്നത്. സംസ്ഥാനത്ത് സർക്കാർ മെഡിക്കൽ കോളേജുകളുടെ എണ്ണം വിരളമാണ്. മെഡിക്കൽ കോളേജുകൾ സർക്കാർ മേഖലയിൽ 12 എണ്ണവും സ്വാശ്രയ മേഖലയിൽ 19 എണ്ണവുമാണുള്ളത്. സർക്കാർ മേഖലയിലെ സീറ്റുകൾ 1400 എണ്ണമാണെങ്കിൽ സ്വാശ്രയ മേഖലയിൽ 2450 സീറ്റുകളാണുള്ളത്. അതുകൊണ്ടുതന്നെ ഒന്നോ രണ്ടോ മാർക്ക് കുറഞ്ഞാൽ പാവപ്പെട്ട കുട്ടികൾക്ക് പ്രവേശനം ലഭിക്കാതെ പോകുന്ന സാഹചര്യമാണുള്ളത്. കേരളത്തിലെ സ്വാശ്രയ മേഖലയ്ക്ക് എതിരായി സമരം നയിച്ചവരാണ് നിങ്ങളെന്ന് ഇടതുപക്ഷ സുഹൃത്തുക്കൾ ആലോചിക്കണം. കൂത്തുപറമ്പിൽ അഞ്ച് സഖാക്കളുടെ മരണം നിങ്ങൾക്ക് മറക്കാൻ കഴിയുമെങ്കിലും ഞങ്ങൾക്ക് അത് മറക്കാൻ കഴിയില്ല. സ്വാശ്രയ കോളേജുകൾക്കെതിരെയുള്ള സമരത്തിൽ യുവജനകേരളത്തിന്റെ

ഭാഗമായിരുന്ന അഞ്ച് ചെറുപ്പക്കാരെ കൊലയ്ക്ക് കൊടുത്തവരാണ് നിങ്ങൾ. 1982-ൽ കേരളത്തിൽ പ്രമാദമായൊരു സമരം നടന്നു; മെഡിക്കോസ് സമരം. എന്തായിരുന്നു മെഡിക്കോസ് സമരം? സ്വകാര്യമേഖലയിലെ ഒരു സ്ഥാപനത്തിന് അംഗീകാരം കൊടുക്കാൻ കരുണാകരൻ ഗവൺമെന്റിന്റെ കാലത്ത് തീരുമാനമെടുത്തപ്പോൾ അത് പാടില്ലെന്ന് പറഞ്ഞ് സമരം നടത്തുകയും നൂറുകണക്കിന് വാഹനങ്ങൾ അടിച്ചുതകർക്കുകയും ചെയ്ത സാഹചര്യമുണ്ടായിരുന്നു. എസ്.എഫ്.ഐ. പ്രതിനിധികളുള്ള സഭയ്ക്കകത്താണ് നമ്മൾ ഈ ബിൽ ചർച്ച ചെയ്യുന്നത്. അന്ന് അതിനോടനുബന്ധിച്ച് ഒന്ന്-രണ്ട് മെഡിക്കൽ കോളേജുകളിൽ മാത്രമായി 25 സീറ്റുകളുടെ വർദ്ധനവുണ്ടായി. ടി അവസരത്തിൽ അന്ന് എസ്.എഫ്.ഐ.-ക്കാരും സി.പി.ഐ.(എം) അടക്കമുള്ളവരും ചോദിച്ചത് 'എന്തിനാണ് ഇത്രയും ആളുകൾക്ക് മെഡിക്കൽ വിദ്യാഭ്യാസം കൊടുത്ത് പുറത്ത് വിടുന്നത്?' എന്നായിരുന്നു. 'തൊഴിലില്ലാപടയുടെ കൂട്ടത്തിൽ ഡോക്ടർമാരെയും ഉൾപ്പെടുത്താനാണോ?' എന്ന് ചോദിച്ചവരാണ് നിങ്ങൾ. അങ്ങനെയുള്ള നിങ്ങൾ ഇപ്പോൾ ഇതിന് വിശേഷണങ്ങൾ പറയുകയാണ്.

സ്വാശ്രയ കോളേജുകൾ വന്നതുകൊണ്ടാണ് കുട്ടികളുടെ എണ്ണം വർദ്ധിച്ചത് എന്നൊക്കെ നിങ്ങൾ പറയുമ്പോൾ ഞാൻ അത്ഭുതപ്പെട്ടു പോകുകയാണ്. ഇവിടെ ശ്രീ. കെ. യു. ജനീഷ് കുമാർ പറഞ്ഞത് വളരെ ശരിയാണ്. നിങ്ങളുടെ ഈ മാറ്റം നമ്മെ അത്ഭുതപ്പെടുത്തുകയാണ്. കാരണം ഇപ്പോൾ സ്വാശ്രയ കോളേജിനെകൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള സീറ്റിന്റെ എണ്ണം പഠിക്കാൻ കിട്ടിയ അവസരത്തിലും നിങ്ങൾ അഭിമാനം കൊള്ളുകയാണ്. ഇന്ത്യയിൽനിന്നും വിദ്യാഭ്യാസത്തിനായി പുറത്തുപോകുന്ന മൊത്തം കുട്ടികളുടെ മൂന്നോ നാലോ ശതമാനം വിദ്യാർത്ഥികളല്ലേ കേരളത്തിൽനിന്നും പോകുന്നുള്ളൂവെന്ന് എന്റെ സുഹൃത്ത് ചോദിക്കുകയുണ്ടായി. കേരളത്തിന്റെ ജനസംഖ്യ നമ്മുടെ രാജ്യത്തെ ജനസംഖ്യയുടെ എത്രശതമാനമാണെന്ന് ആലോചിക്കണം. രാജ്യത്തിന്റെ മൊത്തം വിസ്തൃതിയിൽ കേരളത്തിന്റെ വിസ്തൃതി എത്രയാണെന്നും പരിശോധിക്കണം. അതും നിങ്ങൾ പറഞ്ഞ കണക്കും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ പഠനത്തിനായി കേരളത്തിൽനിന്നും പുറത്തേയ്ക്ക് എത്ര കുട്ടികളാണ് പോകുന്നത്? അടുത്ത കാലത്ത് ഒരു യുദ്ധം നടന്നിട്ട് ഒരു

വർഷമല്ലേ ആയിട്ടുള്ളൂ. ഉക്രൈയിനിൽ റഷ്യ ബോംബാക്രമണം നടത്തിയല്ലോ? എന്റെ മണ്ഡലത്തിലെ 18 കുട്ടികൾ ഉക്രൈനിൽ എം.ബി.ബി.എസ്. പഠനത്തിനായി പോയിരുന്നു. അത് കേരളത്തിന് പുറത്തല്ല, ഇന്ത്യയ്ക്ക് പുറത്തുള്ള രാജ്യമാണ്. നിങ്ങളുടെ മണ്ഡലത്തിലുൾപ്പെടെ കേരളത്തിലാകെ അത്തരത്തിൽ വിദ്യാർത്ഥികളുണ്ടായിരുന്നു. അതുകൊണ്ട് സർക്കാരിന് കൂടിയാലോചിച്ച് തീരുമാനമെടുക്കേണ്ടിവന്നില്ലേ? പഠനത്തിനായി പുറത്തേയ്ക്ക് പോകുന്നവരുടെ എണ്ണം ചുരുക്കാൻ കഴിഞ്ഞുവെന്ന് എന്റെ സുഹൃത്ത് പറഞ്ഞതിൽ ഞാൻ അത്ഭുതപ്പെടുകയാണ്. പാവപ്പെട്ട കുടുംബത്തിലെ കുട്ടികൾക്കുകൂടി പഠിക്കാൻ അവസരം ലഭിക്കുന്നരീതിയിലുള്ള ക്രമീകരണം ഏർപ്പെടുത്തേണ്ടത് അനിവാര്യമാണ്; അതിനെക്കുറിച്ചാണ് നാം അലോചിക്കേണ്ടത്. ആരോഗ്യമേഖല വലിയ തകർച്ചയുടെ വക്കിലാണ്. ആയുർദൈർഘ്യത്തിന്റെയും ആരോഗ്യത്തിന്റെയും കാര്യത്തിൽ കേരളം വളരെ മുമ്പിലാണെന്ന് പറഞ്ഞ് അഭിമാനിക്കുന്നവരാണ് നാം. എന്നാൽ ഇപ്പോൾ ജീവിതശൈലീരോഗങ്ങളെന്ന് ഓമനപ്പേരിട്ട് വിളിക്കുന്ന രോഗങ്ങളാൽ

കേരളം ഗതികേടിലേയ്ക്ക് പോകുകയാണ്. കാൻസർ, കിഡ്നി, കരൾ രോഗങ്ങൾ, മാനസികരോഗങ്ങൾ എന്നിവ ക്രമാതീതമായി പെരുകുകയാണ്. 7200-ഓളം കാൻസർ രോഗികൾ എന്റെ ജില്ലയിലുണ്ടെന്ന് ഞാൻ ഇന്നലെ സൂചിപ്പിച്ചിരുന്നു. എന്റെ ജില്ലയിൽമാത്രമല്ല, നിങ്ങളുടെയൊക്കെ ജില്ലകളിലും ഈ അവസ്ഥയാണുള്ളത്. പുതിയ രോഗങ്ങൾ പ്രത്യക്ഷപ്പെടുന്നുവെന്ന് മാത്രമല്ല, ചില രോഗങ്ങൾ എന്താണെന്നുപോലും നിർണ്ണയിക്കാൻ സാധിക്കുന്നില്ല. എന്റെ മണ്ഡലത്തിൽത്തന്നെ അത്തരത്തിലുള്ള മൂന്നുനാല് രോഗികളുണ്ട്. മെഡിക്കൽ പരിശോധനകളിലൊന്നുംതന്നെ ഈ രോഗത്തിന്റെ കാരണം എന്താണെന്ന് കണ്ടെത്താൻ സാധിക്കാത്തതിനാൽ രോഗം എന്താണെന്ന് പറയാൻപോലുമാകാത്ത സാഹചര്യമാണുള്ളത്. കേരളത്തെ ചിന്തിപ്പിക്കുകയും ചിരിപ്പിക്കുകയും ചെയ്ത മഹാപ്രതിഭയായ സംവിധായകൻ സിദ്ദിഖ് രണ്ട് ദിവസം മുമ്പ് മരണപ്പെട്ടു. സിദ്ദിഖിന് കരൾസംബന്ധമായ രോഗമായിരുന്നുവെന്നാണ് പറയുന്നത്. ഇത്തരം രോഗങ്ങൾ വ്യാപിക്കുന്ന സന്ദർഭത്തിൽ ആരോഗ്യമേഖല എപ്രകാരം കരുതലോടെ മുന്നോട്ട് കൊണ്ടുപോകണമെന്ന് ആലോചിക്കേണ്ടതുണ്ട്.

മദ്യത്തിന്റെയും ലഹരിമരുന്നിന്റെയും വ്യാപനം പുതിയ രോഗികളെ സൃഷ്ടിക്കുന്നതോടൊപ്പം വ്യാപകമായ അപകടങ്ങളും നാശവുമുണ്ടാക്കാൻ പോന്നവയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ മദ്യം ഒരു പോഷകപദാർത്ഥമാണെന്നുകൂടി പറഞ്ഞ സാഹചര്യത്തിൽ കേരളം നടുങ്ങിപ്പോയിരിക്കുകയാണ്. കള്ള് മദ്യത്തിന്റെ കൂട്ടത്തിൽപ്പെടില്ലേ? ഞങ്ങൾ പഠിച്ചിരിക്കുന്നത് കള്ളും മദ്യമാണെന്നാണ്. ഇത്തരം പ്രസ്താവനകൾകൂടി വന്നിരിക്കുന്ന സന്ദർഭത്തിൽ ആരോഗ്യമേഖല വളരെ കരുതലോടുകൂടി നീങ്ങേണ്ടിയിരിക്കുന്നു. മദ്യം ഉപയോഗിക്കുന്നതിലൂടെ കരൾ രോഗങ്ങൾ ഉൾപ്പെടെയുള്ളവ വർദ്ധിക്കുകയും മാനസിക പ്രശ്നങ്ങളുണ്ടാകുകയും ചെയ്യുന്നു. നാട്ടിൽ നടക്കുന്ന ഓരോരോ നാശങ്ങളും അപകടങ്ങളും സംഘട്ടനങ്ങളും മദ്യം കാരണമാണെന്ന് മനസ്സിലാക്കാൻ സാധിക്കും; ഇതിൽപ്പെടുന്നവരെല്ലാം എത്തിച്ചേരുന്നത് ആശുപത്രികളിലേയ്ക്കാണ്. ഇവിടെ രോഗങ്ങൾ വർദ്ധിക്കാൻ കാരണമാകുന്ന നിരവധി ഘടകങ്ങളുണ്ട്. നമ്മുടെ നാട്ടിൽ ധാരാളമായി എത്തിക്കൊണ്ടിരിക്കുന്ന അന്യസംസ്ഥാന തൊഴിലാളികളിൽ മിക്കവരും മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്നതിന്റെ

കഥകൾ നമുക്കറിയാവുന്നതാണ്. എട്ടോ, പത്തോ പേർക്ക് മാത്രം താമസിക്കാൻ കഴിയുന്ന വൃത്തിഹീനമായ സ്ഥലങ്ങളിൽ ശുചിയില്ലാത്ത മുറികളിൽ അൻപതും നൂറും ആളുകൾ കുന്നുകൂടി താമസിക്കുന്ന സാഹചര്യമാണുള്ളത്. ഇക്കാര്യങ്ങളെല്ലാം നിയന്ത്രിക്കാനും ശ്രദ്ധിക്കാനും തയ്യാറായില്ലെങ്കിൽ രോഗം അപകടകരമായി വ്യാപിക്കുന്ന സ്ഥിതിവിശേഷമുണ്ടാകും. ആരോഗ്യമേഖലയിലെ മെച്ചത്തെക്കുറിച്ച് വളരെ ഉഷാറോടെ എടുത്തുപറയുന്ന ഈ സന്ദർഭത്തിൽ ഇന്നത്തെ മാതൃഭൂമി ദിനപത്രത്തിലെ വാർത്ത വായിച്ചുനോക്കുന്നത് ഉചിതമായിരിക്കും. 15 കോടി രൂപയുടെ കുടിശ്ശിക നൽകാൻ കഴിയാത്തതിനാൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഹൃദയ ശസ്ത്രക്രിയകൾ മുടങ്ങിയിരിക്കുകയാണെന്നും ആൻജിയോപ്ലാസ്റ്റി ചെയ്യുന്നതിലേയ്ക്ക് ആവശ്യമായ കത്തീറ്റർ വയർ അടക്കമുള്ള അവശ്യവസ്തുക്കൾ മെഡിക്കൽ കോളേജിൽ ലഭ്യമല്ലെന്നും സ്റ്റെന്റിന്റെ ക്ഷാമം രൂക്ഷമാണെന്നും കുടിശ്ശിക അടയ്ക്കാൻ കഴിയാത്തതിനാൽ ഹൃദയസംബന്ധമായ ശസ്ത്രക്രിയയ്ക്കുള്ള പല ഉപകരണങ്ങളും ഇനി നൽകാൻ കഴിയില്ലെന്ന് ബന്ധപ്പെട്ട കമ്പനികൾ

അറിയിച്ചിരിക്കുകയാണെന്നും ആ വാർത്തയിൽ സൂചിപ്പിക്കുന്നുണ്ട്. നിങ്ങൾ ഈ വാർത്തകളൊന്നും വായിച്ചില്ലേ; അത് കാണുന്നില്ലേ; അതോ ഒറ്റ പത്രം മാത്രമെ വായിക്കു എന്നുണ്ടോ? ഇതൊക്കെ ആരോഗ്യമേഖലയിൽ നാം കാണേണ്ട സ്ഥിതിവിശേഷങ്ങളാണ്. അതുകൊണ്ടുതന്നെ ഈ മേഖലയ്ക്ക് പ്രത്യേകം ശ്രദ്ധനൽകാൻ തയ്യാറാകണം. കോവിഡ് രോഗംമൂലം ജനങ്ങൾ ആകമാനം പ്രയാസപ്പെട്ട സന്ദർഭമുണ്ടായിരുന്നു. എന്നാൽ, കോവിഡ് പ്രതിരോധത്തിന്റെ രണ്ടാം ഡോസ് കുത്തിവയ്പ്പ് എടുത്താൽ മാത്രമെ ഇപ്പോഴും വിദേശത്തേയ്ക്ക് പോകാൻ കഴിയുകയുള്ളൂ. എന്നാൽ രണ്ടാം ഡോസിനുള്ള മരുന്ന് കേരളത്തിൽ എവിടെയും ലഭിക്കുന്നില്ലെന്ന് ഞാൻ ആരോഗ്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ടി മരുന്ന് സ്വകാര്യ മേഖലയിലുണ്ടെന്ന് പറയപ്പെടുന്നു. മറ്റെന്തെങ്കിലും രീതിയിലാണോ രണ്ടാം ഡോസ് കുത്തിവയ്പ്പിന്റെ രേഖ സമ്പാദിക്കുന്നതെന്നും എനിക്കറിയില്ല. ഏതായാലും കോവിഡ് രോഗത്തിനുള്ള മരുന്ന് കേരളത്തിലെവിടെയും ലഭിക്കുന്നില്ല. ഇത്തരത്തിൽ നിരവധി വിഷയങ്ങളുണ്ട്. ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രി

സ്ത്രീയാണ്, ഒരു അമ്മയുമാണ്. കോഴിക്കോട് മെഡിക്കൽ കോളേജിൽനിന്നും പ്രസവ ശസ്ത്രക്രിയ കഴിഞ്ഞ ഹർഷിന എന്ന യുവതിയെ അങ്ങ് സഹായിക്കണം. മെഡിക്കൽ കോളേജിന്റെ കൈവശമുള്ള കത്രിക ആ സ്ത്രീ എത്രനാളായി വയറ്റിൽ കൊണ്ടുനടക്കുന്നു. അവരെ ആ കത്രികയിൽ നിന്ന് രക്ഷപ്പെടുത്തണം. ഒരു കത്രിക വയറിനുള്ളിലുണ്ടായാലുള്ള വിഷമസ്ഥിതി ഞങ്ങൾക്കറിയുന്നതിനെക്കാൾ നിങ്ങൾക്ക് അറിയാൻ കഴിയുമല്ലോ? അതുകൊണ്ട് ആ കത്രിക തിരിച്ചെടുത്ത് ആ സ്ത്രീയെ രക്ഷപ്പെടുത്തണം. ആരോഗ്യമേഖലയുടെ നേട്ടങ്ങളിൽപ്പെട്ടതാണോ ഇതൊക്കെ?

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, അങ്ങ് ആരോഗ്യമേഖലയുടെ പ്രവർത്തനങ്ങളെക്കുറിച്ചാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യമേഖലയിൽ ആർദ്രം പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കിയതിന്റെ ഭാഗമായി ഏകദേശം 60 ശതമാനത്തോളം ആളുകൾ സർക്കാർ ആശുപത്രിയെ ആശ്രയിക്കുന്നുണ്ടെന്നും നേരത്തെ ഇത് പത്ത്-

പതിനഞ്ച് ശതമാനം മാത്രമായിരുന്നുവെന്നതും അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, കാൻസർ രോഗമടക്കം ഗുരുതര രോഗം ബാധിച്ചവരെ ശുശ്രൂഷിക്കുന്ന കൂട്ടിരിപ്പുകാർക്ക് നൽകേണ്ട തുക പോലും നൽകാത്ത ഗവൺമെന്റല്ലേ ഇവിടെയുള്ളത്? അവർക്ക് കൊടുക്കാനുള്ള തുക വൈകാതെ കൊടുക്കാൻ കഴിയുമെന്ന് പരസ്യമായിത്തന്നെ ബഹുമാനപ്പെട്ട മന്ത്രി ഡോ. ആർ. ബിന്ദു സൂചിപ്പിച്ചിട്ടുണ്ട്; ആ തുക എപ്പോൾ കൊടുക്കാൻ സാധിക്കും; ഇത്തരം കാര്യങ്ങൾ അതിനുശേഷം പറയുന്നതല്ലേ ഭംഗി? ഉദ്യോഗസ്ഥരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിന്റെ കാര്യവും ഇതുപോലെതന്നെയാണ്. അടിയന്തര ചികിത്സയ്ക്ക് കേരളത്തിനുപുറത്തേയ്ക്ക് പോകുകയാണെങ്കിൽ അവർക്ക് റീ-ഇംബേഴ്സ്മെന്റ് അനുവദിക്കില്ലെന്നാണ് പറയുന്നത്. മൂർച്ഛിച്ച രോഗത്തിന്റെ ചികിത്സയ്ക്ക് കേരളത്തിന്റെ അതിർത്തി ജില്ലകളിൽനിന്നും കോയമ്പത്തൂർ, മംഗലാപുരം എന്നിവിടങ്ങളിലേയ്ക്ക് പോകുകയാണെങ്കിൽ മുൻകൂട്ടി സർക്കാരിന്റെ അനുമതി വാങ്ങേണ്ടതുണ്ട്; എന്നാൽ മാത്രമെ റീഇംബേഴ്സ്മെന്റ് അനുവദിക്കുകയുള്ളൂ. ഒരു

രോഗത്തിനുള്ള ഉയർന്ന ചികിത്സയ്ക്കായി പെട്ടെന്ന് റഫർ ചെയ്യപ്പെടുമ്പോൾ ഗവൺമെന്റിന്റെ അനുവാദം കാത്തിരിക്കാൻ കഴിയുമോ എന്ന് നിങ്ങൾ ചിന്തിച്ചുനോക്കൂ. അതുകൊണ്ട് ഇത്തരം ഉദ്യോഗസ്ഥരെ സഹായിക്കാനുള്ള സാഹചര്യവും തീരുമാനങ്ങളും ഉണ്ടാകേണ്ടിയിരിക്കുന്നു. ആരോഗ്യ മേഖലയിൽ ഒരു ജില്ലയ്ക്ക് ലഭിക്കേണ്ട ശരാശരി വിഹിതവും തുകയുമൊന്നും മലപ്പുറം ജില്ലയ്ക്ക് ലഭിക്കാതെ പോകുന്നുവെന്നതിൽ ഞാൻ വേവലാതിപ്പെടുകയാണ്, അത് നൽകുന്നതിനുള്ള സാഹചര്യമുണ്ടാക്കണം. എന്റെ മണ്ഡലത്തിലെ ജില്ലാ ആശുപത്രിയെക്കുറിച്ച് രണ്ട് ദിവസംമുമ്പും ഈ സഭയിൽ ഞാൻ ഉന്നയിച്ചതാണ്. മലപ്പുറം ജില്ലാ ആശുപത്രിയെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി പ്രഖ്യാപിച്ചുകൊണ്ട് ഒരു ബോർഡ് വച്ചുവെന്നല്ലാതെ അവിടെ അതുമായി ബന്ധപ്പെട്ട യാതൊരു കാര്യവും ചെയ്തിട്ടില്ല. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്ന് അക്കാര്യത്തിൽ സഹായമുണ്ടാകണം. ആ പേര് അന്വർത്ഥമാക്കുന്ന ഗുണങ്ങൾ ആശുപത്രിക്കുള്ളിൽ ഒരുക്കുന്നതിന് നടപടി സ്വീകരിക്കണം. എന്റെ മണ്ഡലത്തിൽ വളവന്നൂർ, വെട്ടം എന്നീ രണ്ട് സി.എച്ച്.സി.-കളുണ്ട്.

പ്രൈമറി ഹെൽത്ത് സെന്റർ ആയിരുന്ന ഘട്ടത്തിൽപ്പോലും അവിടെ കിടത്തിചികിത്സ ഉണ്ടായിരുന്നതാണ്. എന്നാൽ സാമ്പത്തിക പ്രശ്നം പറഞ്ഞുകൊണ്ട് 1988-ൽ അന്നത്തെ സർക്കാർ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ കിടത്തി ചികിത്സ ആവശ്യമില്ലെന്ന് തീരുമാനിക്കുകയും റദ്ദാക്കുകയും ചെയ്തു. പിന്നീട് അത് സി.എച്ച്.സി.-യായി ഉയർത്തപ്പെട്ടെങ്കിലും ഇപ്പോൾ അവിടെ കിടത്തി ചികിത്സ ലഭ്യമല്ല. അക്കാരണത്താൽ ധാരാളം രോഗികൾ സ്വകാര്യ ആശുപത്രികളെ സമീപിക്കേണ്ടി വരികയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിക്ക് ദയവുണ്ടായി എന്റെ മണ്ഡലത്തെ സഹായിക്കണം, സൂപ്പർ സ്പെഷ്യാലിറ്റി എന്ന പേരിനനുസരിച്ചുള്ള സൗകര്യങ്ങൾ ആ ആശുപത്രിയിൽ ഒരുക്കണം. പാവപ്പെട്ടവർക്ക് സഹായകരമാകുന്ന കാരുണ്യപദ്ധതിയടക്കം മെഡിക്കൽ രംഗത്ത് മുമ്പ് ലഭിച്ചിരുന്ന പല ആനുകൂല്യങ്ങളും സൗകര്യങ്ങളും റദ്ദാക്കിയതിന്റെ പട്ടിക നിങ്ങളുടെ കൈവശമുണ്ടാകും. അവയൊക്കെ പുനഃസ്ഥാപിച്ച് നൽകിയാൽ കുറേയേറെ പാവങ്ങൾക്ക് രക്ഷപ്പെടാൻ

അവസരം ഉണ്ടാകുന്നതാണ്. അതിനാവശ്യമായ നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ടും ഇടപെട്ടും സംസാരിച്ച ബഹുമാന്യരായ അംഗങ്ങൾക്ക് നന്ദി അറിയിക്കുന്നു. 1965-ലെ ഇന്ത്യൻ മെഡിക്കൽ കൗൺസിൽ ആക്ട് 2020 സെപ്റ്റംബർ മാസം 25-ാം തീയതി റദ്ദാക്കപ്പെട്ട സാഹചര്യത്തിൽ, 'മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ'-യ്ക്കുപകരം 'നാഷണൽ മെഡിക്കൽ കമ്മീഷൻ' എന്നാക്കി മാറ്റുന്നതിനുവേണ്ടിയാണ് ഈ ഭേദഗതി ബിൽ കൊണ്ടുവന്നിട്ടുള്ളത്.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ശ്രീ. കുറുക്കോളി മൊയ്തീൻ സംസാരിച്ചപ്പോൾ വളരെ ഗുരുതരമായ ഒരു ആരോപണമുന്നയിച്ചു. കേരളത്തിൽ 12 സർക്കാർ മെഡിക്കൽ കോളേജുകളും 19 സ്വകാര്യ മെഡിക്കൽ കോളേജുകളുമുണ്ട്, അതിൽ സ്വകാര്യ മെഡിക്കൽ കോളേജിൽ കോഴ കൊടുത്ത് സീറ്റ് വാങ്ങുന്നുവെന്ന അടിസ്ഥാനരഹിതമായ കാര്യമാണ് അദ്ദേഹം ഉന്നയിച്ചത്. അക്കാര്യം അദ്ദേഹം എഴുതി നൽകുകയാണെങ്കിൽ

സർക്കാർ അത് അന്വേഷിക്കാൻ തയ്യാറാകുമോ; ഏത് മെഡിക്കൽ കോളേജാണ് കോഴ വാങ്ങി സീറ്റ് കൊടുക്കുന്നതെന്ന് പറയാനും അദ്ദേഹം തയ്യാറാകണം.

ശ്രീമതി വീണാ ജോർജ്: സർ, ഞാൻ അതിനെക്കുറിച്ചാണ് പറഞ്ഞുതുടങ്ങുന്നത്. 1 കോടി രൂപ സംഭാവന വാങ്ങാൻ തീരുമാനിച്ചുവെന്ന യാതൊരു അടിസ്ഥാനവുമില്ലാത്ത, വളരെ ഗുരുതരമായ ആരോപണമാണ് ബഹുമാനപ്പെട്ട അംഗം കുറുക്കോളി മൊയ്തീൻ ഇവിടെ ഉന്നയിച്ചത്. അങ്ങ് ഉത്തരവാദിത്വത്തോടെ പറഞ്ഞ ആ വിഷയം ദയവായി എഴുതി നൽകണമെന്നും അതിന്റെ തെളിവുകൾ നൽകിയാൽ അതിന്മേൽ നടപടിയുണ്ടാകുമെന്നും ഞാൻ അങ്ങയോട് ഈ സഭ മുമ്പാകെ ആവശ്യപ്പെടുകയാണ്. ഏത് നിയമത്തെക്കുറിച്ചാണ് നമ്മൾ ചർച്ച ചെയ്യുന്നത്? 2017-ൽ സ്വകാര്യ വിദ്യാഭ്യാസ മേഖലയിൽ സാമൂഹ്യനീതി ഉറപ്പാക്കുന്നതിനുവേണ്ടി പട്ടികജാതി/പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുന്നതിനുവേണ്ടി, നിയമസഭ പാസ്സാക്കിയ നിയമത്തിൽ 2019-ൽ കൊണ്ടുവന്ന

അമെന്റ്മെന്റിലുള്ള ഭേദഗതിയാണ് ഇന്ന് ചർച്ച ചെയ്യുന്നത്. ആ ചർച്ചയ്ക്കിടയിലാണ് ബഹുമാനപ്പെട്ട അംഗം ഈ വിഷയം ഉന്നയിച്ചത്. സംസ്ഥാനത്ത് ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിക്കുന്ന ഫീസ് മാത്രമെ വാങ്ങാൻ പാടുള്ളൂ. സ്വകാര്യ മെഡിക്കൽ കോളേജ് കോഴ വാങ്ങിയെന്ന് അങ്ങ് തെളിവ് നൽകിയാൽ നിശ്ചയമായും നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, സർക്കാർ ഫീസിനുപുറമെ 50 ശതമാനം സീറ്റിൽ മെറിറ്റ്, ബാക്കി 50 ശതമാനം സീറ്റിനെക്കുറിച്ച് സ്വാശ്രയ കോളേജ് ഉടമകൾക്ക് നിർണ്ണയിക്കാമെന്നതാണ് പഴയ തീരുമാനം. അതനുസരിച്ച് 50 ശതമാനം സീറ്റിലേയ്ക്ക് വരുന്ന കുട്ടികളിൽനിന്നും ഡൊണേഷൻ വാങ്ങുന്നതിന് സർക്കാർതന്നെ അനുമതി കൊടുത്തിരിക്കുകയാണ്.

<u>ശ്രീമതി വീണാ ജോർജ്</u>: സർ, അങ്ങ് എന്താണ് പറയുന്നത്; വളരെ ക്ലിയറായാണ് ഞാൻ മറുപടി പറഞ്ഞത്. അങ്ങ് പറഞ്ഞ കാര്യം തന്നെയാണ് വീണ്ടും ആവർത്തിക്കുന്നത്. അങ്ങേയ്ക്കറിയാവുന്ന കോളേജുകളെക്കുറിച്ച് പരാമർശിച്ചുകൊണ്ടുതന്നെ ദയവായി

ഇതിനെക്കുറിച്ച് എഴുതി നൽകണമെന്ന് ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുന്നു; അതുസംബന്ധിച്ച് കൃത്യമായ നടപടി സ്വീകരിക്കുന്നതാണ്.

മെഡിക്കൽ വിദ്യാഭ്യാസമേഖല ഉൾപ്പെടെയുള്ള ഉന്നതവിദ്യാഭ്യാസ മേഖലയ്ക്ക് ഈ സർക്കാർ വളരെയധികം പ്രാധാന്യം നൽകുന്നുണ്ട്. കേരളത്തിലെ കുട്ടികൾക്ക് മെഡിക്കൽ വിദ്യാഭ്യാസത്തിന് സംസ്ഥാനത്തിനകത്തുതന്നെ പരമാവധി അവസരങ്ങളുണ്ടാകണമെന്നാണ് സർക്കാർ കരുതുന്നത്. കേരളത്തിലെ മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽനിന്ന് പഠിച്ചിറങ്ങിയ പ്രൊഫഷണലുകൾക്ക് ആഗോളതലത്തിൽ നൽകുന്ന സ്വീകാര്യത വളരെ വലുതാണെന്ന് നാം മനസ്സിലാക്കുന്നുണ്ട്. നഴ്സുമാർക്കും ഡോക്ടർമാർക്കും ഡെന്റിസ്റ്റുകൾക്കുംവേണ്ടി യു.കെ.-യിലെ നാഷണൽ ഹെൽത്ത് സർവ്വീസിൽനിന്നുള്ള ടീം എറണാകുളത്തുവച്ച് നാലാം തവണ ജോബ് ഹണ്ട് നടത്താൻ പോകുകയാണ്. വെയിൽസ് പോലുള്ള മറ്റ് രാജ്യങ്ങളിലും മറ്റും കേരളത്തിലെ മെഡിക്കൽ പ്രൊഫഷണലുകൾക്ക് വലിയ രീതിയിലുള്ള സ്വീകാര്യതയും അംഗീകാരവുമാണുള്ളത്. അതുകൊണ്ട്

കേരളത്തിലെ വിദ്യാർത്ഥികൾ മറ്റ് സ്ഥലങ്ങളിൽ പോയി പഠിക്കാതെ പരമാവധി നമ്മുടെ സംസ്ഥാനത്തുനിന്ന് പഠിക്കാനുള്ള സാഹചര്യമാണ് ഒരുക്കുന്നത്. ബഹുമാന്യനായ കോന്നി എം.എൽ.എ. സൂചിപ്പിച്ചതുപോലെ, സംസ്ഥാനത്തെ മെഡിക്കൽ വിദ്യാഭ്യാസ ചരിത്രത്തിൽതന്നെ ആദ്യമായി കോന്നിയിലെയും ഇടുക്കിയിലെയും രണ്ട് പുതിയ മെഡിക്കൽ കോളേജുകളിൽ ഒരേ വർഷംതന്നെ പുതിയതായി നൂറ്-നൂറ് സീറ്റുകളിൽവീതം എം.ബി.ബി.എസ്. അഡ്മിഷൻ നൽകാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. രണ്ടാം വർഷവും അത് തുടരുകയാണ്. ബഹുമാനപ്പെട്ട കുറുക്കോളി മൊയ്തീൻ പ്രതിനിധാനം ചെയ്യുന്ന മലപ്പുറം ജില്ലയിലെ അണ്ടർ ഗ്രാജുവേറ്റ് കോളേജായിരുന്ന മഞ്ചേരി മെഡിക്കൽ കോളേജിനെ പി.ജി. കോളേജാക്കുകയും അവിടെ നഴ്സിംഗ് കോളേജ് ആരംഭിക്കുകയും ചെയ്തു; മഞ്ചേരിയിലും കൊല്ലത്തും ഉൾപ്പെടെ 60 സീറ്റുകളുണ്ട്. നഴ്സിംഗ് മേഖലയിലെ കണക്കുകളെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചെങ്കിലും പലപ്രാവശ്യം പറഞ്ഞിട്ടുള്ളതുകൊണ്ട് അത് ആവർത്തിക്കുന്നില്ല. ഈ വർഷം സർക്കാർ മേഖലയിൽ പുതിയതായി 6 കോളേജുകൾ സ്ഥാപിക്കാനാണ്

തീരുമാനിച്ചിട്ടുള്ളത്. തിരുവനന്തപുരത്ത് 100 സീറ്റുകളുള്ള അഡീഷണൽ ബാച്ചുകൂടി വരും. മറ്റ് ജില്ലകളിലെ സീറ്റുകളുടെ എണ്ണവും വർദ്ധിപ്പിക്കുന്നുണ്ട്. അങ്ങനെ ഈ വർഷം 400 സീറ്റുകൾ സർക്കാർ മേഖലയിൽമാത്രം വർദ്ധിക്കാൻ പോകുകയാണ്. അത് സർക്കാരിന്റെ പ്രഖ്യാപിത നയവുമാണ്. ബഡ്ജറ്റിൽ ഉൾപ്പെടെ പ്രഖ്യാപിച്ചിട്ടുള്ളത് ബഹുമാനപ്പെട്ട അംഗങ്ങളുടെ ശ്രദ്ധയിലുണ്ടാകും. സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള SIMET (State Institute of Medical Education and Technology)-ന്റെ കീഴിൽ 6 കോളേജുകൾകൂടി ആരംഭിക്കാൻ തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. കൊല്ലത്തും മഞ്ചേരിയിലും കഴിഞ്ഞവർഷം രണ്ട് നഴ്സിംഗ് കോളേജുകൾ ആരംഭിച്ചിരുന്നു; അതുകൂടാതെയാണ് ഈ വർഷം ആരംഭിക്കുന്നത്. സ്വകാര്യമേഖലയിലെ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ദേശീയ നഴ്സിംഗ് കൗൺസിലിന്റെയോ ദേശീയ മെഡിക്കൽ കൗൺസിലിന്റെയോ മാനദണ്ഡപ്രകാരം അടിസ്ഥാന സൗകര്യങ്ങളുണ്ടായിരിക്കണം. വിദ്യാഭ്യാസ ഗുണനിലവാരത്തെ ബാധിക്കുമെന്നുള്ളതുകൊണ്ട് മാനദണ്ഡങ്ങളിൽ വിട്ടുവീഴ്ച ചെയ്യാൻ നമുക്ക്

കഴിയുകയില്ല. മാനദണ്ഡപ്രകാരം അനുവദിക്കാവുന്ന വിദ്യാഭ്യാസ അവസരങ്ങൾ പരമാവധി ഇവിടെ നൽകുക എന്നുള്ളതാണ് സർക്കാരിന്റെ കാഴ്ചപ്പാട്. സ്വകാര്യ മേഖലയിൽനിന്നും നഴ്സിംഗ് കോളേജുകൾക്ക് അല്ലെങ്കിൽ പാരാമെഡിക്കൽ കോഴ്സുകൾക്ക് എൻ.ഒ.സി. നൽകുന്നത് പരിശോധനകളുടെ അടിസ്ഥാനത്തിലാണ്.

ജീവിതശൈലീരോഗങ്ങൾ ക്രമാതീതമായി വർദ്ധിക്കുന്നുവെന്ന് ഇവിടെ പറയുകയുണ്ടായി. 'നവകേരളം കർമ്മപദ്ധതി'-യുമായി ബന്ധപ്പെട്ട് ആർദ്രം മിഷനിലൂടെ ഈ സർക്കാരിന്റെ കാലത്ത് പത്ത് കാര്യങ്ങളാണ് ലക്ഷ്യമിട്ടിരിക്കുന്നത്. അക്കാര്യം ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധയിലുമുണ്ടാകും. കേരളത്തിൽ കഴിഞ്ഞ സാമ്പത്തികവർഷം മുതൽ ഒരു പദ്ധതിക്ക് തുടക്കംകുറിച്ചിട്ടുണ്ട്. കേരളത്തിൽ 30 വയസ്സിനുമുകളിൽ പ്രായമുള്ള 1 കോടി 71 ലക്ഷം ആളുകളാണുള്ളത്. 30 വയസ്സിന് മേൽ പ്രായമുള്ള മുഴുവൻ ആളുകളും വാർഷിക ആരോഗ്യ പരിശോധനയ്ക്ക് വിധേയമാകണം. പ്രമേഹം, രക്താതിസമ്മർദ്ദം, ഹൃദ്രോഗം, കാൻസർ തുടങ്ങിയ രോഗങ്ങളുണ്ടോ എന്നും അവ വരാൻ സാധ്യതയുണ്ടോ എന്നും

പരിശോധിക്കണം. കാൻസർ രോഗത്തിന്റെ മൂന്നാമത്തെ സ്റ്റേജിലും നാലാമത്തെ സ്റ്റേജിലുമാണ് ചികിത്സയ്ക്കായി ആളുകൾ എത്തുന്നതെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. അപ്പോൾ  അവർക്കുള്ള ചികിത്സ കുറച്ചുകൂടി സങ്കീർണ്ണമാകുന്നു. ഈ സമയം വരെ 1 കോടി 46 ലക്ഷം ആളുകൾക്ക് വീടുകളിൽ ഹോം സ്ക്രീനിംഗ് നടത്തുന്നതിന് നമുക്ക് സാധിച്ചിട്ടുണ്ട്.  നമ്മുടെ ടാർജറ്റ് 1 കോടി 71 ലക്ഷം ആളുകളാണ്. ഓരോ വർഷവും ഇത് തുടരാൻ പോകുകയാണ്. കാൻസർ രോഗചികിത്സയുമായി ബന്ധപ്പെട്ട് 14 ജില്ലകളിലും ജില്ലാ കാൻസർ കെയർ പ്രോഗ്രാമുകൾ ജില്ലാ പഞ്ചായത്തുകളുടെ സഹകരണത്തോടെ നടപ്പാക്കിയിട്ടുണ്ട്. ഇത്തരത്തിൽ വീടുകളിൽപോയി ആശാവർക്കർമാർ  സ്ക്രീൻ ചെയ്യുന്ന ആളുകൾ ആരോഗ്യകേന്ദ്രത്തിലേയ്ക്ക് വരേണ്ടതുണ്ടെങ്കിൽ ആ വിവരം അവരെ അറിയിക്കുന്നതാണ്. അവർ വന്നില്ലെങ്കിൽ, രോഗം വരാൻ സാധ്യതയുണ്ട്, അതുകൊണ്ട് ആരോഗ്യകേന്ദ്രത്തിൽ വന്ന് പരിശോധിക്കണമെന്ന് ഫോൺ വിളിച്ച് അവരെ അറിയിക്കുന്നതിനും സംവിധാനമുണ്ട്. അപ്രകാരം അറിയിപ്പ് ലഭിച്ചാൽ അവർ തൊട്ടടുത്തുള്ള ആരോഗ്യകേന്ദ്രത്തിൽ  എത്തേണ്ടതാണ്.

ഓരോ ജില്ലയിലും കാൻസർ ഗ്രിഡുകൾ രൂപീകരിച്ചിട്ടുണ്ട്. കാൻസർ രോഗമെന്ന് സംശയിക്കുന്നവെങ്കിൽ എവിടെ പോയാണ് പരിശോധിക്കേണ്ടതെന്നും സാമ്പിൾ കൊടുക്കേണ്ടത് എവിടെയാണെന്നും സാമ്പിൾ പരിശോധിച്ചതിന്റെ റിസൾട്ട് ആരോഗ്യകേന്ദ്രം വഴിയോ അല്ലാതെയോ ഈ വ്യക്തിക്ക് ലഭിക്കുമ്പോൾ പോസിറ്റീവാണെങ്കിൽ ഏത് ആശുപത്രിയിൽ പോയി പരിശോധിക്കണമെന്നും കാൻസർ ഗ്രിഡുകൾ വഴി അറിയാൻ സാധിക്കുന്നതാണ്. അതുപോലെ കാൻസർ ഡാറ്റാ രജിസ്ട്രി ആരംഭിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. മലബാർ കാൻസർ സെന്ററിലും തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിലും ഈ സാമ്പത്തികവർഷം ബഹുമാനപ്പെട്ട മന്ത്രി പി. രാജീവിന്റെ മണ്ഡലത്തിലെ കൊച്ചിൻ കാൻസർ സെന്ററിലും പുതിയ ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയാക്കി പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കാൻ പോകുകയാണ്. കാൻസർ മേഖലയിൽ ആദ്യമായി റോബോട്ടിക് സർജറിക്ക് മന്ത്രിസഭ 30 കോടി രൂപയുടെ അനുമതിയാണ് നൽകിയത്. റീജിയണൽ കാൻസർ സെന്ററിലും മലബാർ കാൻസർ സെന്ററിലും സൂക്ഷ്മ കാൻസർ കോശങ്ങളെ

കണ്ടെത്തി ശസ്ത്രക്രിയയിലൂടെ നീക്കംചെയ്യുന്നതിനുവേണ്ടി റോബോട്ടിക് കാൻസർ സർജറി ആരംഭിക്കാൻ പോകുകയാണ്.

അതിഥി തൊഴിലാളികളുടെ കാര്യം ബഹുമാനപ്പെട്ട അംഗം സൂചിപ്പിക്കുകയുണ്ടായി. ആർദ്രം പദ്ധതിയിൻ കീഴിൽ രോഗനിർമ്മാർജ്ജനം ചെയ്യുക എന്നത് സർക്കാരിന്റെ ലക്ഷ്യമാണ്. പതിറ്റാണ്ടുകൾ നീണ്ട പ്രവർത്തനങ്ങളുടെ ഫലമായി കേരളത്തിൽ പല രോഗങ്ങളെയും നിർമ്മാർജ്ജനം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. 2025-2026 വർഷങ്ങളിൽ പല രോഗങ്ങളും പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യാൻ (അതായത്, തദ്ദേശീയമായി ആ രോഗങ്ങൾ പുതുതായി ഉണ്ടാകുന്നില്ലെന്ന് കണ്ടെത്തുന്നതിന്) തീരുമാനിച്ചിട്ടുണ്ട്. പരിമിതമായ സ്ഥലത്ത് ധാരാളം ആളുകൾ തിങ്ങിനിറഞ്ഞ് താമസിക്കുന്നത് വളരെ പ്രധാനപ്പെട്ട പൊതുജനാരോഗ്യ പ്രശ്നമാണെന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇത്തരത്തിലുള്ള പൊതുജനാരോഗ്യ പ്രശ്നത്തെ അഡ്രസ്സ് ചെയ്യുന്നതിനുവേണ്ടി ഈ നിയമസഭ പാസ്സാക്കിയ പൊതുജനാരോഗ്യ ബില്ലിൽ ഒരു വകുപ്പ് ഉൾപ്പെടുത്തിയിട്ടുണ്ട്. കേരള നിയമസഭ പാസ്സാക്കിയ കേരള

പൊതുജനാരോഗ്യ ബിൽ നിയമമാകേണ്ടതുണ്ട്. ഒരു നിശ്ചിത ചതുരശ്രഅടിയിൽ എത്ര ആളുകൾക്ക് താമസിക്കാം, അവർക്ക് എത്ര ബാത്ത്റൂമുകളുണ്ടായിരിക്കണം തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് ആ ബില്ലിൽ പരാമർശിച്ചിട്ടുണ്ട്. പൊതുജനാരോഗ്യ സംവിധാനത്തെ ബാധിക്കുന്ന വിഷയമായതിനാൽ ഇതുവരെ നിയമപരമായി അഡ്രസ്സ് ചെയ്യാത്ത ഒരു വിഷയത്തെ ആ രീതിയിൽ അഡ്രസ് ചെയ്യാൻ ഈ സഭ ശ്രമിച്ചിട്ടുണ്ട്. ഒരു വാർത്ത ഉദ്ധരിച്ചുകൊണ്ട് ബഹുമാനപ്പെട്ട അംഗം തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ കാര്യത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. എന്നാൽ അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടാത്ത മറ്റൊരു വാർത്തയുണ്ട്. രാജ്യത്ത് ഏറ്റവും കൂടുതൽ കാർഡിയാക് ഇന്റർവെൻഷൻ നടത്തുന്ന ആശുപത്രി തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജാണ്. ഹൈദരാബാദിൽവച്ച് കാർഡിയാക് കോൺഫറൻസ് നടക്കാൻ പോകുകയാണ്. രണ്ടുമാസം മുമ്പ് തിരുവനന്തപുരത്തുവച്ച് ഇത് നടത്തിയിരുന്നു. കാസ്പ് (കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി)-ൽ ഉൾപ്പെടെ ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ രാജ്യത്ത് നൽകുന്ന

സംസ്ഥാനം കേരളമാണ്. 2021-2023 കാലയളവിലെ ഈ സർക്കാരിന്റെ രണ്ട് സാമ്പത്തിക വർഷങ്ങളിലും 2,791 കോടി രൂപ അനുവദിച്ചിരുന്നു; കാസ്പ്, കാരുണ്യ, ആരോഗ്യകിരണം തുടങ്ങിയ പദ്ധതികളിലായി 3,200 കോടി രൂപയുടെ സൗജന്യ ചികിത്സയാണ് നൽകിയത്. ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ കാർഡിയാക് മേഖലയിലാണ് നൽകുന്നത്; അതിലേയ്ക്കായി 100 കോടിയിലധികം രൂപ നൽകുകയുണ്ടായി. ഈ മേഖല ചില സമ്മർദ്ദങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്; ഇതുമായി ബന്ധപ്പെട്ട് നിൽക്കുന്ന ഇടനിലക്കാർ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ സുതാര്യമാക്കുന്നത് സംബന്ധിച്ച് സർക്കാർ ആലോചന നടത്തുകയും തീരുമാനങ്ങളെടുക്കുകയും ചെയ്തിട്ടുണ്ട്. കെ.എം.എസ്.സി.എൽ. വഴി സപ്ലൈ ആരംഭിക്കാനാണ് തീരുമാനമെടുത്തിരിക്കുന്നത്. ഒരുതരത്തിലുള്ള സമ്മർദ്ദങ്ങളുമുണ്ടാകാതെ ഓരോ ഘട്ടത്തിലും വളരെ നല്ല രീതിയിൽ പ്രവർത്തനം നടത്താൻ അടിയന്തര തീരുമാനമെടുത്തിട്ടുണ്ട്. 11 കോടി രൂപയോളം അവർക്ക് ഇപ്പോൾ നൽകിയ സാഹചര്യത്തിലാണ് ഈ

രീതിയിലുള്ള ഇടപെടലുണ്ടാകുന്നത്. അക്കാര്യത്തിൽ കർശന നിലപാട് .സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുകയാണ്

കോവിഡ് വാക്സിന്റെ കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം സൂചിപ്പിക്കുകയുണ്ടായി. കേരളത്തിൽ മാത്രമല്ല, രാജ്യത്താകെ കോവിഡ് വാക്സിൻ ലഭിക്കാത്ത സ്ഥിതിവിശേഷമാണുള്ളത്. പല തവണ കേന്ദ്ര ആരോഗ്യ മന്ത്രാലയത്തോട് കോവിഡ് വാക്സിനുകൾ നൽകണമെന്ന് അഭ്യർത്ഥിച്ചിരുന്നു. കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഞാനുൾപ്പെടെയുള്ള എല്ലാ ആരോഗ്യമന്ത്രിമാരും രേഖാമൂലം ഇക്കാര്യം ആവശ്യപ്പെട്ടിരുന്നു. പക്ഷേ രാജ്യത്ത് വാക്സിൻ ലഭ്യമല്ലെന്ന മറുപടിയാണ് ലഭിച്ചത്.

മെഡിക്കൽ റീഇംബേഴ്സ്മെന്റിന്റെ കാര്യവുമായി ബന്ധപ്പെട്ട് രണ്ടുമൂന്ന് കേസ്സുകളിൽ ചർച്ച ചെയ്തിരുന്നു. കേരളത്തിന് പുറത്തുള്ള പല ആശുപത്രികളും എംപാനൽ ചെയ്തിട്ടില്ലെന്നാണ് കാണാൻ സാധിച്ചത്. സംസ്ഥാനത്തുനിന്നും റഫറൻസ് വാങ്ങി അവിടെപോയാലും, എംപാനൽഡ് ആശുപത്രിയല്ലെങ്കിൽ പലർക്കും ബുദ്ധിമുട്ടുണ്ടാകുന്നതായും

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരമാവധി ആശുപത്രികളെ ഇതിലേയ്ക്ക് എംപാനൽ ചെയ്യാൻ കഴിയുമോ എന്ന് പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതാണ്.

ശ്രീമതി ശാന്തകുമാരി കെ.: സർ, കുട്ടികൾക്കായി സർക്കാർ ആരംഭിച്ച 'ഹൃദ്യം' ചികിത്സാ പദ്ധതിയുമായി ബന്ധപ്പെട്ട് തട്ടിപ്പ് നടന്നുകൊണ്ടിരിക്കുകയാണ്. ഇതിലൂടെ സ്വകാര്യ ആശുപത്രികളെ സഹായിക്കുകയാണെന്നതരത്തിലുള്ള വാർത്ത ഏതാനും മാസങ്ങൾക്കുമുമ്പുണ്ടായിരുന്നു. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുന്നത് നന്നായിരിക്കും.

ശ്രീമതി വീണാ ജോർജ്: സർ, നവജാത ശിശുമരണ നിരക്ക് രാജ്യത്ത് ഏറ്റവും കുറവ് കേരളത്തിലാണ്. ഇത് 2022-2023-ൽ 5.5 ശതമാനമായി കുറഞ്ഞിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (2016-ൽ) 10 ശതമാനമായിരുന്നത് 2021-ൽ 6 ശതമാനമായത് എന്തുകൊണ്ടാണ്? കേരളത്തെ സംബന്ധിച്ചിടത്തോളം നവോത്ഥാന കാലഘട്ടത്തിൽ തുടങ്ങി ആദ്യത്തെ ഇ.എം.എസ്. സർക്കാരിന്റെ കാലത്തെ സാർവത്രിക വിദ്യാഭ്യാസ നിയമത്തിലൂടെ നാം ആർജ്ജിച്ച സാമൂഹിക മുന്നേറ്റത്തിലൂടെയുള്ള

ബോധ്യങ്ങളിലൂടെയാണ് മികച്ച ആരോഗ്യ സൂചകങ്ങളിൽ എത്താൻ കഴിഞ്ഞിട്ടുള്ളത്. ശിശുമരണ നിരക്ക് വീണ്ടും കുറയ്ക്കുന്നതിനുള്ള ഫലപ്രദമായ ഇടപെടൽ നടത്തുന്നതിന്റെ ഭാഗമായി നവജാത ശിശുക്കൾക്കുണ്ടാകുന്ന ഹൃദയവൈകല്യങ്ങൾ പരിഹരിക്കാൻ ലക്ഷ്യമുണ്ടായിരുന്നു. അതിലേയ്ക്കായി ആരംഭിച്ച പദ്ധതിയാണ് 'ഹൃദ്യം'. ജീവിതം ആരംഭിക്കുന്ന ഘട്ടത്തിൽ, അതായത് കുഞ്ഞ് ജനിക്കുമ്പോൾ, മാതാപിതാക്കൾ സാമ്പത്തികമായി ശക്തരായിരിക്കില്ല. ചികിത്സയ്ക്ക് വലിയ തുക വേണ്ടിവരുമ്പോൾ അവർ പകച്ചുപോകും. അത്തരം സാഹചര്യത്തിൽ കുഞ്ഞുങ്ങളുടെ ജീവൻ രക്ഷിക്കുന്നതിന് സൗജന്യ ചികിത്സ നൽകുന്നതിനുവേണ്ടി സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് 'ഹൃദ്യം'. ഇത്തരത്തിലുള്ള ക്യാമ്പയിൻ വന്നപ്പോൾ കേരള പൊതുസമൂഹം ഹൃദ്യമായി 'ഹൃദ്യം' എന്നു പറഞ്ഞുകൊണ്ടാണ് ഈ പദ്ധതിയെ നെഞ്ചോട് ചേർത്തത്. ഈ പദ്ധതിയെ പിന്തുണയ്ക്കുന്ന എല്ലാവരോടും നന്ദി അറിയിക്കുകയാണ്. ഈ പദ്ധതിയുടെ കീഴിൽ കൂടുതൽ ആശുപത്രികളെ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുന്നതാണ്.

പ്രസവ ശസ്ത്രക്രിയ്ക്കിടെ വയറ്റിൽ കത്രിക കുടുങ്ങിയ ഹർഷിനയുടെ കാര്യം സൂചിപ്പിക്കുകയുണ്ടായി. ഹർഷിനയ്ക്ക് നീതി ലഭിക്കണം എന്നുള്ളതാണ് ആവശ്യം. അഞ്ചുവർഷം മുമ്പ് അവർക്ക് മൂന്ന് (2012, 2016, 2017) സിസേറിയനാണ് ചെയ്തിട്ടുള്ളത്. ഹർഷീന പറയുന്നത് വിശ്വസിക്കുന്നുവെന്ന് ഞാൻ ആവർത്തിച്ച് പറയുന്നു. കുറ്റക്കാരെ കണ്ടെത്താൻ കഴിയില്ലെന്ന റിപ്പോർട്ടൊന്നും അംഗീകരിക്കാൻ കഴിയില്ല. ആദ്യത്തെയും രണ്ടാമത്തെയും ടീമുകൾ അന്വേഷണം നടത്തി നൽകിയ റിപ്പോർട്ടുകൾ ഞാൻ പരിശോധിച്ച് തള്ളിയിരുന്നു. അതിനുശേഷം ഈ വിഷയത്തിൽ പോലീസ് അന്വേഷണം നടത്തണമെന്ന ആവശ്യം മന്ത്രിസഭ മുമ്പാകെ സമർപ്പിക്കുകയും അതിന് അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. പോലീസ് കൃത്യമായി അന്വേഷണം നടത്തുന്നതാണ്. ആരാണ് തെറ്റ് ചെയ്തത്; ആരുടെ ഭാഗത്തുനിന്നാണ് മെഡിക്കൽ നെഗ്ലിജൻസ് ഉണ്ടായിട്ടുള്ളതെന്ന് കണ്ടെത്തി അതിന്മേൽ നടപടി സ്വീകരിക്കുന്നതാണ്. നിയമനടപടികളിലൂടെ ഹർഷിനയ്ക്ക് നീതി ഉറപ്പാക്കുന്നതാണ്. അല്ലാതെ കുറ്റക്കാരെ കണ്ടുപിടിക്കാൻ കഴിയില്ലെന്ന റിപ്പോർട്ട് അംഗീകരിക്കാൻ

കഴിയില്ല. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുന്നു.

മി. ചെയർമാൻ: ശ്രീ. കെ. യു. ജനീഷ് കുമാർ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. യു. ജനീഷ് കുമാർ : സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ചെയർമാൻ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മി. ചെയർമാൻ: ശ്രീ. കുറുക്കോളി മൊയ്തീൻ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. ചെയർമാൻ: അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ..............

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2023-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി

ബിൽ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച XII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ........................

പ്രതികൂലിക്കുന്നവർ.........................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി XII-ന്റെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(iii) 2023-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2023-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. ചെയർമാൻ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2023-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില

കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, അഞ്ച് ക്ഷേമനിധി ബോർഡുകളിലെ നിയമനം പി.എസ്.സി.-ക്ക് വിടുന്നതിനുവേണ്ടിയുള്ള ചെറിയൊരു ഭേദഗതി ബില്ലാണിത്. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്, കെട്ടിട-മറ്റു നിർമ്മാണത്തൊഴിലാളികളുടെ ക്ഷേമ ബോർഡ്, കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ സ്ഥാപനങ്ങളിലെ നിയമനങ്ങൾ സുതാര്യമായി നടക്കണമെന്ന സർക്കാരിന്റെ കാഴ്ചപ്പാടിന്റെ

ഭാഗമായി നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതിനുള്ള ഒരു ബില്ലാണ് അവതരിപ്പിച്ചിട്ടുള്ളത്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. എം. എസ്. അരുൺ കുമാർ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീമതി യു. പ്രതിഭ): സർ, 2023-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2023 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

അഞ്ച് ക്ഷേമനിധി ബോർഡുകളിലെ നിയമനം പി.എസ്.സി.-ക്ക് വിടണമെന്നുള്ള ഏറ്റവും ശ്രദ്ധേയമായ ഭേദഗതിയാണ് ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ചത്. ഈ കാലഘട്ടത്തിൽ പി.എസ്.സി.-യെ ആധുനികവത്കരിക്കാനും ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്താനും ആവശ്യത്തിന് തസ്തികകൾ അനുവദിക്കാനും ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ നടത്തുന്ന മാതൃകാപരമായ

പ്രവർത്തനത്തിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് പൊതുസമൂഹത്തിന്റെ മുന്നിൽ ഈ ബിൽ അവതരിപ്പിക്കുന്നത്. രാജ്യത്താകമാനം നടക്കുന്ന വളരെ ശ്രദ്ധേയമായ കാര്യം, നിയമന നിരോധനമാണ്. റിക്രൂട്ട്മെന്റ് സ്ഥാപനങ്ങൾപോലും നോക്കുകുത്തികളായിരിക്കുന്ന അവസ്ഥയിലാണ് കേരള പി.എസ്.സി. നമ്മുടെ രാജ്യത്തിനുതന്നെ മാതൃകയാകുന്നത്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നിയമനങ്ങളെക്കുറിച്ച് സഭയിൽ സാംസാരിക്കുന്നത് നമ്മൾ കേട്ടിരുന്നു. ഞാൻ അതുമായി ബന്ധപ്പെട്ട കണക്ക് പരിശോധിച്ചപ്പോൾ, ഏകദേശം 149386 പേർക്കാണ് അക്കാലത്ത് നിയമന ശിപാർശ നൽകിയതെങ്കിൽ 2016-2021 കാലഘട്ടത്തിൽ 161268 പേർക്കാണ് നിയമനം നൽകാൻ കഴിഞ്ഞത്. കൂടാതെ നിലവിലെ കണക്കുപ്രകാരം 215000 പേർക്കാണ് കേരളത്തിൽ പി.എസ്.സി. വഴി നിയമനം കൊടുക്കാൻ സാധിച്ചത്. മൂന്നേകാൽ കോടി ജനങ്ങൾമാത്രം അധിവസിക്കുന്ന ഈ കൊച്ചുകേരളത്തിൽ വർഷത്തിൽ മുപ്പതിനായിരത്തോളം പേരെ പി.എസ്.സി. വഴി നിയമിക്കാൻ കഴിയുന്നുവെന്നതാണ് ഏറ്റവും വലിയ പ്രത്യേകത. ഇന്ത്യയിലെ

തൊഴിലില്ലായ്മ നിരക്ക് 7.8 ശതമാനമെന്ന നിലയിൽ വളരെ ഭീകരമായി ഉയരുകയാണ്. ഇത് നഗരമേഖലയിൽ 8.5 ശതമാനവും ഗ്രാമീണ മേഖലയിൽ 7.4 ശതമാനവുമായിരിക്കുന്ന അവസ്ഥയിലാണ് കേരളത്തിൽ ഇത്തരം ക്ഷേമനിധി ബോർഡുകളിൽക്കൂടി പി.എസ്.സി. നിയമനം നടത്തണമെന്ന ശ്രദ്ധേയമായ തീരുമാനം കൈക്കൊള്ളുന്നതിന് കേരളം മുൻകൈയെടുത്തത്. Centre for Monitoring Indian Economy (CMIE)-യുടെ കണക്കുപ്രകാരമാണ് ശതമാനാടിസ്ഥാനത്തിലുള്ള കണക്ക് നമുക്ക് ലഭിക്കുന്നത്. അഭ്യസ്തവിദ്യരായ ഭൂരിഭാഗം ആളുകളും പി.എസ്.സി. ജോലി വേണമെന്ന് ആഗ്രഹിക്കുന്നവരാണ്. ലാസ്റ്റ് ഗ്രേഡ് സർവന്റ് മുതൽ ഡെപ്യൂട്ടി കളക്ടർ വരെയുള്ള നിയമനം പി.എസ്.സി.-വഴി നടത്താൻ കഴിയുന്നുണ്ട്. ഇതെല്ലാം കേരളത്തിൽ നടക്കുന്ന അവസരത്തിൽ, ഹരിയാനയിലെ തൊഴിലില്ലായ്മ നിരക്ക് 26 ശതമാനത്തിലധികമായി ഉയരുകയാണ്. അതുപോലെ ജമ്മുകാശ്മീർ, സിക്കിം, ബീഹാർ തുടങ്ങിയ സംസ്ഥാനങ്ങളിലെല്ലാം വലിയതോതിലുള്ള തൊഴിലില്ലായ്മ പ്രശ്നം ഉണ്ടായിരിക്കുകയാണ്. രാജ്യത്ത് സർക്കാർ മേഖലയിൽ

തൊഴിലവസരങ്ങളില്ലാതാക്കാൻ ശ്രീ. നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ശ്രമിക്കുകയാണ്. നമ്മുടെ സഭയിൽ ഒരുപാട് സംഘടനകളുടെ ഭാരവാഹികളും മുൻ ഭാരവാഹികളുമൊക്കെ ഇരിക്കുന്നുണ്ട്. നരേന്ദ്ര മോദി ഗവൺമെന്റ് അധികാരത്തിൽ വന്ന അവസരത്തിൽ രാജ്യത്തെ ചെറുപ്പക്കാരോട് പറഞ്ഞത്, പ്രതിവർഷം രണ്ട് കോടി തൊഴിലവസരങ്ങൾ നൽകുമെന്നാണ്. അങ്ങനെ പ്രതിവർഷം രണ്ട് കോടി തൊഴിലവസരം കൊടുത്താൽ അഞ്ച് വർഷമാകുമ്പോൾ പത്ത് കോടി ചെറുപ്പക്കാർക്കാണ് തൊഴിൽ ലഭിക്കേണ്ടിയിരുന്നത്. എന്നാൽ യുവജനങ്ങളെ വഞ്ചിച്ചുകൊണ്ട് രണ്ട് കോടി തൊഴിലവസരങ്ങൾ കൊടുത്തില്ലെന്ന് മാത്രമല്ല, കരാർ നിയമനത്തിലേയ്ക്ക് ഇന്ത്യാ മഹാരാജ്യത്തെ കൊണ്ടുപോകുന്ന ശ്രദ്ധേയമായ തീരുമാനങ്ങൾ ഇന്ത്യൻ പാർലമെന്റിലെടുക്കുകയാണ് ചെയ്തത്. ഇന്ത്യയിൽ സർക്കാർ/പൊതുമേഖലയിൽത്തന്നെ പത്ത് ലക്ഷത്തോളം തൊഴിലവസരങ്ങൾ ഉണ്ടെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ഇത് കേന്ദ്ര മന്ത്രി പാർലമെന്റിൽ അറിയിച്ച കണക്കാണ്. ഇന്ത്യൻ റെയിൽവേയിൽ 293943 തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്.

റെയിൽവേയിലെ 90000 ഒഴിവുകൾക്ക് 25 ബില്യൺ ഉദ്യോഗാർത്ഥികളാണ് അപേക്ഷിച്ചിരിക്കുന്നത്. പ്രതിരോധ വകുപ്പിനെ അങ്ങേയറ്റം ശ്രദ്ധയോടെ കൊണ്ടുപോകേണ്ടത് ഇന്ത്യാ ഗവൺമെന്റിന്റെ ചുമതലയാണ്. ആ പ്രതിരോധ വകുപ്പിൽ 646042-ൽ 264707 തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. ആഭ്യന്തര വകുപ്പിൽ അതിനെക്കാൾ ഭീകരാവസ്ഥയാണുള്ളത്. അവിടെ ഏകദേശം 143536 തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. എസ്.ബി.ടി., എസ്.ബി.ഐ. ലയനത്തിനുശേഷം ഇന്ത്യയിൽ 11208 ശാഖകൾ അടച്ചുപൂട്ടുകയുണ്ടായി. മെർജ് ചെയ്യുന്നതിന് ശ്രമിച്ചെങ്കിലും ഈ കാലയളവിൽ മുപ്പതിനായിരം ഒഴിവുകളാണ് അവിടെ റിപ്പോർട്ട് ചെയ്യപ്പെട്ടത്. ശാഖകൾ പൂട്ടിയാൽ ഈ ഒഴിവുകൾക്ക് എന്തുസംഭവിക്കുമെന്ന് നമുക്കറിയാവുന്നതാണ്. എയർപോർട്ടുകൾ സ്വകാര്യവത്കരിക്കപ്പെടുകയും ബി.എസ്.എൻ.എൽ. കുട്ടപിരിച്ചുവിടലിന് സാക്ഷിയാകുകയും ചെയ്തിരിക്കുന്നു. ഇൻഷ്വറൻസ് മേഖലയെ തകർക്കുന്നു, സർവ്വകലാശാലകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലുമൊക്കെ സ്ഥിരനിയമനങ്ങൾ ഇല്ലാതായിരിക്കുന്നു. കേരളത്തിൽ പി.എസ്.സി.-യെ

വിശ്വാസത്തിലെടുത്തുകൊണ്ട് നമ്മൾ മുന്നോട്ടുപോകുമ്പോൾ ഇന്ത്യാ ഗവൺമെന്റിന്റെ മനഃസ്ഥിതി എന്താണെന്ന് പൊതുസമൂഹം തിരിച്ചറിയുന്നതിനുവേണ്ടിയാണ് ഇത്രയും കാര്യങ്ങൾ സൂചിപ്പിച്ചത്. പട്ടികജാതി, പട്ടികവർഗ്ഗ, ഒ.ബി.സി., സാമ്പത്തിക പിന്നാക്ക വിഭാഗം തുടങ്ങി എല്ലാ പിന്നാക്ക വിഭാഗത്തിൽപ്പെട്ടവരുടെയും അവസരം രാജ്യത്ത് ഇല്ലാതാകുകയാണ്. അവിടെയാണ് കേരള ഗവൺമെന്റ് ഏറ്റവും സുപ്രധാനമായ തീരുമാനമെടുത്തത്. പട്ടികവർഗ്ഗ വിഭാഗത്തിലുള്ള അഞ്ഞൂറ് പേരെ കാട് സംരക്ഷിക്കുന്നതിനായി നിയമിച്ചിരിക്കുന്നു. ഇത്തരത്തിൽ ചരിത്രത്തിലേയ്ക്കൊരു നിയമനമാണ് കേരളത്തിൽ നടത്തിയിരിക്കുന്നത്. പട്ടികവർഗ്ഗ വിഭാഗത്തിലെ അഞ്ഞൂറ് യുവതീ-യുവാക്കൾക്കാണ് കേരള ഗവൺമെന്റ് പി.എസ്.സി. മുഖേന നിയമനം നൽകിയത്. സൈന്യത്തെപ്പോലും സ്വകാര്യവത്കരിക്കുന്ന തരത്തിലേയ്ക്ക് 'അഗ്നിപഥ്' നടപ്പാക്കിയിരിക്കുന്നു. സ്ഥിരം തൊഴിലെന്ന സങ്കൽപം ഇന്ത്യാ ഗവൺമെന്റ് വീണ്ടും ഇല്ലാതാക്കിയിരിക്കുകയാണ്. ഒരു വർഷം ഏകദേശം രണ്ട് കോടി പേർക്ക് തൊഴിൽ നൽകുമെന്ന് പറഞ്ഞാണ് ഇന്ത്യാ ഗവൺമെന്റ്

അധികാരത്തിൽ വന്നതെങ്കിലും വെറും 7.22 ലക്ഷം പേർക്ക് മാത്രമാണ് നിയമനം നൽകാൻ കഴിഞ്ഞത് എന്നതും ശ്രദ്ധേയമാണ്. എന്നാൽ കേരളത്തിലെ ഗവൺമെന്റ് ഈ കാലംകൊണ്ട് ഏകദേശം 2.25 ലക്ഷം പേർക്ക് തൊഴിലവസരം നൽകിയിട്ടുണ്ട്. ഇവിടെ പ്രതിവർഷം മുപ്പതിനായിരം പേരെ നിയമിക്കാൻ നമ്മുടെ ഗവൺമെന്റിന് കഴിയുന്നുണ്ട്.

<u>ശ്രീ. പി. വി. ശ്രീനിജിൻ:</u> സർ, ക്ഷേമനിധി ബോർഡുകളടക്കമുള്ള വിവിധ കമ്പനി/ബോർഡ്/കോർപ്പറേഷനുകളിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുക എന്നത് ഗവൺമെന്റിന്റെ ശക്തമായ നിലപാടാണ്. അവിടെ നിലവിൽ ജോലി ചെയ്യുന്നവരുടെ താൽപര്യംകൂടി സംരക്ഷിച്ചുകൊണ്ടാണ് ഈ നിലപാട് നടപ്പിൽ വരുത്തേണ്ടത് എന്ന അഭ്യർത്ഥനയാണുള്ളത്. അവർ വർഷങ്ങളായി അവിടെ ജോലി ചെയ്തുവരുന്നവരാണ്. ഇന്ത്യയിലെ ശരാശരി നിയമനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരള പി.എസ്.സി.-യിൽ നിരവധി നിയമനങ്ങൾ നടക്കുന്നുണ്ട്. പക്ഷേ അതിനാനുപാതികമായ സ്റ്റാഫ് സ്ട്രെങ്ത്

പി.എസ്.സി.-ൽ ഉണ്ടോയെന്ന് സംശയമുണ്ട്. ഇക്കാര്യം അങ്ങേയ്ക്ക് അറിയാമോ?

<u>ശ്രീമതി യു. പ്രതിഭ</u>: സർ, തീർച്ചയായും. ഞാൻ ആ വിഷയത്തിലേയ്ക്ക് വരികയാണ്. കേരളത്തിൽ മാത്രമാണ് ഇത്രയും സ്ഥിരനിയമനങ്ങൾ നടക്കുന്നത്. മറ്റ് സംസ്ഥാനങ്ങളിൽ പി.എസ്.സി. ദുർബലമാണ്. പി.എസ്.സി.-യെ നോക്കുകുത്തിയാക്കുന്ന സമീപനമാണ് രാജ്യം ഭരിക്കുന്നവർ നടത്തുന്നതെന്ന് എല്ലാവർക്കുമറിയാവുന്നതാണ്. ഇവിടെ ബഹുമാനപ്പെട്ട അംഗം പി. വി. ശ്രീനിജിൻ ചോദിച്ചത് പ്രസക്തമായ കാര്യമാണ്. കേരള പി.എസ്.സി.-യിൽ എഴുപത് ലക്ഷത്തോളം ഉദ്യോഗാർത്ഥികളാണ് വൺ ടൈം രജിസ്ട്രേഷൻ നടത്തിയിട്ടുള്ളത്. ഇത് വലിയൊരു സംഖ്യയാണ്. ഈ ഉദ്യോഗാർത്ഥികൾ വിവിധ തസ്തികകളിലേയ്ക്കാണ് അപേക്ഷിക്കുന്നത് എന്നതിനാൽ ജീവനക്കാരുടെ ജോലിഭാരം കൂടുതലാണ്; എന്നാൽ അതിനാനുപാതികമായി അവിടെ ജീവനക്കാരില്ല. നിയമനങ്ങൾ കുറവാണെങ്കിലും യു.പി.എസ്.സി.-യിൽ കൂടുതൽ ജീവനക്കാരുണ്ട്. എന്നാൽ വർഷാവർഷം മുപ്പതിനായിരം പേരെ

നിയമിച്ച്, ഈ ചുരുങ്ങിയ കാലംകൊണ്ട് ഏകദേശം 2.25 ലക്ഷം ചെറുപ്പക്കാർക്ക് ജോലി കൊടുത്ത കേരള പി.എസ്.സി.-യിൽ ജോലിഭാരം കൂടുതലാണെന്ന കാര്യത്തിൽ സംശയമില്ല. അവിടെ 1720 ജീവനക്കാരാണ് ഇപ്പോഴുള്ളത്. പ്രതിവർഷം പതിനായിരത്തിൽ താഴെമാത്രം നിയമന ശിപാർശകളാണ് യു.പി.എസ്.സി. ചെയ്യുന്നത്. കേരള പി.എസ്.സി.-യിൽ ജോലിഭാരം കൂടുതലാണെന്നത് വളരെ വ്യക്തമാണ്. കേരള പി.എസ്.സി.-ക്ക് കേരളീയ സമൂഹത്തിൽ വലിയ സ്വാധീനമാണുള്ളത്.

ശ്രീമതി ശാന്തകുമാരി കെ.: സർ, കേരള പി.എസ്.സി. മാതൃകാപരമായി ഏറ്റവും കൂടുതൽ ചെറുപ്പക്കാരെ സർക്കാർ സർവീസിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള വലിയ പരിശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഓരോ വർഷവും ശരാശരി മുപ്പതിനായിരം നിയമനങ്ങൾ നടത്തുന്നു എന്നുള്ളത് ശ്ലാഘനീയമാണ്. പാലക്കാട്, കാസർഗോഡ്, ഇടുക്കി തുടങ്ങിയ ജില്ലകളിൽ പി.എസ്.സി. വഴി ജോലി ലഭിച്ചുവരുന്ന ഒട്ടുമിക്ക ജീവനക്കാരും അവിടെ ജോലി ചെയ്യാൻ താൽപ്പര്യപ്പെടുന്നില്ലെന്ന വസ്തുത ബഹുമാനപ്പെട്ട ചെയറിന്റെയുൾപ്പെടെ ശ്രദ്ധയിൽപ്പെട്ട വിഷയമാണ്. അതത് ജില്ലകളിൽ

കൂടുതൽ ആളുകൾക്ക് പ്രാധാന്യം കൊടുക്കുന്നതോടൊപ്പം നിർബന്ധമായും ഇക്കാര്യത്തിൽ കൃത്യമായ വ്യവസ്ഥയുണ്ടാകുകയും വേണം. കേരളത്തിൽ ഏത് ഹസാർഡ് ഏരിയയിലും ജോലി ചെയ്യാമെന്ന് സത്യപ്രതിജ്ഞ ചെയ്തുകൊണ്ടാണ് സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്നത്. പക്ഷേ ജോയിൻ ചെയ്ത് അടുത്ത മാസം മുതൽ സ്വന്തം പ്രദേശത്തേയ്ക്ക് മാറി വരണമെന്ന പൊതുചിന്തയാണ് അവർക്കുണ്ടാകുന്നത്. അതിന്റെ ഭാഗമായി സർക്കാർ സംവിധാനങ്ങളിൽ പാലക്കാട്, ഇടുക്കി, കാസർഗോഡ് പോലുള്ള ജില്ലകളിൽ നിരവധി വേക്കൻസികൾ നിലനിൽക്കുകയാണ്. അക്കാര്യത്തിൽ എന്തെങ്കിലും നിബന്ധന വയ്ക്കണമെന്ന് താങ്കൾക്ക് അഭിപ്രായമുണ്ടോ?

<u>ശ്രീമതി യു. പ്രതിഭ</u>: സർ, തീർച്ചയായും. കേരള പി.എസ്.സി. എന്നുപറയുന്നത് കേരളത്തിലെ യുവതീ-യുവാക്കളുടെ വലിയ പ്രതീക്ഷയും ആശയുമാണ്. കേരളത്തിലെവിടെയും ജോലി ചെയ്യാമെന്ന് സത്യപ്രതിജ്ഞ ചെയ്താണ് പി.എസ്.സി. വഴി ജോലിയിൽ പ്രവേശിക്കുന്നത്. ഇന്നലെ ഈ സഭയിൽത്തന്നെ ചർച്ചകൾ ഉയർന്നുവന്നത് നമ്മൾ കേട്ടതാണ്. ചില

ജില്ലകളിൽ ജോലി ചെയ്യാൻ ആളുകൾക്ക് വിമുഖതയുണ്ട്. പക്ഷേ ആ സ്ഥലങ്ങളിലും കാര്യങ്ങൾ കൃത്യമായി നടക്കേണ്ടതുണ്ട്. ഏത് ജില്ലയിലും പോയി ജോലി ചെയ്യാനുള്ള മാനസികാവസ്ഥയുണ്ടാകണം. ഇക്കാര്യംകൂടി പി.എസ്.സി. കൃത്യമായി അവലോകനം ചെയ്യേണ്ടതാണ്. അതുസംബന്ധിച്ച് ഉദ്യോഗാർത്ഥികളിൽനിന്നും ഉറപ്പ് ലഭ്യമാക്കണം. ഏറ്റവും സൗകര്യപ്രദമായ സ്ഥലങ്ങളിൽ മാത്രമെ ജോലി ചെയ്യുകയുള്ളൂവെന്ന മനോഭാവം ഒരിക്കലും ഭൂഷണമല്ല. പി.എസ്.സി.-യെ കൂടുതൽ ശക്തിപ്പെടുത്താനാവശ്യമായ നടപടിയെടുക്കുന്ന അവസരത്തിൽ സ്റ്റാഫ് പാറ്റേൺ ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിഷ്കരിക്കുന്നതിനുള്ള ചില ആലോചനകൾകൂടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. എൽ.ഡി.എഫ്. സർക്കാർ എന്നും അതിന് മാതൃകയായിരുന്നു. മാറിമാറി വന്ന എൽ.ഡി.എഫ്. സർക്കാരുകൾ ഏകദേശം 540 തസ്തികകളാണ് കേരള പി.എസ്.സി.-ക്ക് നൽകിയിട്ടുള്ളത് എന്നത് ഏറ്റവും ശ്രദ്ധേയമാണ്. ഇനിയും ഇത്തരം സമീപനങ്ങളിലൂടെ പി.എസ്.സി.-യെ ശക്തിപ്പെടുത്താൻ

ഇടപെടണമെന്ന് അഭ്യർത്ഥിക്കുന്നു. പലപ്പോഴും സംവരണത്തിൽ ഉൾപ്പെടാത്ത വിഭാഗമാണ് ട്രാൻസ്ജെൻഡേഴ്സ്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, കേരള പി.എസ്.സി.-യുടെ സുതാര്യത എപ്പോഴും വളരെയേറെ ശ്ലാഘനീയമാണ്. വളരെ കൃത്യവും നിഷ്പക്ഷവും സുതാര്യവുമായ പ്രവർത്തനങ്ങളാണ് പി.എസ്.സി.-യുടെ ഭാഗത്തുനിന്നുണ്ടാകുന്നത്. ഒരു ഇന്റർവ്യൂ ബോർഡിലെ അംഗത്തിന് അന്നേദിവസം രാവിലെ മാത്രമെ ഏത് ഇന്റർവ്യൂ ബോർഡിലാണ് താൻ ഉൾപ്പെട്ടിരിക്കുന്നത് എന്നറിയാൻ കഴിയുകയുള്ളൂ. അത്രമാത്രം കൃത്യതയോടെയാണ് ഓരോ കാര്യങ്ങളും ചെയ്യുന്നത്. സർവ്വകലാശാലകളിലെല്ലാം പുതിയ കോഴ്സുകൾ ആരംഭിക്കുന്നുണ്ട്. ഇത്തരത്തിൽ പരമ്പരാഗതമായ കോഴ്സുകൾ മാറി പുതിയ കോഴ്സുകൾ വരുമ്പോൾ, പി.എസ്.സി.-ക്ക് പലപ്പോഴുമുണ്ടാകുന്ന ഒരു പ്രശ്നം, നോട്ടിഫിക്കേഷനിൽ പഴയ കോഴ്സുകളാണ് ഇപ്പോഴും പരാമർശിച്ചിരിക്കുന്നത് എന്നുള്ളതാണ്. സർവ്വകലാശാലകളിലുണ്ടാകുന്ന മാറ്റത്തിനനുസരിച്ചും പുതിയ കോഴ്സുകൾ ഡിസൈൻ ചെയ്യുന്നതനുസരിച്ചും പി.എസ്.സി.-യിലെ

നോട്ടിഫിക്കേഷനുകളിൽ ആ കോഴ്സുകൾകൂടി ഉൾപ്പെടുത്താൻ സാധിക്കണം. ഒരേസമയംതന്നെ ഈ പ്രക്രിയ മുന്നോട്ടുകൊണ്ടുപോകണമെന്ന കാര്യത്തിൽ ശ്രദ്ധയുണ്ടാകണം. പ്രസ്തുത വിഷയം ഞാൻ ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിലൂടെ സഭയിൽ അവതരിപ്പിക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അക്കാര്യത്തിൽ നല്ലരീതിയിൽ ഇടപെട്ട് കുറെ കോഴ്സുകളുടെ കാര്യത്തിൽ അത്തരത്തിൽ മാറ്റമുണ്ടാക്കുകയും ചെയ്തതാണ്. പരമ്പരാഗതമായ കോഴ്സുകൾക്കപ്പുറം പുതിയ കോഴ്സുകൾകൂടി ഡിസൈൻ ചെയ്യുന്ന സാഹചര്യത്തിൽ ഇക്കാര്യംകൂടി പി.എസ്.സി.-യുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ശ്രദ്ധിക്കണം. ഇത് സംബന്ധിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

<u>ശ്രീ. എച്ച്. സലാം</u>: സർ, കേരളം പി.എസ്.സി. നിയമനത്തിന്റെ കാര്യത്തിൽ ഏറ്റവും ഉയർന്ന നിരക്കിലേയ്ക്ക് വരുന്നുണ്ടെങ്കിലും റാങ്ക് ലിസ്റ്റിലുള്ള അവസാനത്തെ ആൾക്കും ജോലി കിട്ടുമെന്ന പ്രതീക്ഷ നൽകിയിട്ട് അവസാനം ഒഴിവുകൾ നികത്തി ലിസ്റ്റ് ബ്രേക്ക് ആകുമ്പോൾ ജോലി ലഭിക്കാത്തവരുടെ മനസ്സിൽ അരക്ഷിതാവസ്ഥ

സൃഷ്ടിക്കപ്പെടുകയാണ്. ആധുനിക സാഹചര്യത്തിൽ സർവ്വീസിലുള്ളവർ ജോലിയിൽ പ്രവേശിച്ച ദിവസവും റിട്ടയർ ചെയ്യുന്ന ദിവസവും എല്ലാവർക്കും മനസ്സിലാക്കാൻ കഴിയുന്ന സംവിധാനമാണുള്ളത്. ഈ സൗകര്യം ഉപയോഗപ്പെടുത്തിക്കൊണ്ട് സർക്കാർ സർവ്വീസിലെ ഒഴിവുകൾ ഡിപ്പാർട്ടുമെന്റ് തലവന് മാത്രമല്ല പൊതുജനങ്ങൾക്കുകൂടി മനസ്സിലാകുന്ന നിലയിൽ പി.എസ്.സി. സംവിധാനമൊരുക്കിയാൽ ഏത് വകുപ്പിൽ എത്ര ഒഴിവുണ്ടെന്ന് ഉദ്യോഗാർത്ഥികൾക്കുതന്നെ സ്വയം ബോധ്യമാകുന്ന സ്ഥിതിയുണ്ടാകും. ഈ വിഷയം ഞാൻ നേരത്തെ സബ്മിഷനായി ഉന്നയിച്ചിട്ടുള്ളതാണ്. നിലവിൽ ഇത്രയേറെ നിയമനങ്ങൾ നടക്കുന്ന സാഹചര്യത്തിൽ ഈ സംവിധാനത്തിലേയ്ക്ക് പി.എസ്.സി. എത്രയുംവേഗം എത്തിയാൽ ഉദ്യോഗാർത്ഥികൾക്കിടയിൽ ഉണ്ടാകുന്ന ആശങ്ക അവസാനിപ്പിക്കാൻ കഴിയുമെന്ന ബോധ്യം ബഹുമാനപ്പെട്ട അംഗത്തിനുണ്ടോ?

<u>ശ്രീമതി യു. പ്രതിഭ</u>: സർ, ഉന്നത വിദ്യാഭ്യാസത്തിന് വലിയ പ്രാധാന്യമാണ് സർക്കാർ കൊടുത്തുകൊണ്ടിരിക്കുന്നത്. നവകേരള

സൃഷ്ടിക്കുശേഷം വൈജ്ഞാനിക സമൂഹത്തെ സൃഷ്ടിക്കാനുള്ള ഇടപെടലാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. ഡോ. എൻ. ജയരാജ് സൂചിപ്പിച്ചതുപോലെ, ഉദാഹരണത്തിന് എം.എ. സൈക്കോളജി എന്നുള്ളത് മാറി എം.എസ്സി. സൈക്കോളജി എന്ന പുതിയ കോഴ്സ് വന്നാൽ പി.എസ്.സി. വിജ്ഞാപനം ചെയ്യുമ്പോൾ എം.എസ്സി. സൈക്കോളജി എന്നുള്ളത് അതിൽ ഉൾപ്പെടുകയില്ല. തീർച്ചയായും അക്കാര്യം ഈ ചർച്ചയിലൂടെ പി.എസ്.സി.-യുടെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരാൻ കഴിയുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ബഹുമാനപ്പെട്ട അംഗം എച്ച്. സലാം ഉന്നയിച്ച വിഷയത്തിലേയ്ക്ക് വരാം. അൻപത് പേർക്കാണ് നിയമനം നൽകുന്നതെങ്കിൽ നൂറ് പേരുടെ ലിസ്റ്റ് വരെ എത്തുന്നതാണ്. എന്നാൽ ലിസ്റ്റ് ഇരുന്നൂറോ മുന്നൂറോ വരെയാകുമ്പോൾ ലിസ്റ്റിൽപ്പെട്ട ഉദ്യോഗാർത്ഥികൾ അങ്ങേയറ്റം പ്രതീക്ഷയോടുകൂടിയിരിക്കുന്ന സാഹചര്യമാണുള്ളത്. സ്വാഭാവികമായും അത്തരത്തിലൊരു വലിയ ലിസ്റ്റ് ക്രമപ്പെടുത്തുന്നതിനുള്ള സമീപനംകൂടി പി.എസ്.സി. സ്വീകരിക്കണം. ഒരു ഗവൺമെന്റ് ജോലി എന്നത് പ്രതീക്ഷയോടെ ആഗ്രഹിക്കുന്ന സമൂഹമാണ് കേരളത്തിലുള്ളത്

എന്നതിനാൽ അത്തരത്തിലൊരു ഇടപെടൽ പി.എസ്.സി.-യുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

അതുപോലെ ട്രാൻസ്ജെൻഡേഴ്സിനെ സംവരണ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നില്ല. അടുത്ത കാലത്ത് ആരോഗ്യ വകുപ്പിൽ പ്രത്യേകമായ ചില തീരുമാനങ്ങൾ ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് എല്ലാ വകുപ്പുകളിലും ട്രാൻസ്ജെൻഡേഴ്സ് ആയിട്ടുള്ളവർക്കുകൂടി പ്രത്യേക പരിഗണന നൽകണമെന്ന് ആവശ്യപ്പെടുകയാണ്.

ഡോ. മാത്യൂ കുഴൽനാടൻ: സർ, ചെറുപ്പക്കാരുടെ വികാരം നാം ഈ സഭയിൽ പ്രകടിപ്പിക്കേണ്ടവരാണ്. പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഇടംപിടിച്ച് കാത്തുനിൽക്കുന്ന പതിനായിരക്കണക്കിന് യുവതീ-യുവാക്കൾ നിരന്തരം സാമാജികരോട് പറയുന്നത്, സംസ്ഥാനത്ത് നിലവിൽവന്ന ഒഴിവുകൾപോലും റിപ്പോർട്ട് ചെയ്യപ്പെടാത്ത സാഹചര്യമാണുള്ളത് എന്നാണ്. റാങ്ക് ലിസ്റ്റിലുള്ളവർതന്നെ തുക പിരിച്ചെടുത്ത് കോടതിയിൽ കേസ് കൊടുത്ത് ഉത്തരവ് നേടുന്ന സംഭവം ഞാൻ അഭിഭാഷകനായിരുന്നപ്പോൾതന്നെ എത്രയോ തവണ ഉണ്ടായിട്ടുണ്ട്.

അത്തരം സ്ഥിതിവിശേഷം നിലനിൽക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം ഒരു വനിതയായതുകൊണ്ട് ഈ വിഷയം ശ്രദ്ധയിൽകൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. വനിതാ പോലീസ് കോൺസ്റ്റബിൾ ലിസ്റ്റിൽനിന്നും നിയമനം നടക്കാത്ത സാഹചര്യമാണുള്ളത്. സർക്കാരിന് സാമ്പത്തിക പ്രതിസന്ധി ഉണ്ടാകും; അതൊന്നും ആരും നിഷേധിക്കുന്നില്ല. പക്ഷെ കാര്യക്ഷമമായ രീതിയിൽ റിക്രൂട്ട്മെന്റ് നടക്കാതെ പോകുന്നത് മൊത്തത്തിലുള്ള സംവിധാനത്തെ ദുർബലപ്പെടുത്തുന്ന സാഹചര്യമുണ്ടാക്കും. അർഹതപ്പെട്ട ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതു കാരണം പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഇടം പിടിച്ചിട്ടും ജോലി ലഭിക്കാത്ത അവസ്ഥ നിലനിൽക്കുന്നത് ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീമതി യു. പ്രതിഭ: സർ, ഇന്ത്യയിൽ ഏറ്റവും കൂടുതൽ ചെറുപ്പക്കാർക്ക് പ്രതിവർഷം ജോലി കൊടുക്കുന്ന പി.എസ്.സി. സംവിധാനമാണ് കേരളത്തിലുള്ളത്. എന്നാൽ ചില അവസരങ്ങളിൽ ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ 2016-ൽ അധികാരത്തിൽവന്ന അവസരത്തിൽ ഏറെ താൽപര്യമെടുത്ത് എല്ലാ വകുപ്പ്

മേധാവികളോടും ഇതുസംബന്ധിച്ച് കർശന നിർദ്ദേശമാണ് നൽകിയത്. ചില വകുപ്പുകളിൽനിന്നും ഇപ്പോഴും ചില പോരായ്മകൾ വരുന്നതായി ചർച്ചകളിലൂടെ പുറത്തുവന്നിട്ടുണ്ട്; അവയെല്ലാം പരിഹരിക്കപ്പെടേണ്ടതാണ്. എന്നാൽ വിദ്യാഭ്യാസ വകുപ്പ് ആറായിരത്തിലധികം പേർക്കാണ് നിയമനം കൊടുത്തതെന്ന ശ്രദ്ധേയമായ കാര്യംകൂടി ഈ അവസരത്തിൽ ശ്രദ്ധയിൽപ്പെടുത്തുകയാണ്. എല്ലാ വകുപ്പുകൾക്കും കൃത്യമായ നിർദ്ദേശം കൊടുത്ത് ഒഴിവുകൾ കൃത്യസമയത്ത് റിപ്പോർട്ട് ചെയ്യിക്കുന്നതിനുള്ള സജീവമായ ഇടപെടൽകൂടി ഉണ്ടാകേണ്ടതാണ്. ഏറ്റവും ഗ്ലാമറായ ജോലിയാണ് സർക്കാർ സർവ്വീസ് എന്നാണ് എല്ലാവരും കരുതുന്നത്. പക്ഷെ ഏത് ജില്ലയിലുംപോയി ഏത് സാഹചര്യത്തിലും ജോലി ചെയ്യാനുള്ള എല്ലാ സംവിധാനങ്ങളും ഗവൺമെന്റ് ഒരുക്കിക്കൊടുക്കുമ്പോൾ ഏറ്റവും ഗ്ലാമറോടുകൂടിതന്നെ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ കഴിയുന്ന തരത്തിലേയ്ക്ക് പി.എസ്.സി. നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾ ശ്രമിക്കണം എന്നുകൂടി പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. സജീവ് ജോസഫ്</u>: 2023-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്, കെട്ടിട-മറ്റ് നിർമ്മാണത്തൊഴിലാളികളുടെ ക്ഷേമ ബോർഡ്, കേരള ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവയിലെ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തുന്നതിനുവേണ്ടിയാണ് ഈ ബിൽ ഭേദഗതി ചെയ്യാൻ സർക്കാർ ഉദ്ദേശിക്കുന്നത്. നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നത് നല്ല കാര്യംതന്നെയാണ്; അതിനെ സന്തോഷപൂർവ്വം സ്വാഗതം ചെയ്യുന്നു. എന്നാൽ നിയമം പാസ്സാക്കിയതുകൊണ്ടുമാത്രം ലക്ഷ്യം നേടാൻ സാധിക്കില്ല. അത് നടപ്പാക്കുന്നതിനും നമുക്ക് സാധിക്കണം. 01-02-2023-ന്

ശ്രീ. ഷാഫി പറമ്പിലിന്റെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 46-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭയിൽ നൽകിയ മറുപടിയിൽ ഇരുപത്തിനാല് സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടെങ്കിലും സ്പെഷ്യൽ റൂൾ രൂപീകരിക്കാത്തതുകൊണ്ട് നിയമനം നടത്താൻ സാധിക്കുന്നില്ലെന്നാണ് പറഞ്ഞിരിക്കുന്നത്. കേരളത്തിലെ ലക്ഷോപലക്ഷം അഭ്യസ്തവിദ്യരായ ചെറുപ്പക്കാർ സർക്കാർ ജോലിയെന്ന സ്വപ്നവുമായി സമീപിക്കുന്ന ഭരണഘടനാ സ്ഥാപനമാണ് കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ. അടുത്ത കാലത്തായി പി.എസ്.സി.-യോട് ഉദ്യോഗാർത്ഥികൾക്ക് വിശ്വാസമില്ലാത്ത സ്ഥിതിവിശേഷമാണുള്ളത്. ഈ വിശ്വാസ തകർച്ചയുടെ ഫലമായാണ് പ്രതിഭാശാലികളായ നമ്മുടെ യുവതയുടെ മനുഷ്യവിഭവശേഷി വിദേശത്തേയ്ക്ക് ചേക്കേറാനുള്ള അനഭിലഷണീയമായ പ്രവണത കാണിക്കുന്നത്. 2018-ലെ പ്രളയം, തുടർന്നുണ്ടായ കോവിഡ് മഹാമാരി എന്നീ ഘട്ടങ്ങളിലെല്ലാം വിവിധ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തെങ്കിലും അവ നികത്താത്തതുമൂലം നിരവധി ഉദ്യോഗാർത്ഥികളുടെ സ്വപ്നങ്ങളാണ് തകർന്നുപോയത്. നിരവധി റാങ്ക് ലിസ്റ്റുകൾ ഇതിനോടകം

റദ്ദായി. പലർക്കും പ്രായപരിധി കഴിഞ്ഞതുകൊണ്ട് മറ്റ് പി.എസ്.സി. പരീക്ഷകൾക്ക് അപേക്ഷിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ചിലർ ജീവിത പ്രാരാബ്ധത്തിൽ പഠനം ഉപേക്ഷിച്ച് മറ്റ് ജോലികൾക്ക് പോകുന്ന അവസ്ഥയാണുള്ളത്. സർക്കാർ ഒഴിവുകൾ വേഗത്തിൽ റിപ്പോർട്ട് ചെയ്യാത്തതും പി.എസ്.സി. വേഗത്തിൽ നിയമനം നടത്താത്തതുമാണ് ഇതിനൊക്കെ കാരണം. സർക്കാർ നിരവധി സ്ഥാപനങ്ങളുടെ നിയമനം പി.എസ്.സി.-ക്ക് വിടുന്നുണ്ട്. താഴെത്തട്ടിൽ ഇതിന് വിപരീതമായ കാര്യങ്ങൾ നടക്കുന്നതുകൊണ്ടുതന്നെ ഇക്കാര്യത്തിൽ സർക്കാരിന്റെ ആത്മാർത്ഥതയിൽ സംശയമുണ്ട്. സംസ്ഥാനത്ത് ഏകദേശം 115 കമ്പനികൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, ക്ഷേമനിധി ബോർഡുകൾ, 22 സഹകരണ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെ 137 സ്ഥാപനങ്ങളിലെ നിയമനങ്ങൾ കേരളത്തിലെ മാറിമാറി വന്ന യു.ഡി.എഫ്.-എൽ.ഡി.എഫ്. ഗവൺമെന്റുകൾ പി.എസ്.സി.-യുടെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. എന്നാൽ ഇതിൽ 84 സ്ഥാപനങ്ങൾ മാത്രമാണ് നിയമന ചട്ടങ്ങൾ രൂപീകരിച്ചത്. ഇതിൽതന്നെ എത്ര സ്ഥാപനങ്ങളിൽ പി.എസ്.സി. മുഖേന

നിയമന നടപടികൾ ആരംഭിച്ചുവെന്നത് സംബന്ധിച്ച് ഇതുവരെയും യാതൊരു വ്യക്തതയുമില്ല. നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ട സ്ഥാപനങ്ങളിലെ ഒഴിവുകൾ നികത്തുന്നതിനുള്ള  സ്പെഷ്യൽ റൂളുകൾ സമയബന്ധിതമായി രൂപീകരിക്കാൻ ഇപ്പോഴും തയ്യാറാകാത്തത് എന്തുകൊണ്ടാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരിശോധിക്കുകയും അതിന് ശാശ്വത പരിഹാരമുണ്ടാക്കുകയും ചെയ്യണമെന്നാണ് ഈ സന്ദർഭത്തിൽ ആവശ്യപ്പെടുവാനുള്ളത്. ഇത്തരത്തിലുള്ള നിയമനങ്ങൾ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പാക്കുന്നതിന് സർക്കാർ കൃത്യമായ പരിശ്രമം നടത്തുന്നില്ല. അതുകൊണ്ടുതന്നെ ഇത് കൃത്യമായി പാലിക്കപ്പെടാത്തത് ബോധപൂർവ്വമായ  വീഴ്ചയാണോ എന്ന് ആരെങ്കിലും സംശയിച്ചാൽ തെറ്റ് പറയാൻ സാധിക്കില്ല. അനധികൃത പിൻവാതിൽ നിയമനത്തിനുള്ള നീക്കമായാണ് പൊതുവെ എല്ലാവരും അതിനെ സംശയിക്കുന്നത്. നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ട പല സ്ഥാപനങ്ങളിലും ഇപ്പോഴും പിൻവാതിൽ നിയമനങ്ങൾ തകൃതിയായി നടക്കുന്നുണ്ട്. സംവരണ തത്വങ്ങൾ അട്ടിമറിച്ചുകൊണ്ട് നടക്കുന്ന ഈ നിയമനങ്ങൾ  സാമൂഹിക

അസമത്വത്തിലേയ്ക്ക് സമൂഹത്തെ തള്ളിവിടുന്ന സാഹചര്യമുണ്ടാകുന്നുണ്ട്. നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ട പല ബോർഡുകളും കോർപ്പറേഷനുകളും പൊതുമേഖലാ സ്ഥാപനങ്ങളും നിയമന ചട്ടങ്ങൾ രൂപീകരിക്കാതെയും സ്റ്റാഫ് ഘടന ഉറപ്പാക്കാതെയും അനധികൃത പിൻവാതിൽ നിയമനങ്ങൾ നടത്തുന്നുവെന്ന നിരവധി വാർത്തകളും റിപ്പോർട്ടുകളും എല്ലാ ദിവസവും പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. പി.എസ്.സി. സംവിധാനത്തിന്റെ കാര്യക്ഷമതയിൽ വലിയൊരു പോരായ്മ സംഭവിച്ചിട്ടുണ്ട്. കേരള പി.എസ്.സി. രാജ്യത്തിനുതന്നെ മാതൃകയാണെന്ന കാര്യം ബഹുമാനപ്പെട്ട അംഗം യു. പ്രതിഭ സൂചിപ്പിക്കുകയുണ്ടായി. പക്ഷെ ഇക്കാര്യത്തിൽ അടുത്ത കാലത്തുണ്ടായ വിശ്വാസ തകർച്ചയുടെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഈ വിഷയം വളരെ ഗൗരവമായിത്തന്നെ കേരള നിയമസഭ ചർച്ച ചെയ്യണം. റാങ്ക് ലിസ്റ്റുകൾ യഥാസമയം പ്രസിദ്ധീകരിക്കാതെയും അഡ്വൈസ് നടപടികൾ വൈകിപ്പിച്ചും അറിഞ്ഞോ അറിയാതെയോ ഇത്തരം പിൻവാതിൽ നിയമനങ്ങൾക്ക് പ്രത്യക്ഷമായും പരോക്ഷമായും പി.എസ്.സി. ഒത്താശ

ചെയ്തുകൊടുക്കുന്നുവെന്ന കാര്യം ഞാനിവിടെ പറയുന്നതിൽ ഒട്ടും അതിശയോക്തിയില്ല. ഒഴിവുകൾ പൂഴ്ത്തിവച്ച് താൽക്കാലിക ജീവനക്കാരെ സർക്കാർ സഹായിക്കുമ്പോൾ, റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിൽപോലും യഥാസമയം നിയമനം നടത്താതെ പി.എസ്.സി. ഉദ്യോഗാർത്ഥികളെ വട്ടം കറക്കുന്ന കാഴ്ചയാണ് നാം കാണുന്നത്. മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള മാർക്കുണ്ടായിട്ടും ഷോർട്ട് ലിസ്റ്റിൽപോലും ഉൾപ്പെടുന്നില്ലെന്ന പരാതിയും അടുത്തകാലത്തായി ഉദ്യോഗാർത്ഥികളിൽനിന്നും ഏറെ വ്യാപകമായി ഉയർന്നുവന്നിട്ടുണ്ട്. പല റാങ്ക് പട്ടികകളിൽനിന്നുള്ള നിയമനങ്ങളും ഒച്ചിന്റെ വേഗതയിലാണ് നടക്കുന്നത്. റാങ്ക് ലിസ്റ്റ് വേഗത്തിൽ പ്രസിദ്ധീകരിക്കുമെന്നും നിയമനം അതിവേഗത്തിൽ നടത്തുമെന്നും പി.എസ്.സി. ചെയർമാൻ ആവർത്തിച്ച് പറഞ്ഞിട്ടും ഇതെല്ലാം ജലരേഖയായി മാറുന്ന കാഴ്ചയാണ് നാം കാണുന്നത്. മൂല്യനിർണ്ണയം കഴിഞ്ഞ പി.എസ്.സി. പരീക്ഷകളുടെ റാങ്ക് ലിസ്റ്റുകൾ യഥാസമയം പ്രസിദ്ധീകരിക്കാത്തതുമൂലം ഉദ്യോഗാർത്ഥികൾ ഏറെ ആശങ്കയിലാണ്. ഒഴിവുകൾ വേഗത്തിൽ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ

പാലിക്കാത്ത സ്ഥിതിയിലേയ്ക്ക് വകുപ്പുകൾ എത്തിയിട്ടുണ്ട്. ഇതുൾപ്പെടെ ഇപ്പോഴും പി.എസ്.സി.-യുടെ ഭാഗത്തുനിന്നും നിരവധി വീഴ്ച സംഭവിക്കുന്നുണ്ട്. നിലവിൽ ഒഴിവുകൾ കൃത്യമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ വലിയ കാലതാമസമുണ്ടാകുകയാണ്. റിട്ടയർമെന്റിന് ഒരുവർഷം മുമ്പുതന്നെ ആന്റിസിപ്പേറ്ററി വേക്കൻസി റിപ്പോർട്ട് ചെയ്യണമെന്ന സർക്കാർ ഉത്തരവ് നിലവിലുണ്ടെങ്കിലും അത് പാലിക്കപ്പെടുന്നുണ്ടോ എന്ന വസ്തുത സർക്കാർ പരിശോധിക്കണം. ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് കൃത്യമായ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ട്. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ വിവരാവകാശ നിയമപ്രകാരം ശേഖരിക്കുന്ന വിവരങ്ങളുമായി ഓഫീസുകളിൽ കയറിയിറങ്ങി എം.എൽ.എ.-മാരെ കണ്ട് ഇക്കാര്യങ്ങൾ ഉന്നയിച്ചുകൊണ്ട് നടക്കുന്നത് സ്ഥിരം കാഴ്ചയായി മാറുകയാണ്.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ:</u> സർ, വിവിധ വകുപ്പുകളിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതുമായി ബന്ധപ്പെട്ട കാലതാമസം

ഒഴിവാക്കാൻ സംസ്ഥാനതലം മുതൽ താഴെത്തലംവരെ പ്രത്യേക നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. സജീവ് ജോസഫ്: സർ, പലപ്പോഴും ഇത്തരത്തിലുള്ള നിർദ്ദേശങ്ങളും സർക്കുലറുകളും ഇറങ്ങിയിട്ടുണ്ടെങ്കിലും അതൊന്നും പ്രാവർത്തികമാകുന്നില്ല. നാമെല്ലാം അറിഞ്ഞതും ഏറെ ചർച്ചാവിഷയവുമായ സംഭവമാണ് നിഷ ബാലകൃഷ്ണനെന്ന ഉദ്യോഗാർത്ഥിക്ക് നഗരകാര്യ ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥരുടെ വീഴ്ചയെത്തുടർന്ന് നിയമനം നഷ്ടമായത്; ഈ സംഭവത്തെ വളരെ ഗൗരമായി കാണേണ്ടതാണ്. ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുന്നത് നിയമപരമായ ബാധ്യതയാക്കി മാറ്റേണ്ടതുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യിപ്പിക്കുന്നതിന് ഉദ്യോഗാർത്ഥികൾ ഓഫീസുകൾ കയറിയിറങ്ങി നടക്കേണ്ട സാഹചര്യമുണ്ടാക്കരുതെന്നും ഗവൺമെന്റ് ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധചെലുത്തണമെന്നും ആവശ്യപ്പെടുകയാണ്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കണം. കേരളത്തിന്റെ സവിശേഷ പ്രാധാന്യം

കണക്കിലെടുത്തുകൊണ്ട് ഇതൊരു ഉദ്യോഗാർത്ഥിയുടെ അവകാശമാണെന്നും Right to Employment നമ്മുടെ ഭരണഘടനാപരമായ മൗലികാവകാശമാണെന്നും സർക്കാർ കാണേണ്ടതുണ്ട്. മാത്രമല്ല, ഇതുസംബന്ധിച്ച് സർക്കാരിന്റെയും പി.എസ്.സി.-യുടെയും ഉത്തരവുമുണ്ട്. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥർ സർക്കാർ ഉത്തരവുകൾ പാലിക്കുന്നുണ്ടോ എന്നും അവരുടെ ഉത്തരവാദിത്വം ഉറപ്പുവരുത്തുന്നുണ്ടോ എന്നും പരിശോധന നടത്തണം. ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ പ്രത്യേകം താൽപ്പര്യമെടുക്കണം. അതിനാവശ്യമായ നിയമ ഭേദഗതി വരുത്തികൊണ്ടും ഈ നിയമത്തെ സേവനാവകാശ നിയമംപോലെ കണ്ടുകൊണ്ടും ഇത്തരം വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരിൽനിന്നും പിഴ ഈടാക്കാനുള്ള നടപടിയുൾപ്പെടെ സ്വീകരിക്കണം. ഇക്കാര്യങ്ങളിൽ ആവശ്യമായ പരിശോധന നടത്താൻ തയ്യാറാകണമെന്നും സർക്കാരിനോട് ആവശ്യപ്പെടുകയാണ്. പല വകുപ്പുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും കരാർ/താൽക്കാലിക നിയമനങ്ങൾ നടത്താനാണ് താല്പര്യം. കെ.എസ്.ഇ.ബി.എൽ.-ന്റെ കാര്യത്തിൽത്തന്നെ 2017-നുശേഷം

പ്രധാനപ്പെട്ട മിക്ക തസ്തികകളിലും പി.എസ്.സി. മുഖേന നിയമനം നടത്തിയിട്ടില്ല. വൈദ്യുതി ബോർഡിൽ വിവിധ വിഭാഗങ്ങളിലായി ആയിരത്തിലധികം തസ്തികകളാണ് ഇപ്പോഴും ഒഴിഞ്ഞുകിടക്കുന്നത്. ഈ ഒഴിവുകൾ കൃത്യമായി നികത്തുകയാണെങ്കിൽ തൊഴിൽ കാത്തുനിൽക്കുന്ന ആയിരക്കണക്കിന് ചെറുപ്പക്കാർക്ക് വലിയൊരു അനുഗ്രഹമായി മാറും. എന്നാൽ ഈ ഒഴിവുകളിലേയ്ക്ക് ഇപ്പോൾ കരാർ/താൽക്കാലിക അടിസ്ഥാനത്തിലാണ് ജീവനക്കാരെ നിയമിക്കുന്നത്. പല വകുപ്പുകളിലെയും സ്റ്റാഫ് പാറ്റേൺ കാലോചിതമായി പരിഷ്കരിച്ചാൽ നിരവധി പുതിയ തസ്തികകൾ സൃഷ്ടിക്കാൻ സാധിക്കുകയും കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കുന്ന സാഹചര്യമുണ്ടാകുകയും ചെയ്യും. അപ്രകാരം, പുതിയതായി രൂപീകരിക്കുന്ന കേരള പബ്ലിക് എന്റർപ്രൈസസ് ബോർഡിന്റെ പ്രവർത്തനം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയുള്ള റിക്രൂട്ട്മെന്റ് നടപടികളെയോ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികളുടെ തൊഴിൽ സാധ്യതകളെയോ യാതൊരു വിധത്തിലും ബാധിക്കില്ലെന്നും സർക്കാർ ഉറപ്പുവരുത്തണം. പി.എസ്.സി.

പോലെയുള്ള ഭരണഘടനാപരമായ സംവിധാനങ്ങൾ നിലവിലുള്ളപ്പോൾ ഇത്തരത്തിൽ മറ്റൊരു റിക്രൂട്ടിംഗ് സംവിധാനത്തിന്റെ ആവശ്യമുണ്ടോയെന്ന് പരിശോധിക്കപ്പെടേണ്ടതുണ്ട്. ഇതുകൂടാതെയാണ് ഇപ്പോൾ CMD (Centre for Management Development) മുഖേന നിരവധി നിയമനങ്ങൾ നടത്തുന്നത്. യഥാർത്ഥത്തിൽ CMD റിക്രൂട്ട്മെന്റ് നടത്താനുള്ള ഒരു സ്ഥാപനമല്ല, അതിനുള്ള അവകാശവുമില്ല. എല്ലാ കരാർ/താൽക്കാലിക നിയമനങ്ങളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തണമെന്ന് നിയമമുള്ളപ്പോൾത്തന്നെ CMD മുഖേന നടത്തുന്നത് നിയമ വിരുദ്ധമാണ്. കാരണം അവിടെ സംവരണതത്വം പാലിക്കുന്നില്ല, പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗങ്ങളെ തഴയുന്നു. അങ്ങനെ 3067352 പേരാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ജോലിക്കായി കാത്തുനിൽക്കുന്നത്. കേരളത്തിൽ 6200 നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടന്നപ്പോൾ 190000 പിൻവാതിൽ നിയമനങ്ങളാണ് അടുത്തകാലത്ത് നടന്നതെന്ന് ഒരു മാധ്യമം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത് അധികാര ദുർവിനിയോഗത്തിന്റെ ആഴവും പരപ്പുമാണ് വ്യക്തമാക്കുന്നത്. ഭരണഘടനാപരമായ സംവിധാനങ്ങളെ കൂടുതൽ

ശക്തിപ്പെടുത്താൻ സർക്കാർ വകുപ്പുകളിലെയും പൊതുമേഖലാ സ്ഥാപനങ്ങളിലെയും എല്ലാ തസ്തികകളിലേയ്ക്കുമുള്ള നിയമന നടപടികൾ പി.എസ്.സി. മുഖേന നടത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കണം. അതിലേയ്ക്കായി പുതിയ റിക്രൂട്ടിംഗ് ഏജൻസികളെ നിയമിക്കുന്ന രീതി ഒഴിവാക്കേണ്ടതാണ്. പി.എസ്.സി.-യെ കൂടുതൽ ശക്തിപ്പെടുത്താനും നിലവിലുള്ള ഒഴിവുകൾ കൃത്യമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനും നിലവിൽ നിയമനം പി.എസ്.സി.-ക്ക് വിട്ട എല്ലാ സ്ഥാപനങ്ങളിലും സ്പെഷ്യൽ റൂൾ കൃത്യമായും സമയബന്ധിതമായും തയ്യാറാക്കാനും അടിയന്തര നടപടി സ്വീകരിക്കണമെന്നും അടിയന്തര സാഹചര്യങ്ങളിൽ മാത്രമെ നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്താൻ പാടുള്ളൂവെന്നും സർക്കാരിനോട് ഈ സന്ദർഭത്തിൽ ആവശ്യപ്പെടുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഇവിടെ അവതരിപ്പിച്ച ബില്ലിന്റെ ഉള്ളടക്കത്തെ പൊതുവെ പിന്തുണച്ചുകൊണ്ടാണ് ബഹുമാന്യരായ രണ്ട്

അംഗങ്ങളും സംസാരിച്ചത്. നമ്മുടെ രാജ്യത്തെ നിയമസഭകളിൽ ഇത്തരത്തിലൊരു നിയമം പാസ്സാക്കുന്ന ഏക നിയമസഭ ഒരുപക്ഷെ കേരള നിയമസഭയായിരിക്കുമെന്ന കാര്യം എല്ലാവർക്കും ഉറപ്പിച്ച് പറയാം. മറ്റൊരിടത്തും നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതിനെക്കുറിച്ച് പുതിയതായി ആലോചിക്കുന്നില്ലെന്ന് മാത്രമല്ല, നിലവിലുള്ള ഒഴിവുകൾതന്നെ എങ്ങനെ നികത്താതിരിക്കാം എന്നാണ് ഗവേഷണം നടത്തുന്നത്. കേരളത്തിൽ 2016 മുതൽ 2023 വരെയുള്ള കാലയളവിൽ 215687 പേരെയാണ് പി.എസ്.സി. വഴി വിവിധ തസ്തികകളിലായി നിയമിച്ചിട്ടുള്ളത്; അതായത്, കേരളത്തിൽ ഒരു വർഷം ശരാശരി 30000 പേരെ പി.എസ്.സി. മുഖേന നിയമിക്കുന്നുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പി.എസ്.സി. മുഖേന നിയമനം ലഭിച്ച മറ്റുസംസ്ഥാനങ്ങളിലെ കണക്കുകൾ ഇന്നലെ സൂചിപ്പിക്കുകയുണ്ടായി. ഗുജറാത്തിൽ ഏഴ് കോടി പതിനഞ്ച് ലക്ഷം ജനസംഖ്യയിൽ ഒരു വർഷം 628 പേരെയും രാജസ്ഥാനിൽ എട്ട് കോടി മുപ്പിയാറ് ലക്ഷം ജനസംഖ്യയിൽ ഒരു വർഷം 4095 പേരെയും പശ്ചിമബംഗാളിൽ 10,38,15,877 (പത്ത് കോടി മുപ്പത്തിയെട്ട്

ലക്ഷത്തി പതിനയ്യായിരത്തി എണ്ണൂറ്റി എഴുപത്തിയേഴ്) ജനസംഖ്യയിൽ ഒരു വർഷം 937 പേരെയുമാണ് പി.എസ്.സി. മുഖേന നിയമിച്ചിട്ടുള്ളത്. ഭൂപ്രദേശമനുസരിച്ച് കേരളം ജനസംഖ്യയിൽ ചെറിയൊരു സംസ്ഥാനമാണ്. മൂന്നര കോടിയോളം ജനങ്ങൾ കേരളത്തിലുള്ളപ്പോൾ ഏഴ് വർഷത്തെ കണക്കിന്റെ ശരാശരി പരിശോധിച്ചാൽ കേരളത്തിൽ ഒരു വർഷം പി.എസ്.സി. മുഖേന 30812 പേരെ നിയമിക്കുന്നുണ്ട്. ഇന്ത്യയിലെ ഏത് സംസ്ഥാനത്തെക്കാളും കൂടുതൽ ആളുകൾക്ക് പി.എസ്.സി. മുഖേന കേരളത്തിൽ നിയമനം നൽകുന്നുവെന്നത് യു.ഡി.എഫ്.-എൽ.ഡി.എഫ്. വ്യത്യാസമില്ലാതെ മുഴുവൻ മലയാളികൾക്കും അഭിമാനിക്കാൻ കഴിയുന്ന യാഥാർത്ഥ്യമാണ്.

ശ്രീമതി യു. പ്രതിഭയും ശ്രീ. സജീവ് ജോസഫും ഗൗരവമായ കാര്യം ഇവിടെ ഉന്നയിക്കുകയുണ്ടായി. നിയമനം പി.എസ്.സി.-ക്ക് വിട്ടാൽ സ്പെഷ്യൽ റൂൾസ് ഇറക്കുന്നതിന് കാലതാമസം പാടില്ലെന്നുള്ളത് വളരെ പ്രസക്തമായ കാര്യമാണ്. ഡോ. എൻ. ജയരാജ് സൂചിപ്പിച്ചത്, പുതിയ കോഴ്സുകൾ വരുന്നത് പി.എസ്.സി.-യുടെ നോട്ടിഫിക്കേഷനിൽ

ഉൾപ്പെടുത്തണം എന്നാണ്. പി.എസ്.സി. ഒരു ഭരണഘടനാ സ്ഥാപനമാണ്, പക്ഷേ തൊഴിൽ കൊടുക്കുന്ന സ്ഥാപനമല്ല. ഏത് കാറ്റഗറിയിൽ ഏത് യോഗ്യതയെ അടിസ്ഥാനപ്പെടുത്തി എത്ര തൊഴിൽ കൊടുക്കണമെന്ന് ഓരോ വകുപ്പും ആവശ്യപ്പെടുന്നതിനനുസരിച്ച് സെലക്ഷൻ നടത്തുന്നത് പി.എസ്.സി. എന്ന സംവിധാനമാണ്. ഒരു പോസ്റ്റിന് എന്ത് യോഗ്യതവേണമെന്ന് തീരുമാനിക്കുന്നത് പി.എസ്.സി. അല്ല. അത് സ്പെഷ്യൽ റൂൾസിന്റെ ഭാഗമായി വരേണ്ടതാണ്. അപ്പോൾ സ്പെഷ്യൽ റൂൾസ് നിരന്തരം പുതുക്കേണ്ടിവരും. കാരണം ഉന്നതവിദ്യാഭ്യാസ രംഗം അതിവേഗം മാറിക്കൊണ്ടിരിക്കുകയാണ്. പുതിയതായി വരുന്ന ഇന്റർഡിസിപ്ലിനറി, മൾട്ടി ഡിസിപ്ലിനറി കോഴ്സുകൾക്കനുസരിച്ച് ഈ മേഖലയിൽ മാറ്റങ്ങൾ വരേണ്ടതുണ്ട്. എന്നാൽ അത്തരം കോഴ്സുകൾ സർക്കാരുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കാൾ മറ്റുമേഖലകളിലാണ് കൂടുതൽ തൊഴിൽ സാദ്ധ്യത നൽകുന്നതെന്നത് യാഥാർത്ഥ്യമാണെങ്കിലും അതിൽ ഏതൊക്കെ ഇതിലുൾപ്പെടുത്താൻ കഴിയുമെന്നുള്ളത് അതത് ഭരണവകുപ്പുകൾ സ്പെഷ്യൽ റൂൾസ് തയ്യാറാക്കുമ്പോൾ പരിശോധിക്കേണ്ടതാണ്. ശ്രീ. സജീവ് ജോസഫ്

പബ്ലിക് സർവ്വീസ് റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ചത് എന്തിനാണെന്ന് ചോദിക്കുകയുണ്ടായി. നേരത്തെ അതത് കമ്പനികളാണ് നിയമനങ്ങൾ നടത്തിക്കൊണ്ടിരുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒരാളെപ്പോലും ഒരു കമ്പനിയും നേരിട്ട് നിയമിച്ചിട്ടില്ല. ഇപ്പോൾ വിരമിച്ച ചീഫ് സെക്രട്ടറി ചെയർമാനായി, നേരത്തെ റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡിന്റെ ചെയർമാനായിരുന്നയാൾ അംഗമായിക്കൊണ്ടുള്ള ഉയർന്ന പ്രൊഫഷണലായ ബോർഡാണ് ഇപ്പോൾ രൂപീകരിച്ചിട്ടുള്ളത്. ബോർഡ് രൂപീകരിക്കുമ്പോൾത്തന്നെ അതിനുകീഴിൽ ധാരാളം സ്ഥാപനങ്ങളുണ്ടായിരുന്നു. ഓരോ സ്ഥാപനത്തിലെയും ജോലിക്ക് ആവശ്യമായ യോഗ്യതകൾ വ്യത്യസ്തമായിരിക്കും. ഇവയെല്ലാം ടെക്നിക്കലി വളരെ ഉയർന്ന മേഖലകളാണ്. ചിലപ്പോൾ എഞ്ചിനീയറിംഗോ അതിൽനിന്നും വ്യത്യസ്തമായതോ ആകാം. ബോർഡ് രൂപീകരിക്കുന്നതോടൊപ്പംതന്നെ റൂൾസും നോട്ടിഫൈ ചെയ്യാൻ കഴിയും. അക്കാര്യംവളരെ ശ്രദ്ധേയമായി നിർവ്വഹിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ റിക്രൂട്ട്മെന്റ് പ്രോസസ്സിലേയ്ക്ക് കടക്കുകയാണ്. ബന്ധപ്പെട്ട

സ്ഥാപനങ്ങളെല്ലാം എത്രയുംവേഗം സ്പെഷ്യൽ റൂൾസ് രൂപീകരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതുവരെ അത്യാവശ്യമെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന മാത്രമെ നിയമനം നടത്താവൂ എന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. താൽക്കാലികമായി ജോലി ചെയ്യുന്നവരുടെ കാര്യത്തെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഉമാദേവി കേസിനുശേഷം ബഹു. സുപ്രീംകോടതി പിൻവാതിൽ നിയമനങ്ങളെ സംബന്ധിച്ച് പൊതുവായൊരു മാനദണ്ഡം വച്ചിട്ടുണ്ട്. എന്നാൽ 4500 പേരെമാത്രം പി.എസ്.സി. വഴി നിയമിച്ച രാജസ്ഥാൻ സംസ്ഥാനം മലയാള മനോരമ, മാതൃഭൂമി ഉൾപ്പെടെ കേരളത്തിലെ എല്ലാ മലയാള പത്രങ്ങളിലും പരസ്യം കൊടുക്കുന്നതെന്തിനാണ്? അവിടെ ജില്ല രൂപീകരിക്കുമ്പോൾ, 50 ജില്ലകൾ രൂപീകരിക്കുമെന്നുള്ളത് മലയാളിയെ സംബന്ധിച്ച് വലിയ താൽപ്പര്യമുള്ള വാർത്തയാകണമെന്നില്ല. എന്നാൽ അതുപോലും ദിനപത്രങ്ങളുടെ ഒന്നാംപേജിൽ പരസ്യം കൊടുക്കുന്നതിന്റെ പുറകിലുള്ള താൽപര്യമെന്താണെന്ന് പരിശോധിക്കേണ്ടതാണ്. അവർ 1,10,000 കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തിയെന്നാണ് ഒന്നാംപേജിൽ

പരസ്യം കൊടുത്തിരിക്കുന്നത്. ബഹുമാന്യരായ യുവ കോൺഗ്രസ് എം.എൽ.എ.-മാർ പിൻവാതിൽ നിയമനത്തെക്കുറിച്ച് വളരെ ശക്തമായി വാദിക്കുമ്പോൾ രാജസ്ഥാനിൽ ചെയ്ത രീതിയെക്കുറിച്ച് ദേശീയ തലത്തിലുള്ള പ്രമുഖരുടെ അഭിപ്രായമെന്താണെന്നറിയാൻ കേരളത്തിന് പൊതുവെ താല്പര്യമുണ്ടായിരിക്കും. ഇത്തരം കാര്യങ്ങൾ സംബന്ധിച്ച് ഒന്നാംപേജിൽ പരസ്യം കൊടുക്കാതിരുന്നാൽ ഞങ്ങൾക്ക് പ്രസംഗിക്കാനുള്ള വിഷയം കിട്ടില്ലെന്ന കാര്യമെങ്കിലും നിങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നത് നന്നായിരിക്കും.

പിൻവാതിൽ നിയമനത്തെക്കുറിച്ച് ശ്രീ. സജീവ് ജോസഫ് സൂചിപ്പിക്കുകയുണ്ടായി. തസ്തികയിൽ താൽക്കാലികമായി സേവനമനുഷ്ഠിച്ചുകൊണ്ടിരിക്കുന്ന 27 സെക്യൂരിറ്റി ഗാർഡുമാർ തങ്ങളെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യമുന്നയിച്ച് നിരന്തരം അപേക്ഷകൾ സമർപ്പിച്ചിരുന്നു. അതിന്റെ നടപടി പൂർത്തീകരിച്ചപ്പോഴേയ്ക്കും പി.എസ്.സി. റാങ്ക് ലിസ്റ്റ് വരികയും ആ റാങ്ക് ലിസ്റ്റിൽനിന്നും അഡ്വൈസ് മെമ്മോ അയയ്ക്കുകയും ചെയ്തു. അങ്ങനെ അഡ്വൈസ് ചെയ്തതിൽനിന്നും 27 എണ്ണം തിരികെ വിളിച്ച് ഈ താൽക്കാലിക ജീവനക്കാരെ

സ്ഥിരപ്പെടുത്തിയെന്നാണ് 2015 ഡിസംബർ ഏഴാം തീയതി അന്നത്തെ മുഖ്യമന്ത്രി നിയമസഭയിൽ നൽകിയ മറുപടി. അതൊരു അസാധാരണമായ സംഭവമായിരിക്കുന്നു. പി.എസ്.സി. അഡ്വൈസ് ചെയ്തതുപോലും തിരിച്ചുവിളിച്ച് താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയ കാലം കേരളത്തിലുണ്ടായിരുന്നു. ലോകപ്രശസ്ത എഴുത്തുകാരൻ മിലാൻ കുന്ദേരയെ ഉദ്ധരിക്കുമ്പോൾ ആ മറവികൾക്കെതിരെ ഓർമ്മകളുടെ വീണ്ടെടുപ്പുകളെക്കുറിച്ചുകൂടി നമ്മൾ ശ്രദ്ധിക്കേണ്ടതാണ്. പിൻവാതിൽ നിയമനമൊക്കെ മാറി ഈ രൂപത്തിലേയ്ക്ക് വരുന്നതിനെ പിന്തുണയ്ക്കണം. അഡ്വൈസ് മെമ്മോ കൊടുത്തിട്ട് തിരിച്ചുവിളിച്ച് താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയത് കേരള ചരിത്രത്തിലെ അത്യപൂർവ്വമായ സംഭവമാണ്. രാജ്യസഭയിൽ ശ്രീ. വി. ശിവദാസൻ എം.പി.-ക്ക് 2023 ജൂലൈ 27-ന് നൽകിയ മറുപടിയനുസരിച്ച് കേന്ദ്രസർക്കാരിൽ 964355 ഒഴിവുകളാണുള്ളത്. അതിനർത്ഥം കണക്ക് പ്രകാരം രണ്ടുവർഷമായി ഇത്രയും തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നത് എന്നാണ്. അതിനുശേഷമുണ്ടായ ഒഴിവുകൾ ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. അവിടെ

പത്ത് ലക്ഷത്തോളം ഒഴിവുകളാണുള്ളത്. 45 കേന്ദ്ര സർവ്വകലാശാലകളിലായി 22412 ഒഴിവുകളും സിവിൽ സർവ്വീസിൽ 3411 ഒഴിവുകളുമുണ്ട്. ഇതാണ് രാജ്യത്തെ ഗവൺമെന്റിന്റെ സ്ഥിതി. മറ്റ് സംസ്ഥാനങ്ങളുടെ സ്ഥിതിയെക്കുറിച്ചും ഞാൻ സൂചിപ്പിച്ചിട്ടുണ്ട്. അതിൽനിന്നും വ്യത്യസ്തമായാണ് കേരളത്തിൽ നിലപാട് സ്വീകരിച്ചിരിക്കുന്നത്. ശ്രീമതി യു. പ്രതിഭയും ശ്രീ. പി. വി. ശ്രീനിജിനും പി.എസ്.സി.-യുടെ സ്രെങ്ത്തിനെ സംബന്ധിച്ച് ചോദിച്ചിരുന്നു. പി.എസ്.സി.-യുടെ പ്രവർത്തനം വേഗത്തിലാക്കാനും സുതാര്യമാക്കാനും പരമാവധി ഓൺലൈൻ സംവിധാനമാണ് പ്രയോജനപ്പെടുത്തുന്നത്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി കഴിഞ്ഞ ദിവസം കൊല്ലം ജില്ലയിലെ ഒരു ഓഫീസ് ഉദ്ഘാടനം ചെയ്യുകയുണ്ടായി. അവിടെ മുഴുവനും ഓൺലൈൻ എക്സാം കേന്ദ്രങ്ങളാണ് സജ്ജീകരിച്ചിട്ടുള്ളത്. എല്ലാ ജില്ലകളിലും അത്തരം കേന്ദ്രങ്ങൾ വരികയാണ്. ഇപ്പോൾ കേന്ദ്രസർവ്വകലാശാലകളും മറ്റ് സർവ്വകലാശാലകളും എൻട്രൻസ് പരീക്ഷ നടത്തിയതെല്ലാം ഓൺലൈൻ മുഖേനയാണ്. കേരളത്തിലെ എല്ലാ

ജില്ലകളിലും അതിനുള്ള കേന്ദ്രങ്ങളുണ്ട്. അത്തരം കേന്ദ്രങ്ങളുപയോഗിച്ചുള്ള ഓൺലൈൻ പരീക്ഷകൾ ശക്തിപ്പെടുത്തുന്നുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതു മുതൽ റാങ്ക് പട്ടിക തയ്യാറാക്കുന്നതുവരെയുള്ള എല്ലാ നടപടികളും കമ്പ്യൂട്ടർവത്കരിച്ച് കഴിഞ്ഞിട്ടുണ്ട്. പി.എസ്.സി. ആസ്ഥാന ഓഫീസിലും വിവിധ ജില്ലകളിലും ഓൺലൈൻ പരീക്ഷാകേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഇനി നിയമന ശിപാർശകൂടി കമ്പ്യൂട്ടർവത്കരിക്കാനാണുദ്ദേശിക്കുന്നത്. 2022-ൽ വിജ്ഞാപനം ചെയ്ത എല്ലാ തസ്തികകളിലെയും പരീക്ഷകൾ 2023-ൽത്തന്നെ പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. യൂണിഫോം കോഴ്സിന്റെ പ്രത്യേകത എന്തെന്നാൽ റാങ്ക് ലിസ്റ്റ് ഒരുവർഷത്തേയ്ക്ക് മാത്രമെയുള്ളൂ. അതത് വർഷത്തിൽത്തന്നെ അതിന്റെ തെരഞ്ഞെടുപ്പ് പൂർത്തീകരിക്കുന്ന രീതിയും ഇപ്പോൾ നടപ്പിലാക്കിക്കഴിഞ്ഞിട്ടുണ്ട്. ഇവിടെ അംഗങ്ങൾ ഒഴിവുകളെ സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കുമ്പോൾ ചില കമ്മീഷൻ റിപ്പോർട്ടുകളെക്കൂടി അടിസ്ഥാനപ്പെടുത്തി സംവരണ തത്വം മാനിച്ചുകൊണ്ട് നമ്മുടെ റാങ്ക് ലിസ്റ്റുകൾക്ക് കുറച്ച് വലിപ്പം കൂട്ടുന്നു. ഇത്

ഒഴിവുകൾക്കുവേണ്ടിയുള്ള റാങ്ക് ലിസ്റ്റാണ്; റാങ്ക് ലിസ്റ്റിനുവേണ്ടിയുള്ള തസ്തികകളുടെ സൃഷ്ടിക്കലല്ല. വളരെ കഷ്ടപ്പെട്ട് പഠിച്ച് റാങ്ക് ലിസ്റ്റിൽ സ്ഥാനം ലഭിക്കുമ്പോൾ ആ റാങ്ക് ലിസ്റ്റിൽനിന്ന് നിയമനം ലഭിക്കണമെന്ന വികാരം ഏതൊരാൾക്കും സ്വാഭാവികമായുമുണ്ടാകും. അ കഠിനമായി അദ്ധ്വാനിച്ചതുകൊണ്ടാണല്ലോ അവർ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്നത്. റാങ്ക് ലിസ്റ്റിലുൾപ്പെടുന്ന എല്ലാവർക്കും ആ വികാരമുണ്ടാകുന്നതുകൊണ്ടുതന്നെ അതിനെ ചുരുക്കികാണേണ്ടതില്ല. ഒഴിവിന് ആനുപാതികമായാണ് ആളുകളെ റിക്രൂട്ട് ചെയ്യാൻ കഴിയുന്നത്. റാങ്ക് ലിസ്റ്റിനാനുപാതികമായി തസ്തികകൾ ക്രിയേറ്റ് ചെയ്യാൻ ശ്രമിച്ചാൽ ഈ സംവിധാനം മുന്നോട്ടുകൊണ്ടുപോകാൻ കഴിയില്ല. ഈ പ്രതിസന്ധികൾക്കിടയിലും കേരളത്തിൽ 48000-ത്തോളം പുതിയ തസ്തികകൾ സൃഷ്ടിക്കാൻ ഗവൺമെന്റിന് കഴിഞ്ഞുവെന്നത് അഭിമാനകരമാണ്. പ്രസ്തുത കാലാവധിക്കുള്ളിൽ റിപ്പോർട്ട് ചെയ്യുന്ന എല്ലാ ഒഴിവുകളും നികത്തുന്നതിന് ആ ലിസ്റ്റിൽ നിന്നുമാത്രമെ ആളെ നിയമിക്കാൻ കഴിയുകയുള്ളൂ. അടുത്ത ലിസ്റ്റിൽനിന്നും നിയമനം നടത്താൻ കഴിയില്ല. ഈ മാസം

അവസാനിക്കുന്ന ലിസ്റ്റുണ്ടെങ്കിൽ ഇന്നുവരെയുള്ള എല്ലാ ഒഴിവുകളും അതിൽനിന്നും മാത്രമെ നിയമനം നടത്താൻ കഴിയുകയുള്ളൂ.

ശ്രീമതി കെ. കെ. രമ: സർ, ഒഴിവിന് ആനുപാതികമായി റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുകയാണെങ്കിൽ ഉദ്യോഗാർത്ഥികൾ ഇത്രമാത്രം കഷ്ടപ്പെട്ട് പഠിച്ച് കാത്തിരിക്കേണ്ട ആവശ്യം വരില്ലായിരുന്നു. സി.പി.ഒ. റാങ്ക് ലിസ്റ്റിൽ ഏകദേശം 2453 പേർ ഉൾപ്പെട്ടിട്ടുണ്ട്. അതിൽ 422 പേരെ മാത്രമെ ഇപ്പോൾ നിയമിച്ചിട്ടുള്ളൂ. അവരെല്ലാം 4 വർഷത്തോളമായി പ്രതീക്ഷയോടെ കാത്തിരിക്കുകയാണ്. അത്തരത്തിലുള്ള തീരുമാനം ഉദ്യോഗാർത്ഥികളുടെ അനിശ്ചിതത്വം മാറ്റുന്നതിന് ഗുണകരമാകില്ലേ?

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് ശരിയാണ്. 10 വേക്കൻസി മാത്രമെയുള്ളൂവെങ്കിൽ 30 റാങ്ക് മാത്രം പ്രസിദ്ധപ്പെടുത്തിയാൽ മതിയല്ലോ എന്ന് പെട്ടെന്ന് തോന്നാം. സംവരണത്തിന്റെ മാനദണ്ഡമനുസരിച്ച് കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഈ നിർദ്ദേശം വന്നത്. എല്ലാതരത്തിലും സംവരണം ഉറപ്പുവരുത്താനുള്ള എണ്ണംകൂടി ക്രമീകരിച്ചശേഷമാണ് റാങ്ക് ലിസ്റ്റ്

പുറപ്പെടുവിക്കുന്നത്. അതാണ് കേരളത്തിലെ റാങ്ക് ലിസ്റ്റുകളുടെ വലിപ്പം കൂട്ടുന്നത്. റാങ്ക് ലിസ്റ്റ് ചെറുതായിപ്പോയെന്ന് ശ്രീ. സജീവ് ജോസഫ് ചൂണ്ടിക്കാണിച്ചിരുന്നു. എല്ലാകാര്യങ്ങളും നിയമപരമായാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ഒഴിവുകളെല്ലാം കൃത്യമായി റിപ്പോർട്ട് ചെയ്യുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം അതിനൊരു സംവിധാനമുണ്ടോ എന്ന് ചോദിച്ചത് ശരിയാണ്. അതിനൊരു സംവിധാനമുണ്ടെന്നു മാത്രമല്ല ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതുസംബന്ധിച്ച് യോഗം വിളിച്ചുചേർക്കുകയും ചെയ്തിരുന്നു. ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതിരുന്നാൽ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാനുള്ള വ്യവസ്ഥകൂടി ഈ സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. താൽക്കാലിക നിയമനങ്ങളെല്ലാം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ് നടത്തുന്നത്. നമ്മുടെ രാജ്യത്ത് നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നു എന്ന നിയമം പാസ്സാക്കുന്ന ഏക നിയമസഭ കേരളമാണ്. ആ സുതാര്യത ഉറപ്പുവരുത്താനാണ് സർക്കാർ ശ്രമിക്കുന്നത്. പി.എസ്.സി.-യുടെ വിശ്വാസ്യത തകർന്നതുകൊണ്ടാണ് ആളുകളൊക്കെ പുറത്തേയ്ക്ക്

പോകുന്നതെന്ന് ബഹുമാനപ്പെട്ട സജീവ് ജോസഫ് സൂചിപ്പിച്ചിരുന്നു. അതിന് മറ്റുപല ഘടകങ്ങളുണ്ട്; അക്കാര്യങ്ങളെക്കുറിച്ച് ഞാൻ വിശദീകരിക്കുന്നില്ല. പി.എസ്.സി. പരീക്ഷ എഴുതുന്നവരുടെ എണ്ണത്തിൽ വർദ്ധനവുണ്ടാകുന്നത് പി.എസ്.സി.-യോടുള്ള വിശ്വാസ്യത കുറഞ്ഞതുകൊണ്ടാണോ? വിശ്വാസ്യതയുണ്ടെന്ന കാര്യം ഒന്നുകൂടി ഉറപ്പുവരുത്തുകയാണ് ചെയ്യുന്നത്. പി.എസ്.സി. വഴിയുള്ള നിയമനങ്ങൾ ശക്തിപ്പെടുത്താൻ ശ്രമിക്കുന്നതോടൊപ്പം മറ്റ് രീതിയിലുള്ള നിയമനങ്ങൾ സംബന്ധിച്ച കാര്യങ്ങളും സർക്കാർ ശ്രദ്ധിക്കുന്നുണ്ട്. സർക്കാർ നിയമനങ്ങൾ വളരെ ചെറിയ ശതമാനം മാത്രമായതിനാൽ മറ്റ് തരത്തിലുള്ള നിയമനങ്ങൾ ശക്തിപ്പെടുത്തേണ്ടതിനുള്ള ശ്രമങ്ങളും സർക്കാർ നടത്തുന്നുണ്ട്. സർക്കാരിന്റെ ഒന്നാം നൂറുദിന പരിപാടിയുടെ ഭാഗമായി അൻപതിനായിരം തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്ന് പ്രഖ്യാപിക്കുകയും 116440 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. സംരംഭക വർഷം പദ്ധതി-1 മുഖേന കേരളത്തിൽ 320480 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ പദ്ധതി രണ്ടാമതും നടന്നുകൊണ്ടിരിക്കുകയാണ്.

ഇതിലൂടെ നമുക്ക് മറ്റുമേഖലയിലുള്ള തൊഴിലവസരങ്ങളാണ് വേണ്ടത്. പി.എസ്.സി.-യോടൊപ്പം വ്യവസായം, ടൂറിസം, ഐ.ടി. മേഖലകൾ ശക്തിപ്പെടുത്തി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് സർക്കാർ ശ്രമിക്കുന്നതെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഈ ബിൽ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: ശ്രീമതി യു. പ്രതിഭ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീമതി യു. പ്രതിഭ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ്, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ ............

പ്രതികൂലിക്കുന്നവർ ..........

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2023-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............

പ്രതികൂലിക്കുന്നവർ ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(iv) 2023-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചു കൊടുക്കൽ (ഭേദഗതി) ബിൽ

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, 2023-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചു കൊടുക്കൽ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

**ക്രമപ്രശ്നം**

ബിൽ സർക്കുലേറ്റ് ചെയ്യുന്നതിലെ കാലതാമസം

ഡോ. മാത്യു കുഴൽനാടൻ: സർ, ഏറെക്കാലമായി വളരെയധികം ആശങ്കയുണ്ടാക്കിയിട്ടുള്ളതും ധാരാളം പേർ ഡിമാന്റ് ചെയ്തിട്ടുള്ളതുമായ ഒരു ബില്ലാണിത്. റൂൾസ് ഓഫ് പ്രൊസീഡ്യുവറിലെ ചട്ടം 69 (5) പ്രകാരം, "Where a Bill is published in Malayalam, the translation of the same in the English version shall also be published under the authority of the Governor in pursuance of Article 348 (3) of the Constitution and copies of the Bill circulated among Members before the date of introduction of the Bill. Where the Bill is published in English, the translation of the Bill in Malayalam version shall be published and [copies circulated among the Members before the date of introduction of the Bill]". ഇത് amended version ആണ്. നേരത്തെയാണെങ്കിൽ രണ്ട് ദിവസംമുമ്പ് ബിൽ സർക്കുലേറ്റ് ചെയ്യണമായിരുന്നു. ഇന്നലത്തെ കവറിൽ ഈ ബിൽ ലഭിച്ചിട്ടില്ല. സഭയിൽ മറുപടി പറയാൻ തയ്യാറായി വരണമെങ്കിൽ ബില്ലിന്റെ ഡ്രാഫ്റ്റെങ്കിലും ലഭിക്കേണ്ടതല്ലേ? ഈ ബിൽ അവതരിപ്പിക്കുന്നത് തടസ്സപ്പെടുത്താനായി പറയുന്നതല്ല. വളരെയധികം ലാഘവത്തോടുകൂടി

ബില്ലുകൾ അവതരിപ്പിക്കുന്നത് നല്ല രീതിയല്ല. ബിൽ സംബന്ധിച്ച് തയ്യാറെടുപ്പ് നടത്താനുള്ള സമയം ലഭിച്ചിട്ടില്ലെന്ന വീഴ്ച ചൂണ്ടിക്കാണിക്കുകയെന്നുള്ളതാണ് പ്രധാനം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): സർ, ബഹുമാനപ്പെട്ട അംഗം അങ്ങനെയൊരു വാദഗതി ഉന്നയിക്കുന്നതിലെ പ്രയാസം ഞാൻ രേഖപ്പെടുത്തുകയാണ്. 1960-ൽ ആരംഭിച്ച് വർഷങ്ങൾക്കുശേഷം നാട്ടിലെ മുഴുവൻ ജനങ്ങളുടെയും ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ജനപ്രതിനിധികളുടെയും ദീർഘകാലത്തെ ആവശ്യം പരിഗണിച്ചാണ് ഈ നിയമത്തിന്റെ തയ്യാറെടുപ്പിലേയ്ക്ക് പോയിട്ടുള്ളത്. നിയമസഭയിൽ നിരവധി ഉപക്ഷേപങ്ങൾ, സബ്മിഷനുകൾ, ശ്രദ്ധക്ഷണിക്കലുകൾ തുടങ്ങിയവയും ബഹുമാനപ്പെട്ട അഡ്വക്കേറ്റ് ജനറൽ ഉൾപ്പെടെയുള്ളവരുടെ അഭിപ്രായങ്ങളും കേരളത്തിൽ ദീർഘകാലമായി നടന്നുകൊണ്ടിരിക്കുന്ന നിരവധി നിയമയുദ്ധങ്ങളും അങ്ങനെ അക്ഷരാർത്ഥത്തിൽ മൂന്നാറിലോ ഇടുക്കിയിലോ മാത്രമല്ല കേരളത്തിലാകെ പതിച്ചുകൊടുക്കപ്പെട്ട ഭൂമിയിലെ വ്യവസ്ഥാ ലംഘനങ്ങൾ സംബന്ധിച്ച്

വലിയ പ്രശ്നമുണ്ടായ ഘട്ടത്തിലാണ് ബില്ലിലേയ്ക്ക് കടക്കുന്നത്. അടിയന്തര പ്രാധാന്യമുള്ള വിഷയമായാണ് സർക്കാർ ഇതിനെ കാണുന്നത്. അതുകൊണ്ട് ഈ സഭാസമ്മേളനത്തിൽത്തന്നെ ഈയൊരു ബിൽ അവതരിപ്പിക്കണമെന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന് വലിയ ആഗ്രഹവും നിർബന്ധവുമുണ്ട്. ഈ ബിൽ അവതരിപ്പിക്കാൻ നേരത്തേ ഷെഡ്യൂൾ ചെയ്തതാണെങ്കിലും ഇത് അവതരിപ്പിക്കാനുള്ള തീയതി ആദ്യത്തെ ബി.എ.സി. കൂടി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെയും മുഖ്യമന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ അദ്ധ്യക്ഷനായി നമ്മൾ തീരുമാനിച്ചിരുന്നതാണ്. എന്നാൽ ഇന്നലെ ചേർന്ന ബി.എ.സി. യോഗത്തിൽ 16-08-2023-ന് അവതരിപ്പിക്കാൻ നിശ്ചയിച്ചിരിക്കുന്ന എല്ലാ ബില്ലുകളും നേരത്തെ അവതരിപ്പിക്കണമെന്ന പൊതു നിർദ്ദേശമുണ്ടായപ്പോൾ ഈ സഭാ സമ്മേളനത്തിനുള്ളിൽ അവതരിപ്പിക്കണമെന്ന് നിർബന്ധമുള്ളതിനാലാണ് വളരെയേറെ ധൃതിപിടിച്ച് അവതരിപ്പിക്കുന്നത്. യഥാർത്ഥത്തിൽ ഈ ബിൽ അവതരിപ്പിച്ച് നിയമം ഓപ്പൺ ചെയ്യുന്നുവെന്ന് മാത്രമെയുള്ളൂ. ഇതുമായി

ബന്ധപ്പെട്ട മറ്റെല്ലാ കാര്യങ്ങളും നിർവ്വഹിക്കുന്നത് ചട്ടത്തിന്റെ അടിസ്ഥാനത്തിലാണ്. മാത്രമല്ല, സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കാനുള്ള പ്രമേയം മാത്രമെ ഈ ബിൽ അവതരണത്തിലുള്ളൂ. അതിനുശേഷം ആവശ്യമായ പരിഗണനകളും, എല്ലാ അംഗങ്ങൾക്കും വകുപ്പ് തിരിച്ച് ചർച്ച ചെയ്യാനുള്ള ആവശ്യങ്ങളുമെല്ലാം പരിഗണിച്ചതിനുശേഷം മാത്രമാണ് ഈ ബിൽ എടുക്കുന്നത്. ഇത്രയും ഗൗരവമുള്ള ബില്ലാണിതെന്ന് നേരിട്ടറിയാമായിരുന്നിട്ടും ഇതെല്ലാം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉൾപ്പെടെ അംഗീകരിച്ച് ഈ സഭയിൽ അവതരിപ്പിക്കുന്ന കാര്യത്തിൽ തടസ്സവാദം ഉന്നയിക്കുന്നത് ശരിയല്ല. അത് പിൻവലിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഈ ബില്ലിലെ തടസ്സവാദങ്ങൾ ശരിയല്ല. മേലിൽ ഇത്തരം പ്രശ്നമുണ്ടാകില്ല. പ്രത്യേകമായി ഈ ബില്ലിനോടുള്ള താൽപര്യംകൊണ്ടുകൂടിയാണ് ഇക്കാര്യം ഉന്നയിക്കണമെന്ന് ഞങ്ങൾ ആഗ്രഹിച്ചത്. അതുകൊണ്ട് ഈ തടസ്സം നിലനിൽക്കാത്ത വിധം ബിൽ അവതരണത്തിന് അനുമതി നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. ആർ. രാജീവ്): സർ, ബിൽ അവതരിപ്പിക്കേണ്ടതില്ല എന്നത് പ്രസ് ചെയ്താൽ നമുക്കത് ചർച്ച ചെയ്യാവുന്നതാണ്.

ഡോ. മാത്യു കുഴൽനാടൻ: സർ, ബിൽ അവതരണം തടസ്സപ്പെടുത്തിയതല്ല. ഈ ബില്ലിന്റെ ഗൗരവവും സ്പിരിറ്റുമെല്ലാം ഉൾക്കൊള്ളുന്നു. But at the same time we should not be casual about it.

**റൂളിംഗ്**

മി. സ്പീക്കർ: ഇന്ന് സഭ പരിഗണിക്കുന്ന 2023-ലെ കേരള ഗവണ്മെന്റ് ഭൂമി പതിച്ചു കൊടുക്കൽ (ഭേദഗതി) ബില്ലിന്റെ പകർപ്പും മലയാള പരിഭാഷയും ഇന്ന് രാവിലെ മാത്രമാണ് അംഗങ്ങൾക്ക് ലഭ്യമായതെന്നും ഇതുമൂലം ബില്ലിലെ വ്യവസ്ഥകളെ സംബന്ധിച്ച് പഠിക്കുവാൻ അംഗങ്ങൾക്ക് വേണ്ടത്ര സമയം ലഭിച്ചില്ല എന്നുമാണ് ബഹുമാനപ്പെട്ട അംഗം ഡോ. മാത്യു കുഴൽനാടൻ തന്റെ തടസ്സവാദത്തിലൂടെ ഉന്നയിച്ചത്.

ബില്ലിന്റെ കോപ്പികൾ ചട്ടത്തിൽ പരാമർശിച്ചിരിക്കുന്ന പ്രകാരം മുൻകൂട്ടി അംഗങ്ങൾക്ക് വിതരണം നടത്തുവാൻ കാലതാമസം

സംഭവിച്ചതിന്റെ കാരണങ്ങൾ സംബന്ധിച്ച് ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി വിശദീകരിക്കുകയുണ്ടായി. ഇന്നലെ ചേർന്ന കാര്യോപദേശക സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 9-ാം സമ്മേളന നടപടികളിൽ ചില ക്രമീകരണങ്ങൾ ഏർപ്പെടുത്താനുണ്ടായ സാഹചര്യം നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. ഇവിടെ പരാമർശ വിധേയമായ ബിൽ യഥാർത്ഥത്തിൽ ആഗസ്റ്റ് 16-ാം തീയതി പരിഗണിക്കാനാണ് സഭ നിശ്ചയിച്ചിരുന്നത്. പുതിയ ക്രമീകരണത്തിന്റെ അടിസ്ഥാനത്തിലാണ് ബിൽ ഇന്നുതന്നെ സഭ മുമ്പാകെ വരുന്നത്. ബിൽ തയ്യാറാക്കൽ സംബന്ധിച്ച നടപടിക്രമങ്ങൾ പാലിച്ച് കോപ്പികൾ ലഭ്യമാക്കാൻ സർക്കാർതലത്തിൽ കുറച്ച് കാലതാമസമുണ്ടായി എന്നത് ഒരു വസ്തുതയാണ്. എന്നാൽ, ഇക്കാര്യത്തിൽ ബോധപൂർവ്വമായ ഒരു കാലതാമസമുണ്ടായിട്ടില്ല എന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ ചട്ടം 69(5)-ലെ വ്യവസ്ഥയുടെ ലംഘനം ഉണ്ടായിട്ടുണ്ടെങ്കിൽപ്പോലും ചട്ടം 76(2)-ന്റെ ക്ലിപ്തനിബന്ധനയിൽ പരാമർശിച്ചിട്ടുള്ള വിവേചനാധികാരം വിനിയോഗിച്ചുകൊണ്ട് ചെയർ ബില്ലിന് അവതരണാനുമതി നൽകുകയാണ്.

ബിൽ അവതരിപ്പിച്ചിരിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, 2023-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചു കൊടുക്കൽ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. രാജൻ: സർ, യഥാർത്ഥത്തിൽ ഭൂമിയുമായി ബന്ധപ്പെട്ട് സങ്കീർണ്ണമായ പ്രശ്നങ്ങളുണ്ട്. പക്ഷേ, ബഹുമാനപ്പെട്ട സ്പീക്കർ നിർദ്ദേശിച്ചതുപോലെ സമയം കൂടുതലെടുക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ പ്രാരംഭമായി അധികം സംസാരിക്കുന്നില്ല. 1960-ലെ കേരള ഗവണ്മെന്റ് ഭൂമി പതിച്ചു കൊടുക്കൽ നിയമത്തിൽ ഈ ബില്ലിലൂടെ കൊണ്ടുവരുന്ന നാല് ഭേദഗതികൾ മാത്രമെ സബ്ജക്ട് കമ്മിറ്റി പരിഗണിക്കണമെന്ന പ്രശ്നത്തിന്റെ മുമ്പിൽ വരുന്നുള്ളൂ. നിലവിൽ വ്യത്യസ്തമായ കാരണങ്ങളാൽ ഭൂമിപതിവ് നിയമങ്ങളിലും അതിന്റെ

ഭാഗമായ ചട്ടങ്ങളിലും പറഞ്ഞ വിധത്തിൽനിന്ന് മാറിപ്പോയിട്ടുള്ളവയെ ക്രമവത്കരിച്ച് പോകണമെന്ന് ആഗ്രഹിക്കുന്ന വിധത്തിലാണ് 4 എ (1) വകുപ്പ് കൊണ്ടുവന്നിരിക്കുന്നത്. സർക്കാർ നിഷ്കർഷിക്കും പ്രകാരമുള്ള വ്യവസ്ഥാ ലംഘനങ്ങൾ ക്രമീകരിച്ച് നൽകാൻ സർക്കാരിന് പ്രത്യേക അനുവാദം നൽകികൊണ്ടുള്ള മാറ്റമുണ്ടാകണമെന്നാണ് 4 എ (1)-ലൂടെ നിഷ്കർഷിക്കുന്നത്. നിലവിൽ വ്യവസ്ഥാ ലംഘനങ്ങൾ ഒന്നും നടന്നില്ലെങ്കിൽപോലും നിയമം അംഗീകരിക്കുന്ന തീയതി വരെ, പതിച്ചുകൊടുത്ത ഭൂമി മറ്റേതെങ്കിലും ആവശ്യത്തിന് വിനിയോഗിക്കാൻ പട്ടാദാർക്ക് അനുവാദം നൽകാൻ സർക്കാരിന് പ്രത്യേകം വ്യവസ്ഥകളോടെ അനുവാദം നൽകുന്ന ഭേദഗതിയാണ് 4 എ(2)-ലൂടെ ഉന്നയിച്ചിട്ടുള്ളത്. അതോടൊപ്പം സർക്കാരിന് ചട്ടം രൂപീകരിക്കാനുള്ള അവകാശം കൊടുക്കാനും കഴിയുന്ന തരത്തിൽ നാല് ഭേദഗതികളാണുള്ളത്.

ശ്രീ. പി. സി വിഷ്ണുനാഥ് ചുമതലപ്പെടുത്തിയതനുപ്രകാരം ഡോ. മാത്യു കുഴൽനാടൻ: സർ, 2023-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചുകൊടുക്കൽ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-09-2023

വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: സമയക്ലിപ്തത പാലിക്കണം.

ഡോ. മാത്യു കുഴൽനാടൻ: സർ, ബില്ലിന്മേൽ സംസാരിക്കുമ്പോൾ അങ്ങനെയൊരു നിയന്ത്രണമില്ലല്ലോ? We all respect the constrain, but that doesn't mean that there is a bar for the time.

ഞാൻ ഈ ബിൽ കൊണ്ടുവന്നതിന്റെ സ്പിരിറ്റിനെ സ്വാഗതം ചെയ്യുകയാണ്. കാരണം എല്ലാവർക്കും അറിയാവുന്നതുപോലെ കഴിഞ്ഞ ഒരുപാട് കാലമായി പട്ടയഭൂമി കൈവശം വച്ചുകൊണ്ടിരിക്കുന്നവർ അനുഭവിക്കുന്ന പ്രയാസത്തിന്റെയും ബുദ്ധിമുട്ടിന്റെയും പശ്ചാത്തലത്തിലാണ് ഇതിനൊരു പരിഹാരം കണ്ടെത്തുന്നതിനായി ശ്രമം നടത്തിയത്. 1960-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചു കൊടുക്കൽ നിയമവും 1964-ലെ കേരള ഭൂപതിവ് റൂൾസും ശരിയായി അമെന്റ് ചെയ്ത് exemption കൊടുക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. നമ്മുടെ സമീപനത്തിന്റെ പ്രശ്നം എന്താണെന്നാൽ, നമ്മളെപ്പോഴും ഒരു piecemeal

ലെജിസ്ലേഷനിലാണ് പോകുന്നത്. ഇപ്പോൾ ഒരു പ്രശ്നം വന്നപ്പോൾ അതിനെ അഡ്രസ്സ് ചെയ്യാൻ വേണ്ടി ഒരു അമെന്റ്മെന്റ് കൊണ്ടുവന്ന് പരിഹരിക്കുകയാണ്. അതുകൊണ്ടുതന്നെ ഇതിന്റെ പുറകേ അടുത്ത പ്രശ്നം വരുന്നതാണ്. കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ചാണ് നിയമങ്ങൾ കൊണ്ടുവരേണ്ടത്. കേരളം വളരെ ചെറിയൊരു സംസ്ഥാനമാണ്. കേരളത്തിൽ വളരെ സെൻസിറ്റീവായ റിസോഴ്സസാണുള്ളത്. ഇവിടത്തെ ഭൂമിയുമായി ബന്ധപ്പെട്ട് ഒരുപാട് കേസുകളും പ്രശ്നങ്ങളുമുണ്ട്. ഗവൺമെന്റിന്റെ തന്നെ വളരെ കോൺഫ്ലിക്റ്റിംഗ് ഓർഡറുകളും സർക്കുലറുകളും കാരണം ക്ലാരിറ്റിയില്ലായ്മയുടെ പ്രശ്നവുമുണ്ട്. This Act was enacted in 1960 and rules was brought in 1964. അന്നുമുതൽ 2010-2016 വരെ ഒരേ രീതിയാണ് അവലംബിച്ചുകൊണ്ടിരുന്നത്. 2016-ലാണ് ഈ കോംപ്ലിക്കേഷൻ മുഴുവനുമുണ്ടായതെന്ന് അങ്ങേയ്ക്കും കൃത്യമായി അറിയാവുന്ന കാര്യമാണ്. പിണറായി വിജയൻ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടയ ഭൂമിയെ സംബന്ധിച്ച് സ്വീകരിച്ച നിലപാടിന്റെ ഫലമായാണ് പ്രശ്നങ്ങൾ ഇത്രയും കുഴയാൻ കാരണമായത്. ഇതിനൊരു പരിഹാരം

കാണുന്നതിനുപകരം, കേരളത്തെ മുഴുവൻ ഒരു piece of land ആയി കണ്ടുകൊണ്ട് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയാണ് വേണ്ടത്. കേരളത്തിലെ തീരദേശ-മലയോര മേഖലകളെയും അർബൻ-സെമിഅർബൻ മേഖലകളെയും സംബന്ധിച്ച് നിയമങ്ങൾ നിലവിലുണ്ട്. അതുപോലെ നെൽവയൽ-തണ്ണീർത്തട സംരക്ഷണത്തിനുവേണ്ടിയും നിയമമുണ്ട്. ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നത്, ഈ ബിൽ പട്ടയഭൂമിയുമായി ബന്ധപ്പെട്ട എല്ലാ വിഷയവും പരിഹരിക്കുമെന്ന് അങ്ങ് പ്രതീക്ഷിക്കുന്നുണ്ടോ? ഇത് പട്ടയഭൂമിയുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നവും പരിഹരിക്കില്ല. കാരണം 1960-ന് മുമ്പ് കൊടുത്ത പുതുവൽ പട്ടയമുണ്ട്. ആ പട്ടയം 1950-ലെ നിയമപ്രകാരം നൽകിയതാണ്, 1958-ൽ അതിന്റെ റൂൾസ് വന്നിട്ടുണ്ട്. So that will be left out. ഇനി പുതുവൽ പട്ടയമുള്ള ആളുകളെല്ലാംകൂടി അങ്ങയുടെ പുറകെ വരും. അങ്ങ് ഇനി അതിനുവേണ്ടി വേറൊരു അമെന്റ്മെന്റ് കൊണ്ടുവരേണ്ടിവരും. കേരളത്തിലെ മുഴുവൻ ഭൂവിനിയോഗത്തെ സംബന്ധിച്ച് ഒരു comprehensive approach ഉണ്ടാകുന്നില്ല. Karnataka is much better. കാരണം അവർ അഗ്രികൾച്ചർ

ലാൻഡ് വളരെ കൃത്യമായി ഡീ-മാർക്ക് ചെയ്തു. അതുപോലെ നമ്മുടെ പ്ലാന്റേഷൻ ഭൂമി സംബന്ധിച്ച്, we don't have clarity. പ്ലാന്റേഷനുവേണ്ടി നമുക്ക് ഒരു നിയമമുണ്ട്. നമ്മുടെ കൈയിൽ ധാരാളം ഭൂമിയുണ്ട്; എന്നാൽ ആ ഭൂമിയിൽ ഒന്നും ചെയ്യാൻ പാടില്ല, എന്താണ് ചെയ്യേണ്ടതെന്ന് ആർക്കും അറിയുകയുമില്ല. ഇതിൽ ഡൈവർഷൻ നടക്കണമെന്നാണോ നടക്കേണ്ടെന്നാണോ? ചിലർ ഇടയ്ക്ക് മുറിച്ചുവിൽക്കുകയും അത് വീണ്ടും കോംപ്ലിക്കേഷനാകുകയും ചെയ്യുന്നു. ഇന്നത്തെ കാലഘട്ടത്തിൽ ടെക്നോളജി ഉപയോഗിക്കാൻ വളരെ നിസ്സാരമാണ്. നമുക്ക് എത്ര അഡ്വാൻസ്ഡ് ടെക്നോളജിയാണുള്ളത്? The nature of the land can be identified and marked. ഒരാൾ കേരളത്തിൽ ഭൂമി വാങ്ങാൻ വരുമ്പോഴുള്ള പ്രശ്നം പറയാം. ഞാൻ പലപ്പോഴും ലീഗൽ ഒപ്പീനിയൻ കൊടുക്കുന്ന ആളാണ്. ഒരാൾ ഒരു ഭൂമി വാങ്ങിയാൽ അത് എന്തിനൊക്കെ ഉപയോഗിക്കാൻ കഴിയുമെന്ന് അറിയണമെങ്കിൽ ഒരു ലക്ഷം രൂപയുടെ ലീഗൽ ഒപ്പീനിയൻ എടുത്താലേ മനസ്സിലാക്കാൻ കഴിയൂ. കാരണം കൃത്യമായ ലീഗൽ ഒപ്പീനിയൻ ഇല്ലെങ്കിൽ അയാൾ ഭൂമി വാങ്ങിയശേഷം അതിലെന്തെങ്കിലും പ്രവൃത്തി ചെയ്ത് പകുതി

വഴിയാകുമ്പോഴായിരിക്കും റെസ്ട്രിക്ഷനുണ്ടെന്ന് അറിയുന്നത്. അതെല്ലാം ക്ലാരിറ്റിയോടുകൂടി അടയാളപ്പെടുത്തി, സർവ്വേ നമ്പരുകൾ മാർക്ക് ചെയ്ത്, അഗ്രികൾച്ചറൽ ഭൂമിയാണെങ്കിൽ അതിനെ ഗ്രീൻ മാർക്ക് ചെയ്ത്, ബാക്കിയുള്ളതിനെ റെസിഡൻഷ്യൽ ഏരിയ ആയി മാറ്റുകയും ചെയ്തുകൊണ്ടുള്ള ഒരു മാസ്റ്റർ പ്ലാനായി മാറ്റിയാൽ Kerala will be very beautiful. അതിന് ഒരു comprehensive approach ആണ് വേണ്ടത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇറക്കിയ രണ്ട് ഉത്തരവുകളുണ്ട്. അതായത് 1801/2010 എന്ന കേസിൽ ഹൈക്കോടതിയുടെ 2010-ലെ ഇടക്കാല ഉത്തരവ് പ്രകാരം 2016 വരെ ആർക്കും ദോഷമില്ലാതെ പോയിക്കൊണ്ടിരുന്നു. ഒന്നാം പിണറായി വിജയൻ സർക്കാർ അധികാരത്തിൽ വന്നതിന് പിന്നാലെ ആ ഇടക്കാല ഉത്തരവിനെ നിർവ്വചിച്ചതുപ്രകാരം പട്ടയ ഭൂമിയിൽ മറ്റ് കാര്യങ്ങൾ ചെയ്യാൻ പാടില്ലെന്ന നിലപാട് സ്വീകരിച്ച് പതിനായിരക്കണക്കിന് കർഷകരെയും പാവപ്പെട്ടവരെയും പ്രതിസന്ധിയിലാക്കിയശേഷം അതിന് പരിഹാരം കാണാൻ നിങ്ങൾ തന്നെ വരുന്നുവെന്നുള്ള കാര്യത്തിൽ ഞാൻ നിങ്ങളെ

അഭിനന്ദിക്കുന്നു. അതാണ് ഇതിന്റെ യഥാർത്ഥ വശം. അതിനുശേഷം അങ്ങ് അവസാനിപ്പിക്കുന്നത് എവിടെയാണ്? 4 എ(1) വകുപ്പിലൂടെ ക്രമവത്കരിക്കാനുള്ള അധികാരം ഗവൺമെന്റിന് കൊടുക്കുകയാണ്. അതിന്റെ പ്രൊസീഡ്യുവറാണ് 4 എ(2)-ൽ പറയുന്നത്. അങ്ങ് ആ പ്രൊസീഡ്യുവർ എന്താണെന്ന് കുറച്ചുകൂടി ക്ലാരിറ്റിയോടുകൂടി, open-ended ആയി പറയണമായിരുന്നു. ക്രമവത്കരിക്കാൻ നടക്കുന്നവർക്ക് പ്രയാസമുണ്ടാകുന്ന രീതിയിൽ വളരെ narrow പ്രൊവിഷൻ റൂളിൽ ഉണ്ടാക്കിക്കഴിഞ്ഞാൽ അത് വലിയ അഴിമതിക്ക് വഴിവയ്ക്കുമെന്ന് ഞാൻ ഭയപ്പെടുകയാണ്. കാരണം എൽ.എ. പട്ടയഭൂമി കൈവശമുള്ളവർക്ക് റെഗുലറൈസേഷനുവേണ്ടി പ്രത്യേകം തുക അടയ്ക്കേണ്ടി വരികയോ അല്ലെങ്കിൽ പ്രത്യേകമായി അതിനുവേണ്ടി സർക്കാരിനെ സമീപിക്കേണ്ടി വരികയോ, അനുമതി വാങ്ങേണ്ടി വരികയോ ചെയ്താൽ അഴിമതിക്കുള്ള വലിയൊരു സാധ്യത സർക്കാർ തുറന്നുകൊടുക്കുന്ന സ്ഥിതിയായിരിക്കും ഉണ്ടാകുന്നത്. വളരെ വ്യത്യസ്തമായ തലങ്ങളിലും രീതികളിലും രാജ്യത്ത് അഴിമതി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിൽ എനിക്ക് ഏറ്റവും

കൗതുകകരമായി തോന്നിയത്, 2011-ൽ ലോക്പാൽ ബില്ലിന്റെ ചർച്ചയിൽ സി.പി.ഐ.(എം.) പാർട്ടി അഴിമതിയെ നിർവ്വചിച്ച്, അഴിമതി എന്താണെന്ന് പറഞ്ഞ ഒരു ഭാഗമുണ്ടായിരുന്നു. "നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായി ബോധപൂർവ്വം ഏതെങ്കിലും വ്യക്തിക്കോ സംരംഭത്തിനോ അനർഹമായ ആനുകൂല്യം നൽകുന്നതും പൊതുജന സേവകരിൽനിന്നും അനർഹമായ ആനുകൂല്യങ്ങൾ നേടുന്നതും അഴിമതിയാണ്. സ്വജനപക്ഷപാതം മാത്രമല്ല; സ്വാധീനം ഉപയോഗിക്കലും അഴിമതിയുടെ പരിധിയിൽ വരണം" ഇത് സി.പി.ഐ.(എം.) പാർട്ടിയുടെ അഴിമതിയെക്കുറിച്ചുള്ള നിലപാടായിരുന്നു. XXXXX+

മി. സ്പീക്കർ: ചട്ടങ്ങളും റൂളും പാലിക്കാത്ത ഒരു കാര്യവും രേഖയിലുണ്ടാകില്ല. ഇവിടെ ഭൂപതിവ് നിയമമാണ് ചർച്ച ചെയ്യുന്നത്. (...ബഹളം....)

ഡോ. മാത്യു കുഴൽനാടൻ: സർ, അത് പ്രത്യേകം പറയേണ്ട കാര്യമില്ലല്ലോ?

മി. സ്പീക്കർ: ബില്ലിൽ ഒതുങ്ങിനിന്ന് സംസാരിക്കണം.

\+ ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശപ്രകാരം സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

Dr. Mathew Kuzhalnadan: Sir, You need not have to say about that. ചട്ടവും റൂളും പാലിക്കാത്തത് രേഖയിൽ ഉണ്ടാകില്ലെന്ന് പറയുന്നതെന്തിനാണ്? (...ബഹളം....)

മി. സ്പീക്കർ: ബില്ലാണ് എന്നുള്ളതുകൊണ്ട് എന്തും വിളിച്ചുപറയാനുള്ള വേദിയല്ല ഈ ഫ്ലോർ. (...ബഹളം....)

Dr. Mathew Kuzhalnadan: Sir, No... ഞാൻ സംസാരിച്ച് തുടങ്ങിയതേയുള്ളൂ. ചട്ടത്തിനും റൂളിനും വിരുദ്ധമായാണോ സംസാരിച്ചതെന്ന് അങ്ങേയ്ക്ക് നിശ്ചയിക്കാം.

മി. സ്പീക്കർ: ഇത് ബില്ലായതിനാൽ ബില്ലിൽ ഒതുങ്ങിനിന്ന് സംസാരിക്കണം. പകരം എന്തും വിളിച്ചു പറയാവുന്ന വേദിയാക്കി ഈ ഫ്ലോറിനെ മാറ്റാൻ ശ്രമിക്കരുത്.... പ്ലീസ്... പ്ലീസ്.. ചെയറുമായി സഹകരിക്കണം. പ്ലീസ്... പ്ലീസ്...

ഡോ. മാത്യു കുഴൽനാടൻ: സർ, സംസാരിക്കുന്ന എന്റെ വിസ്ഡത്തെ റെസ്ട്രിക്ട് ചെയ്യേണ്ട കാര്യമില്ല. I know what to speak.

മി. സ്പീക്കർ: സംസാരിച്ചുപോകുന്നത് എങ്ങോട്ടാണെന്ന് മനസ്സിലാകുമല്ലോ. ബില്ലാണെന്നതിനാൽ എന്തും സംസാരിക്കാമെന്ന് കരുതരുത്.

Dr. Mathew Kuzhalnadan: Sir, No...എന്റെ സംസാരം, എന്റെ വിഷയം, ഞാൻ ഉദ്ദേശിക്കുന്ന കാര്യം ചട്ടത്തിനും റൂളിനും വിരുദ്ധമാണെങ്കിൽ you can interfere. Otherwise you cannot; I have all right to speak. How can you interfere? No, the Chair cannot interfere. .....

മി. സ്പീക്കർ: ചെയറിന് discretionary power ഉണ്ട്. എന്തും വിളിച്ചുപറയാനുള്ള വേദിയല്ല ഫ്ലോർ.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ പറഞ്ഞുവരുന്നത് ഇവിടെ കഴിഞ്ഞദിവസം... (....ബഹളം....)

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ ഈ നിയമത്തിന്റെ അവതരണാനുമതി തേടിയതുമുതൽ ബഹുമാനപ്പെട്ട അംഗം ഇതിന് തടസ്സവാദമുന്നയിക്കുകയാണ്. ഏതെങ്കിലും വിധത്തിൽ സഭയ്ക്ക് ഉൾക്കൊള്ളാനാകാത്ത ചർച്ചകളിലേയ്ക്ക് പോയി ഈ ബില്ലിന്

സബ്ജക്ട് കമ്മിറ്റിയുടെ അനുവാദം വാങ്ങി മുന്നോട്ടു കൊണ്ടുപോകാതിരിക്കാനാണ് ലക്ഷ്യമെങ്കിൽ ഈ സർക്കാർ ഈ ബിൽ അവതരിപ്പിക്കും; അത് പാസ്സാക്കും; അതിന്റെ നടപടിക്രമങ്ങളുമായി മുന്നോട്ടുപോകും.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ ഒരു കാര്യം വളരെ കൃത്യമായി പറയാം. ഈ ബിൽ അവതരിപ്പിക്കുന്നതിനോടോ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുന്നതിനോടോ എനിക്ക് യാതൊരു പരാതിയുമില്ല. എന്നുവിചാരിച്ച് എനിക്ക് പറയാനുള്ള കാര്യങ്ങൾ പ്രസംഗിക്കേണ്ടെന്ന് പറയാൻ പറ്റില്ല. നിങ്ങൾ എന്തിനെയാണ് ഭയപ്പെടുന്നത്; (....ബഹളം....) നിങ്ങൾ എന്തിനാണ് ഭയപ്പെടുന്നത്; (....ബഹളം....) നിങ്ങൾ ആരെയാണ് ഭയപ്പെടുന്നത്; നിങ്ങൾ എന്തിനാണ് ബഹളമുണ്ടാക്കുന്നത്; ഞാൻ സംസാരിച്ച് തുടങ്ങിയില്ലല്ലോ; ഇതെന്താണ്? (....ബഹളം....) ഞാനൊന്നും പറഞ്ഞില്ലല്ലോ; സംസാരിച്ച് തുടങ്ങുന്നതിനുമുമ്പ് നിങ്ങൾ ആരെയാണ് ഭയപ്പെടുന്നത്. (....ബഹളം....) ഞാൻ എന്തുപറഞ്ഞുവെന്നാണ്?

മി. സ്പീക്കർ: പ്രത്യേക റൂളിംഗ് തന്നു, ചട്ടവും ക്രമവും പാലിക്കാത്ത ഒരു കാര്യവും സഭാരേഖയിൽ ഉണ്ടാകുന്നതല്ല. അത് ക്ലിയർ കട്ടായി പറഞ്ഞതാണ്.

ഡോ. മാത്യു കുഴൽനാടൻ: സർ, ചട്ടവും റൂളും പ്രകാരമല്ലെങ്കിൽ അത് മാറ്റുന്നതിൽ കുഴപ്പമില്ല. ഞാൻ പറയുന്നതിൽ എന്താണ് തെറ്റുള്ളതെന്ന് പറഞ്ഞാൽ മതി. കഴിഞ്ഞ ദിവസം രാജ്യം മുഴുവൻ ശ്രദ്ധിച്ച ഒരു ഫൈൻഡിംഗാണ്. ഇത് ഞാൻ പറഞ്ഞതല്ല. ഈ രാജ്യത്ത് നിയമപരമായി നിലനിൽക്കുന്ന ഒരു ക്വാസി ജുഡീഷ്യൽ ബോഡി എന്ന് പറയാവുന്ന ഒരു അപ്പലേറ്റ് ബോർഡിന്റെ ഫൈൻഡിംഗാണ്. ആ ഫൈൻഡിംഗിനെ സംബന്ധിച്ച് ഈ സഭയിൽ പറയാൻ സാധിക്കില്ലെന്ന് പറഞ്ഞാൽ .... (....ബഹളം....)

മി. സ്പീക്കർ: റൂൾ 77. "ബില്ലിന്റെ തത്വത്തെപ്പറ്റിയുള്ള ചർച്ച - 76-ാം ചട്ടത്തിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും പ്രമേയം അവതരിപ്പിക്കുന്ന ദിവസമോ അഥവാ അതിനെപ്പറ്റിയുള്ള ചർച്ച മാറ്റിവയ്ക്കപ്പെടുന്ന പിന്നീടുള്ള ഏതെങ്കിലും ദിവസമോ ബില്ലിന്റെ തത്വവും അതിലെ വ്യവസ്ഥകളും പൊതുവായി ചർച്ച

ചെയ്യപ്പെടാവുന്നതും, എന്നാൽ ബില്ലിന്റെ തത്വങ്ങളെ വിശദീകരിക്കുന്നതിനാവശ്യമായതിൽ കൂടുതലായി അതിന്റെ വിശദാംശങ്ങളെപ്പറ്റി ചർച്ച ചെയ്യുവാൻ പാടില്ലാത്തതുമാകുന്നു." My stand is very clear.

Dr. Mathew Kuzhalnadan: Sir, I know that; we agree with that. കഴിഞ്ഞ ദിവസം ആ ഒരു ഫൈൻഡിംഗുണ്ടായി. XXXXX+ (....ബഹളം....) ഇത് എന്താണ്; എന്തെങ്കിലും പറയുമ്പോൾ നിങ്ങൾക്ക് എന്താണ് കുഴപ്പം; ഞാൻ പറഞ്ഞ് തുടങ്ങുന്നതിനുമുമ്പ് നിങ്ങൾക്ക് എന്താണ് പ്രശ്നം; അങ്ങനെ ഇട്ടിട്ട് പോകാൻ പറ്റില്ല.

മി. സ്പീക്കർ: അങ്ങനെയെങ്കിൽ അങ്ങ് സംസാരിക്കേണ്ട.

ഡോ. മാത്യു കുഴൽനാടൻ: സർ, എന്താണ് നിങ്ങളുടെ പ്രശ്നം; ഇവിടെ "വായിൽ തോന്നിയത് കോതയ്ക്ക് പാട്ട്" എന്നുപറയുന്നതുപോലെ എന്തൊക്കെ കാര്യങ്ങളാണ് വിളിച്ചു പറയുന്നത്; (....ബഹളം....) ആ സമയം നിങ്ങളാരും എഴുന്നേൽക്കില്ലല്ലോ; ഇവിടെ ആരൊക്കെ എന്തൊക്കെ പറയുന്നു. (...ബഹളം...) വ്യക്തിപരമായി ആരെയാണ് പറഞ്ഞത്; ആരെയും പറഞ്ഞില്ല;

+ ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശപ്രകാരം സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

ഒന്നും സംസാരിച്ചില്ല. സംസാരിക്കാൻ സമ്മതിക്കാതിരുന്നാൽ എന്തുചെയ്യാൻ സാധിക്കും; ഞാൻ സംസാരിച്ച് തുടങ്ങിയപ്പോൾ ആരുടെയെങ്കിലും പേര് പറഞ്ഞോ; ആരുടെയെങ്കിലും കാര്യം പറഞ്ഞോ?

മി. സ്പീക്കർ: ചട്ടവും ക്രമവും പാലിക്കാത്ത ഒരു കാര്യവും സഭാരേഖകളിൽ ഉണ്ടാകുന്നതല്ല.... (....ബഹളം....).

ഡോ. മാത്യു കുഴൽനാടൻ: സർ, അങ്ങനെയാകട്ടെ.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ഏറ്റവും പ്രധാനപ്പെട്ട ഒരു ബില്ലാണ് ഇന്ന് നിയമസഭയിൽ അവതരണത്തിന് വന്നിട്ടുള്ളത്. ബഹുമാനപ്പെട്ട എം.എൽ.എ. ഡോ. മാത്യു കുഴൽനാടൻ ഉൾപ്പെടെ ബഹുഭൂരിപക്ഷം ആളുകൾക്കും നേരിട്ടറിയാവുന്ന ഒട്ടേറെ പ്രശ്നങ്ങൾ ഉൾക്കൊള്ളുന്ന വിഷയങ്ങൾ പരിഹരിക്കാൻ പ്രാപ്തമാക്കുന്ന ഒരു ബില്ലാണിത്. 2010-ലെ ഹൈക്കോടതി വിധിയും 2016-ലെ ഗവൺമെന്റ് ഉത്തരവും ഒന്നുമല്ല വിഷയം. 1960-ലെ ആക്ടും 1964-ലെ ചട്ടവും പ്രകാരം നൽകിയിട്ടുള്ള പട്ടയ ഭൂമി വീട് വയ്ക്കുന്നതിനും കൃഷിക്കും മാത്രമേ ഉപയോഗിക്കാൻ അവകാശമുണ്ടായിരുന്നുള്ളൂ. ഇത് മാറ്റുകയെന്നുള്ളതാണ് നമ്മുടെ ആവശ്യം.

ഇതൊരു പൊതുതാൽപര്യ വിഷയമായി എടുക്കണം. ഒരു തർക്കവേദി ആക്കരുത്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കുശേഷം മടങ്ങിവരുമ്പോൾ ശേഷിച്ച കാര്യങ്ങൾ എങ്ങനെ വേണമെന്നും മറ്റും വിശദമായി ചർച്ച ചെയ്യാനുള്ള സാഹചര്യവും അവസരവുമുണ്ട്. പരിഹരിക്കാൻ സാധിക്കാത്ത ഒരു വിഷയം പരിഹരിക്കുന്നതിനായി ഈ ബിൽ കൊണ്ടുവന്ന ഗവൺമെന്റിനെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും റവന്യൂ വകുപ്പുമന്ത്രിയെയും അഭിനന്ദിക്കുകയും അഭിമാനത്തോടെ അതിൽ പങ്കുചേരുകയും ചെയ്യുക എന്നതാണ് അനിവാര്യം. ഇവിടെ മുമ്പ് അവതരിപ്പിക്കപ്പെട്ട ഒരു ബില്ലിലും ഇത്തരം തടസ്സവാദം വരാതിരിക്കുകയും എന്നാൽ ഇതിലൊരു തടസ്സവാദം ഉന്നയിക്കപ്പെടുകയും ചെയ്യുമ്പോൾ അതിന്റെ സ്പിരിറ്റ് സഭ ഉൾക്കൊള്ളുന്നതിനെക്കാൾ പൊതുജനം വിലയിരുത്തുന്നു എന്നതാണ് പ്രധാനം. അതുകൊണ്ട് ഈ ബില്ലിനോട് നല്ല രീതിയിൽ സഹകരിക്കണം; എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ സബ്ജക്ട് കമ്മിറ്റിയിൽ പോയി മടങ്ങിവരുമ്പോൾ (അവിടെയാണല്ലോ നിയമനിർമ്മാണം നടക്കുന്നത്) നമുക്ക് കൂടുതലായി സംസാരിക്കാം. അതുകൊണ്ട് നല്ലൊരു സ്പിരിറ്റോടെയും നല്ല

അന്തരീക്ഷത്തോടെയും ചർച്ച ചെയ്യണം. ഈ ബിൽ ചരിത്രത്തിന്റെ ഭാഗമായി മാറുന്നൊരു ബില്ലാണെന്ന ബോധ്യം നമുക്കുണ്ടാകണമെന്നാണ് എന്റെ വിനയപൂർവ്വമായ അഭ്യർത്ഥന.

ഡോ. മാത്യൂ കുഴൽനാടൻ: സർ, ഞാൻ അങ്ങയെ ഒരു ജ്യേഷ്ഠനെപ്പോലെ respect ചെയ്തുകൊണ്ട് പറയുകയാണ്; ഇവിടെ ഒരുപാടുപേർ സംസാരിച്ചിട്ടുണ്ട്. എല്ലാവരും നൂറ് ശതമാനവും ബില്ലിന്റെ പരിധിയിൽ നിന്നുകൊണ്ടാണ് സംസാരിച്ചതെന്ന് പറയാൻ സാധിക്കുമോ? എന്തിനാണ് എന്നോടുമാത്രം ഈ വിവേചനം കാണിക്കുന്നത്. ഇവിടെ സംസാരിക്കുന്ന എല്ലാവരും ഹംഗറിയും പോളണ്ടും യൂഗോസ്ലാവിയായുമടക്കമുള്ള കാര്യങ്ങൾ പറഞ്ഞില്ലേ; Why you are restricting me alone? അത് ശരിയായ രീതിയല്ല. നിങ്ങൾക്ക് ഒച്ചവച്ചും ബഹളംവച്ചും യാഥാർത്ഥ്യങ്ങളെ മാറ്റാൻ സാധിക്കില്ല. കഴിഞ്ഞ ദിവസം ഈ സംസ്ഥാനത്തുണ്ടായ പ്രധാന പ്രശ്നത്തിൽനിന്നും നിങ്ങൾക്ക് ഒളിച്ചോടാൻ സാധിക്കില്ല. അക്കാര്യത്തിൽ ജനങ്ങൾക്കുമുമ്പിൽ ഉത്തരം പറഞ്ഞേ പറ്റൂ. അതെന്താണ് കാര്യം; സി.പി.ഐ.(എം.) എന്ന പാർട്ടി അഴിമതിയെ നിർവ്വചിച്ചത് എങ്ങനെയാണെന്ന കാര്യം ഞാൻ പറഞ്ഞപ്പോഴേ നിങ്ങൾ

ബഹളം തുടങ്ങിയില്ലേ; (....ബഹളം....).... ഞാൻ നിർത്താൻ ഉദ്ദേശിച്ചിട്ടില്ല........

(....ബഹളം....).......

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, പോയിന്റ് ഓഫ് ഓർഡർ....

മി. സ്പീക്കർ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. പി. രാജീവ്: സർ, ഇവിടെ വന്ന പ്രശ്നങ്ങളിൽ ബില്ലിന്റെ അവതരണവേളയെ സംബന്ധിച്ച് ബഹുമാന്യനായ സ്പീക്കർ ഇപ്പോൾ ഒരു റൂളിംഗ് നടത്തിയിട്ടുണ്ട്. അതുകഴിഞ്ഞാൽ ചട്ടം 287 ആണ് നിൽക്കുന്നത്. "അസംഗതത്വവും ആവർത്തനവും.-ചർച്ചയിൽ തന്റെ സ്വന്തം വാദങ്ങളെയോ, അല്ലെങ്കിൽ മറ്റ് അംഗങ്ങളുടെ വാദങ്ങളെയോ സംബന്ധിച്ച് അസംഗതമായി സംസാരിക്കുകയോ അല്ലെങ്കിൽ വാദങ്ങൾ മുഷിവ് തോന്നത്തക്കവിധം ആവർത്തിച്ചുകൊണ്ടേയിരിക്കുന്നതോ ആയ അംഗത്തിന്റെ നടപടി സംബന്ധിച്ച് സഭയുടെ ശ്രദ്ധക്ഷണിച്ചതിനുശേഷം, സ്പീക്കർക്ക് അദ്ദേഹത്തോട് പ്രസംഗം നിർത്താൻ ആവശ്യപ്പെടാവുന്നതാണ്." ബഹുമാന്യനായ അങ്ങ് ശ്രദ്ധക്ഷണിച്ചതിനുശേഷവും അതേ കാര്യം

ആവർത്തിക്കുമ്പോൾ ചട്ടം 287 അനുസരിച്ച് അങ്ങ് ഇടപെടണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ചട്ടം 287 പ്രകാരമാണ് ചെയർ അദ്ദേഹത്തോട് പറഞ്ഞത്. You had raised the issue before the floor. അത് വീണ്ടും ആവർത്തിച്ച് പറയുന്നത് ശരിയല്ല. അങ്ങനെയാണെങ്കിൽ പ്രസംഗം നിർത്തേണ്ടിവരും.

ഡോ. മാത്യു കുഴൽനാടൻ: സർ, ചട്ടം 287 പ്രകാരം ഒരു കാര്യം ആവർത്തിക്കുന്നതുപോയിട്ട് പറയാൻപോലും സമ്മതിച്ചില്ല. നിങ്ങൾക്ക് മുഷിച്ചിലല്ല, അസ്വസ്ഥതയാണ് തോന്നുന്നത്.... (....ബഹളം....). മുഷിവ് തോന്നുന്ന രീതിയിൽ ഞാൻ പ്രസംഗിച്ചിട്ടില്ല. നിങ്ങൾക്ക് അസ്വസ്ഥത തോന്നുന്നത് സ്വാഭാവികമാണ്. നിങ്ങൾക്ക് അസ്വസ്ഥത തോന്നുന്നതുകൊണ്ട് എനിക്ക് പ്രസംഗം നിർത്താൻ സാധിക്കില്ല.

മി. സ്പീക്കർ: യെസ്, പ്ലീസ്, പ്ലീസ്, Dr. Mathew Kuzhalnadan, come to the bill. ചെയറുമായി സഹകരിക്കണം, പ്ലീസ്....

ഡോ. മാത്യു കുഴൽനാടൻ: സർ, XXXXXXX+

\+ ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശപ്രകാരം സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

മി. സ്പീക്കർ: നിരന്തരം ചെയർ ആവശ്യപ്പെട്ടിട്ടും ഡോ. മാത്യു കുഴൽനാടൻ നിർത്തുന്നില്ല. അങ്ങനെയാണെങ്കിൽ അടുത്ത ആളിനെ പ്രസംഗിക്കാൻ വിളിക്കേണ്ടി വരും. ....യെസ്... പ്ലീസ്.. പ്ലീസ്......

ഡോ. മാത്യു കുഴൽനാടൻ: സർ, അത് പ്രശ്നമില്ല. XXXXXX+

മി. സ്പീക്കർ: ശ്രീ. ജി. എസ്. ജയലാൽ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. വാഴൂർ സോമന് ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

(ഡോ. മാത്യു കുഴൽനാടനെ പ്രസംഗം തുടരാൻ അനുവദിക്കാതെ അടുത്ത അംഗത്തെ പ്രസംഗിക്കാൻ ക്ഷണിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിച്ച് പുറത്തുപോയി.)

ശ്രീ. ജി. എസ്. ജയലാൽ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. വാഴൂർ സോമൻ: സർ, 2023-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചുകൊടുക്കൽ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. മലയോര ജില്ലകളിലെ കർഷകരുടെ ഏറെ

\+ ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശപ്രകാരം സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

നാളത്തെ ആവശ്യമാണ് എൽ.ഡി.എഫ്. സർക്കാർ ഈ ഭേദഗതി ബില്ലിലൂടെ സഫലീകരിക്കുന്നത്. കുടിയേറ്റ കാലംമുതൽ മലയോര കർഷകരുടെ ഭൂമിക്ക് മേലുള്ള അവകാശവും അതിന്റെ സ്വതന്ത്രമായ വിനിയോഗവും കർഷകന് വിട്ടുനൽകുന്ന സ്വാതന്ത്ര്യാവകാശ നിയമമായാണ് ഞാൻ ഇതിനെ കാണുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, പ്രതിപക്ഷാംഗങ്ങൾ സഭ ബഹിഷ്കരിക്കരുത് എന്നാണ് എന്റെ അഭ്യർത്ഥന. കേരളത്തെ ബാധിക്കുന്ന പൊതുവിഷയത്തിൽ ഈ ഒരു സമീപനം സ്വീകരിക്കുന്നത് ശരിയല്ല. ഗവൺമെന്റിനെതിരെ എന്തുമാകാം. പക്ഷേ കർഷകർക്കെതിരെ സ്വീകരിക്കുന്ന നടപടി നിങ്ങൾക്കെതിരെ വലിയ ചോദ്യചിഹ്നമായി ഉയരുമെന്നതിൽ യാതൊരു സംശയവും വേണ്ട.

ശ്രീ. വാഴൂർ സോമൻ: സർ, കോൺഗ്രസ് അധികാരത്തിൽ വന്നപ്പോഴെല്ലാം പരിസ്ഥിതി സംഘടനകൾക്ക് വഴങ്ങുകയും ബാഹ്യശക്തികളുടെ നിയന്ത്രണത്തിൽ കർഷകർക്കെതിരായ നിയമങ്ങൾ കൊണ്ടുവരികയും ചെയ്തു. പതിനാറ് ഉപാധികളോടെ പട്ടയം ലഭിച്ച ഭൂമി കൈമാറ്റം ചെയ്യാൻ പാടില്ലെന്ന വ്യവസ്ഥ, ഒരു ലക്ഷത്തിൽ കൂടുതൽ വരുമാനമുള്ളവർക്ക് പട്ടയം നൽകാൻ

പാടില്ലെന്ന നിയമം ഉൾപ്പെടെയുള്ള നിയന്ത്രണങ്ങൾ കൊണ്ടുവന്ന് കർഷക ജനതയെ വഞ്ചിക്കുന്ന നിലപാടാണ് കോൺഗ്രസ് സർക്കാർ സ്വീകരിച്ചത്. ഗാഡ്ഗിൽ- കസ്തൂരിരംഗൻ റിപ്പോർട്ടുകൾ, വന്യജീവി ഇടനാഴി വേണമെന്ന ആവശ്യം, ഇ.എഫ്.എൽ. ആക്ട്, ഇ.എസ്.എ.ഐ. തുടങ്ങി കർഷകർക്ക് എതിരായ നിലപാടാണ് യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചത്. നിയമ വിദഗ്ധരുമായുള്ള ദീർഘകാല കൂടിയാലോചനകൾക്കും പഠനങ്ങൾക്കും ശേഷമാണ് ബിൽ സഭയിൽ അവതരിപ്പിച്ചിരിക്കുന്നത്. അരനൂറ്റാണ്ടിലധികമായി നിയമക്കുരുക്കിൽപ്പെട്ടുകിടന്ന ജനതയെ മോചിപ്പിക്കാൻ തീരുമാനമെടുത്ത എൽ.ഡി.എഫ്. സർക്കാരിന് മലയോര കർഷകർക്കുവേണ്ടി ഈ വേളയിൽ നന്ദി അറിയിക്കുകയാണ്. ഭൂമിയുടെ അവകാശം സംബന്ധിച്ച രാജമാണിക്യം റിപ്പോർട്ടിന്റെ പേരിൽ കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ തോട്ടം ഉടമകളെയും കർഷകരെയും കൈയേറ്റക്കാരുടെ പട്ടികയിൽ വലിച്ചിഴച്ചതോടെ അവർ പ്രതിസന്ധിയിലായി. രേഖകൾപ്രകാരം പതിറ്റാണ്ടുകളായി കയ്യിലുള്ള ഭൂമിയിൽ സർക്കാർ വേണ്ടത്ര പഠനമോ രേഖകളോ ഇല്ലാതെ തർക്കമുന്നയിച്ചതോടെ പുനർകൃഷിയും കൃഷി സംബന്ധമായ

ദൈനംദിന ജോലികൾപോലും നിലച്ച് പ്രതിസന്ധി സൃഷ്ടിക്കപ്പെട്ടു. ഈ പ്രതിസന്ധിയെ മറികടക്കാൻ ഈ നിയമ ഭേദഗതി ഏറെ സഹായകരമാകും.

സംസ്ഥാനത്ത് റബ്ബർ, തേയില, കാപ്പി, ഏലം, കൊക്കോ എന്നീ പ്രധാന തോട്ടവിളകൾ നിലവിൽ 7.12 ലക്ഷം ഹെക്ടർ സ്ഥലത്താണ് കൃഷി ചെയ്യുന്നത്. മിക്ക തേയില തോട്ടങ്ങളും നിലവിൽ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഈ പ്രതിസന്ധികൾക്കിടയിലും തോട്ടം മേഖല നടത്തിക്കൊണ്ടുപോകുമ്പോഴാണ് രാജമാണിക്യം റിപ്പോർട്ടിന്റെ പേരിൽ യു.ഡി.എഫ്. സർക്കാർ ഈ മേഖലയിൽ അപ്രതീക്ഷിതമായ പ്രതിസന്ധിയുണ്ടാക്കിയത്. ഈ റിപ്പോർട്ടിന്റെ പേരിൽ ഭൂസംരക്ഷണത്തിന്റെ പരിധിയിൽ വരാത്ത പുതിയ വ്യവസ്ഥകളുപയോഗിച്ച് കർഷകരെ ദ്രോഹിക്കുന്ന നിലപാടാണ് യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചത്. തേയിലയും ഏലവും കൃഷി ചെയ്യുന്നതോടൊപ്പം പ്രതിസന്ധിയിൽ പിടിച്ചുനിൽക്കാൻ ഇടവിള കൃഷിക്ക് അനുമതി നൽകണമെന്ന തോട്ടം ഉടമകളുടെ അപേക്ഷ പരിഗണിച്ച് അതിനുള്ള അനുവാദം നൽകിയത് പിണറായി സർക്കാരാണെന്നതിൽ അഭിമാനം

കൊള്ളുന്നു. 1964-ൽ കോൺഗ്രസ് നേതാവ് ആർ. ശങ്കർ മുഖ്യമന്ത്രിയായിരിക്കെ നടപ്പാക്കിയ കേരള ഭൂപതിവ് ചട്ടത്തിലെ നാലാം ചട്ടമാണ് ഇടുക്കി ജില്ലയിലെ നിർമ്മാണ മേഖലയുടെ സ്തംഭനാവസ്ഥയ്ക്ക് കാരണമായത്. മാറിമാറിവന്ന യു.ഡി.എഫ്. സർക്കാർ കർഷകരെ ദ്രോഹിക്കുന്ന നിലപാടാണ് സ്വീകരിച്ചത്. ജീവിതോപാധിയായി നടത്തിയ 1500 ചതുരശ്ര അടിവരെയുള്ള ചെറുനിർമ്മാണങ്ങളും കാർഷികാവശ്യത്തിനായി അനുവദിക്കപ്പെട്ട ഭൂമിയുടെ ഉപയോഗവും ക്രമീകരിക്കുന്നതുവഴി മലയോര ജനതയുടെ ന്യായമായ ആവശ്യമാണ് എൽ.ഡി.എഫ്. സർക്കാർ നിറവേറ്റുന്നത്. ക്രമപ്പെടുത്തുമ്പോൾ 'വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തൊഴിൽശാലകൾ, വാണിജ്യ കേന്ദ്രങ്ങൾ, മതപരമോ സാംസ്കാരികമോ വിനോദപരമോ ആയ സ്ഥാപനങ്ങൾ, പൊതു ഉപയോഗത്തിനുള്ള നിർമ്മാണങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, ആരോഗ്യ കേന്ദ്രങ്ങൾ, ജുഡീഷ്യൽ ഫോറങ്ങൾ, ബസ് സ്റ്റാൻഡുകൾ, റോഡുകൾ എന്നിവയുൾപ്പെടെ പൊതു കെട്ടിടങ്ങൾ' എന്ന് നിർവ്വചിച്ച് ഭേദഗതി വരുത്തുന്നത് ഏറെ സഹായകരമാകും. ജനങ്ങളുടെ ന്യായമായ ആവശ്യങ്ങൾ

നിറവേറ്റാൻ എൽ.ഡി.എഫ്.-ന്റെ പ്രകടന പത്രികയിൽത്തന്നെ ഭൂപതിവ് ചട്ടം ഭേദഗതി ചെയ്യുമെന്ന് അറിയിച്ചിട്ടുള്ളതാണ്. എൽ.ഡി.എഫ്. പ്രകടന പത്രികയിലെ ഒരു സുപ്രധാന വാഗ്ദാനംകൂടി ഈ നിയമ ഭേദഗതിയിലൂടെ സർക്കാർ നിറവേറ്റുകയാണ് ചെയ്തിരിക്കുന്നത്.

ശ്രീ. എം. എം. മണി: സർ, കോൺഗ്രസിന്റെ മുൻകാല ഗവൺമെന്റ് 1960-ൽ കൊണ്ടുവന്ന നിയമമാണ് ഇടുക്കി അടക്കമുള്ള കാർഷിക മേഖലയിലെ കൃഷിക്കാർക്ക് ദോഷം വരുത്തുന്നത്. നിലവിലെ ഗവൺമെന്റ് നിയമം കൊണ്ടുവന്നതും ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി ബിൽ അവതരിപ്പിച്ചതും ആ നിയമം ഭേദഗതി ചെയ്യുന്നതിനുവേണ്ടിയാണ്. അത് തടസ്സപ്പെടുത്തുന്നുവെന്ന് പറഞ്ഞാൽ പഴയ നിയമം തുടരണമെന്ന സന്ദേശമല്ലേ യു.ഡി.എഫ്. ഇവിടെ ഉയർത്തിയത്; ഈ ബിൽ പാസ്സാക്കുന്നതിൽ പ്രതിഷേധിച്ചല്ലേ പ്രതിപക്ഷം ചർച്ചയിൽ പങ്കെടുക്കാതെ വാക്കൗട്ട് നടത്തിയത്?

ശ്രീ. വാഴൂർ സോമൻ: സർ, അതായത് ഇന്ന് ഈ ബിൽ അവതരിപ്പിക്കുന്നതിനെതിരെ അത്തരമൊരു തടസ്സവാദം ഉന്നയിക്കേണ്ട

കാര്യമില്ലായിരുന്നു. ബിൽ അവതരണത്തെ തടസ്സപ്പെടുത്താനാണ് ബഹുമാനപ്പെട്ട അംഗം ഡോ. മാത്യു കുഴൽനാടൻ മനഃപൂർവ്വം അത്തരമൊരു പരാമർശം നടത്തിയതെന്നാണ് ഞാനും അനുമാനിക്കുന്നത്. ഇച്ഛാശക്തിയുള്ള ഒരു സർക്കാർ ജനങ്ങളോടൊപ്പമുണ്ടെന്നുള്ളതിന്റെ തെളിവുകൂടിയാണിത്. ഒരിക്കൽക്കൂടി ഈ ബില്ലിനെ പൂർണ്ണമായും പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

മി. സ്പീക്കർ: സഭാ രേഖയിൽ ഉണ്ടാകില്ലെന്ന് ചെയർ റൂൾ ചെയ്ത ഭാഗം പത്രങ്ങളും ചാനലുകളും റിപ്പോർട്ട് ചെയ്യാൻ പാടില്ല.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, കേരളത്തിലെ 1960-ലെ ഭൂപതിവ് നിയമത്തിന്റെ വളരെ പ്രത്യേകമായ മാറ്റത്തിന് വഴിതെളിക്കാൻ പോകുന്ന സുപ്രധാന ഭേദഗതി ബില്ലാണ് ഇവിടെ അവതരിപ്പിച്ചത്. യഥാർത്ഥത്തിൽ 1960-ൽ ഭൂപതിവ് നിയമം നിലവിൽ വരുന്നതിന് ഒരു സാഹചര്യമുണ്ട്. ഈ യോഗത്തിൽ പങ്കെടുക്കേണ്ടതും ഈ സഭയ്ക്കകത്ത് ഇതുവരെയുണ്ടായ അഭിപ്രായ പ്രകടനങ്ങളുംവച്ച് എല്ലാവരും പങ്കെടുക്കുന്ന സഭാസമ്മേളനമായിരിക്കും ഇതെന്നാണ് ഞങ്ങൾ

യഥാർത്ഥത്തിൽ പ്രതീക്ഷിച്ചത്. എങ്കിലും പറയാനുള്ള കാര്യങ്ങൾ റെക്കോർഡ് ചെയ്യപ്പെടുന്നതിനായി പ്രധാനപ്പെട്ട ചില കാര്യങ്ങൾ മാത്രം സൂചിപ്പിക്കുകയാണ്. വളരെ സങ്കീർണ്ണങ്ങളായ ഭൂബന്ധങ്ങളും ഭൂമി പ്രശ്നങ്ങളും നിലനിന്നിരുന്ന സംസ്ഥാനമാണ് കേരളം. ബ്രഹ്മസ്വം, ദേവസ്വം, സർക്കാർ വക എന്നിവയിലാണ് കേരളത്തിലെ ഭൂമി പൊതുവെ ഉൾപ്പെട്ടിരുന്നത്. ബ്രഹ്മസ്വം, ദേവസ്വം ഭൂമികൾ ജന്മിമാരിലേയ്ക്കും പിന്നീട് അതുവഴി കുടിയാന്മാരിലേയ്ക്കും എത്തപ്പെട്ടു. ചരിത്ര പ്രാധാന്യമുള്ള ഭൂപരിഷ്കരണ നിയമത്തിലൂടെ കുടിയാന്മാർക്കും കുടികിടപ്പുകാർക്കും  അതിന്റെ ഉടമസ്ഥത ലഭ്യമാകുന്ന സാഹചര്യം കേരളത്തിലുണ്ടായി. രാജഭരണകാലത്ത് സർക്കാർ ഭൂമിയിലെ കുടിയാന്മാർക്ക് ഭൂമിയിലുള്ള ഉടമസ്ഥത പണ്ടാരപാട്ട വിളംബരത്തിലൂടെ ലഭ്യമായതും കേരളത്തിന്റെ ചരിത്രപരമായ മുന്നേറ്റമാണ്. ഐക്യകേരള രൂപീകരണത്തിനുശേഷം സർക്കാർ ഭൂമിയിൽ കുടിയേറി കൈവശം വച്ചിട്ടുള്ളവരെയും ഭൂരഹിതരെയും ഭൂമിയുടെ ഉടമസ്ഥരാക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ടാണ് 1960-ലെ ഭൂപതിവ് നിയമം ഇവിടെ അവതരിപ്പിക്കുന്നത്. 1960-ലെ ഭേദഗതി അവതരിപ്പിക്കുമ്പോൾ മറ്റ്

ചട്ടങ്ങളിലേയ്ക്ക് കടക്കുന്നത് എന്തിനാണെന്ന് ബഹുമാനപ്പെട്ട മൂവാറ്റുപുഴ അംഗം സൂചിപ്പിക്കുകയുണ്ടായി. 1960-ലെ ഭൂപതിവ് നിയമത്തെത്തുടർന്ന് ഏകദേശം ഇരുപതോളം ചട്ടങ്ങൾ ഭൂമിയുടെ പതിവുമായി ബന്ധപ്പെട്ട് കേരളത്തിലുണ്ട്. 1964-ലെ ചട്ടം അതിൽ ഒന്നുമാത്രമാണ്. 1977-നുമുമ്പ് ഭൂമിയിൽ കുടിയേറിയവർക്ക് ഭൂമി പതിച്ചുകൊടുക്കാനുള്ള ചട്ടം 1993-ലെ ഭൂപതിവ് ചട്ടമാണ്. മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്തെ ഭൂമി പതിവിനുള്ളത് മറ്റൊരു ചട്ടമാണ്. ബഹുമാനപ്പെട്ട അംഗം എന്നെ അത്ഭുതപ്പെടുത്തിക്കൊണ്ട് ഇവിടെ ചോദിച്ചത് 1960-ലെ നിയമം ഭേദഗതി ചെയ്യുമ്പോൾ 1950-ലെ നിയമത്തിലെ ഭേദഗതിയെ എന്തുചെയ്യുമെന്നാണ്. 1960-ലെ നിയമത്തിന് ഭേദഗതി വരുമ്പോൾ എങ്ങനെയാണ് എല്ലാ നിയമത്തിനും ഭേദഗതി വരുത്താൻ സാധിക്കുക. The Arable Forest Land Assignment Rule, The Kerala Private Forests (Vesting and Assignment) Act, 1971 തുടങ്ങി നിരവധി നിയമങ്ങൾ, ചട്ടങ്ങളല്ലാതെ ഇതുമായി ബന്ധപ്പെട്ടുണ്ട്. 1960-ലെ നിയമത്തിന്റെ ഭാഗമായ ഇരുപതോളം ചട്ടങ്ങളിൽ ഏതിൽ ഭേദഗതി വരുത്താനും നിയമം ഓപ്പൺ ചെയ്യണമെന്ന

പ്രധാന പ്രശ്നമുണ്ട്. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ഭൂമി പതിച്ചുകൊടുത്തത് 1964-ലെ ചട്ടപ്രകാരമാണ്. പക്ഷെ, 1960-ലെ ഭൂപതിവ് നിയമത്തിന്റെ താഴെയാണ് ഇതെല്ലാം വരുന്നത്. ഭൂപതിവ് നിയമത്തിന്റെ മൂന്നാം പതിപ്പിൽ എന്തൊക്കെ ആവശ്യത്തിനാണ് ഭൂമി പതിച്ചുകൊടുക്കാവുന്നതെന്ന് ചട്ടപ്രകാരം തീരുമാനിക്കാൻ സർക്കാരിന് അധികാരം നൽകിയിരിക്കുകയാണ്. അപ്പോൾ നിയമത്തിൽ ഭേദഗതി വരുത്താതെ ചട്ടത്തിൽ ഭേദഗതി വരുത്തുന്നത് എങ്ങനെയാണ്? അന്നത്തെ കാലത്ത് മനുഷ്യന്റെ ഏറ്റവും പ്രധാന ആവശ്യം കയറിക്കിടക്കാൻ ഒരു വീടും കൃഷി ചെയ്യാൻ ആവശ്യമായ ഭൂമിയുമായിരുന്നു. അതുകൊണ്ടാണ് പ്രധാനമായും വീടിനും കൃഷിക്കും അനുബന്ധ ആവശ്യങ്ങൾക്കുമായി അന്ന് ഭൂമിയുടെ പതിവ് നിർവ്വചിക്കപ്പെട്ടതെന്നുവേണം കരുതാൻ. ഈ നടപടിക്രമത്തിന്റെ ഭാഗമായാണ് 1964-ലെ ഭൂപതിവ് ചട്ടപ്രകാരം നാല് ഏക്കർ വരെ കൃഷി ചെയ്യാൻ ആളുകൾക്ക് അനുവാദം കൊടുത്തത്. പിന്നീട് കർഷകരുടെ പിൻതലമുറക്കാർ ഭൂമി ഭാഗം ചെയ്യുകയും കൂടുതൽ വീടുകൾ നിർമ്മിക്കുകയും ചെയ്തു. ആളുകളുടെ എണ്ണം വർദ്ധിക്കുംതോറും അവരുടെ സാമൂഹ്യ

ആവശ്യങ്ങളും വർദ്ധിക്കുകയുണ്ടായി. ആശുപത്രി, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ ആവശ്യമായി വന്നു. വാണിജ്യാവശ്യങ്ങൾക്ക് ഭൂമി പതിച്ചുകൊടുക്കേണ്ടതായും സർക്കാർ ഓഫീസുകൾ അവിടെത്തന്നെ നിലനിൽക്കേണ്ടതുമായ പ്രശ്നമുണ്ടായി. ഇടുക്കി ജില്ലയിലെ പ്രധാന നഗരങ്ങൾപോലും പതിച്ചുകൊടുക്കപ്പെട്ട ഭൂമിയുടെ ഭാഗമായി മാറിയതുകൊണ്ടുള്ള വലിയ പ്രതിസന്ധികൾ നേരിടേണ്ട സ്ഥിതിവിശേഷമുണ്ടായി. ഭൂമി വൻതോതിൽ വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിക്കപ്പെടുകയും ഒരു കച്ചവടച്ചരക്കായി മാറുകയും ചെയ്യുന്ന സ്ഥിതിവിശേഷമുണ്ടായി. ഇതോടൊപ്പം നിരവധി പാരിസ്ഥിതിക പ്രശ്നങ്ങളും ഉത്ഭവിച്ചു. ഇടുക്കിയിലെ മൂന്നാർ മേഖലയിലുള്ള പ്രശ്നങ്ങളാണ് ഈ കാലയളവിൽ ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെട്ടത്. പതിച്ചുകൊടുത്ത ഭൂമി ദുർവിനിയോഗം ചെയ്തുവെന്ന കാരണം പറഞ്ഞ് ചില പരിസ്ഥിതി സംഘടനകൾ കൊടുത്ത കേസിൽ, 1801/2010 എന്ന റിട്ട് ഹർജിയിൽ 21-01-2010-ൽ ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് പുറപ്പെടുവിച്ച വിധിന്യായം ഈ വിഷയത്തിൽ ഒരു വഴിത്തിരിവായി മാറിയിട്ടുണ്ട്. മൂന്നാർ

മേഖലയിൽ തുടർന്നുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. നിർബന്ധമാക്കിക്കൊണ്ട് കോടതി ഉത്തരവ് പുറപ്പെടുവിച്ചു. ഇതെല്ലാം ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നോക്കിയിരിക്കുകയായിരുന്നില്ല. അതിന്റെ ഭാഗമായി സാധാരണക്കാർക്ക് വേണ്ടി നിരവധി കേസുകൾക്ക് പോകാൻ സർക്കാർ തയ്യാറായി. 2019-ലെ വിധി വന്നതോടുകൂടി കഠിനമായ പ്രശ്നങ്ങൾ മാറുകയും ഏതെങ്കിലും വിധത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തണമെങ്കിൽ ഇനി സർക്കാരിന്റെ, പ്രത്യേകിച്ച് റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. വാങ്ങണമെന്നുള്ള നിലപാടിലേയ്ക്ക് പോകുകയും ചെയ്തു. ഇതിനെതിരെ സുപ്രീംകോടതിവരെയുള്ള കോടതികളെ സമീപിക്കാൻ തയ്യാറായെങ്കിലും കോടതികളെല്ലാം ഹൈക്കോടതി വിധി ശരിവയ്ക്കുകയാണ് ചെയ്തത്. മറ്റൊരു കോടതി വിധിയിലൂടെ മേൽപ്പറഞ്ഞ വിധിയിലെ വ്യവസ്ഥകളെല്ലാം സംസ്ഥാനത്തിന് മുഴുവൻ ബാധകമാണെന്ന് പ്രഖ്യാപിക്കപ്പെട്ടു. ഇടുക്കിയിലെ സാമൂഹ്യ ജീവിതത്തിന് ഇത് വലിയ പ്രശ്നങ്ങൾ സൃഷ്ടിച്ചു. പട്ടയ ഭൂമിയിൽ നിർമ്മിച്ചിട്ടുള്ള ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ,

ആരാധനാലയങ്ങൾ, വാണിജ്യ കേന്ദ്രങ്ങളടക്കം നിയമ വിരുദ്ധ നിർമ്മിതികളാണെന്ന് വിലയിരുത്തപ്പെട്ടു. ഭൂപതിവ് ചട്ടത്തിലെ വ്യവസ്ഥകൾ പ്രകാരം ഇത്തരത്തിലുള്ള വ്യവസ്ഥാ ലംഘനങ്ങൾ പട്ടയം റദ്ദാക്കുന്നതിനുള്ള കാരണങ്ങളാണെന്ന പ്രശ്നവും ബന്ധപ്പെട്ട ആളുകൾ കോടതി മുമ്പാകെ ഉന്നയിച്ചു. കോടതി വിധിയുടെ അടിസ്ഥാനത്തിൽ പട്ടയഭൂമിയിൽ നിർമ്മിക്കപ്പെട്ട സ്ഥാപനങ്ങൾക്ക് ആവശ്യമായ ലൈസൻസ് നൽകാൻ സർക്കാരിന് താല്പര്യമുണ്ടെങ്കിൽപ്പോലും അതുമായി ബന്ധപ്പെട്ടുവന്ന കോടതി വിധികൾ തടസ്സമായി മാറുന്ന സാഹചര്യമുണ്ടായി. ഇതുമായി ബന്ധപ്പെട്ട് മൗലികാവകാശത്തിന്റെ അടിസ്ഥാനത്തിൽ കോടതിയെ സമീപിച്ചെങ്കിലും ചിലർക്ക് കോടതി ഉത്തരവ് കൊടുത്തു. എന്നാൽ ചിലരെ സംബന്ധിച്ച് നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾ ഉപയോഗശൂന്യമായ സാഹചര്യവുമുണ്ടായി. ഒരു വിഭാഗം ആളുകൾക്ക് പ്രത്യേക കേസ്സായി പരിഗണിച്ച് അനുവാദം നൽകുകയും മറ്റൊരു വിഭാഗത്തിന് ഈ ആനുകൂല്യങ്ങൾ ലഭ്യമല്ലാതെവരികയും ചെയ്തപ്പോൾ ഇത് സൃഷ്ടിച്ച ആശങ്കകളും വൈരുദ്ധ്യങ്ങളും വളരെ വലുതായിരുന്നു. ഇതനുസരിച്ച്

നിരവധി ചർച്ചകൾക്കുശേഷമാണ് കേരള ഗവൺമെന്റ് ഒരു നിയമ നിർമ്മാണം നടത്താൻ തീരുമാനിച്ചത്. കേരളത്തിലെ ഭൂമിയുടെ ഉടമസ്ഥതയുടെ ചരിത്രം പരിശോധിച്ചാൽ ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരുതരത്തിൽ രാജാക്കന്മാരുടെയോ ജന്മിമാരുടെയോ ദേവസ്വത്തിന്റെയോ ഭൂമി കൈമാറിയാണ് ഇന്നത്തെ സ്ഥിതിയിലെത്തിയത് എന്ന് മനസ്സിലാകും. ആ ഭൂമി തുടക്കത്തിൽ ശക്തമായ വ്യവസ്ഥകളിലൂടെ പതിച്ചുനൽകുകയും കാലാന്തരത്തിൽ ഭൂമിയുടെ പരിപൂർണ്ണമായ ഉടമസ്ഥത അവർക്ക് ലഭിക്കാൻ ഇടവരികയും ചെയ്ത അനുഭവങ്ങളും നമുക്കുണ്ടായിട്ടുണ്ട്. ഒരു കാലത്ത് ഭൂപതിവ് ചട്ടപ്രകാരം പതിച്ചുനൽകിയ ഭൂമിക്ക് എല്ലാക്കാലത്തും കർശന വ്യവസ്ഥകൾ തുടരുന്നത് ശരിയല്ലെന്ന ബോധം സർക്കാരിനുണ്ടായിരുന്നു. ഉപയോഗയോഗ്യമായ ഭൂമിയുടെ അളവ് കുറഞ്ഞുവരുന്നതുമൂലം ചില നിയന്ത്രണങ്ങൾ നടപ്പിലാക്കാതിരിക്കാനും സാധ്യമല്ലെന്ന് കണ്ടെത്തിയ ഘട്ടത്തിലാണ് നിരവധി ചർച്ചകൾക്കുശേഷം നിയമ നിർമ്മാണമെന്ന ആശയത്തിലേയ്ക്ക് സർക്കാർ വരുന്നത്. ഇതിനായി നിരവധി സർവ്വകക്ഷി യോഗങ്ങളും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ

അദ്ധ്യക്ഷതയിൽ ഉദ്യോഗസ്ഥതലത്തിൽ യോഗം ചേരുകയും ചെയ്തിരുന്നു. പ്രതിപക്ഷ-ഭരണപക്ഷ എം.എൽ.എ.-മാർ മാറിമാറി ആവശ്യങ്ങൾ ഉന്നയിച്ചു. ചട്ട ലംഘനങ്ങൾ ക്രമീകരിച്ച് നൽകണമെങ്കിൽ അതിനുള്ള വ്യവസ്ഥകൾ ചട്ടത്തിൽ കൊണ്ടുവരണം. ചട്ടമുണ്ടാക്കാനുള്ള അധികാരം സർക്കാരിനാണുള്ളത്. എന്നാൽ ചട്ടമുണ്ടാക്കാൻ സർക്കാരിനെ ചുമതലപ്പെടുത്താൻ ഈ നിയമം ഓപ്പൺ ചെയ്തുകൊണ്ട് മാത്രമെ സാധിക്കുകയുള്ളൂ എന്നതിനാലാണ് നിയമ ഭേദഗതി കൊണ്ടുവരുന്നത്. ഇത്തരത്തിൽ നിയമ ഭേദഗതി കൊണ്ടുവരുമ്പോൾ യഥാർത്ഥ പാരിസ്ഥിതിക പ്രശ്നങ്ങളോട് മുഖം തിരിക്കുന്ന സമീപനം സർക്കാരിനില്ല. കൈവശക്കാരുടെയും കർഷകരുടെയും ദീർഘകാലത്തെ പ്രശ്നങ്ങൾ പരിഹരിക്കുമ്പോൾത്തന്നെ കേരളത്തിലെ നിലവിലുള്ള കാലാവസ്ഥയിൽ പരിസ്ഥിതിക്ക് ദോഷം വരാത്ത വിധത്തിലുള്ള നിർമ്മാണ നടപടികൾ കർശനമായി പാലിക്കപ്പെടണം. ഇവിടെ പ്രധാനമായും പുതിയ കാലത്തെ മനുഷ്യന്റെ ആവശ്യങ്ങളും പ്രശ്നങ്ങളും നാം അഭിസംബോധന ചെയ്യേണ്ടതുണ്ട്. ഇത്തരം പ്രശ്നങ്ങളുടെ ശാശ്വത പരിഹാരമാണ് നിയമ

വ്യവസ്ഥയിലൂടെ സർക്കാർ ആഗ്രഹിക്കുന്നത്. മനുഷ്യനും പ്രകൃതിയും കേന്ദ്ര ബിന്ദുവാകുന്ന സുസ്ഥിര വികസനനയവും സന്തുലിതമായ ഒരു നിയമ നിർമ്മാണവും ചട്ട രൂപീകരണവുമാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. നിയമത്തിന്റെ 4-ാം വകുപ്പിന്റെ കീഴിൽ രണ്ട് ഭേദഗതികളുണ്ടാകും. 4 എ (1)-ഉം 4 എ (2)-ഉം ആണ്. 4 എ (1)-ൽ പതിച്ചുനൽകിയ ഭൂമിയിൽ നിലവിലുള്ള വ്യവസ്ഥാ ലംഘനങ്ങൾ ക്രമീകരിച്ച് നൽകുന്നതിന് സർക്കാരിന് അനുവാദം നൽകുന്നതാണ്. സർക്കാർ നിഷ്കർഷിച്ച പ്രകാരമുള്ള വ്യവസ്ഥാ ലംഘനങ്ങളായിരിക്കും ക്രമീകരിച്ച് നൽകുന്നത്. എന്തെല്ലാം നടപടികൾ, ഏത് അളവിൽ, എത്രവരെ, എന്തൊക്കെ നിബന്ധനകൾ തുടങ്ങിയ കാര്യങ്ങൾ വ്യക്തമാക്കുന്ന ഒരു ചട്ടം നിർമ്മിക്കാനും തീരുമാനം കൈക്കൊള്ളാനുമുള്ള അധികാരം സർക്കാരിന് നൽകുക മാത്രമാണ് ഈ നിയമത്തിലൂടെ നടപ്പാക്കാൻ ഉദ്ദേശിച്ചത്. നിലവിൽ വ്യവസ്ഥാ ലംഘനങ്ങളൊന്നും നടന്നില്ലെങ്കിലും നിയമം അംഗീകരിക്കപ്പെടുന്ന തീയതി വരെ പതിച്ചുകൊടുത്ത ഭൂമി മറ്റെന്തെങ്കിലും ആവശ്യത്തിന് വിനിയോഗിക്കാൻ പട്ടാദാർക്ക് അനുവാദം നൽകാൻ സർക്കാർ അനുവാദം

നൽകുന്ന വ്യവസ്ഥയാണിത്. ഈ നിയമം തീരുമാനിക്കുന്ന ദിവസം വരെയാണ് ആ അനുവാദം നൽകാൻ പോകുന്നത്. അല്ലാതെ നിയമം പൂർണ്ണമായും ഓപ്പൺ ചെയ്യുകയെന്നല്ല അർത്ഥം. ഇനി നൽകുന്ന പട്ടയങ്ങളിലും മറ്റും ഇവിടെ നിലനിൽക്കുന്ന നിയമത്തിന്റെ ഭാഗമായുള്ള വ്യവസ്ഥകളുണ്ടാകും. എന്നാൽ ഈ നിയമം തീരുമാനിക്കുന്ന തീയതി വരെയുള്ള വ്യവസ്ഥകളുടെയും വ്യവസ്ഥാ ലംഘനങ്ങളുടെ ക്രമീകരണവും അവിടെ ആരംഭിക്കേണ്ട നിർമ്മാണ പ്രവർത്തനങ്ങളും സർക്കാർ നിർണ്ണയിക്കുന്ന വിധത്തിലുള്ള തീരുമാനിക്കലാണ് ചട്ടം. അതിനുവേണ്ടിയാണ് 7-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിന്റെ 'ഒ' ഇനത്തിനുശേഷം (ഒഎ), (ഒബി) എന്നീ രണ്ട് വകുപ്പുകൾ കൂടി ഉൾപ്പെടുത്തി ചട്ടം നിർമ്മിക്കാനുള്ള അധികാരം സർക്കാരിന് നൽകാനായുള്ള ഭേദഗതികൂടി ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ളത്.

<u>ശ്രീ. എ. രാജ</u>: സർ, ഇടുക്കി ജില്ലയിലെ എം.എൽ.എ. എന്ന നിലയിൽ ഈ നിയമ ഭേദഗതിയെ പൂർണ്ണമായും ഞാൻ സ്വാഗതം ചെയ്യുന്നു. 1960-ൽ തുടങ്ങി, മറ്റൊരു ഗവൺമെന്റിനും ചെയ്യാൻ സാധിക്കാത്ത ഒരു ചരിത്ര

നിയോഗമാണ് ഇന്ന് സഭയിൽ നടന്നുകൊണ്ടിരിക്കുന്നത്. ഭേദഗതി ഈ നിലയിൽ എത്തിക്കാനുള്ള കാരണം എന്നുപറയുന്നത് WP(C) 1801/2010 എന്ന ഹൈക്കോടതി കേസാണോ? ആ കേസ്സിൽ ആദ്യം എട്ട് വില്ലേജുകളെക്കുറിച്ചാണ് പറഞ്ഞിരുന്നത്. ദുരന്തനിവാരണ അതോറിറ്റിയുടെ പേരിൽ ജില്ലാ കളക്ടർ ഇന്ന് അതേ കേസ്സിൽ 13 പഞ്ചായത്തുകളെക്കൂടി ഉൾപ്പെടുത്തിയിരിക്കുകയാണ്. ഇങ്ങനെ ഒരു നിയമ ഭേദഗതി കൊണ്ടുവരുമ്പോൾ ഇടുക്കി ജില്ലയിലെ ജനങ്ങൾക്കാണ് ഇതിന്റെ ഗുണം ലഭിക്കാൻ പോകുന്നത്. 13 പഞ്ചായത്തുകളിൽ ഈ നിയന്ത്രണം വരുമ്പോൾ സ്വാഭാവികമായും വലിയ രീതിയിൽ അത് ബാധിക്കുമെന്ന കാര്യംകൂടി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഈ നിയമ ഭേദഗതിയുടെ ഗുണം അവർക്കുകൂടി ലഭിക്കേണ്ടതാണ്.

<u>ശ്രീ. കെ. രാജൻ</u>: സർ, അപ്രകാരം തീരുമാനിച്ച വില്ലേജുകളിൽ ആനവിലാസം വില്ലേജിനെ ബഹുമാനപ്പെട്ട എം.എൽ.എ. കൂടി ആവശ്യപ്പെട്ടതിന്റെ പേരിലാണ് ഒഴിവാക്കിയത്. എന്തെങ്കിലും പ്രത്യേക താൽപ്പര്യമുള്ളതുകൊണ്ടല്ല ആ പേരിൽ പുതിയ വില്ലേജുകൾ

ഉൾപ്പെടുത്തിയത്. ഇതുമായി ബന്ധപ്പെട്ട് നിരന്തരമായി കോടതി ഇടപെട്ടുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ WP(C) 1801/2010 എന്ന കേസിന്റെ നടപടിക്രമങ്ങൾ പല ഘട്ടങ്ങളിലായി തുടർന്നുപോരുകയാണ്. മൂന്നാറിലെ കേസ് പരിഗണിക്കാൻ Justice A. Muhammad Mushtaq, Justice Sophie Thomas എന്നിവർ അടങ്ങുന്ന ഡിവിഷൻ ബെഞ്ചിനെ നിശ്ചയിക്കുകയുണ്ടായി. അതിൽ കോടതിയുടെ അനുവാദത്തോടെ അമിക്കസ് ക്യൂറിയെ നിയോഗിച്ചു. ഇത് ഗവൺമെന്റ് നിശ്ചയിച്ചതല്ല. അതിന്റെ നടപടികളുമായി കോടതി മുന്നോട്ടുപോകുകയാണ്. ആ ഘട്ടത്തിലാണ് ഒരു നിയമനിർമ്മാണ സഭയുടെ പരമോന്നത അധികാരമെന്ന വിധത്തിൽ ഈ നിയമത്തെ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നത്. കേരളാ ഗവൺമെന്റ് ഇക്കാര്യത്തിൽ ജനങ്ങളുടെ വർദ്ധിച്ചുവരുന്ന അഭിലാഷങ്ങളും പാരിസ്ഥിതിക പ്രശ്നങ്ങളും ഒരുപോലെ കണക്കിലെടുത്തുകൊണ്ട് ആധുനിക കാലത്തിന്റെ അവസ്ഥകൾക്കനുസരിച്ച് സാമൂഹ്യ വൈരുദ്ധ്യങ്ങളെ ഒഴിവാക്കാനുള്ള നിർണ്ണായക നിയമ നിർമ്മാണത്തിലേയ്ക്കാണ് കടക്കുന്നത്. കേരളത്തിന്റെ 'ഭൂമി പതിച്ചുകൊടുക്കൽ

നിയമം'-ന്റെ ചരിത്ര പ്രസിദ്ധമായ ഒരു മാറ്റത്തിന് ഈ ഭേദഗതി വഴിവയ്ക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഈ നിയമത്തോടൊപ്പം ചട്ടം രൂപീകരിക്കുന്നത് നിയമസഭയുടെ ഭാഗമല്ല, നിയമം രൂപീകരിക്കാനുള്ള ചുമതലയാണ് നിയമസഭയ്ക്കുള്ളത്. ആ നിയമസഭ അധികാരപ്പെടുത്തുന്ന സാഹചര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് 7-ാമത്തെ വകുപ്പിൽ പുതുതായി ചട്ടങ്ങൾ രൂപീകരിക്കാനുള്ള അനുവാദത്തിനുവേണ്ടിയും ഈ സഭയുടെ മുമ്പാകെ അവതരിപ്പിക്കപ്പെട്ട ബില്ലിൽ വ്യവസ്ഥകളുണ്ട്. ആ വ്യവസ്ഥകളെല്ലാം കൂട്ടിച്ചേർത്ത് നമുക്ക് ഈ നിയമത്തെ സമ്പന്നമാക്കാം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി പറഞ്ഞതുപോലെ ചരിത്രപരമായ നിയമ നിർമ്മാണമാണിത്. പതിനായിരക്കണക്കിന് ആളുകളുടെ സ്വപ്നങ്ങളെയും ജീവിതങ്ങളെയും ജീവനോപാധികളെയും പ്രതീക്ഷകളെയും പിന്തുണയ്ക്കുന്ന ഇടുക്കി ജില്ലയുടെ മുന്നേറ്റത്തെ നിർണ്ണയിക്കുന്ന ഒരു നിയമ നിർമ്മാണമാണിത്. കേരള നിയമസഭ ഇതുവരെയും കണ്ടിട്ടില്ലാത്തവിധം പ്രതിപക്ഷം അവരുടെ

ഉത്തരവാദിത്വം നിർവ്വഹിക്കാതെയും അതിനെക്കുറിച്ച് ബോധ്യമില്ലാതെയും ഒളിച്ചോടിപോകുന്ന ജനവിരുദ്ധ നിലപാടാണ് സ്വീകരിച്ചതെന്ന് കാലം അടയാളപ്പെടുത്തുമെന്നുള്ളതിനോട് അങ്ങ് യോജിക്കുന്നുണ്ടോ?

ശ്രീ. കെ. രാജൻ: സർ, തീർച്ചയായും. ഞാൻ അക്കാര്യം തന്നെയാണ് നേരത്തെ സൂചിപ്പിച്ചത്. ഇക്കാര്യത്തിൽ കേരള ഗവൺമെന്റിന് വളരെ പോസിറ്റീവായ സമീപനമാണുള്ളത്. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ഇന്നലെ വൈകുന്നേരം ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യപ്പെട്ട വ്യക്തിയാണ്. ഈ നിയമത്തിന്റെ ഭേദഗതി അവതരിപ്പിക്കുന്ന ഘട്ടത്തിലാണ് ആശുപത്രിയിൽനിന്നും അദ്ദേഹം ഇവിടെ എത്തിച്ചേർന്നത്. ഇടുക്കി ജില്ലയിലെ ജനങ്ങൾക്ക് ഈ വിഷയത്തോടുള്ള താത്പര്യം യഥാർത്ഥത്തിൽ പ്രധാനപ്പെട്ടതാണ്. എല്ലാ വ്യവസ്ഥകളും നിലനിർത്തിക്കൊണ്ടുതന്നെ ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയ നാടാണ് കേരളമെന്ന അഭിമാനബോധത്തോടെ നാം ഒരുമിച്ച് ചർച്ചചെയ്യേണ്ട ഒരു നിയമ ഭേദഗതിയാണിത്. ബിൽ സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ഡോ. മാത്യു കുഴൽനാടൻ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(ബഹുമാനപ്പെട്ട അംഗം സീറ്റിലില്ല.)

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വാഴൂർ സോമൻ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. വാഴൂർ സോമൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2023-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചു കൊടുക്കൽ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി II-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ..............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്റ്റ് കമ്മിറ്റി II-ന്റെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

## (v) 2023-ലെ കേരള കെട്ടിടനികുതി (ഭേദഗതി) ബിൽ

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, 2023-ലെ കേരള കെട്ടിടനികുതി (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, 2023-ലെ കേരള കെട്ടിടനികുതി (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, പ്രസ്തുത ബില്ലുമായി ബന്ധപ്പെട്ട് പ്രധാനപ്പെട്ട കാര്യങ്ങൾ സൂചിപ്പിക്കാനുണ്ട്. ഇതുമായി ബന്ധപ്പെട്ട് ചർച്ചയുണ്ടെങ്കിൽ അതിനുശേഷം സംസാരിക്കാം.

ശ്രീ. കെ. പ്രേംകുമാർ: സർ, 2023-ലെ കേരള കെട്ടിട നികുതി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 15-12-2023 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

01-04-1999-നുശേഷം നിർമ്മിച്ചതും 278.7 ചതുരശ്ര മീറ്ററിലധികം വിസ്തീർണ്ണമുള്ളതുമായ എല്ലാ കെട്ടിടങ്ങൾക്കും വാർഷികമായി അധിക നികുതി അടയ്ക്കണമെന്ന നിബന്ധനയുള്ള ബില്ലാണ് 2023-ലെ കേരള കെട്ടിട നികുതി (ഭേദഗതി) ബിൽ. റവന്യൂ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും പ്രത്യേകമായി കെട്ടിടങ്ങൾ അളക്കുന്നതിന്റെ ഭാഗമായുള്ള സാങ്കേതികത്വം ഒഴിവാക്കി തദ്ദേശസ്വയംഭരണ വകുപ്പ് എടുക്കുന്ന കെട്ടിടത്തിന്റെ അളവ്, വിസ്തീർണ്ണം എന്നിവ അംഗീകരിച്ചുകൊണ്ട് റവന്യൂ വകുപ്പ് അധിക നികുതി നിശ്ചയിക്കുന്ന ഒരു ചെറിയ ഭേദഗതിയാണ് ഈ ബില്ലിന്റെ ഭാഗമായി വന്നിരിക്കുന്നത്.

യഥാർത്ഥത്തിൽ ഈ നിയമസഭാ സമ്മേളനം നിയമനിർമ്മാണത്തിന് വേണ്ടിയുള്ള പ്രധാനപ്പെട്ട സെഷനാണ്. എന്നാൽ കേരളത്തിലെ പ്രതിപക്ഷം എല്ലാത്തിനേയും എതിർക്കുക എന്ന നിലപാടാണ് പൊതുവേ സ്വീകരിച്ചിരിക്കുന്നത്. 2023-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചുകൊടുക്കൽ

(ഭേദഗതി) ബിൽ ഉൾപ്പെടെ, നമ്മുടെ നാടിനെയും സാധാരണക്കാരെയും സംബന്ധിച്ച് അവരുടെ ജീവിതത്തിൽ കൂടുതൽ ആശ്വാസം ലഭിക്കുന്നതും പുരോഗതിയുണ്ടാകുന്നതുമായ ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്ന ബില്ലുകളെ പൂർണ്ണമായും നിരാകരിക്കുന്ന സമീപനമാണ് പ്രതിപക്ഷം സ്വീകരിച്ചിരിക്കുന്നത്. കഴിഞ്ഞ ദിവസം മറ്റൊരു ബില്ലിന്റെ ചർച്ചാവേളയിൽ, കോൺഗ്രസ്സ് പാർട്ടിയിലെ ഒരു നിയമസഭാംഗം സൂചിപ്പിച്ചത്, 'നിങ്ങൾ അവതരിപ്പിക്കുന്ന ബില്ലിന് മംഗളപത്രം ചൊല്ലിപ്പോകുന്നതാണോ ഞങ്ങളുടെ ചുമതല' എന്നാണ്. ഇതാണോ ക്രിയാത്മക പ്രതിപക്ഷം; യഥാർത്ഥത്തിൽ നിയമസഭകൾ സംവാദാത്മകമാകേണ്ടത് ഇങ്ങനെയുള്ള അവസരങ്ങളിലല്ലേ? നിയമസഭയിൽ ചർച്ച ചെയ്യപ്പെടേണ്ട ബില്ലിൽ ആ നിലയിലുള്ള അഭിപ്രായങ്ങൾ പറയുന്നതിനുപകരം, ഭരണകക്ഷി കൊണ്ടുവരുന്ന ഏത് നടപടിയേയും എതിർക്കുമെന്ന് പറയുന്ന തെറ്റായ സമീപനം സഭയിൽ ആവർത്തിക്കുന്ന സാഹചര്യമാണ് നാം കാണുന്നത്. കേന്ദ്രസർക്കാർ കേരളത്തിന് അർഹതപ്പെട്ട നികുതിവിഹിതവും ഗ്രാന്റും കടമെടുപ്പ് പരിധിയും വെട്ടികുറയ്ക്കുമ്പോഴും ഒരു നിലയിലുള്ള പ്രതികരണവും ഉയർത്താൻ പ്രതിപക്ഷം

തയ്യാറാകുന്നില്ലെന്നതും ഈ ബില്ലിന്റെ ചർച്ചാവേളയിൽ ഉടനീളം നമ്മൾ കാണുകയുണ്ടായി. അതിരൂക്ഷമായ വിലക്കയറ്റം രാജ്യത്താകമാനമുള്ള ജനജീവിതത്തെ ബാധിക്കുന്ന സന്ദർഭത്തിൽ ജനങ്ങൾക്ക് ആശ്വാസവും താങ്ങും തണലും കരുത്തുമായി നിൽക്കുന്ന കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തിക്കൊണ്ട് മുന്നോട്ടു പോകുമ്പോൾപ്പോലും കേന്ദ്രനയങ്ങളെ ഒരു നിലയിലും വിമർശിക്കില്ലെന്ന സമീപനമാണ് കേരളത്തിലെ പ്രതിപക്ഷം സ്വീകരിക്കുന്നത്. വിലക്കയറ്റം കേന്ദ്രനയങ്ങളുടെ സൃഷ്ടിയാണെന്നും വിലക്കയറ്റവും തൊഴിലില്ലായ്മയും ദാരിദ്ര്യവും പട്ടിണിയും ഉൾപ്പെടെയുള്ള രാജ്യത്തെ പൊതുവിലുള്ള സാഹചര്യങ്ങളിൽനിന്ന് വ്യത്യസ്തമായി ഈ പ്രതിസന്ധിഘട്ടത്തിലും കേരളം കൈവരിക്കുന്ന അഭിമാനകരമായ നേട്ടങ്ങളെ നിലനിർത്താനും മുറുകെപ്പിടിക്കാനും സർക്കാർ നടത്തുന്ന പരിശ്രമങ്ങളെ കണ്ടില്ലെന്ന് നടിക്കുന്ന സമീപനമാണ് പ്രതിപക്ഷം സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇപ്പോൾ കിഫ്ബിയെ എതിർക്കുന്ന

പ്രതിപക്ഷമാണുള്ളത്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് കിഫ്ബി ആകെ നൽകിയത് 6000 കോടി രൂപയാണ്.

മി. സ്പീക്കർ: പ്ലീസ്.... ശ്രീ. കെ. പ്രേംകുമാർ, താങ്കൾ ബില്ലുമായി ബന്ധപ്പെട്ട കാര്യങ്ങൾ സംസാരിക്കണം. അല്ലാത്തപക്ഷം മൈക്ക് ഓഫ് ചെയ്യേണ്ടിവരും...

ശ്രീ. കെ. പ്രേംകുമാർ: സർ, എന്നാൽ ടി സർക്കാർ കിഫ്ബി പദ്ധതിയുടെ ഭാഗമായി 16000 കോടി രൂപ സംസ്ഥാനത്ത് ചെലവഴിച്ചിട്ടുണ്ട്. കേരളത്തിൽ പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടെ ഒട്ടനേകം കെട്ടിടങ്ങൾ നിർമ്മിക്കപ്പെടുന്ന സാഹചര്യമുണ്ടായത് ഈ സന്ദർഭത്തിലാണെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. കേരള സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായിക്കൂടിയാണ് 2023-ലെ കേരള കെട്ടിട നികുതി (ഭേദഗതി) ബിൽ അവതരപ്പിച്ചിരിക്കുന്നത്. ഇത് ചർച്ച ചെയ്യുന്ന സന്ദർഭത്തിൽപ്പോലും കേരളത്തിലെ പ്രതിപക്ഷം സ്വീകരിക്കുന്ന സമീപനമെന്താണ്; കേന്ദ്ര സർക്കാരിന്റെ അവഗണനയെ അതിജീവിക്കുന്നതിന്റെ ഭാഗമായി കേരളത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി നമ്മൾ നടത്തുന്ന എല്ലാ പരിശ്രമങ്ങൾക്കും

സഹായകരമായ നിലപാട് സ്വീകരിക്കുന്നതിനുപകരം അതിനെല്ലാം തുരങ്കം വയ്ക്കുന്ന നിലപാടാണ് അവർ സ്വീകരിക്കുന്നത്. കേരളത്തെ സ്വാശ്രയത്വത്തിന്റെയും സ്വാഭിമാനത്തിന്റെയും നിലയിൽ മുന്നോട്ടുനയിക്കാനുള്ള ശ്രമം നടക്കുമ്പോൾ അതിനെ എതിർക്കുന്ന വളരെ തെറ്റായ സമീപനം അവർ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. ഓണം ആഘോഷിക്കാൻ പോകുന്ന ഈ അവസരത്തിൽപ്പോലും കേരളത്തിലെ പ്രതിപക്ഷം ആഗ്രഹിക്കുന്നത് കേരളത്തിന്റെ വരുമാനം വർദ്ധിപ്പിച്ച് നമ്മുടെ നാട്ടിലെ മലയാളികൾക്ക് എല്ലാവർക്കും ഓണം മികച്ച നിലയിൽ ആഘോഷിക്കാൻ കഴിയുന്ന തരത്തിലുള്ള അന്തരീക്ഷം സൃഷ്ടിക്കണമെന്നല്ല. സാമൂഹ്യക്ഷേമ പെൻഷൻ ഉൾപ്പെടെ വിതരണം ചെയ്യുന്ന സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി സ്വാഭാവികമായും കെട്ടിട നികുതി നിശ്ചയിക്കുമ്പോൾ, ആഡംബര നികുതി വർദ്ധിപ്പിക്കാനായി സർക്കാർ നടത്തുന്ന പരിശ്രമങ്ങളെ പൂർണ്ണമായും പിന്തുണയ്ക്കുന്നു.

(ശ്രീ. ടി. വി. ഇബ്രാഹിം സീറ്റിലില്ലാതിരുന്നതിനാൽ 2(ബി) നമ്പർ ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.)

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, കേരള കെട്ടിട നിയമ ഭേദഗതി ഓർഡിനൻസ് 2023, നിയമമാക്കുമ്പോൾ പ്രധാനമായും ആറ് കാര്യങ്ങളിലാണ് ഭേദഗതി കൊണ്ടുവരുന്നത്. നിലവിലുള്ള നിയമത്തിൽ ലക്ഷ്വറി ടാക്സ് എന്ന് രേഖപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം അഡീഷണൽ ടാക്സ് എന്ന് ഭേദഗതി ചെയ്യണം. രണ്ടാമത്തേത്, കേരളാ ബിൽഡിംഗ് ടാക്സ് അമെന്റ്മെന്റ് ബില്ലിന്റെ ഭാഗമായി; വകുപ്പ് 2(ഇ)-ൽ വിശദീകരണം 2 ആയി രേഖപ്പെടുത്തിയിട്ടുള്ള ഭാഗത്ത് 3 പ്രധാനപ്പെട്ട ഭേദഗതികൾ കൊണ്ടുവരികയാണ്. നേരത്തെ ടാക്സ് അസ്സസ്സ് ചെയ്യുന്നത് നിർമ്മാണച്ചെലവിനെ ആസ്പദമാക്കിയായിരുന്നു. അതായത് ആരെല്ലാംകൂടി കൂട്ടായി പണം ചെലവഴിച്ചാണ് ഇത് നിർമ്മിച്ചതെന്ന് പരിശോധിച്ചശേഷമാണ് ടാക്സ് വിഭജനം നടത്തിയിരുന്നത്. പ്രസ്തുത തുക അവരുടെ അക്കൗണ്ടിൽ നിന്നുതന്നെ ചെലവഴിച്ചിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തുകയും ചെയ്യുമായിരുന്നു. ഈ ഭേദഗതിയിലൂടെ ഉടമസ്ഥത നോക്കി ടാക്സ് ഏർപ്പെടുത്തുന്ന സ്ഥിതി നിലവിൽ വരികയാണ്. ഒരേ കെട്ടിടത്തിൽ വ്യത്യസ്ത വ്യക്തികളുടെ ഉടമസ്ഥതയിലുള്ള വ്യത്യസ്ത ഫ്ലാറ്റുകളും അപ്പാർട്ട്മെന്റുകളും സംബന്ധിച്ച് ഓരോ ഫ്ലാറ്റ് അഥവാ

അപ്പാർട്ട്മെന്റിനെ ഒരു പ്രത്യേക കെട്ടിടമായി കണക്കാക്കേണ്ടതും ആയതിന്റെ അസ്സസ്സ്മെന്റ് അതത് ഫ്ലാറ്റിന്റെ ഉടമസ്ഥതയുടെ അടിസ്ഥാനത്തിൽ കണക്കാക്കേണ്ടതും പ്ലിന്ത് ഏരിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അംഗീകരിച്ച രേഖകൾ പ്രകാരമായിരിക്കേണ്ടതുമാണ്. ഒരു ബിൽഡർ കെട്ടിടത്തിന്റെ മുഴുവൻ ഉടമസ്ഥതയും നിലനിർത്തുകയാണെങ്കിൽ അയാൾ മുഴുവൻ പ്ലിന്ത് ഏരിയയ്ക്കുമുള്ള ബിൽഡിംഗ് ടാക്സും അഡീഷണൽ ടാക്സും അടയ്ക്കാൻ ബാധ്യസ്ഥനാകുകയും തുടർന്ന് ഏതെങ്കിലും ഭാഗം വിറ്റാൽ വിൽക്കപ്പെടുന്ന ഭാഗം പുതിയ ഉടമസ്ഥതയുടെ അടിസ്ഥാനത്തിൽ പുതിയ ഉടമസ്ഥന് അഡീഷണൽ ടാക്സ് മാത്രമായി കണക്കാക്കുകയും ചെയ്യുന്നതാണ്. ഒരു വ്യക്തി ഒന്നിലധികം ഫ്ലാറ്റോ അപ്പാർട്ട്മെന്റോ വാങ്ങുമ്പോൾ അവ ബന്ധപ്പെട്ടിട്ടുണ്ടെങ്കിൽ അതിനെ ഒരു സിംഗിൾ യൂണിറ്റായി കണക്കാക്കിയതുപ്രകാരമുള്ള ബിൽഡിംഗ് ടാക്സും അഡീഷണൽ ടാക്സും അടയ്ക്കേണ്ടതാണ്. എന്നാൽ ഫ്ലാറ്റുകൾക്ക് അപ്രകാരം ബന്ധമില്ലെങ്കിൽ ഓരോ ഫ്ലാറ്റും പ്രത്യേകമായാണ് പരിഗണിക്കപ്പെടുന്നത്.

വകുപ്പ് 5 എ (1)-ൽ അസസ്സ്മെന്റുമായി ബന്ധപ്പെട്ട് തീരുമാനിച്ചിരിക്കുന്നത്, 01-04-1999-നശേഷം നിർമ്മിച്ചതും 278.7 ചതുരശ്ര

മീറ്ററിനു മുകളിൽ തറവിസ്തീർണ്ണമുള്ളതുമായ എല്ലാ കെട്ടിടങ്ങൾക്കും വാർഷികമായി ഒരു അധിക നികുതി, പട്ടിക II-ൽ വ്യക്തമാക്കിയിട്ടുള്ള നിരക്കനുസരിച്ച് ഈടാക്കേണ്ടതാണ് എന്നാണ്.

അടുത്തത് പ്രധാനപ്പെട്ട ഭേദഗതിയാണ്. 6-ാം വകുപ്പനുസരിച്ച് പ്ലിന്ത് ഏരിയ എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അംഗീകരിച്ച പ്ലാൻ പ്രകാരമുള്ളതും അസ്സസ്സിംഗ് അതോറിറ്റി പരിശോധിച്ചിട്ടുള്ളതുമായ വിസ്തീർണ്ണമാണ്. ഇതിന്റെ ഭാഗമായി റവന്യൂ ഉദ്യോഗസ്ഥർക്ക് ധാരാളം പുതിയ ചുമതലകൾ വഹിക്കേണ്ടിവരികയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്ലിന്ത് ഏരിയ അനുസരിച്ച് അവർ അംഗീകരിച്ച പ്ലാനും അവർ അളന്ന അളവുമുണ്ട്; അതിനുപുറമെ വീണ്ടും ഒറ്റത്തവണ ടാക്സിനുവേണ്ടി വില്ലേജ് ഓഫീസർ അളവെടുക്കണമെന്ന സ്ഥിതിവിശേഷമുണ്ടാകുകയാണ്. ഇത് വില്ലേജ് ഓഫീസുകളിൽ ധാരാളം ചുമതലകൾ ഉണ്ടാക്കുന്ന അവസ്ഥയാണുള്ളത്. അടുത്ത ദിവസങ്ങളിൽ, പത്തനാപുരത്ത് ഇത്തരത്തിൽ അളവുമായി ബന്ധപ്പെട്ട പ്രവർത്തനത്തിനിടയിൽ വളരെ സത്യസന്ധനായ, ധാരാളം അവാർഡുകൾ

വാങ്ങിയ വില്ലേജ് ഓഫീസറായ പ്രിയപ്പെട്ട അജി എന്ന സുഹൃത്ത് മരണപ്പെട്ട സ്ഥിതിവിശേഷമുണ്ടായത് ഈ അവസരത്തിൽ കണ്ണീരോടുകൂടി ഓർക്കുകയാണ്. റവന്യൂ ഉദ്യോഗസ്ഥർക്ക് ഭൂപതിവ്, പട്ടയം നൽകൽ തുടങ്ങിയവ അടക്കമുള്ള മറ്റ് ചുമതലകൾ വിന്യസിക്കുന്നതിന് ഈ നടപടികളിലൂടെ സാധിക്കുമെന്നതുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അംഗീകരിച്ച സോഫ്റ്റ്‌വെയർ/ഒക്യുപ്പൻസി സർട്ടിഫിക്കറ്റ്/ടാക്സ് അസസ്സ്മെന്റ് വിശദാംശങ്ങൾ എന്നിവ പ്രകാരമുള്ള പ്ലിന്ത് ഏരിയയായിരിക്കും നിയമപ്രകാരമുള്ള ബിൽഡിംഗ് ടാക്സും അഡീഷണൽ ടാക്സും കണക്കാക്കാനുള്ള പ്ലിന്ത് ഏരിയ എന്ന് നിശ്ചയിച്ചിട്ടുണ്ട്. അങ്ങനെ വരുമ്പോൾ രണ്ട് അളവുകൾ പൂർണ്ണമായും ഒഴിവാക്കാൻ സാധിക്കുന്നതാണ്.

വകുപ്പ് 13 (2) പ്രകാരം അസ്സസ്സിംഗ് അതോറിറ്റി ഉത്തരവ് പാസ്സാക്കി മൂന്നുമാസക്കാലം കഴിഞ്ഞാൽ ജില്ലാ കളക്ടർ സ്വമേധയാ റിവിഷൻ നടത്താൻ പാടില്ലെന്നതാണ് നിയമം. അതിൽ മാറ്റം വരുത്തിക്കൊണ്ട് മൂന്നുമാസമെന്നത് ഒരു വർഷമായി ദീർഘിപ്പിച്ച് നൽകാവുന്നതാണ്.

21-ാം വകുപ്പുപ്രകാരം ഉടമസ്ഥൻ തെറ്റായ വിവരങ്ങളാണ് നൽകുന്നതെങ്കിൽ ഇൻഡ്യൻ ശിക്ഷാ നിയമത്തിന്റെ 177-ാം വകുപ്പ് പ്രകാരമുള്ള കുറ്റം ചെയ്തതായി കണക്കാക്കിക്കൊണ്ടുള്ള ശിക്ഷയാണ് വ്യവസ്ഥ ചെയ്തിരുന്നത്. ഇതിനുപകരമായി അസ്സസിംഗ് അതോറിറ്റിയുടെ മുമ്പാകെ തെറ്റായി വിവരം നൽകുന്ന വ്യക്തിയിൽനിന്ന് ബിൽഡിംഗ് ടാക്സിന്റെ അൻപത് ശതമാനം പിഴയായി ഈടാക്കേണ്ടതാണെന്ന വ്യവസ്ഥകൂടി ഉൾപ്പെടുത്തുകയാണ്. ബിൽഡിംഗ് ടാക്സ് പിരിവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ വേഗതയും സുതാര്യതയും ഉറപ്പാക്കുന്നതോടൊപ്പം പ്രവർത്തനത്തിനായി കൂടുതൽ ആളുകളെ വിന്യസിക്കാതെ തന്നെ എല്ലാവിധ സൗകര്യങ്ങളും ഒരുക്കാൻ കഴിയുന്ന തരത്തിലുള്ള ഭേദഗതിയാണ് 1975-ലെ കേരള കെട്ടിട നികുതി ആക്ടിൽ ഉൾപ്പെടുത്തി കേരള കെട്ടിട നികുതി (ഭേദഗതി) ബില്ലായി ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ബിൽ സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. കെ. പ്രേംകുമാർ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

(ബഹുമാനപ്പെട്ട അംഗം സീറ്റിലില്ല.)

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ നിരാകരിച്ചു.

2023-ലെ കേരള കെട്ടിട നികുതി (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

## (vi) 2023-ലെ ഇന്ത്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2023-ലെ ഇന്ത്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2023-ലെ ഇന്ത്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, മലയാളത്തിൽ ഇന്ത്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ എന്നുപറയുമ്പോൾ ഇന്ത്യൻ പാർട്ട്ണർഷിപ്പ് ആക്ടാണ് ഉദ്ദേശിക്കുന്നത്. ഇന്ത്യൻ പാർട്ട്ണർഷിപ്പ് ആക്ട് കേരളത്തിൽ നടപ്പാക്കുമ്പോൾ അതിന്റെ റൂൾസിൽ ചില മാറ്റങ്ങൾ വരുത്തുന്നത് സംബന്ധിച്ച് കഴിഞ്ഞ ബഡ്ജറ്റിൽ സൂചിപ്പിച്ചിരുന്നു. ബഡ്ജറ്റിലെ 557-ാം ഖണ്ഡികയിൽ ചില ഫീസുകൾ പരിഷ്കരിക്കുന്നതിനെക്കുറിച്ച് പ്രതിപാദിച്ചിരുന്നു. 2013-ൽ പരിഷ്കരിച്ച ചില ഫീസുകളിൽ കാലോചിതമായ ചെറിയ വ്യത്യാസം വരുത്തുന്ന നിർദ്ദേശമാണ് ഇതിൽ ഉൾപ്പെട്ടിരിക്കുന്നത്. അത് നമ്മുടെ ഷെഡ്യൂളിൽ റൂൾ

പ്രകാരം ചേർക്കുന്നതിനുള്ള ഭേദഗതിയാണ്. ആ ഭേദഗതി ഇൻകോർപ്പറേറ്റ് ചെയ്യുന്നതിന്റെ ഭാഗമായാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്.

ശ്രീ. സി. സി. മുകുന്ദൻ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ): സർ, 2023-ലെ ഇന്ത്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-9-2023 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ 2023-ലെ ഇന്ത്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ ചെറിയ ഫീസ് വർദ്ധനവ് സംബന്ധിച്ചുള്ള ഭേദഗതിയാണ്. രജിസ്ട്രേഷൻ വകുപ്പ് ആധുനിക കാലഘട്ടത്തിനനുസരിച്ച് നല്ല രീതിയിൽ മാറിയിട്ടുണ്ടെന്നത് എല്ലാവർക്കും അറിയാവുന്ന വസ്തുതയാണ്. അത്തരത്തിലുള്ള കാലാനുസൃതമായ മാറ്റം എല്ലാ മേഖലയിലും കൊണ്ടുവരുന്നതിന് വേണ്ടിയാണ് ഫീസ് വർദ്ധനവ് ഉൾപ്പെടെയുള്ള കാര്യങ്ങൾ കൂട്ടിച്ചേർക്കപ്പെട്ടതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. സംസ്ഥാനത്തിന്റെ സാമ്പത്തിക വിഭവ സമാഹരണം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ പുതിയ മേഖലകൾ തുറക്കേണ്ടതായിട്ടുണ്ട്.

ഇതിലൂടെ വലിയൊരു സംഖ്യ ലഭിക്കുമെന്നല്ല, എന്നാൽ ഇതുവരെ വേണ്ടത്ര ശ്രദ്ധിക്കപ്പെടാതെ പോയ മേഖലകൾപോലും നാം പ്രയോജനപ്പെടുത്തുന്നു എന്നതുകൂടി കൂട്ടിച്ചേർത്ത് വായിക്കേണ്ടതാണ്. ഏതു കാര്യം ഉന്നയിക്കുമ്പോഴും പ്രതിപക്ഷം തുക വർദ്ധിപ്പിക്കുന്നതിനെക്കുറിച്ചാണ് സംസാരിക്കുന്നത്. പുനർഗേഹം പദ്ധതിക്ക് പത്തുലക്ഷം രൂപ കൊടുത്താൽ പതിനഞ്ച് ലക്ഷംരൂപ കൊടുക്കണമെന്നും പെൻഷൻ ആയിരത്തി അറുനൂറ് രൂപ നൽകുമ്പോൾ ആയിരത്തി എഴുനൂറ് രൂപ കൊടുക്കണമെന്നുമാണ് അവർ ആവശ്യപ്പെടുന്നത്. എങ്ങനെ വർദ്ധിപ്പിക്കണമെന്നോ, എങ്ങനെയാണ് ചെയ്യാൻ കഴിയുന്നതെന്നോ അവർ പറയുന്നില്ല. ഇന്ത്യൻ പങ്കാളിത്ത ആക്ടിലെ 58 മുതൽ 66 വരെയുള്ള വകുപ്പുകളിൽ പരാമർശിക്കുന്ന സംഖ്യകൾ പ്രകാരം നേരത്തെ 200, 100 രൂപ നിരക്കിലായിരുന്ന ഫീസ് വർദ്ധിപ്പിക്കാനുള്ള അനുവാദം ലഭിക്കുന്നതിനായി ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റിക്ക് പോകേണ്ടതുണ്ടെന്നാണ് മനസ്സിലാക്കുന്നത്. 1991-ലെ പങ്കാളിത്ത രജിസ്ട്രേഷൻ പ്രവർത്തനങ്ങൾക്ക് ഒരു രൂപ മാത്രമായിരുന്നു ഈടാക്കിയിരുന്നത്. പക്ഷേ ഒരു രൂപയ്ക്ക്

രജിസ്ട്രേഷൻ നടക്കുമ്പോഴും ഇരുപത്തിഅഞ്ച് രൂപവരെ പോസ്റ്റൽ സംവിധാനത്തിന് നൽകേണ്ട ഒരു സംവിധാനമായിരുന്നു അന്നുണ്ടായിരുന്നത്. ഇപ്പോൾ കാലഘട്ടത്തിന് അനുസരിച്ച് മാറ്റം വരുത്തിക്കൊണ്ടുള്ള സംഖ്യയാണ് ഈ ബില്ലിലൂടെ വകയിരുത്താൻ ഉദ്ദേശിക്കുന്നത് എന്നുമാത്രം പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

(ശ്രീ. പി. ഉബൈദുള്ള സീറ്റിൽ ഇല്ലാതിരുന്നതിനാൽ 2(ബി) നമ്പർ ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല).

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഈ ചെറിയ ഭേദഗതി കാലോചിതമാക്കുന്നതും പൊതുവിൽ അംഗീകരിച്ചിരിക്കുന്നതുമാണ്. ഒരു വർഷം അയ്യായിരത്തോളം പാർട്ട്ണർഷിപ്പ് സ്ഥാപനങ്ങളാണ് ഇവിടെ രജിസ്റ്റർ ചെയ്യുന്നത്. അതുകൊണ്ടുതന്നെ പാർട്ട്ണർഷിപ്പ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തേണ്ടതുണ്ട്. വാണിജ്യാവശ്യത്തിനായി ആരംഭിക്കുന്ന പാർട്ട്ണർഷിപ്പ് സ്ഥാപനങ്ങളുടെ ഫീസിൽ ചെറിയ തോതിലുള്ള വർദ്ധനവാണ് വരുത്തിയിരിക്കുന്നത്. 2013-ലാണ് ഈ ഫീസ് നിരക്കുകൾ

പ്രാബല്യത്തിൽ വന്നത്. ബിൽ സബ്ജക്റ്റ് കമ്മിറ്റി പരിശോധിച്ചതിനുശേഷം വീണ്ടും സഭയിൽ പരിഗണനയ്ക്കായി വരും. നേരത്തെ ബഡ്ജറ്റിൽവച്ച പ്രൊപ്പോസൽ അനുസരിച്ചുള്ള നിർദ്ദേശമാണിത്. അതനുസരിച്ച് 50 മുതൽ 500 രൂപ വരെയുള്ള ഫീസ് ചെറിയ തോതിൽ വർദ്ധിപ്പിക്കുന്ന കാര്യമാണ് വകുപ്പിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ടി ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് മറ്റെന്തെങ്കിലും കാര്യമുണ്ടെങ്കിൽ പിന്നീട് ചർച്ച ചെയ്യാവുന്നതാണ്.

<u>മി. സ്പീക്കർ</u>: ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2023-ലെ ഇന്ത്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .......................

പ്രതികൂലിക്കുന്നവർ ......................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

<u>മി. സ്പീക്കർ:</u> ഓർഡർ....... ഓർഡർ....... സഭ ഇപ്പോൾ പിരിയുന്നതും 2023 സെപ്റ്റംബർ മാസം 11-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2023 സെപ്റ്റംബർ മാസം 11-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 4.37-ന് പിരിഞ്ഞു.)

-- -- --

**അനുബന്ധം 1**

**രേഖാമൂലം നൽകിയ ഉത്തരങ്ങൾ**

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**ചെമ്മീൻ കൃഷി**

6(*66) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീമതി ദെലീമ:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) ഓരുജലം, തണ്ണീർത്തടങ്ങൾ, കായലുകൾ എന്നിവയിൽ ചെമ്മീൻ കൃഷി ചെയ്യുന്നതിന് നിലവിൽ തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

കേരളത്തിന്റെ തീരപ്രദേശങ്ങളിലുള്ള തണ്ണീർത്തടങ്ങളിലും ഓരുജല പ്രദേശങ്ങളിലും കായലുകളിലും ചെമ്മീൻ കൃഷി ചെയ്യുന്നതിന് പല തരത്തിലുള്ള പ്രാദേശികവും സാമൂഹികവും നിയമപരവുമായ പ്രശ്നങ്ങൾ നിലനിൽക്കുന്നു. ലവണാംശമുള്ള തണ്ണീർത്തടങ്ങളിലും ഓരുജല പ്രദേശത്തും ചെമ്മീൻ കൃഷി ചെയ്യുന്നതിന് കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള കോസ്റ്റൽ

അക്വാകൾച്ചർ അതോറിറ്റിയുടെ ലൈസൻസും കേരള ഇൻലാന്റ് ഫിഷറീസ് & അക്വാകൾച്ചർ ആക്ട് പ്രകാരമുള്ള ലൈസൻസും ആവശ്യമാണ്. രണ്ട് തരത്തിലുള്ള ചെമ്മീൻ കൃഷി രീതിയാണ് ഇന്ന് കേരളത്തിൽ നിലനിൽക്കുന്നത്.

(1) മുഴുവൻ സമയ ശാസ്ത്രീയ ചെമ്മീൻ കൃഷിയും

(2) ഓരുജല നെൽപ്പാടങ്ങളിൽ നെൽകൃഷിയ്ക്ക് ശേഷം നടത്തുന്ന ഒരു നെല്ലും ഒരു ചെമ്മീൻ കൃഷിയും.

കേരളത്തിൽ പരമ്പരാഗത രീതിയിലുള്ള ഒരു നെല്ലും ഒരു ചെമ്മീൻ കൃഷിയുമാണ് കൂടുതൽ പ്രദേശങ്ങളിൽ നടത്തുന്നത്.

നെൽകൃഷിക്ക് അനുയോജ്യമല്ലാത്ത പ്രദേശങ്ങളിലാണ് മുഴുവൻ സമയ ശാസ്ത്രീയ ചെമ്മീൻ കൃഷി നടപ്പിലാക്കിവരുന്നത്. ഓരുജല നെൽപാടങ്ങളിൽ നെൽ കൃഷി കഴിഞ്ഞ ശേഷമാണ് പരമ്പരാഗത രീതിയിലുള്ള ഒരു നെല്ലും ഒരു ചെമ്മീൻ കൃഷിയും നടത്തുന്നത്. ഇന്ന് ഓരുജല പ്രദേശങ്ങളിൽ നെൽകൃഷി ലാഭകരമല്ലാത്തതുകൊണ്ട് നാമമാത്രമായ പ്രദേശത്താണ് നെൽകൃഷി ചെയ്തുവരുന്നത്. ആയത് ചെമ്മീൻ കൃഷിയെയും പ്രതികൂലമായി

ബാധിച്ചിട്ടുണ്ട്. തീരപ്രദേശങ്ങളിലെ ഭൂരിഭാഗം നെൽപ്പാടങ്ങളും തരിശ് കിടക്കുകയാണ്. നെൽകൃഷി ഇല്ലാതെ തരിശ് കിടക്കുന്ന പാടങ്ങൾ ചെമ്മീൻ കൃഷിക്ക് ഉപയുക്തമാക്കുന്നതിന് പ്രാദേശികവും സാമൂഹികവുമായുള്ള എതിർപ്പുമൂലവും, തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ചില തടസ്സങ്ങൾകൊണ്ടും കഴിയുന്നില്ല. അതുപോലെതന്നെ മുഴുവൻ സമയ ശാസ്ത്രീയ ചെമ്മീൻ കൃഷിയും മേൽപ്പറഞ്ഞ കാരണങ്ങൾകൊണ്ട് വ്യാപകമായി നടപ്പിലാക്കാൻ കഴിയുന്നില്ല.

(ബി) ഒരു നെല്ലും ഒരു മീനും പദ്ധതി വിജയകരമായി നടത്തിയിരുന്ന പ്രദേശങ്ങളിൽ നിലവിലുള്ള രീതിയിൽ മത്സ്യകൃഷി നടത്താൻ നിയമതടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

നിലവിൽ നിയമ തടസ്സങ്ങളില്ല. എന്നാൽ ഒരു നെല്ലും ഒരു മീനും നടത്തിയിരുന്ന പാടശേഖരങ്ങളിൽ നെൽകൃഷി ലാഭകരമല്ലാത്ത സാഹചര്യം നിലനിൽക്കുന്നതിനാൽ നെൽകൃഷി നടത്താൻ കർഷകർക്ക് താൽപര്യമില്ലാത്ത സ്ഥിതിവിശേഷമുണ്ട്. കർഷകർ നെൽകൃഷി

നടത്താത്തതുകൊണ്ട് പല പ്രദേശങ്ങളിലും പാടശേഖരങ്ങൾ തരിശായി കിടക്കുകയും കർഷകത്തൊഴിലാളികളുടെയും ചെമ്മീൻ കൃഷിക്ക് എതിരെ പ്രവർത്തിക്കുന്ന ചില തൽപ്പര കക്ഷികളുടെയും ഇടപെടൽമൂലം യഥാസമയം ചെമ്മീൻ കൃഷി നടത്താൻ കഴിയുന്നില്ലെന്ന കാര്യം നിലനിൽക്കുന്നുണ്ട്. ഇത് പരിഹരിക്കാൻ ബഹുമാനപ്പെട്ട ഫിഷറീസ്, കൃഷി വകുപ്പുമന്ത്രിമാരുടെ നേതൃത്വത്തിൽ ചർച്ച നടത്തുകയും ഇത്തരം പാടശേഖരങ്ങൾ കണ്ടെത്താൻ കൃഷി വകുപ്പ്, ഫിഷറീസ് വകുപ്പ്, ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് അധികൃതർ എന്നിവരുടെ നേതൃത്വത്തിൽ സംയുക്ത സർവ്വേ നടത്താൻ തീരുമാനിക്കുകയും ചെയ്തു.

(സി) തരിശ് നിലങ്ങളിലും കായൽ പ്രദേശങ്ങളിലും അത്യുത്പാദന ശേഷിയുള്ള വനാമി പോലുള്ള ചെമ്മീൻ കൃഷി വ്യാപകമാക്കാൻ നടപടി സ്വീകരിക്കുമോ?

നടപടി സ്വീകരിച്ചുവരുന്നു. സർക്കാരിന്റെ 25-02-2023-ലെ G.O. (Rt) No. 180/2023/F&P നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് വനാമി ചെമ്മീൻ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് Development of Vannamei

Shrimp Farming പദ്ധതിക്ക് 32 കോടി രൂപ സംസ്ഥാന സർക്കാർ വിഹിതമായി വകയിരുത്തിക്കൊണ്ട് ഭരണാനുമതി നൽകിയിരുന്നു. അഡാക് മുഖേന നടപ്പിലാക്കിവരുന്ന ടി പദ്ധതി കണ്ണൂർ, തൃശ്ശൂർ, കൊല്ലം ജില്ലകളിലെ 500 ഹെക്ടർ വിസ്തൃതിയിലുള്ള ഫാമുകളിൽ കൃഷി നടത്തുന്നതിനാണ് ലക്ഷ്യമിടുന്നത്. നിലവിൽ കണ്ണൂർ ജില്ലയിൽ 83.382 ഹെക്ടർ, എറണാകുളം ജില്ലയിൽ 33.72 ഹെക്ടർ, കൊല്ലം ജില്ലയിൽ 13.33 ഹെക്ടർ വിസ്തൃതിയിൽ ഫാമുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് വനാമി ചെമ്മീൻ കൃഷി ചെയ്തുവരുന്നു. വരും വർഷങ്ങളിൽ ചെമ്മീൻകൃഷിക്ക് അനുയോജ്യമായ പ്രദേശങ്ങളുള്ള മറ്റ് ജില്ലകളിലും വനാമി ചെമ്മീൻ കൃഷി വ്യാപകമാക്കാൻ ലക്ഷ്യമിടുന്നു.

(ഡി) ഇപ്പോൾ മറ്റ് സംസ്ഥാനങ്ങളിൽ നിന്നുമാണ് സംസ്കരണത്തിന് ആവശ്യമായ ചെമ്മീൻ കൊണ്ടുവരുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് കയറ്റുമതിക്കുള്ള ചെമ്മീൻ സ്രോതസ്സ് രണ്ട് തരത്തിലാണ്. കടലിൽ നിന്ന് പിടിച്ചെടുക്കുന്നവയും

കൃഷിയിലൂടെ ഉൽപ്പാദിപ്പിക്കുന്നവയും. കടലിൽ നിന്നുള്ള ചെമ്മീൻ ലഭ്യതയ്ക്ക് കുറവുള്ളതുകൊണ്ട് കൃഷി ചെയ്യുന്ന ചെമ്മീൻ ഇനം ആണ് കൂടുതലായി കയറ്റുമതിക്ക് ഉപയോഗിക്കുന്നത്. വനാമി ചെമ്മീൻ സംസ്കരണത്തിനായി ഉപയോഗിക്കുന്ന ഒരു പ്രധാന ഇനമാണ്. ഇത് ഭൂരിഭാഗവും മത്സ്യകൃഷിയിലൂടെയാണ് ഉത്പാദിപ്പിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് വനാമി ചെമ്മീനിന്റെ ഉത്പാദനം കുറവായതുകൊണ്ടുതന്നെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നുമാണ് സംസ്കരണത്തിനാവശ്യമായ ചെമ്മീൻ കൊണ്ടുവരുന്നത്. വനാമി ചെമ്മീനിന്റെ ഉത്പാദനം കൂട്ടുന്നതിനും സംസ്കരണത്തിനാനാവശ്യമായ ചെമ്മീനിന്റെ കുറവ് പരിഹരിക്കുന്നതിനുമായി വനാമി ചെമ്മീൻ കൃഷി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

**ആഴക്കടൽ മത്സ്യബന്ധനം**

7(*67) ശ്രീ. കെ. വി. സുമേഷ്:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:

ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) ആഴക്കടൽ മത്സ്യബന്ധനത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

ആഴക്കടൽ മത്സ്യബന്ധനത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഘട്ടംഘട്ടമായി സുരക്ഷിതമായ യന്ത്രവത്കൃത ആഴക്കടൽ മത്സ്യബന്ധന രീതിയിലേയ്ക്ക് പരിവർത്തനം ചെയ്യുകയെന്ന ലക്ഷ്യത്തോടെ കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (PMMSY) 2020-21-ൽ ഉൾപ്പെടുത്തി 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ 10 പേർ വീതം അടങ്ങുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന 15 കോടി രൂപയുടെ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ആദ്യ ഘട്ടമായി നിർമ്മാണം പൂർത്തിയാക്കിയ 5 യാനങ്ങളുടെ രജിസ്ട്രേഷൻ, ഇൻഷുറൻസ് നടപടികൾ പൂർത്തിയാക്കി

04-05-2023-ന് രാവിലെ 11 മണിക്ക് കൊല്ലം നീണ്ടകരയിൽ ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉദ്ഘാടനം ചെയ്ത ചടങ്ങിൽ വച്ച് കേന്ദ്ര മത്സ്യബന്ധന, മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പുമന്ത്രി ശ്രീ. പർഷോത്തം രുപാല ഗുണഭോക്താക്കളായ മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്തു. ബാക്കിയുള്ള 5 യാനങ്ങളുടെ നിർമ്മാണം കൊച്ചിൻ ഷിപ്പ്യാർഡിന്റെ Malpe കപ്പൽ നിർമ്മാണ ശാലയിൽ പുരോഗമിച്ചുവരുന്നു. കൂടാതെ 2023-24 പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (PMMSY) പദ്ധതിയിൽ ഉൾപ്പെടുത്തി 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾകൂടി നൽകുന്നതിനുള്ള 15 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാരിന്റെ ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

(ബി) ആഴക്കടൽ മത്സ്യബന്ധനത്തിന് പോകുന്ന തൊഴിലാളികൾക്ക് എന്തെല്ലാം സുരക്ഷാ സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ആഴക്കടൽ മത്സ്യബന്ധനത്തിന് പോകുന്ന തൊഴിലാളികൾക്ക് life jacket, Life bouy, GPS, Echo Sounder എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ

Distress Alert Transmitter (DAT) നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ആഴക്കടൽ മത്സ്യബന്ധനത്തിന് പോകുന്ന ബോട്ടുകളിൽ ബയോ ടോയ്‌ലറ്റ് സംവിധാനം നിർബന്ധമാക്കിയിട്ടുണ്ടോ; എങ്കിൽ അവ സ്ഥാപിക്കുന്നതിന് സബ്സിഡി നൽകുന്നുണ്ടോ; വിശദമാക്കാമോ?

ബയോ ടോയ്‌ലെറ്റ് നിർബന്ധമാക്കിയിട്ടില്ല. എന്നാൽ ടോയ്‌ലെറ്റ് സംവിധാനം ഇല്ലാത്ത യന്ത്രവത്കൃത ഇൻബോർഡ് മത്സ്യബന്ധന യാനങ്ങൾക്ക് കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമം, 2018-ലെ ചട്ടം 3(2)(a) പ്രകാരമുള്ള നിയന്ത്രണങ്ങൾ ബാധകമാണ്. ബയോ ടോയ്‌ലെറ്റുകൾ സ്ഥാപിക്കുന്നതിന് സബ്സിഡി നൽകുന്ന പദ്ധതി പരിഗണനയിലാണ്.

(ഡി) സംസ്ഥാനത്ത് ഇപ്പോൾ നിയമപരമായി ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന എത്ര യാനങ്ങൾ ഉണ്ട്; ഇവയെല്ലാം കേരളത്തിൽ രജിസ്റ്റർ ചെയ്തവയാണോ; അല്ലെങ്കിൽ അത്തരത്തിലുള്ള എത്ര യാനങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ഇപ്പോൾ നിയമപരമായി ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന 277 യാനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 5 എണ്ണം കേരളത്തിൽ രജിസ്റ്റർ ചെയ്തവയും (തിരുവനന്തപുരം-1, കൊല്ലം-2, മലപ്പുറം-2) 272 എണ്ണം തമിഴ്നാട്ടിൽ രജിസ്റ്റർ ചെയ്തവയുമാണ്.

**കേരള എംപവർമെന്റ് സൊസൈറ്റി**

8(*68) ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ യുവതീയുവാക്കളെ ഒരേ സമയം തൊഴിൽ സംരഭകരും തൊഴിൽദാതാക്കളുമാക്കുന്നതിന് കേരള എംപവർമെന്റ് സൊസൈറ്റി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

03-03-2023-ലെ സ.ഉ.(സാധാ)നം.295/2023/പജപവവിവ. നമ്പർ ഉത്തരവ് പ്രകാരം കേരള എംപവർമെന്റ് സൊസൈറ്റി രൂപീകരിച്ചിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവസംരംഭകർക്ക് കൃത്യമായ മാർഗ്ഗനിർദ്ദേശവും പരിശീലനവും സാമ്പത്തിക സഹായവും ശരിയായ മാനേജ്മെന്റ് പിന്തുണയും നൽകി ആധുനിക സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രോത്സാഹിപ്പിക്കുക, സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ യുവാക്കൾക്കിടയിൽ തൊഴിലവസരങ്ങളും വരുമാനവും സ്വാശ്രയബോധവും സൃഷ്ടിക്കുക, ബിരുദമോ ഡിപ്ലോമയോ യോഗ്യതയുള്ള പട്ടികജാതി പട്ടികവർഗ്ഗ യുവാക്കളെ സംരംഭകരായും തൊഴിൽദാതാക്കളായും സജ്ജരാക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെയാണ് കേരള എംപവർമെന്റ് സൊസൈറ്റി രൂപീകരിക്കപ്പെട്ടത്. പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും വിദ്യാഭ്യാസ-ആരോഗ്യ-സാമ്പത്തിക ഉന്നമനത്തിനും സാമൂഹ്യ സുരക്ഷിതത്വം മെച്ചപ്പെടുത്തുന്നതിനുമുള്ള പദ്ധതി നടപ്പിലാക്കുക, വിവിധ സർക്കാർ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുക,, എസ്.സി./എസ്.റ്റി.

സംരംഭകരുടെ സ്വാശ്രയ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക തുടങ്ങിയ പ്രവൃത്തികൾ ചെയ്യുന്ന ഒരു അഗ്രിഗ്രേറ്റർ ഏജൻസി എന്ന നിലയിലാണ് "ഉന്നതി" എംപവർമെന്റ് സൊസൈറ്റി പ്രവർത്തിക്കുക. ഉന്നതവിദ്യാഭ്യാസവും സാങ്കേതിക വൈദഗ്ധ്യം ലഭിച്ചവരുമായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗ ഉദ്യോഗാർത്ഥികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ചെടുക്കുന്നതോടൊപ്പം സ്വദേശത്തും വിദേശത്തുമുള്ള തൊഴിൽ സാധ്യതകൾ വിലയിരുത്തി തൊഴിൽ നൈപുണ്യ പരിശീലനം നൽകി തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുക എന്നതും ഉന്നതിയുടെ പ്രവർത്തന പരിധിയിൽ ഉൾപ്പെടുന്നു. ഇത് കൂടാതെ ചുവടെ പറയുന്ന പ്രവർത്തനങ്ങൾകൂടി എംപവർമെന്റ് സൊസൈറ്റിയുടെ ഉത്തരവാദിത്വമാണ്.

എൻജിനീയറിംഗ്, ഐ.റ്റി. അധിഷ്ഠിത സാങ്കേതികവിദ്യകൾ, മറ്റ് ആധുനിക സാങ്കേതികവിദ്യകൾ, ആരോഗ്യ സംരക്ഷണം, വിനോദ സഞ്ചാരം, മാർക്കറ്റിംഗ്, കൃഷി, നിർമ്മാണം തുടങ്ങിയ മേഖലകളിൽ

പരിജ്ഞാനമുള്ള പട്ടികജാതി പട്ടികവർഗ്ഗ യുവതീയുവാക്കൾക്കും സംരംഭകർക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുക.

കാർഷിക, വ്യാവസായിക, ആരോഗ്യ മേഖലകളിലെ ഇന്നത്തെ അവസ്ഥ മനസ്സിലാക്കി സർവ്വേകൾ സംഘടിപ്പിക്കുന്നതോടൊപ്പം സമൂഹത്തിന്റെ വിവിധ മേഖലകളിലുള്ളവരുടെ അഭിപ്രായങ്ങൾ ആരായുകയും ക്രോഡീകരിക്കുകയും ചെയ്യുക.

പരിസ്ഥിതി ജൈവ സംരംക്ഷണ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുക.

ഈ പദ്ധതിയിൽ ഉൾപ്പെട്ട അംഗങ്ങൾക്കോ അവരുടെ കൂട്ടായ്മ/ സ്വാശ്രയ സംഘങ്ങൾ ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ നടത്തുന്നതിനായുള്ള സാമ്പത്തിക സഹായം, വായ്പ, സബ്സിഡി, ഗ്രാന്റ് എന്നിവ നൽകുക.

ത്രിതല പഞ്ചായത്ത് സ്ഥാപനങ്ങളുടെ ആസൂത്രണ പ്രക്രിയയിൽ പങ്കെടുക്കുക.

സാങ്കേതികവിദ്യയിലും നിർമ്മാണരംഗത്തും സംഭവിച്ചേക്കാവുന്ന പുരോഗതിക്കനുസൃതമായി സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ കാലാനുസൃതമായി നവീകരിക്കുക.

കൃഷി, വ്യവസായ, സർവ്വീസ് മേഖലകളിൽ ഒരുപോലെ പ്രവർത്തിക്കുകയും ഒപ്പം കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, തദ്ദേശ സ്ഥാപനങ്ങൾ, മറ്റ് ഏജൻസികൾ എന്നിവയിൽനിന്നും ലൈസൻസുകൾ, ഗ്രാന്റുകൾ, സംഭാവനകൾ തുടങ്ങിയവ സ്വീകരിക്കുക.

സാങ്കേതികവിദ്യയിലും നിർമ്മാണരംഗത്തും സംഭവിച്ചേക്കാവുന്ന പുരോഗതിക്കനുസൃതമായി പ്രവർത്തിക്കുക.

(ബി) മെച്ചപ്പെട്ട വരുമാനവും സ്വാശ്രയത്വവും ലഭിക്കുന്നതിനായി സൊസൈറ്റിയുടെ പ്രവർത്തനം വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. വിവിധ മേഖലകളിലെ സംരംഭകരായ അംഗങ്ങളുടെ പ്രവർത്തനങ്ങളുടെ ഏകോപന ഏജൻസിയായി പ്രവർത്തിക്കുക, പൊതുവായ 'ഉന്നതി' ബ്രാന്റ് നിലനിർത്തി വിവിധ സംരംഭകരെ ഒരു

കുടക്കീഴിൽ നിലനിർത്തി ശക്തിപ്പെടുത്തുകയും ബിസിനസ്സ് വിപുലപ്പെടുത്തുകയും ചെയ്യുക, ഇതിനായി അനുയോജ്യമായ കരാറുകളിൽ ഏർപ്പെടുക, എംപാനൽമെന്റ് നടത്തുക, വാണിജ്യകരാറിൽ ഏർപ്പെടുക, സംസ്ഥാനത്തിനകത്തോ പുറത്തോ സമാനസ്വഭാവമുള്ള സൊസൈറ്റികൾ/സംഘങ്ങൾ/സ്ഥാപനങ്ങൾ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ സംരംഭങ്ങൾ എന്നിവയ്ക്ക് അഫിലിയേഷൻ നൽകി അഗ്രിഗേഷൻ മോഡലിൽ അംബ്രല്ല ഓർഗനൈസേഷൻ ആയി പ്രവർത്തിക്കുക, സൊസൈറ്റിയുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ സ്ഥലങ്ങളിൽ ശാഖാ ഓഫീസുകൾ ആരംഭിക്കുക, ആധുനിക ടെക്നോളജി ഉപയോഗിച്ച് സൊസൈറ്റിയുടെ പ്രവർത്തനം ഏകോപിപ്പിക്കുകയും നിയന്ത്രിക്കുകയും ചെയ്യുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ സൊസൈറ്റിയുടെ പ്രവർത്തനം വ്യാപിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. പട്ടികവർഗ്ഗക്കാർക്കിടയിൽ സ്വന്തമായി സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി 23-11-2022-ലെ സ.ഉ.(സാധാ)നം. 1196/2022/പജപവവിവ പ്രകാരം ടി പദ്ധതി നടപ്പാക്കാനായി

5,00,00,000/- (അഞ്ചു കോടി രൂപ മാത്രം) രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത സൊസൈറ്റിയുടെ പ്രവർത്തനം വ്യാപിപ്പിച്ച് കൂടുതൽ പേർക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ വ്യക്തികൾ, ഗ്രൂപ്പുകൾ, കേരള സ്റ്റാർട്ടപ്പ് മിഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പട്ടികവർഗ്ഗ സ്റ്റാർട്ടപ്പ് സംരംഭങ്ങൾ തുടങ്ങിയവരിൽനിന്നും അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. യുവാക്കളുടെ താല്പര്യത്തിന്റെ അടിസ്ഥാനത്തിൽ മേഖല തിരിച്ചുള്ള ഗ്രൂപ്പുകളോ സൊസൈറ്റികളോ രൂപീകരിച്ച് അവർക്ക് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് പോലുള്ള സർക്കാർ പ്രൊഫഷൺ ഏജൻസികളുടെ സഹായത്തോടെ ശരിയായ പരിശീലനം നൽകി നിർദ്ദിഷ്ട സൊസൈറ്റികളുടെ പ്രവർത്തനങ്ങൾക്കായുള്ള പദ്ധതി രൂപീകരിക്കുകയും രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കാൻ സഹായിക്കുക, പ്രൊജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും വിവിധ

മേഖലകളിൽ വർക്കിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും പ്രൊഫഷണൽ പിന്തുണ നൽകുക, സിവിൽ എഞ്ചിനീയറിംഗ്, ഇൻഫർമേഷൻ ടെക്നോളജി, ഹെൽത്ത് കെയർ, അനുബന്ധ മേഖലകൾ, വാടക സേവനങ്ങൾ, ടൂറിസം, മാർക്കറ്റിംഗ്, കൃഷി, വിദ്യാഭ്യാസം, ബാങ്കിംഗ്, മറ്റ് ആധുനിക വ്യാവസായിക മേഖലകൾ എന്നിവയിൽ ഉത്പാദന യൂണിറ്റുകൾ സ്ഥാപിക്കുക, അംഗങ്ങൾക്കോ അവരുടെ കൂട്ടായ്മ/സ്വാശ്രയ സംഘങ്ങൾ ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം/വായ്പാ/സബ്സിഡി/ഗ്രാന്റ് എന്നിവ നൽകുക എന്നീ പ്രവർത്തനങ്ങളിലൂടെ കൂടുതൽ പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

**വന്യജീവി ആക്രമണത്തിന് ഇൻഷ്വറൻസ് പരിരക്ഷ**

9(*69) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണ സാധ്യതയുള്ള മേഖലയിൽ താമസിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി ഇൻഷ്വറൻസ് പരിരക്ഷ

നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ വനം വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

വന്യജീവി ആക്രമണ സാധ്യതയുള്ള മേഖലയിൽ താമസിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി വനം വകുപ്പ് ഇൻഷ്വറൻസ് പരിരക്ഷ നടപ്പിലാക്കി വരുന്നുണ്ട്. വനത്തിനുള്ളിലും വനാതിർത്തികളിലും താമസിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഇടിമിന്നലേറ്റുള്ള മരണം, മുങ്ങിമരണം, പ്രകൃതിക്ഷോഭം, മരത്തിൽ നിന്നുള്ള വീഴ്ച, ഭക്ഷ്യ വിഷബാധ, വൈദ്യുതാഘാതം, മോട്ടോർ വാഹന അപകടം, വന്യജീവി ആക്രമണം, പാമ്പുകടി എന്നിവ കാരണമുള്ള മരണത്തിനും അംഗവൈകല്യത്തിനും 1,00,000/- രൂപയും അപകടത്തെ തുടർന്നുള്ള ആശുപത്രി ചികിത്സയ്ക്ക് 5,000/- രൂപയും ആശുപത്രി യാത്ര ചെലവിന് 1,000/- രൂപയും വന്യജീവി ആക്രമണം മൂലമോ പ്രകൃതിക്ഷോഭം മൂലമോ വീടുകൾക്ക് കേടുപാടുകൾ ഉണ്ടായാൽ 5,000/- രൂപയും ഇൻഷ്വറൻസ് പരിരക്ഷയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കൂടാതെ, വനത്തിന് പുറത്ത് താമസിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടാത്ത ആളുകൾക്ക് വന്യജീവി ആക്രമണം മൂലമുള്ള അപകട മരണത്തിന് 1,00,000/- രൂപയും ആശുപത്രി ചികിത്സാ ചെലവിനായി 5,000/- രൂപയും ടി ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ പരിധി ഒരു വർഷം പരമാവധി അഞ്ച് ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇക്കോ ടൂറിസം മേഖല സന്ദർശിക്കുന്നവർക്കും വനം വകുപ്പിൽ താത്കാലിക ജോലി ചെയ്യുന്ന ജീവനക്കാർക്കും ഇൻഷ്വറൻസ് പരിരക്ഷ നൽകി വരുന്നുണ്ടോ?

ഇക്കോ ടൂറിസം മേഖലയിൽ പ്രവേശന ഫീസ് ഒടുക്കി സന്ദർശനം നടത്തുന്ന എല്ലാ സന്ദർശകർക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. ഒരു വർഷം പരമാവധി 50 പേർക്കാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നത്. മരണം, സ്ഥായിയായ അംഗവൈകല്യം എന്നിവ സംഭവിച്ചാൽ ഒരാൾക്ക് 5 ലക്ഷം രൂപയും ഭാഗികമായ അംഗവൈകല്യം

സംഭവിച്ചാൽ 2.50 ലക്ഷം രൂപയും ലഭിക്കുന്നതാണ്. ഈ പദ്ധതി പ്രകാരം ഒരു വർഷം പരമാവധി 2.5 കോടി രൂപ വരെ ക്ലെയിം അനുവദിക്കുന്നതാണ്.

വനം വകുപ്പിൽ താത്കാലികമായി ജോലി ചെയ്യുന്ന സംരക്ഷണ വിഭാഗം ജീവനക്കാർക്ക് സ്റ്റാൻഡേർഡ് ഗ്രൂപ്പ് പോളിസി പ്രകാരം ഇൻഷ്വറൻസ് പരിരക്ഷ നൽകിവരുന്നു. മരണം സംഭവിച്ചാൽ 5 ലക്ഷം രൂപയും സ്ഥായിയായ അംഗവൈകല്യം സംഭവിച്ചാൽ 2.5 ലക്ഷം രൂപയും ഡ്യൂട്ടിക്കിടയിൽ അപകടം സംഭവിച്ചാൽ ആശുപത്രി ചികിത്സാ ചെലവിനത്തിൽ 50,000/- രൂപയും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നു. ഒരു വർഷം പരമാവധി 500 പേർക്കാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നത്.

(സി) വന്യജീവി ആക്രമണം നേരിടാനിടയുള്ള എല്ലാവർക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുന്നതിന് പദ്ധതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

വനത്തിനുള്ളിലും വനാതിർത്തികളിലും താമസിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കും വനാതിർത്തിയിൽ താമസിക്കുന്ന മറ്റ് വിഭാഗത്തിൽപ്പെട്ടവർക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്.

വന്യജീവി ആക്രമണം നേരിടാനിടയുള്ള എല്ലാവർക്കുമായി ഒരു സമഗ്ര ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തുന്ന കാര്യം ആലോചിച്ചുവരുന്നു.

**തീരശോഷണം തടയാൻ നടപടി**

10(*70) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരപ്രദേശത്തിന്റെ അറുപത്തിമൂന്ന് ശതമാനവും കടലാക്രമണ ഭീഷണി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ രൂക്ഷമായ കടലാക്രണം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കടലാക്രമണം തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ ഫലപ്രദമാണോ; ഇല്ലെങ്കിൽ കാരണം പരിശോധിച്ചിട്ടുണ്ടോ?

ഇന്ത്യയിലെ ഇതര തീരദേശ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ തിരമാലകളുടെ ശക്തി കൂടുതലാണ്.

ഇതുകൊണ്ടുതന്നെ തീരശോഷണം തുടർച്ചയായി സംഭവിച്ചുകൊണ്ടിരിക്കുന്നു. ജനസാന്ദ്രത കൂടുതലായതുകൊണ്ടുതന്നെ ജനജീവിതത്തിന്റെ സുരക്ഷയുംകൂടി കണക്കിലെടുത്ത് ഓരോ പ്രദേശങ്ങൾ പ്രത്യേകമായി മാത്രമേ തീര സംരക്ഷണ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്താൻ സാധിക്കുകയുള്ളൂ.

വിശദമായ പഠനത്തിന് വിധേയമാക്കി കടൽതീരത്തിന്റെ ഘടനയുടെയും സ്വഭാവത്തിന്റെയും അടിസ്ഥാനത്തിലാണ് തീരസംരക്ഷണ പ്രവൃത്തികൾ നിർദ്ദേശിക്കുന്നത്. ഇതുപ്രകാരം ആവശ്യമനുസരിച്ച് ഹാർഡ്/സോഫ്റ്റ് സൊല്യൂഷൻസ് അല്ലെങ്കിൽ അവയുടെ സമ്മിശ്രമായ ഇടപെടലുകൾ ഡിസൈൻ പ്രകാരം നടപ്പിലാക്കിവരുന്നു. ഹ്രസ്വകാലാടിസ്ഥാനത്തിൽ അനുയോജ്യമായ സ്ഥലങ്ങളിൽ ജിയോ ബാഗുകളിൽ മണൽ നിറച്ചും കല്ല് ഉപയോഗിച്ചുള്ള പുനരുദ്ധാരണ പ്രവൃത്തികളും നടത്തി അടിയന്തരമായി കടൽതീരത്തെ സംരക്ഷിക്കാനുള്ള നടപടികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വകുപ്പ് നടപ്പിലാക്കാറുണ്ട്. അടിയന്തര ഘട്ടത്തിൽ കടലാക്രമണത്തെ തടയുന്നതിന് ടി പ്രവൃത്തികൾ ഒരു പരിധിവരെ ഫലപ്രദമായി കാണുന്നു. എന്നാൽ കാലാവസ്ഥാ

വ്യതിയാനവും മറ്റ് പ്രകൃതി പ്രതിഭാസങ്ങളും മൂലമുണ്ടാകുന്ന കടലാക്രമണത്തെ ചെറുക്കാൻ തീരഘടനയ്ക്ക് അനുയോജ്യമായ മറ്റ് സുസ്ഥിര നൂതന പരിഹാര മാർഗ്ഗങ്ങൾകൂടി മേൽ പരാമർശിച്ചത് പ്രകാരം അവലംബിക്കേണ്ടതായിട്ടുണ്ട്.

(സി) തീരശോഷണത്തിന് ആനുപാതികമായി തീരത്തിന്റെ പുന:സ്ഥാപനം നടത്തുന്നതിന് പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

കേരളത്തിന്റെ കടൽതീരത്തിന് 576 കി.മീ. ദൈർഘ്യമുണ്ട്. ഇത് രാജ്യത്തിന്റെ മൊത്തം തീരപ്രദേശത്തിന്റെ 10% വരും. 9 ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന തീരപ്രദേശം പ്രകൃതിദത്തപരമായും മാനുഷിക ഇടപെടലുകളാലും രൂക്ഷമായ കടൽക്ഷോഭത്തിന് സാക്ഷ്യം വഹിച്ചു. നിലവിൽ കടൽഭിത്തി ഗ്രോയിനുകൾ മുതലായവയാൽ കേരളതീരത്തിന്റെ 60 ശതമാനം സംരക്ഷിച്ചിട്ടുണ്ടെങ്കിലും ഈ ഘടനകളിൽ ഭൂരിഭാഗവും തകർന്ന നിലയിലാണ്. കൂടാതെ 53 കി.മീ. സുരക്ഷിതമല്ലാത്ത തീരം വളരെ അപകട സാധ്യതയുള്ളതും സംരക്ഷിക്കപ്പെടേണ്ടതുമാണ്. തീരദേശ മേഖല സംസ്ഥാനത്തിന് അനുഗ്രഹമാണെങ്കിലും തീരപ്രദേശത്തെ മണ്ണൊലിപ്പുമൂലം

അതിന്റെ അസ്ഥിരത സംസ്ഥാനത്തിന് കടുത്ത ഭീഷണി ഉയർത്തുന്നുണ്ട്. ഇതിൽ അടിയന്തരമായ ശ്രദ്ധ ആവശ്യമാണ്.

മേൽപ്പറഞ്ഞവയുടെ വെളിച്ചത്തിൽ 14-ാം പഞ്ചവത്സര പദ്ധതി "കേരള സുസ്ഥിര തീരസംരക്ഷണവും കാലാവസ്ഥ പ്രതിരോധവും ആസൂത്രണ പദ്ധതി" നിർദ്ദേശിച്ചിട്ടുണ്ട്. അപകട സാധ്യതയുള്ള തീരദേശ പരിസ്ഥിതിയെ സംരക്ഷിക്കുന്നതിനും പുനഃസ്ഥാപിക്കുന്നതിനും ഇന്നത്തെയും ഭാവി തലമുറയുടെയും പ്രയോജനത്തിനായി എ.ഡി.ബി./ വേൾഡ് ബാങ്ക് (ADB/WB) എന്നിവയുടെ സഹായത്തോടെ External Assistance പദ്ധതിയാണ് നിർദ്ദേശിക്കുന്നത്.

**പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ**

1. തീരദേശ പരിസ്ഥിതിയുടെ സുസ്ഥിര മാനേജ്മെന്റ്, വികസനം, ഉപയോഗം.

2. പാരിസ്ഥിതികവും സാമൂഹികവുമായ ഉചിതമായ പരിഹാരങ്ങൾ ഉപയോഗിച്ച് അടിയന്തര തീരസംരക്ഷണ ആവശ്യങ്ങളും തീരദേശ അസ്ഥിരതയും അഭിസംബോധന ചെയ്യുക.

3. തീരദേശ മേഖലയുടെ കാലാവസ്ഥ പ്രതിരോധ ശേഷി ശക്തിപ്പെടുത്തുക.

4. കാര്യക്ഷമമായ തീരപരിപാലനത്തിനും വികസനത്തിനുമുള്ള സ്ഥാപനങ്ങളുടെ ശേഷി വർദ്ധിപ്പിക്കുക.

ഈ പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള പ്രവൃത്തികളിൽ ശംഖുമുഖം, കൊല്ലങ്കോട്, ആലപ്പാട്, ചെല്ലാനം, ഒറ്റമശ്ശേരി, കൊടുങ്ങല്ലൂർ, പൊന്നാനി, കാപ്പാട്, തലശ്ശേരി, വലിയപറമ്പ എന്നിങ്ങനെ തിരിച്ചറിഞ്ഞ 10 ഹോട്ട് സ്പോട്ടുകളുടെ തീരസംരക്ഷണ പ്രവൃത്തികൾ ഉൾപ്പെടുന്നു. കടൽഭിത്തികളുടെ നിർമ്മാണം, നവീകരണം, ഗ്രോയിനുകൾ, കടൽത്തീരത്തെ ബ്രേക്ക് വാട്ടറുകളുടെ നിർമ്മാണം, ബീച്ച് പോഷണം തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. ഇത് പ്രകാരമുള്ള പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) തീര സംരക്ഷണത്തിന് പ്രായോഗികവും സുസ്ഥിരവുമായ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

മേൽ പറഞ്ഞ പദ്ധതിയുടെ ഭാഗമായി ഇന്നത്തെ പരിസ്ഥിതിക്ക് അനുയോജ്യമായ കടൽഭിത്തിയുടെയും പുലിമുട്ടുകളുടെയും പുതുക്കിയ ഡിസൈനുവേണ്ടി NCCR (National Centre for Coastal Research) എന്ന വിദഗ്ധ സ്ഥാപനത്തിന്റെ സഹായത്തോടെ വിശദമായ പഠനം നടത്താൻ കടലാക്രമണം ഏറ്റവും കൂടുതൽ രൂക്ഷമായി ബാധിക്കുന്ന കൊല്ലങ്കോട്, ശംഖുമുഖം, ആലപ്പാട്, ഒറ്റമശ്ശേരി, ചെല്ലാനം, കൊടുങ്ങല്ലൂർ, പൊന്നാനി, കാപ്പാട്, തലശ്ശേരി, വലിയപറമ്പ എന്നീ പ്രദേശങ്ങൾ ഹോട്ട്സ്പോട്ടുകളായി തിരഞ്ഞെടുക്കുകയുണ്ടായി. കടലാക്രമണം ഏറ്റവും രൂക്ഷമായ എറണാകുളം ജില്ലയിലെ ചെല്ലാനം പ്രദേശത്ത് ടെട്രാപോഡ് സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള സംയോജിത കടൽഭിത്തിയുടെയും പുലിമുട്ടുകളുടെയും നിർമ്മാണം ജലസേചന വകുപ്പിന്റെ SPV യായ KIIDC മുഖേന കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കിവരുന്നു.

NCCR-ന്റെ ഡിസൈൻ പ്രകാരം കൊല്ലങ്കോട് പ്രദേശത്ത് ടെട്രാപോഡ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള 51 കോടി രൂപയുടെ എസ്റ്റിമേറ്റിന് 24-12-2022-ലെ സ.ഉ.(സാധാ)നം. 1150/2022/ജവിവ. പ്രകാരം

കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കാൻ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. കൊല്ലം ജില്ലയിലെ ആലപ്പാട് പ്രദേശത്ത് ടെട്രാപോഡ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മിക്കുന്നതിനു NCCR-ന്റെ ഡിസൈൻ പ്രകാരമുള്ള 172.50 കോടി രൂപയുടെ എസ്റ്റിമേറ്റിന് 17-04-2023-ലെ സ.ഉ. (സാധാ)നം. 382/2023/ജവിവ. പ്രകാരം കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കാൻ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. നടപടികളുടെ പൂർത്തീകരണത്തിന്റെ ഭാഗമായി ഇവ ഇനി മന്ത്രിസഭ പരിശോധിക്കേണ്ടതുണ്ട്. തിരുവനന്തപുരം ജില്ലയിലെ പനത്തുറക്കര പ്രദേശത്ത് ടെട്രാപോഡ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മിക്കുന്നതിന് NCCR-ന്റെ ഡിസൈൻ പ്രകാരമുള്ള 70 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കാനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

മറ്റ് പ്രദേശങ്ങളിൽ തീരപ്രദേശത്തിന്റെ ഘടന അനുസരിച്ച് അനുയോജ്യമായ സ്ഥലങ്ങളിൽ കണ്ടൽകാടുകൾ വച്ചുപിടിപ്പിക്കുക, തീര

പോഷണം (beach nourishment) പോലുള്ള പ്രകൃതി സൗഹാർദ്ദ തീരസംരക്ഷണ മാർഗ്ഗങ്ങളും മറ്റനുയോജ്യമായ നിർമ്മിതികളും അവലംബിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചുവരുന്നു.

**മത്സ്യത്തൊഴിലാളികൾക്ക് സുസ്ഥിര ജീവനം സാധ്യമാക്കുന്ന പദ്ധതികൾ**

11(*71) ശ്രീ. എം. മുകേഷ്:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) കടലിൽ മത്സ്യബന്ധനത്തിന് പോകുന്ന യാനങ്ങളുടെയും മത്സ്യത്തൊഴിലാളികളുടെയും കൃത്യമായ എണ്ണം അറിയുന്നതിന് എന്തെങ്കിലും സാങ്കേതിക സംവിധാനം നിലവിലുണ്ടോ; വ്യക്തമാക്കാമോ;

ഉണ്ട്. 2017 നവംബർ 29, 30 തീയതികളിലായി കേരളത്തിന്റെ തീരപ്രദേശത്തെ ഒന്നടങ്കം പിടിച്ചുലച്ച ഓഖി ചുഴലിക്കാറ്റിൽ 142 മത്സ്യത്തൊഴിലാളികളെ നമുക്ക് നഷ്ടപ്പെടുകയും ധാരാളം പേരുടെ ജീവിത

സാഹചര്യങ്ങൾ നഷ്ടമാകുകയും ചെയ്ത പശ്ചാത്തലത്തിൽ കടലിൽ മത്സ്യബന്ധനത്തിന് പോകുന്നതും മത്സ്യബന്ധനം കഴിഞ്ഞ് തിരിച്ചെത്തുന്നതുമായ മത്സ്യത്തൊഴിലാളികളുടെ വിവരങ്ങൾ വളരെ വേഗം മനസ്സിലാക്കുന്നതിനായി ഒരു സംവിധാനം രൂപപ്പെടുത്തണമെന്ന് സർക്കാർ തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ NIC-യുമായി ചേർന്ന് 'സാഗര' എന്ന പേരിൽ ഒരു മൊബൈൽ ആപ്ലിക്കേഷൻ ആവിഷ്കരിക്കുകയും ചെയ്തു. ഈ മൊബൈൽ ആപ്ലിക്കേഷൻ മത്സ്യത്തൊഴിലാളികളുടെ ആൻഡ്രോയിഡ് മൊബൈൽ ഫോണുകളിലേയ്ക്ക് ഡൗൺലോഡ് ചെയ്ത് നൽകുന്നതിനും ഈ ആപ്ലിക്കേഷന്റെ ഉപയോഗം മത്സ്യത്തൊഴിലാളികളെ പഠിപ്പിക്കുന്നതിനും കടലിൽ മത്സ്യബന്ധനത്തിന് പോകുന്നതും മത്സ്യബന്ധനശേഷം തിരികെയെത്തുന്നതുമായ മത്സ്യത്തൊഴിലാളികളുടെ വിവരങ്ങൾ സാഗരയിൽ രേഖപ്പെടുത്തുന്നതിനുമായി 9 മറൈൻ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട പ്രധാനപ്പെട്ട 50 ഫിഷ് ലാൻഡിംഗ് സെന്ററുകളിൽ/ഫിഷിംഗ് ഹാർബറുകളിൽ 50 "സാഗര ഫെസിലിറ്റേറ്റർമാർക്ക്" പരിശീലനം നൽകി

താത്കാലികമായി നിയോഗിക്കുകയും ചെയ്തു. ഇവരെ ആദ്യം 8 മാസത്തേയ്ക്കാണ് നിയോഗിച്ചത്. അതിനുശേഷം ഇവരുടെ പ്രവർത്തന കാലാവധി ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിച്ച് നൽകുകയും ചെയ്തിരുന്നു. കടലിൽ മത്സ്യബന്ധനത്തിനു പോകുന്നതും മത്സ്യബന്ധനശേഷം തിരികെയെത്തുന്നതുമായ മത്സ്യത്തൊഴിലാളികളുടെ വിവരങ്ങൾ അറിയാനും കടൽതീരത്തോട് ചേർന്ന പ്രദേശങ്ങളിൽ കാലാവസ്ഥാ മുന്നറിയിപ്പുകൾ ലഭ്യമാക്കാനും ഈ മൊബൈൽ ആപ്പിക്കേഷൻകൊണ്ട് സാധിക്കുന്നു. നാളിതുവരെ 17038 യാനങ്ങളുടെയും 11627 മത്സ്യത്തൊഴിലാളികളുടെ മൊബൈൽ നമ്പർ ഉൾപ്പെടെയുള്ള മുഴുവൻ വിവരങ്ങളും 'സാഗര'-യിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ മത്സ്യത്തൊഴിലാളികൾ കടലിലേക്ക് ദിനംപ്രതി പോകുമ്പോഴും തിരികെ എത്തുമ്പോഴും കൃത്യമായ വിവരങ്ങൾ 'സാഗര' മൊബൈൽ ആപ്ലിക്കേഷനിൽ രേഖപ്പെടുത്തുന്നില്ല എന്നതിനാൽ പ്രതീക്ഷിച്ച വിജയം കൈവരിക്കാൻ പദ്ധതിക്ക് സാധിച്ചിട്ടില്ല.

സംസ്ഥാനത്തെ ഫിഷിംഗ് ഹാർബറുകളിൽനിന്നും കടലിലേയ്ക്ക് ദിനംപ്രതി പോകുന്നതും തിരികെ വരുന്നതുമായ യാനങ്ങളുടെയും മത്സ്യത്തൊഴിലാളികളുടെയും വിവരങ്ങൾ ലഭ്യമായിരിക്കേണ്ടത് അത്യന്താപേക്ഷിതമായതിനാൽ, ഹാർബറുകളിൽ പഞ്ചിംഗ് ബൂത്ത് സംവിധാനം ഒരുക്കുന്നതിനും അതതു ഫിഷിംഗ് ഹാർബറുകളിൽനിന്നും കടലിൽ പോകുന്ന മത്സ്യബന്ധന യാനങ്ങളുടെയും മത്സ്യത്തൊഴിലാളികളുടെയും വിവരങ്ങൾ കൃത്യമായി ലഭ്യമാക്കുന്നതിനുമായി പരീക്ഷണാടിസ്ഥാനത്തിലുള്ള പഠനങ്ങൾ നടത്തിവരുന്നു.

മത്സ്യബന്ധനത്തിനായി പോകുന്ന, ഫിഷറീസ് വകുപ്പിനുകീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള യാനങ്ങളുടെ എണ്ണം ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെ 'റിയൽക്രാഫ്റ്റ്' ('https:/fishcraft.nic.in') എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. 'റിയൽക്രാഫ്റ്റ്' മുഖേനയാണ് സംസ്ഥാനത്ത് മത്സ്യബന്ധന യാനങ്ങളുടെ രജിസ്ട്രേഷനും ലൈസൻസും അനുവദിക്കുന്നതും യാനങ്ങളുമായി ബന്ധപ്പെട്ട മറ്റ് വിവരങ്ങൾ ലഭ്യമാക്കുന്നതും.

നിലവിൽ 'റിയൽക്രാഫ്റ്റ്' പ്രകാരം സംസ്ഥാനത്ത് വിവിധ ജില്ലകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള യാനങ്ങളുടെ കാറ്റഗറി തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) കടലിൽ മരണപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങളെ സഹായിക്കുന്നതിനുള്ള അടിയന്തര സഹായത്തിന് പുറമെ സുസ്ഥിരമായ ജീവനം സാധ്യമാകുന്ന പദ്ധതികൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ അത്തരം പദ്ധതികളെ കുറിച്ച് ആലോചിക്കുമോ; വിശദമാക്കാമോ?

നിലവിലുണ്ട്. സംസ്ഥാനത്ത് കടലിൽ മരണപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങളെ സഹായിക്കുന്നതിനുള്ള അടിയന്തര സഹായത്തിന് പുറമെ സുസ്ഥിരമായ ജീവനം സാധ്യമാകുന്നതിന് ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) കടലിൽ കാണാതാകുന്ന മത്സ്യത്തൊഴിലാളികൾ മരണപ്പെട്ടതായി സ്ഥിരീകരിക്കുന്നതിന് നിലവിലുള്ള മാനദണ്ഡം അനുസരിച്ച് എത്ര വർഷം കഴിയണമെന്ന് വ്യക്തമാക്കാമോ?

Indian Evidence Act 1872, Section 108 പ്രകാരം 7 വർഷം കഴിഞ്ഞാണ് കടലിൽ കാണാതാകുന്ന മത്സ്യത്തൊഴിലാളികൾ മരണപ്പെട്ടതായി കണക്കാക്കുന്നത്.

(ഡി) മരണം സ്ഥിരീകരിക്കുന്നതിനുള്ള കാലാവധി കുറയ്ക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

നിലവിൽ പരിഗണനയിലില്ല.

**വനങ്ങളും വനവിഭവങ്ങളും സംരക്ഷിക്കാനുള്ള ദീർഘകാല പദ്ധതി**

12(*72) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനവിഭവങ്ങളുടെ അഭിവൃദ്ധിയും സ്ഥിരലഭ്യതയും ഉറപ്പാക്കി നിയമാനുസൃതവും നീതിപൂർവ്വകവുമായ വിധം വനവിഭവങ്ങൾ വിനിയോഗിക്കാനും വനങ്ങൾ സംരക്ഷിക്കാനും ദീർഘകാല പദ്ധതികൾ ആവിഷ്കരിക്കാൻ കഴിഞ്ഞിട്ടുണ്ടോ;

ഉണ്ട്. സംസ്ഥാനത്ത് വനവിഭവങ്ങൾ പരിപാലിക്കപ്പെടുന്നതും വനങ്ങൾ സംരക്ഷിക്കപ്പെടുന്നതും ഓരോ വനം ഡിവിഷനുകൾ സംബന്ധിച്ച വർക്കിംഗ് പ്ലാനുകളുടെ അടിസ്ഥാനത്തിലാണ്. തടികളുടെയും മറ്റ് തടിയേതര വന വിഭവങ്ങളുടെയും സംരക്ഷണത്തിനും സുസ്ഥിര ലഭ്യത ഉറപ്പുവരുത്തുന്നതിനുമുള്ള ടി വർക്കിംഗ് പ്ലാനുകളിലെ ശാസ്ത്രീയ പരിപാലന നിർദ്ദേശ പ്രകാരം, തോട്ടങ്ങളുടെ മുറിക്കൽ, ഇടവെട്ട്, പ്ലാന്റിംഗ്, മറ്റ് സംരക്ഷണ പ്രവൃത്തികൾ മുതലായവ സംസ്ഥാന പദ്ധതികൾക്കും ബഡ്ജറ്റ് വിഹിതത്തിനും അനുസൃതമായി നിർവ്വഹിച്ചുവരുന്നു.

സ്വാഭാവിക വനങ്ങളുടെ പുനരുദ്ധാരണത്തിന് 2016-17 മുതൽ ഗ്രീൻ ഇന്ത്യ മിഷൻ നടപ്പിലാക്കിവരുന്നു. കൂടാതെ 2002-03 മുതൽ 2015-16 വരെ

ദേശീയ വനവൽക്കരണ പരിപാടി നടപ്പിലാക്കി 39619.31 ഹെക്ടർ സ്വാഭാവിക വനങ്ങൾ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്.

കേരളത്തിലെ വനവിഭവങ്ങളുടെ സുസ്ഥിരവും ദീർഘവുമായ പരിപാലനം ലക്ഷ്യമിട്ട് 1988-ലെ കേന്ദ്ര വന നയത്തിന്റെ ഭാഗമായി പങ്കാളിത്ത വന പരിപാലനം 1998 മുതൽ നടപ്പാക്കിവരുന്നു. തടിയേതര വനവിഭവങ്ങളുടെ ശാസ്ത്രീയമായ ശേഖരണം, സംസ്കരണം, മൂല്യവർദ്ധനവ് എന്നിവയിൽ വനം വകുപ്പ് ആദിവാസികൾക്ക് ആവശ്യമായ പരിശീലനങ്ങൾ നൽകിയിട്ടുണ്ട്.

(ബി) വനാശ്രിത സമൂഹമെന്ന നിലയ്ക്ക് തകർന്നുപോയ ആദിവാസികളുടെ കൂട്ടായ്മ ശക്തിപ്പെടുത്താനും സാഹചര്യമനുസരിച്ച് പുനരാവിഷ്കരിക്കാനും പ്രത്യേക പദ്ധതികളുടെ ആവശ്യകത വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ആദിവാസി വിഭാഗങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവന്ന് ഏകോപിതമായ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് പങ്കാളിത്ത

വനപരിപാലനത്തിന് കീഴിൽ ആദിവാസികൾ മാത്രം അംഗങ്ങളായ ആദിവാസി വനസംരക്ഷണ സമിതികൾ (AVSS) രൂപീകരിച്ചിട്ടുണ്ട്.

ആദിവാസികൾ ശേഖരിക്കുന്ന വനവിഭവങ്ങൾക്ക് ഇടനിലക്കാരുടെ ഇടപെടൽ ഇല്ലാതെ ന്യായമായ വില ലഭിക്കത്തക്കവിധം വിപണനം ചെയ്യുന്നതിനായി 'വനശ്രീ' വിപണന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ 2 മൊബൈൽ യൂണിറ്റുകൾ ഉൾപ്പടെ സംസ്ഥാനത്തൊട്ടാകെ 70 വനശ്രീ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു.

തടിയേതര വനവിഭവങ്ങളുടെ വിപണന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ട്രൈഫെഡിന്റെ ധനസഹായത്തോടെ നടപ്പാക്കുന്ന MSP for MFP പദ്ധതി വഴി പുതിയ വനശ്രീ യൂണിറ്റുകളുടെ രൂപീകരണം, നിലവിലുള്ള വനശ്രീ യൂണിറ്റുകളുടെ ആധുനികവത്കരണം, വനവിഭവങ്ങൾക്ക് മെച്ചപ്പെട്ട സംഭരണ സംവിധാനം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി വഴി 24 ചെറുകിട വന വിഭവങ്ങൾക്ക് താങ്ങുവില ഏർപ്പെടുത്തിയിട്ടുണ്ട്. കാട്ടുതേൻ സംഭരണ വിപണനത്തിനായി

'റിവോൾവിംഗ് ഫണ്ട്' രൂപീകരിക്കുന്നതിനുള്ള ധനസഹായവും ഈ പദ്ധതി വഴി നടപ്പാക്കിയിട്ടുണ്ട്.

TRIFED-ന്റെ ധനസഹായത്തോടെ 'Van Dhan Vikas Kendra (VDVK)' വഴി വിവിധ VSS-കളുടെ കീഴിലായി VDVK-കൾ രൂപീകരിച്ച് വനവിഭവ ശേഖരണ വിപണന മേഖലയിൽ മെച്ചപ്പെട്ട സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വയനാട് ജില്ലയിൽ നിലവിൽ 13 VDVK-കളും മറ്റ് ജില്ലകളിലായി 31 VDVK-കളും മുഖേന 44 മൂല്യവർദ്ധിത ചെറുകിട വനവിഭവ ഉത്പന്നങ്ങൾ വിപണനം ചെയ്തുവരുന്നു.

വനവിഭവങ്ങൾക്കും തങ്ങൾ അധിവസിക്കുന്ന ഭൂമിക്കുംമേൽ കൈവശാവകാശം നൽകുന്നതിനായി 2006-ലെ വനാവകാശ നിയമ പ്രകാരമുള്ള അവകാശങ്ങൾ നടപ്പാക്കുന്നതിനുള്ള നടപടികളും വനം വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. വനവിഭവങ്ങളുടെ ശാസ്ത്രീയ ശേഖരണ, സംസ്കരണ, മൂല്യവർദ്ധന പ്രവർത്തനങ്ങളിൽ ആവശ്യമായ പരിശീലന പരിപാടികളും വനം വകുപ്പ് ആദിവാസികൾക്കായി നടപ്പാക്കിയിട്ടുണ്ട്.

(സി) തടിയിതര വനവിഭവ പരിപാലനത്തിന് അനുയോജ്യമായ ഊരുകൾ തെരഞ്ഞെടുക്കുന്നതിന് പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

വനവിഭവ പരിപാലനത്തിന് മാത്രമായി ഊരുകൾ തെരഞ്ഞെടുത്തിട്ടില്ല. തടിയേതര വനവിഭവ പരിപാലനം ഊരുകളിലെ നിവാസികൾ അംഗങ്ങളായിട്ടുള്ള വനസംരക്ഷണ സമിതി/ഇക്കോ-ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവ മുഖേന നടപ്പാക്കിവരുന്നു.

(ഡി) ആദിവാസി വനസംരക്ഷണ സമിതിയുടെ പ്രവർത്തനങ്ങൾ യഥാസമയം അവലോകനം ചെയ്യുന്നതിനും നിയന്ത്രിക്കുന്നതിനും പ്രത്യേക സംവിധാനം വികസിപ്പിച്ചിട്ടുണ്ടോ?

ഉണ്ട്. ആദിവാസി വന സംരക്ഷണ സമിതികൾക്കുവേണ്ടി തയ്യാറാക്കിയ പങ്കാളിത്ത വന പരിപാലന മാർഗ്ഗനിർദ്ദേശങ്ങൾക്കും സമിതികളുടെ നിയമാവലിക്കും അനുസൃതമായി ബന്ധപ്പെട്ട റേഞ്ച് ഫോറസ്റ്റ് ഓഫീസറുടെ നേതൃത്വത്തിൽ ജനാധിപത്യ രീതിയിൽ തെരെഞ്ഞെടുക്കപ്പെടുന്ന എക്സിക്യൂട്ടീവ് കമ്മിറ്റി, ജനറൽ ബോഡി

യോഗങ്ങളുടെ തീരുമാന പ്രകാരവും അംഗീകൃത മൈക്രോപ്ലാനിന് വിധേയമായുമാണ് സമിതികളുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്.

അതത് സമിതി നിർവ്വഹണതലം മാസംതോറും യോഗം ചേർന്ന് സമിതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തി നിർദ്ദിഷ്ട അവലോകനങ്ങളും കാലാകാലങ്ങളിലുള്ള റിപ്പോർട്ടുകളും റേഞ്ച് ഫോറസ്റ്റ് ഓഫീസർമാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്ക് സമർപ്പിക്കുന്നു. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ഇവ അവലോകനം ചെയ്ത് സമിതിയുടെ പ്രവർത്തനങ്ങൾ സുഗമമായി മുന്നോട്ടു കൊണ്ടുപോകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നു. 6 മാസത്തിലൊരിക്കൽ കൺസർവേറ്റർ പ്രവർത്തനങ്ങൾ അവലോകനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകി റിപ്പോർട്ട് ചീഫ് കൺസർവേറ്റർക്ക് സമർപ്പിക്കുന്നു.

(ഇ) അപൂർവ്വവും വംശനാശ ഭീഷണി നേരിടുന്നതുമായ ഔഷധ സസ്യങ്ങളും പ്രത്യേക ജൈവ മേഖലകളും സംരക്ഷിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

വന സംരക്ഷണ സമിതികളുടെ അധികാര പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ അപൂർവ്വവും വംശനാശ ഭീഷണി നേരിടുന്നതുമായ ഔഷധ സസ്യങ്ങൾ ഉള്ള വനമേഖലയെ പ്രത്യേകം ജൈവ സംരക്ഷണ മേഖലകളാക്കി തിരിച്ച് സംരക്ഷിച്ചുവരുന്നു. ആദിവാസി ഗോത്ര സമൂഹങ്ങളുടെ പാരമ്പര്യ അറിവുകളുടെ അടിസ്ഥാനത്തിലും ആ മേഖലകളിലെ പ്രാദേശിക പ്രത്യേകതകൾക്കനുസൃതമായി സംരക്ഷിക്കപ്പെടേണ്ട അപൂർവ്വവും വംശനാശ ഭീഷണി നേരിടുന്നതുമായ ഔഷധ സസ്യങ്ങൾ കണ്ടെത്തുകയും അവ അതാത് VSS/EDC-കളുടെ മൈക്രോപ്ലാനിൽ രേഖപ്പെടുത്തി അനുയോജ്യമായ സംരക്ഷണ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പാക്കുകയും ചെയ്യുന്നു. കേരള വന ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട്, ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജെനറ്റിക്സ് & ട്രീ ബ്രീഡിംഗ്, കോയമ്പത്തൂർ കേരള കാർഷിക സർവ്വകലാശാല എന്നിവ മുഖേന 20 അപൂർവ്വവും വംശനാശ ഭീഷണി നേരിടുന്നതുമായ സസ്യങ്ങളുടെ സംരക്ഷണത്തിനായി ഗവേഷണ പദ്ധതി നടപ്പിലാക്കിവരുന്നു.

**സേഫ് പദ്ധതി**

13(*73) ശ്രീ. പി. ടി. എ. റഹീം:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ജനങ്ങൾ വസിക്കുന്ന പൂർണ്ണ സുരക്ഷിതത്വവും മതിയായ സൗകര്യവുമില്ലാത്ത വീടുകൾ നവീകരിക്കുന്നതിനായി സേഫ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭവന പൂർത്തീകരണവും പുനരുദ്ധാരണവും ലക്ഷ്യമിട്ട് 2022-23 സാമ്പത്തിക വർഷം മുതൽ SAFE (Secure Accommodation and Facility Enhancement) പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

2010 ഏപ്രിൽ 1-നുശേഷം ഭവന പൂർത്തീകരണം നടത്തിയിട്ടുള്ളതും കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ഭവന നിർമ്മാണത്തിനോ ഭവന പുനരുദ്ധാരണത്തിനോ ഭവന പൂർത്തീകരണത്തിനോ സർക്കാർ ധനസഹായം ലഭിക്കാത്തതും ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാനവുമുള്ള പട്ടികജാതി വിഭാഗക്കാരെയും 2.50 ലക്ഷം രൂപയിൽ താഴെ വാർഷികവരുമാനമുള്ള പട്ടികവർഗ്ഗ വിഭാഗക്കാരെയുമാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്.

കൂടാതെ, 2006 ഏപ്രിൽ 1-നും 2010 ഏപ്രിൽ 1-നുമിടയിൽ നിർമ്മാണം പൂർത്തീകരിച്ചതും, അറ്റകുറ്റപ്പണി നടത്തി വാസയോഗ്യമാക്കാൻ കഴിയുമെന്ന് അക്രഡിറ്റഡ് എഞ്ചിനീയർമാർ സാക്ഷ്യപ്പെടുത്തിയതുമായ പട്ടികവർഗ്ഗ വിഭാഗക്കാരുടെ വീടുകളെക്കൂടി SAFE പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) സേഫ് പദ്ധതി പ്രകാരം ഇതുവരെ എത്ര വീടുകൾ നവീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

സേഫ് പദ്ധതി പ്രകാരം ഭവന നവീകരണത്തിന് അനുമതി നൽകിയ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ 10112 വീടുകളിൽ 1537 വീടുകളുടെയും

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ 1500 വീടുകളിൽ 166 വീടുകളുടെയും നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്നവയുടെ നവീകരണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

(സി) ഏതെല്ലാം പ്രവൃത്തികൾക്കാണ് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ?

1. മേൽക്കൂര പൂർത്തീകരണം
2. വാതിലുകളും ജനലുകളും സ്ഥാപിക്കൽ
3. അടുക്കള നിർമ്മാണം
4. അടുക്കള നവീകരണം (കിച്ചൺ സ്ലാബ്, ഷെൽഫ്, അടുപ്പ് ഉൾപ്പെടെ)
5. അഡീഷണൽ റൂം നിർമ്മിക്കൽ
6. ഫ്ളോറിംഗ്, ടൈൽപാകൽ
7. വയറിംഗ്, വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ (ELCB സഹിതം), ഫാൻ, ലൈറ്റ് സ്ഥാപിക്കൽ

8. പ്ലംബിംഗ് പ്രവൃത്തികൾ (പ്ലംബിംഗ് ചെയ്ത വീട്ടിനുള്ളിൽ അടുക്കളയിലും ടോയ്‌ലറ്റിലും പൈപ്പ് വഴി വെള്ളം ലഭ്യമാകുന്ന രീതിയിൽ സജ്ജീകരിക്കുന്നതിന്)

9. ഭിത്തികൾ ബലപ്പെടുത്തൽ

10. വീടുകളുടെ ചുവർ തേച്ച് പെയിന്റ് ചെയ്യൽ/മേൽക്കൂര നവീകരണം/ ടോപ്പ് പ്ലാസ്റ്ററിംഗ്

11. ശുചിത്വ ടോയ്‌ലറ്റ് നിർമ്മാണം

(ഡി) വീട് പൂർണ്ണമായും വാസയോഗ്യമാക്കാൻ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വീടൊന്നിന് നൽകുന്ന ധനസഹായം എത്രയെന്ന് വ്യക്തമാക്കാമോ?

എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വീടൊന്നിന് പരമാവധി 2 ലക്ഷം രൂപ നിരക്കിലും പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 2.50 ലക്ഷം രൂപ നിരക്കിലും സേഫ് പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നുണ്ട്.

**ടെട്രാപോഡുകൾ ഉപയോഗിച്ചുള്ള തീരസംരക്ഷണം**

14(*74) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി തീരദേശങ്ങളിലെ രൂക്ഷമായ കടലാക്രമണവും അതുമൂലം ഉണ്ടാകുന്ന തീരശോഷണവും കാരണം ജനങ്ങൾക്കുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഹ്രസ്വകാലാടിസ്ഥാനത്തിൽ അനുയോജ്യമായ സ്ഥലങ്ങളിൽ ജിയോ ബാഗുകളിൽ മണൽ നിറച്ചും, കല്ല് ഉപയോഗിച്ചുള്ള പുനരുദ്ധാരണ പ്രവൃത്തികൾ നടത്തിയും അടിയന്തരമായി കടൽതീരത്തെ സംരക്ഷിക്കാനുള്ള നടപടികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ജലസേചന വകുപ്പ് നടപ്പിലാക്കാറുണ്ട്. എന്നാൽ കാലാവസ്ഥാ വ്യതിയാനവും മറ്റ് പ്രകൃതി പ്രതിഭാസങ്ങളും മൂലമുണ്ടാകുന്ന കടലാക്രമണത്തെ ചെറുക്കാൻ തീരഘടനയ്ക്ക് അനുയോജ്യമായ സുസ്ഥിര നൂതന പരിഹാര മാർഗ്ഗങ്ങൾ

അവലംബിക്കേണ്ടതായിട്ടുണ്ട്. പുതിയ സാങ്കേതികവിദ്യകൾ ഉചിതമായി സംയോജിപ്പിച്ചുകൊണ്ട് തീരദേശ പരിരക്ഷണ നടപടികൾ അഞ്ചു വർഷംകൊണ്ട് നടപ്പിലാക്കുന്നതിനായി 2021-22-ലെ സംസ്ഥാന ബഡ്ജറ്റിൽ 5300 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യ ഘട്ടമായി കിഫ്ബി ധനസഹായത്തോടെ 1500 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ തീരുമാനിക്കുകയുണ്ടായി. ഇതുപ്രകാരമുള്ള പദ്ധതികൾ ഏറ്റെടുത്തു നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കടലാക്രമണം അതീവ രൂക്ഷമായ മേഖലകളിൽ സുസ്ഥിര തീരസംരക്ഷണം ഉറപ്പാക്കുന്നതിനുവേണ്ടി ടെട്രോപോഡുകൾ ഉപയോഗിച്ച് സംരക്ഷണഭിത്തി നിർമ്മിക്കുന്ന പ്രവർത്തനങ്ങളുടെ സ്ഥിതി വിശദമാക്കുമോ?

സുസ്ഥിര പരിഹാര മാർഗ്ഗങ്ങൾ അവലംബിക്കുന്നതിന്റെ ഭാഗമായി പരിസ്ഥിതിക്ക് അനുയോജ്യമായ രീതിയിൽ കടൽഭിത്തിയുടെയും പുലിമുട്ടുകളുടെയും പുതുക്കിയ ഡിസൈനു (Hybrid Design) വേണ്ടി NCCR (National Centre for Coastal Research) എന്ന വിദഗ്ദ്ധ സ്ഥാപനത്തിന്റെ

സഹായത്തോടെ വിശദമായ പഠനം നടത്താൻ MOU വയ്ക്കുകയുണ്ടായി. കടലാക്രമണം ഏറ്റവും കൂടുതൽ രൂക്ഷമായി ബാധിക്കുന്ന കൊല്ലങ്കോട്, ശംഖുമുഖം, ആലപ്പാട്, ഒറ്റമശേരി, ചെല്ലാനം, കൊടുങ്ങല്ലൂർ, പൊന്നാനി, കാപ്പാട്, തലശ്ശേരി, വലിയപറമ്പ എന്നീ പ്രദേശങ്ങളെ ഹോട്ട്സ്പോട്ടുകളായി തെരഞ്ഞെടുക്കുകയുണ്ടായി.

കടലാക്രമണം ഏറ്റവും രൂക്ഷമായ എറണാകുളം ജില്ലയിലെ ചെല്ലാനം പ്രദേശത്ത് ടെട്രാപോഡ് സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള സംയോജിത കടൽഭിത്തിയുടെയും പുലിമുട്ടുകളുടെയും നിർമ്മാണം ജലസേചന വകുപ്പിന്റെ SPV-യായ KIIDC മുഖേന കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കി വരുന്നു .

NCCR-ന്റെ ഡിസൈൻ പ്രകാരം തിരുവനന്തപുരം ജില്ലയിലെ കൊല്ലങ്കോട് പ്രദേശത്ത് ടെട്രാപോഡ് ഉപയോഗിച്ച് കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള 51 കോടി രൂപയുടെ എസ്റ്റിമേറ്റിന് 24-12-2022-ലെ സ.ഉ.(സാധാ) നം.1150/2022/ജവിവ പ്രകാരം കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കാൻ തത്വത്തിൽ അംഗീകാരം

നൽകിയിട്ടുണ്ട്. നടപടികളുടെ പൂർത്തീകരണത്തിന്റെ ഭാഗമായി ഇവ ഇനി മന്ത്രിസഭ പരിശോധിക്കേണ്ടതുണ്ട്. തിരുവനന്തപുരം ജില്ലയിലെ പനത്തുറക്കര പ്രദേശത്ത് ടെട്രാപോഡ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മിക്കുന്നതിന് NCCR-ന്റെ ഡിസൈൻ പ്രകാരമുള്ള 70 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കാനുള്ള പ്രവൃത്തിയുടെ പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ട്.

ജലസേചന വകുപ്പിന്റെ എസ്.പി.വി.ആയ കെ.ഐ.ഐ.ഡി.സി. തീരസംരക്ഷണത്തിനായി കിഫ്ബി ധനസഹായത്തോടെ ആലപ്പുഴ ജില്ലയിലും, എറണാകുളം ജില്ലയിലും തീരസംരക്ഷണ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ആലപ്പുഴ ജില്ലയിൽ ഏകദേശം 15.8 കിലോമീറ്റർ തീരസംരക്ഷണവും എറണാകുളം ജില്ലയിൽ ഏകദേശം 7.3 കിലോമീറ്റർ തീരസംരക്ഷണവുമാണ് നടപ്പിലാക്കിവരുന്നത്.

പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി ചുവടെ നൽകുന്നു.

**ആലപ്പുഴ ജില്ല**

1. ആലപ്പുഴ നിയോജക മണ്ഡലത്തിലെ മാരാരിക്കുളം തെക്ക് പഞ്ചായത്തിൽ കാട്ടൂരിൽ (Ch.168.465 km to Ch.171.627 km) 3.16 കിലോമീറ്റർ നീളത്തിലുള്ള തീരദേശസംരക്ഷണ പദ്ധതി (കിഫ്ബി സാമ്പത്തിക അനുമതി: ₹49.859 കോടി രൂപ). പദ്ധതി പ്രവൃത്തികൾ 81 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്.

2. അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ പുന്നപ്ര തെക്ക്, അമ്പലപ്പുഴ വടക്ക്, അമ്പലപ്പുഴ തെക്ക് പഞ്ചായത്തുകളിലെ കാക്കാഴം മുതൽ പുന്നപ്ര വരെ (Ch.77.34 km to Ch.82.74 km) 3.24 കിലോമീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണ പദ്ധതി (കിഫ്ബി സാമ്പത്തിക അനുമതി: ₹53.358 കോടി രൂപ). പദ്ധതി പ്രവൃത്തികൾ 83 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്.

3. ഹരിപ്പാട് നിയോജകമണ്ഡലത്തിലെ തൃക്കുന്നപ്പുഴ പഞ്ചായത്തിലെ പതിയങ്കരയിൽ (Ch.60.1 km to Ch.61.6 km) 1.50 കിലോമീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണ പദ്ധതി (കിഫ്ബി സാമ്പത്തിക അനുമതി: ₹21.635 കോടി രൂപ) പദ്ധതി പ്രവൃത്തികൾ 86 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്.

4. ഹരിപ്പാട് നിയോജക മണ്ഡലത്തിലെ ആറാട്ടുപുഴയിൽ (Ch.56.6 km to 57.8 km) 1.20 കിലോമീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണ പദ്ധതി (കിഫ്ബി സാമ്പത്തിക അനുമതി: ₹28.519 കോടി രൂപ) പദ്ധതി പ്രവൃത്തികൾ 66 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്.

5. ഹരിപ്പാട് നിയോജക മണ്ഡലത്തിലെ വട്ടച്ചാലിൽ (Ch.53.4 km to Ch.55.2 km) 1.80 കിലോമീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണ പദ്ധതി (കിഫ്ബി സാമ്പത്തിക അനുമതി: ₹30.67 കോടി രൂപ) പ്രവൃത്തികൾ 88% പൂർത്തീകരിച്ചിട്ടുണ്ട്.

6. ചേർത്തല നിയോജകമണ്ഡലത്തിലെ ഒറ്റമശ്ശേരി, ആലപ്പുഴയിലെ കാട്ടൂർ-പൊള്ളേത്തൈ, അമ്പലപ്പുഴയിലെ കാക്കാഴം, ഹരിപ്പാട് മണ്ഡലത്തിലെ വട്ടച്ചാൽ-നെല്ലാനിക്കൽ തുടങ്ങിയ ഇടങ്ങളിൽ പുലിമുട്ടുകൾ ഉപയോഗിച്ചുള്ള തീരദേശ സംരക്ഷണ പദ്ധതി (കിഫ്ബി സാമ്പത്തിക അനുമതി: ₹78.34 കോടി രൂപ) ടെണ്ടർ ചെയ്ത് കരാർ നടപ്പിലാക്കി പുലിമുട്ടുകൾക്കു വേണ്ടി ടെട്രാപോഡുകളുടെ നിർമ്മാണം ആരംഭിച്ചു.

**എറണാകുളം ജില്ല**

1. കിഫ്ബി – എറണാകുളം ജില്ലയിലെ ചെല്ലാനത്ത് CP 976-നും CP 1052-നും ഇടയിൽ 10 കിലോമീറ്റർ നീളത്തിൽ കടൽഭിത്തിയുടെ നവീകരണം-ഘട്ടം I - CP 986-നും CP 1026-നും ഇടയിൽ 7.3 കിലോമീറ്റർ നീളത്തിലെ കടൽഭിത്തിയുടെ നവീകരണം (കിഫ്ബി സാമ്പത്തിക അനുമതി: ₹344.20 കോടി രൂപ). പദ്ധതി പ്രവൃത്തികൾ 91.31 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് പ്രദേശങ്ങളിൽ NCCR-ന്റെ നേതൃത്വത്തിൽ വിവര ശേഖരണം നടത്തുകയും, Solution/design തയ്യാറാക്കി വരികയുമാണ്.

(സി) കടലാക്രമണം തടയുന്നതിന് എറണാകുളം ജില്ലയിലെ ചെല്ലാനം മേഖലയിൽ സ്ഥാപിച്ച ടെട്രോപോഡുകൾ ഉപയോഗിച്ചുള്ള തീരസംരക്ഷണരീതി സംസ്ഥാനത്താകമാനം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ;

കടൽതീരവുമായി ബന്ധപ്പെട്ട് ശാസ്ത്രീയമായി വിവരശേഖരണം നടത്തി ലഭ്യമാകുന്ന വിവരങ്ങൾ വിശകലനം ചെയ്തശേഷമാണ് രൂപകല്പന നടത്തി തീരപ്രദേശത്തിന് അനുയോജ്യമായ നിർമ്മിതികൾ അവലംബിക്കുന്നത്. പ്രസ്തുത രീതിയിൽ CWPRS, IIT Chennai, NCCR പോലുള്ള വിദഗ്ധ

സ്ഥാപനങ്ങളുടെ പഠനത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ അനുയോജ്യമായ പ്രദേശങ്ങളിൽ ടെട്രാപോഡ് ഉപയോഗിച്ചുള്ള തീരസംരക്ഷണരീതി, ഫണ്ടിന്റെ ലഭ്യതയനുസരിച്ച്, നടപ്പിലാക്കാവുന്നതാണ്.

(ഡി) തീരസംരക്ഷണം ഉറപ്പാക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാരിൽ നിന്നും സമയബന്ധിതമായി സഹായങ്ങൾ ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

കേരളത്തിലെ തീരസംരക്ഷണം ഉറപ്പാക്കുന്നതിനായി കേന്ദ്ര സഹായം ലഭിക്കുന്നതിലേയ്ക്കായി പാർലമെന്റിൽ ബഹു. എം.പി.-മാർ ഉന്നയിക്കേണ്ട ആവശ്യങ്ങളിലുൾപ്പെടുത്താൻ നിരന്തരം നടപടി സ്വീകരിക്കാറുണ്ട്. നിലവിൽ കേരളത്തിലെ തീരസംരക്ഷണത്തിനായി കേന്ദ്ര സഹായങ്ങളൊന്നും ലഭ്യമല്ല. ഈ വിഷയത്തിൽ World bank/ADB എന്നീ ഏജൻസികളിൽ നിന്നും ധനലഭ്യതയ്ക്കായും കിഫ്ബി സഹായത്തിനായും ശ്രമങ്ങൾ നടത്തിവരുന്നു.

**മുതലപ്പൊഴിയിലെ മണൽത്തിട്ടകൾ ഡ്രഡ്ജ് ചെയ്ത് നീക്കാൻ നടപടി**

15(*75) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) മുതലപ്പൊഴിയിലെ ഹാർബറിൽ രൂപപ്പെട്ടിരിക്കുന്ന മണൽത്തിട്ടകൾ ഡ്രഡ്ജ് ചെയ്ത് നീക്കി മൗത്തിലെയും ചാനലിലെയും ആഴം കൂട്ടാൻ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പും അദാനി കമ്പനിയും കരാറിൽ ഏർപ്പെട്ടിരുന്നോ എന്ന് വ്യക്തമാക്കാമോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിന് കല്ലുകൾ ബാർജ് വഴി കടൽമാർഗ്ഗം കൊണ്ടുപോകാനായി മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ തെക്കേ പുലിമുട്ട് പൊളിച്ച് ലോഡ് ഔട്ട് ഫെസിലിറ്റി നിർമ്മിക്കുന്നതിന്റെ ഭാഗമായി M/s. അദാനി പോർട്ടുമായി 10-04-2018-ൽ മൂന്ന് വർഷത്തേയ്ക്ക് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ധാരണാപത്രത്തിൽ ഒപ്പ് വച്ചിട്ടുണ്ട്. തുടർന്ന് 12-04-2021-ൽ ധാരണാപത്രം പുതുക്കുകയും ധാരണാപത്രത്തിന്റെ കാലാവധി 11-04-2024 വരെ നീട്ടി ദീർഘിപ്പിച്ചിട്ടുമുണ്ട്.

(ബി) പ്രസ്തുത കരാർ പ്രകാരം എന്തൊക്കെ നടപടികളാണ് അദാനി കമ്പനി സ്വീകരിക്കേണ്ടതെന്ന് വ്യക്തമാക്കാമോ?

M/s. അദാനി പോർട്ടുമായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഒപ്പ് വച്ച ധാരണാപത്രം പ്രകാരം മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിലെ മൗത്തിലും ചാനലിലും അഞ്ച് മീറ്ററും തുറമുഖ ബേസിനിൽ മൂന്ന് മീറ്ററും ആഴം ഉറപ്പാക്കണമെന്നും ഗൈഡ് ലൈറ്റ്, ബോയ എന്നിവ സ്ഥാപിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നു. കൂടാതെ ലോഡ് ഔട്ട് ഫെസിലിറ്റിയുടെ പ്രവർത്തനമോ ഡ്രഡ്ജിംഗ് പ്രവൃത്തികളോമൂലം പുലിമുട്ടിന് ഉണ്ടാകുന്ന കേടുപാടുകൾ അദാനി പോർട്ട്സ് സ്വന്തം ചെലവിൽ പരിഹരിക്കേണ്ടതുമാണ്.

(സി) ഹാർബറിൽ രൂപപ്പെട്ടിരിക്കുന്ന മണൽത്തിട്ടകൾ ഡ്രഡ്ജ് ചെയ്ത് നീക്കി മൗത്തിലെയും ചാനലിലെയും ആഴം അഞ്ച് മീറ്റർ ആയി നിലനിർത്താൻ അദാനി കമ്പനിയെ ചുമതലപ്പെടുത്തിയിരുന്നോ എന്ന് വ്യക്തമാക്കാമോ?

M/s. അദാനി പോർട്ടുമായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഒപ്പ് വച്ച ധാരണാപത്രം പ്രകാരം മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിലെ

മൗത്തിലും ചാനലിലും അഞ്ച് മീറ്റർ ആഴം ഉറപ്പാക്കേണ്ടത് അദാനി പോർട്ട്സിന്റെ ചുമതലയാണ്.

(ഡി) 2021-നശേഷം അദാനി കമ്പനി ഈ പ്രവൃത്തികൾ ചെയ്തിരുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

അദാനി കമ്പനിയുമായുള്ള ധാരണപത്രം പ്രകാരം അഴിമുഖത്തും ചാനലിലും അഞ്ച് മീറ്റർ ആഴവും തുറമുഖ ബേസിനിൽ 3 മീറ്റർ ആഴവും ആവശ്യമാണ്. എന്നാൽ 2021-നശേഷം അദാനി കമ്പനി അഴിമുഖത്തും ചാനലിലും ധാരണാപത്രം പ്രകാരമുള്ള ഡ്രഡ്ജിംഗ് നടത്തിയിട്ടില്ല. മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിൽ അഴിമുഖത്തും ചാനലിലും ചിതറിക്കിടക്കുന്ന കല്ലുകളും ടെട്രാപോഡുകളും നീക്കം ചെയ്ത് ഡ്രഡ്ജിംഗ് നടത്തുന്നതിന് നിരവധി തവണ യോഗം ചേർന്ന് രേഖാമൂലം കത്തുകൾ നൽകിയെങ്കിലും അദാനി കമ്പനി അഴിമുഖം ഡ്രഡ്ജ് ചെയ്യുന്നതിന് തുടർനടപടികൾ സ്വീകരിച്ചിരുന്നില്ല. 19-05-2023 മുതൽ 07-06-2023 വരെയുള്ള കാലയളവിൽ അഴിമുഖത്ത് ചാനലിൽ രൂപം കൊണ്ട മണൽത്തിട്ട

ഭാഗികമായി നീക്കം ചെയ്യുന്ന പ്രവൃത്തി മാത്രമാണ് അദാനി പോർട്ട് ചെയ്തിട്ടുള്ളത്.

31-07-2023-ൽ അദാനി കമ്പനിയുമായി നടത്തിയ മന്ത്രിതല ചർച്ചയിൽ അഴിമുഖത്തും ചാനലിലും ചിതറി കിടക്കുന്ന കല്ലുകൾ നീക്കം ചെയ്ത് ഡ്രഡ്ജിംഗ് യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കണമെന്ന് കമ്പനിക്ക് കർശന നിർദ്ദേശം നൽകുകയുണ്ടായി. തുടർന്ന് 02-08-2023 മുതൽ മുതലപ്പൊഴിയിൽ അഴിമുഖത്തും ചാനലിലും ചിതറി കിടക്കുന്ന കല്ലുകൾ ക്രെയിൻ ഉപയോഗിച്ച് നീക്കം ചെയ്തുതുടങ്ങിയിട്ടുണ്ട്. കല്ലുകൾ നീക്കം ചെയ്തതിനുശേഷം ഡ്രഡ്ജിംഗ് നടത്തുന്നതുമാണ്.

**ശുദ്ധജല ഗുണനിലവാര പരിശോധന പദ്ധതി**

16(*76) ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശുദ്ധജല ഗുണനിലവാര പരിശോധനയ്ക്കായി ഏത് പദ്ധതിയാണ് സജ്ജമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ശുദ്ധജല ഗുണനിലവാര പരിശോധനയ്ക്കായി, ജലജീവൻ മിഷൻ പദ്ധതിയുടെ സഹായത്തോടെ നിലവിൽ ഒരു സ്റ്റേറ്റ് ലാബും പതിനാല് ജില്ലാ ലാബുകളും എഴുപത് ഉപജില്ലാ ലാബുകളും പ്രവർത്തിച്ചുവരുന്നുണ്ട്.

ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി വെള്ളത്തിന്റെ ഗുണ നിലവാരം ഫീൽഡ് ടെസ്റ്റ് കിറ്റ് ഉപയോഗിച്ച് വികേന്ദ്രീകൃതമായും ജനപങ്കാളിത്തത്തോടെയും നടപ്പിലാക്കുന്ന സംവിധാനം നിലവിലുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ?

കുടിവെള്ള പദ്ധതികളിലെ ജലപരിശോധന നടത്തുന്നതുവഴി ഈ പദ്ധതികളിലൂടെ വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്താനുള്ള പ്രേരണാ ശക്തിയാകുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യം. വെള്ളത്തിൽ അടങ്ങിയിട്ടുള്ള വിവിധങ്ങളായ രാസ ഘടകങ്ങൾ, ബാക്ടീരിയ എന്നിവയുടെ സാന്നിധ്യം പരിശോധിച്ച് വെള്ളം കുടിവെള്ള

യോഗ്യമാണോ എന്ന് പരിശോധിക്കുന്നു. നിലവിലെ അവസ്ഥയിൽ പ്രശ്നങ്ങൾ ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നു. അതോടൊപ്പം വിവിധ പ്രദേശങ്ങളിലെ വെള്ളത്തിന്റെ പ്രത്യേകതകൾ അറിയുന്നതിനും അവ സംസ്ഥാന ദേശീയ തലത്തിൽ ഒരു data base ആക്കാനും സാധിക്കുന്നു.

**(സി) പ്രസ്തുത പദ്ധതി ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?**

ജൽജീവൻ മിഷൻ പദ്ധതിയുടെയും കേരള സർക്കാരിന്റെയും സഹായത്തോടെയാണ് പ്രസ്തുത പ്രവർത്തനങ്ങൾ നടത്തിവരുന്നത്. കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള ക്വാളിറ്റി കൺട്രോൾ വിഭാഗമാണ് പദ്ധതികൾ നടപ്പിലാക്കുന്നത്.

ഫീൽഡ് ടെസ്റ്റ് കിറ്റ് ഉപയോഗിച്ചുള്ള പരിശോധന നിലവിൽ കുടുംബശ്രീ പ്രവർത്തകർ മുഖേനയാണ് നടപ്പിലാക്കുന്നത്. അവർക്ക് ആവശ്യമായ പരിശീലനം ഗ്രാമപഞ്ചായത്ത് തലത്തിൽ KRWSA, KWA, സഹായ സംഘടനകൾ മുഖേന നൽകിവരുന്നു.

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളുടെ വിശദാംശം നൽകുമോ; എന്തെല്ലാം സഹായങ്ങളാണ് പദ്ധതിക്ക് ലഭ്യമാക്കുന്നതെന്ന് വിശദമാക്കുമോ?

കേരളത്തിൽ കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി എസ്.ആർ.ഐ. (സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ട്) ലാബും 14 ജില്ലാ ലാബുകളും 70 ഉപജില്ലാ ലാബുകളും നിലവിൽ പ്രവർത്തിക്കുന്നുണ്ട്. 2020-21, 2021-22 കാലയളവിലെ ജെ.ജെ.എം പദ്ധതി പ്രകാരം നിലവിലുണ്ടായിരുന്ന 14 ജില്ലാ ലാബുകളുടെയും 32 ഉപജില്ലാ ലാബുകളുടെയും കൂടാതെ അധികമായി സ്ഥാപിച്ച 38 ഉപജില്ലാ ലാബുകളുടെയും നവീകരണ പ്രക്രിയ പൂർത്തിയാക്കിയിട്ടുണ്ട്. ഇവയിൽ കാരഡ്ക്ക, നൂൽപ്പുഴ എന്നീ ലാബുകൾക്ക് ഒഴികെ മറ്റ് എല്ലാ ലാബുകൾക്കും 2021-22 കാലയളവിൽ എൻ.എ.ബി.എൽ. (National Accreditation Board for Testing and Calibration Laboratories) അക്രിഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. എൻ.എ.ബി.എൽ അക്രിഡിറ്റേഷൻ ലഭിച്ച ലാബുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.+ ഈ ലാബുകളുടെ പ്രവർത്തനത്തിനാവശ്യമായ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉയർന്ന ഗുണ നിലവാരത്തിലുള്ള ലാബ് ഉപകരണങ്ങൾ, കെമിക്കലുകൾ, ഗ്ലാസ് വെയറുകൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ആവശ്യത്തിന് ജീവനക്കാരെ ഉപയോഗിച്ച് ഗ്രാമീണ മേഖലകളിൽ നിന്ന് എല്ലാ മാസവും ഓരോ ഉപജില്ലാ ലാബും ഇരുന്നൂറ്റി അമ്പത് ജല സാമ്പിളുകൾ വീതം ശേഖരിച്ച് പരിശോധിച്ച് വരുന്നുണ്ട്. ഇതിൽ നിന്നും തെരഞ്ഞെടുക്കുന്ന സാമ്പിളുകൾ ജില്ലാ ലാബുകളിൽ പരിശോധിക്കുകയും കൂടുതൽ പരിശോധന ആവശ്യമുള്ള സാമ്പിളുകൾ നെട്ടൂരിൽ സ്ഥിതി ചെയ്യുന്ന എസ്.ആർ.ഐ. (സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ട്) ലാബിൽ പരിശോധിച്ച് ഗുണ നിലവാരം ഉറപ്പ് വരുത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ ജൽജീവൻ മിഷന്റെ സഹായത്തോടെ ഗ്രാമീണ മേഖലകളിലുള്ള കിണർ, കുഴൽ കിണർ തുടങ്ങിയ കുടിവെള്ള സ്രോതസ്സുകളിലെ ജലം ഫീൽഡ് ടെസ്റ്റ് കിറ്റ് ഉപയോഗിച്ച് പ്രാഥമിക ഗുണമേന്മ പരിശോധന നടത്തിവരുന്നുണ്ട്.

**വന്യജീവി ആക്രമണം തടയുന്നതിനുള്ള മാർഗ്ഗങ്ങൾ**

17(*77) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. എം. എം. മണി:
ശ്രീ. ഒ. ആർ. കേളു:

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി <u>(ശ്രീ. എ. കെ. ശശീന്ദ്രൻ)</u> സദയം മറുപടി നൽകുമോ:

(എ) മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ അടങ്ങിയ അഞ്ച് വർഷക്കാലയളവിലേയ്ക്കുള്ള പദ്ധതി കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതി സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നുള്ള പ്രതികരണം ലഭ്യമായിട്ടുണ്ടോ; വിശദവിവരം അറിയിക്കുമോ?

മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനുള്ള നിർദ്ദേശങ്ങളടങ്ങിയ അഞ്ച് വർഷക്കാലയളവിലേയ്ക്കുള്ള 620 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നെങ്കിലും സംസ്ഥാന സർക്കാർ വിവിധ സ്കീമുകളിലൂടെയും വിഭവ സമാഹരണത്തിലൂടെയും ശാസ്ത്രീയവും നൂതനവുമായ സമീപനങ്ങളിലൂടെയും മനുഷ്യ-വന്യമൃഗ സംഘർഷത്തിന് സുസ്ഥിരമായ പരിഹാരം കണ്ടെത്തണമെന്നാണ്

ബഹുമാനപ്പെട്ട കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥ വകുപ്പുമന്ത്രി സംസ്ഥാന സർക്കാരിനെ അറിയിച്ചത്.

(ബി) ജനവാസ മേഖലകളിലിറങ്ങി ആക്രമണം നടത്തുന്ന വന്യജീവികളെ നിയന്ത്രിക്കുന്നതിൽ കേന്ദ്ര നിയമത്തിലുള്ള അപ്രായോഗിക നിയന്ത്രണങ്ങളും തടസ്സങ്ങളും നീക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ;

(സി) വനത്തെയും വന്യജീവികളെയും പരിസ്ഥിതിയെയും സംരക്ഷിക്കുക എന്ന ഭരണഘടനാപരമായ കർത്തവ്യത്തോടൊപ്പം മനുഷ്യന്റെ ജീവനും സ്വത്തിനും സംരക്ഷണം നൽകത്തക്കവിധത്തിലുള്ള പ്രായോഗികമായ നടപടികൾ സ്വീകരിക്കുന്നതിൽ നിലവിലെ കേന്ദ്ര നിയമത്തിലെ വ്യവസ്ഥകൾ എങ്ങനെയാണ് തടസ്സമായിരിക്കുന്നതെന്ന് വിശദമാക്കാമോ?

(ബി&സി) വനാതിർത്തിക്ക് പുറത്തുള്ള ജനവാസമേഖലയിൽ അക്രമാസക്തമായും വിനാശകാരികളായും ഇറങ്ങി ജീവനും സ്വത്തിനും നാശനഷ്ടം വരുത്തുന്ന വന്യമൃഗങ്ങളെ വെടിവച്ചുകൊല്ലുക, മയക്കുവെടി വയ്ക്കുക,

കൂട് വച്ച് പിടിക്കുക, പിടിച്ചുകഴിഞ്ഞാൽ പ്രത്യേകം പാർപ്പിക്കുക തുടങ്ങിയ നടപടികൾ സ്വീകരിക്കുന്നതിന് നിലവിലുള്ള കേന്ദ്ര നിയമമായ 1972-ലെ വന്യജീവി (സംരക്ഷണം) നിയമത്തിലെ വ്യവസ്ഥകൾ പാലിക്കേണ്ടതുണ്ട്. ഈ വ്യവസ്ഥകൾ പ്രകാരം ചീഫ് വൈൽഡ് ലൈഫ് വാർഡന് ചില അധികാരങ്ങൾ ഉണ്ടെങ്കിലും അവ വിനിയോഗിച്ച് പ്രായോഗിക നടപടികൾ സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച Standard Operating Procedure, Advisory to deal with human - wildlife conflict, ടൈഗർ കൺസർവേഷൻ അതോറിറ്റിയും പ്രോജക്ട് എലിഫന്റ് പദ്ധതി പ്രകാരവുമുള്ള ഗൈഡ് ലൈനുകൾ എന്നിവ പാലിക്കാൻ ചീഫ് വൈൽഡ് ലൈഫ് വാർഡൻ നിർബന്ധിതനായതിനാൽ അടിയന്തര ഘട്ടങ്ങളിൽപോലും നടപടി സ്വീകരിക്കുന്നതിന് നിയമ തടസ്സങ്ങൾ ഉണ്ടാവുകയും എടുത്ത നടപടികൾതന്നെ ഫലപ്രദമാകാതിരിക്കുകയും ചെയ്യുന്ന സാഹചര്യം നിലനിൽക്കുകയാണ്.

മേൽ സാഹചര്യത്തിൽ, 1972-ലെ വന്യജീവി (സംരക്ഷണം) ആക്ട് ഭേദഗതി ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കി സമർപ്പിക്കാനായി

ചീഫ് സെക്രട്ടറി കൺവീനറായും അഡീഷണൽ ചീഫ് സെക്രട്ടറി (വനം-വന്യജീവി വകുപ്പ്), അഡീഷണൽ ചീഫ് സെക്രട്ടറി (പരിസ്ഥിതി സംരക്ഷണ വകുപ്പ്), വനം വകുപ്പ് മേധാവി, നിയമ വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായും 26-06-2023-ലെ സർക്കാർ ഉത്തരവ് (സാധാ) നം.248/2023/വനം പ്രകാരം സമിതി രൂപീകരിച്ചിട്ടുണ്ട്. (സർക്കാർ ഉത്തരവ് അനുബന്ധമായി ചേർക്കുന്നു).+

പ്രസ്തുത സമിതിയുടെ പ്രഥമയോഗം 20-07-2023-ൽ ചീഫ് സെക്രട്ടറിയുടെ ചേമ്പറിൽ ചേർന്ന് നിയമഭേദഗതി സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

**മത്സ്യകൃഷിക്ക് ഇൻഷ്വറൻസ് പരിരക്ഷ**

18(*78) ശ്രീ. എച്ച്. സലാം:
ശ്രീ. വി. ജോയി:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) മത്സ്യകൃഷിക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

പരിഗണിക്കുന്നുണ്ട്. മുൻകാലങ്ങളിൽ ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിയ മത്സ്യ കേരളം, മത്സ്യ സമൃദ്ധി എന്നീ പദ്ധതികളിൽ മത്സ്യ കൃഷിക്കായി (ഫാമുകൾ/പാടശേഖര മത്സ്യകൃഷി/കല്ലുമ്മേക്കായ കൃഷി യൂണിറ്റുകൾ) ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിരുന്നു. ഈ പദ്ധതി നിലനിന്നിരുന്ന കാലയളവിൽ മാത്രമാണ് ഇൻഷ്വറൻസ് പരിരക്ഷ മത്സ്യകൃഷിക്കായി ഉണ്ടായിരുന്നത്.

എന്നാൽ നിലവിൽ സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷി പദ്ധതിയിൽ ഇരുപത്തിയഞ്ചോളം മത്സ്യകൃഷി രീതികളാണ് നടപ്പിലാക്കിവരുന്നത്. ടി പദ്ധതി പ്രകാരമുള്ള മത്സ്യകൃഷിക്ക് വിള ഇൻഷ്വറൻസ് ഏർപ്പെടുത്താൻ ഇൻഷ്വറൻസ് കമ്പനികളുമായി യോഗം ചേരുകയും തുടർന്ന് 4 പ്രാവശ്യം ടെണ്ടറുകൾ ക്ഷണിച്ചിരുന്നെങ്കിലും ആരും പങ്കെടുത്തില്ല. ആയതിനാൽ ടി പദ്ധതിയിൽ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്താൻ സാധിച്ചിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന സംസ്ഥാന വിള

ഇൻഷ്വറൻസ് പദ്ധതി മാതൃകയിൽ മത്സ്യകൃഷി രംഗത്തും വിള ഇൻഷ്വറൻസ് പദ്ധതി അവലംബിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) മുൻകാലങ്ങളിൽ ഉണ്ടായിരുന്ന ഇൻഷ്വറൻസ് പരിരക്ഷ പദ്ധതി തുടരുന്നതിന് കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട്.

(സി) കർഷകർക്ക് ഗുണനിലവാരമുള്ള മത്സ്യവിത്ത് ലഭ്യമാക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് മത്സ്യവിത്ത് കേന്ദ്രം മുഖേന നടപ്പാക്കി വരുന്നതെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തെ മത്സ്യ കർഷകർക്ക് ഗുണനിലവാരമുള്ള മത്സ്യവിത്ത് ലഭ്യമാക്കുന്നതിനും ആയതിന്റെ സംഭരണവും വിപണനവും നിയന്ത്രിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും കേരള മത്സ്യ വിത്ത് ആക്ട് 2014 (2015 ലെ 4-ാം ആക്ട്) പ്രകാരം കേരള സർക്കാർ രൂപീകരിച്ചതാണ് സംസ്ഥാന മത്സ്യ വിത്ത് കേന്ദ്രം.

കർഷകർക്ക് ലഭ്യമാകുന്ന മത്സ്യവിത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന്റെ ഭാഗമായി നാളിതുവരെ 249 സീഡ് ഫാമുകൾ, 82 മത്സ്യ വിത്ത് ഹാച്ചറികൾ, 19 ചെമ്മീൻ ഹാച്ചറികൾ, 557 അലങ്കാര മത്സ്യവിത്ത് ഹാച്ചറികൾ എന്നിവയ്ക്ക് മത്സ്യവിത്ത് കേന്ദ്രം മുഖേന രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ നൽകിയിട്ടുണ്ട്. മത്സ്യവിത്തിന്റെ ഗുണമേന്മ പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനുവേണ്ടി 14 ജില്ലകളിലും സീഡ് ഇൻസ്പെക്ടർമാരെ നിയോഗിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ ജില്ലകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യവിത്തുല്പാദനകേന്ദ്രങ്ങളിലും ഹാച്ചറികളിലും പരിശോധന നടത്തി മത്സ്യവിത്തിന്റെ ഗുണമേന്മ, വലിപ്പം, രോഗ നിർണ്ണയം എന്നിവ നടത്തുകയും ഗുണനിലവാരം കുറഞ്ഞതും നടപടിക്രമം പാലിക്കാതെയും മത്സ്യവിത്ത് വിപണനം ചെയ്യുന്ന കേന്ദ്രങ്ങൾക്കെതിരെ മത്സ്യവിത്ത് നിയമത്തിലെ വകുപ്പ് 30 പ്രകാരം ന്യായനിർണ്ണയം നടത്തി പിഴ ഈടാക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നുണ്ട്. കൂടാതെ വിദേശത്തുനിന്നും അന്യസംസ്ഥാനങ്ങളിൽ നിന്നുമുള്ള മത്സ്യവിത്ത് ഇറക്കുമതിയും

കയറ്റുമതിയും നിയന്ത്രിക്കുന്നതിനായി ചെക് പോസ്റ്റുകൾ, റെയിൽവേസ്റ്റേഷൻ, വിമനത്താവളം എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തുടർച്ചയായി പരിശോധന നടത്തുകയും ചെയ്യുന്നുണ്ട്. വിതരണം ചെയ്യുന്ന മത്സ്യവിത്തുകൾ രോഗ വിമുക്തമാണെന്ന് കണ്ടെത്താൻ പരീക്ഷണ ശാലകളിൽ പരിശോധനയും നടത്തിവരുന്നു.

**ജൽജീവൻ മിഷൻ പ്രവർത്തനങ്ങളുടെ പുരോഗതി**

19(*79) ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൽജീവൻ മിഷൻ പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ?

സംസ്ഥാനത്ത് 100 ശതമാനം ഗ്രാമീണ വീടുകൾക്കും കുടിവെള്ളം എത്തിക്കുന്നതിനുവേണ്ടി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽജീവൻ മിഷൻ. ഈ പദ്ധതി ആരംഭിക്കുന്നതിനുമുമ്പ് 17.5 ലക്ഷം ഗ്രാമീണ കുടുംബങ്ങൾക്ക്

ഗാർഹിക കണക്ഷനുകൾ ഉണ്ടായിരുന്നു. എന്നാൽ ഈ പദ്ധതി നിലവിൽ വന്നതിനുശേഷം 35.27 ലക്ഷം കണക്ഷനുകളായി (50.18 ശതമാനം) വർദ്ധിച്ചിട്ടുണ്ട്. ബാക്കി 34.66 ലക്ഷം കണക്ഷനുകൾ നൽകാനുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടികൾ എടുത്തിട്ടുണ്ട്.

(ബി) ജൽജീവൻ മിഷൻ മുഖേന കണക്ഷനുകൾ നല്കുന്ന പ്രവൃത്തികൾക്ക് ദേശീയപാത വിഭാഗത്തിന്റെ അനുമതി സമയബന്ധിതമായി ലഭിക്കാറുണ്ടോ; വിശദമാക്കാമോ?

ജൽജീവൻ മിഷൻ മുഖേന കണക്ഷനുകൾ നൽകുന്ന പ്രവൃത്തികൾക്ക് ദേശീയപാത മുറിച്ച് പൈപ്പ് സ്ഥാപിക്കാൻ അനുമതി നൽകുന്നത് ദേശീയപാത അതോറിറ്റിയും (NHAI) സംസ്ഥാന ദേശീയപാത ഏജൻസിയുമാണ് (PWD-NH MoRTH). ജെ.ജെ.എം. പ്രവൃത്തികളുമായി ബന്ധപ്പെട്ട് 92 അപേക്ഷകൾ NHAI-ക്ക് സമർപ്പിച്ചതിൽ 69 അപേക്ഷകൾക്ക് ഡിമാൻഡ് നോട്ടീസ് ലഭിച്ചിട്ടുണ്ട്. (ഇതിൽ പണമടച്ച 59 അപേക്ഷകൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്. 10 അപേക്ഷകൾക്ക് പണം ഒടുക്കുന്ന മുറക്ക് അനുമതി

ലഭിക്കുന്നതാണ്.) 20 അപേക്ഷകൾക്ക് യൂട്ടിലിറ്റി ഡക്റ്റുകൾ സ്ഥാപിച്ച ചെയ്യുന്നതിനുവേണ്ടി തത്വത്തിൽ NHAI അംഗീകാരം നൽകിയിട്ടുണ്ട്. ആയത് എസ്റ്റിമേറ്റ് എടുത്ത് NHAI ഡിമാൻഡ് നോട്ടീസ് നൽകുന്ന മുറക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. 3 പ്രൊപ്പോസലുകൾ നിലവിൽ ഡക്റ്റ് പ്രൊപ്പോസലാക്കി അംഗീകാരം ലഭിക്കുന്നതിനുവേണ്ടി NHAI-യ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ആയത് ജോയിൻറ് ഇൻസ്പെക്ഷൻ കഴിഞ്ഞ് ഡിമാൻഡ് നോട്ടീസ് നൽകുന്നതിനുള്ള നടപടികൾ NHAI ഭാഗത്തുനിന്ന് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

ജൽജീവൻ മിഷൻ പ്രവർത്തനങ്ങൾക്കുവേണ്ടി ആകെ 80 അപേക്ഷകൾ സ്റ്റേറ്റ് PWD NH-ന് നൽകിയിട്ടുണ്ട്. ഈ അപേക്ഷകൾക്ക് NH MoRTH റീജിയണൽ ഓഫീസിന്റെ അനുമതി ആവശ്യമായിരുന്നു. ഇതിൽ 15 അപേക്ഷകൾക്ക് അനുമതി നൽകുകയും ബാക്കിയുള്ളവ നിരസിക്കുകയും ചെയ്തിരുന്നു. എന്നാൽ 19-04-2023-ന് കേന്ദ്ര ഉപരിതല ഗതാഗത ദേശീയപാത അഡീഷണൽ സെക്രട്ടറി നടത്തിയ യോഗത്തെ തുടർന്ന് 53 എണ്ണം MoRTH റീജിയണൽ ഓഫീസിൽ തത്വത്തിൽ അംഗീകരിക്കുകയും

വ്യവസ്ഥകൾക്ക് വിധേയമായി അംഗീകാരം നൽകുന്നതിന് PWD-NH ചീഫ് എഞ്ചിനീയറോട് ശിപാർശ ചെയ്യുകയും ചെയ്തു. ഈ 53 എണ്ണത്തിൽ 3 എണ്ണത്തിന് PWD NH-ൽ നിന്നും 23-07-2023-ന് ഡിമാൻഡ് നോട്ടീസ് ലഭിച്ചിട്ടുണ്ട്. ബാക്കിയുള്ള 12 അപേക്ഷകൾ PWD-NH-ന്റേതുമാത്രമാണ്. ഇതിൽ 2 എണ്ണത്തിന് 24-07-2023, 29-07-2023 എന്നീ തീയതികളിൽ ഡിമാൻഡ് നോട്ടീസ് ലഭിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് 100 ശതമാനം ഗ്രാമീണ വീടുകൾക്കും കുടിവെള്ളം എത്തിക്കുന്നതിനുവേണ്ടി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹകരണ ത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽജീവൻ മിഷൻ. ഈ പദ്ധതി ആരംഭിക്കുന്നതിന് മുമ്പ് 17.5 ലക്ഷം ഗ്രാമീണ കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷനുകൾ ഉണ്ടായിരുന്നു. എന്നാൽ ഈ പദ്ധതി നിലവിൽ വന്നതിനുശേഷം 35.27 ലക്ഷം കണക്ഷനുകളായി (50.18 ശതമാനം) വർദ്ധിച്ചിട്ടുണ്ട്. ബാക്കി 34.66 ലക്ഷം കണക്ഷനുകൾ നൽകാനുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ദേശീയപാത വിഭാഗത്തിന്റെ അനുമതിയുടെ അഭാവം കൊണ്ടുമാത്രം ജൽജീവൻ മിഷനുകീഴിൽ ആയിരക്കണക്കിന് കണക്ഷനുകൾ നല്കുന്നതിൽ തടസം നേരിടുന്ന സാഹചര്യം മറികടക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ദേശീയപാത വിഭാഗത്തിന്റെ അനുമതിയുടെ അഭാവംകൊണ്ട് ജൽജീവൻ മിഷനു കീഴിൽ കണക്ഷൻ നൽകുന്നതിനുള്ള കാലതാമസം നേരിടുന്നത് മറികടക്കാൻ നാഷണൽ ജെ.ജെ.എം. നിരന്തരമായ റിവ്യൂ മീറ്റിംഗുകൾ നടത്തിവരുന്നു; റീജിണൽ ഓഫീസ് കേന്ദ്രീകരിച്ചുള്ള നിരന്തരമായ ഫോളോ അപ്പുകളും തുടരുന്നു. കൂടാതെ വർക്കുകൾ നടക്കുന്ന അതത് ഓഫീസുകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ NHAI പ്രോജക്ട് ഡയറക്ടറുമായി സൈറ്റ് ഇൻസ്പെക്ഷനുകൾ നടത്തി ബന്ധപ്പെട്ട പ്രോജക്ട് ഡയറക്ടർ, റീജിണൽ ഓഫീസർ NHAI-യ്ക്ക് റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് യഥാസമയം ഫോളോ അപ് ചെയ്ത് അനുമതി ലഭിക്കുന്നതിന് ജെ.ജെ.എം. പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് വഴി നിരന്തരം ശ്രമങ്ങൾ നടത്തി വരികയും ചെയ്യുന്നു.

65 അപേക്ഷകൾക്ക് NH (MoRTH) സമബന്ധിതമായി അനുവാദം നൽകാത്തതിനാൽ കണക്ഷനുകൾ നൽകുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ട്. ഇത് മറികടക്കുന്നതിലേയ്ക്കായി ബന്ധപ്പെട്ട റോഡ് അധികാരികളെ ഉൾപ്പെടുത്തി ഉന്നതതല യോഗങ്ങൾ വിളിച്ച് ജൽജീവൻ മിഷൻ പ്രവൃത്തിയുടെ പ്രാധാന്യം ഉൾക്കൊണ്ട് റോഡ് കട്ടിംഗ് അനുമതി വേഗത്തിലാക്കുന്നതിന് നിർദ്ദേശം നൽകുകയുണ്ടായി. കൂടാതെ ബന്ധപ്പെട്ട ഓഫീസുകളുമായി നിരന്തരം ഫോളോ അപ് ചെയ്യുകയും ആവശ്യമായ രേഖകൾ ബന്ധപ്പെട്ട റോഡ് അതോറിറ്റിയുടെ നിർദ്ദേശ പ്രകാരം സമയബന്ധിതമായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഇത് സംബന്ധിച്ച് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയവുമായി നടത്തിയ ആശയവിനിമയങ്ങളുടെയും ചർച്ചകളുടെയും വിശദാംശം അറിയിക്കാമോ?

MoRTH-ന്റെ റീജിയണൽ ഓഫീസിൽനിന്നും 53 അപേക്ഷകൾ പല കാരണങ്ങൾ ചൂണ്ടിക്കാട്ടി അനുവാദം നിഷേധിച്ചിരുന്നു. ഈ കാര്യം നാഷണൽ ജെ.ജെ.എം. ഡയറക്ടറെ രേഖാമൂലം അറിയിക്കുകയും

ദേശീയപാതകളുടെ അനുമതി യഥാസമയം ലഭ്യമാക്കുന്നതിനുവേണ്ടി സംസ്ഥാന ജലവിഭവ വകുപ്പ് സെക്രട്ടറി കേന്ദ്ര ജൽശക്തി വകുപ്പ് സെക്രട്ടറിക്ക് കത്ത് നൽകുകയും അതുവഴി കേന്ദ്ര ഉപരിതല ഗതാഗത ദേശീയപാത അഡീഷണൽ സെക്രട്ടറി NHAI, NH(MoRTH) എന്നീ ഏജൻസികളുമായി അടിയന്തര മീറ്റിംഗുകൾ 19-07-2023, 20-07-2023 എന്നീ ദിവസങ്ങളിൽ നടത്തി നിർദ്ദേശങ്ങൾ റീജിയണൽ ഓഫീസർമാർക്ക് നൽകുകയും ചെയ്തു. തുടർന്നു റീജിണൽ ഓഫീസർമാർ സമർപ്പിക്കപ്പെട്ട എല്ലാ അപേക്ഷകൾക്കും തത്വത്തിൽ അംഗീകാരം നൽകുകയുണ്ടായി.

**(ഇ) ദേശീയപാതാ വിഭാഗത്തിന്റെ അനുമതി ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ പരിഹരിച്ച് ജൽജീവൻ പദ്ധതി സമ്പൂർണ്ണമാക്കുമോ; വിശദമാക്കുമോ?**

കേന്ദ്ര ഉപരിതല ഗതാഗത ദേശീയപാത അഡീഷണൽ സെക്രട്ടറി 19-07-2023, 20-07-2023 എന്നീ ദിവസങ്ങളിൽ യോഗം നടത്തി നിർദ്ദേശങ്ങൾ റീജിയണൽ ഓഫീസർമാർക്ക് നൽകിയതിനെ തുടർന്ന് എല്ലാ അപേക്ഷകൾക്കും തത്വത്തിൽ അംഗീകാരം ലഭിക്കുകയുണ്ടായി.

നിരന്തരമായ മോണിറ്ററിങ്ങിലൂടെ തടസ്സങ്ങൾ നീക്കി പദ്ധതി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

**പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ**

20(*80) ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികളെ സമൂഹത്തിന്റെ ഉന്നതിയിലേക്ക് ഉയർത്തിക്കൊണ്ടുവരുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികളെ സമൂഹത്തിന്റെ ഉന്നതിയിലേക്ക് ഉയർത്തികൊണ്ടുവരുന്നതിന് സ്വീകരിച്ചിട്ടുള്ള പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. പ്രീ-മെട്രിക് സ്കോളർഷിപ്പ്

2. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്

3. ഉന്നതി ഓവർസീസ് സ്കോളർഷിപ്പ്

4. മോഡൽ റസിഡൻഷ്യൽ സ്കൂൾ, പ്രീമെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, സ്പോർട്ട്സ് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ

5. അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആൻഡ് ഡെവലപ്മെന്റ് പദ്ധതി.

6. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം.

7. മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്കുള്ള ധനസഹായം.

8. വിവിധ പൊതു പ്രവേശന പരീക്ഷകൾക്കുള്ള പരിശീലനം.

9. ലാപ്ടോപ്പ് വിതരണം

10. പഠന മുറി

11. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം

12. വിങ്ങ്സ് - വൈമാനിക പരിശീലന പരിപാടി

13. നൈപുണ്യ വികസന പരിശീലന പരിപാടികൾ.

14. ഫ്രീഷിപ്പ് കാർഡ്

15. വിദ്യാവാഹിനി

16. വായനശാലകളിൽ സൗജന്യ അംഗത്വം

17. എംപവർമെന്റ് സൊസൈറ്റി

18. ഐ.ടി.ഐ.-കളിൽ ഹ്രസ്വകാല കോഴ്സ് (Add on Course)

(ബി) പിന്നാക്ക വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ നിർത്തലാക്കിയ പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതിക്കുപകരം പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഒ.ബി.സി വിദ്യാർത്ഥികൾക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പിലെ 1 മുതൽ 8 വരെയുള്ള വിദ്യാർത്ഥികൾക്ക് ലഭിച്ചുകൊണ്ടിരുന്ന സ്കോളർഷിപ്പ് കേന്ദ്രസർക്കാർ നിർത്തലാക്കിയതിനുപകരമായി പൂർണ്ണമായും സ്കോളർഷിപ്പ് തുക സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി നടപ്പ് വർഷം മുതൽ പുതിയ

പ്രീമെട്രിക് സ്കോളർഷിപ്പ് ആവിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(സി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കാമോ?

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകുന്ന പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്, ഉന്നതി ഓവർസീസ് സ്കോളർഷിപ്പ് എന്നിവ പരിഷ്കരിച്ചിട്ടുണ്ട്. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ലംപ്സം ഗ്രാന്റും, ഹോസ്റ്റൽ ഫീസും വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രീമെട്രിക് സ്കോളർഷിപ്പ് പരിഷ്കരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

**മുതലപ്പൊഴി ഹാർബർ അപകടങ്ങൾ ഒഴിവാക്കാൻ നടപടി**

21(*81) <u>ശ്രീമതി കെ. കെ. രമ:</u>
<u>ശ്രീ. സി. ആർ. മഹേഷ്:</u>
<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):</u>

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) മുതലപ്പൊഴി ഹാർബറിന്റെ അശാസ്ത്രീയമായ നിർമ്മാണംമൂലം കടലിൽനിന്നും കരയിലേക്ക് തിരയടിക്കുന്ന സമയങ്ങളിൽ അഴിമുഖത്ത് ചുഴികൾ രൂപപ്പെടുകയും മത്സ്യബന്ധന ബോട്ടുകൾ ചുഴിയിൽപ്പെട്ട് തലകീഴായി മറിയുകയും ചെയ്യുന്ന സംഭവങ്ങൾ പതിവാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിലെ അപ്രോച്ച് ചാനലിൽ അടിക്കടി ഉണ്ടാകുന്ന അപകടങ്ങൾ സർക്കാർ ഗൗരവത്തോടെയാണ് കാണുന്നത്. ഹാർബറിൽ അപായങ്ങൾ ഒഴിവാക്കുന്നതിനും സുരക്ഷ ഉറപ്പാക്കുന്നതിനും പൊതു വിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി, മത്സ്യബന്ധന വകുപ്പുമന്ത്രി, ഗതാഗത വകുപ്പുമന്ത്രി, വർക്കല നിയോജക മണ്ഡലം എം.എൽ.എ. എന്നിവരുടെ സാന്നിദ്ധ്യത്തിൽ 31-07-2023-ന്

ചേർന്ന യോഗത്തിലെ തീരുമാനങ്ങളും ഇതേ വരെയായി സ്വീകരിച്ച നടപടികളും അനുബന്ധമായി ചേർക്കുന്നു.+

നിയമപ്രകാരമുള്ള കാലാവസ്ഥാ മുന്നറിയിപ്പ് അവഗണിച്ച് മത്സ്യത്തൊഴിലാളികൾ കടലിൽ പോകുന്നതും അപകടങ്ങൾക്ക് കാരണമാകുന്നുണ്ട്.

(ബി) ഈ വർഷം ജൂൺ, ജൂലൈ മാസങ്ങളിൽ മാത്രം മുതലപ്പൊഴിയിൽ പതിനേഴോളം അപകടങ്ങൾ ഉണ്ടായി എന്നതും നിരവധി മത്സ്യത്തൊഴിലാളികൾ മരണമടഞ്ഞു എന്നതും ഗൗരവത്തോടെ കാണുന്നുണ്ടോ;

(സി) മുതലപ്പൊഴിയിൽ ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

(ബി & സി) മറുപടി പിരിവ് (എ) യിൽ ചേർത്തിട്ടുണ്ട്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) മുതലപ്പൊഴി ഹാർബർ നിർമ്മാണത്തിലെ അപാകതകൾ ശാശ്വതമായി പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

മുതലപ്പൊഴി മത്സ്യബന്ധന തുറമുഖ പ്രദേശത്ത് അടിക്കടി അപകടം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 22-10-2022-ലെ സ.ഉ.(സാധാ) നം. 660/2022/മ.തു.വ. പ്രകാരം ടി വിഷയം പരിശോധിച്ച് പരിഹാര നടപടികൾ നിർദ്ദേശിക്കുന്നതിന് പൂനെ ആസ്ഥാനമായുള്ള സെൻട്രൽ വാട്ടർ ആൻഡ് പവ്വർ റിസർച്ച് സ്റ്റേഷനെ (CWPRS) മുമ്പ് തന്നെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. അതിന്റെ അടിസ്ഥാനത്തിൽ CWPRS ഉദ്യോഗസ്ഥർ 03-11-2022-ന് ഹാർബർ സന്ദർശിച്ച് പരിശോധന നടത്തുകയും പഠനം നടത്തുന്നതിനുള്ള തുകയായി 53,79,230/- രൂപയുടെ എസ്റ്റിമേറ്റ് 27-12-2022-ന് സമർപ്പിക്കുകയും ചെയ്തു. പഠനം നടത്തുന്നതിന് ആദ്യ ഘട്ടമായി 12 ലക്ഷം രൂപയും പിന്നീട് 25.454 ലക്ഷം രൂപയും (ആകെ 37.454 ലക്ഷം) 22-06-2023 വരെ CWPRS-ന് നൽകിയിട്ടുണ്ട്. പഠനം നടത്തുന്നതിനായി Current, tide, river discharge തുടങ്ങിയ ഫീൽഡ് ഡാറ്റ

CWPRS ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഡാറ്റ ശേഖരിക്കുന്നതിനുള്ള പ്രവൃത്തിക്കായി 32 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് 03-04-2023-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. മഴക്കാലത്തിനുശേഷമുള്ള ഡാറ്റ കൂടി ശേഖരിച്ച് ഇനി CWPRS-ന് നൽകേണ്ടതായിട്ടുണ്ട്. മഴക്കാലത്തിനുശേഷം 2023 സെപ്റ്റംബർ മാസത്തോടെ പ്രസ്തുത ഡാറ്റ ശേഖരിച്ച് നൽകുന്നതാണ്. ഡേറ്റാ ശേഖരണം വിലയിരുത്തുന്നതിന് 12-08-2023-ന് CWPRS വിദഗ്ദ്ധർ മുതലപ്പൊഴി നേരിൽ സന്ദർശിക്കുന്നുണ്ട്. 2023 ഡിസംബർ മാസത്തിൽ CWPRS-ൽനിന്നും അന്തിമ റിപ്പോർട്ട് ലഭിക്കും. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപാകതകൾ പരിഹരിക്കുന്നതിന് സമയബന്ധിതമായി നടപടി പൂർത്തീകരിക്കുന്നതാണ്.

**ജലാശയങ്ങളുടെ ഡിജിറ്റൽ രൂപം തയ്യാറാക്കാൻ നടപടി**

22(*82) ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. ഐ. ബി. സതീഷ്:

ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലാശയങ്ങളുടെ ഡിജിറ്റൽ രൂപം തയ്യാറാക്കുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ ഫലപ്രാപ്തിയിലെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മറ്റ് വകുപ്പുകൾക്കുകൂടി ഉപയോഗപ്പെടുത്താനാകുന്ന വിധത്തിലാണോ ഇത് തയ്യാറാക്കിയിട്ടുള്ളത്; വിശദാംശം നൽകുമോ?

(ബി & സി) ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി നീർച്ചാലുകൾ വീണ്ടെടുക്കുന്നതിനായി 'ഇനി ഞാൻ ഒഴുകട്ടെ' എന്ന പേരിൽ ഒരു ക്യാമ്പയിൻ നടത്തിയിരുന്നു. ഈ ക്യാമ്പയിന്റെ മൂന്നാംഘട്ടമായി പശ്ചിമഘട്ട നീർച്ചാൽ ശൃംഖലകൾ വീണ്ടെടുക്കുന്നതിനായി 'സുരക്ഷിതമാക്കാം പശ്ചിമഘട്ടം' എന്ന പേരിൽ ഒരു ക്യാമ്പയിന് തുടക്കം കുറിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യ ഘട്ടമായി നീർച്ചാലുകൾ ഡിജിറ്റൽ മാപ്പിൽ രേഖപ്പെടുത്തുന്ന ജനകീയ പ്രവർത്തനം നടന്നുവരികയാണ്. സംസ്ഥാന

ഐ.ടി. മിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ഐസിഫോസിന്റെ (ICFOSS) സാങ്കേതിക സഹായത്തിലും RKI പിന്തുണയോടെയുമാണ് ഈ പ്രവർത്തനം നടത്തുന്നത്. പശ്ചിമഘട്ട പ്രദേശങ്ങളിലെ 230 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് ഈ പ്രവർത്തനം നടത്തുന്നത്. ഇതിനകംതന്നെ 125 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മാപ്പിംഗ് പ്രവർത്തനം പൂർത്തിയായിട്ടുണ്ട്.

ഓപ്പൺ സ്ട്രീറ്റ് മാപ്പ് സങ്കേതം പ്രയോജനപ്പെടുത്തി നിർമ്മിക്കുന്ന ഈ മാപ്പുകൾ എല്ലാ വകുപ്പുകൾക്കും ഉപയോഗിക്കുവാൻ കഴിയും. കൂടാതെ, ദേശീയ ഹരിത ട്രൈബ്യൂണലിന്റെ (NGT) ഉത്തരവ് പ്രകാരം കേന്ദ്ര സർക്കാർ കേരളത്തിൽ കണ്ടെത്തിയ 11456 കുളങ്ങളുടെ വിവര ശേഖരണത്തിനും പുനരുദ്ധാരണത്തിനുമായി വിവരങ്ങൾ (meta data) മൊബൈൽ ആപ്പ് വഴി ശേഖരിച്ചുവരുന്നു.

(സി) വിവിധ ജലസ്രോതസ്സുകളുടെ പരിപാലനം ഉറപ്പാക്കി ജലലഭ്യതയും ഉപയോഗവും അടിസ്ഥാനമാക്കി തയ്യാറാക്കുന്ന ജലബജറ്റ് പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ സഹായത്തോടെ സംസ്ഥാനത്തെ ഭൂജലസ്രോതസ്സുകളുടെ സ്ഥിതിവിവര കണക്ക് ശേഖരിക്കുന്നതിന് ഭൂജല വകുപ്പ് മുഖേന നടപടി ആരംഭിച്ചിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട 39 ബ്ലോക്കുകളിൽ ഭാഗികമായി ഡാറ്റശേഖരണം പൂർത്തീകരിച്ചിട്ടുണ്ട്. പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.+

ജലവിഭവ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 17-12-2019-ൽ നടന്ന അവലോകന യോഗത്തിൽ ജല സുരക്ഷയും, പാരിസ്ഥിതിക സുരക്ഷയും ഭാവി തലമുറയ്ക്കുകൂടി ഉറപ്പാക്കുന്നതിനായി, ജനപങ്കാളിത്തത്തോടെ ജല ബജറ്റ് തയ്യാറാക്കുന്നതിന് തീരുമാനം എടുക്കുകയുണ്ടായി.

ജല ബജറ്റ് തയ്യാറാക്കുന്നതിനായി ചീഫ് എഞ്ചിനീയർ (ഐ&എ) കൺവീനറായി ഒരു ഫോക്കസ് ഗ്രൂപ്പ് രൂപീകരിക്കുകയുണ്ടായി. തുടർന്ന് ചെറു നീർത്തടാടിസ്ഥാനത്തിൽ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അതിർത്തികൂടി പരിഗണിച്ച് ജല ബജറ്റിംഗ് നിർവ്വഹിക്കുന്നതിനുള്ള മാർഗ്ഗരേഖ കോഴിക്കോട് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ജലവിഭവ വികസന വിനിയോഗ കേന്ദ്രത്തിന്റെ (സി.ഡബ്ല്യൂ.ആർ.ഡി.എം.)

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സഹായത്തോടെ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയും ഈ പ്രവർത്തനം ഏറ്റെടുക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

പരീക്ഷണാടിസ്ഥാനത്തിൽ വയനാട് ജില്ലയിലെ മുട്ടിൽ പഞ്ചായത്തിനെ ജലബജറ്റ് തയ്യാറാക്കുന്നതിനായി തെരഞ്ഞെടുക്കുകയും, പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് നവകേരളം കർമ്മ പദ്ധതി II-ന്റെ ഭാഗമായി "ഒരു ജില്ലയിൽ ഒരു ബ്ലോക്കിൽ"എന്ന രീതിയിൽ ജലബജറ്റ് തയ്യാറാക്കാൻ തീരുമാനിക്കുകയും, ഹരിതകേരളം മിഷന്റെ (നവകേരളം കർമ്മ പദ്ധതി II) ആഭിമുഖ്യത്തിൽ ജലവിഭവവുമായി ബന്ധപെട്ടുവരുന്ന എല്ലാ വകുപ്പുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് ജല ബഡ്ജറ്റിംഗിൽ പരിശീലനം നൽകുകയും ചെയ്തുവരുന്നു. ഇതിന്റെ തുടർച്ചയായി ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ജലവിഭവ വകുപ്പിന്റെയും സഹകരണത്തോടെ 15 ബ്ലോക്ക് പഞ്ചായത്തുകളിലും, ഈ ബ്ലോക്ക്

പഞ്ചായത്തുകളിൽ ഉൾപ്പെട്ട 94 ഗ്രാമ പഞ്ചായത്തുകളിലുമായി ജലബജറ്റ് തയ്യാറാക്കി കഴിഞ്ഞിട്ടുണ്ട്. ആയത് 17-04-2023-ന് ബഹു. മുഖ്യമന്ത്രി പ്രകാശനം നിർവ്വഹിക്കുകയുണ്ടായി.

ഓരോ പത്ത് ദിവസത്തെയും ജലലഭ്യതയും ജലആവശ്യവും താരതമ്യം ചെയ്ത് ജലമിച്ചമാണോ ജലകമ്മിയാണോ ഈ സമയത്ത് അനുഭവപ്പെടുന്നത് എന്ന് ജലബജറ്റിലൂടെ അറിയാൻ കഴിയും. ഇത്തരത്തിൽ ജലകമ്മി അനുഭവപ്പെടുന്ന സമയങ്ങളിൽ ജലസ്രോതസ്സുകൾ പരിപാലിക്കുന്ന പ്രവർത്തനവും അധിക ജലസംഭരണികൾ, ചെറുകുളങ്ങൾ എന്നിവയുടെ നിർമ്മാണവും തുടർന്ന് ഏറ്റെടുത്ത് നടപ്പാക്കുക വഴി ജലലഭ്യത ഉറപ്പാക്കാനാകും.

കേരളത്തിലെ 15 ബ്ലോക്ക് പഞ്ചായത്തുകളിൽ (പതിമൂന്ന് ജില്ലകളിൽ ഓരോന്നും കോഴിക്കോട് ജില്ലയിൽ രണ്ടെണ്ണവും) ആദ്യ ഘട്ടത്തിൽ ജല ബജറ്റ് തയ്യാറാക്കുകയുണ്ടായി. ഹരിതകേരളം മിഷൻ നേതൃത്വവും സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് & മാനേജ്മെന്റ് (CWRDM) സാങ്കേതിക സഹായവും നൽകി. ജില്ലകളിലെ വിവിധ വകുപ്പുകൾ അതാത്

മേഖലയിലെ വിവര ശേഖരണത്തിന് മുൻകൈയ്യെടുത്തു. പ്രസ്തുത പദ്ധതിയുടെ റിപ്പോർട്ടുകളുടെ ഔദ്യോഗിക പ്രകാശനം ബഹു. മുഖ്യമന്ത്രി ഏപ്രിൽ 17-ന് നിർവ്വഹിച്ചു. തുടർ പ്രവർത്തനമായി എല്ലാ ജില്ലകളിലും ഓരോരോ ബ്ലോക്ക് കൂടി തെരഞ്ഞെടുക്കുകയുണ്ടായി. അവയുടെ റിപ്പോർട്ട് ഉടൻ പ്രസിദ്ധീകരിക്കുന്നതാണ്. അടുത്ത ഘട്ടത്തിൽ സംസ്ഥാനത്തിലെ എല്ലാ പഞ്ചായത്തുകളുടെയും ജലബജറ്റ് ഉണ്ടാക്കാനാണ് ഉദ്ദേശിക്കുന്നത്.

സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് & മാനേജ്മെന്റ് (CWRDM)-ന്റെ നേതൃത്വത്തിൽ കാസർഗോഡ് പെരിയയിലുള്ള Central University of Kerala-യിലും കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിലും ഓരോ ശില്പശാലകൾ സംഘടിപ്പിച്ചു.

**ജലജീവൻ പദ്ധതി**

23(*83) ശ്രീ. എം. വിജിൻ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ ഗ്രാമീണ ഭവനങ്ങളിലും കുടിവെള്ള കണക്ഷൻ ലഭ്യമാക്കാനായി നടപ്പാക്കിവരുന്ന ജലജീവൻ പദ്ധതിയുടെ പ്രവർത്തന പുരോഗതി അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും തടസ്സങ്ങൾ പരിഹരിച്ച് പദ്ധതി പ്രവർത്തനം സുഗമമായി മുന്നോട്ട് കൊണ്ടുപോകുന്നതിനും നടത്തുന്ന ഇടപെടലുകൾ വിശദമാക്കുമോ?

(എ&ബി) സംസ്ഥാനത്തെ മുഴുവൻ ഗ്രാമീണ ഭവനങ്ങളിലും കുടിവെള്ള കണക്ഷൻ ലഭ്യമാക്കാനായി നടപ്പാക്കിവരുന്ന ജലജീവൻ പദ്ധതിയുടെ പ്രവർത്തന പുരോഗതി നിരന്തരം വിലയിരുത്തുന്നുണ്ട്.

നിലവിൽ ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീടുകൾക്കും കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുവേണ്ടിയുള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകി. ഇതനുസരിച്ച് സംസ്ഥാനത്ത് 5334736 കുടിവെള്ള കണക്ഷനുകൾ നൽകാനായി 40203.61 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി

നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാകുന്നതോടെ സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീടുകൾക്കും ടാപ്പ് കണക്ഷനുകൾ വഴി കുടിവെള്ളം ലഭ്യമാകുന്നതാണ്.

ജൽജീവൻ മിഷൻ പദ്ധതിയിൽ ഏറ്റെടുത്ത പ്രവൃത്തികളിലുൾപ്പെടുത്തി 2020-21 കാലയളവിൽ 4.04 ലക്ഷം കണക്ഷനുകളും 2021-22 കാലയളവിൽ 6.64 ലക്ഷം കണക്ഷനുകളും 2022-23 കാലയളവിൽ 5.29 ലക്ഷം കണക്ഷനുകളും 2023-24 വർഷത്തിൽ 03-08-2023 വരെ 1.8 ലക്ഷം കണക്ഷനുകളുമാണ് നൽകിയിട്ടുള്ളത്. കോവിഡ് മഹാമാരിയുടെ ഭാഗമായുള്ള നിയന്ത്രണവും വെള്ളപ്പൊക്കവും പൈപ്പ് തുടങ്ങിയ മെറ്റീരിയൽസിന്റെ വില വർദ്ധനവും കാരണം പദ്ധതി നിർവ്വഹണത്തിൽ തടസ്സങ്ങൾ നേരിട്ടിരുന്നു. എങ്കിലും ജൽജീവൻ മിഷൻ പദ്ധതി ആരംഭിച്ചതിനുശേഷം നിലവിലെ കണക്കുപ്രകാരം സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ ആകെ ഗാർഹിക കുടിവെള്ള കണക്ഷനുകളുടെ എണ്ണം 35.47 ലക്ഷമായി ഉയർന്നിട്ടുണ്ട്. ഇത് ആകെ ഗ്രാമീണ വീടുകളുടെ 50.18 ശതമാനമാണ്.

നിലവിൽ 78 പഞ്ചായത്തുകളിൽ എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ നൽകി ലക്ഷ്യം കൈവരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ഗ്രാമീണ സ്കൂളുകളിലും അങ്കണവാടികളിലും ശുദ്ധജല ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. കുടിവെള്ളത്തിന്റെ ഗുണനിലവാരപരിശോധനയ്ക്കായി അയ്യായിരത്തിൽപരം കുടുംബശ്രീ വനിതകൾക്ക് പരിശീലനം നൽകി പരിശോധനകൾ നടത്തി വരുന്നു. കൂടാതെ വാട്ടർ അതോറിറ്റിയുടെ 83 കുടിവെള്ള ഗുണനിലവാര പരിശോധന ലാബുകൾക്ക് NABL അംഗീകാരം ലഭ്യമായിട്ടുണ്ട്.

പദ്ധതികൾക്കാവശ്യമായ സ്ഥലം എല്ലായിടത്തും ലഭ്യമല്ലാത്തതും പദ്ധതി ഘടകങ്ങൾ സ്ഥാപിക്കുന്നതിന് പൊതുമരാമത്ത്, റെയിൽവെ, നാഷണൽ ഹൈവേ അതോറിറ്റി, വനംവകുപ്പ് തുടങ്ങിയ മറ്റു വകുപ്പുകളിൽനിന്നും ലഭ്യമാകേണ്ട അനുമതികൾ ലഭ്യമാകുന്നതിലെ തടസ്സങ്ങളും പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വിഘാതം സൃഷ്ടിക്കുന്നുണ്ട്.

ജൽജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നത് പഞ്ചായത്തുകൾക്ക് കീഴിലാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടി കേരള വാട്ടർ

അതോറിറ്റി, ജലനിധി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് എന്നീ ഏജൻസികൾ വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ആസൂത്രണം മുതൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അംഗീകാരത്തോടെയാണ് നടപ്പിലാക്കുന്നത്.

ഇതിനായി ഗ്രാമീണതലത്തിൽ ഗ്രാമ പഞ്ചായത്ത് വാട്ടർ ആൻഡ് സാനിറ്റേഷൻ കമ്മിറ്റികൾ നിലവിലുണ്ട്. ഓരോ പദ്ധതിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അംഗീകരിച്ചതിനുശേഷമാണ് ബന്ധപ്പെട്ട ഡിസ്ട്രിക്ട് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷനുകൾ അംഗീകരിച്ച് സംസ്ഥാന വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷന്റെ അംഗീകാരത്തോടെ ഭരണാനുമതി നൽകിയിട്ടുള്ളത്.

ജൽജീവൻ മിഷൻ പദ്ധതി നിർവഹണത്തിനായി ജില്ലാതലത്തിൽ ജില്ലാ കളക്ടർമാർ അദ്ധ്യക്ഷരായ ഡിസ്ട്രിക്ട് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷനുകൾ നിലവിലുണ്ട്. ജൽജീവൻ മിഷൻ പദ്ധതിയുടെ പുരോഗതി ബന്ധപ്പെട്ട ഡിസ്ട്രിക്ട് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷനുകൾ തുടർച്ചയായി അവലോകനം നടത്തുന്നുണ്ട്.

ജൽജീവൻ മിഷൻ പദ്ധതി നിർവ്വഹണ മേൽനോട്ടത്തിനായി സംസ്ഥാന തലത്തിൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സ്റ്റേറ്റ് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷനും പദ്ധതിയുടെ പുരോഗതി തുടർച്ചയായി അവലോകനം നടത്തുന്നുണ്ട്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മുൻഗണനാ പദ്ധതികളിൽ ഉൾപ്പെടുത്തി പ്രവർത്തന പുരോഗതി വിലയിരുത്തുന്നുണ്ട്. ജല വിഭവ വകുപ്പുമന്ത്രി ജില്ലകൾതോറും എം.എൽ.എ.-മാരുടെയും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും മീറ്റിംഗുകൾ വിളിച്ചുചേർത്ത് ജൽജീവൻ മിഷന്റെ പ്രവർത്തനങ്ങൾ നേരിട്ട് വിലയിരുത്തി പദ്ധതി പ്രവർത്തനങ്ങൾ സുഗമമായി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ജലവിഭവ വകുപ്പുമന്ത്രിയുടെ ഓഫീസിലും പദ്ധതി പ്രവർത്തനങ്ങൾ നിരീക്ഷിക്കാനും വിലയിരുത്താനുമായി പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ പദ്ധതിയുടെ പുരോഗതി നിരന്തരം വിലയിരുത്തുന്നുണ്ട്. മിഷൻ ഡയറക്ടറുടെ നേതൃത്വത്തിൽ ആഴ്ചതോറും പദ്ധതിയുടെ പുരോഗതി വിലയിരുത്തിവരുന്നു.

ഇതു കൂടാതെ പദ്ധതി നിർവഹണത്തിന്റെ വിവിധതലങ്ങളിൽ നിരന്തരം അവലോകനയോഗങ്ങൾ നടത്തിവരുന്നുണ്ട്.

പദ്ധതി നിർവ്വഹണത്തിന്റെ ഏകോപനത്തിനായി ഒരു സ്റ്റേറ്റ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് രൂപീകരിച്ച് അതുവഴി പദ്ധതി പുരോഗതി നിരന്തരം വിലയിരുത്തി ആവശ്യമായ നടപടി സ്വീകരിക്കുന്നുണ്ട്. ഇപ്രകാരം അവലോകനം നടത്തി പദ്ധതി നിർവഹണത്തിലെ തടസ്സങ്ങൾ യഥാസമയം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. ഇതിനുപുറമെ പദ്ധതികളുടെ നിർവഹണവുമായി ബന്ധപ്പെട്ട പുരോഗതിയും തടസ്സങ്ങളും ഉൾപ്പെടെയുള്ള വിവരങ്ങൾ പൊതുജനങ്ങൾക്കും പ്രാപ്യമായ രീതിയിൽ, കേരള വാട്ടർ അതോറിറ്റിയുടെയും കേന്ദ്രസർക്കാരിന്റെയും വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്.

മേൽപ്പറഞ്ഞ സംവിധാനങ്ങളിലൂടെയും നടപടികളിലൂടെയും പദ്ധതിനിർവഹണത്തിൽ നേരിടുന്ന തടസ്സങ്ങൾ പരിഹരിച്ച് സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കാൻ ആവശ്യമായ ശ്രമങ്ങൾ നടത്തുന്നുണ്ട്.

(സി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ജൽജീവൻ മിഷൻ പദ്ധതി 2024 മാർച്ച് മാസത്തോടുകൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. എന്നാൽ സ്ഥല ലഭ്യതയുടെ പ്രശ്നങ്ങളും റോഡ് കട്ടിംഗിനുൾപ്പെടെ മറ്റു ഏജൻസികളിൽ/ വകുപ്പുകളിൽനിന്നും ലഭിക്കേണ്ട അനുമതികൾ വൈകുന്നതും കാരണം ജലജീവൻ മിഷൻ പദ്ധതി പൂർണ്ണതോതിൽ പൂർത്തീകരിക്കുന്നതിന് തടസ്സങ്ങൾ നേരിടുന്നുണ്ട്.

**എസ്.ടി. പ്രൊമോട്ടർമാരുടെ നിയമനം**

24(*84) ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. മഞ്ഞളാംകുഴി അലി:താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പിൽ എസ്.ടി. പ്രൊമോട്ടർമാരുടെ നിയമനത്തിന് മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ ഓണറേറിയം വ്യവസ്ഥയിൽ പട്ടികവർഗ്ഗ പ്രൊമോട്ടർ/ഹെൽത്ത് പ്രൊമോട്ടർമാരെ നിയമിക്കുന്നതിനായി 29-12-2021-ലെ സ.ഉ.(കൈ)നം.58/2021/പജപവവിവ, 16-05-2023-ലെ സ.ഉ.(കൈ)നം.11/2023/പജപവവിവ, 02-06-2023-ലെ സ.ഉ.(കൈ)നം. 15/2023/പജപവവിവ എന്നീ ഉത്തരവുകൾ പ്രകാരം മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗക്കാരോട് സാമൂഹിക പ്രതിബദ്ധതയുള്ളവരും സാമുദായിക സാമൂഹ്യ മേഖലകളിൽ മികച്ച പ്രവർത്തന പരിചയമുള്ളവരെയുമാണ് പട്ടികവർഗ്ഗ/ഹെൽത്ത് പ്രൊമോട്ടർമാരായി തെരഞ്ഞെടുക്കുന്നത്. Particularly Vulnerable Tribal Group (PVTG)/ അടിയ/പണിയ/ മലപണ്ടാരം എന്നീ വിഭാഗങ്ങളിലുള്ളവർക്ക് 8-ാം ക്ലാസും, മറ്റ് പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 10-ാം ക്ലാസുമാണ് ഈ തസ്തികയിലേയ്ക്ക് അപേക്ഷിക്കാനുള്ള വിദ്യാഭ്യാസ യോഗ്യതയായി നിശ്ചയിച്ചിരിക്കുന്നത്. അപേക്ഷിക്കുന്നതിനുള്ള

പ്രായപരിധി 20-40 വയസ്സായി നിജപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം തെരഞ്ഞെടുക്കുന്നവരുടെ സേവന കാലാവധി 2 വർഷമായിരിക്കും. കൂടാതെ നിയമനം നടത്തുമ്പോൾ അതാത് സെറ്റിൽമെന്റിൽ നിന്നുള്ളവർക്ക് മുൻഗണന നൽകുന്നതുമാണ്.

(ബി) പ്രൊമോട്ടർമാരുടെ താല്ക്കാലിക നിയമനങ്ങൾ നടത്തുന്നത് എപ്രകാരമാണെന്ന് അറിയിക്കുമോ?

പട്ടികവർഗ്ഗ പ്രൊമോട്ടർ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ച് അഭിമുഖം നടത്തി ജില്ലാതലത്തിൽ റാങ്ക് പട്ടിക തയ്യാറാക്കി മുൻഗണനാ ക്രമത്തിൽ നിയമനം നൽകുകയാണ് ചെയ്യുന്നത്.

(സി) പ്രൊമോട്ടർമാരുടെ നിയമനത്തിൽ മാനദണ്ഡങ്ങൾ പാലിക്കുന്നില്ല എന്നത് സംബന്ധിച്ച പരാതികൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

പട്ടികവർഗ്ഗ പ്രൊമോട്ടർമാരുടെ നിയമനത്തിനായുള്ള നിലവിലുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നില്ല എന്നത് സംബന്ധിച്ച് പരാതികളൊന്നും ലഭിച്ചിട്ടില്ല.

## മുട്ടിൽ മരംമുറി കേസന്വേഷണം

25(*85) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) വയനാട് മുട്ടിലിൽ അനധികൃതമായി മരം മുറിച്ചുകടത്തിയ സംഭവത്തിന്മേലുള്ള അന്വേഷണ പുരോഗതി വിശദമാക്കുമോ?

വയനാട് മുട്ടിലിൽ അനധികൃതമായി മരം മുറിച്ച് കടത്തിയ സംഭവത്തിന്മേലുള്ള അന്വേഷണം സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം ക്രൈം ബ്രാഞ്ച് അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസിന്റെ നേതൃത്വത്തിൽ നടന്നുവരുന്നു. മേൽ സംഭവവുമായി ബന്ധപ്പെട്ട് വയനാട് ജില്ലയിലെ മീനങ്ങാടി, മേപ്പാടി എന്നീ പോലീസ് സ്റ്റേഷനുകളിലായി 6 കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. മേൽ കേസുമായി ബന്ധപ്പെട്ട് വീട്ടി മരത്തിന്റെ പ്രായനിർണ്ണയ സർട്ടിഫിക്കറ്റും ഡി.എൻ.എ.

സർട്ടിഫിക്കറ്റും അടക്കം ലഭ്യമാക്കി പരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത സംഭവത്തിന്മേലുള്ള അന്വേഷണം ത്വരിതഗതിയിൽ അല്ല നടക്കുന്നതെന്നും ഇത് പ്രതികളെ സഹായിക്കാനാണ് എന്നുമുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഇല്ല.

(സി) കേസിന്മേലുള്ള അന്വേഷണത്തെ തുടർന്ന് ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

വയനാട് ജില്ലയിൽനിന്നും കർഷകർക്കായി പതിച്ചുനൽകിയ ഭൂമിയിൽനിന്നും സർക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കിയ വീട്ടി മരങ്ങൾ അനധികൃതമായി ലക്കിടി ചെക്ക്പോസ്റ്റ് വഴി കടത്തിക്കൊണ്ടുപോയതുമായി ബന്ധപ്പെട്ട്, ടി കാര്യത്തിൽ വീഴ്ച വരുത്തിയ ശ്രീ. വിനേഷ് വി.എസ്., സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ലക്കിടി ചെക്ക് പോസ്റ്റ്, കൽപ്പറ്റ റേയ്ഞ്ച്, ശ്രീ. ബി. പി. രാജു, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, മേപ്പാടി റെയ്ഞ്ച്, ശ്രീ. ശ്രീജിത്ത് ഇ. പി., ബീറ്റ് ഫോറസ്റ്റ് ഓഫീസർ, ലക്കിടി ചെക്ക് പോസ്റ്റ്,

ലഭ്യമാക്കാമോ? കൽപ്പറ്റ റെയ്ഞ്ച് എന്നീ വനം വകുപ്പ് ഉദ്യോഗസ്ഥരെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്. കൂടാതെ റിട്ടയേർഡ് റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ. എം. പത്മനാഭൻ, ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ. എം. മനോഹരൻ എന്നിവർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചുവരുന്നു. വിജിലൻസ് വിഭാഗം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 25-06-2021-ലെ വി.ഇ.10-990/2021 നമ്പർ അന്വേഷണ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള അടിമാലി റെയ്ഞ്ചിലെ മുൻ ഫോറസ്റ്റ് റെയ്ഞ്ച് ഓഫീസറായ ശ്രീ. ജോജി ജോണിനെ 17-12-2021-ൽ സർവ്വീസിൽനിന്നും സർക്കാർ സസ്പെൻഡ് ചെയ്യുകയും 10-03-2022-ൽ ടിയാന് കുറ്റപത്രവും/കുറ്റാരോപണ പത്രികയും നൽകി സർക്കാർതലത്തിൽ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുകയും ചെയ്തു. നിലവിൽ വകുപ്പുതല അച്ചടക്ക നടപടിയുടെ ഭാഗമായ ഔപചാരിക അന്വേഷണം നടന്നുവരുന്നു.

റവന്യൂ വകുപ്പിലെ മുൻ മുട്ടിൽ സൗത്ത് സ്പെഷ്യൽ വില്ലേജ് ഓഫീസറായിരുന്ന ശ്രീമതി സിന്ധു കെ. ഒ. എന്നയാളെ ക്രൈം നം. 281/2021 എന്ന കേസിൽ അറസ്റ്റ് ചെയ്തിട്ടുണ്ട്. മുൻ മുട്ടിൽ സൗത്ത് വില്ലേജ്

ഓഫീസറായിരുന്ന ശ്രീ. അജി കെ. കെ. എന്നയാളെ വയനാട് ജില്ലാ കളക്ടർ അന്വേഷണ വിധേയമായി സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തിട്ടുള്ളതാണ്.

(ഡി) പ്രസ്തുത സംഭവത്തിൽ കുറ്റക്കാരെന്ന് കണ്ടെത്തിയ ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്യുകയും പിന്നീട് തിരിച്ചെടുക്കുകയും ചെയ്ത സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ?

ഉണ്ട്. നിലവിലുള്ള സർക്കാർ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം അന്വേഷണത്തെ സ്വാധീനിക്കാൻ സാധ്യതയില്ലെന്ന് ബോധ്യപ്പെട്ടതിന്റെയും കേസിന്റെ അന്വേഷണം പൂർത്തിയായതിനുശേഷം മാത്രം സസ്പെൻഷൻ പിൻവലിക്കുന്നത് ടി കാലയളവിൽ യാതൊരു സേവനവും നൽകാതെ സർക്കാർ ഖജനാവിൽനിന്നും ഉപജീവന ബത്തയിനത്തിൽ വലിയ തുക കൈപ്പറ്റുന്നതിനും ആയത് സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നതിന് കാരണമാകുമെന്ന് വിലയിരുത്തിയതിന്റെയും അടിസ്ഥാനത്തിലാണ് സസ്പെൻഷൻ കാലാവധി കഴിയുന്ന മുറയ്ക്ക് ഉദ്യോഗസ്ഥരെ സേവനത്തിൽ പുന:പ്രവേശിപ്പിച്ചത്.

**മൺസൂൺകാല ട്രോളിംഗ് നിരോധനം**

26(*86) ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സമുദ്ര മത്സ്യസമ്പത്തിന്റെ സുസ്ഥിര നിലനിൽപ്പിനും മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കുംവേണ്ടി മൺസൂൺകാല ട്രോളിംഗ് നിരോധനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. നിലവിൽ 52 ദിവസമാണ് ട്രോളിംഗ് നിരോധനം നടപ്പിലാക്കുന്നത്. ഐ.സി.എ.ആർ. - സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ICAR-CMFRI) കടൽ മത്സ്യബന്ധനത്തെ പതിവായി നിരീക്ഷിക്കുകയും സ്റ്റോക്ക് സ്റ്റാറ്റസിനായി ഡാറ്റ വിശകലനം ചെയ്യുകയും ചെയ്തുവരുന്നു. ലാൻഡിംഗ് വർദ്ധിക്കുന്നില്ലെങ്കിലും കനത്ത മത്സ്യബന്ധന സമ്മർദ്ദങ്ങൾക്കിടയിലും നമ്മുടെ മത്സ്യവിഭവശേഷി സമൃദ്ധവും

സുസ്ഥിരവുമാണെന്ന് ഫലങ്ങൾ സൂചിപ്പിക്കുന്നുണ്ട്. ഇത് പ്രധാനമായും മത്സ്യബന്ധന നിയമങ്ങളും, ചട്ടങ്ങളും കൃത്യമായി നടപ്പിലാക്കാൻ ശ്രമിക്കുന്നതും, പ്രത്യേകിച്ച് തീരപ്രദേശത്ത് നടപ്പിലാക്കുന്ന സീസണൽ മത്സ്യബന്ധന നിരോധനവും (Trawl Ban) മൂലമാണെന്ന് സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (CMFRI) വ്യക്തമാക്കിയിട്ടുണ്ട്.

മത്സ്യസമ്പത്തിന്റെ സുസ്ഥിര നിലനിൽപ്പിനുവേണ്ടി 9 തീരദേശ ജില്ലകളിലും ഫിഷറീസ് വകുപ്പും മറൈൻ എൻഫോഴ്സ്മെന്റും സംയുക്തമായി കടലിൽ പട്രോളിംഗ് നടത്തി നിരോധിത വലകളും അനുവദനീയമല്ലാത്ത മാർഗ്ഗങ്ങളും ഉപയോഗിച്ചുള്ള മത്സ്യബന്ധനം, ചെറുമീൻ പിടുത്തം തുടങ്ങി മറ്റ് നിയമലംഘന പ്രവർത്തനങ്ങളും ഇല്ലെന്ന് ഉറപ്പ് വരുത്തുന്നുണ്ട്. കൂടാതെ കോസ്റ്റൽ പോലീസും പട്രോളിംഗ് നടത്തുന്നുണ്ട്. ഇതിനായി തീരദേശ ജില്ലകളിൽ പെട്രോൾ ബോട്ടുകൾ വാടകയ്ക്കെടുത്ത് പ്രവർത്തിപ്പിക്കുന്നുണ്ട്. നിയമ ലംഘനങ്ങൾ കണ്ടെത്തിയാൽ പ്രസ്തുത യാനങ്ങളെ ഇമ്പൗണ്ട് ചെയ്ത് നിശ്ചിത പിഴ അടക്കമുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഫിഷറീസ് സ്റ്റേഷനുകളിൽ പ്രവർത്തിക്കുന്ന ഫിഷറീസ്

കൺട്രോൾ റൂമുകൾ കടലിലെ മത്സ്യബന്ധന യാനങ്ങളുടെ പ്രവർത്തനങ്ങൾ 24 മണിക്കൂറും നിരീക്ഷിച്ചുവരുന്നുണ്ട്. ട്രോളിംഗ് നിരോധന കാലയളവിൽ മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി 9 തീരദേശ ജില്ലകളിലും കടൽ പെട്രോളിംഗിനും കടൽ രക്ഷാപ്രവർത്തനങ്ങൾക്കുമായി ആകെ 20 ബോട്ടുകളും 8 ഫൈബർ വള്ളങ്ങളും വാടകയ്ക്കെടുത്ത് പ്രവർത്തിപ്പിച്ചിരുന്നു. തിരുവനന്തപുരത്ത് വിഴിഞ്ഞം, എറണാകുളത്ത് വൈപ്പിൻ, കോഴിക്കോട് ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് വകുപ്പിന്റെ മറൈൻ ആംബുലൻസുകൾ പ്രവർത്തിക്കുന്നുണ്ട്. പെട്രോൾ ബോട്ടുകളും മറൈൻ ആംബുലൻസുകളും കടലിൽ അപകടത്തിൽപ്പെടുന്നവരെ ഉടൻ രക്ഷിച്ച് കരയിലെത്തിച്ച് അടിയന്തര വൈദ്യസഹായം ഉറപ്പുവരുത്തുന്നു. കൂടാതെ രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് 9 തീരദേശ ജില്ലകളിലായി 9 ഫിഷറീസ് സ്റ്റേഷനുകളും ട്രോൾ ബാൻ കാലത്ത് ആരംഭിച്ചിട്ടുള്ള കൺട്രോൾ റൂമുകളുമുണ്ട്. ഇതുകൂടാതെ ഫിഷറീസ് ഡയറക്ടറേറ്റ് തലത്തിൽ പ്രവർത്തിക്കുന്ന ഒരു മാസ്റ്റർ കൺട്രോൾ റൂമും വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് 3 റീജിയണൽ കൺട്രോൾ

റൂമുകളുമുണ്ട്. മത്സ്യസമ്പത്തിന്റെ സംരക്ഷണ പരിപാലന മുറകൾ അവലംബിക്കുന്നതിലൂടെ 2022-23 വർഷത്തിൽ മത്സ്യ ഉത്പാദനം 6.9 ലക്ഷം ടണ്ണായി ഉയർത്തുന്നതിനും സാധ്യമായിട്ടുണ്ട്.

(ബി) കേരള തീരത്തെ മത്സ്യസമ്പത്ത് സുസ്ഥിരമായി നിലനിർത്തുന്നതിന് മൺസൂൺകാല ട്രോളിംഗ് നിരോധനം സഹായകമായിട്ടുണ്ടോ എന്നത് സംബന്ധിച്ച് ശാസ്ത്രീയമായ പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഫിഷറീസ് വകുപ്പ് ഇതുമായി ബന്ധപ്പെട്ട് പഠനങ്ങൾ ഒന്നും നടത്തിയിട്ടില്ല. കേന്ദ്ര സർക്കാർ സ്ഥാപനമായ സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (CMFRI) ആണ് ഇതുമായി ബന്ധപ്പെട്ട് ശാസ്ത്രീയ പഠനങ്ങൾ നടത്തുന്നത്. ഐ.സി.എ.ആർ.-സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ICAR-CMFRI) കടൽമത്സ്യ ബന്ധനത്തെ പതിവായി നിരീക്ഷിക്കുകയും സ്റ്റോക്ക് സ്റ്റാറ്റസിനായി ഡാറ്റ വിശകലനം ചെയ്യുകയും ചെയ്തുവരുന്നു. ലാൻഡിംഗ് വർദ്ധിക്കുന്നില്ലെങ്കിലും കനത്ത മത്സ്യബന്ധന സമ്മർദ്ദങ്ങൾക്കിടയിലും നമ്മുടെ മത്സ്യവിഭവശേഷി സമൃദ്ധവും

സുസ്ഥിരവുമാണെന്ന് ഫലങ്ങൾ സൂചിപ്പിക്കുന്നുണ്ട്. ഇത് പ്രധാനമായും മത്സ്യബന്ധന നിയമങ്ങളും ചട്ടങ്ങളും പ്രത്യേകിച്ച് തീരപ്രദേശത്ത് നടപ്പിലാക്കുന്ന സീസണൽ മത്സ്യബന്ധന നിരോധനവും (Trawl Ban) മൂലമാണെന്ന് സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (CMFRI) വ്യക്തമാക്കിയിട്ടുണ്ട്.

(സി) ട്രോളിംഗ് നിരോധനത്തോടനുബന്ധിച്ച് തൊഴിലും വരുമാനവും നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ട്രോളിംഗ് നിരോധന കാലത്ത് തൊഴിൽ നഷ്ടപ്പെടുന്ന യന്ത്രവത്കൃത മത്സ്യബന്ധന യാനങ്ങളിലെ മത്സ്യതൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും പീലിംഗ് തൊഴിലാളികൾക്കും സൗജന്യ റേഷൻ നൽകിവരുന്നുണ്ട്. സമ്പാദ്യ സമാശ്വാസ പദ്ധതിയിൻ കീഴിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള മത്സ്യതൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ഈ കാലയളവിൽ 4500/- രൂപ ധനസഹായം നൽകുന്നുണ്ട്. ഇതിൽ 1500/-

രൂപ കേന്ദ്ര സർക്കാർ വിഹിതവും 1500/- രൂപ സംസ്ഥാന സർക്കാർ വിഹിതവും 1500/- രൂപ ഗുണഭോക്തൃവിഹിതവുമാണ്.

(ഡി) ട്രോളിംഗ് നിരോധന കാലത്തും മത്സ്യം സുലഭമായി ലഭ്യമാക്കുന്നതിന് ഉൾനാടൻ ശുദ്ധജല മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

ട്രോളിംഗ് നിരോധന കാലത്ത് കടൽ മത്സ്യങ്ങളുടെ ലഭ്യത കുറയുകയും അന്യസംസ്ഥാനങ്ങളിൽനിന്നും എത്തിച്ചേരുന്ന പഴകിയതും രാസപദാർത്ഥങ്ങൾ ചേർത്തതുമായ മത്സ്യങ്ങളുടെ ഉപയോഗം കുറയ്ക്കുന്നതിനും സുസ്ഥിരമായും സുലഭമായും മത്സ്യ ലഭ്യത ഉറപ്പാക്കുന്നതിനായും ഉൾനാടൻ മേഖലയിലെ ജലാശയങ്ങൾ പരമാവധി മത്സ്യകൃഷിക്ക് ഉൾപ്പെടെ ഉപയുക്തമാക്കുന്നതിനും ഫിഷറീസ് വകുപ്പ് മുഖേന നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി പൊതു ജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചുവരുന്നു. 2022-23 വർഷം മുതൽ ആരംഭിച്ച് 3 വർഷം ഘട്ടം ഘട്ടമായി നടപ്പിലാക്കുന്ന ആകെ

1199 ലക്ഷം അടങ്കൽ തുകയുടെ "ഉൾനാടൻ ജല ആവാസ വ്യവസ്ഥയിൽ സംയോജിത മത്സ്യ വിഭവ പരിപാലനം" എന്ന പദ്ധതി പ്രകാരം പുഴകളിലും അനുബന്ധ ജലാശയങ്ങളിലും മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുകയും മത്സ്യ/കക്ക സംരക്ഷണ പ്രദേശങ്ങൾ സജ്ജീകരിക്കുകയും ചെയ്യുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം മുൻ സാമ്പത്തിക വർഷം 164 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെയും ചെമ്മീൻ കുഞ്ഞുങ്ങളെയും ജലാശയങ്ങളിൽ നിക്ഷേപിച്ചിട്ടുണ്ട്. കൂടാതെ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഉൾനാടൻ മേഖലയിൽ പട്രോളിംഗ് നടപ്പിലാക്കിവരുന്നു. റിസർവോയറുകളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനായി കേരള റിസർവോയർ ഫിഷറീസ് ഡെവലപ്മെന്റ് പദ്ധതിക്ക് 2022-23 സാമ്പത്തിക വർഷം 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും 12 റിസർവോയറുകളിൽ 78.88 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. 3574 പൊതുകുളങ്ങളിൽ തദ്ദേശീയ ഇനത്തിൽപ്പെട്ടതും കാ ലഭ്യമാക്കാമോ?ർപ്പ് ഇനത്തിൽപ്പെട്ടതുമായ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച്

മത്സ്യകൃഷി നടപ്പിലാക്കി ഈ മത്സ്യങ്ങൾ ട്രോളിംഗ് നിരോധന കാലയളവിൽ പിടിച്ചെടുത്ത് വിൽപ്പന നടത്തിയിട്ടുണ്ട്.

അഡാക് മുഖേന 500 ഹെക്ടർ പ്രദേശത്ത് വനാമി ചെമ്മീൻ കൃഷി പദ്ധതി നടപ്പിലാക്കുന്നതിന് 144 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും ടി പദ്ധതി നടപ്പിലാക്കിവരികയും ചെയ്യുന്നു.

2021-22 സാമ്പത്തിക വർഷം പ്രധാനമന്ത്രി മത്സ്യ സമ്പത്ത് യോജന പദ്ധതിയിൽ ഉൾപ്പെടുത്തി 16 കോടി രൂപയുടെ റിസർവോയർ വികസന പദ്ധതി പ്രകാരം ബാണാസുരസാഗർ, കാരാപ്പുഴ, പെരുവണ്ണാമൂഴി, കക്കി എന്നീ റിസർവോയറുകളിലായി 100 കൂടുകൾ വീതം ആകെ 400 കൂടുകളിലായി ശുദ്ധജല കൂട്ട കൃഷി പദ്ധതി നടപ്പിലാക്കി പൂർത്തീകരിച്ച് വരുന്നു. 2022-23 സാമ്പത്തിക വർഷം പ്രധാന മന്ത്രി മത്സ്യ സമ്പത്ത് യോജന പദ്ധതിയിൽ ഉൾപ്പെടുത്തി 3524 കോടി രൂപ അടങ്കൽ തുകവരുന്ന വിവിധ മത്സ്യ കൃഷി രീതികൾ നടപ്പിലാക്കുന്നതിനായി ഭരണാനുമതി ലഭിക്കുകയും അതനുസരിച്ച് പദ്ധതി നടപ്പിലാക്കിവരുകയും ചെയ്യുന്നു.

ഉൾനാടൻ ശുദ്ധജല മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി ഫിഷറീസ് വകുപ്പ് മുഖേന 2022-23 സാമ്പത്തിക വർഷം സംസ്ഥാനാവിഷ്കൃത പദ്ധതിയായ സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി പദ്ധതിക്കായി 73.3973 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് 25 ഇനം കൃഷി രീതികൾ നടപ്പിലാക്കുകയും ചെയ്തു. ഉൾനാടൻ മത്സ്യ കൃഷിയിലൂടെ 2022-23 വർഷത്തിൽ 38179 മെട്രിക് ടൺ മത്സ്യം ഉൽപാദിപ്പിച്ചിട്ടുണ്ട്.

**മുതലപ്പൊഴിയിലെ അപകടങ്ങൾ ഒഴിവാക്കാൻ നടപടി**

27(*87) ശ്രീ. സനീഷ്കുമാർ ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) മുതലപ്പൊഴിയിലെ ഹാർബർ നിർമ്മാണത്തിലെ അപാകതകൾ കാരണമുണ്ടായ അപകടങ്ങളിൽ ജൂലൈ മാസത്തിൽ മാത്രം നാല്

മത്സ്യത്തൊഴിലാളികൾ മരിച്ചത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കാമോ?

മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിലെ അപ്രോച്ച് ചാനലിൽ ഉണ്ടാകുന്ന അപകടങ്ങളും 10-07-2023-ന് പരലോകമാത എന്ന പേരുള്ള വള്ളം മറിഞ്ഞ് നാല് മത്സ്യത്തൊഴിലാളികൾ മരണപ്പെട്ടതും സർക്കാർ ഗൗരവത്തോടെയാണ് കാണുന്നത്. അന്നേ ദിവസം പൊതു വിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടി, ഗതാഗത വകുപ്പുമന്ത്രി ശ്രീ. ആന്റണി രാജു എന്നിവർ സ്ഥലം സന്ദർശിക്കുകയും സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്തു. കൂടാതെ ബഹു. മത്സ്യബന്ധന വകുപ്പുമന്ത്രി 16-07-2023-ന് മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ഭവനം സന്ദർശിക്കുകയും സമാശ്വാസ നടപടികൾ ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. ഇതിനെ തുടർന്ന് പൊതു വിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി, മത്സ്യബന്ധന വകുപ്പുമന്ത്രി, ഗതാഗത വകുപ്പുമന്ത്രി, വർക്കല നിയോജക മണ്ഡലം എം.എൽ.എ. എന്നിവരുടെ സാന്നിദ്ധ്യത്തിൽ 31-07-2023-ന് ചേർന്ന

യോഗത്തിലെ തീരുമാനങ്ങളും ഇതേവരെയായി സ്വീകരിച്ച നടപടികളും അനുബന്ധമായി ചേർക്കുന്നു.+

നിയമപ്രകാരമുള്ള കാലാവസ്ഥാ മുന്നറിയിപ്പ് അവഗണിച്ച് മത്സ്യത്തൊഴിലാളികൾ കടലിൽ പോകുന്നതും അപകടങ്ങൾക്ക് കാരണമാകുന്നുണ്ട്.

(ബി) കഴിഞ്ഞ രണ്ട് വർഷമായി മുതലപ്പൊഴിയിൽ അപകടങ്ങൾ ഇല്ലാതാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

മുതലപ്പൊഴി മത്സ്യബന്ധന തുറമുഖം അപകട രഹിതമാക്കുന്നതിന് സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു.+

(സി) ഹാർബറിൽ രൂപപ്പെട്ടിരിക്കുന്ന മണൽത്തിട്ടകൾ ഡ്രഡ്ജ് ചെയ്ത് നീക്കി മത്സ്യബന്ധന ബോട്ടുകളുടെ സഞ്ചാരം സുഗമമാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ; കഴിഞ്ഞ രണ്ട് വർഷങ്ങളിലായി ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

മറുപടി പിരിവ് (ബി) -ൽ ചേർത്തിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ഭൂരഹിത പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുള്ള പുനരധിവാസ പദ്ധതി**

28(*88) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ:</u>
<u>ഡോ. കെ. ടി. ജലീൽ:</u>
<u>ശ്രീ. എ. പ്രഭാകരൻ:</u>
<u>ശ്രീ. പി. വി. ശ്രീനിജിൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. കെ. രാധാകൃഷ്ണൻ)</u> സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂരഹിത പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുള്ള പുനരധിവാസ പദ്ധതി പ്രകാരം സർക്കാർ വാങ്ങി നൽകുന്ന ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ പരിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഭൂരഹിത പദ്ധതിയുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ 33 വർഷങ്ങൾക്കുശേഷം, 23-05-2023-ലെ സ.ഉ.(കൈ) നം. 13/2023/പജപവവിവ. പ്രകാരം സമഗ്രമായി പരിഷ്കരിച്ചിട്ടുണ്ട്. ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം അനുവദിക്കുന്ന ഭൂമി 15 വർഷത്തിനുള്ളിൽ

അനന്തരാവകാശികൾക്ക് ഉൾപ്പെടെ വിൽക്കുന്നതിനോ കൈമാറ്റം ചെയ്യുന്നതിനോ പാടില്ല എന്ന് പ്രസ്തുത ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) എങ്കിൽ എത്ര വർഷങ്ങൾക്ക് ശേഷമാണ് ഈ മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഭൂരഹിത പദ്ധതിയുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ 33 വർഷങ്ങൾക്കുശേഷം, 23-05-2023-ലെ സ.ഉ.(കൈ) നം. 13/2023/പജപവവിവ പ്രകാരം സമഗ്രമായി പരിഷ്കരിച്ചിട്ടുണ്ട്. ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം അനുവദിക്കുന്ന ഭൂമി 15 വർഷത്തിനുള്ളിൽ അനന്തരാവകാശികൾക്ക് ഉൾപ്പെടെ വിൽക്കുന്നതിനോ കൈമാറ്റം ചെയ്യുന്നതിനോ പാടില്ല എന്ന് പ്രസ്തുത ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) ഉപയോഗയോഗ്യമല്ലാത്ത ഭൂമിയാണ് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് നൽകുന്നതെന്ന പരാതി പരിഹരിക്കാൻ സ്വീകരിച്ച നടപടി എന്താണെന്നും ഇതുസംബന്ധിച്ച് പുതുതായി എന്തെങ്കിലും വ്യവസ്ഥകൾ ഏർപ്പെടുത്തിയിട്ടുണ്ടോ എന്നും വിശദമാക്കാമോ?

ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്ന ഭൂമി വാസയോഗ്യമാണെന്ന് ഉറപ്പുവരുത്തുന്നതിനായി ചുവടെ ചേർക്കുന്ന വ്യവസ്ഥകൾ നിലവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നതിനായി ഗുണഭോക്താവ് കണ്ടെത്തുന്ന ഭൂമി ഗുണഭോക്താവിന്റെ സാന്നിധ്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിട്ട് പരിശോധിക്കേണ്ടതാണ്. വാങ്ങുന്ന ഭൂമി ഗുണഭോക്താവ് നേരിൽ കണ്ട് ബോധ്യപ്പെട്ടതാണെന്നും പ്രസ്തുത ഭൂമി ഭവന നിർമ്മാണത്തിന് അനുയോജ്യമാണെന്നും നിലം, ഡാറ്റ ബാങ്കിൽ ഉൾപ്പെട്ട ഭൂമി, പരിസ്ഥിതി ദുർബല പ്രദേശം, പാറക്കെട്ട്/ വെള്ളക്കെട്ടുള്ള ഭൂമി, സർക്കാർ ഭൂമി, സർക്കാർ പദ്ധതികൾക്കായി ഏറ്റെടുക്കാൻ വിജ്ഞാപനം ചെയ്ത ഭൂമി, CRZ എന്നിവയിൽ ഉൾപ്പെട്ടതല്ല എന്നും പ്രസ്തുത ഭൂമി, റെയിൽവെ, ഹൈ ടെൻഷൻ വൈദ്യുതി ലൈൻ എന്നിവയുടെ നിയന്ത്രണ പരിധിയിലുള്ള ഭൂമി അല്ല എന്നും ഉറപ്പു വരുത്തേണ്ടതാണ്. മേൽക്കാര്യങ്ങൾ ബോധ്യപ്പെട്ടെന്ന്

ഗുണഭോക്താവിൽനിന്നും രേഖാമൂലം സത്യപ്രസ്താവന വാങ്ങേണ്ടതും അത് നിർവ്വഹണ ഉദ്യോഗസ്ഥൻ/പട്ടികജാതി വികസന ഓഫീസർ ഉറപ്പാക്കേണ്ടതുമാണ്.

2. പൊതുഗതാഗത സൗകര്യത്തിലേയ്ക്ക് എത്തിച്ചേരാൻ കഴിയുംവിധം സ്വതന്ത്രമായി ഉപയോഗിക്കാൻ അവകാശമുള്ളതും സഞ്ചാരയോഗ്യവും സൗകര്യപ്രദവുമായ വഴി പ്രസ്തുത ഭൂമിയിലേയ്ക്ക് ഉണ്ടായിരിക്കേണ്ടതും ആയത് ആധാരത്തിൽ കൃത്യമായി പ്രതിപാദിക്കേണ്ടതുമാണ്.

**കേരള തീരത്ത് അപകടരഹിത മത്സ്യബന്ധനം**

29(*89) ശ്രീമതി ദെലീമ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. കെ. ജെ. മാക്സി:
ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) കേരള തീരത്ത് അപകടരഹിത മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കേരള തീരത്ത് അപകടരഹിത മത്സ്യബന്ധനം ഉറപ്പ് വരുത്തുന്നതിനായി സർക്കാർ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

മത്സ്യബന്ധനത്തിന് പോകുമ്പോൾ മത്സ്യത്തൊഴിലാളികൾ നിർബന്ധമായും ലൈഫ്ജാക്കറ്റ് ധരിച്ചിരിക്കണമെന്നത് നിയമ വിധേയമാക്കുകയും ആദ്യഘട്ടമായി 40000 ലൈഫ് ജാക്കറ്റുകൾ സൗജന്യമായി വിതരണം ചെയ്യുകയും ചെയ്തു. അടിയന്തര സാഹചര്യങ്ങളിൽ കടൽ രക്ഷാപ്രവർത്തനത്തിന് 900 മത്സ്യത്തൊഴിലാളി യുവാക്കളെ തെരഞ്ഞെടുത്ത് കടൽ സുരക്ഷ സ്ക്വാഡുകളാക്കാൻ ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ അയച്ച് പ്രത്യേക പരിശീലനം നൽകി സജ്ജമാക്കുന്ന പദ്ധതി പൂർത്തീകരിച്ചുവരുന്നു. ഇതിനകം 780 പേർ പരിശീലനം പൂർത്തിയാക്കിക്കഴിഞ്ഞു. ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ പരിശീലനം പൂർത്തിയായവരിൽനിന്നും ഇതിനോടകം 180 മത്സ്യത്തൊഴിലാളികൾക്ക് ഫിഷറീസ് വകുപ്പിൽ കടൽ

സുരക്ഷാ സ്ക്വാഡുകളായി വിവിധ തീരദേശ ജില്ലകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നൽകിയിട്ടുണ്ട്.

കൂടാതെ കടലിൽ വച്ച് അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് അതിവേഗം രക്ഷാപ്രവർത്തനവും പ്രാഥമിക ചികിത്സയും ലഭ്യമാകത്തക്കവിധം 3 മറൈൻ ആമ്പുലൻസുകൾ കൊച്ചിൻ ഷിപ്പ്‌യാർഡിൽ നിർമ്മിച്ച് വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് പ്രവർത്തിച്ചുവരുന്നു. കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെ മുന്നറിയിപ്പുകൾ മത്സ്യത്തൊഴിലാളികളുടെ മൊബൈൽ ഫോണിൽ ഇന്ത്യൻ നാഷണൽ സെന്റർ ഫോർ ഓഷ്യൻ ഇൻഫർമേഷൻ സർവ്വീസ് (INCOIS) വഴി ലഭ്യമാക്കുന്നുണ്ട്. ഫിഷറീസ് സ്റ്റേഷനുകൾ കോസ്റ്റ് ഗാർഡ്, നേവി, കോസ്റ്റൽ പോലീസ് എന്നിവിടങ്ങളിലെ സന്ദേശ വിനിമയ സംവിധാനങ്ങളിലൂടെയും മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥ മുന്നറിയിപ്പും സുരക്ഷാ മുന്നറിയിപ്പും നല്കിവരുന്നുണ്ട്. ഇതു കൂടാതെ കാലാവസ്ഥ മുന്നറിയിപ്പുകൾ യഥാസമയം മത്സ്യത്തൊഴിലാളികൾക്ക് എത്തി എന്നുറപ്പാക്കാനും കടൽ രക്ഷാ പ്രവർത്തനം

ഏകോപിപ്പിക്കുന്നതിനുമായി ഫിഷറീസ് ഡയറക്ടറേറ്റ് കേന്ദ്രീകരിച്ച് ഒരു മാസ്റ്റർ കൺട്രോൾ റൂമും വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് ഓരോ റീജിയണൽ കൺട്രോൾ റൂമുകളും പ്രവർത്തിച്ചുവരുന്നു.

ആഴക്കടൽ മത്സ്യബന്ധനവും കടൽ സുരക്ഷാ ഉപകരണങ്ങളും പദ്ധതി പ്രകാരം 2017-18 സാമ്പത്തിക വർഷം 66 ജി.പി.എസ്.-കളും 132 ലൈഫ് ബോയെകളും 66 എക്കോസൗണ്ടറുകളും മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. 2018-19 വർഷത്തെ കടൽ സുരക്ഷ പദ്ധതിയിൽ ഉൾപ്പെടുത്തി 500 ജി.പി.എസും 1000 ലൈഫ്ബോയെയും മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തു. 2019-20 സാമ്പത്തിക വർഷത്തെ Sea safety equipments to traditional fishing craft പദ്ധതി പ്രകാരം GPS – 1110 എണ്ണം, DAT – 64 എണ്ണം എന്നിവ മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തെ പദ്ധതി പ്രകാരം 360 മൗണ്ടിംഗ് ടൈപ്പ് ജി.പി.എസ്.-കളും 417 ഹാൻഡ് ഹെൽഡ് ടൈപ്പ് ജി.പി.എസ്.-കളും വിതരണം ചെയ്തു. 2022-23 സാമ്പത്തിക

വർഷം 548 മൗണ്ടിംഗ് ടൈപ്പ് ജി.പി.എസ്.-കൾ വിതരണം ചെയ്തിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 'Modernisation of fishing fleet' പദ്ധതിയിൽ ഉൾപ്പെടുത്തി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 660 മൗണ്ടിംഗ് ടൈപ്പ് ജി.പി.എസ്.-കൾ വിതരണം ചെയ്യുന്ന പദ്ധതി പുരോഗമിച്ചുവരുന്നു.

ഐ.എസ്.ആർ.ഒ.-യുടെ സാങ്കേതിക സഹായത്തോടെ കെൽട്രോൺ വഴി നിർമ്മിച്ച് നൽകുന്ന 1500 കിലോമീറ്റർ വരെ സന്ദേശങ്ങളെത്തിക്കാൻ കഴിയുന്ന 941 നാവിക് ഉപകരണങ്ങളും 168 സാറ്റലൈറ്റ് ഫോണുകളും വിതരണം ചെയ്തിട്ടുണ്ട്. 300 മെക്കനൈസ്ഡ് ബോട്ടുകൾക്ക് HRP (ഹോളോഗ്രാഫിക് രജിസ്ട്രേഷൻ പ്ലേറ്റ്), വെസ്സൽ ട്രാക്കിംഗ് സംവിധാനം എന്നിവ സർക്കാർ സബ്സിഡിയോടെ നൽകുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു.

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ ബലവത്തായ FRP യാനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സബ്സിഡിയോടുകൂടി 320 FRP യാനങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം പ്രധാനമന്ത്രി മത്സ്യ സമ്പത്ത്

യോജന (PMMSY) പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് 100 FRP യാനങ്ങൾ, എഞ്ചിനുകൾ, വല എന്നിവ ഉൾപ്പെടെ യൂണിറ്റൊന്നിന് 5 ലക്ഷം രൂപ നിരക്കിൽ വിതരണം ചെയ്യുന്ന പദ്ധതിക്ക് അംഗീകാരം നൽകി 45 ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് യാനങ്ങൾ നിർമ്മിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. 2022-23 വർഷത്തെ പദ്ധതി പ്രകാരം 100 FRP യാനങ്ങൾ, എഞ്ചിനുകൾ, വല എന്നിവ ഉൾപ്പെടെ യൂണിറ്റ് ഒന്നിന് 5 ലക്ഷം രൂപ നിരക്കിൽ വിതരണം ചെയ്യുന്ന പദ്ധതിക്ക് അംഗീകാരം നൽകി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന നടപടികൾ പുരോഗമിക്കുന്നു.

പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധത്തിന് പ്രാപ്തരാക്കുന്നതിന് പ്രധാനമന്ത്രി മത്സ്യ സമ്പത്ത് യോജന (PMMSY) പദ്ധതിയിൽ ഉൾപ്പെടുത്തി 40 ശതമാനം സബ്സിഡിയോടുകൂടി ആധുനിക സജ്ജീകരണങ്ങളോടു കൂടിയ 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ 15 കോടി രൂപ ചെലവിൽ 10 പേർ വീതം അടങ്ങുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നിർമ്മിച്ചു നൽകുന്ന പദ്ധതിയും പുരോഗമിച്ചുവരുന്നു.

(ബി) മത്സ്യത്തൊഴിലാളികൾക്ക് കടൽരക്ഷാ ഉപകരണങ്ങളും ദിശാ സഹായ ഉപകരണങ്ങളും നൽകുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

മറുപടി പിരിവ് (എ) യിൽ ചേർത്തിട്ടുണ്ട്.

(സി) മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവരുമായി ആശയവിനിമയം നടത്തുന്നതിന് വെരി ഹൈ ഫ്രീക്വൻസി (വി.എച്ച്.എഫ്.) ഹാൻഡ് സെറ്റുകൾ നൽകുന്ന പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉദ്ദേശിക്കുന്നുണ്ട്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കടൽ സുരക്ഷാ ഉപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതിയുടെ ഭാഗമായി VHF Marine Radio വിതരണം ചെയ്യുന്നതിലേക്കായി 2019-20 സാമ്പത്തിക വർഷം 510 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ടി പദ്ധതി നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി ടെണ്ടർ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിന്, ഗുണഭോക്തൃ വിഹിതം ഒടുക്കിയ 836 മത്സ്യത്തൊഴിലാളികൾക്ക് VHF വിതരണം ചെയ്യുന്നതിന് സപ്ലൈ ഓർഡർ

നൽകിയിരുന്നുവെങ്കിലും Ministry of Telecommunication-ന്റെ കീഴിലുള്ള Wireless Planning and Co-ordination (WPC) Wing-ൽനിന്നും Marine Mobile Station ലൈസൻസ് ലഭ്യമാക്കുന്നതിലെ സാങ്കേതിക തടസങ്ങൾ കാരണം VHF വിതരണം ചെയ്യാൻ കഴിഞ്ഞില്ല.

നടപ്പ് സാമ്പത്തിക വർഷം 'Modernisation of fishing fleet' പദ്ധതിയിലുൾപ്പെടുത്തി ഗുണഭോക്തൃ വിഹിതം ഒടുക്കിയ 836 ഗുണഭോക്താക്കൾക്ക് VHF വിതരണം ചെയ്യുന്നതിന് സർക്കാർ 2.88 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനായി ടെണ്ടർ ക്ഷണിച്ച് കുറഞ്ഞ തുക ക്വോട്ട് ചെയ്ത സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**സർപ്പ ആപ്**

30(*90) ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) വന്യജീവി ശല്യം, ഇക്കോ സെൻസിറ്റീവ് സോൺ അതിർത്തി, കാട്ടു പന്നികളെ വെർമിൻ ആയി പ്രഖ്യാപിക്കൽ എന്നീ വിഷയങ്ങളിൽ അടിയന്തര നടപടി ആവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് നിവേദനം നൽകിയിട്ടുണ്ടോ; ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും എന്തെങ്കിലും പ്രതികരണം ലഭ്യമായിട്ടുണ്ടോ?

മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനുവേണ്ടി അഞ്ച് വർഷ കാലയളവിലേക്ക് 620 കോടിയുടെ ഒരു പദ്ധതി തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിച്ചിരുന്നു. ആയതിന് ലഭ്യമായ മറുപടിയിൽ സംസ്ഥാന സർക്കാരിന്റെ വിവിധ സ്കീമുകളിലൂടെയും വിഭവ സമാഹരണത്തിലൂടെയും ശാസ്ത്രീയവും നൂതനവുമായ സമീപനങ്ങളിലൂടെയും മനുഷ്യ-വന്യമൃഗ സംഘർഷത്തിന് സുസ്ഥിരമായ പരിഹാരം കണ്ടെത്തണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്.

പാരിസ്ഥിതിക സംവേദക മേഖല (ഇക്കോ സെൻസിറ്റീവ് സോൺ) നിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. സുപ്രീംകോടതി പരിഗണിച്ചിരുന്ന WP(C)202/1995 നമ്പർ കേസിലെ IA 1000/2003 നമ്പർ

ഹർജിയിലെ 03-06-2022-ലെ വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റും പാരിസ്ഥിതിക സംവേദക മേഖല നിർണ്ണയിക്കുന്നതിൽ ജനവാസ മേഖലകൾ ഒഴിവാക്കി ലഭിക്കണമെന്ന സംസ്ഥാന സർക്കാർ നിലപാട് സംരക്ഷിച്ച് കിട്ടുന്നതിനായി ഭരണപരവും നിയമപരവുമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി 07-03-2022-ൽ കേരള നിയമസഭയിൽ ഒരു പ്രമേയം അവതരിപ്പിക്കുകയും ആയത് ഐകകണ്ഠ്യേന പാസ്സാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ചെയ്തിരുന്നു. അതിനുശേഷം 17-07-2022-ൽ ഈ ആവശ്യങ്ങൾ ഉന്നയിച്ച് വനം വകുപ്പുമന്ത്രി എന്ന നിലയിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രിക്ക് നിവേദനവും നൽകിയിരുന്നു. ഇതിനു മുമ്പുതന്നെ സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ജനവാസ മേഖലകളെ ഒഴിവാക്കിക്കൊണ്ട് നിലവിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ അംഗീകരിച്ച് ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾക്കായി കേന്ദ്ര എംപവേഡ് കമ്മിറ്റിയെയും

ബഹു. സുപ്രീംകോടതിയെയും സമീപിക്കണമെന്ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് സംസ്ഥാന സർക്കാർ കത്തയച്ചിരുന്നു.

സംസ്ഥാന സർക്കാരിന്റെ നിലപാടിന് അനുസൃതമായി കേന്ദ്ര സർക്കാർ ബഹു. സുപ്രിംകോടതിയിൽ മോഡിഫിക്കേഷൻ പെറ്റീഷനും സംസ്ഥാന സർക്കാർ പുന:പരിശോധനാ ഹർജിയും ഫയൽ ചെയ്തിരുന്നു.

ബഹു. സുപ്രീംകോടതിയുടെ 26-04-2023-ലെ IA 131377/2022 നമ്പർ വിധി പ്രകാരം സംസ്ഥാന സർക്കാർ ജനവാസ മേഖലകൾ ഒഴിവാക്കി സമർപ്പിച്ച നിലവിലുള്ള കരട് വിജ്ഞാപനങ്ങൾ പരിഗണിക്കാൻ ബഹു. സുപ്രീംകോടതി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റുമുള്ള ഒരു കിലോമീറ്റർ മേഖലയിലും ഇക്കോസെൻസിറ്റീവ് സോണിലും നേരത്തെ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ ലഘൂകരിച്ചിട്ടുമുണ്ട്.

കാട്ടുപന്നികളെ വെർമിൻ ആയി പ്രഖ്യാപിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. ഷെഡ്യൂൾ III-ൽ ഉൾപ്പെട്ട കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്ര വനം

പരിസ്ഥിതി മന്ത്രാലയത്തിന് 01-11-2020-ലും 17-06-2021-ലും അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്. കാട്ടുപന്നികളുടെ ആക്രമണം രൂക്ഷമായ പ്രദേശങ്ങളിൽ കേന്ദ്ര സർക്കാരിന്റെ 06-02-2021-ലെ അഡ്വൈസറി പ്രകാരമുള്ള നിർദ്ദേശങ്ങൾ കൈക്കൊള്ളാൻ നിർദ്ദേശിച്ചുകൊണ്ടുള്ള സംസ്ഥാന സർക്കാരിന്റെ രണ്ടാമത്തെ അപേക്ഷയും കേന്ദ്ര സർക്കാർ മടക്കുകയാണുണ്ടായത്. നിലവിൽ 31-05-2022-ലെ സ.ഉ. (സാധാ)നം. 239/2022/വനം നമ്പർ ഉത്തരവിന്റെ വെളിച്ചത്തിൽ ജനവാസ മേഖലകളിൽ ജനങ്ങളുടെ ജീവനും സ്വത്തിനും നാശം വരുത്തുന്ന കാട്ടുപന്നികളെ അനുവദനീയമായ മാർഗ്ഗങ്ങളിലൂടെ കൊന്ന് ഇല്ലായ്മ ചെയ്യാൻ 1972-ലെ വന്യജീവി (സംരക്ഷണം) നിയമത്തിന്റെ സെക്ഷൻ 11(1)(ബി) പ്രകാരമുള്ള ചീഫ് വൈൽഡ് ലൈഫ് വാർഡനിൽ നിക്ഷിപ്തമായ അധികാരം, 1972-ലെ വന്യജീവി (സംരക്ഷണം) നിയമത്തിന്റെ സെക്ഷൻ 5(2) പ്രകാരം ഓണററി വൈൽഡ് ലൈഫ് വാർഡൻമാർക്കും അധികാരപ്പെട്ട ഉദ്യോഗസ്ഥർക്കും ഡെലിഗേറ്റ് ചെയ്ത് ഉത്തരവായിട്ടുണ്ട്. (സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.)+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സംസ്ഥാനത്ത് സർപ്പ ആപ്പിന്റെ പ്രവർത്തനം ആരംഭിച്ചത് മുതൽ ഉണ്ടായ പുരോഗതി വിശദമാക്കാമോ?

ജനവാസ മേഖലകളിൽ അപകടകരമായി കാണപ്പെടുന്ന പാമ്പുകളെ സുരക്ഷിതമായി പിടികൂടുന്നതിനും അനുയോജ്യമായ ആവാസ വ്യവസ്ഥയിൽ വിട്ടയയ്ക്കുന്നതിനുമായി സംസ്ഥാന സർക്കാർ അംഗീകരിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ 2020 ആഗസ്റ്റ് 18 മുതൽ പ്രാബല്യത്തിൽ വന്നിട്ടുള്ളതും രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സർപ്പ (Snake Awareness Rescue and Protection App) മൊബൈൽ ആപ്പ് അന്നേ ദിവസം മുതൽ പൊതുജനങ്ങൾക്കായി പുറത്തിറക്കിയിട്ടുള്ളതുമാണ്. പ്രസ്തുത ആപ്പ് നിലവിൽ വന്നത് മുതൽ 2023 ജൂലൈ വരെ 26420 പാമ്പുകളെ വിവിധ ജില്ലകളിലായി കണ്ടെത്തിയിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതും അതിൽ 22062 പാമ്പുകളെ റെസ്ക്യൂ ചെയ്തിട്ടുള്ളതുമാണ്. ഈ ആപ്പ് നിലവിൽ വന്നതിനുശേഷം പാമ്പുകൾ മൂലമുള്ള അപകടാവസ്ഥ ഫലപ്രദമായി ഒഴിവാക്കുന്നതിന് അടിയന്തര ഇടപെടലുകളും ബോധവത്കരണവും നടത്തുക വഴി 2019 വരെ പ്രതിവർഷം നൂറിലധികം ജനങ്ങൾ പാമ്പുകടിയേറ്റ്

മരണപ്പെട്ടിരുന്ന സാഹചര്യത്തിൽനിന്നും, തുടർന്നുള്ള വർഷങ്ങളിൽ മരണ നിരക്ക് ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിവിധയിടങ്ങളിൽ പലപ്പോഴായി നടത്തിയ പരിശീലനങ്ങളിൽ ആകെ 3208 പേർക്ക് പരിശീലനം നൽകുകയും അതിൽ 1866 പേർക്ക് പാമ്പുകളെ പിടികൂടുന്നതിനുള്ള ലൈസൻസ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ലൈസൻസ് ലഭിച്ചവരിൽ ഭൂരിഭാഗവും വനംവകുപ്പ് ജീവനക്കാരാണ്. ഇവയ്ക്കുപുറമേ സമൂഹത്തിന്റെ വിവിധ മേഖലയിൽ ഉള്ളവർക്കും സമയലഭ്യതയനുസരിച്ച് സൗജന്യ പരിശീലനം നൽകിവരുന്നു.

(സി) മൂന്നാർ ഡിവിഷനിലെ കുറിഞ്ഞിമല സങ്കേതത്തിൽ 12 വർഷത്തിലൊരിക്കൽ പൂക്കുന്ന സസ്യമായ നീലക്കുറിഞ്ഞി ചെടികളുടെ സംരക്ഷണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

നീലക്കുറിഞ്ഞി സംരക്ഷണത്തിനായി UNDP പദ്ധതിയിൽ ഉൾപ്പെടുത്തി ശാന്തൻപാറ ഭാഗത്ത് പൂത്തിരുന്ന കുറിഞ്ഞിച്ചെടികളിൽനിന്നും വിത്തുകൾ ശേഖരിക്കുകയും കുറിഞ്ഞി നേഴ്സറി ഉണ്ടാക്കുകയും 2019-ൽ 2 ഹെക്ടർ, 2021-ൽ 5 ഹെക്ടർ, 2022-ൽ ഒരു ഹെക്ടർ എന്നിങ്ങനെ കുറിഞ്ഞിച്ചെടികൾ

നട്ട് അവയെ സംരക്ഷിച്ചുവരുന്നുമുണ്ട്. വിദേശീയ സസ്യങ്ങൾ ഒഴിവാക്കിയാണ് കുറിഞ്ഞിത്തൈകൾ നട്ടിട്ടുള്ളത്. നിലവിൽ എല്ലാ വർഷവും വനമഹോത്സവത്തോടനുബന്ധിച്ച് കുറിഞ്ഞിത്തൈകൾ നട്ടുപരിപാലിക്കുന്നു. കുറിഞ്ഞി വിത്തുണ്ടകൾ (Seed Balls) തയ്യാർ ചെയ്ത് അവ വർഷകാലത്ത് ഫലഭൂയിഷ്ഠമായ വനഭൂമിയിൽ നിക്ഷേപിച്ചും വരുന്നു.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### മണ്ണാർക്കാട് മണ്ഡലത്തിലെ സേഫ് പദ്ധതി

1(841) ശ്രീ. എൻ. ഷംസുദീൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് വീട് നിർമ്മിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള സേഫ് പദ്ധതിയിൽ മണ്ണാർക്കാട് മണ്ഡലത്തിലെ എത്ര ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയിട്ടുണ്ട്; പ്രസ്തുത ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കാനുള്ള നടപടിക്രമങ്ങൾ എന്തായി എന്ന് വിശദമാക്കുമോ?

സേഫ് പദ്ധതിയിൽ മണ്ണാർക്കാട് മണ്ഡലത്തിൽ 562 പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ നിന്നും ഇതുവരെ 103 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്ന് 12 പേരെ തെരഞ്ഞെടുത്തിട്ടുണ്ട്. പ്രസ്തുത 12 പേരുടെ അപേക്ഷകളും അനുബന്ധരേഖകളും ലഭ്യമാക്കിവരുന്നു.

**ആദിവാസി കുടുംബങ്ങൾക്ക് പാർപ്പിടം**

2(842) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം എത്രയാണെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് നിലവിൽ 1,47,868 പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്.

(ബി) ഇതിൽ സ്വന്തമായി സ്ഥലമില്ലാത്ത കുടുംബങ്ങളുടെ എണ്ണം എത്രയാണെന്നും സ്വന്തമായി സ്ഥലമുണ്ടായിട്ടും പാർപ്പിടമില്ലാത്ത കുടുംബങ്ങളുടെ എണ്ണം എത്രയാണെന്നും വിശദമാക്കുമോ?

സ്വന്തമായി സ്ഥലമില്ലാത്ത 7449 പട്ടികവർഗ്ഗ കുടുംബങ്ങളും, സ്വന്തമായി സ്ഥലമുണ്ടായിട്ടും വീടില്ലാത്ത 7251 പട്ടികവർഗ്ഗ കുടുംബങ്ങളുമുണ്ട്.

(സി) ഇവർക്ക് സ്ഥലം ഉൾപ്പെടെ പാർപ്പിടം ലഭ്യമാകുന്നതിനായി ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്നും ആയത് എപ്പോൾ പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ?

ഭൂരഹിത ഭവനരഹിതർക്ക് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന പരമാവധി വേഗത്തിൽ ഭൂമിയും വീടും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ലാൻഡ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം എന്നിവയിലൂടെ ഭൂമി ലഭ്യമാക്കുകയും ടി ഭൂമിയിൽ ഭവനനിർമ്മാണത്തിന് ധനസഹായം അനുവദിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ വനാവകാശ നിയമപ്രകാരം അർഹരായവർക്ക് ഭൂമിക്ക് കൈവശാവകാശ രേഖയും നൽകുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം 218 പേർക്ക് 41.12 ഏക്കർ ഭൂമിയും നിക്ഷിപ്ത വനഭൂമി വിതരണ പദ്ധതി പ്രകാരം 117 പേർക്ക് 52.20 ഏക്കർ ഭൂമിയും വിതരണം ചെയ്യുകയും 144 പേർക്ക് വീട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വനാവകാശ നിയമപ്രകാരം 2302 പേർക്ക് 2617.21 ഏക്കർ ഭൂമിക്ക് കൈവശാവകാശ രേഖയും വിതരണം ചെയ്തിട്ടുണ്ട്.

ലൈഫ് മിഷന്റെ മൂന്നാം ഘട്ടത്തിൽ ഭൂരഹിത ഭവനരഹിതരായ കുടുംബങ്ങൾക്ക് ഭൂമിയും വീടും അനുവദിക്കുക എന്ന പദ്ധതി പ്രകാരം ഭൂരഹിത ഭവനരഹിതരായി കണ്ടെത്തിയതിൽ 872 പേർ കരാറിൽ ഏർപ്പെട്ട് നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ആയതിൽ നാളിതുവരെ 552 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

**ബിന്ദു വൈലാശ്ശേരിക്ക് ഭൂമി അനുവദിച്ച് നൽകിയ നടപടി**

3(843) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ഐ.ടി.ഡി.പി. ഓഫീസിന് മുന്നിൽ നടന്നുവരുന്ന ആദിവാസി ഭൂസമരത്തിന് നേതൃത്വം നൽകുന്ന ബിന്ദു വൈലാശ്ശേരി എന്നയാൾക്ക് അകമ്പാടം വില്ലേജിൽ അമ്പത് സെന്റ് ഭൂമിയും വീടും സർക്കാർ നൽകിയിട്ടുണ്ടോ; എങ്കിൽ ഇത് നൽകിയത് നിലവിലെ ചട്ടങ്ങൾ പാലിച്ചാണോ; വിശദമാക്കാമോ?

ഉണ്ട്. 2018-ൽ മലപ്പുറം ജില്ലയിലുണ്ടായ പ്രളയത്തിൽ ഭവന രഹിതരും ഭൂരഹിതരുമായി മാറിയ പട്ടികവർഗ്ഗക്കാരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി റവന്യൂ വകുപ്പ് അപേക്ഷ ക്ഷണിച്ച് ഗുണഭോക്താക്കളെ കണ്ടെത്തിയതിൽ ശ്രീമതി ബിന്ദു വൈലാശ്ശേരി ഗുണഭോക്താവായിരുന്നു.

തുടർന്ന് ശ്രീമതി ബിന്ദു വൈലാശ്ശേരിക്ക് 50 സെന്റ് ഭൂമിയും ആദിവാസി പുനരധിവാസ മിഷൻ മുഖേന വീടും അനുവദിച്ചിരുന്നു. ടിയാൾക്ക് ഭൂമിയും വീടും അനുവദിച്ച് നൽകിയിട്ടുള്ളത് നിലവിലെ ചട്ടങ്ങൾ പാലിച്ചാണ്.

(ബി) ടിയാളുടെ കൈവശമുള്ള മലപ്പുറം ജില്ലയിലെ ചാലിയാർ പഞ്ചായത്തിലെ വൈലാശ്ശേരി കോളനിയിലെ വീടും സ്ഥലവും വാടകയ്ക്ക്

നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം വിശദമായി പരിശോധിക്കുമോ;

(സി) ടിയാളുടെ ഭർത്താവായ ഗിരിദാസന്റെ പേരിൽ മലപ്പുറം ജില്ലയിൽ ചാലിയാർ പഞ്ചായത്തിലെ പെരുവമ്പാടം കോളനിയിൽ ഭൂമിയും വീടും ഉള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അദ്ദേഹത്തിന്റെ പേരിലുള്ള സ്ഥലം എത്രയാണെന്ന് അറിയിക്കാമോ;

(ഡി) ബിന്ദു വൈലാശ്ശേരിക്കും കുടുംബത്തിനും ആശ്രിതർക്കും മൂന്നിടത്തായി കൈവശ ഭൂമിയും വീടും ഉള്ളത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; ഇല്ലെങ്കിൽ പരിശോധിച്ച് നടപടികൾ സ്വീകരിക്കുമോ?

(ബി-ഡി) പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## ഭൂരഹിത-ഭവന രഹിതരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിശദാംശങ്ങൾ

4(844) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിശദാംശങ്ങൾ ശേഖരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പട്ടികജാതി വിഭാഗത്തിൽ 46,505 ഭൂരഹിതരും 68,147 ഭവന രഹിതരുമുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽ ഭൂമിയും വീടുമില്ലാത്ത 7449 കുടുംബങ്ങളും ഭവന രഹിതരായ 7251 കുടുംബങ്ങളുമുണ്ട്.

(ബി) ഇവർക്ക് സ്ഥലവും വീടും ലഭ്യമാക്കുന്നതിന് നിലവിലുള്ള പദ്ധതികൾ പര്യാപ്തമാണോ എന്ന് വിലയിരുത്തിയിട്ടുണ്ടോ?

വിലയിരുത്തിയിട്ടുണ്ട്. എല്ലാ ഭൂരഹിത ഭവനരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്കും സ്ഥലവും വീടും ലഭ്യമാക്കുന്ന പദ്ധതി ലൈഫ് മിഷൻ മുഖേന നടപ്പിലാക്കിവരുന്നു. ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേനയും ഭൂമി ലഭ്യമാക്കി ഭവന നിർമ്മാണം നടപ്പിലാക്കിവരുന്നു. ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ലാൻഡ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം എന്നിവയിലൂടെ ഭൂമി ലഭ്യമാക്കുകയും പ്രസ്തുത ഭൂമിയിൽ ഭവന

നിർമ്മാണത്തിന് ധനസഹായം അനുവദിക്കുകയും ചെയ്യുന്നു. കൂടാതെ വനാവകാശ നിയമ പ്രകാരം അർഹരായവർക്ക് ഭൂമിക്ക് കൈവശരേഖയും നൽകുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം 218 പേർക്ക് 41.12 ഏക്കർ ഭൂമിയും നിക്ഷിപ്ത വനഭൂമി വിതരണ പ്രകാരം 117 പേർക്ക് 52.20 ഏക്കർ ഭൂമിയും വിതരണം ചെയ്യുകയും 144 പേർക്ക് വീട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വനാവകാശ നിയമ പ്രകാരം 2302 പേർക്ക് 2617.21 ഏക്കർ ഭൂമിയുടെ കൈവശാവകാശരേഖയും വിതരണം ചെയ്തിട്ടുണ്ട്.

(സി) സ്ഥലവും വീടും എല്ലാവർക്കും എന്നത്തേയ്ക്ക് അനുവദിച്ചു നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദീകരിക്കാമോ?

അർഹരായി കണ്ടെത്തിയ എല്ലാ പട്ടികജാതി ഗുണഭോക്താക്കൾക്കും ഭവന നിർമ്മാണാനുകൂല്യം നൽകുന്നതിന് 15-11-2022-ലെ സ.ഉ(സാധാ)നം. 2806/2022/എൽ.എസ്.ജി.ഡി. പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി എഗ്രിമെന്റ് വയ്ക്കുന്ന മുറയ്ക്ക് എല്ലാ

ഗുണഭോക്താക്കൾക്കും ആനുകൂല്യം അനുവദിച്ച് നൽകാൻ കഴിയുന്നതാണ്. ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിതർക്ക് പട്ടികജാതി വികസന വകുപ്പ് മുഖേനയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും ഭൂമി ലഭ്യമാക്കുന്നതിനും തുടർന്ന് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിനുമുള്ള നടപടികളും നടന്നുവരുന്നു.

എല്ലാ ഭൂരഹിത ഭവനരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്കും സ്ഥലവും വീടും ലഭ്യമാക്കുന്ന പദ്ധതി പരമാവധി വേഗത്തിൽ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ഞാറക്കൽ ഗ്രാമപഞ്ചായത്തിലെ ഭൂരഹിത ഭവനരഹിത പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് ഭൂമി വിതരണം**

5(845) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ ഞാറക്കൽ ഗ്രാമപഞ്ചായത്തിലെ ഭൂരഹിത ഭവനരഹിത പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് ഭൂമി വിതരണം ചെയ്യുന്നതിന് 1997-ൽ എറണാകുളം ജില്ലാ കളക്ടറുടെ എച്ച് 2/45/97-ലെ

ഉത്തരവ് പ്രകാരം വാങ്ങിയ 187.793 സെന്റ് സ്ഥലം പോക്ക് വരവ് ചെയ്ത് ലഭിക്കാത്തത് സംബന്ധിച്ച പ്രശ്നം പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഭൂമി ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി എന്താണെന്നും ആയതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

(എ&ബി)തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന ഞാറക്കൽ ഗ്രാമപഞ്ചായത്തിൽ ഭൂരഹിത ഭവനരഹിത പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് ഭൂമി വിതരണം ചെയ്യുന്നതിന് 1997-ൽ എറണാകുളം ജില്ലാ കളക്ടറുടെ എച്ച്2/45/97 നമ്പർ ഉത്തരവ് പ്രകാരം വാങ്ങിയ 187.79 സെന്റ് സ്ഥലം പോക്കുവരവ് ചെയ്യുന്നതിന് താലൂക്ക് സർവ്വേയർ സ്ഥലം പരിശോധിച്ചുവെങ്കിലും നാളിതുവരെ റിപ്പോർട്ട് ലഭ്യമായിട്ടില്ലെന്നും ആധാര പ്രകാരമുള്ള ഭൂമിയും റീസർവ്വേ പ്രകാരം കൈവശമുള്ള ഭൂമിയും തമ്മിൽ വിസ്തീർണ്ണത്തിൽ കുറവുള്ളതിനാൽ മേൽ വിസ്തീർണ്ണ കുറവിൽ ഇനം മാറ്റം, സബ്ഡിവിഷൻ, പേര് മാറ്റം എന്നിവ അനുവദിക്കുന്നതിന്

ആക്ഷേപമില്ലെന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം തഹസിൽദാർ ആവശ്യപ്പെട്ടിട്ടുള്ളതായും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച് അടുത്ത പഞ്ചായത്ത് കമ്മറ്റിയിൽ തീരുമാനം എടുക്കുമെന്നും ഞാറക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി വകുപ്പിനെ അറിയിച്ചിട്ടുണ്ട്.

**വർക്കല മണ്ഡലത്തിൽ ഭൂരഹിതരായിട്ടുള്ള പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങൾ**

6(846) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ നിലവിൽ ഭൂരഹിതരായിട്ടുള്ള പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങളുടെയും ഭവന രഹിതരായിട്ടുള്ള കുടുംബങ്ങളുടെയും എണ്ണം ഗ്രാമപഞ്ചായത്ത്, മുൻസിപ്പാലിറ്റി അടിസ്ഥാനത്തിൽ വിശദമാക്കുമോ?

വർക്കല മണ്ഡലത്തിൽ നിലവിൽ ഭൂരഹിതരായ പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങളുടെയും ഭവന രഹിതരായിട്ടുള്ള കുടുംബങ്ങളുടെയും എണ്ണം തദ്ദേശ സ്ഥാപന അടിസ്ഥാനത്തിൽ അനുബന്ധമായി+ ചേർക്കുന്നു.

(ബി) മുൻ സർക്കാരിന്റെ കാലയളവിലും നിലവിലെ സർക്കാരിന്റെ കാലയളവിലും വർക്കല മണ്ഡലത്തിൽ വിവിധ പദ്ധതികളിലുൾപ്പെടുത്തി വീട് അനുവദിച്ചതും ഭൂമി അനുവദിച്ചതും എത്രയാണെന്ന് മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

മുൻ സർക്കാരിന്റെ കാലയളവിലും നിലവിലെ സർക്കാരിന്റെ കാലയളവിലും വർക്കല മണ്ഡലത്തിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വീട് അനുവദിച്ചതിന്റെയും ഭൂമി അനുവദിച്ചതിന്റെയും വിശദവിവരം തദ്ദേശ സ്ഥാപന അടിസ്ഥാനത്തിൽ അനുബന്ധമായി+ ചേർക്കുന്നു.

**വയനാട് ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വീടുകൾ**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

7(847) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21 കാലയളവിലും ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെയും വയനാട് ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി ആകെ എത്ര വീടുകൾക്ക് ധനസഹായം നൽകിയെന്ന് വ്യക്തമാക്കാമോ?

2016-21 കാലയളവിലും, ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെയും വയനാട് ജില്ലയിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ആകെ 8796 വീടുകളുടെ നിർമ്മാണത്തിനായി ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത വീടുകൾ ഏതെല്ലാം പദ്ധതികളിൽ ഉൾപ്പെടുത്തിയാണ് നൽകിയതെന്ന് വിശദമാക്കാമോ?

ജനറൽ ഹൗസിംഗ്, ലൈഫ് മിഷൻ ഫേസ് 1, ഹഡ്കോ ഭവനം, വന ബന്ധു കല്യാൺ യോജന, വെള്ളപ്പൊക്ക ഭീഷണിയുള്ള കോളനികളുടെ

പുനരധിവാസം, ടി.ആർ.ഡി.എം. ഹൗസിംഗ് എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തിയാണ് ധനസഹായം അനുവദിച്ചിട്ടുള്ളത്.

(സി) നിലവിൽ ഭവനരഹിതരായവരും എന്നാൽ സ്വന്തമായി ഭൂമിയുള്ളവരുമായ എത്ര കുടുംബങ്ങൾ വീടിനായി അപേക്ഷ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

വയനാട് ജില്ലയിൽ ഭൂമിയുള്ള ഭവനരഹിതരായ 4485 കുടുംബങ്ങളാണ് വീടിനായി അപേക്ഷ നൽകിയിട്ടുള്ളത്.

**ലൈഫ് ഭവന നിർമ്മാണ പദ്ധതി**

8(848) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളിതുവരെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലുൾപ്പെട്ട എത്ര പേർക്കാണ് ലൈഫ് ഭവന പദ്ധതി മുഖേന വീടുകൾ ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി നൽകുന്ന പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച കുടുംബങ്ങളുടെ കണക്ക് വ്യക്തമാക്കാമോ?

(എ&ബി) വിവരം ശേഖരിച്ചു വരുന്നു.

**ലൈഫ് ഭവന പദ്ധതി**

9(849) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കാൻ കഴിയാത്ത പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് പുതിയ അപേക്ഷ നൽകി പദ്ധതിയിൽ ഉൾപ്പെടാൻ സാധിക്കുമോ?

ലൈഫ് മിഷൻ മുഖേന അപേക്ഷ ക്ഷണിക്കുന്ന സമയത്ത് പുതിയ അപേക്ഷ സമർപ്പിക്കാൻ സാധിക്കുന്നതാണ്.

(ബി)അംബേദ്കർ പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന മട്ടന്നൂർ നിയോജകമണ്ഡലത്തിലെ പടിയൂർ ഗ്രാമപഞ്ചായത്തിലെ ചടച്ചിക്കുണ്ടം,

ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ പന്നിയോട് എന്നീ കോളനികളുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

2017-18-ലെ അംബേദ്കർ സെറ്റിൽമെന്റ് സമഗ്ര വികസന പദ്ധതിയിലുൾപ്പെട്ട മട്ടന്നൂർ നിയോജകമണ്ഡലത്തിലെ പടിയൂർ ഗ്രാമപഞ്ചായത്തിലെ ചടച്ചിക്കുണ്ടം കോളനിയിലെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനങ്ങൾ | പുരോഗതി വിവരം |
|---|---|---|
| 1 | ഭവന നവീകരണം<br><br>(9 എണ്ണം) | 80 ശതമാനം പൂർത്തീകരിച്ചു |
| 2 | ഭവനനിർമ്മാണം | 2 എണ്ണം 95 ശതമാനം പൂർത്തീകരിച്ചു. ഒരെണ്ണം 75 ശതമാനം പൂർത്തീകരിച്ചു (മേൽക്കൂര) |
| 3 | കുടിവെള്ള വിതരണം | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 4 | പഠനമുറി | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 5 | ടോയ്‌ലറ്റ് | പ്രവൃത്തി ആരംഭിച്ചിട്ടില്ല |

2020-21 വർഷത്തെ അംബേദ്കർ സെറ്റിൽമെന്റ് സമഗ്ര വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ പന്നിയോട്

ചെന്നപ്പൊയിൽ കോളനിയിൽ നടപ്പാക്കുന്ന ഒരു കോടി രൂപയുടെ പദ്ധതി സംബന്ധിച്ച ഡി.പി.ആർ. ജില്ലാതല പട്ടികജാതി പട്ടികവർഗ്ഗ ഏകോപന സമിതി യോഗം അംഗീകരിച്ചിട്ടുണ്ട്. ആയതുപ്രകാരം പ്രവൃത്തികൾ ആരംഭിക്കുന്നതിന് വർക്ക് ഓർഡർ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**തിരൂർ മണ്ഡലത്തിലെ ഭൂരഹിത-ഭവന രഹിതരായ പട്ടികജാതി കുടുംബങ്ങൾ**

10(850) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)തിരൂർ മണ്ഡലത്തിൽ ഭൂരഹിതരായിട്ടുള്ളതും ഭവനരഹിതരായിട്ടുള്ളതുമായ പട്ടികജാതി കുടുംബങ്ങളുടെ എണ്ണം എത്രയാണെന്ന് ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത ഭൂരഹിത-ഭവനരഹിത കുടുംബങ്ങൾക്ക് ഭൂമിയും, ഭവനവും അനുവദിക്കുന്നതിനായി നടപടികൾ സ്വീകരിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിത കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിനായി 3 മുതൽ 5 സെന്റ് വരെ ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിക്കുന്ന ഭൂരഹിത പുനരധിവാസ പദ്ധതി വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു. കൂടാതെ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും ഭൂമി അനുവദിച്ചുവരുന്നു. ഇപ്രകാരം ഭൂമി ലഭിക്കുന്നവർക്ക് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണ സഹായം അനുവദിക്കുന്നുണ്ട്.

(സി) മണ്ഡലത്തിലെ അർഹരായ പട്ടികജാതി വിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് ലൈഫ് ഭവന പദ്ധതി, സേഫ് പദ്ധതി (സെക്യൂർ അക്കൊമഡേഷൻ ആൻഡ് ഫെസിലിറ്റി എൻഹാൻസ്മെന്റ്) എന്നിവ പ്രകാരം 2016 മുതൽ നാളിതുവരെ എത്ര പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന വിവരം ലഭ്യമാക്കുമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പാലക്കയം ട്രൈബൽ സെറ്റിൽമെന്റ് കോളനിയിലേയ്ക്കുള്ള റോഡിന്റെ നവീകരണം

11(851) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിലെ ചാലിയാർ ഗ്രാമപഞ്ചായത്തിലെ പാലക്കയം ട്രൈബൽ സെറ്റിൽമെന്റ് കോളനിയിലേയ്ക്കുള്ള റോഡിന്റെ നവീകരണത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ഏറനാട് മണ്ഡലത്തിലെ പാലക്കയം ട്രൈബൽ സെറ്റിൽമെന്റ് കോളനിയിലേയ്ക്കുള്ള റോഡിന്റെ നവീകരണത്തിന് ഫണ്ട് അനുവദിച്ചിട്ടില്ല.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പ് വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ പ്രസ്തുത നവീകരണ പദ്ധതിയുടെ പ്രൊപ്പോസൽ പരിഗണിച്ചിട്ടുണ്ടോ; എത്ര തുകയുടെ പദ്ധതിയാണ് പ്രസ്തുത യോഗത്തിൽ ഉൾപ്പെടുത്തിയതെന്നും എത്ര

തുകയ്ക്കാണ് ഭരണാനുമതി നൽകിയതെന്നും പ്രസ്തുത പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും വ്യക്തമാക്കാമോ?

2018 മുതൽ പ്രളയ പശ്ചാത്തലത്തിൽ ജീവനോപാധി പ്രവൃത്തികൾക്കാണ് കോർപ്പസ് ഫണ്ട് പദ്ധതിയിൽ മുൻതൂക്കം നൽകിയിരുന്നത്. കൂടാതെ 2020-21 കാലയളവിൽ കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സ്റ്റേറ്റ് ലെവൽ വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിച്ചിരുന്നില്ല. തുടർന്ന് ലഭ്യമായ പ്രൊപ്പോസലുകൾ DSR 2018 പ്രകാരം പുതുക്കി നൽകണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ട്രൈബൽ സെറ്റിൽമെന്റ് കോളനികളിലേയ്ക്കുള്ള റോഡുകൾ നവീകരിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല.

**ഇന്റർനെറ്റും മൊബൈൽ സിഗ്നലും ലഭ്യമല്ലാത്ത ആദിവാസി കോളനികൾ**

12(852) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇന്റർനെറ്റ്, മൊബൈൽ സിഗ്നൽ സൗകര്യങ്ങൾ ലഭ്യമല്ലാത്ത എത്ര ആദിവാസി കോളനികൾ നിലവിലുണ്ട്; ജില്ലതിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് പഠനം ഓൺലൈനായിരുന്ന സാഹചര്യത്തിൽ ഇന്റർനെറ്റ് സൗകര്യം ലഭ്യമല്ലാതിരുന്ന 1284 പട്ടികവർഗ്ഗ കോളനികളിൽ വിവിധ സർക്കാർ ഏജൻസികളുടെ സഹായത്തോടെ 1095 കോളനികളിൽ FTH ഉൾപ്പെടെ ഇന്റർനെറ്റ് സേവനം ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ ഒരു തരത്തിലുമുള്ള ഇന്റർനെറ്റ്/ മൊബൈൽ സിഗ്നലുകൾ ലഭ്യമല്ലാത്ത 189 ഊരുകളുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | കോളനികളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 19 |
| 2 | പത്തനംതിട്ട | 4 |
| 3 | കോട്ടയം | 1 |
| 4 | എറണാകുളം | 7 |

| | | |
|---|---|---|
| 5 | തൃശ്ശൂർ | 5 |
| 6. | പാലക്കാട് | 23 |
| 7 | മലപ്പുറം | 4 |
| 8 | ഇടുക്കി | 75 |
| 9 | വയനാട് | 24 |
| 10 | കോഴിക്കോട് | 4 |
| 11 | കണ്ണൂർ | 19 |
| 12 | കാസർഗോഡ് | 4 |

(ബി) ഓരോ കോളനിയിലുമുള്ള വിദ്യാർഥികളുടെ എണ്ണം എത്രയെന്നും അവരുടെ ഓൺലൈൻ വിദ്യാഭ്യാസ സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനായി പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുമോ എന്നതും സംബന്ധിച്ച വിശദാംശം നൽകാമോ?

ഓരോ കോളനിയിലുമുള്ള വിദ്യാർത്ഥികളുടെ എണ്ണം അനുബന്ധമായി+ ചേർക്കുന്നു.

ഇന്റർനെറ്റ് സേവനം ലഭ്യമല്ലാത്ത ഊരുകളിൽ ഇന്റർനെറ്റ് സേവനം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബി.എസ്.എൻ.എൽ 4G സാച്ചുറേഷൻ പദ്ധതിയുടെ ഭാഗമായി വിദൂര ഊരുകളിൽ ഇന്റർനെറ്റ് സേവനം ലഭ്യമാക്കുന്നതിനായി വനാവകാശ നിയമം (വികസനാവകാശം)

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മുഖേന ടവർ സ്ഥാപിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള സാമൂഹ്യ പഠനമുറികളിൽ ഓൺലൈൻ പഠനത്തിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

**അംബേദ്കർ ഗ്രാമ വികസന പദ്ധതി**

13(853) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി മലമ്പുഴ മണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി കോളനികളാണ് നവീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇതിനായി അനുവദിച്ച തുക, പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്നീ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

മലമ്പുഴ നിയോജകമണ്ഡലത്തിലെ മരുതറോഡ് പഞ്ചായത്തിൽ നിന്നും കുന്നുംകാട് കോളനിയും എലപ്പുള്ളി പഞ്ചായത്തിൽ നിന്നും കള്ളാംന്തോട്

കോളനിയും അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരം 2021-22 വർഷത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കുന്നംകാട് കോളനിയുടെ പ്രവൃത്തി പുരോഗതിയിലാണ്. കള്ളാംന്തോട് കോളനിയുടെ നവീകരണത്തിനായി KEL(Kerala Electrical and Allied Engineering Limited) എന്ന ഏജൻസിയെ തെരഞ്ഞെടുത്തിട്ടുണ്ട്. പ്രസ്തുത കോളനിയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടില്ല. രണ്ടു കോളനികൾക്കും ഓരോ കോടി രൂപ വീതം അനുവദിച്ചിട്ടുണ്ട്.

**അബേദ്കർ ഊര് വികസന പദ്ധതി**

14(854) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അബേദ്കർ ഊര് വികസന പദ്ധതിയിൽ മലമ്പുഴ നിയോജക മണ്ഡലത്തിലെ ഏതെല്ലാം കോളനികളെയാണ് നവീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇതിനായി അനുവദിച്ച തുകയുടെയും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ മലമ്പുഴ നിയോജകമണ്ഡലത്തിൽ നിന്നും പട്ടികവർഗ്ഗ കോളനികളൊന്നും തെരഞ്ഞെടുത്തിട്ടില്ല.

**കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ മുണ്ടുമല കോളനി നവീകരണം**

15(855) <u>ഡോ. എൻ. ജയരാജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വാശ്രയഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ വാഴൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ മുണ്ടുമല കോളനിയുടെ നവീകരണത്തിന് അനുവദിച്ച തുക ഒരു കോടി രൂപയായി വർദ്ധിപ്പിക്കുന്നതിന് സ്ഥലം എം.എൽ.എ. നല്കിയ കത്തിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) എന്നത്തേയ്ക്ക് അനുമതി നല്കാനാകുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) 2019-20 സാമ്പത്തിക വർഷത്തിലെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിലാണ് മുണ്ടുമല കോളനിയെ തെരഞ്ഞെടുത്തിരുന്നത്. ടി വർഷത്തിൽ പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക 50,00,000/- രൂപയായിരുന്നു. ടി തുക പ്രസ്തുത പദ്ധതി നിർവഹണത്തിന് അപര്യാപ്തമായതിനാൽ 2019-20 വർഷത്തെ പദ്ധതിയിൽ നിന്നും പ്രസ്തുത കോളനിയെ ഒഴിവാക്കി, നടപ്പു സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതിന് ബന്ധപ്പെട്ട എം.എൽ.എ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത ആവശ്യം പരിശോധിച്ചുവരുന്നു.

**മഞ്ചേരി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

16(856) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ കോളനികൾ ഏതൊക്കെ; പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

മഞ്ചേരി നിയോജകമണ്ഡലത്തിലെ തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിലെ ആമയൂർ ചക്കിങ്ങൽക്കണ്ടി പട്ടികജാതി കോളനി, പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിലെ ഏറാഞ്ചേരി പട്ടികജാതി കോളനി, മഞ്ചേരി നഗരസഭയിലെ ആര്യാപാടം കുറുങ്കാട്ട്കുന്ന് പട്ടികജാതി കോളനി, പാക്കരത്ത് പട്ടികജാതി കോളനി, പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിലെ ആനക്കോട് പട്ടികജാതി കോളനി എന്നീ കോളനികളെയാണ് അംബേദ്ക്കർ ഗ്രാമവികസന പദ്ധതിയിലേയ്ക്ക് 2016-17,2019-20,2021-22 എന്നീ വർഷങ്ങളിൽ തെരഞ്ഞെടുത്തത്.

2016-17 വർഷത്തെ അംബേദ്ക്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെട്ട ആമയൂർ ചക്കിങ്ങൽക്കണ്ടി പട്ടികജാതി കോളനി, ഏറാഞ്ചേരി കോളനി എന്നീ പട്ടികജാതി കോളനികളിലെ പ്രവൃത്തികൾ പൂർത്തീകരിച്ച് നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രം ഫൈനൽ ബിൽ സമർപ്പിച്ചിട്ടുണ്ട്.

2019-20 വർഷത്തെ പദ്ധതിയിൽ ഉൾപ്പെട്ട ആര്യാപാടം കുറുങ്കാട്ട്കുന്ന് പട്ടികജാതി കോളനിയുടെ റിവെസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ഏകദേശം 80 ശതമാനത്തോളം പൂർത്തീകരിച്ചിട്ടുണ്ട്.

2021-22 വർഷത്തെ പദ്ധതിയിൽ ഉൾപ്പെട്ട പാക്കരത്ത് പട്ടികജാതി കോളനിയുടെ എസ്റ്റിമേറ്റിന് അംഗീകാരം ലഭിക്കുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ആനക്കോട് കോളനിയിലെ നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് അംഗീകാരത്തിനായി ലഭ്യമാക്കിയിട്ടില്ല.

(ബി) പ്രസ്തുത പദ്ധതി പ്രകാരം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച കോളനികളുടെ പ്രവൃത്തികൾ ഇനിയും പൂർത്തീകരിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പൂർത്തീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; അടിയന്തരമായി പ്രവൃത്തികൾ പൂർത്തികരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**നെന്മാറ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

17(857) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)ഈ സർക്കാർ അധികാരമേറ്റശേഷം സ്വയംപര്യാപ്ത അംബേദ്ക്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള നെന്മാറ മണ്ഡലത്തിലെ കോളനികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ?

2021-22 വർഷം നെന്മാറ നിയോജക മണ്ഡലത്തിലെ കൊല്ലങ്കോട് പഞ്ചായത്തിൽ നിന്നും ചൂരിക്കാട് മൂപ്പർപൊറ്റ കോളനിയും പല്ലശ്ശന പഞ്ചായത്തിൽ നിന്നും കക്കാട്ടുകുന്ന് കോളനിയും തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) ഇതിൽ എത്ര കോളനികളുടെ പ്രവർത്തനമാണ് തുടങ്ങാൻ കഴിഞ്ഞിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി)ഏതെല്ലാം കോളനികളുടെ പ്രവർത്തനമാണ് തുടങ്ങാനുള്ളതെന്നും ആയത് എന്ന് തുടങ്ങാൻ കഴിയുമെന്നും വിശദമാക്കുമോ?

(ബി&സി) രണ്ട് കോളനികളുടെയും പ്രവൃത്തി പുരോഗതിയിലാണ്.

## അംബേദ്കർ ഗ്രാമവികസന പദ്ധതി

18(858) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ 2019-20 സാമ്പത്തിക വർഷം മുതൽ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന കോളനികളുടെ വിശദവിവരങ്ങൾ ലഭ്യാമാക്കാമോ?

2019-20 വർഷം വീട്ടൂർ കോളനി, 2020-21 വർഷം മൂലേക്കുഴി പട്ടികജാതി കോളനി, 2021-22 വർഷം പുത്തേത്ത് മുകൾ കോളനി, പുലിയാംപ്പിള്ളിമുകൾ കോളനി എന്നീ കോളനികളെ കുന്നത്തുനാട് മണ്ഡലത്തിൽ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഓരോ കോളനിയിലും നടത്തുന്ന നിർമ്മാണ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(സി)പ്രസ്തുത പദ്ധതികൾ നിർവ്വഹണത്തിന്റെ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ഡി) പദ്ധതികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(ബി-ഡി) വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

**കോട്ടക്കൽ മണ്ഡലത്തിലെ അംബേദ്ക്കർ ഗ്രാമവികസന പദ്ധതി**

19(859) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷത്തിൽ കോട്ടക്കൽ മണ്ഡലത്തിൽ നിന്നും അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ പൂവത്തുംതറ, മണ്ണഴി-കോട്ടപ്പുറം പട്ടികജാതി കോളനികളിലെ നവീകരണ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസികളുടെ വിവരം, പ്രവർത്തനങ്ങളുടെ നിലവിലുള്ള പുരോഗതി എന്നിവ വിശദമാക്കുമോ;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) 2021-22 വർഷത്തെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിലേയ്ക്ക് കോട്ടക്കൽ നിയോജകമണ്ഡലത്തിലെ എടയൂർ ഗ്രാമപഞ്ചായത്തിലെ പൂവത്തുംതറ പട്ടികജാതി കോളനി, പൊന്മള ഗ്രാമപഞ്ചായത്തിലെ മണ്ണഴി-കോട്ടപ്പുറം പട്ടികജാതി കോളനി എന്നീ കോളനികൾ തെരഞ്ഞെടുത്തിട്ടുണ്ട്. ടി രണ്ട് കോളനികളിലും നിർമ്മാണ പ്രവർത്തികളുടെ നിർവഹണ ഏജൻസി മലപ്പുറം ജില്ലാ നിർമ്മിതി കേന്ദ്രമാണ്. ആയതിൽ പൂവത്തുംതറ പട്ടികജാതി കോളനിയിലെ നിർമ്മാണ പ്രവർത്തികളുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ട്. മണ്ണഴി-കോട്ടപ്പുറം പട്ടികജാതി കോളനിയിലെ നിർമ്മാണ പ്രവർത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നതായി നിർവഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. ഒപ്പുവച്ച് 10 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്.

(സി)അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി കോട്ടക്കൽ മണ്ഡലത്തിൽനിന്നും പുതിയതായി ഏതെല്ലാം കോളനികളുടെ

പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ; പ്രസ്തുത കോളനികളെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാമോ?

കോട്ടക്കൽ നിയോജകമണ്ഡലത്തിൽ നിന്നും അംബേദ്കർ ഗ്രാമ വികസന പദ്ധതിയിലേയ്ക്ക് ഉൾപ്പെടുത്തുന്നതിനായി കുറ്റിപ്പുറം പഞ്ചായത്തിലെ മൂർദ്ധനാവ് എസ്.സി. കോളനിയെ സ്ഥലം എം.എൽ.എ ശിപാർശ ചെയ്തിട്ടുണ്ട്. ടി കോളനിയെ നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതിയിൽ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് പരിശോധിച്ചുവരുന്നു.

**കോളനികളുടെ നവീകരണം**

20(860) <u>ശ്രീ. വി. ആർ. സുനിൽകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ കോളനികളുടെ നവീകരണത്തിനായി നിലവിലുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ കോളനികൾ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

(എ&ബി) സംസ്ഥാനത്തിലെ പട്ടികജാതി പട്ടികവർഗ്ഗ കോളനികളുടെ സമഗ്ര വികസനത്തിനായി കോളനി ഒന്നിന് പരമാവധി ഒരു കോടി രൂപ വീതം അനുവദിക്കുന്ന അംബേദ്കർ ഗ്രാമ/ സെറ്റിൽമെന്റ് വികസന പദ്ധതി നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതി നടത്തിപ്പിലെ മാനദണ്ഡങ്ങൾ സംബന്ധിച്ച സർക്കാർ ഉത്തരവുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ഇതിനുപുറമേ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തിയും കോളനി വികസന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

**അംബേദ്കർ ഗ്രാമ വികസന പദ്ധതി**

21(861) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമ വികസന പദ്ധതി നടപ്പിലാക്കണമെങ്കിൽ പ്രസ്തുത കോളനികളിൽ കുറഞ്ഞത് 25 കുടുംബങ്ങൾ വേണമെന്നുള്ള

നിബന്ധന കാരണം 25-ൽ താഴെ കുടുംബങ്ങൾ ഉള്ളതും പിന്നാക്കം നിൽക്കുന്നതുമായ കോളനികളിലെ വികസന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിനും കോളനികളുടെ സമഗ്ര പുരോഗതിയ്ക്കുമായി മാർഗ്ഗ രേഖയിൽ ആവശ്യമായ ഇളവുകൾ വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ&ബി) ഓരോ നിയോജക മണ്ഡലത്തിലുള്ള അടിസ്ഥാന സൗകര്യ വികസനത്തിൽ ഏറ്റവും പിന്നാക്കം നിൽക്കുന്നതും, മുപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും, വികസന പ്രവർത്തനങ്ങൾ ആവശ്യമുള്ളതുമായ സങ്കേതങ്ങളെയാണ് അംബേദ്കർ ഗ്രാമവികസന പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുത്തിരുന്നത്. എന്നാൽ പദ്ധതിയുടെ ഗുണഫലം കൂടുതൽ സങ്കേതങ്ങൾക്ക് ലഭ്യമാക്കുന്നതിനായി 06-05-2023-ലെ സ.ഉ.(കൈ)നം.10/2023/പജപവവിവ. പ്രകാരം കുടുംബങ്ങളുടെ എണ്ണം 25 ആയി കുറച്ചിട്ടുണ്ട്. കുടുംബങ്ങളുടെ എണ്ണം 25-ൽ താഴെ ആയി കുറയ്ക്കുന്ന

കാര്യം നിലവിൽ പരിഗണനയിലില്ല.

**അംബേദ്കർ ഗ്രാമം പദ്ധതി**

22(862) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം ഭരണാനുമതി ലഭിച്ച പട്ടികജാതി കോളനികളുടെ പ്രവൃത്തികൾക്ക് തയ്യാറാക്കി നൽകുന്ന എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്നതിന് പട്ടികജാതി ഡയറക്ടറേറ്റിന് സമയ പരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സമയപരിധി നിശ്ചയിച്ചിട്ടില്ല.

(ബി) കുന്ദമംഗലം മണ്ഡലത്തിലെ കല്ലറ കോളനി പദ്ധതി അംഗീകാരത്തിനായി ഏത് തീയതിയിലാണ് ഡയറക്ടറേറ്റിലേയ്ക്ക് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ആയതിനുള്ള അംഗീകാരം വൈകുന്നതിന്റെ കാരണം വിശദമാക്കാമോ?

കല്ലറ കോളനിയുടെ എസ്റ്റിമേറ്റ് ജില്ലാ ഓഫീസറുടെ 26-02-2023-ലെ കത്ത് പ്രകാരം 09-03-2023-ൽ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമാവുകയും പ്രസ്തുത എസ്റ്റിമേറ്റിലെ ന്യൂനതകൾ പരിഹരിച്ച് പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 01-07-2023-ലെ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുമുണ്ട്.

(സി) നടപടിക്രമങ്ങളിൽ കാലതാമസം വരുന്നത് പദ്ധതികൾ അനന്തമായി നീണ്ടു പോവുന്നതിന് ഇടയാകുന്നതായുള്ള പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാലതാമസം പരിഹരിക്കുന്നതിന് ഉതകുന്ന രീതിയിൽ അംബേദ്കർ ഗ്രാമം പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ പരിഷ്കരിച്ചിട്ടുണ്ട്.

**കൊടുവള്ളി മണ്ഡലത്തിൽ പന്ന്യങ്ങാട്ട് പുറായിൽ കോളനി വികസനം**

23(863) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജകമണ്ഡലത്തിൽ കിഴക്കോത്ത് ഗ്രാമപഞ്ചായത്തിലെ വാർഡ് മൂന്നിൽ സ്ഥിതി ചെയ്യുന്ന പന്ന്യങ്ങാട്ടുപുറായിൽ കോളനി വികസനവുമായി ബന്ധപ്പെട്ട് പട്ടികജാതി വികസന ഡയറക്ടറേറ്റിലെ (ഫയൽ നം. സി1/2475/23/എസ്.സി. ഡയറക്ടറേറ്റ്) ഫയലിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ;

(സി) ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം പന്ന്യങ്ങാട്ടുപുറായിൽകോളനിയുടെ 96,13,619/- രൂപയുടെ എസ്റ്റിമേറ്റിന് വകുപ്പ് ഡയറക്ടറുടെ 07-06-2023-ലെ SCDD/2475/2023-C1(DEV C) നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.+

**പയ്യന്നൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

24(864) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി കോളനികളെയാണ് അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഓരോ കോളനികളിലെയും പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(സി) ഓരോ കോളനികളിലെയും പദ്ധതിയുടെ ഭരണാനുമതിയായ തീയതി, പ്രവൃത്തി ആരംഭിക്കാൻ നിർവ്വഹണ ഏജൻസിക്ക് കൈമാറിയ തീയതി, പൂർത്തീകരിക്കാൻ അനുവദിച്ച കാലാവധി എന്നിവ അറിയിക്കാമോ?

(എ-സി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ഡി) പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം എന്താണെന്ന് വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഏജൻസിയുടെ ഭാഗത്തുള്ള കാലതാമസവും എസ്റ്റിമേറ്റിൽ റിവിഷൻ വരുന്നത് കാരണവും പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ കാലതാമസം വരുത്തുന്നുണ്ട്.

**(ഇ) പ്രവൃത്തി പൂർത്തീകരണവുമായി ബന്ധപ്പെട്ട് സംസ്ഥാന തലത്തിൽ നിർവ്വഹണ ഏജൻസിയെ പങ്കെടുപ്പിച്ച് അവലോകന യോഗങ്ങൾ ചേരാറുണ്ടോ; വിശദമാക്കാമോ?**

ഉണ്ട്. സർക്കാർ തലത്തിലും ഡയറക്ടറേറ്റ് തലത്തിലും അവലോകന യോഗങ്ങൾ നടത്തുന്നുണ്ട്. കൂടാതെ ജില്ലാ കളക്ടർ, ജില്ലാ പട്ടികജാതി വികസന ഓഫീസർ എന്നിവരുടെ സാന്നിധ്യത്തിൽ നിർമാണ ഏജൻസികളുടെ യോഗം വിളിച്ചു ചേർക്കുകയും പ്രവൃത്തി പുരോഗതി വിലയിരുത്തുകയും പദ്ധതികൾ പൂർത്തീകരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. ഫീൽഡ് തലത്തിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു യഥാസമയം ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർമാർ, ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ എന്നീ തലങ്ങളിൽ ഇടപെടുന്നു.

## കൂത്തുപറമ്പ് മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിലെ പദ്ധതികൾ

25(865) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ 2016 മുതൽ നാളിതുവരെ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെയും അവയുടെ പുരോഗതിയുടെയും വർഷം ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ ആരംഭിച്ച വർഷവും ഇതുവരെയുള്ള പ്രവർത്തന പുരോഗതിയും കോളനി തിരിച്ച് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ എപ്പോൾ പൂർത്തിയാക്കാൻ സാധിക്കുമെന്ന് വിശദമാക്കുമോ?

<u>പട്ടികജാതി വികസന വകുപ്പ്</u>

കൂത്തുപറമ്പ് മണ്ഡലത്തിലെ പട്ടികജാതി കോളനികളിൽ പത്തിൽ താഴെ കുടുംബങ്ങൾ മാത്രമാണുള്ളത്. ആയതിനാൽ അംബേദ്കർ ഗ്രാമം പദ്ധതി, കോർപസ് ഫണ്ട് എന്നിവയിൽ ഉൾപ്പെടുത്തി പദ്ധതികൾ

ഒന്നുംതന്നെ നടപ്പിലാക്കിയിട്ടില്ല. എന്നാൽ ടി കോളനിയിലെ കുടുംബങ്ങൾക്ക് വകുപ്പിന്റെയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ പദ്ധതികളിലൂടെ വ്യക്തിഗത ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പ്

വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

**മണലൂർ മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി**

26(866) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ചൊവ്വന്നൂർ ബ്ലോക്കിലെ ചൊവ്വന്നൂർ കോളനിയിലെ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കുന്നതിന് ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചിരിക്കുന്നത്;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) പ്രസ്തുത കോളനിയിൽ നടപ്പാക്കുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ?

(എ-സി) മണലൂർ മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ചൊവ്വന്നൂർ ബ്ലോക്കിലെ ചൊവ്വന്നൂർ കോളനിയിലെ പ്രവൃത്തികളുടെ മോണിറ്ററിംഗ് കമ്മിറ്റി അംഗീകരിച്ച എസ്റ്റിമേറ്റ് ഇതുവരെ ലഭ്യമാക്കിയിട്ടില്ല. എസ്റ്റിമേറ്റ് ലഭ്യമാക്കിയാൽ മാത്രമേ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാകുകയുള്ളു. ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് (FIT)ആണ് പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസി.

(ഡി) പ്രസ്തുത പ്രവൃത്തികൾ എന്ന് ആരംഭിക്കാനാകുമെന്നും എത്ര സമയത്തിനുള്ളിൽ പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കാമോ; വിശദാംശം നൽകാമോ?

മോണിറ്ററിംഗ് കമ്മിറ്റി അംഗീകരിച്ച എസ്റ്റിമേറ്റ് ലഭ്യമാക്കി, എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി നൽകി പത്തു മാസത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കേണ്ടതാണ്.

**മാവേലിക്കര മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

27(867) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്ന പട്ടികജാതി സങ്കേതങ്ങൾ ഏതൊക്കെയെന്നും അവിടങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിവരവും വിശദമാക്കുമോ?

വിവരങ്ങൾ അനുബന്ധമായി +ചേർക്കുന്നു.

**ഉടുമ്പൻചോല മണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ ലിസ്റ്റ്**

28(868) <u>ശ്രീ. എം. എം. മണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ ലിസ്റ്റ് പഞ്ചായത്ത് തിരിച്ച് നൽകാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) ഇവയിൽ ഏതൊക്കെ കോളനികൾക്കാണ് അംബേദ്ക്കർ ഗ്രാമം പദ്ധതി പ്രകാരം ഫണ്ട് അനുവദിച്ചിട്ടുള്ളത്; അനുവദിച്ച തുക, അനുവദിച്ച വർഷം ഇവ സംബന്ധിച്ച വിശദാംശം നൽകാമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## ആലപ്പുഴ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമപദ്ധതി

29(869) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ പട്ടികജാതി വകുപ്പ് മുഖേന നടപ്പിലാക്കുന്ന അംബേദ്ക്കർ ഗ്രാമപദ്ധതി പ്രകാരം ഏതൊക്കെ പ്രവൃത്തികളാണ് നടന്നുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ച തുക, അവയുടെ ഭരണാനുമതിയുടെ പകർപ്പ്, നിലവിലെ സ്ഥിതി, എന്ന് പൂർത്തീകരിക്കാൻ കഴിയും എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ&ബി) വരകാടി കോളനി, ആര്യാട് നോർത്ത് കോളനി പദ്ധതികളുടെ ഭരണാനുമതിയുടെ പകർപ്പ് ഉൾപ്പെടെയുള്ള പ്രസ്തുത പ്രവൃത്തികളുടെ വിശദ വിവരങ്ങൾ അനുബന്ധമായി +ചേർക്കുന്നു.

(സി) പ്രസ്തുത മണ്ഡലത്തിൽ പട്ടികജാതി വകുപ്പ് മുഖേന നടപ്പിലാക്കുന്ന മറ്റ് പദ്ധതികളുടെ തുക, തദ്ദേശ സ്ഥാപനം, തൽസ്ഥിതി എന്നിങ്ങനെ തരംതിരിച്ച് വിശദവിവരം ലഭ്യമാക്കാമോ?

വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

**അംബേദ്കർ ഗ്രാമം പദ്ധതി**

30(870) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം ആലത്തൂർ മണ്ഡലത്തിലെ ഏതൊക്കെ കോളനികൾ നവീകരിക്കുന്നതിനാണ് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ&ബി) വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

**ചാലക്കുടി മണ്ഡലത്തിലെ അരയക്കാപ്പ് ആദിവാസി കോളനിയിൽ അടിസ്ഥാന സൗകര്യമൊരുക്കൽ**

31(871) ശ്രീ. സനീഷ്‌കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)ചാലക്കുടി നിയോജകമണ്ഡലത്തിലെ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ അരയക്കാപ്പ് ആദിവാസി കോളനി നിവാസികൾക്ക് പുറംലോകവുമായി ബന്ധപ്പെടുന്നതിന് വഴി സൗകര്യമില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ മലക്കപ്പാറയിൽ നിന്നും ഏകദേശം 3 കിലോമീറ്റർ കുത്തനെയുള്ള നിബിഡ വനപാതയിലൂടെ സഞ്ചരിച്ചാൽ മാത്രമേ അരേക്കാപ്പ് പട്ടികവർഗ്ഗ സങ്കേതത്തിൽ എത്തിച്ചേരാൻ സാധിക്കുകയുള്ളൂ. നടപ്പാത മാത്രമാണ് സഞ്ചാരത്തിനായി ലഭ്യമായിട്ടുള്ളത്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി)ചെങ്കുത്തായ കയറ്റങ്ങളും ഇറക്കങ്ങളുമുള്ള ചെറിയ നടപ്പാതയിലൂടെ നാലു കിലോമീറ്ററോളം ചുമന്നാണ് രോഗികളെ ഊരിൽ നിന്നും മലക്കപ്പാറയിൽ എത്തിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മറ്റ് യാത്രാ മാർഗ്ഗങ്ങൾ ഒന്നും ലഭ്യമല്ലാത്ത നിബിഡ വനമേഖലയായതിനാൽ കൈ ചുമടായി മാത്രമേ രോഗികളെ എത്തിക്കാൻ കഴിയുകയുള്ളൂ. ചെങ്കുത്തായ മലനിരകളിൽ റോഡ് നിർമ്മാണത്തിന് ആർമി എഞ്ചിനീയറിംഗ് വിഭാഗത്തിന്റേത് അടക്കമുള്ള ഉപദേശം ജില്ലാ ഭരണകൂടം തേടിയിരുന്നുവെങ്കിലും ഫലപ്രാപ്തിയിൽ എത്തിയില്ല.

(സി) വന്യമൃഗ ശല്യവും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയുംമൂലം പ്രസ്തുത ഊരിൽ നിന്നും കുടുംബങ്ങൾ ഊര് ഉപേക്ഷിച്ച് പുറത്തേയ്ക്ക് പോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് ഗൗരവത്തിലെടുത്ത് കുടുംബങ്ങൾ ഊര് ഉപേക്ഷിക്കുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അരേക്കാപ്പ് കോളനിയിൽനിന്നും ചില കുടുംബങ്ങൾ കോളനി ഉപേക്ഷിച്ച് ഇടമലയാറിലേക്ക് കുടിയേറിയിട്ടുണ്ട്. ഇപ്പോൾ ആരും സ്ഥിര താമസമില്ല.

(ഡി)പ്രസ്തുത ഊരിലേയ്ക്ക് വഴി സൗകര്യമൊരുക്കുന്നതിനുള്ള നടപടികൾ നിലവിൽ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

കോളനിക്കാരുടെ യാത്രാദുരിതം കണക്കിലെടുത്ത് റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കുന്നതിന് 18 കോടി രൂപയുടെ എസ്റ്റിമേറ്റ് ജില്ലാ പ്ലാനിംഗ് ഓഫീസർ, ജില്ലാ കളക്ടർക്ക് നൽകിയിരുന്നുവെങ്കിലും ആയത് പ്രായോഗികമായിട്ടില്ല. തുടർന്ന് വകുപ്പ് മന്ത്രിയുടെ സന്ദർശനത്തെ തുടർന്ന് അരേക്കാപ്പ് കോളനി റോഡ് നിർമ്മാണത്തിന് പൊതുമരാമത്ത് വകുപ്പ് മുഖേന 55 കോടിയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ സർവ്വെ നടപടികൾ പൂർത്തിയാക്കാൻ പി.ഡബ്ല്യു.ഡി.- ക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. നടപടികൾ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ വിലയിരുത്തുന്നുണ്ട്. കൂടാതെ മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി റോഡ്

നിർമ്മിക്കുവാൻ കഴിയുമോ എന്ന സാധ്യത പരിശോധിച്ചുവരുന്നു. ആദ്യത്തെ 1 കിലോമീറ്റർ ദൂരം നടപ്പാത കോളനിക്കാരുടെ പങ്കാളിത്തത്തോടെ ഫോർമേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. തുടർന്നുള്ള ദൂരം വനഭൂമി ആയതിനാൽ മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എം.ജി.എൻ.ആർ.ഇ.ജി.എസ്.) മുഖേനയും വനം വകുപ്പ് മുഖേനയും തുടർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

**നെയ്യാറ്റിൻകര മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

32(872)ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി 2016 മുതൽ 2022 വരെ ഫണ്ട് അനുവദിച്ചത് എത്ര കോളനികൾക്കാണെന്ന് വിശദമാക്കാമോ; ഓരോ കോളനിയുടേയും പേര്, അനുവദിച്ച ഫണ്ട്, ഏത് വർഷം, എത്ര തുക വിനിയോഗിച്ചു എന്നിവയുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) അംബേദ്കർ ഗ്രാമം പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടും പ്രവൃത്തി ആരംഭിക്കാത്ത കോളനികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; പ്രസ്തുത കോളനികൾക്ക് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം എന്താണെന്ന് വിശദമാക്കാമോ?

(എ -സി) വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

**പിറവം മണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ വികസനം**

33(873) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജക മണ്ഡലത്തിലെ പട്ടികജാതി കോളനികളിൽ ഓരോന്നിലും എത്ര കുടുംബങ്ങൾ വീതം ഉണ്ട്; കോളനികൾ തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) പ്രസ്തുത കോളനികളിൽ അംബേദ്കർ ഗ്രാമ പദ്ധതിയിലോ മറ്റേതെങ്കിലും കോളനി വികസന പദ്ധതികളിലോ ഉൾപ്പെട്ടിട്ടില്ലാത്ത കോളനികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

(എ &ബി) വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(സി)പ്രസ്തുത കോളനികളിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയാണ് പട്ടികജാതി വികസന വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

വിവരം ശേഖരിച്ചുവരുന്നു.

(ഡി) കോളനി വികസന പദ്ധതികളിൽ ഒന്നും ഉൾപ്പെട്ടിട്ടില്ലാത്ത പ്രസ്തുത കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

കോളനി വികസന പദ്ധതികളിൽ ഒന്നും ഉൾപ്പെട്ടിട്ടില്ലാത്ത കോളനികളിൽ പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന കോർപ്പസ് ഫണ്ട് പദ്ധതി പ്രകാരവും ഇരുപത്തഞ്ചോ അതിലധികമോ കുടുംബങ്ങളുള്ള കോളനികളിൽ അംബേദ്കർ ഗ്രാമ വികസന പദ്ധതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പ്രകാരവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ SCP ഫണ്ടിൽ ഉൾപ്പെടുത്തിയും അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ പട്ടികജാതി കോളനി നവീകരണം**

34(874) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ നവീകരണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ മാടപ്പള്ളി ഗ്രാമപഞ്ചായത്തിലെ മുതലപ്ര കോളനി, വെള്ളൂക്കുന്ന് കോളനി എന്നിവയെ തെരഞ്ഞെടുക്കുകയും പ്രസ്തുത കോളനിയുടെ വികസനത്തിനായി ഒരു കോടി രൂപയുടെ എസ്റ്റിമേറ്റ്

തയ്യാറാക്കി അംഗീകാരത്തിനായി ലഭിച്ചിട്ടുമുണ്ട്. കൂടാതെ, കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി വാഴപ്പള്ളി ഗ്രാമപഞ്ചായത്തിലെ പുതുച്ചിറ കോളനിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 7,34,848/- രൂപ ചെലവഴിച്ചിട്ടുണ്ട്. പായിപ്പാട് ഗ്രാമപഞ്ചായത്തിലെ അറുന്നൂറിൽ പുതുവാൻ കോളനി റോഡ്, സംരക്ഷണഭിത്തി നിർമ്മാണം എന്നിവയ്ക്കായി 23,63,000/- രൂപയും തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിലെ KPMS ശ്മശാനം കടമാഞ്ചിറ റോഡ് പൂർത്തീകരണത്തിനായി 14,24,000/- രൂപയും അനുവദിച്ചിട്ടുണ്ട്. ഞണ്ടുകുളം എസ്.സി. കോളനി അടിസ്ഥാന സൗകര്യ വികസനം 16,03,000/- രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) മുൻ സർക്കാരിന്റെ കാലത്ത് പ്രസ്തുത കോളനികളുടെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; അവയിൽ ഇനിയും പൂർത്തീകരിച്ചിട്ടില്ലാത്ത പ്രവൃത്തികൾ ഏതെല്ലാമെന്നും ആയതിനുള്ള കാരണം എന്താണെന്നും വിശദമാക്കുമോ?

1. വെള്ളൂക്കുന്ന് സെറ്റിൽമെന്റ് കോളനി കുടിവെള്ള പദ്ധതിക്കായി കോർപ്പസ് ഫണ്ടിനത്തിൽ 52.5 ലക്ഷം രൂപ കേരള വാട്ടർ അതോറിറ്റിക്ക്

ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ടി പദ്ധതി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. കുടിവെള്ള പദ്ധതിക്കുള്ള കിണർ, പമ്പ് ഹൗസ്, പൈപ്പ് ലൈൻ എന്നിവ വാട്ടർ അതോറിറ്റി സ്ഥാപിച്ചിട്ടുണ്ട്. വാട്ടർ ടാങ്ക്, ഹൗസ് കണക്ഷൻ, മോട്ടോർ പമ്പ്, ഇലക്ട്രിഫിക്കേഷൻ എന്നിവ തുടർന്ന് നടത്തേണ്ടതായിട്ടുണ്ട്. തുടർപ്രവൃത്തികൾ നടത്താൻ സാധിക്കില്ല എന്ന് വാട്ടർ അതോറിറ്റി രേഖാമൂലം അറിയിച്ചിട്ടുണ്ട്. 46,70,836/- രൂപയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്. വാട്ടർടാങ്ക് സ്ഥാപിക്കുന്നതിനുള്ള സ്ഥലം റിലിങ്ക്വിഷ്മെന്റ് ചെയ്ത് കിട്ടാത്തതിനാൽ തുടർ പ്രവൃത്തികൾക്ക് കാലതാമസം നേരിടുന്നു.

2. വെള്ളൂക്കുന്ന് കോളനി റോഡ് കോൺക്രീറ്റിംഗിന് 4,39,118/- രൂപ ചെലവഴിച്ച് പദ്ധതി പൂർത്തീകരിച്ചു. (കോർപ്പസ് ഫണ്ട്)

3. മാന്നില കോളനി റോഡ് കോൺക്രിറ്റിംഗ്, സംരക്ഷണ ഭിത്തി നിർമ്മാണം എന്നിവയക്ക് 5,42,992/- രൂപ ചെലവഴിച്ച് പൂർത്തീകരിച്ചു. (കോർപ്പസ് ഫണ്ട് )

4. മാറാട്ട്കുളം, പാലക്കുളം കോളനി റോഡിന് 8,47,753/- രൂപ ചെലവഴിച്ച് പദ്ധതി പൂർത്തീകരിച്ചു.(കോർപ്പസ് ഫണ്ട്)

**കൊയിലാണ്ടി മണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ എണ്ണം**

35(875) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിൽ 25 കുടുംബങ്ങളിൽ കൂടുതൽ താമസിക്കുന്ന എത്ര പട്ടികജാതി കോളനികൾ ഉണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കോളനികൾ ഏതെല്ലാമെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ അറിയിക്കാമോ?

(എ &ബി) വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

**ഇരവിപുരം മണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ വികസനം**

36(876) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ)ഇരവിപുരം നിയോജക മണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ വികസനത്തിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പുരോഗതി വ്യക്തമാക്കാമോ?

(എ&ബി) വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

**ദളിത് വിദ്യാർഥികൾക്ക് എതിരായ വിവേചനങ്ങൾ**

37(877) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21 സർക്കാരിന്റെ കാലംമുതൽ നാളിതുവരെ സംസ്ഥാനത്തെ വിവിധ ക്യാമ്പസുകളിൽനിന്നും ദളിത് വിദ്യാർത്ഥികൾക്കെതിരായ വിവേചനങ്ങൾ സംബന്ധിച്ച് എത്ര പരാതികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

2016-21 സർക്കാരിന്റെ കാലംമുതൽ നാളിതുവരെ സംസ്ഥാനത്തെ വിവിധ ക്യാമ്പസുകളിൽ നിന്നും പട്ടികജാതി വിദ്യാർത്ഥികൾക്കെതിരായ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വിവേചനങ്ങൾ സംബന്ധിച്ച 13 പരാതികൾ പട്ടികജാതി വികസന വകുപ്പിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ക്യാമ്പസുകളിൽ ദളിത് വിദ്യാർത്ഥികൾക്ക് വിവേചനങ്ങൾ നേരിടാൻ കാരണമായ സാഹചര്യം എന്താണെന്ന് പഠനം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ദളിത് വിദ്യാർഥികൾക്കെതിരായ വിവേചനങ്ങൾ അവസാനിപ്പിക്കുന്നതിനും മുഖ്യധാരയിൽ പ്രവർത്തിക്കാൻ കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

(ബി&സി) സംസ്ഥാനത്തെ ക്യാമ്പസുകളിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് വിവേചനങ്ങൾ നേരിടാൻ കാരണമായ സാഹചര്യത്തെക്കുറിച്ചുള്ള പഠനം നിലവിൽ വകുപ്പ് മുഖേന നടത്തിയിട്ടില്ല. എന്നാൽ പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമ പ്രകാരമുള്ള നിയമ പരിരക്ഷകൾ സംബന്ധിച്ച് ശരിയായ അവബോധം വിദ്യാർത്ഥികളിലും യുവാക്കളിലും സൃഷ്ടിക്കുന്നതിനും, ചൂഷണങ്ങൾക്കും

വിവേചനങ്ങൾക്കുമെതിരെ മികച്ച പരിരക്ഷ നേടുന്നതിന് പര്യാപ്തമാക്കുന്നതിനുതകുന്ന നിയമ അവബോധ ക്ലാസ്സുകളും സെമിനാറുകളും പട്ടികജാതി ഗ്രാമങ്ങൾ, പ്രീമെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, വകുപ്പിന്റെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സംഘടിപ്പിയ്ക്കുന്നതിന് ലീഗൽ കൗൺസിലർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

അതിക്രമങ്ങൾക്കെതിരെ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് നിയമപരിരക്ഷ നൽകുന്നതിനായും ബോധവത്കരണം നടത്തുന്നതിനായും ജ്വാല (ജസ്റ്റിസ് വെൽഫയർ ആന്റ് ലീഗൽ അസിസ്റ്റന്റ്സ്) പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതു വഴി നിയമബിരുദധാരികളായവർക്ക് തൊഴിൽ പരിചയവും ലഭിക്കും. പട്ടികജാതിക്കാരായ 87 പേരെ ലീഗൽ അസിസ്റ്റന്റ്, കൗൺസിലറായി ഓണറേറിയത്തോടെ നിയമിച്ചിട്ടുണ്ട്. കൂടാതെ പട്ടികവിഭാഗം വിദ്യാർത്ഥികകളെയും യുവാക്കളെയും സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനും അതിലൂടെ ടി വിഭാഗക്കാർ നേരിടുന്ന വിവേചനങ്ങൾ ഒഴിവാക്കുന്നതിനും പ്രാധാന്യം നൽകി വിജ്ഞാൻവാടികൾ, പട്ടികജാതി പട്ടികവർഗ്ഗ ഗ്രാമങ്ങൾ എന്നിവ കേന്ദ്രീകരിച്ച്

വികസനോത്സവം സംഘടിപ്പിക്കുന്നു. ഇതിലൂടെ വിദ്യാർത്ഥികളുടെയും യുവാക്കളുടെയും കഴിവുകൾ കണ്ടെത്തുന്നതിനും നേതൃശേഷി പരിപോഷിപ്പിക്കുന്നതിനും അവസരം നൽകിവരുന്നു.

**പട്ടികജാതി വിദ്യാർത്ഥികൾക്ക് ഹോട്ടൽ മാനേജ്മെന്റ് കോഴ്സ്**

38(878) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി വിദ്യാർത്ഥികൾക്ക് ഹോട്ടൽ മാനേജ്മെന്റ് കോഴ്സിന് അനുവദിച്ചിട്ടുള്ള തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ പട്ടികജാതി വിദ്യാർത്ഥികൾക്ക് ഹോട്ടൽ മാനേജ്മെന്റ് കോഴ്സിന് 2022-23 അദ്ധ്യയന വർഷം ഫീസിനത്തിൽ ₹49,29,445/- (നാൽപ്പത്തൊമ്പത് ലക്ഷത്തി ഇരുപത്തൊമ്പതിനായിരത്തി നാന്നൂറ്റി നാല്പത്തിയഞ്ച് രൂപ മാത്രം) രൂപയും അക്കാഡമിക് അലവൻസ്

ഇനത്തിൽ ₹5,48,900/- (അഞ്ചു ലക്ഷത്തി നാൽപ്പത്തെണ്ണായിരത്തി തൊള്ളായിരം രൂപ മാത്രം) രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) 2016-2023 കാലയളവിൽ പ്രസ്തുത കോഴ്സ് ചെയ്ത വിദ്യാർത്ഥികളുടെ ലിസ്റ്റ് ലഭ്യമാക്കാമോ?

2016-2023 കാലയളവിൽ പ്രസ്തുത കോഴ്സ് ചെയ്ത വിദ്യാർത്ഥികളുടെ ലിസ്റ്റ് അനുബന്ധമായി+ചേർക്കുന്നു.

**നിലമ്പൂർ ഐ.ടി.ഡി.പി. പ്രോജക്ടിനു കീഴിൽ പഠിക്കുന്ന ആദിവാസി വിദ്യാർത്ഥികൾ**

39(879) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ഐ.ടി.ഡി.പി. പ്രോജക്ടിനുകീഴിൽ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന ആദിവാസി വിദ്യാർത്ഥികളുടെ എണ്ണവും അവർ പഠിക്കുന്ന ക്ലാസ്സ്, സ്കൂളിന്റെ പേര് എന്നിവയും ഏത് കോളനിയിൽ നിന്നുള്ള കുട്ടികൾ ആണെന്ന വിവരവും ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നിലമ്പൂർ ഐ.ടി.ഡി.പി. പ്രോജക്റ്റ് ഓഫീസറുടെ കീഴിൽ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിവരങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ബി) പ്രസ്തുത പ്രോജക്ടിനുകീഴിൽ ഏതെല്ലാം സ്കൂളുകളിലാണ് ഗോത്ര സാരഥി പദ്ധതിപ്രകാരം ആദിവാസി വിദ്യാർത്ഥികൾ വാഹനങ്ങളിൽ പഠനത്തിനെത്തുന്നതെന്ന് അറിയിക്കാമോ; പ്രസ്തുത സ്കൂളുകളുടെ പേരും കുട്ടികളുടെ എണ്ണവും അവർ വരുന്ന കോളനി ഏതാണെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഗോത്രസാരഥി പദ്ധതി പ്രകാരം പട്ടികവർഗ്ഗ വിദ്യാർത്ഥികൾ വാഹനങ്ങളിൽ പഠനത്തിനെത്തുന്നത് സംബന്ധിച്ച വിശദാംശം അനുബന്ധമായി + ചേർത്തിരിക്കുന്നു.

**സംസ്ഥാനത്തെ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ**

40(880) <u>ശ്രീ. വി. ആർ. സുനിൽകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) സംസ്ഥാനത്തെ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ഏതൊക്കെയാണെന്നും അവയിൽ ഓരോന്നിലും എത്ര കുട്ടികൾ പഠിക്കുന്നുണ്ടെന്നും വിശദമാക്കുമോ?

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | എം.ആർ.എസ്.-ന്റെ പേര് | വിദ്യാർത്ഥികളുടെ എണ്ണം |
|---|---|---|
| 1 | സ്പോർട്സ് എം.ആർ.എസ് വെള്ളായണി | 222 |
| 2 | എം.ആർ.എസ് പുന്നപ്ര, ആലപ്പുഴ | 257 |
| 3 | എം.ആർ.എസ്, പീരുമേട്, ഇടുക്കി | 287 |
| 4 | എം.ആർ.എസ്, കീഴമാട്, എറണാകുളം | 178 |
| 5 | എം.ആർ.എസ്, വടക്കാഞ്ചേരി, തൃശ്ശൂർ | 218 |
| 6 | എം.ആർ.എസ്, ചേലക്കര, തൃശ്ശൂർ | 98 |
| 7 | എം.ആർ.എസ്, കുഴൽമന്ദം, പാലക്കാട് | 317 |
| 8 | എം.ആർ.എസ്, തൃത്താല, പാലക്കാട് | 280 |
| 9 | എം.ആർ.എസ്, മരുതോങ്കര, കോഴിക്കോട് | 43 |
| 10 | എം.ആർ.എസ്, വെള്ളച്ചാൽ, കാസർഗോഡ് | 208 |

പട്ടികവർഗ്ഗവികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധമായി+ ചേർക്കുന്നു.

(ബി) പുതുതായി മോഡൽ റെസിഡെൻഷ്യൽ സ്കൂളുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടെങ്കിൽ അതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

തിരുവനന്തപുരം ജില്ലയിലെ തോന്നയ്ക്കലിൽ പുതിയ ഒരു എം.ആർ.എസ് കെട്ടിട നിർമ്മാണം പൂർത്തിയായിവരുന്നു. കൂടാതെ കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറയിൽ KIIFB ഫണ്ടുപയോഗിച്ച് ഒരു എം.ആർ.എസ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കുന്ന മുറയ്ക്ക് ടി എം.ആർ.എസ്സുകൾ ആരംഭിക്കുന്നതാണ്. മറ്റു പുതിയ എം.ആർ.എസ്സുകൾ ആരംഭിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

## പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

41(881) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട സ്കൂൾ, കോളേജ് തലങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മാസംതോറും നല്കിവരുന്ന ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവ എത്ര രൂപയാണെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട സ്കൂൾ/കോളേജ് തലങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവയുടെ നിരക്ക് അനുബന്ധമായി (9-1-2020-ലെ സ.ഉ(അച്ചടി)നം.1/2020/പജപവവിവ.) ചേർക്കുന്നു.+ കൂടാതെ പോസ്റ്റ്മെട്രിക് വിഭാഗം പട്ടികജാതി/പട്ടികവർഗ്ഗ ഡേ സ്കോളർ വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ് ദൂരപരിധിയില്ലാതെ പ്രതിവർഷം 8500/-രൂപ അനുവദിച്ചുവരുന്നു.

(ബി) പ്രസ്തുത വിദ്യാർത്ഥികൾക്ക് നല്കിവരുന്ന ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ് തുടങ്ങിയവ മാസങ്ങളായി അനുവദിച്ചിട്ടില്ല എന്നത്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഗ്രാന്റുകൾ ഉടനടി നൽകുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

2023-24 അധ്യയന വർഷത്തെ സ്കൂൾതലത്തിലുള്ള പട്ടികജാതി വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ് വിതരണം ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടേത് ജില്ലാതല ഓഫീസർ മുഖേന നൽകി വരുന്നു. പട്ടികജാതി/പട്ടികവർഗ്ഗ പോസ്റ്റ്മെട്രിക് വിദ്യാർത്ഥികളുടെ ഗ്രാന്റുകൾ അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവ കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ആലപ്പുഴ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ സ്പോർട്സ് സ്റ്റേഡിയം**

42(882) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ പുന്നപ്രയിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളിൽ സംസ്ഥാന സ്കൂൾ കായിക മത്സരങ്ങളിൽ പങ്കെടുത്ത് വിജയികളായവർ ഉണ്ടായിട്ടും കായിക പരിശീലനം സാധ്യമാകുംവിധം മെച്ചപ്പെട്ട സ്കൂൾ ഗ്രൗണ്ട് ഇല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ഉണ്ട്.

(ബി) കായിക രംഗത്ത് ഭാവി വാഗ്ദാനങ്ങളായി കരുതപ്പെടുന്ന കുട്ടികൾക്കായി കായിക പരിശീലനം നടത്താൻ കഴിയുംവിധം പ്രസ്തുത സ്കൂളിൽ ഒരു സ്പോർട്സ് സ്റ്റേഡിയം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

ആലപ്പുഴ ജില്ലയിലെ പുന്നപ്ര എം.ആർ.എസ്.-ൽ സ്പോർട്സ് സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിന് ആലപ്പുഴ ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**വിദ്യാവാഹിനി പദ്ധതി**

43(883) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ വിദ്യാവാഹിനി എന്നറിയപ്പെടുന്ന ഗ്രോത്രസാരഥി പദ്ധതിക്കായി 2022-23 സാമ്പത്തിക വർഷം വയനാട് ജില്ലയിൽ ആകെ ചെലവഴിച്ച തുക എത്രയാണെന്ന് അറിയിക്കുമോ?

2022-23 സാമ്പത്തിക വർഷം വയനാട് ജില്ലയിൽ ഗോത്രസാരഥി പദ്ധതി നടപ്പിലാക്കുന്നതിനായി 4,48,69,140/- രൂപ (നാല് കോടി നാല്പത്തിയെട്ട് ലക്ഷത്തി അറുപത്തിയൊമ്പതിനായിരത്തി ഒരുനൂറ്റി നാല്പത് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

(ബി) ഏറ്റവും കുടുതൽ തുക പ്രസ്തുത പദ്ധതിക്കായി ആവശ്യമായി വന്ന ആദ്യ പത്ത് സ്കൂളുകളുടെ പേര് ലഭ്യമാക്കാമോ?

പ്രസ്തുത പദ്ധതിക്കായി ഏറ്റവും കൂടുതൽ തുക അനുവദിച്ച ആദ്യ പത്ത് സ്കൂളുകളുടെയും പദ്ധതിയുടെ ഗുണഭോക്താക്കളായ വിദ്യാർത്ഥികളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്കൂളിന്റെ പേര് | അനുവദിച്ച തുക | കുട്ടികളുടെ എണ്ണം |
|---|---|---|---|
| 1 | GHS കല്ലൂർ | 18,66,974 | 195 |
| 2 | GMHSS വെള്ളമുണ്ട | 14,51,850 | 176 |
| 3 | വിജയ HSS പുൽപള്ളി | 14,15,370 | 191 |
| 4 | സെന്റ് ജോർജ്ജ് UPS പുൽപള്ളി | 11,36,802 | 78 |
| 5 | GHSS ഓടപ്പള്ളം | 10,89,450 | 187 |
| 6 | ദേവി വിലാസം VHSS വേലിയമ്പം | 9,97,970 | 115 |
| 7 | GHSS ഇരുളം | 8,74,527 | 235 |
| 8 | GHSS കാട്ടിക്കുളം | 8,71,720 | 388 |
| 9 | GHS ചേനാട് | 8,70,400 | 207 |
| 10 | GHS കുപ്പാടി | 8,51,868 | 178 |

(സി) പ്രസ്തുത സ്കൂളുകളിൽ ഈ പദ്ധതിയുടെ ഗുണഭോക്താക്കളായ വിദ്യാർത്ഥികളുടെ എണ്ണം വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതിക്കായി ഏറ്റവും കൂടുതൽ തുക അനുവദിച്ച ആദ്യ പത്ത് സ്ക്കൂളുകളുടെയും, പദ്ധതിയുടെ ഗുണഭോക്താക്കളായ വിദ്യാർത്ഥികളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്കൂളിന്റെ പേര് | അനുവദിച്ച തുക | കുട്ടികളുടെ എണ്ണം |
|---|---|---|---|
| 1 | GHS കല്ലൂർ | 18,66,974 | 195 |

| | | | |
|---|---|---|---|
| 2 | GMHSS വെള്ളമുണ്ട | 14,51,850 | 176 |
| 3 | വിജയ HSS പുൽപള്ളി | 14,15,370 | 191 |
| 4 | സെന്റ് ജോർജ്ജ് UPS പുൽപള്ളി | 11,36,802 | 78 |
| 5 | GHSS ഓടപ്പള്ളം | 10,89,450 | 187 |
| 6 | ദേവി വിലാസം VHSS വേലിയമ്പം | 9,97,970 | 115 |
| 7 | GHSS ഇരുളം | 8,74,527 | 235 |
| 8 | GHSS കാട്ടിക്കുളം | 8,71,720 | 388 |
| 9 | GHS ചേനാട് | 8,70,400 | 207 |
| 10 | GHS കുപ്പാടി | 8,51,868 | 178 |

**പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ**

44(884) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം പ്രീമെട്രിക്/ പോസ്റ്റ് മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) ഈ സർക്കാർ വന്നതിനുശേഷം 05-01-2023 ലെ സ.ഉ. (പി) നം.2/2023/പജപവവിവ. പ്രകാരം പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് മാനദണ്ഡങ്ങൾ പരിഷ്കരിച്ചിട്ടുണ്ട്. IIM, IIT, NIFT ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്നവർക്കും CA, ICWA, CS തുടങ്ങിയ കോഴ്സുകൾ പഠിക്കുന്നവർക്കും സ്കോളർഷിപ്പ് ലഭിക്കും. കൂടാതെ ന്യൂജനറേഷൻ കോഴ്സുകൾ ഉൾപ്പെടെയുള്ള അംഗീകൃത സ്ഥാപനങ്ങളിൽ മെറിറ്റ്/റിസർവേഷനിൽ പ്രവേശനം ലഭിക്കുന്നവർക്കും സ്കോളർഷിപ്പ് ലഭിക്കും. ഇതിന്റെ ഫലമായി കൂടുതൽ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭിക്കുന്ന സാഹചര്യം സൃഷ്ടിച്ചിട്ടുണ്ട്. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിലെ ലംപ്സം ഗ്രാന്റും, ഹോസ്റ്റൽ ഫീസും വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രീമെട്രിക് സ്കോളർഷിപ്പ് പരിഷ്കരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

**പിന്നാക്ക വിഭാഗം വിദ്യാർത്ഥികളുടെ പഠനം**

45(885) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>

<u>ശ്രീ. കെ. ബി. ഗണേഷ്കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പിന്നാക്ക ബി.പി.എൽ. വിദ്യാർത്ഥികളുടെ ഫീസും സ്കോളർഷിപ്പും മുടങ്ങിയതോടെ അവരുടെ പഠനം തടസ്സപ്പെടാൻ സാധ്യതയുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പാക്കിവരുന്ന പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യവുമായി ബന്ധപ്പെട്ട ബഡ്ജറ്റ് ശീർഷകത്തിൽ നിന്നും തുക ചെലവഴിക്കുന്നതിനുള്ള നിയന്ത്രണം നിലവിൽ 100 ശതമാനവും ഇളവ് ചെയ്ത് ലഭ്യമായിട്ടുണ്ട്. ടി പദ്ധതിയുമായി ബന്ധപ്പെട്ട് കുടിശ്ശികയുള്ള തുക നടപ്പ് വർഷത്തെ ബജറ്റിൽനിന്നും അനുവദിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട ബജറ്റ് ശീർഷകത്തിലെ ഫണ്ട് ലഭ്യതയ്ക്ക് വിധേയമായി ബിൽ ജനറേഷൻ പൂർത്തിയാക്കി ആനുകൂല്യ വിതരണം പുരോഗമിക്കുന്നു.

സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ബി.പി.എൽ. വിഭാഗം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ഏർപ്പെടുത്തിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് പ്രകാരം 2017-18 ബാച്ചിലെ വിദ്യാർത്ഥികൾക്ക് ബി.പി.എൽ. സ്കോളർഷിപ്പ് അനുവദിക്കുകയുണ്ടായി. എന്നാൽ ബന്ധപ്പെട്ട സർക്കാർ ഉത്തരവ് ബഹു. ഹൈക്കോടതി റദ്ദ് ചെയ്തതിനാൽ ബഹു. സുപ്രീംകോടതിയിൽ സർക്കാർ SLP(C)9885-88/20 കേസ് ഫയൽ ചെയ്യുകയും ആയതിന്മേൽ ബഹു. സുപ്രീംകോടതി അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലാത്തതുമാണ്. ബഹു. സുപ്രീംകോടതിയുടെ വിധിന്യായം ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ബി.പി.എൽ. സ്കോളർഷിപ്പ് പുനഃസ്ഥാപിക്കുന്ന കാര്യത്തിൽ തീരുമാനം കൈക്കൊള്ളാനാകൂ.

(ബി) പട്ടികജാതി, പട്ടികവർഗ്ഗ, ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് ലഭിച്ചിരുന്ന ഇ-ഗ്രാന്റ് കുടിശ്ശികയായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ 2022-23 വർഷത്തെ അപ്രൂവലായ ക്ലെയിമുകൾ പ്രകാരം ബന്ധപ്പെട്ട ശീർഷകത്തിൽ ലഭ്യമായ തുക വിനിയോഗിച്ച് ഫീസ്, സ്കോളർഷിപ്പ്

എന്നിവ വിതരണം ചെയ്തിട്ടുണ്ട്. 2022-23 വർഷത്തെ സ്കോളർഷിപ്പ് ഇനത്തിൽ ഇനി വിതരണം ചെയ്യുവാൻ ആവശ്യമായ 81 കോടി രൂപ ബന്ധപ്പെട്ട ശീർഷകത്തിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഇ-ഗ്രാന്റ്സ് മുഖേന നൽകുവാൻ സാധിക്കാതിരിക്കുകയും ആയത് കുടിശ്ശിക ആയ കാര്യം ശ്രദ്ധയിൽപ്പെടുകയും കേന്ദ്ര വിഹിതം യഥാസമയം ലഭിക്കാതിരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാന വിഹിതത്തിൽനിന്നും പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിച്ച് നൽകുന്നതിന് അനുമതി നൽകിയിട്ടുമുണ്ട്.

ഒ.ഇ.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കുടിശ്ശികയുള്ള തുക നടപ്പ് വർഷത്തെ ബഡ്ജറ്റിൽ നിന്നും അനുവദിക്കുന്നതിന് ധനകാര്യ വകുപ്പിൽ നിന്നും കത്ത് ലഭ്യമായിരുന്നതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ബജറ്റ് ശീർഷകത്തിലെ ഫണ്ട് ലഭ്യതയ്ക്ക് വിധേയമായി ബിൽ ജനറേഷൻ പൂർത്തിയാക്കി ആനുകൂല്യ വിതരണം നടത്തിവരുന്നു.

(സി) പ്രസ്തുത വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് ഫീസും സ്കോളർഷിപ്പും ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ?

2022-23 വർഷത്തെ സ്കോളർഷിപ്പ് ഇനത്തിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് ഇനി വിതരണം ചെയ്യുവാൻ ആവശ്യമായ തുകയായ 81 കോടി രൂപ ബന്ധപ്പെട്ട ശീർഷകത്തിൽ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. തുക ലഭ്യമാകുന്ന മുറയ്ക്ക് കുടിശ്ശികയായിട്ടുള്ള ഫീസും സ്കോളർഷിപ്പും വിതരണം ചെയ്യുന്നതാണ്.

പോസ്റ്റ്മെട്രിക് തലത്തിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഇ-ഗ്രാന്റ്സ് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് കുടിശ്ശിക നിലനിൽക്കുന്നുണ്ട്. കേന്ദ്ര ധന സഹായം യഥാസമയം ലഭിക്കാത്തതിനാലും കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാനദണ്ഡങ്ങൾ നടപ്പിലാക്കുന്നതിന്റെ (SNA-PFMS Integration) ഭാഗമായുമാണ് തുക അനുവദിക്കാൻ സാധിക്കാതിരുന്നത്. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ നാളിതുവരെയുള്ള വിദ്യാഭ്യാസ ആനുകൂല്യത്തിന്റെ കുടിശ്ശിക പൂർണ്ണമായും അനുവദിച്ചു നൽകുവാൻ സർക്കാർ

അനുമതി നൽകുകയും തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ബന്ധപ്പെട്ട ബഡ്ജറ്റ് ശീർഷകത്തിലെ ഫണ്ട് ലഭ്യതയ്ക്ക് വിധേയമായി ബിൽ ജനറേഷൻ പൂർത്തിയാക്കി ആനുകൂല്യ വിതരണം നടത്തിവരുന്നു.

**സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ വിദ്യാർത്ഥികളുടെ ഫീസ് കുടിശ്ശിക**

46(886) ഡോ. എം. കെ. മുനീർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ, ഒ.ഇ.സി. വിഭാഗം വിദ്യാർത്ഥികളുടെ ഫീസ് നൽകുന്നതിൽ സർക്കാർ കുടിശിക വരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കുടിശിക നൽകാത്ത പക്ഷം ഈ വിഭാഗം വിദ്യാർത്ഥികൾക്ക് ഇക്കൊല്ലം പ്രവേശനം നൽകാൻ കഴിയില്ലെന്ന് സ്വാശ്രയ മാനേജ്മെന്റ് അസോസിയേഷൻ സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) കുടിശിക നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

(എ-സി) സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ, ഒ.ഇ.സി. വിഭാഗം വിദ്യാർത്ഥികളുടെ ഫീസ് നൽകുന്നതിന് കുടിശികയായിട്ടുണ്ട്. 2022-23 വർഷത്തെ ബഡ്ജറ്റ് തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. കുടിശികയുള്ള തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

അറിയിച്ചിട്ടില്ല. എന്നിരുന്നാലും സർക്കാർ സ്വാശ്രയ മാനേജ്മെന്റ് അസോസിയേഷനുമായി ഇക്കാര്യത്തിൽ ചർച്ച നടത്തുകയും മുൻകൂട്ടി ഫീസ് അടയ്ക്കാതെതന്നെ എല്ലാ വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്നതിന് ഫ്രീഷിപ്പ് കാർഡുകൾ ഏർപ്പെടുത്തുകയും ചെയ്തു.

കുടിശ്ശിക തുക നൽകുന്നതിനായി ബഡ്ജറ്റിൽ അധിക തുക വകയിരുത്തി സ്കോളർഷിപ്പ് തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സാവിത്രിഭായ് ഫുലെ മെമ്മോറിയൽ ആശ്രമം സ്കൂളിന് കെട്ടിട നിർമ്മാണം**

47(887) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബേഡഡുക്കയിൽ പ്രവർത്തിക്കുന്ന സാവിത്രിഭായ് ഫുലെ മെമ്മോറിയൽ ആശ്രമം സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിനായി എത്ര രൂപയുടെ എസ്റ്റിമേറ്റിനാണ് ഭരണാനുമതി അനുവദിച്ചിട്ടുള്ളത്; വിശദാംശം അറിയിക്കാമോ?

സാവിത്രിഭായി ഫുലെ മെമ്മോറിയൽ ആശ്രമം സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിനായി 31.81 കോടി രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്. 31-07-2023-ന് പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണോദ്ഘാടനം നടത്തിയിട്ടുണ്ട്.

(ബി) നിലവിൽ പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിനായി എത്ര രൂപയാണ് പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുള്ളത്; വിശദാംശം അറിയിക്കാമോ;

(സി) പ്രസ്തുത തുക ഉപയോഗിച്ച് സ്കൂളിനുവേണ്ടി എന്തൊക്കെ സജ്ജീകരണങ്ങളാണ് ഒരുക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഭരണാനുമതി പ്രകാരം ബാക്കി തുക പി.ഡബ്ല്യു.ഡി.-ക്ക് എന്ന് കൈമാറുമെന്ന് അറിയിക്കാമോ?

(ബി-ഡി) പ്രസ്തുത കെട്ടിട നിർമ്മാണത്തിനായി ഫണ്ട് അനുവദിച്ചിരിക്കുന്നത് 4225-02-277-42 (P) എന്ന ശീർഷകത്തിൽ നിന്നുമാണ്. ഈ ശീർഷകത്തിന്റെ ചീഫ് കൺട്രോളിംഗ് ഓഫീസർ പി.ഡബ്ല്യൂ.ഡി. ബിൽഡിംഗ്സ് ചീഫ് എഞ്ചിനീയർ ആണ്. ആയതിനാൽ തുക പ്രത്യേകമായി നിർവഹണ ഏജൻസിയായ പൊതുമരാമത്ത് വകുപ്പിന് അനുവദിക്കേണ്ടതില്ല. നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ 4 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആദ്യഘട്ടമായി അഡ്മിനിസ്ട്രേറ്റീവ്, അക്കാദമിക് ബ്ലോക്കുകളുടെ കെട്ടിട നിർമ്മാണമാണ് ആരംഭിക്കുന്നത്.

നിർമ്മാണത്തിന് ആവശ്യമായ ബാക്കി തുക അധിക ധനാഭ്യർത്ഥനയിലൂടെ പൊതുമരാമത്ത് വകുപ്പിനുതന്നെ കണ്ടെത്താവുന്നതാണ്.

**വെർച്വൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ**

48(888) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ എവിടെയെങ്കിലും പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിലുള്ള വെർച്വൽ പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ സ്ഥാപിക്കുവാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഇല്ല.

(ബി) പ്രസ്തുത സെന്ററുകൾ സ്ഥാപിക്കുന്നതിന് സ്ഥലവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കി നൽകാൻ തയ്യാറാണെന്ന് മണ്ഡലത്തിൽ നിന്നും വകുപ്പിനെ അറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

വെർച്വൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ ആരംഭിക്കുവാൻ മണ്ഡലത്തിലെ ഹാൾ സൗജന്യമായി നൽകാമെന്ന് എം.എൽ.എ. അറിയിച്ചിട്ടുണ്ട്.

(സി) നിലവിൽ പ്രസ്തുത സെന്ററുകൾ ഇല്ലെങ്കിൽ അത് സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

അഭ്യസ്തവിദ്യരായ പട്ടികജാതി/പട്ടികവർഗ്ഗ/പിന്നാക്ക വിഭാഗ വിദ്യാർത്ഥികളെ വിവിധ മത്സരപരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിനും നൈപുണ്യ പരിശീലനം നൽകുന്നതിനും മറ്റുമായി എല്ലാ നിയമസഭാ മണ്ഡലങ്ങളിലും വെർച്വൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ തുടങ്ങുന്നത് സംബന്ധിച്ച് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

വെർച്ച്വൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനായി കുറഞ്ഞത് 50 വിദ്യാർത്ഥികൾക്കെങ്കിലും ഒരേ സമയമിരുന്ന് ക്ലാസ്സ് കേൾക്കുന്നതിന് പര്യാപ്തമായ ഹാൾ/മുറി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് 2-11-2022 തീയതിയിൽ എല്ലാ

എം.എൽ.എ.-മാർക്കും വകുപ്പുമന്ത്രി കത്ത് നൽകിയിരുന്നു. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. 31 എം.എൽ.എ.-മാർ നിലവിൽ സന്നദ്ധത അറിയിച്ചിട്ടുണ്ട്.

## ഇ-ഗ്രാന്റ്സ്

49(889) <u>ശ്രീ. പി. നന്ദകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)ഇ-ഗ്രാന്റ്സ് പദ്ധതിയിൽ 2021-22, 2022-23 വർഷത്തിൽ കേന്ദ്രവിഹിതത്തിൽ എത്ര കോടി രൂപയുടെ കുടിശ്ശികയാണുള്ളത്?

പട്ടികജാതി വിദ്യാർത്ഥികളുടെ ഇ-ഗ്രാന്റ്സിൽ 2021-22 അധ്യയന വർഷത്തിലും 2022-23 വർഷത്തെ നാളിതുവരെയുള്ള വിതരണത്തിലും കേന്ദ്രവിഹിതത്തിൽ കുടിശ്ശികയില്ല. 2022-23 അധ്യയന വർഷത്തെ സ്കോളർഷിപ്പ് വിതരണം പൂർത്തിയായിട്ടില്ല. നടപടികൾ പുരോഗമിച്ച് വരുന്നു.

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിനത്തിൽ 2021-22 അധ്യയന വർഷത്തെ 13.0516 കോടി രൂപയും 2022-23 അധ്യയന വർഷത്തെ 24.5224 കോടി രൂപയും ഉൾപ്പെടെ ആകെ 37.574 കോടി രൂപ കേന്ദ്രവിഹിതത്തിൽ കുടിശ്ശികയായിട്ടുണ്ട്. പ്രീമെട്രിക് സ്കോളർഷിപ്പ് ഇനത്തിൽ 2021-22 അധ്യയന വർഷം കുടിശ്ശികയില്ല. 2022-23 അധ്യയന വർഷത്തിൽ 2.6187 കോടി രൂപ കേന്ദ്രവിഹിതത്തിൽ കുടിശ്ശികയായിട്ടുണ്ട്. പ്രീമെട്രിക് & പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ഇനത്തിൽ ആകെ 40.192 കോടി രൂപയാണ് പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പിനത്തിൽ കേന്ദ്രവിഹിതത്തിൽ കുടിശ്ശികയായിട്ടുള്ളത്. കേന്ദ്രത്തിൽ നിന്നും ലഭിക്കേണ്ട 40.192 കോടി രൂപയും സംസ്ഥാന സർക്കാരിന്റെ ബജറ്റ് വിഹിതത്തിൽ നിന്നും വിദ്യാർത്ഥികൾക്ക് അനുവദിച്ച് നൽകി.

(ബി) എത്ര പട്ടികജാതി വിദ്യാർത്ഥികൾക്കാണ് 2022-23, 2023-24 വർഷത്തിൽ റിസർച്ച് ഫെല്ലോഷിപ്പ് അനുവദിച്ചിട്ടുള്ളത്?

2022-23 അധ്യയന വർഷത്തിൽ 258 പട്ടികജാതി ഗവേഷക വിദ്യാർത്ഥികൾക്ക് ഫെല്ലോഷിപ്പ് അനുവദിച്ചിട്ടുണ്ട്. 2023-24 അധ്യയന വർഷത്തെ അപേക്ഷകൾ സ്വീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പുതുതായി മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ?

തിരുവനന്തപുരം ജില്ലയിലെ തോന്നയ്ക്കലിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ കെട്ടിടനിർമ്മാണം പൂർത്തിയായിവരുന്നു. കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറയിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഇ-ഗ്രാന്റ്

50(890) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)പട്ടികജാതി, പട്ടികവർഗ്ഗ, ഒ.ബി.സി, ഒ.ഇ.സി, വിഭാഗത്തിൽപ്പെടുന്ന പി.ജി. വിദ്യാർത്ഥികൾക്കുള്ള ഇ-ഗ്രാന്റ് ഏത് വർഷം വരെ നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

പട്ടികജാതി, പട്ടികവർഗ്ഗ, ഒ.ബി.സി, ഒ.ഇ.സി, വിഭാഗത്തിൽപ്പെട്ട പി.ജി. വിദ്യാർത്ഥികൾക്കുള്ള ഇ-ഗ്രാന്റ്സ് 2021-22 അധ്യയന വർഷം വരെ നൽകിയിട്ടുണ്ട്.

(ബി)ഇ-ഗ്രാന്റ് നൽകുന്നതിൽ കുടിശ്ശികയുണ്ടെങ്കിൽ ഏതെല്ലാം വിഭാഗത്തിന്റേതാണെന്ന് വ്യക്തമാക്കാമോ; എങ്കിൽ ആയത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

2022-23 അധ്യയന വർഷത്തെ ബഡ്ജറ്റ് തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. 2022-23 അധ്യയന വർഷത്തെ പോസ്റ്റ്മെട്രിക് വിഭാഗത്തിലുള്ള വിദ്യാർത്ഥികളുടെ കുടിശ്ശിക തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**നെന്മാറ മണ്ഡലത്തിലെ കാർഷിക കോളേജിന്റെ പ്രവർത്തനം**

51(891) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിനുകീഴിൽ തുടങ്ങാൻ പോകുന്ന കാർഷിക കോളേജിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത കോളേജ് തുടങ്ങുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

(എ&ബി) നെന്മാറ മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിന് കീഴിൽ കാർഷിക കോളേജ് സ്ഥാപിക്കുന്നതിനായി തെരെഞ്ഞെടുത്ത കൊല്ലങ്കോട് എഡ്യൂക്കേഷണൽ ചാരിറ്റബിൾ ട്രസ്റ്റിന്റെ സ്ഥലം ലോൺ എടുത്തതുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കൈവശത്തിലായിരുന്നു. 2022 ആഗസ്റ്റ് മാസം ബഹുമാനപ്പെട്ട Debt Recovery Tribunal-ന്റെ നിർദ്ദേശപ്രകാരം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം തുക നൽകി പ്രസ്തുത വസ്തുവകകളുടെ കൈവശാവകാശവും അസ്സൽ

രേഖകളും കൊല്ലങ്കോട് എഡ്യൂക്കേഷണൽ ചാരിറ്റബിൾ ട്രസ്റ്റിന് തിരികെ ലഭ്യമായിട്ടുണ്ട്. ടി സ്ഥലം ഏറ്റെടുക്കാൻ ആവശ്യമായിവരുന്ന സാമ്പത്തിക ബാധ്യത കണ്ടെത്താൻ കഴിയുമോയെന്ന് പരിശോധിക്കുന്നതിനും റവന്യൂ അധികാരികളുമായി ബന്ധപ്പെട്ട് ടി ഭൂസ്വത്തുക്കളുടെ വിലനിർണ്ണയം നടത്തി റിപ്പോർട്ട് ചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

**മലപ്പുറം ജില്ലയിൽ പട്ടികജാതി വിഭാഗങ്ങൾക്കായുള്ള മോഡൽ റസിഡൻഷ്യൽ സ്കൂൾ**

52(892) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ പട്ടികജാതി വിഭാഗങ്ങളിലെ കുട്ടികൾക്കായി മോഡൽ റസിഡൻഷ്യൽ സ്കൂൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ?

ഇല്ല. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി മോഡൽ റസിഡൻഷ്യൽ സ്കൂൾ നിലവിലുണ്ട്.

(ബി) സ്ഥല സൗകര്യമേറെയുള്ള പട്ടികജാതി കോളനിയായ കൊണ്ടോട്ടി നെടിയിരുപ്പ് കോളനിയിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

കോളനികളിൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലില്ല.

**സംസ്ഥാനത്ത് പട്ടികജാതി വിദ്യാർത്ഥികളുടെ എം.ബി.ബി.എസ്. പഠനം**

53(893) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2023 കാലയളവിൽ എം.ബി.ബി.എസ്. പഠനത്തിനായി വിദേശത്തേയ്ക്കയച്ച പട്ടികജാതി വിദ്യാർത്ഥികളുടെ കണക്ക് ലഭ്യമാക്കാമോ?

2 വിദ്യാർത്ഥികൾക്ക് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത വിദ്യാർഥികളുടെ വിവരങ്ങളും നൽകിയ തുകയും അറിയിക്കാമോ?

വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | രാജ്യം | വർഷം | അനുവദിച്ച തുക |
|---|---|---|---|---|
| 1 | നിഖിൽ റാം. റ്റി. എസ്. | ഉക്രൈൻ | 2019 | 14,58,318 |
| 2 | ചന്ദ്രരാജ് | ഫിലിപ്പൈൻസ് | 2023 | 2,00,000 |

**പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള ഐ.ടി.ഐ.കളിൽ ഹ്രസ്വകാല കോഴ്സുകൾ**

54(894) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള വിവിധ ഐ.ടി.ഐ. കളിൽ ഹ്രസ്വകാല കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) വടക്കാഞ്ചേരി മണ്ഡലത്തിൽ പ്രവർത്തിക്കുന്ന എങ്കക്കാട് ഐ.റ്റി.ഐ.-ൽ നിലവിൽ പരിശീലനം നൽകിവരുന്ന സർവേയർ എന്ന ദ്വിവത്സര ട്രേഡിനോടൊപ്പം ആർക്കിടെക്ച്ചറൽ ഡ്രാഫ്റ്റ്സ്മാൻ എന്ന ദിവത്സര ട്രേഡും ആഡോൺ കോഴ്സ് ആയി ജി.പി.എസ്. സർവേ, ടോട്ടൽ

സ്റ്റേഷൻ സർവ്വേ, ഓട്ടോകാഡ് എന്നീ കോഴ്സുകളും ആരംഭിക്കുന്നത് സംബന്ധിച്ച് നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

(എ & ബി) പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള വിവിധ ഐ.റ്റി.ഐ.കളിൽ കാലോചിതമായ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും അതോടൊപ്പം നിലവിൽ പരിശീലനം നൽകുന്ന ട്രേഡുകളിലെ വിദ്യാർത്ഥികളുടെ തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനും നിലവിലെ റഗുലർ പരിശീലനത്തോടൊപ്പം ഹ്രസ്വകാല കോഴ്സുകൾ (Add on courses) സംബന്ധിച്ച് KELTRON Knowledge Centre, Kerala Institute of Welding and Research എന്നീ സ്ഥാപനങ്ങളുടെ പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. നടപടികൾ സ്വീകരിച്ചുവരികയാണ്. ആയതുപ്രകാരം വടക്കാഞ്ചേരി മണ്ഡലത്തിൽ പ്രവർത്തിക്കുന്ന എങ്കക്കാട് ഐ.റ്റി.ഐ.-ൽ നിലവിൽ പരിശീലനം നൽകിവരുന്ന സർവേയർ എന്ന ദ്വിവത്സര ട്രേഡിനോടൊപ്പം ആർക്കിടെക്ചറൽ ഡ്രാഫ്റ്റ്സ്മാൻ എന്ന ദ്വിവത്സര ട്രേഡും Add on course

ആയി GPS Survey, Total Station Survey, AutoCAD എന്നീ കോഴ്സുകൾ കൂടി ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരികയാണ്.

**പ്രീമെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ ആധുനികവത്കരണം**

55(895) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കുട്ടികൾക്കുവേണ്ടിയുള്ള പ്രീമെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളെ ആധുനികവത്കരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

പട്ടികജാതി കുട്ടികൾക്കായി പട്ടികജാതി വികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന പ്രീ-മെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ ആധുനികവത്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) എങ്കിൽ എന്തെല്ലാം സംവിധാനങ്ങളാണ് പ്രസ്തുത ഹോസ്റ്റലുകളുടെ ആധുനികവത്കരണത്തിനായി ചെയ്തതെന്ന് വിശദമാക്കാമോ?

വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന പ്രീ-മെട്രിക്/പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളുടെ ആധുനികവത്കരണത്തിന്റെ ഭാഗമായി അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിലേയ്ക്കായി അറ്റകുറ്റപ്പണികൾ, ഹോസ്റ്റൽ നവീകരണ പ്രവർത്തനങ്ങൾ എന്നിവ നടത്തിവരുന്നു. ഹോസ്റ്റലുകളിൽ ലൈബ്രറി, കമ്പ്യൂട്ടർ സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ ഹോസ്റ്റലിലും ഗ്യാസ് കണക്ഷൻ, ശുദ്ധജല ലഭ്യതയ്ക്കായി വാട്ടർ പ്യൂരിഫയർ തുടങ്ങിയവ അനുവദിച്ച് നൽകിയിട്ടുണ്ട്. ടെലിവിഷൻ വാങ്ങി നൽകിയിട്ടുണ്ട്. കുട്ടികളുടെ ആരോഗ്യ സുരക്ഷിതത്വത്തിനായി കൊതുകുവല സ്ഥാപിച്ചിട്ടുണ്ട്. സോളാർ പാനലുകൾ, ബയോഗ്യാസ് പ്ലാന്റുകൾ, സി.സി.ടി.വി എന്നിവ സ്ഥാപിച്ചിട്ടുണ്ട്. നിലവിൽ സി.സി.ടി.വി ഇല്ലാത്ത ഹോസ്റ്റലുകളിൽ ആയവ സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**പട്ടികജാതി യുവാക്കൾക്കുള്ള നൈപുണ്യ പരിശീലന പദ്ധതി**

56 (896) ശ്രീ. പി. ഉബൈദുള്ള:
ഡോ. എം. കെ. മുനീർ:

<u>ശ്രീ. പി. കെ. ബഷീർ:</u>

<u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി യുവാക്കൾക്കുള്ള നൈപുണ്യ പരിശീലന പദ്ധതി വിശദീകരിക്കാമോ; പദ്ധതിവഴി ഏതെല്ലാം മേഖലകളിലാണ് തൊഴിൽ പരിശീലനം നൽകുന്നത്; വ്യക്തമാക്കാമോ?

പട്ടികജാതി വിഭാഗത്തിലെ തൊഴിൽ രഹിതരായ യുവതീ യുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി ഐ.ടി, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, അനിമേഷൻ, കൺസ്ട്രക്ഷൻ, ആരോഗ്യം, ഓയിൽ & ഗ്യാസ്, മറൈൻ വ്യവസായം, എയർലൈൻ, എയർപോർട്ട് മേഖല, കാർഗോ മാനേജ്മെന്റ് തുടങ്ങിയ വിവിധ മേഖലകളിൽ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലന പരിപാടികൾ സർക്കാർ അംഗീകൃത സ്ഥാപനങ്ങളായ KASE (Kerala Academy for Skills Excellence), KELTRON (Kerala State Electronics Development Corporation Limited), CIPET (Central Institute of

Petrochemicals Engineering & Technology), CDAC (Centre for Development of Advanced Computing), ASAP (Additional Skill Acquisition Programme Kerala) മുഖേന നടപ്പിലാക്കുന്നു. ഇത്തരം നൈപുണ്യ വികസന പരിപാടികൾ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പരിശീലന സ്ഥാപനങ്ങളുമായിച്ചേർന്ന് വിവിധ വ്യവസായ മേഖലകളിൽ പ്ലേസ്മെന്റ് ഉറപ്പാക്കുന്നു. സർക്കാർ വകുപ്പുകളുടെ പിന്തുണയോടൊപ്പം പൊതുകമ്പോളത്തിലെ ഏജൻസികളുമായി മത്സരത്തിലേർപ്പെട്ടും ക്ഷേമ പദ്ധതികളുടെ നിർവ്വഹണത്തിൽ പട്ടികജാതി പട്ടികവർഗ്ഗ യുവതീ-യുവാക്കളുടെ സംഘങ്ങൾക്ക് നേരിട്ട് പങ്കാളികളാകാനും അതിലൂടെ മെച്ചപ്പെട്ട വരുമാനവും സ്വാശ്രയത്വവും ലഭിക്കാനും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ അഭ്യസ്തവിദ്യരായ യുവതീ-യുവാക്കളെ ഒരേ സമയം തൊഴിൽ സംരംഭകരും തൊഴിൽ ദാതാക്കളുമാക്കുന്നതിനുമായി കേരള സർക്കാർ കേരള എംപവർമെന്റ് സൊസൈറ്റി ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിവഴി വിദേശത്തെ ജോലി സാധ്യതകൾ കണ്ടെത്തുവാനും പരിചയപ്പെടുത്തുവാനും പരിപാടികൾ

സംഘടിപ്പിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുമോ?

വിദേശത്ത് പഠനത്തിനും വിദേശത്ത് മികച്ച ജോലി ലഭിക്കുന്നതിനും വകുപ്പ് മുഖേന പദ്ധതി നടപ്പിലാക്കിവരുന്നു.

**തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലനം**

57(897) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവിഭാഗങ്ങളിൽ ഉൾപ്പെട്ടവർക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നതെന്ന് വിശദമാക്കാമോ?

പട്ടികജാതി വിഭാഗക്കാർക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ട മൂലധന വായ്പ ലഭ്യമാക്കുന്നതിനുള്ള പദ്ധതി കാര്യക്ഷമമായി വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു. പട്ടികജാതിക്കാർക്ക് പരിധി ബാധകമാക്കാതെ 3 ലക്ഷം രൂപവരെയുള്ള വായ്പകൾക്ക് വായ്പാതുകയുടെ 1/3 സബ്സിഡി

നൽകുന്നു. പട്ടികജാതിക്കാർ അംഗങ്ങളായ സ്വാശ്രയ സംഘങ്ങൾക്കും വനിതാ സ്വയംസഹായ സംഘങ്ങൾക്കും അംഗീകരിക്കപ്പെടുന്ന പ്രോജക്ടുകളുടെ 75 ശതമാനം തുക (പരമാവധി 10 ലക്ഷം രൂപ) ബാങ്ക് അക്കൗണ്ടിലൂടെ അനുവദിച്ചുവരുന്നു. പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവ സംരംഭകർക്ക് സംരംഭകത്വ പരിശീലനം നൽകി സ്റ്റാർട്ടപ്പ് ഇൻകുബേഷൻ, മെന്റർഷിപ്പ്, സപ്പോർട്ട് എന്നീ സേവനങ്ങൾ ലഭ്യമാക്കി scalable Business ഉള്ള സംരംഭങ്ങളായി മാറ്റിയെടുക്കുന്നതിന് ഉതകുന്ന സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതി കേരള Start-Up-Mission-നുമായി ചേർന്ന് വകുപ്പ് നടപ്പിലാക്കിവരുന്നു. റിവോൾവിംഗ് ഫണ്ട് എന്ന പ്രത്യേക പലിശരഹിത സീഡ് ഫണ്ട് പദ്ധതി പട്ടികജാതി വിഭാഗങ്ങളിലുള്ളവർക്കായി ഈ പദ്ധതിയുടെ ഭാഗമായി ലഭ്യമാണ്. നൂതന ആശയമോ ഉല്പന്നമോ ഉള്ളവരെയാണ് മേൽപ്പറഞ്ഞ പരിശീലനത്തിനായി എടുക്കുന്നത്. കേരള സ്റ്റാർട്ട് അപ്പ് മിഷന്റെ എല്ലാ പദ്ധതികളുടെയും ആനുകൂല്യം സ്റ്റാർട്ട് അപ്പ് ഡ്രീംസിലുള്ളവർക്കും ലഭിക്കും. ഓരോ സ്റ്റാർട്ട് അപ്പിനുമായി അനുവദിക്കുന്ന അടിസ്ഥാന സൗകര്യങ്ങളിൽ അതിവേഗ ഇന്റർനെറ്റും പ്ലഗ് ആൻഡ് പ്ലേ

വർക്ക് സ്റ്റേഷനും കോൺഫറൻസ്-മീറ്റിംഗ് റൂം ഉൾപ്പെടെയുള്ള കോമൺ ഫെസിലിറ്റീസും സ്റ്റാർട്ടപ്പ് ഡ്രീംസിൽ ലഭ്യമാണ്. പ്രീ-ഇൻകുബേഷൻ വിഭാഗത്തിൽ 3 മുതൽ 6 മാസം കാലയളവുവരെയും ഇൻകുബേഷൻ വിഭാഗത്തിൽ 11 മാസം വരെയുമാണ് നൽകിവരുന്നത്. ഇതിനുശേഷം സ്റ്റാർട്ടപ്പുകൾ കൂടുതൽ സമയപരിധി ആവശ്യപ്പെടുന്ന മുറയ്ക്ക് വിലയിരുത്തലുകളോടെ കാലയളവ് ദീർഘിപ്പിക്കുന്നതാണ്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി 'ഉന്നതി' സംരംഭകത്വ വികസന പരിപാടിയിലൂടെ നിബന്ധനകൾക്ക് വിധേയമായി ധനസഹായം അനുവദിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതുകൂടാതെ ചെറുകിട തൊഴിൽ സംരംഭങ്ങൾക്ക് കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി ധനസഹായങ്ങൾ അനുവദിച്ചുവരുന്നുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരായ യുവതി/യുവാക്കൾക്ക് ശരിയായ മാർഗ്ഗനിർദ്ദേശവും പരിശീലനവും സാമ്പത്തിക സഹായവും മികച്ച മാനേജ്മെന്റ് പിന്തുണയും നൽകി ആധുനിക സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രാപ്തരാക്കാൻ വേണ്ടിയും തൊഴിലവസരങ്ങളും

വരുമാനവും സ്വാശ്രയ ബോധവും സൃഷ്ടിക്കുന്നതിനും ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുമുള്ള പട്ടികജാതി പട്ടികവർഗ്ഗ യുവതി യുവാക്കളെ ഒരേ സമയം തൊഴിൽ സംരംഭകരായും തൊഴിൽ ദാതാക്കളായും സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ കേരള എംപവർമെന്റ് സൊസൈറ്റിയും രൂപീകരിച്ചിട്ടുണ്ട്.

(ബി) 2016-21 കാലയളവിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്കായി നടപ്പാക്കുന്ന തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലന പരിപാടികളിൽ വിവിധ സ്ഥാപനങ്ങൾ മുഖേന എത്ര പേർക്ക് പരിശീലനം നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

2016-17 മുതൽ 2021-22 വർഷം വരെ വിവിധ സ്ഥാപനങ്ങൾ മുഖേന പട്ടികജാതി വിഭാഗക്കാരായ 8848 പേർക്കും പട്ടികവർഗ്ഗ വിഭാഗക്കാരായ 5693 പേർക്കും വിവിധ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലന പരിപാടികളിൽ പരിശീലനം നൽകിയിട്ടുണ്ട്.

**തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്ത ആദിവാസികളുടെ കൂലി നഷ്ടം**

58(898) <u>ശ്രീ. എ. പി. അനിൽ കുമാർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിജിറ്റൽ ഹാജർ രേഖപ്പെടുത്തുവാൻ കഴിയാത്തതിനാൽ തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്ത ആദിവാസികൾക്ക് കൂലി നഷ്ടപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. ഡിജിറ്റൽ ഹാജർ രേഖപ്പെടുത്താൻ സാധിക്കാത്തതിനാൽ കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിലെ 6 സെറ്റിൽമെന്റ് കോളനിയിൽപ്പെട്ട പട്ടികവർഗ്ഗ വിഭാഗത്തിലെ തൊഴിലുറപ്പ് തൊഴിലാളികൾക്ക് 96,099/- രൂപ വേതനം ലഭിച്ചിട്ടില്ല. ടി വിഷയം കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(ബി) ആദിവാസി മേഖലകളിൽ ഇന്റർനെറ്റ് സൗകര്യങ്ങളുടെ അപര്യാപ്തതമൂലം അർഹതപ്പെട്ട കൂലിപോലും ലഭിക്കാത്ത സാഹചര്യം പരിഗണിച്ചുകൊണ്ട് ആദിവാസി സെറ്റിൽമെന്റുകളുമായി ബന്ധപ്പെട്ട്

ഇന്റർനെറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഇന്റർനെറ്റ് സൗകര്യമില്ലാത്ത കോളനികളിൽ BSNL 4G സാച്ചുറേഷൻ പദ്ധതിയുടെ ഭാഗമായി ഇന്റർനെറ്റ് സംവിധാനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കണ്ണൂർ ജില്ലയിലെ പട്ടികജാതി വികസന വകുപ്പിലെ തസ്തികകൾ**

59(899) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പട്ടികജാതി വികസന വകുപ്പിനുകീഴിലായി എത്ര ഓഫീസുകളുണ്ടെന്നും ആയത് എവിടെയൊക്കെ ആണെന്നും പട്ടിക തിരിച്ച് അറിയിക്കാമോ?

കണ്ണൂർ ജില്ലയിൽ പട്ടികജാതി വികസന വകുപ്പിന് കീഴിൽ ഒരു ജില്ലാ പട്ടികജാതി വികസന ഓഫീസും 8 ബ്ലോക്ക്/കോർപ്പറേഷൻ പട്ടികജാതി

ഓഫീസുകളുമുണ്ട്. അത് എവിടെയൊക്കെയാണെന്ന വിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത ഓഫീസുകളിൽ ക്ലാർക്ക് തസ്തികയുള്ള ഓഫീസുകൾ ഏതൊക്കെയാണെന്നും അവിടങ്ങളിൽ എത്ര ക്ലാർക്ക് തസ്തിക വീതം ഉണ്ടെന്നും വിശദമാക്കാമോ?

കണ്ണൂർ ജില്ലാ പട്ടികജാതി വികസന ഓഫീസിൽ 6 ക്ലാർക്ക് തസ്തികകളും പയ്യന്നൂർ, കണ്ണൂർ കോർപ്പറേഷൻ, തളിപ്പറമ്പ്, ഇരിക്കൂർ ബ്ലോക്കുകളിൽ ഓരോ ക്ലാർക്ക് തസ്തിക വീതവുമുണ്ട്.

**കണ്ണൂർ ജില്ല എസ്.ടി. വകുപ്പിലെ ഓഫീസുകളും തസ്തികകളും**

60(900) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ എസ്.ടി. വകുപ്പിന് കീഴിലായി എത്ര ഓഫീസുകളുണ്ടെന്നും ആയത് എവിടെയൊക്കെയാണെന്നും തരംതിരിച്ച് അറിയിക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കണ്ണൂർ ജില്ലയിൽ പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 16 സ്ഥാപനങ്ങളാണ് നിലവിലുള്ളത്. ആയത് സംബന്ധിക്കുന്ന വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത ഓഫീസുകളിൽ ക്ലാർക്ക് തസ്തികയുള്ളവ ഏതൊക്കെയാണെന്നും ടി തസ്തികകളുടെ എണ്ണവും വിശദമാക്കാമോ?

പ്രസ്തുത ഓഫീസുകളിലെ ക്ലർക്ക് തസ്തികകളെ സംബന്ധിക്കുന്ന വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**എസ്.സി. പ്രൊമോട്ടർമാരുടെ നിയമനം**

61(901) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എസ്.റ്റി. പ്രൊമോട്ടർമാരുടെ നിയമനത്തിന് പരീക്ഷ ഒഴിവാക്കി അഭിമുഖംമാത്രം നടത്തിയാൽ മതിയെന്ന് തീരുമാനിക്കുകയുണ്ടായോ എന്ന് വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിലുള്ള പട്ടികവർഗ്ഗ/ഹെൽത്ത് പ്രൊമോട്ടർമാരുടെ സേവന കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ പട്ടികവർഗ്ഗ/ഹെൽത്ത് പ്രൊമോട്ടർമാരെ അഭിമുഖം മുഖേന തെരഞ്ഞെടുപ്പ് നടത്തി നിയമിക്കുന്നതിന് 16-05-2023-ലെ സ.ഉ.(കൈ)നം.11/2023/പജപവവിവ. പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) ഇതിനെതിരെ ആദിവാസി മഹാസഭ കോടതിയെ സമീപിച്ചതിനെത്തുടർന്ന് പരീക്ഷ ഒഴിവാക്കിയ സാഹചര്യം പരിശോധിക്കാൻ ഹൈക്കോടതി നിർദ്ദേശിച്ചിരുന്നോ; വിശദമാക്കാമോ?

ആദിവാസി മഹാസഭ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) No. 19953/2023-ന്റെ വിധിന്യായപ്രകാരം ഈ കേസിലെ ഒന്നും രണ്ടും എതിർകക്ഷികൾ ഹർജിക്കാരായ ആദിവാസി മഹാസഭയെ ആവശ്യമെങ്കിൽ നേരിൽ കേൾക്കുവാനും ഭരണഘടനാ സ്ഥാപനമായ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ വിദഗ്ദ്ധാഭിപ്രായം ആദിവാസികളെ പ്രൊമോട്ടർ തസ്തികയിലേക്ക് തെരഞ്ഞെടുക്കുന്ന നടപടി ക്രമങ്ങളിൽ സ്വീകരിക്കുവാനും നിർദ്ദേശിച്ചിരുന്നു. കൂടാതെ വിധിയുടെ

പകർപ്പ് സഹിതം അഡീഷണൽ റപ്രസന്റേഷൻ ഫയൽ ചെയ്യുന്നതിന് ഹർജിക്കാരന് രണ്ടാഴ്ചത്തെ സമയം അനുവദിക്കുകയും ചെയ്തിരുന്നു. അപ്രകാരം ലഭിക്കുന്ന അഡീഷണൽ റപ്രസന്റേഷൻസിൽ ഒന്നും രണ്ടും എതിർകക്ഷികൾ 8 ആഴ്ചയ്ക്കുള്ളിൽ തീരുമാനം എടുക്കുവാനും ബഹുമാനപ്പെട്ട കോടതി ഉത്തരവായിട്ടുണ്ട്. ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കുന്നതുവരെ ഹർജിക്കാരായ ആദിവാസി മഹാസഭ തർക്കം ഉന്നയിച്ചിരിക്കുന്ന സർക്കാർ ഉത്തരവുകൾ നടപ്പാക്കരുതെന്ന് ബഹുമാനപ്പെട്ട കോടതി നിർദ്ദേശിച്ചിട്ടുണ്ട്.

(സി) ഏതു സാഹചര്യത്തിലാണ് പരീക്ഷ ഒഴിവാക്കുന്നതിനുള്ള തീരുമാനം കൈക്കൊണ്ടതെന്ന് വിശദമാക്കുമോ;

(ഡി) പരീക്ഷ ഒഴിവാക്കി അഭിമുഖം മാത്രം നടത്തിയാൽ അർഹരായവർക്ക് അവസരം നഷ്ടപ്പെടും എന്ന് കരുതുന്നുണ്ടോ; എങ്കിൽ പരീക്ഷ ഒഴിവാക്കിയ തീരുമാനം പുനഃപരിശോധിക്കുന്നതിന് തയ്യാറാകുമോ?

(സി&ഡി) പട്ടികവർഗ്ഗ വികസന പദ്ധതികളുടെ ഗുണഫലങ്ങൾ പട്ടികവർഗ്ഗ ഗുണഭോക്താക്കളിൽ എത്തിക്കുന്നതിനായി നിയമിതരായ എസ്.ടി പ്രൊമോട്ടർ/ഹെൽത്ത് പ്രൊമോട്ടർമാർ എന്നിവരുടെ സേവന കാലാവധി 2023 മേയ് മാസത്തിൽ അവസാനിക്കുന്നതിനാലും പ്രൊമോട്ടർമാരുടെ സേവനം ലഭ്യമാകാത്ത സാഹചര്യം സംജാതമായാൽ വകുപ്പിന്റെ ക്ഷേമ പ്രവർത്തനങ്ങളെ ബാധിക്കുമെന്ന പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ ശിപാർശ കണക്കിലെടുത്തും കാലതാമസം കൂടാതെ പുതിയ പ്രൊമോട്ടർമാരെ നിയമിക്കണമെന്ന് നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിലാണ് നിലവിൽ സേവനത്തിലുള്ള പട്ടികവർഗ്ഗ പ്രൊമോട്ടർ/ഹെൽത്ത് പ്രൊമോട്ടർമാരുടെ സേവന കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ പട്ടികവർഗ്ഗ പ്രൊമോട്ടർ/ഹെൽത്ത് പ്രൊമോട്ടർമാരെ അഭിമുഖം മുഖേന തെരഞ്ഞെടുത്ത് നിയമിക്കുന്നതിന് തീരുമാനിച്ചത്. പട്ടികവർഗ്ഗ പ്രൊമോട്ടർ/ഹെൽത്ത് പ്രൊമോട്ടർമാരുടെ നിയമനത്തിനായി അഭിമുഖം സാധുവായ നിയമന രീതിയാണോ എന്നതിൽ ഉപദേശം ലഭ്യമാക്കുന്നതിനായി കേരള പബ്ലിക് സർവ്വീസ്

കമ്മീഷനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായം ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ടി വിഷയത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**എസ്.സി. കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികൾ**

62(902) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് മണ്ഡലത്തിൽ എസ്.സി. കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നതിനായി പുതിയ എത്ര പ്രവൃത്തികളുടെ പ്രൊപ്പോസലുകളാണ് ലഭിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

ചിറയിൻകീഴ് മണ്ഡലത്തിൽ, ചിറയിൻകീഴ് ബ്ലോക്ക് പരിധിയിൽ, എസ്.സി. കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നതിനായി രണ്ട് പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ട്. അവയുടെ വിവരം ചുവടെ ചേർക്കുന്നു.

1. പാറയിൽ കോളനി റോഡ് കോൺക്രീറ്റിംഗ് (380 മീറ്റർ)

2. ഊരുപൊയ്യ ലക്ഷം വീട് കോളനി റോഡ് കോൺക്രീറ്റിംഗ് & ഗേറ്റ് (2200 മീറ്റർ)

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പ്രസ്തുത പ്രൊപ്പോസലുകൾ അംഗീകാരത്തിനായി ജില്ലാതല വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് അംഗീകരിക്കുന്ന മുറയ്ക്ക് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കാസർഗോഡ് ജില്ലയിലെ കോർപ്പസ് ഫണ്ട്**

63(903) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ബേഡഡുക്ക പഞ്ചായത്തിലെ ചെമ്പക്കാട്-ഉള്ളാൽ കോളനി റോഡ് എസ്.ടി. കോർപ്പസ് ഫണ്ടിൽ

ഭരണാനുമതിക്കായി സമർപ്പിച്ച പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി)പ്രസ്തുത റോഡിന് എസ്.ടി. കോർപ്പസ് ഫണ്ടിൽ ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

(എ &ബി)ഇല്ല.

(സി)മേൽ കോളനിയിലേയ്ക്കുള്ള റോഡ് കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

മുൻപ് ഏറ്റെടുത്ത പദ്ധതികളുടെ ബാധ്യത കിഴിച്ചുള്ള തുകയുടെ ലഭ്യതയനുസരിച്ച് പ്രൊപ്പോസൽ പരിഗണിക്കുന്നതാണ്.

**കുന്നത്തുനാട് മണ്ഡലത്തിലെ കോർപ്പസ് ഫണ്ട് മുഖേനയുള്ള പ്രവൃത്തികൾ**

64(904) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് 2023-24 വർഷത്തേയ്ക്ക് നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

പട്ടികജാതി വികസന വകുപ്പ് 2023-24 വർഷത്തെ 1/3 കോർപ്പസ് ഫണ്ട് സ്പിൽ ഓവർ പദ്ധതിയുടെ ഭരണാനുമതി ഉത്തരവ് ജില്ലകൾക്ക് നൽകിയിട്ടുണ്ട്. 2023-24 വർഷത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ഉൾപ്പെടുത്താനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് 2023-24 വർഷം നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

| പദ്ധതി | ഗുണഭോക്താവ് | തുക |
|---|---|---|
| (1)സംരക്ഷണ ഭിത്തി നിർമ്മാണം | 1 | 1,68,500/- |
| (2) ശുചിത്വ കക്കൂസ് നിർമ്മാണം | 1 | 30,000/- |

(ബി) 2022-23-ലെ എസ്.സി. കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തിയ മുല്ലപ്പള്ളിത്തടം എസ്.സി. കോളനി റോഡ് നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

2022-23 വർഷത്തെ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തിയിരുന്ന മുല്ലപ്പള്ളിത്തടം പട്ടികജാതി കോളനിയുടെ റോഡ് നവീകരണ പ്രവൃത്തികൾ 8,29,809/- (എട്ട് ലക്ഷത്തി ഇരുപത്തി ഒൻപതിനായിരത്തി എണ്ണൂറ്റി ഒൻപത് രൂപ മാത്രം) രൂപ ചെലവഴിച്ച് പൂർത്തീകരിച്ചിട്ടുണ്ട്.

**കാസർകോട് ജില്ലയിൽ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിനായി അനുവദിച്ച ഫണ്ട്**

65(905) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിനായി കഴിഞ്ഞ അഞ്ചു വർഷം അനുവദിച്ച ഫണ്ട് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം പ്രവർത്തനങ്ങൾക്കാണ് ഫണ്ട് നൽകിയതെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(സി) അനുവദിച്ച ഫണ്ട് ചെലവഴിച്ചിട്ടുണ്ടോയെന്നും ഏതെല്ലാം പ്രവൃത്തികൾക്കായി എത്ര രൂപ ചെലവഴിച്ചുവെന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ഡി) അനുവദിച്ച ഫണ്ട് ചെലവഴിച്ചിട്ടില്ലെങ്കിലുള്ള നടപടി ക്രമങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ?

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**മലപ്പുറം മണ്ഡലത്തിൽ അനുവദിച്ച കോർപ്പസ് ഫണ്ട്**

66(906) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 മുതൽ 2022-23 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ മലപ്പുറം മണ്ഡലത്തിൽ അനുവദിച്ച എസ്.സി., എസ്.റ്റി. കോർപ്പസ്

ഫണ്ടുകളുടെ വിവരങ്ങൾ നഗരസഭ/പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും പേരും അനുവദിച്ച തുകയും നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

(എ & ബി) പട്ടികജാതി വികസന വകുപ്പ് 2018-19 മുതൽ 2022-23 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ മലപ്പുറം മണ്ഡലത്തിൽ എസ്.സി. കോർപ്പസ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പ്രവൃത്തിയുടെ പേരും അനുവദിച്ച തുകയും നിലവിലെ സ്ഥിതിയും പഞ്ചായത്ത് അടിസ്ഥാനത്തിൽ അനുബന്ധമായി ചേർക്കുന്നു.+ പട്ടികവർഗ്ഗ വികസന വകുപ്പ്, മലപ്പുറം നിയോജക മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി 2018-19 മുതൽ 2022-23 വർഷങ്ങളിൽ പ്രവൃത്തികളൊന്നും തന്നെ നടപ്പിലാക്കിയിട്ടില്ല.

**പട്ടികജാതി കോർപ്പസ് ഫണ്ട് വിനിയോഗം**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

67(907) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2022 -23 സാമ്പത്തിക വർഷത്തിൽ പട്ടികജാതി കോർപ്പസ് ഫണ്ട് വിനിയോഗിച്ച് കൊല്ലം ജില്ലയിൽ എന്തെല്ലാം പ്രവൃത്തികളാണ് നടന്നു വരുന്നതെന്നും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്നും പ്രവൃത്തിയുടെ പേര്, അനുവദിച്ച തുക എന്നീ വിശദാംശങ്ങൾ മണ്ഡലം തിരിച്ച് ലഭ്യമാക്കാമോ?

2022-23 സാമ്പത്തിക വർഷത്തിൽ പട്ടികജാതി കോർപ്പസ് ഫണ്ട് വിനിയോഗിച്ച് കൊല്ലം ജില്ലയിൽ നടന്നുവരുന്ന പ്രവൃത്തികളുടെയും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**കാസർഗോഡ് ജില്ലയിലെ കോർപസ് ഫണ്ട് പദ്ധതികൾ**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

68(908) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ കോർപ്പസ് ഫണ്ട് ഇനത്തിൽ അനുവദിച്ച പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലുള്ള സ്ഥിതി വ്യക്തമാക്കാമോ?

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് കാസർഗോഡ് ജില്ലയിൽ കാറഡുക്ക ബ്ലോക്ക് പരിധിയിലെ കംബഡാജെ പഞ്ചായത്തിലെ മച്ചാവു പട്ടികജാതി കോളനി കുടിവെള്ള പദ്ധതിക്കായി 17,00,000/- (പതിനേഴ് ലക്ഷം രൂപ മാത്രം) രൂപ അനുവദിച്ചിരുന്നു. 13,36,804/- (പതിമൂന്ന് ലക്ഷത്തി മുപ്പത്തി ആറായിരത്തി എണ്ണൂറ്റി നാല് രൂപാ മാത്രം) രൂപ ചെലവഴിച്ച് പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട് .

പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് കാസർഗോഡ് ജില്ലയിൽ കോർപ്പസ് ഫണ്ട് ഇനത്തിൽ അനുവദിച്ച പദ്ധതികളും നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു.+

**പട്ടികജാതി പട്ടികവർഗ്ഗ പദ്ധതികൾക്കുള്ള കേന്ദ്രവിഹിതം**

69(909) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പട്ടികജാതി പട്ടികവർഗ്ഗ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി കേന്ദ്ര സർക്കാർ, മറ്റ് കേന്ദ്ര ഏജൻസികൾ എന്നിവയിൽനിന്ന് മാത്രമായി സംസ്ഥാനത്തിന് ലഭിച്ച തുകയുടെ കണക്ക് വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഈ തുക ഉപയോഗിച്ച് പ്രസ്തുത കാലയളവിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം; ഈ തുകയിൽനിന്നും ചെലവഴിച്ചത്, ചെലവഴിക്കാതെ ബാക്കിയായത്, ലാപ്സായത് എന്നിവയുടെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ & ബി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പട്ടികജാതി പട്ടികവർഗ്ഗ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിൽ കേന്ദ്ര വിഹിതത്തിൽ ഏതെങ്കിലും തരത്തിലുള്ള കുറവ് വന്നിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് അനുവദിച്ച് കിട്ടുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ?

പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും SCA-TSS പദ്ധതി 2020-21 വർഷം വരെ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ടി പദ്ധതിക്കായി 2020-21 വർഷം PAC അപ്രൂവ് ചെയ്ത 800 ലക്ഷം രൂപയിൽ ടി വർഷം 459.15 ലക്ഷം രൂപ മാത്രമേ കേന്ദ്ര സർക്കാർ അനുവദിച്ചിരുന്നുള്ളൂ. 2021-22 വർഷം മുതൽ SCA-TSS പദ്ധതി നിലവിലില്ലാത്തതിനാൽ ബാക്കി തുക അനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിന് ശിപാർശ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ 2022-23 സാമ്പത്തിക വർഷം 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള കേന്ദ്ര സഹായവും പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് നൽകുന്നതിനുള്ള കേന്ദ്രവിഹിതവും ലഭ്യമായിട്ടില്ല. പട്ടികജാതി വികസന

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വകുപ്പിൽനിന്നും പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് 100% കേന്ദ്രാവിഷ്കൃത പദ്ധതി ആയിരുന്നത് 2021-22 മുതൽ 60% കേന്ദ്ര വിഹിതം വെട്ടിക്കുറച്ചു. മാത്രവുമല്ല, സംസ്ഥാന ബഡ്ജറ്റിൽ മുൻകൂറായി തുക പൂർണമായും വകയിരുത്തേണ്ട സാഹചര്യവുമുണ്ടായിരുന്നു.

പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതികൾ (9-10 ക്ലാസ് സ്കോളർഷിപ്പ്, അനാരോഗ്യ ചുറ്റുപാടിൽ തൊഴിൽ ചെയ്യുന്നവരുടെ ആശ്രിതർക്കുള്ള സ്കോളർഷിപ്പ്) 2022-23 വർഷം മുതൽ 40:60 സംസ്ഥാന-കേന്ദ്ര അനുപാതത്തിൽ നടപ്പിലാക്കുന്നു. ഓരോ വിദ്യാർത്ഥിക്കും കേന്ദ്ര മാനദണ്ഡ പ്രകാരം അർഹതപ്പെട്ട തുകയുടെ 60% കേന്ദ്രസർക്കാർ നേരിട്ട് വിദ്യാർത്ഥികളുടെ അക്കൗണ്ടിലേക്ക് നൽകിവരുന്നു. കേന്ദ്ര സർക്കാർ നിശ്ചയിച്ച മാനദണ്ഡ പ്രകാരമാണ് പ്രസ്തുത പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതികൾക്ക് കേന്ദ്ര വിഹിതം അനുവദിക്കുന്നത്. പദ്ധതി 100% കേന്ദ്രാവിഷ്കൃതമായിരുന്നുവെങ്കിലും സംസ്ഥാന സർക്കാർ പദ്ധതിക്കായി ചെലവഴിക്കുന്ന തുക പൂർണമായും കേന്ദ്രത്തിൽനിന്നും റിലീസ് ചെയ്തു കിട്ടിയിരുന്നില്ല. കമ്മിറ്റഡ് ലയബിലിറ്റി കഴിച്ച് സംസ്ഥാനത്തിന്

അർഹതപ്പെട്ട തുക മാത്രമാണ് പദ്ധതിപ്രകാരം റീ-ഇംബേഴ്സ് ചെയ്തു കിട്ടിയിരുന്നത്. കേന്ദ്ര മാനദണ്ഡ പ്രകാരം അർഹതപ്പെട്ട തുക അനുവദിച്ചു കിട്ടുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

**ആദിവാസി മേഖലകളിലെ വൈദ്യുതി ലഭ്യത**

70(910) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസി മേഖലകളിൽ ഇപ്പോഴും വൈദ്യുതി ലഭ്യമല്ലാത്ത മേഖലകൾ കണ്ടെത്തിയിട്ടുണ്ടോ എന്നും അവർക്ക് വൈദ്യുതി ലഭ്യമാക്കാൻ പട്ടികവർഗ്ഗക്ഷേമ വകുപ്പ് വൈദ്യുതി വകുപ്പുമായി ചേർന്ന് നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും ആയത് എപ്പോൾ പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കുമോ?

പട്ടികവർഗ്ഗ മേഖലകളിലെ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട് സർക്കാർ വിവിധ വകുപ്പുകളുമായി നടത്തിയ യോഗങ്ങളിലെ

തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വൈദ്യുതീകരണം സാധ്യമാകുന്ന എല്ലാ പട്ടികവർഗ്ഗ കോളനികളും അടിയന്തരമായി വൈദ്യുതീകരിക്കുന്നതിന് KSEB-ക്കും അനർട്ടിനും നിർദ്ദേശം നൽകിയിരുന്നു. ലൈനുകൾ/ കേബിളുകളിലൂടെ വൈദ്യുതി എത്തിക്കാൻ പറ്റുന്ന പട്ടികവർഗ്ഗ കോളനികളിൽ KSEB-യുടെ ചുമതലയിൽ വൈദ്യുതി എത്തിക്കാനും അതിന് ബുദ്ധിമുട്ടുള്ള ദുർഘട വനാന്തരങ്ങളിലുള്ള കോളനികളിൽ സോളാർ/ഹൈബ്രിഡ് പദ്ധതി നടപ്പാക്കാൻ അനർട്ടിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലവിൽ KSEB മുഖേന വൈദ്യുതീകരണം നടപ്പിലാക്കിവരുന്ന 15 കോളനികളിൽ പ്രവൃത്തികൾ പൂർത്തീകരിച്ചുവരുന്നു. 21 കോളനികൾ വൈദ്യുതീകരിക്കുന്നതിന് KSEB നടപടി സ്വീകരിച്ചിട്ടുമുണ്ട്. കൂടാതെ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാതലത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പട്ടികവർഗ്ഗ കോളനികളുടെ വൈദ്യുതീകരണത്തിനുള്ള കർമ്മപദ്ധതി തയ്യാറാക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) വൈദ്യുതിയുള്ള മേഖലകളിൽ കേബിൾ നെറ്റ്‌വർക്കോ ടവറുകളുടെ അഭാവമോമൂലം വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ പഠനം

അന്യാധീനമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കുമോ?

വൈദ്യുതിയുള്ള മേഖലകളിൽ കേബിൾ നെറ്റ്‌വർക്കോ ടവറുകളുടെ അഭാവമോമൂലം വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ പഠനം സാധ്യമാകാതിരുന്ന 1284 കോളനികളിൽ 1085 എണ്ണത്തിൽ നെറ്റ്‌വർക്ക് കണക്ടിവിറ്റി ലഭ്യമാക്കിയിട്ടുണ്ട്. ശേഷിക്കുന്ന കോളനികളിൽ കണക്ടിവിറ്റി ലഭ്യമാക്കുന്നതിനായി BSNL 4G ടവർ സ്ഥാപിക്കുന്നതിലേയ്ക്ക് 166 സ്ഥലങ്ങളിൽ വനഭൂമിയിൽ ഭൂമി ലഭ്യമാക്കുന്നതിനായി വനാവകാശ നിയമപ്രകാരമുള്ള (വികസനാവകാശം) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത് പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർവ്വഹണ ഏജൻസിയായ BSNL-ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**മന്ത്രിസഭയുടെ അംഗീകാരത്തോടെ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ**

71(911) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധനകാര്യ വകുപ്പിന്റെ എതിർപ്പിനെ മറികടന്നുകൊണ്ട് മന്ത്രിസഭയുടെ അംഗീകാരത്തോടെ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കിയിട്ടുള്ള പദ്ധതികൾ/ പ്രവർത്തനങ്ങൾ/തീരുമാനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) മേൽപ്പറഞ്ഞ ഓരോ വിഷയത്തിലും ധനകാര്യ വകുപ്പ് നൽകിയ റിമാർക്ക്സ് എന്തായിരുന്നു; ഓരോ തീരുമാനവും സംബന്ധിച്ച ക്യാബിനറ്റ് നോട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഓരോന്നും നടപ്പാക്കിയതിലൂടെ എത്ര രൂപയുടെ ബാധ്യത ഉണ്ടായതായി കണക്കാക്കുന്നു; വിശദാംശം നൽകുമോ?

(എ & ബി) പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ വഞ്ചിയോട് കിന്റർ ഗാർട്ടനിൽ പ്രതിമാസ ഓണറേറിയം വ്യവസ്ഥയിൽ കിന്റർഗാർട്ടൻ ടീച്ചറായി പത്തുവർഷത്തിലധികമായി ജോലി ചെയ്തു വന്നിരുന്ന ശ്രീമതി

സരിതാ കുമാരി. എ-യെ OA (EKM)1354/2017 നമ്പർ കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 27-10-2021-ലെ വിധിയുടെ അടിസ്ഥാനത്തിൽ സ്ഥിരപ്പെടുത്തുവാൻ കൈക്കൊണ്ട തീരുമാനം ധനകാര്യ വകുപ്പിന്റെ എതിർപ്പിനെ മറികടന്ന് മന്ത്രിസഭാ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലായിരുന്നു. ധനകാര്യ വകുപ്പിന്റെ റിമാർക്സ് ഉൾക്കൊള്ളുന്ന മന്ത്രിസഭായോഗ കുറിപ്പിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

ലൈഫ്മിഷൻ പദ്ധതിപ്രകാരം പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അനുവദിക്കുന്ന ഭവന നിർമ്മാണ ധനസഹായം പട്ടികവർഗ്ഗ സങ്കേതങ്ങളിൽ സങ്കേതത്തിന് പുറത്ത് എന്ന മാനദണ്ഡം ഇല്ലാതെ 6 ലക്ഷം രൂപാ നിരക്കിൽ ഏകീകരിച്ച് ഉത്തരവായത് ധനകാര്യ വകുപ്പിന്റെ എതിർപ്പിനെ മറികടന്ന് മന്ത്രിസഭാ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലായിരുന്നു. ധനകാര്യ വകുപ്പിന്റെ റിമാർക്ക്സ് ഉൾക്കൊള്ളുന്ന മന്ത്രിസഭായോഗ കുറിപ്പിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+ തീരുമാനങ്ങൾ നടപ്പാക്കിയതിലൂടെ ഉണ്ടായ സാമ്പത്തിക ബാധ്യത സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം

72(912) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പട്ടികജാതി വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും എത്ര തുക ഇരവിപുരം നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ടുണ്ടെന്നതിന്റെ നഗരസഭ/ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിശദാംശം ലഭ്യമാക്കാമോ?

ഈ സർക്കാരിന്റെ കാലത്ത് പട്ടികജാതി വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 12,90,000/-രൂപ കൊല്ലം കോർപ്പറേഷനും 7,00,000/-രൂപ മയ്യനാട് പഞ്ചായത്തിലും അനുവദിച്ചിട്ടുണ്ട്.

(ബി) ഇനിയും എത്ര അപേക്ഷകളിന്മേൽ തീർപ്പു കൽപ്പിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ?

കൊല്ലം കോർപ്പറേഷനിൽ 12 അപേക്ഷകളിന്മേലും മയ്യനാട് പഞ്ചായത്തിൽ 4 അപേക്ഷകളിന്മേലും തീർപ്പു കൽപ്പിക്കാനുണ്ട്.

**പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭൂപ്രശ്നം പരിഹരിക്കുന്നതിന് നടപടി**

73(913) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭൂപ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാരിന്റെ കാലത്ത് പട്ടികജാതി വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 12,90,000/-രൂപ കൊല്ലം കോർപ്പറേഷനും 7,00,000/-രൂപ മയ്യനാട് പഞ്ചായത്തിലും അനുവദിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭൂമി പതിച്ചു നൽകിയെന്ന് വിശദമാക്കാമോ?

കൊല്ലം കോർപ്പറേഷനിൽ 12 അപേക്ഷകളിന്മേലും മയ്യനാട് പഞ്ചായത്തിൽ 4 അപേക്ഷകളിന്മേലും തീർപ്പു കൽപ്പിക്കാനുണ്ട്.

**എ.ബി.സി.ഡി. പദ്ധതിയുടെ പ്രവർത്തന പുരോഗതി**

74 (914) <u>ശ്രീ. എ. സി. മൊയ്തീൻ:</u>

<u>ശ്രീ. കെ. എം. സച്ചിൻദേവ്:</u>

<u>ശ്രീ. പി. പി. സുമോദ്:</u>

<u>ശ്രീ. ജി. സ്റ്റീഫൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും അടിസ്ഥാന രേഖകൾ ലഭ്യമാക്കുന്നതിനും അവ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നതിനുമായി ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന അക്ഷയ ബിഗ് കാമ്പെയിൻ ഫോർ ഡോക്യുമെന്റ് ഡിജിറ്റലൈസേഷൻ (എ.ബി.സി.ഡി.) പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

സംസ്ഥാനത്തെ മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും അടിസ്ഥാന രേഖകൾ ലഭ്യമാക്കുന്നതിനും അവ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നതിനുമായി ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന അക്ഷയ ബിഗ് കാമ്പെയിൻ ഫോർ ഡോക്യുമെന്റ് ഡിജിറ്റലൈസേഷൻ (എ.ബി.സി.ഡി.) പദ്ധതിയിൽ ആധാർ കാർഡ്, റേഷൻ കാർഡ്, ഇലക്ഷൻ ഐ.ഡി. കാർഡ്, ബാങ്ക് അക്കൗണ്ട്, ജനനമരണ സർട്ടിഫിക്കറ്റ് തുടങ്ങിയ ഇനങ്ങളിൽ

സംസ്ഥാനത്തൊട്ടാകെ ആകെ 1,70,560 സേവനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി ആദ്യം നടപ്പിലാക്കിയതും പൂർത്തീകരിച്ചതും വയനാട് ജില്ലയിലാണ്. തുടർന്ന് പാലക്കാട് ജില്ലയിൽ പൂർത്തീകരിച്ചു. തിരുവനന്തപുരം ജില്ലയിൽ പൂർത്തീകരണം അന്തിമഘട്ടത്തിലാണ്. ആലപ്പുഴ, മലപ്പുറം ജില്ലകളിൽ എ.ബി.സി.ഡി. പദ്ധതിയുടെ ഭാഗമായി രേഖകൾ ഇല്ലാത്തവരുടെ വിവരശേഖരണം അവസാന ഘട്ടത്തിലാണ്.

(ബി) സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലേയ്ക്കും എ.ബി.സി.ഡി. പദ്ധതി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; നിലവിൽ ഏതൊക്കെ ജില്ലകളിൽ ഈ പദ്ധതി പൂർത്തിയാക്കിയിട്ടുണ്ട്; വിശദമാക്കാമോ?

ഉണ്ട്. നിലവിൽ വയനാട്, പാലക്കാട് ജില്ലകളിൽ ടി പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.

(സി) മറ്റ് ഏതെങ്കിലും സംസ്ഥാനത്ത് ഇത്തരമൊരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

വിവരം ലഭ്യമല്ല.

**മാതാപിതാക്കളെ നഷ്ടപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ കുട്ടികൾക്കുള്ള പദ്ധതി**

75(915) <u>ശ്രീ. പി. മമ്മിക്കുട്ടി:</u> താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികൾക്കുവേണ്ടി ഈ സർക്കാർ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടെന്ന് വിശദമാക്കാമോ; ഇതിന്റെ പ്രയോജനം എത്ര പേർക്ക് ലഭിച്ചുവെന്ന് വിശദമാക്കാമോ?

മാതാപിതാക്കൾ നഷ്ടപ്പെട്ട കുടുംബത്തിലെ കുട്ടികൾക്ക് ഏക വരുമാനദായകൻ മരണപ്പെട്ട കുടുംബങ്ങൾക്കുള്ള ധനസഹായമായ 2 ലക്ഷം രൂപ വീതം വകുപ്പ് മുഖേന അനുവദിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് 10 ജില്ലകളിലായി 20 പേർക്ക് ഇതിന്റെ ഗുണഫലം ലഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| നം. | ജില്ല | എണ്ണം |
|---|---|---|
| 1 | പത്തനംതിട്ട | 2 |
| 2 | ആലപ്പുഴ | 2 |
| 3 | കോട്ടയം | 1 |

| | | |
|---|---|---|
| 4 | ഇടുക്കി | 2 |
| 5 | എറണാകുളം | 2 |
| 6 | തൃശ്ശൂർ | 6 |
| 7 | പാലക്കാട് | 2 |
| 8 | മലപ്പുറം | 1 |
| 9 | കണ്ണൂർ | 1 |
| 10 | കാസർഗോഡ് | 1 |
| | ആകെ | 20 |

പട്ടികവർഗ്ഗ കുട്ടികളുടെ സംരക്ഷണത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്ന "കൈത്താങ്ങ്" പദ്ധതി പ്രകാരം, മാതാപിതാക്കളിൽ ഒരാൾ മരിച്ചുപോയതും മറ്റെയാൾ ഗുരുതര അസുഖത്തെ തുടർന്ന് കുട്ടികളെ സംരക്ഷിക്കാൻ സാധിക്കാത്തതുമായവരുടെ കുട്ടികളെ സംരക്ഷിക്കുന്നതിനായി കുട്ടികളുടെ സംരക്ഷണ ചുമതലയുള്ള രക്ഷിതാക്കളുടെ അക്കൗണ്ടിലേയ്ക്ക് കുട്ടികൾക്ക് 18 വയസ്സ് തികയുന്നതുവരെ 2000/- രൂപ പ്രതിമാസ ധനസഹായം അനുവദിച്ചുവരുന്നു. 2022-23 വർഷം 502 കുട്ടികൾക്ക് ടി പദ്ധതിയുടെ ഗുണഫലം ലഭിച്ചിട്ടുണ്ട്. പട്ടിക വർഗ്ഗത്തിൽപ്പെട്ട കുട്ടികൾക്കായി നടപ്പാക്കുന്ന ഈ പദ്ധതി

പട്ടികജാതിയിൽപ്പെട്ട കുട്ടികൾക്കുകൂടി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

**പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ചികിത്സാസഹായം**

76(916) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ എത്ര പേർക്ക് ചികിത്സാ സഹായം ഉൾപ്പെടെയുള്ള സാമ്പത്തിക സഹായം നല്കിയിട്ടുണ്ട്; വ്യക്തമാക്കാമോ?

ഈ സർക്കാർ നിലവിൽ വന്നതിനുശേഷം വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും പട്ടികജാതി വിഭാഗത്തിലെ 27508 പേർക്കും പട്ടികവർഗ്ഗ വിഭാഗത്തിലെ 97026 പേർക്കും ചികിത്സാ സഹായം ഉൾപ്പെടെയുള്ള സാമ്പത്തിക സഹായം നല്കിയിട്ടുണ്ട്.

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കായി എത്ര തുക ദുരിതാശ്വാസ നിധിയിൽനിന്നും ഇതുവരെ സഹായമായി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് 105,78,97,950/- രൂപയും (നൂറ്റി അഞ്ച് കോടി എഴുപത്തിയെട്ട് ലക്ഷത്തി തൊണ്ണൂറ്റിയേഴായിരത്തി തൊള്ളായിരത്തി അമ്പത് രൂപ മാത്രം) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 16,43,70,290/-രൂപ (പതിനാറ് കോടി നാല്പത്തിമൂന്ന് ലക്ഷത്തി എഴുപതിനായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ് രൂപ മാത്രം) ദുരിതാശ്വാസ നിധിയിൽനിന്നും ഇതുവരെ സഹായമായി നൽകിയിട്ടുണ്ട്.

**അംബേദ്കർ ഗ്രാമപദ്ധതി**

77(917) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമപദ്ധതിയുടെ നിർവ്വഹണ ചുമതലയുള്ള ഏജൻസികളുടെ അലംഭാവം പദ്ധതികൾ അനിശ്ചിതമായി നീണ്ടുപോകുന്നതിന് കാരണമാകുന്നു എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇത്തരം പദ്ധതികളുടെ നടത്തിപ്പ് തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിന് നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; ഇല്ലെങ്കിൽ തദ്ദേശസ്വയംഭരണ വകുപ്പിന് ചുമതല നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

അംബേദ്കർ ഗ്രാമ വികസന പദ്ധതിയുടെ നിലവിലെ മാനദണ്ഡ പ്രകാരം തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിന് നിർവഹണ ചുമതല നൽകാവുന്നതാണ്.

**പാലക്കാട് സൈലന്റ് വാലി ദേശീയോദ്യാനത്തിലെ താഴെത്തുടുക്കി ഊരിൽ സോളാർ വിൻഡ് പ്ലാന്റ്**

78(918) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് സൈലന്റ് വാലി ദേശീയോദ്യാനത്തിലെ താഴെത്തുടുക്കി ഊരിൽ സോളാർ വിൻഡ് പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ ആരാണ് സ്ഥാപിച്ചത്; വ്യക്തമാക്കാമോ?

അട്ടപ്പാടി മേഖലയിലെ പുതൂർ പഞ്ചായത്തിലെ താഴെത്തുടുക്കി ഊരിൽ ANERT മുഖേന സോളാർ വിൻഡ് പ്ലാന്റ് സ്ഥാപിച്ച് വൈദ്യുതീകരണം നടത്തിയിട്ടുണ്ട്.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പ് ഈ പദ്ധതിയ്ക്കായി എത്ര തുകയാണ് നീക്കി വെച്ചിരുന്നത്; പദ്ധതിയുമായി ബന്ധപ്പെട്ട് അനെർട്ടിൽ നിന്നും ലഭിച്ച എല്ലാ കത്തുകളുടെയും പകർപ്പ് ലഭ്യമാക്കാമോ;

(സി) പദ്ധതിയ്ക്കായി മാറ്റിവച്ച തുകയിൽനിന്നോ ട്രൈബൽ പ്ലസ് പദ്ധതിയിൽനിന്നോ മേൽ പദ്ധതി നടത്തിപ്പിനായി തുക ചെലവഴിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ ഏത് ആവശ്യത്തിനാണ് തുക ചെലവഴിച്ചതെന്നും എത്ര തുക ചെലവായെന്നും അറിയിക്കുമോ; ഈ തുക ചെലവഴിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(ബി-ഡി) ടി പദ്ധതിക്കായി പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും തുക അനുവദിച്ചിട്ടില്ല.

**ഹരിത ഊർജ്ജം വരുമാന പദ്ധതി**

79(919) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി വികസന വകുപ്പ് അനെർട്ടിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന ഹരിത ഊർജ്ജ വരുമാന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ബി.പി.എൽ കുടുംബാംഗങ്ങളുടെ വീടുകളിൽ അനർട്ട് സോളാർ പാനൽ സ്ഥാപിച്ച് സൗരോർജ്ജ വൈദ്യുതീകരണം നടത്തുന്നതോടൊപ്പം ഗുണഭോക്താക്കൾക്ക് അധികവരുമാനം ലഭിക്കുന്ന പദ്ധതിയാണ് 'ഉന്നതി-ഹരിതവരുമാന പദ്ധതി'. വൈദ്യുതി ചെലവ് കുറയ്ക്കുന്നതോടൊപ്പം ഇൻഡക്ഷൻ സ്റ്റൗ പ്രോത്സാഹിപ്പിക്കുന്നതിലൂടെ കുടുംബങ്ങളിലെ പാചകവാതക ചെലവിൽ

കുറവു വരുത്തി സാമ്പത്തികമായി ശാക്തീകരിക്കുകയാണ് ഉദ്ദേശ്യം. തിരുവനന്തപുരം, ആലപ്പുഴ, തൃശ്ശൂർ ജില്ലകളിൽ യഥാക്രമം 91, 105, 109 ഗുണഭോക്താക്കളുടെ വീടുകളിൽ സൗരനിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. അനുമതി നൽകിയ തുകയിൽനിന്നും അധികരിക്കാതെ 5 പേർക്കുകൂടി അധികമായി സൗരനിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

**പട്ടികജാതിക്കാരുടെ ആനുകൂല്യങ്ങൾ തട്ടിയെടുത്തവർക്കെതിരെ നടപടി**

80(920) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതിക്കാരുടെ വിവിധ ആനുകൂല്യങ്ങൾ ഡയറക്ടറേറ്റിലെയും ജില്ലാ ഓഫീസുകളിലെയും ഉദ്യോഗസ്ഥർ തട്ടിയെടുത്തതായി പറയപ്പെടുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥർക്ക് എതിരെ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

**നിർമ്മിതി കേന്ദ്രം മുഖേന കണ്ണൂർ മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ**

81(921) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മിതി കേന്ദ്രം മുഖേന കണ്ണൂർ മണ്ഡലത്തിൽ എത്ര പട്ടികജാതി സങ്കേതങ്ങളുടെ നിർമ്മാണം നടത്തിവരുന്നു; ഇതിൽ പൂർത്തിയാകാത്ത പദ്ധതികൾ എത്ര; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കാൻ സാധിച്ചോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വിശദമാക്കാമോ?

(എ & ബി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**കരിന്തളം ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ**

82(922) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കരിന്തളം ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയെ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

കരിന്തളം ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പുതുക്കിയ ഭരണാനുമതിക്കനുസൃതമായി നിർമ്മാണത്തിനുള്ള ഏജൻസിയെ തെരഞ്ഞെടുത്തിട്ടുണ്ട്. നിർമ്മാണ പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്.

**പേരാമ്പ്ര മണ്ഡലത്തിൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ**

83(923) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ മുതുകാട് മോഡൽ റസിഡൻഷ്യൽ സ്കൂൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം ഏറ്റെടുത്തത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പിന് കീഴിൽ കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര മണ്ഡലത്തിലെ ചക്കിട്ടപ്പാറ വില്ലേജിലെ മുതുകാട് മോഡൽ റസിഡൻഷ്യൽ സ്കൂൾ നിർമ്മിക്കുന്നതിനായി സർവ്വേ നമ്പർ 594/600-ൽപ്പെട്ട 9 ഏക്കർ ഭൂമി കോഴിക്കോട് ജില്ലാ കളക്ടറുടെ 18-01-2001, 15-07-2023 എന്നീ തീയതികളിലെ എം4-71396/89(11), എൽ10-971596/89 എന്നീ നമ്പർ ഉത്തരവുകൾ പ്രകാരം പട്ടികജാതി വികസന വകുപ്പിന് കൈമാറി ലഭിച്ചിരുന്നു. എന്നാൽ ആദ്യം അനുവദിച്ച 9 ഏക്കറിൽനിന്നും 29-10-2019-ലെ സ.ഉ. (എം.എസ്) നമ്പർ 327/2019/റവ. പ്രകാരം എം.ആർ.എസ്. നിർമ്മാണത്തിനുള്ള ഭൂമി 5 ഏക്കറായി പരിമിതപ്പെടുത്തിയിരുന്നു.

(ബി) സ്ഥലം ഏറ്റെടുത്തതിനുശേഷം സ്കൂൾ സ്ഥാപിക്കാനുള്ള എന്തെല്ലാം നടപടികളാണ് വകുപ്പ് വഴി സ്വീകരിച്ചിട്ടുള്ളത്?

ചക്കിട്ടപ്പാറ മുതുകാട് മോഡൽ റസിഡൻഷ്യൽ സ്കൂൾ KIIFB ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്നതിനായി 21-10-2016-ൽ സർക്കാർ ഉത്തരവായിരുന്നു. ടി കെട്ടിടം നിർമ്മിക്കുന്നതിലേയ്ക്കായി നിർമ്മാണ

ഏജൻസിയായ KSCC തയ്യാറാക്കിയ 16.48 കോടി രൂപയുടെ എസ്റ്റിമേറ്റിന് KIIFB-യിൽനിന്നും സാമ്പത്തികാനുമതി ലഭ്യമായിരുന്നു. എന്നാൽ DSR 2018 നിലവിൽ വന്ന സാഹചര്യത്തിൽ എസ്റ്റിമേറ്റിന് മാറ്റം വരുന്നതിനാൽ പ്രസ്തുത DSR പ്രകാരമുള്ള എസ്റ്റിമേറ്റ് KSCC തയ്യാറാക്കി അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിച്ചിരിക്കുകയാണ്.

(സി) സ്കൂൾ സ്ഥാപിക്കാനുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(സി & ഡി) കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടില്ല. കിഫ്ബിയിൽ നിന്നും അംഗീകാര ഉത്തരവ് ലഭ്യമായതിനുശേഷം നിർമ്മാണം ആരംഭിക്കുന്നതാണ്.

**അംബേദ്കർ ഗ്രാമ വികസന പദ്ധതി.**

84(924) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ നിർവ്വഹണ പുരോഗതി വ്യക്തമാക്കുമോ?

(എ & ബി) പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+ പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പുത്തിഗെ ഗ്രാമപഞ്ചായത്തിൽ ബെരിക്കഞ്ച പട്ടികവർഗ്ഗ കോളനിയിൽ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം 2020-21-ൽ പ്രവർത്തനാനുമതി ലഭ്യമായ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

**ആലത്തൂർ നിയോജക മണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ വിശദാംശം**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

85(925) <u>ശ്രീ. കെ .ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികളിൽ ഓരോന്നിലും എത്ര കുടുംബങ്ങൾ വീതമുണ്ടെന്ന് കോളനികൾ തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത കോളനികളിൽ അംബേദ്കർ ഗ്രാമ പദ്ധതിയിലോ മറ്റേതെങ്കിലും കോളനി വികസന പദ്ധതികളിലോ നാളിതുവരെ ഉൾപ്പെട്ടിട്ടില്ലാത്ത കോളനികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

**<u>ആലത്തൂർ ഗ്രാമപഞ്ചായത്ത്</u>**

പെരിങ്ങോട്ടുകുന്ന് പട്ടികജാതി കോളനി, ആലിയ കുളമ്പ് വാലിപ്പറമ്പ് ബങ്ങന്നൂർ പട്ടികജാതി കോളനി.

**<u>എരിമയൂർ ഗ്രാമപഞ്ചായത്ത്</u>**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മാത്തിൽ കുളം ലക്ഷം വീട് കോളനി, മണിയിൽപറമ്പ് പനങ്കാവ് കോളനി, കുന്നൻകാട് കോട്ടക്കര കോളനി, ചുള്ളിമട നാല് സെന്റ് കോളനി, ലക്ഷം വീട് കോളനി, മാടമ്പാറ പെരുവള്ളിക്കളം കോളനി.

**<u>കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത്</u>**

പുത്തൻകുളമ്പ് ലക്ഷം വീട് കോളനി, മമ്പാട് ലക്ഷം വീട് കോളനി, അടുക്കളകൊളുമ്പ് വല്ലം വളപ്പ് കോളനി, കൊട്ടേക്കാട് കോളനി, കാക്കശ്ശേരി കോളനി, മഞ്ഞലിക്കുളമ്പ് കോളനി

**<u>കുഴൽമന്ദം ഗ്രാമപഞ്ചായത്ത്</u>**

കോക്കാട് കവറത്തറ, കൊല്ലം പറമ്പ്, കളക്കാട്, മാട്ടുക്കാട്, നെല്ലിയും കാട്, ചാത്രും കാട്, എരക്കാട്ടു കുളമ്പ്, മെഡിക്കൽ, ചേരിക്കൽ പറമ്പ്, മടയൻ പറമ്പ്, നാരങ്ങാപ്പറമ്പ്, കിഴക്കുംപറം, കോഴിയോട്ടുതൊടിക, പുന്നക്കുളം തറ, വടക്കുംപുറം, അമ്പലപ്പറമ്പ്, മാലാണ്ടിപ്പറമ്പ്, പേഴുകാട്, ചേലക്കാട്, തെക്കുംപുറം, കുന്നിൻപള്ള, ദേവ്വംകുളം, ആറാങ്കോട്, നായാടികുന്ന്, പഴയ കുളം, നൊള്ളിക്കോട്, കുന്നുകാട്. നൊച്ചുള്ളി, തെക്കേകര കോളനി, വലിയപുര കോളനി, പൂപ്പള്ളിക്കാട്, എടക്കാട് കോളനി, ആന്തൂർ കളം,

പടിഞ്ഞാറെ മണ്ഡപക്കുടം, എക്കോട്, കളപ്പെട്ടി ചേരിങ്കൽ പറമ്പ്, വെള്ളാപുള്ളിക്കളം, പോത്തയൻകാട്.

**തേങ്കുറിശ്ശി ഗ്രാമപഞ്ചായത്ത്**

മാവത്ത്കാട്, പന്നിമട, പുഞ്ചിക്കോട്, ആനക്കുറ്റിപ്പാറ, പനയംചിറ കല്ലങ്കാട്. പുഞ്ചക്കോട് ലക്ഷം വീട്, ഒക്കരക്കോട്, തെക്കുംപുറം, തെക്കേകര പരിയാരത്ത് വീട്, തിരുവെമ്പലൂർ, കിളിയക്കാട്, എരട്ടോട്, കിഴക്കേമുറി, പേഴംകാട്, തുപ്പാരക്കളം, പറച്ചിരിക്കാട്, പാണ്ടിയോട് പൊക്കത്ത് വീട്, വാപ്പളം, തായാങ്കാവ്, തേൻകുറിശ്ശികല്ലങ്കാട്, കുന്നകാട്, മാങ്ങോട്, മണിയൻകോട്, വാക്കത്തറ, കിഴക്കേത്തറ, വാക്കത്തറമന്ദം, ചുക്കംകോണം 2, വടക്കേക്കളം വലിയാട്ടുകുന്ന്, വള്ളിക്കാട്, കുന്നംപുറം.

(സി) പ്രസ്തുത കോളനികളിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയാണ് പട്ടികജാതി വികസന വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

മേൽ ചേർത്തിട്ടുള്ള കോളനികളിൽ റോഡ്, അരികുഭിത്തി നിർമ്മാണം, കുടിവെള്ളം, തെരുവുവെളിച്ചം മുതലായ അടിസ്ഥാന സൗകര്യങ്ങൾ ആവശ്യമാണ്.

**ചിറ്റാരി കണ്ടി വാതുക്കൽ റോഡ്**

86(926) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിലെ മലയോര മേഖല കൂടിയായ വാണിമേൽ-ചെക്ക്യാട് ഗ്രാമ പഞ്ചായത്തിലെ എസ്.ടി. കോളനിയിലേക്കുള്ള ചിറ്റാരി-കണ്ടിവാതുക്കൽ റോഡ് പണി പൂർത്തീകരിക്കാൻ കഴിയാത്തതിനാൽ കോളനി നിവാസികൾ അനുഭവിക്കുന്ന ദുരിതങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത റോഡ് പുന:സ്ഥാപിക്കാൻ എന്നത്തേയ്ക്ക് ഫണ്ട് അനുവദിക്കുമെന്ന് വിശദമാക്കുമോ?

നബാർഡ് RIDF 20 സ്കീമിൽ ഉൾപ്പെടുത്തി കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ നിർവ്വഹണ ഏജൻസിയായാണ് പ്രസ്തുത റോഡ് നിർമ്മാണം നടത്തിയിരുന്നത്. കനത്ത മഴ, പ്രളയം, വില വർദ്ധന, കൂലി വർദ്ധന, പാർട്ട് ബില്ലുകൾ ലഭിക്കുന്നതിലെ കാലതാമസം, കരാറുകാരന് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനുമായുള്ള അധിക ബാധ്യതമൂലമുണ്ടായ തടസ്സം എന്നിവമൂലം പദ്ധതി തുടരുവാൻ ആദ്യ കരാറുകാരൻ തയ്യാറാകാത്ത സാഹചര്യത്തിൽ 2021 ജൂൺ മാസം കരാറുകാരനെ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഒഴിവാക്കുകയും ചെയ്തു. 30-09-2021-ന് അവസാനിക്കുമായിരുന്ന RIDF 20 സ്കീമിന്റെ കാലാവധി 31-03-2022 വരെ ദീർഘിപ്പിച്ച സാഹചര്യത്തിൽ ടി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് നിർദ്ദേശം നൽകുകയും തുടർന്ന് 2021 ഡിസംബറിൽ പ്രവൃത്തി റീടെണ്ടർ ചെയ്ത് കരാറുകാരനെ ചുമതലപ്പെടുത്തിയെങ്കിലും പ്രവർത്തി തുടങ്ങിയപ്പോൾ മഴ ശക്തിപ്പെടുകയും രണ്ടാം ലെയർ മെറ്റലിംഗ്, ടാറിംഗ് എന്നിവ സമയ പരിധിക്കുള്ളിൽ

പൂർത്തീകരിക്കാൻ കഴിയാതെ വരികയും ചെയ്തു. നബാർഡ് RIDF 20 സ്കീമിന്റെ കാലാവധി അവസാനിച്ച സാഹചര്യത്തിൽ ടി നിർമ്മാണം നബാർഡ് പദ്ധതി പ്രകാരം തുടരുവാൻ കഴിയുന്നതല്ല. ടി പ്രവൃത്തി വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**പട്ടികവർഗ്ഗ വികസന പ്രവർത്തനങ്ങൾ**

87(927) ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. എം. എം. മണി:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏക പട്ടികവർഗ്ഗ പഞ്ചായത്തായ ഇടമലക്കുടിയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടമലക്കുടിയിൽ നടപ്പിലാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ഏതൊക്കെ വകുപ്പുകളുമായി ബന്ധപ്പെട്ട പ്രവൃത്തികളാണ് നടത്തിയിട്ടുള്ളതെന്നും ആയതിന് എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**അച്ചൻകോവിൽ ആവണിപ്പാറ ഗിരിവർഗ കോളനിയിലെ കുട്ടികളുടെ സ്കൂൾ യാത്ര**

88(928) <u>ശ്രീ. പി. എസ്. സുപാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജകമണ്ഡലത്തിലെ അച്ചൻകോവിൽ ഗവ.വി.എച്ച്.എസ്.എസ്., ചെമ്പനരുവി എൽ.പി.എസ്. എന്നീ സ്കൂളുകളിൽ പഠിക്കുന്ന അച്ചൻകോവിൽ ആവണിപ്പാറ ഗിരിവർഗ്ഗ കോളനിയിലെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കുട്ടികൾ അച്ചൻകോവിലാർ മുറിച്ചുകടന്നാണ് സ്കൂളിൽ എത്തുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അച്ചൻകോവിലാറിന് കുറുകെ പാലം ഇല്ലാത്തതിനാൽ പ്രസ്തുത കോളനിയിലെ കുട്ടികൾക്ക് ആറ്റിൽ ജലനിരപ്പ് ഉയരുന്ന സമയങ്ങളിൽ സ്കൂളിലെത്താൻ കഴിയുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത സ്ഥലത്ത് ട്രൈബൽ ഡിപ്പാർട്ട്മെന്റ് ലഭ്യമാക്കിയ വള്ളം ഉപയോഗശൂന്യമായതിനാൽ നിലവിലുള്ള മുളച്ചങ്ങാടം ശക്തമായ ഒഴുക്കുള്ളപ്പോൾ ഉപയോഗിക്കാൻ സാധിക്കാത്തതിനാൽ മുപ്പത്തൊന്ന് ഗിരിവർഗ്ഗ കുടുംബങ്ങൾക്ക് അച്ചൻകോവിലിലേക്ക് വരാൻ കഴിയാതെ ബുദ്ധിമുട്ടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) പട്ടികവർഗ്ഗ കോർപ്പസ് ഫണ്ട് അല്ലെങ്കിൽ നബാർഡ് ഫണ്ട് ഉപയോഗിച്ച് അച്ചൻകോവിലാറിന് കുറുകെ പാലം നിർമ്മിക്കുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളുമോ; വിശദമാക്കാമോ?

ആവണിപ്പാറ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് മണ്ണ് പരിശോധന, സ്ഥല സർവ്വേ എന്നിവയ്ക്കായി ആലപ്പുഴ പൊതുമരാമത്ത് (പാലം) വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ ലഭ്യമാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും 3,70,000/-രൂപ ആലപ്പുഴ പി.ഡബ്ല്യൂ.ഡി എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. മണ്ണ് പരിശോധന പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പാലം പണിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് മുഖേന നടപടികൾ സ്വീകരിച്ചുവരുന്നു.

**പയ്യന്നൂർ മണ്ഡലത്തിലെ കാനംവയൽ ഊരുകൂട്ട സാംസ്കാരിക നിലയം**

89(929) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ ഗ്രാമപഞ്ചായത്തിലെ കാനംവയൽ ഊരുകൂട്ടത്തിലെ സാംസ്കാരിക നിലയത്തിന്റെ നിർമ്മാണ

പ്രവൃത്തികൾ പൂർത്തീകരിക്കാൻ വൈകുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(ബി) അവശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കാൻ പുതിയ ഭരണാനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയതെന്ന് വ്യക്തമാക്കാമോ;

(സി) പ്രവൃത്തികൾ പൂർത്തീകരിച്ച് സാംസ്കാരിക നിലയം എപ്പോൾ തുറന്നുകൊടുക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കാമോ?

(എ-സി) കാനംവയൽ സാംസ്കാരിക നിലയത്തിന്റെ നിർമ്മാണത്തിനായുള്ള എസ്റ്റിമേറ്റ് പുതുക്കിയ സാഹചര്യത്തിൽ ആദ്യം അനുവദിച്ച തുക തികയാതെ വന്നതിനാലാണ് പ്രവൃത്തി പൂർത്തീകരിക്കാൻ വൈകിയത്. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള 37 ലക്ഷം രൂപയിൽ 35,42,580/-രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിനായി ചെറുപുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം

നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് സാംസ്കാരിക നിലയം തുറന്നു നല്കുന്നതാണ്.

**ആദിവാസി മേഖലകളിലെ ശിശുമരണം**

90 (930) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-16, 2016-21 സർക്കാരുകളുടെയും ഈ സർക്കാരിന്റെയും കാലയളവിൽ സംസ്ഥാനത്തെ ആദിവാസി മേഖലകളിൽ എത്ര ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇതിൽ പോഷകാഹാര കുറവ് മൂലവും മതിയായ ചികിത്സ ലഭിക്കാത്തതുമൂലവും മരണമടഞ്ഞ കുട്ടികളുടെ എണ്ണം എത്രയെന്നും ബാക്കി കേസുകളിൽ മരണകാരണങ്ങൾ എന്താണെന്നാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതെന്നതിന്റെയും വർഷം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

(ബി) പ്രസ്തുത കാലയളവിൽ ആദിവാസി മേഖലകളിൽ ഓരോന്നിന്റെയും സമഗ്ര വികസനത്തിനായി വിവിധ പദ്ധതികൾ പ്രകാരം ആകെ എത്ര തുക വകയിരുത്തി, എത്ര തുക ചെലവഴിച്ചു, ചെലവഴിക്കാതെ ബാക്കിയായത് എത്ര എന്നിങ്ങനെ ഇനം തിരിച്ച് വിവരം ലഭ്യമാക്കുമോ?

ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**ഡിജിറ്റലി കണക്റ്റഡ് ട്രൈബൽ ഏരിയ പദ്ധതി**

91(931) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. പി. വി. അൻവർ:
ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊരുകളിൽ ഇന്റർനെറ്റ് കണക്റ്റിവിറ്റി ഉറപ്പാക്കുന്നതിനായി ഡിജിറ്റലി കണക്റ്റഡ് ട്രൈബൽ ഏരിയ എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതിയുടെ ഉപഭോക്താക്കളായവരുടെ എണ്ണവും പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം എന്താണെന്നും വ്യക്തമാക്കാമോ?

(എ &ബി) പട്ടികവർഗ്ഗ മേഖലകളിലെ ജനതയുടെ ആരോഗ്യത്തിനും വിദ്യാഭ്യാസത്തിനും തൊഴിലിനും ഊന്നൽ നൽകി സംസ്ഥാന പട്ടികവർഗ്ഗ വികസന വകുപ്പ് C-DAC-ന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ഡിജിറ്റലി കണക്ടഡ് ട്രൈബൽ ഏരിയാസ്.

സാമൂഹ്യ പഠനമുറികളെയും മറ്റ് പൊതു ഇടങ്ങളെയും ഉൾക്കൊള്ളിച്ച് ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് കണക്ടിവിറ്റി ഉറപ്പാക്കി, തിരുവനന്തപുരം ആർ.സി.സി, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്ത്താൽമോളജി എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ആരോഗ്യ അവബോധം, രോഗനിർണ്ണയം എന്നിവയുൾക്കൊള്ളുന്ന കേന്ദ്രങ്ങളായി ഉയർത്തുകയും മാരക രോഗങ്ങൾ തുടക്കത്തിലെ കണ്ടെത്തി ചികിത്സ ലഭ്യമാക്കുകയുമാണ് പദ്ധതിയുടെ സുപ്രധാന ലക്ഷ്യം. പദ്ധതിയുടെ ഭാഗമായി കോ-ഓർഡിനേഷൻ സെന്റർ, സ്റ്റുഡിയോ റൂം എന്നിവ സ്ഥാപിച്ച് എല്ലാ സാമൂഹ്യ പഠനമുറികളിലേയ്ക്കും ക്ലാസുകൾ സംപ്രേഷണം ചെയ്യാനും വിദ്യാർത്ഥികൾക്ക് അധ്യാപകരോട്

സംവദിക്കാനും അവസരം ലഭിക്കും. പദ്ധതിക്കാവശ്യമായ ജീവനക്കാരെ അതത് പ്രദേശങ്ങളിലെ യോഗ്യരായ പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളിൽ നിന്നുമാണ് തെരഞ്ഞെടുക്കുന്നത്. അതുവഴി അഭ്യസ്തവിദ്യരായ നിരവധി പേർക്ക് തൊഴിൽ ലഭ്യമാക്കാൻ കഴിയും. ഇതിനകം 8 നഴ്സ്, 3 സപ്പോർട്ടിംഗ് സ്റ്റാഫ്, 1 എഞ്ചിനീയർ എന്നിവർക്ക് നിയമനം നൽകിയിട്ടുണ്ട്. പദ്ധതിയുടെ ആദ്യഘട്ടം 16-10-2022-ന് വയനാട് ജില്ലയിലാണ് ആരംഭിച്ചത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായുള്ള രോഗ നിർണ്ണയ ക്യാമ്പുകൾ 29-07-2023-ന് ആരംഭിച്ച് തുടർന്നുവരികയാണ്. ഗുണഭോക്താക്കളുടെ പട്ടിക ശേഖരിച്ചുവരുന്നു.

(സി) സംസ്ഥാനത്തെ എല്ലാ ഊരുകളിലും പൂർണ്ണമായും ഇന്റർനെറ്റ് കണക്റ്റിവിറ്റി ഉറപ്പു വരുത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

സർക്കാർ അധികാരത്തിൽ വന്നശേഷം ഇന്റർനെറ്റ് കണക്ടിവിറ്റി ഇല്ലാതിരുന്ന 1284 ഊരുകളിൽ 1083 എണ്ണത്തിലും കണക്ടിവിറ്റി ലഭ്യമാക്കി. സംസ്ഥാനത്തെ എല്ലാ ഊരുകളിലും പൂർണ്ണമായും ഇന്റർനെറ്റ്

കണക്റ്റിവിറ്റി ഉറപ്പു വരുത്തുന്നതിന് BSNL 4G സാച്ചുറേഷന്റെ ഭാഗമായി 166 ഊരുകളിൽ ടവറുകൾ സ്ഥാപിച്ച് വനാവകാശ നിയമം (വികസനാവകാശം) മുഖേന അനുമതി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇടമലക്കുടി ഗ്രാമപഞ്ചായത്തിലെ 24 കുടികളിൽ ഇന്റർനെറ്റ് സേവനം ലഭ്യമാക്കുന്നതിന് BSNL-ന് 4.3 കോടി രൂപ അനുവദിച്ചു. സൊസൈറ്റിക്കുടി, ഇഡ്ഡലിപ്പാറക്കുടി, ഷെഡ്കുടി, നടുക്കുടി എന്നീ കുടികളിൽ ഇന്റർനെറ്റ് സേവനം ലഭ്യമായി. ബാക്കി കുടികളിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**സംസ്ഥാനത്ത് ജാതി അടിസ്ഥാനത്തിൽ നടത്തിയ സെൻസസ്**

92(932) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവസാനമായി ജാതി അടിസ്ഥാനത്തിൽ സെൻസസ് നടന്നതെന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) പട്ടികജാതി, പട്ടികവർഗ്ഗ, മറ്റ് പിന്നാക്ക വിഭാഗങ്ങൾ ഉൾപ്പെടെയുള്ളവരുടെ സാമൂഹിക, സാമ്പത്തിക പിന്നോക്കാവസ്ഥ മനസ്സിലാക്കുന്നതിന് ഉതകുന്ന തരത്തിൽ ജാതി അടിസ്ഥാനത്തിൽ ഒരു സെൻസസ് നടത്തുന്നതിന് നടപടി സ്വീകരിക്കാമോ?

(എ & ബി) സംസ്ഥാനത്ത് ജാതി അടിസ്ഥാനത്തിൽ സെൻസസ് നടത്തിയിട്ടില്ല. എന്നാൽ കേരളത്തിലെ പട്ടികജാതി വിഭാഗക്കാരുടെ വിദ്യാഭ്യാസ-സാമ്പത്തിക-സാമൂഹിക പുരോഗതി സംബന്ധിച്ച സമഗ്ര സർവ്വേ നടത്തി ഡാറ്റാബേസ് അപ്ഡേറ്റ് ചെയ്യുന്നതിനായുള്ള നടപടികൾ വകുപ്പിൽ ആരംഭിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ, മറ്റ് പിന്നാക്ക വിഭാഗങ്ങൾ ഉൾപ്പെടെയുള്ളവരുടെകൂടി സർവ്വേ നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

**അംബേദ്കർ ഗ്രാമപദ്ധതി**

93(933) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ കോടഞ്ചേരി, ചിപ്പിലിത്തോട്-കരിമ്പ് പട്ടികവർഗ്ഗ കോളനിയെ അംബേദ്കർ ഗ്രാമപദ്ധതിയിൽ ഉൾപ്പെടുത്തിയെങ്കിലും പ്രവർത്തനങ്ങൾ ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

(എ & ബി) തിരുവമ്പാടി മണ്ഡലത്തിലെ കോടഞ്ചേരി, ചിപ്പിലിത്തോട് പട്ടികവർഗ്ഗ കോളനിയെ 2020-21-ലെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തുകയും ആയതിന്റെ ഡി.പി.ആർ. നിലവിൽ ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. ഡി.പി.ആർ. ലഭിക്കുന്നതിലുണ്ടായ കാലതാമസംമൂലമാണ് പ്രവൃത്തി ആരംഭിക്കാൻ വൈകിയത്. ലഭ്യമായ ഡി.പി.ആർ. ആവശ്യമായ പരിശോധനകൾ നടത്തി പ്രവൃത്തി ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**ഏക വരുമാനദായകൻ മരണപ്പെട്ട കുടുംബങ്ങൾക്കുള്ള ധനസഹായ പദ്ധതി**

94(934) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഏക വരുമാനദായകൻ മരണപ്പെട്ട കുടുംബങ്ങൾക്കായുള്ള ധനസഹായ പദ്ധതി പ്രകാരം എത്ര പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏകവരുമാനദായകൻ മരണപ്പെട്ട കുടുംബങ്ങൾക്കുള്ള ധനസഹായ പദ്ധതി പ്രകാരം 3122 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) എത്ര അപേക്ഷകളിന്മേൽ ഇനിയും ധനസഹായം വിതരണം ചെയ്യാനുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

2346 അപേക്ഷകളിന്മേൽ ഇനിയും തുക വിതരണം ചെയ്യാനുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) അവശേഷിക്കുന്ന അപേക്ഷകൾ അടിയന്തരമായി തീർപ്പാക്കി ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവരുടെ ക്ഷേമം**

95(935) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവരുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

പരമ്പരാഗതമായി നടപ്പിലാക്കുന്ന പദ്ധതികൾക്കുപുറമെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആവിഷ്കരിച്ച പുതിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

1. പട്ടികവർഗ്ഗക്കാരെ സിവിൽ സർവ്വീസ് മേഖലയിൽ എത്തിക്കുന്നതിനുള്ള സിവിൽ സർവ്വീസ് കോച്ചിംഗ് പരിപാടി നടപ്പിലാക്കി.

2. വൈമാനിക മേഖലയിൽ പ്രത്യേക നൈപുണ്യ പരിശീലനം നൽകി വിവിധ മേഖലയിൽ പ്ലേസ്മെന്റ് ഉറപ്പാക്കിയിട്ടുണ്ട്.

3. വീടിന്റെ അറ്റകുറ്റപണിക്കായി സേഫ് പദ്ധതി.

4. ഇടമലക്കുടി സമഗ്ര വികസനത്തിനായി പ്രത്യേക പാക്കേജ്

5. പുതിയതായി രണ്ട് ഇ.എം.ആർ.എസ്. സ്ഥാപിച്ചു.

6. ഭിന്നശേഷിക്കാരായുള്ള പട്ടികവർഗ്ഗക്കാർക്ക് പ്രത്യേക പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.

7. ട്രൈബൽ പാരാമെഡിക്സ് പദ്ധതി പ്രകാരം നഴ്സ്, പാരാമെഡിക്കൽ സ്റ്റാഫിനെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.

8. പട്ടികവർഗ്ഗക്കാരായ നിയമ ബിരുദധാരികൾക്ക് ഇന്റേൺഷിപ്പ്

9. മൈക്രോപ്ലാൻ പദ്ധതി ആവിഷ്കരിച്ചു.

10.അട്ടപ്പാടിയിലെ പ്രത്യേക ദുർബല വിഭാഗ മേഖലയിൽ മൊബൈൽ മെഡിക്കൽ യൂണിറ്റ് ആരംഭിച്ചു.

11. കണക്ടിവിറ്റി ഇല്ലാത്ത എല്ലാ പട്ടികവർഗ്ഗ കോളനികളിലും കണക്ടിവിറ്റി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.

12. പട്ടികവർഗ്ഗ വികസന വകുപ്പും സി-ഡാക്കുമായി ചേർന്ന് വയനാട്ടിൽ ഡിജിറ്റലി കണക്ടഡ് ട്രൈബൽ വില്ലേജ് ആവിഷ്കരിച്ചു.

13. പട്ടികവർഗ്ഗക്കാർക്ക് സമയബന്ധിതമായി സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനുള്ള എ.ബി.സി.ഡി പ്രോഗ്രാം നടപ്പിലാക്കി.

14. പട്ടികവർഗ്ഗക്കാർക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് "ഉന്നതി" എന്ന എംപവർമെന്റ് സൊസൈറ്റി രൂപീകരിച്ചു.

(ബി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര യുവതി-യുവാക്കൾക്കാണ് വിവിധ വകുപ്പുകളിലായി ജോലി നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആകെ 3155 പട്ടിക വർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് (സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഉൾപ്പെടെ) പി.എസ്.സി. മുഖേന നിയമന ശിപാർശ ചെയ്തിട്ടുണ്ട് .

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കായുള്ള ഭവന നിർമ്മാണ പദ്ധതി**

96(936) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ വനാവകാശ നിയമ പ്രകാരം കൈവശരേഖ ലഭിക്കാനുള്ള പട്ടികവർഗ്ഗ വിഭാഗത്തിലെ അപേക്ഷകരെ സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

പാറശ്ശാല നിയോജകമണ്ഡലത്തിൽ അമ്പൂരി ഗ്രാമപഞ്ചായത്തിലെ തൊടുമല വാർഡിൽ മാത്രമാണ് വനാവകാശ നിയമപ്രകാരം കൈവശാവകാശരേഖ ലഭിക്കാനുള്ള പട്ടികവർഗ്ഗക്കാരുള്ളത്. തൊടുമല വാർഡിൽ ആകെ 66 പട്ടികവർഗ്ഗ അപേക്ഷകർക്ക് കൈവശാവകാശരേഖ ലഭിക്കാനുണ്ട്.

(ബി) ഭവന രഹിതർക്കുള്ള ഭവന നിർമ്മാണ പദ്ധതിപ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന് നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക എത്രയാണ്; ഇതിൽ എത്ര തുക നാളിതുവരെ ചെലവഴിച്ചിട്ടുണ്ടെന്നും വകുപ്പ് മുഖേനയുള്ള ഭവന

നിർമ്മാണത്തിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും പാറശ്ശാല നിയോജകമണ്ഡലത്തിൽ എത്ര ഭവനങ്ങൾ നിർമ്മിച്ചുവെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

പട്ടികജാതി വികസന വകുപ്പ് മുഖേന നിലവിൽ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നില്ല. ഭവനനിർമ്മാണം (സ്പിൽ ഓവർ), ഭവന പൂർത്തീകരണം (സ്പിൽ ഓവർ), ഭവന പുനരുദ്ധാരണം (സ്പിൽ ഓവർ), പഠനമുറി, സേഫ് എന്നീ പദ്ധതികൾക്കായി നടപ്പ് സാമ്പത്തിക വർഷം 205 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ദുർബല വിഭാഗക്കാരുടെ ഭവന നിർമ്മാണം ഉൾപ്പെടെയുള്ള പദ്ധതികൾക്കായി 50 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. പാറശ്ശാല മണ്ഡലത്തിൽ കൊല്ലയിൽ ഗ്രാമപഞ്ചായത്തിൽ 2016-17 വർഷം ഭവനനിർമ്മാണ ധനസഹായം അനുവദിച്ച ഒരു ഗുണഭോക്താവിന് നടപ്പ് സാമ്പത്തിക വർഷം 1,60,000/- (സ്പിൽ ഓവർ) രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ കള്ളിക്കാട് ഗ്രാമപഞ്ചായത്തിൽ പട്ടികജാതി ദുർബല വിഭാഗത്തിൽപ്പെട്ട 2 ഗുണഭോക്താക്കൾക്ക് മൂന്നാം ഗഡുവായി 4,80,000/- രൂപയും ഒരാൾക്ക്

രണ്ടാം ഗഡുവായി 1,80,000/- രൂപയും കൂടി ആകെ 6,60,000/- രൂപ അനുവദിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പ് ഭവന നിർമ്മാണ പദ്ധതിക്കുവേണ്ടി ലൈഫ് മിഷന് കൈമാറുന്നതിനായി 140 കോടി രൂപ ഈ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്. തുക ലൈഫ് മിഷന് കൈമാറുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. പാറശാല നിയോജകമണ്ഡലത്തിൽ നടപ്പു വർഷം പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും ലൈഫ് മിഷൻ മുഖേനയും വീടുകൾ അനുവദിച്ചിട്ടില്ല.

(സി) പ്രസ്തുത ഫണ്ടിൽനിന്നും ലൈഫ് പദ്ധതിയിലേയ്ക്ക് തുക കൈമാറിയിട്ടുണ്ടോ; എങ്കിൽ കൈമാറിയ തുക എത്രയാണ്; പ്രസ്തുത പദ്ധതി പ്രകാരം ഈ നടപ്പ് സാമ്പത്തിക വർഷം പാറശ്ശാല നിയോജക മണ്ഡലത്തിൽ നാളിതുവരെ എത്ര പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വീട് നിർമ്മിച്ചുനൽകി; ഇനം തിരിച്ചുള്ള വിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

നടപ്പ് സാമ്പത്തിക വർഷം പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും ലൈഫ് ഭവന പദ്ധതിക്കായി ലൈഫ് മിഷന് തുക കൈമാറി നൽകിയിട്ടില്ല. ലൈഫ് ഭവന പദ്ധതി പ്രകാരം പാറശ്ശാല നിയോജകമണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് പൂർത്തീകരിച്ച വീടുകളുടെ വിവരവും തുകയും അനുബന്ധമായി ചേർക്കുന്നു.+ പാറശാല നിയോജകമണ്ഡലത്തിൽ നടപ്പുവർഷം പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പട്ടിക വർഗ്ഗ വികസന വകുപ്പ് മുഖേനയും ലൈഫ് മുഖേനയും വീട് അനുവദിച്ചിട്ടില്ല.

**പട്ടികജാതി വനിതകൾക്കായി ' ഷീ സ്മാർട്ട് കഫേ' കൾ**

97(937) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വനിതകൾക്കായി ആരംഭിച്ച 'ഷീ സ്മാർട്ട് കഫേ' കൾ നിലവിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് സ്ഥാപിച്ചിരിക്കുന്നത്; വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതകൾക്കായി ചുവടെ പറയുന്ന നാല് സ്ഥലങ്ങളിലാണ് ഷീ സ്മാർട്ട് കഫേകൾ ആരംഭിച്ചിട്ടുള്ളത്. അവ ചുവടെ ചേർക്കുന്നു.

1. പട്ടികജാതി വികസന വകുപ്പ്, ഡയറക്ടറേറ്റ് നന്ദാവനം

2. അംബേദ്കർ ഭവൻ, മണ്ണന്തല

3. പൂവച്ചൽ ഗ്രാമപഞ്ചായത്ത്,തിരുവനന്തപുരം

4. മിനി സിവിൽ സ്റ്റേഷൻ, കാട്ടാക്കട

(ബി) ഓരോ കഫേയ്ക്കും അനുവദിച്ച തുകയും അവ നടത്തുന്നവരുടെ പേര് വിവരങ്ങളും അറിയിക്കാമോ?

ഒരു കഫേയ്ക്ക് 10 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. അവ നടത്തുന്നവരുടെ പേര് വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. +

**അംബേദ്ക്കർ ഗ്രാമം പദ്ധതി**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

98(938) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം 2016 മുതൽ ഇതുവരെ ഏതൊക്കെ കോളനികളാണ് ഉൾപ്പെടുത്തിയതെന്ന് അറിയിക്കുമോ; അതിന് എത്ര തുക വീതമാണ് അനുവദിച്ചതെന്ന് അറിയിക്കുമോ;

(ബി) അംബേദ്ക്കർ ഗ്രാമം പദ്ധതികളിൽ ഉൾപ്പെടുത്തി തിരൂർ നിയോജകമണ്ഡലത്തിലെ കോളനികളുടെ പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്നും പ്രവൃത്തികൾ എപ്പോൾ പൂർത്തിയാക്കാനാകുമെന്നും വ്യക്തമാക്കാമോ?

(എ&ബി) 2016-17 വർഷത്തെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിലേയ്ക്ക് തിരൂർ നിയോജകമണ്ഡലത്തിലെ തിരുനാവായ ഗ്രാമപഞ്ചായത്തിലെ അഴകത്തുകുളം പട്ടികജാതി കോളനി, വെട്ടം ഗ്രാമപഞ്ചായത്തിലെ പള്ളിപറമ്പ് പട്ടികജാതി കോളനി എന്നിവയെ

തെരഞ്ഞെടുക്കുകയും ടി കോളനികളിലെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുമുണ്ട്. അഴകത്തുകുളം പട്ടികജാതി കോളനിയുടെ 75,34,583/- രൂപയുടെ ഫൈനൽ ബില്ലും, പള്ളിപറമ്പ് പട്ടികജാതി കോളനിയുടെ 70,41,612/- രൂപയുടെ ഫൈനൽ ബില്ലും നിർവഹണ ഏജൻസി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത കോളനികളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി യഥാക്രമം 51,10,167/- രൂപയും, 50,00,000/- രൂപയും നാളിതുവരെ അനുവദിച്ചിട്ടുണ്ട്. 2021-22 വർഷത്തെ അംബേദ്കർ ഗ്രാമവികസന പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുത്ത തിരൂർ നിയോജകമണ്ഡലത്തിലെ തിരുനാവായ ഗ്രാമപഞ്ചായത്തിലെ വാവൂർകുന്ന് പട്ടികജാതി കോളനിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റിന് 06-05-2023-ന് അംഗീകാരം നൽകിയിട്ടുണ്ട്. വെട്ടം ഗ്രാമപഞ്ചായത്തിലെ തിരുത്തിപറമ്പ് പട്ടികജാതി കോളനിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ടി രണ്ട് കോളനികളിലെയും നിർമ്മാണ പ്രവർത്തനങ്ങളുടെ ഏജൻസി മലപ്പുറം ജില്ലാ നിർമ്മിതി കേന്ദ്രമാണ്.

**അനാഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സംരക്ഷണം**

99(939) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതാപിതാക്കൾ മരണപ്പെട്ടതിനെ തുടർന്ന് അനാഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സംരക്ഷിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ആയതിന് പദ്ധതി നിലവിൽ ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ & ബി) ഉണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിലെ അനാഥരായ കുട്ടികൾ, മാതാപിതാക്കളിൽ ഒരാൾ മരിച്ചുപോയതും മറ്റെയാൾ ഗുരുതര അസുഖത്തെ തുടർന്ന് കുട്ടികളെ സംരക്ഷിക്കാൻ സാധിക്കാത്തതുമായവരുടെ കുട്ടികൾ എന്നിവരെ സംരക്ഷിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന "കൈത്താങ്ങ് പദ്ധതി" നടപ്പിലാക്കിവരുന്നുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം കുട്ടികളുടെ സംരക്ഷണ ചുമതലയുള്ള രക്ഷിതാക്കളുടെ അക്കൗണ്ടിൽ കുട്ടികൾക്ക് 18 വയസ്സ് തികയുന്നതുവരെ 2000/- രൂപ

പ്രതിമാസാനുകൂല്യമായി അനുവദിച്ചുവരുന്നു. 2022-23 ൽ 502 കുട്ടികൾക്ക് ടി പദ്ധതിയുടെ പ്രയോജനം ലഭിച്ചു.

**അരുവിക്കര നിയോജക മണ്ഡലത്തിലെ ഗോത്രസാരഥി പദ്ധതി**

100(940) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജകമണ്ഡലത്തിലെ എത്ര സ്കൂളുകളിൽ ഗോത്രസാരഥി പദ്ധതി നടത്തിയിട്ടുണ്ട് എന്ന വിവരം നൽകാമോ?

അരുവിക്കര നിയോജകമണ്ഡലത്തിൽ 11 സ്കൂളുകളിൽ ഗോത്ര സാരഥി പദ്ധതി (വിദ്യാവാഹിനി) നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിൽ ഗോത്രസാരഥി പദ്ധതിക്കായി ഈ സർക്കാർ ചെലവഴിച്ച തുക സംബന്ധിച്ച വിവരം വ്യക്തമാക്കാമോ?

അരുവിക്കര നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 33,93,130/- രൂപ (മുപ്പത്തി മൂന്ന് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരത്തി ഒരുനൂറ്റി മുപ്പത് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

**അംബേദ്കർ ഗ്രാമം പദ്ധതി**

101(941) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിലെ നെല്ലനാട് ഗ്രാമപഞ്ചായത്തിലെ വെട്ടുവിള, ആനാട് ഗ്രാമപഞ്ചായത്തിലെ വെള്ളരിക്കോണം എന്നീ കോളനികളെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി 26-03-2022-ൽ ഉത്തരവായെങ്കിലും ആയതിന്റെ എസ്റ്റിമേറ്റ് അംഗീകരിച്ച് അനുമതി ലഭ്യമാക്കാതെന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(ബി) പദ്ധതിയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് പദ്ധതി എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വിശദമാക്കാമോ?

(എ & ബി) പ്രസ്തുത കോളനികളുടെ എസ്റ്റിമേറ്റിലെ ന്യൂനതകൾ പരിഹരിക്കുന്നതിനായുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ന്യൂനതകൾ പരിഹരിച്ച് ലഭ്യമാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വികസനോത്സവം 2023 പദ്ധതി**

102(942) ശ്രീ. വി. ശശി:

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:

ശ്രീ. ജി. എസ്. ജയലാൽ:

ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന്റെ സാമൂഹ്യ മുന്നേറ്റത്തിന് പുരോഗമന സ്വഭാവമുള്ള സാംസ്കാരിക കൂട്ടായ്മകൾ ഗ്രാമ ഗ്രാമാന്തരങ്ങളിൽ സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ?

ഉണ്ട്. സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന്റെ സാമൂഹ്യ മുന്നേറ്റത്തിന് പുരോഗമന സ്വഭാവമുള്ള സാംസ്കാരിക കൂട്ടായ്മകൾ ഗ്രാമ ഗ്രാമാന്തരങ്ങളിൽ സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഗ്രാമങ്ങൾ കേന്ദ്രീകരിച്ച് സേവ് (Social Action & Voluntary Education) ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്.

വിജ്ഞാൻവാടികൾ കേന്ദ്രീകരിച്ച് ഗ്രാമങ്ങളിൽ രൂപീകരിച്ചിട്ടുള്ള സേവ് ക്ലബ്ബുകളുടെ സഹായത്തോടെ സാമൂഹ്യ മുന്നേറ്റം ലക്ഷ്യം വച്ച് കൂട്ടായ്മകൾ സംഘടിപ്പിച്ചുവരുന്നു.

(ബി) ഇതിന്റെ ഭാഗമായി പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പ് വിവിധ വകുപ്പുകളുടെ സഹകരണത്തോടെ സംസ്ഥാനത്ത് വികസനോത്സവം 2023 പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ?

ഉണ്ട്. വിദ്യാർത്ഥികളുടെ മാനസികവും ശാരീരികവും വൈജ്ഞാനികവുമായ വളർച്ചയ്ക്ക് ഉതകുന്ന വിധത്തിൽ സ്കൂൾ അവധിക്കാലം മാറ്റിയെടുക്കുന്നതിന്റെ ഭാഗമായി ഗ്രാമങ്ങൾ കേന്ദ്രീകരിച്ച് സേവ് ക്ലബ്ബുകളുടെ സഹകരണത്തോടെ കല-കായിക-സാംസ്കാരിക പരിപാടികളും പാഠ്യപദ്ധതികളും ഉൾപ്പെടുത്തി 'വികസനോത്സവം-2023' സംഘടിപ്പിച്ചിരുന്നു.

(സി) സാമൂഹ്യ, സാംസ്കാരിക, വൈജ്ഞാനിക മേഖലകളിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് ആവശ്യമായ പിന്തുണ നൽകി അവരെ പരിഷ്കൃത സമൂഹത്തിന്റെ ഭാഗമാക്കി മാറ്റുന്നതിന് എന്തെല്ലാം

തുടർനടപടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ?

വിജ്ഞാനവും വിനോദവും സമന്വയിപ്പിച്ച് പഠനത്തിനും മത്സരപ്പരീക്ഷകൾക്കും പട്ടികജാതി വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിനായി വിജ്ഞാന ക്ലബ്ബുകൾ, യുവജനങ്ങൾക്കായി യുവജന ക്ലബ്ബുകൾ, തൊഴിലിനായി കരിയർ ഗൈഡൻസ്, വിദ്യാർത്ഥികൾക്കായി വിനോദ സംഗമങ്ങൾ, കലാകായിക മത്സരങ്ങൾ, ദിനാചരണങ്ങൾ, പഠന കൂട്ടായ്മകൾ, സ്റ്റഡി ക്ലബ്ബുകൾ, ജില്ലാതലങ്ങളിൽ ശില്പശാലകൾ, ക്യാമ്പുകൾ, സങ്കേതതലത്തിൽ ആരോഗ്യ ക്ലാസുകൾ, ക്ഷേമ പദ്ധതികളെപ്പറ്റിയുള്ള ബോധവത്കരണം എന്നിവ സംഘടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

പട്ടികവർഗ്ഗക്കാരുടെ കലാരൂപ പ്രോത്സാഹനത്തിനായി ഗദ്ദിക മേളകളും, വിദ്യാർത്ഥികൾക്കായി സർഗോത്സവം, കളിക്കളം, 364 സാമൂഹ്യപഠനമുറികൾ എന്നിവയും ജില്ലാതലങ്ങളിൽ വിവിധ മേളകളും സംഘടിപ്പിച്ചിട്ടുണ്ട്. പഠനമുറികളെ പി.എസ്.സി. കോച്ചിംഗ്,

കൗൺസിലിംഗ്, സ്കിൽ ഡവലപ്മെന്റ് എന്നിവയും ഉൾപ്പെടുത്തിക്കൊണ്ട് മോഡൽ സാമൂഹ്യ പഠനമുറികളായി മാറ്റുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കൂടാതെ 10-ാം തരത്തിൽ എല്ലാ വിഷയങ്ങൾക്കും എ+ ഗ്രേഡ് കരസ്ഥമാക്കുന്ന വിദ്യാർത്ഥികൾക്ക് സ്വർണ്ണമെഡലും, പി.വി.ടി.ജി. വിദ്യാർത്ഥികൾക്ക് 'ഭാരതദർശൻ' പ്രകാരം ഇന്ത്യയിലെ ചരിത്ര പ്രസിദ്ധമായ സ്ഥലങ്ങൾ സന്ദർശിക്കുന്നതിന് വിനോദയാത്രയും സംഘടിപ്പിച്ചുവരുന്നു.

(ഡി) നവകേരള നിർമ്മിതിക്ക് ആവശ്യമായ മാനവ വിഭവശേഷിയായി പട്ടികജാതി-പട്ടികവർഗ്ഗ യുവജനങ്ങളെയും വിദ്യാർത്ഥികളെയും മാറ്റിയെടുക്കുന്നതിന് ഈ പദ്ധതി മുൻഗണന നൽകിയിട്ടുണ്ടോ; വിശദീകരിക്കുമോ?

ആധുനിക തൊഴിൽ മേഖലകളിലെ നൈപുണ്യം കൈവരിക്കുന്നതിനായി ഐ.ടി.ഐ.-കളിലെ ട്രേഡുകളുടെ പഠനത്തോടൊപ്പം അനുയോജ്യമായ ഹ്രസ്വകാല കോഴ്സുകൾ (Add on Courses) ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് അവരുടെ

പഠനമേഖലക്ക് അനുസൃതമായ തൊഴിൽ പരിചയവും പരിശീലനവും നൽകി അവരുടെ കരിയർ ഉന്നതിലയിലെത്തിക്കുന്നതിനും അതുവഴി മികവുറ്റ തൊഴിലുകൾക്ക് പ്രാപ്തരാക്കുന്നതിനും സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ TRACE (Training for Career Excellence) പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതുവഴി എഞ്ചിനീയറിംഗ്, നഴ്സിംഗ്, പാരാമെഡിക്കൽ, നിയമം, സോഷ്യൽവർക്ക്, മാനേജ്മെന്റ്, അദ്ധ്യാപനം, ക്ലാർക്ക് തുടങ്ങിയ മേഖലകളിൽ പഠനം പൂർത്തിയായവർക്ക് ഇന്റേൺഷിപ്പ് മാതൃകയിൽ ഓണറേറിയത്തോടുകൂടി പരിശീലനം നൽകുന്നതിന് അവസരമൊരുക്കുന്നു. നിലവിൽ 500 അക്രഡിറ്റഡ് എഞ്ചിനിയർ/ഓവർസീയർ, 114 MSW ബിരുദധാരികൾക്ക് സോഷ്യൽ വർക്കർമാരായും 380 ബിരുദധാരികൾക്ക് അപ്രന്റീസ് ക്ലർക്കുമാരായും 2399 പേർക്ക് പ്രൊമോട്ടർമാരായും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിയമനം നൽകിയിട്ടുണ്ട്. 69 നിയമ ബിരുദധാരികളെ ഓണറേറിയം വ്യവസ്ഥയിൽ ലീഗൽ കൗൺസിലർ, ലീഗൽ അഡ്വൈസർ തസ്തികകളിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്

പുറമേ 140 മാനേജ്മെന്റ് ട്രെയിനീസ്, 49 സ്റ്റുഡന്റ്സ് കൗൺസിലർമാർ, 326 മെന്റർ ടീച്ചർമാർ എന്നിവരെയും നിയമിച്ചിട്ടുണ്ട്.

**അംബേദ്കർ ഗ്രാമം പദ്ധതി**

103(943) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി ബാലുശ്ശേരി മണ്ഡലത്തിൽ ഏതൊക്കെ കോളനികൾക്കാണ് നിലവിൽ ഫണ്ട് അനുവദിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) ബാലുശ്ശേരി മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയ ഏതൊക്കെ കോളനികളിലാണ് നിലവിൽ പ്രവൃത്തി നടന്നുവരുന്നത്; പ്രസ്തുത ഫണ്ട് അനുവദിക്കപ്പെട്ട വർഷം, പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലാവധി, പ്രവൃത്തിയുടെ നിലവിലെ സ്റ്റാറ്റസ് എന്നിവ വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിൽ ഫണ്ട് അനുവദിച്ചിട്ടും ഇതുവരെ പ്രവൃത്തി ആരംഭിക്കാത്ത ഏതൊക്കെ കോളനികളാണുള്ളത്; പ്രവൃത്തി

ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നിലവിലെ സ്റ്റാറ്റസ് എന്താണെന്ന് അറിയിക്കാമോ?

(എ-സി) **പട്ടികജാതി വികസന വകുപ്പ്**

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. +

**പട്ടികവർഗ്ഗ വികസന വകുപ്പ്**

ബാലുശ്ശേരി മണ്ഡലത്തിൽ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ അമ്പലക്കുന്ന് കോളനിയെ തെരഞ്ഞെടുത്തിട്ടുണ്ട്. ആയതിന്റെ ഡി.പി.ആർ. നിലവിൽ ലഭ്യമായിട്ടുണ്ട്. ഡി.പി.ആർ. പരിശോധിച്ച് പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതിയുടെ മാനദണ്ഡപ്രകാരം കരാർ വയ്ക്കുന്ന മുറയ്ക്ക് ഒരു വർഷത്തിനകം ഏജൻസി പദ്ധതി പൂർത്തീകരിക്കേണ്ടതാണ്. ബാലുശ്ശേരി മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിച്ചിട്ടും പ്രവൃത്തി ആരംഭിക്കാത്ത കോളനികൾ നിലവിലില്ല.

**പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ലൈഫ് പദ്ധതി പ്രകാരം വീട് നിർമ്മാണം**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

104(944) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭവനരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ലൈഫ് പദ്ധതി പ്രകാരം അനുവദിച്ച വീടുകളുടെ നിർമ്മാണം തുക തികയാത്തതുമൂലം പാതിവഴിയിൽ നിലച്ച സ്ഥിതിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തുക 6 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത വീടുകളുടെ നിർമ്മാണം യഥാസമയം പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ട വീടുകളുടെ നിർമ്മാണ പുരോഗതി തദ്ദേശസ്വയംഭരണ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മോണിറ്റർ ചെയ്യുന്നുണ്ട്. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പട്ടികവർഗ്ഗ പ്രൊമോട്ടർമാരും Accredited Engineer-മാരും വീടുകളുടെ നിർമ്മാണ പുരോഗതി വിലയിരുത്തുന്നുണ്ട്.

(സി) ഏറനാട് മണ്ഡലത്തിലെ പാലക്കയം, വെറ്റിലക്കൊല്ലി, പ്ലാക്കൽചോല എന്നീ ആദിവാസി കോളനികളിൽ ആർക്കെല്ലാമാണ് പ്രസ്തുത പദ്ധതിപ്രകാരം വീട് അനുവദിച്ചിരുന്നതെന്നും എത്ര തുകയാണ് അനുവദിച്ചിരുന്നതെന്നും അവയിൽ എത്രയെണ്ണം പൂർത്തീകരിച്ചിട്ടുണ്ടെന്നും ബാക്കി എപ്പോൾ പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ?

ഏറനാട് മണ്ഡലത്തിലെ പാലക്കയം, വെറ്റിലക്കൊല്ലി, പ്ലാക്കൽചോല എന്നീ കോളനികളിൽ 2 ഗുണഭോക്താക്കൾക്ക് ലൈഫ് മിഷൻ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനായി ധനസഹായം അനുവദിച്ചിരുന്നു. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവ് | അനുവദിച്ച തുക | നിലവിലെ അവസ്ഥ |
|---|---|---|
| ശ്രീ.വിനോദ് കുമാർ S/o രാഘവൻ പാലക്കയം കോളനി ഇടിവണ്ണ പി.ഒ. ചാലിയാർ | 1,00,000/-രൂപ | നിർമ്മാണം പൂർത്തീകരിച്ചു. |
| ശ്രീ.ചന്ദ്രൻ ചെറിയ പെരകൻ പ്ലാക്കൽ ചോല കോളനി | 50,000/-രൂപ | നിർമ്മാണം പൂർത്തീകരിച്ചു. |

| | | |
|---|---|---|
| ചാലിയാർ | | |

**(ഡി) ഭൂരഹിതരോ ഭവനരഹിതരോ ആയ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമിയും ഭവനവും നൽകുന്നതിനായി ലൈഫ് പദ്ധതി കൂടാതെ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?**

ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ലൈഫ് മിഷൻ പദ്ധതി കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ലാൻഡ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം എന്നിവയിലൂടെ ഭൂമി ലഭ്യമാക്കുകയും പ്രസ്തുത ഭൂമിയിൽ ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിക്കുകയും ചെയ്യുന്നു. കൂടാതെ വനാവകാശ നിയമ പ്രകാരം അർഹരായവർക്ക് ഭൂമിക്ക് കൈവശാവകാശ രേഖയും നൽകുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം 218 പേർക്ക് 41.12 ഏക്കർ ഭൂമിയും നിക്ഷിപ്ത വനഭൂമി വിതരണ പദ്ധതി പ്രകാരം 117 പേർക്ക് 52.20 ഏക്കർ ഭൂമിയും വിതരണം ചെയ്യുകയും 144 പേർക്ക് വീട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വനാവകാശ നിയമ

പ്രകാരം 2302 പേർക്ക് 2617.21 ഏക്കർ ഭൂമിക്ക് കൈവശാവകാശരേഖയും വിതരണം ചെയ്തിട്ടുണ്ട്.

**മണ്ണാർക്കാട് മണ്ഡലത്തിലെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി**

105(945) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ണാർക്കാട് മണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി പട്ടികവർഗ്ഗ കോളനികളുടെ നവീകരണത്തിനാണ് ഫണ്ട് അനുവദിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരമേറ്റശേഷം മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ അഗളി പഞ്ചായത്തിലെ പോത്തുപ്പാടി ഫസ്റ്റ് സൈറ്റ് കോളനി, ഷോളയൂർ പഞ്ചായത്തിലെ വെള്ളകുളം എന്നീ കോളനികളെ പട്ടികവർഗ്ഗ വകുപ്പിന്റെ 2020-21-ലെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി

കോളനികളിൽ പ്രവൃത്തികൾ ആരംഭിക്കുന്നതിനായി മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ ഓരോ കോളനിക്കും 20 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ അവസ്ഥ എന്താണെന്നും പൂർത്തിയായ പദ്ധതികൾ ഏതെല്ലാമാണെന്നും വിശദമാക്കുമോ?

പോത്തുപ്പാടി ഫസ്റ്റ് സൈറ്റ് കോളനിയിലും വെള്ളകുളം കോളനിയിലും അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

**പട്ടികജാതി, പട്ടികവർഗ്ഗ പിന്നാക്ക വിഭാഗങ്ങളുടെ ഉന്നമനം**

106(946) ശ്രീ. ടി. പി .രാമകൃഷ്ണൻ:
ശ്രീ. എം.വിജിൻ:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗങ്ങളുടെ ഉന്നമനത്തിനായി വിദ്യാഭ്യാസ, തൊഴിൽ, പാർപ്പിട മേഖലകളിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗങ്ങളുടെ ഉന്നമനത്തിനായി വിദ്യാഭ്യാസ, തൊഴിൽ, പാർപ്പിട മേഖലകളിൽ ആവിഷ്കരിച്ചിട്ടുള്ള പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

**<u>വിദ്യാഭ്യാസ പദ്ധതികൾ:-</u>**

1. പ്രീ-മെട്രിക് & പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി

2. വിദേശ പഠനത്തിനുള്ള ഉന്നതി സ്കോളർഷിപ്പ്.

3. മോഡൽ റസിഡൻഷ്യൽ സ്കൂൾ, പ്രീമെട്രിക് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, സ്പോർട്സ് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ

4. ഇതര സംസ്ഥാന പഠനം

5. അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആൻഡ് ഡെവലപ്മെന്റ് പദ്ധതി.

6. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം.

7. മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്കുള്ള ധനസഹായം

8. വിവിധ പൊതു പ്രവേശന പരീക്ഷകൾക്കുള്ള പരിശീലനം.

9. ലാപ്ടോപ്പ് വിതരണം

10. പഠന മുറി, സാമൂഹ്യപഠനമുറി പദ്ധതി

11. ഗോത്രബന്ധു പദ്ധതി

12. ഗോത്ര സാരഥി (വിദ്യാവാഹിനി) പദ്ധതി

13. സിവിൽ സർവ്വീസ് പരിശീലനത്തിനായി ലക്ഷ്യ സ്കോളർഷിപ്പ് പദ്ധതി

14. വിംഗ്സ്-വൈമാനിക പരിശീലന പരിപാടി

**തൊഴിൽ പദ്ധതികൾ**

തൊഴിൽ നൈപുണ്യ വികസന പദ്ധതികൾ

സംരംഭകത്വ വികസന പരിപാടികൾ

വ്യക്തികൾക്കും സംഘങ്ങൾക്കുമുള്ള സ്വയം തൊഴിൽ വായ്പകൾ

എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം

പരമ്പരാഗത തൊഴിലുകൾക്കുള്ള ധനസഹായം

ഉന്നതി (കേരള എംപവർമെന്റ് സൊസൈറ്റി)

**പാർപ്പിട പദ്ധതികൾ**

നവകേരള മിഷന്റെ ഭാഗമായിട്ടുള്ള ലൈഫ് മിഷൻ വഴിയാണ് നിലവിൽ സംസ്ഥാനത്ത് ഭവന നിർമ്മാണം നടപ്പിലാക്കിവരുന്നത്. ഭവന പൂർത്തീകരണത്തിനായുള്ള സേഫ് പദ്ധതി പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളിലൂടെ നടപ്പിലാക്കിവരുന്നു.

(ബി) ഏതൊക്കെ വിഭാഗങ്ങളിൽപ്പെട്ടവർക്കാണ് ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

(ബി&സി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലെ എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും വരുമാനപരിധി ബാധകമാക്കാതെയാണ് സംസ്ഥാന സർക്കാർ പദ്ധതികൾ നടപ്പിലാക്കിവരുന്നത്. ഇതിനായി ചെലവഴിച്ചിട്ടുള്ള തുക ചുവടെ ചേർക്കുന്നു.

| **പട്ടികജാതി വികസന വകുപ്പ്** | | |
|---|---|---|
| മേഖല | ചെലവഴിച്ച തുക (ലക്ഷത്തിൽ) | |
| | **2021 – 22** | **2022 – 23** |
| വിദ്യാഭ്യാസം | 46813.93 | 26555.54 |
| തൊഴിൽ | 117.00 | 184.59 |
| പാർപ്പിടം | 52158.00 | 47088.00 |
| **പട്ടികവർഗ്ഗ വികസന വകുപ്പ്** | | |
| മേഖല | ചെലവഴിച്ച തുക (ലക്ഷത്തിൽ) | |
| | **2021 –22** | **2022 –23** |
| വിദ്യാഭ്യാസം | 11156.78 | 13617.06 |
| തൊഴിൽ | 3890.16 | 3969.48 |
| പാർപ്പിടം | 19129.63 | 18918.42 |
| **പിന്നാക്ക വിഭാഗ വികസന വകുപ്പ്** | | |
| മേഖല | ചെലവഴിച്ച തുക | |
| | **2021 – 22** | **2022 – 23** |
| വിദ്യാഭ്യാസം | 344,72,93,573/- | 308,17,06,222/- |
| തൊഴിൽ | 10,72,23,909/- | 7,64,92,452/- |

**പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമ വികസന പ്രവർത്തനങ്ങൾക്കായി വകയിരുത്തിയ തുക**

107(947) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ കാലംമുതൽ നാളിതുവരെ ഓരോ ബഡ്ജറ്റിലും പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമ വികസന പ്രവർത്തനങ്ങൾക്കായി വകയിരുത്തിയ തുക എത്രയായിരുന്നു; ഇതിൽ ഓരോ സാമ്പത്തിക വർഷവും എത്ര തുക അനുവദിച്ചു നൽകി; എത്ര തുക ചെലവഴിച്ചു; വിശദാംശങ്ങൾ സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

വിവരം ശേഖരിച്ചു വരുന്നു.

**പട്ടികജാതി വിഭാഗങ്ങളുടെ സാമൂഹ്യ ഉന്നമനം**

108 (948) ശ്രീ. പി. എസ്. സുപാൽ:
ശ്രീമതി സി. കെ. ആശ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:

<u>ശ്രീ. സി. സി. മുകുന്ദൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ ഉന്നമനത്തിനായി പട്ടികജാതി വിഭാഗത്തിന്റെ തൊഴിൽമേഖല കാലാനുസൃതമായി പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) പട്ടികജാതി വിഭാഗത്തിലെ അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ യുവജനങ്ങൾക്ക് ആധുനിക തൊഴിൽ മേഖലയിൽ തൊഴിൽ ലഭ്യമാക്കുന്നതിനായി പഞ്ചമി എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ;

(സി) സാങ്കേതിക പരിജ്ഞാനം ആവശ്യമുള്ള തൊഴിലുകളിൽ പ്രസ്തുത വിഭാഗക്കാർക്ക് പരിശീലനം നൽകി പ്രാപ്തരാക്കുന്നതിന് എന്തെങ്കിലും പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നുണ്ടോ; വ്യക്തമാക്കുമോ?

(എ-സി) ഉണ്ട്. പരമ്പരാഗത തൊഴിൽ മേഖലകളിലുണ്ടായ വരുമാന ശോഷണവും ആധുനിക തൊഴിൽ മേഖലകളിലുണ്ടായ സാധ്യതകളും മികച്ച

രീതിയിൽ പ്രയോജനപ്പെടുത്തി പട്ടികജാതിക്കാരുടെ സാമൂഹിക ഉന്നമനത്തിനുതകുംവിധം ആധുനിക തൊഴിൽ മേഖലകളിൽ അഭ്യസ്തവിദ്യരായ പട്ടികജാതി യുവതീ-യുവാക്കളുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി ഐ.ടി, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, അനിമേഷൻ, കൺസ്ട്രക്ഷൻ, ആരോഗ്യം, ഓയിൽ & ഗ്യാസ്, മറൈൻ വ്യവസായം, എയർലൈൻ, എയർപോർട്ട് മേഖല, കാർഗോ മാനേജ്മെന്റ് തുടങ്ങിയ വിവിധ മേഖലകളിൽ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലന പരിപാടികൾ സർക്കാർ അംഗീകൃത സ്ഥാപനങ്ങളായ KASE (Kerala Academy for Skills Excellence), KELTRON (Kerala State Electronics Development Corporation Limited), CIPET (Central Institute of Petrochemicals Engineering & Technology), CDAC (Centre for Development of Advanced Computing), ASAP (Additional Skill Acquisition Programme Kerala) മുഖേന നടപ്പിലാക്കുന്നു. ഇത്തരം നൈപുണ്യ വികസന പരിപാടികൾ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പരിശീലന സ്ഥാപനങ്ങളുമായിച്ചേർന്ന് വിവിധ വ്യവസായ മേഖലകളിൽ പ്ലേസ്മെന്റ്

ഉറപ്പാക്കുന്നു. പട്ടികജാതി വിഭാഗത്തിലെ അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ യുവജനങ്ങൾക്ക് ആധുനിക തൊഴിൽ മേഖലയിൽ തൊഴിൽ ലഭ്യമാക്കുന്നതിനായി പഞ്ചമി എന്ന പദ്ധതി ആരംഭിച്ചിട്ടില്ല. സർക്കാർ വകുപ്പുകളുടെ പിന്തുണയോടൊപ്പം പൊതുകമ്പോളത്തിലെ ഏജൻസികളുമായി മത്സരത്തിലേർപ്പെട്ടും ക്ഷേമ പദ്ധതികളുടെ നിർവ്വഹണത്തിൽ പട്ടികജാതി പട്ടികവർഗ്ഗ യുവതീ-യുവാക്കളുടെ സംഘങ്ങൾക്ക് നേരിട്ട് പങ്കാളികളാകാനും അതിലൂടെ മെച്ചപ്പെട്ട വരുമാനവും സ്വാശ്രയത്വവും ലഭിക്കാനും അത്തരത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ അഭ്യസ്തരായ യുവതി-യുവാക്കളെ ഒരേ സമയം തൊഴിൽ സംരംഭകരും തൊഴിൽദാതാക്കളുമാക്കുന്നതിനായി കേരള സർക്കാർ കേരള എംപവർമെന്റ് സൊസൈറ്റി ആരംഭിച്ചിട്ടുണ്ട്.

(ഡി) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ പരമ്പരാഗത തൊഴിലുകൾ ചെറുകിട യന്ത്രങ്ങളുടെ സഹായത്തോടെ ആധുനികവത്കരിച്ച് കൂടുതൽ തൊഴിൽ സൃഷ്ടിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ പരമ്പരാഗത തൊഴിലുകൾ ചെറുകിട യന്ത്രങ്ങളുടെ സഹായത്തോടെ ആധുനികവത്കരിച്ച് കൂടുതൽ തൊഴിൽ സൃഷ്ടിക്കുന്നതിനായി കേരള കരകൗശല വികസന കോർപ്പറേഷൻ മുഖേന കൈതോല, ഈറ, ചൂരൽ എന്നിവ കൊണ്ടുള്ള കരകൗശല ഉത്പന്നങ്ങളുടെ നിർമ്മാണവും കരകൗശല ഉല്പാദകർക്ക് ധനസഹായവും അനുവദിക്കുന്ന പദ്ധതിക്ക് 2023-24 സാമ്പത്തികവർഷം ഭരണാനുമതി നൽകിയിട്ടുണ്ട്.

**കടുത്തുരുത്തി മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾ വഴിയുള്ള ആനുകൂല്യങ്ങൾ**

109(949) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കോട്ടയം ജില്ലയിൽ കടുത്തുരുത്തി മണ്ഡലത്തിലെ പട്ടികജാതിയിൽപ്പെട്ട എത്ര അപേക്ഷകർക്ക് ചികിത്സാ സഹായം അനുവദിച്ചിട്ടുണ്ടെന്ന് ബ്ലോക്കടിസ്ഥാനത്തിൽ പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ; ഇതിൽ സ്ഥലം എം.എൽ.എ.

ശിപാർശ ചെയ്തത് എത്രയെന്നറിയിക്കാമോ; ഇതിനുള്ള മറുപടി എം.എൽ.എ.-യെ അറിയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരമേറ്റശേഷം കോട്ടയം ജില്ലയിൽ കടുത്തുരുത്തി മണ്ഡലത്തിലെ പട്ടികജാതിയിൽപ്പെട്ടവർക്ക് അനുവദിച്ച ചികിത്സാ ധനസഹായം സംബന്ധിച്ച വിവരങ്ങൾ ബ്ലോക്കടിസ്ഥാനത്തിൽ പഞ്ചായത്ത് തിരിച്ച് ചുവടെ ചേർക്കുന്നു.

**കടുത്തുരുത്തി ബ്ലോക്ക്**

| ക്രമ നം | പഞ്ചായത്ത് | ഗുണഭോക്താക്കളുടെ എണ്ണം | എം.എൽ.എ. ശിപാർശ ചെയ്ത അപേക്ഷകൾ |
|---|---|---|---|
| 1 | കടുത്തുരുത്തി | 34 | 8 |
| 2 | മുളകുളം | 6 | 1 |
| 3 | ഞീഴൂർ | 7 | 2 |

**ഉഴവൂർ ബ്ലോക്ക്**

| ക്രമ നം | പഞ്ചായത്ത് | ഗുണഭോക്താക്കളുടെ എണ്ണം | എം.എൽ.എ. ശിപാർശ ചെയ്ത അപേക്ഷകൾ |
|---|---|---|---|
| 1 | കാണക്കാരി | 20 | 2 |
| 2 | കുറവിലങ്ങാട് | 5 | 1 |
| 3 | മരങ്ങാട്ടുപിള്ളി | 3 | 0 |
| 4 | മാഞ്ഞൂർ | 19 | 4 |
| 5 | കടപ്ലാമറ്റം | 14 | 1 |
| 6 | ഉഴവൂർ | 8 | 2 |
| 7 | വെളിയന്നൂർ | 2 | 0 |

**പാമ്പാടി ബ്ലോക്ക്**

| ക്രമ നം | പഞ്ചായത്ത് | ഗുണഭോക്താക്കളുടെ എണ്ണം | എം.എൽ.എ.ശിപാർശ ചെയ്ത അപേക്ഷകൾ |
|---|---|---|---|
| 1 | കിടങ്ങൂർ | 12 | 0 |

ബഹുമാനപ്പെട്ട എം.എൽ.എ. ശിപാർശ ചെയ്തയച്ച അപേക്ഷകളിൽ തീരുമാനമാകുന്ന മുറയ്ക്ക് വിവരം ബഹുമാനപ്പെട്ട എം.എൽ.എ.യെ അറിയിക്കുന്നതിന് കർശന നിർദ്ദേശം നൽകുന്നതാണ്.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും മണ്ഡലത്തിൽ വിതരണം ചെയ്ത ദുരിതാശ്വാസ

ചികിത്സാസഹായ നിധിയുടെ വിശദാംശങ്ങൾ ബ്ലോക്കടിസ്ഥാനത്തിൽ വ്യക്തികളുടെ മേൽവിലാസമടക്കം വ്യക്തമാക്കുമോ; ഇതിൽ സ്ഥലം എം.എൽ.എ. ശിപാർശ ചെയ്തത് എത്രയെന്ന് അറിയിക്കാമോ; ഇതിനുള്ള മറുപടി എം.എൽ.എ.-യെ അറിയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ കടുത്തുരുത്തി ബ്ലോക്കിലെ 17 പട്ടികവർഗ്ഗക്കാർക്കായി 59,800/- രൂപയും ഉഴവൂർ ബ്ലോക്കിലെ 19 പട്ടികവർഗ്ഗക്കാർക്കായി 1,67,000/-രൂപയും ചേർത്ത് ആകെ 36 പട്ടികവർഗ്ഗക്കാർക്കായി - 2,26,800/- രൂപ (രണ്ട് ലക്ഷത്തി ഇരുപത്തി ആറായിരത്തി എണ്ണൂറ് രൂപ മാത്രം) ചികിത്സാ ധനസഹായമായി വിതരണം ചെയ്തിട്ടുണ്ട്. നിലവിൽ ധനസഹായം അനുവദിച്ച് നൽകിയ അപേക്ഷകൾ എം.എൽ.എ. ശിപാർശ ചെയ്തവയല്ല. ഗുണഭോക്താക്കളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. +

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികജാതി വികസന വകുപ്പിൽനിന്നും മണ്ഡലത്തിൽ അനുവദിച്ച വീടുകളുടെയും സ്ഥലം വാങ്ങുന്നതിന് ധനസഹായം ലഭിച്ച ഗുണഭോക്താക്കളുടെയും വിശദാംശങ്ങൾ ഗ്രാമപഞ്ചായത്തുകൾ തിരിച്ച് വ്യക്തമാക്കുമോ?

പട്ടികജാതി വികസന വകുപ്പ് മുഖേന വീടിന് ധനസഹായം അനുവദിക്കുന്നില്ല. എന്നാൽ വകുപ്പ് മുഖേന ഭൂമി അനുവദിച്ചവരുടെ വിവരങ്ങൾ പഞ്ചായത്ത് തിരിച്ച് അനുബന്ധമായി ചേർക്കുന്നു. +

(ഡി) കോട്ടയം ജില്ലയിൽ ഉന്നത വിദ്യാഭ്യാസത്തിന് വിദേശപഠനത്തിന് പോയതും മറ്റു സംസ്ഥാനങ്ങളിലേയ്ക്ക് പോയതുമായ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് അപേക്ഷകൾ എത്രയെന്ന് ബ്ലോക്ക് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; ഇവർക്കുള്ള സ്കോളർഷിപ്പുകൾ വിതരണം ചെയ്തിട്ടുണ്ടോ എന്നും ആർക്കെല്ലാം തുക കൊടുക്കുവാനുണ്ടെന്നും അറിയിക്കാമോ; ഇത് കൊടുക്കുവാനുള്ള കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഈ സർക്കാർ അധികാരമേറ്റശേഷം കോട്ടയം ജില്ലയിൽനിന്നും ഉന്നത വിദ്യാഭ്യാസത്തിനായി വിദേശ പഠനത്തിന് പോയിട്ടുള്ള 23 പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥിയുടെയും ബ്ലോക്ക് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. വിനിയോഗവിവരം ഹാജരാക്കിയിട്ടുള്ള മുറയ്ക്ക് അർഹതപ്പെട്ട മുഴുവൻ വിദ്യാർത്ഥികൾക്കും ആനുകൂല്യം അനുവദിച്ച് നൽകിയിട്ടുണ്ട്. അവശേഷിക്കുന്ന തുക വിനിയോഗവിവര ന്യൂനതകൾ പരിഹരിച്ച് ഹാജരാക്കുന്ന മുറയ്ക്ക് അനുവദിച്ച് നൽകുന്നതാണ്.

| ക്രമ നം. | ബ്ലോക്ക് | അപേക്ഷകളുടെ എണ്ണം | |
|---|---|---|---|
| | | എസ്.സി | എസ്.റ്റി |
| 1 | ഏറ്റുമാനൂർ | 5 | 1 |
| 2 | ഉഴവൂർ | 1 | |
| 3 | ളാലം | 3 | |
| 4 | പാമ്പാടി | 1 | |
| 5 | കാഞ്ഞിരപ്പള്ളി | 1 | |
| 6 | മാടപ്പള്ളി | 3 | |
| 7 | വൈക്കം | 2 | |
| 8 | കോട്ടയം മുനിസിപ്പാലിറ്റി | 3 | |
| 9 | പള്ളം | 2 | |
| 10 | കടത്തുരുത്തി | 1 | |

| | | |
|---|---|---|
| **ആകെ** | **22** | **1** |

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അന്യ സംസ്ഥാനങ്ങളിൽ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന സ്കോളർഷിപ്പ് പദ്ധതിപ്രകാരം കോട്ടയം ജില്ലയിൽ ലഭ്യമായിട്ടുള്ള പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണം ബ്ലോക്കടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു. ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ സ്കോളർഷിപ്പ് സംബന്ധിച്ച പുതുക്കിയ മാർഗ്ഗനിർദ്ദേശപ്രകാരം മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിന് അർഹതയില്ലാത്തതാണ്.

ചുവടെ സൂചിപ്പിച്ചിരിക്കുന്ന അപേക്ഷകളിൽ മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം നേടിയ 103 അപേക്ഷകർക്ക് ഒഴികെ 19 പേർക്കും സ്കോളർഷിപ്പ് വിതരണം ചെയ്തിട്ടുണ്ട്.

| ക്രമ നം. | ബ്ലോക്ക് | അപേക്ഷകളുടെ എണ്ണം |
|---|---|---|
| 1 | വൈക്കം | 7 |
| 2 | കടുത്തുരുത്തി | 7 |
| 3 | ഏറ്റുമാനൂർ | 14 |
| 4 | ളാലം | 11 |

| | | |
|---|---|---|
| 5 | ഉഴവൂർ | 6 |
| 6 | വാഴൂർ | 10 |
| 7 | പള്ളം | 15 |
| 8 | പാമ്പാടി | 3 |
| 9 | മാടപ്പള്ളി | 24 |
| 10 | കാഞ്ഞിരപ്പള്ളി | 18 |
| 11 | കോട്ടയം മുനിസിപ്പാലിറ്റി | 7 |
| **ആകെ** | | **122** |

അന്യ സംസ്ഥാനങ്ങളിൽ പഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ അപേക്ഷകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| **2021 – 22** | | | |
|---|---|---|---|
| **ക്രമ നം** | **ബ്ലോക്ക്** | **വിദ്യർത്ഥികളുടെ എണ്ണം** | **റിമാർക്സ്** |
| 1 | പള്ളം | 2 | സ്കോളർഷിപ്പ് നൽകിയിട്ടുണ്ട് |
| 2 | പാമ്പാടി | 1 | |
| 3 | ഈരാറ്റുപേട്ട | 1 | |
| **2022– 23** | | | |
| **ക്രമ നം** | **ബ്ലോക്ക്** | **വിദ്യർത്ഥികളുടെ എണ്ണം** | **വിദ്യാർത്ഥിയുടെ പേര്** |
| 1 | പള്ളം | 1 | സാന്ദ്ര ലാലു |
| 2 | പാമ്പാടി | 1 | വൈഷ്ണവി.വി.എസ് |
| 3 | ഈരാറ്റുപേട്ട | 1 | ഡോണിയ രാജു |
| 4 | വാഴൂർ | 1 | സുവർണ്ണ സജി |
| 5 | ളാലം | 1 | മന്യ വിനോദ് |

| | | | |
|---|---|---|---|
| 6 | ഏറ്റുമാനൂർ | 1 | പ്രവീണ വിജയകുമാർ |
| 7 | കാഞ്ഞരപ്പള്ളി | 2 | ശരത് ശശി |
| | | | അപർണ്ണ അജയഘോഷ് |
| **ആകെ** | | **8** | |

2022-23 അധ്യയന വർഷം മുതൽ സ്കോളർഷിപ്പ് വിതരണത്തിനായി കേന്ദ്ര സർക്കാരിന്റെ പുതുക്കിയ സാങ്കേതിക നിബന്ധനകൾ കൊണ്ടുവരികയും പ്രസ്തുത നിബന്ധനകൾ പൂർത്തീകരിക്കുന്നതിന് സംസ്ഥാനത്തിന് ആവശ്യമായ സാങ്കേതിക സഹായങ്ങൾ യഥാസമയം നൽകുന്നതിന് കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും കാലതാമസം നേരിട്ടതിനാൽ സ്കോളർഷിപ്പ് വിതരണത്തിൽ തടസ്സം നേരിടുകയും സംസ്ഥാന സർക്കാരിന്റെ നിരന്തരമായ ഇടപെടലുകളിലൂടെ അപേക്ഷ സ്വീകരിക്കുന്നതിനാവശ്യമായ നടപടികൾ പൂർത്തീകരിക്കുവാൻ സാധിക്കുകയും സ്കോളർഷിപ്പ് പോർട്ടൽ തുറന്നു കൊടുക്കുകയും ചെയ്തിരുന്നു. ആയതിനുള്ള കാലതാമസമാണ് മേൽസൂചിപ്പിച്ചിരിക്കുന്ന 8 വിദ്യാർത്ഥികൾക്ക് 2022-23 അധ്യയന വർഷം സ്കോളർഷിപ്പ് നൽകുവാൻ

കഴിയാതിരുന്നത്. സ്കോളർഷിപ്പ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കുമാരി അഷിത കെ. കെ സമർപ്പിച്ചിട്ടുള്ള രണ്ടാം ഗഡുവിനുള്ള അപേക്ഷയിലെ ന്യൂനതകൾ പരിഹരിച്ച് ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) കോട്ടയം ജില്ലയിൽ ഉന്നത വിദ്യാഭ്യാസത്തിനായി വിദേശപഠനത്തിന് പോയ കുമാരി ആഷിതാ കെ. കെ-യുടെ സ്കോളർഷിപ്പിന്റെ രണ്ടാം ഗഡു നൽകുവാനുള്ള കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ?

കുമാരി അഷിത.കെ. കെ സമർപ്പിച്ചിട്ടുള്ള രണ്ടാം ഗഡുവിനുള്ള അപേക്ഷയിലെ ന്യൂനതകൾ പരിഹരിച്ച് ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**മണലൂർ മണ്ഡലത്തിലെ വിവാഹ ധനസഹായം**

110(950) <u>ശ്രീ. മുരളി പെരുനെല്ലി</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ കഴിഞ്ഞ 7 വർഷങ്ങളായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് വിവാഹ ധനസഹായം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

697 പേർക്ക് നൽകിയിട്ടുണ്ട്.

(ബി) പട്ടികജാതി വിഭാഗക്കാർക്ക് നിലവിൽ വിവാഹ ധനസഹായമായി എത്ര രൂപയാണ് നൽകുന്നത്?

പട്ടികജാതി വിഭാഗക്കാർക്ക് വിവാഹ ധനസഹായമായി നിലവിൽ 1,25,000/-രൂപയാണ് അനുവദിച്ചുവരുന്നത്.

(സി) പ്രസ്തുത ധനസഹായത്തിന്റെ തുക വർദ്ധിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ; ഇല്ലെങ്കിൽ അതിനുവേണ്ട നടപടി സ്വീകരിക്കുമോ?

75,000/-രൂപയായിരുന്ന വിവാഹ ധനസഹായത്തുക 30/08/2022 മുതൽ 1,25,000/-രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. തുക വീണ്ടും വർദ്ധിപ്പിക്കുന്ന വിഷയം പരിഗണനയിലില്ല.

**പട്ടികജാതി- പട്ടികവർഗ്ഗ ക്ഷേമം**

111(951) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുകൾക്കായി കഴിഞ്ഞ രണ്ടു വർഷമായി ബഡ്ജറ്റിൽ നീക്കിവച്ചിരുന്നത് എത്ര രൂപ വീതമാണ്; ഇനം തിരിച്ച് വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പിനായി കഴിഞ്ഞ രണ്ടു വർഷമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട തുക വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) നിലവിലെ സാമ്പത്തിക വർഷം എത്ര തുകയാണ് പ്രസ്തുത വകുപ്പുകൾക്കായി നീക്കിവച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

നിലവിലെ സാമ്പത്തിക വർഷം പട്ടികജാതി വികസന വകുപ്പിനായി നീക്കിവച്ചിട്ടുള്ള തുക സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിലെ സാമ്പത്തിക വർഷം പട്ടികവർഗ്ഗ വികസനത്തിനായി വകയിരുത്തിയ തുക വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) ഇക്കാലയളവിൽ കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ച തുക എത്രയാണ്; ഇതിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് കുറവ് ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ?

കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമാണ് കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കേന്ദ്ര വിഹിതം ലഭിക്കുന്നത്. പട്ടികജാതി വികസന വകുപ്പിന്റെ 100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതികളായിരുന്ന പോസ്റ്റ്മെട്രിക് പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതികളുടെ സംസ്ഥാന കേന്ദ്ര അനുപാതം 40:60 ആയി പുന:നിർണ്ണയിച്ചിട്ടുണ്ട്. കേന്ദ്രത്തിന്റെ നിശ്ചിത വിഹിതമായ 60 ശതമാനം തുക കേന്ദ്രം നേരിട്ട് വിദ്യാർഥികളുടെ അക്കൗണ്ടിലേയ്ക്ക് നൽകുകയാണ് ചെയ്യുന്നത്. മുൻ വർഷങ്ങളിലെ പോലെ റീ ഇംബേഴ്സ്മെന്റ് വ്യവസ്ഥയല്ലാത്തതിനാൽ നിലവിൽ മുഴുവൻ തുകയും സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തേണ്ട ആവശ്യമില്ല. സംസ്ഥാനം വിതരണം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെയ്യുന്നതിനുള്ള 40 ശതമാനം തുക മാത്രം കണ്ടെത്തിയാൽ മതിയാകും. പ്രസ്തുത പദ്ധതികൾ 100 ശതമാനം കേന്ദ്രാവിഷ്കൃതം ആയിരുന്നുവെങ്കിലും മുൻകാലങ്ങളിൽ സംസ്ഥാന സർക്കാർ ടി പദ്ധതികൾക്കായി ചെലവഴിക്കുന്ന തുക പൂർണമായും കേന്ദ്രത്തിൽനിന്നും റിലീസ് ചെയ്തു കിട്ടിയിരുന്നില്ല. കമ്മിറ്റഡ് ലയബിലിറ്റി കഴിച്ച് സംസ്ഥാനത്തിന് അർഹതപ്പെട്ട തുക മാത്രമാണ് റീ-ഇംബേഴ്സ് ചെയ്തു കിട്ടിയിരുന്നത്. കേന്ദ്ര വിഹിതമായി ലഭിച്ച തുകയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

2021-22, 2022-23, 2023-24 വർഷങ്ങളിൽ പട്ടികവർഗ്ഗ വികസന വകുപ്പിന് കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ച തുക വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**2021-22**

| പദ്ധതി | അനുവദിച്ച തുക (ലക്ഷത്തിൽ) |
|---|---|
| അതിക്രമം തടയൽ നിയമം 1989 നടപ്പിലാക്കൽ (50 ശതമാനം CSS)1 | 222.50 |
| ആർട്ടിക്കിൾ 275(1) | ---- |
| ഡെവലപ്മെന്റ് ഓഫ് പി.വി.റ്റി.ജി.എസ്. | --- |
| പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് | 2516.49 |

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| | |
|---|---|
| പ്രീ-മെട്രിക് സ്കോളർഷിപ്പ് | 347.07 |

## 2022-23

| പദ്ധതി | അനുവദിച്ച തുക (ലക്ഷത്തിൽ) |
|---|---|
| അതിക്രമം തടയൽ നിയമം 1989 നടപ്പിലാക്കൽ (50 ശതമാനം CSS) | 85.55 |
| ആർട്ടിക്കിൾ 275(1) | 817.67 |
| ഡെവലപ്മെന്റ് ഓഫ് പി.വി.റ്റി.ജി.എസ്. | --- |
| പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് | --- |
| പ്രീ-മെട്രിക് സ്കോളർഷിപ്പ് | --- |
| PMAAGY | --- |

2022-23 സാമ്പത്തിക വർഷം 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള കേന്ദ്ര സഹായവും പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് നൽകുന്നതിനുള്ള കേന്ദ്ര വിഹിതവും ലഭ്യമായിട്ടില്ല. കൂടാതെ 2023-24 വർഷം ഒരു പദ്ധതിക്കും കേന്ദ്ര വിഹിതം ലഭ്യമായിട്ടില്ല.

(ഡി) പട്ടികവിഭാഗക്കാർ നേരിടുന്ന പ്രധാന പ്രശ്നമായ സ്വന്തമായി ഭൂമിയും വീടും ഇല്ല എന്നത് പരിഹരിക്കാൻ എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്; വിശദമാക്കാമോ?

പട്ടികജാതി വികസന വകുപ്പിന് കീഴിൽ നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു .

**1. ഭൂരഹിത പുനരധിവാസ പദ്ധതി**

വാസയോഗ്യമായ ഭവനം നിർമ്മിക്കാൻ ഭൂമിയില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് ഭവനം നിർമ്മിക്കാൻ ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ഭൂമി അനുവദിക്കുന്നു. പദ്ധതി നിർവ്വഹണത്തിന്റെ നിലവിലെ സർക്കാർ മാനദണ്ഡ നിർദ്ദേശപ്രകാരം ലൈഫ് മിഷന്റെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ട അർഹരായ ഗുണഭോക്താക്കളെയാണ് തെരഞ്ഞെടുക്കുന്നത്. തെരഞ്ഞെടുക്കുന്നവരുടെ അർഹതാമാനദണ്ഡം പരിശോധിച്ചും അനുബന്ധ രേഖകൾ പരിശോധിച്ചും ധനസഹായ തുക അനുവദിക്കുന്നു.

**2. ദുർബല വിഭാഗ പുനരധിവാസ പദ്ധതി (ഭൂമി, വീട്) :-**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ദുർബല വിഭാഗങ്ങളായ (വേടർ, നായാടി, കള്ളാടി, അരുന്ധതിയാർ/ചക്ലിയാർ) എന്നിവരെ പുനരധിവസിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശം. ഭൂമി, ഭവനം, കൃഷിഭൂമി, പഠനമുറി, വീടുകളുടെ നവീകരണം, അടിസ്ഥാന സൗകര്യ

വികസനം, കോളനി നവീകരണം, ടോയ്‌ലറ്റ്, തൊഴിൽ പരിശീലനം, സ്വയംതൊഴിൽ സംരംഭം എന്നിവയ്ക്ക് അർഹരായ ഗുണഭോക്താക്കളെ നിലവിലെ ഓരോ പദ്ധതിയുടെ അർഹത മാനദണ്ഡങ്ങൾ പരിശോധിച്ച് തെരഞ്ഞെടുത്ത് ധനസഹായതുക അനുവദിക്കുന്നു.

നവകേരളമിഷന്റെ ഭാഗമായി ഭവനരഹിതരായ മുഴുവൻ ആളുകൾക്കും വീട് അനുവദിക്കുക എന്ന ലക്ഷ്യത്തോടുകൂടി കഴിഞ്ഞ സർക്കാർ ആവിഷ്കരിച്ച ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായാണ് നിലവിൽ പട്ടികവർഗ്ഗക്കാർക്കും വീട് അനുവദിച്ചുവരുന്നത്. വിവിധ പുനരധിവാസ പദ്ധതികളിലൂടെ ഭൂമി ലഭ്യമാകുന്ന പട്ടികവർഗ്ഗക്കാർക്ക് ആദിവാസി പുനരധിവാസ മിഷൻ മുഖേനയും വീട് അനുവദിക്കുന്നുണ്ട്. കൂടാതെ കേടുപാടുകൾ സംഭവിച്ച വീടുകളുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി 2022-23 മുതൽ പട്ടികവർഗ്ഗ വികസന വകുപ്പ് സേഫ് പദ്ധതി നടപ്പിലാക്കിവരുന്നു.

ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ലാൻഡ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി

വിതരണം എന്നിവയിലൂടെ ഭൂമി ലഭ്യമാക്കുകയും പ്രസ്തുത ഭൂമിയിൽ ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിക്കുകയും ചെയ്യുന്നു. കൂടാതെ വനാവകാശ നിയമ പ്രകാരം അർഹരായവർക്ക് ഭൂമിക്ക് കൈവശരേഖയും നൽകുന്നു.

(ഇ) ഉന്നത വിദ്യാഭ്യാസം നടത്തുന്ന കുട്ടികൾക്ക് കോളേജ് ഹോസ്റ്റലുകൾ ലഭ്യമാകാത്ത സാഹചര്യത്തിൽ, പ്രധാനപ്പെട്ട ൟണുകളിൽ താമസിച്ച് പഠനം നടത്തുന്നതിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കോളേജ് ഹോസ്റ്റലുകൾ ലഭ്യമാകാത്ത വിദ്യാർത്ഥികൾക്ക് പട്ടികജാതി വികസന വകുപ്പിനുകീഴിൽ 19 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിച്ചുവരുന്നു. പ്രധാനപ്പെട്ട ടൗണുകളിൽ താമസിച്ച് പഠനം നടത്തുന്നതിന് മറ്റ് പദ്ധതികൾ നിലവിലില്ല. ഇത്തരം പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്നില്ല.

**സേഫ് പദ്ധതി മുഖേന തുക അനുവദിച്ചതിന്റെ വിശദാംശങ്ങൾ**

112(952) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വീട് നിർമ്മിക്കുന്നതിനായി ആവിഷ്ക്കരിച്ചിട്ടുള്ള സെക്യുവർ അക്കൊമഡേഷൻ ആൻഡ് ഫെസിലിറ്റി എൻഹാൻസ്മെന്റ് (സേഫ്) പദ്ധതി മുഖേന മങ്കട നിയോജകമണ്ഡലത്തിൽ എത്ര പേർക്ക് തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സേഫ് പദ്ധതി മുഖേന മങ്കട നിയോജകമണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 36 പേർക്ക് തുക അനുവദിച്ചിട്ടുണ്ട്. സേഫ് പദ്ധതിയിൽ ഉൾപ്പെടുത്തി മങ്കട നിയോജകമണ്ഡലത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭവന പുനരുദ്ധാരണം അനുവദിച്ചിട്ടില്ല.

(ബി) പ്രസ്തുത മണ്ഡലത്തിൽ വിവിധ ഭവന പദ്ധതികൾ പ്രകാരം ധനസഹായം ലഭിച്ചിട്ടും നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കാത്ത

പട്ടികജാതി കുടുംബങ്ങളുടെ വിശദാംശങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ നൽകാമോ?

പട്ടികജാതി വികസന വകുപ്പ് മുഖേന നൽകിയ ഭവന നിർമ്മാണ ധനസഹായം ഉപയോഗിച്ച് നിർമ്മിച്ച വീടുകളിൽ മങ്കട നിയോജക മണ്ഡലത്തിലെ 3 പഞ്ചായത്തുകളിലെ 17 ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| പഞ്ചായത്ത് | കുടുംബങ്ങളുടെ എണ്ണം |
|---|---|
| കുറുവ | 1 |
| പുഴക്കാട്ടിരി | 2 |
| അങ്ങാടിപ്പുറം | 14 |

**വായ്പാ കുടിശ്ശിക ഒഴിവാക്കാൻ നടപടി**

113(953) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാങ്ക് വായ്പകൾ തിരിച്ചടയ്ക്കാൻ കഴിയാതെ ജപ്തി നടപടികൾ നേരിടുന്ന പട്ടികജാതി/ പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് രേഖപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം ജപ്തി നടപടികൾ ഒഴിവാക്കുന്നതിനായി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

(എ & ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം ജപ്തി നടപടികൾ ഒഴിവാക്കുന്നതിനായി പട്ടികജാതി വികസന വകുപ്പിൽ 43 അപേക്ഷകളും സഹകരണ സ്ഥാപനങ്ങളിൽ 3142 അപേക്ഷകളും കേരള ബാങ്കിൽ 35 അപേക്ഷകളും ലഭിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വകുപ്പിൽ ജപ്തി നടപടികൾ ഒഴിവാക്കുന്നതിനായി അപേക്ഷകൾ ലഭിച്ചില്ല.

(സി) ഇത്തരത്തിൽ ലഭിച്ച എത്ര അപേക്ഷകളിന്മേൽ ജപ്തി നടപടികൾ ഒഴിവാക്കി നൽകിയിട്ടുണ്ട്; വിശദമാക്കാമോ?

പട്ടികജാതി വികസന വകുപ്പ് മുഖേന വായ്പാ കുടിശ്ശിക എഴുതി തള്ളുന്ന പദ്ധതി നിലവിൽ നടപ്പിലാക്കിവരുന്നില്ല. എങ്കിലും അപേക്ഷകരുടെ വായ്പാ കുടിശ്ശിക എഴുതിത്തള്ളാൻ കഴിയുമോ എന്ന് പരിശോധിക്കുന്നതിനും വായ്പാ കുടിശ്ശിക തുകയിൽ പരമാവധി ഇളവ് അനുവദിക്കുന്നതിനും കുടിശ്ശിക തുക തവണകളായി നൽകുന്നതിനും ജപ്തി നടപടികൾ ഉൾപ്പെടെയുള്ള റിക്കവറി നടപടികൾ നിർത്തിവയ്ക്കുന്നതിനും കഴിയുമോ എന്ന് പരിശോധിക്കുന്നതിന് ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങളിലെ വായ്പയിന്മേൽ ജപ്തി നടപടികൾ ഒഴിവാക്കുന്നതിന് നിയമപരമായി സാധിക്കാത്തതിനാൽ വായ്പാ തിരിച്ചടവിന് സാവകാശം നൽകി 3031 അപേക്ഷകൾ താത്കാലികമായി ജപ്തി നടപടികൾ ഒഴിവാക്കി നൽകിയിട്ടുണ്ട്. കേരള ബാങ്ക് 30 അപേക്ഷകളിൽ ജപ്തി നടപടികൾ ഒഴിവാക്കി നൽകിയിട്ടുണ്ട്.

(ഡി) 2 ലക്ഷം രൂപ വരെയുള്ള വായ്പ കുടിശിക പൂർണമായും ഒഴിവാക്കുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ; വിശദമാക്കാമോ?

പരിശോധിച്ചുവരുന്നു.

**പട്ടാമ്പി മണ്ഡലത്തിലെ ഭവന നിർമ്മാണ ധനസഹായം**

114(954) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ പട്ടാമ്പി മണ്ഡലത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭവനരഹിതർ, ഭൂരഹിതരായ ഭവനരഹിതർ എന്നിവരെ സംബന്ധിച്ച വിശദാംശം പഞ്ചായത്ത് തിരിച്ച് നൽകാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ പുതുതായി ഭവന നിർമ്മാണ സഹായത്തിനായി 2016 മേയ് മുതൽ 2023 മേയ് വരെ എത്ര അപേക്ഷകൾ

ലഭിച്ചു; ഇതിൽ എത്ര അപേക്ഷകർക്ക് ധനസഹായം നൽകി; വിശദാംശം ലഭ്യമാക്കാമോ?

(എ & ബി)

**പട്ടികജാതി വികസന വകുപ്പ്**

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**പട്ടികവർഗ്ഗ വികസന വകുപ്പ്**

പ്രസ്തുത മണ്ഡലത്തിൽ അഞ്ച് പട്ടികവർഗ്ഗ കുടുംബങ്ങൾ ഭവന രഹിതരായും രണ്ട് പേർ ഭൂരഹിതരായ ഭവനരഹിതരായവരുമുണ്ട്. 2016 മുതൽ 2017 വരെ ഭവന നിർമ്മാണ ധനസഹായത്തിനായി അപേക്ഷകൾ ലഭിച്ചിട്ടില്ല. 2018 മുതൽ ലൈഫ് മിഷൻ മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. നിലവിൽ കൊപ്പം ഗ്രാമപഞ്ചായത്തിൽ 3 പട്ടികവർഗ്ഗ കുടുംബങ്ങൾ ലൈഫ് മിഷൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്.

**പട്ടികജാതി ക്ഷേമം**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

115(955) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ ബഡ്ജറ്റിലും പട്ടികജാതി വിഭാഗങ്ങളുടെ ക്ഷേമ വികസന പ്രവർത്തനങ്ങൾക്കായി വകയിരുത്തിയ തുക; അനുവദിച്ച തുക; ചെലവഴിച്ച തുക; എന്നിവയുടെ സാമ്പത്തിക വർഷാടിസ്ഥാനത്തിലുള്ള വിശദാംശം ലഭ്യമാക്കാമോ?

മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ ബഡ്ജറ്റിലും പട്ടികജാതി വിഭാഗങ്ങളുടെ ക്ഷേമ വികസന പ്രവർത്തനങ്ങൾക്കായി വകയിരുത്തിയ തുക, അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവയുടെ സാമ്പത്തിക വർഷാടിസ്ഥാനത്തിലുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**എസ്.ടി. ഫീൽഡ് പ്രൊമോട്ടർ, ഹെൽത്ത് പ്രൊമോട്ടർ തസ്തികകളിലെ നിയമനം**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

116(956) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പട്ടികവർഗ്ഗ കോളനികളിലേയ്ക്ക് എസ്. ടി. ഫീൽഡ് പ്രൊമോട്ടർ/ഹെൽത്ത് പ്രൊമോട്ടർ തസ്തികയിലേയ്ക്ക് 2023-ൽ അപേക്ഷ സമർപ്പിച്ചവരുടെ പേര്, വിലാസം എന്നിവ ലഭ്യമാക്കാമോ?

**<u>പട്ടികജാതി വികസന വകുപ്പ്</u>**

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>**

പ്രസ്തുത മണ്ഡലത്തിൽ അഞ്ച് പട്ടികവർഗ്ഗ കുടുംബങ്ങൾ ഭവന രഹിതരായും രണ്ടുപേർ ഭൂരഹിതരായ ഭവനരഹിതരായുമുണ്ട്. 2016 മുതൽ 2017 വരെ ഭവന നിർമ്മാണ ധനസഹായത്തിനായി അപേക്ഷകൾ ലഭിച്ചിട്ടില്ല. 2018 മുതൽ ലൈഫ് മിഷൻ മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. നിലവിൽ കൊപ്പം ഗ്രാമപഞ്ചായത്തിൽ 3 പട്ടികവർഗ്ഗ കുടുംബങ്ങൾ ലൈഫ് മിഷൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പട്ടികവർഗ്ഗ കോളനികളിലേയ്ക്ക് എസ്. ടി. ഫീൽഡ് പ്രൊമോട്ടർ/ഹെൽത്ത് പ്രൊമോട്ടർ തസ്തികയിലേയ്ക്ക് പുതിയതായി നിയമിക്കുന്നവർക്ക് നിശ്ചയിച്ച കാലാവധി, ഓണറേറിയം എന്നിവ എത്രയെന്ന് വിശദമാക്കുമോ?

പുതിയതായി നിയമിക്കപ്പെടുന്ന പട്ടികവർഗ്ഗ പ്രൊമോട്ടർ/ഹെൽത്ത് പ്രൊമോട്ടർമാരുടെ സേവനകാലാവധി രണ്ട് വർഷമായി നിജപ്പെടുത്തിയിട്ടുണ്ട്. പ്രൊമോട്ടർമാർക്ക് ഓണറേറിയമായി പ്രതിമാസം 12,500/- രൂപയും, യാത്രാബത്തയായി 1,000/- രൂപയുമാണ് അനുവദിക്കുന്നത്.

(സി) പ്രസ്തുത തസ്തികയിലേയ്ക്ക് 2023 -ൽ അപേക്ഷ സമർപ്പിച്ചവരിൽ നിന്നുമുള്ള നിയമനങ്ങൾ എങ്ങനെയാണ് നടത്തുകയെന്നും ആയതിനുള്ള നടപടിക്രമങ്ങളും വിശദമാക്കാമോ; നടപടിക്രമങ്ങളുടെ തൽസ്ഥിതി അറിയിക്കാമോ?

16-05-2023-ലെ സ.ഉ(കൈ)നം.11/2023/ പജപവവിവ., 2-06-2023-ലെ സ.ഉ(കൈ)നം.15/2023/പജപവവിവ. എന്നീ സർക്കാർ ഉത്തരവുകളുടെ

അടിസ്ഥാനത്തിൽ എസ്.ടി പ്രൊമോട്ടർ/ഹെൽത്ത് പ്രൊമോട്ടർ തസ്തികയിലേയ്ക്ക് അപേക്ഷ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ച് പ്രൊമോട്ടർ തസ്തികയിലേയ്ക്ക് അഭിമുഖം നടത്തി ജില്ലാതലത്തിൽ റാങ്ക് പട്ടിക തയ്യാറാക്കി മുൻഗണനാ ക്രമത്തിൽ നിയമനം നൽകുകയാണ് ചെയ്യുന്നത്. അപ്രകാരം എസ്.ടി./ഹെൽത്ത് പ്രൊമോട്ടർമാരെ നിയമിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 6-06-2023-ലെ ഇ 3-7075/23 എന്ന നമ്പർ പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. എന്നാൽ ആദിവാസി മഹാസഭ സമർപ്പിച്ച WP(C) No.19953/2023 കേസിന്മേലുള്ള ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 21-06-2023-ലെ ഇടക്കാല വിധിയുടെ അടിസ്ഥാനത്തിൽ ടി വിജ്ഞാപനത്തിന്മേലുള്ള തുടർനടപടികൾ നിർത്തിവച്ചിരിക്കുകയാണ്.

**പിന്നാക്ക സമുദായ ക്ഷേമപദ്ധതികൾ**

117(957) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പിന്നാക്ക സമുദായ ക്ഷേമത്തിനായി 2023-24 വർഷം നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദ വിവരങ്ങളും പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതിയും വ്യക്തമാക്കുമോ?

പിന്നാക്ക വിഭാഗ വികസന വകുപ്പ് 2023-24-ൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളും നടപ്പ് സാമ്പത്തിക വർഷം ജൂലൈ 31 വരെയുള്ള ചെലവുകൾ സംബന്ധിച്ചുള്ള വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു.+

കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവരുടെ സാമ്പത്തിക – വിദ്യാഭ്യാസ - സാമൂഹിക ഉന്നമനത്തിനായി ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ (NBCFDC) ഫണ്ടും കോർപ്പറേഷന്റെ തനത് ഫണ്ടും ദേശീയ സഫായി കരംചാരീസ് ധനകാര്യ വികസന കോർപ്പറേഷന്റെ (NSKFDC) ഫണ്ടും ഉപയോഗിച്ച് വിവിധ വായ്പാ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇതിനുപുറമെ ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ (NMDFC) ഫണ്ടും വിനിയോഗിച്ച് മതന്യൂനപക്ഷത്തിൽ ഉൾപ്പെട്ട ഒ.ബി.സി. വിഭാഗങ്ങൾക്കും വായ്പ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുവദിച്ചുവരുന്നു. കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ 2023-24 വർഷം നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദ വിവരങ്ങളും പ്രസ്തുത പദ്ധതികളുടെ ഈ സാമ്പത്തിക വർഷത്തെ പ്രവർത്തന പുരോഗതിയും അനുബന്ധമായി ചേർക്കുന്നു.+

കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷന്റെ ലക്ഷ്യ വിഭാഗത്തിൽപ്പെട്ട ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി കുറഞ്ഞ പലിശ നിരക്കിൽ വിവിധ ഭവന വായ്പകളും വിവാഹ വായ്പ, സ്വയം തൊഴിൽ വായ്പ, വ്യക്തിഗത വായ്പകൾ എന്നിവയും കൂടാതെ ടി വിഭാഗത്തിലെ വിദ്യാർത്ഥികൾക്കായി വിദ്യാഭ്യാസ വായ്പകളും വിദ്യാഭ്യാസ പ്രോത്സാഹന/ ധനസഹായ/പരിശീലന പദ്ധതികളും കോർപ്പറേഷൻ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിലും സ്ഥാപനങ്ങളിലും പഠനം നടത്തുന്നതിനായി വായ്പ നൽകുന്ന പുതിയ പദ്ധതിയായ വിദേശ പഠന വായ്പാ പദ്ധതിയും 2023-24 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കിവരുന്നു. ലക്ഷ്യവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തൊഴിൽ രഹിതരായ യുവതീ-യുവാക്കൾ എന്നിവർക്ക് തൊഴിലധിഷ്ഠിത പരിശീലനം നൽകി അവരെ മികച്ച ജോലികൾ നേടുന്നതിന് പ്രാപ്തരാക്കുന്ന തൊഴിലധിഷ്ഠിത പരിശീലന പരിപാടിയും കോർപ്പറേഷൻ ഈ വർഷം നടപ്പിലാക്കിവരുന്നു. 2023-24 സാമ്പത്തിക വർഷം നാളിതുവരെ വിവിധ വായ്പാ പദ്ധതികൾക്കായി 4.95 കോടി രൂപ ചെലവഴിച്ചിട്ടുള്ളതാണ്. കൂടാതെ തൊഴിലധിഷ്ഠിത പരിശീലന പരിപാടിയുടെ ഭാഗമായി 120 പേർക്ക് തിരുവനന്തപുരം/കോട്ടയം സർക്കാർ പോളിടെക്നിക് കോളേജുകൾ, കെൽട്രോൺ നോളജ് സെന്റർ എന്നിവ മുഖേന പരിശീലനം നൽകുന്ന കോഴ്സുകളും ആരംഭിച്ചിട്ടുണ്ട്.

കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ നിലവിൽ നടപ്പിലാക്കുന്ന പദ്ധതികളുടെയും 2023-24 വർഷം നടപ്പിലാക്കുന്ന പദ്ധതിയുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**1. <u>മൺപാത്ര നിർമ്മാണ യൂണിറ്റ് വായ്പാ പദ്ധതി</u>**

മൺപാത്ര നിർമ്മാണ പ്രവൃത്തിയുടെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കളിമൺപാത്ര നിർമ്മാണ യൂണിറ്റുകൾ പുതിയതായി ആരംഭിക്കുന്നതിനും നിലവിലുള്ളതും പ്രവർത്തന രഹിതവുമായ യൂണിറ്റുകളെ പുനരുജ്ജീവിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് കളിമൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വ്യക്തിഗത വായ്പ നൽകിവരുന്നു. 2 ലക്ഷം രൂപയാണ് ഈ പദ്ധതിയനുസരിച്ച് വായ്പ നൽകുന്നത്.

**2. <u>മൺപാത്ര വിപണന പ്രവർത്തന മൂലധന വായ്പാ പദ്ധതി</u>**

മൺപാത്ര നിർമ്മാണ വിപണന മേഖലയിലെ യൂണിറ്റുകൾ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി നിർമ്മാണ പ്രക്രിയയ്ക്കും വിപണന പ്രക്രിയയ്ക്കും സഹായകരമായ വായ്പകൾ കുറഞ്ഞ പലിശ നിരക്കിൽ നൽകി വരുന്നു. (പരമാവധി വായ്പാ തുക 2 ലക്ഷം രൂപ).

**3. <u>സ്വയം സഹായ ഗ്രൂപ്പ് വായ്പാ പദ്ധതി</u>**

വ്യക്തിഗത വായ്പകൾ നൽകുന്നുവെങ്കിലും ജാമ്യം നൽകി വായ്പ സ്വീകരിക്കാൻ ലക്ഷ്യ സമൂഹത്തിന് സാധിക്കാത്തതിനാൽ മേഖലയിലെ

സ്വയംസഹായ ഗ്രൂപ്പുകൾക്ക് ജാമ്യ രഹിത വായ്പ നൽകുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

**4. മാർക്കറ്റിംഗ്**

മൺപാത്ര വിപണന നയത്തിന്റെ ഭാഗമായി ചെറുകിട നിർമ്മാതാക്കളിൽനിന്നും കോർപ്പറേഷൻ ഉൽപ്പന്നങ്ങൾ സ്വീകരിച്ച് വിപണനം നടത്തുന്നതിനുള്ള പദ്ധതിയും നടന്നുവരുന്നു.

**തിരൂരങ്ങാടി മണ്ഡലത്തിൽപ്പെട്ട മീൻകുഴി കോളനി നവീകരണം**

118(958) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി മണ്ഡലത്തിൽപ്പെട്ട പരപ്പനങ്ങാടി നഗരസഭയിലെ മീൻകുഴി കോളനി നവീകരണത്തിന് അനുവദിച്ച തുക സർക്കാർ തിരിച്ചെടുത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2016-17 വർഷത്തെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെട്ട തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി നഗരസഭയിലെ മീൻകുഴി നഗരിയിൽ കറി കോളനി, അയ്യങ്കാളി കോളനി എന്നിവയുടെ നവീകരണത്തിന് ഒരു കോളനിക്ക് 50 ലക്ഷം രൂപ വീതം ആകെ ഒരു കോടി രൂപ അഡ്വാൻസ് ഇനത്തിൽ അനുവദിച്ചിട്ടുണ്ട്. ആയതിൽ 33,33,040/- രൂപ സർക്കാർ തിരിച്ചെടുത്തതായി ടി കോളനിയുടെ നിർവ്വഹണ ഏജൻസിയായ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ (കെയ്കോ) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത തുക തിരികെ ലഭിക്കുന്നതിന് ഏജൻസിയായ കെയ്കോയുടെ മാതൃവകുപ്പായ കൃഷിവകുപ്പുമായി ബന്ധപെട്ട് ധനകാര്യ വകുപ്പിൽനിന്നും അനുമതി ലഭ്യമാക്കുന്നതിന് നിർദേശം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത നടപടി കാരണം ബില്ല് പാസാക്കാൻ സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മീൻകുഴി നഗരിയിൽ കറി കോളനിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 50 ലക്ഷം രൂപ അഡ്വാൻസ്

അനുവദിച്ചിട്ടുണ്ട്. 51,53,245/- രൂപയുടെ പാർട്ട് ബില്ലാണ് നിർവ്വഹണ ഏജൻസി സമർപ്പിച്ചിട്ടുള്ളത്. ഫൈനൽ ബിൽ ഏജൻസി നാളിതുവരെ ലഭ്യമാക്കിയിട്ടുമില്ല.

(സി) തിരൂരങ്ങാടി മണ്ഡലത്തിൽ അംബേദ്കർ സ്വാശ്രയ പദ്ധതി പ്രകാരം നവീകരിക്കുന്നതിന് തീരുമാനിച്ച കോളനികളുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദവിവരങ്ങൾ ഇനം തിരിച്ച്, നിർമ്മാണ പുരോഗതി സഹിതം വിശദമാക്കാമോ?

2016-17 വർഷത്തെ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെട്ട അയ്യങ്കാളി പട്ടികജാതി കോളനിയിലെ പ്രവൃത്തികളുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചെങ്കിലും മൂന്നുതവണ ടെണ്ടർ വിളിച്ചിട്ടും ആരുംതന്നെ വർക്ക് ഏറ്റെടുത്തിട്ടില്ലെന്ന് ഏജൻസിയായ കെയ്കോ അറിയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടി കോളനിയിലെ പ്രവൃത്തികൾ തൽസ്ഥിതി വെച്ച് നിർത്തി ഫൈനൽ ബില്ല് സമർപ്പിക്കുവാൻ ഏജൻസിയോട് നിർദ്ദേശിച്ചിട്ടുണ്ട്. മീൻകുഴിയിൽ നഗരിയിൽ കറി കോളനിയിൽ അംഗീകാരം ലഭിച്ച എസ്റ്റിമേറ്റ് പ്രകാരമുള്ള

50 ശതമാനത്തിലധികം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് കെയ്കോ അറിയിച്ചിട്ടുണ്ട്. വീട് റിപ്പയർ- ആകെ 83 എണ്ണത്തിൽ 43 വീടുകളുടേത് പൂർണ്ണമായും 10 വീടുകളുടേത് ഭാഗികമായും പൂർത്തീകരിച്ചിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെട്ട പാർശ്വഭിത്തി നിർമ്മാണം ആരംഭിച്ചിട്ടില്ല. 2021-22 വർഷത്തിൽ തെരഞ്ഞെടുത്ത കണ്ണാടിത്തടം, കോട്ടുവാലക്കാട് എന്നീ പട്ടികജാതി കോളനികൾ ഫീസിബിൾ അല്ലാത്തതിനാൽ പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടില്ല.

**പട്ടികജാതി കോളനികളിലെ താമസക്കാർക്ക് വീട്**

119(959) <u>ശ്രീ. എം. നൗഷാദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളിതുവരെ സ്വന്തമായി വീട് ഇല്ലാത്ത പട്ടികജാതി കോളനികളിൽ താമസിക്കുന്നവർക്ക് ഈ സർക്കാരിന്റെ കാലത്ത് വീട്

നിർമ്മിച്ച നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര വീടുകൾ; ഏതെല്ലാം ജില്ലകളിൽ; വിശദാംശം വ്യക്തമാക്കാമോ?

ദുർബല വിഭാഗക്കാർക്കായുള്ള പ്രത്യേക പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി നൽകുന്ന ഭവന നിർമ്മാണ ധനസഹായം ഒഴികെ മറ്റ് ഭവന പദ്ധതികൾ വകുപ്പ് മുഖേന നടപ്പിലാക്കുന്നില്ല. ഭവന രഹിതരായ പട്ടികജാതി വിഭാഗക്കാർക്ക് ലൈഫ് മിഷൻ മുഖേനയാണ് നിലവിൽ ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നത്.

(ബി) പട്ടികജാതി കോളനികളിൽ താമസിക്കുന്നവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

അടിസ്ഥാന സൗകര്യ വികസനത്തിൽ ഏറ്റവും പിന്നാക്കം നിൽക്കുന്നതും കുറഞ്ഞത് 25 പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതുമായ പട്ടികജാതി സങ്കേതങ്ങളുടെ സമഗ്ര വികസനത്തിനായി ഒരു കോടി രൂപ അനുവദിക്കുന്ന അംബേദ്കർ ഗ്രാമ വികസന പദ്ധതി വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു. കൂടാതെ കോർപ്പസ്

ഫണ്ട് മുഖാന്തരവും പട്ടികജാതി കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പദ്ധതികൾ നടപ്പിലാക്കിവരുന്നു.

**ചിറങ്ങരയിൽ ശബരിമല ഇടത്താവളം**

120(960) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി നിയോജകമണ്ഡലത്തിലെ ചിറങ്ങരയിൽ ശബരിമല ഇടത്താവളം നിർമ്മിക്കുന്നതിനുള്ള പ്രവൃത്തികൾ നിലവിൽ എത്ര ശതമാനം പൂർത്തീകരിച്ചുവെന്നും എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

ചിറങ്ങര ഇടത്താവളത്തിന്റെ Foundation RCC വർക്കുകൾ 80 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. ചിറങ്ങര ഇടത്താവളത്തിന്റെ നിർമ്മാണ പ്രവൃത്തികൾ 2023 ഒക്ടോബർ മാസം 31-നകം പൂർത്തീകരിച്ച് 2023-24 ശബരിമല മണ്ഡല-മകരവിളക്ക് തീർത്ഥാടനകാലത്ത് തീർത്ഥാടകർക്ക് തുറന്ന് കൊടുക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

## ശബരിമലയിൽ ഡിജിറ്റൽ സംവിധാനങ്ങൾ

121(961) ശ്രീമതി യു. പ്രതിഭ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല ദർശനത്തിരക്ക് നിയന്ത്രിക്കുവാനും ദർശന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഡിജിറ്റൽ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തുന്നത് സംബന്ധിച്ച് ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡ് എന്തെല്ലാം നിർദ്ദേശങ്ങളാണ് മുന്നോട്ട് വച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

(എ&ബി) ഭക്തജനത്തിരക്ക് നിയന്ത്രിക്കുന്നതിനായി ശബരിമലയിൽ വെർച്വൽ ക്യൂ സംവിധാനം നിലവിൽ നടപ്പിലാക്കിവരുന്നുണ്ട്. ടി സംവിധാനം വഴി ശബരിമല ദർശനത്തിനായി ബുക്ക് ചെയ്യുന്ന ഓരോ

ഭക്തർക്കും പ്രത്യേക ദർശന സമയം അനുവദിക്കുന്നത് തിരക്ക് നിയന്ത്രണത്തിന് സഹായകമാകുന്നുണ്ട്. ശബരിമലയിലെ പ്രസാദ വിതരണം, വഴിപാട് ബുക്കിംഗ്, റൂം ബുക്കിംഗ് എന്നിവ സുഗമമാക്കുന്നതിനും തിരക്ക് കുറയ്ക്കുന്നതിനുമായി പ്രസ്തുത സൗകര്യങ്ങൾ നിലവിൽ onlinetdb.com, sabarimalaonline.org എന്നീ പോർട്ടലുകൾ മുഖാന്തരം ഓൺലൈനായി ലഭ്യമാക്കിവരുന്നുണ്ട്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 04-04-2023-ന് ചേർന്ന ശബരിമല അവലോകന യോഗത്തിൽ ശബരിമല തീർത്ഥാടനം സുഗമമാക്കുന്നതിനും തിരക്ക് നിയന്ത്രിക്കുന്നതിനും തീർത്ഥാടകർക്ക് മെച്ചപ്പെട്ട ദർശനം ഉറപ്പ് വരുത്തുന്നതിനുമായി RF ID, QR Code എന്നിവയുടെ സഹായത്തോടെ പ്രവർത്തിക്കുന്ന ഒരു സോഫ്റ്റ്‌വെയർ രൂപപ്പെടുത്തുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) ഇ-കാണിക്ക പോലുള്ള ഡിജിറ്റൽ പണമിടപാട് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ സാധ്യതകൾ കൂടി ആരായുന്നതിന് നടപടി സ്വീകരിക്കുമോ?

ഭക്തർക്ക് ശബരിമലയിൽ എത്താതെതന്നെ ഡിജിറ്റലായി കാണിക്ക സമർപ്പിക്കുന്നതിനുള്ള ഇ-കാണിക്ക സംവിധാനം ശബരിമല വെർച്വൽ ക്യൂ പോർട്ടൽ മുഖാന്തരം 06-06-2023 തീയതി മുതൽ ആരംഭിച്ചിട്ടുണ്ട്.

**മലബാർ ദേവസ്വം ബോർഡ് ഗ്രാൻഡ്**

122(962) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിന് 2021 മുതൽ നാളിതുവരെ ഗ്രാൻഡ് ഇനത്തിൽ എത്ര രൂപയാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

| നമ്പർ | വർഷം | ആകെ |
|---|---|---|
| 1 | 2021-22 | 32,27,58,620/- |
| 2 | 2022-23 | 39,47,89,000 /- |
| 3 | 2023-24 | 7,52,67,800 /- |

| | | |
|---|---|---|
| | (05.08.2023 വരെ) | |
| | **ആകെ** | **79,28,15,420 /-** |

(ബി) ഗ്രാൻഡ് ഇനത്തിൽ 2016 മുതൽ 2021 വരെ എത്ര തുകയാണ് നൽകിയതെന്ന് അറിയിക്കാമോ?

| **ക്രമ നം.** | **വർഷം** | **ആകെ** |
|---|---|---|
| 1 | 2016-17 | 46,41,35,000 /- |
| 2 | 2017-18 | 28,89,57,000/- |
| 3 | 2018-19 | 36,95,78,985 /- |
| 4 | 2019-20 | 18,16,13,333 /- |
| 5 | 2020-21 | 44,30,53,740 /- |
| | **ആകെ** | **1,74,73,38,058 /-** |

(സി) 2011 മുതൽ 2016 വരെ എത്ര തുകയാണ് നൽകിയതെന്ന് അറിയിക്കാമോ?

| **ക്രമ നം.** | **വർഷം** | **ആകെ** |
|---|---|---|
| 1 | 2011-12 | 20,80,00,000 /- |
| 2 | 2012-13 | 23,49,00,000/- |
| 3 | 2013-14 | 18,16,80,000 /- |
| 4 | 2014-15 | 3,62,97,000 /- |

| | | |
|---|---|---|
| 5 | 2015-16 | 13,00,00,000 /- |
| | **ആകെ** | **79,08,77,000 /-** |

**മലബാർ ദേവസ്വം ബോർഡിലെ സേവന-വേതന വ്യവസ്ഥകൾ**

123(963) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിലെ ഭൂരിഭാഗം ജീവനക്കാർക്കും ആറുമാസത്തിലധികമായി ശമ്പളം ലഭിക്കുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ?

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ ജീവനക്കാർക്ക് ശമ്പളം നൽകാനുള്ള ബാധ്യത പൂർണ്ണമായും അതത് ക്ഷേത്രങ്ങൾക്കാണുള്ളത്. നിബന്ധനകൾക്ക് വിധേയമായി ശമ്പള കുടിശ്ശിക നൽകുന്നതിനുള്ള സാമ്പത്തിക സഹായം മാത്രമാണ് ബോർഡ് നൽകിവരുന്നത്. നിലവിലെ വ്യവസ്ഥ അനുസരിച്ച് മൂന്ന് ലക്ഷം രൂപ വരെ

വാർഷിക വരുമാനമുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ മുഴുവൻ ശമ്പളവും ഇരുപത്തഞ്ച് ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് അതത് ക്ഷേത്രവരുമാനത്തിന്റെ (അസസ്സബിൾ വരുമാനം) അമ്പത് ശതമാനവും ശമ്പളത്തിനായി ചെലവഴിച്ചിട്ടും തികയാതെ വരുന്ന സംഖ്യ ശമ്പള കുടിശ്ശികയായി സർക്കാർ ഗ്രാന്റ് ഉപയോഗിച്ച് മലബാർ ദേവസ്വം ബോർഡിൽനിന്നും നൽകിവരുന്നു. മലബാർ ദേവസ്വം ബോർഡിന് സർക്കാരിൽനിന്നും ഗ്രാന്റ്-ഇൻ-എയ്ഡ് സാലറി ഹെഡിൽ അനുവദിക്കുന്ന തുകയിൽ നിന്നാണ് ഇപ്രകാരം ക്ഷേത്ര ജീവനക്കാർക്ക് ശമ്പള കുടിശ്ശിക അനുവദിച്ചുവരുന്നത്. ഉയർന്ന വരുമാനമുള്ള (25 ലക്ഷത്തിന് മുകളിൽ) ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പള ധനസഹായം നൽകുന്നതിന് ബോർഡിന് ബാധ്യതയില്ല.

മലബാർ ദേവസ്വം ബോർഡിന് നടപ്പ് സാമ്പത്തിക വർഷം (2023-2024) ശമ്പള - ശമ്പളേതര ഇനങ്ങളിലായി വകയിരുത്തിയ തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

കൂടാതെ മലബാർ ദേവസ്വം ബിൽ കൊണ്ടുവരുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ഈ ബിൽ നിയമമാകുന്നതോടെ ശമ്പളത്തിൽ ഏകീകരണം ഉണ്ടാകുന്നതാണ്.

(ബി) പ്രസ്തുത ദേവസ്വം ബോർഡിനുകീഴിൽ എത്ര ക്ഷേത്രങ്ങളുണ്ടെന്നും ഇതിൽ എത്രയെണ്ണം സ്പെഷ്യൽ ഗ്രേഡ് ക്ഷേത്രങ്ങളാണെന്നും വ്യക്തമാക്കുമോ?

മലബാർ ദേവസ്വം ബോർഡിന് കീഴിൽ 1403 ക്ഷേത്രങ്ങളാണുള്ളത്. ഇതിൽ 7 ക്ഷേത്രങ്ങൾ സ്പെഷ്യൽ ഗ്രേഡ് ക്ഷേത്രങ്ങളാണ്.

(സി) സ്വന്തമായി വരുമാനം ഇല്ലാത്ത ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളം ഉറപ്പാക്കുന്ന രീതിയിൽ സർക്കാർ സഹായം നൽകുവാൻ തയ്യാറാകുമോ; വിശദാംശം നൽകാമോ?

നിലവിലെ വ്യവസ്ഥ അനുസരിച്ച് വരുമാനം കുറവായ ക്ഷേത്രങ്ങളിലെ (മൂന്നു ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള ക്ഷേത്രങ്ങളിലെ) ജീവനക്കാരുടെ മുഴുവൻ ശമ്പളവും ഇരുപത്തഞ്ച് ലക്ഷം രൂപയിൽ താഴെ വരെ വാർഷിക വരുമാനമുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് അതത്

ക്ഷേത്രവരുമാനത്തിന്റെ (അസസ്സബിൾ വരുമാനം) അമ്പത് ശതമാനം ശമ്പളത്തിനായി ചെലവഴിച്ചിട്ടും തികയാതെ വരുന്ന സംഖ്യയും സർക്കാർ ഗ്രാന്റ് ഉപയോഗിച്ചാണ് മലബാർ ദേവസ്വം ബോർഡിൽനിന്നും നൽകിവരുന്നത്.

നടപ്പ് സാമ്പത്തിക വർഷം (2023-2024) ശമ്പള –ശമ്പളേതര ഇനങ്ങളിലായി വകയിരുത്തിയ തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ മറ്റു ദേവസ്വം ബോർഡുകളിൽ ഉള്ളതിനെക്കാൾ വളരെ കുറഞ്ഞ സേവന-വേതന വ്യവസ്ഥകളാണ് നിലവിലുള്ളതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സംസ്ഥാനത്തെ മുഴുവൻ ദേവസ്വം ബോർഡ് ജീവനക്കാർക്കും ഒരേ രീതിയിലുള്ള സേവന-വേതന വ്യവസ്ഥകൾ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ; വിശദാംശം നൽകാമോ?

ഉണ്ട്. മറ്റു ദേവസ്വം ബോർഡുകളിൽ നിന്ന് വ്യത്യസ്തമായ സേവന വേതന ഘടനയാണ് മലബാർ ദേവസ്വം ബോർഡിനുകീഴിലെ

ക്ഷേത്രങ്ങൾക്കുള്ളത്. മലബാർ ദേവസ്വം ബോർഡിന് കീഴിലെ ഓരോ ക്ഷേത്രവും ഓരോ ട്രസ്റ്റിമാരുടെ കീഴിൽ വ്യതിരിക്തമായാണ് നിലകൊള്ളുന്നത്. ആകയാൽ മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് അതത് ക്ഷേത്രങ്ങളുടെ വരുമാനത്തിൽ നിന്നാണ് ശമ്പളം നൽകിവരുന്നത്. ആയതിനാൽ തന്നെ ക്ഷേത്രങ്ങളുടെ വരുമാനം അനുസരിച്ച് ക്ഷേത്രങ്ങളെ 5 വിവിധ ഗ്രേഡുകളാക്കി തിരിച്ച് (സൂപ്പർ ഗ്രേഡ്, ഗ്രേഡ് I, II, III, IV) ഓരോ ഗ്രേഡിലെയും ക്ഷേത്രങ്ങളുടെ വരുമാനം അടിസ്ഥാനപ്പെടുത്തി ശമ്പള ചെലവ്, വരുമാനത്തിന്റെ പരിധിക്കുള്ളിൽ നിലനിർത്താൻ സാധിക്കത്തക്കവിധമുള്ള, വ്യത്യസ്ത ശമ്പള സ്കെയിലുകളാണ് നിലവിൽ നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ മലബാർ ദേവസ്വം ബിൽ കൊണ്ടുവരുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ഈ ബിൽ നിയമമാകുന്നതോടെ ശമ്പളത്തിൽ ഏകീകരണം ഉണ്ടാകുന്നതാണ്.

സംസ്ഥാനത്തെ മുഴുവൻ ദേവസ്വം ബോർഡ് ജീവനക്കാർക്കും ഒരേ രീതിയിലുള്ള സേവന-വേതന വ്യവസ്ഥകൾ നടപ്പാക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**മലബാർ ദേവസ്വം ജീവനക്കാരുടെ ശമ്പള പരിഷ്കരണം**

124(964) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ജീവനക്കാർക്ക് ഏറ്റവും ഒടുവിൽ ശമ്പള പരിഷ്കരണം നടപ്പിലാക്കിയത് ഏത് വർഷമാണ്?

മലബാർ ദേവസ്വം ബോർഡിന്റെ കീഴിലെ ക്ഷേത്ര ജീവനക്കാർക്ക് ഏറ്റവും ഒടുവിൽ 01-03-2009 പ്രാബല്യത്തിലാണ് ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുള്ളത്.

(ബി) ജീവനക്കാരുടെ പുതിയ ശമ്പള പരിഷ്കരണ ഉത്തരവ് ഏത് വർഷത്തിലാണ് പുറപ്പെടുവിച്ചത്?

ക്ഷേത്രജീവനക്കാരുടെ ശമ്പളം 01-07-2019 പ്രാബല്യത്തിൽ പരിഷ്കരിക്കുന്നതിന് 12-02-2021-ലെ GO(Ms) 57/2021 പ്രകാരമാണ് ഉത്തരവ് പുറപ്പെടുവിച്ചത്.

(സി) ശമ്പള പരിഷ്കരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് തീയതിയിലാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത തീരുമാനം നടപ്പിലാക്കുന്നത് ബോർഡ് മരവിപ്പിച്ചിരുന്നോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ?

(സി&ഡി) ക്ഷേത്രജീവനക്കാരുടെയും എക്സിക്യൂട്ടീവ് ഓഫീസർമാരുടെയും ശമ്പള പരിഷ്കരണത്തിലെ അനോമലി പരിഹരിച്ചു കൊണ്ട് 11-01-2022-ൽ മലബാർ ദേവസ്വം ബോർഡ് യോഗം തീരുമാനം എടുത്തിരുന്നുവെങ്കിലും സർക്കാർ അനുമതിയില്ലാതെ എടുത്ത പ്രസ്തുത തീരുമാനം പ്രായോഗികമായി നിലനിൽക്കാത്തതിനാൽ 13-07-2022-ലെ മലബാർ ദേവസ്വം ബോർഡ് യോഗം, തീരുമാനം നമ്പർ(1) പ്രകാരം ആയത് റദ്ദ് ചെയ്തിരുന്നു.

(ഇ) അപാകതകൾ പരിഹരിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ;

(എഫ്) അപാകതകൾ പരിഹരിച്ചുകൊണ്ട് ജീവനക്കാർക്ക് എന്നത്തേയ്ക്ക് പരിഷ്കരിച്ച ശമ്പളം ലഭിക്കുമെന്ന് വ്യക്തമാക്കാമോ?

(ഇ & എഫ്) സർക്കാർ പുറപ്പെടുവിച്ച ശമ്പളപരിഷ്കരണ ഉത്തരവിലെ അപാകതകൾ പരിഹരിക്കുന്നതിന് മലബാർ ദേവസ്വം കമ്മീഷണർ സമർപ്പിച്ച പ്രപ്പോസൽ സർക്കാർ വിശദമായി പരിശോധിക്കുകയും ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് അതിന്മേൽ മലബാർ ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട് ആരായുകയും ചെയ്യുകയുണ്ടായി. പ്രസ്തുത റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച് 31-07-2023-ലെ മലബാർ ദേവസ്വം ബോർഡ് യോഗം വിശദമായി ചർച്ച ചെയ്ത് തീരുമാനമെടുത്തിട്ടുണ്ടെന്നും ആയതിന്റെ അടിസ്ഥാനത്തിലുള്ള പുതിയ പ്രൊപ്പോസൽ അടിയന്തരമായി സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതാണെന്നും മലബാർ ദേവസ്വം കമ്മീഷണർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട്

സർക്കാരിൽ ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കുവാൻ കഴിയുന്നതാണ്.

മലബാർ ദേവസ്വം, ബോർഡ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം അംഗീകരിച്ചിട്ടുണ്ട്.

**കാട്ടാക്കട തൃക്കാഞ്ഞിരപുരം ആർട്സ് & സയൻസ് കോളേജ്**

125(965) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട നിയോജകമണ്ഡലത്തിലെ തൃക്കാഞ്ഞിരപുരത്ത് ദേവസ്വം ബോർഡിന് കീഴിൽ ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ദേവസ്വം ബോർഡിനുകീഴിൽ ആർട്സ് & സയൻസ് കോളേജ് (സ്വാശ്രയം) ആരംഭിക്കുവാൻ നടപടി സ്വീകരിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

തൽക്കാലം പരിഗണനയിലില്ല.

**മട്ടന്നൂർ നിയോജകമണ്ഡലത്തിലെ ക്ഷേത്രങ്ങൾ**

126(966) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മട്ടന്നൂർ നിയോജക മണ്ഡലത്തിലെ ക്ഷേത്രങ്ങൾക്ക് ദേവസ്വം വകുപ്പിൽനിന്ന് നവീകരണത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നവീകരണത്തിന് ഫണ്ട് അനുവദിച്ച മട്ടന്നൂർ നിയോജക മണ്ഡലത്തിലെ ദേവസ്വം ബോർഡിനുകീഴിലെ പൊതു ക്ഷേത്രങ്ങളുടെയും സ്വകാര്യ ക്ഷേത്രങ്ങളുടെയും ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) കാഞ്ഞിലേരി ശ്രീ മഹാവിഷ്ണു ക്ഷേത്രം, നായിക്കാലി ശ്രീ ദുർഗ്ഗാ ഭഗവതി ക്ഷേത്രം, മെരുവമ്പായി ശ്രീ കുർമ്പക്കാവ് ക്ഷേത്രം എന്നിവയുടെ ഭരണസമിതി നൽകിയ അപേക്ഷകളിൽ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) മട്ടന്നൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന ദേവസ്വം വകുപ്പിന് കീഴിലുള്ള ക്ഷേത്രങ്ങളുടെ വിശദാംശം നൽകാമോ?

(ബി & സി) മട്ടന്നൂർ നിയോജകമണ്ഡലത്തിൽ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.+

**ദേവസ്വം ബോർഡുകൾക്ക് കീഴിൽ ഡയാലിസിസ് സെന്റർ**

127(967) ശ്രീ. പി. നന്ദകുമാർ:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡുകൾക്കുകീഴിൽ ഡയാലിസിസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഏതൊക്കെ ബോർഡുകൾക്കുകീഴിലാണ് ഡയാലിസിസ് സെന്റർ ആരംഭിച്ചിട്ടുള്ളത്?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ & ബി) മലബാർ ദേവസ്വം ബോർഡിന് കീഴിലെ ശ്രീ കാടാമ്പുഴ ദേവസ്വത്തിന്റെ ഉടമസ്ഥതയിൽ ഒരു ഡയാലിസിസ് കേന്ദ്രം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ 10 ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഇത് 50 യൂണിറ്റുകളായി ഉയർത്തും. ഭാവിയിൽ കിഡ്നി രോഗ ചികിത്സയുടെ എല്ലാ വിഭാഗങ്ങളും ഉൾപ്പെടുന്ന സ്പെഷ്യാലിറ്റി ആശുപത്രിയായി വികസിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്.

ഗുരുവായൂർ ദേവസ്വത്തിന് കീഴിൽ ശ്രീ സത്യസായി ട്രസ്റ്റുമായി സഹകരിച്ച് "നവജീവനം ഡയാലിസിസ് സെൻറർ" എന്ന പേരിൽ ഒരു ഡയാലിസിസ് കേന്ദ്രം ബ്രഹ്മകുളത്ത് പ്രവർത്തിച്ചുവരുന്നുണ്ട്.

**(സി) മറ്റ് ബോർഡുകൾക്കുകീഴിലും ഡയാലിസിസ് സെന്റർ തുടങ്ങാൻ ആലോചിക്കുന്നുണ്ടോ; വിശദാംശം നൽകാമോ?**

കൊച്ചിൻ ദേവസ്വത്തിനുകീഴിൽ ഒരു ഡയാലിസിസ് കേന്ദ്രം തുടങ്ങുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**ക്ഷേത്ര ജീവക്കാർക്കായി ക്ഷേമനിധി ബോർഡ്**

128(968) <u>ശ്രീ. എം. നൗഷാദ്</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്വകാര്യ ക്ഷേത്രങ്ങളിലെ ജീവനക്കാർക്കും ക്ഷേത്രാരാധനയുമായി ബന്ധപ്പെട്ട് വിവിധ തൊഴിലെടുക്കുന്നവർക്കുംവേണ്ടി ഒരു പ്രത്യേക ക്ഷേമനിധി ബോർഡ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

തിരുവിതാംകൂർ, കൊച്ചിൻ, മലബാർ തുടങ്ങിയ ദേവസ്വം ബോർഡുകളുടെ പരിധിയിൽ വരാത്ത ക്ഷേത്രങ്ങളിലെ പൂജാരിമാർ ഒഴികെയുള്ള ജീവനക്കാർ/വർക്കർമാർക്ക് അംഗത്വമെടുക്കത്തക്കവിധം കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കീഴിൽ 2011-ൽ കേരള ക്ഷേത്ര ജീവനക്കാരുടെ ക്ഷേമനിധി പദ്ധതി തൊഴിൽ വകുപ്പ് രൂപീകരിച്ചിരുന്നു. തുടർന്ന് 2015 -ലെ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതി രൂപീകരിച്ചതിൽ 2011-ലെ കേരള ക്ഷേത്ര ജീവനക്കാരുടെ ക്ഷേമനിധി

പദ്ധതിയും മെർജ് ചെയ്യുകയും ടി പദ്ധതിയിലെ അംഗങ്ങളെ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്തു. ടി ക്ഷേമനിധിയുടെ ജോബ് ലിസ്റ്റ് പ്രകാരം തെയ്യംകെട്ട്, ചെണ്ടമേളം, പഞ്ചവാദ്യം, നാദസ്വരം, പടയണി, തിറ തുടങ്ങിയ അനുഷ്ഠാന കലകളിൽ ഏർപ്പെട്ടിരിക്കുന്നവർ, പൂകെട്ട്, കച്ചവടം, സ്വകാര്യക്ഷേത്ര ജീവനക്കാർ, ഉത്സവകാല കച്ചവടക്കാർ, ഇല്യൂമിനേഷൻ, ഉച്ചഭാഷിണി എന്നീ മേഖലകളിൽ പണിയെടുക്കുന്നവർ എന്നിവർക്ക് ടി ക്ഷേമനിധിയിൽ അംഗമാകാവുന്നതാണ്. നിലവിൽ കേരള ക്ഷേത്ര ജീവനക്കാരുടെ ക്ഷേമനിധി പദ്ധതി നടപ്പാക്കിവരുന്ന കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ മാറ്റം വരുത്തേണ്ടതുണ്ട്. ആയതു സംബന്ധിച്ച് സർക്കാർ തലത്തിൽ വിശദമായ പരിശോധന നടത്തിവരുന്നു.

**എം.എൽ.എ.-മാരുടെ അഡീഷണൽ സ്റ്റാഫിന്റെ വേതനം**

129(969) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ സ്റ്റാഫിന് വേതനം വർദ്ധിപ്പിക്കുന്നതിന് സർക്കാരിന് ലഭിച്ച നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഇക്കാര്യത്തിൽ സർക്കാർ എന്തെങ്കിലും നടപടി എടുക്കാൻ തീരുമാനിച്ചിട്ടുണ്ടെങ്കിൽ ആയത് വിശദമാക്കാമോ;

(സി) എം.എൽ.എ.-മാരുടെ അഡീഷണൽ സ്റ്റാഫിന് എന്നു മുതൽ വേതന വർദ്ധനവ് നടപ്പിലാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഡി) നിയമസഭാ മണ്ഡലങ്ങളിൽ എം.എൽ.എ. മാരോടൊപ്പം 24 മണിക്കൂറും പ്രവർത്തിക്കുന്ന അഡീഷണൽ സ്റ്റാഫിന് മെച്ചപ്പെട്ട ജീവിത നിലവാരം പുലർത്തുന്നതിനാവശ്യമായ വേതനം ലഭിക്കുന്നില്ലെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ദിവസ വേതനക്കാരെക്കാൾ കുറഞ്ഞ ശമ്പളമാണ് ഇവർക്ക് ലഭിക്കുന്നതെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിച്ച് മെച്ചപ്പെട്ട വേതനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(എ-ഇ) എം.എൽ.എ.-മാരുടെ അഡീഷണൽ സ്റ്റാഫിന് നല്കിവരുന്ന വേതനം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ലഭിച്ച അപേക്ഷ പരിശോധിച്ചു വരുന്നു.

**വനം വകുപ്പിലെ താൽക്കാലിക വാച്ചർമാരുടെ ശമ്പളം**

130(970) ശ്രീമതി കെ. കെ. രമ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിലെ താൽക്കാലിക വാച്ചർമാർക്ക് ശമ്പളം പൂർണ്ണമായും വിതരണം ചെയ്യാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിലെത്ര മാസത്തെ ശമ്പളമാണ് നിലവിൽ കുടിശികയായി ഉള്ളത്; വിശദമാക്കാമോ?

നിലവിലുണ്ട്. വിവിധ ശീർഷകങ്ങളിൽ അനുവദിക്കുന്ന ഫണ്ടിന്റെ ലഭ്യത അനുസരിച്ചാണ് വനം വകുപ്പിലെ വനസംരക്ഷണ പ്രവൃത്തികൾക്കും വിവിധ തോട്ടങ്ങളുടെയും നഴ്സറികളുടെയും രൂപീകരണം, പരിചരണം എന്നിങ്ങനെ വിവിധ പ്രവൃത്തികൾക്കായി നിയോഗിച്ചിട്ടുള്ള താൽക്കാലിക വാച്ചർമാർക്ക് വേതനം വിതരണം ചെയ്യുന്നത്. ചില ശീർഷകങ്ങളിലെ ഫണ്ടിന്റെ അപര്യാപ്തതമൂലം കേരളത്തിലെ വിവിധ ഡിവിഷനുകളിലായി താൽക്കാലിക വാച്ചർമാർക്ക് വേതനം കുടിശ്ശികയായിരുന്നു. എന്നാൽ ഫണ്ട് ലഭിക്കാൻ കാലതാമസം വരുന്നതിനാൽ താൽക്കാലിക വാച്ചർമാരുടെ ആവശ്യം പരിഗണിച്ച് ഫണ്ട് ലഭിക്കുമ്പോൾ തിരികെ നൽകാമെന്ന വ്യവസ്ഥയിൽ അതത് ഡിവിഷനുകളിലെ ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസി/പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷൻ എന്നിവിടങ്ങളിൽനിന്നും താൽക്കാലിക വായ്പ എടുത്ത് 2023 ജനുവരി മാസം വരെയുള്ള വേതനം നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ആകെ എത്രപേരാണ് താൽക്കാലിക വാച്ചർ തസ്തികയിൽ ജോലി ചെയ്യുന്നത്; ഇവർക്ക് കേന്ദ്ര വിഹിതവും സംസ്ഥാന

വിഹിതവും ഉൾപ്പെടെയാണോ ശമ്പളം നൽകിവരുന്നതെന്നും വിശദമാക്കാമോ?

സംസ്ഥാനത്ത് നിലവിൽ വന സംരക്ഷണ പ്രവൃത്തികൾക്കും വിവിധ തോട്ടങ്ങളുടെയും നഴ്സറികളുടെയും രൂപീകരണം, പരിചരണം എന്നിങ്ങനെ വിവിധ പ്രവൃത്തികൾക്കായി 2840 താൽക്കാലിക വാച്ചർമാർ ജോലി നോക്കിവരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തികൾക്കായി നിയോഗിക്കപ്പെടുന്ന താൽക്കാലിക വാച്ചർമാർക്ക് കേന്ദ്ര വിഹിതം കൂടി ചേർത്തുള്ള വേതനമാണ് നൽകുന്നത്. ബാക്കിയുള്ളവർക്ക് സംസ്ഥാന വിഹിതത്തിൽ നിന്നുമാണ് വേതനം നൽകുന്നത്.

(സി) ശമ്പളം കുടിശ്ശികയ്ക്ക് പുറമെ ബിൽ സമർപ്പിച്ച മുഴുവൻ ജോലി ദിവസങ്ങൾക്കും ശമ്പളം മാറി നൽകാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിൽ ജോലി ദിവസങ്ങളുടെ എണ്ണം വെട്ടിക്കുറയ്ക്കുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

താൽക്കാലിക വാച്ചർമാർ ജോലിക്ക് ഹാജരാകുന്ന ദിവസങ്ങളിൽ മസ്റ്റർ റോളിൽ ഹാജർ രേഖപ്പെടുത്തേണ്ടതായിട്ടുണ്ട്. അപ്രകാരം ഹാജർ രേഖപ്പെടുത്തിയിട്ടുള്ള എല്ലാ ദിവസങ്ങളിലും വേതനം അനുവദിക്കാറുണ്ട്. ജോലി ദിവസങ്ങളുടെ എണ്ണം വെട്ടിക്കുറയ്ക്കാറില്ല.

(ഡി) ശമ്പളത്തിലെ സംസ്ഥാന വിഹിതം യഥാസമയം മാറ്റി വയ്ക്കാത്തതാണോ ശമ്പളം കുടിശ്ശികയാകാനുള്ള കാരണം എന്നറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കേന്ദ്ര-സംസ്ഥാന ഫണ്ടുകൾ ഉൾപ്പെടുന്ന വിവിധ ബഡ്ജറ്റ് ശീർഷകങ്ങളിൽ ആവശ്യമായ ഫണ്ട് ലഭ്യമാകാത്തതാണ് വേതനം കുടിശ്ശികയാകാൻ കാരണം.

**വന്യമൃഗങ്ങൾക്ക് മികച്ച ആവാസ വ്യവസ്ഥ ഒരുക്കാൻ നടപടി**

131(971) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീമതി സി. കെ. ആശ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിബിഡ വനമേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന സ്വാഭാവിക ആവാസ വ്യവസ്ഥയിലെ അതിവേഗ വ്യതിയാനം സൃഷ്ടിക്കുന്ന പാരിസ്ഥിതിക സാമൂഹിക പ്രത്യാഘാതങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ജനവാസ മേഖലകളിലേയ്ക്ക് വന്യമൃഗങ്ങൾ കൂടുതലായി എത്തുന്നതിന് അപ്രകാരമുള്ള വ്യതിയാനം കാരണമായിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലനിൽക്കുന്ന വനങ്ങളുടെ പാരിസ്ഥിതിക ആരോഗ്യം പല കാരണങ്ങൾകൊണ്ട് ക്ഷയിച്ചിട്ടുണ്ട്. വ്യാവസായിക വികസനം ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി 1950-കൾ മുതൽ 1980-കളുടെ തുടക്കം വരെ കേരളത്തിലെ ജൈവ സമ്പന്നമായിരുന്ന സ്വാഭാവിക വനങ്ങൾ വെട്ടിത്തെളിച്ച് യൂക്കാലിപ്റ്റ്സ്, അക്കേഷ്യ, മാഞ്ചിയം, വാറ്റിൽ തുടങ്ങിയ വിദേശ ഏകവിളത്തോട്ടങ്ങൾ വച്ചുപിടിപ്പിക്കുകയുണ്ടായി. ഏതാണ്ട് 27,000-ത്തോളം ഹെക്ടർ വിദേശ-ഏകവിളത്തോട്ടങ്ങളും 90,000-ത്തോളം ഹെക്ടർ തേക്ക് തോട്ടങ്ങളുമാണ്

കേരളത്തിലെ വനഭൂമിയിൽ നിലവിലുള്ളത്. പാരിസ്ഥിതിക-ജല സുരക്ഷ മുൻനിർത്തി പരിസ്ഥിതി പുന:സ്ഥാപന പ്രക്രിയകൾ വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തത്തോടെ നടപ്പിലാക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യകതയാണ്.

ഇതുകൂടാതെ നമ്മുടെ മണ്ണിന് അനുയോജ്യമല്ലാത്ത സസ്യങ്ങളുടെ കടന്നുകയറ്റവും സ്വാഭാവിക വനങ്ങളുടെ ശോഷണത്തിന് കാരണമായി തീർന്നിട്ടുണ്ട്. വന്യജീവികളുടെ ആവാസവ്യവസ്ഥയ്ക്ക് ശോഷണം സംഭവിച്ചതിനാൽ ജനവാസ മേഖലകളെയും കൃഷിയിടങ്ങളെയും ഭക്ഷണാവശ്യങ്ങൾക്കായി ആശ്രയിക്കാൻ വന്യമൃഗങ്ങൾ പ്രേരിതരാകുന്നു. ഇത് മനുഷ്യ-വന്യമൃഗ സംഘർഷത്തിന് ആക്കം കൂട്ടുന്നതായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. അധിനിവേശ സസ്യജാലങ്ങൾ കേരളത്തിന്റെ ആവാസവ്യവസ്ഥയ്ക്ക് ഗുരുതരമായ കോട്ടം വരുത്തിയിട്ടുണ്ടെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. പാരിസ്ഥിതിക പ്രശ്നങ്ങൾ ഉളവാക്കുന്ന ഇത്തരം അധിനിവേശ സസ്യ-ജന്തുജാലങ്ങളെ നിർമ്മാർജ്ജനം ചെയ്യേണ്ടത് അനിവാര്യമാണ്.

(സി) വനാന്തരങ്ങളിലെ ഫലവൃക്ഷങ്ങളുടെയും വന്യജീവികൾക്ക് ഭക്ഷ്യയോഗ്യമായ മറ്റ് സസ്യങ്ങളുടെയും കുറവ് പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

അധിനിവേശ സസ്യങ്ങൾ നീക്കം ചെയ്ത് വനത്തിനകത്ത് മുള ഉൾപ്പെടെയുള്ള തദ്ദേശീയ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നുണ്ട്. വ്യാവസായിക ആവശ്യത്തിനായി വച്ചുപിടിപ്പിച്ചിട്ടുള്ള ഏകവിള തോട്ടങ്ങൾ വർക്കിംഗ് പ്ലാൻ വ്യവസ്ഥയ്ക്ക് വിധേയമായി ഘട്ടംഘട്ടമായി സ്വാഭാവിക വനങ്ങളായി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. സ്വാഭാവിക വനങ്ങൾക്ക് ഭീഷണിയായ മഞ്ഞക്കൊന്ന (സെന്ന) ഇനത്തിൽപ്പെട്ട അധിനിവേശ സസ്യങ്ങൾ നീക്കം ചെയ്ത് സ്വാഭാവിക വനങ്ങൾ പുന:സ്ഥാപനം ചെയ്യുന്നതിനായി NABARD, RKDP പദ്ധതികളിൽ ഉൾപ്പെടുത്തി മഞ്ഞക്കൊന്ന നിർമ്മാർജ്ജനം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) വനാന്തർഭാഗത്തുള്ള വന്യമൃഗങ്ങളുടെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി അരുവികളുടെയും ജലസ്രോതസ്സുകളുടെയും

സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് കൂടുതൽ പരിസ്ഥിതി സൗഹൃദ തടയണകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

വനത്തിനുള്ളിൽ ജലലഭ്യത ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി വനത്തിനുള്ളിലെ കുളങ്ങൾ, നീർച്ചാലുകൾ തുടങ്ങിയവയിലെ ചെളി, മണ്ണ്, എന്നിവ നീക്കം ചെയ്ത് ഉപയോഗ യോഗ്യമാക്കുന്നുണ്ട്. മണൽച്ചാക്ക്, ബ്രഷ് വുഡ് എന്നിവ ഉപയോഗിച്ച് താത്കാലിക തടയണകളും സ്ഥിരം തടയണകളും നിർമ്മിക്കുന്നു. ഭക്ഷണ ലഭ്യത ഉറപ്പാക്കുന്നതിന് വയലുകളിൽ കാണപ്പെടുന്ന കളകളുടെ നിർമ്മാർജ്ജനം, കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ യഥാസമയം നടത്തിവരുന്നു. കൂടാതെ വന്യജീവികൾക്ക് ഭക്ഷണ ലഭ്യത ഉറപ്പ് വരുത്തുന്നതിനായി മുള, തദ്ദേശീയ സസ്യങ്ങൾ എന്നിവ വച്ചുപിടിപ്പിക്കുന്നുണ്ട്.

വന്യജീവികളുടെ ആവാസ വ്യവസ്ഥ സന്തുലിതമായി നിലനിർത്തുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനുമായി മണ്ണ്-ജല സംരക്ഷണ പ്രവർത്തികൾ, ഗള്ളി പ്ളഗ്ഗിംഗ്, ചെക്ക് ഡാമുകളുടെ നിർമ്മാണം, കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം

എന്നിവ നടത്തിവരുന്നുണ്ട്. കൂടാതെ സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപന പ്രവർത്തനങ്ങളും വിവിധ പദ്ധതികൾ പ്രകാരം നടപ്പിലാക്കിവരുന്നുണ്ട്.

**വനംവകുപ്പിന്റെ തിരുവനന്തപുരം ഡിവിഷന് കീഴിലുള്ള ഡിപ്പോകളിലെ കയറ്റുകൂലി തർക്കം**

132(972) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ തിരുവനന്തപുരം ഡിവിഷനുകീഴിലുള്ള ഡിപ്പോകളിൽ കയറ്റുകൂലി തർക്കംമൂലം തടി ലേലം നടക്കാത്ത സാഹചര്യം നിലവിലുണ്ടോ; വിശദാംശം നൽകുമോ?

വനം വകുപ്പിന്റെ തിരുവനന്തപുരം ഡിവിഷനുകീഴിലുള്ള ഡിപ്പോകളിൽ കയറ്റുകൂലി തർക്കംമൂലം തടി ലേലം നടക്കാത്ത യാതൊരു സാഹചര്യവും നിലവിലില്ല.

(ബി) വനംവകുപ്പിന്റെ വിവിധ ഡിപ്പോകളിൽ ഒരു ലോഡ് തടി കയറ്റുന്നതിനുള്ള നിലവിലെ കൂലി നിരക്ക് എത്രയാണെന്ന് അറിയിക്കുമോ; തിരുവനന്തപുരം ഡിവിഷനുകീഴിൽ ഇത് എത്രയാണെന്ന് വ്യക്തമാക്കുമോ?

വനം വകുപ്പിന്റെ വിവിധ തടി ഡിപ്പോകളിലെ കയറ്റ്/ഇറക്കുകൂലി നിരക്ക് തൊഴിൽ വകുപ്പ്, അതത് മേഖലയിലെ ലോഡിംഗ് തൊഴിലാളികളുമായി കൂടിയാലോചിച്ച് ചർച്ച ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കുന്നതാണ്. തിരുവനന്തപുരം ടിംബർ സെയിൽസ് ഡിവിഷനുകീഴിലുള്ള ഡിപ്പോകളിലെ ലോഡിംഗ് തൊഴിലാളികൾക്ക് തൊഴിൽ വകുപ്പ് നിലവിൽ അംഗീകരിച്ച് നൽകിയ കയറ്റുകൂലി നിരക്ക് ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

(സി) തിരുവനന്തപുരം ഡിവിഷനുകീഴിൽ അമിത കൂലി ഈടാക്കുന്നതുമൂലം തടി ലേലം മുടങ്ങിയതിനാൽ എത്ര രൂപയുടെ നഷ്ടം ഉണ്ടായിട്ടുള്ളതായാണ് കണക്കാക്കിയിട്ടുള്ളത്; കൂലി തർക്കം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

തിരുവനന്തപുരം ടിംബർ സെയിൽസ് ഡിവിഷനുകീഴിലുള്ള ഡിപ്പോകളിൽ കയറ്റുകൂലി വർദ്ധനവ് കാരണം ലേലം മുടങ്ങിയ സംഭവങ്ങൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ടായിട്ടില്ല. കയറ്റുകൂലി സംബന്ധമായ തർക്കം ഉടലെടുക്കുമ്പോൾ, ടി തർക്കം പരിഹരിക്കുവാൻ തൊഴിൽവകുപ്പ് തൊഴിലാളി യൂണിയനുകളുടെയും തടി വ്യാപാരികളുടെയും പ്രതിനിധികളുമായി ചർച്ച നടത്തി പരിഹാരം കാണാറുണ്ട്.

(ഡി) സംസ്ഥാനത്തെ എല്ലാ ഡിവിഷനുകീഴിലുമുള്ള ഡിപ്പോകളിൽ കയറ്റിറക്ക് കൂലി ന്യായമായ നിരക്കിൽ ഏകീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

സംസ്ഥാനത്തെ എല്ലാ ഡിവിഷനുകീഴിലുമുള്ള ഡിപ്പോകളിൽ കയറ്റിറക്ക് കൂലി അതത് പ്രദേശത്തെ യൂണിയൻ ലോഡിംഗ് തൊഴിലാകളുമായി ചർച്ച നടത്തി തൊഴിൽവകുപ്പ് നിശ്ചയിക്കുന്ന തുകയാണ്. കയറ്റിറക്ക് കൂലി ന്യായമായ നിരക്കിൽ ഏകീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടത് തൊഴിൽ വകുപ്പാണ്.

**തെന്മല ഇഞ്ചപള്ളി വനംവകുപ് ചെക്ക്പോസ്റ്റ് കെട്ടിടത്തിൻെറ ജീർണ്ണാവസ്ഥ**

133(973) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെന്മല ചാലിയക്കരയിലെ ഇഞ്ചപള്ളി പാലത്തിനടുത്തുള്ള വനംവകുപ്പ് ചെക്ക്പോസ്റ്റ് കെട്ടിടം ഉപയോഗശൂന്യമായി തകർച്ചയിലാണ് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആന കടക്കാതിരിക്കാൻ ഇവിടെ സ്ഥാപിച്ച സൗര വേലിയുടെ സംരക്ഷണത്തിനും പ്രദേശത്തെ കാട്ടാന ശല്യം ഒഴിവാക്കുന്നതിനുമായി സ്ഥാപിച്ച വനം വകുപ്പ് ചെക്ക് പോസ്റ്റ് കെട്ടിടം തകർച്ചയിലായത് പരിഹരിക്കുന്നതിനും ചെക്ക് പോസ്റ്റിൽ മതിയായ ജീവനക്കാരെ നിയമിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) സതേൺ സർക്കിളിന്റെ പരിധിയിലുള്ള പുനലൂർ ഡിവിഷനിലെ ഇഞ്ചപ്പള്ളി ഭാഗത്ത് ചെക്ക് പോസ്റ്റ് സ്ഥാപിച്ചിട്ടില്ല. നിലവിൽ കാലപ്പഴക്കം ചെന്ന് ഉപയോഗ യോഗ്യമല്ലാത്ത ഒരു ക്യാമ്പ് ഷെഡ് ഉണ്ട്. ആയതിന്റെ അറ്റകുറ്റപ്പണികൾക്ക് നടപടി സ്വീകരിച്ചുവരുന്നുണ്ട്. പണികൾ പൂർത്തിയാകുന്ന മുറയ്ക്ക് ആവശ്യത്തിന് ജീവനക്കാരെ നിയോഗിച്ച് സംരക്ഷിക്കുന്നതാണ്.

**ആദിവാസി വിഭാഗങ്ങൾക്കെതിരെ കള്ളക്കേസുകൾ**

134(974) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ലെ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ, വനംവകുപ്പ് ഉദ്യോഗസ്ഥർ ആദിവാസി വിഭാഗത്തിൽപ്പെട്ടവരെ കള്ളക്കേസുകളിൽ കുടുക്കിയതുമായി ബന്ധപ്പെട്ട എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ?

2 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

1. മുത്തങ്ങ റെയിഞ്ചിലെ സെക്ഷൻ ഫോറസ്റ്റ് ഓഫീസറായ ശ്രീ. സി. എസ്. വേണു തോട്ടാമൂല ഫോറസ്റ്റ് സ്റ്റേഷനിലെ ഒ.ആർ.05/21 നമ്പർ കേസിലെ പ്രതിയായ കുട്ടൻ എന്നയാളെക്കൊണ്ട് ചന്ദനം മുറിച്ച് സുഭാഷ് കെ.സി എന്നയാൾ കൈവശംവച്ച് ഉപയോഗിച്ചുവരുന്ന KL 3E 9829 നമ്പർ ജീപ്പിൽ കൊണ്ടുവെപ്പിച്ച് ടിയാനെ കള്ളക്കേസിൽ കുടുക്കുന്നതിന് ശ്രമിച്ചു എന്നതാണ് കേസ്.

2. 2022 വർഷത്തിൽ ഇടുക്കി വന്യജീവി സങ്കേതത്തിലെ കിഴുകാനം സെക്ഷനിൽ വന്യമൃഗത്തിന്റെ ഇറച്ചി വാഹനത്തിൽ കടത്താൻ ശ്രമിച്ച എന്ന സംശയത്തിൽ ഒ.ആർ.01/2022 നമ്പരായി ഒരു കേസ് ആദിവാസി യുവാവിന് എതിരെ രജിസ്റ്റർ ചെയ്യുകയുണ്ടായി. ടി വാഹനത്തിൽനിന്നും കണ്ടെടുത്ത ഇറച്ചി, ലാബ് പരിശോധനയിൽ വന്യമൃഗത്തിന്റെ ഇറച്ചിയല്ലെന്ന് കണ്ടെത്തിയതിനാൽ കട്ടപ്പന അസിസ്റ്റന്റ് പബ്ളിക് പ്രോസിക്യൂട്ടറുടെ നിയമോപദേശത്തിന്റെയും ബഹു. കട്ടപ്പന ജുഡീഷ്യൽ ഫസ്റ്റ് ക്ളാസ് മജിസ്ട്രേറ്റ് കോടതി പുറപ്പെടുവിച്ച ഉത്തരവിന്റെയും അടിസ്ഥാനത്തിൽ ടി കേസ് വകുപ്പുതലത്തിൽ കോടതിയിൽനിന്നും പിൻവലിച്ചിട്ടുള്ളതാണ്.

(ബി) പ്രസ്തുത കേസുകളിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

വയനാട് വൈൽഡ് ലൈഫ് ഡിവിഷനിലെ മുത്തങ്ങ റെയ്ഞ്ചിൽ ആദിവാസി വിഭാഗത്തിൽപ്പെട്ടയാളെ കള്ളക്കേസിൽ ഉൾപ്പെടുത്തിയ സംഭവത്തിൽ കുറ്റാരോപിതനായ സെക്ഷൻ ഫോറസ്റ്റ് ആഫീസർ ശ്രീ. സി.

എസ്. വേണുവിനെ 06-11-2021-ൽ സേവനത്തിൽനിന്നും സസ്പെൻഡ് ചെയ്തിട്ടുള്ളതും അച്ചടക്ക നടപടിയുടെ ഭാഗമായി ടിയാന്റെ രണ്ടു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യത്തോടെ തടയുകയെന്ന ശിക്ഷ നൽകുന്നതിലേയ്ക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകി നടപടി തുടർന്നു വരുന്നു. കൂടാതെ മുത്തങ്ങ റെയിഞ്ചിൽ ബുക്കുചെയ്ത ഒ.ആർ.05/2021 നമ്പർ കേസിൽ ടിയാനെ പ്രതി ചേർത്തിട്ടുള്ളതും കോടതിയിൽ വിചാരണ ചെയ്യുന്നതിലേയ്ക്ക് പ്രോസിക്യൂഷൻ അനുമതി നൽകിയിട്ടുള്ളതുമാണ്.

2022 വർഷത്തിൽ ഇടുക്കി വന്യജീവി സങ്കേതത്തിലെ കിഴുകാനം സെക്ഷനിൽ വന്യമൃഗത്തിന്റെ ഇറച്ചി വാഹനത്തിൽ കടത്താൻ ശ്രമിച്ചു എന്ന സംശയത്തിൽ ഒ.ആർ.01/2022 നമ്പരായി രജിസ്റ്റർ ചെയ്ത കേസിൽ ആരോപണ വിധേയരായ 9 ജീവനക്കാരെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്യുകയും തുടർന്ന് ടിയാന്മാർക്കെതിരെ കേരളാ സിവിൽ സർവ്വീസസ് (തരം തിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ 1960 പ്രകാരമുള്ള വകുപ്പുതല അച്ചടക്ക നടപടികൾ തുടർന്നുവരികയുമാണ്.

(സി) ആദിവാസി ജനവിഭാഗങ്ങളെ ദ്രോഹിക്കുന്നതിനായി വനം വകുപ്പ് ഉദ്യോഗസ്ഥർ അധികാര ദുർവിനിയോഗം നടത്തുന്നത് തടയുന്നതിന് കർശന നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ആദിവാസി ജനവിഭാഗങ്ങളെ ദ്രോഹിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ 1960-ലെ കേരളാ സിവിൽ സർവ്വീസസ് (തരം തിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരം കഠിനശിക്ഷ ഉൾപ്പെടെയുള്ള ശിക്ഷകൾ ചുമത്തുന്നതിലേയ്ക്ക് വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.

## മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കാൻ നടപടി

135(975) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനത്തോട് ചേർന്ന ജനവാസ മേഖലയിലുണ്ടാകുന്ന മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്ത് വനത്തോട് ചേർന്ന ജനവാസ മേഖലയിലുണ്ടാകുന്ന മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

1. സൗരോർജ്ജ വേലി, സൗരോർജ്ജ തൂക്കുവേലി, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ്, ജൈവവേലി എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുകയും ചെയ്യുന്നുണ്ട്.

2. വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും നാട്ടിലിറങ്ങിയ വന്യജീവികളെ കാട്ടിലേയ്ക്ക് തിരികെ അയയ്ക്കുന്നതിനും റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ (ആർ.ആർ.റ്റി) സേവനം വിനിയോഗിച്ചുവരുന്നു. സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് എട്ട് സ്ഥിരം റാപ്പിഡ് റെസ്പോൺസ് ടീമുകൾ നിലമ്പൂർ നോർത്ത്, വയനാട്, പാലക്കാട്, കണ്ണൂർ, റാന്നി, കോഴിക്കോട്, മണ്ണാർകാട്, പേപ്പാറ എന്നിവിടങ്ങളിലും ഏഴ് താത്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകൾ

കാസർഗോഡ്, കൽപ്പറ്റ, മലയാറ്റൂർ, മൂന്നാർ, പുനലൂർ അട്ടപ്പാടി, പീരുമേട് എന്നിവിടങ്ങളിലും പ്രവർത്തിച്ചുവരുന്നു.

3. വന്യമൃഗങ്ങളുടെ സാന്നിധ്യം മുൻകൂറായി അറിയിക്കുന്നതിനായി വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ  ഏർളി വാർണിംഗ് സിസ്റ്റം സ്ഥാപിച്ചിട്ടുണ്ട്.

4. മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശീയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള ജനകീയ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ 261 ജനജാഗ്രതാ സമിതികൾ സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ട്.

5. കുങ്കിയാനകളെ ഉപയോഗിച്ച് കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ചുവരുന്നുണ്ട്.

6. ജനവാസ മേഖലകളിലിറങ്ങുന്ന ആന, കടുവ, പുലി തുടങ്ങിയ വന്യമൃഗങ്ങളെ കാട്ടിലേയ്ക്ക് തുരത്താൻ കഴിയാതെ വരുന്നപക്ഷം അവയെ

പിടികൂടി ജനവാസ കേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്.

7. കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുത്തി വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾ, ചെക്ക് ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം, വനത്തിനകത്ത് ജല ലഭ്യത ഉറപ്പ് വരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം തുടങ്ങിയവ നടത്തിവരുന്നുണ്ട്.

8. മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനും ആയതുമായി ബന്ധപ്പെട്ട് ഹ്രസ്വകാല-ദീർഘകാല പദ്ധതികൾ വിഭാവനം ചെയ്യുന്നതിനും KFRI അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, വെറ്ററിനറി യൂണിവേഴ്സിറ്റി, ടൈഗർ കൺസർവേഷൻ ഫൗണ്ടേഷൻ, തദ്ദേശവാസികൾ എന്നിവരുമായി ബന്ധപ്പെട്ട് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കിൾ നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

9. വന്യജീവികൾക്കും അവയുടെ ആവാസ വ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തി പങ്കിടുന്ന ജനവാസ മേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

10. മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനായി സാമ്പത്തിക ലഭ്യതയ്ക്കനുസരിച്ച് 'ഹ്രസ്വകാല ദീർഘകാല പദ്ധതികൾ കണ്ടുപിടിക്കുവാനും അതിനാവശ്യമായ സാമ്പത്തിക സ്രോതസ്സ്' നിർദ്ദേശിക്കുവാനും 20-06-2023-ലെ സ.ഉ (സാധാ) നം. 242/2023/വനം പ്രകാരം ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്.

**വനവികസന ഏജൻസികൾ മുഖേനയുള്ള വനവിഭവങ്ങളുടെ വിപണനം**

136(976) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ വനവികസന ഏജൻസികൾ ശേഖരിക്കുന്ന വനവിഭവങ്ങൾ വിപണനം ചെയ്യുന്നതിനുള്ള ഓൺലൈൻ സംവിധാനം വികസിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്തെ വനവികസന ഏജൻസികൾ ശേഖരിക്കുന്ന വനവിഭവങ്ങൾ വിപണനം ചെയ്യുന്നതിനായി നിലവിൽ വനം വകുപ്പിന്റെ കീഴിലുള്ള ചാലക്കുടി വന വികസന ഏജൻസി വികസിപ്പിച്ച www.vanasree.in എന്ന e-commerce platform മുഖേന വിപണനം നടത്തിവരുന്നു. ഇത് സംസ്ഥാനതലത്തിൽ വിപുലീകരിക്കുന്നതിനായി ഒരു സമഗ്രമായ online സംവിധാനം വികസിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നുണ്ട്.

**വനം സെൻസസ്**

137(977) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വന്യജീവികളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനായി വനം സെൻസസ് നടത്തിയിട്ടുണ്ടോ?

2023-ൽ കേരളത്തിലെ കാട്ടാനകളുടെയും മൂന്നാർ വന്യജീവി ഡിവിഷനുകീഴിലെ വരയാടുകളുടെയും വയനാട് ലാൻഡ്സ്കേപ്പിലെ കടുവകളുടെയും കണക്കെടുപ്പ് (Population Estimation) നടത്തിയിട്ടുണ്ട്.

(ബി) വനം സെൻസസ് പ്രകാരം ലഭിച്ച വിവരങ്ങളിൽ സംസ്ഥാനത്തെ ഏതെങ്കിലും വന്യമൃഗങ്ങളുടെ എണ്ണത്തിൽ കുറവുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഏതൊക്കെ വന്യമൃഗങ്ങളുടെ എണ്ണത്തിലാണ് കുറവ് കണ്ടെത്തിയിട്ടുള്ളത്; കുറവുണ്ടായതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്നാണ് കരുതുന്നത്; വ്യക്തമാക്കാമോ?

(ബി&സി) വനം-പരിസ്ഥിതി മന്ത്രാലയവും വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയും അംഗീകരിച്ച രീതികൾ അവലംബിച്ചാണ് വന്യജീവികളുടെ എണ്ണം തിട്ടപ്പെടുത്തുന്നത്. വ്യത്യസ്ത വർഗ്ഗങ്ങളിൽപ്പെട്ട ജീവികൾക്ക് വ്യത്യസ്ത രീതികളാണ് കണക്കെടുപ്പിനായി അവലംബിച്ചുവരുന്നത്. ഒരു ഇനത്തിൽപ്പെട്ട വന്യമൃഗത്തിന്റെ ഏകദേശ എണ്ണമാണ് (Population Estimation) ഈ രീതിയിലൂടെ കണ്ടെത്താൻ സാധിക്കുന്നത്. കണക്കെടുപ്പ് നടത്തുന്ന സീസൺ, കണക്കെടുപ്പിന് അവലംബിച്ച രീതി (Direct count/Indirect method), കാലാവസ്ഥാ വ്യതിയാനം, ആവാസ വ്യവസ്ഥയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ തുടങ്ങിയ

ഘടകങ്ങളെ ആശ്രയിച്ച് ഓരോ മേഖലയിലും കാണപ്പെടുന്ന വന്യമൃഗങ്ങളുടെ എണ്ണത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാറുണ്ട്.

വന്യജീവികളുടെ കണക്കെടുപ്പ് നടത്തുന്നതിനുവേണ്ടി വനമേഖലയെ ബ്ലോക്കുകളായി തിരിച്ച്, അതിലൂടെ സഞ്ചരിച്ച് നേരിട്ട് കാണുന്ന മൃഗങ്ങളുടെ എണ്ണം തിട്ടപ്പെടുത്തുന്ന Block Count Method ഓരോ ബ്ലോക്കിലും നിശ്ചയിക്കുന്ന നിർദ്ദിഷ്ട നേർരേഖയിലൂടെ സഞ്ചരിച്ച് നേരിട്ട് കാണുന്ന മൃഗങ്ങളുടെ എണ്ണം തിട്ടപ്പെടുത്തുന്ന line transect method, കടുവ, പുലി എന്നിവയുടെ കണക്കെടുപ്പിനായി വനമേഖലയെ ചെറിയ ഗ്രിഡുകളാക്കി തിരിച്ച് അവയിൽ സ്ഥാപിക്കുന്ന ക്യാമറ ട്രാപ്പ് ഉപയോഗിച്ച് എടുക്കുന്ന ചിത്രങ്ങൾ അവലംബിച്ചുള്ള Capture-Recapture method, ആനകളുടെ പ്രായം, ആൺ-പെൺ ഇനം എന്നിവ അറിയുന്നതിനായി ജലസ്രോതസുകൾ കേന്ദ്രീകരിച്ച് നടത്തുന്ന Waterhole Count, പക്ഷികളുടെ കണക്കെടുപ്പിനായി ഉപയോഗിക്കുന്ന Point Count method കൂടാതെ ആനകളുടെ എണ്ണം കണക്കാക്കുന്നതിനുള്ള Indirect method ആയ Dung

decay rate തുടങ്ങിയവയാണ് നിലവിൽ വന്യമൃഗങ്ങളുടെ population estimation-നുവേണ്ടി അവലംബിച്ചുവരുന്നത്.

2017-ലെ കണക്കെടുപ്പ് പ്രകാരം ബ്ലോക്ക് കൗണ്ടിൽ 3,322 കാട്ടാനകളും (സാന്ദ്രത ഒരു $km^2$-ൽ 0.35) ഡങ്ങ് കൗണ്ടിൽ 5706 കാട്ടാനകളും (സാന്ദ്രത ഒരു $km^2$-ൽ 0.59) കേരളത്തിലുള്ളതായാണ് കണക്കാക്കിയത്. 2023-ലെ കണക്കെടുപ്പ് പ്രകാരം ബ്ലോക്ക് കൗണ്ടിൽ 1920 കാട്ടാനകളും (സാന്ദ്രത ഒരു $km^2$-ൽ 0.20) ഡങ്ങ് കൗണ്ടിൽ 2386 കാട്ടാനകളും (സാന്ദ്രത ഒരു $km^2$-ൽ 0.25) കേരളത്തിലുള്ളതായി കണക്കാക്കിയിട്ടുണ്ട്.

2023-ലെ കണക്കെടുപ്പിന് താഴെപ്പറയുന്ന കാരണങ്ങളാൽ കൃത്യത കൂടുതലാണ്.

(i) ബ്ലോക്ക് വിസ്തീർണ്ണം പ്രായോഗികമായ രീതിയിൽ കുറച്ചിട്ടുണ്ട് (4 $km^2$-നും 7.09 $km^2$ -നും ഇടയിൽ mean 5.76 $km^2$).

(ii) ട്രാൻസെക്ടിന്റെ നീളം കുറച്ചിട്ടുണ്ട് (0.65 km - 1.65 km, mean 1.47 km) ആയതിൽനിന്നും നേർരേഖയിലുള്ള ട്രാൻസെറ്റുകൾ സാധ്യമായതും

കൗണ്ടിംഗ് ടീമിന് മടുപ്പ് ഉണ്ടാകുന്നത് ഒഴിവാക്കുവാനും കഴിഞ്ഞു.

(iii) തൊട്ടടുത്ത ബ്ലോക്കുകൾ ഒഴിവാക്കിയതുകൊണ്ട് എണ്ണത്തിൽ ഇരട്ടിപ്പ് വരുവാനുള്ള സാദ്ധ്യത ഒഴിവായി.

(iv) ഡിജിറ്റൽ മാപ്പുകൾ ഉപയോഗിച്ചതിലൂടെ ഫീൽഡിലെ എണ്ണൽ വേളയിൽ ഉൾപ്പെടെ ബ്ലോക്ക് അതിർത്തികളിൽ വ്യക്തതയുണ്ടായിരുന്നു.

എണ്ണിയ 1406 ആനകളിൽ 108 എണ്ണത്തിനെ (7.7 ശതമാനം) മാത്രമെ കൃത്യമായി തരംതിരിക്കുവാൻ കഴിയാതിരുന്നിട്ടുള്ളൂ. തരംതിരിക്കപ്പെട്ട 1298 ആനകളിൽ 58 ശതമാനം adult-ഉം 21 ശതമാനം subadult-ഉം 15 ശതമാനം calf-ഉം 6 ശതമാനം juvenile-ഉം ആണ്. 2017-ലെ കണക്കെടുപ്പിലും ഏതാണ്ട് സമാനമായ ശതമാനമാണ് കിട്ടിയത്.

എലഫന്റ് റിസർവുകളുടെ (ER) അന്തർസംസ്ഥാന അതിർത്തി - 957 കി.മീ. ആണ് (വയനാട് ER 242 km - തമിഴ്നാട് & കർണാടക, നിലമ്പൂർ ER 212 km - തമിഴ്നാട്, ആനമുടി ER 214 km - തമിഴ്നാട്, പെരിയാർ ER 289 km - തമിഴ്നാട്). ആയതിനാൽ ആനകളുടെ അന്തർ സംസ്ഥാന സഞ്ചാരങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതും സംസ്ഥാനത്തിനുള്ളിലെ കാട്ടാനകളുടെ

എണ്ണത്തിൽ മാറ്റം വന്നുകൊണ്ടിരിക്കുന്നതുമാണ്. വരൾച്ച, കാട്ടുതീ എന്നിവ ഇപ്രകാരമുള്ള പാലായനത്തെ വർദ്ധിപ്പിക്കുന്നു.

വയനാട് ലാൻഡ്സ്കേപ്പിൽ 2023-ലെ കടുവകളുടെ കണക്കെടുപ്പിൽ 84 കടുവകളെയാണ് കണ്ടെത്തിയത്. വയനാട് ലാൻഡ്സ്കേപ്പിൽ കടുവകളുടെ സാന്ദ്രത നിലവിൽ ഓരോ 100 ചതുരശ്ര കിലോമീറ്ററിനും 7.7 ആണ്. ഇത് 2018-ൽ രേഖപ്പെടുത്തിയ കടുവകളുടെ സാന്ദ്രതയെക്കാൾ (9.33/100 ച.കി.മി) കുറവാണ്. 2018-ലെ കണക്കെടുപ്പിൽ 120 കടുവകളെയാണ് വയനാട് ലാൻഡ്സ്കേപ്പിൽ കണ്ടെത്തിയിരുന്നത്. ഈ വർഷത്തെ (2023) കണക്കെടുപ്പിൽ കണ്ടെത്തിയ 84 കടുവകളിൽ 45 എണ്ണം (54 ശതമാനം) മുൻകാലങ്ങളിൽ (2016, 2018, 2022) ലഭിച്ചതും ബാക്കിയുള്ള 39 എണ്ണം (46 ശതമാനം) ഇതുവരെ ക്യാമറ ട്രാപ്പുകളിൽ ലഭിക്കാതിരുന്നവയുമാണ്.

വയനാട് ലാൻഡ്സ്കേപ്പ് കർണ്ണാടക സംസ്ഥാനത്തിലെ നാഗർഹോളെ, ബന്ദിപ്പൂർ, BRT എന്നീ സംരക്ഷിത മേഖലകളും തമിഴ്നാട്ടിലെ മുതുമലൈ, സത്യമംഗലം എന്നീ സംരക്ഷിത മേഖലകളും ഉൾപ്പെട്ട വലിയൊരു ലാൻഡ്സ്കേപ്പിന്റെ ഭാഗമായതിനാൽ കടുവകളുടെ അന്തർസംസ്ഥാന

സഞ്ചാരങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയും ആയത് അനുസരിച്ച് അവയുടെ കണക്കെടുപ്പിൽ വ്യതിയാനങ്ങൾ സംഭവിക്കാറുമുണ്ട്. 2022-ൽ അഖിലേന്ത്യാതലത്തിൽ നടന്ന കടുവകളുടെ കണക്കെടുപ്പിന്റെ സംക്ഷിപ്ത റിപ്പോർട്ട് ഇത് ശരിവയ്ക്കുന്നു. 2022-ലെ കണക്ക് പ്രകാരം നാഗർഹോളയിലെയും ബന്ദിപ്പൂരിലെയും കടുവകളുടെ എണ്ണം കൂടിയതായും എന്നാൽ അതേ ലാൻഡ്സ്കേപ്പിന്റെ ഭാഗമായ വയനാട് ലാൻഡ്സ്കേപ്പിൽ കടുവകളുടെ എണ്ണം കുറഞ്ഞതായും രേഖപ്പെടുത്തിയിട്ടുണ്ട്. 2023-ലെ കണക്കെടുപ്പിൽ വയനാട് ലാൻഡ്സ്കേപ്പിൽ ലഭിച്ച 84 കടുവകളിൽ 39 എണ്ണം (46 ശതമാനം) ഇതിന് മുൻപ് നടന്ന കണക്കെടുപ്പുകളിൽ (2016, 2018, 2022) ക്യാമറ ട്രാപ്പുകളിൽ ലഭിക്കാതിരുന്നവയാണ് എന്ന കാര്യവും കടുവകളുടെ അന്തർസംസ്ഥാന സഞ്ചാരങ്ങൾ ശരിവയ്ക്കുന്നു. മാത്രമല്ല ഈ വർഷം വയനാട് ലാൻഡ്സ്കേപ്പിൽ നടത്തിയ കണക്കെടുപ്പിൽ ലഭ്യമായ കടുവകളുടെ ആൺ-പെൺ അനുപാതം (1:1.62) ടി ലാൻഡ്സ്കേപ്പിലെ കടുവകളുടെ സഞ്ചയത്തിന്റെ ആരോഗ്യപരമായ വളർച്ചയെ സൂചിപ്പിക്കുന്നു.

മൂന്നാർ വന്യജീവി ഡിവിഷന് കീഴിലെ വരയാടുകളുടെ

കണക്കെടുത്തതിൽ 803 വരയാടുകളെ കണ്ടെത്തി. 2022-ൽ 785 വരയാടുകളെയാണ് കണ്ടെത്തിയിരുന്നത്. വനം പോലുള്ള ആവാസ വ്യവസ്ഥയ്ക്ക് അതിന്റേതായ സന്തുലിതാവസ്ഥ നിലവിലുണ്ട്. പ്രസ്തുത ആവാസ വ്യവസ്ഥയിലെ ആഹാര ശൃംഖലയിൽ സസ്യങ്ങളും സസ്യഭുക്കുകളും മാംസഭുക്കുകളുമായ വന്യമൃഗങ്ങൾ സഹവസിക്കുന്നു. സസ്യഭുക്കുകളുടെ എണ്ണം പുല്ല് ഉൾപ്പെടെയുള്ള ഭക്ഷ്യയോഗ്യമായ സസ്യങ്ങളുടെ സാന്ദ്രതയുമായി ബന്ധപ്പെട്ടിരിക്കുന്നു. സസ്യഭുക്കുകളുടെ എണ്ണം കൂടുന്ന സാഹചര്യത്തിൽ അവയെ ഭക്ഷിച്ച് ജീവിക്കുന്ന മാംസഭുക്കുകളുടെയും എണ്ണം ആനുപാതികമായി കൂടുന്നതും തദ്വാരാ സസ്യഭുക്കുകളുടെ എണ്ണം കുറയുന്നതും അതുവഴി ടി സസ്യഭുക്കുകളെ ഭക്ഷിച്ചു ജീവിക്കുന്ന മാംസഭുക്കുകളുടെയും എണ്ണം കുറയുന്നതുമാണ്. ഇരയുടെ എണ്ണത്തിലും അവയെ ഭക്ഷിച്ചു ജീവിക്കുന്ന മാംസഭുക്കുകളായ വന്യമൃഗങ്ങളുടെ എണ്ണത്തിലുമുള്ള പാരസ്പര്യം ചെറിയ ഏറ്റക്കുറച്ചിലുകൾക്കുള്ളിൽ നിലനിൽക്കുന്നതായി ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുണ്ട്.

**മണ്ണാർക്കാട് മണ്ഡലത്തിലെ ബഫർ സോൺ**

138(978) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് മണ്ഡലത്തിലെ സംരക്ഷിത വനമേഖലയിലുള്ള ബഫർ സോണിൽ ഉൾപ്പെടുന്ന പ്രദേശങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

മണ്ണാർക്കാട് മണ്ഡലത്തിലെ സൈലന്റ് വാലി ഡിവിഷന്റെ പരിധിയിൽ 8 വില്ലേജുകളാണ് ഇക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെട്ടിട്ടുള്ളത്. അവ കള്ളമല, പാടവയൽ, പാലക്കയം, പയ്യനടം, മണ്ണാർക്കാട്, അലനല്ലൂർ III, കോട്ടോപ്പാടം-I, കോട്ടോപ്പാടം- III എന്നിവയാണ്.

(ബി) സുപ്രീംകോടതി ഉത്തരവ് പ്രകാരം സെൻസിറ്റീവ് സോൺ നിർണ്ണയിച്ചാൽ മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന പഞ്ചായത്തുകളിലെ ഏതൊക്കെ പ്രദേശങ്ങളാണ് ഇതിൽ ഉൾപ്പെടുന്നതെന്ന് വ്യക്തമാക്കാമോ?

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 26-04-2023-ലെ IA No.131377 in WP(C)No.202/95 ഉത്തരവ് പ്രകാരം ഇക്കോ സെൻസിറ്റീവ് സോൺ

നിർണ്ണയിച്ചാൽ മണ്ണാർക്കാട് മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന തെങ്കര, അഗളി, പുതൂർ, അലനല്ലൂർ, കോട്ടോപ്പാടം, കുമരംപുത്തൂർ എന്നീ പഞ്ചായത്തുകളുടെ വനപ്രദേശം മാത്രമാണ് ഇതിൽ ഉൾപ്പെടുന്നത്.

**സംസ്ഥാനത്തിന്റെ വന വിസ്തൃതി**

139(979) **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ നിലവിലെ വനവിസ്തൃതി എത്രയാണെന്ന് വ്യക്തമാക്കുമോ; കഴിഞ്ഞ പത്ത് വർഷക്കാലയളവിനുള്ളിൽ സംസ്ഥാനത്തെ വനവിസ്തൃതിയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ?

സംസ്ഥാനത്തിന്റെ നിലവിലെ വനവിസ്തൃതി 11524.913 $km^2$ ആണ്. വനം വകുപ്പിന്റെ ഭരണ റിപ്പോർട്ട് പ്രകാരം 2016-17 മുതൽ 2020-21 വരെയുള്ള സംസ്ഥാനത്തിന്റെ ആകെ വനവിസ്തൃതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | വന വിസ്തൃതി ($km^2$) |
|---|---|

| | |
|---|---|
| 2016-2017 | 11524.411 |
| 2017-2018 | 11521.812 |
| 2018-2019 | 11520.058 |
| 2019-20 | 11521.993 |
| 2020-21 | 11524.913 |

(ബി) വനവിസ്തൃതിക്ക് ആനുപാതികമായാണോ സംസ്ഥാനത്തെ വനങ്ങളിൽ വന്യമൃഗങ്ങളുടെ എണ്ണമുള്ളത് എന്നതിൽ പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

പഠനം നടത്തിയിട്ടില്ല.

(സി) ഏതൊക്കെ വന്യമൃഗങ്ങളുടെ എണ്ണമാണ് സംസ്ഥാനത്തിന്റെ വനമേഖലയിൽ കുറയുന്നതായി കണ്ടെത്തിയിട്ടുള്ളത്; ഇതിന്റെ കാരണം പഠന വിധേയമാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

വനം-പരിസ്ഥിതി മന്ത്രാലയവും വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയും അംഗീകരിച്ച രീതികൾ അവലംബിച്ചാണ് വന്യജീവികളുടെ

എണ്ണം തിട്ടപ്പെടുത്തുന്നത്. വ്യത്യസ്ത വർഗ്ഗങ്ങളിൽപ്പെട്ട ജീവികൾക്ക് വ്യത്യസ്ത രീതികളാണ് കണക്കെടുപ്പിനായി അവലംബിച്ചുവരുന്നത്. ഒരു ഇനത്തിൽപ്പെട്ട വന്യമൃഗത്തിന്റെ ഏകദേശ എണ്ണമാണ് (Population estimation) ഈ രീതിയിലൂടെ കണ്ടെത്താൻ സാധിക്കുന്നത്. കണക്കെടുപ്പ് നടത്തുന്ന സീസൺ, കണക്കെടുപ്പിന് അവലംബിച്ച രീതി (Direct count/Indirect method) കാലാവസ്ഥാ വ്യതിയാനം, ആവാസ വ്യവസ്ഥയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ തുടങ്ങിയ ഘടകങ്ങളെ ആശ്രയിച്ച് ഓരോ മേഖലയിലും കാണപ്പെടുന്ന വന്യമൃഗങ്ങളുടെ എണ്ണത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാറുണ്ട്.

2017-ലെ കണക്കെടുപ്പ് പ്രകാരം ബ്ലോക്ക് കൗണ്ടിൽ 3,322 കാട്ടാനകളും (സാന്ദ്രത ഒരു $km^2$-ൽ 0.35) ഡങ്ങ് കൗണ്ടിൽ 5706 കാട്ടാനകളും (സാന്ദ്രത ഒരു $km^2$-ൽ 0.59) കേരളത്തിൽ ഉള്ളതായാണ് കണക്കാക്കിയത്. 2023-ലെ കണക്കെടുപ്പ് പ്രകാരം ബ്ലോക്ക് കൗണ്ടിൽ 1920 കാട്ടാനകളും (സാന്ദ്രത ഒരു $km^2$- ൽ 0.20) ഡങ്ങ് കൗണ്ടിൽ 2386 കാട്ടാനകളും (സാന്ദ്രത ഒരു $km^2$-ൽ 0.25) കേരളത്തിലുള്ളതായി

കണക്കാക്കിയിട്ടുണ്ട്. 2023-ലെ കണക്കെടുപ്പിന് താഴെപ്പറയുന്ന കാരണങ്ങളാൽ കൃത്യത കൂടുതലാണ്.

1. ബ്ലോക്ക് വിസ്തീർണ്ണം പ്രായോഗികമായ രീതിയിൽ കുറച്ചിട്ടുണ്ട് (4 $km^2$-നും7.09 $km^2$ ഇടയിൽ, mean 5.76 $km^2$).

2. ട്രാൻസെക്റ്റിന്റെ നീളം കുറച്ചിട്ടുണ്ട് (0.65 km - 1.65 km mean 1.47 km). ആയതിൽനിന്നും നേർരേഖയിലുള്ള ട്രാൻസെറ്റുകൾ സാധ്യമായതും കൗണ്ടിംഗ് ടീമിന് മടുപ്പ് ഉണ്ടാകുന്നത് ഒഴിവാക്കുവാനും കഴിഞ്ഞു.

3. തൊട്ടടുത്ത ബ്ലോക്കുകൾ ഒഴിവാക്കിയതുകൊണ്ട് എണ്ണത്തിൽ ഇരട്ടിപ്പ് വരുവാനുള്ള സാദ്ധ്യത ഒഴിവായി.

4. ഡിജിറ്റൽ മാപ്പുകൾ ഉപയോഗിച്ചതിലൂടെ ഫീൽഡിലെ എണ്ണൽ വേളയിൽ ഉൾപ്പെടെ ബ്ലോക്ക് അതിർത്തികളിൽ വ്യക്തതയുണ്ടായിരുന്നു.

എലിഫന്റ് റിസർവുകളുടെ (ER) അന്തർസംസ്ഥാന അതിർത്തി -957 കി.മീ. ആണ് (വയനാട് ER 242 km തമിഴ്നാട്&കർണാടക,

നിലമ്പൂർ ER 212 km - തമിഴ്നാട്, ആനമുടി ER 214km- തമിഴ്നാട്, പെരിയാർ ER 289 km-തമിഴ്നാട്). ആയതിനാൽ ആനകളുടെ അന്തർ സംസ്ഥാന സഞ്ചാരങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതും സംസ്ഥാനത്തിനുള്ളിലെ കാട്ടാനകളുടെ എണ്ണത്തിൽ മാറ്റം വന്നു കൊണ്ടിരിക്കുന്നതുമാണ്. വരൾച്ച, കാട്ടുതീ എന്നിവ ഇപ്രകാരമുള്ള പാലായനത്തെ വർദ്ധിപ്പിക്കുന്നു.

വയനാട് ലാൻഡ്സ്കേപ്പിൽ 2023-ലെ കടുവകളുടെ കണക്കെടുപ്പിൽ 84 കടുവകളെയാണ് കണ്ടെത്തിയത്. വയനാട് ലാൻഡ്സ്കേപ്പിൽ കടുവകളുടെ സാന്ദ്രത നിലവിൽ ഓരോ 100 ചതുരശ്ര കിലോമീറ്ററിനും 7.7 ആണ്. ഇത് 2018-ൽ രേഖപ്പെടുത്തിയ കടുവകളുടെ സാന്ദ്രതയെക്കാൾ (9.33/100 ച.കി.മി) കുറവാണ്. 2018-ലെ കണക്കെടുപ്പിൽ 120 കടുവകളെയാണ് വയനാട് ലാൻഡ്സ്കേപ്പിൽ കണ്ടെത്തിയിരുന്നത്. ഈ വർഷത്തെ (2023) കണക്കെടുപ്പിൽ കണ്ടെത്തിയ 84 കടുവകളിൽ 45 എണ്ണം (54 ശതമാനം) മുൻകാലങ്ങളിൽ (2016, 2018, 2022) ലഭിച്ചതും ബാക്കിയുള്ള 39 എണ്ണം

(46 ശതമാനം) ഇതുവരെ ക്യാമറ ട്രാപ്പുകളിൽ ലഭിക്കാതിരുന്നവയുമാണ്.

വയനാട് ലാൻഡ്സ്കേപ്പ് കർണ്ണാടക സംസ്ഥാനത്തിലെ നാഗർഹോളെ, ബന്ദിപ്പൂർ, BRT എന്നീ സംരക്ഷിത മേഖലകളും തമിഴ്നാട്ടിലെ മുതുമലൈ, സത്യമംഗലം എന്നീ സംരക്ഷിത മേഖലകളും ഉൾപ്പെട്ട വലിയൊരു ലാൻഡ്സ്കേപ്പിന്റെ ഭാഗമായതിനാൽ കടുവകളുടെ അന്തർസംസ്ഥാന സഞ്ചാരങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയും ആയതനുസരിച്ച് അവയുടെ കണക്കെടുപ്പിൽ വ്യതിയാനങ്ങൾ സംഭവിക്കാറുമുണ്ട്. 2022-ൽ അഖിലേന്ത്യാതലത്തിൽ നടന്ന കടുവകളുടെ കണക്കെടുപ്പിന്റെ സംക്ഷിപ്ത റിപ്പോർട്ട് ഇത് ശരിവയ്ക്കുന്നു. 2022-ലെ കണക്ക് പ്രകാരം നാഗർഹോളയിലെയും ബന്ദിപ്പൂരിലെയും കടുവകളുടെ എണ്ണം കൂടിയതായും എന്നാൽ അതേ ലാൻഡ്സ്കേപ്പിന്റെ ഭാഗമായ വയനാട് ലാൻഡ്സ്കേപ്പിൽ കടുവകളുടെ എണ്ണം കുറഞ്ഞതായും രേഖപ്പെടുത്തിയിട്ടുണ്ട്. 2023-ലെ കണക്കെടുപ്പിൽ വയനാട് ലാൻഡ്സ്കേപ്പിൽ ലഭിച്ച 84 കടുവകളിൽ 39 എണ്ണം (46

ശതമാനം) ഇതിനുമുമ്പ് നടന്ന കണക്കെടുപ്പുകളിൽ (2016, 2018, 2022) ക്യാമറ ട്രാപ്പുകളിൽ ലഭിക്കാതിരുന്നവയാണ് എന്ന കാര്യവും കടുവകളുടെ അന്തർസംസ്ഥാന സഞ്ചാരങ്ങൾ ശരിവയ്ക്കുന്നു. മാത്രമല്ല ഈ വർഷം വയനാട് ലാൻഡ്സ്കേപ്പിൽ നടത്തിയ കണക്കെടുപ്പിൽ ലഭ്യമായ കടുവകളുടെ ആൺ-പെൺ അനുപാതം (1:1.62) ടി ലാൻഡ്സ്കേപ്പിലെ കടുവകളുടെ സഞ്ചയത്തിന്റെ ആരോഗ്യപരമായ വളർച്ചയെ സൂചിപ്പിക്കുന്നു.

**കുളത്തൂപ്പുഴ കിഴക്കൻ വനാതിർത്തിയിലെ മുളങ്കാട് പരിപാലനം**

140(980) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിൽ കുളത്തൂപ്പുഴ കിഴക്കൻ വനാതിർത്തിയിൽ നട്ടുപിടിപ്പിച്ചിട്ടുള്ള മുളങ്കാടുകൾ യഥാസമയം വെട്ടി വിൽക്കാതെ ഉണങ്ങി നശിച്ച് ഭീമമായ നഷ്ടം സംഭവിക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ബി) നിലവിലെ നടപടിക്രമങ്ങളിൽ ഇളവുനൽകി തദ്ദേശീയരായ ആദിവാസികൾക്കും പ്രകൃതിദത്തമായ ഗൃഹോപകരണങ്ങൾ നിർമ്മിക്കുന്നവർക്കും പാകമായ മുളകൾ വാങ്ങുന്നതിന് സൗകര്യമൊരുക്കുന്നതിന് നടപടികൾ കൈക്കൊള്ളുമോ; വിശദമാക്കാമോ?

പുനലൂർ ഫോറസ്റ്റ് ഡിവിഷന്റെ പുതിയ വർക്കിംഗ് പ്ലാൻ നിലവിൽ വരുന്ന മുറയ്ക്ക് ആയതിലെ വ്യവസ്ഥകൾക്കും നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായാണ് തദ്ദേശീയരായ ആദിവാസികൾക്കും പ്രകൃതിദത്തമായ ഗൃഹോപകരണങ്ങൾ നിർമ്മിക്കുന്നവർക്കും പാകമായ മുളകൾ അനുവദിക്കുന്നത്. നിലവിലെ നടപടിക്രമങ്ങളിൽ ഇളവുനൽകി ആദിവാസികൾക്കും പ്രകൃതിദത്തമായ ഗൃഹോപകരണങ്ങൾ നിർമ്മിക്കുന്നവർക്കും പാകമായ മുളകൾ വെട്ടിനൽകുന്നത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 09-02-2018-ലെ സ.ഉ.(കൈ)നം.3/2018/വനം, 21-01-2008-ലെ ജി.ഒ.(ആർ.റ്റി)33/08/വനം നമ്പർ എന്നീ ഉത്തരവുകളിൽ വ്യവസ്ഥകൾ വിശദമാക്കിയിട്ടുണ്ട്.

(സി) പാകമായ മുളകൾ മുറിച്ചാൽ മാത്രമെ പുതിയവ കിളിർത്ത് വന്യമൃഗങ്ങൾക്ക് ഭക്ഷണം ആക്കാൻ കഴിയുകയുള്ളൂ എന്നത് പരിഗണിച്ച് പ്രസ്തുത വിഷയത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പുനലൂർ ഫോറസ്റ്റ് ഡിവിഷന്റെ വർക്കിംഗ് പ്ലാൻ 31-03-2021-ൽ അവസാനിച്ചിട്ടുള്ളതാണ്. പുതിയ വർക്കിംഗ് പ്ലാനിന്റെ അംഗീകാര പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. പുതിയ വർക്കിംഗ് പ്ലാൻ നിലവിൽവരുന്ന മുറയ്ക്ക് മാത്രമെ പാകമായ മുളകൾ മുറിച്ച് മാറ്റാൻ കഴിയുകയുള്ളൂ.

**മലപ്പുറം ജില്ലയിലെ ബഫർ സോൺ മേഖല**

141(981) <u>ശ്രീ. യു. എ. ലത്തീഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ഏതൊക്കെ പ്രദേശങ്ങളാണ് ബഫർ സോൺ മേഖലയായി നിർണ്ണയിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ?

സൈലന്റ് വാലി നാഷണൽ പാർക്കിലെ മലപ്പുറം ജില്ലയിലെ ബഫർസോൺ പ്രൊപ്പോസൽ ചെയ്ത ഇക്കോ സെൻസിറ്റീവ് സോണിൽ കരുവാരകുണ്ട്, കേരള എസ്റ്റേറ്റ്, ചോക്കാട്, കാളികാവ് എന്നീ വില്ലേജുകളിൽപ്പെട്ടതും ചോക്കാട്, കാളികാവ്, കരുവാരക്കുണ്ട് എന്നീ പഞ്ചായത്തുകളിൽ ഉൾപ്പെടുന്നതുമായ വനഭൂമിയാണുള്ളത്.

മലപ്പുറം ജില്ലയിലെ കരിമ്പുഴ വന്യജീവി സങ്കേതത്തിന്റെ ഇക്കോ സെൻസിറ്റീവ് സോൺ നിർണ്ണയിക്കുന്നതിനുള്ള പ്രൊപ്പോസലിൽ വഴിക്കടവ്, ചോക്കാട്, കരുളായി, അമരമ്പലം എന്നീ പഞ്ചായത്തുകളിലെ വനഭാഗങ്ങൾ ഉൾപ്പെടുന്നു.

(ബി) ബഫർ സോൺ മേഖലയിൽനിന്ന് ജനവാസ കേന്ദ്രങ്ങളെയും കൃഷിയിടങ്ങളെയും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

സൈലന്റ് വാലി ദേശീയോദ്യാനത്തിന്റെയും കരിമ്പുഴ വന്യജീവി സങ്കേതത്തിന്റെയും ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ ജനവാസകേന്ദ്രങ്ങളും കൃഷിയിടങ്ങളും ഒഴിവാക്കിയാണ് സമർപ്പിച്ചിട്ടുള്ളത്.

## എയ്ഞ്ചൽവാലി, പമ്പാവാലി പ്രദേശങ്ങളെ പെരിയാർ കടുവാസങ്കേത പരിധിയിൽ നിന്ന് ഒഴിവാക്കാൻ നടപടി

142(982) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജമണ്ഡലത്തിൽപ്പെട്ട എരുമേലി ഗ്രാമപഞ്ചായത്തിലെ എയ്ഞ്ചൽവാലി, പമ്പാവാലി പ്രദേശങ്ങളെ പെരിയാർ കടുവാസങ്കേത പരിധിയിൽനിന്ന് ഒഴിവാക്കുന്നതിനുള്ള സംസ്ഥാന വന്യജീവി ബോർഡിന്റെ 19-01-2023-ലെ തീരുമാനം കേന്ദ്ര വനം-വന്യജീവി ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പ്രദേശത്തെ ജനവാസ മേഖലകൾ വനഭൂമിയിൽനിന്ന് ഒഴിവാക്കുന്നതിനും പെരിയാർ കടുവാസങ്കേതത്തിന്റെ അതിർത്തി നിർണ്ണയത്തിൽ വ്യക്തത വരുത്തുന്നതിനുമായുള്ള സംസ്ഥാന വന്യജീവി ബോർഡിന്റെ തീരുമാനം കേന്ദ്ര വനം വന്യജീവി ബോർഡിന്റെ

പരിഗണനയ്ക്ക് സമർപ്പിച്ച് അംഗീകാരം നേടിയെടുക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) എയ്ഞ്ചൽവാലി, പമ്പാവാലി പ്രദേശങ്ങളെ പെരിയാർ കടുവാസങ്കേത പരിധിയിൽനിന്ന് ഒഴിവാക്കുന്നതിനുള്ള സംസ്ഥാന വന്യജീവി ബോർഡിന്റെ 19-01-2023-ലെ തീരുമാനപ്രകാരം, വിശദമായ പ്രൊപ്പോസൽ, കേന്ദ്ര വന്യജീവി ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനായുള്ള സത്വര നടപടികൾ വനംവകുപ്പ് സ്വീകരിച്ചുവരികയാണ്.

**വനം വകുപ്പിലെ ജണ്ട നിർമ്മാണത്തിലെ ക്രമക്കേട്**

143(983) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 ആഗസ്റ്റ് 27-ന് മലയാള മനോരമ ദിനപത്രത്തിൽ ജണ്ട ക്രമക്കേട് കീഴ്ജീവനക്കാരെ മാത്രം കുടുക്കാൻ നീക്കം എന്ന തലക്കെട്ടിൽ പ്രസിദ്ധീകരിച്ച വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ടി പത്രവാർത്തക്ക് മുൻപുതന്നെ ജണ്ട നിർമ്മാണവുമായി ബന്ധപ്പെട്ട് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ വനം വിജിലൻസ് വിഭാഗം ഫ്ളയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരുടെ നേതൃത്വത്തിൽ ടീം രൂപീകരിച്ച് ജണ്ട നിർമ്മാണത്തിൽ ക്രമക്കേടുകൾ നടന്നിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അതിലെ ഉദ്യോഗസ്ഥരുടെ വീഴ്ച സംബന്ധിച്ചും അന്വേഷണം ആരംഭിച്ചിരുന്നു.

(ബി) 2019-20 & 2020-21 വർഷങ്ങളിൽ വനാതിർത്തി വേർതിരിക്കൽ പദ്ധതി നടപ്പാക്കിയതിലെ ക്രമക്കേടുകൾക്ക് ജണ്ട നിർമ്മാണ പദ്ധതിയുടെ ചുമതല വഹിക്കുന്ന പി.സി.സി.എഫ്. അടക്കമുള്ള ഉന്നത ഉദ്യോഗസ്ഥർക്ക് യാതൊരു ഉത്തരവാദിത്വവും ഇല്ലെന്ന് അന്വേഷണ സംഘം കണ്ടെത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; ഓരോ കേസിലും ആരെയൊക്കെ ഉത്തരവാദിയായി അന്വേഷണ സംഘം കണ്ടെത്തിയിട്ടുണ്ടെന്ന് വിശദീകരിക്കാമോ?

2019-2020, 2020-21 വർഷങ്ങളിൽ വനാതിർത്തി വേർതിരിക്കൽ പദ്ധതിയിലെ ജണ്ട നിർമ്മാണവുമായുള്ള ക്രമക്കേടുകൾക്ക് പ്രിൻസിപ്പൽ

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് പങ്കുള്ളതായി നാളിതുവരെ അന്വേഷണത്തിൽ കണ്ടെത്തിയിട്ടില്ല. എന്നാൽ പാലോട് റെയ്ഞ്ചിലെ പെരിങ്ങമല സെക്ഷനിലെ ജണ്ട നിർമ്മാണത്തിലെ ക്രമക്കേടുകൾക്ക് കുറ്റക്കാരായി കണ്ടെത്തിയ ശ്രീ. ബി. അജിത്കുമാർ, റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ, ശ്രീ. ആർ. ബി. അരുൺകുമാർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവർ ഉത്തരവാദികളാണെന്ന് വനംവകുപ്പ് വിജിലൻസ് വിഭാഗം കണ്ടെത്തുകയും അച്ചടക്ക നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. കൂടാതെ ഈ വിഷയവുമായി ബന്ധപ്പെട്ട് തുടർ അന്വേഷണം പൂർത്തീകരിച്ചാൽ മാത്രമെ മറ്റ് ജീവനക്കാർക്ക് വീഴ്ച ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുവാൻ കഴിയൂ.

(സി) 2019-20&2020-21 വർഷങ്ങളിലെ ജണ്ട നിർമ്മാണ പ്രവൃത്തികളിന്മേൽ കണ്ടെത്തിയ ക്രമക്കേടുകൾക്ക് കേരള ഫോറസ്റ്റ് കോഡ് അനുശാസിക്കും പ്രകാരം ഉത്തരവാദികളായ എല്ലാ ഉദ്യോഗസ്ഥർക്കെതിരെയും അന്വേഷണ സംഘം അച്ചടക്ക നടപടിക്കായി

ശിപാർശ സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം സഹിതമുള്ള വിവരങ്ങൾ വിശദീകരിക്കാമോ?

ഉണ്ട്.

(ഡി) പ്രസ്തുത കാലത്ത് വിവിധ വനമേഖലകളിൽ നടന്ന ജണ്ട നിർമ്മാണ പ്രവൃത്തികളിന്മേൽ കണ്ടെത്തിയ എല്ലാ ക്രമക്കേടുകൾക്കും വനംവകുപ്പ് ഒരേ നിലപാടാണോ സ്വീകരിച്ചിട്ടുള്ളതെന്നും ഏതെങ്കിലും കേസിൽ വ്യത്യസ്ത നിലപാട് സ്വീകരിച്ചിട്ടുണ്ടോയെന്നും വിശദീകരിക്കാമോ?

ജണ്ട നിർമ്മാണവുമായി ബന്ധപ്പെട്ട് വിജിലൻസ് വിഭാഗം നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയ അപാകതകളിന്മേൽ ഒരേ നിലപാട് തന്നെയാണ് സ്വീകരിച്ചിട്ടുള്ളത്.

**അഗളി കാഞ്ഞിരപ്പുഴ മേഖലയിലെ വനഭൂമി സംരക്ഷണം**

144(984) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് അഗളി കാഞ്ഞിരപ്പുഴ മേഖലയിൽ 500 ഏക്കർ വനഭൂമി സംരക്ഷിക്കപ്പെടണമെന്ന് ആവശ്യപ്പെട്ട് വൺ എർത്ത് വൺ ലൈഫ് എന്ന സംഘടന നൽകിയ ഹർജി പരിഗണിച്ചുകൊണ്ട് ഹൈക്കോടതി നൽകിയ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഭൂമി സംരക്ഷിക്കുന്നതിനായി നാളിതുവരെ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിൽ പറയുന്ന ടി സ്ഥലം മണ്ണാർക്കാട് ഡിവിഷൻ പരിധിയിലെ മണ്ണാർക്കാട് റെയിഞ്ചിനുകീഴിൽ പാലക്കയം സ്റ്റേഷൻ പരിധിയിലുള്ള മുണ്ടനാട് മലവാരത്തിന്റെ ഭാഗമാണ്. ടി പ്രദേശം നിലവിൽ ജണ്ട കെട്ടി വനഭൂമിയായി സംരക്ഷിച്ചുവരുന്നു.

**വനാവകാശികൾക്കുള്ള ക്ഷേമ പ്രവർത്തനങ്ങൾ**

145(985) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനഭ്രൂമിയിൽ താമസിക്കുന്ന കുടുംബങ്ങളിൽ എത്ര വർഷം കഴിഞ്ഞവരെയാണ് വനാവകാശികളായി പ്രഖ്യാപിക്കുന്നതെന്ന് അറിയിക്കാമോ?

വനാവകാശ നിയമപ്രകാരം നിർവ്വചിച്ച വനവാസി പട്ടികവർഗ്ഗ വിഭാഗക്കാരും 13-12-2005 വരെ 75 കൊല്ലക്കാലമെങ്കിലും (അല്ലെങ്കിൽ 25 കൊല്ലം വീതമുള്ള തുടർച്ചയായ 3 തലമുറകൾ) തലമുറകളായി വനത്തിനകത്ത് ജീവിച്ചുപോരുന്ന മറ്റ് വിഭാഗത്തിൽപ്പെട്ട പരമ്പരാഗത വനവാസി കുടുംബങ്ങളുമാണ് 2006-ലെ വനാവകാശ നിയമ പ്രകാരം വനാവകാശത്തിന് അർഹരായവർ.

(ബി) അങ്ങനെ പ്രഖ്യാപിക്കുന്ന കുടുംബങ്ങൾക്ക് സർക്കാരിൽനിന്നും എന്തെല്ലാം ധനസഹായങ്ങൾ അനുവദിച്ചുകിട്ടുമെന്ന് വ്യക്തമാക്കുമോ?

2006-ലെ വനാവകാശ നിയമ പ്രകാരം വനാവകാശം കൽപ്പിച്ചു നൽകിയവർക്ക് അപ്രകാരം നൽകിയ വനഭ്രൂമിയിന്മേൽ നിബന്ധനകളോടെ കൈവശാവകാശം ലഭിക്കുന്നു. ടി വനഭ്രൂമിയിൽ വീട് വയ്ക്കുന്നതിനും ഉപജീവനത്തിനായി കൃഷി ചെയ്യുന്നതിനുമുള്ള അവകാശം

ഉണ്ടായിരിക്കും. എന്നാൽ ടി ഭൂമി കൈമാറ്റം ചെയ്യാൻ സാധിക്കുന്നതല്ല. 2006-ലെ വനാവകാശ നിയമപ്രകാരം കൈവശാവകാശ രേഖ ലഭിക്കുന്നവർക്ക് സർക്കാരിൽനിന്ന് ധനസഹായം ലഭിക്കുന്നതിന് വനാവകാശ നിയമത്തിൽ വ്യവസ്ഥയില്ല.

(സി) വനാവകാശികളുടെ ഉന്നമനത്തിനായി സർക്കാർ വനാവകാശ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ ഘടന അറിയിക്കാമോ?

ഉണ്ട്. വനാവകാശ നിയമം നടപ്പാക്കുന്നതിന്റെ ആദ്യപടിയായി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ ഗ്രാമസഭകൾ വിളിച്ചുകൂട്ടുന്നു. ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആയിരിക്കും ഗ്രാമസഭയുടെ സെക്രട്ടറി. ഗ്രാമസഭയുടെ ആദ്യ യോഗത്തിൽത്തന്നെ 10-നും 15-നും ഇടയ്ക്ക് അംഗങ്ങളുള്ള വനാവകാശ നിർണ്ണയ സമിതിയെ (FRC) തെരഞ്ഞെടുക്കുന്നു. എല്ലാ ആദിവാസി വിഭാഗങ്ങളുടെയും പ്രാതിനിധ്യം സമിതിയിൽ ഉറപ്പു വരുത്തേണ്ടതാണ്. ആദിവാസി മേഖലകളിലുള്ള സമിതികളിൽ മൂന്നിലൊന്നെങ്കിലും അംഗങ്ങൾ സ്ത്രീകളായിരിക്കണം. വനാവകാശ

നിർണ്ണയ സമിതി അംഗങ്ങളിൽനിന്ന് അതിന്റെ ചെയർമാനെയും സെക്രട്ടറിയെയും തിരഞ്ഞെടുക്കുന്നു.

**പൂഞ്ഞാർ മണ്ഡലത്തിലെ വനാതിർത്തിയിലുള്ള പട്ടയ ഭൂമികൾ ഏറ്റെടുക്കുന്ന നടപടി**

146(986) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ എരുമേലി പഞ്ചായത്തിലെ ഒമ്പതാം വാർഡിൽ, എരുമേലി തെക്ക് വില്ലേജിൽ, ഇരുമ്പൂന്നിക്കര ഭാഗത്ത് ഏതാനും പേരുടെ പട്ടയഭൂമികൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ വനം വകുപ്പ് സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത ഭൂമി ഏറ്റെടുക്കൽ നടപടി അടിയന്തരമായി നിർത്തിവയ്ക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) റീബിൽഡ് കേരള പദ്ധതിയിൽ എരുമേലി പഞ്ചായത്തിലെ ഒൻപതാം വാർഡിൽ എരുമേലി തെക്കുവില്ലേജിൽ ഇരുമ്പൂന്നിക്കര ഭാഗത്ത് സ്വമേധയാ പദ്ധതിയിൽ അംഗമാകുവാൻ താത്പര്യം കാണിച്ച് 21

അപേക്ഷകൾ ലഭിക്കുകയും ആയതിന്റെ പരിശോധന റെയിഞ്ച് ലെവൽ കമ്മിറ്റിയിലും ഡിവിഷണൽ ലെവൽ കമ്മിറ്റിയിലും പൂർത്തീകരിച്ച് തുടർ പരിശോധനയ്ക്കായി പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ എൽ.എ. വിഭാഗത്തിൽ രേഖകൾ പരിശോധിച്ചുവരുന്നു.

**മലപ്പുറം ജില്ലയിലെ വനഭൂമി**

147(987) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ സംയുക്ത പരിശോധനയുടെ ഭാഗമായി എത്ര ഏക്കർ വനഭൂമി വിതരണത്തിനായി ലഭ്യമായിട്ടുണ്ട്; താലൂക്ക് തിരിച്ചുള്ള കണക്കുകൾ അറിയിക്കാമോ;

(ബി) ഇത്തരത്തിൽ എത്ര ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ട്; കണ്ടെത്തിയ ഭൂമിയിൽ എത്ര ഏക്കർ ഭൂമി വിതരണം ചെയ്തു; താലൂക്കടിസ്ഥാനത്തിലുള്ള കണക്ക് വ്യക്തമാക്കാമോ?

(എ&ബി) മലപ്പുറം ജില്ലയിൽ വിതരണത്തിനായി വനഭൂമി ലഭ്യമല്ല. എന്നാൽ മലപ്പുറം ജില്ലയിൽ നിലമ്പൂർ താലൂക്കിൽ നിലമ്പൂർ സൗത്ത്,

നിലമ്പൂർ നോർത്ത് എന്നീ വനം ഡിവിഷനുകളിലായി നിക്ഷിപ്ത വനഭൂമിയിൽ ഉൾപ്പെട്ട 197.4096 ഹെക്ടർ സ്ഥലം 01-01-1977-ന് മുമ്പുള്ള വനം കയ്യേറ്റമായി സംയുക്ത സർവ്വേയിൽ കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ഡബ്ല്യൂ.പി.സി. 4501/18 & ഡബ്ല്യൂ.എ. 694/19 എന്നീ കേസുകളിൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ നിക്ഷിപ്ത വനഭൂമിയിലുള്ള ടി കയ്യേറ്റങ്ങൾ പതിച്ച് നൽകുവാൻ കഴിയാത്തതാണ്.

**വനാതിർത്തി വേർതിരിക്കൽ പദ്ധതി**

148(988) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വന ഡിവിഷനിൽ 2019-20, 2020-21 കാലയളവിൽ വനാതിർത്തി വേർതിരിക്കൽ പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച ജണ്ടകളിൽ, വനം വിജിലൻസ് പരിശോധനയിൽ കണ്ടെത്താൻ കഴിയാത്ത ജണ്ടകളുടെ എണ്ണം, ആയതിന് ചെലവഴിച്ച തുക എന്നിവ

വ്യക്തമാക്കാമോ; നഷ്ടമായ തുക ഉത്തരവാദികളിൽനിന്നും ഈടാക്കിയോ; എങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കാമോ?

തിരുവനന്തപുരം വനം ഡിവിഷനിൽ 2019-20, 2020-21 കാലയളവിൽ വനാതിർത്തി വേർതിരിക്കൽ പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച ജണ്ടകളിൽ വനം വിജിലൻസ് പരിശോധനയിൽ കണ്ടെത്താൻ കഴിയാത്തത് 218 ജണ്ടകളും ആയവയുടെ നിർമ്മാണത്തിനായി ചെലവായത് 20,86,466/- രൂപയുമാണ്. ടി 218 ജണ്ടകളിൽ ഭൂരിഭാഗവും തുടർന്ന് നടത്തിയ പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളതും ബാക്കി പരിശോധന പൂർത്തിയാക്കി ജണ്ടകളുടെ എണ്ണം ലഭ്യമായാൽ മാത്രമെ കണക്കാക്കപ്പെട്ടിട്ടുള്ള നഷ്ടം ഉത്തരവാദികളിൽനിന്നും ഈടാക്കാൻ സാധിക്കുകയുള്ളൂ.

(ബി) വനം വിജിലൻസിന്റെ പരിശോധനയിൽ വെരി ബാഡ്, ബാഡ്, മാനേജബിൾ എന്നീ വിഭാഗത്തിൽ ഉൾപ്പെട്ടതായി കണ്ടെത്തിയിട്ടുള്ള ജണ്ടകളുടെ ഇനം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ; ഇവയുടെ

പുനർനിർമ്മാണത്തിന് എത്ര തുക വീതം ചെലവഴിക്കേണ്ടിവരുമെന്ന് വ്യക്തമാക്കാമോ?

വനം വിജിലൻസ് ജണ്ട പരിശോധന നടത്തിയത് സാമ്പിൾ പരിശോധനയിലൂടെയാണ്. മേൽ രീതിയിലുള്ള പരിശോധനയിൽ കണ്ടെത്തിയ ജണ്ടകൾ വെരിബാഡ്-961 എണ്ണം, ബാഡ്-2226 എണ്ണം, മാനേജബിൾ-746 എണ്ണം എന്നിങ്ങനെയാണ്. ആയതിൽ അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗയോഗ്യമാക്കാൻ പറ്റുന്നവ, പുനർനിർമ്മിക്കേണ്ടവ എന്നിവയുടെ പരിശോധനയും കണക്കെടുപ്പും പുരോഗമിച്ചുവരുന്നതേയുള്ളൂ. ആയത് പൂർത്തിയാക്കിയാൽ മാത്രമെ പുനർനിർമ്മിക്കുന്നതിനും അറ്റകുറ്റപ്പണികൾക്കും ആവശ്യമായിവരുന്ന തുക കണക്കാക്കാൻ സാധിക്കുകയുള്ളൂ.

(സി) പുനർനിർമാണത്തിനാവശ്യമായ തുക കണ്ടെത്താൻ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

പുനർനിർമ്മാണത്തിന് ആവശ്യമായ തുക പദ്ധതി ശീർഷകത്തിൽ ആദ്യം വകയിരുത്തുകയും പിന്നീട് ജണ്ട നിർമ്മാണ പ്രവൃത്തി ഏറ്റെടുത്ത്

നഷ്ടം വരുത്തിയ കോൺട്രാക്ടറിൽനിന്നും ടി പ്രവൃത്തിക്ക് മേൽനോട്ടം വഹിച്ച ഉദ്യോഗസ്ഥരിൽനിന്ന് നഷ്ടം ഈടാക്കിയുമാണ് തുക കണ്ടെത്തുന്നത്.

(ഡി) വകുപ്പിലെ അഴിമതി കേസുകൾ പോലീസ്, വിജിലൻസ് അന്വേഷണത്തിന് നൽകുന്നതിന്റെ അടിസ്ഥാന മാനദണ്ഡങ്ങൾ എന്താണെന്ന് വിശദമാക്കാമോ?

വകുപ്പിലെ അഴിമതി കേസുകൾ പോലീസ്, വിജിലൻസ് അന്വേഷണത്തിന് നേരിട്ട് നൽകുന്നതിന് അടിസ്ഥാന മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ല. എന്നാൽ ഇത്തരം വിഷയങ്ങളിൽ അതത് സമയം ഇത്തരം അന്വേഷണത്തിന് വകുപ്പ് തലത്തിൽ നിന്നും ശിപാർശ ലഭിക്കാറുണ്ട്.

**പാട്ടക്കാലാവധി കഴിഞ്ഞ വനഭൂമി**

149(989) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാട്ട വ്യവസ്ഥയിൽ സ്വകാര്യ വ്യക്തികൾക്ക് നൽകിയിരിക്കുന്ന വനഭൂമിയുടെ കണക്കുകൾ സംബന്ധിച്ച് സർക്കാർ

വിവര ശേഖരണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

സംസ്ഥാനത്ത് പാട്ട വ്യവസ്ഥയിൽ സ്വകാര്യ വ്യക്തികൾക്ക് നൽകിയിരിക്കുന്ന വനഭൂമിയുടെ വിശദാംശങ്ങൾ വനം സർക്കിൾ തിരിച്ച് ചുവടെ ചേർക്കുന്നു.

| ക്രമ. നം | സർക്കിൾ | വിസ്തൃതി (ഹെക്ടർ) |
|---|---|---|
| 1 | സതേൺ സർക്കിൾ, കൊല്ലം | 0.0487 |
| 2 | സെൻട്രൽ സർക്കിൾ, തൃശ്ശൂർ | 81.6886 |
| 3 | ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | 3074.9170 |
| 4 | നോർത്തേൺ സർക്കിൾ, കണ്ണൂർ | 198.1153 |
| 5 | വന്യജീവി വിഭാഗം & ഫീൽഡ് ഡയറക്ടർ, പാലക്കാട് | 319.5663 |
| | ആകെ | 3674.3359 |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വകാര്യ വ്യക്തികൾക്ക് പാട്ട വ്യവസ്ഥയിൽ വനഭൂമി കൈമാറിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഇല്ല.

(സി) പാട്ട കാലാവധി കഴിഞ്ഞിട്ടും കൈവശം വച്ചിരിക്കുന്ന വനഭൂമി തിരിച്ചുപിടിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

പാട്ടകാലാവധി കഴിഞ്ഞിട്ടും കൈവശം വച്ചിരിക്കുന്ന വനഭൂമി തിരിച്ചുപിടിക്കുന്നതിന്റെ ഭാഗമായി വ്യക്തികൾക്ക് നോട്ടീസ് നൽകി നടപടി സ്വീകരിച്ചുവരുന്നു. എന്നാൽ ചില പാട്ടഭൂമികളുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ കേസ് നടന്നുവരുന്നതിനാൽ ഭൂമി തിരിച്ചുപിടിക്കാനായിട്ടില്ല.

(ഡി) പാട്ട കാലാവധി കഴിഞ്ഞ എത്ര ഭൂമിയാണ് തിരികെ ലഭിക്കാനുള്ളതെന്ന് അറിയിക്കാമോ?

സ്വകാര്യ വ്യക്തികൾ പാട്ടക്കാലാവധി കഴിഞ്ഞ് കൈവശം വച്ചിരിക്കുന്ന 592.6647 ഹെക്ടർ വനഭൂമി തിരികെ ലഭിക്കാനുണ്ട്.

**കുടിയേറ്റ കർഷകരെ ഇറക്കിവിടുന്ന നടപടി**

150(990) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1993-ലെ കേരള ഭൂമി പതിച്ചുനൽകൽ (1-1-1977-ന് മുമ്പ് വന ഭൂമിയിൽ നടത്തിയിട്ടുള്ള കുടിയേറ്റങ്ങൾ ക്രമപ്പെടുത്തൽ) പ്രത്യേക ചട്ടങ്ങളുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിലെ ഡബ്ല്യൂ.പി.(സി)4501/2018 & ഡബ്ല്യൂ.എ. 694/2019 നമ്പർ റിട്ട് ഹർജികളിലുണ്ടായിരുന്ന വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കുടിയേറ്റ കർഷകരെ ഇറക്കിവിടുന്നതിന് വനം വകുപ്പ് നോട്ടീസ് നൽകിയിരുന്നോ?

ഇല്ല.

(ബി) പ്രസ്തുത വിധിന്യായം ഭേദഗതി ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും വെസ്റ്റഡ് ഫോറസ്റ്റ്, ഇ.എഫ്.എൽ. റിസർവ്വ് ഫോറസ്റ്റ് എന്നിവയിലെ 01-01-1977-ന് മുമ്പുള്ള കയ്യേറ്റങ്ങൾ ഒഴിപ്പിക്കൽ നടപടികൾ അടിയന്തരമായി നിർത്തിവയ്ക്കാനാവശ്യമായ ഉത്തരവ് നൽകണമെന്ന് കോടതിയോട് അഭ്യർത്ഥിക്കണമെന്നുമുള്ള ആവശ്യങ്ങൾ അംഗീകരിക്കുവാൻ നിർവ്വാഹമില്ലെന്ന് വനം വകുപ്പ് 10-07-2019-ലെ എഫ്.ഡബ്ല്യൂ.എൽ.ഡി.-സി1/38/2018 നമ്പർ കത്ത് മുഖേന ബന്ധപ്പെട്ടവരെ അറിയിച്ചിരുന്നോ; വിശദാംശം നൽകാമോ?

ശ്രീ. എൻ കെ. ശിവരാമൻ, ചെയർമാൻ, കേരള കർഷക സഹകരണ അസോസിയേഷൻ, കവശ്ശേരി പി. ഒ., ആലത്തൂർ എന്ന അപേക്ഷകന് 10-07-2019-ലെ എഫ്.ഡബ്ള്യൂ.എൽ.ഡി.സി.1/38/2018 നമ്പർ കത്ത് പ്രകാരം മറുപടി നൽകിയിട്ടുണ്ട്.

**ഏലം കുത്തകപ്പാട്ട ഭൂമിയുടെ വിശദാംശങ്ങൾ**

151(991) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ഏലം കുത്തകപ്പാട്ട ഭൂമിയുടെ വിശദാംശങ്ങൾ സംബന്ധിച്ച് സുപ്രീംകോടതി സർക്കാരിന്റെ റിപ്പോർട്ട് തേടിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ വിശദാംശങ്ങളാണ് കോടതി ആവശ്യപ്പെട്ടിട്ടുള്ളത്?

ഉണ്ട്. ബഹു. സുപ്രീം കോടതിയിൽ നിലവിലുള്ള, ശ്രീ ഗോദവർമ്മൻ തിരുമുൽപ്പാട് Vs യൂണിയൻ ഓഫ് ഇന്ത്യ, കേസ് WP(C) No. 202/95-ലെ IA 1408/2005, IA 1457/2005, IA 1462/2005, IA 1787/2007, IA 1863-1864/2007 & IA 3453/2012 പ്രകാരമുള്ള ഹർജികൾ 17-02-2023 തീയതിയിൽ ബഹു. കോടതി പരിഗണിക്കുകയും കാർഡമം ഹിൽ

റിസർവ്വുമായി ബന്ധപ്പെട്ട ചുവടെ ചേർക്കുന്ന വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ബഹു. സുപ്രീംകോടതി സർക്കാരിന് 12-07-2023 മുതൽ ആറ് ആഴ്ചത്തെ സമയം സർക്കാരിന് അനുവദിച്ച് നല്കുകയുണ്ടായി.

i) To file an affidavit indicating how many (a) pattas, (b) leases, (c) renewal of leases, (d) change of land use, (e) sale, (f) transfer has been permitted in the Cardamom Hill Reserve (CHR) area after 25.10.1980 i.e. date of coming into force of Forest (Conservation) Act, 1980.

ii) To file an affidavit indicating the extent of land within the CHR under the possession and control of Revenue Department and Forest Department respectively.

iii) To produce the report of Expert Committee constituted by State of Kerala pursuant of the orders of this Hon'ble Court dated 12-12-1996 in respect of CHR area.

iv) To file a compilation of all the relevant acts, rules and regulations mentioned in the CEC Report and the affidavit filed by the State Government.

(ബി) ഇത് സംബന്ധിച്ച് സർക്കാർ നൽകിയ മറുപടിയുടെ പ്രസക്ത ഭാഗങ്ങൾ വ്യക്തമാക്കുമോ?

ബഹു. സുപ്രീംകോടതി മുമ്പാകെ സമർപ്പിക്കേണ്ട മറുപടി തയ്യാറാക്കിവരുന്നു.

**കാലാവസ്ഥ വ്യതിയാനം മൂലമുള്ള അപകടങ്ങൾ തടയാൻ നടപടി**

152(992)ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥ വ്യതിയാനംമൂലം വനമേഖലയിൽ ഉണ്ടാകുന്ന അപകടകരമായ സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

കാലാവസ്ഥാ വ്യതിയാനംമൂലം വനമേഖലയിൽ അപകടകരമായ സ്ഥിതിവിശേഷം ഉണ്ടായിട്ടില്ല. എന്നാൽ പരിസ്ഥിതിക്കും

ആവാസവ്യവസ്ഥയ്ക്കും ദോഷകരമായ കാലിക പ്രാധാന്യം നഷ്ടപ്പെട്ടതുമായ വിദേശ ഏകവിള തോട്ടങ്ങൾ ഘട്ടംഘട്ടമായി നീക്കം ചെയ്യുന്നതിനും സ്വാഭാവിക വന പുന:സ്ഥാപനം നടത്തുന്നതിനും നയരേഖ വിഭാവനം ചെയ്തിട്ടുണ്ട്.

(ബി) എങ്കിൽ വനസംരക്ഷണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വ്യക്തമാക്കാമോ?

വനത്തിന്റെ ആവാസ വ്യവസ്ഥയെ അത്യധികം പ്രതികൂലമായി ബാധിക്കുന്ന അധിനിവേശ കള സസ്യങ്ങളെ നീക്കം ചെയ്യുന്നതിനും തദ്ദേശീയ ഇനങ്ങളെ വച്ചുപിടിപ്പിക്കുന്നതിനും സസ്യങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്തുന്ന മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങളും 17-12-2021-ലെ സ.ഉ.(കൈ) നം.29/2021/വനം പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള കേരളത്തിലെ സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം സംബന്ധിച്ച നയരേഖയിൽ വിഭാവനം ചെയ്തിട്ടുണ്ട്. അതോടൊപ്പം അധിനിവേശ സസ്യങ്ങളെ നിർമ്മാർജ്ജനം ചെയ്യുന്നതിന് വാച്ചർമാരെയും നിയോഗിച്ചുവരുന്നുണ്ട്.

(സി) ഇത് പരിഹരിക്കുന്നതിനായി സ്വാഭാവിക വനങ്ങൾ പുനഃസ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കാമോ?

17-12-2021-ലെ സ.ഉ.(കൈ) നം.29/2021/വനം പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള കേരളത്തിലെ സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം സംബന്ധിച്ച നയരേഖ പ്രകാരം അക്കേഷ്യ, യൂക്കാലിപ്റ്റസ്, വാറ്റിൽ തുടങ്ങിയ വിദേശ ഏകവിള തോട്ടങ്ങൾ ഘട്ടംഘട്ടമായി നീക്കം ചെയ്ത് അവയെ സ്വാഭാവിക വനങ്ങളായി പുനഃസ്ഥാപനം നടത്തുവാനും, വനത്തിന്റെ ആവാസ വ്യവസ്ഥയെ അത്യധികം പ്രതികൂലമായി ബാധിക്കുന്ന സെന്ന, ലെൻറാന, മൈക്കേനിയ തുടങ്ങിയ കള സസ്യങ്ങളെ യുദ്ധകാലാടിസ്ഥാനത്തിൽ നീക്കം ചെയ്ത് സ്വാഭാവികമായി കാണപ്പെടുന്ന തദ്ദേശ ഇനം സസ്യങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്തുന്നതിനും, മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങളും വിഭാവനം ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ഉദ്ദേശം 27,000 ഹെക്ടർ സ്ഥലത്ത് നടത്തേണ്ട ഈ ബൃഹത് പദ്ധതി രണ്ട് പതിറ്റാണ്ടുകൊണ്ട് പൂർത്തീകരിക്കാനാണ് നയരേഖയിൽ ഉദ്ദേശിച്ചിട്ടുള്ളത്.

**വനവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ**

153(993) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഹൈക്കോടതിയുടെ ഡബ്ല്യു.പി.(സി) നം.4501/2018 ആന്റ് ഡബ്ല്യു.എ. നം.694/2019 നമ്പർ വിധിന്യായ പ്രകാരം പാലക്കാട് ജില്ലയിലെ പാലക്കാട് താലൂക്കിൽ പുതുപരിയാരം നം.1 വില്ലേജിൽ പരേതനായ ദാമോദരന്റെ അനന്തരാവകാശികൾ കൈവശം വച്ചുവരുന്ന ഭൂമിയിലെ റബ്ബർ മരങ്ങൾ വനം വകുപ്പ് മുറിച്ചുമാറ്റി വനവൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുപോലുള്ള സ്ഥലങ്ങളിലെ റബ്ബർ മരങ്ങൾ മുറിച്ചുമാറ്റി വനവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കണമെന്ന് വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഭൂമി 1979-ൽ നിക്ഷിപ്ത വനഭൂമിയായി വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. ഇന്ത്യാ ഗവൺമെന്റ് അംഗീകരിച്ച പാലക്കാട് ഫോറസ്റ്റ് ഡിവിഷന്റെ 2019-20 മുതൽ 2029-30 വരെയുള്ള വർക്കിംഗ് പ്ലാൻ ഭാഗം 1, ഖണ്ഡിക 15.04.3.2 പ്രകാരം കോടതി

വ്യവഹാരങ്ങൾക്കുശേഷം ലഭ്യമായ റബ്ബർ തോട്ടങ്ങൾ പരിസ്ഥിതി പുനഃസ്ഥാപനം നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ 17-12-2021-ലെ കേരള സർക്കാർ ഉത്തരവ് (കൈ) നമ്പർ 29/2021/വനം പ്രകാരം കേരളത്തിലെ സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം സംബന്ധിച്ച നയരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ നിർദ്ദേശങ്ങളുടെ ഭാഗമായാണ് പ്രസ്തുത വനഭൂമിയിൽ റബ്ബർ മരങ്ങൾ മുറിച്ചുമാറ്റി സ്വാഭാവിക വനവൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചിട്ടുള്ളത്.

(സി) 1993-ലെ കേരള ലാൻഡ് അസൈൻമെന്റ് (റഗുലറൈസേഷൻ ഓഫ് ഒക്കുപേഷൻ ഓഫ് ഫോറസ്റ്റ് ലാന്റ് പ്രയർ റ്റു 01-01-1977) സ്പെഷ്യൽ റൂൾസ്, ഭേദഗതി ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

നിലവിൽ പരിഗണനയിലില്ല.

**മന്ത്രിസഭയുടെ അംഗീകാരത്തോടെ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ**

154(994) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധനകാര്യവകുപ്പിന്റെ എതിർപ്പിനെ മറികടന്ന് മന്ത്രിസഭയുടെ അംഗീകാരത്തോടെ വനം വകുപ്പ് നടപ്പാക്കിയിട്ടുള്ള പദ്ധതികൾ/പ്രവർത്തനങ്ങൾ/തീരുമാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) മേൽപ്പറഞ്ഞ ഓരോ വിഷയത്തിലും ധനകാര്യ വകുപ്പ് നൽകിയ റിമാർക്സ് എന്തായിരുന്നുവെന്ന് അറിയിക്കാമോ; ഓരോ തീരുമാനവും സംബന്ധിച്ച ക്യാബിനറ്റ് നോട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ/ പ്രവർത്തനങ്ങൾ/തീരുമാനങ്ങൾ നടപ്പാക്കിയതിലൂടെ എത്ര രൂപയുടെ ബാധ്യത ഉണ്ടായി എന്ന് വ്യക്തമാക്കാമോ?

(എ-സി) അനുബന്ധമായി ചേർത്തിരിക്കുന്നു.+

**നവകിരണം പദ്ധതി**

155(995) <u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്ത് ആകെ എത്ര കുടുംബങ്ങൾ നവകിരണം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്; വ്യക്തമാക്കാമോ?

നവകിരണം പദ്ധതിയിൽ നാളിതുവരെയായി 691 കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകുകയുണ്ടായി. കേരളത്തിലുടനീളമുള്ള 29 വനം ഡിവിഷനുകളിലായി നാലായിരത്തോളം അപേക്ഷകൾ നാളിതുവരെ ലഭിച്ചിട്ടുണ്ട്.

(ബി) വനാന്തരങ്ങളിൽ ഒറ്റപ്പെട്ട് താമസിക്കുന്നവർക്ക് വേണ്ടിയുള്ള ഈ പുനരധിവാസ പദ്ധതിയിൽ എത്ര കുടുംബങ്ങളെ പൂർണ്ണമായും, എത്ര കുടുംബങ്ങളെ ഭാഗികമായും പുനരധിവസിപ്പിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

വനാന്തരങ്ങളിൽ ഒറ്റപ്പെട്ട് താമസിക്കുന്നവർക്ക് വേണ്ടിയുള്ള ഈ പുനരധിവാസ പദ്ധതിയിൽ 379 കുടുംബങ്ങളെ പൂർണ്ണമായും 312 കുടുംബങ്ങളെ ഭാഗികമായും പുനരധിവസിപ്പിച്ചിട്ടുണ്ട്.

**കാഞ്ഞങ്ങാട് മണ്ഡലത്തിൽ വനം-വന്യജീവി വകുപ്പിന്റെ പദ്ധതികൾ**

156(996) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ വനം-വന്യജീവി വകുപ്പ് നടപ്പിലാക്കിയതും നടപ്പാക്കി കൊണ്ടിരിക്കുന്നതുമായ പദ്ധതികളെ കുറിച്ച് വിശദമാക്കാമോ?

നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ കരിന്തളം ടൈപ്പ്-2 ക്വാർട്ടേഴ്സ്, മരുതോം ടൈപ്പ്-2 ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. റാണിപുരം ഇക്കോ-ടൂറിസം കേന്ദ്രത്തിൽ എത്തുന്ന ടൂറിസ്റ്റുകൾക്കായി കാന്റീൻ നിർമ്മിക്കുകയും ഇക്കോ-ടൂറിസം കേന്ദ്രത്തിൽ ടിക്കറ്റ് കൗണ്ടർ നവീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കോ-ടൂറിസം കേന്ദ്രത്തിൽ ഹാൻഡ് റെയിൽ, ബിൽഡിംഗുകളുടെ സംരക്ഷണത്തിനായി റീടെയിനിംഗ് വാൾ എന്നിവയും യാർഡ് ഡവലപ്പ്മെന്റ്, ഹണി പ്രോസസിംഗ് യൂണിറ്റ് എന്നിവയും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ കള്ളാറിലുള്ള പനത്തടി സെക്ഷൻ ഹെഡ് ക്വാർട്ടേഴ്സിന്റെയും പാണത്തൂരിലുള്ള ചെക്ക് പോസ്റ്റ് ബിൽഡിംഗുകളുടെയും നവീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. പാണത്തൂർ ചെക്ക്

പോസ്റ്റിന്റെയും റാണിപുരം ഇക്കോ-ടൂറിസം കേന്ദ്രത്തിന്റെയും സുതാര്യമായ പ്രവർത്തനത്തിനായി സിസിടിവി ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്.

കൂടാതെ വനത്തിന് പുറത്തുള്ള പുഴയോരങ്ങളിലും പഞ്ചായത്തിന്റെയും റവന്യൂ വകുപ്പിന്റെയും അധീനതയിലുള്ള മണ്ണിടിച്ചിലിനും മണ്ണൊലിപ്പിനും സാധ്യതയുള്ള പ്രദേശങ്ങളിൽ പഞ്ചായത്ത്, എൻ.എസ്.എസ്, എസ്.പി.സി.എ എന്നിവരുടെ സഹായത്തോടെ മുളകളും മറ്റ് കാട്ടുമരത്തൈകളും വച്ചുപിടിപ്പിച്ചുവരുന്നുണ്ട്. ഇതിനുപുറമെ കേരള സർക്കാർ വൃക്ഷസമൃദ്ധി എന്ന പദ്ധതിയിലൂടെ എല്ലാ പഞ്ചായത്തുകളിലും വൃക്ഷത്തൈ ഉല്പാദനം ആരംഭിക്കുകയും അതുവഴി വനത്തിന് പുറത്തുള്ള ഭൂമികളിൽ വൃക്ഷവത്കരണം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നു.

2022-23, 2023-24 സാമ്പത്തിക വർഷത്തിൽ കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലായി അഞ്ച് വിദ്യാവനങ്ങളും പതിനൊന്ന് കുട്ടിവനങ്ങളും

നിർമ്മിച്ചിട്ടുണ്ട്. കൂടാതെ വിവിധ സർക്കാർ സ്ഥാപനങ്ങളുടെ ഭൂമിയിൽ ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ് നടത്തി കുട്ടിവനങ്ങൾ നിർമ്മിച്ചിട്ടുമുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിൽ പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

നബാർഡിന്റെ RIDF-TRANCHE XXIX-ൽപ്പെടുത്തി കാഞ്ഞങ്ങാട് റെയ്ഞ്ചിൽ മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനായി 32.25 കി.മീ സ്ഥലത്ത് സൗരോർജ്ജ തൂക്കുവേലി നിർമ്മിക്കുന്നതിന് 270 ലക്ഷം രൂപയുടെ ഒരു പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്. ടി പ്രൊപ്പോസലിൽ കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽപ്പെടുന്ന കണ്ടുപ്പള്ളി-കാപ്പിത്തട്ട്, പാടി-ഇടക്കാനം, ചെർണ്ണൂർ-പവിത്രംകയം, റാണിപുരം-എൻ പ്ലാന്റേഷൻ, പാടികൊച്ചി-രംഗത്തുമല, പരിയാരംകണ്ടി-കൂവക്കാട് എന്നിവിടങ്ങളിലെ സൗരോർജ്ജ തൂക്കുവേലികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ വെള്ളരിക്കുണ്ടിൽ നബാർഡ് RIDF-TRANCHE XXVIII-ൽപ്പെടുത്തി ഒരു ലേഡീസ് ബാരക്ക് നിർമ്മാണത്തിനായി

121 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതും പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്.

**മുട്ടിൽ മരം മുറി അഴിമതി കേസ് അന്വേഷണ റിപ്പോർട്ട്**

157(997) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 24-10-2020-ലെ റവന്യൂ വകുപ്പിന്റെ ഉത്തരവിന്റെ മറവിൽ റിസർവ് മരങ്ങൾ മുറിച്ച് മാറ്റിയത് സംബന്ധിച്ച് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, (വിജിലൻസ്)-ന്റെ നേതൃത്വത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത അന്വേഷണ റിപ്പോർട്ടിലെ പ്രധാനപ്പെട്ട കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

റിപ്പോർട്ടിലെ പ്രധാനപ്പെട്ട കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.

1. ആകെ മുറിച്ച തേക്ക് മരങ്ങൾ 2248 എണ്ണം, വ്യാപ്തം - 1612.121 M3, വില -755.821 ലക്ഷം രൂപ

2. ആകെ മുറിച്ച ഈട്ടി മരങ്ങൾ 171 എണ്ണം, വ്യാപ്തം - 327.584 M3, വില -685.93 ലക്ഷം രൂപ.

3. ആകെ മുറിച്ച തേക്ക് & ഈട്ടി മരങ്ങൾ 2419 എണ്ണം, വ്യാപ്തം - 1939.705 M3, വില -1441.751 ലക്ഷം രൂപ.

(സി) പ്രസ്തുത റിപ്പോർട്ടിൽ ഉത്തരവാദപ്പെട്ട വനം വകുപ്പ് ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; അവർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉണ്ട്.

വിജിലൻസ് വിഭാഗം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 25-06-2021-ലെ വി.ഇ.10-990/2021 അന്വേഷണ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള അടിമാലി റെയ്ഞ്ചിലെ മുൻ ഫോറസ്റ്റ് റെയ്ഞ്ച് ഓഫീസറായ ശ്രീ. ജോജി ജോണിനെ സർക്കാർ 17-12-2021-ൽ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്യുകയും 10-03-2022-ൽ ടിയാന്

കുറ്റപത്രവും/കുറ്റാരോപണ പത്രികയും നൽകി സർക്കാർതലത്തിൽ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുകയും ചെയ്തു. നിലവിൽ വകുപ്പുതല അച്ചടക്ക നടപടിയുടെ ഭാഗമായ ഔപചാരിക അന്വേഷണം നടന്നുവരുന്നു.

ലക്കിടി ചെക്ക് പോസ്റ്റ് രജിസ്റ്ററിൽ തിരുത്തലുകൾ വരുത്തി എന്ന കുറ്റത്തിന് ശ്രീ. വിനേഷ് വി. എസ്. (സെക്ഷൻ ഫോറസ്റ്റ് ഓഫീസർ), ശ്രീ. ശ്രീജിത്ത് ഇ. പി. (ബീറ്റ് ഫോറസ്റ്റ് ഓഫീസർ) എന്നീ രണ്ട് സംരക്ഷണ വിഭാഗം ജീവനക്കാരെ അന്വേഷണ വിധേയമായി നോർത്തേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സസ്പെൻഡ് ചെയ്തിട്ടുണ്ട്.

കണ്ണൂർ SIP അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുട്ടിൽ സെക്ഷനിൽ നടന്ന മരം മുറിയുമായി ബന്ധപ്പെട്ട് മേപ്പാടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ നൽകിയ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ചവരുത്തുകയും കേസിലെ പ്രതികളുമായി ഔദ്യോഗിക ആവിശ്യങ്ങൾക്കപ്പുറമുള്ള ബന്ധമുണ്ടെന്ന് ആരോപണമുണ്ടായ സാഹചര്യത്തിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസറായ ശ്രീ. ബി. പി. രാജുവിനെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തിട്ടുണ്ട്. കൂടാതെ

ശ്രീ. എം. പത്മനാഭൻ, റിട്ടയേർഡ് റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ, ശ്രീ. എം. മനോഹരൻ, ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ എന്നിവർക്കെതിരെ അച്ചടക്ക നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**വനം വകുപ്പിന്റെ അധീനതയിലുള്ള പ്രദേശങ്ങളിൽ നിന്നും മരങ്ങൾ മുറിച്ചു കടത്തിയ കേസുകൾ**

158(998) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വനം വകുപ്പിന്റെ അധീനതയിലുള്ള പ്രദേശങ്ങളിൽനിന്നും മരങ്ങൾ മുറിച്ച് കടത്തിയതിന്റെ പേരിൽ എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും മരങ്ങൾ മുറിച്ച് കടത്തിയ വകയിൽ എത്ര രൂപയുടെ നഷ്ടമാണുണ്ടായതെന്നും അറിയിക്കാമോ?

മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വനം വകുപ്പിന്റെ അധീനതയിലുള്ള പ്രദേശങ്ങളിൽനിന്നും മരങ്ങൾ മുറിച്ച് കടത്തിയതിന്റെ പേരിൽ 1761 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മരങ്ങൾ മുറിച്ച് കടത്തിയ വകയിൽ 2,90,77,182/- രൂപയുടെ നഷ്ടമാണ് ഉണ്ടായിട്ടുള്ളത്.

(ബി) ഇതിൽ എത്ര കേസുകളിൽ പ്രതികളെ കണ്ടെത്താൻ സാധിച്ചിട്ടുണ്ട്; എത്ര കേസുകളിൽ മോഷ്ടിച്ച തടി വീണ്ടെടുക്കുവാൻ സാധിച്ചിട്ടുണ്ട്; എത്ര കേസുകളിൽ പ്രതികളെ ശിക്ഷിച്ചിട്ടുണ്ട് എന്നറിയിക്കാമോ; വിശദാംശം നൽകുമോ?

വനം വകുപ്പിന്റെ അധീനതയിലുള്ള പ്രദേശങ്ങളിൽനിന്നും മരങ്ങൾ മുറിച്ച് കടത്തിയതിന്റെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളിൽ 1268 പ്രതികളെ കണ്ടെത്താൻ സാധിച്ചിട്ടുണ്ട്; 1269 കേസുകളിൽ മോഷ്ടിച്ച തടി വീണ്ടെടുക്കുവാൻ സാധിച്ചിട്ടുണ്ട്. 172 കേസുകളിൽ പ്രതികളെ ശിക്ഷിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**സംസ്ഥാനത്തെ വനം കയ്യേറ്റം**

159(999) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിലവിലുള്ള വനവിസ്തൃതി എത്രയെന്നും ആയത് ദേശീയ ശരാശരിയെക്കാൾ കൂടുതലാണോ എന്നും വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2020-21-ലെ ഭരണ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തെ നിലവിലുള്ള വനവിസ്തൃതി 11524.913 ച.കി.മീ ആണ്. ആയത് ദേശീയ ശരാശരിയെക്കാൾ 6.42% കൂടുതലാണ്.

(ബി) കഴിഞ്ഞ സർക്കാർ എത്ര ഹെക്ടർ വനം കയ്യേറ്റം ഒഴിപ്പിച്ചെന്നും ഈ സർക്കാർ എത്ര ഹെക്ടർ വനം കയ്യേറ്റം നാളിതുവരെ ഒഴിപ്പിച്ചുവെന്നും വിശദമാക്കുമോ?

വനം വകുപ്പിന്റെ വിവിധ സർക്കിളുകളിലായി കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ 60.45848 ഹെക്ടറും ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ 21.87268 ഹെക്ടറും വനം കയ്യേറ്റം ഒഴിപ്പിച്ചിട്ടുണ്ട്.

(സി) നിലവിൽ എത്ര ഹെക്ടർ വനം കയ്യേറ്റം ഒഴിപ്പിക്കാനുണ്ട്; കയ്യേറ്റം തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

2020-21-ലെ ഭരണ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് ആകെ 5024.535 ഹെക്ടർ വനം കയ്യേറ്റം ഒഴിപ്പിക്കാനുണ്ട്. വനം കയ്യേറ്റം തടയുന്നതിന്റെ ഭാഗമായി വനാതിർത്തികളിൽ സർവ്വെയർമാരുടെ സേവനം

ഉപയോഗപ്പെടുത്തി അംഗീകൃത സ്കെച്ച് പ്രകാരം അതിർത്തി നിർണ്ണയം നടത്തി സ്ഥിരം ജണ്ടകൾ സ്ഥാപിച്ചും വനാതിർത്തികളിൽ പട്രോളിംഗ്, പെരാമ്പുലേഷൻ എന്നിവ നടത്തി പുതുതായി കണ്ടെത്തുന്ന കയ്യേറ്റങ്ങൾ യഥാസമയങ്ങളിൽ ഒഴിപ്പിച്ചും വനം കയ്യേറ്റം തടയുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) വനം കയ്യേറ്റവുമായി ബന്ധപ്പെട്ട് നിലവിൽ എത്ര കേസ്സുകൾ തീർപ്പാക്കാനുണ്ട്; ഇത്തരം കേസ്സുകൾ തീർപ്പാക്കുന്നതിനും കയ്യേറ്റക്കാരെ കർശന ശിക്ഷയ്ക്ക് വിധേയമാക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്; വ്യക്തമാക്കാമോ?

വനം കയ്യേറ്റവുമായി ബന്ധപ്പെട്ട് വിവിധ വനം സർക്കിളുകളിൽ നിലവിൽ 195 കേസുകൾ തീർപ്പാക്കാനുണ്ട്. വനം കയ്യേറ്റവുമായി ബന്ധപ്പെട്ട കേസുകൾ തീർപ്പാക്കുന്നതിനും കയ്യേറ്റക്കാരെ കർശന ശിക്ഷയ്ക്ക് വിധേയമാക്കുന്നതിനുമായി യഥാസമയം കേസുകൾ രജിസ്റ്റർ ചെയ്ത് സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കിവരുന്നു.

**മുട്ടിൽ മരം മുറി കേസ് അന്വേഷണം**

160(1000) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുട്ടിൽ മരം മുറിയുമായി ബന്ധപ്പെട്ട് വനം വകുപ്പിന് എത്ര കോടി രൂപയുടെ നഷ്ടം ഉണ്ടായതായാണ് കണക്കാക്കിയിട്ടുള്ളത്; പ്രസ്തുത സംഭവത്തിൽ കുറ്റക്കാരെ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

മുട്ടിൽ മരംമുറിയുമായി ബന്ധപ്പെട്ട് വനം വകുപ്പിന് നഷ്ടമൊന്നുമുണ്ടായിട്ടില്ല. റവന്യൂ പട്ടയ ഭൂമിയിലെ റിസർവ്വ് ചെയ്ത മരങ്ങളാണ് മുട്ടിൽ മരം മുറി കേസുമായി ബന്ധപ്പെട്ട് മുറിച്ചിട്ടുള്ളത്. ഇതിൽ ഒ.ആർ.1/21, 41/21 എന്നീ കേസുകളിൽ അന്വേഷണം പൂർത്തീകരിച്ചിട്ടില്ലാത്തതും ഉറവിടം കണ്ടെത്താൻ സാധിച്ചിട്ടില്ലാത്തതുമാണ്. പ്രസ്തുത സംഭവത്തിൽ വിവിധ കേസുകളിലായി കുറ്റക്കാരെ കണ്ടെത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ഇതോടൊപ്പം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) മുറിച്ച് കടത്തിയ തടി പൂർണ്ണമായും വീണ്ടെടുക്കുവാൻ സാധിച്ചിട്ടുണ്ടോ; വീണ്ടെടുക്കാൻ സാധിച്ചിട്ടുള്ളതും സാധിച്ചിട്ടില്ലാത്തതുമായ തടിയുടെ അളവ് വ്യക്തമാക്കാമോ?

മുട്ടിൽ മരം മുറി കേസിൽ മുറിച്ച് കടത്തിയ തടികൾ പൂർണ്ണമായും വീണ്ടെടുക്കുവാൻ സാധിച്ചിട്ടില്ല. ഒ.ആർ.41/2021(എം) നമ്പർ കേസിൽ മരം മുറി നടന്ന പ്രതികളുടെ വീട്ടുവളപ്പിലെ തൊണ്ടിവകകൾ കണ്ടെടുക്കുന്നതിന് സെർച്ച് വാറണ്ട് ലഭ്യമാക്കിത്തരുന്നതിന് ബഹു. ഹൈക്കോടതിയിൽ Crl. MC 2853/2023 നമ്പറായി ഇപ്പോഴും വിചാരണ നടന്നുകൊണ്ടിരിക്കുകയാണ്. ഒ.ആർ.41/2021, ഒ.ആർ.43/2021 എന്നീ കേസുകളിൽ തൊണ്ടിവകകൾ പൂർണ്ണമായും കണ്ടെത്താൻ സാധിക്കാത്തതിനാൽ അന്വേഷണം പൂർത്തീകരിച്ചിട്ടില്ല. മുട്ടിൽ മരം മുറി കേസിൽ ആകെ 231.707 ക്യൂ.മീ തടികളാണ് വീണ്ടെടുത്തിട്ടുള്ളത്.

(സി) മുട്ടിൽ മരം മുറിയുമായി ബന്ധപ്പെട്ട് വനം വകുപ്പ് നടത്തുന്ന അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; അന്വേഷണം പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

അന്വേഷണം അടിയന്തരമായി പൂർത്തീകരിച്ച് കുറ്റക്കാർക്ക് കർശനശിക്ഷ ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മേപ്പാടി റെയ്ഞ്ച് മുട്ടിൽ സെക്ഷൻ പരിധിയിൽ വരുന്ന മുട്ടിൽ സൗത്ത് വില്ലേജിലെ വിവിധ പ്രദേശങ്ങളിൽനിന്നും സർക്കാരിലേയ്ക്ക് റിസർവ് ചെയ്ത വീട്ടി മരങ്ങൾ അനധികൃതമായി മുറിച്ചതിന് 49 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഒ.ആർ.1/2021(എം) നമ്പർ കേസിൽ 54 കഷണം വീട്ടിത്തടികൾ എറണാകുളത്ത് നിന്നും പിടിച്ചെടുത്തിട്ടുള്ളതാണ്. ആയത് എവിടെ നിന്നാണ് ശേഖരിച്ചതെന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. 1961-ലെ കേരള ഫോറസ്റ്റ് ആക്ട് സെക്ഷൻ 52 പ്രകാരം ആയത് പിടിച്ചെടുത്ത് 61 എ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി കേസിൽ ബഹു. ഹൈക്കോടതിയുടെ ഉത്തരവ് ലഭിക്കാതെ അന്തിമ റിപ്പോർട്ട് ഫയൽ ചെയ്യരുതെന്ന പരാമർശം നിലനിൽക്കുന്നുണ്ട്. ഒ.ആർ.41/2021(എം) നമ്പർ കേസിലെ മരം മുറി നടന്ന പ്രതികളുടെ വീട്ടുവളപ്പിലെ തൊണ്ടിവകകൾ കണ്ടെടുക്കുന്നതിന് സെർച്ച് വാറണ്ട് ലഭ്യമാക്കിത്തരുന്നതിന് ബഹു. ഹൈക്കോടതിയിൽ Crl. MC 2853/2023 നമ്പറായി ഇപ്പോഴും വിചാരണ

നടന്നുകൊണ്ടിരിക്കുന്നതാണ്. ഒ.ആർ-1/2021, ഒ.ആർ.41/2021, ഒ.ആർ.42/2021 ഒ.ആർ.43/2021 എന്നീ കേസുകളിൽ തൊണ്ടിവകകൾ പൂർണ്ണമായും കണ്ടെത്താൻ സാധിക്കാത്തതിനാൽ അന്വേഷണം പൂർത്തീകരിച്ചിട്ടില്ല. മറ്റുള്ള കേസുകളിൽ 1961-ലെ കേരള വന നിയമം സെക്ഷൻ 61 എ പ്രകാരം തടികൾ സർക്കാരിലേയ്ക്ക് കണ്ടുകെട്ടുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. മേൽ കേസുമായി ബന്ധപ്പെട്ട് കുറ്റപത്രം സമർപ്പിക്കുന്ന വിഷയത്തിൽ നിയമോപദേശം തേടിയിട്ടുള്ളതും ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്. ടി വിഷയത്തിൽ പോലീസിലെ പ്രത്യേക അന്വേഷണ സംഘത്തിന്റെ അന്വേഷണം നടന്നുവരുന്നതും റവന്യൂ വകുപ്പിലെ കെ.എൽ.സി ആക്ട് പ്രകാരമുള്ള നടപടിയുമാണ് മുട്ടിൽ മരം മുറി കേസിൽ നിലവിൽ സ്വീകരിച്ചിട്ടുള്ളത്. ടി പ്രത്യേക അന്വേഷണ സംഘത്തിന്റെ കേസ് അന്വേഷണ പൂർത്തീകരണം ഈ കേസിന്റെ അന്വേഷണ റിപ്പോർട്ട് നൽകുന്നതിനാവശ്യമാണ്.

**കൊടികുത്തിമല ഇക്കോ ടൂറിസം കേന്ദ്രം**

161(1001) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)കൊടികുത്തിമല ഇക്കോട്ടൂറിസം കേന്ദ്രത്തിൽ എന്തെല്ലാം വികസന പ്രവൃത്തികളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതെന്ന് അറിയിക്കുമോ?

കേന്ദ്ര സർക്കാരിന്റെ 'നഗരവനം' പദ്ധതിയിൽ ഉൾപ്പെടുത്തി 2022-23-ൽ ലഭ്യമായ 60 ലക്ഷം രൂപ വിനിയോഗിച്ച് കൊടികുത്തിമല ഇക്കോട്ടൂറിസം കേന്ദ്രത്തിൽ റോഡ് നവീകരണം, ആംഫി തിയേറ്റർ, ടോയ്‌ലറ്റ്, പ്രവേശന കവാടം എന്നിവയുടെ നിർമ്മാണം നടന്നുവരുന്നു.

(ബി) പ്രസ്തുത ഇക്കോട്ടൂറിസം കേന്ദ്രത്തിൽ ദിവസേന ശരാശരി എത്ര സന്ദർശകരാണ് എത്തിക്കൊണ്ടിരിക്കുന്നത് എന്ന് വിശദമാക്കുമോ?

പ്രസ്തുത ഇക്കോട്ടൂറിസം കേന്ദ്രത്തിൽ ദിവസേന ശരാശരി 550-600 സന്ദർശകർ എത്തുന്നുണ്ട്.

(സി) പ്രസ്തുത ഇക്കോട്ടൂറിസം കേന്ദ്രത്തിൽ ട്രക്കിംഗ് വാഹനങ്ങൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) കൊടികുത്തിമല ഇക്കോട്ടൂറിസം കേന്ദ്രത്തിൽ ട്രക്കിംഗിന് വാഹനം അനുവദിക്കാൻ വനം വകുപ്പ് നടപടി സ്വീകരിക്കുമോ?

(സി&ഡി) കൊടികുത്തിമല ഇക്കോട്ടൂറിസം കേന്ദ്രത്തിൽ ട്രക്കിംഗിന് അംഗപരിമിതർക്കും മുതിർന്ന പൗരന്മാർക്കും വാഹന സൗകര്യം ഏർപ്പെടുത്തുന്നത് പരിശോധിച്ചുവരുന്നു.

**വനം വകുപ്പിനുകീഴിൽ ടൂറിസം യാത്രകൾ**

162(1002) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിനുകീഴിൽ ടൂറിസത്തിന്റെ ഭാഗമായി യാത്രകൾ സംഘടിപ്പിക്കുന്നത് പരിഗണനയിലുണ്ടോ;

(ബി) ഇത്തരം പദ്ധതികൾ നിലവിലുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) വനം വകുപ്പിനുകീഴിൽ ടൂറിസത്തിന്റെ ഭാഗമായി നിലവിൽ യാത്രകൾ സംഘടിപ്പിക്കുന്നുണ്ട്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

കൊല്ലം, കോന്നി ഇക്കോടൂറിസം കേന്ദ്രത്തിൽനിന്നും യാത്ര ആരംഭിച്ച് അടവിവഴി ഗവിയിലേയ്ക്ക് പോയി തിരികെ വരുന്നു.

സൈലന്റ് വാലി ദേശീയോദ്യാനം സന്ദർശിക്കുന്നതിന് സൈരന്ധ്രി സഫാരിയും പറമ്പിക്കുളം വന്യജീവി സങ്കേതത്തിലും വയനാട് വന്യജീവി സങ്കേതത്തിനുകീഴിൽ മുത്തങ്ങ റെയ്ഞ്ചിലും തോൽപ്പെട്ടി റെയ്ഞ്ചിലും വെഹിക്കിൾ സഫാരിയും നടത്തിവരുന്നുണ്ട്. കൂടാതെ പീച്ചിയിൽ ചിമ്മിനി എർത്ത് ഡാം മുതൽ വിറക് തോടുവരെ സൈക്കിൾ സഫാരി നടത്തിവരുന്നു. ശെന്തുരുണി ഇക്കോടൂറിസം പദ്ധതിയുടെ ഭാഗമായി തെന്മലയിൽനിന്നും റോസ് മല വരെ ബസ് സഫാരി നടത്തിവരുന്നു.

**ചിമ്മിനി ഇക്കോ ടൂറിസം പദ്ധതി**

163(1003) <u>ശ്രീ. കെ.കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട ചിമ്മിനി ഡാം മേഖലയിൽ വനം വകുപ്പിന്റെ നേതൃത്വത്തിൽ ടൂറിസ്റ്റുകൾക്ക് അടിസ്ഥാന സൗകര്യങ്ങളും മറ്റും ഏർപ്പെടുത്തി ചിമ്മിനി ഇക്കോ ടൂറിസം പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പ്രൊപ്പോസലിന് അനുമതി ലഭ്യമാക്കി നടപ്പാക്കുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

(എ&ബി) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട ചിമ്മിനി ഡാം മേഖലയിൽ വനം വകുപ്പിന്റെ നേതൃത്വത്തിൽ ടൂറിസ്റ്റുകൾക്ക് അടിസ്ഥാന സൗകര്യങ്ങളും മറ്റും ഏർപ്പെടുത്തി ചിമ്മിനി ഇക്കോടൂറിസം പദ്ധതി നടപ്പാക്കുന്നതിനുള്ള ശിപാർശ 06-01-2023-ൽ ചേർന്ന, പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് ചെയർമാനായ, ഇക്കോ ടൂറിസം ക്ലിയറൻസ് കമ്മിറ്റി പരിശോധിക്കുകയും ഫീൽഡ് വെരിഫിക്കേഷൻ നടത്തുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ട് തുടർന്നുവരുന്ന ഇക്കോ ടൂറിസം ക്ലിയറൻസ് കമ്മിറ്റിയിൽ പരിശോധിച്ച് പദ്ധതി നടപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വനങ്ങളിൽ സന്ദർശനം നടത്തുന്നതിന് അനുമതി**

164(1004) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം ജില്ലയിലെ വനപ്രദേശമായ അഗസ്ത്യാർകൂടം സന്ദർശിക്കുന്നതിന് പൊതുജനങ്ങൾക്ക് നിയന്ത്രണങ്ങളോടെ അനുമതി

നൽകുന്ന മാതൃകയിൽ ഏതൊക്കെ ജില്ലകളിലെ വനങ്ങളിൽ സന്ദർശനം നടത്തുന്നതിന് നിലവിൽ അനുമതി നൽകുന്നുണ്ടെന്ന് വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിലെ വനപ്രദേശമായ അഗസ്ത്യാർകൂടം സന്ദർശിക്കുന്നതിന് പൊതുജനങ്ങൾക്ക് നിയന്ത്രണങ്ങളോടെ അനുമതി നൽകുന്ന മാതൃകയിൽ കേരളത്തിൽ മറ്റൊരിടത്തും വനസന്ദർശനം നടത്തുന്നതിന് വനം വകുപ്പ് അനുമതി നൽകിവരുന്നില്ല.

**വനങ്ങളിൽ സന്ദർശനം നടത്തുന്നതിന് അനുമതി**

165(1005) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം ജില്ലയിലെ ആദിവാസി വിഭാഗത്തിൽപ്പെട്ട എത്രപേർക്ക് വനം വകുപ്പിൽ വിവിധ തസ്തികകളിലായി താൽക്കാലിക-സ്ഥിര നിയമനം നൽകിയിട്ടുണ്ടെന്ന വിവരം അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം ജില്ലയിലെ ആദിവാസി വിഭാഗത്തിൽപ്പെട്ട 20 പേർക്ക് സ്പെഷ്യൽ

റിക്രൂട്ട്മെന്റ് മുഖേന ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ സ്ഥിര നിയമനം നൽകിയിട്ടുണ്ട്. ആർക്കും താൽകാലിക നിയമനം നൽകിയിട്ടില്ല.

(ബി) ഇതിൽ അരുവിക്കര മണ്ഡലത്തിലുൾപ്പെടുന്ന ഫോറസ്റ്റ് റെയ്ഞ്ച് പരിധികളുള്ളിൽ നിയമിതരായവരുടെ എണ്ണം തസ്തിക തിരിച്ച് ലഭ്യമാക്കാമോ?

സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ 5 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

**ശമ്പള പ്രതിസന്ധി**

166(1006) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ വനം വകുപ്പിലെ താത്കാലിക വാച്ചർമാർക്കും ആന പാപ്പാന്മാർക്കും മൂന്ന് മാസമായി ശമ്പളം ലഭിച്ചിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാരണം വ്യക്തമാക്കാമോ?

വയനാട് ജില്ലയിൽ വൈൽഡ് ലൈഫ് ഡിവിഷനിലെ വാച്ചർമാർക്കും ആന പാപ്പാന്മാർക്കും ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലെ വേതനം

വിതരണം ചെയ്തിട്ടുണ്ട്. നോർത്ത് വയനാട് ഡിവിഷനുകീഴിൽ താൽക്കാലിക വാച്ചർമാർക്ക് വേതനം വൈകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബന്ധപ്പെട്ട ശീർഷകങ്ങളിൽ ഫണ്ട് ലഭ്യമല്ലാത്തതിനാലാണ് വേതനം നൽകുന്നതിന് കാലതാമസം നേരിട്ടത്. ഫണ്ട് ലഭ്യമായ ശീർഷകങ്ങളിൽ വേതനം നൽകിയിട്ടുണ്ട്. എന്നാൽ ഫണ്ട് ലഭ്യമല്ലാത്ത ശീർഷകങ്ങളിൽ ഏപ്രിൽ 2023 മുതലുള്ള വേതനം നൽകാനുണ്ട്. സൗത്ത് വയനാട് ഫോറസ്റ്റ് ഡിവിഷനിൽ വാച്ചർമാരുടെ വേതനം പൂർണ്ണമായും നൽകിയിട്ടുണ്ട്.

(ബി) വനത്തിനുള്ളിലെ ക്യാമ്പ് ഷെഡ്ഡിലെ വാച്ചർമാർക്ക് അനുവദിച്ചിരുന്ന റേഷൻ വിതരണം നിലച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

വയനാട് ജില്ലയിൽ വൈൽഡ് ലൈഫ് ഡിവിഷനിൽ മാത്രമാണ് വനത്തിനുള്ളിലെ ക്യാമ്പ് ഷെഡ്ഡിലെ വാച്ചർമാർക്ക് അനുവദിച്ചിരുന്ന റേഷൻ വിതരണം താൽക്കാലികമായി നിലച്ചത്. ആയത് പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ആദിവാസി വിഭാഗത്തിൽപ്പെട്ട താത്കാലിക വാച്ചർമാർക്കും ആന പാപ്പാന്മാർക്കും ശമ്പളം ലഭ്യമാക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

ശമ്പളം ലഭ്യമാക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ഫോറസ്റ്റ് സ്റ്റേഷനുകളിലെ വിവിധ തസ്തികകൾ**

167(1007) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്ത് വർഷക്കാലയളവിൽ എത്ര ഫോറസ്റ്റ് സ്റ്റേഷനുകളാണ് പുതിയതായി അനുവദിച്ചിട്ടുള്ളത്; ജില്ല തിരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ?

കഴിഞ്ഞ പത്ത് വർഷക്കാലയളവിനുള്ളിൽ വനം വകുപ്പിൽ രൂപീകരിച്ച ഫോറസ്റ്റ് സ്റ്റേഷനുകളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+ അതിനു പുറമെ തൃശ്ശൂർ ഡിവിഷനിലെ 10 ഫോറസ്റ്റ് സ്റ്റേഷനുകളും പീച്ചി വൈൽഡ് ലൈഫ് ഡിവിഷനിലെ 1 ഫോറസ്റ്റ് സ്റ്റേഷനും ഉൾപ്പെടെ 11 ഫോറസ്റ്റ് സ്റ്റേഷനുകൾ 12 ഫോറസ്റ്റ് സ്റ്റേഷനുകൾ ആക്കി റീ-ഓർഗനൈസ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെയ്ത് 17-11-2021-ലെ സ.ഉ.(എം.എസ്.) നമ്പർ 25/2021/വനം പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) ഓരോ ഫോറസ്റ്റ് സ്റ്റേഷനിലും അനുവദിച്ച തസ്തികകളുടെ വിവരം തസ്തിക തിരിച്ച് നൽകാമോ?

അനുബന്ധത്തിൽ ചേർത്തിട്ടുള്ള 1 മുതൽ 5 സ്റ്റേഷനിലേയ്ക്ക് 3 ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാർ, 3 സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർ, 40 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ, 3 ക്ലാർക്ക് എന്നിങ്ങനെ 49 തസ്തികകളും, 6 മുതൽ 15 വരെയുള്ള സ്റ്റേഷനുകളിലേയ്ക്ക് 10 ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാർ, 40 സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർ, 29 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ, 10 ഡ്രൈവർമാർ, 10 പാർട്ട് ടൈം സ്വീപ്പർമാർ എന്നിങ്ങനെ 99 തസ്തികകളും അടക്കം ആകെ 148 തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളത്.

(സി) പ്രസ്തുത ഫോറസ്റ്റ് സ്റ്റേഷനുകളിൽ ഡ്രൈവർ തസ്തിക അനുവദിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സ്റ്റേഷനുകളിൽ ഡ്രൈവർ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

അനുബന്ധത്തിൽ ചേർത്തിട്ടുള്ള ക്രമ നമ്പർ 6 മുതൽ 15 വരെയുള്ള 10 ഫോറസ്റ്റ് സ്റ്റേഷനുകളിലേയ്ക്ക് 10 ഫോറസ്റ്റ് ഡ്രൈവർ തസ്തിക അനുവദിച്ചിട്ടുണ്ട്. എന്നാൽ, ക്രമ നമ്പർ 1 മുതൽ 5 വരെയുള്ള ഫോറസ്റ്റ് സ്റ്റേഷനുകളിലേയ്ക്ക് ഡ്രൈവർ തസ്തികകൾ അനുവദിച്ചിട്ടില്ല. വയനാട് ജില്ലയിൽ ഡ്രൈവർ തസ്തികകൾ സൃഷ്ടിക്കുന്നതിന് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സമർപ്പിച്ച ശിപാർശ സർക്കാരിന്റെ പരിശോധനയിലാണ്. മേൽ ശിപാർശയിൽ ക്രമ നമ്പർ 1 മുതൽ 5 വരെയുള്ള ഫോറസ്റ്റ് സ്റ്റേഷനുകൾ ഉൾപ്പെട്ടിട്ടുണ്ട്.

**ഫോറസ്റ്റ് അക്കാദമിയുടെ പ്രവർത്തനം**

168(1008) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)വനംവകുപ്പ് ഉദ്യോഗസ്ഥരുടെ പരിശീലനത്തിനും വനസംരക്ഷണത്തിനും ഗവേഷണത്തിനുമായി ഫോറസ്റ്റ് അക്കാദമി തുടങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ?

വനംവകുപ്പ് ഉദ്യോഗസ്ഥരുടെ പരിശീലനത്തിനും സ്കിൽ ഡെവലപ്മെന്റിനുമായി തിരുവനന്തപുരം ജില്ലയിലെ അരിപ്പയിൽ ഒരു ഫോറസ്റ്റ് അക്കാദമി തുടങ്ങുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) വനംവകുപ്പ് ജീവനക്കാർക്ക് പരിശീലനം നൽകുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്നും ഏതെല്ലാം കേന്ദ്രങ്ങളിലാണ് അവർക്ക് പരിശീലനം നൽകുന്നതെന്നും വ്യക്തമാക്കാമോ?

വനംവകുപ്പിൽ സേവനമനുഷ്ഠിക്കുന്ന ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർ, ഫോറസ്റ്റ് ഡ്രൈവർമാർ, ബോട്ട് ഡ്രൈവർമാർ, ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാർ, വൈൽഡ് ലൈഫ് അസിസ്റ്റന്റ് ഗ്രേഡ്-II, റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ (പ്രൊമോഷൻ തസ്തിക) എന്നിവർക്ക് നിർബന്ധിത പ്രാഥമിക പരിശീലനവും വനം വകുപ്പിലെ മുൻനിര ജീവനക്കാർക്കും മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്കും ഹ്രസ്വകാല റിഫ്രെഷർ കോഴ്സുകളും സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് അരിപ്പ, സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് വാളയാർ എന്നീ പരിശീലന കേന്ദ്രങ്ങൾ വഴി നൽകിവരുന്നുണ്ട്.

ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ പ്രാഥമിക പരിശീലനത്തിൽപ്പെട്ട മൂന്ന് മാസത്തെ പോലീസ് പരിശീലനം, തൃശ്ശൂർ പോലീസ് അക്കാദമി, വിവിധ ബറ്റാലിയനുകൾ എന്നിവ വഴി നൽകിവരുന്നുണ്ട്.

(സി) വനസംരക്ഷണത്തിനും വനഗവേഷണത്തിനുമായി വനം വകുപ്പിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്കായി പുതിയ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നുണ്ടോ; വിശദമാക്കാമോ?

നിലവിൽ പരിഗണനയിലില്ല.

**കേന്ദ്ര വന നിയമ ഭേദഗതി**

169(1009) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോർപ്പറേറ്റുകൾക്ക് വനഭൂമിയിൽ യഥേഷ്ടം സംരംഭങ്ങൾ ആരംഭിക്കാൻ കഴിയുംവിധം വനനിയമത്തിൽ ഭേദഗതി വരുത്തി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

വനസംരക്ഷണ നിയമത്തിൽ ഭോദഗതി വരുത്തി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 04-08-2023-ന് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

ആയത് പ്രകാരം വനത്തിന് നൽകിയിരുന്ന നിർവചനത്തിൽ വ്യത്യാസം വരുത്തിയിട്ടുള്ളതായും നിർവചനത്തിൽ ഉൾപ്പെട്ടുവരുന്ന പ്രദേശങ്ങളിൽ തന്നെ പ്രത്യേക ആവശ്യങ്ങളെ നിയമത്തിന്റെ പരിധിയിൽനിന്ന് ഒഴിവാക്കിയിട്ടുള്ളതായും കാണുന്നു. 2022-ലെ വന സംരക്ഷണ ഭേദഗതി ചട്ടം, വനഭൂമി, വനേതരാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് പൂർവ്വാനുമതി ലഭിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടികളും സമയക്രമങ്ങളും വിശദീകരിക്കുന്നതാണ്. കേന്ദ്ര സർക്കാരിന്റെ പൂർവ്വാനുമതി ലഭ്യമാക്കുന്നതിനുള്ള അപേക്ഷകൾ സംസ്ഥാന സർക്കാർ മുഖേനയാണ് സമർപ്പിക്കേണ്ടത് എന്നതിനാൽ അപേക്ഷകളിന്മേൽ അനുമതി നൽകുന്ന കാര്യത്തിൽ സംസ്ഥാന സർക്കാരിന് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്.

**വന്യജീവികളുടെ ആക്രമണത്തിനെതിരായ പ്രതിരോധം**

170(1010) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണങ്ങളിൽ ജീവനും കൃഷിക്കും നഷ്ടം സംഭവിക്കുന്ന സാഹചര്യത്തിൽ ജനങ്ങളുടെ ആശങ്ക പരിഹരിക്കാൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) വനമേഖലയോട് ചേർന്ന് താമസിക്കുന്ന ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

(എ&ബി) സംസ്ഥാനത്ത് വനമേഖലയോട് ചേർന്ന് താമസിക്കുന്ന ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

1. ജനവാസ മേഖലയോട് ചേർന്നുവരുന്ന വനാതിർത്തികളിൽ സൗരോർജ്ജ വേലി, സൗരോർജ്ജ തൂക്കുവേലി, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ്, ജൈവവേലി എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുകയും ചെയ്യുന്നുണ്ട്.

2. വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും നാട്ടിലിറങ്ങിയ വന്യജീവികളെ കാട്ടിലേയ്ക്ക് തിരികെ അയയ്ക്കുന്നതിനും റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ (ആർ.ആർ.റ്റി.) സേവനം വിനിയോഗിച്ചുവരുന്നു.

3. സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് എട്ട് സ്ഥിരം റാപ്പിഡ് റെസ്പോൺസ് ടീമുകൾ നിലമ്പൂർ നോർത്ത്, വയനാട്, പാലക്കാട്, കണ്ണൂർ, റാന്നി, കോഴിക്കോട്, മണ്ണാർക്കാട്, പേപ്പാറ എന്നിവിടങ്ങളിലും ഏഴ് താത്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകൾ കാസർഗോഡ്, കൽപ്പറ്റ, മലയാറ്റൂർ, മൂന്നാർ, പുനലൂർ, അട്ടപ്പാടി, പീരുമേട് എന്നിവിടങ്ങളിലും പ്രവർത്തിച്ചുവരുന്നു.

4. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി വനത്തോട് ചേർന്നുള്ള ജനവാസ മേഖലകളിൽ ഏർളി വാർണിംഗ് സിസ്റ്റം സ്ഥാപിച്ചിട്ടുണ്ട്.

5. മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശീയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള ജനകീയ ജനജാഗ്രതാ

സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ 261 ജനജാഗ്രതാ സമിതികൾ സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ട്.

6. കുങ്കിയാനകളെ ഉപയോഗിച്ച് കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ചുവരുന്നു.

7. ജനവാസ മേഖലകളിലിറങ്ങുന്ന ആന, കടുവ, പുലി തുടങ്ങിയ വന്യമൃഗങ്ങളെ കാട്ടിലേയ്ക്ക് തുരത്താൻ കഴിയാതെവരുന്നപക്ഷം അവയെ പിടികൂടി ജനവാസ കേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

8. മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനും ആയതുമായി ബന്ധപ്പെട്ട് ഹ്രസ്വകാല-ദീർഘകാല പദ്ധതികൾ വിഭാവനം ചെയ്യുന്നതിനും KFRI അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, വെറ്ററിനറി യൂണിവേഴ്സിറ്റി, ടൈഗർ കൺസർവേഷൻ ഫൗണ്ടേഷൻ, തദ്ദേശവാസികൾ എന്നിവരുമായി ബന്ധപ്പെട്ട് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കിൾ നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

9. കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുത്തി വന്യജീവികളുടെ ആവാസ വ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾ, ചെക്ക്ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം, വനത്തിനകത്ത് ജല ലഭ്യത ഉറപ്പ് വരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണം തുടങ്ങിയവ നടത്തിവരുന്നുണ്ട്.

10. വന്യജീവികൾക്കും അവയുടെ ആവാസ വ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തിപങ്കിടുന്ന ജനവാസ മേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

11. മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനായി സാമ്പത്തിക ലഭ്യതയ്ക്കനുസരിച്ച് ഹ്രസ്വകാല ദീർഘകാല പദ്ധതികൾ കണ്ടുപിടിക്കുവാനും അതിനാവശ്യമായ സാമ്പത്തിക സ്രോതസ്സ് നിർദ്ദേശിക്കുവാനും 20-06-2023-ലെ സ.ഉ.(സാധാ) നം.242/2023/വനം

പ്രകാരം ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു).+

12. വന്യജീവി ആക്രമണംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് 08-01-2015-ലെ സ.ഉ.(കൈ) നം.2/2015/വനം, 05-04-2018-ലെ സ.ഉ.(കൈ)നം.17/2018/വനം എന്നീ ഉത്തരവുകൾ പ്രകാരം നഷ്ടപരിഹാരം നൽകിവരുന്നു. (സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു).

### ചന്ദനമരങ്ങളുടെ മോഷണം

171(1011)ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് എത്ര ചന്ദനമരങ്ങൾ മോഷണം നടന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇതിലൂടെ വനംവകുപ്പിന് എത്ര രൂപയുടെ നഷ്ടം സംഭവിച്ചതായാണ് കണക്കാക്കിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വിവിധ വനം സർക്കിളുകളിലായി സംസ്ഥാനത്ത് ആകെ 1741 ചന്ദനമരങ്ങളും ഒരു ചന്ദനമരക്കുറ്റിയും മോഷണം പോയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട 425 കേസുകളിൽ ചന്ദനത്തടികൾ പിടിച്ചെടുത്ത് സർക്കാർ ബന്തവസിലെടുത്തിട്ടുണ്ട്. നഷ്ടപ്പെട്ട ചന്ദനമരങ്ങൾക്ക് ആകെ 62,56,478/- രൂപയുടെ നഷ്ടം വനം വകുപ്പിന് സംഭവിച്ചിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞവയിൽ എത്ര കേസുകളിൽ പ്രതികളെ കണ്ടെത്തുന്നതിനും ചന്ദനത്തടി പിടിച്ചെടുക്കുന്നതിനും സാധിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

ചന്ദനത്തടികൾ നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് വിവിധ വനം സർക്കിളുകളിൽ നിലനിൽക്കുന്ന 389 കേസുകളിൽ പ്രതികളെ കണ്ടെത്തിയിട്ടുണ്ട്. 425 കേസുകളിൽ ചന്ദനത്തടികൾ പിടിച്ചെടുത്തിട്ടുണ്ട്.

**വനം വകുപ്പിലെ ക്രമക്കേടുകളും അഴിമതിയും തടയാൻ നടപടി**

172(1012) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പിൽ ക്രമക്കേടുകളും അഴിമതിയും നടക്കുന്നുണ്ടോ; എങ്കിൽ അത് തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

വനം വകുപ്പിൽ ക്രമക്കേടുകളും അഴിമതിയും നടക്കുന്നതായി വിജിലൻസ് വിഭാഗത്തിൽ ചില പരാതികൾ ലഭിച്ചിട്ടുള്ളതാണ്. ക്രമക്കേടുകളും അഴിമതിയും തടയുന്നതിനായി അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ്)-ന്റെ നേതൃത്വത്തിൽ 2 ഫോറസ്റ്റ് കൺസർവേറ്റർമാരും 4 അസിസ്റ്റൻറ് ഫോറസ്റ്റ് കൺസർവേറ്റർമാരും 8 ഫ്ളയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരും ഉൾപ്പെടുന്ന വനം വിജിലൻസ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്.

വനം വിജിലൻസ് വിഭാഗത്തെ രണ്ട് സർക്കിളുകളായും 8 ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷനുകളായും തിരിച്ചിട്ടുണ്ട്. ലഭിക്കുന്ന പരാതികൾ അതത് ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷൻ, റെയ്ഞ്ച് തലങ്ങളിൽ പരിശോധിച്ച് കഴമ്പുണ്ടെന്ന് കാണുന്ന പരാതികളിൽ ശിക്ഷാനടപടികൾ ഉൾപ്പെടെയുള്ള തുടർ നടപടിക്ക് ശിപാർശ ചെയ്തുവരുന്നു.

വനംവകപ്പിലെ ക്രമക്കേടും അഴിമതിയും കണ്ടെത്തുന്നതിനും തടയുന്നതിനും വനം വിജിലൻസ് വിഭാഗത്തിന്റെ സർക്കിൾ, ഡിവിഷൻ, റെയ്ഞ്ച് തലങ്ങളിൽനിന്നും കൃത്യമായ ഇടവേളകളിൽ ഓഫീസ്, ഫീൽഡ്, മിന്നൽ പരിശോധനകൾ നടത്തിയും വനവുമായി ബന്ധപ്പെട്ട പ്ലാന്റേഷൻ, നഴ്സറി തുടങ്ങിയ പ്രവൃത്തികൾ പരിശോധിച്ചുംവരുന്നു.

വിജിലൻസ് വിഭാഗത്തിന്റെ ഭാഗമായുള്ള ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗം സംസ്ഥാനത്തുടനീളം മുൻകൂട്ടി കൃത്യമായ വിവരശേഖരണം നടത്തി അഴിമതിയും ക്രമക്കേടും യഥാസമയം കണ്ടെത്തി തടയുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

(ബി) ബിനാമി വാച്ചർമാരുടെയും കരാറുകാരുടെയും പേരിൽ വ്യാജരേഖ ചമച്ച് ദിവസവേതനം കൈപ്പറ്റിയതായി പറയപ്പെടുന്ന സംഭവത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

തെന്മല ഡിവിഷനിൽ ആര്യങ്കാവ് റെയ്ഞ്ചിൽ നടന്ന ടി സംഭവവുമായി ബന്ധപ്പെട്ട് 09-03-2023-ലെ സ.ഉ.(സാധാ) 101/2023/വനം നമ്പർ ഉത്തരവ് പ്രകാരം കുറ്റക്കാരെന്ന് കണ്ടെത്തിയ 18 ജീവനക്കാരെ

സസ്പെൻഡ് ചെയ്യുകയും 31-03-2023-ലെ സ.ഉ.(സാധാ) 150/2023/വനം നമ്പർ ഉത്തരവ് പ്രകാരം സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി ഉദ്യോഗസ്ഥർക്കെതിരെ 1960-KCS(CC&A)-ലെ ചട്ടം 15 പ്രകാരമുള്ള അച്ചടക്ക നടപടികൾ സ്വീകരിച്ചുവരുന്നു.

**വന്യമൃഗങ്ങൾ ജനവാസ മേഖലയിൽ ഇറങ്ങുന്നത് തടയാൻ സ്വീകരിച്ചുവരുന്ന നടപടികൾ**

173(1013)ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങൾ ജനവാസ മേഖലയിൽ കടക്കുന്നത് തടയാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

വന്യമൃഗങ്ങൾ ജനവാസ മേഖലയിൽ കടക്കുന്നത് തടയാൻ സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

1. ജനവാസ മേഖലയോട് ചേർന്നുള്ള വനാതിർത്തികളിൽ സൗരോർജ്ജ വേലി, സൗരോർജ്ജ തൂക്കുവേലി, ആന പ്രതിരോധ

മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ്, ജൈവവേലി എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുകയും ചെയ്യുന്നുണ്ട്.

2. എട്ട് സ്ഥിരം റാപ്പിഡ് റെസ്പോൺസ് ടീമുകൾ നിലമ്പൂർ നോർത്ത്, വയനാട്, പാലക്കാട്, കണ്ണൂർ, റാന്നി, കോഴിക്കോട്, മണ്ണാർക്കാട്, പേപ്പാറ എന്നിവിടങ്ങളിലും ഏഴ് താത്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകൾ കാസർഗോഡ്, കൽപ്പറ്റ, മലയാറ്റൂർ, മൂന്നാർ, പുനലൂർ, അട്ടപ്പാടി, പീരുമേട് എന്നിവിടങ്ങളിലും പ്രവർത്തിച്ചുവരുന്നു.

3. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ ഏർളി വാർണിംഗ് സിസ്റ്റം നടപ്പാക്കിയിട്ടുണ്ട്.

4. പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശീയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള

ജനകീയ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ 261 ജനജാഗ്രതാ സമിതികൾ സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ട്.

5. ജനവാസ മേഖലകളിലിറങ്ങുന്ന കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ചുവരുന്നുണ്ട്.

6. കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുത്തി വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾ, ചെക്ക്ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം, വനത്തിനകത്ത് ജല ലഭ്യത ഉറപ്പ് വരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണം തുടങ്ങിയവ നടത്തിവരുന്നുണ്ട്.

7. വന്യജീവികൾക്കും അവയുടെ ആവാസവ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തി പങ്കിടുന്ന ജനവാസ മേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

(ബി) വന്യമൃഗങ്ങൾ ജനവാസ മേഖലയിൽ അതിക്രമം നടത്തുന്നത് തടയാൻ ശാസ്ത്രീയമായ പഠനം നടത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ആയതിന്റെ വിശദാംശം നൽകാമോ?

1. ഡെറാഡൂണിലെ വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയും കേരള വനം വകുപ്പിലെ പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും ചേർന്ന് കാട്ടാന ഉൾപ്പെടെയുള്ള വന്യജീവികൾ ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് ഇറങ്ങുന്നതിനുള്ള കാരണങ്ങളും പ്രതിരോധ മാർഗ്ഗങ്ങളെയും കുറിച്ച് പഠനം നടത്തിവരുന്നുണ്ട്.

2. മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനും ആയതുമായി ബന്ധപ്പെട്ട് ഹ്രസ്വകാല-ദീർഘകാല പദ്ധതികൾ വിഭാവന ചെയ്യുന്നതിനും KFRI അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, വെറ്ററിനറി യൂണിവേഴ്സിറ്റി, ടൈഗർ കൺസർവേഷൻ ഫൗണ്ടേഷൻ, തദ്ദേശവാസികൾ എന്നിവരുമായി ബന്ധപ്പെട്ട് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനും സർക്കിൾ നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**വനം വകുപ്പിലെ തൊണ്ടി മോക്ഷണ കേസിൻെറ അന്വേഷണ പുരോഗതി**

174(1014) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വനം ഡിവിഷനിലെ പരുത്തിപ്പള്ളി റെയ്ഞ്ചിൽ വർഷം 2000 മുതൽ വനം വകുപ്പ് രജിസ്റ്റർ ചെയ്ത കേസുകളിലെ തൊണ്ടി മുതലിന്റെ മോഷണവുമായി ബന്ധപ്പെട്ട അന്വേഷണം 22 വർഷം കഴിഞ്ഞിട്ടും പൂർത്തിയാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

തൊണ്ടി മുതൽ മോഷണവുമായി ബന്ധപ്പെട്ട അന്വേഷണം 22 വർഷം കഴിഞ്ഞിട്ടും പൂർത്തിയാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പരുത്തിപ്പള്ളി റെയ്ഞ്ചിൽ വിവിധ കാലയളവിൽ രജിസ്റ്റർ ചെയ്ത വിവിധ വനം കേസുകളിലെ ചില തൊണ്ടി വകകൾ നഷ്ടപ്പെട്ടിട്ടുള്ളതായി 10-06-2010-ന് റെയ്ഞ്ച് ഫോറസ്റ്റ് ആഫീസർ കണ്ടെത്തി റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് വിഭാഗം അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ടിൽ കൂടുതൽ വ്യക്തത വരുത്തേണ്ടതുള്ളതിനാലും കൂടുതൽ തൊണ്ടി വകകൾ നഷ്ടമായിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനും

വേണ്ടി ഒരു പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് അന്വേഷണം തുടർന്നുവരുന്നു.

(ബി) തൊണ്ടി മോഷണ കേസ് അന്വേഷണത്തിന് രൂപീകരിച്ച പ്രത്യേക അന്വേഷണ സംഘത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിഷയങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ?

പരുത്തിപ്പള്ളി റെയ്ഞ്ചിലെ വിവിധ ഒ.ആർ. കേസുകളിൽ ഉൾപ്പെട്ട വിലപിടിപ്പുള്ള തൊണ്ടിവകകൾ നഷ്ടപ്പെട്ടത് സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനാണ് പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചിട്ടുള്ളത്.

(സി) പ്രത്യേക അന്വേഷണ സംഘത്തിന്റെ അന്വേഷണം തൃപ്തികരമാണോ എന്നും എങ്കിൽ നാളിതുവരെയുള്ള അന്വേഷണ പുരോഗതിയും വിശദീകരിക്കാമോ?

അന്വേഷണം തൃപ്തികരമാണ്. അന്വേഷണം പുരോഗമിച്ചുവരികയാണെന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വിജിലൻസ് ) റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) അന്വേഷണത്തിന് മേൽനോട്ടം വഹിക്കുന്നവർ റിപ്പോർട്ട് സമർപ്പിക്കുന്നതിൽ മനഃപൂർവം കാലതാമസം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നും അന്വേഷണം പൂർത്തിയാക്കുന്നതിന് നൽകിയ സമയം എത്രയാണെന്നും അറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അന്വേഷണം പൂർത്തിയാക്കുന്നതിന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ്)-ന് 26-08-2023 വരെ സമയപരിധി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

**ഈറ്റ തൊഴിലാളികൾക്കുള്ള പാസ്**

175(1015) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈറ്റ തൊഴിലാളികൾക്ക് വനത്തിനുള്ളിൽനിന്നും ഈറ്റ വെട്ടുന്നതിനുള്ള പാസ് നൽകുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ അതിന്റെ വ്യവസ്ഥകൾ നിലവിൽ എന്തെല്ലാമാണെന്നും അറിയിക്കാമോ?

പരമ്പരാഗതമായി ഈറ്റ ശേഖരിച്ച് തൊഴിലിൽ ഏർപ്പെടുന്നവർക്ക് 21-01-2008-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) 33/2008/വനം, 09-02-2018-

ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 3/2018/വനം എന്നീ ഉത്തരവുകളിൽ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഈറ്റ ശേഖരിക്കാൻ അനുമതി നൽകിവരുന്നു. 21-01-2008-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) 33/2008/വനം പ്രകാരം പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന മാനദണ്ഡങ്ങൾ അനുസരിച്ചാണ് ഈറ്റ, മുള, ചൂരൽ എന്നിവ ശേഖരണവും വിതരണവും നടത്തുന്നത്.

1. ഗുണഭോക്താവ് പരമ്പരാഗത തൊഴിലാളിയും ഈറ്റ, മുള, ചൂരൽ എന്നിവയെ ആശ്രയിച്ച് കഴിയുന്നവരുമായിരിക്കണം.

2. ഇതിനായി പട്ടികവർഗ/പട്ടികജാതി വകുപ്പിന്റെ താലൂക്ക് ലെവൽ ഓഫീസിൽനിന്നും സർട്ടിഫിക്കറ്റ് വാങ്ങി സമർപ്പിക്കണം.

3. സീനിയറേജ് വാല്യുവിന്റെ 50 ശതമാനവും സീനിയറേജ് പാസിന്റെ വിലയും ഒടുക്കിയാൽ മാത്രമേ തലച്ചുമടായി വിതരണം നടത്തുവാൻ സാധിക്കുകയുള്ളൂ.

4. പരമാവധി 2 ചുമട് ഈറ്റയും 5 മുളയും ഒരു കുടുംബത്തിന് ഓരോ ആഴ്ചയും നൽകുന്നതാണ്.

5. എന്നാൽ ഗുണഭോക്താവ് മുള/ഈറ്റ/ചൂരൽ എന്നിവ വിൽക്കുകയോ ഇവ ശേഖരിക്കുമ്പോൾ ഏതെങ്കിലും തരത്തിലുള്ള വനസംബന്ധമായ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുകയോ ചെയ്താൽ വിതരണം നിർത്തിവയ്ക്കപ്പെടുന്നതാണ്.

09-02-2018-ലെ സർക്കാർ ഉത്തരവ്(കൈ) നമ്പർ 3/2018/വനം പ്രകാരം ഈറ്റ, മുള എന്നിവയുടെ ലഭ്യതയുടെയും വർക്കിംഗ് പ്ലാൻ നിർദ്ദേശങ്ങളും അനുസരിച്ച് നിയമാനുസൃത വിലയും നികുതികളും അടച്ച് ഒരു പ്രാവശ്യം പരമാവധി 5000 ഈറ്റയും ഒരു വർഷം പരമാവധി 25000 മുളയും എന്ന പരിധിയോടെ ഒരു പ്രാവശ്യം 500 മുള അനുവദിക്കുന്നതിന് ടെറിട്ടോറിയൽ/സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ/ഫോറസ്റ്റ് കൺസർവേറ്റർമാർക്കും ഒരു പ്രാവശ്യം പരമാവധി 500 ഈറ്റയും പരമാവധി 500 മുള എന്ന വാർഷിക പരിധിയോടെ ഒരു പ്രാവശ്യം 100 മുള അനുവദിക്കുന്നതിന് ടെറിട്ടോറിയൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും അധികാരം നൽകി ഉത്തരവായിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## തിരുവനന്തപുരം വന ഡിവിഷനിലെ അനധികൃത വൈഡൂര്യ ഖനനം

176(1016) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വന ഡിവിഷനിലെ അനധികൃത വൈഡൂര്യ ഖനനവുമായി ബന്ധപ്പെട്ട് പാലോട് റെയ്ഞ്ചിൽ എത്ര ഒ.ആർ. കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന വ്യക്തമാക്കാമോ?

ഒ.ആർ. 14/2014, ഒ.ആർ. 29/2021 എന്നിങ്ങനെ രണ്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) അനധികൃത വൈഡൂര്യ ഖനനത്തിലൂടെ എത്ര കോടി രൂപയുടെ വൈഡൂര്യം നഷ്ടപ്പെട്ടുവെന്ന് ശാസ്ത്രീയാടിസ്ഥാനത്തിൽ കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കാമോ?

കണക്കാക്കിയിട്ടില്ല.

(സി) കോട്ടയം വിജിലൻസ് കൺസർവേറ്റർ അനധികൃത വൈഡൂര്യ ഖനന കേസിൽ നടത്തിയ അന്വേഷണത്തിന്റെ കണ്ടെത്തലുകൾ വിശദീകരിക്കാമോ?

വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗത്തിന്റെ കീഴിലുള്ള തിരുവനന്തപുരം ഫ്ളയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ടിന്മേൽ കോട്ടയം (ഇൻസ്പെക്ഷൻ & ഇവാല്യുവേഷൻ) ഫോറസ്റ്റ് കൺസർവേറ്റർ സമർപ്പിച്ച അഭിപ്രായത്തിൽ മൺസൂൺ കാലത്ത് മേൽപ്രദേശത്ത് നടത്തേണ്ടതായ ഫീൽഡ് പരിശോധനകളിലുണ്ടായ വീഴ്ചകളാണ് അനധികൃത ഖനന പ്രവർത്തനങ്ങൾക്ക് ഇടയാക്കിയതെന്ന് അറിയിച്ചിട്ടുണ്ട്.

(ഡി)പ്രസ്തുത വൈഡൂര്യ കേസിലെ പ്രതികളെയും തൊണ്ടിയും കണ്ടെത്തി കോടതി മുമ്പാകെ കേസ് ചാർജ് സമർപ്പിച്ചിട്ടുണ്ടോ?

ഒ.ആർ. 14/2014 നമ്പർ കേസിലെ പ്രതികളെയും തൊണ്ടിയും കണ്ടെത്തി ബഹു. കോടതി മുമ്പാകെ കേസ് ചാർജ്ജ് ചെയ്തിട്ടുള്ളതാണ്. തുടർന്ന് രജിസ്റ്റർ ചെയ്ത ഒ.ആർ. 29/2021 നമ്പർ കേസിലെ പ്രതികളെ ഇതുവരെ കണ്ടെത്തുവാൻ സാധിച്ചിട്ടില്ല.

**വനമേഖലയോട് ചേർന്നുകിടക്കുന്ന സെറ്റിൽമെന്റുകൾ**

177(1017) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നോർത്ത്, സൗത്ത് ഡിവിഷനുകൾക്കുകീഴിൽ വന മേഖലയോട് ചേർന്ന് സെറ്റിൽമെന്റുകൾ മാറ്റി താമസിപ്പിക്കുന്നത് സംബന്ധിച്ച് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; റെയ്ഞ്ചുകൾ തിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

<u>നവകിരണം പദ്ധതി</u> - സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയിൽ നിലമ്പൂർ നോർത്ത്-സൗത്ത് വനം ഡിവിഷനുകൾക്കുകീഴിൽ വനമേഖലയോടു ചേർന്നുകിടക്കുന്ന സെറ്റിൽമെന്റുകളിൽനിന്നും ലഭിച്ച അപേക്ഷകൾ റെയ്ഞ്ച് തിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) പരിസ്ഥിതി സൗഹൃദവും അതിജീവനക്ഷമവുമായ തരത്തിൽ സംസ്ഥാനത്തെ പുനർനിർമ്മിക്കുന്നതിനുള്ള റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ മാർഗ്ഗ നിർദ്ദേശങ്ങളിന്മേൽ വനം വകുപ്പ് തയ്യാറാക്കിയ നിർദ്ദേശങ്ങളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

കേരളത്തിലെ വനങ്ങളിൽ ധാരാളം മനുഷ്യവാസ കേന്ദ്രങ്ങൾ നിലവിലുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം, തുടർച്ചയായി സംഭവിക്കുന്ന പ്രകൃതി ദുരന്തങ്ങൾ, വികസന പ്രവർത്തനങ്ങളുടെ അപര്യാപ്തത തുടങ്ങിയ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിവിധ കാരണങ്ങൾ മുൻനിർത്തി വനത്തിനുള്ളിലെ ഇത്തരം മനുഷ്യവാസ മേഖലകളിൽനിന്നും പുനരധിവാസത്തിനായുള്ള ആവശ്യമുയരുന്നുണ്ട്. റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതിക്ക് 14-11-2019-ലെ ജി.ഒ.(ആർ.റ്റി) 483/2018/പി&ഇ.എ പ്രകാരവും, കിഫ്ബി Phase II പദ്ധതിക്ക് 23-01-2020-ലെ ജി.ഒ.(എം.എസ്) 2/2020/വനം വന്യജീവി, 02-08-2021-ലെ ജി.ഒ.(എം.എസ്) 12/2021/വനം വന്യജീവി നമ്പർ ഉത്തരവുകൾ പ്രകാരവും ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു+. കേരളത്തിലെ വനത്തിനുള്ളിൽ താമസിക്കുന്ന സ്വയംസന്നദ്ധ ആദിവാസി-ഇതര കുടുംബങ്ങൾക്ക് അംഗീകൃത മാർഗ്ഗരേഖ പ്രകാരം ടി പദ്ധതിയിൽ അപേക്ഷിക്കാവുന്നതാണ്.

കേരള വനം-വന്യജീവി വകുപ്പ് റീബിൽഡ് കേരള ഡെവപല്മെന്റ് സ്വയം സന്നദ്ധ പുനരധിവാസ/കിഫ്ബി ഫേസ്-II എന്നീ സർക്കാർ പദ്ധതികൾ വിനിയോഗിച്ച് വനാന്തരങ്ങളിൽ ഒറ്റപ്പെട്ട് താമസിക്കുന്ന ആദിവാസി ഇതര ജനവിഭാഗങ്ങളെ മാറ്റി താമസിപ്പിക്കുന്നതിനുള്ള സാഹചര്യമൊരുക്കുകയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഈ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതി പരിശോധിച്ചാൽ ഭൂമിയുടെ വിസ്തൃതിക്ക് ഉപരിയായി ഇപ്രകാരമുള്ള പ്രദേശത്ത് താമസിക്കുന്നവരുടെ സാമൂഹ്യസുരക്ഷ ഉറപ്പുവരുത്തുന്ന രീതിയിലാണ് പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്. പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം ഒറ്റപ്പെട്ട വനാന്തരങ്ങളിൽ താമസിക്കുന്ന വ്യക്തികൾക്ക് യൂണിറ്റ് ഒന്നിന് ലഭിക്കുന്ന 15 ലക്ഷത്തിനുപരിയായി അപേക്ഷയിൽ ആശ്രിതനായി കൂടെ താമസിക്കുന്ന പ്രായപൂർത്തിയായ മകൻ, മകൾ, സഹോദരൻ, സഹോദരി, വിധവ, വിവാഹമോചിത, അനാഥൻ, അംഗവൈകല്യമുള്ളവർ എന്നിവരും ഓരോ ഉപയൂണിറ്റിന് അർഹരാണ്. 04-11-2020-ൽ ചേർന്ന ആദ്യ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി സ്വയംസന്നദ്ധ പുനരധിവാസത്തിനായുള്ള മാർഗ്ഗരേഖ അംഗീകരിച്ചിട്ടുള്ളതും 18-07-2022-ൽ ചേർന്ന ആറാമത്തെ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി ടി മാർഗ്ഗരേഖയെ ഭേദഗതി വരുത്തി അംഗീകരിച്ചിട്ടുള്ളതുമാണ്.

കുടുംബമെന്നാൽ ഒരു വ്യക്തി/അവരുടെ ജീവിത പങ്കാളി, പ്രായപൂർത്തിയാകാത്ത മക്കൾ, പ്രായപൂർത്തിയാകാത്ത സഹോദരങ്ങൾ,

മാതാപിതാക്കൾ, ഉപജീവനത്തിനായി വ്യക്തിയെ ആശ്രയിച്ച് ഒപ്പം കഴിയുന്ന മറ്റ് ബന്ധുക്കൾ.

ഒരു കുടുംബത്തിലെതന്നെ താഴെപ്പറയുന്ന അംഗങ്ങളെ (ഇപ്പോൾ ഒന്നിച്ചാണ് താമസിക്കുന്നതെങ്കിലും) പുനരധിവാസത്തിന് 'അർഹരായ പ്രത്യേക കുടുംബമായി' കണക്കാക്കുന്നതാണ്.

1. പ്രായപൂർത്തിയായ മകനോ, മകളോ (18 വയസ്സിന് മുകളിൽ), വിവാഹിതരോ അല്ലയോ എന്നത് കണക്കിലെടുക്കാതെ.

2. 18 വയസ്സിന് മുകളിൽ പ്രായമുള്ള സഹോദരനോ സഹോദരിയോ

3. ശാരീരികമായോ മാനസികമായോ വെല്ലുവിളികൾ നേരിടുന്നവർ (പ്രായം കണക്കിലെടുക്കാതെ)

4. പ്രായപൂർത്തിയാകാത്ത, മാതാപിതാക്കൾ നഷ്ടപ്പെട്ട അനാഥർ

5. വിധവ അല്ലെങ്കിൽ വിവാഹമോചിത

രണ്ട് ഹെക്ടർ വരെ ഭൂമിയുള്ള ഒരു അർഹതപ്പെട്ട കുടുംബത്തിന് മുഴുവൻ പാക്കേജ് തുകയായ 15 ലക്ഷം രൂപ ലഭ്യമാകും.

വനമേഖലയിൽ സ്ഥിരതാമസമില്ലാത്ത കുടുംബമാണെങ്കിൽ, പ്രായപൂർത്തിയായ മകൻ/മകൾ എന്നിങ്ങനെ കണക്കാക്കാതെ നഷ്ടപരിഹാരം ഒരു അർഹതപ്പെട്ട കുടുംബം മാത്രമായി നിജപ്പെടുത്തുന്നതാണ്.

രണ്ട് ഹെക്ടറിന് മേൽ വിസ്തൃതിയിലുള്ള ഭൂമിയെങ്കിൽ അധികമായുള്ള ഓരോ രണ്ട് ഹെക്ടറിനെയും ഒരു പാർപ്പിട യൂണിറ്റായി കണക്കാക്കുന്നതാണ്.

ഇതോടൊപ്പം വനാന്തരങ്ങളിൽ കണ്ടുവരുന്ന വിദേശ-അധിനിവേശ സസ്യങ്ങളുടെ ഉന്മൂലനത്തിനായുള്ള പദ്ധതിയും റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമായി വയനാട് ജില്ലയിൽ കണ്ടുവരുന്ന സെന്ന എന്ന അധിനിവേശ സസ്യങ്ങളുടെ ഉന്മൂലനവും പരിസ്ഥിതി പുനരുജ്ജീവനത്തിനുമായി 40 കോടിയുടെ ഒരു പദ്ധതി അംഗീകരിച്ച് നൽകുകയും ആയത് വയനാട് വന്യജീവി സങ്കേതത്തിൽ നടപ്പിലാക്കിവരികയും ചെയ്യുന്നു.

(സി) വനത്തോട് ചേർന്നുള്ള പ്രദേശങ്ങളിലെയും വനത്തിനുള്ളിലെ സങ്കേതങ്ങളിലെയും മാറ്റി പാർപ്പിക്കേണ്ട ഓരോ കുടുംബത്തിനും എത്ര തുക

വീതം നൽകുമെന്ന് വിശദമാക്കാമോ; വനത്തിനുള്ളിലെ സങ്കേതങ്ങൾ (സെറ്റിൽമെന്റ്) മാറ്റി സ്ഥാപിക്കാൻ എത്ര കോടിയാണ് അനുവദിച്ചതെന്നും അറിയിക്കാമോ?

ഈ പദ്ധതിയിൽ സ്വമേധയാ അംഗമാകുന്ന വ്യക്തികൾക്ക് തങ്ങളുടെ കൈവശമുള്ള പട്ടയഭൂമിക്ക് ഓരോ രണ്ട് ഹെക്ടർ വരെയുള്ള ഭൂമിക്ക് 15 ലക്ഷം രൂപയാണ് സാമ്പത്തിക സഹായമായി നൽകുന്നത്. കൂടാതെ പദ്ധതി പ്രദേശത്ത് താമസിച്ചുവരുന്ന വ്യക്തികളുടെ ആശ്രിതരായ 18 വയസ്സ് പൂർത്തിയാക്കിയ മകൻ, മകൾ, സഹോദരൻ, സഹോദരി, അനാഥ, വിധവ, അംഗവൈകല്യമുള്ളവർ എന്നിവർക്ക് ഓരോ ഉപയൂണിറ്റിനും (15 ലക്ഷം രൂപ) അർഹതയുണ്ട്. സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി 291.96 കോടി രൂപ വകയിരുത്തിയിട്ടുള്ളതാണ്.

(ഡി) കുടിയൊഴിഞ്ഞ് പോകേണ്ടവർക്ക് അവരുടെ കൈവശത്തിലുള്ള ഭൂമിയുടെ അളവിന്റെയും കൃഷി വിളകളുടെയും വീട് ഉൾപ്പെടെയുള്ള നിർമ്മിതികളുടെയും വില കണക്കാക്കി ആനുപാതികമായ നഷ്ടപരിഹാരം നൽകി പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇത്

സംബന്ധിച്ച ആശങ്ക പരിഹരിക്കാൻ ജനപ്രതിനിധികളുടെയും വനം വകുപ്പ് ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ച് ചേർക്കുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

ഈ പദ്ധതി സ്വയം സന്നദ്ധമാണ്. പദ്ധതിയുടെ അംഗീകൃത മാർഗ്ഗരേഖ ബോദ്ധ്യപ്പെട്ട് സ്വയംസന്നദ്ധരായവർ മാത്രമാണ് പദ്ധതിയിൽ അംഗമാകുന്നത്. ആവശ്യമുള്ളപക്ഷം യോഗം വിളിച്ചുചേർക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**തിരുവനന്തപുരം വനം ഡിവിഷനിലെ തൊണ്ടിമുതൽ മോഷണം**

178(1018) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വനം ഡിവിഷനിലെ പരുത്തിപ്പള്ളി റെയ്ഞ്ചിൽനിന്നും ഒ.ആർ. 120/90, ഒ.ആർ. 31/2000, ഒ.ആർ.19/2001, ഒ.ആർ. 15/2001, ഒ.ആർ. 21/2002, ഒ.ആർ. 16/2003, ഒ.ആർ. 9/2004, ഒ.ആർ. 9/2007, ഒ.ആർ. 10/2007 എന്നീ കേസുകളിൽ ഉൾപ്പെട്ട തൊണ്ടി മുതലുകൾ മോഷണം പോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഓരോ

കേസിലും ഉൾപ്പെട്ട തൊണ്ടിമുതലുകളുടെ വിവരവും അവയുടെ മഹസർ വിലയും ഇപ്പോഴത്തെ കമ്പോളവിലയും ഇനം തിരിച്ച് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒ.ആർ.21/2002 നമ്പർ കേസിലെ തൊണ്ടിവകകൾ ബഹു. പുനലൂർ വനം കോടതി സുരക്ഷിത സൂക്ഷിപ്പിലുള്ളതാണ്. ചന്ദനം, ഈട്ടി എന്നിവ വിഗ്രഹ രൂപത്തിലുള്ളതും ചെറുഉരുപ്പടികളുടെയും രൂപത്തിലുമായതിനാൽ പൊതുവിപണിവില തരംതിരിച്ച് ലഭ്യമാക്കുവാൻ കഴിയില്ല. ഓരോ കേസിലും ഉൾപ്പെട്ട തൊണ്ടിവകകളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത ഒ.ആർ. കേസുകളിലെ തൊണ്ടിമുതൽ മോഷണം നടക്കുമ്പോൾ പരുത്തിപ്പള്ളി റെയ്ഞ്ചിന്റെ ചുമതല വഹിച്ചിരുന്ന റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാർ ആരായിരുന്നു; പ്രസ്തുത അനധികൃത പ്രവൃത്തിക്ക് തത്സമയത്തെ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ മാത്രമാണോ ഉത്തരവാദി; ഉത്തരവാദിത്വമുള്ള മറ്റ് ഉദ്യോഗസ്ഥരുടെ പേരും തസ്തികയും വെളിപ്പെടുത്താമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത തൊണ്ടിമുതലുകൾ നഷ്ടപ്പെട്ടത് ഏത് കാലയളവിലാണെന്ന് കണ്ടെത്തിയിട്ടില്ല. തൊണ്ടിമുതൽ നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് വനം വിജിലൻസ് വിഭാഗം നടത്തിവരുന്ന അന്വേഷണത്തിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ മാത്രമേ ഏത് കാലയളവിലാണ് തൊണ്ടി മുതലുകൾ നഷ്ടപ്പെട്ടതെന്നും ഉദ്യോഗസ്ഥ വീഴ്ചയുണ്ടായിട്ടുണ്ടോ എന്നും വ്യക്തമാകുകയുള്ളൂ.

(സി) പ്രസ്തുത ഒ.ആർ. കേസുകളിലെ തൊണ്ടിമുതൽ മോഷണം പോയതുമായി ബന്ധപ്പെട്ട് പോലീസിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ ക്രൈം നമ്പർ വെളിപ്പെടുത്താമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്നും കേസ് രജിസ്റ്റർ ചെയ്യാത്തവർക്കെതിരെ സ്വീകരിച്ച നടപടിയും വ്യക്തമാക്കാമോ?

പ്രസ്തുത കേസുകളിൽ ഒ.ആർ. 120/90 നമ്പർ കേസിലെ തൊണ്ടി വകകൾ നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)-31073/2009 നമ്പർ കേസിലെ 06-09-2010-ലെ ഉത്തരവ് പ്രകാരം വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ തിരുവനന്തപുരം

ഇൻസ്പെക്ടർ, വി.ഇ.10/10 നമ്പരായി അന്വേഷണം നടത്തിയിരുന്നു. മറ്റ് ഒ.ആർ. കേസുകളിലെ തൊണ്ടിമുതലുകൾ നഷ്ടപ്പെട്ടത് സംബന്ധിച്ച് വകുപ്പ് നടപടികൾ സ്വീകരിച്ചതോടൊപ്പം 27-09-2022-ന് പരുത്തിപ്പള്ളി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ, കാട്ടാക്കട പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിട്ടുണ്ട്. എന്നാൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടില്ല.

(ഡി) തൊണ്ടിമുതൽ മോഷണ കേസ് അന്വേഷണത്തിനായി പ്രത്യേകം രൂപീകരിച്ച അന്വേഷണ സംഘത്തിന്റെ പരിധിയിൽ പ്രസ്തുത ഒ.ആർ. കേസുകളിലെ തൊണ്ടി മുതൽ മോഷണം ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ നാളിതുവരെയുള്ള അന്വേഷണ പുരോഗതി വിശദീകരിക്കാമോ?

പരുത്തിപ്പള്ളി റെയ്ഞ്ചിലെ വിലപിടിപ്പുള്ള തൊണ്ടിവകകൾ നഷ്ടപ്പെട്ടത് സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തുന്നതിന് ഫോറസ്റ്റ് കൺസർവേറ്റർ (ഐ.&.ഇ.) കോട്ടയത്തിന്റെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘത്തെ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത അന്വേഷണ സംഘത്തിന്റെ അന്വേഷണം പുരോഗമിച്ചുവരികയാണ്.

**താല്ക്കാലിക ജീവനക്കാരന് ചികിത്സാസഹായം**

179(1019) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരി റെയ്ഞ്ചിൽ പീടികപ്പാറ പ്രദേശത്ത് കാട്ടാനകളെ തുരത്തുന്നതിനിടെ മാരകമായി പരിക്കേറ്റ വനം വകുപ്പ് താല്ക്കാലിക ജീവനക്കാരന് നൽകിയ ചികിത്സാസഹായം സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

താമരശ്ശേരി റെയ്ഞ്ചിൽ പീടികപ്പാറ സെക്ഷനിൽ എൻ.എം.ആർ. വാച്ചറായി ജോലി ചെയ്തുവരുന്ന ശ്രീ. സി. കെ. മുജീബ് റഹമാൻ എന്നയാൾക്ക് 04-06-2023-ന് കാട്ടാനയെ തുരത്തുന്നതിനിടെ പടക്കം പൊട്ടി പരിക്കേറ്റതിനെത്തുടർന്ന് അടിയന്തര ധനസഹായമായി എഫ്.ഡി.എ.-കളിൽനിന്നും 35,000/- രൂപയും, വൈൽഡ് ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യയിൽനിന്നും 25,000/- രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) ചികിത്സ ചെലവേറിയതായതിനാൽ അതിനനുസൃതമായ സഹായം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

അപകടവുമായി ബന്ധപ്പെട്ട് ഇ-ഡിസ്ട്രിക്ട് മുഖേന നഷ്ടപരിഹാര അപേക്ഷ ലഭ്യമായിട്ടുണ്ട്. പ്രസ്തുത അപേക്ഷയിന്മേൽ നടപടികൾ വേഗത്തിൽ പൂർത്തീകരിച്ച് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തുക കൈമാറുന്നതാണ്.

**ഇരുവഴിഞ്ഞിപ്പുഴയിലെ നീർനായ ശല്യം**

180(1020) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻകാലങ്ങളിൽ നിരുപദ്രവകാരികളായിരുന്ന നീർനായകൾ ഇപ്പോൾ ജനങ്ങളെ ആക്രമിക്കുന്നതിന്റെ ശാസ്ത്രീയ കാരണം കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

നീർനായകൾ ചിലത് മുൻകാലങ്ങളിലും ഉപദ്രവകാരികളായിരുന്നു. ഇവ ആക്രമിക്കുന്നതിന്റെ കാരണം ശാസ്ത്രീയമായി കണ്ടെത്തിയിട്ടില്ല.

(ബി) ഇരുവഴിഞ്ഞിപ്പുഴയിൽ ഇവയുടെ ആധിക്യവും ജനങ്ങളെ ആക്രമിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇത് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാൻ കഴിയുക എന്ന് വ്യക്തമാക്കുമോ?

നീർനായയുടെ സാന്നിദ്ധ്യമുള്ള സ്ഥലങ്ങളിൽ അവയെ പിടികൂടുന്നതിന് കൂട് സ്ഥാപിക്കുകയും അസിസ്റ്റന്റ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസറുടെ നേതൃത്വത്തിൽ ആർ.ആർ.ടി. ജീവനക്കാർ നിരീക്ഷണവും പരിശോധനയും നടത്തുകയും റെസ്ക്യൂവർമാരെ സ്ഥലത്ത് പ്രത്യേകം നിരീക്ഷണത്തിനായി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പുഴകളിൽ അറവ് മാലിന്യം തള്ളുന്നത് നിയന്ത്രിക്കുന്നതിനും തടയുന്നതിനും പ്രധാനപ്പെട്ട കുളിക്കടവുകളിൽ ലോഹനെറ്റുകൾ സ്ഥാപിക്കുന്നതിനും നടപടികൾ കൈക്കൊള്ളുന്നുണ്ട്. ജനപ്രതിനിധികളെയും നാട്ടുകാരെയും കണ്ട് സുരക്ഷാ നടപടികളെക്കുറിച്ച് ബോധവത്കരണം നടത്തുന്നുണ്ട്. നീർനായയുടെ കടിയേറ്റവരുടെ അപേക്ഷകളിന്മേൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നഷ്ടപരിഹാരം വിതരണം ചെയ്യുന്നുമുണ്ട്.

**വന്യജീവി ആക്രമണത്തിനിരയായവർക്ക് നഷ്ട പരിഹാരം**

181(1021) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ അധികാരത്തിൽ വന്നശേഷം വന്യജീവികളുടെ ആക്രമണം, വിഷജീവികളുടെ ആക്രമണം എന്നിവമൂലം സംസ്ഥാനത്ത് എത്ര പേർ മരണപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

മുൻ സർക്കാർ അധികാരത്തിൽ വന്നശേഷം വന്യജീവികളുടെ ആക്രമണം, വിഷജീവികളുടെ ആക്രമണം എന്നിവമൂലം 801 പേർ മരണപ്പെട്ടിട്ടുണ്ട്.

(ബി) മരണപ്പെട്ടവരുടെ ആശ്രിതർക്ക് ഈ ഇനത്തിൽ എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

മരണപ്പെട്ടവരുടെ ആശ്രിതർക്ക് ഈ ഇനത്തിൽ 22.87 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(സി) ഗുരുതരമായി പരിക്ക് പറ്റിയവരിൽ എത്ര പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഗുരുതരമായി പരിക്ക് പറ്റിയവരിൽ ധനസഹായം അനുവദിച്ചവരുടെ വിവരം ജില്ല തിരിച്ച് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

**സംസ്ഥാനത്തെ വനപ്രദേശങ്ങളിൽ വന്യമൃഗ വേട്ട തടയൽ**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

182(1022) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ വനപ്രദേശങ്ങളിൽ വന്യമൃഗ വേട്ട തടയുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; വന്യമൃഗ വേട്ട തടയുന്നതിനുള്ള നടപടികൾ കർശനമാക്കുമോ; വിശദാംശം നൽകുമോ?

വന്യമൃഗ വേട്ട തടയുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

•വന്യമൃഗ വേട്ട തടയുന്നതിനായി സംസ്ഥാന വനംവകുപ്പ് കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വന്യമൃഗ വേട്ട തടയുന്നതിനായി വനത്തിനുള്ളിലും വനാതിർത്തി പ്രദേശങ്ങളിലും സംരക്ഷണ വിഭാഗം ജീവനക്കാരും മറ്റ് ഉദ്യോഗസ്ഥരും പകലും രാത്രിയും നിരന്തരമായി പട്രോളിംഗും ക്യാമ്പിംഗും നടത്തുന്നുണ്ട്.

•വനത്തിനുള്ളിൽ അനുയോജ്യമായ സ്ഥലങ്ങളിൽ Anti-poaching Camp Sheds നിർമ്മിക്കുകയും വേട്ടയാടൽ തടയുന്നതിനായി ആവശ്യമായ ജീവനക്കാരെ നിയോഗിക്കുകയും ചെയ്യുന്നുണ്ട്.

•സംസ്ഥാന വനം  വകുപ്പ് ഇൻഫോർമർമാരുടെ ശൃംഖലയുടെ സേവനം ഉപയോഗപ്പെടുത്തി ഇന്റലിജൻസ് സെൽ സ്ഥാപിച്ചിട്ടുണ്ട്. ഇത് വേട്ടയാടൽ തടയുന്നതിനും കുറ്റവാളികളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനും സഹായിക്കുന്നു.

•വനത്തിനുള്ളിൽ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. കുറ്റകൃത്യം കണ്ടെത്തിയാൽ ആയതിൽ ഉൾപ്പെട്ടിട്ടുള്ള കുറ്റക്കാർക്കെതിരെ ശക്തമായ നിയമ നടപടി സ്വീകരിക്കുന്നുണ്ട്.

**നെയ്യാർ ഡാമിലെ ലയൺ സഫാരി പാർക്കിൻെറ പ്രവർത്തനം**

183(1023) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാർ ഡാമിലെ ലയൺ സഫാരി പാർക്ക് തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

നെയ്യാർ വന്യജീവി സങ്കേതത്തിലെ ലയൺ സഫാരി പാർക്കിന്റെ പ്രവർത്തനാനുമതി സെൻട്രൽ സൂ അതോറിറ്റിയുടെ 13-12-2021-ലെ 19-186/93-CZA(136)(E) നമ്പർ ഉത്തരവ് പ്രകാരം റദ്ദാക്കിയിട്ടുള്ളതാണ്. സെൻട്രൽ സൂ അതോറിറ്റിയുടെ നിബന്ധന പ്രകാരം ലയൺ സഫാരി പാർക്ക് പ്രവർത്തിക്കുന്നതിന് കുറഞ്ഞത് 20 ഹെക്ടർ വിസ്തൃതി ആവശ്യമാണ്. എന്നാൽ നെയ്യാർ ലയൺ സഫാരി പാർക്കിന് നാല് ഹെക്ടർ വിസ്തൃതി മാത്രമാണുള്ളത്.

നെയ്യാർ ലയൺ സഫാരി പാർക്ക് നിലവിൽ സ്ഥിതിചെയ്യുന്ന സ്ഥലം നെയ്യാർ ഡാം റിസർവ്വോയറിന് ഉള്ളിലുള്ള ഒരു ദ്വീപ് ആയതിനാൽ ആയതിന്റെ വിസ്തൃതി വർദ്ധിപ്പിക്കാൻ നിർവ്വാഹമില്ല. നിലവിൽ വന്യജീവി സങ്കേതങ്ങളിലും ദേശീയോദ്യാനങ്ങളിലും മൃഗശാലയും സഫാരി പാർക്കുകളും ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങളും മറ്റ് വനേതര പ്രവർത്തനങ്ങളും നടത്തുന്നത് ബഹു. സുപ്രീംകോടതി വിലക്കിയിട്ടുള്ളതാണ്. ആയതിനാൽ നെയ്യാർ വന്യജീവി സങ്കേതത്തിന്റെ ഭാഗമായ വനഭൂമി ലയൺ സഫാരി പാർക്കിന്റെ പ്രവർത്തനത്തിനായി ഏറ്റെടുക്കാൻ കഴിയുന്നതല്ല.

(ബി) അടുത്തിടെ പാർലമെന്റ് പാസ്സാക്കിയ വന സംരക്ഷണ ഭേദഗതി ബില്ലിന്റെ വ്യവസ്ഥകളിൽ ഉൾപ്പെടുത്തി നെയ്യാർ ഡാമിലെ ലയൺ സഫാരി പാർക്ക് വിപുലീകരിക്കാൻ കഴിയുമോ; വിവരം ലഭ്യമാക്കുമോ?

വനം (സംരക്ഷണം) ഭേദഗതി 2023 ആക്ട് പാർലമെൻറ് പാസാക്കി കേന്ദ്ര സർക്കാരിന്റെ ഔദ്യോഗിക ഗസറ്റ് നമ്പർ 18 ആയി 04-08-2023-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി ഭേദഗതി നിയമത്തിന്റെ സെക്ഷൻ 5 സബ് സെക്ഷൻ ll(vi) പ്രകാരം മൃഗശാല, സഫാരി പാർക്കുകൾ എന്നിവ സംരക്ഷിത മേഖലയിൽപ്പെടാത്ത വനമേഖലയിൽ ആരംഭിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളതായി കാണുന്നത്. ആയതിനാൽ നെയ്യാർ വന്യജീവി സങ്കേതത്തിനുള്ളിൽ ലയൺ സഫാരി പാർക്ക് വിപുലീകരിക്കുന്നതിന് പ്രസ്തുത ആക്ടിന്റെ ഭേദഗതി പ്രകാരം സാധിക്കുന്നതല്ല.

**വന്യമൃഗങ്ങളുടെ എണ്ണത്തിലുണ്ടായ കുറവ്**

184(1024) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനമേഖലയിൽ കാട്ടാനകളുടെയും കടുവകളുടെയും എണ്ണം കുറഞ്ഞതായി വനം വകുപ്പ് സർവ്വെയിൽ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) 2018-ൽ നടത്തിയ സർവ്വേയിൽ കാട്ടാനകളുടെയും കടുവകളുടെയും എണ്ണം എത്രയായിരുന്നു; നിലവിൽ എത്ര കാട്ടാനകളും കടുവകളും ഉണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്; ഏത് മാർഗ്ഗത്തിലൂടെയുള്ള സർവ്വേ രീതിയാണ് അവലംബിച്ചതെന്ന് വ്യക്തമാക്കുമോ?

(എ&ബി) വനം-പരിസ്ഥിതി മന്ത്രാലയവും, വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയും അംഗീകരിച്ച രീതികൾ അവലംബിച്ചാണ് വന്യജീവികളുടെ എണ്ണം തിട്ടപ്പെടുത്തുന്നത്. വ്യത്യസ്ത വർഗ്ഗങ്ങളിൽപ്പെട്ട ജീവികൾക്ക് വ്യത്യസ്ത രീതികളാണ് കണക്കെടുപ്പിനായി അവലംബിച്ചുവരുന്നത്. ഒരു ഇനത്തിൽപ്പെട്ട വന്യമൃഗത്തിന്റെ ഏകദേശ എണ്ണമാണ് (Population Estimation) ഈ രീതിയിലൂടെ കണ്ടെത്താൻ സാധിക്കുന്നത്. കണക്കെടുപ്പ് നടത്തുന്ന സീസൺ, കണക്കടുപ്പിന് അവലംബിച്ച രീതി (Direct count/Indirect method) കാലാവസ്ഥാ

വ്യതിയാനം, ആവാസവ്യവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങൾ തുടങ്ങിയ ഘടകങ്ങളെ ആശ്രയിച്ച് ഓരോ മേഖലയിലും കാണപ്പെടുന്ന വന്യമൃഗങ്ങളുടെ എണ്ണത്തിൽ ഏറ്റക്കുറച്ചിലുകളുണ്ടാകാറുണ്ട്.

വന്യജീവികളുടെ കണക്കെടുപ്പ് നടത്തുന്നതിനുവേണ്ടി വനമേഖലയെ ബ്ലോക്കുകളായി തിരിച്ച്, അതിലൂടെ സഞ്ചരിച്ച് നേരിട്ടുകാണുന്ന മൃഗങ്ങളുടെ എണ്ണം തിട്ടപ്പെടുത്തുന്ന Block Count method, ഓരോ ബ്ലോക്കിലും നിശ്ചയിക്കുന്ന നിർദ്ദിഷ്ട നേർരേഖയിലൂടെ സഞ്ചരിച്ച് നേരിട്ട് കാണുന്ന മൃഗങ്ങളുടെ എണ്ണം തിട്ടപ്പെടുത്തുന്ന line transect method, കടുവ, പുലി എന്നിവയുടെ കണക്കെടുപ്പിനായി വനമേഖലയെ ചെറിയ ഗ്രിഡുകളാക്കി തിരിച്ച് അവയിൽ സ്ഥാപിക്കുന്ന ക്യാമറ ട്രാപ്പ് ഉപയോഗിച്ച് എടുക്കുന്ന ചിത്രങ്ങൾ അവലംബിച്ചുള്ള Capture-Recapture method, ആനകളുടെ പ്രായം, ആൺ-പെൺ ഇനം എന്നിവ അറിയുന്നതിനായി ജലസ്രോതസുകൾ കേന്ദ്രീകരിച്ച് നടത്തുന്ന Waterhole Count, പക്ഷികളുടെ കണക്കെടുപ്പിനായി ഉപയോഗിക്കുന്ന Point Count method, കൂടാതെ ആനകളുടെ എണ്ണം കണക്കാക്കുന്നതിനുള്ള indirect method ആയ Dung decay rate

തുടങ്ങിയവയാണ് നിലവിൽ വന്യമൃഗങ്ങളുടെ population estimation-നുവേണ്ടി അവലംബിച്ചുവരുന്നത്.

2017-ലെ കണക്കെടുപ്പ് പ്രകാരം ബ്ലോക്ക് കൗണ്ടിൽ 3,322 കാട്ടാനകളും (സാന്ദ്രത ഒരു $km^2$-ൽ 0.35) ഡങ്ങ് കൗണ്ടിൽ 5706 കാട്ടാനകളും (സാന്ദ്രത ഒരു $km^2$-ൽ 0.59) കേരളത്തിൽ ഉള്ളതായാണ് കണക്കാക്കിയത്. 2023-ലെ കണക്കെടുപ്പ് പ്രകാരം ബ്ലോക്ക് കൗണ്ടിൽ 1920 കാട്ടാനകളും (സാന്ദ്രത ഒരു $km^2$-ൽ 0.20) ഡങ്ങ് കൗണ്ടിൽ 2386 കാട്ടാനകളും (സാന്ദ്രത ഒരു $km^2$-ൽ 0.25) കേരളത്തിലുള്ളതായി കണക്കാക്കിയിട്ടുണ്ട്.

2023-ലെ കണക്കെടുപ്പിന് താഴെപ്പറയുന്ന കാരണങ്ങളാൽ കൃത്യത കൂടുതലാണ്.

(i) ബ്ലോക്ക് വിസ്തീർണ്ണം പ്രായോഗികമായ രീതിയിൽ കുറച്ചിട്ടുണ്ട് (4 $km^2$-നു7.09 $km^2$ ഇടയിൽ, mean 5.76 $km^2$).

(ii) ട്രാൻസെക്ടിന്റെ നീളം കുറച്ചിട്ടുണ്ട് (0.65 km - 1.65 km, mean 1.47km). ആയതിൽനിന്നും നേർരേഖയിലുള്ള ട്രാൻസെക്ടുകൾ സാധ്യമായതും കൗണ്ടിംഗ് ടീമിന് മടുപ്പ് ഉണ്ടാകുന്നത് ഒഴിവാക്കാനും കഴിഞ്ഞു.

(iii) തൊട്ടടുത്ത ബ്ലോക്കുകൾ ഒഴിവാക്കിയതുകൊണ്ട് എണ്ണത്തിൽ ഇരട്ടിപ്പ് വരാനുള്ള സാദ്ധ്യത ഒഴിവായി.

(iv) ഡിജിറ്റൽ മാപ്പുകൾ ഉപയോഗിച്ചതിലൂടെ ഫീൽഡിലെ എണ്ണൽ വേളയിൽ ഉൾപ്പെടെ ബ്ലോക്ക് അതിർത്തികളിൽ വ്യക്തതയുണ്ടായിരുന്നു.

എണ്ണിയ 1406 ആനകളിൽ 108 എണ്ണത്തിനെ (7.7 ശതമാനം) മാത്രമേ കൃത്യമായി തരംതിരിക്കാൻ കഴിയാതിരുന്നിട്ടുള്ളൂ. തരംതിരിക്കപ്പെട്ട 1298 ആനകളിൽ 58 ശതമാനം adult-ഉം 21 ശതമാനം subadult-ഉം 15 ശതമാനം calf-ഉം 6 ശതമാനം juvenile-ഉം ആണ്. 2017-ലെ കണക്കെടുപ്പിലും ഏതാണ്ട് സമാനമായ ശതമാനമാണ് കിട്ടിയത്.

എലിഫെന്റ് റിസർവുകളുടെ (ER) അന്തർസംസ്ഥാന അതിർത്തി - 957 കി.മീ. ആണ് (വയനാട് ER 242 km - തമിഴ്നാട് & കർണാടക, നിലമ്പൂർ ER 212 km - തമിഴ്നാട്, ആനമുടി ER 214 km - തമിഴ്നാട്, പെരിയാർ ER 289 km - തമിഴ്നാട്). ആയതിനാൽ ആനകളുടെ അന്തർ സംസ്ഥാന സഞ്ചാരങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതും സംസ്ഥാനത്തിനുള്ളിലെ കാട്ടാനകളുടെ

എണ്ണത്തിൽ മാറ്റം വന്നുകൊണ്ടിരിക്കുന്നതുമാണ്. വരൾച്ച, കാട്ടുതീ എന്നിവ ഇപ്രകാരമുള്ള പാലായനത്തെ വർദ്ധിപ്പിക്കുന്നു.

വയനാട് ലാന്റ്സ്കേപ്പിൽ 2023-ലെ കടുവകളുടെ കണക്കെടുപ്പിൽ 84 കടുവകളെയാണ് കണ്ടെത്തിയത്. വയനാട് ലാന്റ്സ്കേപ്പിൽ കടുവകളുടെ സാന്ദ്രത നിലവിൽ ഓരോ 100 ചതുരശ്ര കിലോമീറ്ററിനും 7.7 ആണ്. ഇത് 2018-ൽ രേഖപ്പെടുത്തിയ കടുവകളുടെ സാന്ദ്രതയെക്കാൾ (9.33/100 ച.കി.മി) കുറവാണ്. 2018-ലെ കണക്കെടുപ്പിൽ 120 കടുവകളെയാണ് വയനാട് ലാന്റ്സ്കേപ്പിൽ കണ്ടെത്തിയിരുന്നത്. ഈ വർഷത്തെ (2023) കണക്കെടുപ്പിൽ കണ്ടെത്തിയ 84 കടുവകളിൽ 45 എണ്ണം (54 ശതമാനം) മുൻകാലങ്ങളിൽ (2016, 2018, 2022) ലഭിച്ചതും ബാക്കിയുള്ള 39 എണ്ണം (46%) ഇതുവരെ ക്യാമറ ട്രാപ്പുകളിൽ ലഭിക്കാതിരുന്നവയുമാണ്.

വയനാട് ലാൻഡ്സ്കേപ്പ് കർണ്ണാടക സംസ്ഥാനത്തിലെ നാഗർഹോളെ, ബന്ദിപ്പൂർ, BRT എന്നീ സംരക്ഷിത മേഖലകളും തമിഴ്നാട്ടിലെ മുതുമലൈ, സത്യമംഗലം എന്നീ സംരക്ഷിത മേഖലകളും ഉൾപ്പെട്ട വലിയൊരു ലാൻഡ്സ്കേപ്പിന്റെ ഭാഗമായതിനാൽ കടുവകളുടെ അന്തർ സംസ്ഥാന

സഞ്ചാരങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയും ആയത് അനുസരിച്ച് അവയുടെ കണക്കെടുപ്പിൽ വ്യതിയാനങ്ങൾ സംഭവിക്കാറുമുണ്ട്. 2022-ൽ അഖിലേന്ത്യാതലത്തിൽ നടന്ന കടുവകളുടെ കണക്കെടുപ്പിന്റെ സംക്ഷിപ്ത റിപ്പോർട്ട് ഇത് ശരിവയ്ക്കുന്നു. 2022-ലെ കണക്ക് പ്രകാരം നാഗർഹോളയിലെയും ബന്ദിപ്പൂരിലെയും കടുവകളുടെ എണ്ണം കൂടിയതായും എന്നാൽ അതേ ലാൻഡ്സ്കേപ്പിന്റെ ഭാഗമായ വയനാട് ലാൻഡ്സ്കേപ്പിൽ കടുവകളുടെ എണ്ണം കുറഞ്ഞതായും രേഖപ്പെടുത്തിയിട്ടുണ്ട്. 2023-ലെ കണക്കെടുപ്പിൽ വയനാട് ലാൻഡ്സ്കേപ്പിൽ ലഭിച്ച 84 കടുവകളിൽ 39 എണ്ണം (46 ശതമാനം) ഇതിന് മുൻപ് നടന്ന കണക്കെടുപ്പുകളിൽ (2016, 2018, 2022) ക്യാമറ ട്രാപ്പുകളിൽ ലഭിക്കാതിരുന്നവയാണ് എന്ന കാര്യവും കടുവകളുടെ അന്തർസംസ്ഥാന സഞ്ചാരങ്ങൾ ശരിവയ്ക്കുന്നു. മാത്രമല്ല ഈ വർഷം വയനാട് ലാൻഡ്സ്കേപ്പിൽ നടത്തിയ കണക്കെടുപ്പിൽ ലഭ്യമായ കടുവകളുടെ ആൺ-പെൺ അനുപാതം (1:1.62) ടി ലാൻഡ്സ്കേപ്പിലെ കടുവകളുടെ സഞ്ചയത്തിന്റെ ആരോഗ്യപരമായ വളർച്ചയെ സൂചിപ്പിക്കുന്നു.

വനം പോലുള്ള ആവാസ വ്യവസ്ഥയ്ക്ക് അതിന്റേതായ സന്തുലിതാവസ്ഥ നിലവിലുള്ളതാണ്. പ്രസ്തുത ആവാസവ്യവസ്ഥയിലെ ആഹാര ശൃംഖലയിൽ സസ്യങ്ങളും സസ്യഭുക്കുകളും മാംസഭുക്കുകളുമായ വന്യമൃഗങ്ങൾ സഹവസിക്കുന്നു. സസ്യഭുക്കുകളുടെ എണ്ണം പുല്ല് ഉൾപ്പെടെയുള്ള ഭക്ഷ്യയോഗ്യമായ സസ്യങ്ങളുടെ സാന്ദ്രതയുമായി ബന്ധപ്പെട്ടിരിക്കുന്നു. സസ്യഭുക്കുകളുടെ എണ്ണം കൂടുന്ന സാഹചര്യത്തിൽ അവയെ ഭക്ഷിച്ച് ജീവിക്കുന്ന മാംസഭുക്കുകളുടെയും എണ്ണം ആനുപാതികമായി കൂടുന്നതും തദ്വാരാ സസ്യഭുക്കുകളുടെ എണ്ണം കുറയുന്നതും അതുവഴി ടി സസ്യഭുക്കുകളെ ഭക്ഷിച്ച് ജീവിക്കുന്ന മാംസഭുക്കുകളുടേയും എണ്ണം കുറയുന്നതുമാണ്. ഇരയുടെ എണ്ണത്തിലും അവയെ ഭക്ഷിച്ച് ജീവിക്കുന്ന മാംസഭുക്കുകളായ വന്യമൃഗങ്ങളുടെ എണ്ണത്തിലുമുള്ള പാരസ്പര്യം ചെറിയ ഏറ്റക്കുറച്ചിലുകൾക്കുള്ളിൽ നിലനിൽക്കുന്നതായി ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുള്ളതാണ്.

(സി) സംസ്ഥാനത്തെ വനപ്രദേശങ്ങളിൽ വന്യമൃഗ വേട്ട നിയന്ത്രിക്കുന്നതിൽ വീഴ്ച സംഭവിച്ചതായും ആയതുമൂലം മൃഗങ്ങളുടെ

എണ്ണത്തിൽ കുറവ് സംഭവിച്ചിരിക്കുന്ന സാഹചര്യത്തിൽ എന്ത് തുടർനടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ വനപ്രദേശങ്ങളിൽ വന്യമൃഗ വേട്ട നിയന്ത്രിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടില്ല.

**വനം വകുപ്പിന്റെ 2023-ലെ സെൻസസ്**

185(1025) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വനം വകുപ്പിന്റെ 2023-ലെ സെൻസസ് പ്രകാരം, കേരളത്തിൽ 1402 ആനകളുടെയും വയനാട് ലാൻഡ്സ്കേപ്പിൽ 2018-ന് ശേഷം, 36 കടുവകളുടെയും കുറവ് രേഖപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ കാരണം വ്യക്തമാക്കാമോ?

വനം-പരിസ്ഥിതി മന്ത്രാലയവും വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയും അംഗീകരിച്ച രീതികൾ അവലംബിച്ചാണ് വന്യജീവികളുടെ എണ്ണം തിട്ടപ്പെടുത്തുന്നത്. വ്യത്യസ്ത വർഗ്ഗങ്ങളിൽപ്പെട്ട ജീവികൾക്ക് വ്യത്യസ്ത രീതികളാണ് കണക്കെടുപ്പിനായി അവലംബിച്ചുവരുന്നത്. ഒരു ഇനത്തിൽപ്പെട്ട വന്യമൃഗത്തിന്റെ ഏകദേശ എണ്ണമാണ് (Population

Estimation) ഈ രീതിയിലൂടെ കണ്ടെത്താൻ സാധിക്കുന്നത്. കണക്കെടുപ്പ് നടത്തുന്ന സീസൺ, കണക്കെടുപ്പിന് അവലംബിച്ച രീതി (Direct count/Indirect method) കാലാവസ്ഥാ വ്യതിയാനം, ആവാസവ്യവസ്ഥയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ തുടങ്ങിയ ഘടകങ്ങളെ ആശ്രയിച്ച് ഓരോ മേഖലയിലും കാണപ്പെടുന്ന വന്യമൃഗങ്ങളുടെ എണ്ണത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാറുണ്ട്.

വന്യജീവികളുടെ കണക്കെടുപ്പ് നടത്തുന്നതിനുവേണ്ടി വനമേഖലയെ ബ്ലോക്കുകളായി തിരിച്ച്, അതിലൂടെ സഞ്ചരിച്ച് നേരിട്ട് കാണുന്ന മൃഗങ്ങളുടെ എണ്ണം തിട്ടപ്പെടുത്തുന്ന Block count method ഓരോ ബ്ലോക്കിലും നിശ്ചയിക്കുന്ന നിർദ്ദിഷ്ട നേർരേഖയിലൂടെ സഞ്ചരിച്ച് നേരിട്ട് കാണുന്ന മൃഗങ്ങളുടെ എണ്ണം തിട്ടപ്പെടുത്തുന്ന line transect method, കടുവ, പുലി എന്നിവയുടെ കണക്കെടുപ്പിനായി വനമേഖലയെ ചെറിയ ഗ്രിഡുകളാക്കി തിരിച്ച് അവയിൽ സ്ഥാപിക്കുന്ന ക്യാമറ ട്രാപ്പ് ഉപയോഗിച്ച് എടുക്കുന്ന ചിത്രങ്ങൾ അവലംബിച്ചുള്ള Capture-Recapture method, ആനകളുടെ പ്രായം, ആൺ-പെൺ ഇനം എന്നിവ അറിയുന്നതിനായി ജലസ്രോതസുകൾ കേന്ദ്രീകരിച്ച് നടത്തുന്ന Waterhole Count, പക്ഷികളുടെ കണക്കെടുപ്പിനായി

ഉപയോഗിക്കുന്ന Point Count method, കൂടാതെ ആനകളുടെ എണ്ണം കണക്കാക്കുന്നതിനുള്ള Indirect method ആയ Dung decay rate തുടങ്ങിയവയാണ് നിലവിൽ വന്യമൃഗങ്ങളുടെ population estimation നുവേണ്ടി അവലംബിച്ചുവരുന്നത്.

2017-ലെ കണക്കെടുപ്പ് പ്രകാരം ബ്ലോക്ക് കൗണ്ടിൽ 3,322 കാട്ടാനകളും (സാന്ദ്രത ഒരു km$^2$-ൽ 0.35) ഡങ്ങ് കൗണ്ടിൽ 5706 കാട്ടാനകളും (സാന്ദ്രത ഒരു km$^2$-ൽ 0.59) കേരളത്തിലുള്ളതായാണ് കണക്കാക്കിയത്. 2023-ലെ കണക്കെടുപ്പ് പ്രകാരം ബ്ലോക്ക് കൗണ്ടിൽ 1920 കാട്ടാനകളും (സാന്ദ്രത ഒരു km$^2$-ൽ 0.20) ഡങ്ങ് കൗണ്ടിൽ 2386 കാട്ടാനകളും (സാന്ദ്രത ഒരു km$^2$-ൽ 0.25) കേരളത്തിലുള്ളതായി കണക്കാക്കിയിട്ടുണ്ട്.

2023-ലെ കണക്കെടുപ്പിന് താഴെപ്പറയുന്ന കാരണങ്ങളാൽ കൃത്യത കൂടുതലാണ്.

(i) ബ്ലോക്ക് വിസ്തീർണ്ണം പ്രായോഗികമായ രീതിയിൽ കുറച്ചിട്ടുണ്ട് (4 km$^2$-നും 7.09 km$^2$-നും ഇടയിൽ, mean 5.76 km$^2$)

(ii) ട്രാൻസെക്ടിന്റെ നീളം കുറച്ചിട്ടുണ്ട് (0.65 km - 1.65 km, mean 1.47 km) ആയതിൽനിന്നും നേർരേഖയിലുള്ള ട്രാൻസെക്ടുകൾ സാധ്യമായതും കൗണ്ടിങ് ടീമിന് മടുപ്പ് ഉണ്ടാകുന്നത് ഒഴിവാക്കുവാനും കഴിഞ്ഞു.

(iii) തൊട്ടടുത്ത ബ്ലോക്കുകൾ ഒഴിവാക്കിയതുകൊണ്ട് എണ്ണത്തിൽ ഇരട്ടിപ്പ് വരുവാനുള്ള സാദ്ധ്യത ഒഴിവായി.

(iv) ഡിജിറ്റൽ മാപ്പുകൾ ഉപയോഗിച്ചതിലൂടെ ഫീൽഡിലെ എണ്ണൽ വേളയിൽ ഉൾപ്പെടെ ബ്ലോക്ക് അതിർത്തികളിൽ വ്യക്തതയുണ്ടായിരുന്നു.

എണ്ണിയ 1406 ആനകളിൽ 108 എണ്ണത്തിനെ (7.7 ശതമാനം) മാത്രമേ കൃത്യമായി തരംതിരിക്കുവാൻ കഴിയാതിരുന്നിട്ടുള്ളൂ. തരംതിരിക്കപ്പെട്ട 1298 ആനകളിൽ 58 ശതമാനം adult-ഉം 21 ശതമാനം subadult-ഉം 15 ശതമാനം calf-ഉം 6 ശതമാനം juvenile-ഉം ആണ്. 2017-ലെ കണക്കെടുപ്പിലും ഏതാണ്ട് സമാനമായ ശതമാനമാണ് കിട്ടിയത്.

എലിഫന്റ് റിസർവുകളുടെ (ER) അന്തർസംസ്ഥാന അതിർത്തി - 957 കി.മീ. ആണ് (വയനാട് ER 242 km - തമിഴ്നാട് & കർണാടക, നിലമ്പൂർ ER 212 Km - തമിഴ്നാട്, ആനമുടി ER 214 km - തമിഴ്നാട്, പെരിയാർ ER 289 Km -

തമിഴ്നാട്). ആയതിനാൽ ആനകളുടെ അന്തർ സംസ്ഥാന സഞ്ചാരങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതും സംസ്ഥാനത്തിനുള്ളിലെ കാട്ടാനകളുടെ എണ്ണത്തിൽ മാറ്റം വന്നുകൊണ്ടിരിക്കുന്നതുമാണ്. വരൾച്ച, കാട്ടുതീ എന്നിവ ഇപ്രകാരമുള്ള പാലായനത്തെ വർദ്ധിപ്പിക്കുന്നു.

വയനാട് ലാൻറ്സ്കേപ്പിൽ 2023- ലെ കടുവകളുടെ കണക്കെടുപ്പിൽ 84 കടുവകളെയാണ് കണ്ടെത്തിയത്. വയനാട് ലാൻഡ്സ്കേപ്പിൽ കടുവകളുടെ സാന്ദ്രത നിലവിൽ ഓരോ 100 ചതുരശ്ര കിലോമീറ്ററിനും 7.7 ആണ്. ഇത് 2018-ൽ രേഖപ്പെടുത്തിയ കടുവകളുടെ സാന്ദ്രതയെക്കാൾ (9.33/100 ച.കി.മി) കുറവാണ്. 2018-ലെ കണക്കെടുപ്പിൽ 120 കടുവകളെയാണ് വയനാട് ലാൻഡ്സ്കേപ്പിൽ കണ്ടെത്തിയിരുന്നത്. ഈ വർഷത്തെ (2023) കണക്കെടുപ്പിൽ കണ്ടെത്തിയ 84 കടുവകളിൽ 45 എണ്ണം (54 ശതമാനം) മുൻകാലങ്ങളിൽ (2016, 2018, 2022) ലഭിച്ചതും ബാക്കിയുള്ള 39 എണ്ണം (46 ശതമാനം) ഇതുവരെ ക്യാമറ ട്രാപ്പുകളിൽ ലഭിക്കാതിരുന്നവയുമാണ്.

വയനാട് ലാൻഡ്സ്കേപ്പ് കർണ്ണാടക സംസ്ഥാത്തിലെ നാഗർഹോളെ, ബന്ദിപ്പൂർ, BRT എന്നീ സംരക്ഷിത മേഖലകളും തമിഴ്നാട്ടിലെ മുതുമലൈ,

സത്യമംഗലം എന്നീ സംരക്ഷിത മേഖലകളും ഉൾപ്പെട്ട വലിയൊരു ലാൻഡ്സ്കേപ്പിന്റെ ഭാഗമായതിനാൽ കടുവകളുടെ അന്തർ സംസ്ഥാന സഞ്ചാരങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയും അതിനനുസൃതമായി അവയുടെ കണക്കെടുപ്പിൽ വ്യതിയാനങ്ങൾ സംഭവിക്കാറുമുണ്ട്. 2022-ൽ അഖിലേന്ത്യാതലത്തിൽ നടന്ന കടുവകളുടെ കണക്കെടുപ്പിന്റെ സംക്ഷിപ്ത റിപ്പോർട്ട് ഇത് ശരിവയ്ക്കുന്നു. 2022-ലെ കണക്ക് പ്രകാരം നാഗർഹോളയിലെയും, ബന്ദിപ്പൂരിലെയും കടുവകളുടെ എണ്ണം കൂടിയതായും എന്നാൽ അതേ ലാൻഡ്സ്കേപ്പിന്റെ ഭാഗമായ വയനാട് ലാൻഡ്സ്കേപ്പിൽ കടുവകളുടെ എണ്ണം കുറഞ്ഞതായും രേഖപ്പെടുത്തിയിട്ടുണ്ട്. 2023-ലെ കണക്കെടുപ്പിൽ വയനാട് ലാൻഡ്സ്കേപ്പിൽ ലഭിച്ച 84 കടുവകളിൽ 39 എണ്ണം (46 ശതമാനം) ഇതിന് മുൻപ് നടന്ന കണക്കെടുപ്പുകളിൽ (2016, 2018, 2022) ക്യാമറ ട്രാപ്പുകളിൽ ലഭിക്കാതിരുന്നവയാണ് എന്ന കാര്യവും കടുവകളുടെ അന്തർസംസ്ഥാന സഞ്ചാരങ്ങൾ ശരിവയ്ക്കുന്നു മാത്രമല്ല ഈ വർഷം വയനാട് ലാൻറ്സ്കേപ്പിൽ നടത്തിയ കണക്കെടുപ്പിൽ ലഭ്യമായ

കടുവകളുടെ ആൺ-പെൺ അനുപാതം (1:1.62) ടി ലാൻഡ്സ്കേപ്പിലെ കടുവകളുടെ സഞ്ചയത്തിന്റെ ആരോഗ്യപരമായ വളർച്ചയെ സൂചിപ്പിക്കുന്നു.

വനം പോലുള്ള ആവാസ വ്യവസ്ഥയ്ക്ക് അതിന്റേതായ സന്തുലിതാവസ്ഥ നിലവിലുള്ളതാണ്. പ്രസ്തുത ആവാസ വ്യവസ്ഥയിലെ ആഹാര ശൃംഖലയിൽ സസ്യങ്ങളും സസ്യഭുക്കുകളും മാംസഭുക്കുകളുമായ വന്യമൃഗങ്ങൾ സഹവസിക്കുന്നു. സസ്യഭുക്കുകളുടെ എണ്ണം പുല്ല് ഉൾപ്പെടെയുള്ള ഭക്ഷ്യയോഗ്യമായ സസ്യങ്ങളുടെ സാന്ദ്രതയുമായി ബന്ധപ്പെട്ടിരിക്കുന്നു. സസ്യഭുക്കുകളുടെ എണ്ണം കൂടുന്ന സാഹചര്യത്തിൽ അവയെ ഭക്ഷിച്ച് ജീവിക്കുന്ന മാംസഭുക്കുകളുടെയും എണ്ണം ആനുപാതികമായി കൂടുന്നതും തദ്വാരാ സസ്യഭുക്കുകളുടെ എണ്ണം കുറയുന്നതും അതുവഴി ടി സസ്യഭുക്കുകളെ ഭക്ഷിച്ചു ജീവിക്കുന്ന മാംസഭുക്കുകളുടെയും എണ്ണം കുറയുന്നതുമാണ്. ഇരയുടെ എണ്ണത്തിലും അവയെ ഭക്ഷിച്ച് ജീവിക്കുന്ന മാംസഭുക്കുകളായ വന്യമൃഗങ്ങളുടെ എണ്ണത്തിലുമുള്ള പാരസ്പര്യം ചെറിയ ഏറ്റക്കുറച്ചിലുകൾക്കുള്ളിൽ നിലനിൽക്കുന്നതായി ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുള്ളതാണ്.

**അരിക്കൊമ്പന്റെ നിരീക്ഷണ വിവരങ്ങൾ**

186(1026) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വനാതിർത്തിയിൽനിന്ന് പിടികൂടിയ അരിക്കൊമ്പന്റെ നിലവിലെ അവസ്ഥ അറിയിക്കാമോ?

കേരള വനാതിർത്തിയിൽനിന്നും പിടികൂടിയ അരിക്കൊമ്പൻ എന്ന കൊമ്പനാന നിലവിൽ തമിഴ്നാട് വനം വകുപ്പിനുകീഴിൽ കളക്കാട് മുണ്ടൻതുറൈ ടൈഗർ റിസർവിൽ അപ്പർ കോതയാർ ഡാം പരിധിയിലുള്ളതായി അറിയാൻ കഴിഞ്ഞു.

(ബി) ആനയുടെ ശരീരത്തിൽ ഘടിപ്പിച്ചിരിക്കുന്ന റേഡിയോ കോളറിൽനിന്ന് സംസ്ഥാന വനം വകുപ്പിന് ഇപ്പോഴും സന്ദേശങ്ങൾ ലഭിക്കുന്നുണ്ടോ, ഇല്ലായെങ്കിൽ റേഡിയോ കോളർ ആരുടെ നിയന്ത്രണത്തിലാണ് എന്ന് വിശദമാക്കാമോ?

ആനയുടെ ശരീരത്തിൽ ഘടിപ്പിച്ചിരിക്കുന്ന റേഡിയോ കോളറിൽനിന്നും സന്ദേശങ്ങൾ ലഭിക്കുന്നുണ്ട്.

(സി) ആനയുടെ ആരോഗ്യസ്ഥിതി സംബന്ധിച്ച വിശദാംശം സംസ്ഥാന വനം വകുപ്പിൽ ലഭ്യമാണോ; വിശദാംശം അറിയിക്കാമോ?

ആനയുടെ ആരോഗ്യസ്ഥിതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

**വന്യജീവി സംരക്ഷണ നിയമ ഭേദഗതി**

187(1027) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:</u> താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വനാതിർത്തിക്ക് സമീപത്തെ ജനവാസ മേഖലയിലെ വന്യജീവി ആക്രമണം നേരിടുന്നതിനായി വന്യജീവി സംരക്ഷണ നിയമം ഭേദഗതി ചെയ്യുന്നതിന്, ചീഫ് സെക്രട്ടറി കൺവീനറായി രൂപീകരിച്ച ഉന്നതതല സമിതിയുടെ റിപ്പോർട്ട് തയ്യാറാക്കുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ?

വനാതിർത്തിക്ക് സമീപത്തെ ജനവാസ മേഖലയിലെ വന്യജീവി ആക്രമണം നേരിടുന്നതിനായി കേന്ദ്രനിയമമായ 1972-ലെ വന്യജീവി (സംരക്ഷണം) നിയമം ഭേദഗതി ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുന്നതിനായി ചീഫ് സെക്രട്ടറി കൺവീനറും വനം വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, പരിസ്ഥിതി സംരക്ഷണ വകുപ്പ്

അഡീഷണൽ ചീഫ് സെക്രട്ടറി, വനം വകുപ്പ് മേധാവി, നിയമ വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായുള്ള ഒരു സമിതി രൂപീകരിച്ച് 26-06-2023-ൽ സ.ഉ.(സാധാ)നം.248/2023/വനം പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 20-07-2023-ൽ ചീഫ് സെക്രട്ടറിയുടെ ചേമ്പറിൽ പ്രസ്തുത സമിതിയുടെ പ്രഥമയോഗം ചേർന്ന് നിയമ ഭേദഗതി സംബന്ധിച്ച വിഷയം സമിതി പരിശോധിച്ചുവരുന്നു.

**വന്യമൃഗശല്യ പ്രതിരോധ പദ്ധതി**

188(1028) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്ന വന്യമൃഗശല്യ പ്രതിരോധ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

മാനന്തവാടി നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വരുന്ന നോർത്ത് വയനാട് വനം ഡിവിഷനിലെ ബേഗൂർ റെയ്ഞ്ചിൽപ്പെട്ട കൂടൽകടവ്-പാൽവെളിച്ചം വരെ 4.60 കിലോമീറ്റർ ദൂരത്തിൽ ക്രാഷ് ഗാർഡ് സ്റ്റീൽ

റോപ്പ് ഫെൻസിംഗ് നിർമ്മിക്കുന്നതിനാണ് കിഫ്ബി പദ്ധതി പ്രകാരം അനുമതി നൽകിയിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പ്രവൃത്തി ഏറ്റെടുത്ത കോൺട്രാക്ടർ പദ്ധതി പ്രദേശത്ത് ക്രാഷ്ഗാർഡ് സ്റ്റീൽ റോപ് ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള സാമഗ്രികൾ സ്റ്റോക്ക് ചെയ്തിട്ടുണ്ട്. സാമഗ്രികൾ സ്ഥാപിക്കുന്നതിനുള്ള വാഹനങ്ങളും ഉപകരണങ്ങളും കാലവർഷമായതിനാൽ സ്ഥലത്ത് എത്തിക്കാൻ സാധിക്കാത്തതിനാൽ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ലാത്തതാണ്.

(സി) ഓരോ പദ്ധതികൾക്കും വകയിരുത്തിയിട്ടുള്ള തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

കുടൽകടവ്-പാൽവെളിച്ചം വരെ 4.60 കിലോമീറ്റർ ദൂരത്തിൽ ക്രാഷ് ഗാർഡ് സ്റ്റീൽ റോപ്പ് ഫെൻസിംഗ് പ്രവൃത്തിക്കായി 3.60 കോടി രൂപയാണ് പദ്ധതിയിൽ വകയിരുത്തിയിട്ടുള്ളത്.

(ഡി) പദ്ധതികൾ നടപ്പാക്കുന്നതിൽ നേരിട്ട കാലതാമസത്തിന് കാരണമെന്തെന്നും പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ?

കൂടൽകടവ്-പാൽവെളിച്ചം വരെ 4.60 കിലോമീറ്റർ ദൂരത്തിൽ ക്രാഷ് ഗാർഡ് സ്റ്റീൽ റോപ്പ് ഫെൻസിംഗ് പ്രവൃത്തിക്കായി ഒപ്പുവച്ച കരാർ പ്രകാരം പ്രവൃത്തി പൂർത്തികരിക്കാനുള്ള കാലാവധി 9 മാസമായിരുന്നു. ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള സാമഗ്രികൾ മാർക്കറ്റിൽ ലഭ്യമല്ലാത്തതിനാൽ ആയത് ഫാക്ടറിയിൽനിന്നും നിർമ്മിക്കേണ്ടിവന്നെന്നും നിലവിൽ സാമഗ്രികൾ പ്രദേശത്ത് എത്തിച്ചിട്ടുണ്ടെന്നും കാലവർഷമായതിനാൽ ഫെൻസിംഗ് സ്ഥാപിക്കുന്ന പ്രവൃത്തികൾ ആരംഭിച്ചിട്ടില്ലെന്നും കാലാവധിക്കകംതന്നെ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുമെന്നും പ്രതീക്ഷിക്കുന്നു.

**എടപ്പറ്റ, കീഴാറ്റൂർ പഞ്ചായത്തുകളിലെ വന്യമൃഗ ശല്യം**

189(1029) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജകമണ്ഡലത്തിൽ എടപ്പറ്റ പഞ്ചായത്തിലെ മൂനാടി പ്രദേശത്തെ രൂക്ഷമായ വന്യമൃഗശല്യം പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

നിലമ്പൂർ സൗത്ത് ഡിവിഷന് കീഴിൽവരുന്ന മഞ്ചേരി നിയോജകമണ്ഡലത്തിലെ എടപ്പറ്റ ഗ്രാമപഞ്ചായത്തിലെ മൂനാടി പ്രദേശത്ത് വന്യമൃഗശല്യം പരിഹരിക്കാൻ കാളികാവ് റെയ്ഞ്ചിലെ കരുവാരക്കുണ്ട് ഫോറസ്റ്റ് സ്റ്റേഷൻ സ്റ്റാഫ് നിരന്തരമായി പട്രോളിംഗ് നടത്താറുണ്ട്. കൂടാതെ രണ്ട് വാച്ചർമാരുടെയും സ്റ്റാഫിന്റെയും സാന്നിദ്ധ്യം സ്ഥിരമായി ടി ഭാഗത്ത് ഉറപ്പ് വരുത്തുന്നുണ്ട്. അത്യാവശ്യ ഘട്ടങ്ങളിൽ ആർ.ആർ.ടി.-യുടെ സേവനവും ഉപയോഗപ്പെടുത്തുന്നുണ്ട്.

(ബി) കീഴാറ്റൂർ പഞ്ചായത്തിലെ മുള്ളിയകുറിശ്ശി പ്രദേശത്ത് പുലി, പന്നി ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കാളികാവ് റെയ്ഞ്ചിലെ കരുവാരക്കുണ്ട് ഫോറസ്റ്റ് സ്റ്റേഷനിലെ മുള്ളിയകുറിശ്ശി പ്രദേശത്ത് പുലിയുടെ സാന്നിദ്ധ്യം ഉണ്ടെന്നറിഞ്ഞതിനെ

തുടർന്ന് ടി സ്ഥലത്ത് വനം വകുപ്പ് ക്യാമറ സ്ഥാപിച്ച് നിരീക്ഷണം നടത്തിയെങ്കിലും പുലിയെ കണ്ടെത്തിയിട്ടില്ല. കൂടാതെ 27-05-2023-ലെ സർക്കാർ ഉത്തരവ്(കൈ) നമ്പർ 11/2023/വനം പ്രകാരം, കൃഷിനാശം വരുത്തുന്ന ശല്യക്കാരായ കാട്ടുപന്നികളെ ഉപാധികളോടെ കൊല്ലുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് കീഴാറ്റൂർ പഞ്ചായത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.+

**വന്യ ജീവികളാൽ കൊല്ലപ്പെട്ട മനുഷ്യരുടെ എണ്ണം**

190(1030) **ശ്രീ. ഷാഫി പറമ്പിൽ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് കാട്ടാനകൾ ഉൾപ്പെടെ എത്ര വന്യ ജീവികൾ മനുഷ്യരാൽ കൊല്ലപ്പെട്ടിട്ടുണ്ട്; ഇതിൽ എത്ര കേസുകളിൽ കുറ്റക്കാരെ കണ്ടെത്തിയിട്ടുണ്ട്; എത്ര കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് കാട്ടാനകൾ ഉൾപ്പെടെയുള്ള വന്യജീവികൾ മനുഷ്യരാൽ കൊല്ലപ്പെട്ടത്, കേസ്സുകളിൽ കുറ്റക്കാരെ കണ്ടെത്തിയത്, പ്രതികൾ ശിക്ഷിക്കപ്പെട്ടത് സംബന്ധിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.+ കേസുകൾ കോടതിയിൽ വിചാരണ നടന്നുവരുന്നു.

(ബി) ഈ കാലയളവിൽ എത്ര മനുഷ്യർ വന്യജീവികളുടെ ആക്രമണത്താൽ കൊല്ലപ്പെട്ടിട്ടുണ്ട്; എത്രപേർക്ക് പരിക്കേറ്റിട്ടുണ്ട്; എത്രപേർക്ക് നഷ്ടപരിഹാരം ലഭിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

ഈ കാലയളവിൽ വന്യജീവികളുടെ ആക്രമണത്തിൽ ജീവഹാനി സംഭവിച്ചവരുടെയും പരിക്കേറ്റവരുടെയും നഷ്ടപരിഹാരം ലഭിച്ചവരുടെയും എണ്ണം അനുബന്ധമായി ചേർക്കുന്നു.+

### കക്കയത്തും പെരുവണ്ണാമൂഴിയിലും കാട്ടാന ശല്യം

**191(1031)** ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കക്കയം, പെരുവണ്ണാമൂഴി ജനവാസ കേന്ദ്രങ്ങളിൽ സ്ഥിരമായി കാട്ടാന ഇറങ്ങുന്നതും വലിയ തോതിൽ കൃഷി നശിപ്പിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കക്കയത്ത് കാട്ടാന ഇറങ്ങുന്നത് തടയുന്നതിനായി സ്ഥാപിച്ച ഇലക്ട്രിക് വേലികൾ പലതും ശാസ്ത്രീയമല്ലെന്നും ഇത് ശാസ്ത്രീയമായി പുനഃസ്ഥാപിക്കണമെന്നുമുള്ള പരാതി പരിഹരിക്കാൻ നടപടി സ്വീകരിക്കാമോ?

കക്കയം ഭാഗത്തെ കെ.എസ്.ഇ.ബി കോളനി, പഞ്ചവടിപ്പാലം, അമ്പലക്കുന്ന് ഭാഗങ്ങളിൽ ശാസ്ത്രീയമായി സ്ഥാപിച്ചിട്ടുള്ള 4650 മീറ്റർ സോളാർ വേലികൾ യഥാസമയം അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

**വന്യജീവിശല്യം തടയുന്നതിനായുള്ള പദ്ധതിയുടെ ഫണ്ട്**

192(1032) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ശല്യം തടയുന്നതിനുള്ള സൗരോർജ്ജ വേലി കിടങ്ങ്, സൗരോർജ്ജ തൂക്കുവേലി തുടങ്ങിയവ നിർമ്മിക്കുന്നതിനായി 60 ശതമാനം കേന്ദ്ര വിഹിതവും 40 ശതമാനം സംസ്ഥാന വിഹിതവും അടങ്ങിയ പദ്ധതിക്ക് ധനവകുപ്പ് അനുമതി നിഷേധിക്കുകയുണ്ടായോ; വിശദമാക്കുമോ?

വന്യജീവി ശല്യം തടയുന്നതിനുള്ള സൗരോർജ്ജ വേലി കിടങ്ങ്, സൗരോർജ്ജ തൂക്കുവേലി തുടങ്ങിയവ നിർമ്മിക്കുന്നതിനായി 60 ശതമാനം കേന്ദ്ര വിഹിതവും 40 ശതമാനം സംസ്ഥാന വിഹിതവും അടങ്ങിയ പദ്ധതിക്ക് ധനവകുപ്പ് അനുമതി നിഷേധിച്ച സംഭവം ഉണ്ടായിട്ടില്ല.

(ബി) സംസ്ഥാന വിഹിതമായ 40 ശതമാനം നീക്കി വയ്ക്കാത്തതുമൂലം കേന്ദ്ര വിഹിതമായി ലഭിക്കേണ്ട 60 ശതമാനം സംസ്ഥാനത്തിന് ലഭിക്കാത്ത സാഹചര്യം നിലവിലുണ്ടോ?

ഇല്ല.

(സി) ഫണ്ട് ലഭിക്കാത്തതിനെ തുടർന്ന് പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനായി വനംവകുപ്പ് വിദഗ്ദ്ധ സമിതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ഡി) വരുമാനം കണ്ടെത്തുന്നതിനായി സമിതി നിർദ്ദേശിച്ച മാർഗ്ഗങ്ങൾ വ്യക്തമാക്കുമോ?

(സി&ഡി) സാമ്പത്തിക ലഭ്യതയ്ക്കനുസരിച്ച് ഹ്രസ്വകാല (3 വർഷം), ദീർഘകാല (3 വർഷത്തിൽ കൂടുതൽ) പദ്ധതികൾ കണ്ടുപിടിക്കാനും അതിനാവശ്യമായ സാമ്പത്തിക സ്രോതസ്സ് നിർദ്ദേശിക്കാനും 5 അംഗ സമിതിയെ രൂപീകരിച്ച് 20-06-2023-ലെ സ.ഉ.(സാധാ) നം. 242/2023/വനം പ്രകാരം ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.+ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സാമ്പത്തിക സ്രോതസ് കണ്ടെത്തുന്ന വിഷയം സമിതിയുടെ പരിഗണനയിലാണ്.

**വന്യജീവി ആക്രമണങ്ങൾക്ക് ഇരയാകുന്നവർക്കുള്ള നഷ്ടപരിഹാരം**

193(1033) ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. നജീബ് കാന്തപുരം:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) വന്യജീവികളുടെ ആക്രമണത്തിന് ഇരയാകുന്നവർക്കും വന്യമൃഗങ്ങളാൽ കൃഷിനാശം നേരിടുന്നവർക്കും നഷ്ടപരിഹാരം നൽകാറുണ്ടോ; അതിനായി സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

വന്യജീവികളുടെ ആക്രമണത്തിന് ഇരയാകുന്നവർക്കും വന്യമൃഗങ്ങളാൽ കൃഷിനാശം സംഭവിക്കുന്നവർക്കും 1980-ലെ കേരള റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്റ്റിംസ് ഓഫ് അറ്റാക് ബൈ വൈൽഡ് അനിമൽസ് ചട്ടങ്ങൾ പ്രകാരവും 05-04-2018-ലെ സർക്കാർ ഉത്തരവ്(കൈ) നമ്പർ 17/2018/വനം പ്രകാരവും 25-10-2022-ലെ സർക്കാർ ഉത്തരവ്(കൈ) നമ്പർ 50/2022/വനം പ്രകാരവുമാണ് നഷ്ടപരിഹാരം നൽകിവരുന്നത്. ഉത്തരവുകളുടെ പകർപ്പ് അനുബന്ധം 1, 2 ആയി ചേർത്തിരിക്കുന്നു.+

അപേക്ഷകർ നിശ്ചിത രേഖകൾ സഹിതം ആറ് മാസത്തിനുള്ളിൽ ഇ-ഡിസ്ട്രിക്റ്റ് പോർട്ടൽ മുഖേന അപേക്ഷ സമർപ്പിക്കേണ്ടതും പ്രസ്തുത അപേക്ഷയിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടത്തിയതിനുശേഷം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നഷ്ടപരിഹാരം അനുവദിക്കുകയുമാണ് ചെയ്യുന്നത്.

(ബി)വന്യജീവി ആക്രമണത്തെത്തുടർന്ന് നൽകാനുള്ള നഷ്ടപരിഹാരത്തുക കുടിശ്ശികയായിട്ടുണ്ടോ; എങ്കിൽ കുടിശ്ശിക തുക എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

വന്യജീവി ആക്രമണത്തെ തുടർന്ന് നൽകാനുള്ള നഷ്ടപരിഹാര തുക കുടിശ്ശികയായിട്ടുണ്ട്.

905.12 ലക്ഷം രൂപയാണ് കുടിശ്ശികയായിട്ടുള്ളത്.

(സി)ഈ ഇനത്തിൽ നൽകിവരുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ?

പരിശോധിച്ചുവരുന്നു.

**സൗരവേലി പദ്ധതി**

194(1034) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:</u> താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരി മണ്ഡലത്തിലെ തെക്കുംകര ഗ്രാമപഞ്ചായത്തിലെ കാക്കിനിക്കാട് പ്രദേശത്തെ കാട്ടാനശല്യം തടയുന്നതിനായി വനം വകുപ്പ്

നടപ്പാക്കുന്ന സൗരവേലി പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

വടക്കാഞ്ചേരി മണ്ഡലത്തിലെ തെക്കുംകര ഗ്രാമപഞ്ചായത്തിലെ കാക്കിനിക്കാട് പ്രദേശത്തെ കാട്ടാനശല്യം തടയുന്നതിനായി വാഴാനി നറുക്ക് വനാതിർത്തി ഭാഗത്ത് 1.6 കി.മീ. ദൂരം സൗരോർജ്ജവേലിയുടെ പണി പൂർത്തിയായി ചാർജ്ജിംഗ് ആരംഭിച്ചിട്ടുണ്ട്.

**വന്യജീവി ആക്രമണം തടയാൻ നടപടി**

195(1035) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജനവാസ, വിനോദ സഞ്ചാര മേഖലകളിൽ വന്യജീവികളുടെ സാന്നിധ്യവും ആക്രമണവും വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലകളിൽ വന്യജീവികളുടെ ആക്രമണം വർദ്ധിച്ചുവരുന്നതായി റിപ്പോർട്ട് ചെയ്തിട്ടില്ല. എന്നാൽ ജനവാസ മേഖലകളിൽ ചിലയിടങ്ങളിൽ വന്യജീവി ആക്രമണമുണ്ടാകുന്നതായി

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1. ജനവാസ മേഖലകളോട് ചേർന്നുള്ള വനാതിർത്തികളിൽ സൗരോർജ്ജ വേലി, സൗരോർജ്ജ തൂക്കുവേലി, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ്, ജൈവവേലി എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുകയും ചെയ്യുന്നുണ്ട്.

2. വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും ജനവാസ മേഖലകളിലിറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തിരികെ അയയ്ക്കുന്നതിനും റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ (ആർ.ആർ.റ്റി.) സേവനം വിനിയോഗിച്ചുവരുന്നു. സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് എട്ട് സ്ഥിരം റാപ്പിഡ് റെസ്പോൺസ് ടീമുകൾ നിലമ്പൂർ നോർത്ത്, വയനാട്, പാലക്കാട്, കണ്ണൂർ, റാന്നി, കോഴിക്കോട്, മണ്ണാർക്കാട്, പേപ്പാറ എന്നിവിടങ്ങളിലും ഏഴ് താത്കാലിക റാപ്പിഡ് റെസ്പോൺസ്

ടീമുകൾ കാസർഗോഡ്, കൽപ്പറ്റ, മലയാറ്റൂർ, മൂന്നാർ, പുനലൂർ, അട്ടപ്പാടി, പീരുമേട് എന്നിവിടങ്ങളിലും പ്രവർത്തിച്ചുവരുന്നു.

3. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്.

4. പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശീയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള ജനകീയ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ 261 ജനജാഗ്രതാ സമിതികൾ സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ട്.

5. ജനവാസ മേഖലകളിലിറങ്ങുന്ന കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ചുവരുന്നുണ്ട്.

6. ജനവാസ മേഖലയിലിറങ്ങുന്ന ആന, കടുവ, പുലി തുടങ്ങിയ വന്യമൃഗങ്ങളെ കാട്ടിലേയ്ക്ക് തുരത്താൻ കഴിയാതെ വരുന്നപക്ഷം അവയെ പിടികൂടി ജനവാസ കേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്.

7. കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുത്തി വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾ, ചെക്ക്ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം, വനത്തിനകത്ത് ജല ലഭ്യത ഉറപ്പ് വരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം തുടങ്ങിയവ നടത്തിവരുന്നുണ്ട്.

8. വന്യജീവികൾക്കും അവയുടെ ആവാസവ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തി പങ്കിടുന്ന ജനവാസ മേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

(ബി) വന്യജീവികളുടെ ആക്രമണങ്ങൾ കൂടിവരുന്ന സാഹചര്യത്തിൽ വനജാഗ്രതാ സമിതികളെ ഉപയോഗപ്പെടുത്തിയും മറ്റ് ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ചും വന്യജീവി ആക്രമണം പ്രതിരോധിക്കുന്നതിന് കൂടുതൽ ഫലപ്രദമായ നടപടി സ്വീകരിക്കുമോ?

നിലവിൽ സംസ്ഥാനത്ത് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശീയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള 261 ജനകീയ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി ഏർളി വാർണിംഗ് സിസ്റ്റം, വനത്തിനോട് ചേർന്ന് താമസിക്കുന്നവരെ ഉൾപ്പെടുത്തി വാട്സ്ആപ് ഗ്രൂപ്പ്, എസ്.എം.എസ്. അലർട്ട് സംവിധാനം എന്നിവയും വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം/സഞ്ചാരപഥം അറിയുന്നതിനായി റേഡിയോ കോളറിംഗ്, ക്യാമറ ട്രാപ്പിംഗ്, ലൈവ് ക്യാമറ, ഡ്രോൺ തുടങ്ങിയ ആധുനിക സാങ്കേതിക വിദ്യകളും ഉപയോഗിച്ചുവരുന്നു.

(സി) സംസ്ഥാനത്ത് വന്യജീവികളുടെ ആക്രമണം തടയുന്നതിനായി കഴിഞ്ഞ വർഷം നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം നൽകാമോ; പ്രസ്തുത പദ്ധതികൾക്കായി ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് വന്യജീവികളുടെ ആക്രമണം തടയുന്നതിനായി കഴിഞ്ഞ വർഷം (2022-23) നടപ്പിലാക്കിയ പദ്ധതികളുടെ വിവരവും ആയതിലേയ്ക്കായി ചെലവഴിച്ച തുകയും അനുബന്ധമായി ചേർക്കുന്നു.+

(ഡി) സംസ്ഥാനത്ത് വനാതിർത്തിയോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളിൽ മനുഷ്യ-മൃഗ സംഘർഷം ഫലവത്തായും ശാശ്വതമായും ഇല്ലായ്മ ചെയ്യുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

1. സംസ്ഥാനത്ത് വനാതിർത്തിയോട് ചേർന്ന് കിടക്കുന്ന പ്രദേശങ്ങളിൽ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി കൂടുതൽ സ്ഥലങ്ങളിൽ സൗരോർജ്ജവേലി, സൗരോർജ്ജ തൂക്കുവേലി, ആന പ്രതിരോധ കിടങ്ങ് തുടങ്ങിയവ നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. ഡെറാഡൂണിലെ വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയും, കേരള വനം വകുപ്പിലെ പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും ചേർന്ന് കാട്ടാന ഉൾപ്പെടെയുള്ള വന്യജീവികൾ ജനവാസ കേന്ദ്രങ്ങളിലേയ്ക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇറങ്ങുന്നതിനുള്ള കാരണങ്ങളും പ്രതിരോധ മാർഗ്ഗങ്ങളെയും കുറിച്ച് പഠനം നടത്തിവരുന്നുണ്ട്.

3. മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനും ആയതുമായി ബന്ധപ്പെട്ട് ഹ്രസ്വകാല-ദീർഘകാല പദ്ധതികൾ വിഭാവനം ചെയ്യുന്നതിനും KFRI, അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, വെറ്ററിനററി യൂണിവേഴ്സിറ്റി, ടൈഗർ കൺസർവേഷൻ ഫൗണ്ടേഷൻ, തദ്ദേശവാസികൾ എന്നിവരുമായി ബന്ധപ്പെട്ട് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കിൾ നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

4. മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനായി സാമ്പത്തിക ലഭ്യതയ്ക്കനുസരിച്ച് ഹ്രസ്വകാല ദീർഘകാല പദ്ധതികൾ കണ്ടുപിടിക്കാനും അതിനാവശ്യമായ സാമ്പത്തിക സ്രോതസ്സ് നിർദ്ദേശിക്കാനും 20-06-2023-ലെ സ.ഉ.(സാധാ) നം. 242/2023/വനം പ്രകാരം ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്.

**കാട്ടുപന്നി ആക്രമണത്തിൽ മരണപ്പെട്ട വിജിഷ സോണിയയുടെ കുടുംബത്തിന് ധനസഹായം**

196(1036) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ കരിങ്കയം ഫോറസ്റ്റോഫീസിന് സമീപം ഇളവമ്പാട്ടം വക്കാലയിലെ വിജിഷ സോണിയ എന്ന ഓട്ടോ ഡ്രൈവറായ യുവതി കാട്ടുപന്നി ഓട്ടോയിലിടിച്ച് മരണപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മരണപ്പെട്ട വിജിഷ സോണിയയുടെ കുടുംബത്തിന് അടിയന്തര ധനസഹായം ലഭ്യമാക്കാൻവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ നഷ്ടപരിഹാര തുക അടിയന്തരമായി ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

(ബി&സി) ശ്രീമതി വിജിഷ സോണിയ മരണപ്പെട്ടതിനുള്ള നഷ്ടപരിഹാരത്തിനായി ഇ-ഡിസ്ട്രിക്ട് മുഖേന സമർപ്പിച്ച അപേക്ഷയിൽ ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടില്ല. ആയത്

സമർപ്പിക്കുന്നതിന് അപേക്ഷകന് അറിയിപ്പ് നൽകിയിട്ടുണ്ട്. നിയമാനുസൃത രേഖകൾ ഹാജരാക്കുന്ന മുറയ്ക്കും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്കും ടിയാളുടെ അനന്തരാവകാശികൾക്ക് നഷ്ടപരിഹാര തുകയായ 10 ലക്ഷം രൂപ അനുവദിക്കുന്നതാണ്.

## വന്യമൃഗ ശല്യം

197(1037) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗ ശല്യം തടയാൻ നിലവിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

1. വന്യജീവികൾ ജനവാസ മേഖലകളിലേയ്ക്ക് ഇറങ്ങുന്നത് തടയുന്നതിനായി വനാതിർത്തികളിൽ സൗരോർജ്ജ വേലി, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ്, ജൈവവേലി എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുന്നുമുണ്ട്.

2. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി റാപ്പിഡ് റെസ്പോൺസ് ടീമുകളെ അടിസ്ഥാനമാക്കി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ സ്ഥാപിച്ചിട്ടുണ്ട്.

3. കുങ്കിയാനകളെ ഉപയോഗിച്ച് കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ചുവരുന്നുണ്ട്.

4. മനുഷ്യജീവനും സ്വത്തിനും നിരന്തരം നാശം വരുത്തുന്ന ആന, കടുവ, പുലി തുടങ്ങിയ വന്യമൃഗങ്ങളെ കാട്ടിലേയ്ക്ക് തുരത്താൻ കഴിയാതെ വരുന്നപക്ഷം ജനവാസ കേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്.

5. മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശീയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള ജനകീയ

ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ 261 ജനജാഗ്രതാ സമിതികൾ സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ട്.

6. കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുത്തി വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾ, ചെക്ക് ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം, വനത്തിനകത്ത് ജല ലഭ്യത ഉറപ്പ് വരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം തുടങ്ങിയവ നടത്തിവരുന്നുണ്ട്.

7. വന്യജീവികൾക്കും അവയുടെ ആവാസ വ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തി പങ്കിടുന്ന ജനവാസമേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

8. വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും നാട്ടിലിറങ്ങിയ വന്യജീവികളെ കാട്ടിലേയ്ക്ക് തിരികെ അയയ്ക്കുന്നതിനും റാപ്പിഡ്

റെസ്പോൺസ് ടീമുകളുടെ (ആർ.ആർ.റ്റി.) സേവനം വിനിയോഗിച്ചുവരുന്നു. സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് എട്ട് സ്ഥിരം റാപ്പിഡ് റെസ്പോൺസ് ടീമുകൾ നിലമ്പൂർ നോർത്ത്, വയനാട്, പാലക്കാട്, കണ്ണൂർ, റാന്നി, കോഴിക്കോട്, മണ്ണാർക്കാട്, പേപ്പാറ എന്നിവിടങ്ങളിലും ഏഴ് താത്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകൾ കാസർഗോഡ്, കൽപ്പറ്റ, മലയാറ്റൂർ, മൂന്നാർ, പുനലൂർ, അട്ടപ്പാടി, പീരുമേട് എന്നിവിടങ്ങളിലും പ്രവർത്തിച്ചുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വന്യജീവികളുടെ ആക്രമണംമൂലം കൃഷിനാശം സംഭവിച്ചവർക്ക് എത്ര രൂപയുടെ നഷ്ടപരിഹാരം നൽകിയിട്ടുണ്ടെന്ന് പറയാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വന്യജീവികളുടെ ആക്രമണംമൂലം കൃഷിനാശം സംഭവിച്ചവർക്ക് 1017.42 ലക്ഷം രൂപയുടെ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.

(സി) വന്യമൃഗ ശല്യം തടയാൻ കേന്ദ്രസർക്കാർ ഫണ്ട് അനുവദിക്കാറുണ്ടോ?

കേന്ദ്രാവിഷ്കൃത പദ്ധതികളായ പ്രോജക്ട് എലിഫന്റ്, ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ്, പ്രോജക്ട് ടൈഗർ, അഗസ്ത്യമല ബയോസ്ഫിയർ റിസർവ്വ് എന്നിവയിൽ വന്യമൃഗ ശല്യം തടയുന്നതിനുവേണ്ടിയുള്ള സൗരോർജ്ജവേലി, ആനക്കിടങ്ങുകൾ, ആനപ്രതിരോധ മതിൽ, ആർ.ആർ.ടി.-യുടെ പ്രവർത്തനങ്ങൾ തുടങ്ങി വന്യമൃഗങ്ങളുടെ ആക്രമണംമൂലം മരണപ്പെട്ടവർക്കും പരിക്ക് പറ്റിയവർക്കും മറ്റുമുള്ള ധനസഹായം അടക്കം നൽകുന്നതിന് കേന്ദ്ര സർക്കാർ ഫണ്ട് അനുവദിക്കാറുണ്ട്.

**വന്യ മൃഗങ്ങൾ നാട്ടിലേയ്ക്കിറങ്ങുന്നത് തടയാൻ നടപടി**

198(1038) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനവാസമേഖലകളിൽ വന്യജീവികളുടെ ആക്രമണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

- മലയോര മേഖലകളോട് ചേർന്നുള്ള ചില ജനവാസ മേഖലകളിൽ വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജനവാസ മേഖലകളിൽ വന്യജീവികളുടെ ആക്രമണം തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

1. ജനവാസ മേഖലയോട് ചേർന്നുള്ള വനാതിർത്തികളിൽ സൗരോർജ്ജ വേലി, സൗരോർജ്ജ തൂക്കുവേലി, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ്, ജൈവവേലി എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുകയും ചെയ്യുന്നുണ്ട്.

2. എട്ട് സ്ഥിരം റാപ്പിഡ് റെസ്പോൺസ് ടീമുകൾ നിലമ്പൂർ നോർത്ത്, വയനാട്, പാലക്കാട്, കണ്ണൂർ, റാന്നി, കോഴിക്കോട്, മണ്ണാർക്കാട്, പേപ്പാറ എന്നിവിടങ്ങളിലും ഏഴ് താത്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകൾ കാസർഗോഡ്, കൽപ്പറ്റ, മലയാറ്റൂർ, മൂന്നാർ, പുനലൂർ, അട്ടപ്പാടി, പീരുമേട് എന്നിവിടങ്ങളിലും പ്രവർത്തിച്ചുവരുന്നു.

3. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ സ്ഥാപിച്ചിട്ടുണ്ട്.

4. പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശീയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള ജനകീയ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ 261 ജനജാഗ്രതാ സമിതികൾ സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ട്.

5. ജനവാസ മേഖലകളിലിറങ്ങുന്ന കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ചുവരുന്നുണ്ട്.

6. വന്യജീവികൾക്കും അവയുടെ ആവാസവ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തി പങ്കിടുന്ന ജനവാസമേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

7. മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ട് ഹ്രസ്വകാല-ദീർഘകാല പദ്ധതികൾ വിഭാവനം ചെയ്യുന്നതിനും KFRI, അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, വെറ്റിനറി യൂണിവേഴ്സിറ്റി, ടൈഗർ കൺസർവേഷൻ ഫൗണ്ടേഷൻ, തദ്ദേശവാസികൾ എന്നിവരുമായി ബന്ധപ്പെട്ട് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കിൾ നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ജലം, ഭക്ഷണം എന്നിവയ്ക്കായി വന്യ മൃഗങ്ങൾ നാട്ടിലേയ്ക്ക് എത്തുന്നത് തടയുന്നതിനും അവയ്ക്ക് വനത്തിനുള്ളിൽതന്നെ അവ ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

വനത്തിനുള്ളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് താത്കാലിക തടയണകൾ, സ്ഥിരം തടയണകൾ, കുളങ്ങൾ എന്നിവയുടെ നിർമ്മാണം, പുനരുദ്ധാരണം തുടങ്ങിയവ നടത്തിവരുന്നുണ്ട്. വനത്തിനുള്ളിലെ കുളങ്ങൾ, നീർച്ചാലുകൾ തുടങ്ങിയവയിലെ ചെളി, മണ്ണ്, എന്നിവ നീക്കം ചെയ്ത് ഉപയോഗയോഗ്യമാക്കുന്നുണ്ട്. ഭക്ഷണ ലഭ്യത ഉറപ്പാക്കുന്നതിന് പുൽമേടുകളുടെ സംരക്ഷണം, നിയന്ത്രിത കത്തിക്കൽ (Controlled burning), കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ യഥാസമയം നടത്തിവരുന്നു. അധിനിവേശ സസ്യങ്ങളുടെ വ്യാപനം തടയുന്നതിന് നബാർഡ്/ആർ.കെ.ഡി.പി. പദ്ധതികളിൽ ഉൾപ്പെടുത്തി ഇവ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വനത്തിനകത്ത് മുള ഉൾപ്പെടെയുള്ള തദ്ദേശീയ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നുണ്ട്. അധിനിവേശ സസ്യങ്ങൾ നീക്കം ചെയ്യുന്നത് കൂടാതെ ഇക്കോ-റീസ്റ്റോറേഷൻ പ്രവൃത്തികൾ നടത്തുന്നുണ്ട്. വ്യാവസായിക ആവശ്യത്തിനായി വച്ച് പിടിപ്പിച്ചിട്ടുള്ള ഏകവിള തോട്ടങ്ങൾ വർക്കിംഗ്

പ്ലാൻ വ്യവസ്ഥയ്ക്ക് വിധേയമായി ഘട്ടംഘട്ടമായി സ്വാഭാവിക വനങ്ങളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**വാമനപുരം മണ്ഡലത്തിലെ വന്യജീവി ആക്രമണം**

199(1039) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വന്യജീവി ആക്രമണംമൂലമുള്ള നഷ്ടപരിഹാരത്തിനായി വാമനപുരം മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽനിന്ന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ആയതിൻ പ്രകാരം എത്ര പേർക്ക് നഷ്ടപരിഹാരം നല്കിയിട്ടുണ്ടെന്നും പഞ്ചായത്ത് തിരിച്ച് വിവരം ലഭ്യമാക്കാമോ?

തിരുവനന്തപുരം ഡിവിഷന്റെ പരിധിയിൽ വാമനപുരം നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽനിന്നും വന്യജീവി ആക്രമണംമൂലമുള്ള നഷ്ടപരിഹാരത്തിനായി ലഭ്യമായ അപേക്ഷകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മതിയായ രേഖകൾ ഉൾക്കൊള്ളിച്ച് സമർപ്പിച്ചിട്ടുള്ള അപേക്ഷകളെല്ലാം തീർപ്പാക്കിയിട്ടുള്ളതും, മറ്റുള്ളവയിൽ ആയവ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത കാലയളവിൽ വന്യമൃഗങ്ങൾ കൃഷി നശിപ്പിച്ചതിൻ പ്രകാരമുള്ള നഷ്ടപരിഹാരത്തിനായി എത്ര അപേക്ഷകൾ ലഭിച്ചുവെന്നും ആയതിന്മേൽ സ്വീകരിച്ച നടപടികൾ എന്താണെന്നും വിശദമാക്കാമോ?

പ്രസ്തുത കാലയളവിൽ ടി നിയോജകമണ്ഡലത്തിൽനിന്നും വന്യമൃഗങ്ങൾ കൃഷി നശിപ്പിച്ചതുമായി ബന്ധപ്പെട്ട 180 അപേക്ഷകൾ ലഭിച്ചിട്ടുള്ളതും ആയതിൽ 95 അപേക്ഷകർക്ക് നഷ്ടപരിഹാരം അനുവദിച്ചിട്ടുള്ളതുമാണ്. മറ്റ് അപേക്ഷകളിൻമേൽ നടപടി സ്വീകരിച്ചുവരികയുമാണ്.

**തിരുവനന്തപുരം വനം ഡിവിഷനിലെ തൊണ്ടി മുതലുകൾ നഷ്ടപ്പെടൽ**

200(1040) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വനം ഡിവിഷനിലെ പരുത്തിപ്പള്ളി റെയ്ഞ്ചിൽനിന്നും ഒ.ആർ. 31/2000, ഒ.ആർ. 19/2001, ഒ.ആർ. 15/2001,

ഒ.ആർ. 21/2002, ഒ.ആർ. 16/2003, ഒ.ആർ. 9/2004, ഒ.ആർ. 9/2007, ഒ.ആർ. 10/2007 എന്നീ കേസുകളിൽ ഉൾപ്പെട്ട തൊണ്ടിമുതലുകൾ മോഷണം പോയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടത് എപ്പോഴാണെന്ന് വ്യക്തമാക്കുമോ?

തിരുവനന്തപുരം വന ഡിവിഷനിലെ പരുത്തിപ്പള്ളി റെയ്ഞ്ച് ഫോറസ്ററ് ഓഫീസറുടെ 10-06-2010-ലെ പരിശോധനയിലാണ് തൊണ്ടി സാമഗ്രികളിൽ ഗണ്യമായ കുറവുള്ളതായും തൊണ്ടിമുതലുകൾ നഷ്ടപ്പെട്ടതായും ശ്രദ്ധയിൽപ്പെട്ടത്.

(ബി) ഇതിൽ എത്ര ഒ.ആർ. കേസുകളിലെ പ്രതികളെ തൊണ്ടി ഹാജരാക്കാത്തതിനാൽ ബഹു. കോടതി കുറ്റവിമുക്തരാക്കിയെന്നും ആയതിലൂടെ സർക്കാരിനുണ്ടായ നഷ്ടവും വിശദമാക്കുമോ?

ഇതിൽ ഒ.ആർ.09/2004 കേസിലെ പ്രതികളെ കുറ്റവിമുക്തരാക്കിയതിനുള്ള കാരണങ്ങളിൽ ഒന്ന് തൊണ്ടി ഹാജരാക്കാത്തത് സംബന്ധിച്ചുള്ളതാണ്. ടി കേസിലെ സർക്കാർ നഷ്ടം 2000/- രൂപയാണ്.

(സി) പ്രസ്തുത കേസുകളിലെ തൊണ്ടിമുതൽ നഷ്ടപ്പെട്ടത് സംബന്ധിച്ച് ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

ഉദ്യോഗസ്ഥർക്കെതിരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. എന്നാൽ പ്രസ്തുത കേസുകളിന്മേൽ അന്വേഷണത്തിനായി നിയോഗിച്ചിട്ടുള്ള പ്രത്യേക അന്വേഷണ വിഭാഗത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) പ്രസ്തുത സംഭവം നടന്ന് 15-ൽപ്പരം വർഷങ്ങൾ പിന്നിട്ടിട്ടും തൊണ്ടിമുതൽ സൂക്ഷിക്കുന്നതിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നാളിതുവരെ യാതൊരു വകുപ്പുതല നടപടിയും സ്വീകരിക്കാതിരുന്നതിന്റെ കാരണം വിശദീകരിക്കാമോ?

പ്രസ്തുത കേസുകളിലെ തൊണ്ടിമുതലുകൾ നഷ്ടപ്പെട്ടത് സംബന്ധിച്ച പ്രത്യേക അന്വേഷണ സംഘത്തിന്റെ അന്വേഷണം പൂർത്തീകരിച്ചതിന് ശേഷമേ കുറ്റക്കാരായ ഉദ്യോഗസ്ഥരുണ്ടെങ്കിൽ നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

(ഇ) പരുത്തിപ്പള്ളി റെയ്ഞ്ചിൽ മുൻപ് രജിസ്റ്റർ ചെയ്ത ഒ.ആർ. 120/90 നമ്പർ കേസിലെ തൊണ്ടി നഷ്ടപ്പെട്ടത് അന്വേഷിക്കാൻ പോലീസ് വിജിലൻസിന് ശിപാർശ ചെയിതിട്ടുണ്ട് എന്നിരിക്കെ മേൽ വിവരിച്ച സമാനമായ ഒ.ആർ. കേസുകളിൽ ഇതേ നിലപാട് സ്വീകരിക്കാത്തതിനുള്ള കാരണം വ്യക്തമാക്കാമോ?

തൊണ്ടിമുതൽ നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് വകുപ്പുതല നടപടി സ്വീകരിക്കുന്നതിനൊപ്പം പോലീസ് നടപടി സ്വീകരിക്കുന്നതിനായി പരുത്തിപ്പള്ളി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ 27-09-2022-ൽ കാട്ടാക്കട പോലീസ് സ്റ്റേഷനിൽ പരാതിയും നൽകി നടപടി സ്വീകരിച്ചിട്ടുണ്ട്.

**വർക്കല മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ പ്രവർത്തനങ്ങൾ**

201(1041) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവിൽ വർക്കല മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ കീഴിലുള്ള നിർവ്വഹണ ഏജൻസികൾ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവിൽ വർക്കല മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ കീഴിലുള്ള നിർവ്വഹണ ഏജൻസികൾ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

**ആലപ്പുഴ ജില്ലയിൽ കിഡ്ക്-ഹരിതകേരളം പദ്ധതി**

202(1042) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ കിഡ്ക് (കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്) ഹരിതകേരളം മുഖേന ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് നിയോജകമണ്ഡല അടിസ്ഥാനത്തിലുള്ള വിശദവിവരം ലഭ്യമാക്കാമോ?

ആലപ്പുഴ ജില്ലയിൽ ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് KIIDC (Kerala Irrigation Infrastructure Development Corporation Limited) നിർവ്വഹണ ഏജൻസിയായി 6 ഹയർ സെക്കൻഡറി സ്കൂളുകളിൽ ഇതിനോടകം പ്രാഥമിക ജലഗുണ പരിശോധനാ ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ സാമ്പത്തിക സഹായത്തോടെ ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും ഒരു ഹയർ സെക്കൻഡറി സ്കൂളിൽ വീതം ജല ഗുണനിലവാര പരിശോധനാ ലാബ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം പുരോഗമിക്കുന്നു. ഇതിന്റെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി KIIDC-നെ ഏൽപ്പിച്ചിട്ടുണ്ട്.

ആലപ്പുഴ ജില്ലയിൽ ഹരിതകേരളം മിഷന്റെ ഭാഗമായി സ്ഥാപിക്കുന്ന ജല ഗുണനിലവാര നിർണ്ണയ ലാബുകൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) ആലപ്പുഴ ജില്ലയിൽ ഏതൊക്കെ സ്കൂളുകളിലാണ് ജല ഗുണനിലവാര പരിശോധന ലാബുകൾ സ്ഥാപിക്കുന്നതെന്നും, ആയതിന് ചെലവഴിക്കുന്ന തുക എത്രയെന്നുമുള്ള വിശദവിവരം ലഭ്യമാക്കാമോ?

ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഓരോ ജല ഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിനായി നാളിതുവരെ ലഭ്യമാക്കിയ 41 സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചേർക്കുന്നു.+ ശേഷിക്കുന്ന സ്കൂളുകളുടെ പട്ടിക ലഭ്യമാകുന്നമുറയ്ക്ക് പ്രവൃത്തി ഏറ്റെടുത്ത് പൂർത്തിയാക്കുന്നതാണ്. ജില്ലയിലെ 72 സ്കൂളുകളിൽ ലാബുകൾ സ്ഥാപിക്കുന്നതിനായി 115.2 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

ഭൂജലവകുപ്പ് താഴെപ്പറയുന്ന സ്കൂളുകളിൽ ഓരോ ലക്ഷം രൂപ വീതം ചെലവഴിച്ച് ജലഗുണനിലവാര പരിശോധനാ ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്.

(1) ഗവ.ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ, കുന്നം, മാവേലിക്കര, ആലപ്പുഴ - 690108.

(2) ഗവ. ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ, വീയ്യപുരം, ആലപ്പുഴ -690514

(സി) കിഡ്ക് മുഖേന ആലപ്പുഴ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്കായി ചെലവഴിക്കുന്ന തുക, നിലവിലെ സ്ഥിതി എന്നിവയെ കുറിച്ചുള്ള വിശദവിവരം ലഭ്യമാക്കാമോ?

കിഡ്ക് മുഖേന ആലപ്പുഴ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്കായി ചെലവഴിക്കുന്ന തുക, നിലവിലെ സ്ഥിതി എന്നിവയെ കുറിച്ചുള്ള വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ചേർത്തല താലൂക്കിലെ അന്ധകാരനഴി ഷട്ടർ**

203(1043) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചേർത്തല താലൂക്കിലെ അന്ധകാരനഴി ഷട്ടർ ഉയർത്തുന്നതും പരമ്പരാഗതമായി മത്സ്യത്തൊഴിലാളികൾ മണൽ നീക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഷട്ടർ ഉയർത്തൽ - വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് പ്രകൃതിയുടെ പ്രതിഭാസംമൂലം അടയാറുള്ള അന്ധകാരനഴി പൊഴിമുഖം പൊഴിച്ചാൽ വരെ മുറിച്ച് ജലം ഒഴുക്കി കളയേണ്ടത് അനിവാര്യമായ പ്രവൃത്തിയാണ്. അന്ധകാരനഴി റെഗുലേറ്ററുകളുടെ പ്രവർത്തനവും പ്രളയജലം ഒഴുക്കിക്കളയുന്നതിനുള്ള പൊഴിമുറിക്കൽ പ്രവൃത്തിയും ആലപ്പുഴ ജില്ലാ കളക്ടർ ചെയർമാനായ ഉപദേശക സമിതിയുടെയും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെയും തീരുമാനവും നിർദ്ദേശവുമനുസരിച്ചാണ് ജലസേചന വകുപ്പിന്റെ കീഴിലുള്ള സിവിൽ വിഭാഗവും മെക്കാനിക്കൽ വിഭാഗവുംകൂടി ചെയ്തുവരുന്നത്.

മണൽ നീക്കം- വർഷാവർഷം മണൽ നിറഞ്ഞ് അടഞ്ഞുപോകുന്ന അന്ധകാരനഴി പൊഴിമുഖം പൊഴിച്ചാൽ വരെ മുറിച്ചാണ് പ്രളയജലം കടലിലേയ്ക്ക് ഒഴുക്കികളയുന്നത്. മുൻകാലങ്ങളിൽ പൊഴിമുഖത്തുനിന്ന് സാധാരണ ജനങ്ങൾ മണൽ വള്ളത്തിലെടുത്ത് കൊണ്ടുപോകുമായിരുന്നു. ഉപ്പുരസമുള്ള ഈ മണൽ നിർമ്മാണപ്രവർത്തനത്തിന് ഉപയോഗിക്കുന്ന മണലുമായി കലർത്തുന്ന അവസ്ഥ സംജാതമായപ്പോഴാണ് ജില്ലാ ഭരണകൂടം ഇടപെട്ട് ഇവിടുത്തെ മണൽ ഖനനം നിരോധിച്ചത്. CRZ നിയമ പ്രകാരം മണൽ ഖനനം അഴിമുഖത്ത് അനുവദനീയമല്ല. പരമ്പരാഗതമായി മത്സ്യത്തൊഴിലാളികൾ മണൽ നീക്കുന്നതും അല്ലാതെയുമുള്ള ഖനനം സംബന്ധിച്ചും അതിന്റെ ഉപഭോക്താക്കളെ നിർണ്ണയിച്ച് അനുമതി നൽകുന്നതും ജില്ലാ ഭരണകൂടത്തിന്റെ അധികാര പരിധിയിൽവരുന്ന കാര്യങ്ങളാണ്. ജില്ലാ ഭരണകൂടത്തിന്റെ തീരുമാനത്തിനനുസരിച്ച് ഷട്ടറുകൾ ഉയർത്തുകയും താഴ്ത്തുകയും കൂടാതെ പൊഴി മുറിക്കുന്ന പ്രവൃത്തിയും മാത്രമാണ് ഇറിഗേഷൻ വകുപ്പ് ചെയ്തുവരുന്നത്. പൊഴി മുറിക്കുന്ന മണ്ണ്

പരിസ്ഥിതിക്ക് ആഘാതമുണ്ടാക്കാതെ ഇരുവശങ്ങളിലും നിക്ഷേപിക്കുകയും പിന്നീട് അത് കടലിലേയ്ക്കുതന്നെ ഒഴുകിപ്പോകുകയുമാണ് ചെയ്യുന്നത്.

**തൃക്കാക്കര പെരിയാർവാലി കനാലിന്റെ കരകളിലുള്ള കയ്യേറ്റം**

204(1044) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര മണ്ഡലത്തിൽ പെരിയാർവാലി കനാലിന്റെ കരകളിലുള്ള കയ്യേറ്റം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

തൃക്കാക്കര നിയോജകമണ്ഡലത്തിൽ പെരിയാർവാലി ജലസേചന പദ്ധതിയുടെ ഇടപ്പള്ളി ബ്രാഞ്ച് കനാലിന്റെ ചെ. 15.620 കി.മീ.-നും 16 കി.മീ.-നുമിടയിൽ അനധികൃത കയ്യേറ്റം സ്ഥിരീകരിച്ചിട്ടുണ്ട്. ഇടപ്പള്ളി ബ്രാഞ്ച് കനാൽ കയ്യേറി 23 കുടുംബങ്ങൾ താമസിക്കുന്നുണ്ട്. ഈ കുടുംബങ്ങളെ ഒഴിപ്പിച്ചാൽ മാത്രമേ തൃക്കാക്കര നഗരസഭ പ്രദേശത്തേയ്ക്ക് കനാലുകളിലൂടെയുള്ള ജലവിതരണം സാദ്ധ്യമാകുകയുള്ളൂ.

(ബി) കാലാകാലങ്ങളിലുണ്ടാകുന്ന വെള്ളപ്പൊക്കത്തിന് ശാശ്വത പരിഹാരം കാണുന്നതിനും കനാലിന്റെ മലിനീകരണം ഒഴിവാക്കുന്നതിനും ഇരുപത് വർഷത്തിലേറെയായി ഇവിടെ താമസിക്കുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുമുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

പ്രസ്തുത കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി എറണാകുളം ജില്ലാ കളക്ടർ, തൃക്കാക്കര നഗരസഭ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനായുള്ള തുടർനടപടികൾ നഗരസഭയുടെ ഭാഗത്തുനിന്നും സ്വീകരിക്കേണ്ടതായുണ്ട്. ആയത് സർക്കാർ തലത്തിൽ പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

**മലപ്പുറം മണ്ഡലത്തിൽ നടപ്പാക്കിവരുന്ന പ്രവൃത്തികൾ**

205(1045) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശം നൽകാമോ?

മലപ്പുറം മണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ, അവയ്ക്ക് ഓരോന്നിനും അനുവദിച്ച തുക, പ്രസ്തുത പ്രവൃത്തികളുടെ ഇപ്പോഴത്തെ പുരോഗതി എന്നിവ വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ, അവയ്ക്ക് ഓരോന്നിനും അനുവദിച്ച തുക, പ്രസ്തുത പ്രവൃത്തികളുടെ ഇപ്പോഴത്തെ പുരോഗതി എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) പ്രസ്തുത മണ്ഡലത്തിലെ കുടിവെള്ള വിതരണം, തോടുനവീകരണം, പാർശ്വഭിത്തി സംരക്ഷണം, തടയണ നിർമ്മാണം, കനാൽ നിർമ്മാണം എന്നിവയുമായി ബന്ധപ്പെട്ട് സമർപ്പിച്ച പ്രൊപ്പോസലുകൾ എതെല്ലാമെന്നും അവയിൽ എത്രയെണ്ണത്തിന് ഭരണാനുമതി ലഭിച്ചുവെന്നും പുതിയ പദ്ധതികൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ; വിശദാംശം നൽകുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത മണ്ഡലത്തിലെ കുടിവെള്ള വിതരണം, തോട് നവീകരണം, പാർശ്വഭിത്തി സംരക്ഷണം, തടയണ നിർമ്മാണം, കനാൽ നിർമ്മാണം എന്നിവയുമായി ബന്ധപ്പെട്ട് സമർപ്പിച്ച പ്രൊപ്പോസലുകളും അവയിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.+

**നെയ്യാറ്റിൻകര നഗര പ്രദേശത്തെ പുതിയ കുടിവെള്ള പദ്ധതി**

206(1046) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നഗര പ്രദേശത്ത് നടപ്പിലാക്കുന്ന പുതിയ കുടിവെള്ള പദ്ധതിയുടെ ഭാഗമായി മണ്ണ് പരിശോധന നടത്തിയതിനുശേഷം എന്തൊക്കെ നടപടികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

അർബൻ അഗ്ലോമറേഷൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിക്കുവേണ്ടി 16 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാല നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത്. ജലശുദ്ധീകരണശാലയുടെ നിർമ്മാണം നടത്തുന്നതിനുള്ള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്ഥലത്തെ മണ്ണ് പരിശോധന നടത്തിയതിനുശേഷം വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ച് സാങ്കേതികാനുമതി ലഭ്യമാക്കിയിരുന്നു. തുടർന്ന് ജലശുദ്ധീകരണശാലയുടെ നിർമ്മാണത്തിനുള്ള ദർഘാസ് ക്ഷണിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കുടിവെള്ള പദ്ധതിക്ക് അടങ്കൽ തുക എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കാമോ?

അർബൻ അഗ്ലോമറേഷനിലുൾപ്പെടുത്തി നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതിക്ക് നൽകിയിട്ടുള്ള ഭരണാനുമതി തുക 21.6895/- കോടി രൂപയാണ്. ജലശുദ്ധീകരണശാലയുടെ നിർമ്മാണ പ്രവൃത്തിക്കുള്ള അടങ്കൽ തുക 18,26,42,693/- രൂപയാണ്.

(സി) പ്രസ്തുത കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് ടെണ്ടർ നടപടിക്രമം പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

അർബൻ അഗ്ലോമറേഷനിൽ ഉൾപ്പെടുത്തി നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. 22-08-2023 ആണ് ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി.

**കുന്നംകുളം മണ്ഡലത്തിലെ കുടിവെള്ള പദ്ധതി**

207(1047) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂജല വകുപ്പ് മുഖേന നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയുടെ ഭാഗമായി കുന്നംകുളം മണ്ഡലത്തിൽനിന്നും ഏതെങ്കിലും പഞ്ചായത്ത് ഭരണാനുമതിക്കും സാങ്കേതികാനുമതിക്കുമായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രൊപ്പോസലിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(എ&ബി) ഭൂജല വകുപ്പ് മുഖേന നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ ജില്ലയിലെ കുന്ദംകുളം മണ്ഡലത്തിൽനിന്നും ചൊവ്വന്നൂർ പഞ്ചായത്തിലെ നീർക്കാട് കുടിവെള്ള പദ്ധതിക്കും പോർക്കുളം പഞ്ചായത്തിലെ സെന്റ് ജോർജ്ജ് കുടിവെള്ള പദ്ധതിക്കും കുഴൽക്കിണർ നിർമ്മാണം നടത്തുകയും ജലലഭ്യതാ പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. ഭൂജല വകുപ്പിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ടി കുടിവെള്ള പദ്ധതികൾക്കായി

എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടപ്പിലാക്കുന്നതിനായി ഭരണാനുമതിക്കും സാങ്കേതികാനുമതിക്കുംവേണ്ടിയുള്ള പ്രൊപ്പോസൽ തയ്യാറാക്കിവരുന്നു.

(സി) പ്രസ്തുത പദ്ധതി എപ്പോൾ നടപ്പിലാകും എന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് കുടിവെള്ള ലഭ്യത പൂർണ്ണമായോ ഭാഗികമായോ ഇല്ലാത്ത പ്രദേശങ്ങളിൽ ജലവിതരണം നടത്തുന്നതിനുവേണ്ടി ഭൂജലവകുപ്പ് ചെറുകിട കുടിവെള്ള പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നുണ്ട്. കുഴൽക്കിണറിൽനിന്നുള്ള ജലലഭ്യത അനുസരിച്ച് 25 മുതൽ 100 കുടുംബങ്ങളുടെ വരെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയുന്ന വിധത്തിലാണ് ഓരോ കുടിവെള്ള പദ്ധതികളും നടപ്പിലാക്കിവരുന്നത്. ഇതിനായി നാല് കോടി രൂപ മാത്രമാണ് സംസ്ഥാന ബഡ്ജറ്റിൽ ഈ സാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ളത്. കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ബഹു. എം.എൽ.എ.-മാർ ഉൾപ്പെടെയുള്ളവരുടെ നിർദ്ദേശപ്രകാരം അനവധി പദ്ധതികൾക്ക് അനുമതി നൽകുന്നതിന് വകുപ്പിലേക്ക് ശിപാർശ ലഭിച്ചുവരുന്നുണ്ട്. നിലവിൽ ബഡ്ജറ്റ് വിഹിതത്തിനനുസരിച്ചുള്ള തുകയ്ക്ക് ഭരണാനുമതി നൽകിക്കഴിഞ്ഞു. പ്രസ്തുത

ശീർഷകത്തിൽ അധികമായി തുക ലഭിക്കുന്ന മുറയ്ക്ക് ഈ പ്രൊപ്പോസലുകൾ പരിഗണിക്കാവുന്നതാണ്.

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ പദ്ധതികൾ**

208(1048) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയതും നടപ്പിലാക്കിവരുന്നതുമായ പദ്ധതികൾ സംബന്ധിച്ച് വിശദീകരിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയതും നടപ്പിലാക്കിവരുന്നതുമായ പദ്ധതികൾ സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) പ്രസ്തുത മണ്ഡലത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത മണ്ഡലത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**പൂഞ്ഞാർ മണ്ഡലത്തിലെ പദ്ധതികൾ**

209(1049) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ, ഭൂജല വകുപ്പുകൾവഴിയും വാട്ടർ അതോറിറ്റി മുഖേനയും പൂഞ്ഞാർ മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക, പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ, ഭൂജല വകുപ്പുകൾവഴിയും വാട്ടർ അതോറിറ്റി മുഖേനയും പൂഞ്ഞാർ മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾക്ക് അനുവദിച്ച തുകയും പദ്ധതികളുടെ നിലവിലെ സ്ഥിതിയും സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

**കുന്നത്തുനാട് മണ്ഡലത്തിലെ ഇറിഗേഷൻ പ്രവൃത്തികൾ**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

210(1050) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ മൈനർ, മേജർ ഇറിഗേഷൻ വകുപ്പുകൾ മുഖേന ഭരണാനുമതി ലഭിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക സംബന്ധിച്ച വിശദാംശം നൽകാമോ;

(സി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

(എ-സി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**കുണ്ടറ നിയോജകമണ്ഡലത്തിലെ ഇറിഗേഷൻ പദ്ധതികൾ**

211(1051) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന കല്ലട ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി കനാലുകളുടെയും തോടുകളുടെയും നവീകരണത്തിന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2021 ഏപ്രിലിനുശേഷം നാളിതുവരെ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് സാമ്പത്തിക വർഷം തിരിച്ച് വിശദമാക്കാമോ?

കുണ്ടറ മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന കല്ലട ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി കനാലുകളുടെയും തോടുകളുടെയും നവീകരണത്തിന് 2021 ഏപ്രിലിനുശേഷം നാളിതുവരെ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് സാമ്പത്തിക വർഷം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത പ്രവൃത്തികൾ എവിടെയൊക്കെയാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കിയ സ്ഥലങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.+

**മാനന്തവാടി മണ്ഡലത്തിൽ ജൽ ജീവൻ മിഷൻ പദ്ധതി**

212(1052) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) മാനന്തവാടി മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ ആകെ എത്ര ഗാർഹിക കണക്ഷനുകൾ നൽകാനാണ് ലക്ഷ്യമിടുന്നത്?

(എ&ബി) ജൽ ജീവൻ മിഷൻ പദ്ധതി പ്രകാരം മാനന്തവാടി മണ്ഡലത്തിൽ നടപ്പിലാക്കുന്ന വിവിധ പ്രവൃത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു.+

- എടവക പഞ്ചായത്തിൽ 7 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ജല സംഭരണിയുടെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. പൈപ്പ് സ്ഥാപിക്കൽ, കണക്ഷൻ നൽകൽ എന്നിവ പുരോഗമിക്കുന്നു.

- തിരുനെല്ലി പഞ്ചായത്തിൽ 18-02-2022-നുതന്നെ വർക്ക് ഓർഡർ നൽകിയെങ്കിലും ബഹു. ഹൈക്കോടതിയിൽ കേസുണ്ടായതിനാൽ പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിരുന്നില്ല. ബഹു. കോടതി ഉത്തരവും സർക്കാർ തീരുമാനവും അനുസരിച്ച് 01-08-2023-ന് പ്രവൃത്തിയുടെ കരാർ വച്ചിട്ടുണ്ട്. പ്രവൃത്തി ഉടനെ ആരംഭിക്കുന്നതാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

- വെള്ളമുണ്ട പഞ്ചായത്തിൽ 25-04-2023-ന കരാർവച്ച് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

- തൊണ്ടർനാട് ടെണ്ടർ ചീഫ് എഞ്ചിനീയർ അംഗീകരിച്ചുനല്കിയിട്ടുണ്ട്. എന്നാൽ ബഹു. ഹൈക്കോടതിയിൽ കേസുണ്ടായതിനാൽ പ്രവൃത്തി ഉത്തരവ് നല്കാൻ സാധിച്ചിട്ടില്ല.

- തവിഞ്ഞാൽ പഞ്ചായത്തിൽ 02-05-2023-ന് കരാർ ഉടമ്പടി വച്ച് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

- പനമരം ടെണ്ടർ ചീഫ് എഞ്ചിനീയർ അംഗീകരിച്ചുനല്കിയിട്ടുണ്ട്. എന്നാൽ ബഹു. ഹൈക്കോടതിയിൽ കേസ് ഉണ്ടായതിനാൽ പ്രവൃത്തി ഉത്തരവ് നല്കാൻ സാധിച്ചിട്ടില്ല.

(സി) പദ്ധതിക്കായി സ്ഥലം കണ്ടെത്താൻ സാധിക്കാത്ത പഞ്ചായത്തുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

- തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ പനവല്ലി എന്ന സ്ഥലത്ത് 5 സെന്റ് സ്ഥലം ബൂസ്റ്റർ പമ്പ്ഹൗസിനായി ലഭിക്കേണ്ടതുണ്ട്.

- വെള്ളമുണ്ട പഞ്ചായത്തിൽ മംഗലശ്ശേരി കാട്ടുനായ്ക്കർ കോളനിയിൽ 20 സെൻറ് സ്ഥലം 2 ലക്ഷം ലിറ്റർ ശേഷിയുള്ള ടാങ്ക് പണിയാൻ ആവശ്യമുണ്ട്. പ്രസ്തുത സ്ഥലം നാളിതുവരെയായിട്ടും ലഭ്യമായിട്ടില്ല. സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലാണ് സ്ഥലം.

(ഡി) പദ്ധതിയുടെ പ്രധാന സ്രോതസ് എവിടെ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ഇവിടെനിന്നും ദൈനദിനം എത്രത്തോളം ജലം വേണ്ടിവരുമെന്നും അറിയിക്കാമോ?

- തിരുനെല്ലി പഞ്ചായത്തിലെ പദ്ധതിക്കായി കാളിന്ദി നദിയാണ് പ്രധാന സ്രോതസ്സായി തെരഞ്ഞെടുത്തിരിക്കുന്നത്. ഇവിടെനിന്നും പ്രതിദിനം 5 ദശലക്ഷം ലിറ്റർ ജലമാണ് ശുദ്ധീകരിച്ച് വിതരണം ചെയ്യാൻ ലക്ഷ്യമിടുന്നത്.

- എടവക പഞ്ചായത്തിലെ പദ്ധതിക്കായി മാനന്തവാടി നദിയാണ് പ്രധാന സ്രോതസ്സായി തെരഞ്ഞെടുത്തിരിക്കുന്നത്. ഇവിടെനിന്നും പ്രതിദിനം 10 ദശലക്ഷം ലിറ്റർ ജലമാണ് ശുദ്ധീകരിച്ച് വിതരണം ചെയ്യാനായി ലക്ഷ്യമിടുന്നത്.

- വെള്ളമുണ്ട, തൊണ്ടർനാട്, തവിഞ്ഞാൽ, പനമരം എന്നീ പദ്ധതികളുടെ പ്രധാന സ്രോതസ്സ് ബാണാസുര സാഗർ ഡാം ആണ്. 25 ദശലക്ഷം ലിറ്റർ ജലം ആവശ്യമായിവരുന്നതാണ്.

**കടുത്തുരുത്തി മണ്ഡലത്തിലെ ചേർപ്പുങ്കൽ ചെമ്പിളാവ് റഗുലേറ്റർ-കം-ബ്രിഡ്ജ്**

213(1053) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മണ്ഡലത്തിലെ ചേർപ്പുങ്കൽ ചെമ്പിളാവ് റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) അംഗീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

കിഫ്ബിയുടെ സാമ്പത്തിക അനുമതിക്കായി കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ ചേർപ്പുങ്കൽ ചെമ്പിളാവ് റെഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതിയുടെ ഡി.പി.ആർ. സമർപ്പിക്കുകയും തുടർന്ന് അപ്രൈസൽ റിപ്പോർട്ട് തയ്യാറാക്കുന്നതിന് സി.എം.ഡി.-യെ കിഫ്ബി ചുമതലപ്പെടുത്തിയിട്ടുമുണ്ട്. പ്രസ്തുത പദ്ധതിക്ക് കിഫ്ബിയിൽനിന്ന് സാമ്പത്തിക അനുമതി ലഭിക്കാനുണ്ട്.

(ബി) 2018-ൽ അംഗീകരിച്ച പ്രസ്തുത പദ്ധതി ഇതുവരെയും തുടങ്ങാൻ കഴിയാത്തതിന്റെ കാരണം അറിയിക്കാമോ; നിർദ്ദിഷ്ട പദ്ധതി സ്ഥലത്ത് പാലത്തിന്റെ സാധ്യത പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

നിർദിഷ്ട പദ്ധതി സ്ഥലത്ത് പാലത്തിന്റെ സാധ്യത പരിശോധിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത റഗുലേറ്റർ നിർമ്മാണ പദ്ധതി പ്രദേശത്തിന്റെ നിലവിലെ സ്ഥിതി അനുസരിച്ച് അവിടെ പാലത്തിന് പകരം ഫുട്ട് ബ്രിഡ്ജ് നൽകാൻ മാത്രമേ സാധിക്കുകയുള്ളൂ.

(സി) നിർദ്ദിഷ്ട പദ്ധതി പ്രദേശത്ത് ഭൂഗർഭ ജലത്തിന്റെ ലഭ്യതയും വിഭവങ്ങളുടെ പുരോഗതിയും ലക്ഷ്യമാക്കിയാണോ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഭൂഗർഭജലത്തിന്റെ ലഭ്യതയിലുള്ള വർദ്ധനവ് അതുവഴി പരിസര പ്രദേശങ്ങളിൽ വേനൽ കാലത്ത് കിണറുകളിൽ ജലത്തിന്റെ ലഭ്യത എന്നിവ റഗുലേറ്റർ-കം-ബ്രിഡ്ജ് പൂർണമായി പ്രവർത്തന സജ്ജമാകുന്നതോടെ ഉറപ്പുവരുത്താൻ സാധിക്കും.

(ഡി) പ്രസ്തുത കിഫ്ബി പദ്ധതിയിൽ ജലസേചന വകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; പ്രസ്തുത പദ്ധതിക്ക് തുടക്കം കുറിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; പദ്ധതി തുടങ്ങുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

പ്രസ്തുത പദ്ധതിക്ക് ₹10.10 കോടി രൂപയുടെ തത്വത്തിൽ അംഗീകാരമാണ് 17-10-2017-ലെ സർക്കാർ ഉത്തരവ്(സാധാ) നമ്പർ. 859/2017/WRD പ്രകാരം നൽകിയിട്ടുള്ളത്. തുടർന്ന് കിഫ്ബിയുടെ അംഗീകാരത്തിനായി പദ്ധതിയുടെ ഡി.പി.ആർ. ജലസേചന വകുപ്പിന്റെ എസ്.പി.വി. ആയ കെ.ഐ.ഐ.ഡി.സി. മുഖേന കിഫ്ബിയുടെ പി.എഫ്.എം.എസ്. പോർട്ടൽവഴി സമർപ്പിച്ചു. കിഫ്ബിയുടെ അപ്രൈസൽ വിംഗ് ആയ സി.എം.ഡി. ആണ് ഡി.പി.ആർ. വിശകലനം ചെയ്യുന്നത്. കെ.ഐ.ഐ.ഡി.സി., ജലസേചന വകുപ്പ്, കിഫ്ബി, സി.എം.ഡി. ഉദ്യോഗസ്ഥർ എന്നിവർ പ്രസ്തുത പദ്ധതി സ്ഥലത്ത് 23-03-2022-ൽ സംയുക്ത പരിശോധന നടത്തി നടപ്പാതയ്ക്ക് പകരം ഒറ്റവരി പാലത്തിന്റെ സാധ്യതകൂടി പരിശോധിച്ച് പുതുക്കിയ ഡി.എസ്.ആർ. നിരക്കിൽ ഡി.പി.ആർ.

സമർപ്പിക്കുന്നതിന് തീരുമാനിച്ചു. കെ.ഐ.ഐ.ഡി.സി.-യുടെയും കിഫ്ബിയുടെയും സി.എം.ഡി. ഉദ്യോഗസ്ഥരുടെ യോഗങ്ങൾ ചേരുകയും പുതുക്കിയ ഡി.എസ്.ആർ. നിരക്കിലും രൂപകൽപ്പനയും പ്രകാരം പരിഷ്കരിച്ച ഡി.പി.ആർ. തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് കിഫ്ബിയിൽനിന്ന് സാമ്പത്തിക അനുമതി ലഭിക്കാനുണ്ട്.

**കോട്ടക്കൽ നഗരസഭ കുടിവെള്ള പദ്ധതി**

214(1054) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നഗരസഭയിലെ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പ് സാമ്പത്തിക വർഷം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് എസ്റ്റിമേറ്റ് പ്രകാരമുള്ള തുക വകയിരുത്തി ഭരണാനുമതി നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

(എ&ബി) കോട്ടക്കൽ നഗര ശുദ്ധജല വിതരണ പദ്ധതിക്കായി നിലവിലുള്ള സ്കീമുകളിൽനിന്നും ഗാർഹിക പൈപ്പ് കണക്ഷനുകൾ

നൽകുന്നതിനും വിതരണ ശൃംഖലകൾ നീട്ടുന്നതിനും/പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുമായി 15.739 കോടി രൂപയുടെ എസ്റ്റിമേറ്റ് അമൃത് 2.0-ൽ ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ടി പ്രൊപ്പോസലിന് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ഇതുകൂടാതെ കോട്ടക്കൽ മുനിസിപ്പാലിറ്റിക്കുള്ള കുടിവെള്ള പദ്ധതിയുടെ ഭാഗമായി ഉന്നതതല ജലസംഭരണിയുടെ നിർമ്മാണം, ട്രാൻസ്മിഷൻ ലൈൻ സ്ഥാപിക്കൽ, വിതരണ ശൃംഖല സ്ഥാപിക്കൽ, ഗാർഹിക പൈപ്പ് കണക്ഷനുകൾ നൽകുക എന്നീ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി 132.65 കോടി രൂപയുടെ പ്രൊപ്പോസൽ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി ഭരണാനുമതി നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത പ്രവൃത്തി സംബന്ധിച്ച് ചീഫ് എഞ്ചിനീയറുടെ ഓഫീസിലെ 3452/ഡി.5.ഇ/2022/സി.ഇ.എൻ.ആർ-കെ.കെ.ഡി., 3363/ഡി4/2022/സി.ഇ.എൻ.ആർ-കെ.കെ.ഡി. എന്നീ ഫയലുകളുടെ നിലവിലെ സ്ഥിതിയും പ്രവൃത്തികളുടെ വിശദാംശവും ലഭ്യമാക്കുമോ?

കോട്ടക്കൽ മുൻസിപ്പാലിറ്റിയിലേയ്ക്കുള്ള കുടിവെള്ള പദ്ധതിയുടെ ഭാഗമായി ഉന്നതതല ജല സംഭരണിയുടെ നിർമ്മാണം, ട്രാൻസ്മിഷൻ ലൈൻ സ്ഥാപിക്കൽ, വിതരണ ശൃംഖല സ്ഥാപിക്കൽ, ഗാർഹിക പൈപ്പ് കണക്ഷനുകൾ നൽകുക എന്നീ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി 132.65 കോടി രൂപയുടെ പ്രൊപ്പോസൽ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തുന്നതിലേയ്ക്കായി 3363/D4/2022/സി.ഇ.-എൻ.ആർ/കെ.കെ.ഡി. 17-1-2023-ലെ കത്ത് പ്രകാരം ഉത്തരമേഖലാ ചീഫ് എഞ്ചിനീയർ ജല അതോറിറ്റി കേന്ദ്ര കാര്യാലയത്തിൽ സമർപ്പിച്ചതിൻ പ്രകാരം മേൽ പ്രൊപ്പോസൽ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി നടപ്പ് സാമ്പത്തിക വർഷത്തിൽ മുൻഗണനയനുസരിച്ച് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3452/ഡി5/ഇ/2022/സി.ഇ.-എൻ.ആർ./കെ.കെ.ഡി. ഫയലിൽ ഉൾപ്പെട്ട കോട്ടക്കൽ നഗര ശുദ്ധജല വിതരണ പദ്ധതിക്കായി നിലവിലുള്ള സ്കീമുകളിൽനിന്നും ഗാർഹിക പൈപ്പ് കണക്ഷനുകൾ നൽകുന്നതിനും

വിതരണ ശൃംഖല കൾ നീട്ടുന്നതിനും/പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുമായുള്ള 15.739 കോടി രൂപയുടെ എസ്റ്റിമേറ്റ് അമൃത് 2.0-ൽ ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

**കായംകുളം മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ**

215(1055) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലവിഭവ വകുപ്പ് വഴി കായംകുളം മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ ഏതൊക്കെയെന്നും ആയതിന്റെ നിലവിലെ പുരോഗതി എന്താണെന്നും വിശദമാക്കുമോ?

നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലവിഭവ വകുപ്പുവഴി കായംകുളം മണ്ഡലത്തിൽ അനുവദിച്ച പദ്ധതികളും ആയതിന്റെ നിലവിലെ പുരോഗതിയും സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

**കുന്നംകുളം ചാട്ടുകുളം നവീകരണ പദ്ധതി**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

216(1056) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുന്നംകുളം മണ്ഡലത്തിലെ ചാട്ടുകുളം നവീകരണ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

കുന്നംകുളം മണ്ഡലത്തിലെ ചാട്ടുകുളം നവീകരണ പദ്ധതി എന്ന പ്രവൃത്തിക്ക് 10-07-2023-ൽ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ഉടമ്പടി വയ്ക്കുകയും ഒരു വർഷത്തെ പൂർത്തീകരണ കാലാവധിയോടുകൂടി 17-07-2023-ൽ സ്ഥലം കരാറുകാരന് കൈമാറിയിട്ടുമുണ്ട്.

**പ്രളയാനന്തര സാഹചര്യം നേരിടാൻ ശാസ്ത്രീയ പഠനം**

217(1057) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ മഹാപ്രളയത്തിനുശേഷമുള്ള സാഹചര്യം നേരിടുന്നതിനായി ശാസ്ത്രീയ പഠനങ്ങൾ നടന്നിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

2018-ലെ പ്രളയംമൂലം പമ്പ, മണിമല, അച്ചൻകോവിൽ, മൂവാറ്റുപുഴ, മീനച്ചിൽ എന്നീ നദികളിൽ വെള്ളപ്പൊക്കം രൂക്ഷമായത് അതിതീവ്രമായി ബാധിച്ചത് കുട്ടനാട് മേഖലയെയാണ്. ആയതിനാൽ കുട്ടനാട്ടിലെ വെള്ളപ്പൊക്ക നിയന്ത്രണത്തിന്റെ ഭാഗമായി RKI-യിൽ ഉൾപ്പെടുത്തി “Room for river" പദ്ധതി നടത്തിപ്പിനായുള്ള Hydrodynamic പഠനത്തിന്റെ കൺസൾട്ടൻസി സർവ്വീസായി ചെന്നൈയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയെ ചുമതലപ്പെടുത്തുകയും 04-11-2022-ന് IIT, Chennai ഇതുമായി ബന്ധപ്പെട്ട കരട് അന്തിമ റിപ്പോർട്ട് നൽകുകയും ആയതിൻമേൽ വകുപ്പിന്റെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി അന്തിമ റിപ്പോർട്ട് IIT, Chennai ഉടൻ സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുമുണ്ട്.

(ബി) വെള്ളപ്പൊക്കമുണ്ടാകുന്ന സാഹചര്യത്തിൽ എന്തെല്ലാം മുൻകരുതലാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; ഇതിനായി പ്രത്യേക കർമ്മപദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ?

വെള്ളപ്പൊക്ക ലഘൂകരണത്തിനായി മഴക്കാല മുന്നൊരുക്കങ്ങളുടെ ഭാഗമായി ഇറിഗേഷൻ നിർമ്മിതികൾ ശരിയായി

പ്രവർത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാനും റൂൾകർവ് അനുസരിച്ചും അതത് കാലത്ത് പ്രസിദ്ധീകരിക്കുന്ന ഓറഞ്ച് ബുക്ക് അനുസരിച്ചും ഇറിഗേഷൻ നിർമ്മിതികളിലെ ജലവിതാനം ക്രമപ്പെടുത്തി പുഴയിലെ ജലനിരപ്പ് നിരീക്ഷിച്ച് സുരക്ഷിതമായും തുറന്ന് വിടാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഡാമുകളിലെ ജലവിതാനം ജാഗ്രതയോടെ വിലയിരുത്തുന്നതിന് 24 മണിക്കൂറും ഉദ്യോഗസ്ഥർ നിരീക്ഷണം നടത്തുന്നുണ്ട്. മഴക്കാലം നേരിടുന്നതിനുള്ള അടിയന്തര കടലാക്രമണ പ്രവൃത്തികൾക്കായി 9 തീരദേശ ജില്ലകൾക്ക് 20 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഇതുകൂടാതെ ജലസേചന വകുപ്പിലെ മേജർ/മൈനർ എക്സിക്യൂട്ടിവ് എഞ്ചിനീയർമാർക്ക് വിവിധ നദികളുടെയും തോടുകളുടെയും ഒഴുക്ക് സുഗമമാക്കുന്നതിനും വെള്ളകെട്ട് തടയുന്നതിനും 20 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. ടി തുക ഉപയോഗിച്ചുള്ള പ്രവൃത്തികൾ മുൻഗണനയും അടിയന്തര പ്രാധാന്യവും കണക്കിലെടുത്ത് നടപ്പിലാക്കിവരുന്നു.

(സി) ജലാശയങ്ങളിലും അണക്കെട്ടുകളിലും അടിഞ്ഞുകൂടിയിരിക്കുന്ന എക്കൽ നീക്കം ചെയ്ത് സുഗമമായ നീരൊഴുക്കിനാവശ്യമായ സാഹചര്യം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഡാമുകളുടെ നിർമ്മാണ സമയത്ത് വിഭാവനം ചെയ്ത ജലസംരക്ഷണ ശേഷിയിൽ വന്നിട്ടുള്ള കുറവ് കണക്കാക്കുന്നതിന്റെ ഭാഗമായി പീച്ചിയിലെ കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KERI) വിവിധ ഡാമുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള സെഡിമെന്റിന്റെ (എക്കൽ) അളവ് പഠന വിധേയമായി തിട്ടപ്പെടുത്തിയിട്ടുണ്ട്. ആയത് നീക്കം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന്റെ ഭാഗമായി മംഗലം, ചുള്ളിയാർ, മീങ്കര, വാളയാർ ഡാമുകളിലെ ഡീസിൽറ്റേഷൻ പ്രവൃത്തികൾ പുരോഗമിക്കുന്നു.

പ്രളയാനന്തരം നദികളിൽ അടിഞ്ഞുകൂടിയിട്ടുള്ള ചെളിയും മറ്റ് അവശിഷ്ടങ്ങളും നീക്കം ചെയ്യുന്നതിന്റെ ഭാഗമായി കേരളത്തിലെ 43 നദികളിലും അവയുടെ കൈവഴികളിൽ (കല്ലായി ഒഴികെ) നാളിതുവരെ 9835939 $m^3$ ചെളിയും മറ്റ് അവശിഷ്ടങ്ങളും നീക്കം ചെയ്തിട്ടുണ്ട്.

**കായംകുളം മണ്ഡലത്തിലെ ജൽജീവൻ മിഷൻ പ്രവൃത്തികൾ**

218(1058) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിലെ ജൽജീവൻ മിഷൻ പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കാമോ?

കായംകുളം മണ്ഡലത്തിലെ ജൽജീവൻ മിഷൻ പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+ കായംകുളം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ദേവികുളങ്ങര, കണ്ടല്ലൂർ, കൃഷ്ണപുരം, പത്തിയൂർ, ഭരണിക്കാവ്, ചെട്ടികുളങ്ങര എന്നീ പഞ്ചായത്തുകളിൽ ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. ഈ നിയോജകമണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിൽ ആകെ 56467 വീടുകളാണുള്ളത്. ആയതിൽ 9559 വീടുകൾക്ക് ജൽജീവൻ മിഷൻ ആരംഭിക്കുന്നതിന് മുൻപുതന്നെ കണക്ഷനുകളുണ്ട്. ബാക്കിവരുന്ന 49929 വീടുകളിൽ എല്ലാ വീടുകൾക്കും കണക്ഷൻ നൽകുന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മേൽപറഞ്ഞ 6 പഞ്ചായത്തുകളിലും നിലവിലെ പദ്ധതികളിൽനിന്നും പൈപ്പ് ലൈൻ ദീർഘിപ്പിക്കലും പുതിയ കണക്ഷൻ നൽകുന്ന പ്രവൃത്തികളും ഉൾപ്പെടുത്തി ഒന്നാം ഘട്ട പ്രവൃത്തികൾ പൂർത്തീകരിച്ചു.

ഭരണിക്കാവ്, കൃഷ്ണപുരം എന്നീ പഞ്ചായത്തുകളിലെ വിതരണ ശൃംഖലകൾ വിപുലീകരിച്ച് ഉന്നതതല ജലസംഭരണി നിർമ്മിച്ച് ശുദ്ധീകരിച്ച ജലവിതരണം നടത്തുന്നതിനുള്ള (Augmentation) പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

ചെട്ടികുളങ്ങര പഞ്ചായത്തിൽ Augmentation പ്രവൃത്തികൾക്ക് 82.10 കോടി രൂപയുടെയും ദേവികുളങ്ങര പഞ്ചായത്തിൽ Augmentation പ്രവൃത്തികൾക്ക് 44.23 കോടി രൂപയുടെയും ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി കായംകുളം നിയോജകമണ്ഡലത്തിലെ പത്തിയൂർ, ആറാട്ടുപുഴ, ദേവികുളങ്ങര, കണ്ടല്ലൂർ പഞ്ചായത്തുകളിൽ കണക്ഷൻ പ്രവൃത്തികൾക്ക് ടെണ്ടർ ക്ഷണിച്ച് കരാറുകാർക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. അതിൻ പ്രകാരം ദേവികുളങ്ങര പഞ്ചായത്തിൽ ഏകദേശം

20%-ത്തോളം പൈപ്പ് ലൈനുകൾ സ്ഥാപിച്ചിട്ടുണ്ട്. ഉല്പാദന ഘടകങ്ങളുടെ പ്രവൃത്തികൾ പാക്കേജ് തിരിച്ച് ദർഘാസ് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ?

നിലവിൽ 2024 മാർച്ച് വരെയാണ് ടി പദ്ധതിയുടെ പൂർത്തീകരണ കാലാവധി. പ്രസ്തുത കാലാവധിക്കുള്ളിൽ പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

**പട്ടാമ്പി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ**

219 (1059) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ മൈനർ ഇറിഗേഷൻ, മേജർ ഇറിഗേഷൻ, ഉൾനാടൻ ജലഗതാഗതം എന്നീ വിഭാഗങ്ങളുടെ ഏതെല്ലാം പ്രവൃത്തികൾക്കാണ് നിലവിൽ ഭരണാനുമതി ലഭിച്ചതെന്ന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ അറിയിക്കാമോ; പ്രസ്തുത ഭരണാനുമതിയുടെ പകർപ്പ് ഉൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ച ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ?

(എ&ബി) പട്ടാമ്പി മണ്ഡലത്തിൽ മൈനർ ഇറിഗേഷൻ, മേജർ ഇറിഗേഷൻ, ഉൾനാടൻ ജലഗതാഗതം എന്നീ വിഭാഗങ്ങളിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളും അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും സംബന്ധിച്ച വിവരങ്ങളും പ്രസ്തുത ഭരണാനുമതിയുടെ പകർപ്പുകളും അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) പ്രസ്തുത മണ്ഡലത്തിൽ ഈ വിഭാഗങ്ങൾക്കുകീഴിൽ മുൻ സർക്കാരിന്റെ കാലയളവിൽ അനുമതി ലഭിച്ചതും വിവിധ ഘട്ടങ്ങളിലായി പ്രവൃത്തി പുരോഗമിച്ചുവരുന്നതുമായ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

പട്ടാമ്പി മണ്ഡലത്തിൽ പ്രസ്തുത വിഭാഗങ്ങൾക്കുകീഴിൽ മുൻ സർക്കാരിന്റെ കാലയളവിൽ അനുമതി ലഭിച്ച എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**നെന്മാറ സീതാർകുണ്ട് മിനി ഡൈവർഷൻ പദ്ധതി**

220(1060) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ സീതാർകുണ്ട് മിനി ഡൈവർഷൻ സ്കീം തുടങ്ങുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ അടങ്കൽ തുകയുടെ 20 ശതമാനം വകയിരുത്തിയ പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. തയ്യാറായിട്ടുണ്ടോ; ഇല്ലെങ്കിൽ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ?

(എ-സി) 10-02-2020-ൽ ജലവിഭവ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സീതാർകുണ്ട് പദ്ധതിയുടെ മുൻകൂർ സാധ്യതാ പഠന റിപ്പോർട്ട് (Pre-feasibility report) സമർപ്പിക്കുവാൻ സർക്കാർ നിർദ്ദേശിച്ചതിൽ 14 അംഗങ്ങൾ ഉൾപ്പെട്ട ഒരു സംഘത്തിനെ ചുമതലപ്പെടുത്തുകയും ടി സംഘം വിവിധ യോഗങ്ങൾ ചേരുകയും സ്ഥല

സന്ദർശനം നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ മുൻകൂർ സാധ്യതാ പഠന റിപ്പോർട്ട് ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും ചീഫ് എഞ്ചിനീയർ (I&A)-യുടെ കാര്യാലത്തിൽ ലഭ്യമാക്കിയിരുന്നു.

എന്നാൽ പ്രസ്തുത റിപ്പോർട്ടിൽ പദ്ധതിയുടെ പ്രായോഗികത സംബന്ധിച്ച വ്യക്തമായ പരാമർശം ഇല്ലാതിരുന്നതിനാൽ ആയത് വ്യക്തമാക്കി നൽകാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലും തുടർ നടപടികൾക്കായി മുൻപ് രൂപീകരിച്ച സംഘത്തിലെ ചില അംഗങ്ങൾ സർവ്വീസിൽനിന്ന് വിരമിക്കുകയും ചിലർ മറ്റ് ജില്ലകളിലുള്ള കാര്യാലയങ്ങളിലേയ്ക്ക് സ്ഥലം മാറി പോകുകയും ചെയ്ത സാഹചര്യത്തിലും ടി സംഘത്തിലെ അംഗങ്ങളെ പുനഃക്രമീകരിക്കേണ്ട സാഹചര്യമുണ്ട്. DPR തയ്യാറാക്കിയിട്ടില്ല. ജലവിഭവ വകുപ്പ് മന്ത്രിയുടെയും ബഹു. വൈദ്യുതി വകുപ്പ് മന്ത്രിയുടെയും സാന്നിധ്യത്തിൽ 07-08-2023-ൽ കൂടിയ യോഗത്തിൽ പ്രസ്തുത പഠന സമിതിയെ അനുയോജ്യമായ രീതിയിൽ പുനഃക്രമീകരിക്കുവാനും ടി സമിതി സമർപ്പിക്കുന്ന മുൻഗണന സാധ്യതാ പഠന റിപ്പോർട്ട് സർക്കാരിലേയ്ക്ക്

സമർപ്പിക്കാനും നിർദ്ദേശിച്ചു. എന്നാൽ പ്രസ്തുത പദ്ധതിയുടെ ഭൂരിഭാഗവും വനമേഖലയിൽകൂടി ആയതിനാൽ വനം വകുപ്പിന്റെ അനുമതിക്ക് വിധേയമായി മാത്രമേ വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കാൻ സാധിക്കുകയുള്ളൂ.

**പറമ്പിക്കുളം-ആളിയാർ - സംസ്ഥാനത്തിന് ലഭിച്ച ജലം**

221(1061) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം കഴിഞ്ഞ വർഷം എത്ര ടി.എം.സി. ജലമാണ് സംസ്ഥാനത്തിന് ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

പറമ്പിക്കുളം ആളിയാർ പദ്ധതി കരാർ പ്രകാരം കഴിഞ്ഞ ജലവർഷത്തിൽ (2022-23) കേരളത്തിന് ലഭിച്ച ജലത്തിന്റെ കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത കരാർ പ്രകാരം സംസ്ഥാനത്തിന് അർഹതപ്പെട്ട ജലം ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി.)-യിൽനിന്നും കേരളത്തിന് അർഹതപ്പെട്ട ജലം ലഭ്യമാക്കാൻ സംയുക്ത ജലക്രമീകരണ സമിതി യോഗങ്ങളിൽ കേരളം ശക്തമായ നിലപാട് സ്വീകരിക്കുന്നുണ്ട്. 10-01-2023-ൽ കൂടിയ 106-ാമത് ജെ.ഡബ്ല്യു.ആർ. ബോർഡ് യോഗത്തിലും കരാർ പ്രകാരമുള്ള ജലം മുഴുവനും കേരളത്തിന് ലഭ്യമാക്കണം എന്ന് കേരളം തമിഴ്നാടിനോട് ആവശ്യപ്പെട്ടിരുന്നു. കേരളത്തിന് അർഹതപ്പെട്ട ജലം ലഭിക്കാത്ത സാഹചര്യത്തിൽ ഈ വിഷയത്തിൽ സർക്കാർതലത്തിൽ ശക്തമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. കേരളത്തിന് കരാർ പ്രകാരമുള്ള ജലം ലഭ്യമാക്കാൻ കഴിഞ്ഞ ജലവർഷത്തിൽ (2022-23) കേരള ചീഫ് സെക്രട്ടറിയും ജലവിഭവ വകുപ്പ് മന്ത്രിയും തമിഴ്നാടിന് കത്തുകൾ നൽകിയിരുന്നു. സർക്കാർതലത്തിലെ ശക്തമായ ഇടപെടലുകളെ തുടർന്ന് കഴിഞ്ഞ ജലവർഷത്തിൽ ഒട്ടുമിക്ക സ്റ്റേഷനുകളിലും പറമ്പിക്കുളം ആളിയാർ കരാർ പ്രകാരമുള്ള ജലം ലഭ്യമാക്കുവാൻ കേരളത്തിന് സാധിച്ചിട്ടുണ്ട്. ഈ ജലവർഷവും (2023-24) കരാർ പ്രകാരം കേരളത്തിന് അർഹതപ്പെട്ട ജലം ലഭിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) പ്രസ്തുത കരാർ പ്രകാരം കഴിഞ്ഞ അഞ്ച് വർഷം സംസ്ഥാനത്തിന് ലഭിച്ച ജലത്തിന്റെ അളവ് സംബന്ധിച്ച കണക്ക് ലഭ്യമാക്കുമോ?

പറമ്പിക്കുളം ആളിയാർ പദ്ധതി കരാർ പ്രകാരം കഴിഞ്ഞ അഞ്ച് ജലവർഷത്തിൽ കേരളത്തിന് ലഭിച്ച ജലത്തിന്റെ കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.+

**കോഴിക്കോട് വെള്ളരിതോട് നവീകരണ പദ്ധതി**

222(1062) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 ബഡ്ജറ്റിൽ 5 കോടി വകയിരുത്തിയിരുന്ന കോഴിക്കോട് വെള്ളരിതോട് നവീകരണ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) 2022-23 ബഡ്ജറ്റിൽ 20 ശതമാനം തുക വകയിരുത്തിയ കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ കോഴിക്കോട്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോർപ്പറേഷൻ പരിധിയിലുള്ള വെള്ളരിതോട് നവീകരണ പ്രവൃത്തിക്ക് 19-01-2023-ലെ സർക്കാർ ഉത്തരവ് ജി.ഒ.(ആർ.റ്റി) നം.67/2023/ജവിവ. പ്രകാരം 5 കോടി രൂപയുടെ ഭരണാനുമതി നല്കിയിരുന്നു. തുടർന്ന് സാങ്കേതികാനുമതി നൽകുന്നതിനായി എസ്റ്റിമേറ്റ് പരിശോധിച്ചപ്പോൾ മണ്ണിന്റെ ഘടന പരിശോധിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടതിനാൽ ആയതുകൂടി പരിശോധിച്ചശേഷം പാലത്തിന്റെ ഡിസൈൻ ലഭ്യമാക്കി എസ്റ്റിമേറ്റ് പുനഃസമർപ്പിക്കാൻ നിർദ്ദേശിക്കുകയും ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കായി 1.40 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിരുന്നു. നിലവിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് ഡിസൈൻ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഡിസൈൻ പൂർത്തിയാക്കി എസ്റ്റിമേറ്റ് ലഭ്യമായാലുടൻ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കാവുന്നതാണ്.

**വല്ലച്ചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

223(1063) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വല്ലച്ചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) കരാറുകാരൻ മരണപ്പെട്ടതിനെ തുടർന്ന് നിർത്തിവച്ച പ്രസ്തുത പ്രവൃത്തി പുനരാരംഭിക്കുന്നതിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

(എ&ബി) വല്ലച്ചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് 25-01-2018-ലെ സ.ഉ. (സാധാ) 48/2018/- ജവിവ. പ്രകാരം 3308 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തിക്ക് സാങ്കേതികാനുമതിയും നല്കിയിട്ടുണ്ട്. ടെണ്ടർ ചെയ്ത് പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുമ്പോൾ കരാറുകാരൻ ആകസ്മികമായി മരണമടഞ്ഞു. ഏകദേശം 25 ശതമാനത്തോളം പ്രവൃത്തികൾ മാത്രമെ കരാറുകാരൻ പൂർത്തീകരിച്ചിരുന്നുള്ളൂ. തുടർന്ന് കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ അല്ലാതെ സിവിൽ പ്രവൃത്തികൾ റദ്ദ് ചെയ്തിട്ടുള്ളതാണ്. പുതുക്കിയ ഭരണാനുമതിക്കായി ഡി.എസ്.ആർ. 2018 പ്രകാരം നൽകിയ ബാക്കി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു.

**തഴക്കര ഗ്രാമപഞ്ചായത്തിലെ പൊതുകടവ് നിർമാണം**

224(1064) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)2023-24 ബഡ്ജറ്റിൽ ഉൾപ്പെടുത്തി തഴക്കര ഗ്രാമപഞ്ചായത്തിലെ കള്ളിമേൽ കല്ലുവളയം സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിക്ക് മുന്നിലെ പൊതുകടവ് നിർമാണം, അച്ചൻകോവിൽ പുഴയുടെ ഇടത് കര സംരക്ഷണം എന്നീ പ്രവൃത്തികൾക്ക് തുക വകയിരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ എസ്റ്റിമേറ്റ് ഉൾപ്പെടെ ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതിക്കാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പദ്ധതികളുമായി ബന്ധപ്പെട്ട് മൂന്ന് കോടിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആയതിന്റെ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**തിരൂർ പുഴ സംരക്ഷണം**

225(1065) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ പുഴയുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനും മാലിന്യങ്ങൾ നീക്കി അരികുകൾ കെട്ടി പുഴ സംരക്ഷിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

തിരൂർ പുഴയുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് 'റൂം ഫോർ റിവർ' പദ്ധതിയിൽ ഉൾപ്പെടുത്തി തിരൂർ പുഴയിൽ 10 സ്ഥലങ്ങളിലായി അടിഞ്ഞുകൂടിയ എക്കലും അവശിഷ്ടങ്ങളും മാലിന്യങ്ങളും നീക്കം ചെയ്യുന്നതിന് 2.91 ലക്ഷം രൂപയുടെ ഡീസിൽറ്റേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഫ്ലഡ് ഡാമേജ് (എഫ്.ഡി.) പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള രണ്ട് പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു.+ ടി രണ്ട് പ്രവൃത്തികൾ ആർ.എം.എഫ്. പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ആവശ്യങ്ങൾക്കായി 2022-23 വർഷത്തെ ദേശീയ ഹരിത ട്രിബ്യൂണലിന്റെ (എൻ.ജി.ടി.) ആക്ഷൻ പ്ലാനിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉൾപ്പെടുത്തുന്നതിനായി തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റുകൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ?

തിരൂർ പുഴയെ മാലിന്യ മുക്തമാക്കുന്നതിനും സൈഡ് കെട്ടി സംരക്ഷിക്കുന്നതിനും ‘ National Green Tribunal - Rejuvenation of polluted rivers Tirur Ponnani puzha' എന്ന പ്രവൃത്തിക്ക് 30.10 ലക്ഷം രൂപയുടെ ടെണ്ടർ ചെയ്ത് സ്ഥലം കരാറുകാരന് കൈമാറിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി അനുകൂല കാലാവസ്ഥ അനുസരിച്ച് എത്രയും വേഗംതന്നെ പൂർത്തിയാക്കുന്നതാണ്.

**കുട്ടനാട്ടിലെ വെള്ളപ്പൊക്ക ഭീഷണി ലഘൂകരിക്കാൻ നടപടി**

226(1066) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ വെള്ളപ്പൊക്ക ഭീഷണി ലഘൂകരിക്കുന്നതിന് ആറുകളിലെ മണൽ നീക്കം ചെയ്യാൻ നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

കുട്ടനാട്ടിലെ വെള്ളപ്പൊക്ക ഭീഷണി ലഘൂകരിക്കുന്നതിനായി വീയപുരം മുതൽ തോട്ടപ്പള്ളി വരെ ലീഡിംഗ് ചാനലിലെ മണലും ചെളിയും നീക്കി ആഴം വർദ്ധിപ്പിക്കുന്ന പ്രവൃത്തി നടന്നുവരുന്നു. തോട്ടപ്പള്ളി സ്പിൽവേ മുതൽ പൊഴി വരെയുള്ള മണൽ താല്പര്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കെ.എം.എം.എൽ.വഴി നീക്കം ചെയ്ത് ആഴം വർദ്ധിപ്പിച്ച് കടലിലേയ്ക്കുള്ള ഒഴുക്ക് സുഗമമാക്കിവരുന്നു. കുട്ടനാട്ടിലെ പാടശേഖരങ്ങളോടനുബന്ധിച്ചുള്ള തോടുകളിലെ എക്കലും ചെളിയും നീക്കം ചെയുന്ന പ്രവൃത്തികൾ പ്ലാൻ, എസ്.ഡി.ആർ.എഫ്. സ്കീമുകളിൽ ഉൾപ്പെടുത്തി ചെയ്തുവരുന്നു.

പമ്പ, മണിമല, അച്ചൻകോവിൽ ആറുകളിലെ കൈവഴികളിൽ പ്രളയാനന്തരം അടിഞ്ഞുകൂടിയ എക്കലും മറ്റ് അവശിഷ്ടങ്ങളും ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ സഹകരണത്തോടെ ജലസേചന വകുപ്പ് നീക്കം ചെയ്തിട്ടുണ്ട്. അവയുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പമ്പ | - 871964.5 $m^3$ |
| മണിമല | - 786739.07 $m^3$ |
| അച്ചൻകോവിൽ | - 646265 $m^3$ |

(ബി) എങ്കിൽ പമ്പ, മണിമല, അച്ചൻകോവിൽ ആറുകളിലെ മണൽ നീക്കം ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ നടത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

പമ്പ, മണിമല, അച്ചൻകോവിൽ ആറുകളിലെ മണൽ നീക്കം ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ നടത്തുന്നത് സംബന്ധിച്ച നടപടികൾ പരിശോധിക്കാവുന്നതാണ്.

**ചാലിയാർ നദീതീര സംരക്ഷണം**

227(1067) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദീതീരങ്ങൾ സംരക്ഷിക്കുന്നതിന് ഫ്ലഡ് കൺട്രോൾ, ഫ്ലഡ് ഡാമേജ് എന്നീ നോൺ പ്ലാൻ ശീർഷകങ്ങളിലും മറ്റ് സ്കീമുകളിലും അനുവദിച്ച ഫണ്ട് ഉപയോഗിച്ച് 2021 മുതൽ നാളിതുവരെ എത്ര രൂപ ചെലവഴിച്ചു എന്ന് ജില്ല തിരിച്ച് കണക്കുകൾ ലഭ്യമാക്കുമോ?

നദീതീരങ്ങൾ സംരക്ഷിക്കുന്നതിന് ഫ്ലഡ് കൺട്രോൾ, ഫ്ലഡ് ഡാമേജ് എന്നീ നോൺ പ്ലാൻ ശീർഷകങ്ങളിലും മറ്റ് സ്കീമുകളിലും അനുവദിച്ച

ഫണ്ടുപയോഗിച്ച് 2021 മുതൽ നാളിതുവരെ ചെലവഴിച്ച തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ചാലിയാർ നദിയുടെ തീരം ഇടിഞ്ഞ് വീടും ഭൂമിയും നഷ്ടപ്പെടുന്നതുമൂലം കൊണ്ടോട്ടി മണ്ഡലത്തിലെ വാഴയൂർ, വാഴക്കാട്, ചീക്കോട് പഞ്ചായത്ത് പ്രദേശങ്ങളെ പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് സമർപ്പിച്ച എസ്റ്റിമേറ്റുകളുടെയും അതിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികളുടെയും വിശദവിവരം ലഭ്യമാക്കാമോ?

ചാലിയാർ പുഴയുടെ തീരസംരക്ഷണവുമായി ബന്ധപ്പെട്ട് കൊണ്ടോട്ടി മണ്ഡലത്തിലെ വാഴയൂർ, വാഴക്കാട്, ചീക്കോട് എന്നീ പഞ്ചായത്തുകളിൽ പുഴയുടെ പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള മേജർ ഇറിഗേഷൻ പ്രവൃത്തികളുടെ പട്ടികയും മൈനർ ഇറിഗേഷൻ പ്രവൃത്തികളുടെ പട്ടികയും അനുബന്ധമായി+ ചേർക്കുന്നു. ഫണ്ടിന്റെ ലഭ്യതയും പ്രവൃത്തികളുടെ മുൻഗണനയും അനുസരിച്ച് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**മലപ്പുറം ചീക്കോട് ഏറാമ്പ്ര വലിയ തോടിന് കുറുകെ വി.സി.ബി. കം ബ്രിഡ്ജ് നിർമ്മാണം**

228(1068) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലപ്പുറം ജില്ലയിൽ ചീക്കോട് പഞ്ചായത്തിൽ ഏറാമ്പ്ര വലിയ തോടിന് കുറുകെ വി.സി.ബി. കം ബ്രിഡ്ജിനുവേണ്ടി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

മലപ്പുറം ജില്ലയിലെ ചീക്കോട് പഞ്ചായത്തിലെ ഏറാമ്പ്ര വലിയ തോടിനുകുറുകെ വി.സി.ബി. കം ബ്രിഡ്ജ് നിർമ്മിക്കുന്ന പ്രവൃത്തിയുടെ 58 ലക്ഷം തുക വരുന്ന എസ്റ്റിമേറ്റ് സാമ്പത്തികാനുമതിക്കായി 30-03-2023-ന് സമർപ്പിച്ചിരുന്നുവെങ്കിലും ഫണ്ടിന്റെ പരിമിതിമൂലം അനുമതി നല്കാൻ സാധിച്ചില്ല.

**കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം കണ്ടെത്തുന്നതിന് നടപടി**

229 (1069) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂരിഭാഗം പൊതുജലാശയങ്ങളിലും കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം ഉണ്ടാകുന്നതിന്റെ കാരണം കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ?

കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് (CPCB) നടത്തിയ National Water Quality Monitoring Programme (NWQMP) പഠനത്തിലൂടെ രാജ്യത്തെ 351 നദി പ്രദേശങ്ങളും മലിനീകരിക്കപ്പെട്ടതാണെന്ന് കണ്ടെത്തിയിരുന്നു. അതിൽ 21 നദീതീരങ്ങൾ കേരളത്തിലേതാണ്. ബി.ഒ.ഡി.-യുടെ അളവും തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ ഫീക്കൽ കോളിഫോം ബാക്ടീരിയയുടെ സാന്നിധ്യവും വിശകലനം ചെയ്താണ് മേൽപഠനം നടത്തിയത്. ബഹു. നാഷണൽ ഗ്രീൻ ട്രിബ്യൂണലിന്റെ നിരീക്ഷണമനുസരിച്ച് മലിനീകരണത്തിന്റെ പ്രധാന ഉറവിടങ്ങൾ വ്യാവസായിക, വാണിജ്യ മാലിന്യങ്ങൾ, ബയോ മെഡിക്കൽ മാലിന്യങ്ങൾ, മുനിസിപ്പാലിറ്റി പ്രദേശങ്ങളിലെ മറ്റ് മാലിന്യങ്ങൾ എന്നിവയാണ്.

കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് ജലസ്രോതസ്സുകളെ അവയുടെ ഉപയോഗത്തിനനുസരിച്ച് തരം തിരിക്കുന്നതിനായി ടോട്ടൽ

കോളിഫോം ഉൾപ്പെടെയുള്ളവയുടെ പരിധി നിഷ്കർഷിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം Conventional Treatment ഇല്ലാതെ disinfection മാത്രം നടത്തി കുടിവെള്ളത്തിനായി ഉപയോഗിക്കുന്ന ജലസ്രോതസ്സുകളുടെ ടോട്ടൽ കോളിഫോം അളവ് 50 MPN/100 ml; കുളിക്കാനായി ഉപയോഗിക്കുന്നവയ്ക്ക് 500 MPN/100 ml Conventional Treatment disinfection നടത്തുന്ന കുടിവെള്ള ജലസ്രോതസ്സുകളുടെ കോളിഫോം അളവ് 5000 MPN/100 ml ആണ്. മേൽ വിവരങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡിന്റെ വെബ്സൈറ്റിൽ Water and Air Quality Directory 2021-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യമുണ്ടാകുന്നതിന്റെ പ്രധാന കാരണം ഗാർഹിക മാലിന്യങ്ങൾ ജലാശയങ്ങളിൽ എത്തുന്നതാണ്. മലിനീകരണ നിയന്ത്രണ ബോർഡ് ബഹുനില സമുച്ചയങ്ങൾക്ക് മതിയായ മലിനീകരണ ശുദ്ധീകരണ സംവിധാനങ്ങൾ ഉണ്ടെന്ന് ഉറപ്പുവരുത്തി അനുമതി നൽകുകയും തുടർ പരിശോധനകൾ നടത്തി ഗുണനിലവാരം പാലിക്കാത്ത സാഹചര്യം ഉണ്ടായാൽ തുടർ നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു. കൂടാതെ OA No.673/2018 ഭാഗമായി രൂപീകരിച്ച DLTC, River

Rejuvenation Committee എന്നിവ മുഖേന സംസ്ഥാനത്തെ പൊതു മലിനജല സംസ്കരണ സംവിധാനങ്ങളുടെ പ്രവർത്തനം/നിർമ്മാണ പുരോഗതി എന്നിവ നിരീക്ഷിച്ചുവരുന്നു.

(ബി) പൊതു ജലാശയങ്ങൾ മാലിന്യ മുക്തമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ജലസേചനവകുപ്പ് നദികളിലെയും മറ്റ് ജലസ്രോതസ്സുകളിലെയും ജലഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. പോയിന്റ് സോഴ്സുകൾവഴി എത്തുന്ന മാലിന്യങ്ങളെയും നോൺ പോയിന്റ് സോഴ്സുകൾ മുഖേന എത്തുന്ന മാലിന്യങ്ങളെയും നിയന്ത്രിക്കുന്നതിന് വ്യത്യസ്തമായ രീതിയാണ് സ്വീകരിച്ചിട്ടുള്ളത്. നദീഭാഗങ്ങളുടെ മുകൾ ഭാഗത്ത് നിർമ്മിച്ചിട്ടുള്ള തടയണകൾ/റെഗുലേറ്ററുകൾ എന്നിവയിൽ സംഭരിച്ച വെള്ളം മാലിന്യരൂക്ഷത അനുഭവപ്പെടുന്ന സമയങ്ങളിൽ തുറന്നുവിടുന്നതുവഴി നദീജലത്തിലടങ്ങിയിട്ടുള്ള മാലിന്യത്തിന്റെ തോത് ലഘൂകരിക്കുവാൻ സാധിക്കുന്നു. ഒരിക്കൽ ശുചിയാക്കിയ ജലസ്രോതസ്സുകളിലേയ്ക്ക് മാലിന്യ നിക്ഷേപമോ മലിനജല

കുഴലോ എത്തുന്നില്ലെന്ന് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കാലാകാലങ്ങളിൽ ഉറപ്പുവരുത്തേണ്ടതാണ്. മഴക്കാലത്ത് ഓടകളിൽനിന്നും മറ്റും വൻതോതിൽ മലിനജലം/മാലിന്യം നദികൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകളിൽ എത്തിച്ചേരുന്നത്, സ്രോതസ്സുകൾ വീണ്ടും മലിനീകരിക്കപ്പെടുന്നതിന് കാരണമാവുന്നുണ്ട്. ആയതിനാൽ മലിനീകരണത്തിനെതിരെ പൗരബോധം വളർത്തിയെടുക്കുന്നതിനായി പദ്ധതികൾ രൂപീകരിക്കേണ്ടതായും ശുചീകരിച്ച ഭാഗങ്ങൾ ജനങ്ങളുടെതന്നെ നിയന്ത്രണത്തിലേയ്ക്ക് മാറ്റുകയും ചെയ്യാവുന്നതാണ്. ഇവയുടെ സ്ഥായിയായ പരിപാലനം ഉറപ്പാക്കുന്നതിന് സന്നദ്ധ സംഘടനകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കൃഷി, വിനോദസഞ്ചാരം തുടങ്ങി വിവിധ വകുപ്പുകളുടെ സഹകരണം ഉറപ്പാക്കുകയും വേണം. കേരള ജലസേചനവും ജലസംരക്ഷണവും നിയമം 2003-ന്റെ 2018-ലെ ഭേദഗതി അനുസരിച്ച് ജലസ്രോതസ്സുകൾ/കനാലുകൾ മലിനീകരിക്കപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടാൽ അതിനെതിരെ അതത് തദ്ദേശസ്വയംഭരണ സെക്രട്ടറിക്ക്

പരാതി നൽകുകയും മലിനപ്പെടുത്തുന്ന വ്യക്തിക്ക് വകുപ്പിൽനിന്ന് നോട്ടീസ് നൽകി നിയന്ത്രണ നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു.

**മാവേലിക്കര മുനിസിപ്പാലിറ്റിയിലെ കോട്ടത്തോട് സംരക്ഷണം**

230(1070) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മുനിസിപ്പാലിറ്റിയിലെ കോട്ടത്തോട് സംരക്ഷണവും പുനരുദ്ധാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് മൈനർ ഇറിഗേഷൻ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത തോടിന്റെ കയ്യേറ്റവും മലിനീകരണവും ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കോട്ടതോടിന്റെ കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് വലിയകുളം മുതൽ മണ്ഡപത്തിൻകടവ് വരെയുള്ള തോട് അളന്ന് അതിർത്തി നിർണ്ണയിച്ച് നല്കുന്നതിന് റവന്യൂ വകുപ്പിന് കത്തുകൾ നല്കിയിട്ടുണ്ട്. മലിനീകരണം ഒഴിവാക്കുന്നതിന് ഇറിഗേഷൻ, വാട്ടർ അതോറിറ്റി, പി.സി.ബി.,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മുൻസിപ്പാലിറ്റി ജീവനക്കാർ എന്നിവരുടെ നേതൃത്വത്തിൽ സംയുക്ത സ്ഥലപരിശോധന നടത്തുകയും തോട്ടിലേയ്ക്ക് നല്കിയ ഔട്ട്ലെറ്റുകൾ അടയ്ക്കുന്നതിന് കർശന നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്.

**കോട്ടക്കൽ കാഞ്ഞിരക്കുളം നവീകരണം**

231(1071) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നഗരസഭാ വാർഡ് 20-ലെ കാഞ്ഞിരക്കുളം നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത കുളം നവീകരിക്കുന്നതിനും സംരക്ഷിക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള 50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് റിപ്പോർട്ടും ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ഫയൽ നമ്പർ സഹിതം ലഭ്യമാക്കുമോ;

(സി) കാഞ്ഞിരക്കുളം നവീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

(എ-സി) കോട്ടക്കൽ നഗരസഭാ വാർഡ് 20-ലെ കാഞ്ഞിരക്കുളം നവീകരിക്കുന്ന പ്രവൃത്തിയുടെ 50 ലക്ഷം തുക വരുന്ന എസ്റ്റിമേറ്റ് സാമ്പത്തികാനുമതിക്കായി 20-10-2021-ന് സമർപ്പിച്ചിരുന്നെങ്കിലും ഫണ്ടിന്റെ പരിമിതിമൂലം അനുമതി നല്കാൻ സാധിച്ചില്ല. പ്രസ്തുത പ്രവൃത്തി 2023-24 വർഷത്തേയ്ക്കുള്ള വർക്ക് ബജറ്റ് വാല്യം-2 ഭരണാനുമതിയില്ലാത്ത പ്രവൃത്തികളിൽ ഉൾപ്പെടുത്തുന്നതിനായി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിന്റെ ഫിനാൻസ് വിഭാഗത്തിൽനിന്നും 30-12-2022-ലെ ഫയൽ നമ്പർ F6/64087/2022 പ്രകാരം സർക്കാരിൽ സമർപ്പിച്ചിരുന്നുവെങ്കിലും ബജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. നിലവിൽ കാഞ്ഞിരക്കുളം നവീകരിക്കുന്നതിനായുള്ള പ്രവൃത്തിയുടെ 50 ലക്ഷം തുകവരുന്ന എസ്റ്റിമേറ്റ് പ്രൈസ്-3-യിൽ തയ്യാറാക്കിവരികയാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തുടർനടപടി സ്വീകരിക്കാവുന്നതാണ്.

**നെയ്യാർ ജലസേചന പദ്ധതിയുടെ ഇടതുകര കനാൽ നവീകരണം**

232(1072) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാർ ജലസേചന പദ്ധതിയുടെ ഭാഗമായുള്ള ഇടതുകര കനാൽ നവീകരിക്കുന്നതിനും ചോർച്ച തടയുന്നതിനുമായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

നെയ്യാർ ഡാമിൽ ഇടതുകര കനാലിന്റെ ചോർച്ചയുള്ള ഭാഗങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനും കനാൽ ബണ്ട് ഇടിഞ്ഞവ സംരക്ഷണ ഭിത്തികെട്ടി സംരക്ഷിക്കുന്നതിനും കനാലിൽ അടിഞ്ഞുകൂടിയ മണ്ണ്, മറ്റ് മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിനുമുള്ള പ്രവൃത്തികൾ ഓരോ വർഷത്തെയും ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്നു. ബ്രാഞ്ച് കനാലുകളിലാണ് ലീക്കേജ് കൂടുതലായി റിപ്പോർട്ട് ചെയ്യുന്നത്. ആയതിനാൽ ടി ബ്രാഞ്ച് കനാലുകളിൽ ചോർച്ച തടയുന്നതിനുള്ള പ്രവൃത്തികൾക്ക് മുൻതൂക്കം നൽകാറുണ്ട്.

(ബി) പ്രസ്തുത കനാലിന്റെ നവീകരണത്തിനാവശ്യമായ തുക അനുവദിക്കുമോ; കനാലിന്റെ വിവിധ ഭാഗങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾക്കായി എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി അറിയിക്കാമോ?

നവീകരണ പ്രവർത്തനങ്ങൾക്കായി എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കഴിഞ്ഞ സാമ്പത്തിക വർഷത്തെ (2022-23) ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ട 44 ലക്ഷം രൂപയുടെ 5 പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

**കണ്ണൂരിലെ ചിറക്കൽ ചിറയുടെ പുനരുദ്ധാരണം**

233(1073) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂരിലെ ചിറക്കൽ ചിറയുടെ സൗന്ദര്യവത്കരണത്തിന്റെ ഭാഗമായി സമർപ്പിച്ച ഡി.പി.ആർ.-ന് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ആയത് ആരംഭിക്കുന്നതിന് തടസ്സമുണ്ടോ; എങ്കിൽ വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

(എ&ബി) കണ്ണൂരിലെ ചിറക്കൽ ചിറയുടെ സൗന്ദര്യവത്കരണവുമായി ബന്ധപ്പെട്ട പ്രവൃത്തിക്ക് ഭരണാനുമതി നല്കിയിട്ടില്ല. ടി പ്രവൃത്തി ഇറിഗേഷൻ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുന്നതാണ്. എന്നാൽ ഇറിഗേഷൻ ടൂറിസവുമായി

ബന്ധപ്പെട്ട ശീർഷകം നിലവിലില്ല. ടി പ്രവൃത്തിയുടെ 50 ലക്ഷം തുക വരുന്ന ഡി.പി.ആർ. സർക്കാരിൽ പരിശോധിച്ചുവരുന്നു.

**പുഴകളുടെ കരകൾ സംരക്ഷിക്കുന്നതിനുള്ള പദ്ധതി**

234(1074) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ വകുപ്പ് മുഖേന പുഴകളുടെ ഇടിഞ്ഞുപോകുന്ന കരകൾ കെട്ടി സംരക്ഷിക്കുന്ന പദ്ധതി നിലവിലുണ്ടോ?

ഇറിഗേഷൻ വകുപ്പ് മുഖേന പുഴകളുടെ ഇടിഞ്ഞുപോകുന്ന കരകൾ സംരക്ഷിക്കുന്നതിനുള്ള പ്രവൃത്തികൾക്ക് Flood Control/Flood damages/RMF/SDRF/RKI എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി അംഗീകാരം നൽകി നടപ്പിലാക്കാറുണ്ട്.

(ബി) കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത ഇനത്തിൽ ഭരണാനുമതി ലഭ്യമാക്കിയ തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത ഇനത്തിൽ ഭരണാനുമതി ലഭ്യമായ തുകയുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**ചമ്രവട്ടം ബിയ്യം ലിങ്ക് കനാൽ നിർമ്മാണം**

235(1075) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊന്നാനി, തൃശ്ശൂർ കോൾ മേഖലാ കൃഷിക്ക് ഏറ്റവും സഹായകരമായ ചമ്രവട്ടം ബിയ്യം ലിങ്ക് കനാലിന്റെ പ്രവൃത്തി ഏതുവരെയായെന്നും അതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ?

പൊന്നാനി കോൾ മേഖലയിലെ 400 ഹെക്ടറോളം വരുന്ന കൃഷി സ്ഥലത്ത് ജലം ലഭ്യമാക്കുന്നതിനുള്ള ചമ്രവട്ടം ഭാരതപ്പുഴ മുതൽ ബിയ്യം റഗുലേറ്റർ വരെയുള്ള ലിങ്ക് കനാൽ നിർമ്മാണത്തിനുള്ള നടപടികളുടെ ഭാഗമായി പ്രസ്തുത പദ്ധതിയുടെ 2350 ലക്ഷം രൂപയുടെ പ്രോജക്ട് റിപ്പോർട്ട് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലഭിക്കുന്നതിനായി 25-02-2022-ൽ സർക്കാരിലേയ്ക്ക് ലഭിച്ചിരുന്നു. പദ്ധതിയുമായി ബന്ധപ്പെട്ട പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട് (EIA study Report) കൂടി ഉൾപ്പെടുത്തി പ്രൊപ്പോസൽ വീണ്ടും സമർപ്പിക്കണമെന്നുള്ള നിർദ്ദേശ പ്രകാരം പ്രസ്തുത പദ്ധതിയുടെ ഫീസിബിലിറ്റി സംബന്ധിച്ചും പരിസ്ഥിതി ആഘാതം സംബന്ധിച്ചും പഠനം നടത്തുന്നതിലേയ്ക്കായി കോഴിക്കോട് Centre for Water Resources Development and Management (CWRDM) ചുമതലപ്പെടുത്തിയിട്ടുണ്ട്.

**കുട്ടനാട്ടിലെ വെള്ളപ്പൊക്കം നിയന്ത്രിക്കാൻ നടപടി**

236(1076) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാലത്ത് കുട്ടനാട്ടിൽ വെള്ളപ്പൊക്കംമൂലം മടവീഴ്ചയുണ്ടാകുന്നത് തടയുന്നതിനും പുറംബണ്ടുകളിൽ താമസിക്കുന്നവർക്ക് സുരക്ഷ ലഭിക്കുന്നതിനും കുട്ടനാട്ടിലെ വെള്ളപ്പൊക്കം നിയന്ത്രിക്കാൻ പ്രത്യേക നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

മഴക്കാലത്ത് കുട്ടനാട്ടിൽ വെള്ളപ്പൊക്കംമൂലം മടവീഴ്ചയുണ്ടാകുന്നത് തടയുന്നതിനും പുറം ബണ്ടുകളിൽ താമസിക്കുന്നവർക്ക് സുരക്ഷ

ലഭിക്കുന്നതിനും കുട്ടനാട്ടിലെ വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മൈനർ ഇറിഗേഷൻ വിഭാഗത്തിനുകീഴിൽ കുട്ടനാട് പ്രദേശത്തെ പാടശേഖരങ്ങളുമായി ബന്ധപ്പെട്ട് കിടക്കുന്ന തോടുകളിലെയും കനാലുകളിലെയും എക്കലും ചെളിയും നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കുന്ന പ്രവൃത്തികളും പാടശേഖരങ്ങളുടെ പുറംബണ്ട് നിർമ്മാണം, ബലപ്പെടുത്തൽ എന്നീ പ്രവൃത്തികളും നടപ്പിലാക്കുന്നതുമൂലം മടവീഴ്ചയുണ്ടാകുന്നത് തടയുവാനും പാടശേഖരങ്ങളെ വെള്ളപ്പൊക്കത്തിൽനിന്നും സംരക്ഷിക്കുവാനും സാധിക്കുന്നു. കൂടാതെ തണ്ണീർമുക്കം ബാരേജിന്റെ ഷട്ടറുകൾ ക്രമീകരിച്ച് ഒരു പരിധിവരെ പാടശേഖരങ്ങളുടെ സംരക്ഷണവും പുറംബണ്ടിൽ താമസിക്കുന്നവരുടെ സുരക്ഷയും ഉറപ്പാക്കുന്നു.

കുട്ടനാട്ടിലെ നദികളിലെ നീരൊഴുക്ക് സുഗമമാക്കാൻ വീയപുരം മുതൽ തോട്ടപ്പള്ളി വരെ ലീഡിംഗ് ചാനലിലെ മണലും ചെളിയും നീക്കി ആഴം വർദ്ധിപ്പിക്കുന്ന പ്രവൃത്തി നടന്നുവരുന്നു. തോട്ടപ്പള്ളി സ്പിൽവേ മുതൽ പൊഴി വരെയുള്ള മണൽ താൽപര്യപത്രത്തിന്റെ അടിസ്ഥാനത്തിൽ

കെ.എം.എം.എൽ. വഴി നീക്കി ആഴം വർദ്ധിപ്പിച്ച് കടലിലേയ്ക്കുള്ള ഒഴുക്ക് സുഗമമാക്കുന്നു. കുട്ടനാട്, അപ്പർ കുട്ടനാട് മേഖലകളിലെ വെള്ളക്കെട്ട് പരിഹരിക്കാൻ പ്രധാന നദികളിലെയും അവയുടെ കൈവഴികളിലെയും മണ്ണും ചെളിയും മാറ്റി ബണ്ട് ബലപ്പെടുത്തുന്ന പ്രവൃത്തികളും നടന്നുവരുന്നു. വെള്ളപ്പൊക്ക നിയന്ത്രണത്തിന്റെ ഭാഗമായി തോട്ടപ്പള്ളി തണ്ണീർമുക്കം കരിയാർ എന്നിവയുടെ ഷട്ടറുകൾ കൃത്യമായി റെഗുലേറ്റ് ചെയ്യുന്നതിനായി Monsoon preparatory work-ൽ ഉൾപ്പെടുത്തി സജ്ജമാക്കിയിട്ടുണ്ട്.

(ബി) മഴക്കാലത്ത് തോട്ടപ്പള്ളി സ്പിൽവേ കൃത്യമായി തുറക്കുന്നതിനും അതിൽ അടിഞ്ഞുകൂടുന്ന മണ്ണ് യഥാസമയം നീക്കം ചെയ്യുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

മഴക്കാലത്ത് ഷട്ടറുകളുടെ ഓപ്പറേഷനുവേണ്ടിയുള്ള മുന്നൊരുക്കങ്ങൾ ചെയ്യുന്നുണ്ട്. തോട്ടപ്പള്ളി സ്പിൽവേയുടെ ഡൗൺ സ്ട്രീമിൽ പൊഴിമുഖത്ത് അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യുന്ന പ്രവൃത്തി കെ.എം.എം.എൽ. മുഖേന താല്പര്യപത്രം ക്ഷണിച്ച് നടപ്പിലാക്കിവരുന്നു.

(സി) ആറുകളിൽനിന്നും എത്തുന്ന വെള്ളം കൃത്യമായി തോട്ടപ്പള്ളി വഴിയും തണ്ണീർമുക്കം ബണ്ട് വഴിയും ഒഴുകി പോകുന്നതിന് കായൽ/കനാൽ ആഴം കൂട്ടുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

ആറുകളിൽനിന്നുമെത്തുന്ന വെള്ളം കൃത്യമായി തോട്ടപ്പള്ളി വഴിയും തണ്ണീർമുക്കം ബണ്ട് വഴിയും ഒഴുകി പോകുന്നതിന് കായൽ/കനാൽ ആഴം കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തോട്ടപ്പള്ളി സ്പിൽവേ മുതൽ പൊഴി വരെയുള്ള ലീഡിംഗ് ചാനലിന്റെ ആഴം വർദ്ധിപ്പിക്കുന്നതിനായി മണൽ നീക്കം ചെയ്യുന്ന പ്രവൃത്തി താല്പര്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കെ.എം.എം.എൽ. മുഖേന നീക്കി കടലിലേയ്ക്കുള്ള ഒഴുക്ക് സുഗമമാക്കിയിട്ടുണ്ട്. കുട്ടനാട്, അപ്പർ കുട്ടനാട് മേഖലയിലെ വെള്ളക്കെട്ട് പരിഹരിക്കാൻ പ്രധാന നദികളിലെയും അവയുടെ കൈവഴികളിലെയും മണ്ണും ചെളിയും മാറ്റി ബണ്ട് ബലപ്പെടുത്തുന്ന പ്രവൃത്തി നടന്നുവരുന്നു. പാടശേഖരങ്ങളുമായി ബന്ധപ്പെട്ട് കിടക്കുന്ന തോടുകളിലെ എക്കലും ചെളിയും നീക്കം ചെയ്ത് ആഴം കൂട്ടി ജല നിർഗ്ഗമനം സുഗമമാക്കുന്ന പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. കൂടാതെ

തണ്ണീർമുക്കം ബണ്ടിലേയ്ക്ക് ഒഴുകി എത്തുന്ന അധിക ജലം കൃത്യമായി ക്രമീകരിച്ച് ഒഴുകി പോകുന്നതിനുള്ള സൗകര്യവും ചെയ്തുവരുന്നു.

**കല്ല്യാശ്ശേരി മണ്ഡലത്തിലെ ഉപ്പുവെള്ള പ്രതിരോധ ബണ്ട്**

237(1077) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയ കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ഉപ്പ് വെള്ള പ്രതിരോധ ബണ്ട് നിർമ്മാണത്തിന് ചെറുകിട ജലസേചന വകുപ്പ് മുഖേന എസ്റ്റിമേറ്റ് സമർപ്പിച്ച് ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ ടെണ്ടർ നടപടി പൂർത്തിയായോ; വിശദാംശം ലഭ്യമാക്കാമോ?

2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയ കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ 10 ഗ്രാമപഞ്ചായത്തുകളിലെ (കല്യാശ്ശേരി, കണ്ണപുരം, ചെറുകുന്ന്, മാട്ടൂൽ, മാടായി, ചെറുതാഴം, കുഞ്ഞിമംഗലം, കടന്നപ്പള്ളി-പാണപ്പുഴ, ഏഴോം, പട്ടുവം) 15 ഉപ്പുവെള്ള പ്രതിരോധ ബണ്ട് നിർമ്മാണ പ്രവൃത്തികൾക്ക് ചെറുകിട ജലസേചന വകുപ്പ്

മുഖേന എസ്റ്റിമേറ്റ് സമർപ്പിക്കുകയും 400 ലക്ഷം രൂപയുടെ ഭരണാനുമതി നല്കുകയും ചെയ്തു. 15 ഉപ്പുവെള്ള പ്രതിരോധ ബണ്ട് നിർമ്മാണ പ്രവൃത്തികളുടെയും ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാർ ഉടമ്പടിയിലേർപ്പെട്ടിട്ടുണ്ട്.

**കോട്ടായി കനാൽ സൈഫൺ പദ്ധതി**

238(1078) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)2022-23 ബജറ്റിൽ 20 ശതമാനം ടോക്കൺ പ്രൊവിഷനിൽ ഉൾപ്പെടുത്തിയ തരൂർ കോട്ടായി പഞ്ചായത്തിലെ ഒരു കോടി രൂപയുടെ കോട്ടായി കനാൽ സൈഫൺ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) മലമ്പുഴ പദ്ധതിക്കുകീഴിലുള്ള പെരിങ്ങോട്ടുകുറിശ്ശി കനാലിന്റെ ചെ. 16/700 കിലോമീറ്ററിനും 16/900 കിലോമീറ്ററിനും ഇടയിൽ

കോട്ടായി ഗവൺമെന്റ് സ്കൂളിന് സമീപം CUT & COVER നിർമ്മിക്കുന്നതിനായുള്ള 1 കോടി രൂപയുടെ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

**കുറ്റ്യാടി മണ്ഡലത്തിലെ കനാലുകളുടെ പുനരുദ്ധാരണം**

239(1079) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)കുറ്റ്യാടി ജലസേചന പദ്ധതിയുടെ ഭാഗമായി കുറ്റ്യാടി മണ്ഡലത്തിലെ കനാലുകളുടെ പുനരുദ്ധാരണത്തിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

കുറ്റ്യാടി ജലസേചന പദ്ധതിയുടെ ഭാഗമായ കനാലുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി 2022-23 വർഷം അനുവദിച്ച 10 കോടി രൂപയുടെ പ്രവൃത്തികളിൽ കുറ്റ്യാടി നിയോജകമണ്ഡലത്തിൽ 173 ലക്ഷം രൂപയുടെ 6 പ്രവൃത്തികളിൽ ഒരു പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി 5 പ്രവൃത്തികൾ നിർവ്വഹണ ഘട്ടത്തിലുമാണ്.

2023-24-ൽ അനുവദിച്ച 5 കോടി രൂപയുടെ പ്രവൃത്തികളിൽ കുറ്റ്യാടി നിയോജകമണ്ഡലത്തിൽ പതിനൊന്ന് പ്രവൃത്തികൾക്ക് 93.66/- ലക്ഷം രൂപയുടെ സാമ്പത്തികാനുമതി നൽകുകയും തുടർ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. കൂടാതെ മണിയൂർ ബ്രാഞ്ച് കനാലിന്റെ ചെ. 6/010 കി.മീ.-നടുത്ത് ചെക്കോട്ടി ബസാർ അക്വഡക്ടിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുവേണ്ടി 30 ലക്ഷം രൂപയുടെ പ്രവൃത്തി 2023-24 വർഷത്തെ നോൺ പ്ലാൻ ശീർഷകത്തിൽ ഉൾപ്പെടുത്തി നടപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

5 കോടി രൂപയുടെ 13 പ്രവൃത്തികളുടെ പുതിയ പ്രൊപ്പോസലുകൾ സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) കുറ്റ്യാടി മണ്ഡലത്തിൽ കനാലുകളുടെ പുനരുദ്ധാരണത്തിനായി എത്ര തുകയാണ് പുതുതായി അനുവദിച്ചിട്ടുള്ളതെന്നും ഏതൊക്കെ പ്രവൃത്തികളാണ് പുനരുദ്ധാരണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും വിശദമാക്കാമോ?

കുറ്റ്യാടി മണ്ഡലത്തിൽ അനുവദിച്ച തുക ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്നും അടുത്ത ജലവിതരണത്തിനുമുൻപ് ഈ പദ്ധതികൾ നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്നും വിശദമാക്കാമോ?

2022-23 വർഷം അനുവദിച്ച 10 കോടി രൂപയുടെ പ്രവൃത്തികളിൽ കുറ്റ്യാടി മണ്ഡലത്തിലുൾപ്പെട്ട 6 പ്രവൃത്തികളിൽ ഒരു പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. 2023-24 ആക്ഷൻ പ്ലാനിലെ പതിനൊന്ന് പ്രവൃത്തികൾക്ക് 93.66 ലക്ഷം രൂപയുടെ സാമ്പത്തിക അനുമതി നൽകുകയും തുടർ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. കൂടാതെ മണിയൂർ ബ്രാഞ്ച് കനാലിന്റെ ചെയിനേജ് 6/010 കി.മീറ്ററിനടുത്ത് ചെക്കോട്ടി ബസാർ അക്വഡക്ടിന്റെ അറ്റകുറ്റപണികൾക്ക് വേണ്ടിയുള്ള 30 ലക്ഷം രൂപയുടെ പ്രവൃത്തി 2023-24 വർഷത്തെ നോൺ പ്ലാൻ ശീർഷകത്തിൽ ഉൾപ്പെടുത്തി നടപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പൊതു കുളങ്ങളുടെ നവീകരണം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

240(1080) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതു കുളങ്ങളുടെ നവീകരണത്തിനുള്ള പദ്ധതി നിലവിലുണ്ടോ?

സംസ്ഥാനത്ത് പൊതുകുളങ്ങളുടെ നവീകരണത്തിനുള്ള പദ്ധതി നിലവിലുണ്ട്. MI Class II, MI Class I Haritha Keralam, MI Class II Haritha Keralam, Renovation of tanks and ponds under Haritha Keralam എന്നീ പ്ലാൻ പദ്ധതികളിൽ ഉൾപ്പെടുത്തി പൊതുകുളങ്ങൾ നവീകരിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

(ബി) കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിൽ കോഴിക്കോട് ജില്ലയിൽനിന്നും ഈ ഇനത്തിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിലായി കോഴിക്കോട് ജില്ലയിൽ ഭരണാനുമതി ലഭിച്ച പൊതുകുളങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ആലത്തൂർ മണ്ഡലത്തിലെ കുളങ്ങളുടെ നവീകരണ പ്രവൃത്തി

241(1081) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കുന്ന ചെറുകിട ജലസേചന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത മണ്ഡലത്തിൽ വകുപ്പ് മുഖേന ഏതൊക്കെ കുളങ്ങളുടെ നവീകരണ പ്രവൃത്തികളാണ് നടന്നുവരുന്നതെന്ന് വിശദമാക്കാമോ?

ആലത്തൂർ മണ്ഡലത്തിൽ കുളങ്ങളുടെ നവീകരണ പ്രവൃത്തികൾ ഒന്നുംതന്നെ നടപ്പിലാക്കിവരുന്നില്ല.

## വാളയാർ ഡാം കനാലുകളുടെ നവീകരണം

242(1082) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) 16 കോടിരൂപ ചെലവിൽ നടത്തിവരുന്ന വാളയാർ ഡാം കനാലുകളുടെ നവീകരണ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

വാളയാർ ഡാം കനാലുകളുടെ നവീകരണ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകി നടപ്പാക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതി എത്ര പ്രവൃത്തികളിലൂടെയാണ് നടപ്പാക്കിവരുന്നതെന്നും ഓരോ പ്രവൃത്തിയുടെയും അടങ്കൽ തുക, എഗ്രിമെന്റ് തുക എന്നിവ എത്രയെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

(ബി & സി) പ്രസ്തുത പദ്ധതിക്കായി മൂന്ന് സിവിൽ പ്രവൃത്തികളും ഒരു മെക്കാനിക്കൽ പ്രവൃത്തിയുമാണ് നടപ്പാക്കുന്നത്. വിശദാംശങ്ങൾ അനുബന്ധമായി നൽകുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**നെയ്യാറ്റിൻകര നെയ്യാർ ബണ്ട് പുനർനിർമ്മാണം**

243(1083) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിലെ അമരവിള പുല്ലാമലയിൽ വെള്ളപ്പൊക്കത്തിൽ തകർന്ന നെയ്യാർ ബണ്ട് പുനർനിർമ്മിക്കുന്നതിന് 2023-24 ബഡ്ജറ്റിൽ ഫണ്ട് അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ബണ്ട് പുനർനിർമ്മിക്കാൻ സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കാമോ; ബണ്ട് പുനർനിർമ്മാണത്തിന്റെ ഫയൽ നമ്പർ, തീയതി എന്നിവ ലഭ്യമാക്കാമോ;

(സി) പുനർനിർമ്മാണവുമായി ബന്ധപ്പെട്ട ഇറിഗേഷൻ വിഭാഗത്തിന്റെ ഫയൽ നിലവിൽ ആരുടെ പക്കലാണെന്ന് വ്യക്തമാക്കാമോ?

(ബി&സി) ഐ.ആർ.2/260/2023/ജവിവ-നമ്പർ ഫയൽപ്രകാരം നെയ്യാറ്റിൻകര മണ്ഡലത്തിലെ അമരവിള പുല്ലാമലയിൽ വെള്ളപ്പൊക്കത്തിൽ തകർന്ന നെയ്യാർ ബണ്ട് പുനർനിർമ്മിക്കുന്ന പ്രവൃത്തിയുടെ 300 ലക്ഷം രൂപയുടെ ഭരണാനുമതിക്കായുള്ള പ്രൊപ്പോസൽ സർക്കാർ

പരിശോധിച്ചുവരികയാണ്. പ്രസ്തുത ഫയൽ ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

**കോഴിക്കോട് പച്ചാക്കിൽ തോട് നവീകരണ പദ്ധതി**

244(1084)<u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ പച്ചാക്കിൽ തോട് നവീകരണ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പിൽ കാലതാമസം നേരിട്ടതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) കാലതാമസം ഒഴിവാക്കി പ്രസ്തുത പദ്ധതി അടിയന്തരമായി നടപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(എ-സി) പച്ചാക്കൽ തോട് നവീകരണ പ്രവർത്തനങ്ങൾക്ക് 06-02-2021-ലെ GO(Rt)No.88/2021/WRD സർക്കാർ ഉത്തരവുപ്രകാരം 2 കോടി രൂപയുടെ ഭരണാനുമതി നൽകുകയും സാങ്കേതികാനുമതി നൽകി

ടെണ്ടർ നടപടി പൂർത്തീകരിച്ച് പ്രവൃത്തിയുടെ സൈറ്റ് 13-08-2021-ന് കരാറുകാരന് കൈമാറുകയും ചെയ്തിരുന്നു.

പച്ചാക്കൽ തോട് നവീകരണ പദ്ധതി നടപ്പിൽ വരുത്തുന്നതിന് പ്രസ്തുത സ്ഥലം കയ്യേറ്റങ്ങൾ നടന്നിട്ടുണ്ടോ എന്നറിയുന്നതിന് ഈ സ്ഥലം സർവ്വേ ചെയ്ത് അതിർത്തി പുനർനിർണ്ണയിച്ച് തരുന്നതിന് ഭൂരേഖ തഹസിൽദാരോട് ആവശ്യപ്പെടുകയും 8.00 ലക്ഷം രൂപയുടെ ഫണ്ട് കൈമാറുകയും ചെയ്തിരുന്നു. എന്നാൽ 15-03-2023-ലാണ് സർവ്വേ പൂർത്തീകരിച്ചുകൊണ്ട് ഭൂരേഖ തഹസിൽദാർ സ്കെച്ച് സമർപ്പിച്ചത്. സർവ്വേ നടപടി പൂർത്തിയായതിനുശേഷം മാത്രമാണ് അതിർത്തി സംബന്ധിച്ച് വ്യക്തതയുണ്ടായത്.

നിലവിൽ സർവ്വേ പൂർത്തീകരിച്ചശേഷം പ്രവൃത്തി ആരംഭിക്കാൻ വേണ്ടി കരാറുകാരന് നിരവധി തവണ കത്ത് അയച്ചിരുന്നുവെങ്കിലും കരാറുകാരന്റെ ഭാഗത്തുനിന്ന് പ്രവൃത്തി ആരംഭിക്കാൻ യാതൊരു നടപടിയും ഇതുവരെയും ഉണ്ടായിട്ടില്ല. പ്രവൃത്തി എത്രയുംവേഗം ഏറ്റെടുത്ത് പൂർത്തീകരിക്കുവാൻ കരാറുകാരൻ തയ്യാറായില്ലെങ്കിൽ PWD Manual പ്രകാരം

കർശന നടപടി സ്വീകരിക്കുന്നതാണ്. കോഴിക്കോട് മൈനർ ഇറിഗേഷൻ ഡിവിഷനോട് ഇക്കാര്യം പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) ആവശ്യപ്പെട്ടിട്ടുണ്ട്.

സ്ഥലത്തിന്റെ അതിർത്തി നിർണ്ണയിക്കാൻ വൈകിയതും കരാറുകാരന്റെ ഭാഗത്തുനിന്ന് പ്രവൃത്തി ആരംഭിക്കാൻ യാതൊരു നടപടിയും ഉണ്ടാവാത്തതും കാരണമാണ് പ്രവൃത്തി ആരംഭിക്കുവാൻ കാലതാമസം നേരിടുന്നത്.

**മലമ്പുഴ ചെല്ലൻകാവ് മിനി ഡാം നിർമ്മാണം**

245(1085)ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2020-21 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയതും നാല് കോടിരൂപ അടങ്കൽ തുകയിൽ ഇരുപതുശതമാനം തുക അനുവദിക്കപ്പെട്ട് നിർമ്മിക്കുന്നതുമായ മലമ്പുഴ മണ്ഡലത്തിലെ ചെല്ലൻകാവ് മിനി ഡാമിന്റെ നിലവിലെ നിർമ്മാണസ്ഥിതി അറിയിക്കാമോ; ഈ പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

2020-21 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയതും നാല് കോടിരൂപ അടങ്കൽ തുകയിൽ ഇരുപതുശതമാനം തുക അനുവദിക്കപ്പെട്ട മലമ്പുഴ മണ്ഡലത്തിലെ ചെല്ലൻകാവ് മിനി ഡാമിന്റെ ഡിസൈൻ തയ്യാറാക്കുന്നതിനായി മണ്ണ് പര്യവേഷണം, ടോപ്പോഗ്രാഫിക് സർവ്വേ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ടി പ്രവൃത്തിയുടെ ഡിസൈനും പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കി പരിശോധിച്ച് തുടർ നടപടി സ്വീകരിക്കാവുന്നതാണ്.

**ഡാം റീഹാബിലിറ്റേഷൻ ആൻഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട്**
**പദ്ധതി - വാഴാനി ഡാം**

246(1086)<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2012-ൽ കേന്ദ്ര ജല കമ്മീഷന്റെ നേതൃത്വത്തിൽ ലോകബാങ്കിന്റെ സഹായത്തോടെ ഡാമുകളിലെ നവീകരണത്തിനായി ആവിഷ്കരിച്ച ഡി.ആർ.ഐ.പി. പദ്ധതിപ്രകാരം വാഴാനി ഡാമിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദവിവരങ്ങളും ചെലവഴിച്ച തുകയും വ്യക്തമാക്കാമോ?

2012-ൽ ആരംഭിച്ച് 2021-ൽ അവസാനിച്ച ഡി.ആർ.ഐ.പി. ഘട്ടം - I-ന് കീഴിൽ വാഴാനി ഡാമിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങളും ചെലവഴിച്ച തുകയും അനുബന്ധമായി ചേർക്കുന്നു+.

**ഡാമുകളിലെ ജലനിരപ്പ്**

247(1087)ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിനുകീഴിലുള്ള ഡാമുകളിലെ നിലവിലെ ജലനിരപ്പ് എത്രയാണെന്ന് വ്യക്തമാക്കുമോ?

ഡാമുകളുടെ നിലവിലുള്ള ജലനിരപ്പ് സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) കാലവർഷം ദുർബലമായതിനാൽ ജലനിരപ്പ് മുൻവർഷത്തെക്കാൾ കുറഞ്ഞിരിക്കുന്ന സാഹചര്യമാണോ നിലവിലുള്ളത്; ജലനിരപ്പ് കുറയുന്നതുമൂലം പ്രതിസന്ധി ഉണ്ടാകാതിരിക്കാൻ എന്തൊക്കെ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാലവർഷം ദുർബലമായതിനാൽ എല്ലാ ഡാമുകളിലെയും ജലനിരപ്പ് മുൻവർഷത്തെ അപേക്ഷിച്ച് കുറവാകുന്നു. പ്രതിസന്ധി തരണം ചെയ്യുന്നതിനായി വിവിധ ഡാമുകളിൽ സ്വീകരിക്കുന്ന മുൻകരുതലുകൾ ചുവടെ ചേർക്കുന്നു:-

കാഞ്ഞിരപ്പുഴ ഡാമിൽ പരമാവധി ജലം സംഭരിക്കുന്നതിനായി Spill way ഷട്ടറുകൾ അടച്ചിട്ടിരിക്കുകയാണ്. പോത്തുണ്ടി ഡാമിൽ നിലവിലെ സാഹചര്യത്തിൽ റൂൾ കർവ് പാലിക്കേണ്ടതില്ലെന്ന് IDRB ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുള്ളതിനാൽ കൂടുതൽ ജലം സംഭരിക്കാൻ സാധിക്കുന്നതാണ്. മഴക്കുറവുമൂലം മംഗലം ഡാമിൽ ഷട്ടറുകൾ അടച്ചിട്ടിരിക്കുകയാണ്. മലമ്പുഴ ഡാമിൽ നിലവിൽ ആശങ്കപ്പെടാനുള്ള സാഹചര്യമില്ല. മീങ്കര, ചുള്ളിയാർ, വാളയാർ എന്നീ ഡാമുകളിലെ ജലത്തിന്റെ കുറവും ജലവിതരണ ക്രമീകരണങ്ങളും കർഷകരെയും മറ്റ് അധികാരികളെയും അറിയിക്കുന്നുണ്ട്. കുറ്റ്യാടി ജലസേചന പദ്ധതിയുടെ പെരുവണ്ണാമൂഴി ഡാമിൽ കെ.എസ്.ഇ.ബി.-യുടെ ബാണാസുരസാഗർ, കക്കയം ഡാമുകളിൽനിന്ന് വൈദ്യുതോൽപ്പാദനത്തിനുശേഷം പുറത്തുവിടുന്ന

ജലം എത്തുന്നതിനാൽ മഴക്കാലത്ത് ഷട്ടർ പൂർണ്ണമായും തുറന്നുവയ്ക്കുകയാണ് ചെയ്യുന്നത്. എന്നിരുന്നാലും ജലസേചനവും വാട്ടർ അതോറിറ്റിയുടെ കുടിവെള്ള വിതരണവും മുടക്കമില്ലാതെ സാധ്യമാവുന്നുണ്ട്. പെരുവണ്ണാമൂഴി ഡാമിന്റെ പൂർണ്ണസംഭരണ ശേഷിയിൽ ജലസംഭരണം നടത്തുന്നതിന് വേണ്ടി സപ്പോർട്ടിംഗ് ഡാമിന്റെ നിർമ്മാണം നടന്നുവരികയാണ്. പഴശ്ശി ബാരേജിന്റെ ജലനിരപ്പ് കുറഞ്ഞിട്ടുണ്ട്. ബാരേജിന്റെ ഷട്ടറുകൾ ക്രമീകരിച്ച് ജലനിരപ്പ് നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാരാപ്പുഴ ഡാമിലും ജലനിരപ്പ് ക്രമീകരിച്ച് നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

നെയ്യാർ ജലസംഭരണിയിലെ 05-08-2023-ലെ ജലനിരപ്പ് 82.13 മീറ്ററും കഴിഞ്ഞ വർഷം ഇതേ കാലയളവിൽ 82.97 മീറ്ററുമാണ്. നെയ്യാർ ഇടതുകര, വലതുകര കനാലുകൾ നിലവിൽ അടച്ചിരിക്കുകയാണ്. മഴ കുറവായതിനാൽ നിയന്ത്രിത അളവിൽമാത്രം കനാലുകൾ തുറക്കാൻ തീരുമാനിച്ചിട്ടുണ്ട്.

തെന്മല പരപ്പാർ ഡാമിലെ ജലനിരപ്പ് മുൻവർഷത്തെ അപേക്ഷിച്ച് നിലവിൽ കുറവായിട്ടാണ് കാണുന്നത്. കാലവർഷം ദുർബലമായതിനാൽ

ജലനിരപ്പ് കുറയുന്നതുമൂലം പ്രതിസന്ധിയുണ്ടാകാതിരിക്കാൻ വൈദ്യുതി ഉൽപ്പാദനത്തിനായി രണ്ട് ജനറേറ്ററുകൾ പ്രവർത്തിപ്പിക്കുന്നതിന് പകരം ഒരു ജനറേറ്ററായി കുറയ്ക്കുന്നതിന് KSEB നിർദ്ദേശം നൽകുകയും അപ്രകാരം പ്രവർത്തിക്കുകയും ചെയ്യുന്നു.

വാഴാനി/ചിമ്മിനി ഡാമുകളിലെ ജലനിരപ്പ് മുൻവർഷത്തെ അപേക്ഷിച്ച് നിലവിൽ കുറവായിട്ടാണ് കാണുന്നത്. അണക്കെട്ടുകളിൽ ജലനിരപ്പ് വളരെ കുറഞ്ഞിരിക്കുകയാണെന്നും അത് മുണ്ടകൻ കൃഷിക്കായുള്ള ജലവിതരണത്തെ സാരമായി ബാധിക്കുമെന്നതിനാൽ കാർഷിക കലണ്ടറിൽ അതിനനുസൃതമായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഇറിഗേഷൻ ഡിവിഷൻ, തൃശ്ശൂർ കാര്യാലയത്തിൽനിന്നും തൃശ്ശൂർ ജില്ലാ കളക്ടർക്കും തൃശ്ശൂർ പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർക്കും കത്ത് നൽകിയിട്ടുണ്ട്.

മലങ്കര ഡാം - ജലനിരപ്പ് മുൻവർഷത്തെ അപേക്ഷിച്ച് കുറഞ്ഞിരിക്കുന്ന സാഹചര്യമാണുള്ളത്. ഡാമിലെ മെയിന്റനൻസ് പ്രവൃത്തി നടക്കുന്നതിനാൽ സ്പിൽവേ ഷട്ടർ തുറന്നുവയ്ക്കേണ്ട സാഹചര്യമാണ് നിലവിലുള്ളത്. 39.5

മീറ്ററിൽ ജലനിരപ്പ് നിലനിർത്തിയാൽ മാത്രമെ കുടിവെള്ള വിതരണം സുഗമമായി നടക്കുകയുള്ളൂ. ആഗസ്റ്റ് 7-ാം തീയതി മുതൽ ജലനിരപ്പ് 39.50 മീറ്ററിലേയ്ക്ക് ഉയർത്തുവാൻ സാധിക്കുന്നതാണ്.

ഭൂതത്താൻകെട്ട് ബാരേജ്/മണിയാർ ബാരേജ്-മഴക്കാലത്ത് ബാരേജിന്റെ ഷട്ടർ തുറന്നുവയ്ക്കുകയാണ് പതിവ്. ആയതിനാൽ ജലനിരപ്പ് ബാധകമല്ല.

പീച്ചി ഡാമിൽ മുണ്ടകൻ കൃഷിക്കായുള്ള ജലവിതരണത്തെ സാരമായി ബാധിക്കുന്നുണ്ടെന്നും ആയതിനാൽ കാർഷിക കലണ്ടറിൽ അതിനനുസൃതമായി മാറ്റങ്ങൾ വരുത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി തൃശ്ശൂർ ജില്ലാ കളക്ടർക്കും തൃശ്ശൂർ പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർക്കും എക്സിക്യൂട്ടീവ് എഞ്ചിനീയർ കത്ത് നൽകിയിട്ടുണ്ട്.

അന്തർ സംസ്ഥാന ഡാമുകളെ സംബന്ധിച്ച് കാലവർഷം ദുർബലമാകുമെന്ന കണക്കുകൂട്ടലിൽ ഔചിത്യപൂർണ്ണമായ ജല വിനിയോഗ രീതിയിലൂടെ ഇരു സംസ്ഥാനങ്ങളുടെയും താൽപ്പര്യം സംരക്ഷിച്ചുകൊണ്ട്

തമിഴ്നാട് ജലവിഭവ വകുപ്പുമായി ചേർന്ന് കരാർ പ്രകാരമുള്ള ജലം കേരളത്തിന് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

**തെന്മല പരപ്പാർ ഡാം സംരക്ഷിത പ്രദേശത്തെ കൽക്കെട്ടുകളിലെ ആൽമരങ്ങൾ മുറിക്കാൻ നടപടി**

248(1088) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജകമണ്ഡലത്തിലെ തെന്മല പരപ്പാർ ഡാം സംരക്ഷിത പ്രദേശത്ത് കല്ലടയാറിന്റെ വശത്തെ കൽക്കെട്ടുകളിലെ ആൽമരങ്ങൾ നാളിതുവരെ മുറിച്ച് മാറ്റിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കല്ലടയാറ്റിലെ കെ.ഐ.പി. ക്യാമ്പസിന്റെ വലതുകരയിലെ കൽക്കെട്ടിന് സമീപമുള്ള മരങ്ങൾ 2022-2023 വർഷത്തെ Monsoon Preparedness വർക്കിൽ അടിയന്തര പ്രാധാന്യം നൽകി ഉൾപ്പെടുത്തി മുറിച്ചുമാറ്റിയിട്ടുള്ളതാണ്.

(ബി) തെന്മല പഞ്ചായത്തിലെ ബഹുഭൂരിപക്ഷ പ്രദേശങ്ങളിലും കുടിവെള്ളമെത്തിക്കുന്ന ജല അതോറിറ്റിയുടെ കിണറിന് സമീപത്തെ കല്ലടയാറിന്റെ കൽക്കെട്ടുകൾ തകർന്നാൽ കിണർ നശിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കെ.ഐ.പി. ക്യാമ്പസിൽ കല്ലടയാറ്റിന്റെ കരയിലുള്ള ജല അതോറിറ്റിയുടെ കിണറിന് സമീപമുള്ള മരങ്ങൾ മേൽപ്രവൃത്തിയിൽ ഉൾപ്പെടുത്തി മുറിച്ചുമാറ്റിയിട്ടുള്ളതാണ്. ആയതിനാൽ നിലവിൽ കൽക്കെട്ടുകൾ അപകടാവസ്ഥയിലല്ല.

### പുതുക്കാട് മണ്ഡലത്തിലെ റെഗുലേറ്ററുകളുടെ പരിപാലനം

249(1089)ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട കുറുമാലി പുഴയിലെ മാഞ്ഞാംകുഴി റെഗുലേറ്റർ, മണലിപ്പുഴയിലെ ഓടഞ്ചിറ, തൃക്കൂർ റെഗുലേറ്ററുകൾ എന്നിവയുടെ സംരക്ഷണത്തിനും ജലനിരപ്പ് നിരീക്ഷണത്തിനും ഷട്ടറുകൾ

തുറക്കുന്നതുൾപ്പടെയുള്ള കാര്യങ്ങൾ നോക്കുന്നതിനും പരിപാലനത്തിനുമായി ഉണ്ടായിരുന്ന വർക്കർമാരുടെ സേവനം നിലവിൽ ഇല്ലാതായതിനെ തുടർന്ന് പരിപാലനത്തിന് വലിയ വിഷമം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) 2020 ആഗസ്റ്റ് മാസത്തിൽ നിലവിലുണ്ടായിരുന്ന ഏക ജീവനക്കാരനും വിരമിച്ചതോടെ പരിപാലനത്തിനും സംരക്ഷണത്തിനും ബുദ്ധിമുട്ടനുഭവപ്പെടുന്നതിനാൽ താൽക്കാലികമായെങ്കിലും വാച്ച്മാനെയോ വർക്കർമാരെയോ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഇറിഗേഷൻ വകുപ്പിലെ വിവിധ ഓഫീസുകളിൽ കാഷ്വൽ ലേബേഴ്സിനെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി പുതുതായി നിയമിക്കുന്നതിനുപകരം നിലവിൽ അനുവദിക്കപ്പെട്ടിട്ടുള്ള HR/CLR/SLR വിഭാഗങ്ങളിലെ ജീവനക്കാരെ പുനർവിന്യസിച്ചുകൊണ്ട് ആവശ്യമായ സേവനം ഉറപ്പാക്കുന്നതിനുള്ള അടിയന്തരനടപടി കൈക്കൊള്ളുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**തീരശോഷണം തടയാൻ നൂതന മാർഗ്ഗങ്ങൾ**

250 (1090) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീമതി കെ. കെ. രമ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ പ്രദേശങ്ങളിൽ വ്യാപകമായ തീരശോഷണമുണ്ടാകുന്ന സാഹചര്യം ഗൗരവത്തോടെ കാണുന്നുണ്ടോ?

സംസ്ഥാനത്ത് തീരശോഷണമുണ്ടാകുന്ന സാഹചര്യം ഗൗരവമായി കാണുന്നുണ്ട്. ഇന്ത്യയിലെ ഇതര തീരപ്രദേശങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളതീരത്തെ തിരമാലകളുടെ ശക്തി വളരെ കൂടുതലാണ്. പ്രകൃതിദത്തമായ കാര്യങ്ങൾകൊണ്ടും മനുഷ്യ ഇടപെടലുകൾകൊണ്ടും തുടർച്ചയായി തീരശോഷണം സംഭവിച്ചുകൊണ്ടിരിക്കുന്നു.

(ബി) തീരശോഷണം തടയുന്നതിനുള്ള നൂതന മാർഗ്ഗങ്ങൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(സി) തീരദേശത്ത് നിലവിൽ നടത്തിവരുന്ന അശാസ്ത്രീയമായ നിർമ്മാണ രീതികളും പ്രവർത്തനങ്ങളുമാണ് ഇതിന്റെ പ്രധാന കാരണമെന്ന

ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവൃത്തികൾ കൂടുതൽ ശാസ്ത്രീയമാക്കാൻ നടപടി സ്വീകരിക്കുമോ?

(ബി&സി) കടൽത്തീരവുമായി ബന്ധപ്പെട്ട് ശാസ്ത്രീയമായി വിവരശേഖരണം നടത്തി ലഭ്യമാകുന്ന വിവരങ്ങൾ വിശകലനം നടത്തി തീരസംരക്ഷണ പ്രവൃത്തികൾക്കുള്ള രൂപകൽപ്പന നടത്തിയതിനുശേഷമാണ് ജലസേചന വകുപ്പ് പ്രവൃത്തികൾ നടപ്പാക്കിവരുന്നത്. ഇക്കാര്യത്തിൽ, ഇന്ത്യയിലെ പ്രധാനപ്പെട്ട സ്ഥാപനങ്ങളായ സെൻട്രൽ വാട്ടർ ആൻഡ് പവ്വർ റിസർച്ച് സ്റ്റേഷൻ, പൂനെ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, ചെന്നൈ, എന്നിവരുടെ സഹകരണമാണ് ലഭ്യമാക്കിയിട്ടുള്ളത്.

കടൽഭിത്തി നിർമ്മാണം, പുലിമുട്ട് (ഗ്രോയിന്) നിർമ്മാണം, കടൽഭിത്തിയും പുലിമുട്ടുകളുടെ ശൃംഖലയും ചേർന്ന സംരക്ഷണഭിത്തി നിർമ്മാണം, പരീക്ഷണാടിസ്ഥാനത്തിൽ ജിയോബാഗുകൾ അടുക്കിയുള്ള തീരസംരക്ഷണം, തുടങ്ങിയവയാണ് നിലവിൽ വകുപ്പ് നടപ്പാക്കിവരുന്ന പദ്ധതികൾ.

വിശദ പഠനത്തിന് വിധേയമാകുന്ന കടൽത്തീരത്തിന്റെ ഘടനയുടെയും സ്വഭാവത്തിന്റെയും അടിസ്ഥാനത്തിലാണ് വിവിധ തീരസംരക്ഷണ പ്രവൃത്തികൾ Site Specific ആയി നിർദ്ദേശിക്കുന്നത്. ഇതുപ്രകാരം ആവശ്യമനുസരിച്ചാണ് കഠിനമായ/മൃദുവായ ഇടപെടലുകളോ (Hard/Soft solutions) അവയുടെ സമ്മിശ്രമായ ഇടപെടലുകളോ ഡിസൈൻ പ്രകാരം നിർദ്ദേശിക്കുന്നത്. 2018, 2019 വർഷങ്ങളിൽ അനുഭവപ്പെട്ട പ്രളയംമൂലവും കാലാവസ്ഥ വ്യതിയാനംമൂലവും തീരശോഷണം രൂക്ഷമായിട്ടുണ്ട്. ശക്തമായ തീരശോഷണം നേരിടുന്ന കേരളതീരത്തെ പ്രധാനപ്പെട്ട ഹോട്ട്സ്പോട്ട് പ്രദേശങ്ങളെക്കുറിച്ച് (കൊല്ലംകോട്, ശംഖുമുഖം, ആലപ്പാട്, ചെല്ലാനം, കൊടുങ്ങല്ലൂർ, പൊന്നാനി, കാപ്പാട്, തലശ്ശേരി, വലിയപറമ്പ) പ്രത്യേകമായും കേരള തീരത്തെക്കുറിച്ച് പൊതുവിലും പഠിച്ച് തീരസംരക്ഷണത്തിനുള്ള ശാസ്ത്രീയ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിന് സെൻട്രൽ മിനിസ്ട്രി ഓഫ് എർത്ത് സയൻസിന് കീഴിലുള്ള ചെന്നൈ ആസ്ഥാനമായ "നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് " എന്ന സ്ഥാപനവുമായി മൂന്നുവർഷം നീണ്ടുനിൽക്കുന്ന പഠന പ്രവർത്തനത്തിനുള്ള ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

ഈ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് കടലാക്രമണത്തിനിരയാകുന്ന തീരപ്രദേശങ്ങൾ മുൻഗണനാക്രമത്തിൽ പഠനത്തിന് വിധേയമാക്കി ഡിസൈൻ അനുസരിച്ചുള്ള നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ഡി) തീരശോഷണം വർദ്ധിക്കുന്നതുമൂലമുണ്ടാകുന്ന പാരിസ്ഥിതിക ആഘാതത്തെ പ്രതിരോധിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

കാലാവസ്ഥ വ്യതിയാനം കടലാക്രമണം രൂക്ഷമാകുന്നതിന് കാരണമാകുന്നു, ഇത് തടയാൻ സാധ്യമല്ല. എന്നിരുന്നാലും തീരസംരക്ഷണ പ്രവർത്തനങ്ങൾ നടത്തി കരഭൂമി സംരക്ഷിക്കാനും അതുവഴി പരിസ്ഥിതി സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങൾ ജലസേചന വകുപ്പ് നടപ്പാക്കിവരുന്നു. കടൽത്തീരത്തിന്റെ ഘടനയുടെയും സ്വഭാവത്തിന്റെയും അടിസ്ഥാനത്തിലാണ് ജലസേചന വകുപ്പിൽനിന്നും വിവിധ തീരസംരക്ഷണ പ്രവൃത്തികൾ നിർദ്ദേശിക്കുന്നത്. കേരളത്തിന്റെ

പ്രത്യേകതയനുസരിച്ച് കഠിനമായ (Hard) സംരക്ഷണ പ്രവർത്തനങ്ങളാണ് ഉചിതം. ടെട്രാപോഡ്, കരിങ്കൽ എന്നിവ ഉപയോഗിച്ചുള്ള കഠിനമായ തീരസംരക്ഷണ പ്രവൃത്തികളോടൊപ്പം കണ്ടൽക്കാടുകൾപോലെ പ്രകൃതിദത്തമായ തീരസംരക്ഷണ പ്രവൃത്തികൾ, ബീച്ച് നറിഷ്മെന്റ് എന്നീ മൃദുനിർമ്മാണങ്ങൾ (Soft) പഠനത്തിന്റെ അടിസ്ഥാനത്തിൽ അനുയോജ്യമായ ഇടങ്ങളിൽ നടപ്പാക്കുവാൻ സാധിക്കുമോ എന്നത് NCCR പഠനത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനിക്കാവുന്നതാണ്.

**കുറ്റ്യാടി പുഴയോര സംരക്ഷണത്തിന് നടപടി**

251(1091) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി പുഴയോരം ഇടിഞ്ഞുവീണ് ഭീഷണി നേരിടുന്നവരിൽനിന്ന് നിലവിൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നും ആയതിന്മേൽ സ്വീകരിക്കുന്ന നടപടിക്രമങ്ങൾ എന്താണെന്നും വിശദമാക്കുമോ?

2021 ജൂൺ മുതൽ കുറ്റ്യാടി പുഴയുടെ തീരവും കുറ്റ്യാടി പുഴയുടെ പോഷക നദികളുടെ തീരങ്ങളും ഇടിയുന്നതുമായി ബന്ധപ്പെട്ട് നിലവിൽ 44 പരാതികൾ ലഭിച്ചിട്ടുണ്ട്. പരാതികൾ ലഭിക്കുന്ന മുറയ്ക്ക് അസിസ്റ്റന്റ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർ സ്ഥല പരിശോധന നടത്തി സംരക്ഷണ പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തി നടപ്പാക്കാറാണുള്ളത്.

(ബി) ജീവനും സ്വത്തിനും ഭീഷണി നേരിടുന്നതിനാൽ കുറ്റ്യാടി പുഴയോരം കെട്ടി സംരക്ഷിക്കുന്നതിന് അടിയന്തരമായി സ്വീകരിക്കുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ?

2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലുൾപ്പെടുത്തി കുറ്റ്യാടി പുഴയുടെ ഇടതുകര സംരക്ഷിക്കുന്നതിനായുള്ള 17 പ്രവൃത്തികൾക്ക് 10 കോടിരൂപ അനുവദിക്കുകയും ആയതുപ്രകാരം ചങ്ങരോത്ത്, ചെറുവണ്ണൂർ പഞ്ചായത്തുകളിലുൾപ്പെടുന്ന കുറ്റ്യാടി പുഴയുടെ ഇടതുകര സംരക്ഷിക്കുന്ന 17 പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ കുറ്റ്യാടി പുഴയുടെ വലതുകര സംരക്ഷിക്കുന്നതിനായി തിരുവള്ളൂർ, മണിയൂർ, വേളം, കുറ്റ്യാടി എന്നീ

പഞ്ചായത്തുകളിലുൾപ്പെട്ട പുഴതീര സംരക്ഷണത്തിനായുള്ള 34 പ്രവൃത്തികൾക്കായി 23.96 കോടിരൂപ വരുന്ന പദ്ധതിയുടെ DPR സർക്കാരിൽ ലഭ്യമായെങ്കിലും നടപ്പ് സാമ്പത്തികവർഷം പദ്ധതി ഏറ്റെടുക്കാൻ പ്രൊവിഷനില്ലാത്തതിനാൽ ടി പ്രവൃത്തികൾക്കുള്ള അംഗീകാരം മാറ്റിവച്ചിരിക്കുകയാണ്.

(സി) കുറ്റ്യാടി പുഴയോര സംരക്ഷണത്തിന് ഏതൊക്കെ പ്രവൃത്തികൾക്കാണ് പുതുതായി അംഗീകാരം നൽകിയിട്ടുള്ളതെന്നും 2021 ജൂൺ മുതൽ നാളിതുവരെ ഏതൊക്കെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും അനുമതി ലഭിച്ച പ്രവൃത്തികളിൽ ഏതെങ്കിലും പൂർത്തീകരിക്കാനുണ്ടോയെന്നും വിശദമാക്കാമോ?

കുറ്റ്യാടി പുഴയുടെ ഇടതുകര സംരക്ഷിക്കുന്ന 17 പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. അനുമതി ലഭിച്ച പ്രവൃത്തികളിൽ പൂർത്തീകരിക്കാൻ ബാക്കിയുള്ള പ്രവൃത്തികൾ ഒന്നുംതന്നെ നിലവിലില്ല.

**മട്ടന്നൂർ മണ്ഡലത്തിൽ പുഴയുടെ വശങ്ങൾ കെട്ടി സംരക്ഷിക്കുന്ന പ്രവൃത്തി**

252(1092) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിലെ ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്ത് ഏഴാം വാർഡിലെ ചുണ്ടയിൽ പ്രദേശത്തെ പുഴയുടെ വശങ്ങൾ കെട്ടുന്നതുമായി ബന്ധപ്പെട്ട് അപേക്ഷ ലഭിച്ചിട്ടുണ്ടോ; പ്രസ്തുത അപേക്ഷയിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

കണ്ണൂർ ജില്ലയിലെ മട്ടന്നൂർ നിയോജകമണ്ഡലത്തിലെ ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്ത് ഏഴാം വാർഡിലെ ചുണ്ടയിൽ പ്രദേശത്തെ പുഴയുടെ വശങ്ങൾ കെട്ടുന്നതുമായി ബന്ധപ്പെട്ട് അപേക്ഷ ലഭിച്ചിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട് "FC-Protecting the left bank of Anjarakandy river at Chundayil behind Oniyan Preman Smarakamandiram in Chittariparamba Grama Panchayath in Kannur District എന്ന പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ 2023-24 ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രൊപ്പോസലിൽ 62.50 ലക്ഷം രൂപയുള്ള പ്രസ്തുത പ്രവൃത്തി ഉൾപ്പെട്ടിട്ടില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത മണ്ഡലത്തിൽ മൈനർ ഇറിഗേഷൻ വകുപ്പിന്റെ നേതൃത്വത്തിൽ പുഴയുടെ വശങ്ങൾ കെട്ടി സംരക്ഷിക്കുന്ന പ്രവൃത്തികൾക്ക് തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2023-24 സാമ്പത്തിക വർഷത്തിൽ പ്രസ്തുത മണ്ഡലത്തിൽ FD Thenkad Side Protection to Thenkadu Valiyathodu (Ward No 14) in Chittariparamba Panchayath, Kannur district എന്ന പ്രവൃത്തിക്ക് 03-08-2023-ൽ 23 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

**പയ്യന്നൂർ വെള്ളൂർ തോടിന്റെ സംരക്ഷണ ഭിത്തി നിർമ്മാണം**

253(1093) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നഗരസഭയിലെ വെള്ളൂർ തോടിന് സംരക്ഷണ ഭിത്തി നിർമ്മിക്കുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി

സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്ന നടപടികൾ ഏതുവരെ ആയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി 2023-24 വർഷത്തെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; അറിയിക്കാമോ?

(എ&ബി) പയ്യന്നൂർ നഗരസഭയിലെ വെള്ളൂർ തോടിന് സംരക്ഷണഭിത്തി നിർമ്മാണം എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടില്ല. ഫണ്ടിന്റെ ലഭ്യതയും മുൻഗണനയും അനുസരിച്ച് പ്രസ്തുത പ്രവൃത്തി പരിശോധിച്ച് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

**പരപ്പനങ്ങാടിയിലെ കടൽഭിത്തി നിർമ്മാണം**

254(1094) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ  വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരപ്പനങ്ങാടി നഗരസഭയുടെ തീരപ്രദേശത്ത് കടൽഭിത്തി നിർമ്മിക്കുന്നതിന് അഞ്ച് കോടി രൂപയുടെ ഭരണാനുമതി ലഭിച്ച പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചോ; വിശദമാക്കാമോ?

പരപ്പനങ്ങാടി തീരപ്രദേശത്ത് കടൽഭിത്തി നിർമ്മിക്കുന്നതിന് അഞ്ച് കോടി രൂപയുടെ ഭരണാനുമതി ലഭിച്ച 5 പ്രവൃത്തികളിൽ താഴെപ്പറയുന്ന മൂന്ന് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകിയശേഷം ടെണ്ടർ നടപടികൾ സർക്കിൾ ഓഫീസിൽനിന്നും സ്വീകരിക്കുന്നതാണ്.

1. മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിലെ കെ.ടി. നഗർ പ്രദേശത്ത് സി.ഇ.എസ്.സി.പി. 1692-ൽനിന്നും 40 മീറ്റർ തെക്ക് നിന്നാരംഭിച്ച് തെക്കോട്ട് 140 മീറ്റർ നീളത്തിൽ പരപ്പനങ്ങാടി തീരദേശത്തെ കടൽഭിത്തിയുടെ പുനരുദ്ധാരണം. Rs.1,03,60,000/-.

2. മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിലെ സദ്ദാം ബീച്ച് പ്രദേശത്തെ സി.ഇ.എസ്.സി.പി. 1694-ൽനിന്നും 26 മീറ്റർ തെക്കുനിന്നും 140 മീറ്റർ നീളത്തിൽ തെക്കോട്ട് പരപ്പനങ്ങാടി തീരപ്രദേശത്തെ കടൽഭിത്തിയുടെ പുനരുദ്ധാരണ പ്രവൃത്തി - Rs. 1,15,60,000/-.

3. മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിലെ ഫിഷ് ലാൻഡിംഗ് സെന്ററിന് മുൻവശത്തായി സി.ഇ.എസ്.സി.പി. 1700-ന് 28

മീറ്റർ തെക്കുനിന്നും 100 മീറ്റർ നീളത്തിൽ തെക്കോട്ട് പുത്തൻകടപ്പുറം ഭാഗത്തെ പരപ്പനങ്ങാടി തീരപ്രദേശത്തിന്റെ കടൽഭിത്തി പുനരുദ്ധാരണം പ്രവൃത്തി - Rs.1,28,10,000/-.

സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പുരോഗമിക്കുന്ന പ്രവൃത്തികൾ താഴെപ്പറയുന്നു.

1. മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി നഗരസഭയിലെ പുത്തൻകടപ്പുറം ഭാഗത്ത് സി.ഇ.എസ്.സി.പി. 1701-ൽനിന്ന് 7 മീറ്റർ തെക്കുനിന്ന് 90 മീറ്റർ നീളത്തിൽ വടക്കോട്ട് പരപ്പനങ്ങാടി തീരപ്രദേശത്തിന്റെ പുനരുദ്ധാരണം – Rs.73,70,000/-.

2. മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി നഗരസഭയിലെ ആലിങ്ങൽ പള്ളികുളം ഭാഗത്ത് സി.ഇ.എസ്.സി.പി. 1712-ൽനിന്ന് ആരംഭിച്ച് 85 മീറ്റർ നീളത്തിൽ തെക്കോട്ട് പരപ്പനങ്ങാടി തീരപ്രദേശത്തിന്റെ കടൽഭിത്തി പുനരുദ്ധാരണ പ്രവൃത്തി – Rs.79,00,000/-.

(ബി) ഇല്ലെങ്കിൽ നടപടികൾ പൂർത്തീകരിക്കാൻ കാലതാമസം വന്നതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

നടപടികൾ പൂർത്തീകരിക്കാൻ കാലതാമസം വന്നിട്ടില്ല.

(സി)പരപ്പനങ്ങാടി തീരപ്രദേശത്ത് കടൽഭിത്തി നിർമ്മാണത്തിൽ മേൽപ്പറഞ്ഞ ഭരണാനുമതി ലഭിച്ച എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത ഭാഗങ്ങളിൽ കടൽഭിത്തി നിർമ്മിക്കുന്നതിന് നബാർഡ് ഫണ്ട് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തിക്ക് നബാർഡ് ഫണ്ട് ലഭ്യമാക്കി ഭരണാനുമതി ഉത്തരവ് എന്നത്തേയ്ക്ക് ലഭ്യമാക്കുമെന്ന് വ്യക്തമാക്കാമോ?

(സി&ഡി) പരപ്പനങ്ങാടി തീരത്ത് കടൽഭിത്തി നിർമ്മാണത്തിൽ മേൽപ്പറഞ്ഞ ഭരണാനുമതി ലഭിച്ച എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത പ്രദേശങ്ങളിൽ പ്രവൃത്തി നടപ്പാക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ നബാർഡ് പദ്ധതിയിൽ ഫണ്ട് ലഭ്യമാക്കുന്നതിന് പ്രവൃത്തികളൊന്നും ഉൾപ്പെടുത്തിയിട്ടില്ല.

**മണലൂർ വാടാനപ്പള്ളിയിലെ തീരശോഷണം ഒഴിവാക്കാൻ നടപടി**

255(1095)<u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ തീരദേശ പഞ്ചായത്തായ വാടാനപ്പള്ളിയിൽ തീരശോഷണം ഒഴിവാക്കാനെടുത്ത നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

മണലൂർ മണ്ഡത്തിലെ തീരദേശ പഞ്ചായത്തായ വാടാനപ്പള്ളിയിൽ തീരശോഷണം ഒഴിവാക്കുവാൻ മുൻവർഷങ്ങളിൽ പലയിടങ്ങളിലായി കരിങ്കല്ല് ഉപയോഗിച്ചുള്ള സംരക്ഷണ പ്രവൃത്തികളും ജിയോ ബാഗ് ഉപയോഗിച്ചുള്ള സംരക്ഷണ പ്രവൃത്തികളും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ പുതിയ കടൽഭിത്തി (Seawall) പണിയുന്നതിനും തകരാറിലായ കടൽഭിത്തി പുനർ നിർമ്മിക്കുന്നതിനും കരിങ്കല്ല് ഉപയോഗിച്ചുള്ള സംരക്ഷണ പ്രവൃത്തികൾക്കും എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കാവുന്നതാണ്.

(ബി) തീരശോഷണം ഒഴിവാക്കാൻ വാടാനപ്പള്ളി കടലോര പ്രദേശങ്ങളിൽ പുലിമുട്ട് നിർമ്മിക്കാൻ ചെന്നൈ ഐ.ഐ.റ്റി.-യുടെ സഹായത്തോടെ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(സി)എങ്കിൽ പ്രസ്തുത പഠന റിപ്പോർട്ടിന്റെ വിശദാംശം എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

(ബി&സി)തീരശോഷണം ഒഴിവാക്കാൻ വാടാനപ്പള്ളി കടലോര പ്രദേശങ്ങളിൽ പുലിമുട്ട് നിർമ്മിക്കാൻ ചെന്നൈ IIT-യുടെ സഹായത്തോടെ പഠനങ്ങൾ നടത്തിയിട്ടില്ല.

(ഡി) കടലാക്രമണംമൂലം തീരശോഷണം രൂക്ഷമായ വാടാനപ്പള്ളി പ്രദേശത്ത് പുലിമുട്ട് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

അടിക്കടി അനുഭവപ്പെടുന്ന ന്യൂനമർദ്ദവും ചുഴലിക്കാറ്റുംമൂലമുള്ള കടലാക്രമണം കൊണ്ടുണ്ടാകുന്ന ആഘാതം കുറയ്ക്കാൻ കഴിയുന്ന രീതിയിൽ തീരത്തിന്റെ ഘടനയ്ക്ക് അനുയോജ്യമായ (Site Specific) ഏതുതരം സംരക്ഷണമാണ് വേണ്ടതെന്ന് മനസ്സിലാക്കുവാൻ വിശദമായ പഠനങ്ങൾക്ക് ശേഷം മാത്രമേ സാധിക്കുകയുള്ളൂ.

**കടൽഭിത്തി നിർമ്മാണം**

256(1096) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റവും കൂടുതൽ തീരദേശമേഖലയുള്ള അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ തീരമേഖലയെ കടലാക്രമണങ്ങളിൽനിന്നും സംരക്ഷിക്കുന്നതിനായുള്ള കടൽഭിത്തി നിർമ്മാണ പ്രവൃത്തികളുടെ വിശദാംശങ്ങളും നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

അമ്പലപ്പുഴ മണ്ഡലത്തിൽ തീരശോഷണവും കടലാക്രമണവും തടയുന്നതിന്റെ ഭാഗമായി ടെട്രാപോഡ് ഉപയോഗിച്ചുള്ള കടൽഭിത്തി/പുലിമുട്ട് നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിലുൾപ്പെടുത്തി തോട്ടപ്പള്ളി പൊഴിമുഖത്തെ 500 മീ. നീളമുള്ള രണ്ട് പുലിമുട്ടുകളുടെ നിർമ്മാണത്തിന് 44 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് 18 ശതമാനം ജി.എസ്.ടി. നിലവിൽ വന്നതിനാൽ ജി.എസ്.റ്റി.-ക്കുള്ള അധിക തുക ഉൾപ്പെടുത്തിക്കൊണ്ട് 46.4 കോടി രൂപയുടെ പുതിയ പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ട്.

(ബി) കടൽഭിത്തി നിർമ്മാണം സാങ്കേതിക പ്രശ്നങ്ങളിൽപ്പെട്ട് നീണ്ടുപോകുന്നതുമൂലം തീരദേശങ്ങളിലെ ജനങ്ങൾ ദുരിതത്തിലാഴുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കടൽഭിത്തി നിർമ്മാണം സാങ്കേതിക പ്രശ്നങ്ങളിൽപ്പെട്ട് നീണ്ടുപോകുന്നതുമൂലമുണ്ടാകുന്ന തീരശോഷണം കാരണം ജനങ്ങൾക്കുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കടൽത്തീരവുമായി ബന്ധപ്പെട്ട് ശാസ്ത്രീയമായി വിവരശേഖരണം നടത്തി ലഭ്യമാകുന്ന വിവരങ്ങൾ വിശകലനം ചെയ്തശേഷമാണ് രൂപകൽപ്പന നടത്തി തീരപ്രദേശത്തിന് അനുയോജ്യമായ നിർമ്മിതികൾ അവലംബിക്കുന്നത്. പ്രസ്തുത രീതിയിൽ CWPRS, IIT Chennai, NCCR പോലുള്ള വിദഗ്ധ സ്ഥാപനങ്ങളുടെ പഠനത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ അനുയോജ്യമായ പ്രദേശങ്ങളിൽ തീരസംരക്ഷണരീതി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നടപ്പാക്കിവരുന്നു. കടലാക്രമണം ഏറ്റവും

രൂക്ഷമായി ബാധിക്കുന്ന കൊല്ലംകോട്, ശംഖുമുഖം, ആലപ്പാട്, ഒറ്റമശ്ശേരി, ചെല്ലാനം, കൊടുങ്ങല്ലൂർ, പൊന്നാനി, കാപ്പാട്, തലശ്ശേരി, വലിയപറമ്പ എന്നീ പ്രദേശങ്ങളിൽ NCCR (National Centre for Coastal Research) മുഖേന പഠനം പുരോഗമിക്കുന്നു. അവയിൽ പഠനം പൂർത്തിയായ പ്രദേശങ്ങളിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. കടലാക്രമണം ഏറ്റവും രൂക്ഷമായ എറണാകുളം ജില്ലയിലെ ചെല്ലാനം പ്രദേശത്ത് ടെട്രാപോഡ് സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള സംയോജിത കടൽഭിത്തിയുടെയും പുലിമുട്ടുകളുടെയും നിർമ്മാണം ജലസേചന വകുപ്പിന്റെ SPV-യായ KIIDC മുഖേന കിഫ്ബി ധനസഹായത്തോടെ നടപ്പാക്കിവരുന്നു.

2. തിരുവനന്തപുരം ജില്ലയിലെ കൊല്ലംകോട് പ്രദേശത്ത് ടെട്രാപോഡ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള 51 കോടി രൂപയുടെ എസ്റ്റിമേറ്റിന് 24-12-2022-ലെ സ.ഉ.(സാധാ)നം.1150/2022/ജവിവ പ്രകാരം കിഫ്ബി ധനസഹായത്തോടെ നടപ്പാക്കാൻ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. കൊല്ലം ജില്ലയിലെ ആലപ്പാട് പ്രദേശത്ത് ടെട്രാപോഡ്

ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മിക്കുന്നതിന് NCCR-ന്റെ ഡിസൈൻ പ്രകാരമുള്ള 172.50 കോടി രൂപയുടെ എസ്റ്റിമേറ്റിന് 17-04-2023-ലെ സ.ഉ. (സാധാ)നം.382/2023/ജവിവ പ്രകാരം കിഫ്ബി ധനസഹായത്തോടെ നടപ്പാക്കാൻ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. തുടർനടപടികളും സ്വീകരിക്കുന്നുണ്ട്.

തിരുവനന്തപുരം ജില്ലയിലെ പനത്തുറക്കര പ്രദേശത്ത് ടെട്രാപോഡ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മിക്കുന്നതിന് 70 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബി ധനസഹായത്തോടെ നടപ്പാക്കാനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

**മഞ്ചേശ്വരം മണ്ഡലത്തിലെ കടൽക്ഷോഭം തടയാൻ നടപടി**

257(1097)ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ തീരപ്രദേശങ്ങളിൽ കടലാക്രമണം കൂടുതലായുള്ള പ്രദേശങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

മഞ്ചേശ്വരം മണ്ഡലത്തിലെ തീരപ്രദേശങ്ങളിൽ കടലാക്രമണം കൂടുതലായുള്ള പ്രദേശങ്ങൾ മുസ്സോടി, പെർവാഡ്, കോയിപ്പാടി, പെരിങ്ങാടി, നാങ്കി-കൊപ്പളം എന്നിവയാണ്.

(ബി) പ്രസ്തുത പ്രദേശങ്ങളിലെ കടലാക്രമണം തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

പ്രസ്തുത പ്രദേശങ്ങളിൽ കടലാക്രമണം തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

1) പെർവാഡ് കടപ്പുറത്ത് മണൽ നിറച്ച ജിയോബാഗ് ഉപയോഗിച്ചുള്ള താൽക്കാലിക സംരക്ഷണ ഭിത്തി നിർമ്മാണ പ്രവൃത്തിക്ക് 24 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് 05-08-2023-ൽ സാമ്പത്തിക അനുമതി നൽകിയിട്ടുണ്ട്.

2) കോയിപ്പാടി കടപ്പുറത്തെ നിലവിലെ മണൽ നിറച്ച ജിയോബാഗ് ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ള താൽക്കാലിക സംരക്ഷണ ഭിത്തിയുടെ അറ്റകുറ്റപ്പണികൾ നടപ്പാക്കുന്നതിനുള്ള 10.30 ലക്ഷം രൂപയുടെ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

3) നാങ്കി-കൊപ്പളം കടപ്പുറത്ത് 200 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് കരാറുടമ്പടിവച്ച് സൈറ്റ് കൈമാറിയിരുന്നുവെങ്കിലും നാട്ടുകാരുടെ എതിർപ്പിനെ തുടർന്ന് പ്രവൃത്തി താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

**പുലിമുട്ട് നിർമ്മാണത്തിനായി വകയിരുത്തിയിട്ടുള്ള തുക**

258(1098) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻസർക്കാരിന്റെ (2016-2021) കാലം മുതൽ നാളിതുവരെ ഓരോ ബഡ്ജറ്റിലും പുലിമുട്ട് നിർമ്മാണത്തിനായി വകയിരുത്തിയിട്ടുള്ള തുക എത്രയാണെന്ന് വിശദമാക്കാമോ; ഇതിൽ ഓരോ സാമ്പത്തിക വർഷവും എത്ര തുക അനുവദിച്ച് നൽകിയെന്നും എത്ര തുക ചെലവഴിച്ചുവെന്നുമുള്ള വിശദാംശങ്ങൾ നൽകാമോ?

തീരസംരക്ഷണ പ്രവൃത്തികൾക്കായി ബഡ്ജറ്റിൽ പ്ലാൻ ശീർഷകത്തിൽ എല്ലാ സാമ്പത്തിക വർഷവും തുക വകയിരുത്താറുണ്ട്. എന്നാൽ പുലിമുട്ട് നിർമ്മാണത്തിന് മാത്രമായി തുക വകയിരുത്താറില്ല.

തീരസംരക്ഷണത്തിനായി ബഡ്ജറ്റിൽ പ്ലാൻ ശീർഷകത്തിൽ വകയിരുത്തിയ തുക കൂടാതെ പുലിമുട്ട് നിർമ്മാണത്തിന് മാത്രമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക (20 ശതമാനം ബഡ്ജറ്റ് പ്രൊവിഷനൾപ്പടെ) സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

## മാടായി, മാട്ടൂൽ ഗ്രാമപഞ്ചായത്തുകളിലെ കടൽഭിത്തി പുനർനിർമ്മാണ പ്രവൃത്തി

259(1099) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായി, മാട്ടൂൽ ഗ്രാമപഞ്ചായത്തുകളിലെ കടൽഭിത്തി പുനർനിർമ്മാണ പ്രവൃത്തിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇതുവരെ കടൽഭിത്തിയുടെ നിർമ്മാണം എത്ര മീറ്റർ വരെ പൂർത്തീകരിച്ചിട്ടുണ്ടെന്നും പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ & ബി) കണ്ണൂർ ജില്ലയിലെ മാട്ടൂൽ ഗ്രാമപഞ്ചായത്തിലെ മാട്ടൂൽ തെക്ക് ഭാഗത്തിനും മാടായി ഗ്രാമപഞ്ചായത്തിലെ പുതിയങ്ങാടിക്കും ഇടയിലായി 2.82 കി.മീ. നീളത്തിൽ തകർന്ന കടൽഭിത്തിയുടെ പുനരുദ്ധാരണ പ്രവൃത്തിക്കായാണ് 16 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളത്. നിലവിൽ 1.507 കി.മീ. നീളത്തിലുള്ള ഭാഗത്ത് കടൽഭിത്തിയുടെ പുനരുദ്ധാരണ പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കി വരുന്ന പ്രവൃത്തി 04-10-2023-നുള്ളിൽ പൂർത്തിയാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ തീരസംരക്ഷണ പ്രവൃത്തികൾ**

260(1100) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ അരിയല്ലൂർ ബീച്ചിൽ പരപ്പാൽ തീരസംരക്ഷണ പ്രവൃത്തിയുടെ രൂപരേഖയ്ക്കുവേണ്ടി ഹൈഡ്രോളിക് മോഡൽ പഠനം നടത്തുവാൻ നൽകിയ അനുമതിയുടെ ഭാഗമായി പുരോഗമിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ അരിയല്ലൂർ ബീച്ചിൽ പരപ്പാൽ തീരസംരക്ഷണ പ്രവൃത്തിയുടെ രൂപരേഖയ്ക്കുവേണ്ടി ഹൈഡ്രോളിക് മോഡൽ പഠനം നടത്തുന്നതിനായി CWPRS പൂനെയ്ക്ക് അഡ്വാൻസ് തുക കൈമാറാനുള്ള നടപടികൾ പുരോഗമിക്കുന്നു. ആയതിനുവേണ്ടി കറന്റ് അക്കൗണ്ട് തുടങ്ങാനുള്ള അനുമതിക്കായുള്ള അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) പ്രസ്തുത പഞ്ചായത്തിൽ ആനങ്ങാടി ബീച്ചിൽ കടൽഭിത്തി നിർമ്മാണത്തിന് നൽകിയ ഭരണാനുമതിയുടെ തുടർച്ചയായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

ആനങ്ങാടി ബീച്ചിൽ കടൽഭിത്തി നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചതനുസരിച്ച് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) പ്രസ്തുത മണ്ഡലത്തിലെ മൂന്നിയൂർ പഞ്ചായത്തിൽ കടലുണ്ടിപ്പുഴയുടെ വലതുകര ഭാഗത്ത് നിർമ്മിച്ച കടവുകൾ പുനരുദ്ധരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മൂന്നിയൂർ പഞ്ചായത്തിലെ കടലുണ്ടി പുഴയിലെ വലത് കരഭാഗത്ത് നിർമ്മിച്ച കടവുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ 2023-24 സാമ്പത്തിക വർഷത്തെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കാവുന്നതാണ്.

**മേപ്പാടം-മുതാരുകുളമ്പ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

261(1101) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ പെരിങ്ങോട്ടുകുറിശ്ശി പഞ്ചായത്തിലെ 2.26 കോടി രൂപയുടെ മേപ്പാടം-മുതാരുകുളമ്പ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

"Construction of Thottumukku-Meppadam-Mutharukulambu Lift Irrigation Scheme in Peringottukurussi Panchayath in Palakkad District" എന്ന പ്രവൃത്തിക്ക് 23-03-2022-ലെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ 225/2022/ജവിവ പ്രകാരം ഭരണാനുമതിയും 25-02-2023-ൽ സാങ്കേതികാനുമതിയും നൽകിയിട്ടുള്ളതാണ്. തുടർന്ന് സൂപ്രണ്ടിംഗ്

എഞ്ചിനീയറുടെ കാര്യാലയത്തിൽ 3 തവണ ഇ-ടെണ്ടർ നടപടികൾ സ്വീകരിച്ചെങ്കിലും ആരുംതന്നെ പങ്കെടുത്തില്ല. നാലാം തവണ ഇ-ടെണ്ടർ നടത്തിയപ്പോൾ ഒരാൾ പങ്കെടുക്കുകയും 47.21 ശതമാനം above estimate rate quote ചെയ്യുകയും ചെയ്തിരുന്നു. എന്നാൽ ടി നിരക്ക് അനുവദനീയമായ തുക (LMR പ്രകാരമുള്ള തുക, DSR+10% പ്രകാരമുള്ള തുക)യെക്കാൾ കൂടുതലായതിനാൽ നിരക്കുകൾ കുറച്ച് നൽകാൻ കരാറുകാരനോട് ആവശ്യപ്പെട്ടുവെങ്കിലും ടിയാൻ 39.82 ശതമാനം above estimate rate-നാണ് quote ചെയ്തത്. ഈ തുകയും അനുവദിക്കാനാവില്ലെന്നതിനാൽ ടി പ്രവൃത്തിക്കായി നിലവിൽ റീ-ടെണ്ടർ നോട്ടീസ് പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്.

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ടെണ്ടർ നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് പ്രവൃത്തി ആരംഭിക്കാവുന്നതാണ്.

**തൃശ്ശൂർ ഏനാമാവ്, ഇടിയഞ്ചിറ റെഗുലേറ്ററുകളുടെ പുനർനിർമ്മാണം**

262(1102) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങളുടെ സംരക്ഷണത്തിനും വെള്ളപ്പൊക്ക ഭീഷണി നേരിടുന്നതിനുമായി നിർമ്മിച്ച മണലൂർ മണ്ഡലത്തിലെ ഏനാമാവ്, ഇടിയഞ്ചിറ റെഗുലേറ്ററുകൾ കാലപ്പഴക്കംമൂലം ഷട്ടറുകൾ തകർന്ന് വർഷങ്ങളായി പ്രവർത്തനക്ഷമമല്ലാതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത ഷട്ടറുകളുടെ പുനർനിർമ്മാണത്തിനായി കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ;

(സി) ഓരോ റെഗുലേറ്ററിന്റെയും പുനർനിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തുക എത്രയാണെന്നും പ്രവൃത്തികൾ എത്ര തവണ ടെണ്ടർ ചെയ്തെന്നും വ്യക്തമാക്കാമോ?

(ബി & സി) ആർ.കെ.ഐ. പദ്ധതിയിലുൾപ്പെടുത്തി ഏനാമാക്കൽ റെഗുലേറ്ററിന്റെ പുനരുദ്ധാരണത്തിനായി സിവിൽ പ്രവൃത്തിയും

മെക്കാനിക്കൽ പ്രവൃത്തിയും ഉൾപ്പെടെ 732 ലക്ഷം രൂപയും ഇടിയഞ്ചിറ റെഗുലേറ്ററിന്റെ പുനരുദ്ധാരണത്തിനായി സിവിൽ പ്രവൃത്തിയും മെക്കാനിക്കൽ പ്രവൃത്തിയും ഉൾപ്പെടെ 446 ലക്ഷം രൂപയുമാണ് ഭരണാനുമതി നൽകിയിരുന്നത്. ഏനാമാക്കൽ റെഗുലേറ്ററിന്റെ പുനരുദ്ധാരണ പ്രവൃത്തിക്കായി 4 തവണ പ്രീ-ക്വാളിഫിക്കേഷൻ ടെണ്ടർ ക്ഷണിച്ചുവെങ്കിലും കരാറുകാർ ആരുംതന്നെ പങ്കെടുക്കാതിരിക്കുകയും അഞ്ചാമത് പ്രീ-ക്വാളിഫിക്കേഷൻ ടെണ്ടറിൽ ലഭിച്ച ഏക ടെണ്ടർ സർക്കാർ പരിശോധിക്കുകയും സിവിൽ മെക്കാനിക്കൽ പ്രവൃത്തികൾ വെവ്വേറെ ടെണ്ടർ ചെയ്യാൻ നിർദ്ദേശിക്കുകയുമുണ്ടായി. പുതിയ നിരക്കനുസരിച്ച് ഏനാമാക്കൽ റഗുലേറ്ററിന്റെ (സിവിൽ പ്രവൃത്തിയും മെക്കാനിക്കൽ പ്രവൃത്തിയുമുൾപ്പെടെ) നവീകരണ പ്രവർത്തനങ്ങൾക്കായി 859.2 ലക്ഷം രൂപയുള്ള എസ്റ്റിമേറ്റും ഇടിയഞ്ചിറ റെഗുലേറ്ററിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 504 ലക്ഷം രൂപയുള്ള എസ്റ്റിമേറ്റും സർക്കാർ പരിശോധിച്ചുവരികയാണ്.

**ആറ്റപ്പിള്ളി റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണ പ്രവൃത്തികൾ**

263(1103) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ കുറുമാലിപ്പുഴയിൽ ആറ്റപ്പിള്ളി റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ അപ്രോച്ച് റോഡിലെ ഗർത്തങ്ങൾ കാരണം പ്രസ്തുത റോഡിലൂടെയുള്ള ഗതാഗതം തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത അപ്രോച്ച് റോഡ് പുനർനിർമ്മിക്കുന്നതിനും റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയത് ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ആറ്റപ്പിള്ളി റെഗുലേറ്ററിന്റെ അപ്രോച്ച് റോഡിലൂടെയുള്ള പൊതുഗതാഗതം പുനഃസ്ഥാപിക്കുന്നതിനുവേണ്ടി KERI-യുടെ ഡിസൈൻ പ്രകാരം തയ്യാറാക്കിയ 1.552 കോടി രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. 2012-ൽ പ്രവൃത്തി നിർത്തിവച്ചതിനുശേഷം ഏപ്രണിന്റെയും

പൈൽ ഫൗണ്ടേഷന്റെയും അടിയിലും വെൽ ഫൗണ്ടേഷന്റെ ഇടയ്ക്കുമുണ്ടായ മണ്ണൊലിപ്പും കാലാവസ്ഥാ വ്യതിയാനം മുഖേനയുള്ള മാറ്റങ്ങളുമുൾപ്പെടെ നിലവിലുള്ള സാങ്കേതിക പ്രശ്നങ്ങൾ പരിശോധിച്ച് അപ്രോച്ച് റോഡ് വഴിയുള്ള പൊതുഗതാഗതം പുനഃസ്ഥാപിക്കുന്നതിനും ആറ്റപ്പിള്ളി റഗുലേറ്റർ-കം-ബ്രിഡ്ജ് പൂർത്തീകരിക്കുന്നതിനുമുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനായി 12-07-2023-ലെ ജി.ഒ. (ആർ.ടി.) 625/2023/ജ.വി.വ ഉത്തരവുപ്രകാരം ഒരു സാങ്കേതിക വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ നിർദ്ദേശപ്രകാരം രൂപകൽപ്പന നടത്തി വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**ഇരിക്കൂർ ഉദയഗിരി മൂരിക്കടവിൽ റഗുലേറ്റർ-കം-ബ്രിഡ്ജ്**

264(1104) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിലെ ഉദയഗിരി പഞ്ചായത്തിലെ മണക്കടവ് മൂരിക്കടവിൽ റഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

(എ-സി)ഇരിക്കൂർ മണ്ഡലത്തിലെ ഉദയഗിരി പഞ്ചായത്തിൽ മണക്കടവ് മൂരിക്കടവിൽ റഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണത്തിനുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിനുവേണ്ടി ആയക്കെട്ടിന്റെ വിവരങ്ങൾ, മാപ്പ് എന്നിവ ലഭ്യമാക്കുവാൻ ഉദയഗിരി വില്ലേജ് ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമായാൽ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**നീലേശ്വരം പാലായി വളവിലെ റെഗുലേറ്റർ-കം-ബ്രിഡ്ജ്**

265(1105) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

65 കോടിരൂപ ചെലവിൽ നീലേശ്വരം നഗരസഭയിലെ പാലായി വളവിൽ നിർമ്മിച്ച റെഗുലേറ്റർ-കം-ബ്രിഡ്ജിന് (ഉപ്പ് വെള്ളം നിരോധിത ബണ്ടോടുകൂടിയ പാലം) മുകൾ ഭാഗത്ത് ഉപ്പ് വെള്ളം കലരുന്നതുമൂലം കൃഷിക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ നടപടികളുണ്ടാകുമോ; വ്യക്തമാക്കാമോ?

നീലേശ്വരം നഗരസഭയിലെ പാലായി വളവിൽ നിർമ്മിച്ച റെഗുലേറ്റർ -കം-ബ്രിഡ്ജിന്റെ (ഉപ്പുവെള്ള പ്രതിരോധ ബണ്ടോടുകൂടിയ പാലം) നിർമ്മിതിയിൽ ഉപ്പുവെള്ള പ്രതിരോധത്തിനായി ഇരുമ്പ് ഷട്ടറുകളാണ് നിർമ്മിച്ചിട്ടുള്ളത്. ഷട്ടറുകളും അനുബന്ധ സജ്ജീകരണങ്ങളും പൂർണ്ണമായും ജലസേചന വകുപ്പിന് കീഴിലുള്ള മെക്കാനിക്കൽ വിഭാഗത്തിന്റെ മേൽനോട്ടത്തിലാണ് ചെയ്തിട്ടുള്ളത്. ഉപ്പുവെള്ളം മുകളിലേയ്ക്ക് കയറിയതുമായി ബന്ധപ്പെട്ട് ഷട്ടറുകളിൽ ഏതെങ്കിലും തരത്തിലുള്ള ന്യൂനതകളുണ്ടോയെന്ന് മെക്കാനിക്കൽ വിഭാഗം മെയ് മാസത്തിൽ പരിശോധന നടത്തിയിരുന്നു. നിലവിലെ മഴ കുറയുന്ന മുറയ്ക്ക് ഷട്ടറുകൾ

വിശദമായി പരിശോധിച്ച് ന്യൂനതകൾ പരിഹരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കാവുന്നതാണ്.

**കടക്കാട്ടുപാറ ആലുംകടവിൽ റെഗുലേറ്റർ നിർമ്മാണം**

266(1106) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടക്കാട്ടുപാറ ആലുംകടവ് റെഗുലേറ്റർ പദ്ധതിക്ക് കിഫ്ബിയിൽനിന്നും ഫണ്ട് ലഭിക്കുന്നതിന് വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ കടക്കാട്ടുപാറ ആലുംകടവ് ആർ.സി.ബി. നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ 49.20 കോടിരൂപ തുക വരുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിക്കുന്നതിനായി സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയിരുന്ന ഇരുമ്പോത്തിങ്ങൾകടവ് റെഗുലേറ്റർ നിർമ്മാണം പ്രായോഗികമായി നടപ്പാക്കാൻ ബുദ്ധിമുട്ടുള്ളതിനാൽ ആയതിന് അനുവദിച്ച

36 കോടിരൂപ കടക്കാട്ടുപാറ ആലുംകടവിൽ റെഗുലേറ്റർ നിർമ്മിക്കുന്നതിന് അനുവദിക്കാൻ കിഫ്ബിയോട് ശിപാർശ ചെയ്യാമോ;

(സി) മേൽ ശിപാർശ കിഫ്ബി അംഗീകരിക്കാത്തപക്ഷം കടക്കാട്ടുപാറ ആലുംകടവിൽ റെഗുലേറ്റർ നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള എഫ്.എ.2/2510/23 എന്ന ഫയലിന് മുൻഗണന നൽകി കിഫ്ബിക്ക് സമർപ്പിക്കാമോ എന്ന് വ്യക്തമാക്കാമോ?

(ബി & സി) ഈ വിഷയം പരിശോധിച്ച് ഉചിത നടപടി സ്വീകരിക്കാവുന്നതാണ്.

**ഇരിക്കൂർ പാലാക്കുഴികടവിൽ റഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണം**

267(1107) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിലെ ഉളിക്കൽ പഞ്ചായത്തിൽ മണിക്കടവ് പുഴയ്ക്ക് കുറുകെ പാലാക്കുഴികടവിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ്

നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പാലാക്കുഴികടവിൽ താഴെ ഏകദേശം കടമനക്കണ്ടി വളവുപാറ ഭാഗത്ത് വിയർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ; പ്രസ്തുത പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

(എ & ബി)കണ്ണൂർ ജില്ലയിലെ ഉളിക്കൽ പഞ്ചായത്തിലെ കടമനക്കണ്ടി വളവുപാറ ആർ.സി.ബി., പാലാക്കുഴികടവ് ആർ.സി.ബി. എന്നീ പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടത്തുന്നതിനുള്ള പ്രൊപ്പോസൽ നേരത്തെ സമർപ്പിച്ചിരുന്നുവെങ്കിലും ആയതിന്റെ മുൻഗണന പിന്നീട് ആവശ്യപ്പെട്ടപ്പോൾ വിശദമായ സ്ഥലപരിശോധന നടത്തി ഏറ്റവും അനുയോജ്യമായത് കടമനക്കണ്ടി വളവുപാറയുടേതാണെന്ന് മനസ്സിലായതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ നടത്താൻ 2022-23 വർഷത്തെ High priority proposal-ൽ ഉൾപ്പെടുത്തി KERI Director-ടെ കാര്യാലയത്തിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടത്തി Report ലഭ്യമായാൽ രൂപകൽപ്പന നടത്തി വിശദമായ DPR തയ്യാറാക്കി പ്രവൃത്തി നടപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**കരിച്ചാൽകടവ് റെഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതി**

268(1108) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുന്നംകുളം മണ്ഡലത്തിലെ കരിച്ചാൽകടവ് റെഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതിയുടെ പ്രവർത്തനപുരോഗതി വിശദീകരിക്കാമോ?

കാട്ടകമ്പാൽ പഞ്ചായത്തിലെ കരിച്ചാൽകടവ് ചെക്ക് ഡാം-കം-ബ്രിഡ്ജ് നിർമ്മാണത്തിനായി 950 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ടി പ്രവൃത്തിക്കായി M/s. Southern Tech. Vallamattom Building, Pandappilly P.O., Muvattupuzha എന്ന കരാറുകാരൻ ഉടമ്പടി വയ്ക്കുകയും 18 മാസ കാലാവധിയോടുകൂടി 22-11-2018-ന് പ്രവൃത്തിയുടെ സ്ഥലം കരാറുകാരന് കൈമാറുകയും ചെയ്തു. തുടർന്ന് പല തവണകളായി കാലാവധി 31-01-2023 വരെ നീട്ടിനൽകിയിരുന്നു.

സൈറ്റ് കൈമാറി, നാലുവർഷവും രണ്ടുമാസവും പിന്നിട്ടിട്ടും കരാറുകാരന് 30 ശതമാനം പുരോഗതി മാത്രമെ കൈവരിക്കാൻ സാധിച്ചിട്ടുള്ളൂ. കരാറുകാരന്റെ നിരുത്തരവാദിത്വവും അലംഭാവവും ബോധ്യപ്പെട്ടതിനാൽ 31-01-2023-ൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാർ ഉടമ്പടി റദ്ദ് ചെയ്തുവെങ്കിലും ടിയാൻ ഹൈക്കോടതിയിൽ WP(C)No.5827/2023 എന്ന നമ്പറിൽ കേസ് ഫയൽ ചെയ്തിരുന്നതിനാൽ ടി പ്രവൃത്തിയുടെ ബാലൻസ് പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ സ്വീകരിക്കുവാൻ കാലതാമസമെടുത്തു. എന്നാൽ കോടതി വിധി സർക്കാരിന് അനുകൂലമായി വന്നതിനാൽ ടിയാൻ ചെയ്ത പ്രവൃത്തികളുടെ അളവുകൾ തീർപ്പാക്കി ബാലൻസ് എസ്റ്റിമേറ്റ് അംഗീകരിക്കുകയും കരാറുകാരനുള്ള Initial liability fix ആക്കുകയും ചെയ്തു. ബാലൻസ് പ്രവൃത്തി 13-04-2023-ൽ PQ Work ആയി ഇ-ടെണ്ടർ ചെയ്തു. ആരും പങ്കെടുക്കാതിരുന്നതിനെ തുടർന്ന് റീ-ടെണ്ടർ ചെയ്യുകയും ആയതിൽ ഒരു കരാറുകാരൻ മാത്രം ക്വാട്ട് ചെയ്യുകയും ചെയ്തു. 01-08-2023-ൽ ഇതിന്റെ PQ Committee കൂടി ടിയാനെ അംഗീകരിച്ചിട്ടുള്ളതുമാണ്. സിംഗിൾ ടെണ്ടർ

അംഗീകാരത്തിനായി സമർപ്പിക്കുന്ന മുറയ്ക്ക് അംഗീകാരം നൽകി ഉടമ്പടിയിൽ ഏർപ്പെട്ട് പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കാവുന്നതാണ്.

**പെരിഞ്ചേരികടവ് റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണം**

269(1109) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിഞ്ചേരികടവ് റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണ പ്രവൃത്തി എന്നാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ; അനുവദിച്ച തുക എത്രയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ കാലാവധി എത്രയാണെന്നും നിലവിൽ എത്ര ശതമാനം പണി പൂർത്തിയായിട്ടുണ്ടെന്നും വിശദമാക്കാമോ?

(എ & ബി) പെരിഞ്ചേരിക്കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണ പ്രവൃത്തിക്കായി കിഫ്ബി ഉത്തരവുപ്രകാരം ഭൂമി ഏറ്റെടുക്കൽ തുകകൂടി ഉൾപ്പെടുത്തി ₹72.63 കോടിരൂപ അനുവദിച്ചു. ടെണ്ടർ നടപടികൾ പൂർത്തിയാക്കി. പദ്ധതി നടപ്പാക്കുന്നതിനായി 17-09-2020-ന് സ്ഥലം

കരാറുകാരന് കൈമാറി. കരാർ പ്രകാരം സൈറ്റ് കൈമാറിയ തീയതി മുതൽ 18 മാസമായിരുന്നു പൂർത്തീകരണ തീയതി നിശ്ചയിച്ചിരുന്നത്. നിലവിൽ പൂർത്തീകരണ തീയതി 31-03-2024 വരെ നീട്ടിയിട്ടുണ്ട്.

പ്രവൃത്തി നടപ്പാക്കുന്ന കുറ്റ്യാടി പുഴയുടെ ഒഴുക്കിന് തടസ്സം വരാതിരിക്കുന്നതിനായി മൂന്ന് ഘട്ടങ്ങളിലായി ബണ്ട് നിർമ്മിച്ച് പദ്ധതി നടപ്പാക്കുന്നതിനാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. ആദ്യഘട്ടമായി 195 മീറ്റർ ബണ്ട് നിർമ്മിക്കുകയും അതിനുള്ളിലെ പ്രവൃത്തികൾ - ഏപ്രൺ, പിയർ, അബട്ട്മെന്റ്, സംരക്ഷണ ഭിത്തി എന്നിവ നിർമ്മിക്കുകയും ചെയ്തു. നിലവിൽ 27 ശതമാനം പദ്ധതി പ്രവൃത്തികൾ പൂർത്തീകരിച്ചു.

(സി) പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസി ഏതാണെന്ന് വ്യക്തമാക്കാമോ?

ജലസേചന വകുപ്പിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ (എസ്.പി.വി.) കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെയാണ് (കെ.ഐ.ഐ.ഡി.സി.) ചുമതലപ്പെടുത്തിയിരിക്കുന്നത്.

(ഡി) റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പ്രവൃത്തി പൂർണ്ണമായും നിലച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ കാരണം വിശദമാക്കുമോ;

(ഇ) പ്രസ്തുത പ്രവൃത്തി എത്രയുംവേഗം പുനരാരംഭിക്കാനും സമയബന്ധിതമായി പൂർത്തിയാക്കാനുമുള്ള അടിയന്തര നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

(ഡി & ഇ) സാങ്കേതികാനുമതി നൽകിയ ബണ്ടിൽനിന്നും വ്യത്യസ്തമായി പ്രസ്തുത സൈറ്റിന് അനുയോജ്യമായ രീതിയിലുള്ള ബണ്ടാണ് ഒന്നാംഘട്ട പ്രവൃത്തിക്കുവേണ്ടി നിർമ്മിച്ചത്. ബണ്ടിന്റെ നിരക്കിൽ വലിയ വ്യതിയാനം വന്നതിനാൽ കരാറുകാരന്റെ ബിൽ പേമെന്റിന് കാലതാമസം നേരിടുകയും കരാറുകാരൻ കോടതിയെ സമീപിക്കുകയും ഉത്തരവാകുകയും ചെയ്തു. പേയ്മെന്റ് ലഭിക്കാനുണ്ടായ കാലതാമസം പ്രവൃത്തിയുടെ പുരോഗതിയെയും ബാധിച്ചു.

നിലവിൽ ഒന്നാം ഘട്ടത്തിനുവേണ്ടി നിർമ്മിച്ച ബണ്ട് മൺസൂൺ കാലമായതിനാൽ പൊളിച്ചുമാറ്റിയിട്ടുണ്ട്. എന്നാൽ രണ്ടാംഘട്ട ബണ്ട് നിർമ്മിക്കുന്നതിനുമുമ്പ് ബണ്ടിന്റെ ഡിസൈനും എസ്റ്റിമേറ്റും കിഫ്ബിയുടെ

അംഗീകാരം ലഭിക്കേണ്ടതുണ്ട്. രണ്ടാംഘട്ടത്തിൽ 225 മീറ്റർ ബണ്ടാണ് നിർമ്മിക്കേണ്ടത്. പ്രസ്തുത ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ പുരോഗതിയിൽ തടസ്സം വരാതിരിക്കുന്നതിനായി കിഫ്ബിയിൽ അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്. അടുത്ത വർക്കിംഗ് സീസണിൽ പ്രവൃത്തി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**നിലമ്പൂർ കളത്തിൻകടവിൽ പുതിയ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണം**

270(1110) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ ചാലിയാർ പുഴയ്ക്ക് കുറുകെ നിലമ്പൂർ നഗരസഭയിലെ കളത്തിൻകടവിൽ പുതിയ റഗുലേറ്റർ-കം-ബ്രിഡ്ജ് (ഹൈ ലെവൽ ബാരേജ്) നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് കെ.ഐ.ഐ.ഡി.സി. നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ; ഇതിനായി സ്ഥല പരിശോധനയും മണ്ണ് പരിശോധനയും നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പദ്ധതിയുടെ പുതുക്കിയ ഡിസൈൻ പ്രകാരമുള്ള എസ്റ്റിമേറ്റ് കെ.ഐ.ഐ.ഡി.സി. കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ടോ; 13-01-2023-ന് നടന്ന കിഫ്ബി നിയോജകമണ്ഡലതല അവലോകന യോഗത്തിൽ രണ്ട് മാസത്തിനകം എസ്റ്റിമേറ്റ് പുതുക്കി സമർപ്പിക്കണമെന്ന നിർദ്ദേശത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം എത്ര തുകയാണ് മേൽ പദ്ധതിക്ക് അടങ്കൽ പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ; പദ്ധതിയുടെ സാങ്കേതിക വിശദാംശങ്ങൾ ചുരുക്കി അറിയിക്കാമോ?

(എ-സി)മലപ്പുറം ജില്ലയിലെ നിലമ്പൂർ കളത്തിൻകടവിൽ ചാലിയാർ പുഴയ്ക്ക് കുറുകെ റെഗുലേറ്റർ-കം-ഹൈ ലെവൽ ബാരേജ് നിർമ്മാണവുമായി ബന്ധപ്പെട്ട് കെ.ഐ.ഐ.ഡി.സി.-ലെ ഉദ്യോഗസ്ഥർ 09-02-2023-ന് പ്രസ്തുത പദ്ധതി പ്രദേശം സന്ദർശിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് സർവ്വേയും തുടർന്ന് മണ്ണ് പരിശോധനയും കെ.ഐ.ഐ.ഡി.സി. മുഖേനയാണ് നടപ്പാക്കുന്നത്. സർവ്വേ നടപടികൾ പൂർത്തിയാക്കി, സർവ്വേ

റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റെഗുലേറ്ററിന്റെ അലൈൻമെന്റ് ഫിക്സ് ചെയ്തു. മണ്ണ് പരിശോധനയ്ക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏകദേശം 8 മീറ്റർ പൊക്കത്തിലുള്ള ഹൈ ലെവൽ ബാരേജ് നിർമ്മിക്കാൻ സാധിക്കും. ഇതുമൂലം ചാലിയാറിൽ 12 കിലോമീറ്റർ ദൂരത്തിലും ഇതിന്റെ പോഷകനദിയായ കരിമ്പുഴയിൽ 8 കിലോമീറ്റർ ദൂരത്തിലും വെള്ളം സംഭരിക്കുന്നതിന് സാധിക്കും. പ്രസ്തുത പദ്ധതി പ്രദേശത്തെ ഗുഹാനിവാസികളായ ചോലനായ്ക്കർ വിഭാഗത്തിൽപ്പെടുന്ന ആളുകൾക്കും ഇത് പ്രയോജനപ്പെടുന്നതാണ്.

(ഡി) സംസ്ഥാനത്ത് ഹൈ ലെവൽ ബാരേജുകൾ നിലവിലില്ലാത്തതിനാൽ സാങ്കേതിക വിദ്യകളെക്കുറിച്ച് പഠിക്കുന്നതിന് വിദഗ്ദ്ധ സംഘത്തെ നിയോഗിച്ചിട്ടുണ്ടോ; ഹൈ ലെവൽ ബാരേജുകളുള്ള സംസ്ഥാനങ്ങളിലേയ്ക്ക് ഇവരെ പഠനങ്ങൾക്കായി അയയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് ഹൈ ലെവൽ ബാരേജുകളുമായി ബന്ധപ്പെട്ട സാങ്കേതികവിദ്യകളെക്കുറിച്ച് പഠിക്കുന്നതിന് വിദഗ്ദ്ധ സംഘത്തെ

നിയോഗിച്ചിട്ടില്ല. മഹാരാഷ്ട്രയിൽനിന്നും ഹൈ ലെവൽ ബാരേജിന്റെ ഡിസൈൻ ലഭ്യമാക്കിയിട്ടുണ്ട്.

**കാസർഗോഡ് ചിത്താരി റെഗുലേറ്റർ നിർമ്മാണം**

271(1111) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ചിത്താരി റെഗുലേറ്റർ നിർമ്മാണത്തിന്റെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് തുടങ്ങാനാവുമെന്ന് അറിയിക്കാമോ?

(എ & ബി) കാസർഗോഡ് ജില്ലയിലെ ചിത്താരി SWE റെഗുലേറ്ററിന്റെ നിർമ്മാണ പ്രവൃത്തിക്ക് 22-5-2023-ൽ Pre qualification ടെണ്ടർ വിളിക്കുകയുണ്ടായി. 1-8-2023-ലെ Pre Qualification committee കൂടി ടെണ്ടറിൽ പങ്കെടുത്ത 3 കോൺട്രാക്ടർമാരെ അംഗീകരിച്ചിട്ടുണ്ട്. കോൺട്രാക്ടർമാരുടെ - Financial bid 05-08-2023-ന് ഓപ്പൺചെയ്തു. ഇതിൽ

ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത കോൺട്രാക്ടറുമായി എഗ്രിമെന്റിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എഗ്രിമെന്റിൽ ഏർപ്പെടുന്ന മുറയ്ക്ക് പ്രവൃത്തി തുടങ്ങാവുന്നതാണ്.

**കുറ്റ്യാടി മണിയൂർ വേങ്ങാടിക്കലിലെ മോട്ടോർ പ്രവർത്തനം**

272(1112) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിലെ മണിയൂർ ഗ്രാമപഞ്ചായത്തിൽ നെൽകൃഷി നടത്തുന്നതിനായി വേങ്ങാടിക്കൽ എന്ന സ്ഥലത്ത് സ്ഥാപിച്ചിട്ടുള്ള മോട്ടോർ പ്രവർത്തനക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

കുറ്റ്യാടി നിയോജകമണ്ഡലത്തിലെ മണിയൂർ ഗ്രാമപഞ്ചായത്തിൽ ചെരണ്ടത്തൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിലെ (വേങ്ങാടിക്കൽ എന്ന സ്ഥലത്തെ മോട്ടോർ) കേടായ 60 എച്ച്.പി. മോട്ടോറിന് പകരം പുതിയ 60 എച്ച്.പി. മോട്ടോറും അനുബന്ധ ഉപകരണങ്ങളും സ്ഥാപിച്ച് പ്രസ്തുത മോട്ടോർ ഉപയോഗിച്ച് 2022 ഡിസംബർ 1 മുതൽ പമ്പിംഗ് ആരംഭിച്ചിട്ടുണ്ട്. കൂടാതെ

പമ്പ് ഹൗസിൽ നിലവിലുള്ള 40 എച്ച്.പി. മോട്ടോർ 10 എച്ച്.പി. മോട്ടോർ എന്നിവ പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരുന്നു.

(ബി) മോട്ടോർ സ്ഥാപിക്കുന്നതിന് എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളതെന്നും എന്നാണ് സ്ഥാപിച്ചതെന്നും തകരാർ പരിഹരിച്ച് മോട്ടോർ പ്രവർത്തനക്ഷമമാക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസി ഏതെന്നുമുള്ള വിശദവിവരങ്ങൾ അറിയിക്കാമോ?

60 എച്ച്.പി. മോട്ടോർ സ്ഥാപിക്കുന്നതിനായി 7,62,132 രൂപ ചെലവഴിച്ചിട്ടുണ്ട്. 2022 നവംബർ മാസത്തോടെ മോട്ടോർ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയാക്കുകയും 01-12-2022 മുതൽ പമ്പിംഗ് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. എംപവർ ഇൻഫ്രാസ്ട്രക്ചർ, 9/150, ഉദിയൻകുളങ്ങര, അമരവിള പി.ഒ., തിരുവനന്തപുരം എന്ന ഏജൻസിയാണ് മോട്ടോർ സപ്ലൈ ചെയ്തിട്ടുള്ളത്. മോട്ടോർ സ്ഥാപിക്കുന്ന പ്രവൃത്തി കരാർ ഏറ്റെടുത്ത് നടത്തിയിട്ടുള്ളത് ശ്രീ. പി. ടി. ഉസ്മാൻ, മിഹാദ് ഹൗസ്, പുറക്കാട് പി.ഒ., പയ്യോളി എന്ന കരാറുകാരനാണ്.

(സി) വെള്ളക്കെട്ട് കാരണം ധാരാളം ഏക്കർ നെൽകൃഷി നശിച്ചുപോകുന്ന അവസ്ഥയ്ക്ക് അടിയന്തര പരിഹാരം ഉണ്ടാകുമോ എന്ന് വിശദമാക്കാമോ?

കേടായ പഴയ 60 എച്ച്.പി. മോട്ടോർ മാറ്റി പുതിയത് സ്ഥാപിച്ചിട്ടുള്ളത് പൂർണ്ണമായി പ്രവർത്തനക്ഷമമായിട്ടുണ്ട്. കൂടാതെ പഴയ 40 എച്ച്.പി. മോട്ടോറിന്റെ തകരാറുകൾ പരിഹരിക്കുന്നതിനുള്ള പ്രവൃത്തി പൂർത്തിയാവുന്നതോടുകൂടി വെള്ളക്കെട്ടുമൂലം കൃഷി നശിച്ചുപോകുന്ന അവസ്ഥയ്ക്ക് പരിഹാരമുണ്ടാവുന്നതാണ്.

**കുറ്റ്യാടി കട്ടിലമൂഴി വി.സി.ബി. നിർമ്മാണം**

273(1113) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ കുന്നത്തുകര, കട്ടിലമൂഴി വി.സി.ബി. നിർമ്മാണം പൂർത്തിയാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വി.സി.ബി.-കളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിക്കുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ?

(എ & ബി) വളരെ വർഷങ്ങൾക്കുമുമ്പ് നിർമ്മിച്ചതും ഇപ്പോൾ പ്രവർത്തനക്ഷമമല്ലാത്തതുമായ രണ്ട് വി.സി.ബി.-കളാണ് മണിയൂർ പഞ്ചായത്തിലെ കട്ടിലമൂഴി വി.സി.ബി.-യും കുന്നത്തുകര വി.സി.ബി.-യും. ഈ രണ്ട് വി.സി.ബി.-കളുടെയും പുനരുദ്ധാരണ പ്രവൃത്തിക്കായി ഫണ്ടനുവദിച്ചിരുന്നുവെങ്കിലും വി.സി.ബി.-യുടെ പഴക്കവും മോശമായ അവസ്ഥയും കാരണം പ്രവൃത്തി ഏറ്റെടുക്കാൻ കരാറുകാർ ആരുംതന്നെ മുന്നോട്ടുവന്നില്ല. 2018, 2019 വർഷങ്ങളിലെ പ്രളയത്തെ തുടർന്ന് വി.സി.ബി.-യുടെ അവസ്ഥ വീണ്ടും മോശമാവുകയും റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമാക്കാൻ കഴിയാത്ത സ്ഥിതിയിലായത് കാരണം രണ്ട് വി.സി.ബി.-കളും പുനർനിർമ്മിക്കുന്നതാണ് ഉചിതമെന്ന് ബോധ്യപ്പെട്ടതിനാൽ പുതുക്കിയ ഡി.എസ്.ആർ. 2018 നിരക്കിൽ കുന്നത്തുകര വി.സി.ബി.-യുടെ പുനർനിർമ്മാണത്തിന് 60 ലക്ഷം രൂപയുടെ DPR-ഉം കട്ടിലമൂഴി SWE/VCB-യുടെ പുനർനിർമ്മാണത്തിന് 50 ലക്ഷം രൂപയുടെ DPR-ഉം തയ്യാറാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

**മങ്കട ഉട്ടമ്പനാശ്ശേരി പാലം നവീകരണം/വി.സി.ബി.-കം -ബ്രിഡ്ജ് നിർമ്മാണം**

274(1114) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ മങ്കട മണ്ഡലത്തിൽ പുഴക്കാട്ടിരി പഞ്ചായത്തിലെ ചെറുപുഴയ്ക്ക് കുറുകെ രാമപുരം - 38 പുഴക്കാട്ടിരി പുത്തനങ്ങാടി ചെറുകര പി.ഡബ്ല്യൂ.ഡി. റോഡിൽ ഉട്ടമ്പനാശ്ശേരി പാലം നവീകരണം വി.സി.ബി.-കം-ബ്രിഡ്ജ് നിർമ്മാണം എന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) ബഡ്ജറ്റിൽ വിഭാവനം ചെയ്തിരിക്കുന്ന പ്രകാരം പ്രസ്തുത പ്രവൃത്തി നടപ്പാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുപ്രകാരമുള്ള റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ?

(എ&ബി) 2022-23 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് എസ്റ്റിമേറ്റ് അനുബന്ധം-2 വോള്യം-2-ൽ ക്രമനം.2237 ആയി ഭരണാനുമതി ഇല്ലാത്ത പ്രവൃത്തികളിലുൾപ്പെടുത്തി മലപ്പുറം ജില്ലയിലെ മങ്കട മണ്ഡലത്തിലെ പുഴക്കാട്ടിരി പഞ്ചായത്തിലെ ചെറുപുഴയ്ക്ക് കുറുകെ രാമപുരം -38 ഉട്ടമ്പനാശ്ശേരി

പാലം നവീകരണം/വി.സി.ബി.-കം-ബ്രിഡ്ജ് നിർമ്മാണം എന്ന പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തുകയുടെ (300 ലക്ഷംരൂപ) ഇരുപതുശതമാനം തുകയായ 60 ലക്ഷംരൂപ വകയിരുത്തിയിരുന്നു. ആയതുപ്രകാരം പ്രസ്തുത പ്രവൃത്തിയുടെ 300 ലക്ഷം രൂപ വരുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ട് 03-08-2022-ന് നടന്ന അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ കമ്മിറ്റി പരിശോധിക്കുകയും വി.സി.ബി.-കം-ബ്രിഡ്ജിന് പകരം വി.സി.ബി.-കം-ട്രാക്ടർവേ നിർമ്മിക്കാൻ വേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. അതിൻപ്രകാരം സ്ഥലപരിശോധന നടത്തിയപ്പോൾ പ്രസ്തുത സ്ഥലത്ത് എൻ.എച്ച്.-മായി കൂട്ടിമുട്ടുന്ന ഹെവി ട്രാഫിക്കുള്ള റോഡിൽ വി.സി.ബി.-കം-ട്രാക്ടർ വേ പ്രായോഗികമല്ലെന്നും വി.സി.ബി.-കം-ബ്രിഡ്ജ് തന്നെയാണ് ഉചിതമെന്ന് മനസ്സിലാക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

(സി) വി.സി.ബി.-കം-ബ്രിഡ്ജ് എന്ന രീതിയിൽ ജലവിഭവ വകുപ്പ് മറ്റ് ഏതെല്ലാം പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ടെന്നും മുൻസർക്കാരിന്റെയും ഈ

സർക്കാരിന്റെയും കാലത്ത് നടപ്പാക്കിയതോ നടപ്പാക്കിവരുന്നതോ ആയ പ്രവൃത്തികൾ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

**വാമനപുരം-സമഗ്ര ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി**

275(1115) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിന്റെ കിഴക്കൻ മലയോരപ്രദേശമായ ആനാട്, കുറുപുഴ, പാലോട് വില്ലേജുകൾക്ക് വേണ്ടിയുള്ള സമഗ്ര ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

വാമനപുരം നിയോജകമണ്ഡലത്തിലുൾപ്പെട്ട ആനാട്, കുറുപുഴ, പാലോട് വില്ലേജുകളിൽ ശുദ്ധജലമെത്തിക്കുന്നതിനുള്ള വാമനപുരം കുടിവെള്ളപദ്ധതി വിവിധ ഘടകങ്ങൾ ഉൾപ്പെടുത്തി രണ്ടുഘട്ടങ്ങളായി നടപ്പാക്കാനാണ് വിഭാവനം ചെയ്തിരുന്നത്. ഈ പദ്ധതിയുടെ ഒന്നാംഘട്ടം എൻ.ആർ.ഡി.ഡബ്ല്യു.പി.-യിൽ ഉൾപ്പെടുത്തി 15 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പദ്ധതിയുടെ ജലശുദ്ധീകരണശാല, കിണറും

പമ്പ്ഹൗസും, റാ വാട്ടർ പമ്പിംഗ് മെയിൻ, പൈപ്പ് ലൈൻ എന്നിവ പൂർത്തീകരിക്കുകയും ചെയ്തിരുന്നു. രണ്ടാംഘട്ട പ്രവൃത്തികൾക്കായി 16 കോടി രൂപയുടെ ഭരണാനുമതി സ്റ്റേറ്റ് പ്ലാനിലുൾപ്പെടുത്തി നൽകിയിരുന്നു. ഇതിൽ റാ വാട്ടർ പമ്പ് ചെയ്യുന്നതിനായി പമ്പ്സെറ്റുകൾ സ്ഥാപിക്കൽ, നന്ദിയോട് നിലവിലുള്ള ജലസംഭരണിയുടെ പുനരുദ്ധാരണം, പുതുതായി 10 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂതല ജലസംഭരണിയുടെ നിർമ്മാണം, ടി ജലസംഭരണികളിലേയ്ക്ക് ജലശുദ്ധീകരണശാലയിൽനിന്നും ശുദ്ധീകരിച്ച ജലം എത്തിക്കുന്നതിനുള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ, നന്ദിയോട് പഞ്ചായത്തിൽ 63 കി.മീ. ദൈർഘ്യത്തിൽ ജലവിതരണശൃംഖല സ്ഥാപിക്കൽ എന്നിവയാണ് ഉൾപ്പെട്ടിട്ടുള്ളത്. പ്രസ്തുത പ്രവൃത്തികൾ രണ്ട് പാക്കേജുകളായാണ് നടപ്പാക്കുന്നത്. ജലസംഭരണിയുടെ നിർമ്മാണം, പൈപ്പ് ലൈൻ സ്ഥാപിക്കൽ തുടങ്ങിയവ ഉൾപ്പെടുന്ന ഒന്നാമത്തെ പാക്കേജിലെ 71 ശതമാനം പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. പമ്പ്സെറ്റുകൾ, ട്രാൻസ്ഫോർമറുകൾ തുടങ്ങിയവ സ്ഥാപിക്കുന്ന രണ്ടാമത്തെ പാക്കേജിൽ 73 ശതമാനം പ്രവൃത്തിയും പൂർത്തിയായിട്ടുണ്ട്.

ടി പദ്ധതിയുടെ മൂന്നാംഘട്ടമായി ആനാട്, നന്ദിയോട് പഞ്ചായത്തുകളിലെ മുഴുവൻ പ്രദേശത്തും കുടിവെള്ളമെത്തിക്കുന്നതിനായി ജൽ ജീവൻ മിഷനിലുൾപ്പെടുത്തി 65.66 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആലുംകുഴിയിൽ 5.3 ലക്ഷം ലിറ്റർ, കുപ്പിൽ 6.25 ലക്ഷം ലിറ്റർ, കൈതക്കാട് 1.7 ലക്ഷം ലിറ്റർ വീതം ശേഷിയുള്ള ഉപരിതല ജലസംഭരണികളുടെ നിർമ്മാണം, പ്രസ്തുത ജലസംഭരണികളിലേയ്ക്ക് ശുദ്ധജലമെത്തിക്കുന്നതിനുള്ള പൈപ്പ് ലൈനുകൾ, പമ്പ് സെറ്റുകൾ, ട്രാൻസ്ഫോർമറുകൾ, ഇരുപഞ്ചായത്തുകളിലും ആവശ്യമായ ജലവിതരണശൃംഖലകൾ തുടങ്ങിയവ സ്ഥാപിക്കലും കുടിവെള്ള കണക്ഷനുകൾ നൽകലും ഇതിലുൾപ്പെടുന്നു. ഇതിൽ കൈതക്കാട്, കുപ്പ് എന്നിവിടങ്ങളിലെ ഉപരിതല ജലസംഭരണികളുടെ നിർമ്മാണം പൂർത്തിയായി. ആലുംകുഴിയിലെ ജലസംഭരണിയുടെ നിർമ്മാണം പുരോഗമിക്കുന്നു. ഏകദേശം 144 കി.മീ. ജലവിതരണശൃംഖല സ്ഥാപിക്കേണ്ടതിൽ 4 മേഖലകളായി തിരിച്ച് ഏതാണ്ട് 95 കിലോമീറ്ററോളം സ്ഥാപിച്ചുകഴിഞ്ഞു. ജൽ ജീവൻ

മിഷനിലുൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾകൂടി പൂർത്തിയാകുന്നതോടെ മേൽപ്പറഞ്ഞ പഞ്ചായത്തുകളിലെ മുഴുവൻ പ്രദേശത്തും ശുദ്ധജലമെത്തിക്കാൻ സാധിക്കും.

(ബി) ആനാട്, നന്ദിയോട് പഞ്ചായത്തുകളിലെ എത്ര കുടുംബങ്ങൾക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതെന്നും എത്ര തുകയാണ് പദ്ധതിക്കുവേണ്ടി ചെലവഴിക്കുന്നതെന്നും വിശദീകരിക്കാമോ?

ജൽ ജീവൻ മിഷനിലുൾപ്പെടുത്തി ആനാട് പഞ്ചായത്തിൽ 7814 കുടുംബങ്ങൾക്കും നന്ദിയോട് പഞ്ചായത്തിൽ 3826 കുടുംബങ്ങൾക്കും കുടിവെള്ള കണക്ഷൻ നൽകുവാനാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിക്ക് എൻ.ആർ.ഡി.ഡബ്ല്യൂ.പി.-യിലൂടെ 15 കോടി രൂപയുടെയും സ്റ്റേറ്റ് പ്ലാനിലൂടെ 16 കോടി രൂപയുടെയും ജൽ ജീവൻ മിഷനിലൂടെ 65.66 കോടി രൂപയുടെയും ഭരണാനുമതിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

(സി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് വിശദീകരിക്കാമോ; പദ്ധതി എന്ന് പൂർത്തീകരിക്കാനാവുമെന്ന് വ്യക്തമാക്കാമോ?

പദ്ധതിയുടെ പ്രധാന ഘടകമായ ജലശുദ്ധീകരണശാല ഉൾപ്പെടെയുള്ളവയുടെ നിർമ്മാണം എൻ.ആർ.ഡി.ഡബ്ല്യൂ.പി. പദ്ധതിയിൽ നൽകിയ ഭരണാനുമതി തുകയിൽ പൂർത്തിയാക്കിയിരുന്നു. എന്നാൽ പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് രണ്ടാംഘട്ട പ്രവൃത്തികളും നടത്തേണ്ടതുണ്ടായിരുന്നു. എൻ.ആർ.ഡി.ഡബ്ല്യൂ.പി. പദ്ധതികൾക്കുള്ള ഫണ്ട് നിലച്ചതിനാൽ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തിയാണ് രണ്ടാംഘട്ട പ്രവൃത്തികൾക്കുള്ള ഭരണാനുമതി നൽകിയത്. രണ്ടാംഘട്ട പ്രവൃത്തികൾ പുരോഗമിക്കവെ കോവിഡ് മഹാമാരിയുടെ കടന്നുവരവും അതിനെത്തുടർന്നുള്ള നിയന്ത്രണങ്ങളും പദ്ധതിയുടെ പുരോഗതിയെ സാരമായി ബാധിച്ചു. തുടർന്ന് സ്റ്റേറ്റ് പ്ലാൻ പദ്ധതികൾക്കുള്ള ഫണ്ട് ലഭ്യമാകാൻ കാലതാമസമുണ്ടായത് കാരണം കരാറുകാരൻ ചെയ്ത പ്രവൃത്തിക്കുള്ള തുക ലഭ്യമാകുവാൻ കാലതാമസമുണ്ടാകുകയും കരാറുകാരൻ പ്രവൃത്തികൾ നിർത്തിവയ്ക്കുന്ന സാഹചര്യമുണ്ടാകുകയും ചെയ്തു. ഇതെല്ലാം പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസത്തിന് കാരണമായിട്ടുണ്ട്. നിലവിൽ പദ്ധതികൾ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുന്നതിനാവശ്യമായ

നടപടികൾ സ്വീകരിച്ചുവരികയാണ്. 2023 ഡിസംബർ മാസത്തോടെ പദ്ധതി കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**കുട്ടനാട്ടിലെ തോടുകളിലും കുളങ്ങളിലും അടിഞ്ഞുകൂടിയിരിക്കുന്ന പോളയും ചെളിയും നീക്കം ചെയ്യാൻ നടപടി**

276(1116) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ തോടുകളിലും കുളങ്ങളിലും അടിഞ്ഞുകൂടിയിരിക്കുന്ന പോളയും ചെളിയും നീക്കം ചെയ്യാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

കുട്ടനാട്ടിലെ തോടുകളിലും കുളങ്ങളിലും അടിഞ്ഞുകൂടിയിരിക്കുന്ന പോളയും ചെളിയും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്യുന്നതിനായി പ്ലാൻ പദ്ധതി, ദുരന്തനിവാരണ പദ്ധതി, റിനൊവേഷൻ ഓഫ് ടാങ്ക്സ് ആൻഡ് പോണ്ട്സ്, മഴക്കാല പൂർവ്വമുന്നൊരുക്കം എന്നീ പദ്ധതികളിലുൾപ്പെടുത്തി പ്രവൃത്തികൾ നടപ്പാക്കിവരുന്നു. കൂടാതെ, കുട്ടനാട്ടിലെ തോടുകളിലും ജലസ്രോതസ്സുകളിലും അടിഞ്ഞുകൂടിയ ചെളിയും മാലിന്യങ്ങളും നീക്കം ചെയ്ത്

തദ്വാര അധിക പ്രളയജലം കടലിലേയ്ക്ക് ഒഴുക്കി വിടുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ പ്രസ്തുത ശുചീകരണം നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ത്രിതല പഞ്ചായത്തുകളുടെ സഹായത്തോടെ ശുചീകരണ പ്രവൃത്തികൾ നടത്തുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

**നാദാപുരം മണ്ഡലത്തിലെ കുറ്റ്യാടി –തുണേരി–വേറ്റുമ്മൽ–കായപ്പനച്ചി ടെയിൽ എൻഡ് പദ്ധതി**

277(1117) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് കുറ്റ്യാടി-തുണേരി-വേറ്റുമ്മൽ-കായപ്പനച്ചി ടെയിൽ എൻഡ് പദ്ധതിയുടെ പുനരുദ്ധരിക്കൽ നടപടിയുമായി ബന്ധപ്പെട്ട് നാളിതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ ഇറിഗേഷൻ വകുപ്പിന്റെയും റവന്യൂ വകുപ്പിന്റെയും സംയുക്ത സർവ്വേ നടപടി ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ന് പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ?

(എ&ബി) കുറ്റ്യാടി ജലസേചന പദ്ധതിയുടെ ഭാഗമായ തുണേരി ബ്രാഞ്ച് കനാലിന്റെ വാലറ്റത്തിൽനിന്നും (ചെയി.7/650 കി.മീ.) ആരംഭിക്കുന്ന Tail end distributory കനാൽ പുനരുദ്ധാരണ പ്രവൃത്തി നടത്തുവാനുള്ള തുടർ നടപടികൾക്കായി കനാൽ ഭൂമിയുടെ അതിര് നിർണ്ണയിക്കുന്നതിന് വടകര താലൂക്ക് തഹസിൽദാർക്ക് ചീഫ് എഞ്ചിനീയർ അപേക്ഷ സമർപ്പിച്ചിരുന്നു. Tail end distributory കനാലിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് 4.25 കി.മീ. നീളത്തിൽ കനാൽ ഭൂമി അക്വയർ ചെയ്തെങ്കിലും 2.00 കി.മീ. ദൂരം മാത്രമേ കനാൽ നിർമ്മിച്ചിട്ടുള്ളൂ. നിർമ്മിച്ച സ്ഥലങ്ങളിൽ പലയിടത്തും കനാൽ മൂടിപ്പോയ അവസ്ഥയിലായതിനാൽ കനാൽ Alignment പല സ്ഥലത്തും മനസ്സിലാക്കുവാൻ സാധിക്കില്ല. ആയതിനാൽ കനാൽ ഭൂമിയുടെ അതിര് വ്യക്തമാക്കുവാൻ സർവ്വേ നടപടികൾ പൂർത്തിയാക്കേണ്ടതുണ്ട്. കനാൽ ഭൂമിയിൽ സർവ്വേക്കല്ലുകൾ ഒന്നുംതന്നെ കാണാത്തതിനാൽ ഇറിഗേഷൻ

വകുപ്പിന്റെയും റവന്യൂ വകുപ്പിന്റെയും സംയുക്ത സർവ്വേ നടപടി ആരംഭിക്കുവാൻ സാധിച്ചിട്ടില്ല.

**കാഞ്ഞിരപ്പുഴ ഡാം റിംഗ് റോഡ് നിർമ്മാണം**

278(1118) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ പായപ്പുല്ല് മുതൽ ഇരുമ്പകച്ചോല വരെയുള്ള പത്ത് കിലോമീറ്റർ റോഡ്, ജലസേചന വകുപ്പിന് കീഴിലുള്ള കാഞ്ഞിരപ്പുഴ ഡാമിന്റെ, റിംഗ് റോഡാക്കി നവീകരിക്കുന്നതിന് സമർപ്പിച്ച അപേക്ഷയിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കോങ്ങാട് മണ്ഡലത്തിലെ പായപ്പുല്ല് മുതൽ ഇരുമ്പകച്ചോല വരെയുള്ള റോഡ് കാഞ്ഞിരപ്പുഴ ഡാമിന്റെ റിംഗ് റോഡാക്കി നവീകരിക്കുന്നതുമായി ബന്ധപ്പെട്ട അപേക്ഷ ചീഫ് എഞ്ചിനീയർ പ്രോജക്ട്-I-ന്റെ കാര്യാലയത്തിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് ഉചിത നടപടികൾ സ്വീകരിക്കുന്നതിനായി സൂപ്രണ്ടിംഗ് എഞ്ചിനീയർ, ശിരുവാണി പ്രോജക്ട്

സർക്കിൾ, പാലക്കാടിനും, എക്സിക്യൂട്ടീവ് എഞ്ചിനീയർ, കാഞ്ഞിരപ്പുഴ ഡിവിഷനും നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത റിംഗ് റോഡ് നവീകരിച്ച് ഗതാഗതയോഗ്യമാക്കുന്നത് കാഞ്ഞിരപ്പുഴ ഡാം ടൂറിസം സാധ്യതകളെ കൂടുതൽ പ്രയോജനപ്രദമാക്കി മാറ്റുമെന്ന് വിലയിരുത്തിയിട്ടുണ്ടോ?

ഉണ്ട്. പായപ്പുല്ല് മുതൽ ഇരുമ്പകച്ചോല വരെയുള്ള റോഡ് നവീകരിച്ച് ഗതാഗതയോഗ്യമാക്കിയാൽ അത് ഡാം ടൂറിസം സാധ്യതകൾ വർദ്ധിക്കുന്നതിന് സഹായകരമാവും.

(സി) കാഞ്ഞിരപ്പുഴ ഡാം റിംഗ് റോഡ് നിർമ്മാണത്തിനുള്ള അപേക്ഷ പരിഗണിച്ച് അടിയന്തര തുടർനടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

**ചാത്തന്നൂർ ഞവരൂർ കടവ് ട്രാക്ടർ ബ്രിഡ്ജ് നിർമ്മാണം**

279(1119) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാത്തന്നൂർ മണ്ഡലത്തിലെ ഞവരൂർ കടവിൽ ട്രാക്ടർ ബ്രിഡ്ജ് നിർമ്മിക്കുന്നതിനായുള്ള നടപടികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

ഞവരൂർ കടവിൽ ട്രാക്ടർ ചെക്ക് ഡാം നിർമ്മിക്കാനാണ് ആദ്യം പദ്ധതി രൂപീകരിച്ചത്. ആയതിനായി ഇൻവെസ്റ്റിഗേഷൻ നടത്തി ഐ.ഡി.ആർ.ബി. ഡിസൈൻ അനുസരിച്ച് തയ്യാറാക്കിയ എസ്റ്റിമേറ്റ് തുക നിജപ്പെടുത്തേണ്ടതിനാലും ഇത്തിക്കര ആറ്റിൽ ഞവരൂർ കടവിനുതാഴെ മറ്റൊരു ചെക്ക് ഡാം നിർമ്മാണം കേരള വാട്ടർ അതോറിറ്റിയുടെ പരിഗണനയിലുള്ളതിനാലും ബഹു. ചാത്തന്നൂർ എം.എൽ.എ. ഞവരൂർ കടവിൽ ട്രാക്ടർ ബ്രിഡ്ജ് മാത്രം നിർമ്മിക്കുന്ന പദ്ധതിയായി പുനഃക്രമീകരിക്കുവാൻ നിർദ്ദേശിച്ചു. ആയതനുസരിച്ച് റഗുലേറ്റർ എന്ന പ്രവൃത്തിക്ക് പകരം ബ്രിഡ്ജ് എന്നാക്കി മാറ്റി പ്രവൃത്തി പുനഃനാമകരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും കൂടാതെ ടി പ്രവൃത്തിയിൽ പാലം പണി മാത്രം ഉൾപ്പെടുന്നതിനാൽ പൊതുമരാമത്ത് വകുപ്പ് മുഖേന

ഏറ്റെടുത്ത് നടപ്പാക്കാവുന്നതാണോ എന്നതുമുള്ള വിഷയം പരിശോധിച്ചുവരികയുമാണ്.

**പെരിയാർവാലി ഇറിഗേഷൻ പ്രോജക്ടിന്റെ സ്ഥലത്ത് പാർക്കും ഓപ്പൺ ജിംനേഷ്യവും**

280(1120) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഴക്കുളം ഗ്രാമപഞ്ചായത്തിലെ 12-ാം വാർഡിൽ മുള്ളൻകുന്ന് ഭാഗത്ത് പെരിയാർവാലി ഇറിഗേഷൻ പ്രോജക്ടിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഗ്രാമീണ ടൂറിസം ഡെസ്റ്റിനേഷൻ ചലഞ്ചിലുൾപ്പെടുത്തി പാർക്കും ഓപ്പൺ ജിംനേഷ്യവും സ്ഥാപിക്കുന്നത് സംബന്ധിച്ച നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) എങ്കിൽ പ്രസ്തുത പദ്ധതിക്ക് അനുമതി നൽകുന്നതിന് അടിയന്തര നടപടി കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കാമോ?

രേഖാമൂലം അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കാവുന്നതാണ്.

**തീരദേശ പരിപാലന പദ്ധതി**

281(1121) <u>ശ്രീ. സണ്ണി ജോസഫ്</u>:
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>:
<u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നൂതന സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് തീരദേശ പരിരക്ഷണത്തിനായി വിഭാവനം ചെയ്ത പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് ഏതൊക്കെ തീരങ്ങളിലാണ് പ്രസ്തുത പദ്ധതി പ്രകാരമുള്ള തീരസംരക്ഷണ പ്രവൃത്തികൾ നടപ്പാക്കിയിട്ടുള്ളതെന്ന വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തൊക്കെ പഠനങ്ങളാണ് നടത്തിയിട്ടുള്ളതെന്നും പദ്ധതിയുടെ ഭാഗമായി എന്തൊക്കെ സാങ്കേതികവിദ്യകളാണ് തീരസംരക്ഷണത്തിനായി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളതെന്നും വിശദമാക്കുമോ?

(എ-സി) ഹ്രസ്വകാലാടിസ്ഥാനത്തിൽ അനുയോജ്യമായ സ്ഥലങ്ങളിൽ ജിയോബാഗുകളിൽ മണൽ നിറച്ചും കല്ല് ഉപയോഗിച്ചുള്ള പുനരുദ്ധാരണ പ്രവൃത്തികൾ നടത്തിയും അടിയന്തരമായി കടൽത്തീരത്തെ സംരക്ഷിക്കാനുള്ള നടപടികൾ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് വകുപ്പ് നടപ്പാക്കാറുണ്ട്. അടിയന്തരഘട്ടത്തിൽ കടലാക്രമണത്തെ തടയുന്നതിന് ടി പ്രവൃത്തികൾ ഒരു പരിധിവരെ ഫലപ്രദമായി കാണുന്നു. എന്നാൽ കാലാവസ്ഥാ വ്യതിയാനവും മറ്റ് പ്രകൃതി പ്രതിഭാസങ്ങളും മൂലമുണ്ടാകുന്ന കടലാക്രമണത്തെ ചെറുക്കുവാൻ തീരഘടനയ്ക്ക് അനുയോജ്യമായ മറ്റ് സുസ്ഥിര നൂതന പരിഹാര മാർഗ്ഗങ്ങൾകൂടി അവലംബിക്കേണ്ടതായിട്ടുണ്ട്.

പുതിയ സാങ്കേതികവിദ്യകൾ ഉചിതമായി സംയോജിപ്പിച്ചുകൊണ്ട് തീരദേശ പരിരക്ഷണ നടപടികൾ അഞ്ച് വർഷംകൊണ്ട് നടപ്പാക്കുന്നതിനായി 2021-2022 സംസ്ഥാന ബഡ്ജറ്റിൽ 5300 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമായി കിഫ്ബി ധനസഹായത്തോടെ 1500 കോടി രൂപയുടെ പദ്ധതി നടപ്പാക്കാൻ

തീരുമാനിക്കുകയുണ്ടായി. ഇതുപ്രകാരമുള്ള പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മേൽപ്പറഞ്ഞ പദ്ധതിയുടെ ഭാഗമായി ഇന്നത്തെ പരിസ്ഥിതിക്ക് അനുയോജ്യമായ കടൽഭിത്തിയുടെയും പുലിമുട്ടുകളുടെയും പുതുക്കിയ ഡിസൈനുവേണ്ടി NCCR (National Centre for Coastal Research) എന്ന വിദഗ്ദ്ധ സ്ഥാപനത്തിന്റെ സഹായത്തോടെ വിശദമായ പഠനം നടത്തുവാൻ കടലാക്രമണം ഏറ്റവും കൂടുതൽ രൂക്ഷമായി ബാധിക്കുന്ന കൊല്ലംകോട്, ശംഖുമുഖം, ആലപ്പാട്, ഒറ്റമശ്ശേരി, ചെല്ലാനം, കൊടുങ്ങല്ലൂർ, പൊന്നാനി, കാപ്പാട്, തലശ്ശേരി, വലിയപറമ്പ എന്നീ പ്രദേശങ്ങൾ ഹോട്ട്സ്പോട്ടുകളായി തെരഞ്ഞെടുക്കുകയുണ്ടായി. കടലാക്രമണം ഏറ്റവും രൂക്ഷമായ എറണാകുളം ജില്ലയിലെ ചെല്ലാനം പ്രദേശത്ത് ടെട്രാപോഡ് സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള സംയോജിത കടൽഭിത്തിയുടെയും പുലിമുട്ടുകളുടെയും നിർമ്മാണം ജലസേചന വകുപ്പിന്റെ SPV-യായ KIIDC മുഖേന കിഫ്ബി ധനസഹായത്തോടെ നടപ്പാക്കിവരുന്നു.

NCCR-ന്റെ ഡിസൈൻ പ്രകാരം കൊല്ലംകോട് പ്രദേശത്ത് ടെട്രാപോഡ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള 51 കോടി രൂപയുടെ എസ്റ്റിമേറ്റിന് 24-12-2022-ലെ സ.ഉ(സാധാ)നം. 1150/2022/ജവിവ. പ്രകാരം കിഫ്ബി ധനസഹായത്തോടെ നടപ്പാക്കാൻ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. കൊല്ലം ജില്ലയിലെ ആലപ്പാട് പ്രദേശത്ത് ടെട്രാപോഡ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മിക്കുന്നതിന് NCCR-ന്റെ ഡിസൈൻ പ്രകാരമുള്ള 172.50 കോടി രൂപയുടെ എസ്റ്റിമേറ്റിന് 17-04-2023-ലെ സ.ഉ.(സാധാ)നം.382/2023/ജവിവ പ്രകാരം കിഫ്ബി ധനസഹായത്തോടെ നടപ്പാക്കാൻ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. നടപടികളുടെ പൂർത്തീകരണത്തിന്റെ ഭാഗമായി ഇവ ഇനി മന്ത്രിസഭ പരിശോധിക്കേണ്ടതുണ്ട്. തിരുവനന്തപുരം ജില്ലയിലെ പനത്തുറക്കര പ്രദേശത്ത് ടെട്രാപോഡ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മിക്കുന്നതിന് NCCR-ന്റെ ഡിസൈൻ പ്രകാരമുള്ള 70 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബി ധനസഹായത്തോടെ നടപ്പാക്കാനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

മറ്റുപ്രദേശങ്ങളിൽ തീരപ്രദേശത്തിന്റെ ഘടനയ്ക്കനുസരിച്ച് അനുയോജ്യമായ സ്ഥലങ്ങളിൽ കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുക, തീര പോഷണം (beach nourishment) പോലുള്ള പ്രകൃതി സൗഹാർദ്ദ തീരസംരക്ഷണ മാർഗ്ഗങ്ങളും മറ്റ് അനുയോജ്യമായ നിർമ്മിതികളും അവലംബിക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

**ഒറ്റപ്പാലം മണ്ഡലത്തിലെ കുളങ്ങളുടെ നവീകരണം**

282(1122) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിലെ കുളങ്ങൾ നവീകരിക്കുന്നതിന് 2023-24 സാമ്പത്തിക വർഷത്തിൽ ഏതെങ്കിലും പദ്ധതികളുണ്ടോ; എങ്കിൽ ഏതെല്ലാം കുളങ്ങളെന്നും അനുവദിച്ച തുക എത്രയെന്നും വിശദമാക്കാമോ?

ഇല്ല.

(ബി) ഇല്ലെങ്കിൽ തുക അനുവദിക്കാനുള്ള നടപടി അടിയന്തരമായി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ഒറ്റപ്പാലം മണ്ഡലത്തിലെ കുളങ്ങൾ നവീകരിക്കുന്നതിനുവേണ്ടി ജനപ്രതിനിധികൾ ഉദ്യോഗസ്ഥരുമായി സംയുക്ത പരിശോധന നടത്തി കുണ്ടുകുളം, മന്നാടികുളം, തെക്കുമുറി കുന്നത്തുകുളം എന്നിവയുടെ നവീകരണത്തിനായി ബന്ധപ്പെട്ട കാര്യാലയങ്ങളിൽ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+. എസ്റ്റിമേറ്റ്/ഡി.പി.ആർ. ലഭ്യമാകുന്ന മുറയ്ക്ക്, പരിശോധിച്ച് തുടർനടപടി സ്വീകരിക്കാവുന്നതാണ്.

**കുഴൽക്കിണറിൽ നിന്നുള്ള ജലവിതരണം**

283(1123) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മണ്ഡലത്തിലെ മാഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ കുഴൽ കിണറിൽനിന്നും മിനി ജലവിതരണം നടത്തുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച് ബഹു. ജലസേചന വകുപ്പുമന്ത്രിക്ക് നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ഭൂജല വകുപ്പ് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 2021-22 സാമ്പത്തിക വർഷം 6,81,233/- രൂപയുടെ ഭരണാനുമതി നൽകുകയും 3,94,181/- രൂപ ചെലവഴിച്ചുകൊണ്ട് പ്രസ്തുത കുഴൽക്കിണർ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ട് നാളിതുവരെയായി പദ്ധതി പൂർത്തിയാക്കാത്തതിന്റെ കാരണം വിശദീകരിക്കാമോ?

സംസ്ഥാനത്ത് ജൽ ജീവൻ മിഷൻ പദ്ധതി മുഖേന കുടിവെള്ള വിതരണത്തിന് ഫണ്ട് ലഭ്യമായതിനാലും വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ ലഭ്യമായ തുക കുറവായതിനാലും ജൽ ജീവൻ മിഷൻ പദ്ധതി മുഖേന പ്രസ്തുത സ്ഥലത്ത് ഭൂജല വകുപ്പ് മുഖേന കുഴിച്ച കുഴൽക്കിണർ ജലവിതരണം സാദ്ധ്യമാക്കുന്നതിന് പരിഗണന നൽകിയിരുന്നു. എന്നാൽ നാളിതുവരെ പദ്ധതി നടപ്പാക്കാത്ത സാഹചര്യത്തിൽ ഭൂജല വകുപ്പ് അടിയന്തര പ്രാധാന്യത്തോടെ പ്രസ്തുത വിഷയം പരിഗണിക്കുന്നതാണ്.

(സി) ഇക്കാര്യം പരിശോധിച്ച് പ്രസ്തുത പദ്ധതിയിലൂടെ ജല വിതരണം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

പ്രസ്തുത പദ്ധതിയിലൂടെ ജലവിതരണം നടത്തുന്ന വിഷയം പരിഗണിക്കാവുന്നതാണ്.

**പയ്യന്നൂർ നഗരസഭയിലെ കിണർ നിർമ്മാണം**

284(1124) **ശ്രീ. ടി. ഐ. മധുസൂദനൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നഗരസഭയിൽ കുടിവെള്ള വിതരണത്തിനായി വിഭാവനം ചെയ്ത പദ്ധതിയുടെ ഭാഗമായുള്ള കിണർ നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി ആരംഭിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി ആരംഭിക്കാൻ ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ-സി) 2017-18-ലെ സ്റ്റേറ്റ് പ്ലാനിലുൾപ്പെടുത്തി പയ്യന്നൂർ കുടിവെള്ള പദ്ധതിയുടെ ഭാഗമായി ചപ്പാരപ്പടവിലെ കിണർ നിർമ്മാണ പ്രവൃത്തി തുടങ്ങാൻ ശ്രമിച്ചെങ്കിലും ചപ്പാരപ്പടവ് പഞ്ചായത്ത് അധികൃതർ പ്രവൃത്തി

നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് കരാറുകാരന് സ്റ്റോപ്പ് മെമ്മോ നൽകിയതിനാലും ജലസേചന വകുപ്പിന്റെ കാട്ടാമ്പള്ളി തടയണ നിർമ്മാണ പ്രവൃത്തി പുനരാരംഭിക്കാതെ കിണർ നിർമ്മാണം നടത്തുവാൻ അനുവദിക്കില്ലെന്ന നാട്ടുകാരുടെ ശക്തമായ പ്രതിഷേധത്തിനാലും പ്രവൃത്തി മുന്നോട്ട് കൊണ്ടുപോകാൻ സാധിച്ചില്ല.

ചപ്പാരപ്പടവ് പഞ്ചായത്തിലെ കൂവേരി കാട്ടാമ്പള്ളിയിൽ കുപ്പം നദിക്ക് കുറുകെ റെഗുലേറ്റർ നിർമ്മിക്കുന്നതിന് കിഫ്ബി 26.06 കോടി രൂപയുടെ ധനസഹായം അനുവദിക്കുകയും പ്രസ്തുത പദ്ധതിക്ക് സാങ്കേതികാനുമതി നൽകി കെ.ഐ.ഐ.ഡി.സി. ടെണ്ടർ ചെയ്യുകയും ചെയ്തിരുന്നു. ഇൻഫാബ് ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് എന്ന കമ്പനി 18.57 കോടി രൂപയ്ക്ക് കരാർ നടപ്പാക്കി 07-11-2019-ന് പ്രവൃത്തി ആരംഭിച്ചെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി മുന്നോട്ട് കൊണ്ടുപോകാൻ സാധിച്ചില്ല. പ്രസ്തുത പ്രവൃത്തിക്ക് ഡി.എസ്.ആർ. 2018 നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി 25.99 കോടി രൂപയുടെ പദ്ധതിക്ക് സാങ്കേതികാനുമതി നൽകുകയും തുടർന്ന്

10-03-2023-ൽ ടെണ്ടർ ചെയ്യുകയും ചെയ്തു. കരാറുകാരന് പ്രസ്തുത പദ്ധതിയുടെ സെലക്ഷൻ നോട്ടീസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അമൃത് 2.0-ൽ ഉൾപ്പെടുത്തി കിണറും വിതരണ ശൃംഖല ഉൾപ്പെടെ, 24.372 കോടി രൂപയുടെ ഭരണാനുമതി നൽകാൻ 2023 ജൂലൈ 15-ന് ചേർന്ന AMRUT 2.0, 6th State High Powered Steering Committee യോഗത്തിൽ തീരുമാനമായിട്ടുണ്ട്.

ജില്ലാ ഭരണകൂടം, പയ്യന്നൂർ നഗരസഭ, ചപ്പാരപ്പടവ് പഞ്ചായത്ത്, ജലസേചന വകുപ്പ് എന്നീ സ്ഥാപനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് ചർച്ചകളിലൂടെ നിലവിലുള്ള എതിർപ്പുകൾ ഒഴിവാക്കി പദ്ധതി നടപ്പാക്കാവുന്നതാണ്.

**കുണ്ടറ മണ്ഡലത്തിലെ ഗ്രൗണ്ട് വാട്ടർ പദ്ധതികൾ**

285(1125) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ഏപ്രിൽ മുതൽ നാളിതുവരെ കുണ്ടറ നിയോജകമണ്ഡലത്തിന്റെ പരിധിയിലുള്ള ഏതൊക്കെ സ്ഥലങ്ങളിലാണ്

കുഴൽക്കിണർ നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമായിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഭൂജല വകുപ്പിന്റെ 2022-23 സാമ്പത്തിക വർഷത്തെ ഭൂജലാധിഷ്ഠിത കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി കുണ്ടറ നിയോജകമണ്ഡലത്തിൽ രണ്ട് ട്യൂബ് വെല്ലുകൾ നിർമ്മിക്കുവാൻ ഭരണാനുമതി ലഭിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

1. കൊറ്റങ്കര ഗ്രാമപഞ്ചായത്ത് ചന്ദനത്തോപ്പ് മേലേവിളഭാഗം ട്യൂബ് വെൽ നിർമ്മാണം.

2. നെല്ലിക്കുന്നം സബ് സെന്റർ, പേരയം ഗ്രാമപഞ്ചായത്ത് ട്യൂബ് വെൽ നിർമ്മാണം.

എം.എൽ.എ. –എസ്.ഡി.എഫ്. പ്രവൃത്തികളുടെ വിശദാംശങ്ങൾ:-

1. ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത് ആലുംമൂട് വാർഡ് കുറ്റിമുക്കിൽ ട്യൂബ് വെൽ നിർമ്മാണം.

2. തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത് മൈലാപ്പൂര് ട്യൂബ് വെൽ നിർമ്മാണം.

(ബി) കുഴൽക്കിണറുകളുടെ നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമായിട്ടും നാളിതുവരെ പൂർത്തിയാക്കിയിട്ടില്ലാത്ത പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; ഇവ പൂർത്തീകരിക്കുവാൻ കാലതാമസം നേരിടുന്നുണ്ടെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

കുഴൽക്കിണറുകളുടെ നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമായിട്ടും നാളിതുവരെ പൂർത്തിയാക്കിയിട്ടില്ലാത്ത പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

1. പേരയം ഗ്രാമപഞ്ചായത്ത് നെല്ലിമുക്കം സബ്സെന്റർ ട്യൂബ് വെൽ നിർമ്മാണം തുടങ്ങിയെങ്കിലും അടിഭാഗത്ത് കേവിംഗ് രൂപപ്പെട്ടതിനാൽ നിർമ്മാണം പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. പ്രദേശത്ത് ട്യൂബ് വെൽ നിർമ്മാണത്തിന് അനുയോജ്യമായ മറ്റുസ്ഥലങ്ങൾ ലഭ്യമല്ല.

2. തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത് മൈലാപ്പൂര് വാർഡിൽ ട്യൂബ് വെൽ നിർമ്മാണം, റീ ടെണ്ടർ മൂന്നാം തവണ ചെയ്തപ്പോഴാണ് അനുകൂലമായ ബിഡ് സമർപ്പിച്ചത്. ഇപ്പോൾ ടി പദ്ധതിയുടെ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. പ്രവൃത്തി ഉടൻതന്നെ ആരംഭിക്കാവുന്നതാണ്.

3. ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത് ആലുമൂട് വാർഡിൽ കുറ്റിമുക്ക് ട്യൂബ് വെൽ നിർമ്മാണം എന്ന പ്രവൃത്തി നിരവധി തവണ ടെണ്ടർ ചെയ്തിട്ടും ആരും ബിഡ് സമർപ്പിച്ചിരുന്നില്ല. ട്യൂബ് വെൽ നിർമ്മാണത്തിനുള്ള പൈപ്പുകളുടെ ലഭ്യത കുറവുമൂലമാണ് പ്രസ്തുത പദ്ധതി വകുപ്പിന്റെ സംവിധാനമുപയോഗിച്ച് നടപ്പാക്കുവാൻ സാധിക്കാതിരുന്നത്. നിലവിൽ പൈപ്പ് ലഭ്യമായിട്ടുണ്ട്. ഡിപ്പാർട്ട്മെന്റ് സംവിധാനം ഉപയോഗിച്ച് ഉടൻതന്നെ പ്രവൃത്തി ആരംഭിക്കാവുന്നതാണ്.

(സി) പ്രസ്തുത കാലയളവിൽ ഭരണാനുമതി ലഭിച്ചശേഷം നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

കൊറ്റങ്കര ഗ്രാമപഞ്ചായത്ത് ചന്ദനത്തോപ് മേലേവിള കുരിയാലഭാഗം ട്യൂബ് വെൽ.

**മലിനജലം ശുദ്ധീകരിക്കുന്നതിന് പുതിയ സാങ്കേതികവിദ്യ**

286(1126) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലിനജല ശേഖരണവും പുറന്തള്ളലും വാട്ടർ അതോറിറ്റിയുടെ ഉത്തരവാദിത്വമാണെന്നിരിക്കെ ഈ മേഖലയിൽ വാട്ടർ അതോറിറ്റിയുടെ സാന്നിദ്ധ്യം വളരെ കുറവാണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത മേഖലയിൽ കൂടുതൽ ശ്രദ്ധചെലുത്തുന്ന കാര്യം പരിഗണനയിലുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിൽ തിരുവനന്തപുരം കോർപ്പറേഷൻ, കൊച്ചി കോർപ്പറേഷൻ, തൃശ്ശൂരിൽ ഗുരുവായൂർ മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലാണ് സ്വിവറേജ് സംവിധാനം ഭാഗികമായി നിലവിലുള്ളത്. ഈ മേഖലയിൽ കൂടുതൽ പദ്ധതികൾ വിഭാവനം ചെയ്യുകയെന്ന ഉദ്ദേശ്യത്തോടെ കേരള വാട്ടർ അതോറിറ്റിയിൽ സ്വിവറേജ് വെർട്ടിക്കൽ വിംഗ് രൂപീകരിച്ചു. സംസ്ഥാനത്തെ 14 ജില്ലകളിലെ സ്വിവറേജ് & സെപ്റ്റേജ് മാനേജ്മെന്റ് പ്രിലിമിനറി എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

തിരുവനന്തപുരം കോർപ്പറേഷനിൽ ഇപ്പോൾ സ്വിവറേജ് സംവിധാനം നിലവിലില്ലാത്ത പ്രദേശങ്ങളിൽ ഏർപ്പെടുത്തുന്നതിനായി 10 ക്ലസ്റ്ററുകളായി

തിരിച്ച് DPR (Detailed Project Report) തയ്യാറാക്കിവരുന്നു. ഇതിൽ 3 എണ്ണം ഭരണാനുമതിക്കായി സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ഇത് നടപ്പാക്കാവുന്നതാണ്.

എറണാകുളം ജില്ലയിൽ നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പ്ലാന്റിന്റെ ശേഷി പൂർണ്ണമായി ഉപയോഗിക്കുന്നതിനായി തയ്യാറാക്കിയ DPR-ന് RKI (Rebuild Kerala Initiative)-ൽ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിന്റെ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പുതുതായി ഒരു 5 mld STP-യും സ്വീവേജ് നെറ്റ്‌വർക്കും സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടിന് അമൃത് ഹെഡിൽ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിന്റെ സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

കൂടാതെ ഗുരുവായൂരിൽ നിലവിലുള്ള 3 MLD പ്ലാന്റിനെ പൂർണ്ണമായി ഉപയോഗിക്കുന്നതോടൊപ്പം കപ്പാസിറ്റി 5 MLD-യായി ഉയർത്തുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി AMRUT 2-വിൽ ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

ഓരോ ജില്ലയിലും 2 വീതം നഗര തദ്ദേശ സ്ഥാപനങ്ങളിൽ STP സ്ഥാപിക്കുന്നതിനുള്ള DPR തയ്യാറാക്കുന്ന പ്രവൃത്തി ആസൂത്രണം ചെയ്തുവെങ്കിലും സ്ഥല ലഭ്യതക്കുറവ് കാരണം സർക്കാർ സ്ഥലമുള്ളതോ ULB-യ്ക്ക് താത്പര്യമുള്ളതോ ആയ പ്രോജക്ടുകൾക്ക് മുൻഗണന നൽകിയും 39 DPR തയ്യാറാക്കുകയും ഭരണാനുമതിക്കായി 32 DPR സമർപ്പിക്കുകയും ചെയ്തു. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ഇത് നടപ്പാക്കാവുന്നതാണ്.

ശുചിത്വമിഷന്റെ 6 മലിനജല ശുദ്ധീകരണശാലകളുടെ DPR തയ്യാറാക്കി നൽകിയിട്ടുണ്ട്. ഇതിൽ 2 പ്രവൃത്തികൾ വാട്ടർ അതോറിറ്റിയുടെ മേൽനോട്ടത്തിൽ ആരംഭിച്ചിട്ടുണ്ട്.

കോട്ടയം മെഡിക്കൽ കോളേജിൽ STP സ്ഥാപിക്കുന്നതിനായി DPR തയ്യാറാക്കി നൽകിയിട്ടുണ്ട്.

അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പുഴ, കോഴിക്കോട്, കണ്ണൂർ, തൃശ്ശൂർ, തിരുവനന്തപുരം പ്രദേശങ്ങൾക്കുവേണ്ടി DPR തയ്യാറാക്കി (AMRUT 2) ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

(ബി) ഏറ്റവും പുതിയ സാങ്കേതികവിദ്യ ഉപയോഗിച്ച് മലിനജലം ശുദ്ധീകരിച്ച് പുനരുപയോഗം സാധ്യമാക്കുന്ന പദ്ധതികൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഏറ്റവും പുതിയ സാങ്കേതികവിദ്യ ഉപയോഗിച്ച് മലിനജലം ശുദ്ധീകരിച്ച് പുനരുപയോഗം സാധ്യമാക്കുന്ന രീതിയിലാണ് പുതുതായി നടപ്പാക്കുന്ന എല്ലാ സ്വിവറേജ് പദ്ധതികളും കേരള വാട്ടർ അതോറിറ്റി വിഭാവനം ചെയ്തിരിക്കുന്നത്.

മൂവിംഗ് ബെഡ് ബയോഫിലിം റിയാക്ടർ (MBBR), സീക്വൻഷ്യൽ ബാച്ച് റിയാക്ടർ (SBR) എന്നീ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് മലിനജല ശുദ്ധീകരണം നടത്തിയതിനുശേഷം ടെറിഷ്യറി ട്രീറ്റ്മെന്റ് നടത്തി ശുദ്ധീകരിച്ച് ജലത്തിന്റെ ഗുണനിലവാരം മലിനീകരണ നിയന്ത്രണ ബോർഡ് നിജപ്പെടുത്തിയിരിക്കുന്ന സ്റ്റാൻഡേർഡിൽ ആക്കിയതിനുശേഷം നിർമ്മാണ പ്രവൃത്തികൾ, ഗാർഡനിംഗ്, വ്യാവസായിക ആവശ്യങ്ങൾ എന്നിവയ്ക്ക് ഉപയോഗിക്കാവുന്നതാണ്. നിലവിൽ മുട്ടത്തറ 107 mld പ്ലാന്റിൽ ശുദ്ധീകരിച്ച ജലം നിർമ്മാണപ്രവൃത്തികൾ, ഗാർഡനിംഗ് എന്നിവയ്ക്ക്

ഉപയോഗിച്ചുവരുന്നു. കൊച്ചി ഇളംകുളം STP, ഗുരുവായൂർ STP എന്നിവയിൽനിന്നും ശുദ്ധീകരിച്ച ജലം ഗാർഡനിംഗിന് ഉപയോഗിക്കുന്നുണ്ട്.

**ജൽ ജീവൻ മിഷനിലെ താത്കാലിക ക്വാളിറ്റി ചെക്കിംഗ് ജീവനക്കാരുടെ സേവന കാലാവധി**

287(1127) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ മിഷന്റെ ഭാഗമായി ജലഗുണനിലവാരം ഉറപ്പ് വരുത്തുന്ന ക്വാളിറ്റി ചെക്കിംഗിന് നിയോഗിക്കപ്പെട്ട താത്കാലിക ജീവനക്കാരുടെ സേവന കാലാവധി സംബന്ധിച്ച മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കുമോ?

NABL മാനദണ്ഡപ്രകാരം രണ്ട് വർഷത്തേയ്ക്കാണ് ആഡിറ്റിംഗ് കാലാവധി ഈ ലാബുകൾക്ക് നൽകിയിരിക്കുന്നത്. അതനുസരിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, വാക്ക്-ഇൻ-ഇന്റർവ്യൂ പ്രകാരം ഒരു

വർഷത്തേയ്ക്കാണ് ഈ ജീവനക്കാരെ നിയമിച്ചിട്ടുള്ളത്. എന്നാൽ 28-04-2017-ലെ സ.ഉ.(അച്ചടി) നമ്പർ.56/2017/ധന. പ്രകാരം ഈ വിഭാഗം ജീവനക്കാർ തൃപ്തികരമായി കാലാവധി പൂർത്തീകരിച്ചാൽ, നിയമന അധികാരിക്ക് ഒരു വർഷംകൂടി സേവനം ദീർഘിപ്പിച്ച് നൽകാൻ സാധിക്കും. പ്രസ്തുത ഉത്തരവ് പ്രകാരവും NABL ആവശ്യപ്രകാരവും ഇത്തരത്തിൽ നിയമിച്ച താത്കാലിക ജീവനക്കാർക്ക് ഒരു വർഷംകൂടി കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത തസ്തികകളിൽ താത്കാലികമായി നിയമിക്കപ്പെട്ട് പരിശീലനം നേടിയവർ ചുരുങ്ങിയ കാലത്തെ സേവന കാലാവധിക്കുള്ളിൽ പിരിഞ്ഞുപോകേണ്ടിവരുന്നത് ഗുണനിലവാര പരിശോധനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കാനാവാത്ത സാഹചര്യമുണ്ടാക്കുന്നത് തടയാൻ നടപടി സ്വീകരിക്കാമോ?

നിയമനം നടത്തുമ്പോൾ പ്രവൃത്തി പരിചയമുള്ളവർക്ക് മുൻഗണന നൽകാറുണ്ട്. ഇതിലൂടെ ഗുണനിലവാര പരിശോധനയെ ബാധിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നുണ്ട്.

(സി) താത്കാലികമായി നിയമിതരാകുന്നവർക്ക് നൽകുന്ന പരിശീലന ചെലവിന്റെ ആവർത്തനം ഒഴിവാക്കുന്നതിനും നിലവാര പരിശോധനയും ഓഡിറ്റിംഗും സമയബന്ധിതമായി നടപ്പാക്കുന്നതിനും പ്രസ്തുത ജീവനക്കാരുടെ നിയമന കാലാവധി ജൽ ജീവൻ മിഷന്റെ പൂർത്തീകരണത്തിന് നിശ്ചയിച്ചിരിക്കുന്ന 2024 മാർച്ച് 31 വരെയെങ്കിലും വർദ്ധിപ്പിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കാമോ?

കേരള വാട്ടർ അതോറിറ്റിയിൽനിന്നും ഇതുസംബന്ധിച്ച ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് ഉചിതമായ തുടർനടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

**തവനൂർ മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പ്രവൃത്തികളുടെ പുരോഗതി**

288(1128) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ മിഷന്റെ ഭാഗമായി തവനൂർ മണ്ഡലത്തിലെ പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ?

തവന്നൂർ മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പ്രവൃത്തികളുടെ പുരോഗതി ചുവടെ കൊടുക്കുന്നു.

1)ഭാരതപുഴയിലെ കോളനിക്കടവ് മുതൽ അന്നശ്ശേരി ജലശുദ്ധീകരണശാല വരെ റോ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു. 30 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ അനുമതി ലഭിച്ചിട്ടില്ലാത്തതിനാൽ പ്രവൃത്തി മന്ദഗതിയിലാണ്.

2) തൃപ്രങ്ങോട്, മംഗലം, പുറത്തൂർ എന്നീ പഞ്ചായത്തുകളിലേയ്ക്കുള്ള വിതരണ ശൃംഖലയും ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്ന പ്രവൃത്തിയും പുരോഗമിച്ചുവരുന്നു. ഇതുവരെ 16 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്.

3) തൃപ്രങ്ങോട്, മംഗലം, പുറത്തൂർ, വെട്ടം, തലക്കാട് എന്നീ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള 37 എം.എൽ.ഡി. ജല ശുദ്ധീകരണശാല നിർമ്മിക്കുന്ന പ്രവൃത്തിയുടെ ടെണ്ടറിംഗ് നടപടികൾ പുരോഗമിച്ചുവരുന്നു.

4) പുറത്തൂർ പഞ്ചായത്തിൽ 20 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല ജലസംഭരണി നിർമ്മിക്കുന്ന പ്രവൃത്തിയും അതിലേയ്ക്കുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിനും സ്ഥാപിക്കുന്ന പ്രവൃത്തിയുടെ ടെണ്ടറിംഗ് നടപടികൾ പുരോഗമിച്ചുവരുന്നു.

5) തൃപ്രങ്ങോട് പഞ്ചായത്തിൽ കൊളപ്പാലത്ത് 8 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല ജലസംഭരണിയും അതിലേയ്ക്കുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിനും സ്ഥാപിക്കുന്ന പ്രവൃത്തിയുടെ ടെണ്ടറിംഗ് നടപടികൾ പുരോഗമിച്ചുവരുന്നു. പ്രസ്തുത ടാങ്ക് നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമായിട്ടില്ല.

6) തവനൂർ മണ്ഡലത്തിലെ കാലടി, എടപ്പാൾ, വട്ടംകുളം, തവനൂർ ഗ്രാമപഞ്ചായത്തുകളിലെ ജൽ ജീവൻ മിഷൻ പ്രവൃത്തികളുടെ ഒന്നാംഘട്ടം 783 ഗാർഹിക കണക്ഷനുകൾ നൽകി പൂർത്തീകരിച്ചിട്ടുണ്ട്. ഈ പഞ്ചായത്തുകളിലെ രണ്ടാംഘട്ടം പ്രവൃത്തിയിൽ 27971 ഗാർഹിക കണക്ഷനുകളാണ് നൽകാൻ ലക്ഷ്യമിടുന്നത്. ആയതിൽ നിലവിൽ 16721

കണക്ഷൻ നൽകിയിട്ടുണ്ട്. ബാക്കിവരുന്ന പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്.

(ബി) പദ്ധതിയുടെ പ്രവർത്തനത്തിന് തടസ്സമായി നിൽക്കുന്ന എന്തെങ്കിലും കാര്യങ്ങൾ നിലവിലുണ്ടോ; എങ്കിൽ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

നിലവിൽ ഭരണാനുമതി നൽകിയിട്ടുള്ള പദ്ധതികൾക്ക് താഴെപ്പറയുന്ന തടസ്സങ്ങളുണ്ട്.

തൃപ്രങ്ങോട് പഞ്ചായത്തിൽ കൊളുപ്പാലത്ത് 8 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല ജലസംഭരണി നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമായിട്ടില്ല. ഭാരതപുഴയിലെ കോളനിക്കടവ് മുതൽ അന്നശ്ശേരി ജലശുദ്ധീകരണശാലവരെ റോ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തിയിൽ പൊതുമരാമത്ത് വകുപ്പിൽനിന്നും അനുമതി ലഭിച്ചിട്ടില്ലാത്തതിനാൽ പ്രവൃത്തി മന്ദഗതിയിലാണ്.

നിലവിൽ തവന്നൂർ മണ്ഡലത്തിലെ കാലടി, എടപ്പാൾ, വട്ടക്കുളം പഞ്ചായത്തുകളിലെ ജൽ ജീവൻ മിഷൻ പ്രവൃത്തികളുടെ ഭാഗമായി

രണ്ടാംഘട്ടം പ്രവൃത്തിയിൽ ജലസംഭരണികൾ (ഉന്നതലസംഭരണി 33 LL, ഭൂതല സംഭരണി 38 LL) സ്ഥാപിക്കുന്നത് IDTR-ന്റെ കണ്ടനകം ഉടമസ്ഥതയിലുള്ള ഭൂമിയിലാണ്. ആയത് വിട്ടുകിട്ടുന്നതിനോ ഉപയോഗ അനുമതി ലഭ്യമാക്കുന്നതിനോ ആയുള്ള നടപടികൾ പൂർത്തിയാകേണ്ടതുണ്ട്. കൂടാതെ കാലടി ഗ്രാമപഞ്ചായത്തിൽ 2553 ലക്ഷം രൂപയുടെ അധിക ഭരണാനുമതി തുകകൂടി ലഭിക്കേണ്ടതുണ്ട്.

**ഏറനാട് മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പ്രവർത്തനങ്ങൾ**

289(1129) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന ജൽ ജീവൻ മിഷൻ പ്രവർത്തനങ്ങളുടെ ആദ്യഘട്ടം പൂർത്തിയാക്കിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

സംസ്ഥാനത്തെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും കുടിവെള്ള കണക്ഷൻ നൽകാൻ ലക്ഷ്യമിട്ട് നടപ്പാക്കുന്ന പദ്ധതിയാണ് ജൽ ജീവൻ മിഷൻ. ഈ പദ്ധതിയിലൂടെ 53.35 ലക്ഷം വീടുകളിൽ കുടിവെള്ള കണക്ഷൻ

നൽകുന്നതിനുള്ള ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. ഈ പദ്ധതിയിലൂടെ ഇതുവരെ (05-08-2023 വരെ) 17.77 ലക്ഷം കണക്ഷനുകൾ നൽകിയിട്ടുണ്ട്.

(ബി) ഏറനാട് മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ; ഓരോ പഞ്ചായത്തിലും നിലവിൽ പൂർത്തീകരിച്ചവയുടെയും നിർമ്മാണം ആരംഭിക്കാനിരിക്കുന്ന പദ്ധതിയുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഏറനാട് മണ്ഡലത്തിൽ ജൽ ജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി ഏറ്റെടുത്ത് നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു+.

**ഉടുമ്പൻചോല മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ**

290(1130) <u>ശ്രീ. എം. എം. മണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിൽ നടപ്പാക്കുന്ന ജൽ ജീവൻ മിഷൻ പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിശദാംശം നൽകാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉടുമ്പൻചോല മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും ജൽ ജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി ഗാർഹിക കണക്ഷൻ നൽകുന്ന പ്രവർത്തനങ്ങൾ നടപ്പാക്കുന്നുണ്ട്.

1. <u>നെടുങ്കണ്ടം പഞ്ചായത്ത്</u>

നെടുങ്കണ്ടം പഞ്ചായത്തിൽ 5930 കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തിയാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഇതിലേയ്ക്കായി ടെണ്ടർ നടപടി പൂർത്തീകരിച്ച് പ്രവൃത്തി അവാർഡ് ചെയ്തിട്ടുണ്ട്.

2. <u>പാമ്പാടുംപാറ പഞ്ചായത്ത്</u>

പാമ്പാടുംപാറ പഞ്ചായത്തിലെ 4996 കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തിയാണ് ആരംഭിച്ചിരിക്കുന്നത്. ഇതിലേയ്ക്കായി വിതരണ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നു.

3. <u>ഉടുമ്പൻചോല പഞ്ചായത്ത്</u>

ഉടുമ്പൻചോല പഞ്ചായത്തിലെ 4208 ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തികൾക്കായി ടെണ്ടർ നടപടി പൂർത്തീകരിച്ച് പ്രവൃത്തി അവാർഡ് ചെയ്തിട്ടുണ്ട്.

4. <u>വണ്ടന്മേട് പഞ്ചായത്ത്</u>

വണ്ടന്മേട് പഞ്ചായത്തിലെ 6774 ഗാർഹിക കണക്ഷൻ നൽകുന്ന പദ്ധതിക്കായി വർക്ക് അവാർഡ് ചെയ്യുകയും പൈപ്പ് ലൈൻ വിതരണം ചെയ്യുന്ന പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

5. <u>കരുണാപുരം പഞ്ചായത്ത്</u>

കരുണാപുരം പഞ്ചായത്തിലെ 6866 ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തിക്കായി ടെണ്ടർ നടപടികൾ നടന്നുവരികയാണ്.

6. <u>രാജാക്കാട് പഞ്ചായത്ത്</u>

രാജാക്കാട് പഞ്ചായത്തിലെ 2812 ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തിക്കായി ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിരിക്കുകയാണ്.

7. <u>രാജകുമാരി പഞ്ചായത്ത്</u>

രാജകുമാരി പഞ്ചായത്തിലെ 5214 ഗാർഹിക കണക്ഷൻ നൽകുന്ന പ്രവർത്തനങ്ങളിലാണ് ടെണ്ടർ നടന്നുവരുന്നത്. ഇതിലേയ്ക്കായി SLSSC-2 ൽ ഉൾപ്പെടുത്തി 464 ഗാർഹിക കണക്ഷൻ നൽകിയിട്ടുണ്ട്. തുടർ പ്രവർത്തനങ്ങളിൽ വിതരണ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

8. സേനാപതി പഞ്ചായത്ത്

സേനാപതി പഞ്ചായത്തിലെ 3908 ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തികളാണ് നടന്നുവരുന്നത്. ഇതിലേയ്ക്കായുള്ള വിതരണ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നു.

9. ശാന്തൻപാറ പഞ്ചായത്ത്

ശാന്തൻപാറ പഞ്ചായത്തിലെ 3799 ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തികളാണ് നടന്നുവരുന്നത്. ഇതിന്റെ വിതരണ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തികകളും സ്റ്റീൽ ടാങ്ക് നിർമ്മാണവും നടന്നുവരുന്നു.

10. ഇരട്ടയാർ പഞ്ചായത്ത്

ഇരട്ടയാർ പഞ്ചായത്തിലെ 7775 ഗാർഹിക കണക്ഷൻ നൽകുന്ന പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. SLSSC-2-ൽ ഉൾപ്പെടുത്തി നിലവിൽ 1671 ഗാർഹിക കണക്ഷൻ നൽകിയിട്ടുണ്ട്. ബാക്കി കണക്ഷൻ നൽകുന്ന പ്രവൃത്തികൾക്കായി വിതരണ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി നടന്നുവരുന്നു.

ഉടുമ്പൻചോല മണ്ഡലത്തിൽ KRWSA മുഖേന നടപ്പാക്കുന്ന ജൽ ജീവൻ പദ്ധതിയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) ഓരോ പഞ്ചായത്തിലും അനുവദിച്ചിട്ടുള്ള തുക, കുടിവെള്ളം എത്തിക്കാൻ ഉപയോഗപ്പെടുത്തുന്ന സ്രോതസ്സ് എന്നിവ സംബന്ധിച്ച വിശദാംശം നൽകാമോ?

ഓരോ പഞ്ചായത്തിലും അനുവദിച്ചിട്ടുള്ള തുക, സ്രോതസ്സ് എന്നിവ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

(സി) അഞ്ചുരുളി പ്രദേശത്തുനിന്നും കുടിവെള്ളം കൊണ്ടുവരുന്നതിൽ ബുദ്ധിമുട്ട് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജൽ ജീവൻ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് അഞ്ച് പഞ്ചായത്തുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന്റെ ഭാഗമായി 35 എം.എൽ.ഡി. ജല ശുദ്ധീകരണശാല സ്ഥാപിക്കുന്നതിന് അഞ്ചുരുളി ഭാഗത്ത് കെ.എസ്.ഇ.ബി.-യുടെ അധീനതയിലുള്ള ഒരേക്കർ സ്ഥലം ഇടുക്കി താലൂക്ക് സർവ്വേയർ അളന്ന് തിട്ടപ്പെടുത്തി ജല അതോറിറ്റിക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എന്നാൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് NOC നൽകിയ സ്ഥലം (ഇടുക്കി ഹൈഡ്രോ ഇലക്ട്രിക്ക് പ്രോജക്ടിന്റെ മൂന്ന് ചെയിനിൽ ഉൾപ്പെട്ട സ്ഥലം) ശ്രീ. എ. എം. ചാക്കോ ഇട്ടിയിൽ, നരിയം പാറ എന്ന സ്വകാര്യ വ്യക്തിയുടെ കൈവശത്തിലാണെന്ന് കാണിച്ച് OS 342/2022 ആയി ബഹു. കട്ടപ്പന മുൻസിഫ് കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ഇതുകാരണം ഭരണാനുമതി നൽകിയ 317 കോടി രൂപയുടെ 5 പഞ്ചായത്തുകളിലെ 18835 കുടുംബങ്ങൾക്കുള്ള കുടിവെള്ള കണക്ഷനുകൾ നൽകാൻ കഴിയാത്ത അവസ്ഥയിലാണ്.

(ഡി) ഈ പ്രശ്നവുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടി, നടപടികളിന്മേലുള്ള പുരോഗതി ഇവ സംബന്ധിച്ച വിശദാംശം നൽകാമോ?

ഈ വിഷയം ബഹു. കോടതിയുടെ പരിഗണനയിലാണ്. 07-08-2023 ൽ ബഹു. കോടതിയിൽ വിഷയം പരിഗണിക്കുവാൻ ഇരിക്കെ സ്വകാര്യ വ്യക്തി പ്ലാന്റ് പണിയുന്നതിനുള്ള സ്ഥലത്ത് അനധികൃത കെട്ടിട നിർമ്മാണം നടത്തുകയും കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിക്ക് വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകിയ കത്തുപ്രകാരം കാഞ്ചിയാർ ഗ്രാമപഞ്ചായത്തിൽനിന്ന് ഈ കക്ഷിക്ക് സ്റ്റോപ്പ് മെമ്മോ നൽകുകയും ചെയ്തു. സ്റ്റോപ്പ് മെമ്മോ നിലനിൽക്കെ വീണ്ടും അനധികൃതമായി കെട്ടിട നിർമ്മാണം ശ്രദ്ധയിൽപ്പെടുകയും കാഞ്ചിയാർ ഗ്രാമപഞ്ചായത്ത്, കട്ടപ്പന പോലീസ് സ്റ്റേഷനിൽ വിവരം അറിയിച്ചതിനെ തുടർന്ന് പണികൾ നിർത്തിവയ്ക്കുകയും ചെയ്തിട്ടുള്ളതാണ്.

**ഷൊർണ്ണൂർ മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ**

291(1131) <u>ശ്രീ. പി. മമ്മിക്കുട്ടി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിൽ ജൽ ജീവൻ മിഷന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ജൽ ജീവൻ മിഷൻ പദ്ധതിപ്രകാരം ഷൊർണ്ണൂർ മണ്ഡലത്തിൽ നടപ്പാക്കുന്ന വിവിധ പ്രവൃത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു+.

(ബി) മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളിൽ ജൽ ജീവൻ മിഷന്റെ ഭാഗമായി പൈപ്പിടുന്നതിന് ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും അനുമതി ലഭിച്ചിട്ടുണ്ടോ?

മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളിൽ ജൽ ജീവൻ മിഷന്റെ ഭാഗമായി പൈപ്പിടുന്നതിന് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നുള്ള അനുമതി സംബന്ധിച്ച പഞ്ചായത്ത് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

<u>അനങ്ങനടി</u>

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

- ഒറ്റപ്പാലം-ചെർപ്പുളശ്ശേരി കെ.ആർ.എഫ്.ബി. റോഡ് കട്ടിംഗ് അനുമതി ലഭിക്കാനുണ്ട്.
- കോതകുറിശ്ശി-ചെറമ്പറ്റക്കാവ്-റോഡ്-ഡി.എൽ.പി. നിലനിൽക്കുന്നു. ഒരു വർഷ കാലാവധി കഴിഞ്ഞിട്ടുള്ളതിനാൽ ഈ റോഡുകളിൽ മൺസൂൺ ബാൻ അവസാനിക്കുന്നതോടുകൂടി അനുമതി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

<u>ചലവറ</u>

- ഒറ്റപ്പാലം-ചെർപ്പുളശ്ശേരി കെ.ആർ.എഫ്.ബി. റോഡ് കട്ടിംഗ് അനുമതി ലഭിക്കാനുണ്ട്.
- വാണിയംകുളം-വല്ലപ്പുഴ പി.ഡബ്ല്യു.ഡി. റോഡ് കട്ടിംഗ് അനുമതി ലഭിക്കാനുണ്ട്.

<u>നെല്ലായ</u>

- നെല്ലായ-മാങ്ങാട്ടുകര റോഡ് കട്ടിംഗ് അനുമതി വൈകുന്നു. മൺസൂൺ നിരോധനം മാറിയതിനുശേഷം അനുമതി പ്രതീക്ഷിക്കുന്നു.

<u>തൃക്കടീരി</u>

- ഒറ്റപ്പാലം-ചെർപ്പുളശ്ശേരി കെ.ആർ.എഫ്.ബി. റോഡ് കട്ടിംഗ് അനുമതി ലഭിക്കാനുണ്ട്.

<u>വാണിയംകുളം</u>

- വാണിയംകുളം-വല്ലപ്പുഴ പി.ഡബ്ല്യൂ.ഡി. റോഡ് കട്ടിംഗ് അനുമതി ലഭിക്കാനുണ്ട്.

(സി) സംസ്ഥാനത്ത് ജൽ ജീവൻ മിഷന്റെ പ്രവർത്തനം ഏതുവർഷം വരെ തുടരുന്നതിനാണ് നിലവിൽ തീരുമാനിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) ജൽ ജീവൻ മിഷൻ നിലവിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന വിവിധ പദ്ധതികൾ 2024-ൽ പൂർത്തീകരിക്കുന്നതിന് കഴിയുമോ; ഇല്ലെങ്കിൽ പ്രസ്തുത പദ്ധതികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

(സി&ഡി) സംസ്ഥാനത്ത് ജൽ ജീവൻ മിഷന്റെ പ്രവർത്തനം മാർച്ച് 31, 2024-ഓടുകൂടി പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. എന്നാൽ പദ്ധതിക്കാവശ്യമായ ഭൂമി സമയത്ത് ലഭ്യമല്ലാത്തതും വിവിധ റോഡുകളിൽ

പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള അനുമതി വൈകുന്നതും മറ്റ് ഏജൻസികളിൽ നിന്നുള്ള അനുമതികൾ ലഭിക്കാനുള്ളതും കോടതി വ്യവഹാരങ്ങളും മേൽ കാലയളവിലെ പൂർത്തീകരണത്തിന് തടസ്സമാകുന്നുണ്ട്.

**ഞാങ്കടവ് കുടിവെള്ള പദ്ധതി**

292(1132) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം നഗരത്തിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരമായി നടപ്പാക്കിവരുന്ന ഞാങ്കടവ് പദ്ധതിയുടെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതി എപ്പോൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

(എ & ബി) കൊല്ലം നഗരത്തിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരമായി നടപ്പാക്കിവരുന്ന ഞാങ്കടവ് പദ്ധതിയുടെ പ്രവർത്തനങ്ങൾ KIIFB, AMRUT എന്നീ Funding Agency മുഖാന്തരമാണ് നടന്നുവരുന്നത്. ടി

പദ്ധതിക്ക് 11-01-2017 തീയതിയിൽ 235 കോടി രൂപയുടെ ഭരണാനുമതി KIIFB മുഖാന്തരം നൽകുകയും 12-02-2022 തീയതിയിൽ 104.423 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി അമൃതിൽനിന്ന് നൽകുകയും ചെയ്തു. ആയതിന്റെ പ്രവർത്തന പുരോഗതി ചുവടെ ചേർക്കുന്നു.

1. 12 m വ്യാസമുള്ള ഞാങ്കടവിലെ കിണറിന്റെ നിർമ്മാണം:-

15-02-2020 -ൽ പൂർത്തീകരിച്ചിട്ടുണ്ട്.

2. തടയണ നിർമ്മാണം:-

ഞാങ്കടവ് തടയണ നിർമ്മാണത്തിനായി നിരവധി തവണ ടെണ്ടർ ചെയ്തെങ്കിലും ആരുംതന്നെ പങ്കെടുക്കാത്തതിനാൽ ടെണ്ടർ റദ്ദാക്കുകയും DSoR 2018 പ്രകാരം റിവൈസ് ചെയ്ത് വീണ്ടും ടെണ്ടർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ രണ്ടുപേർ പങ്കെടുത്തു. തുടർനടപടികൾ പുരോഗമിച്ചുവരുന്നു.

3. റോ വാട്ടർ പമ്പ് സെറ്റ്, ട്രാൻസ്ഫോർമർ ബിൽഡിംഗ് മറ്റ് അനുബന്ധ ജോലികൾ:-

റോ വാട്ടർ പമ്പ് സെറ്റ്, ട്രാൻസ്ഫോർമർ ബിൽഡിംഗ് മറ്റ് അനുബന്ധ ജോലികൾ എന്നിവയ്ക്കായി DSoR 2016 ഉപയോഗിച്ചായിരുന്നു

എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. എന്നാൽ ഈ പ്രവൃത്തിക്കായി നിരവധി തവണ ടെണ്ടർ ചെയ്തിട്ടും ആരും എടുക്കാതെവന്ന സാഹചര്യത്തിൽ പമ്പ് സെറ്റിന്റെ റേറ്റ് വാട്ടർ അതോറിറ്റിയിൽ റിവൈസ് ചെയ്യുന്നതിനനുസരിച്ച് (03/2023-ൽ) പുതുക്കി പമ്പ്സെറ്റ്, ട്രാൻസ്ഫോർമർ ബിൽഡിംഗ് മറ്റ് അനുബന്ധ പ്രവൃത്തികൾ (solar panel, CCTV & Automation) എന്നിവ സംയോജിപ്പിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുകയും സാങ്കേതിക അനുമതിക്കായി നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു.

4. റോ വാട്ടർ പമ്പിംഗ് മെയിൻ:-

ഞാങ്കടവിൽനിന്നും വസൂരിച്ചിറ വരെ സ്ഥാപിക്കേണ്ട 28 Km, 1219 mm MS Pipe, നിലവിൽ 27 Km സ്ഥാപിച്ചിട്ടുണ്ട്. ടി ജോലിയുടെ 98 ശതമാനം പൂർത്തീകരിച്ചുകഴിഞ്ഞു. ബാക്കിയുള്ള 1 Km Pipe സ്ഥാപിക്കുന്ന പ്രവൃത്തി MORTH-ന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ചെയ്യാവുന്നതാണ്.

5. 100 MLD- ജലശുദ്ധീകരണശാല:-

വസൂരിച്ചിറയിലെ 100 MLD ജലശുദ്ധീകരണ ശാലയുടെ പ്രവൃത്തി 93 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. അനുബന്ധ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. 31-10-2023-ന് പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

6. ക്ലിയർ വാട്ടർ ട്രാൻസ്മിഷൻ മെയിൻ:-

പ്രവൃത്തി 31-3-2023-ൽ പൂർത്തീകരിച്ചുകഴിഞ്ഞു.

7. ഉപരിതല സംഭരണി (54 ലക്ഷം):-

പ്രവൃത്തി 31-3-2023-ൽ പൂർത്തീകരിച്ചുകഴിഞ്ഞു.

ഞാങ്കടവ് കുടിവെള്ള പദ്ധതിയുടെ പമ്പ് സെറ്റ്, ട്രാൻസ്ഫോർമർ ബിൽഡിംഗ് എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തിയും മറ്റ് അനുബന്ധ പ്രവൃത്തികളും റാ വാട്ടർ പമ്പിംഗ് മെയിനിന്റെ ബാക്കിയുള്ള 1 km പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭിച്ചതിനുശേഷം പ്രസ്തുത പ്രവൃത്തിയും പൂർത്തീകരിച്ച് കഴിഞ്ഞ് 2024 സെപ്റ്റംബർ മാസത്തോടുകൂടി പദ്ധതി കമ്മീഷൻ ചെയ്യാമെന്ന് പ്രതീക്ഷിക്കുന്നു.

കോർപ്പറേഷൻ പരിധിയിലെ 80 കിലോമീറ്റർ വിതരണ ശൃംഖലകളുടെയും 3 ഉപരിതല സംഭരണികളിലെയും 40,500 കുടിവെള്ള

കണക്ഷനുകളുടെയും നിർമ്മാണത്തിനായി അമൃത് 2.0-ൽ ഉൾപ്പെടുത്തി ആകെ 175.632 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികൾ സാങ്കേതികാനുമതി/ടെണ്ടർ ഘട്ടങ്ങളിലാണ്.

**പെരിന്തൽമണ്ണ മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

293(1133) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ മണ്ഡലത്തിൽ നടപ്പാക്കുന്ന വെട്ടിച്ചുരുക്ക്, രാമഞ്ചാടി എന്നീ കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുന്നതിന് എത്ര സമയം വേണ്ടിവരുമെന്ന് വിശദമാക്കുമോ?

പെരിന്തൽമണ്ണ മണ്ഡലത്തിൽ ജൽ ജീവൻ മിഷന് കീഴിൽ നടപ്പാക്കുന്ന വെട്ടിച്ചുരുക്ക് കുടിവെള്ള പദ്ധതിയും (താഴേക്കോട്-ആലിപറമ്പ് കുടിവെള്ള പദ്ധതി) കിഫ്ബിയുടെ കീഴിൽ നടപ്പാക്കുന്ന രാമഞ്ചാടി കുടിവെള്ള പദ്ധതിയും 2024 മാർച്ച് മാസത്തോടുകൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

(ബി) പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടത്തിൽ എത്ര കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ നൽകാനാകുമെന്ന് വിശദമാക്കുമോ?

താഴേക്കോട് പഞ്ചായത്തിൽ 7362 കുടുംബങ്ങൾക്കും ആലിപറമ്പ് പഞ്ചായത്തിൽ 4724 കുടുംബങ്ങൾക്കും ആദ്യഘട്ടത്തിൽ കുടിവെള്ള കണക്ഷനാണ് നൽകുന്നത്.

**ജൽ ജീവൻ പദ്ധതി**

294(1134) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. നജീബ് കാന്തപുരം:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ ഭവനങ്ങളിൽ ശുദ്ധജല പൈപ്പ് കണക്ഷൻ എത്തിക്കുന്നതിനുള്ള ജൽ ജീവൻ പദ്ധതി നടപ്പാക്കുന്നതിൽ സംസ്ഥാനം പിന്നോട്ട് പോയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധിച്ചിട്ടുണ്ടോ?

ജൽ ജീവൻ പദ്ധതിയുടെ നടത്തിപ്പിൽ സംസ്ഥാനം 50 ശതമാനത്തിലധികം പുരോഗതി കൈവരിച്ചിട്ടുണ്ട്. ജൽ ജീവൻ മിഷൻ

പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ ഗാർഹിക കുടിവെള്ള കണക്ഷനുകളുടെ എണ്ണം 23.49 ശതമാനം ആയിരുന്നു. നിലവിൽ അത് 50.11 ശതമാനമായി ഉയർന്നിട്ടുണ്ട്. സംസ്ഥാനത്ത് ജൽ ജീവൻ മിഷൻ പദ്ധതി ആരംഭിക്കുന്നത് 2020 ഒക്ടോബർ മാസത്തിലാണ്. മേൽ സാഹചര്യം വിലയിരുത്തിയാൽ മൂന്ന് വർഷത്തിനുള്ളിൽതന്നെ സംസ്ഥാനം 26.62 ശതമാനം അധിക പുരോഗതി കൈവരിച്ചിട്ടുണ്ട്. രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി നമ്മുടെ സംസ്ഥാനത്തെ കൂടിയ ജനസാന്ദ്രത കാരണം പദ്ധതി ഘടകങ്ങൾ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലലഭ്യതയിലെ പരിമിതി, ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി പൊതുനിരത്തുകളെ മാത്രം ആശ്രയിക്കേണ്ട സാഹചര്യം മുതലായ ഘടകങ്ങൾ പദ്ധതി നിർവ്വഹണത്തിന്റെ ഗതിവേഗം കുറയാൻ കാരണമായിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ നമ്മുടെ സംസ്ഥാനത്ത് ജൽ ജീവൻ മിഷൻ പദ്ധതി ആരംഭിക്കുമ്പോൾ 25 ശതമാനത്തിൽ താഴെ മാത്രമാണ് കവറേജുണ്ടായിരുന്നത്. പദ്ധതികളെല്ലാംതന്നെ ഉപരിതല

ജലസ്രോതസ്സുകൾ അടിസ്ഥാനമാക്കി ജല ശുദ്ധീകരണ ശാലകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള സമഗ്ര കുടിവെള്ള പദ്ധതികളാണ്. കൂടാതെ ദേശീയതലത്തിൽ പ്രതിദിന ആളോഹരി ജല ലഭ്യത 55 ലിറ്റർ ആണെങ്കിൽ സംസ്ഥാനത്ത് അത് 100 ലിറ്റർ എന്ന നിരക്കിലാണ് നടപ്പാക്കുന്നത്. മേൽ വസ്തുതകൾ പരിഗണിച്ചാൽ സംസ്ഥാനത്ത് ജൽ ജീവൻ മിഷൻ പദ്ധതി സുസ്ഥിരവും സമഗ്രവുമാണെന്ന് കാണാവുന്നതാണ്.

(ബി) കാലാനുസൃതമായി നിരക്ക് പരിഷ്കരിക്കാത്തതിനാൽ കരാറുകാർ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് നിസ്സഹകരണം പ്രഖ്യാപിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് നിലവിൽ DSR 2018 പ്രകാരമുള്ള നിരക്കടിസ്ഥാനമാക്കിയാണ് കരാറുകൾ ക്ഷണിക്കുന്നത്. കൂടാതെ പൈപ്പുകളുടെ നിരക്കുകൾ കാലാനുസൃതമായി പരിഷ്കരിച്ചിട്ടുമുണ്ട്. ഈ സാഹചര്യത്തിൽ ജൽ ജീവൻ മിഷൻ പ്രവൃത്തികൾ നിലവിൽ കരാറുകാർ ഏറ്റെടുക്കുന്നുണ്ട്.

(സി) പ്രസ്തുത പദ്ധതി കാലാവധി അവസാനിക്കുന്നതിനുമുമ്പ് പൂർണ്ണമായി നടപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

ജൽ ജീവൻ മിഷൻ പദ്ധതി നടപ്പാക്കുന്നത് പഞ്ചായത്തുകൾക്ക് കീഴിലാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടി കേരള വാട്ടർ അതോറിറ്റി, ജലനിധി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് എന്നീ ഏജൻസികൾ വഴിയാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയുടെ ആസൂത്രണം മുതൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അംഗീകാരത്തോടെയാണ് നടപ്പാക്കുന്നത്.

ഇതിനായി ഗ്രാമീണതലത്തിൽ ഗ്രാമപഞ്ചായത്ത് വാട്ടർ ആൻഡ് സാനിട്ടേഷൻ കമ്മിറ്റികൾ നിലവിലുണ്ട്. ഓരോ പദ്ധതിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അംഗീകരിച്ചതിന് ശേഷമാണ് ബന്ധപ്പെട്ട ഡിസ്ട്രിക്ട് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷനുകൾ അംഗീകരിച്ച് സംസ്ഥാന വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷന്റെ അംഗീകാരത്തോടെ ഭരണാനുമതി നൽകിയിട്ടുള്ളത്.

ജൽ ജീവൻ മിഷൻ പദ്ധതി നിർവ്വഹണത്തിനായി ജില്ലാതലത്തിൽ ജില്ലാ കളക്ടർമാർ അദ്ധ്യക്ഷരായ ഡിസ്ട്രിക്ട് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷനുകൾ നിലവിലുണ്ട്. ജൽ ജീവൻ മിഷൻ പദ്ധതിയുടെ പുരോഗതി ബന്ധപ്പെട്ട ഡിസ്ട്രിക്ട് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷനുകൾ തുടർച്ചയായി അവലോകനം നടത്തുന്നുണ്ട്.

ജൽ ജീവൻ മിഷൻ പദ്ധതി നിർവ്വഹണ മേൽനോട്ടത്തിനായി സംസ്ഥാനതലത്തിൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സ്റ്റേറ്റ് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷനും പദ്ധതിയുടെ പുരോഗതി തുടർച്ചയായി അവലോകനം നടത്തുന്നുണ്ട്. ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മുൻഗണനാ പദ്ധതികളിലുൾപ്പെടുത്തി പ്രവർത്തന പുരോഗതി വിലയിരുത്തുന്നുണ്ട്. ജലവിഭവ വകുപ്പുമന്ത്രി ജില്ലകൾതോറും എം.എൽ.എ.-മാരുടെയും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും മീറ്റിംഗുകൾ വിളിച്ചുചേർത്ത് ജൽ ജീവൻ മിഷൻ പ്രവർത്തനങ്ങൾ നേരിട്ട് വിലയിരുത്തി പദ്ധതി പ്രവർത്തനങ്ങൾ സുഗമമായി നടപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ പദ്ധതിയുടെ പുരോഗതി നിരന്തരം

വിലയിരുത്തുന്നുണ്ട്. മിഷൻ ഡയറക്ടറുടെ നേതൃത്വത്തിൽ ആഴ്ചതോറും പദ്ധതിയുടെ പുരോഗതി വിലയിരുത്തിവരുന്നു. ഇതുകൂടാതെ പദ്ധതി നിർവ്വഹണത്തിന്റെ വിവിധതലങ്ങളിൽ നിരന്തരം അവലോകന യോഗങ്ങൾ നടത്തിവരുന്നുണ്ട്.

കൂടാതെ പദ്ധതി നിർവ്വഹണത്തിന്റെ ഏകോപനത്തിനായി ഒരു സ്റ്റേറ്റ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് രൂപീകരിച്ച് അതുവഴി പദ്ധതി പുരോഗതി നിരന്തരം വിലയിരുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

ഇപ്രകാരം അവലോകനം നടത്തി പദ്ധതി നിർവ്വഹണത്തിലെ തടസ്സങ്ങൾ യഥാസമയം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനുപുറമെ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട പുരോഗതിയും തടസ്സങ്ങളുമുൾപ്പെടെയുള്ള വിവരങ്ങൾ പൊതുജനങ്ങൾക്കും പ്രാപ്യമായ രീതിയിൽ, കേരള വാട്ടർ അതോറിറ്റിയുടെയും കേന്ദ്ര സർക്കാരിന്റെയും വെബ് സൈറ്റുകളിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്.

മേൽപ്പറഞ്ഞ സംവിധാനങ്ങളിലൂടെയും നടപടികളിലൂടെയും പദ്ധതി നിർവ്വഹണത്തിൽ നേരിടുന്ന തടസ്സങ്ങൾ പരിഹരിച്ച് പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ ആവശ്യമായ ശ്രമങ്ങൾ നടത്തുന്നുണ്ട്.

**കുണ്ടറ മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പദ്ധതിയുടെ പ്രവർത്തന പുരോഗതി**

295(1135) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ മണ്ഡലത്തിലെ വിവിധ പഞ്ചായത്ത് പരിധികളിൽ നടന്നുവരുന്ന ജൽ ജീവൻ മിഷൻ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

കുണ്ടറ മണ്ഡലത്തിലെ വിവിധ പഞ്ചായത്ത് പരിധികളിൽ നടന്നുവരുന്ന ജൽ ജീവൻ മിഷൻ പദ്ധതിയുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കുണ്ടറ മണ്ഡലത്തിന്റെ പരിധിയിലുള്ള ഓരോ പഞ്ചായത്തുകളിലും ജൽ ജീവൻ മിഷന്റെ ഭാഗമായി അനുവദിച്ച കുടിവെള്ള കണക്ഷനുകളുടെ വിശദാംശം നൽകാമോ?

കുണ്ടറ മണ്ഡലത്തിന്റെ പരിധിയിലുള്ള ഓരോ പഞ്ചായത്തുകളിലും ജൽ ജീവൻ മിഷന്റെ ഭാഗമായി അനുവദിച്ച കുടിവെള്ള കണക്ഷനുകളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു+.

**ജൽ ജീവൻ മിഷൻ**

296(1136) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൽ ജീവൻ മിഷന്റെ പ്രവർത്തനങ്ങൾ വളരെ മന്ദഗതിയിലാണെന്ന് പറയപ്പെടുന്ന ആക്ഷേപം സർക്കാർതലത്തിൽ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പദ്ധതി ലക്ഷ്യമിട്ട പ്രകാരം നാളിതുവരെ എത്ര ശതമാനം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ &ബി) ഗ്രാമീണ മേഖലയിലെ എല്ലാ വീടുകളിലും നിശ്ചിത അളവിലും ഗുണനിലവാരത്തിലും ടാപ്പിലൂടെ കുടിവെള്ളം ലഭ്യമാക്കുവാൻ ലക്ഷ്യമിട്ട് നടപ്പാക്കുന്ന പദ്ധതിയാണ് ജൽ ജീവൻ മിഷൻ.

ദേശീയതലത്തിൽ പദ്ധതി മാർഗ്ഗരേഖ പ്രകാരം ഒരാൾക്ക് പ്രതിദിനം 55 ലിറ്ററാണ് ഉറപ്പുവരുത്തേണ്ടതെങ്കിലും കേരളത്തിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്തും അടുത്ത 30 വർഷത്തെ ആവശ്യങ്ങൾ കണക്കിലെടുത്തും ഒരാൾക്ക് 100 ലിറ്റർ പ്രതിദിനം കണക്കാക്കിയാണ് കേരളത്തിലെ പദ്ധതികൾ തയ്യാറാക്കിയിട്ടുള്ളത്. കൂടാതെ സുസ്ഥിരമായ സ്രോതസ്സുകൾ ഉപയോഗപ്പെടുത്തിയുള്ള സമഗ്രമായ ബൃഹത് പ്രവൃത്തികളാണ് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ നടപ്പാക്കിവരുന്നത്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് പദ്ധതി തുടങ്ങുന്ന സമയത്ത് 25 ശതമാനത്തോളം വീടുകളിൽ മാത്രമേ കുടിവെള്ള കണക്ഷൻ ലഭ്യമായിരുന്നുള്ളൂ.

സംസ്ഥാനത്ത് നിലവിലുള്ള 69.92 ലക്ഷം ഗ്രാമീണ വീടുകളിൽ, 2020 ഏപ്രിലിലെ കണക്കനുസരിച്ച് 17.5 ലക്ഷം ഗാർഹിക കുടിവെള്ള

കണക്ഷനുകളാണ് നിലവിലുണ്ടായിരുന്നത്. ദേശീയതലത്തിൽ 2019-ൽ പദ്ധതി പ്രഖ്യാപിച്ചുവെങ്കിലും കേരളത്തിൽ പദ്ധതി പ്രവർത്തനം ആരംഭിച്ചത് 2020-21 കാലയളവിലാണ്. നിലവിൽ ജൽ ജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീടുകൾക്കും കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുവേണ്ടിയുള്ള പദ്ധതികൾക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. ഇതനുസരിച്ച് സംസ്ഥാനത്ത് 5334736 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി 40203.61 കോടി രൂപയുടെ പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭ്യമായിട്ടുള്ളത്. പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാകുന്നതോടെ സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീടുകൾക്കും ടാപ്പ് കണക്ഷനുകൾവഴി കുടിവെള്ളം ലഭ്യമാകുന്നതാണ്.

ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഏറ്റെടുത്ത പ്രവൃത്തികളിലുൾപ്പെടുത്തി 2020-21 കാലയളവിൽ 4.04 ലക്ഷം കണക്ഷനുകളും 2021-22 കാലയളവിൽ 6.64 ലക്ഷം കണക്ഷനുകളും 2022-23 കാലയളവിൽ 5.29 ലക്ഷം കണക്ഷനുകളും 2023-24 വർഷത്തിൽ 03-08-2023 വരെ 1.8 ലക്ഷം കണക്ഷനുകളുമാണ് നൽകിയിട്ടുള്ളത്. കോവിഡ് മഹാമാരിയുടെ

ഭാഗമായുള്ള നിയന്ത്രണവും വെള്ളപ്പൊക്കവും പൈപ്പ് തുടങ്ങിയ മെറ്റീരിയൽസിന്റെ വില വർദ്ധനവും കാരണം പദ്ധതി നിർവ്വഹണത്തിൽ തടസ്സങ്ങൾ നേരിട്ടിരുന്നു. എങ്കിലും ജൽ ജീവൻ മിഷൻ പദ്ധതി ആരംഭിച്ചതിനുശേഷം നിലവിലെ കണക്കുപ്രകാരം സംസ്ഥാനത്തെ ഗ്രാമീണ മേഖലയിൽ നൽകിയ ആകെ കുടിവെള്ള കണക്ഷനുകളുടെ എണ്ണം 35.47 ലക്ഷമായി ഉയർന്നിട്ടുണ്ട്.  ഇത് ആകെ ഗ്രാമീണ വീടുകളുടെ 50.18% ആണ്.

നിലവിൽ 78 പഞ്ചായത്തുകളിൽ എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ നൽകി ലക്ഷ്യം കൈവരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ഗ്രാമീണ സ്കൂളുകളിലും അങ്കണവാടികളിലും ശുദ്ധജല ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധനയ്ക്കായി 5000-ത്തിൽപരം കുടുംബശ്രീ വനിതകൾക്ക് പരിശീലനം നൽകി പരിശോധനകൾ നടത്തിവരുന്നു. കൂടാതെ വാട്ടർ അതോറിറ്റിയുടെ 83 കുടിവെള്ള ഗുണനിലവാര പരിശോധന ലാബുകൾക്ക് NABL അംഗീകാരം ലഭ്യമായിട്ടുണ്ട്.

പദ്ധതികൾക്കാവശ്യമായ സ്ഥലം എല്ലായിടത്തും ലഭ്യമല്ലാത്തതും പദ്ധതി ഘടകങ്ങൾ സ്ഥാപിക്കുന്നതിന് പൊതുമരാമത്ത്, റെയിൽവെ,

നാഷണൽ ഹൈവേ അതോറിറ്റി, വനംവകുപ്പ് തുടങ്ങിയ മറ്റ് വകുപ്പുകളിൽനിന്നും ലഭ്യമാകേണ്ട അനുമതികൾ ലഭ്യമാകുന്നതിലെ തടസ്സങ്ങളും പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വിഘാതം സൃഷ്ടിക്കുന്നുണ്ട്.

പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി വിവിധതലങ്ങളിൽ അവലോകന യോഗങ്ങൾകൂടി പദ്ധതി പ്രവർത്തനങ്ങളിലെ തടസ്സങ്ങൾ ഒഴിവാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്. മുൻഗണനാ പദ്ധതിയിൽപ്പെടുത്തി ബഹു. മുഖ്യമന്ത്രി പദ്ധതി നിർവ്വഹണം വിലയിരുത്തുന്നുണ്ട്. കൂടാതെ വകുപ്പ് മന്ത്രിതലത്തിൽ എല്ലാ ജില്ലകളിലും എം.എൽ.എ.-മാരെയും ജനപ്രതിനിധികളെയും വിളിച്ചുചേർത്ത് അവലോകന യോഗങ്ങൾ നടത്തുന്നുണ്ട്.

ഇതുകൂടാതെ ചീഫ് സെക്രട്ടറി തലത്തിലും മറ്റ് ഉന്നത ഉദ്യോഗസ്ഥരുടെ തലത്തിലും നിരന്തരം അവലോകനങ്ങൾ നടത്തി തടസ്സങ്ങൾ കണ്ടെത്തി പരിഹരിച്ച് പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളും നടത്തിവരുന്നു.

(സി) പിറവം മണ്ഡലത്തിൽ പദ്ധതിയുടെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

പിറവം മണ്ഡലത്തിൽ നടപ്പാക്കുന്ന ജൽ ജീവൻ മിഷൻ പദ്ധതിയുടെ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള പുരോഗതി വിവരം അനുബന്ധമായി ചേർക്കുന്നു+.

പിറവം മണ്ഡലത്തിലെ എല്ലാ ഗ്രാമീണ വീടുകളിലും കണക്ഷൻ നൽകുന്നതിനായി 35075.94 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ മുഴുവൻ പ്രവൃത്തികളുടെയും സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്ത് വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. ജൽ ജീവൻ മിഷൻ തുടങ്ങിയതിനുശേഷം പിറവം മണ്ഡലത്തിൽ ഇതുവരെ (06-8-2023 വരെ) 9534 കണക്ഷനുകൾ നൽകിയിട്ടുണ്ട്.

കൂടാതെ ജൽ ജീവൻ പദ്ധതിയിൽപ്പെടുത്തി പിറവം മണ്ഡലത്തിൽ പിറവത്ത് ഒരു ഗുണനിലവാര പരിശോധന ഉപജില്ലാ ലാബ് സ്ഥാപിക്കുകയും NABL അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ജൽ ജീവൻ പദ്ധതിയുടെ ഭാഗമായി വെട്ടിപ്പൊളിച്ച റോഡുകൾ സമയബന്ധിതമായി പുനരുദ്ധരിക്കുന്നതിന് പഞ്ചായത്തുകളുമായി ഏകോപിപ്പിച്ച് പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ജൽ ജീവൻ മിഷന്റെ ഭാഗമായി 1, 2, 3 ഘട്ടങ്ങളിലായി ഭരണാനുമതി ലഭിച്ച പദ്ധതികളിൽ റോഡ് പുനരുദ്ധാരണത്തിനുള്ള പണം പൊതുമരാമത്ത് വകുപ്പിൽ നിക്ഷേപിക്കുകയും പൊതുമരാമത്ത് വകുപ്പ് ടി പണികൾ നടത്തുകയുമായിരുന്നു ചെയ്തിരുന്നത്. ഈ ഘട്ടങ്ങളിലെ പ്രവൃത്തികൾ പഞ്ചായത്ത് റോഡുകളിൽ പഞ്ചായത്ത് ഫണ്ട്, 15-ാം ധനകാര്യ കമ്മീഷന്റെ അൺ റ്റൈഡ് ഫണ്ട് എന്നിവ ഉപയോഗിച്ച് റെസ്റ്റോറേഷൻ ചെയ്യേണ്ടതാണ്. പഞ്ചായത്തുകളിലെ റോഡുകളിൽ അടിയന്തര സാഹചര്യങ്ങളിൽ താൽക്കാലികമായി റോഡ് റെസ്റ്റോറേഷൻ നടത്തിവരുന്നു. ജൽ ജീവൻ മിഷൻ നാലാംഘട്ടം മുതലുള്ള പ്രവൃത്തികളോടനുബന്ധിച്ചുള്ള റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ വാട്ടർ

അതോറിറ്റിതന്നെ പ്രധാന പ്രവൃത്തിയുടെകൂടെ ഉൾപ്പെടുത്തി കരാറിന്റെ ഭാഗമാക്കിയിട്ടുണ്ട്.

**ജൽ ജീവൻ മിഷൻ**

297(1137) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൽ ജീവൻ മിഷൻ പദ്ധതിപ്രകാരം നാളിതുവരെ എത്ര ഗാർഹിക കുടിവെള്ള കണക്ഷൻ നൽകിയിട്ടുണ്ടെന്നും എത്ര കുടിവെള്ള കണക്ഷൻ ഇനി നൽകാനുണ്ടെന്നും ജില്ല തിരിച്ച് വിശദമാക്കാമോ?

സംസ്ഥാനത്ത് ജൽ ജീവൻ മിഷൻ പദ്ധതിപ്രകാരം നാളിതുവരെ (03-08-2023 വരെ) 17.97 ലക്ഷം ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഇതുൾപ്പെടെ സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ ആകെ 35.47 ഗാർഹിക കുടിവെള്ള കണക്ഷനുകളാണ് നിലവിലുള്ളത്. നിലവിലെ കണക്കുപ്രകാരം സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ 34.45 ലക്ഷം വീടുകൾക്ക് കുടിവെള്ള കണക്ഷനുകൾ നൽകുവാൻ ബാക്കിയുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇതിനോടകം സമ്പൂർണ്ണ കുടിവെള്ള കണക്ഷൻ എന്ന ലക്ഷ്യം നേടിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് 78 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇതിനോടകം സമ്പൂർണ്ണ കുടിവെള്ള കണക്ഷൻ എന്ന ലക്ഷ്യം നേടിയിട്ടുണ്ട്.

(സി) വാമനപുരം മണ്ഡലത്തിലെ ഒമ്പത് പഞ്ചായത്തുകളിലുമായി ജൽ ജീവൻ മിഷൻ പദ്ധതിപ്രകാരം ഇതേ വരെ എത്ര കുടിവെള്ള കണക്ഷൻ നൽകിയിട്ടുണ്ടെന്നും ഇനി എത്ര കണക്ഷൻ നൽകാനുണ്ടെന്നുമുള്ള വിവരം പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

വാമനപുരം മണ്ഡലത്തിലെ ഒമ്പത് പഞ്ചായത്തുകളിലുമായി ജൽ ജീവൻ മിഷൻ പദ്ധതിപ്രകാരം 29613 കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഇനി 32269 കണക്ഷനുകൾകൂടി നൽകാനുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള വിശദവിവരം അനുബന്ധമായി ചേർക്കുന്നു+.

**തിരൂരങ്ങാടി നഗരസഭ കുടിവെള്ള പ്രശ്നം**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

298(1138) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിൽപ്പെട്ട തിരൂരങ്ങാടി മുനിസിപ്പാലിറ്റിയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

തിരൂരങ്ങാടി മുനിസിപ്പാലിറ്റിയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി SLSSC പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കുന്ന ജല ശുദ്ധീകരണശാലയുടെയും കിണറിന്റെയും അനുബന്ധ ഘടകങ്ങളുടെയും പ്രവൃത്തി അവസാനഘട്ടത്തിലാണ്. ജല ശുദ്ധീകരണശാലയും പമ്പ് ഹൗസും പ്രവർത്തനക്ഷമമാക്കുവാൻ ആവശ്യമായ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ ഡിസ്ട്രിബ്യൂഷൻ എന്നിവ സ്റ്റേറ്റ് പ്ലാൻ/അമൃത് പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത നഗരസഭയിൽ നടപ്പാക്കുന്ന കുടിവെള്ള പദ്ധതികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ടെണ്ടർ ഏറ്റെടുക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ രണ്ട് തവണ ടെണ്ടർ വിളിച്ചിട്ടുണ്ട്. ആരും പങ്കെടുക്കാത്തതിനാൽ വീണ്ടും ടെണ്ടർ നടപടികൾ പുനരാരംഭിച്ചിട്ടുണ്ട്.

കരാറുകാർ ടെണ്ടർ നടപടികളിൽനിന്നും വിട്ടുനിൽക്കുന്നതിന്റെ കാരണം വ്യക്തമല്ല.

അമൃത് 2.0 പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തിയുടെ ആദ്യത്തെ ടെണ്ടറിൽ ആരും പങ്കെടുത്തിരുന്നില്ല. രണ്ടാമത് ടെണ്ടർ ക്ഷണിച്ചപ്പോൾ ഒരു ഓഫർ ലഭിക്കുകയും ആ കമ്പനി 25.1 ശതമാനം അധികനിരക്കിൽ ദർഘാസ് സമർപ്പിക്കുകയും നെഗോസിയേഷൻ ആരാഞ്ഞതിൽ സമ്മതമല്ലെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ ക്യാൻസൽ ചെയ്ത് മൂന്നാമതും ടെണ്ടർ നടപടികൾ പുനരാരംഭിച്ചിട്ടുണ്ട്.

(സി) മേൽ സാഹചര്യത്തിൽ ബദൽ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

എല്ലാ പ്രവൃത്തികളും റീ ടെണ്ടർ ചെയ്തിട്ടുണ്ട്. ബദൽ സംവിധാനം നിലവിൽ പരിഗണനയിലില്ല.

(ഡി) തിരൂരങ്ങാടി മുനിസിപ്പാലിറ്റിയിൽ വിവിധ കുടിവെള്ള പദ്ധതികൾക്കായി അനുവദിച്ച തുക ഉൾപ്പെടെ പദ്ധതിയുമായി ബന്ധപ്പെട്ട വിശദാംശം ലഭ്യമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു+.

**കുടിവെള്ള സംഭരണം**

299(1139) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ളം ലഭിക്കാത്ത സ്ഥലങ്ങളിൽ വാട്ടർ അതോറിറ്റിക്ക് വില നൽകി സ്വന്തം നിലയ്ക്ക് കുടിവെള്ളം സംഭരിച്ച് കൊണ്ടുപോകാൻ നിലവിൽ തടസ്സങ്ങളുണ്ടോ; വിശദമാക്കാമോ?

വെൻഡിംഗ് പോയിന്റുകളിൽനിന്നും ജലലഭ്യത അനുസരിച്ച് ടാങ്കറുകളിലും മറ്റും ജലം സംഭരിച്ച് വിതരണം ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അനുവദിക്കാറുണ്ട്. വേനൽക്കാലങ്ങളിലും മറ്റും ശുദ്ധജല ലഭ്യത കുറവുള്ള സ്ഥലങ്ങളിലേയ്ക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽ ഇങ്ങനെ ജലം എത്തിക്കാറുണ്ട്.

(ബി) ഇത്തരത്തിലുള്ള കുടിവെള്ള സംഭരണത്തിന് ഏർപ്പെടുത്തിയിരിക്കുന്ന നിലവിലെ ഫീസ് എത്രയെന്ന് വ്യക്തമാക്കാമോ; ഇതിന് സബ്സിഡി ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഇത്തരത്തിലുള്ള ശുദ്ധജല സംഭരണത്തിന് ഏർപ്പെടുത്തിയിരിക്കുന്ന നിലവിലെ നിരക്ക് 1000 ലിറ്ററിന് 76.15 രൂപയാണ്. ഈ നിരക്കിന് സബ്സിഡി ഏർപ്പെടുത്തിയിട്ടില്ല.

**കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി**

300 (1140) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) കുടിവെള്ള പദ്ധതികൾ നടപ്പാക്കുന്നതിൽ കാലതാമസം നേരിടുമ്പോൾ പദ്ധതിച്ചെലവ് വൻതോതിൽ അധികരിക്കുന്നതും ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്നതിൽ കാലതാമസമുണ്ടാകുന്നതും ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(എ & ബി) കുടിവെള്ള പദ്ധതികൾ കാലതാമസം കൂടാതെ നടപ്പാക്കുന്നതിനും പദ്ധതിച്ചെലവ് അധികരിക്കാതിരിക്കാനും താഴെ സൂചിപ്പിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

- ഭരണാനുമതി ലഭിച്ച് ഉടൻതന്നെ സാങ്കേതികാനുമതി നൽകി ചെയ്ത വർക്ക് അവാർഡ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുക.
- മറ്റ് വകുപ്പുകളുടെ അനുമതി ആവശ്യമെങ്കിൽ അതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ വേഗത്തിൽ നടപ്പാക്കുക. ആയതിന് നേരിട്ടും ഓൺലൈനായും മീറ്റിംഗുകൾ സംഘടിപ്പിക്കുക.
- സമയബന്ധിതമായി മറ്റ് വകുപ്പുകളുടെ അനുമതിക്കായി അവരുടെ ഓൺലൈൻ പോർട്ടൽ സേവനങ്ങൾ ഉപയോഗിക്കുക.
- പദ്ധതിയുടെ അവലോകനങ്ങൾ കൃത്യമായ ഇടവേളകളിൽ നടത്തുക.

- ആവശ്യംവരുന്ന പക്ഷം ബഹു. വകുപ്പുമന്ത്രിമാർ, എം.എൽ.എ., എം.പി. എന്നിവരുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് ഏകോപന യോഗങ്ങളും അവലോകന യോഗങ്ങളും സംഘടിപ്പിക്കുക.
- മുൻകൂർ പണം അടയ്ക്കേണ്ട സന്ദർഭങ്ങളിൽ അതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.
- പദ്ധതിയുടെ വിവിധ ഘട്ടങ്ങളുടെ പുരോഗതി പ്രോജക്ട് മാനേജ്മെന്റ് സോഫ്റ്റ് വെയർ ഉപയോഗപ്പെടുത്തി വിശകലനം ചെയ്യുക. ജല അതോറിറ്റി നടപ്പാക്കുന്ന എല്ലാ പ്രവൃത്തികളുടെയും പുരോഗതി ഏതുസമയത്തും അറിയുവാൻ തക്കവണ്ണം PASK എന്ന ഒരു സോഫ്റ്റ് വെയർ സംവിധാനം നടപ്പാക്കിയിട്ടുണ്ട്.

**വിദ്യാലയങ്ങളിലെ കുടിവെള്ള പരിശോധന ലാബുകൾ**

301(1141) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) **കയ്പമംഗലം** മണ്ഡലത്തിലെ വിദ്യാലയങ്ങളിൽ ജലവിഭവ വകുപ്പ് സജ്ജീകരിച്ചിരുന്ന കുടിവെള്ള പരിശോധന ലാബുകളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

കയ്പമംഗലം മണ്ഡലത്തിലെ വിദ്യാലയങ്ങളിൽ ജലവിഭവ വകുപ്പ് സജ്ജീകരിച്ചിരുന്ന കുടിവെള്ള പരിശോധന ലാബുകളൊന്നും നിലവിലില്ല.

(ബി) എത്ര വിദ്യാലയങ്ങളിൽ പ്രസ്തുത സംവിധാനം നിലനിൽക്കുന്നുണ്ടെന്ന് അറിയിക്കാമോ?

ഭൂജല വകുപ്പ് മുഖേന സംസ്ഥാനത്ത് 28 സ്കൂളുകൾക്ക് പ്രാഥമിക ജലഗുണനിലവാര സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട് (ഒരു ജില്ലയിൽ രണ്ട് സ്കൂളുകൾ വീതം). തൃശ്ശൂർ ജില്ലയിൽ ചുവടെപ്പറയുന്ന രണ്ട് സ്കൂളുകളിൽ പ്രസ്തുത സംവിധാനം നടപ്പാക്കിയിട്ടുണ്ട്.

1. ഇരിങ്ങാലക്കുട മണ്ഡലത്തിലെ മോഡൽ ബോയ്സ് ഹൈസ്കൂൾ
2. തൃശ്ശൂർ മണ്ഡലത്തിലെ മോഡൽ ഗേൾസ് ഹൈസ്കൂൾ

ഓരോ സ്കൂളിനും ഓരോ ലക്ഷംരൂപ വീതം ചെലവഴിച്ചിട്ടുണ്ട്.

(സി) ഈ പദ്ധതി എല്ലാ വിദ്യാലയങ്ങളിലേയ്ക്കും വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

സബ്ജക്ട് കമ്മിറ്റി III (ജലവിഭവം) 2023-24-ലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയുമായി ബന്ധപ്പെട്ട് 16-02-2023-ൽ ചേർന്ന സമിതിയോഗത്തിൽ ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനാവശ്യമായ അവശ്യ ടെസ്റ്റുകൾ സംസ്ഥാനത്തെ ഹൈസ്കൂൾ/ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർത്ഥികളുടെയും കെമിസ്ട്രി അദ്ധ്യാപകരുടെയും സഹകരണത്തോടെ നടത്തുന്നതിനായി എം.എൽ.എ./എം.പി. ഫണ്ട് വിനിയോഗിക്കത്തക്ക രീതിയിൽ ഹൈസ്കൂൾ/ഹയർ സെക്കൻഡറി സ്കൂളുകളിൽ ലാബ് രൂപീകരിക്കുന്നതിനായി ഭൂജല വകുപ്പും കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് ഒരു പ്രോജക്ട് തയ്യാറാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

**ജല അതോറിറ്റിയിൽ ഉദ്യോഗസ്ഥ അഭാവം**

302(1142) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത തസ്തികകളിലേയ്ക്കുള്ള സ്ഥാനക്കയറ്റം നിലച്ചതിനാലും പൊതുസ്ഥലംമാറ്റം നടപ്പാക്കാത്തതിനാലും ജല അതോറിറ്റിയിൽ വിവിധ പദ്ധതികൾക്ക് നേതൃത്വം നൽകുവാൻ ഉദ്യോഗസ്ഥർ ഇല്ലാത്ത സ്ഥിതിവിശേഷം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉന്നത തസ്തികകളിലേയ്ക്കുള്ള സ്ഥാനക്കയറ്റം നിലച്ചതിനാലും പൊതുസ്ഥലംമാറ്റം നടപ്പാക്കാത്തതിനാലും ജല അതോറിറ്റിയിൽ വിവിധ പദ്ധതികൾക്ക് നേതൃത്വം നൽകുവാൻ ഉദ്യോഗസ്ഥരില്ലാത്ത സ്ഥിതിവിശേഷം നിലനിൽക്കുന്നില്ല.

2023-ലെ വിവിധ തസ്തികകളിലെ പ്രതീക്ഷിത ഒഴിവുകളിലേയ്ക്ക് സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിന് 20-12-2022-ൽ ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി കൂടുകയും സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. അതിൻപ്രകാരം സ്ഥാനക്കയറ്റം നൽകിയിട്ടുള്ളതുമാണ്.

എന്നാൽ 31-05-2023-ൽ ചീഫ് എഞ്ചിനീയർമാരുടെ ഒഴിവുവന്നെങ്കിലും പ്രസ്തുത ഒഴിവുകളിലേയ്ക്ക് നിരീക്ഷണകാലം വിജയകരമായി പൂർത്തീകരിച്ച സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ ഇല്ലായിരുന്നു.

നിരീക്ഷണകാലം പൂർത്തീകരിച്ചതിനുശേഷം 19-06-2023-ന് അഡ്ഹോക് DPC കൂടുകയും സെലക്റ്റ് ലിസ്റ്റ് ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. അതിൻപ്രകാരം സ്ഥാനക്കയറ്റം നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

പൊതു സ്ഥലംമാറ്റത്തിന്റെ കരട് പട്ടിക 04-04-2022-ൽ പ്രസിദ്ധീകരിക്കുകയും അസിസ്റ്റന്റ് എഞ്ചിനീയർ, ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്-1 എന്നീ തസ്തികകൾ ഒഴികെയുള്ള തസ്തികകളിലെ പൊതുസ്ഥലംമാറ്റം നടപ്പാക്കികഴിഞ്ഞു. ത്വരിതഗതിയിൽ നടന്നുവരുന്ന ജൽ ജീവൻ മിഷൻ പ്രവർത്തനങ്ങളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചതിനുശേഷം പ്രസ്തുത തസ്തികകളിലെ പൊതുസ്ഥലംമാറ്റം നടപ്പാക്കുന്നതാണ്.

(ബി) പ്രസ്തുത വകുപ്പിൽ നിലവിൽ ഏതൊക്കെ തസ്തികകളാണ് പ്രൊമോഷൻ നടക്കാത്തതിനാൽ ഒഴിഞ്ഞുകിടക്കുന്നത്; ചീഫ് എഞ്ചിനീയർ,

ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകളാണുള്ളത്; വ്യക്തമാക്കാമോ?

വാട്ടർ അതോറിറ്റിയിൽ, ചീഫ് എഞ്ചിനീയർ -നാല്, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ/സൂപ്രണ്ടിംഗ് എഞ്ചിനീയർ – 11, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ - 14, അസിസ്റ്റന്റ് എഞ്ചിനീയർ - 84 എന്നീ തസ്തികകളിൽ ഒഴിവുകളുണ്ട്.

(സി) ശുദ്ധജലവിതരണ പദ്ധതികളുടെ നിർവ്വഹണ ചുമതലയുള്ള ഉദ്യോഗസ്ഥരുടെ തസ്തികകളുൾപ്പെടെ ഒഴിഞ്ഞുകിടക്കുന്നത് ജല അതോറിറ്റിയുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നത് ഒഴിവാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

2023-ലെ വിവിധ തസ്തികകളിലെ പ്രതീക്ഷിത ഒഴിവുകളിലേയ്ക്ക് സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിന് 20-12-2022-ന് ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി കൂടുകയും സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. അതിൻപ്രകാരം സ്ഥാനക്കയറ്റം നൽകിയിട്ടുള്ളതുമാണ്.

എന്നാൽ 31-05-2023-ൽ ചീഫ് എഞ്ചിനീയർമാരുടെ ഒഴിവ് വന്നെങ്കിലും പ്രസ്തുത ഒഴിവുകളിലേയ്ക്ക് നിരീക്ഷണ കാലം വിജയകരമായി പൂർത്തീകരിച്ച സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ ഇല്ലായിരുന്നു. നിരീക്ഷണ കാലം പൂർത്തികരിച്ചതിനുശേഷം 19-06-2023-ന് അഡ്ഹോക് DPC കൂടുകയും സെലക്ട് ലിസ്റ്റ് ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. അതിൻപ്രകാരം സ്ഥാനക്കയറ്റം നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

അസിസ്റ്റന്റ് എഞ്ചിനീയറിൽനിന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലെ ഒഴിവുകളിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നതിലേയ്ക്കായി ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി കൂടുകയും സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ WP(C)No. 5277/2022 എന്ന കേസ് ബഹു. കേരള ഹൈക്കോടതി തീർപ്പാക്കുന്ന മുറയ്ക്ക് പ്രസ്തുത തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം നൽകാവുന്നതാണ്.

കേരള വാട്ടർ അതോറിറ്റിയിലെ അസ്സിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ ഒഴിവുകൾ സമയബന്ധിതമായി PSC-ക്ക് റിപ്പോർട്ട്

ചെയ്യുകയും PSC പരീക്ഷ കഴിഞ്ഞ് ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. PSC-യിൽനിന്നും അഡ്വൈസ് ചെയ്യപ്പെടുന്ന മുറക്ക് KWA-യിൽ അസ്സിസ്റ്റന്റ് എഞ്ചിനീയർമാരെ നിയമിക്കാവുന്നതാണ്.

**വാട്ടർ ചാർജ്ജ് വർദ്ധനവ്**

303(1143) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-16 സർക്കാരിന്റെ കാലഘട്ടം മുതൽ നാളിതുവരെ കേരളത്തിൽ വാട്ടർ ചാർജ്ജ് എത്ര തവണ വർദ്ധിപ്പിച്ചിട്ടുണ്ട്; ഓരോ തവണയും വർദ്ധിപ്പിച്ച നിരക്ക് എത്രയാണ്; അവസാനമായി വാട്ടർ ചാർജ്ജ് വർദ്ധിപ്പിച്ചതെന്നാണ്; വ്യക്തമാക്കുമോ?

2011-16 കാലഘട്ടം മുതൽ നാളിതുവരെ ആകെ 4 തവണ വാട്ടർ ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട്. അവ താഴെപ്പറയും പ്രകാരമാണ്:

1. 30-09-2014-ലെ G.O.(MS)No.92/2014/WRD പ്രകാരം ഒരു കിലോലിറ്ററിന് മിനിമം 4 രൂപ വരുന്ന രീതിയിൽ പരിഷ്കരിച്ചു.

2. 10-02-2021-ലെ G.O.(MS)No.9/2021/WRD പ്രകാരം 01-04-2021 മുതൽ 02-02-2023 വരെയുള്ള കാലഘട്ടത്തിൽ 5 ശതമാനം വാട്ടർ ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട്.
3. 03-02-2023-ലെ G.O.(MS)No.11/2023/WRD നമ്പർ ഉത്തരവുപ്രകാരം 2023-ൽ പൊതുടാപ്പുകൾ ഉൾപ്പെടെ എല്ലാ വിഭാഗം ഉപഭോക്താക്കൾക്കും ലിറ്ററിന് ഒരു പൈസ വീതവും വാട്ടർ ചാർജ്ജ് വർദ്ധനവ് വരുത്തിയിട്ടുണ്ട്.

(ബി) വാട്ടർ ചാർജ്ജ് വർദ്ധനയുടെ അടിസ്ഥാനത്തിൽ എത്ര രൂപയുടെ അധിക വരുമാനം ഈ സാമ്പത്തിക വർഷം നാളിതുവരെ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

03-02-2023-ലെ ഉത്തരവുപ്രകാരം പുതുക്കിയ ചാർജ്ജുമൂലം സാമ്പത്തിക വർഷത്തിലെ ആദ്യ 3 മാസം ലഭിച്ച വരുമാനവും മുൻവർഷം ഇതേ കാലയളവിൽ ലഭിച്ച വരുമാനവും താരതമ്യം ചെയ്യുമ്പോൾ 92.22 കോടിരൂപയുടെ വരുമാന വർദ്ധനവുണ്ടായിട്ടുണ്ട് (ടി കാലയളവിലെ പുതിയ

കണക്ഷനുകളിൽനിന്നും ലഭിച്ച വരുമാനമുൾപ്പെടെ). വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(സി) നിലവിലെ നിരക്ക് വർദ്ധനവുമൂലം വാട്ടർ ചാർജ്ജ് മൂന്നിരട്ടിയോളം കൂടിയതിനാൽ സാധാരണ ജനങ്ങൾ പ്രതിസന്ധി അഭിമുഖീകരിക്കുന്ന സാഹചര്യത്തിൽ വാട്ടർ ചാർജ്ജ് കുറയ്ക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

1000 ലിറ്റർ ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിന് വാട്ടർ അതോറിറ്റിക്ക് 22.85 രൂപ ചെലവാകുകയും എന്നാൽ ലഭിക്കുന്ന ശരാശരി വരുമാനം 10.92 രൂപയുമായിരുന്നു. അതായത് ഒരു കിലോ ലിറ്റർ ജലം വിതരണം ചെയ്യുമ്പോൾ 11.93 രൂപയുടെ നഷ്ടമുണ്ടായിരുന്നു. മാത്രമല്ല വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഇനത്തിൽ 1453.55 കോടിരൂപ (30-06-2023 വരെ) നൽകാനുമുണ്ട്. ഉല്പാദന ചെലവിനോടടുത്തെങ്കിലും വാട്ടർ ചാർജ്ജ് നിരക്ക് എത്തേണ്ടതുണ്ട്. ഈ ഘടകങ്ങളെല്ലാം പരിശോധിച്ചാണ് വാട്ടർ ചാർജ്ജ് നിരക്ക് ഒരു ലിറ്ററിന് ഒരു പൈസ വീതം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വർദ്ധിപ്പിച്ചത്. ആയതിനാൽ വർദ്ധിപ്പിച്ച നിരക്ക് പുനഃപരിശോധിക്കാൻ സാധിക്കാത്ത അവസ്ഥയാണ്.

ജല ശുദ്ധീകരണത്തിനും വിതരണത്തിനും വരുന്ന ചെലവിനെക്കാൾ വളരെ കുറഞ്ഞ നിരക്കിൽ ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതുവഴി വാട്ടർ അതോറിറ്റിക്ക് ഭീമമായ നഷ്ടമാണ് പ്രതിവർഷം ഉണ്ടായിക്കൊണ്ടിരിക്കുന്നത്. വർഷാവർഷം വർദ്ധിച്ചുവരുന്ന വൈദ്യുതി ചാർജ്ജ്, കെമിക്കൽസിന്റെ വില വർദ്ധനവ്, അറ്റകുറ്റപ്പണികളുടെ ചെലവ്, വായ്പാ തിരിച്ചടവ്, ശമ്പളം, പെൻഷൻ ചെലവ് എന്നിവയ്ക്ക് അനുസൃതമായി വാട്ടർ ചാർജ്ജിൽ വർദ്ധനവുണ്ടാകുന്നില്ല. 2019 മുതൽക്കുള്ള പെൻഷൻ ആനുകൂല്യങ്ങളും 2021 മുതൽക്കുള്ള പി.എഫ്. ഉൾപ്പെടെയുള്ള മറ്റ് ആനുകൂല്യങ്ങളും ജീവനക്കാർക്ക് കൊടുക്കാനുണ്ട്. അറ്റകുറ്റപ്പണികൾ ചെയ്ത വകയിൽ കരാറുകാർക്ക് 146.19 കോടിരൂപ കൊടുത്തുതീർക്കാനുണ്ട്. രാസവസ്തുക്കൾ, അറ്റകുറ്റപ്പണികളുടെ ഉപകരണങ്ങൾ, കൂലി, തുടങ്ങിയവയുടെ വില വർദ്ധിച്ചു. കൂടാതെ സ്കീമുകളുടെ പ്രായാധിക്യം കാരണം ഓപ്പറേഷനും മെയിന്റനൻസും ചെലവുകളും ഗണ്യമായി വർദ്ധിച്ചു. ജലവിതരണ, മലിനജല

മേഖലകളിൽ സമയബന്ധിതമായ നവീകരണം അനിവാര്യമാണ്. ഇതിന് തുക കണ്ടെത്തേണ്ടതുണ്ട്.

അതിനാൽ വാട്ടർ ചാർജ്ജ് വർദ്ധിപ്പിക്കുകവഴി പൊതുജനങ്ങൾക്ക് തുടർച്ചയായി മെച്ചപ്പെട്ട സേവനങ്ങൾ നൽകാൻ സഹായിക്കും. മേൽപ്പറഞ്ഞ സാഹചര്യത്തിലാണ് വാട്ടർ അതോറിറ്റി വാട്ടർ ചാർജ്ജ് വർദ്ധിപ്പിച്ചത്.

**രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ നടപടി**

304(1144) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ പള്ളിപ്പുറം, എടവനക്കാട്, നായരമ്പലം, ഞാറക്കൽ ഗ്രാമപഞ്ചായത്തുകളിൽ അനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ള ക്ഷാമത്തിന് കാരണമാകുന്ന ചൊവ്വര പ്ലാന്റിലെ വൈദ്യുതി തടസ്സത്തിന് പരിഹാരം കാണുന്നതിനായി ജൽ ജീവൻ മിഷനിൽ ഉൾപ്പെടുത്തി കെ.എസ്.ഇ.ബി. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ തയ്യാറാക്കി 02-05-2023-ന് ഭരണാനുമതിക്കായി സമർപ്പിച്ച 344.42 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

വൈപ്പിൻ മണ്ഡലത്തിലെ പള്ളിപ്പുറം, എടവനക്കാട്, നായരമ്പലം, ഞാറക്കൽ ഗ്രാമപഞ്ചായത്തുകളിൽ അനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ള ക്ഷാമത്തിന് കാരണമാകുന്ന ചൊവ്വര പ്ലാന്റിലെ വൈദ്യുതി തടസ്സത്തിന് പരിഹാരം കാണുന്നതിനായി 11-04-2023-ൽ എറണാകുളം ജില്ലാ കളക്ടറുടെ ചേംബറിൽ വൈപ്പിൻ എം.എൽ.എ. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ചൊവ്വര ജലശുദ്ധീകരണശാലയിലെ വൈദ്യുതിതടസ്സം ഒഴിവാക്കുന്നതിനായി ആലുവയിൽനിന്നും കെ.എസ്.ഇ.ബി. ഫീഡർ ലൈൻ സ്ഥാപിക്കാൻ തീരുമാനമെടുത്തു. ആയതനുസരിച്ച് 12-04-2023-ൽ കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ ഡിവിഷനിൽ കത്ത് നൽകുകയും 02-05-2023-ന് പ്രവൃത്തിക്കായി 3,44,42,000/- രൂപയുടെ അടങ്കൽ തുക അടയ്ക്കണമെന്ന് അറിയിക്കുകയും ചെയ്തു. (02-05-2023-ലെ AS No.17/ECP/2023-24/PBVR/T4/HT-DW KWA Chowara) 29-05-2023-ൽ കൂടിയ ഡി.ഡബ്ല്യൂ.എസ്.എം. യോഗത്തിൽ ഇത് അംഗീകരിക്കുകയും ഇതിനുള്ള അനുമതിക്കായി ജെ.ജെ.എം. പദ്ധതികൾ

സംസ്ഥാനതലത്തിൽ അംഗീകരിക്കുന്ന എസ്.എൽ.എസ്.സി.-യുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിക്ക് എന്നത്തേയ്ക്ക് ഭരണാനുമതി ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതിയുടെ അനുമതിക്കായി ജെ.ജെ.എം. പദ്ധതികൾ സംസ്ഥാനതലത്തിൽ അംഗീകരിക്കുന്ന എസ്.എൽ.എസ്.സി.-യുടെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതിക്കുള്ള നടപടി സ്വീകരിക്കുന്നതാണ്.

**ആലപ്പുഴയിലെ കുടിവെള്ള പദ്ധതിയുടെ ആധുനികവത്കരണം**

305(1145) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ കുടിവെള്ള പദ്ധതിയുടെ ആധുനികവത്കരണത്തിനും വിതരണ സംവിധാനം മെച്ചപ്പെടുത്തുന്നതിനുമായി കിഫ്ബി മുഖേന നടപ്പാക്കുന്ന പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ 1 മുതൽ 4, 20 മുതൽ 26, 30 മുതൽ 44, 46 മുതൽ 52 വരെയുള്ള വാർഡുകളിലെയും സമീപ പഞ്ചായത്തുകളായ ആര്യാട്, മണ്ണഞ്ചേരി, മാരാരിക്കുളം തെക്ക് പഞ്ചായത്തുകളിലെയും ജലവിതരണ ശൃംഖലയുടെ വിപുലീകരണത്തിനും നവീകരണത്തിനുംവേണ്ടി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി ലഭിച്ച ഈ പദ്ധതി നിലവിൽ 9 പാക്കേജുകളായി നടപ്പാക്കിവരുന്നു. അവയുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) അമ്പലപ്പുഴ മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തൊക്കെ പ്രവൃത്തികളാണ് നടപ്പാക്കുന്നത്; ഇതിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

1. <u>പാക്കേജ്-2:</u>- അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ ചന്ദനക്കാവ്, ചുടുകാട് ഉന്നതതല ജലസംഭരണിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ 04-08-2023-ൽ ആരംഭിച്ചു. ഈ പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിരിക്കുന്നത് M/s. Noble Tech. Engineering Pvt. Ltd. ആണ്. 13.41 കോടി രൂപയാണ് ഇതിന്റെ നിർമ്മാണ ചെലവ് കണക്കാക്കിയിരിക്കുന്നത്. ഈ പ്രവൃത്തിയുടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭാഗമായി ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ ചുടുകാട് 16 ലക്ഷം ലിറ്റർ ഉന്നതതല ജലസംഭരണി, ചന്ദനക്കാവ് 12 ലക്ഷം ലിറ്റർ ഉന്നതതല ജലസംഭരണി എന്നിവയുടെ നിർമ്മാണമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത് പൂർത്തീകരിക്കുന്നതോടെ ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ സോൺ 8-ൽ ഉൾപ്പെട്ട ഇരവുകാട് (30), കുതിരപ്പന്തി (38), ബീച്ച (41), ഗുരുമന്ദിരം (39), വാടക്കൽ (40) എന്നീ വാർഡുകളിലെ ജനങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭ്യമാകും. ചന്ദനക്കാവ് 12 ലക്ഷം ലിറ്റർ ഉന്നതതല ജലസംഭരണി പൂർത്തീകരിക്കുന്നതോടെ ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ സോൺ 9-ൽ ഉൾപ്പെട്ട കൈതവന (11), പഴവീട് (12), കളർകോട് (10), പള്ളാത്തുരുത്തി (9), തിരുവമ്പാടി (27), ഹൗസിംഗ് കോളനി (28), സനാതനപുരം (29) എന്നീ വാർഡുകളിലെ ജനങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭ്യമാകും. പ്രസ്തുത പ്രവൃത്തി 2024 ഏപ്രിൽ മാസത്തോടെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

2. <u>പാക്കേജ്-8:-</u> ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ സോൺ 7 മേഖലകളിലെ വിതരണ ശൃംഖലയുടെ നവീകരണവും റെയിൽവേ

ക്രോസ്സിംഗും പ്രവൃത്തികൾ പൂർത്തീകരിക്കുന്നതോടെ ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ 25, 31, 32, 33, 34, 35, 36, 37, 42, 43, 44 എന്നീ വാർഡുകളിലെ വിതരണ ശൃംഖല നവീകരിക്കാനാകും.

3. പാക്കേജ്-9:- ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ സോൺ 8 മേഖലകളിലെ വിതരണ ശൃംഖലയുടെ നവീകരണവും റെയിൽവെ ക്രോസ്സിംഗും പ്രവൃത്തികൾ പൂർത്തീകരിക്കുന്നതോടെ ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ 30, 38, 39, 40, 41 എന്നീ വാർഡുകളിലെ വിതരണ ശൃംഖല നവീകരിക്കാനാകും.

**വാട്ടർ അതോറിറ്റിക്ക് കുടിശ്ശികയിനത്തിൽ ലഭിക്കാനുള്ള തുക**

306(1146) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിക്ക് നിലവിൽ കുടിശ്ശികയിനത്തിൽ ലഭിക്കാനുള്ള തുകയുടെ വിശദാംശം തരംതിരിച്ച് വ്യക്തമാക്കാമോ?

കേരള ജല അതോറിറ്റിക്ക് വാട്ടർ ചാർജ്ജ് ഇനത്തിൽ 30-06-2023-ലെ ഡി.സി.ബി. പ്രകാരമുള്ള കുടിശ്ശിക താഴെപ്പറയും പ്രകാരമാണ്.

1. ഗാർഹികം: 256.27 കോടിരൂപ

2. ഗാർഹികേതരം: 211.35 കോടിരൂപ

3. വ്യാവസായികം: 5.47 കോടിരൂപ

4. സ്പെഷ്യൽ : 8.50 കോടിരൂപ

5. മറ്റിനങ്ങൾ : 55.24 കോടിരൂപ

6. എൽ.എസ്.ജി.ഡി. (പൊതു ടാപ്പുകൾ) : 815.52 കോടിരൂപ

ആകെ: 1,352.35 കോടിരൂപ

(ബി) എത്ര ലക്ഷം ഗാർഹിക പൈപ്പ് കണക്ഷനുകളാണുള്ളതെന്നും അതിൽ പ്രവർത്തിക്കാത്ത മീറ്ററുകളുടെ എണ്ണം എത്രയെന്നും ഇതുമൂലം അതോറിറ്റിയുടെ നഷ്ടം എത്രയെന്നും വ്യക്തമാക്കാമോ; ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു; വിശദീകരിക്കാമോ?

06/2023-ലെ ഡി.സി.ബി. പ്രകാരം ആകെ ഗാർഹിക കണക്ഷനുകളുടെ എണ്ണം: 39,52,611. കേടായ മീറ്ററുകളുടെ എണ്ണം: 40,042.

മീറ്ററുകൾ പ്രവർത്തിക്കാത്തത് കാരണം നിയമാനുസൃതമായ സർചാർജ്ജ് ഈടാക്കുന്നതിനാൽ വാട്ടർ അതോറിറ്റിക്ക് പ്രകടമായ നഷ്ടമുണ്ടാകുന്നില്ല. ഒരു വാട്ടർ മീറ്റർ പ്രവർത്തന രഹിതമായാൽ മുൻ ആവറേജ് പ്രകാരമാണ് ബില്ല് ചെയ്യുന്നത്. മീറ്ററുകൾ പ്രവർത്തന രഹിതമാകുമ്പോൾ മുൻമാസത്തെ റീഡിംഗ് അനുസരിച്ചുള്ള തുകയാണ് വാട്ടർ ചാർജ്ജായി കണക്കാക്കുന്നത്. അതോടൊപ്പം ആദ്യ രണ്ടുമാസം ജല ഉപഭോഗത്തിന്റെ മുൻശരാശരി പ്രകാരമുള്ള വാട്ടർ ചാർജ്ജിന്റെ 25 ശതമാനവും അതുകഴിഞ്ഞുള്ള രണ്ട് മാസങ്ങളിൽ 50 ശതമാനവും ആറ് മാസം കഴിഞ്ഞാൽ 100 ശതമാനവും സർചാർജ്ജായി ഈടാക്കുന്നുണ്ട്. ഇപ്രകാരം 100 ശതമാനം സർചാർജ്ജ് ഈടാക്കുന്നതിനാൽ ഗാർഹിക വിഭാഗം കണക്ഷനുകളിലെ മീറ്ററുകൾ പ്രവർത്തന രഹിതമായാലും കാര്യമായ നഷ്ടം വരുന്നില്ല. മീറ്റർ ഫോൾട്ടി ആണെന്ന് കണ്ടെത്തിയാൽ കേടായ വാട്ടർ മീറ്റർ മാറ്റി സ്ഥാപിക്കുന്നതിനായി ഉപഭോക്താവിന് നോട്ടീസ് നൽകുകയും മൂന്ന് മാസത്തിനുശേഷവും കേടായ വാട്ടർ മീറ്റർ മാറ്റി

സ്ഥാപിക്കാത്ത ഉപഭോക്താക്കളുടെ കണക്ഷനുകൾ വിച്ഛേദിക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) അണ്ടർ വാട്ടർ ലീക്ക്, ഗാർഹിക കണക്ഷനുകളിലെ ചോർച്ച എന്നിവ കാരണം വിതരണത്തിനായുള്ള വെള്ളത്തിന്റെ എത്ര ശതമാനം കണക്കിൽപ്പെടാതെ പ്രതിദിനം നഷ്ടപ്പെടുന്നുവെന്ന് അറിയിക്കാമോ; ഇതുമൂലം എത്ര തുകയുടെ നഷ്ടം വരുമെന്നും ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നും വ്യക്തമാക്കാമോ?

കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ 40 ശതമാനത്തോളം വരുമാനരഹിത ജലമായാണ് കണക്കാക്കുന്നത്. ഇതിൽ പൈപ്പുകളിലൂടെയും മറ്റുമുള്ള ചോർച്ച കാരണമുണ്ടാകുന്ന നഷ്ടവും (ഭൗതിക നഷ്ടം) മീറ്റർ തകരാർ, മോഷണം തുടങ്ങിയ കാരണങ്ങൾകൊണ്ട് ജലത്തിന്റെ ശരിയായ ഉപയോഗം തിട്ടപ്പെടുത്തുവാൻ കഴിയാത്തതുമൂലമുള്ള നഷ്ടവും (വാണിജ്യ നഷ്ടം) ഉൾപ്പെടുന്നു. വരുമാന രഹിത ജലത്തിന്റെ അളവ് കുറയ്ക്കുന്നതിന്റെ ആദ്യപടിയായി ജലനഷ്ടം കൃത്യമായി കണക്കാക്കേണ്ടതുണ്ട്. ആയതിനായി ഉൽപ്പാദന കേന്ദ്രങ്ങളിലും പ്രധാന വിതരണ ലൈനുകളിലും

ബൾക്ക് വാട്ടർ മീറ്ററുകൾ സ്ഥാപിക്കേണ്ടതുണ്ട്. ആയത് ഘട്ടംഘട്ടമായി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വരുമാന രഹിത ജലത്തിന്റെ അളവ് കൃത്യമായി അറിയാത്തതിനാൽ തന്നെ അതുമൂലമുള്ള നഷ്ടവും കൃത്യമായി കണ്ടെത്താൻ സാധിക്കില്ല. ഇത്തരത്തിലുള്ള നഷ്ടം പരിഹരിക്കുവാൻ താഴെ ചേർത്തിരിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. പ്രധാന പൈപ്പ് ലൈനുകളിലും ഉപലൈനുകളിലും ഭൂമിയുടെ മുകൾത്തട്ടിലേയ്ക്ക് വരാതെ മണ്ണിനടിയിലുണ്ടാകുന്ന ചോർച്ച കണ്ടെത്തുന്നതിനായി നിലവിൽ തിരുവനന്തപുരത്ത് ഉപയോഗിക്കുന്ന തരത്തിലുള്ള, ലീക് ഡിറ്റക്ഷൻ ഉപകരണങ്ങൾ എല്ലാ സർക്കിൾ ഓഫീസുകളിലേയ്ക്കും വാങ്ങുന്നതിനുള്ള പർച്ചെയ്സ് ഓർഡർ 03-07-2023-ന് നൽകിയിട്ടുണ്ട്.
2. പ്രധാന ലൈനുകളിൽ ഫ്ലോമീറ്റർ ഉപയോഗിച്ച് ജലത്തിന്റെ അളവ് നിർണ്ണയിച്ച് ലീക്ക് കണ്ടുപിടിക്കുന്ന മാർഗ്ഗവും സ്വീകരിക്കാറുണ്ട്.
3. കൂടാതെ Raw water pumping main-നുകളിലെ ജലനഷ്ടം ഉടനടി കണ്ടെത്തുന്നതിന് തദ്ദേശീയമായി വികസിപ്പിച്ച ഫ്ലോ ഫെയിലുവർ

അലർട്ട് സിസ്റ്റം (FFAS) എന്ന സംവിധാനം 5MLD-ക്ക് മുകളിലുള്ള എല്ലാ WTP-കളിലും നടപ്പാക്കിവരുന്നു.

4. പൊതുജനങ്ങളിൽനിന്ന് ലഭിക്കുന്ന വിവരങ്ങളുടെയും പരാതികളുടെയും അടിസ്ഥാനത്തിൽ കണ്ടെത്തുന്ന ലീക്കുകൾ അടിയന്തരമായി റണ്ണിംഗ് കോൺട്രാക്ട് മുഖേനയും ബ്ലൂ ബ്രിഗേഡ് സംവിധാനമുപയോഗിച്ചും പരിഹരിച്ചുവരുന്നു.

5. പൈപ്പുകളുടെ കാലപ്പഴക്കംമൂലം ചോർച്ചവഴി ജലം നഷ്ടപ്പെടുന്നത് ഒഴിവാക്കുന്നതിനായി പഴയതും കേടായതുമായ പൈപ്പുകൾ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

6. കൂടാതെ നിലവിൽ കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് പോളിസിയിൽ നിഷ്കർഷിച്ചിട്ടുള്ള പൈപ്പുകളാണ് ഉപയോഗിച്ചു വരുന്നത്. ഇതുവഴി ജല വിതരണ പൈപ്പുകൾ അടിക്കടി പൊട്ടുന്നത് ഒഴിവാക്കുവാൻ സാധിക്കുന്നുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ പരിധിയിൽ ഉപയോഗിക്കുന്ന പൈപ്പുകളുടെ ഗുണനിലവാരം

ഉറപ്പുവരുത്താൻവേണ്ടി പ്രത്യേക നടപടികളും സ്വീകരിച്ചുവരുന്നു. ഇതിനായി പൈപ്പുകളുടെ Pre-Delivery, Post Delivery ടെസ്റ്റിംഗ് നടത്തുന്നതിനായി സർക്കാർ സ്ഥാപനമായ CIPET-നെ നിലവിൽ ചുമതലപ്പെടുത്തിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് പരാതികൾ രജിസ്റ്റർ ചെയ്യാനും ലീക്കുകൾ പരിഹരിക്കുന്നത് നിരീക്ഷിക്കുവാനുമായി കേന്ദ്ര കാര്യാലയത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പരാതി പരിഹാര കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. വാണിജ്യ നഷ്ടത്തിന്റെ തോതുകുറയ്ക്കുക എന്ന ലക്ഷ്യത്തോടെ മീറ്റർ പോളിസിയും രൂപീകരിച്ചിട്ടുണ്ട്.

(ഡി) വാട്ടർ അതോറിറ്റി നിലവിൽ നഷ്ടത്തിലാണോ ലാഭത്തിലാണോ പ്രവർത്തിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

കേരള വാട്ടർ അതോറിറ്റിയുടെ 31-03-2023-ൽ അവസാനിച്ച വാർഷിക കണക്കുകൾ (പ്രൊവിഷണൽ) പ്രകാരം നിലവിൽ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. 2022-23-ലെ വാർഷിക കണക്കുകൾ (പ്രൊവിഷണൽ) പ്രകാരം തൻവർഷത്തെ ആകെ നഷ്ടം 1019.60 കോടി രൂപയാണ്. സഞ്ചിത നഷ്ടം 5931.03 കോടി രൂപയാണ്.

31-03-2023-ലെ പ്രൊവിഷണൽ കണക്കുപ്രകാരമുള്ള ബാലൻസ് ഷീറ്റിന്റെയും ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ അക്കൗണ്ടിന്റെയും സംക്ഷിപ്തരൂപം അനുബന്ധമായി ചേർക്കുന്നു+.

**ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ ജൽ ജീവൻ മിഷൻ കുടിവെള്ള പദ്ധതി**

307(1147) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ താന്നിക്കോട് മലയിൽ ടാങ്ക് നിർമ്മിച്ച് ജൽ ജീവൻ പദ്ധതിയുടെ ഭാഗമായി ആരംഭിക്കുന്ന കുടിവെള്ള പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; ഈ പദ്ധതിക്ക് എത്ര രൂപ ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ചാത്തമംഗലം ഉൾപ്പെടെ 8 പഞ്ചായത്തുകൾക്കുവേണ്ടി ജൽ ജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി 70100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഏതെല്ലാം പ്രദേശങ്ങൾക്ക് വേണ്ടിയാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചാത്തമംഗലം, മടവൂർ, കിഴക്കോത്ത്, ഉണ്ണികുളം, താമരശ്ശേരി, കാട്ടിപ്പാറ, പുതുപ്പാടി, കോടഞ്ചേരി, ഓമശ്ശേരി എന്നീ പഞ്ചായത്തിലെ മുഴുവൻ ഭവനങ്ങളിലും ശുദ്ധജലം എത്തിക്കാനാണ് ലക്ഷ്യമിടുന്നത്.

**നെയ്യാറ്റിൻകര മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

308(1148) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിലെ കാരോട്-കുളത്തൂർ, അതിയന്നൂർ-കോട്ടുകാൽ കുടിവെള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

അതിയന്നൂർ, കോട്ടുകാൽ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി

തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട അതിയന്നൂർ, കോട്ടുകാൽ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ ഒന്നാംഘട്ട പ്രവൃത്തികൾക്കായി 07-09-2019-ൽ കിഫ്ബിവഴി 25.49 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പദ്ധതിയുടെ വിവിധ ഘടകങ്ങൾക്കുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുകയും 08-02-2021-ൽ 22.91 കോടി രൂപയുടെ സാങ്കേതികാനുമതി

നൽകുകയും ചെയ്തു. നെയ്യാറാണ് ഈ പദ്ധതിയുടെ സ്രോതസ്സ്. ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്ന വിവിധ ഘടകങ്ങൾ താഴെപ്പറയുന്നു.

1. അതിയന്നൂർ പഞ്ചായത്തിലെ പോങ്ങിൽ എന്ന സ്ഥലത്ത് 15 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാല.
2. ജലശുദ്ധീകരണ ശാലയ്ക്കടുത്തായി 6 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂതല ജലസംഭരണി.
3. ജലശുദ്ധീകരണ ശാലയ്ക്കടുത്തായി 10 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണി.
4. പിരായുംമൂട് എന്ന സ്ഥലത്ത് നെയ്യാറിനുസമീപം 9.0 മീ. വ്യാസമുള്ള കിണറും പമ്പ്ഹൗസും.
5. കിണറും പമ്പ് ഹൗസിനും ജലശുദ്ധീകരണ ശാലയ്ക്കടുത്ത് സബ്സ്റ്റേഷൻ കെട്ടിടങ്ങളുടെ നിർമ്മാണം.
6. റാ വാട്ടർ പമ്പ് ഹൗസ് മുതൽ ജല ശുദ്ധീകരണശാല വരെ 5500 മീ. ദൈർഘ്യത്തിൽ 500 മി.മീ. വ്യാസമുള്ള ഡക്റ്റൈൽ അയൺ റാ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കൽ.

7. ജലശുദ്ധീകരണശാല മുതൽ ഉപരിതല ജലസംഭരണി വരെ 100 മീ. ദൈർഘ്യത്തിൽ 350 മി.മീ. വ്യാസമുള്ള ഡക്റ്റൈൽ അയൺ ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കൽ.

8. റാ വാട്ടർ, ക്ലിയർ വാട്ടർ പമ്പ്ഹൗസുകളിൽ 150 എച്ച്.പി. വീതമുള്ള പമ്പ് സെറ്റുകൾ സ്ഥാപിക്കലും ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കലും.

പദ്ധതിയുമായി ബന്ധപ്പെട്ട വിവിധ ഘടകങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുകയാണ്, 90 ശതമാനം പ്രവൃത്തികൾ ഇതിനോടകം പൂർത്തിയായിട്ടുണ്ട്. 2023 ഒക്ടോബർ മാസത്തിൽ പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>കുളത്തൂർ, കാരോട്, ചെങ്കൽ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി</u>

കുളത്തൂർ, കാരോട്, ചെങ്കൽ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതിക്ക് കിഫ്ബി വഴി 89.189 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഈ പദ്ധതിയുടെ ഭാഗമായി പൂർത്തീകരിക്കേണ്ട വിവിധ ഘടകങ്ങൾ താഴെപ്പറയുന്നവയാണ്.

1. പൊൻവിളയിൽ 16 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാല.

2. മാവിളക്കടവിൽ 9.0 മീ. വ്യാസമുള്ള കിണറും പമ്പ്ഹൗസും.
3. പൊൻവിള, ചെങ്കൽ, കുളത്തൂർ, കാരോട് എന്നിവിടങ്ങളിൽ 30, 17, 15, 10 ലക്ഷം ലിറ്റർ വീതം സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണികൾ.
4. റാ വാട്ടർ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ പൈപ്പ് ലൈനുകൾ.
5. പൊൻവിളയിൽ ജലശുദ്ധീകരണ ശാലയ്ക്കടുത്തായി സബ്സ്റ്റേഷൻ കെട്ടിടം.
6. ട്രാൻസ്ഫോർമറുകളും പമ്പ് സെറ്റുകളും സ്ഥാപിക്കൽ.

പ്രസ്തുത പദ്ധതിയിലെ വിവിധ ഘടകങ്ങളെ രണ്ടുപാക്കേജുകളായി തിരിക്കുകയും അതിൽ റാ വാട്ടർ, ക്ലിയർ വാട്ടർ പൈപ്പ് ലൈനുകൾ ഉൾപ്പെടുന്ന പാക്കേജിന്റെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭ്യമാക്കി ദർഘാസുകൾ ക്ഷണിച്ചെങ്കിലും ആരും പങ്കെടുത്തില്ല. തുടർന്ന് അവസാന തീയതി 24-07-2023 ആയി നിശ്ചയിച്ചുകൊണ്ട് പുനഃദർഘാസുകൾ ക്ഷണിക്കുകയും ഒരു ഓഫർ ലഭിക്കുകയും ചെയ്തു. ദർഘാസിന്റെ പ്രീ- ക്വാളിഫിക്കേഷൻ നടപടികൾ നടന്നുവരുന്നു.

ജലശുദ്ധീകരണശാലയും അനുബന്ധ ഘടകങ്ങളും ഉൾപ്പെടുന്ന പാക്കേജിന്റെ ദർഘാസുകൾ അവസാന തീയതി 31-07-2023 ആയി നിശ്ചയിച്ചുകൊണ്ട് ക്ഷണിച്ചെങ്കിലും ഒരാൾ മാത്രമേ പങ്കെടുത്തുള്ളൂ. നിലവിലെ നിയമമനുസരിച്ച് ആദ്യത്തെ ദർഘാസിൽ ലഭിക്കുന്ന ഒറ്റ ഓഫർ തുറക്കാൻ സാധിക്കാത്തതിനാൽ പ്രസ്തുത ദർഘാസ് റദ്ദാക്കുകയും പുനഃദർഘാസ് ക്ഷണിച്ചിരിക്കുകയുമാണ്. 23-08-2023 ആണ് ദർഘാസ് സമർപ്പിക്കുന്നതിനുള്ള അവസാന തീയതി. ദർഘാസ് നടപടികൾ പൂർത്തിയായിക്കഴിഞ്ഞാൽ ഒന്നര വർഷംകൊണ്ട് പദ്ധതി പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

**(ബി) കാരോട് കുടിവെള്ള പദ്ധതിയുടെ ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?**

കാരോട് കുടിവെള്ള പദ്ധതിയുടെ ദർഘാസ് നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല. പദ്ധതിക്ക് ആദ്യം ദർഘാസുകൾ ക്ഷണിച്ചപ്പോൾ അടങ്കൽ തുകയെക്കാളും അംഗീകരിക്കാൻ കഴിയാത്ത കൂടുതൽ തുക ക്വാട്ട് ചെയ്തതിനാൽ പ്രസ്തുത ദർഘാസ് റദ്ദാക്കി, തുടർന്ന് പദ്ധതിയുടെ എസ്റ്റിമേറ്റ്

പ്രൈസ്-3 സോഫ്റ്റ്വെയറിൽ പുതുക്കി നിർണ്ണയിച്ച് പുതിയ ദർഘാസുകൾ ക്ഷണിക്കേണ്ടതായിവന്നു. അതിനെത്തുടർന്ന് പദ്ധതിയിലെ വിവിധ ഘടകങ്ങളെ രണ്ട് പാക്കേജുകളായി തിരിക്കുകയും അതിൽ റാ വാട്ടർ, ക്ലിയർ വാട്ടർ പൈപ്പ് ലൈനുകൾ ഉൾപ്പെടുന്ന പാക്കേജിന്റെ എസ്റ്റിമേറ്റ് പുതുക്കി സമർപ്പിച്ച് സാങ്കേതികാനുമതി ലഭ്യമാക്കി ദർഘാസുകൾ ക്ഷണിച്ചെങ്കിലും ആരും പങ്കെടുത്തില്ല. തുടർന്ന് അവസാന തീയതി 24-07-2023 ആയി നിശ്ചയിച്ചുകൊണ്ട് രണ്ടാം പുനഃദർഘാസുകൾ ക്ഷണിക്കുകയും 26-07-2023 -ൽ ടെക്നിക്കൽ ബിഡ് തുറക്കുകയും ഒരു ഓഫർ ലഭിക്കുകയും ചെയ്തു. ദർഘാസിന്റെ പ്രീ-ക്വാളിഫിക്കേഷൻ നടപടികൾ നടന്നുവരുന്നു. ജലശുദ്ധീകരണശാലയും അനുബന്ധ ഘടകങ്ങളും ഉൾപ്പെടുന്ന പാക്കേജിൽ ദർഘാസുകൾ അവസാന തീയതി 31-07-2023 ആയി നിശ്ചയിച്ചുകൊണ്ട് ക്ഷണിച്ചെങ്കിലും ഒരാൾ മാത്രമേ പങ്കെടുത്തുള്ളൂ. നിലവിലെ നിയമം അനുസരിച്ച് ആദ്യത്തെ ദർഘാസിൽ ലഭിക്കുന്ന ഒറ്റ ഓഫർ തുറക്കാൻ സാധിക്കാത്തതിനാൽ റദ്ദാക്കുകയും പുനഃദർഘാസ് ക്ഷണിച്ചിരിക്കുകയുമാണ്. 23-08-2023 ആണ് ദർഘാസ് സമർപ്പിക്കുന്നതിനുള്ള അവസാന തീയതി.

ദർഘാസ് നടപടികൾ പൂർത്തിയായിക്കഴിഞ്ഞാൽ ഒന്നര വർഷംകൊണ്ട് പദ്ധതി പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) അതിയന്നൂർ കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണത്തിന് എത്ര നാൾ വേണ്ടിവരുമെന്നും ഇനി പൂർത്തീകരിക്കേണ്ട പ്രവൃത്തികൾ ഏതൊക്കെയെന്നും വിശദമാക്കാമോ?

അതിയന്നൂർ കുടിവെള്ള പദ്ധതി 2023 ഒക്ടോബർ മാസത്തോടുകൂടി പൂർത്തിയാക്കി കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പദ്ധതിയുടെ വിവിധ ഘടകങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്. ഇനി പൂർത്തീകരിക്കേണ്ട പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1. ഉപരിതല ജല സംഭരണി, ഫിൽട്ടർ ഹൗസ്, എയ്റേറ്റർ എന്നിവയുടെ പ്ലാസ്റ്ററിംഗ് പൂർത്തീകരിക്കേണ്ടതുണ്ട്.
2. പമ്പ് സെറ്റുകൾ, ട്രാൻസ്ഫോർമറുകൾ തുടങ്ങിയ ഇലക്ട്രിക് ഘടകങ്ങൾ സ്ഥാപിക്കേണ്ടതുണ്ട്.
3. റാ വാട്ടർ പമ്പിംഗ് മെയിൻ പൈപ്പ് ലൈനിന്റെ 15 ശതമാനം പ്രവൃത്തികൾകൂടി പൂർത്തീകരിക്കേണ്ടതുണ്ട്.

4. പദ്ധതിക്കാവശ്യമായ വൈദ്യുതി കണക്ഷനുകൾ ലഭ്യമാക്കേണ്ടതുണ്ട്. ഇതിന് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ പരിശോധനയും മറ്റ് നടപടിക്രമങ്ങളും പൂർത്തീകരിക്കേണ്ടതുണ്ട്.

**വർക്കല മണ്ഡലത്തിലെ കുടിവെള്ള കണക്ഷനുകൾ**

309(1149) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21 സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വർക്കല മണ്ഡലത്തിൽ എത്ര കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ടെന്നും ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും അവ എത്ര വീതമാണെന്നും വിശദമാക്കാമോ?

2016-2021 കാലയളവിൽ വർക്കല നിയോജകമണ്ഡലത്തിൽ ആകെ 29389 കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിലുള്ള കണക്ക് ചുവടെ ചേർക്കുന്നു.

1. വർക്കല മുനിസിപ്പാലിറ്റി -1827
2. ചെമ്മരുതി - 4233
3. വെട്ടൂർ - 1684

4. ഇടവ -3151
5. ഇലകമൺ -4515
6. പള്ളിക്കൽ - 2897
7. മടവൂർ -3525
8. നാവായിക്കുളം -7557

(ബി) ആയതിലേയ്ക്ക് ചെലവഴിച്ച തുക എത്രയെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

ജൽ ജീവൻ മിഷൻ പദ്ധതിപ്രകാരം ചെലവഴിച്ച തുകയുടെ വിശദവിവരങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു (തുക കോടിയിൽ).

1. ചെമ്മരുതി - 3.72
2. വെട്ടൂർ - 2.802
3. ഇടവ - 4.65
4. ഇലകമൺ - 6.22
5. പള്ളിക്കൽ - 2.16
6. മടവൂർ -7.05
7. നാവായിക്കുളം - 4.61

ആകെ 31.20 കോടിരൂപ കൂടാതെ ജല ശുദ്ധീകരണ ശാല, ജല സംഭരണികൾ എന്നിവയുൾപ്പെടെയുള്ള പ്രവൃത്തികൾക്കായി 34.68 കോടിരൂപ ചെലവായിട്ടുണ്ട്. ആയത് നടപ്പാക്കിവരുന്നത് തദ്ദേശസ്വയംഭരണ അടിസ്ഥാനത്തിലല്ല .

**കരിവന്നൂർ കുടിവെള്ള പദ്ധതി**

310(1150) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 സാമ്പത്തിക വർഷത്തെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 185 കോടിരൂപ വകയിരുത്തിയ കരിവന്നൂർ കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

തൃശ്ശൂർ കോർപ്പറേഷനും സമീപ പഞ്ചായത്തുകളിലേയ്ക്കും ഉള്ള ശുദ്ധജല വിതരണ പദ്ധതിക്ക് 11-01-2017-ൽ 185.00 കോടി രൂപയുടെ ഭരണാനുമതിയും 31-01-2017-ൽ 185.00 കോടിയുടെ സാങ്കേതികാനുമതിയും നൽകിയിരുന്നു.

ജലശുദ്ധീകരണശാലയുടെ നിർമ്മാണത്തിനായി ഏറ്റെടുക്കാനുദ്ദേശിച്ച ആറാട്ടുപുഴ വില്ലേജിലെ 5 ഏക്കറോളം സ്ഥലം അനുയോജ്യമല്ലെന്ന്

കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പുതിയ സ്ഥലത്തിനായി വിശദമായ അന്വേഷണം നടത്തുകയും വല്ലച്ചിറ വില്ലേജിൽ പല്ലിശ്ശേരികുന്ന് ചെറുകുന്ന് ഭാഗത്തായി 4.76 ഏക്കർ സ്ഥലം ശുദ്ധീകരണശാല പണിയുന്നതിന് അനുയോജ്യമാണെന്ന് ബോധ്യപ്പെട്ടതിനെ തുടർന്ന് 06-08-2022-ൽ ഈ സ്ഥലം ഏറ്റെടുക്കുന്നതിന് സർക്കാർ ഉത്തരവാകുകയും സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ പോക്കുവരവ് നടപടികൾ പൂർത്തീകരിച്ചിട്ടില്ല.

ജലശുദ്ധീകരണശാല നിർമ്മിക്കാനുദ്ദേശിച്ചിരുന്ന സ്ഥലം മാറ്റിയതിനെ തുടർന്ന് പുതുക്കിയ രൂപകല്പന തയ്യാറാക്കുകയും അതനുസരിച്ച് എസ്റ്റിമേറ്റ് 268 കോടി രൂപയായി വർദ്ധിക്കുകയും ചെയ്തു.

ടി പ്രവൃത്തിക്ക് 2018 SOR പ്രകാരമുള്ള നിരക്കിൽ 24-05-2022-ൽ 222.97 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. പുതുക്കിയ ഡി.ഇ.ആർ. ഫണ്ടിംഗ് അനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ സൂക്ഷ്മപരിശോധന കിഫ്ബിയിൽ നടന്നുവരുന്നു.

**ജലാശയങ്ങളുടെ സംരക്ഷണം**

311(1151) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. എ. കെ. എം. അഷ്റഫ്:
ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലാശയങ്ങളിൽ വ്യാപകമായി കയ്യേറ്റം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജലാശയങ്ങളുടെ സംരക്ഷണത്തിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

സംസ്ഥാനത്തെ കുളങ്ങൾ, ജലാശയങ്ങൾ, മറ്റ് ജലസ്രോതസ്സുകൾ എന്നിവ സംരക്ഷിച്ച് പുനരുജ്ജീവിപ്പിച്ച് സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ ജലസേചനവകുപ്പ് മുഖേന നിർവ്വഹിച്ചുവരുന്നു. കുളങ്ങളിൽ അടിഞ്ഞുകൂടിയിട്ടുള്ള എക്കലും ചെളിയും നീക്കം ചെയ്ത് ജലനിർഗ്ഗമന ചാലുകൾ പ്രവർത്തന സജ്ജമാക്കുക, തോടുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള ചെളി/എക്കൽ നീക്കം ചെയ്ത് ആവശ്യമുള്ള ഇടങ്ങളിൽ പാർശ്വസംരക്ഷണം നിർവ്വഹിക്കുക, പുഴകളിൽ

അടിഞ്ഞുകൂടിയിട്ടുള്ള എക്കൽ/ചെളി/മണൽ എന്നിവ നീക്കം ചെയ്യുക, പുഴകളിലും വലിയതോടുകളിലുമുള്ള തടയണകൾ/റെഗുലേറ്ററുകൾ എന്നിവയ്ക്ക് സമീപം അടിഞ്ഞുകൂടിയിട്ടുള്ള ചെളി/എക്കൽ/മണൽ എന്നിവ നീക്കം ചെയ്ത് സംഭരണശേഷി പുനഃസ്ഥാപിച്ച് ജലസംരക്ഷണം ഉറപ്പാക്കുക തുടങ്ങിയ പ്രവൃത്തികളാണ് നിർവ്വഹിച്ചുവരുന്നത്. തുടർന്നും ജലസംരക്ഷണ പ്രവർത്തനങ്ങൾ വകുപ്പിന് ലഭ്യമാകുന്ന ഫണ്ടുപയോഗിച്ചും വകുപ്പുകളുടെ ഏകോപനത്തോടും നടപ്പാക്കാവുന്നതാണ്. നിലവിൽ ഹരിത കേരളം മിഷന്റെ ഉപമിഷനായ 'ജലസമൃദ്ധി'യുടെ ഭാഗമായി തയ്യാറാക്കിയ നീർത്തടപ്ലാനുകളിൽ നിർദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങളും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ജലസേചന വകുപ്പ് ഏറ്റെടുക്കുന്നുണ്ട്. ജലാശയങ്ങളിലെ കയ്യേറ്റ നടപടികൾ റവന്യൂ വകുപ്പിൽ അറിയിക്കുകയും ആയത് റവന്യൂ വിഭാഗം സർവ്വേ ചെയ്ത്, കയ്യേറ്റമുണ്ടെന്ന് തെളിയുന്നപക്ഷം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ വകുപ്പിൽനിന്നും സ്വീകരിച്ചുവരുന്നുമുണ്ട്. ഒപ്പം പൊതുജനങ്ങൾക്ക് കയ്യേറ്റം പരാതിപ്പെടുന്നതിനായി ജലസേചന വകുപ്പിന്റെ വെബ്സൈറ്റിൽ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. കേരള

ജലസേചനവും ജലസംരക്ഷണവും നിയമം 2003-ന്റെ 2018-ലെ ഭേദഗതി അനുസരിച്ച് ജലസ്രോതസ്സുകൾ/കനാലുകൾ മലിനീകരിക്കപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടാൽ അതിനെതിരെ അതത് തദ്ദേശസ്വയംഭരണ സെക്രട്ടറിക്ക് പരാതി നൽകുകയും മലിനപ്പെടുത്തുന്ന വ്യക്തിക്ക് വകുപ്പിൽനിന്ന് നോട്ടീസ് നൽകി നിയന്ത്രണ നടപടികൾ സ്വീകരിക്കുന്നുമുണ്ട്.

(സി) വ്യാവസായിക മാലിന്യം ഉൾപ്പെടെയുള്ളവമൂലം മലിനമാക്കപ്പെടുന്നതിനാൽ ഉപയോഗരഹിതമായ ജലാശയങ്ങളുടെ വിവരം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

വ്യവസായ ശാലകളിൽ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയാണ് മലിനീകരണ നിയന്ത്രണ ബോർഡ് പ്രവർത്തനാനുമതി നൽകുന്നത്. ഇവയുടെ കാര്യക്ഷമത തുടർച്ചയായി നിരീക്ഷിച്ചുവരുന്നതുമാണ്. ഗുണനിലവാരം പാലിക്കാത്ത സാഹചര്യമുണ്ടായാൽ മലിനീകരണ നിയന്ത്രണ ബോർഡ് തുടർനടപടി സ്വീകരിക്കാറുണ്ട്. കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ റിപ്പോർട്ട് പ്രകാരം കേരളത്തിലെ 21 നദീ ഭാഗങ്ങളിൽ 18 നദീ ഭാഗങ്ങളാണ്

മലിനീകരിക്കപ്പെട്ടതായി കണ്ടെത്തിയിട്ടുള്ളത്. ഇതിൽ Priority 1, Priority 2 എന്നിവയിൽ കേരളത്തിലെ നദികൾ ഉൾപ്പെട്ടിട്ടില്ല. Priority 3-ൽ തിരുവനന്തപുരം ജില്ലയിലെ കരമന നദിയുടെ ഭാഗവും Priority 4-ൽ നെയ്യാർ, വാമനപുരം എന്നീ നദികളും Priority 5-ൽ അയിരൂർ, ചാലക്കുടി, ചിത്രപ്പുഴ, കടലുണ്ടി, കടമ്പ്രയാർ, കല്ലായി, കൽപ്പാത്തിപ്പുഴ, കോരയാർ, മാമം, മണിമല, പമ്പ, പെരിയാർ, പുല്ലൂർ, തിരൂർ, ഉപ്പള എന്നീ 15 നദികളുടെ ഭാഗങ്ങളുമാണ് ഉൾപ്പെട്ടിട്ടുള്ളത്. ഇവയ്ക്ക് കർമ്മ പദ്ധതി തയ്യാറാക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡ് നടപടികൾ സ്വീകരിച്ചുവരുന്നു.

**വാട്ടർ അതോറിറ്റിയിലെ ഓൺലൈൻ സേവനങ്ങൾ**

312(1152) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാട്ടർ അതോറിറ്റിയിൽ ഓൺലൈൻ സേവനങ്ങൾ ലഭ്യമാകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) വാട്ടർ അതോറിറ്റിയിലെ ജനങ്ങൾക്കുള്ള സേവനങ്ങൾ പൂർണ്ണമായും ഓൺലൈനിൽ ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ സേവനങ്ങൾ പൂർണ്ണമായും ഓൺലൈനിൽ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ & ബി) ഇല്ല. കേരള വാട്ടർ അതോറിറ്റിയുടെ കണക്ഷൻ ആൾട്ടറേഷൻ ഒഴികെയുള്ള എല്ലാ സേവനങ്ങളും ഓൺലൈനായി ലഭ്യമാണ്. പണം അടയ്ക്കുക, പുതിയ വാട്ടർ/സ്വീവേജ് കണക്ഷൻ എടുക്കുക തുടങ്ങി വാട്ടർ കണക്ഷനുമായി ബന്ധപ്പെട്ട മറ്റ് അനുബന്ധ സേവനങ്ങളും ഓൺലൈനായി നൽകിവരുന്നു. കണക്ഷൻ ആൾട്ടറേഷൻ ഓൺലൈനാക്കുന്ന പ്രവൃത്തി നടന്നുവരുന്നു.

**ജലവിഭവ വകുപ്പിലെ പദ്ധതികൾ**

313(1153) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധനകാര്യ വകുപ്പ് വിയോജിപ്പ് രേഖപ്പെടുത്തിയിട്ടും മന്ത്രിസഭയുടെ

അംഗീകാരത്തോടെ ജലവിഭവ വകുപ്പ് നടപ്പാക്കിയിട്ടുള്ള പദ്ധതികൾ, പ്രവർത്തനങ്ങൾ, തീരുമാനങ്ങൾ എന്നിവ എന്തൊക്കെയാണ്; വിശദമാക്കാമോ?

(1) ഭാരതപ്പുഴയ്ക്ക് കുറുകെയുള്ള തൃത്താലയിലെ വെള്ളിയാംകല്ല് റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ രണ്ടാംഘട്ട പുനരുദ്ധാരണവും തകർന്ന സംരക്ഷണ ഭിത്തിയുടെ പുനർനിർമ്മാണവും.

(2) നിയമ വകുപ്പിൽ സെക്ഷൻ ഓഫീസർ തസ്തിക സൃഷ്ടിച്ച് ഭൂജല വകുപ്പിൽ ലാ ഓഫീസർ തസ്തികയിലേയ്ക്ക് നിയമനം നടത്തിയത്.

(ബി) മേൽപ്പറഞ്ഞ ഓരോ വിഷയത്തിലും ധനകാര്യ വകുപ്പ് നൽകിയ റിമാർക്ക്സ് എന്തായിരുന്നു; ഓരോ തീരുമാനവും സംബന്ധിച്ച ക്യാബിനറ്റ് നോട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഓരോന്നും നടപ്പാക്കിയതിലൂടെ എത്ര രൂപയുടെ ബാധ്യതയുണ്ടായിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

വെള്ളിയാംകല്ല് റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ രണ്ടാംഘട്ട പുനരുദ്ധാരണവും തകർന്ന സംരക്ഷണഭിത്തിയുടെ പുനർനിർമ്മാണവും Phase II എന്ന പദ്ധതിക്കുവേണ്ടി 4701-20-800-98-reservoirs (Velliyamkallu

Causeway) എന്ന ശീർഷകത്തിൽ അധിക ധനാനുമതി നൽകുന്നതിലേയ്ക്കായി ഫയൽ ആദ്യം ധനകാര്യ വകുപ്പിന് അയച്ചപ്പോൾ "Since no budget provision is available under the current year budget for the proposed project of Velliyamkallu RCB Phase II including reconstruction of damaged retaining wall for an amount of Rs.33.40 crore, Administrative Department may explore the funding from other sources and also furnish detailed project report to RKI, if some fund augmentation is necessary from the RKI as opined by RKI Department" എന്നും ടി പ്രൊപ്പോസൽ വീണ്ടും ധനകാര്യ വകുപ്പിന് അയച്ചപ്പോൾ "Since this is a Nil provision work, Finance defers the proposal. This has the approval of Hon'ble Minister (Finance)", എന്നും അഭിപ്രായപ്പെട്ടിട്ടുണ്ട്.

പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് 33.4 കോടി രൂപയുടെ ബാധ്യത ഉണ്ടായിട്ടുണ്ട്.

നിയമ വകുപ്പിൽ സെക്ഷൻ ഓഫീസർ തസ്തിക സൃഷ്ടിച്ച് ഭൂജല വകുപ്പിൽ ലാ ഓഫീസർ തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിനായി

ഫയൽ ധനകാര്യ വകുപ്പിന് നൽകിയപ്പോൾ പ്രസ്തുത വകുപ്പ് താഴെപ്പറയും പ്രകാരം റിമാർക്സ് ലഭ്യമാക്കിയിരുന്നു.

"സർക്കാരിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി പരിഗണിക്കുമ്പോൾ പുതുതായി ഒരു തസ്തിക സൃഷ്ടിക്കുന്നത് ഉചിതമല്ലാത്ത സാഹചര്യത്തിൽ ഭൂജല വകുപ്പിൽ നിലവിൽ ജോലിചെയ്യുന്ന ഒരു ഹെഡ് ക്ലാർക്കിനെയോ ജൂനിയർ സൂപ്രണ്ടിനെയോ ലെയ്സൺ ഓഫീസറുടെ ചാർജ്ജ് കൊടുത്ത് കേസുകളുടെ വിഷയം കൈകാര്യം ചെയ്യാൻ നിർദ്ദേശിക്കാവുന്നതാണെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു.

ഇതിന് ബഹു. ധനകാര്യ വകുപ്പുമന്ത്രിയുടെ അംഗീകാരമുണ്ട്".

ഈ തീരുമാനം നടപ്പാക്കിയതിലൂടെ ഒരു മാസം ഏകദേശം 51400/- രൂപയും ഒരു വർഷം 6,78,000/- രൂപയും അധിക ബാധ്യതയുണ്ടാകുന്നുണ്ട്. ക്യാബിനറ്റ് നോട്ടിന്റെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

## കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തന പരിധി പുനഃക്രമീകരിക്കാൻ നടപടി

314(1154) <u>ഡോ. എൻ. ജയരാജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) വാട്ടർ അതോറിറ്റിയുടെ പ്രവർത്തന പരിധി പുനഃക്രമീകരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളും നിലവിലെ പുരോഗതിയും അറിയിക്കാമോ;

(ബി) മുഴുവൻ വീടുകളിലേയ്ക്കും വാട്ടർ അതോറിറ്റി മുഖേന കുടിവെള്ളമെത്തിക്കുന്ന സാഹചര്യം കണക്കിലെടുത്ത് റവന്യൂ ജില്ല, നിയമസഭാമണ്ഡലം എന്നിവയുടെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റി ഓഫീസുകളുടെ പ്രവർത്തന പരിധി പുനഃക്രമീകരിക്കുന്ന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുമോ; വിശദമാക്കാമോ?

(എ&ബി) കേരള വാട്ടർ അതോറിറ്റിയുടെ തീരുമാനപ്രകാരം സർക്കിൾ ഓഫീസുകൾ റവന്യൂ ജില്ലയുടെ അടിസ്ഥാനത്തിലും ഡിവിഷൻ ഓഫീസുകൾ മൂന്നോനാലോ നിയമസഭാ മണ്ഡലത്തിന്റെ അടിസ്ഥാനത്തിലും സെക്ഷൻ ഓഫീസുകൾ മൂന്നോനാലോ പഞ്ചായത്തടിസ്ഥാനത്തിലും കണക്ഷനുകളുടെ അടിസ്ഥാനത്തിലുമാണ് ജൽ ജീവൻ മിഷൻ പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടാത്ത രീതിയിൽ പുനഃസംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നത്.

ഇതിനായി കേരള വാട്ടർ അതോറിറ്റി എം.ഡി. ചെയർമാനായി സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതി തയ്യാറാക്കിയ കരട് ജീവനക്കാരുടെ സംഘടനകളുമായും ഉയർന്ന ഉദ്യോഗസ്ഥരുടെ വർക്ക് ഷോപ്പിലും ചർച്ച നടത്തുകയും ചെയ്തു. പ്രസ്തുത ചർച്ചകളിലെ അഭിപ്രായങ്ങൾ പരിഗണിച്ച് ജൽ ജീവൻ മിഷൻ പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടാത്ത രീതിയിൽ ദ്രുതഗതിയിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**പൈപ്പ് ലൈനുകൾ സമയബന്ധിതമായി മാറ്റുന്നതിന് നടപടി**

315(1155) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് റോഡുകളിൽ പ്രവൃത്തി നടക്കുന്നതിന്റെ ഭാഗമായി മാറ്റി സ്ഥാപിക്കേണ്ട പൈപ്പ് ലൈനുകൾ സമയബന്ധിതമായി മാറ്റുന്നതിൽ കാലതാമസം വരുന്നത് പ്രതിസന്ധിയുണ്ടാക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പൈപ്പ് ലൈനുകൾ പൊട്ടി കുടിവെള്ളം പാഴാകുന്ന സാഹചര്യം ഒഴിവാക്കാൻ മെയിന്റനൻസ് വിഭാഗം ശാക്തീകരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

ജല അതോറിറ്റിയുടെ പൈപ്പുകളിലുണ്ടാകുന്ന ചോർച്ചകൾ കണ്ടെത്തി യഥാസമയം പരിഹരിക്കുന്നതിനുള്ള നടപടികൾ റണ്ണിംഗ് കോൺട്രാക്ട് വ്യവസ്ഥയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ലീക്ക് ശ്രദ്ധയിൽപ്പെട്ടാൽ ഉടനെ റണ്ണിംഗ് കോൺട്രാക്ടറെ അറിയിച്ച് ലീക്കുകൾ പരിഹരിക്കാറുണ്ട്. പൈപ്പ് ലൈൻ ലീക്കുകൾ റിപ്പോർട്ട് ചെയ്യുമ്പോൾ ജലനഷ്ടം ഒഴിവാക്കാനായി അടിയന്തര സാഹചര്യങ്ങളിൽ ബ്ലൂ ബ്രിഗേഡ് മുഖേന ലീക്കുകൾ പരിഹരിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

**വാട്ടർ അതോറിറ്റിയുടെ ഡിവിഷൻ ഓഫീസ്**

316(1156) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ  വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളത്ത് വാട്ടർ അതോറിറ്റിയുടെ ഒരു ഡിവിഷൻ ഓഫീസ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ പുരോഗതി വിശദമാക്കാമോ?

അതോറിറ്റിയുടെ തീരുമാനപ്രകാരം സർക്കിൾ ഓഫീസുകൾ റവന്യൂ ജില്ലയുടെ അടിസ്ഥാനത്തിലും ഡിവിഷൻ ഓഫീസുകൾ മൂന്നോനാലോ നിയമസഭാ മണ്ഡലത്തിന്റെ അടിസ്ഥാനത്തിലും സെക്ഷൻ ഓഫീസുകൾ മൂന്നോനാലോ പഞ്ചായത്തടിസ്ഥാനത്തിലും കണക്ഷനുകളുടെ അടിസ്ഥാനത്തിലുമാണ് പുനഃസംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നത്.

കായംകുളത്ത് പുതിയ ഡിവിഷൻ ഓഫീസ് സ്ഥാപിക്കുന്നതിനായുള്ള ആവശ്യം വാട്ടർ അതോറിറ്റിയുടെ ബോർഡിന് മുമ്പാകെ സമർപ്പിക്കുകയും പ്രസ്തുത ആവശ്യം വർക്കിന്റെയും കണക്ഷനുകളുടെയും ജൽ ജീവൻ മിഷൻ മുഖേന നൽകാനുദ്ദേശിക്കുന്ന കണക്ഷനുകളുടെയും അടിസ്ഥാനത്തിൽ സംസ്ഥാനമൊട്ടുക്ക് ഡിവിഷൻ ഓഫീസുകളുടെ റീ-അറേഞ്ച്മെന്റ് നടത്തുമ്പോൾ പരിഗണിക്കുന്നതാണെന്ന് ബോർഡ് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

ഇതിനായി കേരള വാട്ടർ അതോറിറ്റി എം.ഡി. ചെയർമാനായി സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതി തയ്യാറാക്കിയ കരട് ജീവനക്കാരുടെ സംഘടനകളുമായും ഉയർന്ന ഉദ്യോഗസ്ഥരുടെ വർക്ക് ഷോപ്പിലും ചർച്ച നടത്തുകയും ചെയ്തു. പ്രസ്തുത ചർച്ചകളിലെ അഭിപ്രായങ്ങൾ പരിഗണിച്ച് ജൽ ജീവൻ മിഷൻ പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടാത്ത രീതിയിൽ ദ്രുതഗതിയിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**സ്മാർട്ട് ഡിജിറ്റൽ മീറ്റർ**

317(1157) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഴയ വാട്ടർ മീറ്ററുകൾ മാറ്റി പുതിയ സ്മാർട്ട് ഡിജിറ്റൽ മീറ്ററുകൾ സ്ഥാപിക്കുന്നതിന്റെ പൂർത്തീകരണം ആയിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ നിജസ്ഥിതി വ്യക്തമാക്കാമോ?

സംസ്ഥാനത്ത് സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി കൊച്ചി നഗരത്തിൽ പഴയ വാട്ടർ മീറ്ററുകൾ മാറ്റി പുതിയ സ്മാർട്ട് ഡിജിറ്റൽ മീറ്ററുകൾ സ്ഥാപിക്കുന്നതിന്റെ പൂർത്തീകരണം ഭാഗികമായി നടപ്പാക്കിയിട്ടുണ്ട്. 502

സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്ന പ്രവൃത്തി 11-09-2021-ൽ പൂർത്തീകരിച്ചിട്ടുള്ളതാണ്. പക്ഷെ മീറ്ററിന്റെ പ്രവർത്തനക്ഷമതയിൽ പരാതികൾ ലഭിച്ചതിനാൽ സ്ഥല പരിശോധന നടത്തി പ്രവർത്തന രഹിതമായ 238 മീറ്ററുകളിൽ 20 മീറ്ററുകൾ കരാറുകാരൻ മാറ്റി സ്ഥാപിച്ചിരുന്നു. ബാക്കി മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്ന നടപടി കരാറുകാരൻ മുഖേന സ്വീകരിച്ചുവരുന്നു.

കേരള വാട്ടർ അതോറിറ്റിക്ക് കീഴിൽ അമൃത് പദ്ധതിയിലുൾപ്പെടുത്തി പൈലറ്റ് സ്റ്റഡി എന്ന നിലയിൽ തിരുവനന്തപുരം നഗരത്തിലെ പല വാർഡുകളിലായി ഒരു നിശ്ചിത ഉപഭോഗത്തിന് മുകളിലുള്ള ഉപഭോക്താക്കൾക്ക് രണ്ടുഘട്ടങ്ങളിലായി 6080 സ്മാർട്ട് മീറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത മീറ്ററുകൾ സ്ഥാപിച്ചതിനുശേഷം കേടായാൽ ആയത് മാറ്റാൻ ഉപഭോക്താവ് ചെലവ് വഹിക്കേണ്ടതുണ്ടോ എന്ന് വിശദമാക്കാമോ?

ഇക്കാര്യത്തിൽ നിലവിൽ തീരുമാനമെടുത്തിട്ടില്ല.

**വെള്ളക്കര കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി**

318 (1158) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ/അർദ്ധസർക്കാർ വ്യവസായ സ്ഥാപനങ്ങളുടെയും സ്വകാര്യ വ്യക്തികളുടെയും വെള്ളക്കര കുടിശ്ശിക ജല അതോറിറ്റി പിരിച്ചെടുക്കാനുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെയും സ്വകാര്യ വ്യക്തികളുടെയും വാട്ടർ ചാർജ്ജ് വിവരങ്ങൾ ചുവടെ ചേർക്കുന്നു. (തുക കോടി രൂപയിൽ)

- സർക്കാർ സ്ഥാപനങ്ങൾ: 106.67
- അർദ്ധ സർക്കാർ സ്ഥാപനങ്ങൾ: 8.51
- ഗാർഹിക കണക്ഷനുകൾ : 256.28
- ഗാർഹികേതര കണക്ഷനുകൾ (സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾ ഒഴികെ): 96.17
- വ്യാവസായിക കണക്ഷനുകൾ: 5.47

- മറ്റിനങ്ങൾ (സ്പെഷ്യൽ കണക്ഷൻ, ജലനിധി, ടാങ്കർ ലോറി തുടങ്ങിയവ): 63.73

മാത്രമല്ല പൊതുടാപ്പുകളുടെ (പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ) കണക്ഷനുകളുടെ കുടിശ്ശിക 815.52 കോടി രൂപയുമുണ്ട്. ആകെ കുടിശ്ശിക 1352.35 കോടി രൂപയാണ്.

(ബി) പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ വരുത്തിയ അലംഭാവമാണ് വെള്ളക്കരം പതിൻമടങ്ങ് വർദ്ധിപ്പിക്കാൻ കാരണമായതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ അലംഭാവം കാണിച്ചിട്ടില്ല. 2021-22 സാമ്പത്തിക വർഷത്തെ കടിശ്ശിക 2111.59 കോടി രൂപയായിരുന്നു. എന്നാൽ ഇന്റേണൽ അദാലത്ത് വഴിയും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴിയും ഗാർഹികേതര കണക്ഷനുകളിലെ കൂട്ടുപലിശ ഒഴിവാക്കി 2 ശതമാനം സാധാരണ പലിശ നിരക്കിൽ കണക്കാക്കി നൽകിയതുവഴിയും റവന്യൂ അദാലത്ത്, ആംനെസ്റ്റി അദാലത്ത് തുടങ്ങിയ പദ്ധതികൾ നടപ്പാക്കിയത്

വഴിയും പരമാവധി കുടിശ്ശിക പിരിച്ചെടുത്ത് 2022-23 സാമ്പത്തിക വർഷത്തെ കടിശ്ശിക 1194.95 കോടി രൂപയായി കുറയ്ക്കാൻ സാധിച്ചു.

1,000 ലിറ്റർ (ഒരു കിലോ ലിറ്റർ) ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിന് 22.85/- രൂപ വാട്ടർ അതോറിറ്റിക്ക് ചെലവാകുമ്പോൾ, ശരാശരി 10.92/- രൂപ മാത്രമാണ് ഒരു കിലോ ലിറ്റർ ജലത്തിൽനിന്നും വരുമാനമായി ലഭിച്ചിരുന്നത്, അതായത് ഒരു കിലോ ലിറ്റർ ജലം വിതരണം ചെയ്യുമ്പോൾ വാട്ടർ അതോറിറ്റിക്ക് 11.93/- രൂപ നഷ്ടം വന്നിരുന്നു. ജല ശുദ്ധീകരണത്തിനും വിതരണത്തിലും വരുന്ന ചെലവിനെക്കാൾ വളരെ കുറഞ്ഞ നിരക്കിൽ ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതുവഴി വാട്ടർ അതോറിറ്റിക്ക് ഭീമമായ നഷ്ടമാണ് പ്രതിവർഷമുണ്ടാകുന്നത്. വർഷാവർഷം വർദ്ധിച്ചുവരുന്ന വൈദ്യുതി ചാർജ്ജ്, കെമിക്കൽസിന്റെ വില വർദ്ധനവ്, അറ്റകുറ്റപ്പണികളുടെ ചെലവ്, വായ്പ തിരിച്ചടവ്, ശമ്പളം, പെൻഷൻ ചെലവ് എന്നിവയ്ക്ക് അനുസൃതമായി വാട്ടർ ചാർജ്ജിൽ വർദ്ധനവ് ഉണ്ടാകുന്നില്ല. ആയതിനാലാണ് വാട്ടർ ചാർജ്ജ് വർദ്ധിപ്പിക്കേണ്ട സാഹചര്യമുണ്ടായത്.

(സി) വെള്ളക്കര കുടിശ്ശിക പിരിച്ചെടുക്കാനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

വാട്ടർ ചാർജ്ജ് കുടിശ്ശിക പിരിച്ചെടുക്കാനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സെക്ഷൻ ഓഫീസുതലം വരെയുള്ള ജീവനക്കാരെ ഏകോപിപ്പിച്ച് ഊർജ്ജിതമായ കുടിശ്ശിക നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടത്തിവരുന്നു. കുടിശ്ശികയുള്ള ഉപഭോക്താക്കൾക്ക് പ്രത്യേക നോട്ടീസുകൾ നൽകി കുടിശ്ശിക പിരിച്ചെടുക്കുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ബില്ല് നൽകിയിട്ടും കുടിശ്ശിക അടയ്ക്കാത്ത ഉപഭോക്താക്കളുടെ കണക്ഷനുകൾ വിച്ഛേദിക്കുകയും അവർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ ഉൾപ്പെടെ സ്വീകരിക്കുകയും ചെയ്തുവരുന്നു. എല്ലാ പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെയും കുടിശ്ശിക അടയ്ക്കുവാനുള്ള അറിയിപ്പ് നൽകിവരുന്നു. സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽനിന്നും കുടിശ്ശിക പിരിച്ചെടുക്കാൻ വേണ്ട നടപടികളും സ്വീകരിച്ചുവരുന്നു. വാട്ടർ അതോറിറ്റിയുടെ എല്ലാ ഓഫീസുകളിൽനിന്നും ബന്ധപ്പെട്ട വകുപ്പുകൾക്ക് കുടിശ്ശിക തുക അടയ്ക്കണമെന്ന് കാണിച്ച് കത്ത് മുഖേനയും നേരിട്ടും

അറിയിപ്പുകൾ നൽകിയിട്ടുണ്ട്. കൂടാതെ സർക്കാർ സ്ഥാപനങ്ങളിൽനിന്നും കുടിശ്ശിക അടയ്ക്കണമെന്ന് കാണിച്ച് എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകാനുള്ള കുടിശ്ശിക അവരുടെ പ്ലാൻ ഫണ്ടിൽനിന്നും കുറവ് ചെയ്ത് നൽകണമെന്ന് കാണിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്. മാത്രമല്ല എല്ലാ സ്ഥാപനങ്ങളിലും വാട്ടർ അതോറിറ്റിയുടെ ഓഫീസർമാർ നേരിട്ട് പോയി കുടിശ്ശിക തുക അടയ്ക്കണമെന്ന് കാണിച്ച് കത്തുകളും നൽകുന്നുണ്ട്.

(ഡി) വർദ്ധിപ്പിച്ച വെള്ളക്കരം കടുത്ത ആഘാതം സൃഷ്ടിക്കുന്ന സാഹചര്യത്തിൽ വെള്ളക്കര വർദ്ധനവ് പിൻവലിക്കാൻ തയ്യാറാകുമോ?

1,000 ലിറ്റർ (ഒരു കിലോ ലിറ്റർ) ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിന് 22.85 രൂപ വാട്ടർ അതോറിറ്റിക്ക് ചെലവാകുമ്പോൾ ശരാശരി 10.92 രൂപ മാത്രമാണ് ഒരു കിലോ ലിറ്റർ ജലത്തിൽനിന്നും വരുമാനമായി ലഭിച്ചിരുന്നത്. അതായത് ഒരു കിലോ ലിറ്റർ ജലം വിതരണം ചെയ്യുമ്പോൾ വാട്ടർ അതോറിറ്റിക്ക് 11.93 രൂപ നഷ്ടം വന്നിരുന്നു.

ജല ശുദ്ധീകരണത്തിനും വിതരണത്തിലും വരുന്ന ചെലവിനേക്കാൾ വളരെ കുറഞ്ഞ നിരക്കിൽ ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതുവഴി വാട്ടർ അതോറിറ്റിക്ക് പ്രതിവർഷം ഭീമമായ നഷ്ടമാണ് ഉണ്ടാകുന്നത്. വർഷാവർഷം വർദ്ധിച്ചുവരുന്ന വൈദ്യുതി ചാർജ്ജ്, കെമിക്കൽസിന്റെ വില വർദ്ധനവ്, അറ്റകുറ്റപ്പണികളുടെ ചെലവ്, വായ്പ തിരിച്ചടവ്, ശമ്പളം, പെൻഷൻ ചെലവ് എന്നിവയ്ക്ക് അനുസൃതമായി വാട്ടർ ചാർജ്ജിൽ വർദ്ധനവുണ്ടായിരുന്നില്ല. കൂടാതെ ബി.പി.എൽ. ഉപഭോക്താക്കൾക്ക് പ്രതിമാസം 15,000 ലിറ്റർ ജലം സൗജന്യമായാണ് നൽകി വരുന്നത്. ടി ഇനത്തിൽ 2023-ൽ 5.91 ലക്ഷം ഉപഭോക്താക്കൾക്ക് ആനുകൂല്യം നൽകിവരുന്നു. ആയതിനാലാണ് വാട്ടർ ചാർജ്ജ് വർദ്ധിപ്പിക്കേണ്ട സാഹചര്യമുണ്ടായത്. ഇക്കാരണങ്ങൾകൊണ്ട് വാട്ടർ ചാർജ്ജ് വർദ്ധനവ് പുനഃപരിശോധിക്കേണ്ടതില്ലെന്ന് കാണുന്നു.

**ജലനിധി ശുദ്ധജല പദ്ധതിയിലെ ക്രമക്കേടുകൾ**

319(1159) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലനിധി ശുദ്ധജല പദ്ധതിയിൽ വ്യാപക ക്രമക്കേടുകൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല; ജലനിധി പദ്ധതി നടപ്പാക്കിയ ചില പഞ്ചായത്തുകളിലെ തെരഞ്ഞെടുക്കപ്പെട്ട സ്കീമുകളിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഒരേ ദിവസം പരിശോധന നടത്തിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ എന്തൊക്കെ നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വിജിലൻസ് അന്വേഷണ റിപ്പോർട്ട് ലഭിച്ചതിനുശേഷം ആയത് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

**വാട്ടർ അതോറിറ്റിയിൽ മീറ്റർ റീഡർ തസ്തിക**

320(1160) <u>ശ്രീ. എ. പി. അനിൽ കുമാർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയിൽ മീറ്റർ റീഡർ തസ്തികയിൽ എത്ര സ്ഥിരം ജീവനക്കാരും എത്ര താത്കാലിക ജീവനക്കാരും പ്രവർത്തിക്കുന്നുണ്ടെന്നും

വാട്ടർ അതോറിറ്റിയുടെ കീഴിൽ നിലവിൽ എത്ര വാട്ടർ കണക്ഷനുകളുണ്ടെന്നും അറിയിക്കാമോ?

വാട്ടർ അതോറിറ്റിയിൽ മീറ്റർ റീഡർ തസ്തികയിൽ 344 സ്ഥിരം ജീവനക്കാരും 1408 താത്കാലിക ജീവനക്കാരും പ്രവർത്തിക്കുന്നുണ്ട്.

2023 ജൂൺ 30-ലെ കണക്കുപ്രകാരം ആകെ കണക്ഷനുകളുടെ എണ്ണം - 41,42,868.

(ബി) ഒരു മീറ്റർ റീഡർ ഒരു ദിവസം രേഖപ്പെടുത്തേണ്ട റീഡിംഗിന്റെ എണ്ണം എത്രയാണെന്ന് പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ; പ്രസ്തുത തോത് നിശ്ചയിച്ച് ഇറക്കിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ 23-06-2023-ലെ KWA/HO/RMC/R1/950/2020 നമ്പർ ഉത്തരവുപ്രകാരം ഒരു മീറ്റർ റീഡർ ഒരു ദിവസം രേഖപ്പെടുത്തേണ്ട റീഡിംഗിന്റെ എണ്ണം പഞ്ചായത്തിൽ 50 എണ്ണവും മുനിസിപ്പാലിറ്റിയിൽ 60 എണ്ണവും കോർപ്പറേഷനിൽ 80 എണ്ണവുമായി നിശ്ചയിച്ചിട്ടുണ്ട്. ഒരു മാസം മിനിമം 20 ദിവസം റീഡിംഗ് എടുക്കണമെന്നും

ബാക്കി ദിവസങ്ങളിൽ ഡിസ്കണക്ഷൻ ഉൾപ്പെടെയുള്ള മറ്റ് ജോലികളിൽ ഏർപ്പെടണമെന്നും നിശ്ചയിച്ചിരിക്കുന്നു. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

(സി) മേൽപ്പറഞ്ഞ റീഡിംഗ് നിരക്ക് പുനർ നിശ്ചയിച്ചുകൊണ്ട് ഉത്തരവിറക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പും പ്രസ്തുത ഉത്തരവ് മരവിപ്പിക്കാൻ ഇടയാക്കിയ സാഹചര്യവും വ്യക്തമാക്കുമോ?

മേൽപ്പറഞ്ഞ റീഡിംഗ് നിരക്ക് 25-07-2023-ലെ യൂണിയൻ നേതാക്കളുമായുള്ള ചർച്ചയെ തുടർന്ന് താത്കാലികമായി മരവിപ്പിച്ചെങ്കിലും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ 04-08-2023-ലെ KWA/HO/RMC/R1/950/2020 നമ്പർ ഉത്തരവുപ്രകാരം എല്ലാ മീറ്റർ റീഡർമാരും പ്രതിമാസ ടാർഗറ്റ് ആയ 600 എണ്ണം (ഗ്രാമപ്രദേശങ്ങളിൽ), 800 എണ്ണം (നഗരപ്രദേശങ്ങളിൽ) എന്നതിനെക്കാൾ 20 ശതമാനം റീഡിംഗ് കൂടുതലായി എടുക്കേണ്ടതാണ്. അതായത് പ്രതിമാസം ഗ്രാമപ്രദേശങ്ങളിൽ 720 റീഡിംഗുകളും നഗര പ്രദേശങ്ങളിൽ 960 റീഡിംഗുകളും എടുക്കേണ്ടതാണ്. യൂണിയനുകൾ ഉന്നയിച്ച പ്രായോഗിക

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബുദ്ധിമുട്ടുകളെക്കുറിച്ച് സെപ്റ്റംബർ 30-നകം കൂടുതൽ പഠനം നടത്തി 2023 ഒക്ടോബർ ആദ്യവാരം അന്തിമ തീരുമാനമെടുക്കുന്നതാണ്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

**വാട്ടർ അതോറിറ്റി പൊൻകുന്നം സബ് ഡിവിഷൻ ഓഫീസിന് പുതിയ കെട്ടിടം**

321(1161) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റി പൊൻകുന്നം സബ് ഡിവിഷൻ ഓഫീസിന് പുതിയ കെട്ടിടം സ്ഥാപിക്കുന്നതിനുള്ള തുക അനുവദിക്കുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭരണാനുമതി എന്നത്തേയ്ക്ക് നൽകാനാകുമെന്നും നടപടികൾ ത്വരിതപ്പെടുത്തി തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാമോ എന്നും വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) പ്രസ്തുത പദ്ധതിക്ക് കേരള വാട്ടർ അതോറിറ്റിയിൽനിന്നും ശിപാർശ ലഭ്യമാകുന്നമുറയ്ക്ക് ഭരണാനുമതി നൽകുന്ന നടപടികൾ സ്വീകരിക്കാവുന്നതാണ്.

**കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി**

322(1162)ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുവേണ്ടി ഒരു പ്രത്യേക പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നത് ഉറപ്പ് വരുത്തുവാനായി വിവിധതലങ്ങളിൽ പരിശോധന നടത്തുന്നുണ്ട്. കൂടാതെ പദ്ധതികളുടെ ദൈനംദിന പുരോഗതി വിലയിരുത്തുന്നതിനായി PASK Software ഉപയോഗിച്ചുവരുന്നു. പദ്ധതിയുടെ

പുരോഗതി ത്വരിതപ്പെടുത്തുന്നതിനായി നിയമസഭാ സമാജികരും ജില്ലാ കളക്ടറും കേരള സംസ്ഥാന പ്ലാനിംഗ് ബോർഡും കിഫ്ബി ഉദ്യോഗസ്ഥരും കേരള വാട്ടർ അതോറിറ്റിയിലെ ഉന്നതതല ഉദ്യോഗസ്ഥരും പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ ഒരു ടൈം ടേബിൾ തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ?

പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ ടൈംടേബിൾ തയ്യാറാക്കിയിട്ടുണ്ട്.

(സി) പദ്ധതിയുടെ ഓരോ ഘട്ടത്തിന്റെയും നിലവിലെ സ്ഥിതിയെന്തെന്ന് വ്യക്തമാക്കാമോ?

ഈ പദ്ധതി 6 പാക്കേജുകളിലായി നടപ്പാക്കാനാണ് വിഭാവനം ചെയ്തിരുന്നത്. ഭരണാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 9 പാക്കേജുകളായി പ്രവൃത്തി നടപ്പാക്കുന്നതിന് പുനർക്രമീകരണം ചെയ്യുകയുണ്ടായി. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

<u>പാക്കേജ്-1</u>

തലവടി പഞ്ചായത്തിലെ നീരേറ്റുപുറത്ത് ഇൻടേക്ക് സ്ട്രക്ച്ചർ, റോ വാട്ടർ പമ്പിംഗ് മെയിൻ, റോ വാട്ടർ, ക്ലിയർ വാട്ടർ പമ്പ് സെറ്റ് (120 HP), 30 ദശലക്ഷം ലിറ്റർ പ്രതിദിന ഉത്പാദനക്ഷമതയുള്ള ജലശുദ്ധീകരണശാല എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തികളാണ് ടി പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. റീ ടെണ്ടർ ക്ഷണിച്ചതിൽ ഒരു കരാറുകാരൻ പങ്കെടുത്തു. ഈ പാക്കേജിന്റെ പ്രീ-ക്വാളിഫിക്കേഷൻ നടപടികൾ പുരോഗമിക്കുന്നു.

പാക്കേജ്-2

തലവടി (8 ലക്ഷം ലിറ്റർ), എടത്വ (11 ലക്ഷം ലിറ്റർ), എന്നീ സ്ഥലങ്ങളിൽ ഉന്നതതല ജലസംഭരണി സ്ഥാപിക്കുന്നതിനും നീരേറ്റുപുറത്തെ ജലശുദ്ധീകരണശാലയിൽനിന്നും തലവടി, എടത്വ, വീയപുരം എന്നിവിടങ്ങളിലെ ഉന്നതതല ജലസംഭരണിയിലേയ്ക്ക് ശുദ്ധജലം എത്തിക്കുന്നതിന് വേണ്ടിയുള്ള പ്രധാന ജലവിതരണ പൈപ്പുകളുടെ നിർമ്മാണവുമാണ് ടി പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. റീ ടെണ്ടർ

ക്ഷണിച്ചതിൽ ഒരു കരാറുകാരൻ പങ്കെടുത്തു. ഈ പാക്കേജിന്റെ പ്രീ-ക്വാളിഫിക്കേഷൻ നടപടികൾ പുരോഗമിക്കുന്നു.

പാക്കേജ്-3

നീരേറ്റുപുറത്തെ ജലശുദ്ധീകരണശാലയിൽനിന്നും മുട്ടാർ, വെളിയനാട്, നീലംപേരൂർ, രാമങ്കരി, പുളിങ്കുന്ന്, കാവാലം, നെടുമുടി, ചമ്പക്കുളം, കൈനകരി എന്നിവിടങ്ങളിലെ ഉന്നതതല ജലസംഭരണികളിലേയ്ക്ക് ശുദ്ധജലം എത്തിക്കുന്നതിനുവേണ്ടിയുള്ള പ്രധാന ജലവിതരണ പൈപ്പുകളുടെ നിർമ്മാണമാണ് ടി പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സാങ്കേതികാനുമതിക്കായി പുതുക്കിയ എസ്റ്റിമേറ്റിന്റെ പരിശോധന നടന്നുവരുന്നു. എ.സി. റോഡിൽ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.റ്റി.പി.-ക്ക് 21.8 കോടിരൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്രവൃത്തി തുടങ്ങാൻ KSTP, ULCCS-ന് പ്രവർത്തനാനുമതി നൽകിയിട്ടുണ്ട്.

പാക്കേജ്-4

എടത്വ, വീയപുരം, തലവടി, തകഴി എന്നീ പഞ്ചായത്തുകളിൽ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനും തകഴി പഞ്ചായത്തിൽ (6 ലക്ഷം

ലിറ്റർ) ഉന്നതതല ജലസംഭരണി സ്ഥാപിക്കുന്നതിനുമുള്ള പ്രവൃത്തിയുമാണ് ടി പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ടെണ്ടർ ക്ഷണിച്ചു. ഒരു ഓഫർ ലഭിച്ചിട്ടുണ്ട്. പ്രീ-ക്വാളിഫിക്കേഷൻ നടപടികൾ പുരോഗമിക്കുന്നു.

<u>പാക്കേജ്-5</u>

മുട്ടാർ (3.5 ലക്ഷം ലിറ്റർ), വെളിയനാട് (4.5 ലക്ഷം ലിറ്റർ), നീലംപേരൂർ (5.5 ലക്ഷം ലിറ്റർ) എന്നീ സ്ഥലങ്ങളിൽ ഉന്നതതല ജലസംഭരണികൾ സ്ഥാപിക്കുന്നതിനും ടി പഞ്ചായത്തുകളിൽ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനുമുള്ള പ്രവൃത്തിയുമാണ് ടി പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. റീ-ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

<u>പാക്കേജ്-6</u>

പുളിങ്കുന്ന് (12 ലക്ഷം ലിറ്റർ), കാവാലം (8 ലക്ഷം ലിറ്റർ) എന്നീ സ്ഥലങ്ങളിൽ ഉന്നതതല ജലസംഭരണി സ്ഥാപിക്കുന്നതിനും ടി പഞ്ചായത്തുകളിൽ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിയുമാണ് ടി പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

സാങ്കേതികാനുമതിക്കായി പുതുക്കിയ എസ്റ്റിമേറ്റിന്റെ പരിശോധന നടന്നുവരുന്നു.

<u>പാക്കേജ്-7</u>

രാമങ്കരി (5.75 ലക്ഷം ലിറ്റർ), ചമ്പക്കുളം (5.5 ലക്ഷം ലിറ്റർ) എന്നീ സ്ഥലങ്ങളിൽ ഉന്നതതല ജലസംഭരണി സ്ഥാപിക്കുന്നതിനും ടി പഞ്ചായത്തുകളിൽ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനുമുള്ള പ്രവർത്തിയുമാണ് ടി പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പുതുക്കിയ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ കിഫ്ബിയിൽനിന്നും ഫണ്ടിംഗ് അനുമതി ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

<u>പാക്കേജ്-8</u>

കൈനകരി (7 ലക്ഷം ലിറ്റർ), നെടുമുടി (8.5 ലക്ഷം ലിറ്റർ) എന്നീ സ്ഥലങ്ങളിൽ ഉന്നതതല ജലസംഭരണി സ്ഥാപിക്കുന്നതിനും ടി പഞ്ചായത്തുകളിൽ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിയുമാണ് ടി പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പുതുക്കിയ

ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ ഫണ്ടിംഗ് അനുമതി കിഫ്ബിയിൽനിന്നും ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

പാക്കേജ് -9

വീയപുരം (4.75 ലക്ഷം ലിറ്റർ) ഉന്നതതല ജലസംഭരണിയുടെ നിർമ്മാണവും, എടത്വ ഓഫീസ് കെട്ടിടം, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണവുമാണ് ഈ പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പുതുക്കിയ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ ഫണ്ടിംഗ് അനുമതി കിഫ്ബിയിൽനിന്നും ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

(ഡി) പദ്ധതി നടത്തിപ്പിൽ എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഈ പദ്ധതിക്കായി 02-05-2023-ലെ GO(Rt)No.421/2023/WRD പ്രകാരം 387.91 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്.

ഇതിന്റെ ധനാനുമതി കിഫ്ബിയുടെ പരിഗണനയിലാണ്. ആയത് ലഭ്യമാകുന്നമുറയ്ക്ക് 6 മുതൽ 9 വരെയുള്ള പാക്കേജുകൾക്ക് സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

(ഇ) പദ്ധതിയുടെ പ്രവർത്തന പുരോഗതി ഓരോ ദിവസവും മോണിറ്റർ ചെയ്യാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

പദ്ധതികളുടെ ദൈനംദിന പുരോഗതി വിലയിരുത്തുന്നതിനായി PASK Software ഉപയോഗിച്ചുവരുന്നു. പദ്ധതിയുടെ പുരോഗതി ത്വരിതപ്പെടുത്തുന്നതിനായി നിയമസഭാ സാമാജികരും ജില്ലാ കളക്ടറും കേരള സംസ്ഥാന പ്ലാനിംഗ് ബോർഡും കിഫ്ബി ഉദ്യോഗസ്ഥരും കേരള വാട്ടർ അതോറിറ്റിയിലെ ഉന്നതതല ഉദ്യോഗസ്ഥരും പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നുണ്ട്.

**പെരിന്തൽമണ്ണ മണ്ഡലത്തിൽ ജൽ ജീവൻ മിഷൻ പദ്ധതി**

323(1163) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ മണ്ഡലത്തിൽ ജൽ ജീവൻ മിഷൻ പദ്ധതിയുടെ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

പെരിന്തൽമണ്ണ മണ്ഡലത്തിലെ താഴെക്കാട്, ആലിപ്പറമ്പ്, മേലാറ്റൂർ, കീഴാറ്റൂർ, വെട്ടത്തൂർ, ഏലംകുളം, പുലാമന്തോൾ എന്നീ പഞ്ചായത്തുകളിലാണ് പദ്ധതി പുരോഗമിക്കുന്നത്. ആകെ 32923 കണക്ഷനാണ് നൽകാനുള്ളത്. ആയതിൽ നിലവിൽ 9944 കണക്ഷനുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് വേണ്ടിവരുന്ന കാലയളവ് എത്രയെന്ന് വ്യക്തമാക്കുമോ?

2024 മാർച്ച് മാസത്തിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

(സി) പ്രസ്തുത പദ്ധതിയിൽ മണ്ഡലത്തിലെ എത്ര കുടുംബങ്ങൾക്ക് ആദ്യഘട്ടത്തിൽ കണക്ഷൻ നൽകാൻ സാധിക്കുമെന്ന് വിശദമാക്കുമോ?

ആകെ 32923 കുടുംബങ്ങൾക്ക് കുടിവെള്ളം നൽകാനാണ് ലക്ഷ്യമിടുന്നത്. നാളിതുവരെയായി 9944 കുടുംബങ്ങൾക്ക് കണക്ഷൻ നൽകിയിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതിയുടെ ഭാഗമായുള്ള റെസ്റ്റൊറേഷൻ പ്രവൃത്തികൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ?

ഏലംകുളം, പുലാമന്തോൾ, കീഴാറ്റൂർ, വെട്ടത്തൂർ പഞ്ചായത്തുകളിലെ റോഡ് റെസ്റ്റൊറേഷൻ പ്രവൃത്തി നടന്നുവരുന്നുണ്ട്. താഴെക്കോട്, ആലിപറമ്പ് എന്നീ പഞ്ചായത്തുകളിലെ റോഡ് റെസ്റ്റൊറേഷൻ പ്രവൃത്തിയുടെ ഭരണാനുമതിക്കായി സ്റ്റേറ്റ് ലെവൽ സ്കീം സാങ്ഷനിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്.

**കണ്ണൂർ മണ്ഡലത്തിലെ ജൽ ജീവൻ പദ്ധതി**

324(1164) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ മണ്ഡലത്തിൽ ഏതൊക്കെ പ്രദേശത്ത് ജൽ ജീവൻ പദ്ധതി നടപ്പാക്കുന്നുണ്ടെന്ന് അറിയിക്കാമോ;

(ബി) ഇവയുടെ നിർമ്മാണ പുരോഗതി ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

(എ&ബി) ജൽ ജീവൻ മിഷൻ പദ്ധതിപ്രകാരം കണ്ണൂർ മണ്ഡലത്തിൽ നടപ്പാക്കുന്ന വിവിധ പ്രവൃത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു+. പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികൾ 23 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്.

**ഔദ്യോഗിക വസതിയിൽ വാട്ടർ അതോറിറ്റി നൽകിയ ബിൽ തുക**

325(1165) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജലവിഭവ വകുപ്പുമന്ത്രിയുടെ ഔദ്യോഗിക വസതിയിൽ 2022 ഡിസംബർ, 2023 ജനുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിലെ ജല ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റി നൽകിയ ബിൽ തുക എത്രയാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത കാലയളവിൽ അദ്ദേഹത്തിന്റെ ഔദ്യോഗിക വസതിയിൽ എത്ര ലിറ്റർ ജലം ഉപയോഗിച്ചുവെന്ന് വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രിയുടെ ഔദ്യോഗിക വസതിയിൽ 2022 ഡിസംബർ, 2023 ജനുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിലെ ജല

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ 2710/- രൂപയുടെ വാട്ടർ ചാർജ്ജ് ബില്ല് നൽകിയിട്ടുണ്ട്. പ്രസ്തുത കാലയളവിൽ 95.50 കിലോ ലിറ്റർ ഉപയോഗിച്ചതായി കാണുന്നു. വിശദവിവരം അനുബന്ധമായി ചേർക്കുന്നു+.

**കോങ്ങാട് മണ്ഡലത്തിലെ കുടിവെള്ള പദ്ധതി**

326(1166) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പാക്കിവരുന്ന കുടിവെള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവൃത്തികളാണ് ഇനിയും പൂർത്തീകരിക്കാനുള്ളതെന്ന് വിശദമാക്കാമോ; ഓരോ പ്രവൃത്തിയും പൂർത്തീകരിക്കുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) കേരള വാട്ടർ അതോറിറ്റിക്കുകീഴിൽ കോങ്ങാട് മണ്ഡലത്തിൽ നടപ്പാക്കിവരുന്ന കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**വാട്ടർ അതോറിറ്റിയുടെ സ്വീവേജ് പൈപ്പ് ലൈൻ നിർമ്മാണം**

327(1167) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ആനയറയിൽ വാട്ടർ അതോറിറ്റിയുടെ സ്വീവേജ് പൈപ്പ് ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട് ജനങ്ങളുടെ സഞ്ചാരസ്വാതന്ത്ര്യം തടയുന്ന രീതിയിലുള്ള നടപടികൾ ഉണ്ടായതിന്റെ കാരണം വ്യക്തമാക്കുമോ?

ഇടത്തറ പമ്പിംഗ് സ്റ്റേഷൻ മുതൽ മുട്ടത്തറ സ്വീവറേജ് സംസ്കരണശാല വരെ 800 മി.മീ. വ്യാസമുള്ള ഡക്ക്ടൈൽ അയൺ പമ്പിംഗ് മെയിൻ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന്റെ ഭാഗമായി ആനയറ ലോർഡ്സ് ആശുപത്രിക്കടുത്ത് ദേശീയപാത എച്ച്.ഡി.ഡി. രീതിയിൽ ക്രോസ് ചെയ്ത് പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ കരാർ ശ്രീ. ഉദയ് ബാബു വി. എസ്. എന്ന കരാറുകാരന് നൽകിയിരുന്നു. ദേശീയപാത വിഭാഗത്തിൽനിന്നും തിരുവനന്തപുരം നഗരസഭയിൽനിന്നും അനുമതി ലഭിക്കുവാനുണ്ടായ കാലതാമസം കാരണം കരാറുകാരൻ വൈകിയാണ്

പ്രവൃത്തി ആരംഭിച്ചത്. അതിനാൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ചുനൽകുകയും ചെയ്തിരുന്നു. ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത വിധത്തിലും അതിവേഗത്തിലും പൂർത്തീകരിക്കേണ്ട പ്രവൃത്തി വളരെ സാവധാനത്തിലാണ് കരാറുകാരൻ തുടങ്ങിയത്. പ്രവൃത്തി വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നിരവധി നിർദ്ദേശങ്ങൾ നൽകിയിട്ടും കരാറുകാരൻ അത് ഗൗരവമായെടുത്തില്ല.

ദേശീയ പാതയ്ക്കടിയിലൂടെ ദേശീയപാത അതോറിറ്റിയുടെ നിബന്ധനകൾക്ക് വിധേയമായി 600 മി.മീ. മൈൽഡ് സ്റ്റീൽ പൈപ്പുകളും അതിന് ആവരണമായി 900 മി.മീ. വ്യാസമുള്ള എച്ച്.ഡി.പി.ഇ. പൈപ്പുകളും എച്ച്.ഡി.ഡി. രീതിയിൽ സ്ഥാപിക്കണമായിരുന്നു. ഇതിനുള്ള പൈപ്പുകൾ ഏതാണ്ട് 170 മീറ്ററോളം ദൈർഘ്യത്തിൽ യോജിപ്പിച്ച് ആനയറ ലോർഡ്സ് ആശുപത്രിക്കടുത്തുള്ള മഹാരാജാസ് ലെയിനിൽ വയ്ക്കുകയായിരുന്നു. രണ്ടാഴ്ചകൊണ്ട് പൂർത്തിയാക്കുമെന്നറിയിച്ചുകൊണ്ടാണ് കരാറുകാരൻ പൈപ്പുകൾ അവിടെക്കൊണ്ടുവച്ചത്. എന്നാൽ രണ്ടുമാസമായിട്ടും പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ ജനങ്ങൾക്ക് അവരുടെ വീടുകളിൽനിന്നും

റോഡിലേയ്ക്കിറങ്ങുന്നതിനും വാഹന ഗതാഗതത്തിനും തടസ്സമായി. കൂടാതെ, ലോർഡ്സ് ആശുപത്രിയിലേയ്ക്കുള്ള വാഹന ഗതാഗതത്തിനും തടസ്സമുണ്ടായി. പൈപ്പുകൾ യോജിപ്പിച്ചശേഷം ദേശീയപാതയ്ക്കടിയിലൂടെ ഒരു തുരങ്കമുണ്ടാക്കി ആ തുരങ്കത്തിലേയ്ക്ക് പൈപ്പിനെ വലിച്ചിടാനുള്ള ശ്രമമാരംഭിച്ചെങ്കിലും യന്ത്രത്തിന്റെ തകരാർ കാരണം അത് പരാജയപ്പെട്ടു. ഇതിനിടയിൽ ഈ പ്രവൃത്തിയ്ക്കെതിരെ പൊതുജനങ്ങൾ പ്രക്ഷോഭമാരംഭിക്കുകയും ലോർഡ്സ് ആശുപത്രി ബഹു. ഹൈക്കോടതിയിൽ വ്യവഹാരം സമർപ്പിക്കുകയും ചെയ്തു. യന്ത്രം തകരാറായപ്പോൾ പകരം യന്ത്രമെത്തിച്ച് അടിയന്തരമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിനുപകരം കേടായ യന്ത്രത്തിന്റെ തകരാർ പരിഹരിക്കാനാണ് കരാറുകാരൻ ശ്രമിച്ചത്. ഇതിന് കൂടുതൽ സമയം വേണ്ടിവന്നു.

ഇതിനിടയിൽ ജനങ്ങളുടെ എതിർപ്പ് രൂക്ഷമാവുകയും ബഹു. ഹൈക്കോടതി 05-07-2023-ന് മുമ്പ് പ്രവൃത്തി പൂർത്തീകരിക്കുകയോ അല്ലെങ്കിൽ പൈപ്പുകൾ അവിടെനിന്നും മാറ്റുകയോ ചെയ്യണമെന്ന് ഇടക്കാല ഉത്തരവ് നൽകുകയും ചെയ്തിരുന്നു. യന്ത്രത്തിന്റെ തകരാർ പരിഹരിച്ചെങ്കിലും

05-07-2023 ഉച്ചവരെ ശ്രമിച്ചിട്ടും പൈപ്പ് വലിച്ചുനീക്കാൻ കഴിയാതെവന്നു. തുടർന്ന് ബഹു. കോടതിയുടെ നിർദ്ദേശം നടപ്പാക്കാനായി പൈപ്പുകൾ അവിടെനിന്നും മുറിച്ച് മാറ്റാൻ കരാറുകാരന് നിർദ്ദേശം നൽകിയെങ്കിലും കരാറുകാരൻ അതിനും തയ്യാറായില്ല. തുടർന്ന് മറ്റൊരു കരാറുകാരനെക്കൊണ്ട് പൈപ്പുകൾ മുറിച്ചുമാറ്റി ഗതാഗത തടസ്സമൊഴിവാക്കി കോടതി വിധി നടപ്പാക്കേണ്ടിവന്നു. കരാറുകാരൻ കൂടുതൽ വിദഗ്ധ തൊഴിലാളികളെയും ആവശ്യമായ യന്ത്രസാമഗ്രികളും എത്തിച്ച് ആവശ്യമായ സജ്ജീകരണങ്ങളോടുകൂടി പ്രവൃത്തി നടത്തിയിരുന്നുവെങ്കിൽ ഈ പ്രശ്നം ഉണ്ടാകുമായിരുന്നില്ല. ആവർത്തിച്ചുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടും കരാറുകാരന്റെ ഭാഗത്തുനിന്നുള്ള നിരുത്തരവാദിത്വപരമായ പെരുമാറ്റം കാരണമാണ് ജനങ്ങളുടെ സഞ്ചാരസ്വാതന്ത്ര്യം തടയുന്ന സ്ഥിതി ഉണ്ടായത്.

(ബി) ഇക്കാര്യത്തിൽ ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്നും പ്രസ്തുത സ്വീവേജ് പൈപ്പ് ലൈൻ പണി നിലയ്ക്കുവാനുള്ള കാരണമെന്താണെന്നും സമയബന്ധിതമായി

പണിപൂർത്തീകരിക്കാത്ത കരാറുകാർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്നും വിശദമാക്കുമോ?

ബഹു. ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം കരാറുകാരന് നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിരുന്നു. വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് ഉന്നതതല യോഗം ചേരുകയും കരാറുകാരൻ തകരാറ് പരിഹരിക്കാനായി ചെന്നൈയിലേയ്ക്കയച്ച യന്ത്രഭാഗത്തിന്റെ തകരാർ പരിഹരിച്ച് തിരിച്ചെത്തിക്കുന്നത് കൃത്യമായി വീക്ഷിക്കാൻ ജല അതോറിറ്റിയിൽനിന്നും ഒരു ഉദ്യോഗസ്ഥനെ നിയോഗിക്കുകയും ചെയ്തിരുന്നു. കൂടാതെ പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി ഏകോപനത്തിനും മേൽനോട്ടം വഹിക്കുന്നതിനുമായി രാവും പകലും ഷിഫ്റ്റ് അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥരെ നിയോഗിക്കുകയും ഉന്നത ഉദ്യോഗസ്ഥർ കൃത്യമായി അതിന്റെ പുരോഗതി അവലോകനം ചെയ്യുകയും ചെയ്തിരുന്നു. പൈപ്പ് വലിച്ചിടുന്നതിനുണ്ടായ തകരാറ് പരിഹരിച്ചിട്ടും യന്ത്രത്തിന് പൈപ്പ് വലിച്ചിടാൻ കഴിയാതെ വന്നതും തിരിച്ചടിയായി. പ്രശ്നത്തിന്റെ ഗൗരവം

കണക്കിലെടുത്ത് പകരം യന്ത്രമോ കൂടുതൽ സജ്ജീകരണങ്ങളോ ഏർപ്പെടുത്തുവാൻ കരാറുകാരൻ തയ്യാറാകാത്തതാണ് പണി നിലയ്ക്കുവാനുള്ള പ്രധാന കാരണം.

ആയതിനാൽ നിലവിലെ കരാർ റദ്ദുചെയ്ത് പ്രസ്തുത പ്രവൃത്തി കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പൂർത്തീകരിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. അതേസമയം കരാർ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതുൾപ്പെടെയുള്ള ആവശ്യങ്ങളുന്നയിച്ചുകൊണ്ട് കരാറുകാരൻ ബഹു. ഹൈക്കോടതിയെ സമീപിക്കുകയും കരാറുകാരന്റെ ആവശ്യം പരിഗണിക്കുവാൻ ബഹു. ഹൈക്കോടതി നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

(സി) അടിയന്തരമായി പണി പൂർത്തീകരിച്ച് ജനങ്ങളുടെ ദുരിതമൊഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത പ്രവൃത്തി ഇടത്തറ പമ്പ്ഹൗസിൽ ശേഖരിക്കുന്ന സ്വീവറേജ് മാലിന്യം മുട്ടത്തറയിലെ സ്വീവറേജ് സംസ്കരണ ശാലയിലെത്തിക്കുന്നതിനുള്ള പ്രധാന പമ്പിംഗ് പൈപ്പ് ലൈൻ സ്ഥാപിക്കുവാനുള്ളതാണ്. ഈ പ്രവൃത്തി ഒഴിവാക്കാനാവില്ല. ആയതിനാൽ

കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി ചെയ്യുന്നതിനുള്ള ദർഘാസുകൾ ക്ഷണിച്ചെങ്കിലും ആരും പങ്കെടുത്തില്ല. തുടർന്ന് പുനഃദർഘാസുകൾ ക്ഷണിച്ചിരിക്കുകയാണ്. പൊതുജനങ്ങൾക്ക് പരമാവധി ബുദ്ധിമുട്ടുണ്ടാകാത്ത വിധത്തിൽ പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കാനാണുദ്ദേശിക്കുന്നത്.

**ചാത്തന്നൂർ മണ്ഡലത്തിലെ കുടിവെള്ള പദ്ധതികളുടെ നിർമ്മാണ പുരോഗതി**

328(1168) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലെ കല്ലുവാതുക്കൽ കുടിവെള്ള പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

പദ്ധതി പൂർത്തീകരിച്ചു. കല്ലുവാതുക്കൽ, പാരിപ്പള്ളി വില്ലേജുകളിൽ നിലവിലെ വിതരണ ശൃംഖലയിൽകൂടി ട്രയൽ അടിസ്ഥാനത്തിൽ ജലവിതരണം നടത്തിവരുന്നു.

(ബി) പരവൂർ നഗരസഭയിൽ നടപ്പാക്കിവരുന്ന കുടിവെള്ള വിതരണ ശൃംഖലയുടെ വിപുലീകരണ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നിലവിലെ സ്ഥിതി അറിയിക്കാമോ?

പരവൂർ നഗരസഭയിൽ അമൃത്-2 പദ്ധതിയുടെ ഭാഗമായിട്ടുള്ള കുടിവെള്ള വിതരണ ശൃംഖല വിപുലീകരണ പദ്ധതിയുടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികൾ ആരംഭിച്ചുകഴിഞ്ഞു. ആകെയുള്ള 36.5 കിലോ മീറ്ററിൽ 7.5 കിലോ മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. 4122 ഗാർഹിക കണക്ഷനുകൾ നൽകുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു. പ്രസ്തുത പ്രവൃത്തിക്കായി 13.158 കോടി രൂപയുടെ ഭരണാനുമതി അമൃത് 2.0-യിൽ നൽകിയിട്ടുണ്ട്. എന്നാൽ ടി പദ്ധതി പരവൂർ മുനിസിപ്പാലിറ്റിയിൽ പൂർണ്ണതയിൽ എത്തിക്കുന്നതിന് 5.5 കോടി രൂപയുടെ ആവശ്യമുണ്ട്. അതിലേയ്ക്കായി വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ടും DPR-ഉം നഗരസഭയിൽ സമർപ്പിച്ചിട്ടുണ്ട്.

(സി) പരവൂർ നഗരസഭയ്ക്കും പൂതക്കുളം ഗ്രാമപഞ്ചായത്തിനും കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള പുതിയ കുടിവെള്ള പദ്ധതിയുടെ പ്രാരംഭ

നടപടികളുടെ പുരോഗതിയും പ്രസ്തുത പദ്ധതി സംബന്ധിച്ച വിശദാംശവും ലഭ്യമാക്കാമോ?

പൂതക്കുളം പഞ്ചായത്തിനും പരവൂർ മുനിസിപ്പാലിറ്റിക്കും വേണ്ടി ഇത്തിക്കര നദി സ്രോതസ്സാക്കി ഒരു പദ്ധതിയുടെ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. ചാത്തന്നൂർ കുടിവെള്ള പദ്ധതിക്കുവേണ്ടി നൽകിയ 60 കോടി രൂപയുടെ ഭരണാനുമതി തുകയിലെ മിച്ചം തുക ഉപയോഗപ്പെടുത്തി പ്രസ്തുത പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിലേയ്ക്കായി സ്രോതസ്സിന്റെ സാധ്യതാ പഠനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ശുദ്ധീകരണശാലയ്ക്കും കിണറിനും ആവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. എഞ്ചിനീയറിംഗ് റിപ്പോർട്ട് KIIFB അംഗീകരിക്കുന്ന മുറയ്ക്ക് സ്ഥലമേറ്റെടുപ്പ് ഉൾപ്പെടെയുള്ള തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.

**കോട്ടൂർ ഗ്രാമപഞ്ചായത്തിലെ വേട്ടുണ്ടുമല റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് അനുമതി**

329(1169) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിൽ കോട്ടൂർ ഗ്രാമപഞ്ചായത്തിലെ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പ്രധാന പൈപ്പ് ലൈൻ കടന്നുപോവുന്ന വേട്ടുണ്ടുമല റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ?

പെരുവണ്ണാമൂഴി WTP-യിൽനിന്നും കോഴിക്കോട് കോർപ്പറേഷനിലും അനുബന്ധ 13 പഞ്ചായത്തുകളിലേയ്ക്കും ജലമെത്തിക്കുന്ന പ്രധാന പൈപ്പ് ലൈൻ ഇതിലൂടെ കടന്ന് പോകുന്നതിനാൽ പൈപ്പ് ലൈൻ സ്ഥാപിച്ച സ്ഥലം ഒഴിവാക്കി 4 മീറ്റർ റോഡിനായി പൈപ്പിന്റെ അറ്റകുറ്റപ്പണിക്ക് തടസ്സം വരാത്ത രീതിയിൽ അനുമതി നൽകുന്നതിലേയ്ക്കുള്ള റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി ചീഫ് എഞ്ചിനീയറുടെ (ഉത്തരമേഖല) കാര്യാലയത്തിൽ പരിശോധനയിലാണ്.

(ബി) പൈപ്പ് ലൈനിന് യാതൊരു കേടുംകൂടാതെ ഗ്രാമപഞ്ചായത്ത് പ്രസ്തുത റോഡ് നവീകരിക്കുന്നതിൽ തടസ്സമെന്താണ്; ഇതിന് അനുമതി നൽകുന്ന നടപടി വേഗത്തിലാക്കാമോ; വിശദമാക്കുമോ?

നിലവിൽ തടസ്സങ്ങളില്ല. അനുമതിക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(സി) അനുമതിക്കായി ഗ്രാമപഞ്ചായത്ത് സമർപ്പിച്ച അപേക്ഷ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കുമോ?

അനുമതിക്കായി പഞ്ചായത്ത് സമർപ്പിച്ച അപേക്ഷ കേരള വാട്ടർ അതോറിറ്റി ചീഫ് എഞ്ചിനീയറുടെ (ഉത്തരമേഖല) കാര്യാലയത്തിൽ പരിശോധനയിലാണ്.

**അരുവിക്കര മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ**

330(1170) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ മിഷനുമായി ബന്ധപ്പെട്ട് അരുവിക്കര മണ്ഡലത്തിൽ നടത്തിവരുന്ന പ്രവൃത്തികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

ജൽ ജീവൻ മിഷനുമായി ബന്ധപ്പെട്ട് അരുവിക്കര മണ്ഡലത്തിൽ നടത്തിവരുന്ന പ്രവൃത്തികൾ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) മണ്ഡലത്തിലെ എത്ര കുടുംബങ്ങൾക്ക് ഈ പദ്ധതിപ്രകാരം കുടിവെള്ളമെത്തിക്കാൻ കഴിഞ്ഞുവെന്ന വിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ നൽകാമോ?

ജൽ ജീവൻ മിഷൻ നൽകിയ കുടിവെള്ള കണക്ഷനുകളുടെ എണ്ണം പഞ്ചായത്ത് അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പഞ്ചായത്ത് | ജൽ ജീവൻ മിഷനിൽ നൽകിയ കുടിവെള്ള കണക്ഷനുകളുടെ എണ്ണം |
|---|---|---|
| 1 | അരുവിക്കര | 3290 |
| 2 | ആര്യനാട് | 2939 |
| 3 | കുറ്റിച്ചൽ | 1603 |
| 4 | പൂവച്ചൽ | 4850 |
| 5 | തൊളിക്കോട് | 3417 |
| 6 | ഉഴമലയ്ക്കൽ | 2278 |
| 7 | വെള്ളനാട് | 6014 |
| 8 | വിതുര | 3887 |
| ആകെ | | 28278 |

**കൂത്തുപറമ്പ് മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

331(1171) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് മണ്ഡലത്തിൽ പാനൂർ നഗരസഭയിലെ കനകമലയിലും കരിയാട്ടും സമഗ്ര കുടിവെള്ള പദ്ധതികൾക്കായി ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച നടപടികളുടെ പുരോഗതി വിശദമാക്കുമോ?

പാനൂർ മുനിസിപ്പാലിറ്റിയിൽ കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്ന തലശ്ശേരി-കൂത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതിയുടെ ശുദ്ധജലവിതരണ ടാങ്കുകൾ നിർമ്മിക്കുന്നതിന് പാനൂർ മുനിസിപ്പാലിറ്റിയിലെ പെരിങ്ങളം വില്ലേജിലെ കനകമലയിൽ 35 സെന്റും പെരിങ്ങത്തൂർ വില്ലേജിൽപ്പെട്ട കരിയാട് എന്ന സ്ഥലത്ത് 25 സെന്റ് ഭൂമിയും ലാൻഡ് അക്വിസിഷൻവഴി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ച് 24-09-2022-ന് ഭൂമി റവന്യൂ വകുപ്പ് വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്.

(ബി) പ്രസ്തുത കുടിവെള്ള പദ്ധതികളുടെ പുരോഗതിയും സമയബന്ധിതമായി ആയവ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ?

തലശ്ശേരി-കൂത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതിക്ക് 2018-ലാണ് കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭിച്ചത്. ഈ പദ്ധതിയുടെ ടാങ്കുകളുടെ

നിർമ്മാണത്തിനായി മേൽപ്പറഞ്ഞ രണ്ട് ഭൂമി ഏറ്റെടുക്കുന്ന വിഷയത്തിൽ ആദ്യഘട്ടത്തിൽ കനകമലയിൽ പൊതുജനങ്ങളിൽ നിന്നുണ്ടായ എതിർപ്പുകളാണ് പദ്ധതിക്ക് ലാൻഡ് അക്വിസിഷൻ നടപടികൾ ആരംഭിക്കാൻ വൈകിയത്. തുടർന്ന് ബഹു. കൂത്തുപറമ്പ് എം.എൽ.എ.-യുടെയും മറ്റ് ജനപ്രതിനിധികളുടെയും ഇടപെടലിനെ തുടർന്ന് പ്രശ്നങ്ങൾ പരിഹരിക്കുകയും ലാൻഡ് അക്വിസിഷൻ നടപടികൾ ആരംഭിക്കുകയും ചെയ്തു. ലാൻഡ് അക്വിസിഷൻ നടപടികൾ 24-09-2022-ന് പൂർത്തീകരിച്ച് റവന്യൂ വകുപ്പ് ഭൂമി വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്.

തലശ്ശേരി-കൂത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതിയുടെ നിർവ്വഹണം ഊർജ്ജിതപ്പെടുത്താൻ ബഹു. ജലവിഭവ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. കൂത്തുപറമ്പ്, തലശ്ശേരി എം.എൽ.എ.-മാരുടെ സാന്നിദ്ധ്യത്തിൽ 14-07-2022-ന് ബഹു. മന്ത്രിയുടെ ഓഫീസിൽ യോഗം ചേർന്നിരുന്നു. പദ്ധതിയുടെ നിർദ്ദിഷ്ട സ്രോതസ്സായ കീഴല്ലൂരിലെ മൈലാടിയിലെ ജലശുദ്ധീകരണശാലയിൽ ജലലഭ്യത കുറവായതിനാൽ ഈ പദ്ധതിയെ പാനൂർ മുനിസിപ്പാലിറ്റിയുടെ സമീപ പഞ്ചായത്തുകൾക്കായി പുതുതായി

ആരംഭിക്കുന്ന ജൽ ജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കുന്ന തൃപ്പങ്ങോട്ടൂർ പഞ്ചായത്തിനും സമീപ പഞ്ചായത്തുകൾക്കുമായുള്ള ശുദ്ധജലവിതരണ പദ്ധതിയുമായി ബന്ധിപ്പിക്കുന്നതിനുള്ള സാധ്യത ഉപയോഗപ്പെടുത്താൻ യോഗത്തിൽ നിർദ്ദേശിച്ചിരുന്നു. വിശദമായ സാങ്കേതിക പരിശോധനയിൽ ഈ നിർദ്ദേശം പ്രായോഗികമാണെന്ന് തെളിയുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രോജക്ടിന്റെ ഘടകങ്ങൾ പുനരാവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്.

മേൽപ്പറഞ്ഞ ജൽ ജീവൻ മിഷൻ പദ്ധതിയിലുൾപ്പെട്ട തൃപ്പങ്ങോട്ടൂർ പഞ്ചായത്തിനും സമീപ പഞ്ചായത്തുകൾക്കുമായുള്ള കുടിവെള്ള പദ്ധതിയുടെ പ്രധാന ഘടകമായ 32 MLD ശുദ്ധീകരണശാല നിർമ്മിക്കുന്നതിന് 1.60 ഏക്കർ സ്വകാര്യ ഭൂമി ആവശ്യമായിരുന്നു. ഇത് 2022 മാർച്ച് മാസത്തിൽ ലഭ്യമാവുകയും തുടർന്ന് തൃപ്പങ്ങോട്ടൂർ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

പാനൂർ മുനിസിപ്പാലിറ്റിയിൽ കനകമലയിലും കരിയാട്ടും രണ്ട് ശുദ്ധജലവിതരണ സംഭരണികൾ, തൃപ്പങ്ങോട്ടൂർ പദ്ധതിയുമായി ബന്ധിപ്പിച്ച്

ടാങ്കുകളിലേയ്ക്കുള്ള ട്രാൻസ്മിഷൻ പൈപ്പുകൾ, ടാങ്കുകളിൽനിന്ന് അഞ്ച് സോണുകളായി പാനൂർ മുനിസിപ്പാലിറ്റിയിൽ വിതരണശൃംഖല, 2500-ൽപ്പരം ഗാർഹിക കണക്ഷനുകൾ എന്നിവ ഉൾപ്പെട്ടതാണ് പുനരാവിഷ്കരിച്ച പദ്ധതി ഘടകങ്ങൾ. ഇതിന്റെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിക്കഴിഞ്ഞിട്ടുണ്ട്. 2018-ൽ അംഗീകാരം ലഭിച്ച പദ്ധതിയായതിനാൽ കിഫ്ബിയുടെ നിലവിലുള്ള നിയമമനുസരിച്ച് പദ്ധതിയുടെ ഭരണാനുമതിക്ക് റീവാലിഡേഷൻ ആവശ്യമായി വന്നിരിക്കുകയാണ്. ഇതിനായുള്ള റീവാലിഡേഷൻ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

**വള്ളിക്കുന്ന് മണ്ഡലത്തിലെ മത്സ്യത്തൊഴിലാളികൾക്ക് വിവിധ പദ്ധതികൾ**

332(1172) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ ആനങ്ങാടി ബീച്ചിൽ മത്സ്യത്തൊഴിലാളികളുടെ ആവശ്യത്തിനായി നിർമ്മിച്ചതും നിലവിൽ

ഉപയോഗശൂന്യമായതുമായ കെട്ടിടങ്ങൾ നവീകരിച്ച് മത്സ്യത്തൊഴിലാളികൾക്ക് ഉപകാരപ്രദമായ പദ്ധതികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

വള്ളിക്കുന്ന് മണ്ഡലത്തിലെ ആനങ്ങാടി ബീച്ചിൽ മത്സ്യത്തൊഴിലാളികളുടെ ആവശ്യങ്ങൾക്കായി ബീച്ച് നവീകരണം, നിലവിൽ തീർത്തും ഉപയോഗശൂന്യമായ കെട്ടിടങ്ങൾ പൊളിച്ച് മാറ്റി വയോജന പാർക്ക്, റീഹാബിലിറ്റേഷൻ-കം-ഓഡിറ്റോറിയം, ഫിഷ് ലാൻഡിംഗ് സെന്റർ, നെറ്റ് മെന്റിംഗ് യാർഡ്, ഹെൽത്ത് സബ് സെന്റർ, അങ്കണവാടി, ലൈബ്രറി, ഗ്രീൻബെൽറ്റ് എന്നീ പദ്ധതികൾ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നടപ്പാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

വള്ളിക്കുന്ന് മണ്ഡലത്തിലെ ആനങ്ങാടി ഫിഷ് ലാൻഡിംഗ് സെന്ററിന്റെ കിഴക്ക് ഭാഗത്തുള്ള ഫിഷറീസ് വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്ത് ഉപയോഗശൂന്യമായ കെട്ടിടങ്ങൾ ഒഴിവാക്കി അവിടെ ഒരു ഹാച്ചറി നിർമ്മിക്കുന്നതിന് ഒരു പ്രൊപ്പോസൽ നിലവിലുള്ളതിനാൽ ടി കെട്ടിടങ്ങൾ നവീകരിക്കാൻ പദ്ധതിയില്ല.

(ബി) മണ്ഡലത്തിൽ മത്സ്യത്തൊഴിലാളി മേഖലയ്ക്കും തീരദേശ നിവാസികൾക്കും വേണ്ടി കഴിഞ്ഞ 7 വർഷമായി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും ഇതിനായി എത്ര രൂപ ഈ കാലയളവിൽ ചെലവഴിച്ചുവെന്നും അറിയിക്കാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

(സി) മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷൻ മുഖേന ഭരണാനുമതി ലഭ്യമാക്കുന്നതിനായി ഏതൊക്കെ പ്രവൃത്തിയുടെ എസ്റ്റിമേറ്റുകളാണ് ഈ സർക്കാരിന്റെ കാലത്ത് തയ്യാറാക്കിയിട്ടുള്ളതെന്നും ഇതിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ?

എൽ.എൽ.പി.എസ്. വള്ളിക്കുന്നിന് 10 ലക്ഷം രൂപയുടെ മെയിന്റനൻസ് പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കിഫ്ബിയിൽ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. കിഫ്ബി നടപടികൾ പൂർത്തീകരിച്ചാൽ ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വള്ളിക്കുന്ന് വനാമി ഹാച്ചറി ആരംഭിക്കുന്നതിനുള്ള എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ആർ.എം.പി. തോടിന്റെ പുനരുദ്ധാരണം**

333(1173) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ പുതുവൈപ്പിനിൽ തെക്കേക്കടവ് ഫിഷ് ലാൻഡിംഗ് സെന്ററിൽ പകരം സംവിധാനം ഒരുക്കുന്നതിനും ആർ.എം.പി. തോടിന്റെ പുനരുദ്ധാരണവും സംബന്ധിച്ച് ഫിഷറീസ് വകുപ്പും കൊച്ചിൻ പോർട്ട് അതോറിറ്റിയും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡും തമ്മിൽ യോഗങ്ങൾ ചേർന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത യോഗ തീരുമാനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

വൈപ്പിൻ നിയോജകമണ്ഡലത്തിലെ പുതുവൈപ്പിനിൽ തെക്കേക്കടവ് ഫിഷ് ലാൻഡിംഗ് സെന്ററിൽ പകരം സംവിധാനം ഒരുക്കുന്നതിനും

ആർ.എം.പി. തോടിന്റെ പുനരുദ്ധാരണവും സംബന്ധിച്ച് ഫിഷറീസ് വകുപ്പും കൊച്ചിൻ പോർട്ട് അതോറിറ്റിയും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡും തമ്മിൽ 03-08-2019-ന് എറണാകുളം ഗസ്റ്റ് ഹൗസിൽവച്ച് ബഹു. ഫിഷറീസ് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം കൂടിയിട്ടുണ്ട്. യോഗ തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

**തീരുമാനങ്ങൾ**

1. വൈപ്പിൻ നിയോജകമണ്ഡലത്തിലെ എളംകുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ ഏകദേശം 10.50 കിലോമീറ്റർ നീളം വരുന്ന ആർ.എം.പി. തോട് ഏറ്റവും കുറഞ്ഞത് 30 മീറ്റർ വീതിയിലും വേണ്ടത്ര നീരൊഴുക്ക് ലഭ്യമാകുന്ന രീതിയിലും ആഴം കൂട്ടുന്നതിന് തീരുമാനിച്ചു. 30 മീറ്റർ വീതിയിൽ തോട് പുനരുജ്ജീവിപ്പിക്കുമ്പോൾ മാറ്റി പാർപ്പിക്കേണ്ട ആളുകളുടെ പുനരധിവാസം ഉറപ്പാക്കുന്ന രീതിയിൽ ഡി.പി.ആർ. തയ്യാറാക്കണം. ഇതിനായി തോടിന്റെ ആഴം കൂട്ടുമ്പോൾ ലഭ്യമായ മണ്ണ് സർക്കാർ അധീനതയിലുള്ള സ്ഥലങ്ങളിൽ നിക്ഷേപിച്ച് പുനരധിവാസത്തിനായി ഉപയോഗിക്കേണ്ടതാണ്.

2. വിവിധ വകുപ്പുകളെയും സ്ഥാപനങ്ങളെയും ജനപ്രതിനിധികളെയും ഉൾപ്പെടുത്തി ചർച്ച ചെയ്ത് ഡി.പി.ആർ. തീരദേശ വികസന കോർപ്പറേഷൻ തയ്യാറാക്കുന്നതിനായി കെ.എസ്.സി.എ.ഡി.സി. മാനേജിംഗ് ഡയറക്ടർ കൺവീനറായും ഇറിഗേഷൻ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് (ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ) ഫിഷറീസ് വകുപ്പ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, കൊച്ചിൻ പോർട്ട് ട്രസ്റ്റ്, ബി.പി.സി.എൽ. ഗോശ്രീ ഡെവലപ്മെന്റ് അതോറിറ്റി, ജില്ലാ കളക്ടർ എന്നിവയുടെ പ്രതിനിധികൾ അംഗങ്ങളായും രൂപീകരിച്ച കമ്മിറ്റി ചർച്ച ചെയ്ത് സ്ഥല സന്ദർശനം നടത്തി പ്രദേശവാസികളുടെ അഭിപ്രായംകൂടി കണക്കിലെടുത്ത് വിശദമായ കരട് ഡി.പി.ആർ. ഒക്ടോബർ മാസം അവസാനത്തോടെ തയ്യാറാക്കേണ്ടതും ജനപ്രതിനിധികൾ മറ്റ് ബന്ധപ്പെട്ടവർ എന്നിവരുമായി ചർച്ച നടത്തി നവംബർ മാസത്തോടെ ഡി.പി.ആർ. അന്തിമമാക്കേണ്ടതുമാണ്.

3. ആർ.എം.പി. തോട് 30 മീറ്റർ വീതിയിൽ മാറ്റി പാർപ്പിക്കേണ്ട ആളുകളെ സംബന്ധിച്ച സർവ്വേ എളംകുന്നപ്പുഴ ഗ്രാമപഞ്ചായത്ത് നടത്തി ഡി.പി.ആർ. തയ്യാറാക്കുന്നതിലേയ്ക്കായി നൽകേണ്ടതാണ്.

4. തോട് പുനരുജ്ജീവിപ്പിക്കുമ്പോൾ ലഭ്യമായ മണ്ണ് നിക്ഷേപിക്കേണ്ട സ്ഥലം ഗ്രാമപഞ്ചായത്തും റവന്യൂ വകുപ്പും കണ്ടെത്തേണ്ടതും ആയത് മാറ്റി പാർപ്പിക്കേണ്ടവരുടെ പുനരധിവാസത്തിനായി ഉപയോഗിക്കേണ്ടതുമാണ്.

5. ഇതുമായി ബന്ധപ്പെട്ട് അടുത്ത അവലോകന യോഗം 2019 സെപ്റ്റംബർ മാസം അവസാനത്തോടെ നടത്തുവാൻ തീരുമാനിച്ചു.

6. ഈ പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ നടപടിക്ക് ആവശ്യമായ തുക ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് അന്വേഷണ-ഗവേഷണങ്ങൾക്കുള്ള ഫണ്ടിൽ വകയിരുത്തി അനുവദിക്കുന്നതിനും തീരുമാനിച്ചു.

7. ഈ പദ്ധതിക്കാവശ്യമായ തുക വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ലഭ്യമാക്കുവാൻ തീരുമാനിച്ചു. ഈ തുകയിൽ സംസ്ഥാന വകുപ്പുകൾക്ക് പുറമെ പോർട്ട് ട്രസ്റ്റ്, ഇന്ത്യൻ ഓയിൽ

കോർപ്പറേഷൻ ബി.പി.സി.എൽ. എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ ഭാഗഭാക്കാകുന്നതാണെന്നും തീരുമാനിച്ചു. ആയതിന് ആവശ്യമായ തുക ലഭ്യമാക്കുന്നതിന് കെ.എസ്.സി.എ.ഡി.സി. മുൻകൈ എടുത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

(ബി) ഇതുസംബന്ധിച്ച യോഗത്തിന്റെ മിനിറ്റ്സ് ലഭ്യമാക്കാമോ?

യോഗത്തിന്റെ മിനിറ്റ്സ് അനുബന്ധമായി ചേർക്കുന്നു+.

(സി) യോഗ തീരുമാനങ്ങൾ നടപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

03-08-2019-ന് ഫിഷറീസ് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ മിനിറ്റ്സിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം ആർ.എം.പി. കനാൽ അതിർത്തി നിർണ്ണയ സർവ്വേ ജോലികൾ ആരംഭിക്കുന്നതിനുവേണ്ടി സർവ്വേ നടത്തേണ്ട വസ്തുവിനെ സംബന്ധിക്കുന്ന വില്ലേജ്, സർവ്വേ ചെയ്യേണ്ട ദൂരം/വിസ്തീർണ്ണം എന്നിവ സർവ്വേ ഡെപ്യൂട്ടി ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. കെ.എസ്.സി.എ.ഡി.സി.-യുടെ അക്കൗണ്ടിൽനിന്നും 35,066/- രൂപ ചെലവാക്കി ടോട്ടൽ സ്റ്റേഷൻ സർവ്വേ നടത്തി. തുടർന്ന് പ്രസ്തുത

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതിയുമായി ബന്ധപ്പെട്ട് 23-06-2023-ന് ഫിഷറീസ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നിരുന്നു. ആർ.എം.പി. തോട് ആഴംകൂട്ടൽ പ്രവൃത്തി മേജർ/മൈനർ ഇറിഗേഷൻ വകുപ്പ് ഏറ്റെടുത്ത് നടത്താൻ ഉദ്ദേശിക്കുന്നതായി അറിയുന്നു. ഇക്കാര്യത്തിൽ വ്യക്തത വരുത്തി പദ്ധതി സംബന്ധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

(ഡി) ഇതുസംബന്ധിച്ച് ഫിഷറീസ് വകുപ്പിലെ ബി2/33/2023 നമ്പർ ഫയലിന്റെ നിജസ്ഥിതി വ്യക്തമാക്കാമോ?

തെക്കേക്കടവ്-പുതുവൈപ്പിൻ ആൾട്ടർനേറ്റീവ് ഫിഷ് ലാൻഡിംഗ് സെന്റർ, ആർ.എം.പി. തോട് പുനരുജ്ജീവനം എന്നിവ സംബന്ധിച്ച് കൊച്ചിൻ പോർട്ട് ചെയർപേഴ്സൺ 03-02-2023-ന് ലഭ്യമാക്കിയ കത്തിന്മേൽ ഫിഷറീസ് ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടു. തുടർന്ന് തെക്കേക്കടവ്-പുതുവൈപ്പിൻ ആൾട്ടർനേറ്റീവ് ഫിഷ് ലാൻഡിംഗ് സെന്റർ, ആർ.എം.പി. തോട് പുനരുജ്ജീവനം എന്നിവ ചർച്ച ചെയ്യാൻ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനുമായി 23-6-2023-ന് ഫിഷറീസ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. മേജർ/മൈനർ ഇറിഗേഷൻ

വകുപ്പ് ആർ.എം.പി. തോട് ആഴം കൂട്ടൽ പ്രവൃത്തി ഏറ്റെടുത്ത് നടത്താൻ ഉദ്ദേശിക്കുന്നതായി അറിയുന്നു. ഇക്കാര്യത്തിൽ വ്യക്തത വരുത്തി ഫയലിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

**അരൂർ മണ്ഡലത്തിലെ പുനർഗേഹം പദ്ധതി**

334(1174) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനർഗേഹം പദ്ധതിയിൽ അരൂർ മണ്ഡലത്തിൽ എത്ര ബെനിഫിഷ്യറിയുണ്ടെന്ന് വിശദമാക്കാമോ?

അരൂർ നിയോജകമണ്ഡലത്തിൽ പുനർഗേഹം പദ്ധതിയുടെ സർവ്വേ ലിസ്റ്റിൽ 378 കുടുംബങ്ങളാണ് ഉൾപ്പെട്ടിരിക്കുന്നത്.

(ബി) പ്രസ്തുത ബെനിഫിഷ്യറി ലിസ്റ്റിൽനിന്നും എത്ര ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

പുനർഗേഹം പദ്ധതിയുടെ ലിസ്റ്റിലുൾപ്പെട്ട 29 ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ട്.

(സി) പുനർഗേഹം പദ്ധതിയുടെ ലിസ്റ്റിൽപ്പെടാത്ത അർഹരായവരെ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

അത്തൂർ നിയോജകമണ്ഡലത്തിൽനിന്നും നാളിതുവരെ അപ്പീൽ അപേക്ഷകൾ ലഭ്യമായിട്ടില്ല. ലിസ്റ്റിൽ ഉൾപ്പെടാത്ത അർഹരായ കുടുംബങ്ങൾ അപ്പീൽ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസരണമായി അർഹത പരിശോധിച്ച് ജില്ലാതല അപ്രൂവൽ കമ്മിറ്റിയിൽ ഗുണഭോക്താവായി അംഗീകരിച്ച് തുടർനടപടി കൈക്കൊള്ളുന്നതാണ്.

**പാലയാട് തുരുത്തിപ്പാലം**

335(1175) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിയൂർ ഗ്രാമപഞ്ചായത്തിലെ പാലയാട് തുരുത്തിപ്പാലത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

മണിയൂർ ഗ്രാമപഞ്ചായത്തിലെ പാലയാട് തുരുത്തിലേയ്ക്കുള്ള പാലത്തിന്റെ അപ്രോച്ച് റോഡിന്റെ പ്രവൃത്തി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖാന്തരം ഭാഗികമായി പൂർത്തീകരിക്കുകയും റിംഗ് ബണ്ട് നിർമ്മാണം അവസാന ഘട്ടത്തിലുമാണ്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയത് എന്ന് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

ചില മാറ്റങ്ങളോടെ പ്രവൃത്തി നടപ്പാക്കുന്നതിനുള്ള പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിവരികയാണ്. പി.ഡബ്ല്യൂ.ഡി. മാന്വലിലെ വ്യവസ്ഥകൾ പാലിച്ച് പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി നടപ്പാക്കുന്നതാണ്. പ്രസ്തുത പ്രവൃത്തിയുടെ ഭാഗമായി നിർമ്മിച്ച റിംഗ് ബണ്ട് വഴി പൊതുജനങ്ങൾ തുരുത്തിലേയ്ക്ക് സഞ്ചരിക്കുന്നുണ്ട്.

**മത്സ്യത്തൊഴിലാളികൾക്ക് വേണ്ടിയുള്ള ഫ്ലാറ്റ് നിർമ്മാണം**

336(1176) <u>ശ്രീ. എച്ച്. സലാം:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ മത്സ്യത്തൊഴിലാളികൾക്കായി നിർമ്മിക്കുന്ന ഫ്ലാറ്റുകളുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ?

അമ്പലപ്പുഴ മണ്ഡലത്തിൽ മത്സ്യത്തൊഴിലാളികൾക്കായി നിർമ്മിക്കുന്ന ഫ്ലാറ്റ്-കെട്ടിടങ്ങളുടെ സ്ട്രക്ച്ചറൽ പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിലാണ്. അവസാനഘട്ട പ്രവൃത്തികളായ പെയിന്റിംഗ്, ഫ്ലോർ ടൈലിംഗ്, പ്ലംബിംഗ് എന്നിവ പൂർത്തീകരിക്കേണ്ടതുണ്ട്.

1. ഫേസ് 1 മുതൽ 5 വരെയുള്ള 199 വ്യക്തിഗത ഫ്ലാറ്റ് യൂണിറ്റുകളുടെ അകത്തും പുറത്തും ഉള്ള പ്ലാസ്റ്ററിംഗ് വർക്ക് പൂർത്തിയായി.

2. ഫേസ് 4, 5-ൽ ഉൾപ്പെട്ട 72 വ്യക്തിഗത ഫ്ലാറ്റ് യൂണിറ്റുകളുടെ ഇലക്ട്രിക്കൽ വർക്ക് പൂർത്തിയായി.

3. ഫേസ് 4, 5-ൽ ഉൾപ്പെട്ട 72 വ്യക്തിഗത ഫ്ലാറ്റ് യൂണിറ്റുകളുടെ പ്ലംബിംഗ് വർക്ക് ആരംഭിച്ചിട്ടുണ്ട്.

4. ഫ്ലാറ്റ് സമുച്ചയത്തിൽ ചുറ്റുമതിൽ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുകയും ടെണ്ടർ നടപടികൾ പൂർത്തിയാക്കുകയും കരാർ ഒപ്പിടുകയും ചെയ്തിട്ടുണ്ട്. റീ-സർവ്വേ പൂർത്തിയാക്കിയാൽ ഉടൻതന്നെ തുടർ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. റീ-സർവ്വേ നടത്തുന്നതിനായി അമ്പലപ്പുഴ തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

5. ജല വിതരണത്തിനായുള്ള ഓവർ ഹെഡ് ടാങ്ക്, വൈദ്യുതീകരണ സംവിധാനങ്ങൾ എന്നിവയുടെ സാങ്കേതിക അനുമതിക്കായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കെ.എസ്.ഇ.ബി. വൈദ്യുതീകരണത്തിനായി വൈദ്യുത പോസ്റ്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) എന്തൊക്കെ നിർമ്മാണ പ്രവൃത്തികളാണ് പൂർത്തീകരിക്കാൻ ബാക്കിയുള്ളതെന്നും അവ പൂർത്തിയാക്കി എന്നത്തേയ്ക്ക് ഫ്ലാറ്റുകളിൽ താമസം സാധ്യമാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

നിലവിൽ ഫ്ലാറ്റുകളുടെ പെയിന്റിംഗ്, ഫ്ലോർ ടൈലിംഗ്, പ്ലമ്പിംഗ്, ഇലക്ട്രിക്കൽ പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതുണ്ട്. കൂടാതെ അനുബന്ധ പ്രവൃത്തികളായ ചുറ്റുമതിൽ നിർമ്മാണം, വാട്ടർ ടാങ്ക് നിർമ്മാണം, ലാൻഡ്

ഫില്ലിംഗ്, റോഡ് നിർമ്മാണം, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം എന്നിവയും പൂർത്തീകരിക്കേണ്ടതുണ്ട്. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത പ്രവൃത്തികൾ എല്ലാം പൂർത്തീകരിച്ച് 2024 മേയ് മാസത്തോടെ ഫ്ലാറ്റുകളിൽ താമസം സാധ്യമാക്കാൻ കഴിയുന്നതാണ്.

**കൊല്ലം ജില്ലയിലെ നബാർഡ് സഹായ പദ്ധതികൾ**

337(1177) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഫിഷറീസ് വകുപ്പ് കൊല്ലം ജില്ലയിൽ അനുവദിച്ച നബാർഡ് സഹായ പദ്ധതികളുടെ വിശദാംശം നൽകുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഫിഷറീസ് വകുപ്പ് കൊല്ലം ജില്ലയിൽ അനുവദിച്ച നബാർഡ് സഹായ പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പദ്ധതി | അടങ്കൽ തുക (ലക്ഷം) | നിലവിലെ അവസ്ഥ |
|---|---|---|
| ആധുനിക മത്സ്യ മാർക്കറ്റ്, നെടുമൺകാവ്, കൊല്ലം | 502.00 | പദ്ധതി പുരോഗമിക്കുന്നു. |

(ബി) നബാർഡ് സഹായ പദ്ധതികളിൽ കൊല്ലം ജില്ലയിൽനിന്നും നിലവിൽ പരിഗണനയുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

നബാർഡ് സഹായ പദ്ധതികളിൽ കൊല്ലം ജില്ലയിൽനിന്നും ഫിഷറീസ് വകുപ്പിനുകീഴിൽ പുതിയ പദ്ധതികളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

**മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ വിതരണം**

338(1178) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീമതി കെ. കെ. രമ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് വിവിധ സർക്കാർ സ്ഥാപനങ്ങളിലൂടെ നൽകിവരുന്ന മണ്ണെണ്ണ ലിറ്ററിന് ഇരുപത്തിയഞ്ച് രൂപ നിരക്കിൽ ലഭ്യമാക്കണമെന്ന മത്സ്യത്തൊഴിലാളികളുടെ ആവശ്യം നടപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ?

കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള പൊതുവിതരണ സമ്പ്രദായം വഴി ലഭിക്കുന്ന മണ്ണെണ്ണയും കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള എണ്ണ കമ്പനികൾ വില നിശ്ചയിച്ച് മത്സ്യഫെഡ് വഴി വിതരണം ചെയ്യുന്ന മണ്ണെണ്ണയുമാണ് പ്രധാനമായും പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ആശ്രയിക്കുന്നത്. പൊതുവിതരണ സമ്പ്രദായത്തിലൂടെ പെർമിറ്റ് അടിസ്ഥാനത്തിൽ നൽകിവരുന്ന മണ്ണെണ്ണയുടെ അളവ് അപര്യാപ്തമായതിനാൽ വെള്ള മണ്ണെണ്ണയ്ക്ക് ലിറ്ററിന് 25 രൂപ സബ്സിഡി നൽകി മത്സ്യഫെഡിലൂടെ വിൽപ്പന നടത്തുന്ന പദ്ധതി നിലവിലുണ്ട്. സംസ്ഥാനത്ത് മത്സ്യബന്ധന യാനങ്ങൾക്ക് മണ്ണെണ്ണ (വെള്ള മണ്ണെണ്ണ) 2015 ജൂലൈ മാസം മുതൽ മത്സ്യഫെഡ് വഴി വിതരണം ചെയ്തുവരുന്നു.

അർഹരായ മത്സ്യത്തൊഴിലാളികൾക്ക് എഞ്ചിൻ ക്ഷമതയുടെ അടിസ്ഥാനത്തിൽ ചുവടെപ്പറയും പ്രകാരം നിശ്ചിത അളവ് മണ്ണെണ്ണ ലിറ്ററിന് 25 രൂപ വീതം സബ്സിഡി നിരക്കിൽ (ഡി.ബി.റ്റി. മുഖേന) നൽകി വരുന്നുണ്ട്.

10 എച്ച്.പി. വരെ - 140 ലിറ്റർ

10 എച്ച്.പി. മുതൽ 15 എച്ച്.പി. വരെ -150 ലിറ്റർ

15 എച്ച്.പി.ക്ക് മുകളിൽ - 190 ലിറ്റർ

2023-24 സാമ്പത്തിക വർഷം മണ്ണെണ്ണ സബ്സിഡി നൽകുന്നതിന് 45 കോടിരൂപ വകയിരുത്തിയിരുന്നു. ആയതിൽനിന്നും നാളിതുവരെ സബ്സിഡി തുകയായി 6,36,59,225/- രൂപ മത്സ്യത്തൊഴിലാളികൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

കേന്ദ്ര സർക്കാരിൽനിന്നും അനുവദിച്ച് നൽകുന്ന സബ്സിഡി രഹിത മണ്ണെണ്ണ വർദ്ധിച്ച തോതിൽ ലഭ്യമാക്കുകയും അതോടൊപ്പം മത്സ്യഫെഡിനെ മണ്ണെണ്ണയുടെ മൊത്തവിതരണക്കാരായി ഉത്തരവാകുകയും ചെയ്തുകൊണ്ട് മത്സ്യത്തൊഴിലാളികൾക്ക് നിലവിൽ നൽകിവരുന്ന

സബ്സിഡി വർദ്ധിപ്പിച്ച് നൽകുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ നിരന്തരം ആവശ്യപ്പെട്ടിട്ടും മേൽപ്പറഞ്ഞ രണ്ട് കാര്യങ്ങളിലും അനുകൂലമായ പ്രതികരണം കേന്ദ്ര സർക്കാരിൽനിന്നും ഉണ്ടായിട്ടില്ല.

(ബി) മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിനായി കൂടുതൽ മണ്ണെണ്ണ ലഭ്യമാക്കുവാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ; വിശദമാക്കുമോ?

മണ്ണെണ്ണ വിഹിതത്തിൽ കേന്ദ്ര സർക്കാർ വരുത്തുന്ന കുറവും മണ്ണെണ്ണയുടെ വില വർദ്ധനവും മത്സ്യബന്ധന മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. എന്നാൽ പൊതുവിതരണ സമ്പ്രദായത്തിലൂടെ പെർമിറ്റ് അടിസ്ഥാനത്തിൽ നൽകിവരുന്ന മണ്ണെണ്ണയുടെ അളവ് അപര്യാപ്തമായതിനാൽ വെള്ള മണ്ണെണ്ണയ്ക്ക് ലിറ്ററിന് 25 രൂപ സബ്സിഡി നൽകി മത്സ്യഫെഡിലൂടെ വിൽപ്പന നടത്തുന്ന പദ്ധതി നിലവിലുണ്ട്. ഈ ആവശ്യത്തിലേയ്ക്കായി നോൺ പ്ലാനായി 2023-24 ബഡ്ജറ്റിൽ 45 കോടിരൂപ വകയിരുത്തിയിട്ടുണ്ട്. മത്സ്യബന്ധനത്തിനാവശ്യമായ മണ്ണെണ്ണയുടെ കാൽ ഭാഗംപോലും കേന്ദ്രം സബ്സിഡി രഹിത മണ്ണെണ്ണ

(നോൺ പി.ഡി.എസ്.) ആയി അനുവദിക്കുന്നില്ല. 2022-23 സാമ്പത്തിക വർഷം 7160 കിലോ ലിറ്റർ സബ്സിഡി രഹിത (നോൺ പി.ഡി.എസ്.) മണ്ണെണ്ണ മാത്രമാണ് ലഭ്യമായിട്ടുള്ളത്. നടപ്പ് വർഷത്തേയ്ക്ക് ആവശ്യമായ പരമാവധി മണ്ണെണ്ണ നേടിയെടുക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിയതിന്റെ അടിസ്ഥാനത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 1296 കിലോ ലിറ്റർ മണ്ണെണ്ണ മാത്രമാണ് മത്സ്യബന്ധന മേഖലയ്ക്ക് അനുവദിച്ചത്. ആയത് മുഴുവനും മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തു.

(സി) മത്സ്യത്തൊഴിലാളികൾ ഉപയോഗിക്കുന്ന ബോട്ടുകളിൽ മണ്ണെണ്ണയ്ക്ക് പകരമായി മറ്റ് ഇന്ധനങ്ങൾ ഉപയോഗിക്കുന്നതിനായുള്ള സാങ്കേതികവും സാമ്പത്തികവുമായ സഹായം ലഭ്യമാക്കുമെന്ന ഉറപ്പ് പാലിക്കാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സുസ്ഥിര സമ്പ്രദായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി മണ്ണെണ്ണയ്ക്ക് പകരം പെട്രോൾ, എൽ.പി.ജി. തുടങ്ങിയ ഇന്ധനങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന എഞ്ചിനുകൾ

മത്സ്യബന്ധനമേഖലയിൽ പരിചയപ്പെടുത്തുകയും വ്യാപകമാക്കുകയും ചെയ്യുന്നതിനാവശ്യമായ പദ്ധതികൾ ഫിഷറീസ് വകുപ്പ് നടപ്പാക്കിവരുന്നു.

പരമ്പരാഗത മത്സ്യബന്ധന എഞ്ചിനുകൾ മണ്ണെണ്ണയ്ക്ക് പകരം എൽ.പി.ജി. ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ എൽ.പി.ജി. കിറ്റുകൾ സബ്സിഡിയോടുകൂടി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിലേയ്ക്കായി 7 ലക്ഷം രൂപയുടെ പദ്ധതി അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിൽനിന്നും തെരഞ്ഞെടുത്ത 10 മത്സ്യത്തൊഴിലാളികൾക്ക് പരീക്ഷണാടിസ്ഥാനത്തിൽ എൽ.പി.ജി. കിറ്റുകൾ വിതരണം ചെയ്യുകയും എൽ.ഒ.റ്റി. അടിസ്ഥാനത്തിലുള്ള എൽ.പി.ജി. കിറ്റുകൾ യാനങ്ങളിൽ സ്ഥാപിച്ച് പഠനം നടത്തുകയും ചെയ്തുവരുന്നു. പരീക്ഷണ ഓട്ടത്തിന്റെ റിപ്പോർട്ട് ലഭ്യമായതനുസരിച്ച് എൽ.പി.ജി. ഉപയോഗിക്കുന്നത് മണ്ണെണ്ണ എഞ്ചിനുകളെക്കാളും ഗുണകരമാണെന്ന് എല്ലാ ഗുണഭോക്താക്കളും അഭിപ്രായപ്പെട്ടിരിക്കുന്നു. ഇന്ധനച്ചെലവിൽ 35 ശതമാനം മുതൽ 55 ശതമാനം വരെ കുറവ് ലഭിക്കുന്നതായി റിപ്പോർട്ട് വ്യക്തമാക്കുന്നു. ഇന്ത്യൻ

ഓയിൽ കോർപ്പറേഷനുമായി ചേർന്ന് 21-01-2023-ന് എൽ.പി.ജി. കിറ്റ് ഉപയോഗിച്ചുള്ള പരീക്ഷണ ഓട്ടം മര്യനാട്ടുവച്ച് വിജയകരമായി പൂർത്തീകരിച്ചു.

മണ്ണെണ്ണ എഞ്ചിനുകൾ പെട്രോൾ എഞ്ചിനുകളാക്കി മാറ്റുന്നതിന് നടപ്പ് സാമ്പത്തിക വർഷം 1000 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകി. ആകെ അടങ്കൽ തുകയുടെ 50 ശതമാനം സർക്കാർ വിഹിതവും (500 ലക്ഷം) 50 ശതമാനം ഗുണഭോക്തൃ വിഹിതമായും (500 ലക്ഷം) ആണ് പദ്ധതി നടപ്പാക്കുന്നത്. ആകെ 1000 എഞ്ചിനുകൾക്കാണ് 50 ശതമാനം സബ്സിഡി (പരമാവധി 50,000/- രൂപ) അനുവദിക്കുന്നത്. ഇത്തരത്തിൽ 5 വർഷത്തിനുള്ളിൽ മണ്ണെണ്ണ ഇന്ധനം ഉപയോഗിക്കുന്ന എല്ലാ ഒ.ബി.എമ്മുകളും ഘട്ടംഘട്ടമായി പെട്രോൾ അല്ലെങ്കിൽ എൽ.പി.ജി. ഇന്ധനം ഉപയോഗിക്കുന്ന ഒ.ബി.എമ്മുകളാക്കി മാറ്റുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

## ഫിഷറീസ് മേഖലയ്ക്കായി നീക്കിവച്ച തുക

339(1179) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ ബഡ്ജറ്റിലും ഫിഷറീസ് മേഖലയ്ക്കായി നീക്കിവച്ച തുക എത്ര; അനുവദിച്ച തുക എത്ര; ചെലവഴിച്ച തുക എത്ര; വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും ബഡ്ജറ്റിൽ ഫിഷറീസ് മേഖലയ്ക്കായി നീക്കിവച്ച തുക, അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**(1) പ്ലാൻ**

| വർഷം | ബഡ്ജറ്റിൽ നീക്കി വച്ച തുക (തുക കോടിയിൽ) | അനുവദിച്ച തുക (തുക കോടിയിൽ) | ചെലവഴിച്ച തുക (തുക കോടിയിൽ) |
|---|---|---|---|
| 2021-22 | 324.12 | 488.95 | 386.93 |
| 2022-23 | 299.33 | 436.99 | 342.38 |
| 2023-24 (*) | 345.71 | 367.34 | 106.61 |

**(2) നോൺ പ്ലാൻ**

| വർഷം | ബഡ്ജറ്റിൽ നീക്കിവച്ച തുക (തുക കോടിയിൽ) | അനുവദിച്ച തുക (തുക കോടിയിൽ) | ചെലവഴിച്ച തുക (തുക കോടിയിൽ) |
|---|---|---|---|
| 2021-22 | 177.569 | 187.1579 | 156.1094 |
| 2022-23 | 143.5484 | 144.6883 | 112.9032 |
| 2023-24 (7/8/2023 വരെ) | 140.1675 | 140.4243 | 59.70688 |

**ആരോഗ്യ കേന്ദ്രത്തിന് സ്ഥലം അനുവദിക്കുന്നത്**

340(1180) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ബീച്ചിൽ ഫിഷറീസ് വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്തിൽനിന്നും കോഴിക്കോട് നഗരസഭയ്ക്ക് ആരോഗ്യ കേന്ദ്രത്തിനായി സ്ഥലം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

(എ&ബി) കോഴിക്കോട് വെസ്റ്റ്ഹിൽ കോനാട് ബീച്ചിലെ ഫിഷറീസ് വകുപ്പിന്റെ ഭൂമിയിൽനിന്നും 10 സെന്റ് ഭൂമി കോഴിക്കോട് നഗരസഭയ്ക്ക് ആരോഗ്യ കേന്ദ്രത്തിനുവേണ്ടി അനുവദിക്കുന്നത് സംബന്ധിച്ച വിഷയം ഫിഷറീസ് ഡയറക്ടർ പരിശോധിച്ചുവരുന്നു.

**മാവേലിക്കര നിയോജകമണ്ഡലത്തിലെ മത്സ്യബന്ധന വകുപ്പ് പദ്ധതികൾ**

341(1181) **ശ്രീ. എം. എസ്. അരുൺ കുമാർ:** താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര നിയോജക മണ്ഡലത്തിൽ മത്സ്യബന്ധന വകുപ്പ് നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമെന്നും അവയുടെ പൂർത്തീകരണത്തിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദമാക്കുമോ?

ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര നിയോജകമണ്ഡലത്തിൽ ജനകീയ മത്സ്യകൃഷി-സുഭിക്ഷ കേരളം, പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (പി.എം.എം.എസ്. വൈ.), സമ്പാദ്യ സമാശ്വാസ പദ്ധതി എന്നീ പദ്ധതികളിലുൾപ്പെടുത്തി 2021-22, 2022-23 എന്നീ വർഷങ്ങളിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാഫ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, മത്സ്യഫെഡ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എന്നിവ മുഖേന നടപ്പാക്കിയ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു+.

**അന്യസംസ്ഥാനക്കാരുടെ കുട്ടവഞ്ചി ഉപയോഗിച്ചുള്ള മത്സ്യബന്ധനം**

342(1182) **ശ്രീ. പി. പി. ചിത്തരഞ്ജൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യ സംസ്ഥാനക്കാരായ ആളുകൾ കുട്ടവഞ്ചി ഉപയോഗിച്ച് കേരളത്തിൽ മത്സ്യബന്ധനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് ലഭിച്ച പരാതികളിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കാമോ?

അന്യ സംസ്ഥാനക്കാരായ ആളുകൾ കുട്ടവഞ്ചി ഉപയോഗിച്ച് കേരളത്തിൽ മത്സ്യബന്ധനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്റ്റ് 2010, കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ആക്റ്റ് (2021) എന്നിവയിലെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വ്യവസ്ഥകൾ പ്രകാരം, സംസ്ഥാനത്ത് കുട്ടവഞ്ചി ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നതിന് ഓരോ വ്യക്തിയും നിശ്ചിത ഫീസ് ഒടുക്കി രജിസ്ട്രേഷനും ലൈസൻസും നേടേണ്ടതുണ്ട്. രജിസ്ട്രേഷനും ലൈസൻസും നേടാതെ മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നത് തടയുന്നതിനും ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിനും പ്രസ്തുത ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, മലപ്പുറം, കണ്ണൂർ, തൃശ്ശൂർ, എറണാകുളം, കാസർഗോഡ് ജില്ലകളിൽ അന്യ സംസ്ഥാനക്കാരായ ആളുകൾ കുട്ടവഞ്ചി ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ട്. രജിസ്ട്രേഷനും ലൈസൻസും ഇല്ലാത്ത ഇവരുടെ മത്സ്യബന്ധന ഉപകരണങ്ങൾ പിടിച്ചെടുക്കുകയും പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഇത്തരത്തിൽ മത്സ്യബന്ധനം നടത്തുന്ന ഇതര സംസ്ഥാനക്കാർക്ക് തിരിച്ചറിയൽ രേഖകൾ ഇല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഇത്തരത്തിൽ അനധികൃത മത്സ്യബന്ധനം നടത്തി പിടിക്കപ്പെട്ടവരിൽ ചിലർ തിരിച്ചറിയൽ രേഖ ഹാജരാക്കിയിട്ടുണ്ട്. കുട്ടവഞ്ചികളിൽ മത്സ്യബന്ധനം നടത്തുന്നവരിൽ മിക്കവർക്കും തിരിച്ചറിയൽ രേഖ, യാനങ്ങളുടെ രജിസ്ട്രേഷൻ/ലൈസൻസ് ഇല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. രജിസ്ട്രേഷനും ലൈസൻസും നേടാതെ അനധികൃത മത്സ്യബന്ധനം നടത്തിയവരുടെ മത്സ്യബന്ധന ഉപകരണങ്ങൾ പിടിച്ചെടുക്കുകയും കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്റ്റ് 2010, കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ആക്റ്റ് 2021 എന്നിവയിലെ വ്യവസ്ഥകൾപ്രകാരം ശിക്ഷാ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്,

**പള്ളിക്കര മിഷൻ കോളനി നിവാസികൾക്ക് ഭവന പദ്ധതി**

343(1183) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പള്ളിക്കര മിഷൻ ഫിഷറീസ് കോളനി നിവാസികൾക്ക് പുതിയ ഭവന പദ്ധതി അനുവദിക്കുന്ന വിഷയം വകുപ്പിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച തുടർനടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

(എ&ബി) ഉണ്ട്. പള്ളിക്കര മിഷൻ കോളനിയിലെ 52 കുടുംബങ്ങൾ, തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നതിനാൽ അവർക്ക് പുനർഗേഹം പദ്ധതിയിലുൾപ്പെടുത്തി സ്ഥലം വാങ്ങി ഫ്ലാറ്റ് നിർമ്മിക്കുന്നതിന് 24-05-2023-ൽ തീരസദസ്സിൽവച്ച് നിർദ്ദേശം നൽകുകയുണ്ടായി. തുടർന്ന് പള്ളിക്കര പരിസരത്ത് 3 സ്ഥലങ്ങൾ പരിഗണിച്ചെങ്കിലും CRZ പരിധിയിൽ വരുന്നതിനാലും വെള്ളക്കെട്ട് ഉള്ളതിനാലും അവ ഫ്ലാറ്റ് നിർമ്മാണത്തിന് അനുയോജ്യമല്ലാത്തതിനാൽ നിലവിൽ കോളനി വാസികളുടെ സഹകരണത്തോടെ അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കായംകുളം മത്സ്യഭവൻ**

344(1184) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം പട്ടണത്തിൽ സ്ഥിതി ചെയ്യുന്ന മത്സ്യഭവൻ ജീർണ്ണാവസ്ഥയിലാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവിടെ ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു മത്സ്യഭവൻ നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; കായംകുളത്ത് ആധുനിക സൗകര്യങ്ങളോടുകൂടിയ മത്സ്യഭവൻ നിർമ്മിക്കുന്നതിനായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽനിന്നും സൈറ്റ് പ്ലാനും ബിൽഡിംഗ് പ്ലാനും ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**പുനർഗേഹം പദ്ധതി**

345(1185) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ പുനർഗേഹം പദ്ധതി പ്രകാരം എത്ര ഗുണഭോക്താക്കളെയാണ് പുനരധിവസിപ്പിക്കേണ്ടത്; ആയതിൽ എത്രപേർക്ക് ഭൂമി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്?

കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ 6 മത്സ്യഗ്രാമങ്ങളിലായി വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ പരിധിക്കുള്ളിൽ താമസിക്കുന്ന 572 കുടുംബങ്ങളെ പുനരധിവസിപ്പിക്കേണ്ടതുണ്ട്. ആയതിൽ 60 കുടുംബങ്ങൾ മാത്രമാണ് മാറി താമസിക്കാൻ സന്നദ്ധരായിട്ടുള്ളത്. മാറി താമസിക്കുവാൻ തയ്യാറായവരിൽ 18 കുടുംബങ്ങളുടെ ഭൂമി രജിസ്ട്രേഷൻ നടപടി പൂർത്തിയാക്കിയിട്ടുണ്ട്. 2 ഗുണഭോക്താക്കൾ കണ്ടെത്തിയ ഭൂമി ഇന്റർ ഡിപ്പാർട്ട്മെന്റ് ടീം (Inter Department Team- IDT) പരിശോധനയ്ക്കുശേഷം വില നിർണയം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പുനർഗേഹം പദ്ധതി പ്രകാരം നിർമ്മിക്കുന്ന ഭവന സമുച്ചയത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

പുനർഗേഹം പദ്ധതി പ്രകാരം നിർമ്മിക്കുന്ന ഭവന സമുച്ചയ നിർമ്മാണത്തിന്റെ പൈലിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചുവരുന്നു. 2024 സെപ്റ്റംബർ മാസം വരെയാണ് പൂർത്തീകരണ കാലാവധി.

(സി) ഭൂമി ലഭിക്കേണ്ട ഗുണഭോക്താക്കൾക്ക് ആയവ വേഗത്തിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ജില്ലാതല അപ്രൂവൽ കമ്മിറ്റി (DLAC) അംഗീകരിച്ച ഗുണഭോക്താക്കൾ വ്യക്തിഗത ഭവന നിർമ്മാണത്തിനായി സ്വന്തം നിലയിലാണ് ഭൂമി കണ്ടെത്തുന്നത്. ഭൂമി കണ്ടെത്തുന്നതിന് പ്രാദേശികതലത്തിൽ ജനപ്രതിനിധികളുടെ സഹായവും ലഭ്യമാക്കിവരുന്നു. ഇപ്രകാരം കണ്ടെത്തുന്ന ഭൂമിയുടെ അനുയോജ്യത ഇന്റർ ഡിപ്പാർട്ട്മെന്റ് ടീം (Inter Department Team - IDT) പരിശോധിച്ച് ഉറപ്പുവരുത്തുന്നു. ഡിസ്ട്രിക്ട് ലെവൽ പർച്ചേസ് കമ്മിറ്റി (District Level Purchase Committee - DLPC) ചേർന്ന് ഭൂമി വിലനിർണ്ണയം പൂർത്തിയാക്കി ഡിസ്ട്രിക്ട് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി (District Level Monitoring Committee - DLMC) അംഗീകാരത്തോടെയാണ് ഭൂമി വാങ്ങുന്നത്. പുനരധിവാസ പദ്ധതിയാകയാൽ പുനർഗേഹം പദ്ധതിക്ക് അടിയന്തര പ്രാധാന്യം നൽകി ജില്ലാ കളക്ടർ ചെയർമാനായ ജില്ലാതല കമ്മിറ്റികൾ തുടർനടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ചിട്ടുണ്ട്. സ്വന്തം നിലയിൽ ഭൂമി കണ്ടെത്തുവാൻ സാധിക്കാത്ത ഗുണഭോക്താക്കൾക്ക്

സർക്കാർ/സ്വകാര്യ ഭൂമി കണ്ടെത്തി ആയവയിൽ ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**മാതൃകാ മത്സ്യഗ്രാമം പദ്ധതി**

346(1186) <u>ശ്രീമതി കാനത്തിൽ ജമീല:</u> താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ ഏതെങ്കിലും മത്സ്യത്തൊഴിലാളി കോളനികളെ മാതൃകാ മത്സ്യഗ്രാമം പദ്ധതിയിലുൾപ്പെടുത്തി നവീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല. എന്നാൽ കേന്ദ്ര സർക്കാരിന്റെ 2023-24 വർഷത്തെ പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന പദ്ധതിയിലുൾപ്പെടുത്തി അംഗീകാരം നേടുന്നതിലേയ്ക്കായി ചുവടെ ചേർത്തിട്ടുള്ള 9 മാതൃകാ മത്സ്യഗ്രാമങ്ങളുടെ വിശദമായ പദ്ധതി റിപ്പോർട്ട് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ സമർപ്പിച്ചിരുന്നു.

| ക്രമ നം. | മത്സ്യഗ്രാമം | പദ്ധതി തുക | പി.എം. എം. എസ്. വൈ. വിഹിതം | സംസ്ഥാന വിഹിതം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | ഷിറിയ, കാസർഗോഡ് | 732.00 | 439.20 | 292.80 |
| 2 | ചാലിൽ ഗോപാൽ പേട്ട, കണ്ണൂർ | 750.00 | 450.00 | 300.00 |
| 3 | ചാലിയം, കോഴിക്കോട് | 750.00 | 450.00 | 300.00 |
| 4 | താനൂർ, മലപ്പുറം | 746.00 | 447.60 | 298.40 |
| 5 | പൊന്നാനി, മലപ്പുറം | 740.00 | 444.00 | 296.00 |
| 6 | ഇടക്കഴിയൂർ, തൃശ്ശൂർ | 738.00 | 442.80 | 295.20 |
| 7 | നായരമ്പലം എറണാകുളം | 742.00 | 445.20 | 296.80 |
| 8 | ചെല്ലാനം, എറണാകുളം | 750.00 | 450.00 | 300.00 |
| 9 | ആറാട്ടുപുഴ, ആലപ്പുഴ | 750.00 | 450.00 | 300.00 |
| | ആകെ | 6698.00 | 4018.80 | 2679.20 |

മേൽ പദ്ധതികൾ 2023-24 വർഷത്തെ പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന പദ്ധതിയിലുൾപ്പെടുത്തി അംഗീകാരം നേടുന്നതിലേയ്ക്കുള്ള നടപടി സ്വീകരിച്ചുവരുന്നു. ആയതിൽ കണ്ണൂർ ജില്ലയിലെ ചാലിൽ ഗോപാൽ പേട്ട മാതൃകാ മത്സ്യഗ്രാമ പദ്ധതിയിൽ പ്രദേശത്തെ രണ്ട് മത്സ്യത്തൊഴിലാളി കോളനികളായ നായനാർ കോളനി, കെ.ഇ.സി. കോളനി എന്നിവിടങ്ങളിലെ സെപ്റ്റിക് ടാങ്കുകളുടെ നിർമ്മാണവും അനുബന്ധ പ്രവർത്തികളും ഉൾപ്പെടുത്തിയിട്ടുണ്ട്.

**മന്ത്രിസഭയുടെ അംഗീകാരത്തോടെ മത്സ്യബന്ധന വകുപ്പ് നടപ്പാക്കിയിട്ടുള്ള പദ്ധതികൾ**

347(1187) ശ്രീ. ടി. സിദ്ദിഖ്:താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധനകാര്യ വകുപ്പിന്റെ അനുമതിയില്ലാതിരുന്നിട്ടും മന്ത്രിസഭയുടെ അംഗീകാരത്തോടെ മത്സ്യബന്ധന വകുപ്പ് നടപ്പാക്കിയിട്ടുള്ള പദ്ധതികൾ, പ്രവർത്തനങ്ങൾ, തീരുമാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധനകാര്യ വകുപ്പിന്റെ അനുമതിയില്ലാതിരുന്നിട്ടും മന്ത്രിസഭയുടെ അംഗീകാരത്തോടെ പുനർഗേഹം പദ്ധതിക്കായി 42.75 കോടിരൂപ അനുവദിച്ചിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ ഓരോ വിഷയത്തിലും ധനകാര്യ വകുപ്പ് നൽകിയ റിമാർക്ക്സ് എന്തായിരുന്നു; ഓരോ തീരുമാനവും സംബന്ധിച്ച ക്യാബിനറ്റ് നോട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഓരോന്നും നടപ്പാക്കിയതിലൂടെ എത്ര രൂപയുടെ ബാധ്യത ഉണ്ടായതായി കണക്കാക്കുന്നു; വിശദാംശം നൽകാമോ?

ധനകാര്യ വകുപ്പ് നൽകിയ റിമാർക്ക്സ്, ക്യാബിനറ്റ് നോട്ടിന്റെ പകർപ്പ് എന്നിവ അനുബന്ധമായി ചേർക്കുന്നു+. പുനർഗേഹം പദ്ധതിക്കായി 42.75 കോടി രൂപയാണ് അനുവദിച്ചത്.

**മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണയുടെ സബ്സിഡി നിരക്ക് ഉയർത്തുന്നതിന് നടപടി**

348(1188) ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ സബ്സിഡി നിരക്കിൽ ലഭിക്കാത്തതിനാൽ ട്രോളിംഗ് നിരോധനകാലത്ത് മത്സ്യബന്ധനം നടത്തുന്നതിന് പ്രതിസന്ധി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഇല്ല. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ട്രോളിംഗ് നിരോധനകാലയളവിലും മത്സ്യബന്ധനത്തിനായുള്ള വെള്ള മണ്ണെണ്ണ മത്സ്യഫെഡ് വഴി ലിറ്ററിന് 25 രൂപ സബ്സിഡി എന്ന നിരക്കിൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി.ബി.റ്റി. മുഖേന) നൽകിവരുന്നുണ്ട്. യാനങ്ങളുടെ എഞ്ചിന്റെ കുതിരശക്തിക്കനുസരിച്ച് 10 എച്ച്.പി. വരെ 140 ലിറ്റർ, 10 എച്ച്.പി. മുതൽ 15 എച്ച്.പി. വരെ 150 ലിറ്റർ, 15 എച്ച്.പി.-ക്ക് മുകളിൽ 190 ലിറ്റർ എന്നിങ്ങനെയാണ് പെർമിറ്റ് ഉടമകൾക്ക് മണ്ണെണ്ണ ലഭ്യമാക്കുന്നത്.

(ബി) മത്സ്യത്തൊഴിലാളികൾക്ക് നിലവിൽ ഒരു ലിറ്റർ മണ്ണെണ്ണ എത്ര രൂപയ്ക്കാണ് ലഭിക്കുന്നത്; ഇവർക്ക് നിലവിൽ എത്ര രൂപയാണ് മണ്ണെണ്ണ സബ്സിഡിയായി ലഭിക്കുന്നത്; പ്രസ്തുത സബ്സിഡി തുക നിർണയിച്ചത് ഏത് കാലഘട്ടത്തിലാണെന്നും അന്നത്തെ ഒരു ലിറ്റർ മണ്ണെണ്ണയുടെ വില എത്രയായിരുന്നുവെന്നും സബ്സിഡി നിരക്ക് കാലോചിതമായി പരിഷ്കരിക്കാൻ വകുപ്പ് ഇടപെടൽ നടത്തുമോയെന്നും വ്യക്തമാക്കുമോ?

കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള പൊതുവിതരണ സമ്പ്രദായം വഴി ലഭിക്കുന്ന മണ്ണെണ്ണയും കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള എണ്ണ കമ്പനികൾ വില നിശ്ചയിച്ച് മത്സ്യഫെഡ് വഴി വിതരണം ചെയ്യുന്ന മണ്ണെണ്ണയുമാണ് പ്രധാനമായും പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ആശ്രയിക്കുന്നത്. നിലവിൽ പൊതുമാർക്കറ്റിൽ ഒരു ലിറ്റർ മണ്ണെണ്ണയ്ക്ക് 102

രൂപയും സിവിൽ സപ്ലൈസ് വഴി നൽകുന്ന സബ്സിഡി രഹിത മണ്ണെണ്ണക്ക് 64.50 രൂപയുമാണ്. പൊതുവിതരണ സമ്പ്രദായത്തിലൂടെ പെർമിറ്റ് അടിസ്ഥാനത്തിൽ നൽകിവരുന്ന മണ്ണെണ്ണയുടെ അളവ് അപര്യാപ്തമായതിനാൽ വെള്ള മണ്ണെണ്ണയ്ക്ക് ലിറ്ററിന് 25 രൂപ സബ്സിഡി നൽകി മത്സ്യഫെഡിലൂടെ വിൽപ്പന നടത്തുന്ന പദ്ധതി നിലവിലുണ്ട്. സംസ്ഥാനത്ത് മത്സ്യബന്ധന യാനങ്ങൾക്ക് മണ്ണെണ്ണ (വെള്ള മണ്ണെണ്ണ) 2015 ജൂലൈ മാസം മുതൽ മത്സ്യഫെഡ് വഴി വിതരണം ചെയ്തുവരുന്നു. അർഹരായ മത്സ്യത്തൊഴിലാളികൾക്ക് എഞ്ചിൻ ക്ഷമതയുടെ അടിസ്ഥാനത്തിൽ നിശ്ചിത അളവ് മണ്ണെണ്ണ ലിറ്ററിന് 25 രൂപ വീതം സബ്സിഡി നിരക്കിൽ (ഡി.ബി.റ്റി. മുഖേന) നൽകി വരുന്നുണ്ട്. ആയതുപ്രകാരം മത്സ്യഫെഡ് മുഖേന മത്സ്യത്തൊഴിലാളികൾക്ക് നിലവിൽ ലിറ്ററിന് 102 രൂപയ്ക്കാണ് മണ്ണെണ്ണ നൽകുന്നത്. ഇതിൽ 25 രൂപ സബ്സിഡി ആനുകൂല്യം മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്നു.

2014-2015 കാലയളവിലാണ് ലിറ്ററിന് 25 രൂപ നിരക്കിൽ സബ്സിഡി തുക നിർണ്ണയിച്ചത്. ടി കാലയളവിലെ ഒരു ലിറ്റർ മണ്ണെണ്ണയുടെ വില 56.95 രൂപയായിരുന്നു.

കേന്ദ്ര സർക്കാരിൽ നിന്നുള്ള സബ്സിഡി രഹിത മണ്ണെണ്ണ വർദ്ധിച്ച തോതിൽ ലഭ്യമായെങ്കിൽ മാത്രമേ ഈ പ്രശ്നത്തിൽ ശാശ്വത പരിഹാരം ഉണ്ടാകുകയുള്ളൂ.

(സി) എത്ര ലിറ്റർ മണ്ണെണ്ണ വീതം ലഭിക്കുന്നതിനുള്ള പെർമിറ്റ് ആണ് നിലവിൽ മത്സ്യത്തൊഴിലാളികൾക്ക് അനുവദിച്ചിട്ടുള്ളതെന്നും ഇതിൽ എത്ര ലിറ്റർ വീതം നിലവിൽ അവർക്ക് ലഭ്യമാകുന്നുണ്ടെന്നും വ്യക്തമാക്കുമോ?

കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള പൊതുവിതരണ സമ്പ്രദായത്തിലൂടെ സിവിൽ സപ്ലൈസ് വകുപ്പ് വഴി ലഭ്യമാക്കുന്ന സബ്സിഡി രഹിത (നോൺ പി.ഡി.എസ്.) മണ്ണെണ്ണ 10 എച്ച്.പി. വരെയുള്ള എഞ്ചിനുകൾക്ക് 129 ലിറ്റർ, 15 എച്ച്.പി. വരെയുള്ള എഞ്ചിനുകൾക്ക് 136 ലിറ്റർ, 15 എച്ച്.പി.-ക്ക് മുകളിലുള്ള എഞ്ചിനുകൾക്ക് 180 ലിറ്റർ എന്നിങ്ങനെയാണ്. 2022-23 സാമ്പത്തിക വർഷം 7160 കിലോ

ലിറ്റർ സബ്സിഡി രഹിത (നോൺ പി.ഡി.എസ്.) മണ്ണെണ്ണ മാത്രമാണ് ലഭ്യമായിട്ടുള്ളത്. നടപ്പ് വർഷത്തേയ്ക്ക് ആവശ്യമായ പരമാവധി മണ്ണെണ്ണ നേടിയെടുക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദം ചെലുത്തിയതിന്റെ അടിസ്ഥാനത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 1296 കിലോ ലിറ്റർ മണ്ണെണ്ണ മാത്രമാണ് മത്സ്യബന്ധന മേഖലയ്ക്ക് അനുവദിച്ചത്. ആയത് മുഴുവനും മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തു. പൊതുവിതരണ സമ്പ്രദായത്തിലൂടെ പെർമിറ്റ് അടിസ്ഥാനത്തിൽ നൽകി വരുന്ന മണ്ണെണ്ണയുടെ അളവ് അപര്യാപ്തമായതിനാൽ മത്സ്യഫെഡിന്റെ മണ്ണെണ്ണ ബങ്കുകൾ വഴി പെർമിറ്റ് അടിസ്ഥാനത്തിൽ സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ വിതരണം ചെയ്യുന്നു. 10 എച്ച്.പി. വരെയുള്ള എഞ്ചിനുകൾക്ക് 140 ലിറ്റർ, 15 എച്ച്.പി. വരെയുള്ള എഞ്ചിനുകൾക്ക് 150 ലിറ്റർ, 15 എച്ച്.പി.ക്ക് മുകളിലുള്ള എഞ്ചിനുകൾക്ക് 190 ലിറ്റർ എന്നിങ്ങനെയാണ് വെള്ള മണ്ണെണ്ണയുടെ വിതരണം. ഇതുകൂടാതെ വിപണി നിരക്കിൽ 10 എച്ച്.പി. വരെയുള്ള എഞ്ചിനുകൾക്ക് 371 ലിറ്റർ വീതവും 15 എച്ച്.പി. വരെയുള്ള എഞ്ചിനുകൾക്ക് 614 ലിറ്റർ വീതവും 15 എച്ച്.പി.-ക്ക്

മുകളിലുള്ള എഞ്ചിനുകൾക്ക് 820 ലിറ്റർ വീതവും മണ്ണെണ്ണ ഗുണഭോക്താക്കളുടെ ആവശ്യപ്രകാരം നൽകിവരുന്നുണ്ട്. 2022-23 സാമ്പത്തിക വർഷം 8515.97 കിലോ ലിറ്റർ സബ്സിഡി മണ്ണെണ്ണ മത്സ്യഫെഡ് വഴി മത്സ്യത്തൊഴിലാളികൾക്ക് വിതരണംചെയ്തു.

(ഡി) സർക്കാർ സംവിധാനങ്ങളിലൂടെ മണ്ണെണ്ണ ലഭ്യമാകാത്തതിനാൽ കരിഞ്ചന്തയിൽനിന്നും ഉയർന്ന വിലയ്ക്ക് മണ്ണെണ്ണ വാങ്ങി മത്സ്യബന്ധനം നടത്തേണ്ടിവരുന്ന സാഹചര്യം പരിഗണിച്ച് മണ്ണെണ്ണ ലഭ്യത ഉറപ്പാക്കുന്നതിനും സബ്സിഡി നിരക്ക് ഉയർത്തുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

കേന്ദ്ര സർക്കാരിൽ നിന്നുള്ള സബ്സിഡി രഹിത മണ്ണെണ്ണ വർദ്ധിച്ച തോതിൽ ലഭ്യമായെങ്കിൽ മാത്രമേ ഈ പ്രശ്നത്തിൽ ശാശ്വത പരിഹാരം ഉണ്ടാകുകയുള്ളൂ.

കേന്ദ്ര സർക്കാരിൽനിന്നും അനുവദിച്ച് നൽകുന്ന സബ്സിഡി രഹിത മണ്ണെണ്ണ വർദ്ധിച്ച തോതിൽ ലഭ്യമാക്കുകയും അതോടൊപ്പം മത്സ്യഫെഡിനെ മണ്ണെണ്ണയുടെ മൊത്ത വിതരണക്കാരായി ഉത്തരവാകുകയും

ചെയ്തുകൊണ്ട് മത്സ്യത്തൊഴിലാളികൾക്ക് നിലവിൽ നൽകിവരുന്ന സബ്സിഡി വർദ്ധിപ്പിച്ച് നൽകുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ നിരന്തരം ആവശ്യപ്പെട്ടിട്ടും മേൽപ്പറഞ്ഞ രണ്ട് കാര്യങ്ങളിലും അനുകൂലമായ പ്രതികരണം കേന്ദ്ര സർക്കാരിൽനിന്നും ഉണ്ടായിട്ടില്ല.

**തീരദേശ വികസന പാക്കേജ്**

349(1189) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ വികസന പാക്കേജിന്റെ ഭാഗമായി മുൻസർക്കാരിന്റെ കാലം മുതൽ ഓരോ സാമ്പത്തിക വർഷവും വകയിരുത്തിയിട്ടുള്ള തുകയുടെ വിശദാംശം നൽകാമോ; ഇതിൽ അനുവദിച്ചുന ൽകിയിട്ടുള്ളതും ചെലവഴിച്ചിട്ടുള്ളതുമായ തുകയുടെ വിശദാംശങ്ങൾ സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ഇനം തിരിച്ച് വ്യക്തമാക്കാമോ?

തീരദേശത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട് 5 വർഷംകൊണ്ട് അയ്യായിരം കോടി രൂപയുടെ പാക്കേജ് നടപ്പാക്കുമെന്നാണ്

പ്രഖ്യാപിച്ചിട്ടുള്ളത്. തീരദേശത്തിന്റെ സമഗ്ര വികസനത്തിനും മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും ഉതകുന്ന പദ്ധതികളാണ് ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും പാക്കേജിന്റെ ഭാഗമായി നടപ്പാക്കിവരുന്നത്.

ഫിഷറീസ് വകുപ്പ് മുഖാന്തരം തീരദേശത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട് 2016-17 മുതൽ 2022-23 വരെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ആകെ 2296.97 കോടിരൂപ വകയിരുത്തുകയും 2272.91 കോടിരൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

ഇതിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് തീരദേശത്ത് കടലാക്രമണ ഭീഷണിയിൽ വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളെയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്ന 2450 കോടി രൂപയുടെ ബൃഹത് പദ്ധതിയായ പുനർഗേഹം പദ്ധതി നിർവഹണത്തിനായി ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 1398 കോടി രൂപയും സംസ്ഥാന പദ്ധതി വിഹിതത്തിൽനിന്നും 1052 കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിൽ തീരദേശത്ത് 21220 കുടുംബങ്ങൾ ഇത്തരത്തിൽ വേലിയേറ്റ രേഖയിൽനിന്ന് 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 8743 കുടുംബങ്ങൾ സുരക്ഷിത മേഖലയ്ക്ക് മാറിത്താമസിക്കുവാൻ സന്നദ്ധത അറിയിച്ചവരുമാണ്.

പദ്ധതി നിർവ്വഹണത്തിനായി നാളിതുവരെ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 250 കോടി രൂപയും സംസ്ഥാന പദ്ധതി വിഹിതത്തിൽനിന്നും 103.75 കോടി രൂപയും ഉൾപ്പെടെ 353.75 കോടിരൂപ അനുവദിക്കുകയും 343.69 കോടിരൂപ ഇതുവരെ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. അനുവദിച്ചുനൽകിയിട്ടുള്ളതും ചെലവഴിച്ചിട്ടുള്ളതുമായ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

2020-21 വർഷം പദ്ധതിയിൽ മത്സ്യമേഖലയിൽ ഹാർബർ എഞ്ചിനിയറിംഗ് അടക്കം 380 കോടിരൂപ വകയിരുത്തിയിരുന്നു. ഇതിനുപുറമെ കിഫ്ബി വഴി 2020-21-ൽ 750 കോടി രൂപയെങ്കിലും ചെലവഴിക്കുമെന്നും സ്കൂളുകൾക്ക് 64 കോടിരൂപ, ആശുപത്രികൾക്ക് 201 കോടിരൂപ, കടൽഭിത്തിക്കും പുലിമുട്ടിനും 57 കോടിരൂപ, ഹാർബറുകൾക്ക്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

209 കോടിരൂപ, ഫിഷ് മാർക്കറ്റുകൾക്ക് 100 കോടിരൂപ, റോഡുകൾക്ക് 150 കോടിരൂപ എന്നിവയാണ് പ്രഖ്യാപിച്ചിരുന്നത്.

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന തീരദേശ പാക്കേജിൽ ഉൾപ്പെടുത്തി കിഫ്ബി ധനസഹായത്തോടെ 66.34 കോടി രൂപയുടെ തീരദേശത്തെ തെരെഞ്ഞെടുത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം, 209.64 കോടി രൂപയുടെ ഹാർബർ നിർമ്മാണം, 137.82 കോടി രൂപയുടെ 51 മത്സ്യമാർക്കറ്റ് പുനരുദ്ധാരണം എന്നിവ ഏറ്റെടുത്ത് നടപ്പാക്കിവരുന്നു. പദ്ധതി വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

ഇതിനുപുറമേ ജലവിഭവ വകുപ്പ് മുഖേന നടപ്പാക്കിവരുന്ന തീരസംരക്ഷണ പ്രവൃത്തികളുടെ വിവരവും തുകയും ശേഖരിച്ചുവരുന്നു.

(ബി) പ്രസ്തുത പാക്കേജിൽ ഓരോ വർഷവും നടപ്പാക്കിയ കാര്യങ്ങളുടെ അവലോകന റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത പാക്കേജിൽ ഓരോ വർഷവും നടപ്പാക്കിയ കാര്യങ്ങളുടെ അവലോകന റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടില്ല. എന്നാൽ പുനർഗേഹം പദ്ധതിയുടെ അവലോകന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

**മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ സമാശ്വാസ പദ്ധതി**

350(1190) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൽസ്യത്തൊഴിലാളികൾക്ക് സമ്പാദ്യ സമാശ്വാസ പദ്ധതിക്കായി ഓരോ ബഡ്ജറ്റിലും എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും എത്ര തുക അനുവദിച്ച് നൽകിയിട്ടുണ്ടെന്നും നാളിതുവരെ ഏതൊക്കെ ഇനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം സാമ്പത്തിക വർഷം അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

2021-22 സാമ്പത്തിക വർഷത്തെ സമ്പാദ്യ സമാശ്വാസ പദ്ധതിക്ക് 2405-00-121-99 (P) ശീർഷകത്തിൽ 20 കോടിരൂപ വകയിരുത്തിയിരുന്നു. 179316 ഗുണഭോക്താക്കൾ പദ്ധതിയുടെ ഭാഗമായിരുന്നു. ഇവരിൽനിന്നും

25,51,35,000/- രൂപ ഗുണഭോക്തൃ വിഹിതമായി ശേഖരിച്ചിരുന്നു. സംസ്ഥാന വിഹിതം വിതരണം ചെയ്യുന്നതിന് 5,51,40,000/- രൂപ അധിക ധനാഭ്യർത്ഥന മുഖേന ലഭ്യമായി. കേന്ദ്ര സർക്കാർ വിഹിതവും ലഭ്യമായി. ഗുണഭോക്തൃ വിഹിതം കേന്ദ്ര - സംസ്ഥാന സർക്കാർ വിഹിതങ്ങൾ എന്നിവ യഥാസമയം വിതരണം ചെയ്തിട്ടുണ്ട്.

2022-23 സാമ്പത്തിക വർഷത്തെ സമ്പാദ്യ സമാശ്വാസ പദ്ധതിക്ക് 2405-00-121-93 (P) ശീർഷകത്തിൽ 35 കോടിരൂപ വകയിരുത്തിയിരുന്നു. 183541 ഗുണഭോക്താക്കൾ പദ്ധതിയുടെ ഭാഗമായിരുന്നു. ഇവരിൽനിന്നും 26,36,25,000/- രൂപ ഗുണഭോക്തൃ വിഹിതമായി ശേഖരിച്ചിരുന്നു. സംസ്ഥാന വിഹിതം വിതരണം ചെയ്യുന്നതിന് 36,25,000/- രൂപ അധിക ധനാഭ്യർത്ഥന മുഖേന ലഭ്യമായി. കേന്ദ്ര വിഹിതം വിതരണം ചെയ്യുന്നതിന് ആവശ്യമായ തുകയും കേന്ദ്ര സർക്കാരിൽനിന്നും ലഭ്യമായി. ഗുണഭോക്തൃ വിഹിതം കേന്ദ്ര സംസ്ഥാന സർക്കാർ വിഹിതങ്ങൾ എന്നിവ യഥാസമയം വിതരണം ചെയ്തിട്ടുണ്ട്.

2023-24 സാമ്പത്തിക വർഷത്തെ സമ്പാദ്യ സമാശ്വാസ പദ്ധതിക്ക് 2405-00-121-91 (P) എന്ന ശീർഷകത്തിൽ 54 കോടിരൂപ വകയിരുത്തിയിട്ടുണ്ട്. 158002 ഗുണഭോക്താക്കൾ പദ്ധതിയുടെ ഭാഗമായി. ഇവരിൽനിന്നും 21,54,70,000/- രൂപ ഗുണഭോക്തൃ വിഹിതമായി ശേഖരിച്ചിരുന്നു. ഗുണഭോക്തൃ വിഹിതം വിതരണം ചെയ്തിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാർ വിഹിതങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**മത്സ്യ ലഭ്യതയിൽ സ്വയംപര്യാപ്തത**

351(1191) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ വർഷവും മത്സ്യലഭ്യതയിൽ ഇടിവുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. 2016-17 വരെയുള്ള കാലഘട്ടത്തിലെ കണക്കുകൾ പരിശോധിക്കുമ്പോൾ കടൽമത്സ്യ ലഭ്യതയിൽ ഇടിവുണ്ടായതായി കാണുന്നു.

അതിനാൽ ശാസ്ത്രീയമായ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി 2017 സെപ്റ്റംബറിൽ കെ.എം.എഫ്.ആർ. ആക്ട് ഭേദഗതി വരുത്തുകയും 2018 സെപ്റ്റംബറിൽ കെ.എം.എഫ്.ആർ. റൂൾ നിലവിൽ വരികയും ചെയ്തു. കെ.എം.എഫ്.ആർ. ആക്ട് ശക്തമായി നടപ്പാക്കിയതിലൂടെ 2018-19 വർഷത്തിൽ കടൽ മത്സ്യോത്പാദനം 6.09 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിച്ചു. എന്നാൽ 2019-20, 2020-21 വർഷങ്ങളിൽ കോവിഡ് പ്രതിസന്ധിമൂലം ചില മാസങ്ങളിൽ മത്സ്യബന്ധനം നടക്കാത്തതിനാൽ കടൽമത്സ്യ ലഭ്യത കുറഞ്ഞു. തുടർന്ന് വന്ന 2021-22, 2022-23 വർഷങ്ങളിലും കടൽമത്സ്യ ലഭ്യത വർദ്ധിച്ചിട്ടുണ്ട്.

കഴിഞ്ഞ 10 വർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ ഉൾനാടൻ മത്സ്യ ലഭ്യതയിൽ ഇടിവുണ്ടായിട്ടില്ല.

(ബി) സംസ്ഥാനത്ത് നിലവിൽ ദൈനംദിനം വേണ്ടിവരുന്ന മത്സ്യത്തിന്റെ അളവും ലഭ്യതയും എത്രയെന്നും ദൈനംദിനം ഇതര സംസ്ഥാനങ്ങളിൽനിന്ന് എത്തുന്ന മത്സ്യത്തിന്റെ അളവ് എത്രയെന്നും

ഏതൊക്കെ സംസ്ഥാനങ്ങളിൽ നിന്നുമാണ് മത്സ്യം എത്തുന്നതെന്നും വ്യക്തമാക്കുമോ?

സംസ്ഥാനത്ത് നിലവിൽ ദൈനംദിനം ഏകദേശം 2521 ടൺ മത്സ്യമാണ് ആവശ്യമായി വരുന്നത്. സംസ്ഥാനത്തിന്റെ ശരാശരി ദൈനം ദിന മത്സ്യ ലഭ്യത 1923 ടൺ ആകുന്നു. ഇതര സംസ്ഥാനങ്ങളിൽനിന്നും ദൈനംദിനം കേരളത്തിൽ എത്തുന്ന മത്സ്യത്തിന്റെ അളവ് ഏകദേശം 598 ടൺ ആകുന്നു. പ്രധാനമായും തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽ നിന്നുമാണ് മത്സ്യം കേരളത്തിലേയ്ക്കെത്തുന്നത്.

(സി) മത്സ്യലഭ്യതയിൽ സ്വയംപര്യാപ്തത കൈവരിക്കുവാൻ എന്നത്തേയ്ക്ക് കഴിയുമെന്നാണ് കണക്കാക്കുന്നത്; വ്യക്തമാക്കുമോ?

2022-23 വർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ കടൽ മത്സ്യോത്പാദനം, ലഭിക്കാവുന്നതിന്റെ ഏകദേശം പാരമ്യതയിൽ എത്തിയിട്ടുള്ളതായി കാണാൻ കഴിയുന്നു. 2022-23 വർഷത്തിൽ തദ്ദേശീയമായി ലഭിച്ച മത്സ്യത്തിന് പുറമെ ഏകദേശം 2.18 ലക്ഷം മെട്രിക് ടൺ മത്സ്യം അധികമായി കേരളത്തിന് ആവശ്യമായിവന്നു. ഇത്രയും

അധികം മത്സ്യംകൂടി കടൽ മേഖലയിൽനിന്നും ലഭിക്കുന്നതിന് സാധ്യതയില്ല. ഈ അപര്യാപ്തത ഉൾനാടൻ മത്സ്യോത്പാദനത്തിലൂടെ നികത്താൻ കഴിയുമ്പോൾ മാത്രമേ മത്സ്യലഭ്യതയിൽ കേരളത്തിന് സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയുകയുള്ളൂ.

## ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള മത്സ്യ വരവ് കേരളത്തിലെ മത്സ്യത്തൊഴിലാളികളെ ബാധിക്കുന്നത്

352(1192) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിദിനം എത്ര മത്സ്യങ്ങൾ ലഭിക്കുന്നുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

2022-23 വർഷത്തിലെ, കടൽ മത്സ്യോത്പാദനവും ഉൾനാടൻ മത്സ്യോത്പാദനവും ഉൾപ്പെടെ സംസ്ഥാനത്തെ ജില്ല തിരിച്ചുള്ള പ്രതിദിന മത്സ്യോത്പാദനം അനുബന്ധമായി ചേർക്കുന്നു+.

(ബി) നിത്യോപയോഗത്തിനുശേഷം ബാക്കിയുള്ള മത്സ്യങ്ങളെ എന്ത് ചെയ്യുന്നുവെന്ന് അറിയിക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഒരു ദിവസം കേരളത്തിന് ആവശ്യമായ ശരാശരി മത്സ്യത്തിന്റെ അളവ് ഏകദേശം 2521 മെട്രിക് ടണ്ണാണ്. എന്നാൽ കയറ്റുമതിക്കുശേഷം ഒരു ദിവസം കേരളത്തിൽ ലഭ്യമാകുന്ന ശരാശരി മത്സ്യത്തിന്റെ അളവ് ഏകദേശം 1923 മെട്രിക് ടൺ മാത്രമാണ്. ആയതിനാൽ നിത്യോപയോഗത്തിനുശേഷം മത്സ്യം ബാക്കി വരുന്നില്ല.

(സി) ഇതര സംസ്ഥാനങ്ങളിൽനിന്ന് പ്രതിദിനം എത്ര മത്സ്യങ്ങൾ വരുന്നുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഇതര സംസ്ഥാനങ്ങളിൽനിന്നും പ്രതിദിനം 598 മെട്രിക് ടൺ മത്സ്യം കേരളത്തിലെത്തുന്നു. ജില്ല തിരിച്ചുള്ള കണക്കുകൾ നിലവിൽ ലഭ്യമല്ല.

(ഡി) ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള മത്സ്യങ്ങളുടെ വരവ് കേരളത്തിലെ മത്സ്യത്തൊഴിലാളികളെ ഏത് തരത്തിൽ ബാധിക്കുന്നുവെന്ന് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; ഇല്ലെങ്കിൽ ഇത്തരത്തിൽ പഠനം നടത്താൻ ഉദ്ദേശമുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഇല്ല. ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള മത്സ്യങ്ങളുടെ വരവ് കേരളത്തിലെ മത്സ്യത്തൊഴിലാളികളെ എങ്ങനെ ബാധിക്കുന്നുയെന്നത് സംബന്ധിച്ച പഠനം നടത്തുന്നത് ഇപ്പോൾ പരിഗണനയിലില്ല.

**ട്രോളിംഗ് നിരോധനത്തിന്റെ ഭാഗമായുള്ള നിയന്ത്രണങ്ങൾ**

353(1193) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രോളിംഗ് നിരോധനത്തിന്റെ ഭാഗമായി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുള്ള നിയന്ത്രണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

കെ.എം.എഫ്.ആർ. ആക്റ്റ് 1980-ലെ വകുപ്പ് 4 ഉപവകുപ്പ് (1) പ്രകാരവും കെ.എം.എഫ്.ആർ. റൂൾ 2018-ലെ ചട്ടം 4 പ്രകാരവും കേരളത്തിന്റെ മൊത്തം തീരപ്രദേശത്ത് 12 നോട്ടിക്കൽ മൈൽവരെ യന്ത്രവത്കൃത മത്സ്യബന്ധന യാനങ്ങളുടെ ബോട്ടം ട്രോൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം 2023 ജൂൺ 9 അർദ്ധരാത്രി മുതൽ 2023 ജൂലൈ 31 അർദ്ധരാത്രിവരെ 52 ദിവസക്കാലം നിരോധിച്ചുകൊണ്ട് സർക്കാർ ഉത്തരവാകുകയും ആയത് കാര്യക്ഷമമായി

നടപ്പാക്കുകയും ചെയ്തു. എല്ലാ തീരദേശ ജില്ലകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ മേയ് 15 മുതൽ പ്രവർത്തനം ആരംഭിക്കുകയും ട്രോൾ ബാൻ 2023 നടപ്പാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ കൈക്കൊള്ളുകയും ചെയ്തിരുന്നു. ഫിഷറീസ് വകുപ്പിന്റെയും മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെയും നേതൃത്വത്തിൽ തുടർച്ചയായി കടൽ പട്രോളിംഗ് നടത്തി സ്ഥിതിഗതികൾ വിലയിരുത്തുന്നതിനും വിവരങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനും നടപടി സ്വീകരിച്ചിരുന്നു. 2023 ട്രോളിംഗ് നിരോധനം നടപ്പാക്കുന്നതിനായി ജില്ലാ കളക്ടർമാരുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരുടെയും മത്സ്യമേഖലയിലെ വിവിധ ട്രേഡ് യൂണിയൻ നേതാക്കളുടെയും മീറ്റിംഗ് ജില്ലാതലത്തിൽ വിളിച്ചുകൂട്ടി തീരുമാനങ്ങൾ കൈക്കൊണ്ടിരുന്നു. അന്യസംസ്ഥാന ബോട്ടുകൾ ട്രോളിംഗ് നിരോധനം തുടങ്ങുന്നതിനുമുമ്പ് കേരളതീരം വിട്ടുപോകുന്നതിന് ബന്ധപ്പെട്ട തീരദേശ ജില്ലാ കളക്ടർമാർ എല്ലാ ജില്ലകളിലും നിർദ്ദേശം നൽകുകയും ആയതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നു. കൊല്ലം ജില്ലയിൽ ട്രോളിംഗ് നിരോധന

കാലഘട്ടത്തിൽ നീണ്ടകര ഹാർബർ ഇൻബോർഡ് വള്ളങ്ങൾ ഒഴികെയുള്ള പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് തുറന്നുകൊടുത്തിരുന്നു. ട്രോൾ ബാൻ 2023-മായി ബന്ധപ്പെട്ട് ഹാർബറുകളിലും ലാൻഡിംഗ് സെന്ററുകളിലും പ്രവർത്തിക്കുന്ന ഡീസൽ ബങ്കുകൾ അടച്ചുപൂട്ടാൻ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഇൻബോർഡ് വള്ളങ്ങൾക്ക് ഡീസൽ ലഭ്യമാക്കുന്നതിന് അതത് ജില്ലകളിലെ മത്സ്യഫെഡിന്റെ തെരഞ്ഞെടുത്ത ഡീസൽ ബങ്കുകൾ തുറന്ന് പ്രവർത്തിക്കാൻ അനുവദിച്ചിരുന്നു. കടൽ സുരക്ഷയുടെയും തീര സുരക്ഷയുടെയും ഭാഗമായി കടലിൽ പോകുന്ന എല്ലാ മത്സ്യത്തൊഴിലാളികളും ആധാർ കാർഡ്, ലൈഫ് ജാക്കറ്റ് എന്നിവ കരുതണമെന്ന് നിഷ്കർഷിക്കുകയും ആയത് ഉറപ്പുവരുത്തുകയും ചെയ്തിരുന്നു. ഏകീകൃത കളർ കോഡിംഗ് നടത്തിയിട്ടില്ലാത്ത ബോട്ടുകൾ ഈ ട്രോൾ ബാൻ കാലയളവിൽ തന്നെ അടിയന്തരമായി കളർ കോഡിംഗ് നടത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിരുന്നു. ട്രോളിംഗ് നിരോധനം ലംഘിക്കുന്ന ട്രോൾ ബോട്ടുകൾക്കെതിരെ കർശന നിയമനടപടി സ്വീകരിക്കുന്നതിന് തീരദേശ ജില്ലാ ഓഫീസർമാർക്കും മറൈൻ എൻഫോഴ്സ്മെന്റിനും നിർദ്ദേശം

നൽകിയിരുന്നു. ട്രോൾ ബാൻ കാലയളവിൽ ഇൻബോർഡ് വള്ളങ്ങളോടൊപ്പം ഒരു കാരിയർ വള്ളം മാത്രമേ അനുവദിക്കുകയുള്ളുവെന്നും അക്കാര്യം മറൈൻ എൻഫോഴ്സ്മെന്റ് ഉറപ്പാക്കേണ്ടതാണെന്നും നിഷ്കർഷിച്ചിരുന്നു.

ഇതുകൂടാതെ ട്രോൾ ബാൻ 2023 കാര്യക്ഷമമായി നടപ്പാക്കുന്നതിന് ചുവടെപ്പറയുന്ന നടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നു.

ട്രോൾ ബാൻ കാലയളവിൽ ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ പരിശീലനം പൂർത്തിയാക്കിയ 83 മത്സ്യത്തൊഴിലാളി യുവാക്കളെ കടൽ സുരക്ഷാ സേനാംഗങ്ങളായി രക്ഷാ പ്രവർത്തനങ്ങൾക്ക് വേണ്ടി നിയോഗിച്ചു. ട്രോളിംഗ് നിരോധന സമയത്ത് കടൽ രക്ഷാ പ്രവർത്തനങ്ങൾക്കും കടൽ പട്രോളിംഗിനുമായി 9 തീരദേശ ജില്ലകളിലായി 20 സ്വകാര്യ ബോട്ടുകളും 8 ഫൈബർ വള്ളങ്ങളും വാടകയ്ക്കെടുത്ത് പ്രവർത്തിപ്പിച്ചിരുന്നു. കൂടാതെ വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് 3 മറൈൻ ആംബുലൻസുകളും പ്രവർത്തിക്കുന്നുണ്ട്. മറൈൻ എൻഫോഴ്സ്മെന്റിന്റെ പ്രവർത്തനങ്ങൾക്ക്

ട്രോൾ ബാൻ കാലയളവിൽ കൂടുതൽ പോലീസുകാരുടെ സേവനം ആവശ്യമായി വന്നാൽ ജില്ലാ ഫിഷറീസ് ഓഫീസർമാർ ആവശ്യപ്പെടുന്ന മുറയ്ക്ക് അത് അനുവദിച്ച് നൽകുന്നതിന് അതത് ജില്ലാ പോലീസ് മേധാവികൾ നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചിരുന്നു. ട്രോൾ ബാൻ കാലയളവിൽ കടൽ രക്ഷാ പ്രവർത്തനങ്ങൾ വേണ്ടിവരുമ്പോൾ ഫിഷറീസ് വകുപ്പ് മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ് എന്നിവർ ഏകോപനത്തോടെ പ്രവർത്തിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊണ്ടിരുന്നു. അടിയന്തര സാഹചര്യത്തിൽ രക്ഷാപ്രവർത്തനം നടത്താൻ ഇന്ത്യൻ നേവി, ഇന്ത്യൻ കോസ്റ്റ് ഗാർഡ് എന്നിവരെ സജ്ജമാക്കിയിരുന്നു.

(ബി) പ്രസ്തുത നിയന്ത്രണങ്ങൾ ലംഘിച്ചുകൊണ്ട് നിയമവിരുദ്ധ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടവർക്കെതിരെ ഈ ട്രോളിംഗ് നിരോധനകാലത്ത് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ?

കൊല്ലം, ആലപ്പുഴ, എറണാകുളം എന്നീ തീരദേശ ജില്ലകളിലാണ് ഈ ട്രോളിംഗ് നിരോധന കാലത്ത് നിയന്ത്രണങ്ങൾ ലംഘിച്ചുകൊണ്ട് നിയമവിരുദ്ധ മത്സ്യബന്ധനത്തിലേർപ്പെട്ടവർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചിട്ടുള്ളത്. കൊല്ലം ജില്ലയിൽ നിരോധിത മത്സ്യബന്ധന രീതിയായ ലൈറ്റ് ഫിഷിംഗ് നടത്തിയ യാനങ്ങളെയും നിരോധിത വലകൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തിയ യാനങ്ങളെയും കണ്ടുകെട്ടി കർശന ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ നിയന്ത്രണങ്ങൾ ലംഘിച്ചുകൊണ്ട് നിയമവിരുദ്ധ മത്സ്യബന്ധനത്തിലേർപ്പെട്ട 21 മത്സ്യബന്ധന യാനങ്ങൾക്കെതിരെ നിയമ നടപടി സ്വീകരിച്ച് പിഴ ഈടാക്കുകയും യാനങ്ങളിലുണ്ടായിരുന്ന മത്സ്യം ലേലം ചെയ്ത് തുക സർക്കാരിലേയ്ക്ക് അടയ്ക്കുകയും ചെയ്തിട്ടുണ്ട്. എറണാകുളം ജില്ലയിൽ മതിയായ ജീവൻരക്ഷാ ഉപകരണങ്ങൾ കൈയ്യിൽ കരുതാത്തതിനും കളർകോഡിംഗ് പാലിക്കാത്തതിനും നിരോധിത മേഖലയിൽ മത്സ്യബന്ധനം നടത്തിയതിനും KMFR Act പ്രകാരം 21 വള്ളങ്ങളെ പിടികൂടുകയും 3,80,000/- രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(സി) ട്രോളിംഗ് നിരോധന കാലത്ത് മത്സ്യത്തൊഴിലാളികൾക്ക് ഉപജീവനത്തിനായി ധനസഹായം നൽകിവരുന്നുണ്ടോ എന്ന് വിശദമാക്കാമോ?

സമ്പാദ്യ സമാശ്വാസ പദ്ധതിയിൻകീഴിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ഈ കാലയളവിൽ 4500/- രൂപ വീതം ധനസഹായം നൽകുന്നുണ്ട്. ഇതിൽ 1500/- രൂപ കേന്ദ്ര സർക്കാർ വിഹിതവും 1500/- രൂപ സംസ്ഥാന സർക്കാർ വിഹിതവും 1500/- രൂപ ഗുണഭോക്തൃ വിഹിതവുമാണ്. ഇതുകൂടാതെ ട്രോളിംഗ് നിരോധന കാലത്ത് തൊഴിൽ നഷ്ടപ്പെടുന്ന യന്ത്രവത്കൃത മത്സ്യബന്ധന യാനങ്ങളിലെ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും പീലിംഗ് തൊഴിലാളികൾക്കും സൗജന്യ റേഷൻ നൽകിവരുന്നുണ്ട്.

**മണ്ണാർക്കാട് മണ്ഡലത്തിലെ ഉൾനാടൻ മത്സ്യബന്ധനം**

354(1194) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് മണ്ഡലത്തിൽ ഉൾനാടൻ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പാക്കിവരുന്ന കേന്ദ്ര-സംസ്ഥാന ആവിഷ്കൃത പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ?

മണ്ണാർക്കാട് മണ്ഡലത്തിൽ ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനാവിഷ്കൃത പദ്ധതിയായ ജനകീയ മത്സ്യകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി കുളങ്ങളിലെ ശുദ്ധജല മത്സ്യകൃഷി പടുത കുളങ്ങളിലെ വരാൽ/വാള മത്സ്യകൃഷി, ബയോഫ്ലോക്ക് ടാങ്കിലെ തിലാപ്പിയ വരാൽ/വാള മത്സ്യകൃഷി, റീ സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (RAS) എന്നിവ നടപ്പാക്കുന്നു.

കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി മത്സ്യസമ്പദ് യോജന (PMMSY) പദ്ധതിയിലുൾപ്പെടുത്തി ബയോഫ്ലോക്ക് മത്സ്യകൃഷി, റീ സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (RAS) എന്നിവയും നടപ്പാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിവരം ലഭ്യമാക്കുമോ?

കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി മത്സ്യസമ്പദ് യോജന (PMMSY) പദ്ധതിയിലൂടെ ബയോഫ്ലോക്ക് മത്സ്യകൃഷി, റീ സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം എന്നീ 4 യൂണിറ്റുകൾക്ക് 9,56,265/- രൂപ അനുവദിച്ചിട്ടുണ്ട്. സംസ്ഥാനാവിഷ്കൃത പദ്ധതിയായ ജനകീയ മത്സ്യകൃഷി പദ്ധതിയിലൂടെ 257 ഗുണഭോക്താക്കൾക്കായി 13,89,669/- രൂപ അനുവദിച്ചിട്ടുണ്ട്. 37.83 ഏക്കർ വിസ്തൃതിയിൽ മത്സ്യകൃഷി നടപ്പാക്കിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

ഇതുകൂടാതെ ഉൾനാടൻ മത്സ്യകർഷകർക്ക് സേവനം ലഭ്യമാക്കുന്നതിനായി മണ്ണാർക്കാട് പുതിയ മത്സ്യഭവൻ ആരംഭിച്ചിട്ടുണ്ട്.

**ഫിഷറീസ് വകുപ്പിന്റെ പിറവം മണ്ഡലത്തിലെ പദ്ധതികൾ**

355(1195) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഫിഷറീസ് വകുപ്പ് പിറവം മണ്ഡലത്തിൽ നടപ്പാക്കിയതും നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഫിഷറീസ് വകുപ്പ് പിറവം നിയോജക ണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമെൻ (സാഫ്), മത്സ്യഫെഡ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എന്നിവ മുഖേന പിറവം മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) നേരത്തെ ആരംഭിച്ചതും പണി പൂർത്തീകരിക്കാത്തവയുമായ എത്ര പദ്ധതികളാണ് നിലവിലുള്ളത്?

നേരത്തെ ആരംഭിച്ചതും പണി പൂർത്തീകരിക്കാത്തതുമായ പദ്ധതികളൊന്നും നിലവിലില്ല.

**പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

356(1196) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് നിലവിൽ മണ്ണെണ്ണ ലഭിക്കുന്നത് എത്ര രൂപ നിരക്കിലാണ്; എത്ര രൂപയാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള പൊതുവിതരണ സമ്പ്രദായം വഴി ലഭിക്കുന്ന മണ്ണെണ്ണയും കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള എണ്ണ കമ്പനികൾ വില നിശ്ചയിച്ച് മത്സ്യഫെഡ് വഴി വിതരണം ചെയ്യുന്ന മണ്ണെണ്ണയുമാണ് പ്രധാനമായും പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ആശ്രയിക്കുന്നത്. നിലവിൽ പൊതുമാർക്കറ്റിൽ ഒരു ലിറ്റർ മണ്ണെണ്ണക്ക് 102 രൂപയും സിവിൽ സപ്ലൈസ് വഴി നൽകുന്ന സബ്സിഡി രഹിത മണ്ണെണ്ണക്ക് 64.50 രൂപയുമാണ്. പൊതുവിതരണ സമ്പ്രദായത്തിലൂടെ പെർമിറ്റ് അടിസ്ഥാനത്തിൽ നൽകിവരുന്ന മണ്ണെണ്ണയുടെ അളവ് അപര്യാപ്തമായതിനാൽ വെള്ള മണ്ണെണ്ണയ്ക്ക് ലിറ്ററിന് 25 രൂപ സബ്സിഡി

നൽകി മത്സ്യഫെഡ്ഡിലൂടെ വിൽപ്പന നടത്തുന്ന പദ്ധതി നിലവിലുണ്ട്. സംസ്ഥാനത്ത് മത്സ്യബന്ധന യാനങ്ങൾക്ക് മണ്ണെണ്ണ (വെള്ള മണ്ണെണ്ണ) 2015 ജൂലൈ മാസം മുതൽ മത്സ്യഫെഡ് വഴി വിതരണം ചെയ്തുവരുന്നു. അർഹരായ മത്സ്യത്തൊഴിലാളികൾക്ക് എഞ്ചിൻ ക്ഷമതയുടെ അടിസ്ഥാനത്തിൽ നിശ്ചിത അളവ് മണ്ണെണ്ണ ലിറ്ററിന് 25 രൂപ വീതം സബ്സിഡി നിരക്കിൽ (ഡി.ബി.റ്റി. മുഖേന) നൽകിവരുന്നുണ്ട്. ആയതുപ്രകാരം മത്സ്യഫെഡ് മുഖേന മത്സ്യത്തൊഴിലാളികൾക്ക് നിലവിൽ ലിറ്ററിന് 102 രൂപയ്ക്കാണ് മണ്ണെണ്ണ നൽകുന്നത്. ഇതിൽ 25 രൂപ സബ്സിഡി ആനുകൂല്യം ലഭിക്കുന്നു.

(ബി) സബ്സിഡി നിരക്ക് നിർണ്ണയിച്ചതെന്ന് മുതലാണ്; സബ്സിഡി നിരക്ക് നിർണ്ണയിച്ച കാലയളവിൽ ഒരു ലിറ്റർ മണ്ണെണ്ണയുടെ വില എത്രയായിരുന്നു; വ്യക്തമാക്കുമോ?

2015-16 കാലഘട്ടത്തിലാണ് 9 തീരദേശ ജില്ലകളിൽ 13 മണ്ണെണ്ണ ബങ്കുകൾ സ്ഥാപിച്ച് മത്സ്യഫെഡ് വഴി സബ്സിഡിയോടുകൂടി മണ്ണെണ്ണ വിതരണം ചെയ്യുന്നത് ആരംഭിച്ചത്. അന്ന് ഒരു ലിറ്റർ മണ്ണെണ്ണയ്ക്ക് 25 രൂപ

സബ്സിഡി നിരക്കിൽ എഞ്ചിന്റെ കുതിരശക്തിക്കനുസരിച്ച് നിശ്ചിത അളവിൽ പെർമിറ്റ് ഉടമകൾക്ക് മണ്ണെണ്ണ വിതരണം ചെയ്തിരുന്നു. സബ്സിഡി നിരക്ക് നിർണ്ണയിച്ച കാലയളവിൽ ഒരു ലിറ്റർ മണ്ണെണ്ണയുടെ വില 56.95 രൂപയായിരുന്നു.

(സി) പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ലിറ്ററിന് 25 രൂപ നിരക്കിൽ മണ്ണെണ്ണ ലഭ്യമാക്കുമെന്ന വാഗ്ദാനം നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

നിലവിൽ സംസ്ഥാനത്ത് മത്സ്യബന്ധന യാനങ്ങൾക്ക് മണ്ണെണ്ണ (വെള്ള മണ്ണെണ്ണ) 2015 ജൂലൈ മാസം മുതൽ മത്സ്യഫെഡ് വഴി വിതരണം ചെയ്തുവരുന്നു. അർഹരായ മത്സ്യത്തൊഴിലാളികൾക്ക് എഞ്ചിൻ ക്ഷമതയുടെ അടിസ്ഥാനത്തിൽ ചുവടെപ്പറയും പ്രകാരം നിശ്ചിത അളവ് മണ്ണെണ്ണ ലിറ്ററിന് 25 രൂപ വീതം സബ്സിഡി നിരക്കിൽ (ഡി.ബി.റ്റി. മുഖേന) നൽകിവരുന്നുണ്ട്.

10 HP വരെ - 140 ലിറ്റർ

10 HP മുതൽ 15 HP വരെ - 150 ലിറ്റർ

15 HP ക്ക് മുകളിൽ - 190 ലിറ്റർ

2023-24 സാമ്പത്തിക വർഷം മണ്ണെണ്ണ സബ്സിഡി നൽകുന്നതിന് 45 കോടിരൂപ വകയിരുത്തിയിരുന്നു. ആയതിൽനിന്നും നാളിതുവരെ സബ്സിഡി തുകയായി 6,36,59,225/- രൂപ മത്സ്യത്തൊഴിലാളികൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

കേന്ദ്ര സർക്കാരിൽനിന്നും അനുവദിച്ച് നൽകുന്ന സബ്സിഡി രഹിത മണ്ണെണ്ണ വർദ്ധിച്ച തോതിൽ ലഭ്യമാക്കുകയും അതോടൊപ്പം മത്സ്യഫെഡിനെ മണ്ണെണ്ണയുടെ മൊത്ത വിതരണക്കാരായി ഉത്തരവാകുകയും ചെയ്തുകൊണ്ട് മത്സ്യത്തൊഴിലാളികൾക്ക് നിലവിൽ നൽകിവരുന്ന സബ്സിഡി വർദ്ധിപ്പിച്ച് നൽകുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ നിരന്തരം ആവശ്യപ്പെട്ടിട്ടും മേൽപ്പറഞ്ഞ രണ്ട് കാര്യങ്ങളിലും അനുകൂലമായ പ്രതികരണം കേന്ദ്ര സർക്കാരിൽനിന്നും ഉണ്ടായിട്ടില്ല.

**പട്ടാമ്പി മണ്ഡലത്തിലെ വനിതാ പ്രവർത്തകർക്ക് തൊഴിലവസരം**

357(1197) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>:താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി നിയോജകമണ്ഡലത്തിൽ കുടുംബശ്രീ സഹായത്തോടെ വനിതാ പ്രവർത്തകർക്ക് തൊഴിലവസരം ലഭ്യമാക്കുന്ന വിധത്തിൽ വലനിർമ്മാണ യൂണിറ്റ് തുടങ്ങുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി ഉടനടി തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) പട്ടാമ്പി നിയോജകമണ്ഡലത്തിൽ കുടുബശ്രീ സഹായത്തോടെ വനിതാ പ്രവർത്തകർക്ക് തൊഴിലവസരം ലഭ്യമാക്കുന്ന വിധത്തിൽ വല നിർമ്മാണ യൂണിറ്റ് തുടങ്ങുന്ന കാര്യം പരിഗണനയിലില്ല.

**കാസർഗോഡ് കൊയ്യാടി കടപ്പുറം ഗവ. എൽ.പി. സ്കൂളിന് ഫിഷറീസ് വകുപ്പിന്റെ ഭൂമി ലഭ്യമാക്കുന്നതിന് നടപടി**

358(1198) <u>ശ്രീ. എ. കെ. എം. അഷ്റഫ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് കൊയ്പ്പാടി കടപ്പുറം ഗവ. എൽ.പി.സ്കൂളിന് ഫിഷറീസ് വകുപ്പിന്റെ ഭൂമി ലഭ്യമാക്കുന്നതിന് സ്കൂൾ അധികൃതർ മഞ്ചേശ്വരം എം.എൽ.എ. മുഖേന നൽകിയ അപേക്ഷയിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുസംബന്ധിച്ച ഫയൽ നിലവിൽ ഏത് ഓഫീസിലാണുള്ളതെന്ന് ഫയൽ നമ്പർ സഹിതം വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്കൂളിന് ഈ ഭൂമി എപ്പോൾ ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

(എ-സി) കാസർഗോഡ് കൊയ്പ്പാടി കടപ്പുറം ഗവ. എൽ. പി. സ്കൂളിന് ഫിഷറീസ് വകുപ്പിന്റെ ഭൂമി ലഭ്യമാക്കുന്ന വിഷയം സംബന്ധിച്ച് സ്കൂൾ അധികൃതർ മഞ്ചേശ്വരം എം.എൽ.എ. മുഖേന നൽകിയ അപേക്ഷ എ 2/291/2022/മ.ള.വ. നമ്പർ ഫയലിൽ പരിശോധിക്കുകയും ഫിഷറീസ്

വകുപ്പിന്റെ അധീനതയിലുള്ള 2.23 ഏക്കർ ഭൂമിയിൽനിന്നും ഒരു ഏക്കർ ഭൂമി കുമ്പള കൊയ്പ്പാടി ഗവ.എൽ.പി. സ്കൂളിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും കളിസ്ഥലം ഒരുക്കുന്നതിനും വിട്ടുനൽകുന്നതിന് ഫിഷറീസ് വകുപ്പിന് സമ്മതമാണെന്ന വിവരത്തോടെ ഫയൽ റവന്യൂ വകുപ്പിന് 30-06-2023-ൽ കൈമാറിയിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കേണ്ടത് റവന്യൂ വകുപ്പാണ്.

**മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള സേവനങ്ങൾ**

359(1199) <u>ശ്രീ. തോമസ് കെ. തോമസ്:</u>
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി നൽകുന്ന സർക്കാർ സേവനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) മത്സ്യത്തൊഴിലാളികളുടെ പ്രധാന പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

മത്സ്യത്തൊഴിലാളികളുടെ പ്രധാന പ്രശ്നങ്ങൾ സംബന്ധമായ അപേക്ഷകൾ ലഭ്യമാകുന്നമുറയ്ക്ക് അനുബന്ധ ഏജൻസി തലത്തിൽ തീരുമാനമെടുക്കേണ്ടവ ഏജൻസിതലത്തിൽ തീരുമാനമെടുത്തും വകുപ്പ് തലത്തിൽ തീരുമാനമെടുക്കേണ്ടവ വകുപ്പുതലത്തിൽ സമയബന്ധിതമായി തീരുമാനമെടുത്തും സർക്കാർതലത്തിൽ പരിഹാരം കാണേണ്ടവ സർക്കാരിന് സമർപ്പിച്ച് സമയബന്ധിതമായി പരിഹരിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങളിൽ സമയബന്ധിതമായി തീർപ്പാക്കുന്നതിന് വിവിധതലങ്ങളിൽ ഫയൽ അദാലത്തുകൾ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരത്തും കോഴിക്കോട്ടുമായി ഇൻഷ്വറൻസ് അദാലത്തുകൾ നടത്തിയിട്ടുണ്ട്. ഇതിനുപുറമെ മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ നേരിൽ മനസ്സിലാക്കി

പരിഹാര നടപടികൾ സ്വീകരിക്കുന്നതിന് 47 തീരദേശ മണ്ഡലങ്ങളിൽ 'തീരസദസ്' എന്ന പേരിൽ പരിപാടി സംഘടിപ്പിച്ചിട്ടുമുണ്ട്.

(സി) മത്സ്യത്തൊഴിലാളി മേഖലകളിലെ അടിസ്ഥാന സൗകര്യവികസനം കൂടുതൽ കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

മത്സ്യത്തൊഴിലാളി മേഖലകളിലെ അടിസ്ഥാന സൗകര്യവികസനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന തീരദേശമേഖലയിൽ മത്സ്യബന്ധന തുറമുഖങ്ങൾ, ഫിഷ് ലാൻഡിംഗ് സെന്ററുകൾ, ആധുനിക മത്സ്യമാർക്കറ്റുകൾ, തീരദേശത്തെ വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്നവരെ മാറ്റിപ്പാർപ്പിക്കുന്നതിനായി ഭവന സമുച്ചയ നിർമ്മാണം, ആരോഗ്യ-വിദ്യാഭ്യാസാടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, തീരദേശ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിച്ചുകൊണ്ടുള്ള പരിസ്ഥിതി സൗഹൃദ

പദ്ധതികൾ, മത്സ്യഫാമുകൾ, ഹാച്ചറികൾ എന്നിവയുടെ നിർമ്മാണം എന്നിങ്ങനെ വിവിധ പദ്ധതികൾ ഏറ്റെടുത്ത് പൂർത്തീകരിച്ചുവരുന്നു.

മത്സ്യബന്ധന തുറമുഖങ്ങളുടെയും മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളുടെയും നിർമ്മാണം, നിലവിലുള്ള മത്സ്യബന്ധന തുറമുഖങ്ങളുടെ ആധുനികവത്കരണം, അഴിമുഖ നിർമ്മാണ പ്രവൃത്തികൾ, പാലങ്ങളുടെ നിർമ്മാണം, തീരദേശ റോഡുകളുടെ നിർമ്മാണം, ഹാച്ചറികളുടെ നിർമ്മാണം, തീരസംരക്ഷണ പ്രവൃത്തികൾ, മത്സ്യത്തൊഴിലാളികളുടെ ഭവന നിർമ്മാണ പദ്ധതിയായ പുനർഗേഹം തുടങ്ങിയവ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമുഖേനയും നടപ്പാക്കിവരുന്നു.

**കടൽ മണൽ ഖനനം**

360(1200) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്നചോദ്യങ്ങൾക്ക്

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിൽ മണൽ ഖനനം ചെയ്യുന്നതിന് വൻകിട കമ്പനികളെ അനുവദിക്കാനുള്ള കേന്ദ്രസർക്കാർ നീക്കം മത്സ്യത്തൊഴിലാളികളെ എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സർക്കാരിന്റെ ഇക്കാര്യത്തിലുള്ള നിലപാട് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ;

(സി) എന്തെല്ലാം തുടർനടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(എ-സി) ഉണ്ട്. കേന്ദ്ര ഖനി മന്ത്രാലയത്തിന്റെ വെബ് സൈറ്റിൽ 2023 ഫെബ്രുവരി 9-ന് നൽകിയ നോട്ടിഫിക്കേഷൻ പ്രകാരം ഓഫ് ഷോർ ഏരിയാസ് മിനറൽ (ഡെവലപ്മെന്റ് & റെഗുലേഷൻ) ആക്റ്റ്-2002 (OAMDR Act) ഭേദഗതി വരുത്തുവാൻ ഉദ്ദേശിക്കുന്നതായി കേന്ദ്ര സർക്കാർ അറിയിക്കുകയും പൊതുജനങ്ങൾക്കും സംസ്ഥാന സർക്കാരുകൾക്കും ആയതിനെക്കുറിച്ച് അഭിപ്രായം അറിയിക്കുന്നതിന് 2023 മാർച്ച് 11 വരെ സമയം അനുവദിക്കുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ പ്രസ്തുത കരട് ഭേദഗതി ആക്റ്റ് പരിശോധിച്ചപ്പോൾ

ആയത് കേരളത്തിലെ മത്സ്യമേഖലയെയും മത്സ്യത്തൊഴിലാളികളുടെ ജീവസന്ധാരണത്തെയും പ്രതികൂലമായി ബാധിക്കുമെന്ന് ബോധ്യപ്പെടുകയും കടൽത്തട്ട് ഖനനം ചെയ്യുന്നതിനായി നിർദ്ദിഷ്ട നിയമം ഭേദഗതി ചെയ്യുന്നതിനുള്ള തീരുമാനം ഉപേക്ഷിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കടൽ ഖനനം ഏറെ സാമ്പത്തിക മുതൽ മുടക്കും സാങ്കേതിക പിൻബലവും ആവശ്യമുള്ള മേഖലയാണ്. ഈ മേഖലയിലേയ്ക്ക് കടന്നുവരുന്നത് തീർച്ചയായും വൻകിട കുത്തക കമ്പനികളായിരിക്കും. വൻകിട കമ്പനികളുടെ ലാഭത്തിനായി പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ജീവസന്ധാരണ മാർഗ്ഗവും സാധാരണ ജനങ്ങളുടെ പോഷക സ്രോതസ്സും ഇല്ലാതാക്കുന്നത് തീരപ്രദേശത്ത് അരക്ഷിതാവസ്ഥയ്ക്ക് കാരണമാവുമെന്ന കാര്യത്തിൽ സംശയമില്ല. വിഷയം സംബന്ധിച്ച് സംസ്ഥാനത്തിന്റെയും മത്സ്യത്തൊഴിലാളി സമൂഹത്തിന്റെയും ആശങ്കകൾ കൃത്യമായി കേന്ദ്ര സർക്കാരിനെ രേഖാമൂലം അറിയിച്ചിട്ടുണ്ട്.

**പുനർഗേഹം പദ്ധതി**

361(1201) <u>ശ്രീമതി ദെലീമ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽനിന്നും പുനർഗേഹം പദ്ധതി പ്രകാരം സ്വന്തമായി വീടോ സ്ഥലമോ ഇല്ലാത്ത എത്രപേരുടെ അപേക്ഷകൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ?

പദ്ധതി മാർഗ്ഗരേഖ പ്രകാരം വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ പരിധിക്കുള്ളിൽ സ്വന്തമായി ഭൂമിയും വീടും ഉള്ള കുടുംബങ്ങളെയാണ് പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. 2018-ൽ നടത്തിയ സർവ്വെ പ്രകാരം 378 കുടുംബങ്ങളാണ് അരൂർ നിയോജകമണ്ഡലത്തിൽ ഇത്തരത്തിൽ അധിവസിക്കുന്നതായി കണ്ടെത്തിയിട്ടുള്ളത്. ഇപ്രകാരമല്ലാത്ത അപേക്ഷകൾ അരൂർ നിയോജകമണ്ഡലത്തിൽനിന്നും ലഭിച്ചിട്ടില്ല.

(ബി) പ്രസ്തുത പദ്ധതിപ്രകാരം ആനുകൂല്യം ലഭിച്ചവരുടെ കണക്ക് വ്യക്തമാക്കാമോ; ആനുകൂല്യം ലഭിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

പുനർഗേഹം പദ്ധതിയുടെ സർവ്വേ പ്രകാരം അരൂർ നിയോജകമണ്ഡലത്തിൽ 378 കുടുംബങ്ങളാണ് ഉൾപ്പെട്ടിരിക്കുന്നത്. ഇതിൽ പദ്ധതിപ്രകാരം സുരക്ഷിത മേഖലയിലേയ്ക്ക് മാറി താമസിക്കുന്നതിന് നിലവിൽ സന്നദ്ധത അറിയിച്ചിരിക്കുന്നത് 18 കുടുംബങ്ങളാണ്. സന്നദ്ധത അറിയിച്ചവരിൽ ഉൾപ്പെട്ട 11 ഗുണഭോക്താക്കൾക്ക് പുറമേ എറണാകുളം ജില്ലയിൽനിന്നും അരൂർ നിയോജകമണ്ഡലത്തിൽ ഭൂമി കണ്ടെത്തിയവർ ഉൾപ്പെടെ 29 ഗുണഭോക്താക്കളുടെ ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. മാറിതാമസിക്കാൻ സന്നദ്ധത അറിയിച്ച ഭൂരിഭാഗം ഗുണഭോക്താക്കളും മത്സ്യബന്ധന തൊഴിലുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ ഹാർബറിന് സമീപം അനുയോജ്യമായ ഭൂമി കണ്ടെത്തിയുള്ള പുനരധിവാസത്തിനാണ് താല്പര്യം അറിയിച്ചിട്ടുള്ളത്. അപ്രകാരം ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

അനുയോജ്യമായ ഭൂമി കണ്ടെത്തുന്നമുറയ്ക്ക് ശേഷിക്കുന്ന ഗുണഭോക്താക്കൾക്കും ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ച് ധനസഹായം അനുവദിക്കുവാൻ കഴിയുന്നതാണ്.

**അജാനൂർ മത്സ്യബന്ധന തുറമുഖ നിർമ്മാണം**

362(1202) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ:</u> താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അജാനൂർ മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ് താലൂക്കിലെ ചിത്താരിക്കടപ്പുറം ഉൾപ്പെടുന്ന അജാനൂർ മത്സ്യബന്ധന തുറമുഖ നിർമ്മാണ പ്രവർത്തനങ്ങൾക്കായി മാതൃകാപഠന റിപ്പോർട്ട് സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS)-ൽ നിന്നും ലഭ്യമായതനുസരിച്ച് 101.33 കോടി രൂപയുടെ പദ്ധതിരൂപരേഖ തയ്യാറാക്കി പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (PMMSY) സ്കീമിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു. തുടർന്ന് പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന

പദ്ധതികളുടെ ടെക്നിക്കൽ സ്കൂട്ടിണി കമ്മിറ്റിയിലെ നിർദ്ദേശപ്രകാരം ഭാവി വികസനംകൂടി കണക്കിലെടുത്ത് ഹാർബറിന്റെ ബേസിൻ ഏരിയയുടെ വലിപ്പം കൂട്ടുന്നതിന് പുതുക്കിയ മോഡൽ സ്റ്റഡി നടത്തുന്നതിനും flume study നടത്തുന്നതിനും സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിവിധ ഹാർബറുകളുടെ മോഡൽ സ്റ്റഡി സംബന്ധിച്ച് 11-07-2023-ൽ സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷനിൽ നടന്ന യോഗത്തിൽ ടി തുറമുഖത്തിന്റെ മാതൃകാ പഠന റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ നൽകുന്നതാണെന്ന് സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ അധികൃതർ അറിയിച്ചിട്ടുണ്ട്. സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷനിൽനിന്നും ലഭിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പദ്ധതിരൂപരേഖ പുതുക്കുന്നതാണ്. പദ്ധതിക്ക് പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന സ്കീമിൽ അംഗീകാരം ലഭിച്ചാലുടൻ തുടർനടപടി സ്വീകരിക്കുന്നതാണ്. ഇതോടൊപ്പം തന്നെ CRZ clearance ലഭ്യമാക്കുന്നതിനായി പരിസ്ഥിതി ആഘാതപഠനം, സ്റ്റാറ്റസ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. പരിസ്ഥിതി

ആഘാതപഠനം നടത്തുന്നതിനായി അക്രെഡിറ്റഡ് ഏജൻസിയെയും CRZ status report ലഭ്യമാക്കുന്നതിനായി NCESS-നെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

**ബേക്കൽ കോട്ടിക്കുളത്ത് ഫിഷിംഗ് ഹാർബർ നിർമ്മാണം**

363(1203) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:താഴെകാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബേക്കൽ കോട്ടിക്കുളത്ത് ഒരു ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള അന്വേഷണ ഗവേഷണ പ്രവർത്തനങ്ങൾക്ക് എത്ര തുക അനുവദിച്ചിട്ടുണ്ട്; വിശദാംശം അറിയിക്കാമോ?

കാസർഗോഡ് ജില്ലയിലെ ബേക്കൽ കോട്ടിക്കുളം പ്രദേശത്ത് മത്സ്യബന്ധന തുറമുഖം സ്ഥാപിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കായി 26-03-2018-ലെ സർക്കാർ ഉത്തരവ് (സാധാ)നം.232/2018/മതുവ നമ്പർ പ്രകാരം 67.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് ബഡ്ജറ്റിൽ

പ്രത്യേകമായി തുക അനുവദിച്ചിട്ടില്ല. എന്നാൽ 2405-00-103-73 survey study & Investigation of Fishing Harbour എന്ന ശീർഷകത്തിന്മേൽ പ്രവൃത്തിക്കായി 2,31,992/- രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ആയത് യാഥാർത്ഥ്യമാക്കുന്നതിനുള്ള തുടർനടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

കോട്ടിക്കുളം ഫിഷിംഗ് ഹാർബർ നിർമ്മാണത്തിനായുള്ള അന്വേഷണ ഗവേഷണ പ്രവൃത്തികളുടെ ഭാഗമായി പോസ്റ്റ് മൺസൂൺ സമയത്തെ സർവ്വേ പ്രവൃത്തികളും beach profile cross section, Bed water sample collection, Float observation, Topographic Survey, Wind and Wave observation എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത ഫിഷിംഗ് ഹാർബർ നിർമ്മാണ പ്രദേശത്ത് സ്ഥല സന്ദർശനം നടത്തി സാങ്കേതികാഭിപ്രായം ലഭ്യമാക്കുന്നതിന് 12-07-2023-ന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പൂനെ സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS)-ന് കത്ത് നൽകിയിട്ടുണ്ട്. 11-08-2023-ന് സ്ഥലസന്ദർശനം നടത്തുന്നതാണെന്ന് സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ അധികൃതർ

അറിയിച്ചിട്ടുണ്ട്. സ്ഥല സന്ദർശനത്തിന്റെയും വിദഗ്ധ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**മത്സ്യബന്ധന തുറമുഖങ്ങളിലെ അപകടങ്ങൾ തടയാൻ നടപടി**

364(1204) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വി. ശശി:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുതലപ്പൊഴി ഉൾപ്പെടെയുള്ള മത്സ്യബന്ധന തുറമുഖങ്ങളിൽ നിരന്തരമായുണ്ടാകുന്ന അപകടങ്ങളും ആൾനാശവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിലെ പുലിമുട്ട് നിർമ്മാണത്തിലെ അശാസ്ത്രീയത അപകടങ്ങൾക്ക് കാരണമായതായി കണ്ടെത്തിയിട്ടുണ്ടോ; ഇക്കാര്യം ഉൾപ്പെടെ പരിശോധിക്കാൻ സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ?

(എ&ബി) ഉണ്ട്. മുതലപ്പൊഴി മത്സ്യബന്ധന തുറമുഖ പ്രദേശത്ത് അടിക്കടി അപകടമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് പരിഹാര നടപടികൾ നിർദ്ദേശിക്കുന്നതിന് 22-10-2022-ലെ സ.ഉ. (സാധാ) നം. 660/2022/ മ.തു.വ. പ്രകാരം പൂനെ ആസ്ഥാനമായുള്ള സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷനെ ചുമതലപ്പെടുത്തി. ആയതനുസരിച്ച് പഠനത്തിനായി 37.454 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഫണ്ട് സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷന് നൽകിയിട്ടുണ്ട്. സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ ഉദ്യോഗസ്ഥർ 03-11-2022-ൽ തുറമുഖത്തിൽ നേരിട്ട് സന്ദർശിക്കുകയും പഠനത്തിന് ആവശ്യമായ പ്രാഥമിക ഡാറ്റ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽനിന്ന് ശേഖരിക്കുകയും ചെയ്തു. സെപ്റ്റംബർ മാസത്തോടെ മൺസൂൺ കഴിഞ്ഞുള്ള ഡാറ്റ സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷന് നൽകുകയും 2023 ഡിസംബർ മാസത്തോടെ സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷനിൽനിന്നും അന്തിമ റിപ്പോർട്ട് ലഭിക്കുന്നതുമാണ്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുലിമുട്ടുകളുടെ നിർമ്മാണത്തിലെ അപാകതകൾ

പരിഹരിക്കുന്നതിനുള്ള നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്.

(സി) മത്സ്യബന്ധന ഹാർബറുകളിൽ ബ്രേക്ക് വാട്ടർ നിർബന്ധമാണെന്നിരിക്കെ മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്ത് ബ്രേക്ക് വാട്ടർ സംവിധാനം ഇല്ലാത്തത് അപകടങ്ങൾ വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ടോ; വിശദീകരിക്കുമോ?

മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിലെ പെരുമാതുറ ഭാഗത്ത് 480 മീറ്റർ നീളത്തിലും താഴംപള്ളി ഭാഗത്ത് 420 മീറ്റർ നീളത്തിലും രണ്ട് ബ്രേക്ക് വാട്ടറുകൾ 2018-ൽ നിർമ്മിച്ചിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുതലപ്പൊഴി ഫിഷിംഗ് ഹാർബറിലെ അപകടങ്ങൾ കുറയ്ക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തെ അപകടങ്ങൾ ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്+.

**വൈപ്പിൻ ഫിഷ് ലാൻഡിംഗ് സെന്റർ ഭരണാനുമതി**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

365(1205) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 24-07-2018-ലെ 610/2018 നമ്പർ മത്സ്യബന്ധന തുറമുഖ വകുപ്പ് ഉത്തരവ് പ്രകാരം 251.04 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയ വൈപ്പിൻ ഫിഷ് ലാൻഡിംഗ് സെന്ററിനുള്ള സ്ഥലമെടുപ്പിനായി (12.552 സെന്റ്) തുക അനുവദിച്ച് കിട്ടുന്നതിന് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് സമർപ്പിച്ചിട്ടും തുക അനുവദിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ബി) ഇതുസംബന്ധിച്ച ഫിഷറീസ് വകുപ്പിലെ ബി2/77/2023 നമ്പർ ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(സി) ആദ്യ റിക്വസിഷൻ പ്രകാരമുള്ള 12.552 സെന്റ് ഭൂമിക്ക് പുറമേ 8.575 സെന്റ് ഭൂമി കൂടി ഏറ്റെടുക്കുന്നതിനായി നിലവിലെ കമ്പോളവില പ്രകാരമുള്ള 472 ലക്ഷം രൂപയ്ക്ക് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

(എ-സി) വൈപ്പിൻ ഫിഷ് ലാൻഡിംഗ് സെന്ററിന്റെ ശേഷിക്കുന്ന പ്രവൃത്തികളുടെ ഭാഗമായ അപ്രോച്ച് റോഡിനും പാർക്കിംഗ് ഏരിയയ്ക്കും ആവശ്യമായ 12.552 സെന്റ് സ്ഥലം സ്വകാര്യ വ്യക്തികളിൽനിന്നും ഏറ്റെടുക്കുന്നതിനായി ഭരണാനുമതി ലഭ്യമായ 251.04 ലക്ഷം രൂപയുടെ 5 ശതമാനം തുകയായ 12,55,200/- രൂപ സ്പെഷ്യൽ തഹസിൽദാർ (ലാൻഡ് അക്വിസിഷൻ) എറണാകുളത്തിന്റെ റ്റി.എസ്.ബി. അക്കൗണ്ടിലേയ്ക്ക് 06-12-2019-ന് നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

12.552 സെന്റ് സ്ഥലത്തിന് 2018-ലെ നെഗോഷ്യബിൾ പർച്ചേസ് വില നിലവാര പ്രകാരം സെന്റിന് 20,00,000/- രൂപ കണക്കാക്കിയാണ് 251.04 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ചതെന്നും നിലവിൽ കമ്പോള വിലയിൽ മാറ്റം വന്നതിനാൽ ടി സ്ഥലം ഏറ്റെടുക്കുന്നതിന് 300.00 ലക്ഷം രൂപ ആവശ്യമായി വരുമെന്നും ആദ്യത്തെ റിക്വിസിഷൻ പ്രകാരമുള്ള 12.552 സെന്റ് ഭൂമിക്ക് പുറമേ 8.575 സെന്റ് കൂടി ഏറ്റെടുക്കാൻ ഇപ്പോഴത്തെ കമ്പോള വില പ്രകാരം ആകെ 472 ലക്ഷം രൂപ (300+172) ആവശ്യമായതിനാൽ 24-07-2018-ലെ 610/2018/മ.തു.വ നമ്പർ ഭരണാനുമതി ഉത്തരവ് 472 ലക്ഷം

ത്രുപയ്ക്ക് പുതുക്കി നൽകുന്നതിനും പ്രസ്തുത തുക റവന്യൂ വകുപ്പിലേയ്ക്ക് കൈമാറി നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്നും ചീഫ് എഞ്ചിനീയർ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് അഭ്യർത്ഥിക്കുകയുണ്ടായി.

ഇക്കാര്യത്തിൽ കൂടുതൽ വിവരങ്ങൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കി, പരിശോധിച്ച് പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുന്നതാണ്.

**പരപ്പനങ്ങാടി തീരശോഷണം**

366(1206) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരപ്പനങ്ങാടി ഫിഷിംഗ് ഹാർബർ പൂർത്തീകരിക്കുന്നതോടെ സംഭവിക്കാവുന്ന തീരശോഷണം തടയുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

പരപ്പനങ്ങാടി ഫിഷിംഗ് ഹാർബർ പൂർത്തീകരിക്കുന്നതോടെ, തീരശോഷണം സംഭിവിക്കുമോയെന്നത് സംബന്ധിച്ചും സംഭവിച്ചാൽ

തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി പൂനെ, സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS) അധികൃതരോട് സ്ഥലസന്ദർശനം നടത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS) അധികൃതർ 10-08-2023-ൽ സ്ഥലസന്ദർശനം നടത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർന്ന് ലഭിക്കുന്ന സാങ്കേതികാഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

(ബി) തീരശോഷണം സംബന്ധിച്ച ശാസ്ത്രീയ പഠനം നടത്തുന്നതിന് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് ലഭ്യമാക്കുമെന്ന് വിശദമാക്കാമോ?

തീരശോഷണം സംബന്ധിച്ച് ശാസ്ത്രീയ പഠനം നടത്തുന്നതിന് ഭരണാനുമതി നൽകിയിട്ടില്ല. സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS) അധികൃതരുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## മുതലപ്പൊഴി മേഖലയിൽ അപകടരഹിതമായ മത്സ്യബന്ധനം ഉറപ്പാക്കുന്നതിന് നടപടി

367(1207) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ മുതലപ്പൊഴിയിൽ എത്ര മത്സ്യബന്ധന യാനങ്ങൾ അപകടത്തിൽപെട്ടിട്ടുണ്ടെന്നും എത്രപേർക്ക് പരിക്കേറ്റിട്ടുണ്ടെന്നും എത്രപേർ മരണപ്പെട്ടിട്ടുണ്ടെന്നും അറിയിക്കുമോ?

മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെയായി മുതലപ്പൊഴി അഴിമുഖത്ത് 20 മത്സ്യത്തൊഴിലാളികൾ മരണപ്പെടുകയും 43 യാനങ്ങൾ അപകടത്തിൽപ്പെടുകയും 89 പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്.

(ബി) മുതലപ്പൊഴിയിൽ അപകടങ്ങൾ നിരന്തരം ആവർത്തിക്കുന്നതിന്റെ കാരണങ്ങളെക്കുറിച്ച് ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) മുതലപ്പൊഴി മേഖലയിൽ അപകടരഹിതമായ മത്സ്യബന്ധനം ഉറപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(ബി & സി) അപകടങ്ങളുടെ കാരണം പഠിക്കുന്നതിനും സുരക്ഷിതമായ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനും സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്+.

**തീരദേശ വികസന കോർപ്പറേഷൻ നടപ്പിലാക്കിയ പദ്ധതികൾ**

368(1208) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊല്ലം ജില്ലയിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പാക്കിയ വിവിധ പദ്ധതികളുടെയും പ്രവർത്തനങ്ങളുടെയും വിശദാംശം ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊല്ലം ജില്ലയിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പാക്കിയ വിവിധ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതികളുടെയും പ്രവർത്തനങ്ങളുടെയും വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

**വിഴിഞ്ഞം തുറമുഖ നിർമ്മാണവും മുതലപ്പൊഴിയിലെ അപകടങ്ങളും**

369(1209) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. റോജി എം. ജോൺ:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞത്ത് മത്സ്യത്തൊഴിലാളികൾ നടത്തിയ സമരങ്ങളുടെ ഭാഗമായി ഉന്നയിച്ച ഏഴ് പ്രധാന ആവശ്യങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ബഹു. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ സമരസമിതിയുമായി 06-12-2022-ന് നടത്തിയ ചർച്ചയിലെ തീരുമാനങ്ങളിൽ സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു+.

വിഴിഞ്ഞം തുറമുഖ നിർമ്മാണം സമീപ തീരങ്ങളിൽ തീരശോഷണത്തിന് കാരണമാകില്ലെന്ന് പാരിസ്ഥിതിക ആഘാത

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പഠനത്തിന്റെ ഭാഗമായി നടത്തിയ പഠനങ്ങളിൽ തെളിഞ്ഞതാണെങ്കിലും തീരദേശവാസികളുടെ ആശങ്ക കണക്കിലെടുത്ത ഒരു നാലംഗ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. തുറമുഖ നിർമ്മാണത്തിന്റെ സ്വാധീന മേഖലയിൽ ഉൾപ്പെട്ടുവരുന്ന മുഴുവൻ സ്ഥലങ്ങളിലേയും തീരശോഷണം പഠിക്കണമെന്നാണ് വിദഗ്ദ്ധ സമിതിയ്ക്ക് നൽകിയ നിർദ്ദേശം.

സമിതി പഠന വിധേയമാക്കുന്ന കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1. വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾമൂലം അതിന്റെ സ്വാധീന മേഖലയിൽ തീരശോഷണം സംഭവിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ കാരണങ്ങൾ കണ്ടെത്തി ഉചിതമായ പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.

2. മത്സ്യബന്ധന പ്രവർത്തനങ്ങൾക്കോ കടലിന്റെ ആവാസവ്യവസ്ഥയ്ക്കോ തുറമുഖ നിർമ്മാണംമൂലം ഏതെങ്കിലും തരത്തിലുള്ള പ്രത്യാഘാതങ്ങൾ സ്വാധീന മേഖലയിൽ ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിക്കുകയും ഉണ്ടെങ്കിൽ ഉചിതമായ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക.

3. ടി വിഷയവുമായി ബന്ധപ്പെട്ട കക്ഷികളുമായി ആവശ്യമുള്ളപക്ഷം വേണ്ട ആശയവിനിമയം നടത്തുക.

കരട് റിപ്പോർട്ട് 4 മാസത്തിനുള്ളിലും അന്തിമ റിപ്പോർട്ട് 6 മാസത്തിനുള്ളിലും സമർപ്പിക്കുവാൻ നിർദ്ദേശിച്ചിരുന്നുവെങ്കിലും ഇതിന് 6 മാസം സമയം കൂടി അനുവദിച്ചിട്ടുണ്ട്.

വിദഗ്ദ്ധ സമിതിയുടെ ആദ്യഘട്ടം യോഗം 19-01-2023-ന് ചേരുകയുണ്ടായി. കൂടാതെ മേയ് 23-ന് സ്ഥല സന്ദർശനം നടത്തുകയും, മേയ് 24-ന് പരാതിക്കാരെ കേൾക്കുകയും ചെയ്തു. നിലവിൽ വിദഗ്ദ്ധ സമിതി പഠന വിഷയവുമായി ബന്ധപ്പെട്ട് ലഭ്യമായ റിപ്പോർട്ടുകളും രേഖകകളും പരിശോധിച്ചു വരികയാണ്.

(ബി) വിഴിഞ്ഞം തുറമുഖ നിർമ്മാണം മൂലമുണ്ടാകുന്ന ആഘാതങ്ങൾ സംബന്ധിച്ച പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പഠനത്തിന്റെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

തുറമുഖ നിർമ്മാണത്തിന് മുന്നോടിയായിട്ടുള്ള വിശദവും സമഗ്രവും ശാസ്ത്രീയവുമായുള്ള പാരിസ്ഥിതികാഘാത പഠനം നടത്തിയിരുന്നു. ഇതിന്റെ

ഭാഗമായി തുറമുഖ നിർമ്മാണം സമീപപ്രദേശങ്ങളിൽ തീരശോഷണത്തിന് കാരണമാകുമോയെന്നത് പ്രത്യേകം പഠിച്ചിട്ടുള്ളതും കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ കീഴിലുള്ള എക്സ്പെർട്ട് അപ്രൈസൽ കമ്മിറ്റിയുടെ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുള്ളതുമാണ്. തുറമുഖ നിർമ്മാണം സമീപ തീരങ്ങളിൽ ഒരു വിധത്തിലുമുള്ള തീര ശോഷണത്തിനും കാരണമാകില്ലെന്ന് പഠനത്തിൽ തെളിഞ്ഞിട്ടുണ്ട്. 2014 ജനുവരിയിൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിൽ പദ്ധതിക്ക് പാരിസ്ഥിതികാനുമതി നൽകുകയുണ്ടായി. ആയതിനുശേഷമാണ് തുറമുഖ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചതും ദർഘാസ് ക്ഷണിച്ചതും തുടർന്ന് സ്വകാര്യ പങ്കാളിയെ തെരഞ്ഞെടുത്ത് പദ്ധതി നടപ്പിലാക്കിയതും.

കൂടാതെ, ദേശീയ ഹരിത ട്രിബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിൽ പദ്ധതി പ്രദേശത്തിന്റെ 10 കിലോമീറ്റർ ദൂര പരിധിയിലുള്ള (പരമാവധി സാധ്യതയുള്ള) തീരങ്ങളിലെ വ്യതിയാനം സൂക്ഷ്മമായി നിരീക്ഷിക്കണമെന്നും (ഹൈ റെസല്യൂഷൻ ഉപഗ്രഹ ചിത്രങ്ങളും, ബീച്ച് സർവ്വേയും അടിസ്ഥാനമാക്കിയുള്ള പഠനങ്ങൾ), തുറമുഖ പദ്ധതിമൂലം സമീപ

തീരങ്ങളിൽ തീരശോഷണം സംഭവിക്കുന്നുണ്ടെന്ന് കണ്ടെത്തുകയാണെങ്കിൽ അവ പരിഹരിക്കുന്നതിനായുള്ള മാർഗ്ഗങ്ങൾ ദേശീയ ഹരിത ട്രിബ്യൂണൽ (NGT) വിദഗ്ദ്ധ സമിതിയുടെ നിർദ്ദേശപ്രകാരം നടപ്പാക്കണമെന്നും നിഷ്കർഷിക്കുന്നുണ്ട്. ഈ നിബന്ധനകളെല്ലാം കർക്കശമായി പാലിക്കപ്പെടുന്നുണ്ടോയെന്ന് ഉറപ്പുവരുത്താനായി ദേശീയതലത്തിൽ പ്രഗൽഭരായ ശാസ്ത്രജ്ഞൻമാരേയും മറ്റും ഉൾപ്പെടുത്തിക്കൊണ്ട് ഒരു വിദഗ്ദ്ധ സമിതിയേയും തീരനിരീക്ഷണ സമിതിയേയും (ഷോർലൈൻ മോണിറ്ററിംഗ് സെൽ) ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

1. ദേശീയ ഹരിത ട്രിബ്യൂണൽ എക്സ്പെർട്ട് കമ്മിറ്റി (7 അംഗസമിതി - രാജ്യത്തെ പ്രമുഖ റിസർച്ച്/ സയന്റിഫിക്/റെഗുലേറ്ററി സ്ഥാപനങ്ങളായ INCOIS, NCSCM, CMFRI, NRSA, NHO, CPCB എന്നിവയിലെ മുതിർന്ന ശാസ്ത്രജ്ഞരെ ഉൾപ്പെടുത്തിക്കൊണ്ട്)

2. Shoreline monotoring cell (10 അംഗ സമിതി- NCESS – നുപുറമേ സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളായ KCZMA, KSREC, KSPCB, പരിസ്ഥിതി വകുപ്പ്, ഹാർബർ എഞ്ചിനീയറിംഗ്, ഫിഷറീസ്

വകുപ്പ്, ടൂറിസം വകുപ്പ് എന്നിവയിലെ ഉന്നത ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട്)

മേൽപ്പറഞ്ഞ കമ്മിറ്റികൾ ഓരോ 6 മാസം കൂടുമ്പോൾ പദ്ധതി പ്രദേശവും അതിന് 20 കി.മീ. തെക്കോട്ടും വടക്കോട്ടുമുള്ള തീരപ്രദേശങ്ങൾ (NGT ഉത്തരവുപ്രകാരം 10 കി.മീ മതിയെങ്കിലും) സന്ദർശിക്കുകയും എൺവയോൺമെന്റൽ ക്ലിയറൻസ്, സി.ആർ.ഇസഡ്. അനുമതിയിലേയും ദേശീയ ഹരിത ട്രിബ്യൂണൽ ഉത്തരവിലേയും നിബന്ധനകൾ പാലിക്കപ്പെടുന്നുണ്ടോയെന്നുള്ളത് അവലോകനം ചെയ്യുന്നുമുണ്ട്. കൂടാതെ, നിർമ്മാണ വേളയിൽ തീരവ്യതിയാനവുമായി ബന്ധപ്പെട്ട് നടത്തുന്ന നിരീക്ഷണങ്ങളും ശാസ്ത്രീയ പഠനങ്ങളും ടി കമ്മിറ്റികൾ വിലയിരുത്തി ദേശീയ ഹരിത ട്രിബ്യൂണലിന് സമർപ്പിക്കുന്നുമുണ്ട്. നാളിതുവരെ നടത്തിയ നിരീക്ഷണങ്ങളിലും പഠനങ്ങളിലും വടക്കൻ തീരങ്ങളിൽ സംഭവിച്ചുവരുന്ന തീരശോഷണം തുറമുഖ നിർമ്മാണ പ്രവർത്തനങ്ങൾ മൂലമാണെന്ന് ദേശീയ ഹരിത ട്രിബ്യൂണൽ നിയോഗിച്ച കമ്മിറ്റികൾ കണ്ടെത്തിയിട്ടില്ല.

(സി) മുതലപ്പൊഴിയിൽ ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുമെന്ന ഉറപ്പ് പാലിക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

മുതലപ്പൊഴിയിൽ അപകടങ്ങൾ ഒഴിവാക്കാൻ കാലാകാലങ്ങളിൽ പഠനം നടത്തി പഠന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ടി നടപടികൾക്ക് ഒന്നും ശാശ്വതമായ പരിഹാരം കാണാൻ സാധിക്കാത്തതിനാൽ പ്രശ്ന പരിഹാരത്തിനുള്ള പഠനത്തിനായി 22-10-22-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 660/2022/ മതുവ പ്രകാരം പൂനെ ആസ്ഥാനമായുള്ള സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷനെ ചുമതലപ്പെടുത്തി. ആയതനുസരിച്ച് പഠനത്തിനായി 37.454 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഫണ്ട് സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷന് നൽകിയിട്ടുണ്ട്. സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ ഉദ്യോഗസ്ഥർ 03-11-2022-ൽ തുറമുഖം നേരിട്ട് സന്ദർശിക്കുകയും പഠനത്തിന് ആവശ്യമായ പ്രാഥമിക ഡാറ്റ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽനിന്ന് ശേഖരിക്കുകയും ചെയ്തു. സെപ്റ്റംബർ

മാസത്തോടെ മൺസൂൺ കഴിഞ്ഞുള്ള ഡാറ്റാ സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷന് നൽകുകയും 2023 ഡിസംബർ മാസത്തോടെ സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷനിൽനിന്നും അന്തിമ റിപ്പോർട്ട് ലഭിക്കുന്നതുമാണ്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുലിമുട്ടുകളുടെ നിർമ്മാണത്തിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്.

മണൽതിട്ട രൂപപ്പെടുന്ന പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിനായി സാൻഡ് ബൈപാസിംഗ് പ്രവൃത്തി നടപ്പിലാക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ സമർപ്പിച്ച 11 കോടി രൂപയുടെ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. ആയതിനുവേണ്ടിയുള്ള പരിസ്ഥിതി ആഘാത പഠനം പൂർത്തിയാക്കിയിട്ടുണ്ട്. സാൻഡ് ബൈപാസിംഗ് പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്. കൂടാതെ നിലവിൽ അടിയന്തര സാഹചര്യം കണക്കിലെടുത്ത് ഹാർബറിന്റെ തെക്കേപുലിമുട്ടിന്റെ തെക്ക് ഭാഗത്ത് അടിഞ്ഞുകൂടുന്ന മണ്ണ് വടക്കേ പുലിമുട്ടിന്റെ വടക്കുഭാഗത്ത് ലോറിയിൽ കൊണ്ടുപോയി

നിക്ഷേപിക്കുന്നതിനായി ഒരു കോടി രൂപയുടെ എസ്റ്റിമേറ്റിന് 01-08-2023-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**വിഴിഞ്ഞം പുനരധിവാസ പാക്കേജ്**

370(1210) ശ്രീ. എം. വിൻസെന്റ്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട് 2015-ൽ, തീരശോഷണം ഉൾപ്പെടെയുള്ള ആശങ്കകൾ ദൂരീകരിക്കുന്നതിന് 475 കോടി രൂപ അഞ്ച് വർഷംകൊണ്ട് വിനിയോഗിക്കാവുന്ന രീതിയിൽ പുനരധിവാസപാക്കേജായി ആവിഷ്കരിച്ച പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത പദ്ധതിയിൽ സ്ഥലം ഏറ്റെടുക്കൽ, വീട് നിർമ്മാണം, ജീവിതോപാധി കണ്ടെത്തൽ, സ്ത്രീ ശാക്തീകരണം, വിദ്യാഭ്യാസ സഹായം,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വാർദ്ധക്യകാല പരിചരണം, നൈപുണ്യ വികസനം എന്നീ ഇനങ്ങളിൽ വകയിരുത്തിയ തുക കാര്യക്ഷമമായി വിനിയോഗിക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

(സി) പ്രസ്തുത പദ്ധതിയിലെ പുനരധിവാസ പാക്കേജ് പൂർണ്ണമായും നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

നടപടികൾ സ്വീകരിച്ചുവരുന്നു. വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

**ഉൾനാടൻ മത്സ്യ ബന്ധനം**

371(1211) **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ പാരിസ്ഥിതിക കാരണങ്ങളാൽ മത്സ്യത്തിന്റെ അളവ് മുമ്പത്തേതിൽനിന്നും ഗണ്യമായി കുറഞ്ഞുവരുന്ന സാഹചര്യത്തിൽ, ഉൾനാടൻ മത്സ്യബന്ധനം നടത്തുന്ന മത്സ്യബന്ധന തൊഴിലാളികളെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സഹായിക്കുന്നതിനുവേണ്ടി പുഴയിലും മറ്റു ജലസ്രോതസ്സുകളിലും നിക്ഷേപിക്കുന്ന മത്സ്യകുഞ്ഞുങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉൾനാടൻ ജലാശയങ്ങൾ പരമാവധി മത്സ്യകൃഷിക്ക് ഉപയുക്തമാക്കുന്നതിനും അതുവഴി സുസ്ഥിരമായ മത്സ്യലഭ്യത ഉറപ്പാക്കി ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും ഫിഷറീസ് വകുപ്പ് മുഖേന ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി നടപ്പാക്കിവരുന്നു. 2022-23 വർഷം മുതൽ മൂന്നുവർഷം ഘട്ടംഘട്ടമായി നടപ്പാക്കുന്ന ടി പദ്ധതിയുടെ ആകെ അടങ്കൽ 1199 ലക്ഷം രൂപയാണ്. "ഉൾനാടൻ ജല ആവാസ വ്യവസ്ഥയിൽ സംയോജിത മത്സ്യ വിഭവ പരിപാലനം" എന്ന ടി പദ്ധതി പ്രകാരം പുഴകളിലും അനുബന്ധ ജലാശയങ്ങളിലും മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുകയും മത്സ്യ/കക്ക സംരക്ഷണ പ്രദേശങ്ങൾ സജ്ജീകരിക്കുകയും ചെയ്യുന്നതിനായി നടപടി

സ്വീകരിച്ചിട്ടുണ്ട്. 2022-23-ൽ 164 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെയും ചെമ്മീൻ കുഞ്ഞുങ്ങളെയും ജലാശയങ്ങളിൽ നിക്ഷേപിച്ചിട്ടുണ്ട്. റിസർവോയറുകളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനായി കേരള റിസർവോയർ ഫിഷറീസ് ഡെവലപ്പ്മെന്റ് പദ്ധതിക്ക് 2022-23 വർഷം 200 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും 12 റിസർവോയറുകളിലായി (മണിയാർ, പമ്പ, പൊന്മുടി, മാട്ടുപ്പെട്ടി, ഇരട്ടയാർ, ആനയിറങ്ങൾ, മീങ്കര, പോത്തുണ്ടി, കാഞ്ഞിരപ്പുഴ, പഴശ്ശി, പെരിങ്ങൽകുത്ത്, ഷോളയാർ (ലോവർ)) 78.88 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതികൾ ഈ വർഷവും തുടരുന്നുണ്ട്.

(ബി) ഏതെല്ലാം മത്സ്യ കുഞ്ഞുങ്ങളെയാണ് നിലവിൽ ഇത്തരം സ്രോതസ്സുകളിൽ നിക്ഷേപിച്ചുകൊണ്ടിരിക്കുന്നത്; വിശദമാക്കുമോ?

പ്രാദേശികവും ജലാശയത്തിന്റെ രാസ ഭൗതിക സാഹചര്യത്തിന്റെയും അടിസ്ഥാനത്തിലാണ് മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ഇന്ത്യൻ മേജർ കാർപ്പുകൾ തദ്ദേശീയ മത്സ്യ ഇനങ്ങളായ

കരിമീൻ, കരൂപ്പ്, പൂമീൻ, ആറ്റുകൊഞ്ച്, ചെമ്മീൻ, വരാൽ തുടങ്ങിയ ഇനത്തിലുള്ള മത്സ്യക്കുഞ്ഞുങ്ങളെയാണ് നിക്ഷേപിക്കുന്നത്.

**പാറശ്ശാല മണ്ഡലത്തിലെ ഉൾനാടൻ മത്സ്യകൃഷി**

372(1212) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2022-23 സാമ്പത്തിക വർഷത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നുള്ള വിശദവിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

പാറശ്ശാല നിയോജകമണ്ഡലത്തിൽ ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷി പദ്ധതിയുടെ ഭാഗമായി 2022-23 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ ഘടക പദ്ധതികളുടെ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു+. ടി പദ്ധതി പ്രകാരം കുളങ്ങളിലെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മത്സ്യകൃഷിയുമായി ബന്ധപ്പെട്ട് സബ്സിഡിയായി 70 ശതമാനം മത്സ്യവിത്തും, മറ്റ് പദ്ധതികൾക്ക് സബ്സിഡിയായി 70 ശതമാനം മത്സ്യവിത്തും 40 ശതമാനം മത്സ്യത്തീറ്റയും നൽകിവരുന്നു.

(ബി) ഇത്തരത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ ഭാഗമായി മത്സ്യ ഉല്പാദനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; എങ്കിൽ വിശദവിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

ഉണ്ടായിട്ടുണ്ട്. പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭിച്ച വിളവെടുപ്പിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

(സി) ഉൾനാടൻ മത്സ്യ കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നുണ്ടോയെന്നും ഇല്ലെങ്കിൽ മെച്ചപ്പെട്ട വില ലഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്നും വിശദമാക്കാമോ?

ഉൾനാടൻ മത്സ്യ കർഷകർക്ക് വകുപ്പ് മുഖാന്തരം നടപ്പാക്കുന്ന മത്സ്യ കൃഷിയിലൂടെ ഉൽപ്പാദിപ്പിക്കുന്ന മത്സ്യങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനായി മത്സ്യോത്സവം, മേളകൾ തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുമ്പോൾ ഇവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയും ആയതിലൂടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിപണി സാധ്യത ഒരുക്കുകയും ചെയ്യുന്നു. കൂടാതെ ലൈവ്ഫിഷ് മാർക്കറ്റ്, മാർക്കറ്റിംഗ് ഔട്ട് ലറ്റ് പദ്ധതികളിലൂടെയും കർഷകർക്ക് വിപണി ഒരുക്കുന്നു.

**ലൈവ് ഫിഷ് മാർക്കറ്റിംഗ് ഔട്ട്ലെറ്റ്**

373(1213) ശ്രീ. കുറുക്കോളി മൊയ്തീൻ:താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യകർഷകർക്ക് ന്യായവില ലഭ്യമാക്കുന്നതിനും മത്സ്യങ്ങളെ ജീവനോടെ വിപണനം നടത്തുന്നതിനുമായി ലൈവ് ഫിഷ് മാർക്കറ്റിംഗ് ഔട്ട്ലെറ്റുകൾ കൂടുതലായി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

വിവിധ മത്സ്യകൃഷി രീതികളിലൂടെ ഉൽപ്പാദിപ്പിക്കുന്ന മത്സ്യങ്ങളെ ജീവനോടെ വിപണനം നടത്തുന്നതിനായി സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി പദ്ധതിപ്രകാരം അഡാക്ക് മുഖേന 30 ലൈവ് ഫിഷ് മാർക്കറ്റിംഗ് ഔട്ട് ലെറ്റുകൾ വിവിധ ജില്ലകളിൽ സ്ഥാപിക്കുന്നതിനായി 300 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൻപ്രകാരം എരഞ്ഞോളി,

തലായി, കല്ലാനോട്, പെരുവണ്ണാമൂഴി, ഉള്ള്യേരി, നിലമ്പൂർ, ബാണാസുരസാഗർ, കാരാപ്പുഴ, കൽപ്പറ്റ, പൊയ്യ, മണ്ണുത്തി, കടപ്പുറം, ഞാറയ്ക്കൽ, മാടവന, നീണ്ടകര, ആയിരംതെങ്ങ്, അഴീക്കൽ എന്നിവിടങ്ങളിലായി 17 ലൈവ് ഫിഷ് മാർക്കറ്റിംഗ് ഔട്ട് ലെറ്റുകൾ സ്ഥാപിക്കുന്നതിനായി സ്ഥലം കണ്ടെത്തി ഔട്ട് ലെറ്റുകൾ തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

ഇതിനുപുറമേ ഗുണനിലവാരമുള്ള മത്സ്യം ശുചിത്വ സാഹചര്യത്തിൽ ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നതിന് മത്സ്യഫെഡ് മുഖേന സർവ്വീസ് സഹകരണ ബാങ്ക്/സംഘങ്ങളുമായി ചേർന്നുള്ള മത്സ്യ വിപണന പദ്ധതിയിൽ കേരളത്തിലെ 140 നിയോജകമണ്ഡലത്തിലും ഫിഷ് മാർട്ടുകൾ സ്ഥാപിക്കുന്നതിന് തുടക്കമിട്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിവിധ നിയോജകമണ്ഡലങ്ങളിലായി 121 ഫ്രാഞ്ചൈസി ഫിഷ് മാർട്ടുകൾ പ്രവർത്തിക്കുന്നു. ഇതിനുപുറമേ മത്സ്യഫെഡ് മുഖേന മത്സ്യങ്ങളെ ജീവനോടെ വിപണനം നടത്തുന്നതിനായി യൂണിറ്റ് ഒന്നിന് 20 ലക്ഷംരൂപ അടങ്കൽ തുകയിൽ 20 യൂണിറ്റ് "ലൈവ് ഫിഷ് വെന്റിംഗ് സെന്റർ" കേന്ദ്ര

സർക്കാരിന്റെ പി.എം.എം.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കുകയും ആയത് പ്രകാരം കൊല്ലം ജില്ലയിൽ 2 യൂണിറ്റും എറണാകുളം ജില്ലയിൽ 1 യൂണിറ്റും തുടങ്ങുന്നതിനുള്ള നടപടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പി.എം.എം.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി കക്കി (പത്തനംതിട്ട), പെരുവണ്ണാമൂഴി (കോഴിക്കോട്), കാരാപ്പുഴ & ബാണാസുരസാഗർ (വയനാട്) എന്നീ ജല സംഭരണികളിലായി നടത്തി വരുന്ന കൂട് മത്സ്യകൃഷിയോടനുബന്ധിച്ച് വിവിധയിടങ്ങളിൽ മത്സ്യ വിപണന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് ഫിഷറീസ് വകുപ്പ് മുഖേന ലൈവ് ഫിഷ് മാർക്കറ്റിംഗ് ഔട്ട് ലെറ്റുകൾ വിജയകരമായി പ്രവർത്തിപ്പിക്കുന്നുണ്ട്.

(ബി) വിവിധ സർക്കാർ ഏജൻസികളുടെ സഹായത്തോടെ പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്ന മത്സ്യങ്ങളിൽനിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തുന്നതിന്റെ സാധ്യത പരിശോധിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന മത്സ്യങ്ങളിൽനിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പരീക്ഷണാടിസ്ഥാനത്തിലുള്ള ഉല്പാദനം മത്സ്യഫെഡ് ഐസ് & ഫ്രീസിംഗ് പ്ലാന്റിൽ നടത്തിയിട്ടുണ്ട്. ചെങ്ങന്നൂർ മുളക്കുഴ കേന്ദ്രമാക്കി ആരംഭിക്കാനുദ്ദേശിക്കുന്ന മൂല്യവർദ്ധിത ഉല്പാദന യൂണിറ്റിൽ പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന മത്സ്യങ്ങൾ ഉപയോഗിച്ച്, സി.ഐ.എഫ്.റ്റി., സി.റ്റി.സി.ആർ.ഐ. തുടങ്ങിയ കേന്ദ്ര സർക്കാർ ഏജൻസികളുടെ സഹായത്തോടെ, മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനുമുള്ള സാധ്യതകൾ പരിശോധിക്കുന്നതാണ്.

**ശുദ്ധജല മത്സ്യ ഹാച്ചറി ആരംഭിക്കുന്നതിന് നടപടി**

374(1214) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരി മണ്ഡലത്തിലെ വാഴാനി ഡാമിനോട് ചേർന്ന് ഫിഷറീസ് വകുപ്പിനുകീഴിൽ ശുദ്ധജല മത്സ്യ ഹാച്ചറി

ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

നിലവിൽ വടക്കാഞ്ചേരി മണ്ഡലത്തിലെ വാഴാനി ഡാമിനോട് ചേർന്ന് ഫിഷറീസ് വകുപ്പിനുകീഴിൽ ശുദ്ധജല മത്സ്യഹാച്ചറി ആരംഭിക്കുന്ന കാര്യം പരിഗണനയിലില്ല.

**വെള്ളയിൽ മത്സ്യമാർക്കറ്റ് നിർമ്മാണം**

375(1215) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ വെള്ളയിൽ മത്സ്യമാർക്കറ്റ് നിർമ്മാണത്തിന് കിഫ്ബി ധനസഹായത്തോടെ തയ്യാറാക്കിയ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ വെള്ളയിൽ മത്സ്യമാർക്കറ്റ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ അധീനതയിലുള്ള വെള്ളയിൽ ഫിഷിംഗ് ഹാർബർ ഭൂമിയിലാണ് നിർമ്മിക്കുന്നത്. അതിനാൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ പെർമിസ്സീവ് സാംഗ്ഷൻ

ലഭ്യമാകേണ്ടതുണ്ട്. കോഴിക്കോട് കോർപ്പറേഷനും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പും തമ്മിൽ നിർമ്മാണ സ്ഥലം സംബന്ധിച്ച ധാരണയിൽ എത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഭൂമി സംബന്ധിച്ച തീരുമാനത്തിനുശേഷം സാങ്കേതികാനുമതി നൽകി പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത പദ്ധതിയുടെ നിർമ്മാണത്തിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി കേരള സംസ്ഥാന തീരദേശവികസന കോർപ്പറേഷനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

(സി) പദ്ധതി പ്രാവർത്തികമാക്കുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണ്; ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

മത്സ്യമാർക്കറ്റിന്റെ നടത്തിപ്പ് ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനത്തിനാണ്. എന്നാൽ പദ്ധതിക്കുള്ള ഭൂമി ഹാർബർ

എഞ്ചിനീയറിംഗ് വകുപ്പിന്റെ അധീനതയിൽ ആയതിനാൽ വകുപ്പിൽനിന്നും പെർമിസ്സീവ് സാംഗ്ഷൻ ലഭ്യമാക്കി സ്ഥലം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന് കൈമാറി ലഭിക്കേണ്ടതുണ്ട്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമായി ഭൂമി കൈമാറ്റം ത്വരിതപ്പെടുത്തുന്നതിന് ബഹു. എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**നായരമ്പലം ഫിഷ് മാർക്കറ്റിന്റെ ടെണ്ടർ നടപടി**

376(1216) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി അംഗീകാരം ലഭ്യമായിട്ടുള്ള വൈപ്പിൻ മണ്ഡലത്തിലെ നായരമ്പലം ഫിഷ് മാർക്കറ്റിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) കിഫ്ബിയുടെ അംഗീകാരം ലഭിച്ച വൈപ്പിൻ മണ്ഡലത്തിലെ നായരമ്പലം ഫിഷ് മാർക്കറ്റിന്റെ ടെണ്ടർ നടപടികൾക്ക് മുന്നോടിയായി സാങ്കേതികാനുമതി നൽകുന്നതിനുള്ള പ്ലാൻ അംഗീകാരത്തിനായി പഞ്ചായത്തിന് സമർപ്പിച്ചിട്ടുണ്ട്. സോയിൽ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് സ്ട്രക്ച്ചറൽ ഡിസൈൻ നടപടികൾ പുരോഗമിച്ചുവരുന്നു. മേൽപ്പറഞ്ഞ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് സാങ്കേതികാനുമതി നൽകി ദർഘാസ് ക്ഷണിക്കുന്നതിന് കിഫ്ബിയുടെ അന്തിമ അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കിഫ്ബിയുടെ അന്തിമ അംഗീകാരം ലഭിക്കുന്നമുറയ്ക്ക് നിർമ്മാണം ആരംഭിക്കുന്നതാണ്.

## പുതുതായി നിർമ്മിച്ച മത്സ്യബന്ധന തുറമുഖങ്ങളും ഫിഷ് ലാന്റിംഗ് സെന്ററുകളും മത്സ്യ മാർക്കറ്റുകളും

377(1217) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാർ അധികാരത്തിൽ വന്നതുമുതൽ നാളിതുവരെ സംസ്ഥാനത്ത് എത്ര മത്സ്യബന്ധന തുറമുഖങ്ങളും ഫിഷ് ലാൻഡിംഗ് സെന്ററുകളും മത്സ്യ മാർക്കറ്റുകളും പുതുതായി നിർമ്മിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പരപ്പനങ്ങാടി, ചെത്തി എന്നീ മത്സ്യബന്ധന തുറമുഖങ്ങൾ കിഫ്ബി ധനസഹായത്തോടെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കേന്ദ്ര സർക്കാരിന്റെ ബ്ലൂ റവല്യൂഷൻ പദ്ധതിയിലുൾപ്പെടുത്തി രണ്ട് മത്സ്യമാർക്കറ്റുകളും, കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു മത്സ്യമാർക്കറ്റും പൂർത്തീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ നബാർഡിന്റെ ധനസഹായത്തോടെ ഒരു മത്സ്യമാർക്കറ്റും കിഫ്ബി ധനസഹായത്തോടെ 51 മത്സ്യമാർക്കറ്റുകളും നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമായിട്ടുണ്ട്. ഈ പദ്ധതികളെല്ലാം വിവിധ ഘട്ടങ്ങളിലായി നടപ്പാക്കിവരുന്നു.

നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിലുൾപ്പെടുത്തി 3 ഫിഷ് ലാൻഡിംഗ് സെന്ററുകൾ നിർമ്മിക്കുന്നതിന്

അംഗീകാരം ലഭ്യമായിട്ടുണ്ട്. ഇതിൽ പ്രായിക്കര ഫിഷ് ലാൻഡിംഗ് സെന്ററിന്റെ നിർമ്മാണം ആരംഭിച്ചു. റാത്തിക്കൽ, ചില്ലക്കൽ എന്നിവിടങ്ങളിൽ നിർമ്മാണം ആരംഭിക്കേണ്ടതുണ്ട്.

(ബി) എവിടെയൊക്കെയാണ് ഇവ നിർമ്മിച്ചിട്ടുള്ളതെന്നും ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

1. മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി മത്സ്യബന്ധന തുറമുഖം - ഭരണാനുമതി തുക -112.21 കോടിരൂപ. ഇതിൽ 55.58 കോടിരൂപ ചെലവഴിച്ചിട്ടുണ്ട്.
2. ആലപ്പുഴ ജില്ലയിലെ ചെത്തി മത്സ്യബന്ധന തുറമുഖം – ഭരണാനുമതി തുക - 97.4364 കോടിരൂപ. ഇതിൽ 21.63 കോടിരൂപ ചെലവഴിച്ചിട്ടുണ്ട്.
3. കൊല്ലം ജില്ലയിലെ കരീക്കോട് മത്സ്യമാർക്കറ്റ് നിർമ്മാണം - അടങ്കൽ തുക - 356 ലക്ഷംരൂപ. ഇതിൽ 306.47 ലക്ഷംരൂപ ചെലവഴിച്ചിട്ടുണ്ട്.
4. കൊല്ലം ജില്ലയിലെ മയ്യനാട് മത്സ്യമാർക്കറ്റ് നിർമ്മാണം- അടങ്കൽ തുക -159.00 ലക്ഷംരൂപ. ഇതിൽ 113.61 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

5. പത്തനംതിട്ട ജില്ലയിലെ അടൂർ മത്സ്യമാർക്കറ്റ് നിർമ്മാണം- അടങ്കൽ തുക - 200.53 ലക്ഷംരൂപ - ഇതിൽ 135.00 (ഭാഗിക ബിൽ) ലക്ഷംരൂപ ചെലവഴിച്ചിട്ടുണ്ട്.

**ചാത്തന്നൂർ മണ്ഡലത്തിലെ മത്സ്യ മാർക്കറ്റുകളുടെ നവീകരണം**

378(1218) ശ്രീ. ജി. എസ്. ജയലാൽ:താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലെ പരവൂർ, കൊട്ടിയം, പാരിപ്പള്ളി, ചാത്തന്നൂർ എന്നീ മത്സ്യ മാർക്കറ്റുകളുടെ അടിസ്ഥാന സൗകര്യ വികസനവും നവീകരണവും മുൻനിർത്തി കിഫ്ബി ധനസഹായത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ നടപ്പാക്കുന്ന പദ്ധതികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

കിഫ്ബി ധനസഹായത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ നടപ്പാക്കുന്ന ചാത്തന്നൂർ മണ്ഡലത്തിലെ പരവൂർ, കൊട്ടിയം, പാരിപ്പള്ളി, ചാത്തന്നൂർ എന്നീ മത്സ്യ മാർക്കറ്റുകളുടെ നിലവിലെ പുരോഗതി ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി | അടങ്കൽ തുക (ലക്ഷം) | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | സൗത്ത് പരവൂർ മത്സ്യ മാർക്കറ്റ് | 235.182 | സാങ്കേതികാനുമതി നടപടികൾ സ്വീകരിച്ചുവരുന്നു. |
| 2 | കൊട്ടിയം മത്സ്യ മാർക്കറ്റ് | 226.22 | സാങ്കേതികാനുമതി എസ്റ്റിമേറ്റ് ഫൈനലൈസ് ചെയ്തുവരുന്നു |
| 3 | പാരിപ്പള്ളി മത്സ്യ മാർക്കറ്റ് | 302.83 | സാങ്കേതികാനുമതി നൽകിക്കൊണ്ട് പാക്കേജ് ഫയൽ കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചു. |
| 4 | ചാത്തന്നൂർ മത്സ്യ മാർക്കറ്റ് | 528.06 | സെലക്ഷൻ നോട്ടീസ് കരാറുകാരന് നൽകി. |

(ബി) വിശദമായ പ്രോജക്റ്റ് റിപ്പോർട്ടുപ്രകാരം പ്രസ്തുത മത്സ്യമാർക്കറ്റുകളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളും നവീകരണ വികസന പ്രവർത്തനങ്ങളും വ്യക്തമാക്കാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

**ചൂട്ടാട് മഞ്ച ഫിഷ് ലാൻഡിംഗ് സെന്റർ**

379(1219) <u>ശ്രീ. എം. വിജിൻ:</u> താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കല്ല്യാശ്ശേരി മണ്ഡലത്തിലെ ചൂട്ടാട് മഞ്ച ഫിഷ് ലാൻഡിംഗ് സെന്റർ നിർമ്മാണം പ്രധാനമന്ത്രി മത്സ്യസമ്പദാ യോജന (പി.എം.എം.എസ്.വൈ.) പദ്ധതിയിൽലുൾപ്പെടുത്തി നടപ്പാക്കുന്നതിന് സമർപ്പിച്ച പ്രൊപ്പോസലിന് അംഗീകാരം ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഇല്ല. കണ്ണൂർ ജില്ലയിലെ ചൂട്ടാട് മഞ്ച ഫിഷ് ലാൻഡിംഗ് സെന്റർ നിർമ്മാണത്തിനായുള്ള 5.55 കോടി രൂപയുടെ വിശദമായ പദ്ധതി രൂപരേഖയ്ക്ക് 20-02-2023-ലെ SLAMC (State Level Approval and Monitoring Committee) മീറ്റിംഗിൽ അംഗീകാരം ലഭിക്കുകയും കേന്ദ്ര ഫിഷറീസ് വകുപ്പ് മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി 22-03-2023-ന് ബി1/40/2023/എഫ് & പി.ഡി. നമ്പർ കത്ത് പ്രകാരം നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് (NFDB)-ക്ക് സമർപ്പിച്ചിട്ടുമുണ്ട് .

**മത്സ്യബന്ധന തൊഴിലാളികൾക്ക് അർഹമായ ആനുകൂല്യം ലഭിക്കൽ**

380(1220)<u>ശ്രീ. പി. നന്ദകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽക്ഷോഭത്തിൽ കാണാതായ മത്സ്യബന്ധന തൊഴിലാളികളുടെ മൃതദേഹം കണ്ടുകിട്ടിയില്ലെന്ന കാരണംകൊണ്ട് ടിയാന്റെ കുടുംബത്തിന് അർഹമായ ആനുകൂല്യം ലഭിക്കാതെ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മത്സ്യത്തൊഴിലാളി വ്യക്തിഗത ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായിട്ടുള്ളവർ കടൽ ക്ഷോഭത്തിൽപ്പെട്ട് കാണാതാവുകയാണെങ്കിൽ മൃതദേഹം കണ്ടുകിട്ടിയില്ലെന്ന കാരണംകൊണ്ട് മാത്രം ടിയാന്റെ കുടുംബത്തിന് അർഹമായ ധനസഹായം ലഭ്യമാകാതെ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇൻഷ്വറൻസ് കമ്പനികളിൽനിന്നും "Missing claims can be considered after lapse of 7 years as per section 108 of Indian Evidence Act 1872" എന്ന വ്യവസ്ഥപ്രകാരം കാണാതായി 7 വർഷം കഴിഞ്ഞ് ആശ്രിതർക്ക് ധനസഹായം അനുവദിച്ചുനൽകുന്നുണ്ട്.

(ബി) കേന്ദ്ര നിയമത്തിലെ പ്രസ്തുത അവസ്ഥ മാറ്റുന്നതിന് കേന്ദ്ര സർക്കാരുമായി ചേർന്ന് നടപടികൾ സ്വീകരിക്കുമോ?

ഇക്കാര്യം നിലവിൽ പരിഗണനയിലില്ല.

**പുനർഗേഹം പദ്ധതി**

381(1221)ശ്രീ. പി. പി. ചിത്തരഞ്ജൻ:താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ പുനർഗേഹം പദ്ധതിപ്രകാരം എത്രപേർക്ക് ഗുണം ലഭിച്ചെന്ന് മണ്ഡലാടിസ്ഥാനത്തിൽ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പുനർഗേഹം പദ്ധതിപ്രകാരം ഏതൊക്കെ പ്രവൃത്തികളാണ് നടപ്പാക്കുന്നതെന്നും ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കാമോ?

(എ&ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

**മുതലപ്പൊഴി തുറമുഖത്തുണ്ടാകുന്ന ബോട്ടപകടങ്ങൾ**

382(1222) ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. യു. എ. ലത്തീഫ്:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്ത് ബോട്ടുകൾ അപകടത്തിൽപ്പെട്ട് മത്സ്യത്തൊഴിലാളികൾക്ക് ജീവൻ നഷ്ടപ്പെടുന്ന സംഭവങ്ങൾ ആവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം അപകടങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്ത് അപകടങ്ങൾ ഒഴിവാക്കുന്നതിനും സുരക്ഷിതമായ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനും സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്+.

(സി) ബോട്ട് അപകടത്തിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് എന്തെല്ലാം സഹായങ്ങൾ അനുവദിച്ച് നൽകിയെന്ന് വ്യക്തമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മുതലപ്പൊഴി അപകടവുമായി ബന്ധപ്പെട്ട് മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് കേരള മത്സ്യത്തൊഴിലാളി ക്ഷേമ നിധി ബോർഡ് മുഖേന 73,60,000/- രൂപ ഇൻഷ്വറൻസ് ധനസഹായം അടിയന്തര ധനസഹായം എന്നീ ഇനങ്ങളിൽ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 10-7-2023-ന് തിങ്കളാഴ്ച പുലർച്ചെ മുതലപ്പൊഴിയിലുണ്ടായ അപകടത്തിൽ മരണപ്പെട്ട ശ്രീ. സുരേഷ് ഫെർണാണ്ടസ്, ശ്രീ. ബിജു ആന്റണി, ശ്രീ. റോബിൻ എഡ്വിൻ, ശ്രീ. കുഞ്ഞുമാൻ എന്നിവരുടെ കുടുംബങ്ങൾക്ക് അടിയന്തര ധനസഹായമായി 10,000/- രൂപ വീതം കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ഇവരുടെ ഇൻഷ്വറൻസ് ധനസഹായമായ 10 ലക്ഷംരൂപ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മത്സ്യത്തൊഴിലാളികൾക്കായുള്ള പാക്കേജ് നടപ്പാക്കാൻ നടപടി**

383(1223) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u>
<u>ശ്രീ. റോജി എം. ജോൺ:</u>
<u>ശ്രീ. സി. ആർ. മഹേഷ്:</u>

ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021 കാലം മുതൽ നാളിതുവരെ വിവിധ ബഡ്ജറ്റുകളിൽ, മത്സ്യത്തൊഴിലാളികൾക്കായി വകയിരുത്തിയ അയ്യായിരം കോടിയിലേറെ രൂപയുടെ പാക്കേജിന്റെ പുരോഗതി വിശദമാക്കാമോ?

സംസ്ഥാനത്ത് തീരദേശ വികസനത്തിനായി പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. തീരദേശത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട് 5 വർഷംകൊണ്ട് 5000 കോടി രൂപയുടെ പാക്കേജ് നടപ്പാക്കുമെന്നാണ് പ്രഖ്യാപിച്ചിട്ടുള്ളത്. തീരദേശത്തിന്റെ സമഗ്ര വികസനത്തിനും മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും ഉതകുന്ന പദ്ധതികളാണ് ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും പാക്കേജിന്റെ ഭാഗമായി നടപ്പാക്കിവരുന്നത്.

1. ഫിഷറീസ് വകുപ്പ് മുഖാന്തരം തീരദേശത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട് 2016-17 മുതൽ 2022-23 വരെ വിവിധ പദ്ധതികളിൽ

ഉൾപ്പെടുത്തി ആകെ 2296.97 കോടിരൂപ വകയിരുത്തുകയും 2272.91 കോടിരൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. (വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+)

2. 2450 കോടി രൂപയുടെ പുനർഗേഹം പദ്ധതി നടപ്പാക്കിവരുന്നു.
3. തീരദേശ വികസന കോർപ്പറേഷൻ മുഖാന്തരം കിഫ്ബി പദ്ധതിയിൽ 66.34 കോടി രൂപയുടെ സ്കൂളുകളുടെ പുനരുദ്ധാരണ പദ്ധതി പൂർത്തീകരിച്ചുവരുന്നു. 137.82 കോടി രൂപയുടെ മാർക്കറ്റ് നവീകരണ പദ്ധതി നടപ്പാക്കിവരുന്നു.
4. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന കിഫ്ബി തീരസംരക്ഷണം 85.40 കോടിരൂപ, RIDF സ്കീം 7.14 കോടിരൂപ, ടൂറിസം വകുപ്പിൽനിന്നും 8.35 കോടിരൂപ എന്നിവയുടെ അംഗീകാരം ലഭ്യമായി. കൂടാതെ കിഫ്ബിയിൽ ഉൾപ്പെടുത്തി 209.66 കോടി രൂപയുടെ ഹാർബർ നിർമ്മാണം പുരോഗമിക്കുന്നു. ഓഖി പദ്ധതിയിൽലുൾപ്പെടുത്തി 54.70 കോടി രൂപയുടെ പദ്ധതി പൂർത്തീകരിച്ചുവരുന്നു. RKVY പദ്ധതിയിലുൾപ്പെടുത്തി ബർത്തിംഗ് ജെട്ടി നിർമ്മാണം (24.88 കോടി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രൂപ) പദ്ധതി പൂർത്തീകരിച്ചു. ഹാർബർ അടിസ്ഥാന സൗകര്യ വികസനത്തിനായി RIDF-ൽ 56.05 കോടി രൂപയുടെ പദ്ധതി പൂർത്തീകരിച്ചു. 102.81 കോടി രൂപയുടെ പദ്ധതി പുരോഗമിക്കുന്നു.

5. ഓഖി പുനരധിവാസ പദ്ധതിപ്രകാരം 46.54 കോടി രൂപയുടെ പദ്ധതി പൂർത്തീകരിച്ചു.

ഇതിനുപുറമേ ജലവിഭവ വകുപ്പ് മുഖേന നടപ്പാക്കിവരുന്ന തീരസംരക്ഷണ പ്രവൃത്തികളുടെ വിവരവും തുകയും ശേഖരിച്ചുവരുന്നു.

**പ്രധാന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.**

1. പുനർഗേഹം പദ്ധതി

2019-20 സാമ്പത്തിക വർഷം ഭരണാനുമതി ലഭിച്ച ഫിഷറീസ് വകുപ്പ് മുഖേന നടപ്പാക്കിവരുന്ന ഒരു ബൃഹത് പദ്ധതിയാണ് പുനർഗേഹം. 2450 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതിപ്രകാരം തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന കുടുംബങ്ങളെ സുരക്ഷിതമേഖലയിൽ പുനരധിവസിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. ഫിഷറീസ് ഡിപ്പാർട്ട്മെന്റ് 2018-ൽ തീരദേശ ജില്ലകളിൽ നടത്തിയ സർവ്വേ

പ്രകാരം 18685 കുടുംബങ്ങളെയാണ് ഇത്തരത്തിൽ അധിവസിച്ചിരുന്നതായി കണ്ടെത്തിയിട്ടുള്ളത്. 2020-ൽ ആരംഭിച്ച പുനർഗേഹം പദ്ധതിപ്രകാരം നിലവിൽ അപ്പീൽ അപേക്ഷകൾ ഉൾപ്പെടെ 21220 ഗുണഭോക്താക്കളാണുള്ളത്. ഇതിൽ 8743 കുടുംബങ്ങൾ മാറി താമസിക്കുന്നതിന് സന്നദ്ധത അറിയിച്ചിട്ടുണ്ട്. മാറി താമസിക്കുവാൻ സന്നദ്ധത അറിയിച്ചതിൽ 4200 കുടുംബങ്ങൾ സ്വന്തം നിലയിൽ ഭൂമി കണ്ടെത്തുകയും 3472 കുടുംബങ്ങൾ ഭൂമി രജിസ്ട്രേഷൻ പൂർത്തീകരിച്ച് ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. 2174 കുടുംബങ്ങൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പുനർഗേഹം പദ്ധതിപ്രകാരം തിരുവനന്തപുരം ജില്ലയിൽ കാരോട്, ബീമാപള്ളി, മലപ്പുറം ജില്ലയിൽ പൊന്നാനി, കൊല്ലം ജില്ലയിൽ QSS കോളനി എന്നിവിടങ്ങളിലായി 390 ഫ്ലാറ്റുകൾ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. കൂടാതെ ആലപ്പുഴ ജില്ലയിൽ മണ്ണുംപുറം, തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിലും, മലപ്പുറം ജില്ലയിലെ നിറമരുതൂർ, പൊന്നാനി എന്നിവിടങ്ങളിലും കോഴിക്കോട് വെസ്റ്റ് ഹിൽ, കാസർഗോഡ് കോയിപ്പാടി

എന്നിവിടങ്ങളിലുമായി 944 ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറ, വലിയതുറ, കടകംപള്ളി, കാരോട് എന്നിവിടങ്ങളിലായി 312 ഫ്ലാറ്റുകളുടെ നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്. വിവിധ തീരദേശ ജില്ലകളിലായി 76.92 ഏക്കർ ഭൂമി മത്സ്യത്തൊഴിലാളി പുനരധിവാസത്തിനായി കണ്ടെത്തി നടപടി സ്വീകരിച്ചുവരുന്നു.

പദ്ധതി പ്രവർത്തനത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 250 കോടി രൂപയും സംസ്ഥാന പദ്ധതി വിഹിതത്തിൽനിന്നും 103.75 കോടിരൂപ ഉൾപ്പെടെ 353.75 കോടിരൂപ അനുവദിക്കുകയും 343.69 കോടിരൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

2. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കുന്ന പദ്ധതികൾ

2020-21 വർഷം പദ്ധതിയിൽ മത്സ്യമേഖലയിൽ ഹാർബർ എഞ്ചിനീയറിംഗ് അടക്കം 380 കോടിരൂപ വകയിരുത്തിയിരുന്നു. ഇതിനുപുറമെ കിഫ്ബി വഴി 2020-21-ൽ 750 കോടി രൂപയെങ്കിലും ചെലവഴിക്കുമെന്നും സ്കൂളുകൾക്ക് 64 കോടിരൂപ, ആശുപത്രികൾക്ക് 201

കോടിരൂപ, കടൽഭിത്തിക്കും പുലിമുട്ടിനും 57 കോടിരൂപ, ഹാർബറുകൾക്ക് 209 കോടിരൂപ, ഫിഷ് മാർക്കറ്റുകൾക്ക് 100 കോടിരൂപ, റോഡുകൾക്ക് 150 കോടിരൂപ എന്നിവയാണ് പ്രഖ്യാപിച്ചിരുന്നത്.

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന തീരദേശ പാക്കേജിലുൾപ്പെടുത്തി കിഫ്ബി ധനസഹായത്തോടെ 66.34 കോടി രൂപയുടെ തീരദേശത്തെ തെരഞ്ഞെടുത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം, 209.64 കോടി രൂപയുടെ ഹാർബർ നിർമ്മാണം, 137.82 കോടി രൂപയുടെ 51 മത്സ്യമാർക്കറ്റ് പുനരുദ്ധാരണം എന്നിവ ഏറ്റെടുത്ത് നടപ്പാക്കിവരുന്നു. പദ്ധതി വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

3. <u>ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ</u>

കടലാക്രമണ ഭീഷണി നേരിടുന്ന തീരങ്ങൾ സംരക്ഷിക്കുന്നതിനായി കിഫ്ബി സ്കീം മുഖേന 85.40 കോടി രൂപയുടെയും നബാർഡ് സ്കീം വഴി 7.1376 കോടി രൂപയുടെയും ടൂറിസം വകുപ്പിൽനിന്നും 8.35 കോടി രൂപയുടെയും പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഹാർബറുകളുടെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നവീകരണത്തിനും പരിപാലനത്തിനും നബാർഡ് പദ്ധതിയിലുൾപ്പെടുത്തി 182.69 കോടി രൂപയുടെ അനുമതി ലഭ്യമായി മൂന്ന് പ്രവൃത്തികൾ പൂർത്തീകരിച്ച് ബാക്കിയുള്ളവ പുരോഗമിച്ചുവരുന്നു. കൂടാതെ ഓഖി ഡെവലപ്മെന്റ് പാക്കേജിലുൾപ്പെടുത്തി 5 മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണത്തിനായി 54.70 കോടി രൂപയുടെ അനുമതി ലഭിച്ചു. ആയതിൽ നീണ്ടകര മത്സ്യബന്ധന തുറമുഖ രണ്ടാംഘട്ട വികസനം, മുനമ്പം മത്സ്യബന്ധന തുറമുഖത്തിലെ വടക്കേ പുലിമുട്ടിന്റെ നീളം വർദ്ധിപ്പിക്കൽ, കാസർഗോഡ് ഫിഷിംഗ് ഹാർബറിലെ ബ്രേക്ക് വാട്ടറിന്റെ നീളം വർദ്ധിപ്പിക്കൽ എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചു. ശേഷിക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചുവരികയുമാണ്.

4. ഓഖി പുനരധിവാസ പദ്ധതി

സംസ്ഥാനത്ത് തീരദേശ വികസനത്തിനായി ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഓഖി സ്പെഷ്യൽ പാക്കേജ് എന്ന നിലയിലുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. തീരദേശത്തിന്റെ സമഗ്ര വികസനത്തിനും മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും ഉതകുന്ന പദ്ധതികളാണ് ഈ

പാക്കേജിന്റെ ഭാഗമായി നടപ്പാക്കിവരുന്നത്. പദ്ധതി വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) വിവിധ ബഡ്ജറ്റുകളിൽ മത്സ്യത്തൊഴിലാളികൾക്കായി വകയിരുത്തിയ അയ്യായിരം കോടിയിലേറെ രൂപയുടെ പാക്കേജ് യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പാക്കാൻ തയ്യാറാകുമോ?

പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളെല്ലാം മികച്ച രീതിയിൽ നടപ്പാക്കിവരുന്നു.

(സി) 2018-ലെ ഓഖി ദുരന്തത്തിനുശേഷം പ്രഖ്യാപിച്ച രണ്ടായിരം കോടി രൂപയുടെ പാക്കേജ് നാളിതുവരെ നടപ്പാക്കാൻ സാധിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പാക്കേജ് നടപ്പാക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

2018-ലെ ഓഖി ദുരന്തത്തിനുശേഷം പ്രഖ്യാപിച്ച ഓഖി പാക്കേജിലുൾപ്പടുത്തി 4 കോടിരൂപ അടങ്കൽ തുകയിൽ വിഴിഞ്ഞത്ത് ഒരു ഫിഷ് പ്രൊസ്സസിംഗ് സെന്റർ, സീ ഫുഡ് റസ്റ്റോറന്റ് എന്നിവയുടെ നിർമ്മാണം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപ്പാക്കുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു. ഈ പദ്ധതി ഇതിനോടകം പൂർത്തീകരിച്ചു.

ഓഖി ദുരന്തത്തിനുശേഷം പ്രഖ്യാപിച്ച 2000 കോടി രൂപയുടെ പാക്കേജ് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. അതുമായി ബന്ധപ്പെട്ട് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഫീൽഡുതല വിവരങ്ങൾ ശേഖരിച്ച് വിശദമായ പഠനങ്ങൾ നടത്തുന്നതിന് ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസ് (TISS) നെയും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ മാനേജ്മെന്റ് (IRMA)യെയും ചുമതലപ്പെടുത്തിയിരുന്നു. TISS പഠന റിപ്പോർട്ട് സമർപ്പിക്കുകയും വിശദമായ ചർച്ച സർക്കാർതലത്തിൽ നടത്തുകയും അന്തിമ റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് സമർപ്പിച്ചിരുന്നില്ല. IRMA-യുമായി എഗ്രിമെന്റ് വച്ചിരുന്നുവെങ്കിലും ഫണ്ട് ലഭ്യമാകാത്തതിനാൽ തുടർനടപടി സ്വീകരിച്ചിരുന്നില്ല. ഡീറ്റെയ്ൽഡ് പ്രോജക്ട് റിപ്പോർട്ട് മൂന്ന് ഘട്ടങ്ങളിലായി തയ്യാറാക്കുന്നതിന് തീരുമാനിച്ചിരുന്നുവെങ്കിലും ആവശ്യമായ Expression of Interest ലഭിച്ചിരുന്നില്ല. ആയതിനാൽ ജീവനോപാധി പദ്ധതികൾക്ക് മാത്രമായി

പിന്നീട് Expression of Interest ക്ഷണിച്ചിരുന്നുവെങ്കിലും മത്സര സ്വഭാവമുള്ള Expression of Interest ലഭ്യമായിരുന്നില്ല.

(ഡി) ഓഖി പാക്കേജ് നടപ്പാക്കുന്നതിനായി രൂപീകരിച്ച എക്സ്പെർട്ട് കമ്മിറ്റിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

15-3-2018-ലെ സർക്കാർ ഉത്തരവ് (കൈ) നം. 170/2018/മ.ഉ.വ പ്രകാരം കേരളത്തിന്റെ തീരദേശ മേഖലയുടെ സമഗ്ര വികസനത്തിനായി കോൺസപ്റ്റ് നോട്ട് തയ്യാറാക്കുക, സമഗ്ര വികസനത്തിനായുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് മുന്നോടിയായുള്ള പഠനങ്ങളുടെ മേൽനോട്ടം വഹിക്കുക, TISS, IRMA തുടങ്ങിയ പഠന ഏജൻസികളുടെയും സർക്കാരിനുമിടയിൽ ഒരു ലിങ്കായി പ്രവർത്തിക്കുക, മറ്റു വകുപ്പുകളുമായുള്ള ഏകോപനം ഉറപ്പാക്കുക തുടങ്ങിയവയ്ക്കാണ് എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ചിരിക്കുന്നത്. എക്സ്പെർട്ട് കമ്മിറ്റി സർക്കാർതലത്തിൽ അവലോകനം നടത്തുകയും പ്രവർത്തനം വിലയിരുത്തുകയും ചെയ്യുന്നുണ്ട്.

**ന്യൂനമർദ്ദ ആഘാതങ്ങളെക്കുറിച്ച് ശാസ്ത്രീയ പഠനം**

384(1224) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനമർദ്ദംമൂലമുള്ള ആഘാതത്തെക്കുറിച്ച് ശാസ്ത്രീയമായ പഠനം നടത്തുന്നതിന് ഫിഷറീസ് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ന്യൂനമർദ്ദംമൂലമുള്ള ആഘാതത്തെക്കുറിച്ച് ശാസ്ത്രീയമായ പഠനം നടത്തുന്നതിന് ഫിഷറീസ് വകുപ്പ് നിലവിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(ബി) പ്രകൃതിക്ഷോഭങ്ങൾ മൂലമുണ്ടാകുന്ന ആഘാതങ്ങളെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്നതിന് തീരദേശത്ത് പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പ്രകൃതിക്ഷോഭങ്ങൾ മൂലമുണ്ടാകുന്ന ആഘാതങ്ങളെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്നതിന് തീരദേശത്ത് നിരവധി പദ്ധതികൾ വകുപ്പ് നടപ്പാക്കിയിട്ടുണ്ട്. ഐ.എസ്.ആർ.ഒ.-യുടെ സാങ്കേതിക സഹായത്തോടെ കെൽട്രോൺ വഴി

നിർമ്മിച്ചുനൽകുന്ന 1500 കിലോമീറ്റർ ചുറ്റളവ് വരെ സന്ദേശങ്ങളെത്തിക്കാൻ കഴിയുന്ന 941 നാവിക് ഉപകരണങ്ങളും 168 സാറ്റലൈറ്റ് ഫോണുകളും മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. കേന്ദ്ര കാലാവസ്ഥ കേന്ദ്രത്തിന്റെ മുന്നറിയിപ്പുകൾ അതിവേഗം മത്സ്യത്തൊഴിലാളികളുടെ മൊബൈൽ ഫോണുകളിൽ എത്തിക്കുന്നതിന് ഇൻകോയിസ് (Indian National Centre for Ocean Information Services)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിലേയ്ക്ക് 145778 മത്സ്യത്തൊഴിലാളികളുടെ മൊബൈൽ നമ്പറുകൾ ഇൻകോയിസിന് കൈമാറിയിട്ടുണ്ട്. ഫിഷറീസ് സ്റ്റേഷനുകൾ കോസ്റ്റ് ഗാർഡ്, നേവി, കോസ്റ്റൽ പോലീസ് എന്നിവിടങ്ങളിലെ സന്ദേശ വിനിമയ സംവിധാനങ്ങളിലൂടെയും മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥ അറിയിപ്പും സുരക്ഷാ മുന്നറിയിപ്പും നൽകിവരുന്നുണ്ട്. ഇതുകൂടാതെ കാലാവസ്ഥ മുന്നറിയിപ്പുകൾ മത്സ്യത്തൊഴിലാളികൾക്ക് യഥാസമയം എത്തി എന്നുറപ്പാക്കാനും കടൽ രക്ഷാപ്രവർത്തനം ഏകോപിപ്പിക്കുന്നതിനുമായി ഫിഷറീസ് ഡയറക്ടറേറ്റ് കേന്ദ്രീകരിച്ച് ഒരു മാസ്റ്റർ കൺട്രോൾ റൂമും, വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ

ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് ഓരോ റീജിയണൽ കൺട്രോൾ റൂമുകളും സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. കേന്ദ്ര കാലാവസ്ഥ കേന്ദ്രത്തിന്റെ മുന്നറിയിപ്പുകൾ ദേശീയ ദുരന്ത നിവാരണ അതോറിറ്റി (എൻ.ഡി.എം.എ.), കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (കെ.എസ്.ഡി.എം.എ.) എന്നിവിടങ്ങളിൽനിന്നുംവരുന്ന മുന്നറിയിപ്പുകളും ഇൻകോയിസ് വഴി മത്സ്യത്തൊഴിലാളികൾക്ക് കൈമാറുന്നു. ഇതുകൂടാതെ തീരദേശ ജില്ലകളിൽ മൈക്ക് അനൗൺസ്മെന്റ് വഴിയും തീരദേശ ആരാധനാലയങ്ങൾ, മത്സ്യത്തൊഴിലാളികളുടെ വാട്സ്ആപ് ഗ്രൂപ്പുകൾ, എഫ്.എം. റേഡിയോകൾ, തീരദേശ ജാഗ്രത സമിതികൾ എന്നിവ വഴിയും മത്സ്യത്തൊഴിലാളികളിലേയ്ക്ക് അപകട മുന്നറിയിപ്പുകൾ എത്തിച്ച് നൽകുന്നുണ്ട്.

**മുതലപ്പൊഴി പുലിമുട്ട് നിർമ്മാണത്തിലെ അപാകത**

385(1225) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതലപ്പൊഴിയിൽ പുലിമുട്ട് നിർമ്മാണത്തിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിനായി പുലിമുട്ട് നിർമ്മാണത്തിനുൾപ്പെടെ ആകെ 23,61,97,584/- രൂപ ചെലവായിട്ടുണ്ട്.

(ബി) പുലിമുട്ട് നിർമ്മാണത്തിലെ അപാകത മുതലപ്പൊഴിയിൽ അപകടങ്ങൾക്ക് കാരണമാകുന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

മുതലപ്പൊഴി മത്സ്യബന്ധന തുറമുഖ പ്രദേശത്ത് അടിക്കടി അപകടം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 22-10-2022-ലെ സ.ഉ. (സാധാ)നം.660/2022/മ.തു.വ. പ്രകാരം ടി വിഷയം പരിശോധിച്ച് പരിഹാര നടപടികൾ നിർദ്ദേശിക്കുന്നതിന് പൂനെ ആസ്ഥാനമായുള്ള സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷനെ (CWPRS) മുമ്പ് തന്നെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. അതിന്റെ അടിസ്ഥാനത്തിൽ CWPRS ഉദ്യോഗസ്ഥർ 03-11-2022-ന് ഹാർബർ സന്ദർശിച്ച് പരിശോധന

നടത്തുകയും പഠനം നടത്തുന്നതിനുള്ള തുകയായി 53,79,230/- രൂപയുടെ എസ്റ്റിമേറ്റ് 27-12-2022-ന് സമർപ്പിക്കുകയും ചെയ്തു. പഠനം നടത്തുന്നതിന് ആദ്യഘട്ടമായി 12 ലക്ഷം രൂപയും പിന്നീട് 25.454 ലക്ഷം രൂപയും (ആകെ 37.454 ലക്ഷം) 22-06-2023 വരെ CWPRS-ന് നൽകിയിട്ടുണ്ട്. പഠനം നടത്തുന്നതിനായി Current, tide, river discharge തുടങ്ങിയ ഫീൽഡ് ഡാറ്റ CWPRS ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഡാറ്റ ശേഖരിക്കുന്നതിനുള്ള പ്രവൃത്തിക്കായി 32 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് 03-04-2023-ന് ഭരണാനുമതി നൽകിയിട്ടുണ്ട്. മഴക്കാലത്തിന് ശേഷമുള്ള ഡേറ്റകൂടി ശേഖരിച്ച് ഇനി CWPRS-ന് നൽകേണ്ടതായുണ്ട്. മഴക്കാലത്തിനുശേഷം 2023 സെപ്റ്റംബർ മാസത്തോടെ പ്രസ്തുത ഡാറ്റ ശേഖരിച്ച് നൽകുന്നതാണ്. ഡാറ്റാ ശേഖരണം വിലയിരുത്തുന്നതിന് 12-08-2023-ന് CWPRS വിദഗ്ദ്ധർ മുതലപ്പൊഴി നേരിൽ സന്ദർശിക്കുന്നുണ്ട്. 2023 ഡിസംബർ മാസത്തിൽ CWPRS -ൽനിന്നും അന്തിമ റിപ്പോർട്ട് ലഭിക്കും.

റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ പരിഹാര നടപടികൾ സമയബന്ധിതമായി സ്വീകരിക്കുന്നതാണ്.

## പൊഴിയൂർ മത്സ്യബന്ധന തുറമുഖ നിർമ്മാണം

386(1226) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പൊഴിയൂർ മത്സ്യബന്ധന തുറമുഖത്തിന്റെ ഡി.പി.ആർ. പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പൊഴിയൂർ മത്സ്യബന്ധന തുറമുഖത്തിന്റെ ഡി.പി.ആർ. പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) എത്ര കോടി രൂപയുടെ ഡി.പി.ആർ. ആണ് തയ്യാറാക്കിയതെന്ന് വിശദമാക്കാമോ?

343 കോടി രൂപയുടെ ഡി.പി.ആർ. ആണ് തയ്യാറാക്കിയിട്ടുള്ളത്.

(സി) മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിന് എത്ര ഏക്കർ സ്ഥലം വേണ്ടിവരുമെന്ന് വ്യക്തമാക്കുമോ; ടെണ്ടർ നടപടി പൂർത്തീകരിച്ച് എപ്പോൾ തുറമുഖ നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ഏകദേശം 25 ഏക്കർ സർക്കാർ പുറമ്പോക്ക് - സ്ഥലം പൊഴിയൂരിൽ ലഭ്യമാണ്. പ്രസ്തുത സ്ഥലം ഹാർബർ നിർമ്മാണത്തിനായി ഉപയുക്തമാക്കാവുന്നതാണ്. തുറമുഖ നിർമ്മാണത്തിനായി സമർപ്പിച്ച ഡി.പി.ആർ. പരിശോധിച്ചുവരുന്നു.

**ഗുരുവായൂർ മണ്ഡലത്തിലെ ഹാർബർ നവീകരണം**

387(1227) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ കടപ്പുറം പഞ്ചായത്തിലെ ഹാർബർ നവീകരണം സംബന്ധിച്ച് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

(എ&ബി) ഗുരുവായൂർ മണ്ഡലത്തിൽ കടപ്പുറം പഞ്ചായത്തിലെ മുനയ്ക്കക്കടവ് ഫിഷ് ലാൻഡിംഗ് സെന്ററിന്റെ പുനരുദ്ധാരണത്തിനായി പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (PMMSY) പദ്ധതിയിൽ

ഉൾപ്പെടുത്തുന്നതിനായി 11.06 കോടി രൂപയുടെ പദ്ധതിരൂപരേഖ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിച്ചുവരുന്നു.

**മുതലപ്പൊഴി ഹാർബറിലെ അപകടങ്ങൾ ഒഴിവാക്കാൻ നടപടി**

388(1228) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീമതി ഉമ തോമസ്:
ശ്രീ. ടി. ജെ. വിനോദ്:താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതലപ്പൊഴി ഹാർബർ നിർമ്മാണത്തിലെ അപാകതകൾമൂലം ഹാർബറിൽ അപകടങ്ങൾ നിത്യ സംഭവമാകുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) ഹാർബറിന്റെ അശാസ്ത്രീയമായ നിർമ്മാണംമൂലം കഴിഞ്ഞ എട്ടു വർഷങ്ങളിലായി 68-ഓളം മത്സ്യത്തൊഴിലാളികൾ മരണപ്പെട്ടിട്ടുണ്ടെന്ന വസ്തുത ഗൗരവമായി കാണുന്നുണ്ടോ?

(എ & ബി) മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തുണ്ടാകുന്ന അപകടങ്ങൾ വളരെ ഗൗരവത്തോടെയാണ് കാണുന്നത്. നിയമപ്രകാരമുള്ള കാലാവസ്ഥ മുന്നറിയിപ്പുകൾ അവഗണിച്ച് കടലിൽ പോകുന്നതും അപകടത്തിന് കാരണമാകുന്നുണ്ട്.

കഴിഞ്ഞ 8 വർഷങ്ങളിലായി (2016-2023) മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തുനിന്നും മത്സ്യബന്ധനത്തിന് പോയ 44 പേർ അഴിമുഖത്തും കടലിന്റെ വിവിധ ഭാഗങ്ങളിലുമായി മരണപ്പെട്ടിട്ടുണ്ട്. മേൽ കാലയളവിൽ മുതലപ്പൊഴി ഹാർബറിന്റെ അഴിമുഖത്തുനടന്ന അപകടങ്ങളിൽ 20 പേരാണ് മരണപ്പെട്ടത്.

(സി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) ഹാർബറിൽ രൂപപ്പെട്ടിരിക്കുന്ന മണൽതിട്ടകൾ ഡ്രഡ്ജ് ചെയ്ത് നീക്കി മത്സ്യബന്ധന ബോട്ടുകളുടെ സഞ്ചാരം സുഗമമാക്കാനും അപകടങ്ങൾ ഒഴിവാക്കാനും അടിയന്തര നടപടി സ്വീകരിക്കുമോ? വ്യക്തമാക്കുമോ?

(സി & ഡി) മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിലെ അപായം ഒഴിവാക്കുന്നതിനും മത്സ്യബന്ധനയാനങ്ങളുടെ സുഗമമായ സഞ്ചാരം ഉറപ്പാക്കുന്നതിനും സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്+.

**മുതലപൊഴി കടൽത്തീരത്ത് മണൽതിട്ടകൾ ഡ്രഡ്ജ് ചെയ്ത് നീക്കാൻ നടപടി**

389(1229) ശ്രീ. അൻവർ സാദത്ത്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. എം. വിൻസെന്റ്:താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതലപ്പൊഴി ഹാർബറിൽ രൂപപ്പെട്ടിരിക്കുന്ന മണൽതിട്ടകൾ ഡ്രഡ്ജ് ചെയ്ത് നീക്കി മൗത്തിലെയും ചാനലിലെയും ആഴം കൂട്ടാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്കായി അദാനി കമ്പനിയെ ചുമതലപ്പെടുത്തിയിരുന്നോയെന്നും ഈ ജോലി നിർവ്വഹിക്കാൻ അവർക്ക് സാധിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) മുതലപ്പൊഴി കടൽത്തീരത്ത് ഹാർബർ നിർമ്മാണത്തിനായി പാറ ശേഖരിച്ച് കടൽമാർഗ്ഗം കൊണ്ടുപോകാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്താൻ അദാനി കമ്പനിക്ക് അനുവാദം നൽകിയിരുന്നോ എന്നും ഇതിനായി പുലിമുട്ട് പൊളിച്ചുനീക്കിയിരുന്നോ എന്നും വ്യക്തമാക്കാമോ?

(എ-സി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിനുള്ള കല്ലുകൾ ബാർജിൽ കയറ്റി കടൽമാർഗ്ഗം കൊണ്ടുപോകുന്നതിനായി മുതലപ്പൊഴി ഹാർബറിന്റെ തെക്കേ പുലിമുട്ട് 170 മീറ്റർ നീളത്തിൽ പൊളിച്ച് ലോഡ് ഔട്ട് ഫെസിലിറ്റി നിർമ്മിക്കുന്നതിന് 2018 - 2019 കാലയളവിൽ M/s. അദാനി പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് (AVPPL)-ന് അനുമതി നൽകിയിരുന്നു. ഇതിനായി M/s. അദാനി പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പും ഏർപ്പെട്ട ധാരണാപത്ര പ്രകാരം മുതലപ്പൊഴി ഹാർബറിലെ മൗത്തിലും ചാനലിലും 5 മീറ്ററും ഹാർബർ ബേസിനിൽ 3 മീറ്ററും ആഴം ഉറപ്പാക്കണമെന്നും ബ്രേക്ക് വാട്ടറിന് എന്തെങ്കിലും കേടുപാടുകൾ സംഭവിച്ചാൽ അത് പരിഹരിക്കണമെന്നും ഗൈഡ് ലൈറ്റ്, ബോയെ എന്നിവ സ്ഥാപിക്കണമെന്നും വ്യവസ്ഥ

ചെയ്തിരുന്നു. ഇതിൻപ്രകാരം 2021 സെപ്റ്റംബർ അവസാനം വരെ ധാരണപത്രം പ്രകാരം M/s. അദാനി പോർട്ട്സ് ഡ്രഡ്ജിംഗ് നടത്തിയിട്ടുണ്ട്.

2021 വർഷത്തെ ടൗട്ടേ ചുഴലിക്കാറ്റ്, 2022 വർഷത്തെ മൺസൂൺ എന്നിവമൂലം മുതലപ്പൊഴി ഫിഷിംഗ് ഹാർബറിലെ തെക്കേ പുലിമുട്ടിന്റെ ഹെഡ് തകരുകയും ടെട്രാപോഡുകൾക്ക് സ്ഥാനഭ്രംശം സംഭവിച്ച് പ്രവേശന കവാടത്തിലും ചാനലിലും ചിതറി വീഴുകയുമുണ്ടായി. മുതലപ്പൊഴി മത്സ്യബന്ധന തുറമുഖ പ്രദേശത്ത് അടിക്കടി അപകടമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 22-10-2022-ലെ സ.ഉ.(സാധാ) നം. 660/2022/മ.തു.വ പ്രകാരം ടി വിഷയം പരിശോധിച്ച് പരിഹാര നടപടികൾ നിർദ്ദേശിക്കുന്നതിന് പൂനെ ആസ്ഥാനമായുള്ള സെൻട്രൽ വാട്ടർ ആൻഡ് പവ്വർ റിസർച്ച് സ്റ്റേഷനെ (CWPRS) മുമ്പ് തന്നെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. അതിന്റെ അടിസ്ഥാനത്തിൽ CWPRS ഉദ്യോഗസ്ഥർ 03-11-2022-ന് ഹാർബർ സന്ദർശിച്ച് പരിശോധന നടത്തുകയും പഠനം നടത്തുന്നതിനുള്ള തുകയായി 53,79,230/- രൂപയുടെ എസ്റ്റിമേറ്റ് 27-12-2022-ന് സമർപ്പിക്കുകയും ചെയ്തു. പഠനം നടത്തുന്നതിന്

ആദ്യഘട്ടമായി 12 ലക്ഷം രൂപയും പിന്നീട് 25.454 ലക്ഷം രൂപയും (ആകെ 37.454 ലക്ഷം) 22-06-2023 വരെ CWPRS-ന് നൽകിയിട്ടുണ്ട്. പഠനം നടത്തുന്നതിനായി Current, tide, river discharge തുടങ്ങിയ ഫീൽഡ് ഡാറ്റ CWPRS ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഡാറ്റ ശേഖരിക്കുന്നതിനുള്ള പ്രവൃത്തിക്കായി 32 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് 03-04-2023-ന് ഭരണാനുമതി നൽകിയിട്ടുണ്ട്. മഴക്കാലത്തിന് ശേഷമുള്ള ഡാറ്റ കൂടി ശേഖരിച്ച് ഇനി CWPRS-ന് നൽകേണ്ടതായിട്ടുണ്ട്. മഴക്കാലത്തിനുശേഷം 2023 സെപ്റ്റംബർ മാസത്തോടെ പ്രസ്തുത ഡാറ്റ ശേഖരിച്ച് നൽകുന്നതാണ്. ഡാറ്റാ ശേഖരണം വിലയിരുത്തുന്നതിന് 12-08-2023-ന് CWPRS വിദഗ്ദ്ധർ മുതലപ്പൊഴി നേരിൽ സന്ദർശിക്കുന്നുണ്ട്. 2023 ഡിസംബർ മാസത്തിൽ CWPRS-ൽ നിന്നും അന്തിമ റിപ്പോർട്ട് ലഭിക്കും.

കാലവർഷത്തിനുമുമ്പ് പൊഴി ഭാഗത്ത് മണ്ണടിയുന്നതാണ് അഴിമുഖത്ത് അപകടങ്ങളുണ്ടാകാനുള്ള പ്രധാനപ്പെട്ട കാരണം. അപകട സാധ്യത മുന്നിൽ കണ്ട് പൊഴിയിൽ ചിതറി കിടക്കുന്ന കല്ലുകൾ നീക്കം ചെയ്യുന്നതിന് നിരവധി തവണ M/s. അദാനി പോർട്ട്സിന് നിർദേശം നൽകിയിരുന്നു.

തുടർന്ന് 31-03-2023-ന് ഓൺലൈനിൽ ചേർന്ന യോഗത്തിൽ, നിലവിലെ സാഹചര്യത്തിൽ പ്രവൃത്തി ഏർപ്പാടാക്കാൻ സാധിക്കില്ലെന്നും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എസ്റ്റിമേറ്റ് എടുത്ത് പ്രവൃത്തി ഏർപ്പാടാക്കുകയാണെങ്കിൽ ചെലവിന്റെ 50 ശതമാനം വഹിക്കാമെന്നും M/s അദാനി പോർട്ട് അറിയിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ 11-04-2023-ന് ചീഫ് എഞ്ചിനീയർ 86 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്തു. എന്നാൽ പ്രവൃത്തി ഏർപ്പാടാക്കുന്നതിനുള്ള കരാറിലേർപ്പെടാൻ ദർഘാസുകാരൻ വിസമ്മതിച്ചതിനാൽ ദർഘാസുകാരന് നോട്ടീസ് നൽകി. ഇതിനെതിരെ കരാറുകാരൻ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയെ സമീപിക്കുകയും നോട്ടീസ് പ്രകാരം ടിയാനെതിരെയുള്ള നടപടികൾ 04-11-2023 വരെ വിലക്കി കോടതി ഉത്തരവാകുകയും ചെയ്തു.

കഴിഞ്ഞ ഒരു വർഷമായി അഴിമുഖത്തും ചാനലിലും അദാനി പോർട്ട്സ് ധാരണാപത്രം പ്രകാരമുള്ള ഡ്രഡ്ജിംഗ് നടത്തിയിട്ടില്ല. എന്നാൽ 2023 മേയ് മാസത്തിലും ജൂൺ ആദ്യ വാരവും അടിഞ്ഞുകൂടിയ മണ്ണ് കരയിൽനിന്നും എസ്കവേറ്റർ ഉപയോഗിച്ച് നീക്കം ചെയ്തിട്ടുണ്ട്. മത്സ്യബന്ധന തുറമുഖം

അപകടരഹിതമാക്കുന്നതിന് ബഹു. പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി, ബഹു. മത്സ്യബന്ധന വകുപ്പുമന്ത്രി, ബഹു. ഗതാഗത വകുപ്പുമന്ത്രി, ബഹു. വർക്കല നിയോജകമണ്ഡലം എം.എൽ.എ. എന്നിവരുടെ സാന്നിദ്ധ്യത്തിൽ 31-07-2023-ന് ചേർന്ന യോഗത്തിലെ തീരുമാനങ്ങളും സ്വീകരിച്ച നടപടികളും അനുബന്ധമായി ചേർക്കുന്നു+.

**കുണ്ടറ മണ്ഡലത്തിലെ ഫിഷറീസ് റോഡുകളുടെ പ്രവർത്തന പുരോഗതി**

390(1230) ശ്രീ. പി. സി. വിഷ്ണുനാഥ്:താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ മേൽനോട്ടത്തിൽ, കുണ്ടറ മണ്ഡലത്തിൽ നടന്നുവരുന്ന ഫിഷറീസ് റോഡുകളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**മുതലപ്പൊഴി അഴിമുഖത്ത് തീരം കുറഞ്ഞുവരുന്ന സാഹചര്യം**

391(1231) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സണ്ണി ജോസഫ്:താഴെ കാണുന്ന ചോദ്യങ്ങൾക്ക് ത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാർബർ നിർമ്മാണത്തിലെ അപാകതകൾ കാരണം മുതലപ്പൊഴിയിൽ തീരം കുറഞ്ഞുവരുന്ന അതീവ ഗുരുതരസാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അഞ്ചുതെങ്ങ് തീരപ്രദേശം മുഴുവനും കടലിന്റെ അടിത്തട്ടിൽ അമരാനുള്ള സാധ്യത വിദൂരമല്ലെന്ന ശാസ്ത്രീയ പഠന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(എ & ബി) മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ വടക്ക് ഭാഗത്ത് തീരശോഷണം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തുറമുഖത്തിന്റെ വടക്ക് ഭാഗത്ത് തീരം സംരക്ഷിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ തുറമുഖത്തിന്റെ വടക്ക്

ഭാഗത്ത് രണ്ട് കിലോമീറ്റർ തീരം സംരക്ഷിക്കുന്നതിന് 10 ചെറിയ പുലിമുട്ടുകൾ നിർമ്മിക്കുന്നതിനായി കിഫ്ബിയിലുൾപ്പെടുത്തി ₹26.51 കോടിയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി നടത്തുന്നതിന് ദർഘാസ് ക്ഷണിച്ച് 07-01-2023-ൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഹാർബറിന്റെ തെക്ക് ഭാഗത്ത് അടിഞ്ഞുകൂടിയ മണ്ണ് സാൻഡ് ബൈപാസിംഗ് വഴി വടക്ക് ഭാഗത്ത് നിക്ഷേപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിലെ തെക്കേ പുലിമുട്ടിന്റെ ഭാഗത്ത് അടിയുന്ന മണ്ണ് നീക്കം ചെയ്യുന്നതിനുള്ള സ്ഥിര സംവിധാനം ഒരുക്കുന്നതിന് സാൻഡ് ബൈപ്പാസിംഗിനായി 31-07-2023-ന് ചീഫ് എഞ്ചിനീയർ സമർപ്പിച്ച 11.00 കോടി രൂപയുടെ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. ഇതിനുള്ള പരിസ്ഥിതി ആഘാത പഠനം പൂർത്തിയാക്കിയിട്ടുണ്ട്. അടിയന്തര പരിഹാരം എന്ന നിലയിൽ തെക്കേ പുലിമുട്ടിന്റെ ഭാഗത്ത് അടിഞ്ഞുകൂടുന്ന മണൽ തുറമുഖത്തിന്റെ വടക്ക്

ഭാഗത്തേയ്ക്ക് ലോറിയിൽ കൊണ്ടുപോയി നിക്ഷേപിക്കുന്നതിനായി ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി അടിയന്തരമായി ഏർപ്പാടാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**അഴീക്കോട് നീർകടവിൽ മിനി ഫിഷ് ലാന്റിംഗ് സെന്റർ**

392(1232) ശ്രീ. കെ. വി. സുമേഷ്:താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് നീർകടവിൽ മിനി ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ബീച്ചിന്റെ ഘടനയെക്കുറിച്ചുള്ള പ്രാഥമിക പഠനം പൂർത്തിയായിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി വേഗത്തിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

(എ & ബി) അഴീക്കോട് നീർക്കടവിൽ മിനി ഫിഷ് ലാൻഡിംഗ് സെന്റർ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ബീച്ചിന്റെ ഘടനയെക്കുറിച്ചുള്ള പഠനത്തിനായി ടെണ്ടർ ക്ഷണിച്ച് കരാറുകാരന് സെലക്ഷൻ നോട്ടീസ്

നൽകിയിട്ടുണ്ട്. പഠനത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ വേഗത്തിലാക്കുന്നതാണ്.

**മുതലപ്പൊഴിയിൽ മണൽ നീക്കം ചെയ്യുന്നതിന് സ്ഥിര സംവിധാനം**

393(1233) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്നചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതലപ്പൊഴിയിൽ മണൽ അടിഞ്ഞുകൂടുന്നത് അപകടസാധ്യത വർദ്ധിപ്പിക്കുന്നതിനാൽ, മണൽ നീക്കം ചെയ്യുന്നതിന് സ്ഥിര സംവിധാനം ഏർപ്പെടുത്താൻ തയ്യാറാകുമോ; ഇതിനായി പ്രത്യേക പദ്ധതി ആവിഷ്കരിക്കുമോ; വിശദമാക്കാമോ?

മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിലെ തെക്കേ പുലിമുട്ടിലെ തെക്ക് ഭാഗത്ത് അടിഞ്ഞുകൂടുന്ന മണ്ണ് വടക്കേ പുലിമുട്ടിലെ വടക്കുഭാഗത്ത് നിക്ഷേപിക്കുന്നതിന് സ്ഥിര സംവിധാനം ഒരുക്കുന്നതിന് സാന്റ് ബൈപ്പാസിംഗിനുള്ള 11 കോടി രൂപയുടെ, 31-07-2023-ൽ ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. ആയതിന് വേണ്ടിയുള്ള പരിസ്ഥിതി ആഘാതപഠനം പൂർത്തിയാക്കിയിട്ടുണ്ട്. അടിഞ്ഞ്

കൂടുന്ന മണൽ നീക്കുന്നതിന് അടിയന്തര പരിഹാരം എന്ന നിലയിൽ തുറമുഖത്തിന്റെ തെക്ക് ഭാഗത്തെ മണ്ണ് ലോറിയിൽ വടക്ക് ഭാഗത്ത് കൊണ്ടുപോയി നിക്ഷേപിക്കുന്നതിനായി ഒരു കോടി രൂപയുടെ എസ്റ്റിമേറ്റിന് 1-8-2023-ന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി ഏർപ്പാടാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) മുതലപ്പൊഴിയിൽ അപകടങ്ങളിൽ മരണപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് നൽകിയ നഷ്ടപരിഹാരം എത്രയാണെന്ന് വിശദമാക്കുമോ?

മുതലപ്പൊഴി അപകടവുമായി ബന്ധപ്പെട്ട് മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ആകെ 73,60,000/-രൂപ ഇൻഷ്വറൻസ് ധനസഹായം, അടിയന്തര ധനസഹായം എന്നീ ഇനങ്ങളിൽ വിതരണം ചെയ്തിട്ടുണ്ട്.

(സി) കൂടുതൽ നഷ്ടപരിഹാരം അനുവദിക്കുന്നതിനും കുടുംബങ്ങളുടെ സംരക്ഷണത്തിന് പ്രത്യേക പദ്ധതി ആവിഷ്കരിക്കുന്നതിനുമായി നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

പരിശോധിച്ചുവരുന്നു.

**മുതലപ്പൊഴിയിൽ അപ്രോച്ച് ചാനലിൽ അടിഞ്ഞുകൂടിയ കല്ലും മണലും**

394(1234) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതലപ്പൊഴിയിൽ അപ്രോച്ച് ചാനലിൽ അടിഞ്ഞുകൂടിയ കല്ലും മണലും നീക്കി ആഴം കൂട്ടുന്നതിനുള്ള കരാർ നൽകിയിട്ടുള്ളത് ഏത് കമ്പനിക്കാണ്; പ്രസ്തുത പ്രവൃത്തി ആരംഭിക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിന് കല്ലുകൾ ബാർജ് ഉപയോഗിച്ച് കടൽമാർഗ്ഗം കൊണ്ടുപോകുന്നതിനായി മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ തെക്കേ പുലിമുട്ട് പൊളിച്ച് ലോഡ് ഔട്ട് ഫെസിലിറ്റി നിർമ്മിക്കുന്നതിന്റെ ഭാഗമായി M/s അദാനി പോർട്ടുമായി ഉണ്ടാക്കിയ ധാരണാപത്ര പ്രകാരം ഹാർബറിലെ അഴിമുഖത്തും ചാനലിലും ആഴം നിലനിർത്തേണ്ടത് M/s അദാനി പോർട്ടിന്റെ ചുമതലയാണ്. എന്നാൽ നിരവധി തവണ മീറ്റിംഗുകൾ നടത്തുകയും കത്തുകൾ നൽകുകയും

ചെയ്തെങ്കിലും മെസ്സേഴ്സ് അദാനി ടി പ്രവൃത്തി പൂർണ്ണമായും ചെയ്യാതിരുന്ന സാഹചര്യത്തിൽ 2023 മൺസൂൺ കാലയളവിൽ അഴിമുഖത്ത് അപകട സാധ്യത മുന്നിൽ കണ്ട് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് 86 ലക്ഷം രൂപ ഭരണാനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്തു. ഈ ടെണ്ടറിൽ കുറഞ്ഞ തുക രേഖപ്പെടുത്തിയ ദർഘാസുകാരൻ പ്രതികൂല കാലാവസ്ഥയിൽ മുതലപ്പൊഴിയിൽ ടി പ്രവൃത്തി ഏർപ്പാടാക്കുന്നതിന് കഴിയില്ലെന്ന് കാണിച്ച് ഹൈക്കോടതിയിൽ ഹർജി ഫയൽ ചെയ്യുകയും സ്റ്റേ വാങ്ങുകയും ചെയ്തു. ആയതിനാൽ പ്രവൃത്തി നടപ്പാക്കാൻ കഴിഞ്ഞില്ല.

(ബി) പ്രസ്തുത മേഖലയിൽ അപകടങ്ങൾ തുടർക്കഥയാകുന്ന സാഹചര്യത്തിൽ ഈ പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ?

മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ M/s അദാനി പോർട്ടുമായി വിവിധ തീയതികളിലായി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ ലോംഗ് ബൂം ക്രെയിൻ, ലോംഗ് ബൂം എസ്കവേറ്റർ എന്നിവ ഉപയോഗിച്ച് ചിതറികിടക്കുന്ന കല്ലുകൾ അഴിമുഖത്തുനിന്നും മാറ്റുന്നതിനും കാലാവസ്ഥ അനുകൂലമാകുന്ന

സമയത്ത് ഡ്രഡ്ജർ കൊണ്ടുവന്ന് അഴിമുഖവും ചാനലും ഡ്രഡ്ജ് ചെയ്യുന്നതിനും ധാരണയായിട്ടുണ്ട്. 02-08-2023 മുതൽ മുതലപ്പൊഴിയിൽ അഴിമുഖത്തും ചാനലിലും ചിതറികിടക്കുന്ന കല്ലുകൾ ക്രെയിൻ ഉപയോഗിച്ച് നീക്കം ചെയ്തുതുടങ്ങിയിട്ടുണ്ട്.

**കൊല്ലം മണ്ഡലത്തിലെ തീരദേശ റോഡുകളുടെ നവീകരണം**

395(1235) **ശ്രീ. എം. മുകേഷ്:** താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊല്ലം നിയോജകമണ്ഡല പരിധിയിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് കീഴിൽ തീരദേശ റോഡുകളുടെ നവീകരണ പദ്ധതിപ്രകാരം ഭരണാനുമതി ലഭിച്ചതും നടപ്പാക്കിവരുന്നതുമായ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**നൂതന സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി മത്സ്യബന്ധന മേഖലയെ ആധുനികവത്കരിക്കുന്നതിന് നടപടി**

396(1236) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യമേഖലയിൽ ഗവേഷണങ്ങൾ നടത്തുന്നതിനായി മറ്റ് യൂണിവേഴ്സിറ്റികളുടെ പങ്കാളിത്തത്തോടെ കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസിന് പദ്ധതിയുണ്ടോ; എങ്കിൽ വിശദമാക്കുമോ?

മത്സ്യമേഖലയിൽ ഗവേഷണങ്ങൾ നടത്തുന്നതിനായി അനുബന്ധമായി ചേർത്തിരിക്കുന്ന+ അന്തർദേശീയ യൂണിവേഴ്സിറ്റികളുമായി കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ് ധാരണാ പത്രങ്ങൾ ഒപ്പിട്ടിട്ടുണ്ട്.

കുഫോസിലെ വിവിധ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ നോർവേയിൽ ഉന്നത ഗവേഷണ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കയച്ച്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അവർക്ക് ലോകോത്തരമായ ലാബിലും മറ്റു പശ്ചാത്തല സൗകര്യങ്ങളിലും ഗവേഷണം നടത്തുവാനുമുള്ള ശ്രമങ്ങൾ തുടങ്ങിക്കഴിഞ്ഞു.

**(ബി) മറ്റ് രാജ്യങ്ങളിലെ നൂതന സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി മത്സ്യബന്ധന മേഖലയെ ആധുനികവത്കരിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?**

ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഉന്നതതല സംഘം 'നോർവെ'യിലേയ്ക്ക് നടത്തിയ സന്ദർശനത്തെ അടിസ്ഥാനമാക്കി അവിടെയുള്ള വിവിധ സർവകലാശാലകളുമായും ഗവേഷണ സ്ഥാപനങ്ങളുമായും സഹകരിക്കാൻ ധാരണയായിട്ടുണ്ട്. നൂതനമായ സാങ്കേതികവിദ്യകൾ കേരളത്തിന് കൈമാറുന്നതിനും അതുമായി ബന്ധപ്പെട്ട് അക്കാദമികതലത്തിലുള്ള സഹകരണങ്ങൾ നടത്തുവാനും സന്നദ്ധത അറിയിച്ചിട്ടുണ്ട്. നോർവേയിലെ ഐ.എം.ആർ., നോർഡ് യൂണിവേഴ്സിറ്റി, നാൻസെൻ റിസർച്ച് സെന്റർ, നോഫിമ, ബെർജൻ യൂണിവേഴ്സിറ്റി തുടങ്ങിയ സ്ഥാപനങ്ങളുമായും സർവകലാശാലകളുമായും ബന്ധപ്പെടുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് നോഡൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. ടി നോഡൽ

ഓഫീസർമാർ കേരളത്തിലെ മത്സ്യ-സമുദ്ര മേഖലയുടെ ഉന്നമനത്തിനായി മേൽപ്പറഞ്ഞ സ്ഥാപനങ്ങളുമായി നിരന്തരം സമ്പർക്കത്തിൽ ഏർപ്പെടുന്നതുമാകുന്നു. കൂടാതെ വിയറ്റ്നാം, ഇറ്റലി, ജർമ്മനി തുടങ്ങിയ വിദേശ രാജ്യങ്ങളുമായും മത്സ്യ-സമുദ്ര രംഗത്തെ നൂതന സാങ്കേതിക വിദ്യകൾക്കായി സഹകരണം ലക്ഷ്യമിടുന്നുണ്ട്.

കഴിഞ്ഞ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ നോർവെയുമായി വിവിധ തരത്തിലുള്ള സഹകരണം ഉറപ്പുവരുത്തുന്നതിനുവേണ്ടി തുക പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിൽ സമുദ്ര ജല കൂടുകൃഷിക്കും, സീ ഫുഡ് പാർക്കിനും പുറമെ അക്കാദമിക് എക്സ്ചേഞ്ചിനുമായി കേരളത്തിലെ മത്സ്യമേഖലയിൽ ഉൾപ്പെടുന്ന മുഴുവൻ സംഘടനകളെയും ഉപജീവനാർത്ഥികളെയും ഉൾപ്പെടുത്തിക്കൊണ്ട് 'കേരള ഫിഷറീസ് ഇന്നോവേഷൻ കൗൺസിൽ' (എഫ്.ഐ.സി.കെ.) രൂപീകരിക്കാൻ ഉദ്ദേശിക്കുന്നു.

**മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് എൻട്രൻസ് പരിശീലന സെന്റർ**

397(1237) <u>ശ്രീ. എൻ. കെ. അക്ബർ</u>:താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മെഡിക്കൽ, എഞ്ചിനീയറിംഗ് എൻട്രൻസ് പരിശീലനത്തിനായി സംസ്ഥാന സർക്കാർ അംഗീകരിച്ച എത്ര സെന്ററുകളാണ് പ്രവർത്തിച്ചുവരുന്നത്; വിശദവിവരം ലഭ്യമാക്കാമോ?

മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മെഡിക്കൽ, എഞ്ചിനീയറിംഗ് എൻട്രൻസ് പരിശീലനത്തിനായി ഓരോ സാമ്പത്തിക വർഷവും താൽപര്യപത്രം ക്ഷണിച്ച് സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്. 2022-23 വർഷത്തെ മെഡിക്കൽ എൻട്രൻസ് പരിശീലനത്തിനായി തെരഞ്ഞെടുത്തിരുന്ന സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

1) ബ്രില്ല്യന്റ്സ് സ്റ്റഡി സെന്റർ, പാല, കോട്ടയം

2) ആൽഫ എൻട്രൻസ് അക്കാദമി, ആലപ്പുഴ

3)സ്പാർക് എഡ്യൂക്കേഷൻ, ചേർത്തല, ആലപ്പുഴ

4) ക്രൈസ്റ്റ് കോളേജ്, ആലപ്പുഴ

2023-24 വർഷത്തെ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പരിശീലനത്തിനായി 2016 മുതൽ 2023 വരെ എത്ര തുകയാണ് ചെലവഴിച്ചതെന്ന് വിശദമാക്കാമോ?

മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ് പരിശീലനത്തിനായി 2016 മുതൽ 2023 വരെ ആകെ 4,84,18,745/- രൂപ (നാല് കോടി എൺപത്തിനാല് ലക്ഷത്തി പതിനെണ്ണായിരത്തി എഴുനൂറ്റി നാല്പത്തിഅഞ്ച് രൂപ) ചെലവഴിച്ചിട്ടുണ്ട്.

**കേരളാ സാംസ്കാരിക ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിക്കാൻ നടപടി**

398(1238) ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതൊക്കെ സ്ഥാപനങ്ങളിലാണ് കലാപഠന കോഴ്സ് സൗകര്യങ്ങൾ നിലവിലുള്ളതെന്ന് വിശദമാക്കാമോ?

സാംസ്കാരികകാര്യ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ചെറുതുരുത്തി കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല, കണ്ണൂർ കേരള ഫോക് ലോർ അക്കാദമി, കൊണ്ടോട്ടി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി, തിരുവനന്തപുരം ഗുരു ഗോപിനാഥ് നടനഗ്രാമം, ഇരിങ്ങാലക്കുട ഉണ്ണായിവാര്യർ സ്മാരക നിലയം, ആറന്മുള വാസ്തുവിദ്യാ ഗുരുകുലം, ലക്കിടി കുഞ്ചൻ നമ്പ്യാർ സ്മാരകം, അമ്പലപ്പുഴ കുഞ്ചൻ നമ്പ്യാർ സ്മാരകം, തിരുവനന്തപുരം മാർഗി മുതലായ സ്ഥാപനങ്ങളിൽ കലാപഠന കോഴ്സ് സൗകര്യങ്ങൾ നിലവിലുണ്ട്.

(ബി) നാടൻകലകൾ കോഴ്സായി പഠിപ്പിക്കുന്ന ഏതൊക്കെ സ്ഥാപനങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ?

കണ്ണൂർ ജില്ലയിൽ പ്രവർത്തിക്കുന്ന കേരള ഫോക് ലോർ അക്കാദമിയുടെ കോട്ടയം വെള്ളാവൂർ സബ് സെന്ററിൽ നാടൻപാട്ട് പരിശീലന ക്ലാസ്സ് നടത്തിവരുന്നുണ്ട്.

(സി) ശാസ്ത്രീയകലകളും നാടൻകലകളും അന്താരാഷ്ട്രതലത്തിൽ സ്വീകാര്യതയുള്ള കോഴ്സുകളാക്കി പഠിപ്പിക്കുന്നതിന് നിലവിൽ എന്തൊക്കെ സംവിധാനങ്ങളാണ് ഉള്ളതെന്ന് വിശദമാക്കാമോ?

കലാ പഠനകോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങളിൽ ലഭ്യമായ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി മികച്ച പരിശീലനമാണ് നൽകിവരുന്നത്.

(ഡി) ശാസ്ത്രീയകലകളും നാടൻകലകളും അന്താരാഷ്ട്രതലത്തിൽ സ്വീകാര്യതയുണ്ടാക്കുന്നതിന് അനുഗുണമാംവിധം അംഗീകൃത കോഴ്സുകൾ നടത്തുന്നതിന് കേരളാ സാംസ്കാരിക ഓപ്പൺ സർവ്വകലാശാല സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കേരള കലാമണ്ഡലം കല്പിത സർവ്വകലാശാലയെ സാംസ്കാരിക സർവ്വകലാശാലയായി ഉയർത്തുന്നത് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കുന്നതിന് കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസ് (കുഫോസ്)-ലെ പരീക്ഷാ കൺട്രോളർ പ്രൊഫ. (ഡോ) കെ. പി. സുഭാഷ് ചന്ദ്രനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

**തോപ്പിൽ ഭാസി സ്മാരക ആഡിറ്റോറിയം നിർമ്മാണം**

399(1239) <u>ശ്രീമതി യു. പ്രതിഭ:</u> താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ കൃഷ്ണപുരം സാംസ്കാരിക കേന്ദ്രത്തിൽ തോപ്പിൽ ഭാസി സ്മാരക ആഡിറ്റോറിയത്തിന്റെ നിർമ്മാണത്തിനായി എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളതെന്നും ഇതിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി എന്തെന്നും വിശദമാക്കാമോ?

കായംകുളം മണ്ഡലത്തിൽ കൃഷ്ണപുരം സാംസ്കാരിക കേന്ദ്രത്തിൽ തോപ്പിൽഭാസി സ്മാരക ആഡിറ്റോറിയ നിർമ്മാണത്തിനായി വാസ്തുവിദ്യാ ഗുരുകുലം തയ്യാറാക്കിയ 2.06 കോടി രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുകയും പ്രാരംഭ പ്രവർത്തനങ്ങൾക്കായി 50 ലക്ഷം രൂപ വാസ്തുവിദ്യാ ഗുരുകുലത്തിന് കൈമാറുകയും ചെയ്തിരുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി അക്രഡിറ്റഡ് ഏജൻസിയായ കേരള സംസ്ഥാന കോസ്റ്റൽ ഏരിയാ ഡെവലപ്മെന്റ് കോർപ്പറേഷനെ ഏൽപ്പിക്കുകയും എസ്റ്റിമേറ്റ് തുകയുടെ 20 ശതമാനമായ 41,23,077/-രൂപ കൈമാറുകയും

ചെയ്തിട്ടുണ്ട്. പ്രസ്തുത സൈറ്റിലെ മണ്ണ് പരിശോധന പൂർത്തീകരിച്ചിട്ടുള്ളതാണ്. ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

## സാംസ്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനം

400(1240) ശ്രീ. പി. നന്ദകുമാർ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. എം. മുകേഷ്:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ഗ്രാന്റോടെ പ്രവർത്തിക്കുന്ന സാംസ്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയത്തിന് കീഴിൽ ആവർത്തന/ വാർഷിക ഗ്രാന്റ് ലഭിക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനം അവലോകന യോഗം ചേർന്ന് വിലയിരുത്താറുണ്ട്. 2023-24 സാമ്പത്തിക വർഷം അവലോകന യോഗം ചേർന്ന് ഓരോ സ്ഥാപനങ്ങളുടെയും പ്രവർത്തനം വിലയിരുത്തുകയും ടി സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും

തനത് ഫണ്ട് വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ആയതുപ്രകാരം ടി സ്ഥാപനങ്ങൾ പ്രൊപ്പോസലുകൾ സമർപ്പിച്ചുവരുന്നുണ്ട്.

(ബി) കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ സാംസ്കാരിക സ്ഥാപനങ്ങൾക്ക് ഗ്രാന്റായി എന്തു തുക അനുവദിച്ചിട്ടുണ്ട്; ബഡ്ജറ്റ് പ്രകാരം നീക്കിവച്ച തുകയിൽ ഈ വർഷത്തെ തുക നൽകാനുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+. സ്ഥാപനങ്ങൾ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്കാണ് സർക്കാർ ഗ്രാന്റ് അനുവദിക്കുന്നത്.

(സി) സർക്കാർ ഗ്രാന്റോടെ പ്രവർത്തിക്കുന്ന സാംസ്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ബഹു. മന്ത്രിതലത്തിലും സെക്രട്ടറിതലത്തിലും അവലോകന യോഗങ്ങൾ ചേരുന്നുണ്ട്. ഇതുകൂടാതെ വിവിധ പദ്ധതികൾക്ക് ഭരണാനുമതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകുന്നതിനായി സെക്രട്ടറിതലത്തിൽ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ ചേരുന്നുണ്ട്. പ്രസ്തുത അവസരങ്ങളിൽ, സ്ഥാപനങ്ങളുടെ പൊതുവായ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഉചിതമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു.

**സാംസ്കാരിക വകുപ്പിനുകീഴിൽ വരുന്ന പാലക്കാട് ജില്ലയിലെ സ്ഥാപനങ്ങൾ**

401(1241) ശ്രീ. കെ. ഡി. പ്രസേനൻ:താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിനുകീഴിൽ പാലക്കാട് ജില്ലയിൽ നിലവിലുള്ള സ്ഥാപനങ്ങൾ/ഓഫീസുകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെ/ഓഫീസുകളുടെ 2022-23 സാമ്പത്തിക വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾ ഏതെല്ലാമാണ്; വിശദാംശം ലഭ്യമാക്കാമോ?

(എ & ബി) പാലക്കാട് ജില്ലയിലെ സാംസ്കാരിക സ്ഥാപനങ്ങളായ കിള്ളിക്കുറിശ്ശി മംഗലം കുഞ്ചൻ നമ്പ്യാർ സ്മാരകം, ഒ. വി. വിജയൻ സ്മാരകം എന്നീ സ്ഥാപനങ്ങളുടെ ഭരണ സമിതിയെ നിശ്ചയിക്കുന്നത് സർക്കാരാണ്.

ഇതിനുപുറമെ ജില്ലയിൽ പ്രവർത്തിക്കുന്ന ഗാന്ധിസേവ സദനം കഥകളി അക്കാദമി, കൊല്ലങ്കോട് മഹാകവി പി സ്മാരകം എന്നീ സ്ഥാപനങ്ങൾക്ക് സർക്കാർ ധനസഹായം നൽകിവരുന്നു. 2022-23 സാമ്പത്തിക വർഷം പാലക്കാട് ജില്ലയിലെ വിവിധ സ്ഥാപനങ്ങൾക്ക് സാംസ്കാരിക വകുപ്പിൽനിന്ന് നൽകിയ ധനസഹായം സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

**ഇന്ദുചൂഡൻ സ്മാരക സാംസ്കാരിക നിലയം**

402(1242) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ നിയോജകമണ്ഡലത്തിൽ കാവശ്ശേരി ഗ്രാമപഞ്ചായത്തിൽ പ്രഖ്യാപിച്ച ഇന്ദുചൂഡൻ സ്മാരക സാംസ്കാരിക നിലയം ഇപ്പോൾ ഏത് ഘട്ടത്തിലാണ് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സാംസ്കാരിക നിലയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളെന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ & ബി) തരൂർ നിയോജകമണ്ഡലത്തിലെ കാവശ്ശേരി ഗ്രാമപഞ്ചായത്തിൽ പ്രഖ്യാപിച്ച ഇന്ദുചൂഡൻ സ്മാരക സാംസ്കാരിക നിലയത്തിനായി 2020-21 സാമ്പത്തിക വർഷം 25 ലക്ഷംരൂപ പദ്ധതി വിഹിതമായി അനുവദിച്ചിരുന്നു. ഈ തുക കാവശ്ശേരി ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പാണ് ഈ സ്മാരക നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നിർവ്വഹിക്കുന്നത്. ആദ്യ ഗഡു ധനസഹായമായി അനുവദിച്ച തുക കൈമാറിയിട്ടുള്ളതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുവാൻ കഴിയുന്നതാണ്.

**ചാലക്കുടിയിൽ കലാഭവൻ മണി സ്മാരക നിർമ്മാണം**

403(1243) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ കലാഭവൻ മണി സ്മാരകം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി പൊതുവിദ്യാഭ്യാസ വകുപ്പിൽനിന്നും 15 സെന്റ് സ്ഥലംകൂടി ലഭ്യമാക്കുന്നതിനുള്ള ശിപാർശ ഫോക് ലോർ അക്കാദമി

സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ടോ; ഇതിന്മേലുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

(എ & ബി) തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്കിൽ കിഴക്കേ ചാലക്കുടി വില്ലേജിൽ 438/4, 441/10 സർവ്വേ നമ്പരിലുള്ള 20 സെന്റ് ഭൂമി കലാഭവൻ മണിയുടെ സ്മാരകം നിർമ്മിക്കുന്നതിന് ലഭ്യമായിട്ടുണ്ട്. 15-09-2021 ലെ സ.ഉ.(സാധാ)നം.335/2021/സാം.കാ.വ ഉത്തരവുപ്രകാരം സ്മാരക നിർമ്മാണത്തിനായി 3 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 27-02-2023-ൽ പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ, പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 15 സെന്റ് സ്ഥലംകൂടി ഉടമസ്ഥത പ്രസ്തുത വകുപ്പിൽ നിലനിർത്തിക്കൊണ്ട് കലാഭവൻ മണി സ്മാരക നിർമ്മാണത്തിനായി കൈമാറുന്നതിനുള്ള പ്രൊപ്പോസൽ ഫോക്ക് ലോർ അക്കാദമി സെക്രട്ടറി ഉചിത മാർഗ്ഗേന സാംസ്കാരികകാര്യ വകുപ്പിന് ലഭ്യമാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു. ഫോക്ക് ലോർ അക്കാദമി സെക്രട്ടറി സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ

സാംസ്കാരിക വകുപ്പധ്യക്ഷൻ സമർപ്പിച്ച പ്രൊപ്പോസലിന്മേൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്.

**അഴീക്കോട് മണ്ഡലത്തിലെ ചെറുശ്ശേരി സ്മാരകം**

404(1244) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിലെ ചിറക്കലിൽ ചെറുശ്ശേരി സ്മാരകം നിർമ്മിക്കുന്നതിനുള്ള പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) സ്മാരകം നിർമ്മിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ടോ എന്ന് അറിയിക്കാമോ; ഇല്ലെങ്കിൽ പ്രവൃത്തി തുടങ്ങുന്നതിനുള്ള നടപടികൾ വേഗത്തിൽ ആരംഭിക്കുമോ എന്ന് വ്യക്തമാക്കാമോ?

(എ &ബി) മഹാകവി ചെറുശ്ശേരിയുടെ സ്മരണയ്ക്കായി കണ്ണൂരിലെ ചിറയ്ക്കൽ ആസ്ഥാനമാക്കി സാംസ്കാരിക കേന്ദ്രം നിർമ്മിക്കുന്നതിനായി 2022-23 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ രണ്ട് കോടിരൂപ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനായി കണ്ണൂർ-2 വില്ലേജിൽ 55 സെന്റ് റവന്യൂ പുറമ്പോക്ക് ഭൂമി കണ്ടെത്തിയിട്ടുണ്ടെന്ന് കണ്ണൂർ ജില്ലാ കളക്ടർ അറിയിച്ചിരുന്നു. എന്നാൽ ഈ

സ്ഥലം ചിറയ്ക്കലുമായി ബന്ധമില്ലാത്ത കണ്ണൂർ മണ്ഡലത്തിലെ മറ്റൊരു പ്രദേശത്തായതിനാൽ അഴീക്കോട് മണ്ഡലത്തിൽ ചിറയ്ക്കൽ പ്രദേശത്ത് തന്നെ സ്ഥലം കണ്ടെത്തി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ബഹു. അഴീക്കോട് എം.എൽ.എ. അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ സാംസ്കാരിക വകുപ്പ് ഡയറക്ടർ ബഹു. എം.എൽ.എ.-യുമായി ചർച്ച നടത്തുകയും ഇതിന്റെ അടിസ്ഥാനത്തിൽ അഴീക്കോട് മണ്ഡലത്തിൽ ചിറയ്ക്കൽ പ്രദേശത്ത് സ്ഥലം ലഭ്യമാക്കുന്നതിന് ജില്ലാകളക്ടറോട് നിർദ്ദേശിച്ചിട്ടുണ്ട്.

**കയ്യൂർ രക്തസാക്ഷി സ്മാരക നിർമ്മാണം**

405(1245) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കയ്യൂർ രക്തസാക്ഷി സ്മാരക നിർമ്മാണത്തിന് ബഡ്ജറ്റിൽ തുക വകയിരുത്തുകയും ഡി.പി.ആർ. തയ്യാറാക്കുകയും ചെയ്തിട്ടും ഭരണാനുമതി ലഭ്യമാക്കുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) ഭരണാനുമതി എപ്പോഴത്തേയ്ക്ക് ലഭ്യമാക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

(എ & ബി) 2022-23 സാമ്പത്തികവർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. (ഭരണാനുമതിയില്ലാത്ത മരാമത്തുപണികൾ) കയ്യൂർ രക്തസാക്ഷി സ്മാരക പുനരുദ്ധാരണത്തിന് അടങ്കൽ തുകയായി 5 കോടി രൂപ നിശ്ചയിച്ച് ആയതിന്റെ ഇരുപത് ശതമാനമായ ഒരു കോടിരൂപ വകയിരുത്തിയിട്ടുണ്ട്. ഈ പ്രവൃത്തിയുടെ ഡി.പി.ആർ-ഉം എസ്റ്റിമേറ്റും പരിശോധിച്ചുവരുന്നു.

**കേരള സാഹിത്യ അക്കാദമി പുറത്തിറക്കിയ പുസ്തകങ്ങളിലെ പരസ്യം**

406(1246) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സാഹിത്യ അക്കാദമി പുറത്തിറക്കിയ പുസ്തകങ്ങളിൽ ഈ സർക്കാരിന്റെ രണ്ടാം വാർഷികാഘോഷങ്ങളുടെ പരസ്യം ഉൾപ്പെടുത്തിയത് സർക്കാരിന്റെ അറിവോടുകൂടിയാണോ എന്ന് വ്യക്തമാക്കുമോ?

ഇക്കാര്യത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്ന് നിർദ്ദേശമൊന്നും നൽകിയിരുന്നില്ല.

(ബി) സാഹിത്യ അക്കാദമി മുമ്പ് പ്രസിദ്ധീകരിച്ചിട്ടുള്ള എത്ര പുസ്തകങ്ങളിൽ ഇപ്രകാരം സർക്കാർ പരസ്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നുള്ള വിശദാംശം നൽകുമോ?

ഐക്യകേരളം നിലവിൽ വന്നതിന്റെ അറുപതാം വാർഷികത്തോടനുബന്ധിച്ച് ഐക്യകേരള ഗ്രന്ഥാവലി എന്ന പുസ്തകപരമ്പര പ്രസിദ്ധീകരിച്ചിരുന്നു. 'വജ്രകേരളം 60: കേരളപ്പിറവിയുടെ 60 വർഷങ്ങൾ' എന്ന മുദ്ര ഇതിന്റെ ഭാഗമായി കവർപേജിൽ പതിപ്പിക്കുകയുണ്ടായി.

(സി) പുസ്തകങ്ങളിൽ പരസ്യം ഉൾപ്പെടുത്തിയത് സാഹിത്യ അക്കാദമി ചെയർമാന്റെ അറിവോടെയല്ല എന്ന വിവരം ഗൗരവത്തോടെ കാണുന്നുണ്ടോ എന്നും ഇക്കാര്യത്തിൽ അക്കാദമി സെക്രട്ടറിക്ക് വീഴ്ച സംഭവിച്ചതായി വിലയിരുത്തുന്നുണ്ടോ എന്നും വ്യക്തമാക്കുമോ?

അക്കാദമി പ്രസിഡന്റ് പരസ്യം അച്ചടിച്ചതിൽ അസംതൃപ്തി രേഖപ്പെടുത്തുകയുണ്ടായെന്നും തുടർന്ന് മുദ്രയുടെ സ്ഥാനത്ത് അക്കാദമിയുടെ

ചിത്രമുള്ള ഒരു സ്റ്റിക്കർ പതിപ്പിച്ച് പ്രശ്നം പരിഹരിക്കുകയുണ്ടായതായും സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

**ചട്ടമ്പിസ്വാമികളുടെ മാതൃഭവനവും സ്ഥലവും സ്മാരകമാക്കാൻ നടപടി**

407(1247) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചട്ടമ്പി സ്വാമികളുടെ മാതൃഭവനവും സ്ഥലവും സ്മാരകമാക്കി സംരക്ഷിക്കുന്നതിനുള്ള തുടർനടപടികൾ എന്തായെന്നും ഭൂമി ഏറ്റെടുക്കൽ നടപടി എന്തായെന്നും വിശദമാക്കാമോ?

നവോത്ഥാന നായകനായ ശ്രീ ചട്ടമ്പി സ്വാമിയുടെ തിരുവനന്തപുരം ജില്ലയിലെ മലയിൻകീഴ് മച്ചേൽ സ്ഥിതിചെയ്യുന്ന മാതൃഭവനം അദ്ദേഹത്തിന്റെ സ്മാരകമാക്കുന്നതിന് 13.62 ആർ ഭൂമി ഏറ്റെടുക്കുവാൻ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുകയും ന്യായവില അനുസരിച്ച് 33,09,349/-രൂപ ഭൂമിക്ക് വില കണക്കാക്കുകയും ചെയ്തിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം സ്മാരക നിർമ്മാണത്തിനായി വകയിരുത്തിയ 20 ലക്ഷം രൂപയിൽ 15 ലക്ഷംരൂപ ഭൂമി ഏറ്റെടുക്കലിന് അനുവദിച്ചിരുന്നു.

തുടർന്ന്, ഭൂമി ഏറ്റെടുക്കുന്നതിനുമുമ്പ് നിശ്ചയിച്ച ന്യായവിലയായ 33,09,349/-രൂപ അപര്യാപ്തമാണെന്നും ഇതിലേയ്ക്കായി 67,00,000/-രൂപ ആവശ്യമാണെന്നും സ്പെഷ്യൽ തഹസിൽദാർ (പൊന്നുംവില) അറിയിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നടപ്പുസാമ്പത്തിക വർഷം ചട്ടമ്പിസ്വാമി സ്മാരക നിർമ്മാണത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുകയ്ക്കുപുറമെ ആവശ്യമായ തുക അനുവദിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

**കെ. കേളപ്പന്റെ ജന്മസ്ഥലത്ത് സ്മാരകം**

408(1248) ശ്രീമതി കാനത്തിൽ ജമീല:താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള ഗാന്ധി കെ. കേളപ്പന്റെ ജന്മസ്ഥലത്ത് (കൊയിലാണ്ടി) സ്മാരകം പണിയുന്നതിന് ഭരണാനുമതി ലഭ്യമായെങ്കിലും ഇതുവരെ പദ്ധതിയുടെ നടത്തിപ്പ് ചുമതലയുള്ള പൊതുമരാമത്തുവകുപ്പിന് ഓപ്പറേറ്റ് ചെയ്യാനാവുന്ന ഹെഡിലേയ്ക്ക് ഫണ്ട് ലഭ്യമായിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം ഭരണാനുമതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് വേണ്ട നടപടി കൈക്കൊള്ളാൻ സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് 27-07-2023-ലെ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

**നൂറനാട് സ്ഥാപിക്കുന്ന പി. കൃഷ്ണപിള്ള സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണം**

409(1249) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര നിയോജകമണ്ഡലത്തിൽ നൂറനാട് സ്ഥാപിക്കുന്ന പി. കൃഷ്ണപിള്ള സാംസ്കാരിക സമുച്ചയത്തിന്റെയും കലാകാരന്മാർക്കുള്ള അഭയ കേന്ദ്രത്തിന്റെയും നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പ്രസ്തുത നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ താമരക്കുളം വില്ലേജിൽ ബ്ലോക്ക് നമ്പർ 18-ലെ റീ-സർവ്വേ നമ്പർ 30-ൽപ്പെട്ടതും ആരോഗ്യ

വകുപ്പിന്റെ കൈവശമുള്ളതുമായ 5 ഏക്കർ ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽതന്നെ നിലനിർത്തി സാംസ്കാരിക വകുപ്പിന് കൈവശാവകാശം നൽകിയിട്ടുണ്ട്. സമുച്ചയ നിർമ്മാണവുമായി ബന്ധപ്പെട്ട ഡി.പി.ആർ. പദ്ധതി നിർവ്വഹണ ഏജൻസിയായ കെ.എസ്.എഫ്.ഡി.സി. കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.

കലാകാരന്മാർക്കുള്ള അഭയകേന്ദ്രം പദ്ധതി നടപ്പാക്കുന്നതിന് നടപ്പു സാമ്പത്തിക വർഷം 1 ലക്ഷംരൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ അധിക ധനസഹായം വകയിരുത്തുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

**മലപ്പുറം മണ്ഡലത്തിലെ സാംസ്കാരിക വകുപ്പിന്റെ പ്രവൃത്തികൾ**

410(1250) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിൽ സാംസ്കാരിക വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെയും കേന്ദ്രങ്ങളുടെയും വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം സാംസ്കാരിക കേന്ദ്രങ്ങൾക്കും സ്ഥാപനങ്ങൾക്കും വകുപ്പ് ധനസഹായം നൽകിയിട്ടുണ്ടെന്നും എത്ര വീതമെന്നും വ്യക്തമാക്കാമോ;

(സി) സാംസ്കാരിക വകുപ്പിന്റെ വിവിധ പ്രവൃത്തികൾക്കായി 2021-22, 2022-23, 2023-24 വർഷത്തെ ബഡ്ജറ്റുകളിൽ എത്ര തുക നീക്കിവെച്ചുവെന്നും അതിന്റെ വിനിയോഗം സംബന്ധിച്ച വിശദാംശവും ലഭ്യമാക്കാമോ?

(എ-സി) മലപ്പുറം മണ്ഡലത്തിൽ സാംസ്കാരിക വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഒന്നും തന്നെയില്ല.

(ഡി) വകുപ്പിനുകീഴിൽ മണ്ഡലത്തിൽ ഏറ്റെടുത്ത് നടത്താൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

മണ്ഡലത്തിൽ ഏറ്റെടുത്ത് നടത്താൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികളൊന്നും നിലവിലില്ല.

**ശ്രീനാരായണ സാംസ്കാരിക സമുച്ചയം**

411(1251) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലത്ത് പണി കഴിപ്പിച്ച ശ്രീനാരായണ സാംസ്കാരിക സമുച്ചയം പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സമുച്ചയത്തിന്റെ ഭരണ നിർവ്വഹണം സംബന്ധിച്ച് ഏർപ്പെടുത്താനുദ്ദേശിക്കുന്ന സംവിധാനത്തിന് അന്തിമ രൂപമായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കാമോ?

(എ&ബി) നടപടികൾ സ്വീകരിച്ചുവരുന്നു.

**പാലക്കാട് ജില്ലയിലെ സാംസ്കാരിക സമുച്ചയ നിർമ്മാണം**

412(1252) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവോത്ഥാന നായകരുടെ പേരിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്ന പദ്ധതിക്കായി പാലക്കാട് ജില്ലയിൽ എവിടെയാണ് അനുവാദം നൽകിയിരുന്നത്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര രൂപ അനുവദിച്ചിട്ടുണ്ട്; പദ്ധതി എന്ന് നടപ്പാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

(എ&ബി) പാലക്കാട് ജില്ലയിലെ പാലക്കാട് താലൂക്കിലെ യാക്കര വില്ലേജിൽ ബ്ലോക്ക് നമ്പർ 181-ൽ റീസർവ്വേ നം.4 ൽപ്പെട്ട 5 ഏക്കർ (2.0235 ഹെക്ടർ) ഭൂമിയിലാണ് പാലക്കാട് സമുച്ചയം പണിയുന്നതിന് അനുവാദം നൽകിയിട്ടുള്ളത്. കിഫ്ബിയിൽനിന്നും ഈ പദ്ധതിക്കായി 68.38 കോടിരൂപ അനുവദിച്ചിട്ടുണ്ട്. 80% നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

**മന്ത്രിസഭയുടെ അംഗീകാരത്തോടെ സാംസ്കാരിക വകുപ്പ് നടപ്പാക്കിയിട്ടുള്ള പദ്ധതികൾ**

413(1253) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധനകാര്യവകുപ്പ് വിയോജിപ്പ് രേഖപ്പെടുത്തിയിട്ടും മന്ത്രിസഭയുടെ അംഗീകാരത്തോടെ സാംസ്കാരിക വകുപ്പ് നടപ്പാക്കിയിട്ടുള്ള പദ്ധതികൾ, പ്രവർത്തനങ്ങൾ, തീരുമാനങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ;

(ബി) മേൽ സൂചിപ്പിച്ച ഓരോ വിഷയത്തിലും ധനകാര്യവകുപ്പ് നൽകിയ റിമാർക്സ് എന്തായിരുന്നു; ഓരോ തീരുമാനവും സംബന്ധിച്ച ക്യാബിനറ്റ് നോട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഓരോന്നും നടപ്പാക്കിയതിലൂടെ എത്ര രൂപയുടെ ബാധ്യത ഉണ്ടായതായി കണക്കാക്കുന്നു; വിശദാംശം നൽകാമോ?

(എ&ബി) ഇപ്രകാരമുള്ള പദ്ധതികളോ പ്രവർത്തനങ്ങളോ തീരുമാനങ്ങളോ ഇല്ല.

**കാട്ടാക്കടയിൽ ലെനിൻ രാജേന്ദ്രന്റെ നാമധേയത്തിൽ തീയറ്റർ കോംപ്ലക്സ്**

414(1254) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കടയിൽ ലെനിൻ രാജേന്ദ്രന്റെ നാമധേയത്തിൽ തീയറ്റർ കോംപ്ലക്സും സാംസ്കാരിക നിലയവും നിർമ്മിക്കുന്നതിനുള്ള സ്ഥലം ഏറ്റെടുക്കൽ നടപടിയുടെ നിലവിലെ സ്ഥിതി എന്താണെന്നും ഇതിനായുള്ള തുടർ നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

പദ്ധതിക്കായി ആദ്യം നിർദ്ദേശിച്ചിരുന്ന സ്ഥലം വിട്ടുനൽകാൻ ഭൂവുടമസ്ഥർക്ക് സമ്മതമല്ലെന്ന് മലയിൻകീഴ് പഞ്ചായത്ത് സെക്രട്ടറി 05-07-2023-ലെ കത്ത് പ്രകാരം അറിയിച്ചിട്ടുള്ളതും പകരമായി മറ്റ് സ്വകാര്യവ്യക്തികളുടെ സ്ഥലം നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ആയത് പ്രസ്തുത പദ്ധതിക്ക് അനുയോജ്യമാണോ എന്ന് വിലയിരുത്തുന്നതിനായി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ സിവിൽ എഞ്ചിനീയറിംഗ് വിഭാഗം ഉടൻത്തന്നെ സ്ഥലം സന്ദർശിക്കുന്നതാണ്.

**വാഗ്ഭടാനന്ദ സാംസ്കാരിക കേന്ദ്രം സ്ഥാപിക്കാൻ നടപടി**

415(1255) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ പാട്യം ഗ്രാമ പഞ്ചായത്തിൽ വാഗ്ഭടാനന്ദ സാംസ്കാരിക കേന്ദ്രം സ്ഥാപിക്കുന്നതിന് സാംസ്കാരിക വകുപ്പ് മുഖേന സ്വീകരിച്ച നടപടികളുടെ നിലവിലെ പുരോഗതി വിശദമാക്കുമോ?

തലശ്ശേരി താലൂക്കിൽ പാട്യം വില്ലേജിൽ സർവ്വേ നം. 24/3, 25/3 ൽപ്പെട്ട 2.15 ഏക്കർ സ്വകാര്യ ഭൂമിയും പാട്യം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 89.06 സെന്റ് ഭൂമിയും ഉൾപ്പെടെ ആകെ 3.04 ഏക്കർ ഭൂമിയിലാണ് കണ്ണൂർ ജില്ലയിൽ ശ്രീ വാഗ്ഭടാനന്ദന്റെ നാമധേയത്തിൽ സാംസ്കാരിക സമുച്ചയം സ്ഥാപിക്കുന്നത്. ഇതിൽ 2.15 ഏക്കർ സ്വകാര്യ ഭൂമി വകുപ്പിന് കൈമാറി ലഭിച്ചിട്ടുണ്ട്. പാട്യം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 89.06 സെന്റ് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) പ്രസ്തുത സാംസ്കാരിക കേന്ദ്രം സ്ഥാപിക്കുന്നതിന് തടസ്സങ്ങൾ എന്തെങ്കിലും നിലവിലുണ്ടോ; വിശദമാക്കുമോ?

നിലവിൽ തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**നാട്ടരങ്ങ് പദ്ധതി**

416(256) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടരങ്ങ് പദ്ധതിയെക്കുറിച്ചും ആയത് സംഘടിപ്പിക്കുന്നതിനായി എത്രത്തോളം സ്ഥല സൗകര്യം ആവശ്യമുണ്ടെന്നും വിശദമാക്കാമോ?

ഗ്രാമീണ മേഖലയിലും ചെറുപട്ടണങ്ങളിലും കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് പൊതുസ്ഥലം ലഭ്യമല്ലാത്തയിടങ്ങളിൽ മതിയായ സ്ഥല സൗകര്യമുള്ള പാതയോരങ്ങൾ കണ്ടെത്തിയാണ് നാട്ടരങ്ങ് സ്ഥാപിക്കുന്നത്. സ്ഥല ലഭ്യതയ്ക്കനുസരിച്ച് തുറന്ന സ്റ്റേജ്, ഒരു ചമയമുറി, ഗാർഡൻ ബഞ്ചുകൾ എന്നിവയും സൗന്ദര്യവത്കരണത്തിനായി ചുമർ ചിത്രങ്ങളും ചെറുശില്പങ്ങളും റിലീഫ് വർക്കുകളും പദ്ധതിയിൻ കീഴിൽ വിഭാവനം ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിന് നിശ്ചിത സ്ഥല സൗകര്യം വേണമെന്ന് സൂചിപ്പിച്ചിട്ടില്ല.

ഗതാഗതത്തിന് തടസ്സമുണ്ടാകാത്ത സ്ഥലസൗകര്യമുള്ള പാതയോരങ്ങളോ സർക്കാർ അർദ്ധ സർക്കാർ ഉടമസ്ഥതയിലുള്ള പൊതു സ്ഥലങ്ങളോ ആണ് പരിഗണിക്കുന്നത്.

(ബി) വാമനപുരം മണ്ഡലത്തിലെ കല്ലറയിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പ്രസ്തുത പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

വാമനപുരം മണ്ഡലത്തിലെ കല്ലറയിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന നാട്ടരങ്ങിന് ആവശ്യമായ ഭൂമിയും NOC-യും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കലാകാരന്മാർക്ക് പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

417(1257) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പ് മുഖാന്തരം കലാകാരന്മാർക്ക് പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത മാനദണ്ഡങ്ങളിൽ തബല ഉപകരണ സംഗീതമായി ഉൾപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ തബല ഉപകരണ സംഗീതത്തിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പ്രസ്തുത മാനദണ്ഡങ്ങളിൽ തബല ഉപകരണ സംഗീതമായി ഉൾപ്പെട്ടിട്ടില്ല. തബല ഉപകരണ സംഗീതത്തിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം പരിഗണിച്ചുവരുന്നു.

(സി) ഏതെല്ലാം സംഗീത ഉപകരണങ്ങളിൽ പ്രാവീണ്യമുള്ള കലാകാരന്മാരെയാണ് പെൻഷൻ അനുവദിക്കുന്നതിനായി അംഗീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

**പൊറാട്ടുകളി ട്രെയിനിംഗ് സെന്റർ നിർമ്മാണം**

418(1258) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോങ്ങാട് മണ്ഡലത്തിലെ മണ്ണൂരിൽ പൊറാട്ടുകളി ട്രെയിനിംഗ് സെന്റർ നിർമ്മിക്കുന്നതിനായി സ്ഥലവും കെട്ടിടവും അനുവദിക്കുന്നതിന് മണ്ണൂർ ചിറയിൽ പൊറാട്ടുകളി ട്രെയിനിംഗ് സെന്റർ സെക്രട്ടറി സമർപ്പിച്ച അപേക്ഷ പരിഗണിച്ച് സ്ഥലവും കെട്ടിടവും അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ട്രെയിനിംഗ് സെന്റർ നിർമ്മാണത്തിനുള്ള ഭൂമി ലഭ്യത സംബന്ധിച്ച വിവരങ്ങൾ സാംസ്കാരികവകുപ്പ് ഡയറക്ടർ സ്ഥാപന സെക്രട്ടറിയോട് ആരാഞ്ഞിട്ടുണ്ട്. അപേക്ഷയിന്മേൽ നടപടി കൈക്കൊള്ളുന്നതിനായി വിശദവിവരങ്ങൾ ഉൾപ്പെടുത്തിയുള്ള പ്രൊപ്പോസൽ ലഭിക്കേണ്ടതുണ്ട്.

**ഗിരീഷ് പുത്തഞ്ചേരിക്ക് ജന്മനാടായ ഉള്ളിയേരിയിൽ സ്മാരകം**

419(1259) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കവിയും ഗാനരചയിതാവുമായ ഗിരീഷ് പുത്തഞ്ചേരിക്ക് ജന്മനാടായ ഉള്ളിയേരിയിൽ സ്മാരകം നിർമ്മിക്കുന്നതിനായി ഉള്ളിയേരി ഗ്രാമപഞ്ചായത്ത് നിവേദനം സമർപ്പിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ പ്രസ്തുത

നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

ഗിരീഷ് പുത്തഞ്ചേരിക്ക് സ്മാരക മന്ദിരം പണിയുന്നത് സംബന്ധിച്ച് ബഹു. എം.എൽ.എ. ശ്രീ. കെ. എം. സച്ചിൻദേവ് മുഖാന്തരം ഉള്ളിയേരി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് നൽകിയ നിവേദനം അനന്തര നടപടികൾക്കായി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. സ്മാരകം നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ ഉടമയുടെ സമ്മതപത്രം മാത്രമാണ് ലഭ്യമാക്കിയിരുന്നതെന്നും ഈ ഭൂമി പഞ്ചായത്തിന് കൈമാറിയിട്ടുണ്ടോ എന്നും സ്മാരകം നിർമിക്കുന്നതിന് ഇത് പര്യാപ്തമാണോ എന്നതും വ്യക്തമാക്കുവാൻ ഉള്ളിയേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ ഇക്കാര്യം പരിശോധിക്കുന്നതാണ്.

**പയ്യന്നൂർ തീയറ്റർ കോംപ്ലക്സ് നിർമ്മാണം**

420(1260) <u>ശ്രീ. ടി. ഐ. മധുസൂദനൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ തിയേറ്റർ കോംപ്ലക്സ് നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ?

സ്ട്രക്ചറൽ വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. MEP (മെക്കാനിക്കൽ, ഇലക്ട്രിക്കൽ, പ്ലംബിംഗ്) ജോലികളും ഇന്റീരിയർ ജോലികളും പുരോഗമിക്കുന്നു.

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ച് എപ്പോൾ ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

2023 ഡിസംബർ മാസത്തോടുകൂടി ഉദ്ഘാടനം നടത്താൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു.

(സി) പ്രസ്തുത നിർമ്മാണ പ്രവൃത്തിയിൽ ഇനി എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിക്കാൻ ബാക്കിയുള്ളതെന്ന് വിശദമാക്കാമോ?

പയ്യന്നൂർ തീയേറ്റർ കോംപ്ലക്സിന്റെ MEP (മെക്കാനിക്കൽ, ഇലക്ട്രിക്കൽ, പ്ലംബിംഗ്), തിയേറ്റർ എൻഞ്ചിനീയറിംഗ് പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളത്.

**പേരാമ്പ്ര മൾട്ടിപ്ലക്സ് തീയറ്റർ**

421(1261) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>:താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ മൾട്ടിപ്ലക്സ് തീയറ്റർ സ്ഥാപിക്കാനുള്ള പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ടെണ്ടർ നടപടി ഏത് ഘട്ടത്തിലാണ്?

(എ & ബി)പേരാമ്പ്രയിലെ തീയേറ്റർ നിർമ്മാണ പദ്ധതി റീടെണ്ടർ ചെയ്യുന്ന നടപടിയുടെ ഭാഗമായി 2018-ലെ ഡി.എസ്.ആർ. പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്യുവാനായി പദ്ധതിയുടെ ഡി.പി.ആർ. കൺസൽട്ടന്റായ കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതിക്കായി കണ്ടെത്തിയ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് വക ഭൂമി കേരള സംസ്ഥാന

ചലച്ചിത്ര വികസന കോർപ്പറേഷന് കൈമാറി കിട്ടുവാനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്.

(സി) പ്രസ്തുത മൾട്ടിപ്ലക്സ് തീയറ്റർ നിർമ്മിക്കാനുള്ള സ്ഥല ലഭ്യതയുടെ നിലവിലെ ഘട്ടം വിശദമാക്കാമോ?

ജലസേചനവകുപ്പിന്റെ കീഴിലുള്ള 60 സെന്റ് സ്ഥലമാണ് പ്രസ്തുത പദ്ധതിക്കായി കണ്ടെത്തിയിട്ടുള്ളത്. ടി സ്ഥലം കൈമാറികിട്ടുന്നതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പ്രസ്തുത മൾട്ടിപ്ലക്സ് തീയറ്റർ നിർമ്മിക്കാൻ ഏത് തീയതിയിലാണ് തീരുമാനിച്ചതെന്ന് വ്യക്തമാക്കാമോ?

പേരാമ്പ്ര തീയേറ്ററിനായി കിറ്റ്കോ തയാറാക്കിയ ആർക്കിടെക്ചറൽ പ്ലാൻ, എലിവേഷൻ മുതലായവ 12-06-2018 തീയതിയിൽ പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ അംഗീകരിച്ചിട്ടുണ്ട്.

(ഇ) പ്രസ്തുത പദ്ധതിയുടെ പ്രവൃത്തി ആരംഭിച്ച് എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാനാകുമെന്ന് വ്യക്തമാക്കാമോ?

സ്ഥലം ലഭ്യമാകുകയും കിറ്റ്കോയിൽനിന്നും എസ്റ്റിമേറ്റ് പുതുക്കി ലഭ്യമാകുകയും ചെയ്താൽ ഉടൻതന്നെ കിഫ്ബിയുടെ അംഗീകാരം ലഭ്യമാക്കി നിർമ്മാണ പ്രവർത്തന ടെണ്ടർ ചെയ്യുവാനാകും. പ്രവൃത്തി ആരംഭിച്ച് 18 മാസംകൊണ്ട് കമ്മീഷൻ ചെയ്യാമെന്നാണ് പ്രതീക്ഷിക്കുന്നത്.

**ചലച്ചിത്ര നയ രൂപീകരണ സമിതി**

422(1262) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചലച്ചിത്ര പ്രവർത്തകരുമായും ചലച്ചിത്ര രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകളുമായും ആലോചിക്കാതെയാണ് ചലച്ചിത്ര നയ രൂപീകരണ സമിതി രൂപീകരിച്ചതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സമിതിയിൽ സിനിമയെക്കുറിച്ച് അറിയുന്നവരായി ആരും തന്നെയില്ലെന്ന ചലച്ചിത്ര പ്രവർത്തകരുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(എ & ബി) സംസ്ഥാന സർക്കാരിന്റെ സിനിമാ നയം രൂപീകരിക്കുന്നതിന്റെ ഭാഗമായി സിനിമാ മേഖലയിലെ എല്ലാ വിഭാഗം

ആൾക്കാരുടെയും അഭിപ്രായങ്ങൾ ചർച്ച ചെയ്യുന്നതിനായി അവരുടെ പ്രതിനിധികളെയും വിദഗ്ധരെയും ഉൾപ്പെടുത്തി രണ്ട് ദിവസം നീണ്ടുനിൽക്കുന്ന വിപുലമായ ഒരു യോഗം (സിനിമാ കോൺക്ലേവ്) ചേരുന്നതിന് ആലോചിച്ചിട്ടുണ്ട്. ഈ യോഗത്തിലാണ് സിനിമാ നയത്തിന്റെ കരട് അന്തിമമാക്കുക. പ്രസ്തുത കരട് നിർദ്ദേശങ്ങൾ പരിശോധിച്ച് ആവശ്യമെങ്കിൽ ഭേദഗതികളോടെ നയമായി സർക്കാർ അംഗീകരിക്കുന്നതാണ്. പ്രസ്തുത ദ്വിദിന യോഗത്തിൽ അവതരിപ്പിക്കുന്നതിനുള്ള കരട് തയ്യാറാക്കുന്നതിനായി പ്രശസ്ത ചലച്ചിത്ര സംവിധായകനും കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ചെയർമാനുമായ ശ്രീ. ഷാജി എൻ. കരുൺ അദ്ധ്യക്ഷനായും സാംസ്കാരിക വകുപ്പ് സെക്രട്ടറി കൺവീനറും പ്രശസ്ത സംവിധായകരും ഛായാഗ്രാഹകരും അഭിനേതാക്കളും നിർമ്മാതാക്കളുമുൾപ്പെടെ സിനിമാ മേഖലയിലെ വിവിധ തുറകളിൽ പരിചയ സമ്പന്നരായവർ അംഗങ്ങളുമായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(സി) നിലവിൽ രൂപീകരിച്ച ചലച്ചിത്ര നയ രൂപീകരണ സമിതിയിൽ എത്ര അംഗങ്ങളാണുള്ളത്; അംഗങ്ങളുടെ പേരുവിവരം വെളിപ്പെടുത്തുമോ?

കരട് ചലച്ചിത്ര നയം രൂപീകരണ സമിതിയിൽ 10 അംഗങ്ങളാണുള്ളത്. അംഗങ്ങളുടെ പേരു വിവരം അനുബന്ധമായി ചേർക്കുന്നു+.

**സിനിമാ നയരൂപീകരണ സമിതിയും ഹേമ കമ്മിറ്റി റിപ്പോർട്ടും**

423(1263) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിനിമാ നയം രൂപീകരിക്കാനായി സർക്കാർ നിയോഗിച്ച സമിതിയിൽനിന്നും അംഗങ്ങൾ പിന്മാറാൻ ഇടയായ സാഹചര്യം എന്താണെന്നും പ്രസ്തുത വ്യക്തികളുമായി ആലോചിക്കാതെയാണോ സമിതി രൂപീകരിച്ചതെന്നും വ്യക്തമാക്കുമോ?

സംസ്ഥാന സർക്കാരിന്റെ സിനിമാ നയം രൂപീകരിക്കുന്നതിനായി സിനിമാ മേഖലയിലെ എല്ലാ വിഭാഗങ്ങളുടെയും പ്രതിനിധികളെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉൾപ്പെടുത്തി രണ്ടുദിവസം നീണ്ടുനിൽക്കുന്ന വിപുലമായ ഒരു യോഗം (സിനിമാ കോൺക്ലേവ്) ചേരുന്നതിന് ആലോചിച്ചിട്ടുണ്ട്. ഈ യോഗത്തിലാണ് സിനിമാ നയത്തിന്റെ കരട് അന്തിമമാക്കുക. പ്രസ്തുത കരട് നിർദ്ദേശങ്ങൾ പരിശോധിച്ച് ആവശ്യമെങ്കിൽ ഭേദഗതികളോടെ നയമായി സർക്കാർ അംഗീകരിക്കുന്നതാണ്. പ്രസ്തുത ദ്വിദിന സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനുള്ള കരട് തയ്യാറാക്കുന്നതിനായി പ്രശസ്ത ചലച്ചിത്ര സംവിധായകനും കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ചെയർമാനുമായ ശ്രീ. ഷാജി എൻ. കരുൺ അദ്ധ്യക്ഷനായും സാംസ്കാരിക വകുപ്പ് സെക്രട്ടറി കൺവീനറും സിനിമയിലെ വിവിധ മേഖലകളിൽ പരിചയ സമ്പന്നരായവർ അംഗങ്ങളുമായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. തങ്ങളുടെ ജോലി തിരക്കുകൾ കാരണം കമ്മിറ്റിയിൽ പ്രവർത്തിക്കുന്നതിന് അസൗകര്യമുണ്ടെന്ന് രണ്ടംഗങ്ങൾ അറിയിച്ചിട്ടുണ്ട്.

(ബി) ഹേമ കമ്മിറ്റി റിപ്പോർട്ട് സംബന്ധിച്ച് പഠനം നടത്തുന്നതിന് പ്രസ്തുത സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ എന്നും ഹേമ കമ്മിറ്റി

റിപ്പോർട്ടിന്മേൽ കൂടുതൽ പഠനം ആവശ്യമാണെന്ന് തീരുമാനിച്ചതിന്റെ കാരണമെന്താണെന്നും വ്യക്തമാക്കാമോ?

ഹേമ കമ്മിറ്റി റിപ്പോർട്ട് സംബന്ധിച്ച് പഠനം നടത്തുന്നതിന് പ്രസ്തുത സമിതിയെ ചുമതലപ്പെടുത്തിയിട്ടില്ല. പ്രസ്തുത കമ്മിറ്റി കരട് സിനിമാനയം തയ്യാറാക്കുമ്പോൾ ജസ്റ്റിസ് കെ. ഹേമ കമ്മിറ്റിയുടെ ശിപാർശകൾകൂടി പരിശോധിച്ച് ഉചിതമായ നിർദ്ദേശങ്ങൾ അതിൽ ഉൾക്കൊള്ളിക്കണമെന്നാണ് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്.

**കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്**

424(1264) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് കലാകാരൻമാരുടെ പട്ടികയിൽ പുരാണപാരായണം ചെയ്യുന്നവരെ ഉൾപ്പെടുത്തി 2010-ൽ ഉത്തരവിറക്കിയ ശേഷം പുരാണപാരായണം ചെയ്യുന്ന കലാകാരൻമാരുടെ എത്ര അംഗത്വ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഇതിൽ എത്ര

പേർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും ലഭിച്ചിട്ടുണ്ട്; ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കാമോ?

കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ നിലവിൽ 2463 പുരാണപാരായണ കലാകാരന്മാരുടെ അംഗത്വ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) പുരാണപാരായണം ചെയ്യുന്ന കലാകാരൻമാരുടെ അംഗത്വ അപേക്ഷകളിൽ എത്രയെണ്ണം തീർപ്പാക്കാനുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; പ്രസ്തുത അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

**യുവജനങ്ങളുടെ കലാകായിക പ്രവർത്തനങ്ങൾ**

425(1265) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കലാകായിക സാഹിത്യ രാഷ്ട്രീയ പ്രവർത്തനങ്ങളിൽ ഏർപ്പെടാത്ത യുവജനങ്ങളിൽ ഒരു വിഭാഗം വർഗ്ഗീയതയിലേയ്ക്കും ലഹരി ഉപയോഗത്തിലേയ്ക്കും എത്തിപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം യുവജനങ്ങളെ പൊതുധാരയിലേയ്ക്ക് കൊണ്ടുവരുന്നതിന് നാട്ടിലെ ക്ലബ്ബുകൾക്കും വായനശാലകൾക്കും കലാകായിക സാഹിത്യ സാംസ്കാരിക പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ എന്തൊക്കെ സഹായങ്ങൾ നൽകുവാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

കേരള സ്റ്റേറ്റ് സ്പോർട്ട്സ് കൗൺസിൽ മുഖേന കായിക പ്രവർത്തനങ്ങൾ താഴെത്തട്ടിൽ സജീവമാക്കാനും ശാരീരിക ക്ഷമതയുള്ള സമൂഹം സൃഷ്ടിക്കാനും ലക്ഷ്യമിട്ട് പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻതല സ്പോർട്ട്സ് കൗൺസിലുകൾ രൂപീകരിച്ചിട്ടുണ്ട്. അവയുടെ പ്രവർത്തനഫലമായി പ്രാദേശികതലത്തിൽ കായിക വികസനം സാധ്യമാകുന്നതാണ്. അതുമൂലം ധാരാളം യുവജനങ്ങളെ സ്പോർട്സിലേയ്ക്ക് ആകർഷിക്കുവാനും തന്മൂലം അവരെ പൊതുധാരയിലേയ്ക്ക്

കൊണ്ടുവരുന്നതിനും സഹായകരമാകുന്നതാണ്. യുവജനങ്ങൾ കൂടുതൽ പേരും കായിക പ്രവത്തനങ്ങളിൽ വ്യാപൃതരാകുന്നതിലൂടെ ഒരു പരിധിവരെ സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങളിൽനിന്നും യുവജനങ്ങളെ പിന്തിരിപ്പിക്കുന്നതിന് സാധിക്കുന്നതാണ്.

സംസ്ഥാനത്ത് യുവജനങ്ങൾക്കിടയിൽ വർദ്ധിച്ചുവരുന്ന മദ്യം, മയക്കുമരുന്ന്, പുകയില ഉത്പന്നങ്ങൾ, നിരോധിക്കപ്പെട്ട മറ്റ് ലഹരി പദാർത്ഥങ്ങൾ എന്നിവയുടെ ഉപയോഗം തടയുന്നതിനായി കേരള സംസ്ഥാന യുവജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ കോളേജുകൾ, വായനാശാലകൾ, സാംസ്കാരിക നിലയങ്ങൾ, ജയിലുകൾ തുടങ്ങിയ വിവിധ ഇടങ്ങളിൽ യുവജനങ്ങൾക്കുള്ള ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. ലഹരി ഉപയോഗത്തിനെതിരെയുള്ള പ്രവർത്തനത്തിന്റെ ഭാഗമായി സംസ്ഥാനത്തെ വിവിധ കോളേജുകളെ ഏകോപിപ്പിച്ചുകൊണ്ട് യുവജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തി ലഹരിക്കെതിരെ 'ബോധവത്കരണ കലാജാഥ' സംഘടിപ്പിച്ചിരുന്നു.

ഇതിന്റെ തുടർച്ച ഉണ്ടാക്കുന്നതിനായി ഈ വർഷം ഈ പ്രവർത്തനം 14 ജില്ലകളിലേയ്ക്കും വ്യാപിപ്പിച്ചിട്ടുണ്ട്.

കേരളത്തിലെ യുവജനങ്ങൾ കലാ-കായിക, സാഹിത്യ പ്രവർത്തനങ്ങളിൽ പങ്കാളികളായാൽ അവരുടെ സർഗ്ഗശേഷികൾ വികസിക്കുകയും അവർ കലാ-കായിക സാഹിത്യ സാംസ്കാരിക പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്യുന്നതോടെ ഒരു പരിധി വരെ വർഗ്ഗീയതയും ലഹരി ഉപയോഗവും കുറയ്ക്കാൻ സാധിക്കും. ഈ ഉദ്ദേശ്യത്തോടെ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് യൂത്ത്/യുവ/യുവതീ ക്ലബ്ബുകളുടെയും ടീം കേരള എന്ന സന്നദ്ധ സേവന സേനയുടെയും മറ്റു സാംസ്കാരിക കൂട്ടായ്മയുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ ചുവടെപ്പറയും പ്രകാരം വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

1. മയക്കുമരുന്നിനെതിരെ ലഹരി വിരുദ്ധ ക്യാമ്പയിനുകൾ
2. കലാകായിക സാംസ്കാരിക ഉത്സവമായ കേരളോത്സവം
3. സാഹിത്യാഭിരുചി വളർത്തുന്നതിന് വേണ്ടിയുള്ള സാഹിത്യ ക്യാമ്പ്

4. ശാസ്ത്ര അവബോധം വളർത്തുന്നതിനുവേണ്ടിയുള്ള ശാസ്ത്ര ക്വിസ്

5. കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള കായിക മത്സരങ്ങൾ

6. സാഹസിക മനോഭാവം സൃഷ്ടിക്കുന്നതിനുള്ള സാഹസിക പ്രവർത്തനങ്ങൾ.

**യുവജനക്ഷേമ വകുപ്പിന്റെ പദ്ധതികൾ**

426(1266) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധനകാര്യവകുപ്പ് വിയോജിപ്പ് രേഖപ്പെടുത്തിയിട്ടും മന്ത്രിസഭയുടെ അംഗീകാരത്തോടെ യുവജനക്ഷേമവകുപ്പ് നടപ്പാക്കിയിട്ടുള്ള പദ്ധതികൾ, പ്രവർത്തനങ്ങൾ, തീരുമാനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) മേൽ സൂചിപ്പിച്ച ഓരോ വിഷയത്തിലും ധനകാര്യവകുപ്പ് നൽകിയ റിമാർക്ക്സ് എന്തായിരുന്നു; ഓരോ തീരുമാനവും സംബന്ധിച്ച ക്യാബിനറ്റ് നോട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഓരോന്നും

നടപ്പാക്കിയതിലൂടെ എത്ര രൂപയുടെ ബാധ്യത ഉണ്ടായതായി കണക്കാക്കുന്നു; വിശദാംശം ലഭ്യമാക്കാമോ?

(എ & ബി) യുവജനകാര്യവകുപ്പിൽ ഇത്തരത്തിൽ പദ്ധതികളൊന്നും തന്നെ നടപ്പാക്കിയിട്ടില്ല.

**യുവജന കമ്മീഷനുവേണ്ടി ചെലവഴിച്ച തുക**

427(1267) <u>ശ്രീ. ടി. സിദ്ദിഖ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ൽ അധികാരമേറ്റ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാന യുവജന കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക എത്രയാണെന്നും ഇതിൽ എത്ര തുക ചെലവഴിച്ചുവെന്നും ഏതൊക്കെ ഇനങ്ങളിലാണ് ചെലവഴിച്ചതെന്നും സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

2016-ൽ അധികാരമേറ്റ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുകയും ചെലഴിച്ച തുകയും

ചെലവഴിച്ച ഇനങ്ങളും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) മേൽപ്പറഞ്ഞ കാലയളവിൽ സംസ്ഥാന യുവജന കമ്മീഷൻ അധ്യക്ഷയുടെ വേതനം, യാത്രാ അലവൻസ്, മറ്റ് ആനുകൂല്യങ്ങൾ എന്നീ ഇനങ്ങളിൽ ചെലവഴിച്ച തുക ഇനം തിരിച്ചും സാമ്പത്തിക വർഷാടിസ്ഥാനത്തിലും വ്യക്തമാക്കുമോ?

2016-ൽ അധികാരമേറ്റ സർക്കാരിന്റെ കാലം മുതൽ നാളിതുവരെയുള്ള കമ്മീഷൻ അധ്യക്ഷൻമാരുടെ വേതനം, യാത്രാ അലവൻസ്, മറ്റ് ആനുകൂല്യങ്ങൾ എന്നിവ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ശമ്പളം | യാത്രാ ബത്ത | സിറ്റിംഗ് ഫീസ് |
|---|---|---|---|
| 05/2016 – 08/2016 (R.V Rajesh)<br>10/2016 - 17 (Chintha Jerome) | 1,61,290<br>2,81,694 | 3,200<br>9,200 | Nil<br>1600 |
| 2017-18 | 6,30,000 | 15,071 | 4,000 |
| 2018-19 | 11,14,678 | 15,471 | 4,400 |
| 2019-20 | 12,00,000 | 15,421 | 4,800 |
| 2020-21 | 12,00,000 | 18,495 | 3,600 |
| 2021-22 | 12,00,000 | 4,400 | 3,600 |
| 2022-23 | 11,93,333 | 24,048 | 9,200 |
| 2023-24 | 8,80,645 | Nil | Nil |

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| | | | |
|---|---|---|---|
| 2023-24 (M.Shajar) | 3,10,000 | Nil | Nil |

കൂടാതെ 2016 മേയ് മാസം മുതൽ നാളിതുവരെ ചുമതലയേറ്റിരുന്ന കമ്മീഷൻ അദ്ധ്യക്ഷൻമാർക്ക് ആർജ്ജിതാവധി ടെർമിനൽ സറണ്ടർ തുകയായി 4,29,839/- രൂപയും ന്യൂസ് പേപ്പർ അലവൻസ് ഇനത്തിൽ 27,990/- രൂപയും അനുവദിച്ചിട്ടുണ്ട്.